# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

2021 ഒക്ടോബർ 11, തിങ്കൾ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1448/22

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം

*പേജ്*


**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...28

   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...28

   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...84

**II. തിരുത്തിയ ഉത്തരം**

4-10-2021-ലെ നക്ഷത്രചിഹ്നമിട്ട 1-ാം നമ്പർ ചോദ്യത്തിന്റെ
തിരുത്തിയ ഉത്തരം ...434

**III. അടിയന്തരപ്രമേയം**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട
നിർമ്മാണം
– ശ്രീ. എം. വിൻസെന്റ്
(അവതരണാനുമതി നിഷേധിച്ചു.) ...434

**IV. ശ്രദ്ധ ക്ഷണിക്കൽ**

(1)കാത്തലിക് സിറിയൻ ബാങ്കിന്റെ തൊഴിലാളിവിരുദ്ധ നടപടികൾ

– ശ്രീ. പി. നന്ദകുമാർ ...446

(2) മത്സ്യത്തൊഴിലാളികൾ നേരിടുന്ന ദുരിതങ്ങൾ

– ശ്രീ. രമേശ് ചെന്നിത്തല ...449

**V. സബ്മിഷൻ**

(1) പ്ലസ് വൺ പ്രവേശനം

– പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ) ...453

(2) ഫെയർ പ്രൈസ് ഷോപ്പ് ഓണേഴ്സ് ലൈസൻസ്

– ശ്രീ. വി. ശശി ...457

*പേജ്*

(3) തീരദേശ പട്ടയങ്ങൾ

— ശ്രീ. എം. വിൻസെന്റ് ...459

(4) ആഭരണ വ്യാപാര രംഗത്തെ പ്രതിസന്ധി

— ഡോ. എം. കെ. മുനീർ ...461

(5) പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനം

— ശ്രീ. എ. പി. അനിൽ കുമാർ ...464

(6) ചലച്ചിത്ര-നാടക പ്രവർത്തകർക്ക് സഹായം

— ശ്രീമതി ദെലീമ ...466

(7) കൊല്ലം ജവഹർ ബാലഭവന്റെ പ്രവർത്തനം

— ശ്രീ. എം. നൗഷാദ് ...469

(8) പരപ്പുഴ പാലം പുനർനിർമ്മാണം

— ശ്രീ. മുരളി പെരുനെല്ലി ...472

(9) ചവറ പാലം നിർമ്മാണം

— ഡോ. സുജിത് വിജയൻപിള്ള ...474

(10) വയനാട് മെഡിക്കൽ കോളേജ്

— ശ്രീ. ഒ. ആർ. കേളു ...475

**VI. മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ ...477

**VII. റിപ്പോർട്ട് സമർപ്പണം**

1. 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്. ...479

*പേജ്*

2. 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ റിപ്പോർട്ട് ...479

**VIII. ക്രമപ്രശ്നം**

(1) സമയക്ലിപ്തത പാലിക്കുന്നത് സംബന്ധിച്ച്

– ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്) ...480

**റൂളിംഗ്**

**ക്രമപ്രശ്നം (തുടർച്ച)** ...481

(2) നിയമസഭാ ചട്ട ലംഘനം

– ശ്രീ. രമേശ് ചെന്നിത്തല ...483

**റൂളിംഗ്** ...483

**IX. നിയമനിർമ്മാണകാര്യം**

1. 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ...484

**ക്രമപ്രശ്നം (തുടർച്ച)** ...485

(3) ബില്ലിലെ അപാകത

– ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

– ശ്രീ. എൻ. ഷംസുദ്ദീൻ

– ഡോ. മാത്യു കുഴൽനാടൻ

**റൂളിംഗ്** ...492

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും ...493

പേജ്

**X. അറിയിപ്പ്**

ബില്ലിന്റെ അവതരണം മാറ്റിവയ്ക്കുന്നത് സംബന്ധിച്ച്

– മി.സ്പീക്കർ ...705

**അനുബന്ധം** ...707

**കേരള നിയമസഭാ നടപടികൾ**

**പതിനഞ്ചാം കേരള നിയമസഭ**

**മൂന്നാം സമ്മേളനം**

*2021 ഒക്ടോബർ 11, തിങ്കൾ*

വാല്യം 186] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2021 ഒക്ടോബർ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...ഓർഡർ... ചോദ്യം നം. (* 151)

### വ്യാജ പുരാവസ്തുക്കളുടെ ക്രയവിക്രയം

1 (*151) ശ്രീ . ഷാഫി പറമ്പിൽ:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. സി. ആർ. മഹേഷ്:

ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും ബാധകമായ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം രജിസ്ട്രേഷൻ ലഭിക്കാത്ത വ്യാജ വസ്തുക്കൾ പുരാവസ്തു എന്ന പേരിൽ പ്രദർശനവും വിൽപ്പനയും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ജില്ലാ പോലീസ് അധികാരികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ചേർത്തല സ്വദേശിയായ വ്യക്തിയുടെ നേതൃത്വത്തിൽ പുരാവസ്തു തട്ടിപ്പ് നടക്കുന്നതായി മുൻ പോലീസ് മേധാവിക്ക് ബോദ്ധ്യപ്പെട്ടിട്ടും ഇയാൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വ്യക്തിയുടെ വീടിനും വ്യാജവസ്തു ശേഖരണത്തിനും പോലീസ് സംരക്ഷണം നൽകിയതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഉന്നത പോലീസ് ഉദ്യോഗസ്ഥരുമായുള്ള ബന്ധം ദുരുപയോഗം ചെയ്ത് കോടികളുടെ തട്ടിപ്പ് നടത്തിയതിന് എന്തെങ്കിലും തെളിവുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാന പോലീസിലെ ഇത്തരം ബന്ധങ്ങൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, (എ) ആരോപണങ്ങൾ ഉയർന്നുവന്നതിന്റെ പശ്ചാത്തലത്തിൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരുന്നുണ്ട്. പുരാവസ്തു വ്യാജമാണോ അല്ലയോ എന്ന് ഉറപ്പാക്കേണ്ടത് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ (ASI) എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ (ASI)-യുടെ ശ്രദ്ധയിൽപ്പെടുത്തി കേസ് അന്വേഷണം മുന്നോട്ടുകൊണ്ടുപോകാനാണ് ക്രൈം ബ്രാഞ്ച് ശ്രമിക്കുന്നത്.

(ബി-ഡി) പോലീസ് റിപ്പോർട്ട് പ്രകാരം, ആരോപണവിധേയനായ വ്യക്തി തന്റെ വീടിന് സുരക്ഷ നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിക്ക് അയച്ചിട്ടുണ്ട്. സുരക്ഷയുമായി ബന്ധപ്പെട്ട അപേക്ഷയായതിനാൽ സ്വാഭാവികമായ നടപടിയാണ് പോലീസ് മേധാവി കൈക്കൊണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആരോപണവിധേയനെക്കുറിച്ച് 21-12-2019-ലെ കത്ത് പ്രകാരം ഇന്റലിജൻസ് എ.ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിരുന്നു. മുൻ ഡി.ജി.പി. ഈ കേസിലെ ആരോപണവിധേയന്റെ വീട് സന്ദർശിക്കുകയും സംശയത്തെ തുടർന്ന് പോലീസ് ഇന്റലിജൻസിനോട് വിവരങ്ങൾ ശേഖരിക്കാൻ ആവശ്യപ്പെടുകയുമുണ്ടായി. ഇന്റലിജൻസ് എ.ഡി.ജി.പി.യിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി 5-2-2020-ന് എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു. ഇതുസംബന്ധിച്ച കാര്യങ്ങൾ അന്വേഷണത്തിലാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, 2019 മേയ് 22-ന് മോൻസൺ മാവുങ്കലിനെപ്പറ്റി വിശദമായി അന്വേഷിക്കുന്നതിന് ഇന്റലിജൻസ് മേധാവി ഡി.ജി.പി.ക്ക് റിപ്പോർട്ട് നൽകി എന്നാണ് പറയപ്പെടുന്നത്. മേയ് 22-ന് അത്തരമൊരു റിപ്പോർട്ട് ഡി.ജി.പി.ക്ക് നൽകിയശേഷം ജൂൺ 13-ന് അദ്ദേഹത്തിന്റെ വ്യാജ പുരാവസ്തു ശേഖരണത്തിനും വീടിനും സംരക്ഷണം നൽകാൻ തീരുമാനിച്ച പോലീസിന്റെ നടപടി വലിയ തെറ്റല്ലേ? അത്തരം കാര്യങ്ങളിൽ ഡിപ്പാർട്ടുമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, മുൻ ഡി.ജി.പി. അവിടെ പോകാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമല്ല. അവിടെ സന്ദർശിച്ചതിനുശേഷം അദ്ദേഹം സ്വീകരിച്ച നടപടികളെക്കുറിച്ചാണ് പറഞ്ഞത്. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ മുൻ ഡി.ജി.പി. അവിടെ പോയതിനുശേഷമുണ്ടായ സംശയത്തെത്തുടർന്ന് ഇന്റലിജൻസിനോട് കാര്യങ്ങൾ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചശേഷം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനോട് ഇക്കാര്യം സംബന്ധിച്ച് കൂടുതൽ അന്വേഷിക്കേണ്ടതാണെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഡി.ജി.പി. അവിടെ പോയ കാരണങ്ങളെ സംബന്ധിച്ചല്ല ചോദിക്കുന്നത്. ഇദ്ദേഹം സംശയിക്കത്തക്ക ആളാണെന്നും ഇദ്ദേഹത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്നും ഡി.ജി.പി.ക്ക് ഇന്റലിജൻസ് മേധാവിയുടെ റിപ്പോർട്ടാണ് ലഭിച്ചത്. പോലീസ് തയ്യാറാക്കിയ ഇന്റലിജൻസ് റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ചശേഷവും അദ്ദേഹത്തിന്റെ വ്യാജ കരുതൽ ശേഖരണത്തിന് സംരക്ഷണം നൽകാൻ കേരള പോലീസ് തീരുമാനിച്ചത് എന്തുകൊണ്ടാണ് എന്നതാണ് പ്രസക്തമായ ചോദ്യം. ഇദ്ദേഹം ഡോക്ടറാണോ എന്ന കാര്യത്തിൽപ്പോലും സംശയമാണ്. ഒരു വ്യാജ ഡോക്ടറായി ചികിത്സ നടത്തുന്നുവെന്ന് അറിഞ്ഞിട്ടും അത് കേവലം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് അയച്ചുകൊടുത്തിട്ട് ഇത് അറിയാത്ത ആളുകൾക്ക് പിന്നെയും ചികിത്സ നടത്താൻ അവസരം ഒരുക്കിക്കൊടുക്കുകയല്ലേ പോലീസ് ചെയ്തത്; വ്യാജ ഡോക്ടറാണെന്ന ഇൻഫർമേഷൻ പോലീസ് തന്നെ മുന്നോട്ടുവച്ചാൽ എത്രയും പെട്ടെന്ന് ആളെ അറസ്റ്റ് ചെയ്ത് അദ്ദേഹം നടത്തുന്ന വ്യാജ ചികിത്സ അവസാനിപ്പിക്കാനുള്ള നടപടി പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതായിരുന്നില്ലേ?

ശ്രീ. പിണറായി വിജയൻ: സർ, മുൻ ഡി.ജി.പി. ചെയ്ത കാര്യത്തെക്കുറിച്ചാണ് പറയുന്നത്. അദ്ദേഹം സന്ദർശിച്ചപ്പോൾ അവിടെ കണ്ടത് പുരാവസ്തുക്കളാണ്. പുരാവസ്തുക്കളുടെ കാര്യത്തിൽ സംശയമുണ്ടാകുകയും അതിനെക്കുറിച്ച് കൂടുതൽ അന്വേഷിക്കാനുമാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറിനോട്

ആവശ്യപ്പെട്ടിരുന്നത്. അതിന്റെ ഭാഗമായി മറ്റ് സാമ്പത്തിക ക്രമക്കേടുകളുടെ കാര്യവും സംശയമായി തോന്നിയിട്ടുണ്ടാകാം. ആ അന്വേഷണത്തിലേയ്ക്ക് കേരള പോലീസിന് പോകാൻ കഴിയാത്തതുകൊണ്ടാണ് അത്തരമൊരു അന്വേഷണം കേന്ദ്ര ഏജൻസി നടത്തണമെന്ന് പറയുന്ന സ്ഥിതിയുണ്ടായത്.

ശ്രീ. എം. വിൻസെന്റ്: സർ, ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് അന്വേഷണത്തിനായി എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് കത്തയച്ചുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് നൽകിയ ആ കത്തിൽ സംസ്ഥാനത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് ഇദ്ദേഹവുമായി വഴിവിട്ട ബന്ധമുണ്ട് എന്ന പരാമർശമുണ്ട്. അത് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പോലീസ് മേധാവികൾക്കെതിരെ ഒരന്വേഷണവും നടത്താത്തത് എന്തുകൊണ്ടാണെന്നത് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഒരു സ്പെഷ്യൽ ടീമിനെ നിയമിച്ചുകൊണ്ട് ഈ കേസ്സന്വേഷണം ഗൗരവമായി നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത അന്വേഷണത്തിൽ ആക്ഷേപകരമായ കാര്യം ഇതുവരെയും ആരും ഉന്നയിച്ചിട്ടില്ല. അതിൽനിന്നും ഇക്കാര്യത്തിൽ ഗൗരവതരമായ അന്വേഷണം തന്നെയാണ് നടത്തുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്. ഇക്കാര്യത്തിൽ ആദ്യമേ തന്നെ നമ്മൾ വിധി പുറപ്പെടുവിക്കാൻ നിൽക്കണ്ട.

ശ്രീ. സി. ആർ. മഹേഷ്: സർ, കൊക്കൂൺ എന്ന സൈബർ സെക്യൂരിറ്റിയെ സംബന്ധിച്ച അതീവ ഗൗരവ സ്വഭാവമുള്ള കോൺഫറൻസിൽ മോൻസൺ മാവുങ്കലിനെ പോലീസ് മേധാവിക്ക് പരിചയപ്പെടുത്തിയവർ അടക്കമുള്ളവർ പങ്കെടുത്തത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, സാധാരണഗതിയിൽ ഐ.ടി. വിദഗ്ദ്ധർ പങ്കെടുക്കുന്ന സമ്മേളനമാണിത്. അതിൽ മോൻസൺ മാവുങ്കൽ പങ്കെടുത്തതായി രജിസ്റ്ററിൽ കാണുന്നില്ലെന്നാണ് അന്വേഷണത്തിൽ നിന്നും വ്യക്തമാക്കിയിരിക്കുന്നത്.

ശ്രീ. സജീവ് ജോസഫ്: സർ, ഡി.ജി.പി.ക്ക് മോൻസന്റെ തട്ടിപ്പിനെക്കുറിച്ച് 2019-ൽ തന്നെ കൃത്യമായ വിവരം ലഭിച്ചുവെന്നാണ് മനസ്സിലാകുന്നത്. ഈ വിവരം ജനങ്ങളെ അറിയിച്ചുകൊണ്ട് കൂടുതൽ ആളുകളെ ഇവരിൽനിന്നും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം പോലീസിന് ഇല്ലായിരുന്നോ; ഇത്തരത്തിൽ ഗുരുതരമായ വീഴ്ചയും കൃത്യവിലോപവും നടത്തിയ ഉദ്യോഗസ്ഥർ പ്രഥമദൃഷ്ട്യാ കുറ്റക്കാരാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, 2019-ലാണ് മുൻ പോലീസ് മേധാവി ഇന്റലിജൻസിനോട് അന്വേഷണം നടത്താൻ ആവശ്യപ്പെട്ടിരുന്നത്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷം 2020 ഫെബ്രുവരിയിലാണ് അദ്ദേഹം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് കത്ത് നൽകുന്നത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, മോൻസന്റെ പുരാവസ്തു തട്ടിപ്പിൽ ചില പ്രമുഖ രാഷ്ട്രീയ പാർട്ടി നേതാക്കൾക്ക് പങ്കുള്ളതായി പത്ര വാർത്തകൾ വന്നിട്ടുണ്ട്. ഇപ്പോൾ നടക്കുന്ന അന്വേഷണത്തിന്റെ പരിധിയിൽ ഇത്തരം നേതാക്കന്മാരുടെ ചികിത്സയും ഇടനിലക്കാരായി പണം അടക്കം കൈമാറിയ കാര്യങ്ങളും വരുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, തട്ടിപ്പിന് വിധേയരായവരെക്കുറിച്ച് പ്രത്യേക അന്വേഷണത്തിന്റെ കാര്യം വരുന്നില്ല. അവർ പരാതി നൽകിയാൽ മാത്രമേ അന്വേഷിക്കേണ്ടതുള്ളൂ. എന്നാൽ ഇദ്ദേഹം നടത്തിയ തട്ടിപ്പിന് ആരെങ്കിലും കൂട്ട് നിന്നിട്ടുണ്ടെങ്കിൽ അത് ഈ അന്വേഷണത്തിന്റെ ഭാഗമായി ഗൗരവമായിത്തന്നെ പരിഗണിക്കപ്പെടും.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ശബരിമല ക്ഷേത്രത്തിലെ ആചാര നിർവ്വഹണത്തിനുള്ള അവകാശം സംബന്ധിച്ച് വ്യാജ ചെമ്പോല നിർമ്മിക്കുകയും വ്യാജ പ്രചരണം നടത്തുകയും സമൂഹത്തിൽ ബോധപൂർവ്വം മതവികാരം വ്രണപ്പെടുത്താനും സ്പർദ്ധയുണ്ടാക്കാനും ശ്രമം നടത്തിയവർക്കെതിരെ കേസ് എടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അന്വേഷണത്തിന്റെ അവസാനം അക്കാര്യങ്ങളെക്കുറിച്ച് വ്യക്തമാകും; അക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, വ്യാജ ഡോക്ടറുമായി ബന്ധപ്പെട്ട് ഏറ്റവുമധികം ഉയർന്നുകേൾക്കുന്നത് പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ പ്രമുഖ നേതാവിനെക്കുറിച്ചാണ്. അദ്ദേഹത്തെ വ്യാജ ചികിത്സയ്ക്ക് വിധേയനാക്കിയതിനെ സംബന്ധിച്ച് പരാതി നൽകിയിട്ടുണ്ടോ; മറ്റാരെങ്കിലും വ്യാജ ചികിത്സയുമായി ബന്ധപ്പെട്ട പരാതി പോലീസിന് നൽകിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ ചില സൂചനകളാണുള്ളത്. അത്തരത്തിലുള്ള പരാതി പോലീസിന് ലഭിച്ചതായി സൂചനയില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ചേർത്തല മാവുങ്കൽ മോൻസൺ അറിയപ്പെട്ടിരുന്നത് ഡോ. മോൻസൺ മാവുങ്കൽ എന്ന പേരിലായിരുന്നു. ഡിഗ്രി

പോലും പാസ്സായിട്ടില്ലാത്ത ഇയാൾ എങ്ങനെയാണ് ഡോക്ടറായതെന്ന് അന്വേഷിക്കേണ്ടതുണ്ട്. പ്രവാസി മലയാളി ഫൗണ്ടേഷൻ രക്ഷാധികാരി, വേൾഡ് പീസ് കൗൺസിൽ മെമ്പർ, ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ തുടങ്ങിയവയുടെ ഭാരവാഹിയാണെന്ന് സൂചിപ്പിക്കുന്ന ബോർഡുകൾ മോൻസന്റെ വീടിന് മുമ്പിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇതൊരു ചൂണ്ടുപലകയാണ്; ഒരു നിമിത്തമായിരിക്കാം. നാട്ടിൽ ഇതുപോലെ ഒരുപാട് സംഘടനകളുടെ നേതാക്കന്മാരും ഭാരവാഹികളുമായ വ്യക്തികളുണ്ട്. അവരുടെ ജോലി ബ്ലാക്ക്മെയിലിംഗാണ്. സർക്കാർ ഉദ്യോഗസ്ഥരെയും ഏതെങ്കിലും പണിസ്ഥലങ്ങളിൽപ്പോയി കരാറുകാരെയും ബ്ലാക്ക്മെയിൽ ചെയ്യും. കടലാസ്സിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഇത്തരം സംഘടനകളെ നിയന്ത്രിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടിയെടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഗൗരവമായ വിഷയമാണിത്. ചിലർ തട്ടിപ്പിനുവേണ്ടി പല മാർഗ്ഗങ്ങൾ സ്വീകരിക്കാറുണ്ട്. അതിലൊന്ന് കള്ളവിലാസങ്ങളുണ്ടാക്കലാണ്. അത്തരം ആളുകൾക്കെതിരെ പരാതികൾ ലഭിക്കുന്നുണ്ടെന്ന് മാത്രമല്ല; മറ്റുതരത്തിലുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട് എന്നുതന്നെയാണ് അഭിപ്രായം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പുരാവസ്തു എന്നുപറഞ്ഞ് പുതിയവസ്തു കാണിക്കുന്നതിനെയാണ് വ്യാജപുരാവസ്തുവെന്ന് പറയുന്നത്. അതിന് സമാനമാണ് പഴയ ദേശീയ പാർട്ടിയുടെ പേരുപറഞ്ഞ് പുതിയൊരു പാർട്ടി പ്രചരണം നടത്തുന്നത്. 'വ്യാജദേശീയ പാരമ്പര്യ പാർട്ടിയുടെ മുഖം മിനുക്കാൻ' എന്ന പേരിൽ പ്രസ്തുത പാർട്ടിയുടെ പേരിലുള്ള കേരള നേതാവിന്റെ മുഖം മിനുക്കാമെന്നുപറഞ്ഞ് തട്ടിപ്പ് നടത്തിയ ചേർത്തലക്കാരനെതിരെ പൊതുതാല്പര്യാർത്ഥം കേസ്സെടുക്കാൻ എന്തെങ്കിലും സാധ്യതയുമുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ അദ്ദേഹവുമായി ബന്ധപ്പെട്ട പല ആളുകളുണ്ട്. അതിനിടയാക്കിയ സാഹചര്യം പ്രത്യേകം അന്വേഷിക്കേണ്ടതാണ്. അദ്ദേഹം നടത്തിയ തട്ടിപ്പുകൾക്ക് കൂട്ടുനിന്നത് ആരാണെങ്കിലും അക്കാര്യത്തിൽ കർശന നിലപാട് തന്നെയാണ് ഈ അന്വേഷണത്തിന്റെ ഭാഗമായിട്ടുണ്ടാകുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, തട്ടിപ്പുമായി ബന്ധപ്പെട്ട വിശദമായ ചർച്ച അടിയന്തരപ്രമേയത്തിലും ചോദ്യോത്തരവേളയിലും നടക്കുകയും ആവർത്തിച്ചാവർത്തിച്ച് ചില ചോദ്യങ്ങൾ വരികയുമാണ്. ശബരിമലയിലെ ചരിത്രത്തെക്കുറിച്ചും അതിന്റെ പാരമ്പര്യത്തെക്കുറിച്ചും ഇദ്ദേഹത്തിന്റെ കയ്യിൽ 351 വർഷം പഴക്കമുള്ള ഒരു പുരാവസ്തു രേഖയുണ്ടായിരുന്നു. അത് വളരെ പ്രധാനപ്പെട്ട രേഖയാണെന്ന് ദേശാഭിമാനി പത്രം

പ്രസിദ്ധീകരിച്ചിരുന്നു. തെറ്റായ രേഖയെന്ന നിലയിൽ, വ്യാജമായ ചെമ്പോല പ്രസിദ്ധീകരിച്ചതിന്റെ പേരിൽ ദേശാഭിമാനി പത്രത്തിനെതിരെ നടപടിയെടുക്കാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ചെമ്പോലയുടെ കാര്യത്തിൽ, ആചാരാനുഷ്ഠാനങ്ങളെ സംബന്ധിച്ച് വ്യാജമായി നിർമ്മിച്ചതാണെന്ന് ഇതിനകം വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്. ഏതായാലും ഇത് ഒറിജിനൽ ചെമ്പോലയാണെന്ന് സർക്കാർ ഒരു ഘട്ടത്തിലും അവകാശപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ നടക്കുന്ന അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തുന്ന കാര്യങ്ങൾ വച്ച് ഫലപ്രദമായ നടപടികളിലേയ്ക്ക് കടക്കുന്നതാണ്.

ശ്രീ. വി. ജോയി: സർ, പുരാവസ്തു തട്ടിപ്പുകേസിലെ പ്രതിയുടെ വീട്ടിൽ ചില രാഷ്ട്രീയ നേതാക്കൾ പോയതായും അവിടെവച്ച് തുക കൈമാറിയതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില പരാതിക്കാർ വാർത്താ ചാനലിൽ വന്ന് പരാതി നൽകുമെന്ന് അറിയിച്ചിരുന്നു. അത്തരത്തിൽ പരാതി നൽകിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഒരു പരാതിയിൽ ഇത്തരമൊരു പരാമർശമുണ്ടെന്നുള്ളത് വസ്തുതയാണ്. അതിനെക്കുറിച്ച് അന്വേഷിക്കട്ടെ; അന്വേഷണം നടന്നതിനുശേഷം എന്താണെന്ന് പരിശോധിക്കാം.

## സംഘടിത കുറ്റകൃത്യം തടയുന്നതിന് നിയമനിർമ്മാണം

2(*152) ശ്രീമതി കെ. കെ. രമ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംഘടിത കുറ്റകൃത്യം തടയുന്നത് സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിയമത്തിന്റെ കരട് നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) സംഘടിത കുറ്റവാളികളെ വിചാരണ കൂടാതെ 180 ദിവസം വരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നത് സംബന്ധിച്ച വ്യവസ്ഥ പ്രസ്തുത നിയമത്തിലുൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പോലീസിന് നൽകുന്ന മൊഴി തെളിവായി സ്വീകരിക്കാൻ കരട് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത്

വ്യാപകമായി ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ട് എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ-ഡി) സംസ്ഥാനത്ത് സംഘടിത കുറ്റകൃത്യം തടയുന്നത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്ന വിഷയം പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), സെക്രട്ടറി (നിയമ വകുപ്പ്), മുൻ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ശ്രീ. കെ. കെ. രവീന്ദ്രനാഥ് (സീനിയർ ലീഗൽ കൗൺസിൽ) എന്നിവരടങ്ങിയ സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ തുടർനടപടി പരിശോധിക്കുകയുള്ളൂ.

ശ്രീമതി കെ. കെ. രമ: സർ, സംസ്ഥാനത്ത് നടന്നിട്ടുള്ള പല സംഘടിത കുറ്റകൃത്യങ്ങളിലും ഡി.ജി.പി. തലംവരെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെയും കുറ്റവാളികളുടെയും അവിശുദ്ധ കൂട്ടുകെട്ട് കാണാൻ കഴിയുന്നുണ്ട്. സഖാവ് ടി. പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതികളെ സംരക്ഷിക്കുന്നതിനും ഇവർക്ക് മറ്റ് കുറ്റകൃത്യങ്ങളിൽ സഹായമെത്തിക്കുന്നതിനും പോലീസ് സേനയിലെ പലരും ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളത് പലപ്പോഴും വ്യക്തമായതാണ്. അതുപോലെ സ്വർണ്ണക്കള്ളക്കടത്ത് കേസ് പ്രതികൾക്കും ഇത്തരം നിയമവിരുദ്ധ സഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിയുന്നത്. കുറ്റകൃത്യങ്ങൾ തടയുന്നതിനും അന്വേഷണം നടത്തുന്നതിനും ഒട്ടേറെ നിയമങ്ങൾ നിലവിലുണ്ടായിരിക്കേ അവ ഉപയോഗപ്പെടുത്തുന്നതിൽ സംസ്ഥാന ആഭ്യന്തര വകുപ്പിനുണ്ടായ പരാജയമാണോ ഇത്തരത്തിലൊരു ജനവിരുദ്ധ നിയമത്തിന് സർക്കാരിനെ പ്രേരിപ്പിച്ചത്? ഈ നിയമങ്ങൾ ശരിയാംവണ്ണം നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കും?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യയായ അംഗം ചൂണ്ടിക്കാണിച്ച ടി. പി. ചന്ദ്രശേഖരൻ വധക്കേസിന്റെ അന്വേഷണം നടന്ന സമയം അംഗത്തിന് തെറ്റിപ്പോയോ എന്ന് സംശയമുണ്ട്. അത് അപ്പുറത്താർക്കും മറവി വരാനിടയില്ലല്ലോ; വളരെ ഫലപ്രദമായി അന്വേഷണ നടപടി സ്വീകരിച്ചതാണല്ലോ; അക്കാര്യത്തിൽ അന്നത്തെ ഗവൺമെന്റ് അവർക്ക് കഴിയുന്ന രീതിയിൽ അന്വേഷണം നടത്തിയെന്നുതന്നെയാണ് പൊതുസമൂഹത്തിന് അറിയാവുന്നത്. അതുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ പിഴവുകളുണ്ടോ എന്നത് സംബന്ധിച്ചാണോ അംഗം ഉദ്ദേശിച്ചതെന്ന് വ്യക്തമല്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മറ്റൊരു കാര്യം ചൂണ്ടിക്കാണിച്ചത്, നിലവിൽ കുറെ നിയമങ്ങളുണ്ട്. ആ നിയമങ്ങളുടെ ഭാഗമായി കാര്യങ്ങൾ നടക്കുന്നില്ല എന്നാണ്. അവ നടപ്പാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കും. നിയമപരമായി കാര്യങ്ങൾ നടപ്പാക്കുന്നതിനാണ് സംസ്ഥാന സർക്കാർ മുൻതൂക്കം കൊടുക്കുന്നത്. ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ, ഉത്തരവാദപ്പെട്ടവരോ ഈ നിയമത്തിൽ നിന്നും വ്യത്യസ്തമായ നടപടി സ്വീകരിക്കുന്നുവെങ്കിൽ അത് തടയുന്നതിന് ഫലപ്രദമായ നടപടി സർക്കാർ സ്വീകരിക്കുക തന്നെ ചെയ്യുന്നതാണ്.

ശ്രീമതി കെ. കെ. രമ: സർ, പോലീസിന്റെ അമിതാധികാര പ്രയോഗങ്ങളും അതിന്റെ വാർത്തകളുംമൂലം ഇരയാക്കപ്പെടുന്ന സാധാരണ മനുഷ്യരുടെ ദയനീയ ജീവിതം കേരളത്തിൽ തുടർക്കഥയായി മാറുകയാണ്. ദളിത് സമൂഹത്തിനുനേരെ വലിയ തോതിലുള്ള പ്രശ്നങ്ങളുണ്ടാകുകയും പോലീസ് സ്റ്റേഷനിലുൾപ്പെടെ പരാതികൾ കൊടുക്കാൻപോലും കഴിയാത്ത രൂപത്തിലേയ്ക്ക് വരികയുമാണ്. കഴിഞ്ഞ ദിവസം തെന്മലയിലെ രാജേഷിന്റെ കേസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശം കണ്ടതാണ്. അതുപോലെ ആറ്റിങ്ങലിലെ പിങ്ക് പോലീസ് പെൺകുട്ടിയുടെ നേരെ നടത്തിയ അക്രമത്തെക്കുറിച്ച് വാർത്തയുണ്ടായിരുന്നു. എന്തുകൊണ്ടാണ് പോലീസിന്റെ ഭാഗത്തുനിന്നും ദളിത് സമൂഹത്തിനുനേരെ ഇത്തരത്തിലുള്ള ആക്രമണ പരമ്പരകളുണ്ടാകുന്നത്; ഇത് തടയാൻ എന്തുനിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, പോലീസിന്റെ പൊതുമുഖം ഇതല്ല. പോലീസിന്റെ മുഖമായി വന്നിട്ടുള്ളത് ആർത്തരെയും ആലംബഹീനരെയും വലിയതോതിൽ സഹായിക്കുന്ന തരത്തിലാണ്. നാടിന്റെ ദുരന്ത ഘട്ടങ്ങളിലും കോവിഡ് കാലഘട്ടത്തിലടക്കം പോലീസ് സ്വീകരിച്ച നിലപാടിനെ എല്ലാവരും പ്രശംസിച്ചിട്ടുള്ളതാണ്. എന്നാൽ ഒറ്റപ്പെട്ട ചില സംഭവങ്ങളെ പോലീസിന്റെ പൊതുവായ മുഖമാണെന്ന തരത്തിൽ കാണേണ്ടതില്ല. ഒറ്റപ്പെട്ട സംഭവങ്ങളെ അതീവ ഗൗരവമായി കാണുകയും അതിനെതിരെ ഫലപ്രദമായ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ടി. പി. ചന്ദ്രശേഖരൻ വധക്കേസിന്റെ അന്വേഷണം ഏറെക്കുറെ ശരിയായിരുന്നുവെന്ന് ഭംഗ്യന്തരേണ അങ്ങ് അംഗീകരിച്ചതിനെ സ്വാഗതം ചെയ്യുകയും അങ്ങയെ അഭിനന്ദിക്കുകയും ചെയ്യുന്നു. എന്റെ പ്രധാനപ്പെട്ട ചോദ്യം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടി ഒരു എസ്.പി.യുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ടീമിനെ അങ്ങ് നിയോഗിച്ചിട്ടുണ്ട്.

നേരത്തേയുണ്ടായിരുന്ന എ.ഡി.ജി.പി.യുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ടീമിനെ ഒഴിവാക്കി എസ്.പി.യുടെ നേതൃത്വത്തിലേയ്ക്ക് തരംതാഴ്ത്തിയതിനുള്ള കാരണമെന്താണ്? ഇത്തരത്തിലൊരു തീരുമാനമെടുത്തത് നാട്ടിൽ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കുറഞ്ഞതുകൊണ്ടാണോ; അതോ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ ലിമിറ്റുണ്ടാക്കുന്നതിന് വേണ്ടിയാണോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗത്തെത്തന്നെയാണ് ഞാൻ ഉദ്ദേശിച്ചത്. ടി. പി. ചന്ദ്രശേഖരന്റെ വധക്കേസിനെക്കുറിച്ച് പറയുമ്പോൾ അത് അദ്ദേഹത്തിന് കൊണ്ടുവെന്ന് തന്നെയാണ് മനസ്സിലാകുന്നത്. അതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല. എന്തൊക്കെയാണ് അന്ന് നടത്തിയതെന്ന് അങ്ങേയ്ക്ക് നല്ലതുപോലെ അറിയാമല്ലോ. അന്ന് നിങ്ങളുടെ കൂടെ കേന്ദ്ര ആഭ്യന്തര സഹമന്ത്രിയും ഉണ്ടായിരുന്നല്ലോ. സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും ചില ആത്മഹത്യകളുമുൾപ്പെടെയുണ്ടായ സാഹചര്യത്തിൽ കൂടുതൽ ശക്തമായ നടപടികളിലേയ്ക്ക് നീങ്ങേണ്ട ഘട്ടം വരികയും ഈ ഘട്ടത്തിൽ യുവതികൾക്ക് പരാതിപ്പെടാനുള്ള കേന്ദ്രമെന്ന നിലയിൽ ഒന്നുരണ്ട് കേന്ദ്രങ്ങൾ ആരംഭിക്കുകയും പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ അതുമായി ബന്ധപ്പെട്ട സംവിധാനമൊരുക്കുകയും ഒരു വനിതാ എസ്.പി.യെ പ്രത്യേകമായി ഇതിലേയ്ക്കായി ചുമതലപ്പെടുത്തുകയും ചെയ്തു. അതിന്റെ ഫലമായി നല്ല ഇടപെടലുകൾ നടന്നുവരികയാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വിചാരണ കൂടാതെ 180 ദിവസം പ്രതികളെ കരുതൽ തടവിൽ വയ്ക്കുന്ന ഈ നിയമത്തെ സംബന്ധിച്ച് പത്രവാർത്ത വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് ഇങ്ങനെയൊരു ഫയലില്ലെന്ന രീതിയിൽ കുറിപ്പ് നൽകുകയുണ്ടായി. എന്നാൽ ഫയൽ നമ്പർ Home M2149/21/ Home, Opening date 22-06-2021 Opening Time: 12.33 ഈ ഫയൽ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി (ഹോം), ജോയിന്റ് സെക്രട്ടറി തുടങ്ങിയവർ കണ്ടതായി ചില പത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിങ്ങളുടെ പാർട്ടി എതിർക്കുന്ന UAPA (The Unlawful Activities (Prevention) Act) നിയമം, 180 ദിവസം വിചാരണ കൂടാതെ തടവിൽ വയ്ക്കുന്ന നിയമം തുടങ്ങിയ കരിനിയമങ്ങൾ സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാടെന്താണ്; ഇത്തരത്തിലൊരു നിയമം കേരളത്തിൽ നടപ്പാക്കില്ലെന്ന് അങ്ങ് ഉറപ്പുനൽകുമോ?

ശ്രീ. പിണറായി വിജയൻ : സർ, നിയമം പാസ്സാക്കപ്പെട്ട കാര്യത്തിൽ മറ്റ് നടപടി സ്വീകരിക്കുന്നതിൽ വിഷമമുണ്ട്. ഇന്ന് രാജ്യത്ത് നിലനിൽക്കുന്ന ഒരു

നിയമമാണ് UAPA. അതുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ആ നിയമത്തെ ആശ്രയിച്ചാണ് നിൽക്കുന്നത്. എന്നാൽ ഒരു പുതിയ നിയമം വരുമ്പോൾ അതിൽ പൗരാവകാശ ധ്വംസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉണ്ടാകാതിരിക്കേണ്ടത് വളരെ പ്രധാനമാണ്. ഇത് സർക്കാരിന്റെ നിലപാട് ആയതുകൊണ്ടുതന്നെയാണ് ഇത്തരം ഒരു അഭിപ്രായവുമായി വന്ന ഘട്ടത്തിൽ വിശദമായ പരിശോധന നടക്കട്ടെയെന്നും അതിന്റെ ഭാഗമായ റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ അതിനോടുള്ള സമീപനം സ്വീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും തീരുമാനിച്ചത്. ഇക്കാര്യത്തിൽ ഒരു ആശങ്കയുടെയും ആവശ്യമില്ല. ഇന്ന് സംസ്ഥാനത്തുള്ളത് പൗരാവകാശ ധ്വംസനത്തിന്റേതായ ഒരു ഭാഗവും അംഗീകരിക്കുന്ന സർക്കാരല്ല എന്നുകൂടി വ്യക്തമാക്കുകയാണ്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, Polite, Obedient, Loyalty, Intelligence, Courage and Efficiency തെളിയിക്കത്തക്കരീതിയിലുള്ള കരുത്താണ് കേരള പോലീസിന് ഗവൺമെന്റ് പകർന്നുകൊടുത്തിരിക്കുന്നത്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ വിശേഷിച്ചും സംസ്ഥാനത്ത് പൊതുവെയും വലിയ തോതിൽ വിവാദം സൃഷ്ടിച്ച സംഘടിത കുറ്റകൃത്യമായിരുന്ന ഫാഷൻ ഗോൾഡ് ജ്വല്ലറി തട്ടിപ്പ്. ഒരു രാഷ്ട്രീയ പാർട്ടിയിലെ പല പ്രമുഖരും ഇതിൽ പ്രതികളാണ്. തങ്ങളുടെ സമ്പാദ്യം മുഴുവൻ ജ്വല്ലറി നിക്ഷേപത്തിന്റെ പേരിൽ തട്ടിപ്പറിക്കപ്പെട്ട കുടുംബങ്ങൾക്ക് പ്രതികളിൽനിന്നും നഷ്ടപരിഹാരം ഈടാക്കി നൽകാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതുമായി ബന്ധപ്പെട്ട നിയമനടപടികൾ ശക്തമായി സ്വീകരിച്ചുവരികയാണ്. ഈ കേസ് കോടതിയിൽ എത്തിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായ നടപടികൾ ദ്രുതഗതിയിൽ നീക്കാനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ഗൗരവമായ ചോദ്യത്തിനാണ് മറുപടി പറഞ്ഞത്. സംസ്ഥാനത്ത് IPC-യിലും Cr.P.C.-യിലും സംഘടിത കുറ്റകൃത്യങ്ങൾ തടയാനുള്ള ഫലപ്രദമായ വകുപ്പുകൾ നിലനിൽക്കുമ്പോൾ ഇങ്ങനെയൊരു നിയമം കൊണ്ടുവരാനുള്ള ചേതോവികാരമെന്താണ്; വിചാരണ കൂടാതെ ഒരു വ്യക്തിയെ 180 ദിവസം തടങ്കലിൽ പാർപ്പിക്കുകയെന്നത് പൗരാവകാശങ്ങളുടെ നഗ്നമായ ലംഘനം തന്നെയാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇങ്ങനെയൊരു നിയമനിർമ്മാണം കൊണ്ടുവരാനുള്ള വികാരമെന്താണ്; അതിന്റെ പിന്നിലുള്ള ആലോചനയുടെ കാരണമെന്താണ്; പൗരാവകാശങ്ങൾ ധ്വംസിക്കില്ലെന്ന് അങ്ങ് പറഞ്ഞെങ്കിലും പൗരാവകാശം ധ്വംസിക്കുന്നതിന്റെ പ്രധാനപ്പെട്ട തെളിവാണ് വിചാരണ കൂടാതെ ഒരാളെ 180 ദിവസം തടവിൽപാർപ്പിക്കുന്നത്. ഒരാളെ

വിചാരണ കൂടാതെ 90 ദിവസം തടവിൽ പാർപ്പിക്കാനുള്ള നിയമം നിലവിലുണ്ട്. അതിന് വ്യത്യസ്തമായൊരു നിയമനിർമ്മാണത്തെപ്പറ്റി ഗവൺമെന്റിന്റെ ആലോചനയിൽ വരാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; വിചാരണ കൂടാതെ ഒരാളെ 180 ദിവസം തടവിൽ പാർപ്പിക്കുന്ന നിയമത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം വീണ്ടും തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഉത്തരവാദിത്വപ്പെട്ട കേന്ദ്രത്തിൽനിന്നും ഒരഭിപ്രായം ഗവൺമെന്റിന്റെ മുന്നിൽവന്നെങ്കിലും അതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഒരു നിലപാടെടുക്കാത്തതിനുള്ള കാരണം ഈ വിഷയത്തെക്കുറിച്ച് കൂടുതൽ പഠിക്കേണ്ടതുണ്ടെന്ന് സർക്കാരിന് തോന്നിയതുകൊണ്ടാണ്. അതിന്റെ ഭാഗമായാണ് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു വിദഗ്ദ്ധ സമിതി ഇക്കാര്യം പരിശോധിക്കട്ടെയെന്ന് കരുതിയത്. പ്രസ്തുത പരിശോധനാ റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ നിയമം വേണമോ വേണ്ടയോ എന്ന കാര്യം തീരുമാനിക്കുകയുള്ളൂ. നിലവിൽ നിയമവുമായി ബന്ധപ്പെട്ട നടപടിയൊന്നും ഗവൺമെന്റിന്റെ മുന്നിലില്ല. ഇക്കാര്യം സംബന്ധിച്ച് ആശങ്കയുടെ ആവശ്യമില്ല. ഒരു തരത്തിലുള്ള പൗരാവകാശ ധ്വംസനവും കേരളത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. അത്തരമൊരു നിയമവുമുണ്ടാകില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിൽ ഒരു ആശയക്കുഴപ്പമുണ്ട്. മേൽ സൂചിപ്പിച്ച കാര്യത്തിന്മേൽ സംസ്ഥാന ഗവൺമെന്റിന് താൽപ്പര്യമില്ലെന്ന് പറഞ്ഞു. പക്ഷെ സത്യത്തിൽ ആഭ്യന്തര വകുപ്പാണ് ഇങ്ങനെയൊരു നിയമമുണ്ടാക്കി നിയമ വകുപ്പിന് പരിശോധനയ്ക്ക് അയയ്ക്കേണ്ടത്. ആഭ്യന്തര വകുപ്പ് ഒരു കരട് നിയമമുണ്ടാക്കി അയയ്ക്കുമ്പോൾ ആ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി അറിഞ്ഞില്ലെന്നും ആ വകുപ്പിന് അങ്ങനെയൊരു താൽപ്പര്യമില്ലെന്ന് പറയുന്നതിനെക്കുറിച്ചും മനസ്സിലാകുന്നില്ല. ഇത് എവിഡന്റ്സ് ആക്ടിനും കേന്ദ്ര നിയമങ്ങൾക്കും എതിരാണെന്നും അതുകൊണ്ടുതന്നെ ഇത് നിയമപരമായി നിലനിൽക്കില്ലെന്നും സൂചിപ്പിച്ചുകൊണ്ട് നിയമ വകുപ്പ് ഫയൽ മടക്കി അയച്ചപ്പോഴാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ അന്വേഷണ സമിതിയെ നിയോഗിച്ചത്. ഇവിടെ യാതൊന്നും ധ്വംസിക്കുന്നില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. നമ്മുടെ മുമ്പിൽ അലനും താഹയുമൊക്കെ ഉദാഹരണങ്ങളായുണ്ട്. ഇവിടെ സി.പി.ഐ.(എം)-ന്റെ നിലപാട് TADA (Terrorist and Disruptive Activities (Prevention) Act)-യ്ക്കും MISA (Maintenance of Internal Security Act)-യ്ക്കും UAPA-യ്ക്കും എതിരാണെന്നാണ് പറയുന്നത്. കേരളത്തിൽ ഇങ്ങനെ ഒരാവശ്യവുമില്ലാതെ നിയമനിർമ്മാണം

കൊണ്ടുവരുന്നതിന് അങ്ങയുടെ കീഴിലുള്ള ഡി.ജി.പി. ലോക്നാഥ് ബെഹ്റയാണ് കരട് തയ്യാറാക്കി അയച്ചതെന്നാണ് അറിയാൻ സാധിച്ചത്. ഇന്ന് അതിനുള്ള സാഹചര്യം കേരളത്തിലുണ്ടോ? മഹാരാഷ്ട്രയിലും ഉത്തർപ്രദേശിലുമൊക്കെയാണ് ഇത്തരത്തിൽ നിയമനിർമ്മാണങ്ങളുണ്ടായിട്ടുള്ളത്. അത്തരമൊരു സാഹചര്യം കൊച്ചുകേരളത്തിലുണ്ടോയെന്ന് അങ്ങ് വ്യക്തമാക്കണം; ഇവിടെ ചോദ്യം ചോദിക്കുന്നവർ കുറെ രാഷ്ട്രീയ ആരോപണങ്ങൾ ഉന്നയിക്കുകയാണ്. ഫാഷൻ ഗോൾഡ് ജ്വല്ലറി തട്ടിപ്പെന്ന് ഇവിടെ ഉന്നയിച്ചത് ഒരു ബിസിനസ് തകർന്നതിനെയാണ്. അല്ലാതെ അതൊരു സംഘടിത ക്രൈമായിരുന്നില്ല. അതുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കുറ്റവാളികളെ സംരക്ഷിക്കാൻ പരസ്യമായി പുറപ്പെടരുത്. ഫാഷൻ ഗോൾഡ് ജ്വല്ലറി തട്ടിപ്പ് ബിസിനസ് തകർന്നിട്ടുണ്ടെന്നാണ് പറയുന്നത്. ആളുകളെ വഞ്ചിച്ച് പണവും തട്ടിയെടുത്തശേഷം പിന്നെയും അവരെ ന്യായീകരിക്കാൻ നടക്കുകയാണ്. ഇത്തരം കാര്യങ്ങൾക്ക് നാണം വേണ്ടേ; ഇക്കാര്യത്തിന് ഞാൻ ചൂടായില്ലെങ്കിൽ പിന്നെ എന്തിനാണ് ചൂടാകേണ്ടത്? ഇത്രയും പരസ്യമായി നടന്ന തട്ടിപ്പിനെ ന്യായീകരിക്കാൻ സഭയിലെ ഒരംഗം തയ്യാറാകുന്നുവെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ആഭ്യന്തര വകുപ്പിന്റേതല്ല; മറിച്ച് അന്നത്തെ സംസ്ഥാന പോലീസ് മേധാവി അയച്ച ഒരു പ്രൊപ്പോസലാണ്. അതുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് കൊടുത്തുവെന്നത് ശരിയാണ്. ആ പരിശോധനയാണ് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടക്കുന്നത്. അക്കാര്യങ്ങളെക്കുറിച്ച് ഞാൻ നേരത്തെ വ്യക്തമാക്കിക്കഴിഞ്ഞു. അതുകൊണ്ട് വീണ്ടും ആവർത്തിക്കുന്നില്ല.

## മാലിന്യ സംസ്കരണം

3 (*153) <u>ശ്രീ. ജി. സ്റ്റീഫൻ</u>:
<u>ശ്രീ. ടി. പി .രാമകൃഷ്ണൻ</u> :
<u>ശ്രീ എം. മുകേഷ്</u> :
<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) മാലിന്യരഹിത കേരളം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഹരിത കർമസേനയുടെ പ്രവർത്തനം എല്ലാ പ്രദേശത്തേയ്ക്കും വ്യാപിപ്പിക്കാനായിട്ടുണ്ടോ; അതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും നഗരസഭകളിലും ഖരമാലിന്യ സംസ്കരണത്തിന് ലോകബാങ്ക് സഹായം ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതി പരിസ്ഥിതി സൗഹൃദപരമായി നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, (എ) വിലയിരുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ നാളിതുവരെയുള്ള ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ അവസ്ഥാ വിലയിരുത്തൽ 2021 ഏപ്രിൽ മാസത്തിൽ നടത്തിയിട്ടുണ്ട്. ആയതിനായി 8-4-2021-ൽ വകുപ്പ്/മിഷൻ മേധാവികളുടെ യോഗത്തിൽ തീരുമാനിച്ച പ്രകാരം ബ്ലോക്ക്-നഗരസഭാ തലങ്ങളിൽ ഉദ്യോഗസ്ഥരും റിസോഴ്സ് പേഴ്സൺസും അടങ്ങുന്ന വിലയിരുത്തൽ ടീമിനെ നേരത്തെ രൂപീകരിച്ചിരുന്നു. സർക്കാർ പുറത്തിറക്കിയ വിലയിരുത്തൽ സൂചിക പ്രകാരം പരിശീലനം ലഭിച്ച ടീം അംഗങ്ങൾ 8-4-2021 മുതൽ 13-4-2021 വരെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നേരിട്ട് വിലയിരുത്തൽ നടത്തുകയും ശുചിത്വമാലിന്യ സംസ്കരണ പ്രക്രിയയുടെ ഭാഗമായ ഹരിതകർമ്മസേനാംഗങ്ങൾ ഉൾപ്പെടെയുള്ളവരുമായി ചർച്ച നടത്തുകയും മാലിന്യ സംസ്കരണ സംവിധാനങ്ങൾ നേരിട്ട് സന്ദർശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിന്റെ ഭാഗമായി 14 ജില്ലകളിലെയും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും മാലിന്യ സംസ്കരണ പ്രവർത്തനം അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിൽ വിലയിരുത്തുകയും ആയതിന്റെ വിപുലമായ സംസ്ഥാനതല റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനതല മാലിന്യ സംസ്കരണ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുകയും അതിന്റെ സമയബന്ധിതമായ പുരോഗതി വകുപ്പ്/ശുചിത്വമിഷൻ തലങ്ങളിൽ വിലയിരുത്തുകയും ചെയ്തിരുന്നു.

(ബി) വ്യാപിപ്പിക്കാനായിട്ടുണ്ട്. നിലവിൽ 987 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന പ്രവർത്തിക്കുന്നുണ്ട്. ആയതിൽ 899 ഗ്രാമപഞ്ചായത്തിലും 88 നഗരസഭകളിലുമാണ് ഹരിതകർമ്മസേന ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. 3065 ഹരിതകർമ്മസേന സംരംഭങ്ങൾ കുടുംബശ്രീയിൽ സൂക്ഷ്മ സംരംഭമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനതലത്തിൽ ഹരിത കർമ്മസേന പ്രവർത്തനങ്ങളെക്കുറിച്ചുള്ള

അവബോധം നൽകുകയും ഹരിതകർമ്മസേനയ്ക്ക് അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിലും യൂസർ ഫീ നൽകണമെന്നതിലും ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ വീടുകൾ, കടകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതിനാവശ്യമായ ഹരിതകർമ്മസേന അംഗങ്ങളെ കുടുംബശ്രീ സംഘടനാ സംവിധാനം വഴി കണ്ടെത്തി, അവർക്കാവശ്യമായ പരിശീലനം കില, ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ എന്നിവയിലൂടെ സംയുക്തമായി നടത്തിവരുന്നു. ഹരിതകർമ്മസേന അംഗങ്ങൾ ശേഖരിക്കുന്ന യൂസർ ഫീ ഹരിതകർമ്മസേന കൺസോർഷ്യം അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അധിക വരുമാന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള വൈദഗ്ധ്യ പരിശീലനവും ഹരിതകർമ്മസേന അംഗങ്ങൾക്ക് കുടുംബശ്രീ നൽകിവരുന്നുണ്ട്.

(സി) ലോക ബാങ്ക് സഹായം ലഭ്യമായിട്ടുണ്ട്. കേരളത്തിലെ നഗരങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികളായ മാലിന്യ സംസ്കരണം, സാനിട്ടേഷൻ എന്നീ മേഖലകളിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുകയെന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആറ് വർഷമാണ് പദ്ധതി കാലയളവ്. പദ്ധതിയുടെ അടങ്കൽ തുക 300 മില്യൺ US ഡോളർ ആണ് (2236 കോടി രൂപ). പ്രസ്തുത പദ്ധതിവഴി കേരളത്തിലെ നഗരസഭകൾക്ക് ബഡ്ജറ്റ് വിഹിതത്തിന് പുറമേയാണ് ലോകബാങ്ക് സഹായം നൽകുന്നത്. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നു. ലോകബാങ്കുമായുള്ള എഗ്രിമെൻറ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. എഗ്രിമെന്റ് ഒപ്പിട്ടതിനുശേഷം മാത്രമേ ധനസഹായം ലഭ്യമാവുകയുള്ളൂ. വേൾഡ് ബാങ്ക്, കേരള സർക്കാർ, കേന്ദ്ര സർക്കാർ എന്നിവരുമായി 2021 നവംബർ മാസത്തിൽ എഗ്രിമെന്റിൽ ഒപ്പിടാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പരിസ്ഥിതിക്ക് യാതൊരുവിധ ആഘാതവുമുണ്ടാക്കാതെ പരിസ്ഥിതി സൗഹൃദമായി നടപ്പിലാക്കാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അതിലേയ്ക്കായി എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റും നടന്നുവരികയാണ്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായുള്ള ബയോ ബിൻ എന്ന കമ്പോസ്റ്റിംഗ് രീതിയിൽ കൃത്യമായ ശ്രദ്ധ നൽകേണ്ടതുണ്ട്. ശ്രദ്ധ നൽകാത്തതുകൊണ്ട് പുഴുക്കൾ ഉണ്ടാകുന്നതുകാരണം പലരും ബയോ ബിന്നുകൾ ഉപയോഗിക്കാതെ മാറ്റിവയ്ക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ചകിരിച്ചോറും പേപ്പറുമിട്ട് ഈ പ്രശ്നം പരിഹരിക്കാമെങ്കിലും ജലാംശം കുറഞ്ഞാൽ കമ്പോസ്റ്റിംഗ് നടത്താൻ സാധിക്കില്ലെന്ന് മാത്രമല്ല ജലാംശം കൂടിയാൽ ദുർഗന്ധമുണ്ടാകുകയും ചെയ്യും. ഈ പ്രശ്നം പരിഹരിക്കുന്നതിനായി മറ്റെന്തെങ്കിലും മാർഗ്ഗം സർക്കാർ ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ഉറവിട മാലിന്യ സംസ്കരണ സംവിധാനത്തിൽ നിരവധി മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് കേരളത്തിലുടനീളം മാലിന്യ സംസ്കരണ പരിപാടി ഫലപ്രദമായി നടത്തിവരുന്നത്. നിരന്തരമായ ശ്രദ്ധ വേണ്ട കാര്യമാണ് ബയോ ബിൻ പരിപാടി. തദ്ദേശഭരണ സ്ഥാപനങ്ങളും ശുചിത്വമിഷനും ചേർന്നുകൊണ്ട് അതിനാവശ്യമായ രീതിയിൽ ശ്രദ്ധ നൽകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ സർക്കാർ തയ്യാറാണ്. ഉറവിട മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മറ്റ് വിവിധ പദ്ധതികളും നിലവിൽ നടത്തിവരുന്നുണ്ട്. അതൊക്കെ ശക്തിപ്പെടുത്താൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് വിവിധ പദ്ധതികൾ തദ്ദേശസ്വയംഭരണ വകുപ്പ് ചെയ്യുന്നുണ്ടെന്നത് അഭിനന്ദനാർഹമാണ്. എന്നാൽ സ്ഥിരമായി മാലിന്യമുക്ത പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടും മാലിന്യ സംസ്കരണ പ്രോജക്ടുകൾ യാഥാർത്ഥ്യമാക്കാത്തതും ശുചിത്വപദവി നേടാത്തതുമായ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിക്കുകയും അവരെക്കൂടി ഈ നേട്ടം കൈവരിക്കുന്നതിന് പ്രാപ്തമാക്കാൻ സർക്കാർ സജീവമായ എന്തെങ്കിലും ഇടപെടലുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, കേരളത്തെ മാലിന്യമുക്തമാക്കുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ്. അടുത്ത അഞ്ചുവർഷംകൊണ്ട് നഗരങ്ങളും ഗ്രാമങ്ങളുമുൾപ്പെടെ കേരളത്തെ മൊത്തത്തിൽ മാലിന്യ മുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. അമൃത് പദ്ധതിയുടെ ഭാഗമായി 3000-ത്തോളം കോടി രൂപയുടെ ശുദ്ധജലവിതരണ പദ്ധതിയും ദ്രവമാലിന്യ സംസ്കരണ പരിപാടികളും വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി 2500 കോടി രൂപയുടെ വളരെ ശാസ്ത്രീയമായ പദ്ധതികളും കൂടിച്ചേർത്ത് 5 വർഷംകൊണ്ട് കേരളത്തെ മാലിന്യമുക്തമാക്കാൻ സാധിക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. നടന്നുവരുന്ന പ്രോജക്ടുകളെ സംബന്ധിച്ച് നേരിട്ട് യോഗം വിളിച്ചുചേർക്കുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. അമൃത് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം ഈ ഒക്ടോബർ മാസം മുതൽ ആരംഭിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്ന് ചില സഹായങ്ങൾ ലഭിക്കും. ഇതെല്ലാം കൂടിച്ചേർന്ന് നല്ല നിലയിൽ മുന്നോട്ടുപോകുന്നതിന് എല്ലാ ജനപ്രതിനിധികളുടെയും പരിപൂർണ്ണമായ പിന്തുണയുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി മാർക്കറ്റുകൾ, കോളനികൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയ സ്ഥലങ്ങളിൽ കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u> സർ, ജൈവമാലിന്യം നീക്കം ചെയ്യുന്നതിന്റെയും സംസ്കരിക്കുന്നതിന്റെയും കാര്യം നേരത്തെ സൂചിപ്പിച്ചിരുന്നു. യഥാർത്ഥത്തിൽ മാലിന്യങ്ങളെ മൂല്യവത്തായ സ്വത്തായാണ് കണക്കാക്കുന്നത്. മുൻകാലങ്ങളിലേതുപോലെ മാലിന്യങ്ങൾ എപ്രകാരം നീക്കം ചെയ്യുന്നുവെന്നല്ല, എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമെന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. അതിന്റെ ഭാഗമായാണ് കമ്പോസ്റ്റിംഗ് ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ പ്രവർത്തിപ്പിച്ചുവരുന്നത്. മാലിന്യങ്ങളെ ഉപയോഗിച്ച് വിവിധ തലങ്ങളിൽ ഊർജ്ജമാക്കുന്നതിനും വളമാക്കുന്നതിനും സാധിക്കും. മറ്റ് വിവിധ തലത്തിൽ അതിനെ മാറ്റിത്തീർക്കാൻ സാധിക്കുമെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഇതിൽനിന്നും പണം തിരിച്ചുലഭിക്കുന്ന അവസ്ഥകൂടി ഉണ്ടാകുന്നുണ്ട്.

<u>ശ്രീ. എം. മുകേഷ്:</u> സർ, കേന്ദ്രീകൃത മാലിന്യസംസ്കരണത്തിനായി കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ കൊല്ലം നഗരത്തിലെ കുരീപ്പുഴയിൽ നടപ്പാക്കുന്നതിനായി ആസൂത്രണം ചെയ്ത മാലിന്യ സംസ്കരണ പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u> സർ, ഓരോ പദ്ധതിയെ സംബന്ധിച്ചും അവലോകനം നടത്തി വളരെ വേഗം ലക്ഷ്യത്തിൽ എത്തുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കൊല്ലം നഗരവുമായി ബന്ധപ്പെട്ട മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ കെ.എസ്.ഐ.ഡി.സി.യുടെ പ്രോജക്ട് ഫലപ്രദമായി ഉപയോഗപ്പെടുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ആ തരത്തിലുള്ള നീക്കമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: സർ, കൊച്ചി മഹാനഗരമായി വളരുന്ന സാഹചര്യത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള നഗരമായി ഉയർത്തുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നത്. കൊച്ചിയിൽ വരുന്ന കപ്പലുകളിൽ നിന്നുള്ള മാലിന്യങ്ങൾ എപ്രകാരമാണ് സംസ്കരിക്കുന്നത്? അവ കണ്ടെയ്നറുകളിൽ തന്നെ അയയ്ക്കുന്ന സ്ഥിതിയാണുള്ളത്. പ്രത്യേകിച്ചും മൂന്നാംലോക രാജ്യങ്ങളിൽ ഈ മാലിന്യങ്ങൾ തള്ളുന്ന സ്ഥിതിയുണ്ട്. പലപ്പോഴും ഇതിനുവേണ്ടി പ്രവർത്തിക്കുന്ന ഏജൻസികളും മറ്റും കടലിൽ തന്നെ മാലിന്യങ്ങൾ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഈ മാലിന്യങ്ങൾ ഫോർട്ട് കൊച്ചി കടപ്പുറത്ത് അടിഞ്ഞുകൂടുന്നതിന്റെ ഫലമായി സൃഷ്ടിക്കപ്പെടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പഠന വിധേയമാക്കുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, വളരെ ഗൗരവമുള്ള പ്രശ്നമാണ് അംഗം ചൂണ്ടിക്കാണിച്ചത്. കപ്പലുകളിൽനിന്നുള്ള മാലിന്യങ്ങൾ മാത്രമല്ല, കപ്പലുകളിൽത്തന്നെ മാലിന്യം കൊണ്ടുവന്ന് തള്ളുന്ന സ്ഥിതി കേരളം ശ്രദ്ധിച്ചിട്ടുള്ളതാണ്. തീർച്ചയായും ഇത്തരം മാലിന്യങ്ങൾ കടലിലേയ്ക്ക് ഒഴുക്കാൻ പാടില്ല. മാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കേണ്ടതുണ്ട്. ലോകത്തുതന്നെ ഏറ്റവും ശ്രദ്ധേയമായതും വളരുന്നതുമായ കൊച്ചി പട്ടണത്തിന്റെ സൗന്ദര്യം നിലനിർത്താനും മാലിന്യമുക്തമായ കൊച്ചിയെ ഫലപ്രദമായി മുന്നോട്ടുനയിക്കാനുമുതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് കൊച്ചി നഗരസഭയും കോർപ്പറേഷനും വിഭാവന ചെയ്തിട്ടുള്ളത്. അതിനാവശ്യമായ രീതിയിൽ ഫലപ്രദമായ ഇടപെടൽ നടത്തുകയും അവിടത്തെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും വിളിച്ചുചേർത്ത് ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ലോകത്തെ പ്രധാനപ്പെട്ട, സൗന്ദര്യമുള്ള, വളരുന്ന നഗരമെന്ന നിലയിൽ കൊച്ചി പട്ടണത്തെ കണ്ടുകൊണ്ട് പ്രവൃത്തികൾ നടപ്പാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ടി. ജെ. വിനോദ്: സർ, കൊച്ചി നഗരത്തെ വളരുന്ന നഗരമായി കണ്ടുകൊണ്ട് പ്രവർത്തിക്കുമെന്ന് സൂചിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിയുടെ വിശാല മനസ്കതയെ അങ്ങേയറ്റം സ്വാഗതം ചെയ്യുന്നു. കൊച്ചി നഗരം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം മാലിന്യസംസ്കരണം തന്നെയാണ്. മാലിന്യസംസ്കരണത്തിനായി നഗരസഭയുടെ ഏകദേശം 108 ഏക്കറോളം സ്ഥലം ബ്രഹ്മപുരത്ത് സ്ഥിതി ചെയ്യുന്നുണ്ട്. അവിടെ ഒരു ജൈവ മാലിന്യപ്ലാന്റ് നിലവിലുണ്ടെങ്കിലും നിലവിൽ അതിന്റെ പ്രവർത്തനം നിശ്ചലമായി നിൽക്കുന്ന സാഹചര്യമാണുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 'വേസ്റ്റ് ടു എനർജി പ്ലാന്റ്' പദ്ധതി ആവിഷ്കരിക്കുകയും സമയബന്ധിതമായി പദ്ധതി ആരംഭിക്കാൻ കഴിയാത്തതുമൂലം ആ കരാർ റദ്ദാക്കുകയും ചെയ്തു. പുതിയ പദ്ധതികൾ സമയബന്ധിതമായി ആരംഭിക്കാനാവശ്യമായ എന്ത് നടപടിയാണ് ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കൊച്ചി നഗരത്തെ സംബന്ധിച്ച് ഗവൺമെന്റിന്റെ കാഴ്ചപ്പാടിനെക്കുറിച്ച് വിശദീകരിച്ചിരുന്നു. ബ്രഹ്മപുരം പദ്ധതിയുൾപ്പെടെ ഖര-ദ്രവ മാലിന്യത്തിനായി നിരവധി പദ്ധതികളുണ്ട്. ഓരോ പദ്ധതിയെ സംബന്ധിച്ചും റിവ്യൂ നടത്തുകയും എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കൃത്യമായി സമയക്രമം നിശ്ചയിച്ച്, ടാർജറ്റ് നൽകി പ്രവർത്തനം നടത്തിവരികയാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ലോകം ഉപഭോക്തൃ സംസ്കാരത്തിലേയ്ക്ക് പോകുകയാണ്. വിവിധ കമ്പനികൾ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് മാർജിൻ ഫ്രീ മാർക്കറ്റിലൂടെ/ഷോപ്പിംഗ് കോംപ്ലക്സിലൂടെ വിറ്റഴിക്കുകയാണ്. ഇതിന്റെ ഫലമായി ധാരാളം പാക്കിംഗ് വേസ്റ്റുണ്ടാകുന്നു. ഇന്ത്യയിൽത്തന്നെ ആദ്യമായി Extended Producer Responsibility (EPR) തിരുവനന്തപുരത്താണ് നടപ്പിലാക്കിയത്.

ഇത്തരത്തിലുള്ള കമ്പനി പ്രതിനിധികളുമായി ചർച്ച ചെയ്ത്, അവരവരുടെ ഉൽപ്പന്നങ്ങളുടെ വേസ്റ്റ് അവർ തന്നെ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ഏതെങ്കിലും രീതിയിലുള്ള ചർച്ച ഗവൺമെന്റ് തലത്തിൽ നടത്താൻ തയ്യാറാകുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. വികസിതമാകുന്ന നാട്ടിൽ ആധുനിക രീതിയിലുള്ള പ്രവർത്തനങ്ങളാണ് എല്ലാ മേഖലയിലും നടന്നുവരുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഉപഭോക്തൃ സംസ്കാരത്തിന്റെ ഭാഗമായി വരുന്ന വിവിധ തലങ്ങളിലുള്ള പാക്ക് ചെയ്ത് വരുന്നതുൾപ്പെടെയുള്ള വേസ്റ്റുകൾ. ഇത്തരം സ്ഥാപനങ്ങളിലുണ്ടാകുന്ന മാലിന്യം അവരവരുടെ ഉത്തരവാദിത്വത്തിൽ സംസ്കരിക്കണമെന്ന കാര്യം ചർച്ച ചെയ്ത് തീരുമാനിച്ചിട്ടുള്ളതാണ്. അത് എവിടെയെങ്കിലും നടപ്പാക്കാതെ വരുന്നെങ്കിൽ ഫലപ്രദമായി ഇടപെടുന്നതാണ്. അവരുമായി ചർച്ച നടന്നുവരികയാണ്; പ്രസ്തുത ചർച്ചയുടെ ഒരു ഘട്ടം പൂർത്തിയായിട്ടുണ്ട്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ജൈവമാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽ സംസ്കരിക്കണമെന്ന് പറഞ്ഞാൽപ്പോലും ജനങ്ങൾ തയ്യാറാകുന്നില്ല. നമ്മുടെ ഭവനങ്ങളിലെ ഏറ്റവും വലിയ മാലിന്യമായ വിസർജ്ജ്യത്തിന് ദുർഗന്ധമില്ലാതിരുന്നെങ്കിൽ ആളുകൾ അതുംകൂടി പുറത്ത് വലിച്ചെറിയുമായിരുന്നു എന്നത് യാഥാർത്ഥ്യമാണ്. മാലിന്യ നിർമ്മാർജ്ജനത്തിനായി ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നു. മാലിന്യ നിർമ്മാർജ്ജനം സംസ്കാരത്തിന്റെ ഭാഗമായി മാറുന്നില്ലെന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. വിദ്യാലയങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിന്റെ ആവശ്യകതയുമായി ബന്ധപ്പെട്ട പാഠ്യപദ്ധതി തുടക്കം മുതൽ കൊണ്ടുവന്നാൽ ഭാവിയിലെങ്കിലും വളരെയധികം മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കും. അത്തരം പദ്ധതി സർക്കാർ വിഭാവനം ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് നേരത്തെ സൂചിപ്പിച്ച നിരവധി പ്രശ്നങ്ങളുടെ ഭാഗമാണ്. ജൈവമാലിന്യങ്ങൾ സംസ്കരിക്കേണ്ടത് വളരെ പ്രയോജനകരമായ/ കേന്ദ്രീകൃതമായ പദ്ധതിയുടെ ഭാഗമായാണ്. ഉറവിടത്തിൽത്തന്നെ മാലിന്യങ്ങൾ സംസ്കരിക്കാൻ സാധിക്കുന്നത്രയും നടക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഗ്രാമങ്ങളിലും പട്ടണപ്രദേശങ്ങളിലും ജനങ്ങൾ താമസിക്കുന്ന പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും അത്തരം പ്രവർത്തനം സജീവമായി നടക്കുന്നുണ്ട്. എന്നാൽ വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന പട്ടണത്തിൽ ജൈവമാലിന്യങ്ങൾ ധാരാളമായി കുന്നുകൂടുകയാണ്. സ്വാഭാവികമായും അതിനെ സംസ്കരിക്കേണ്ട കേന്ദ്രീകൃത സംവിധാനം ആവശ്യമാണ്. ഇക്കാര്യത്തിൽ നാടിന്റെ മനോഭാവം വളരെ ഗൗരവമുള്ള പ്രശ്നമായാണ് തോന്നുന്നത്. വ്യക്തി ശുചിത്വത്തിൽ മലയാളി

എല്ലാകാലത്തും മുൻപന്തിയിലാണെന്ന കാര്യം സാമൂഹ്യ ജീവിതത്തിന്റെ ഭാഗമായി പലപ്പോഴും അനുഭവപ്പെട്ടിട്ടുണ്ട്. ആൾപ്പാർപ്പുള്ളതും പട്ടണത്തിന്റെ സമീപത്തുള്ള മേഖലകളിലും, 'ഇവിടെ മാലിന്യങ്ങൾ നിക്ഷേപിക്കരുത്' എന്ന് എഴുതിവച്ചിട്ടും അങ്ങനെ എഴുതിവച്ചിരിക്കുന്ന സ്ഥലമാണ് വീട്ടിലെയും പരിസരങ്ങളിലെയും മാലിന്യങ്ങൾ പൊതിഞ്ഞുകെട്ടി നിക്ഷേപിക്കാൻ പറ്റിയ സ്ഥലമെന്ന് കണ്ട് നിക്ഷേപിക്കുന്ന സ്ഥിതിയുള്ളത്. കാറിലും മോട്ടോർ ബൈക്കിലും മറ്റുവാഹനങ്ങളിലും വന്ന് ഇത്തരം മാലിന്യം നിക്ഷേപിക്കുന്ന സംസ്കാരത്തിൽ മാറ്റമുണ്ടാകണം. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പാഠ്യപദ്ധതിയിൽ ഈ വിഷയം ഉൾപ്പെടുത്തി സാമൂഹിക ജീവിതത്തിന്റെ ഭാഗമായി പരിപാലിക്കേണ്ട മാലിന്യമുക്തമായ കേരളത്തെ രൂപപ്പെടുത്തേണ്ടതിന്റെ ബാദ്ധ്യത പൗരധർമ്മമായും പൊതുജനങ്ങൾ കാണിക്കേണ്ട പ്രധാനപ്പെട്ട ഉത്തരവാദിത്വമായും കാണിക്കേണ്ടതാണ്. മാലിന്യത്തിൽ നിന്ന് മോചനമെന്ന ലക്ഷ്യം വച്ചുകൊണ്ട് ചർച്ച ചെയ്യുമ്പോൾ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വിസർജ്ജ്യ മാലിന്യങ്ങളുൾപ്പെടെയുള്ളവ ഫലപ്രദമായി സംസ്കരിക്കാനുള്ള പ്രവർത്തനമാണ് ഉദ്ദേശിക്കുന്നത്. വരുന്ന അഞ്ചുകൊല്ലം കൊണ്ട് പട്ടണങ്ങളിലെ നാനാവിധത്തിലുള്ള ജൈവമാലിന്യങ്ങളെയും ദ്രവമാലിന്യങ്ങളെയും ഫലപ്രദമായി സംസ്കരിക്കാൻ കഴിയുന്നതാണ്. ബോധനിലവാരത്തിൽത്തന്നെ മാറ്റം വരുത്താനുള്ള ഫലപ്രദമായ ഇടപെടൽ വേണമെന്നുള്ളതാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ശ്രീ. പ്രമോദ് നാരായൺ: സർ, കേരളം ജലസമൃദ്ധമാണെന്ന് അഭിമാനിക്കുമ്പോഴും നദികളും കായലുകളും മുതൽ ചെറിയ നീർച്ചാലുകൾ പോലും മലിനമാക്കപ്പെടുകയാണ്. ഒഴുകിയെത്തുന്ന പ്ലാസ്റ്റിക് മാലിന്യം കടലിലും ഭൂഗർഭ ജലത്തിലും വിഷം നിറയ്ക്കുകയും ആവാസ വ്യവസ്ഥ തകർക്കുകയുമാണ്. പുണ്യനദിയെന്ന് വിശേഷിപ്പിക്കുന്ന പമ്പാനദി പോലും ഈ ദുരന്തത്തെ നേരിടുകയാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ മുമ്പുണ്ടായിരുന്ന ജനകീയാസൂത്രണത്തിന്റെ മാതൃകയിൽ ശാസ്ത്രീയവും ജനകീയവുമായ ബൃഹത് നദീസംരക്ഷണ പദ്ധതി നടപ്പിലാക്കുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഇത് തീർച്ചയായും ആലോചിക്കാവുന്ന പ്രധാനപ്പെട്ട കാര്യം തന്നെയാണ്. നദികളും കായലുകളുമുൾപ്പെടെ എല്ലാ ജലാശയങ്ങളും ശുചീകരിച്ച് സംരക്ഷിക്കണം എന്നതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. കേരളത്തിലെ 44 നദികളും നദികളോട് ചേർന്ന് നിരവധിയായ കൈവഴികളും ശുദ്ധജല കായലുമൊക്കെ ചേർന്ന് മനോഹരമായ സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെയാണ് കേരളത്തെ ലോകത്തിലെ വിവിധ മേഖലയിലുള്ള ജനങ്ങൾ 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന് വിളിക്കുന്നത്. ആ നാടിനെ സംരക്ഷിച്ച് വരും തലമുറയ്ക്ക്

കൈമാറേണ്ട ബാദ്ധ്യതയാണ് നമുക്കുള്ളത്. ആ കടമ തീർച്ചയായും നിർവ്വഹിക്കാൻ സാധിക്കണം. എല്ലാ നദികളെയും സംരക്ഷിക്കുകയും കേരളത്തെ മാലിന്യമുക്തമാക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനത്തെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. മാലിന്യസംസ്കരണത്തെ സംബന്ധിച്ച് പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാമെന്ന് കഴിഞ്ഞ വെള്ളിയാഴ്ച ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ സൂചിപ്പിക്കുകയുണ്ടായി. എല്ലാ വകുപ്പുകളും സംയുക്തമായി പ്രവർത്തിച്ചാൽ മാത്രമേ ഇക്കാര്യം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഏതെങ്കിലും ഒരു വകുപ്പിനെ മാത്രം അടിസ്ഥാനപ്പെടുത്തി കേരളത്തെ പൂർണ്ണമായ അർത്ഥത്തിൽ ശുചീകരിക്കാൻ സാധിക്കില്ല. ഇതിനുവേണ്ടി ഒരു പൊതുഅവബോധം രൂപപ്പെടുത്തണം. എല്ലാ വകുപ്പുകളെയും സംയുക്തമായി പ്രവർത്തിപ്പിച്ചുകൊണ്ട് ഖരമാലിന്യം, ദ്രവമാലിന്യം, മറ്റ് വിവിധ രീതിയിലുള്ള മാലിന്യങ്ങൾ മുഴുവൻ നീക്കം ചെയ്യാനും കുളവും, തോടും സംരക്ഷിക്കാനുമുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാനും സാധിക്കണം. അങ്ങനെ വന്നാൽ ലോകം ശ്രദ്ധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ശുചിത്വമുള്ള നാടായി കേരളത്തെ മാറ്റാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

**റേഷൻ മുൻഗണനാ പട്ടികയിലുൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇളവ്**

4(*154) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി റേഷൻ സാധനങ്ങൾ വാങ്ങാതിരുന്ന ഗുണഭോക്താക്കളെ മുൻഗണനാ വിഭാഗത്തിൽനിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിരുന്നുവോ; വിശദമാക്കാമോ;

(ബി) മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുള്ള കുടുംബാംഗങ്ങളെ മുൻഗണനാ പട്ടികയിലുൾപ്പെടുത്തുന്നതിന് മാനദണ്ഡങ്ങളിൽ ഇളവ് നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) റേഷൻ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) മുൻഗണനാ വിഭാഗത്തിലുള്ള അനർഹരെ ഒഴിവാക്കുമ്പോൾ സംസ്ഥാനം സബ്സിഡി നൽകിവരുന്ന നീലകാർഡുകാരെ ആനുപാതികമായി ഉൾപ്പെടുത്തുവാൻ കഴിയുമോ; വിശദമാക്കാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ ): സർ,(എ) തീരുമാനമെടുത്തിരുന്നു. മൂന്നുമാസം തുടർച്ചയായി റേഷൻ സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ കാർഡുകൾ കണ്ടെത്തി നിയമപരമായ പരിശോധന നടത്തി അനർഹരെന്ന് കണ്ടെത്തിയാൽ മുൻഗണന നൽകുന്നതിൽനിന്നും ഒഴിവാക്കുന്നതിന് 25-7-2019-ലെ സ.ഉ(സാധാ)നം.298/2019/ഭ.പൊ.വി.വ. പ്രകാരം തീരുമാനമെടുത്തിരുന്നു. എന്നാൽ മതിയായ കാരണത്താലാണ് റേഷൻ കൈപ്പറ്റാത്തതെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം അത്തരക്കാരുടെ മുൻഗണനാനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ മുൻഗണനയിൽനിന്നും ഒഴിവാക്കപ്പെടുന്നവർക്ക് റേഷൻ അർഹത വീണ്ടും ലഭിക്കുന്നതിനായി കാരണം ബോധിപ്പിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡപ്രകാരം ഗുരുതര ശാരീരിക/മാനസിക വൈകല്യമുള്ളവർ ഉൾപ്പെടുന്ന കുടുംബങ്ങളെ ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ, മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥചെയ്തിട്ടുണ്ട്. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ട് മുൻഗണനാ വിഭാഗത്തിൽനിന്ന് പുറത്തായിട്ടുണ്ടെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമൂഹിക- സാമ്പത്തിക-പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോദ്ധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് പൊതുവിതരണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമാണെന്നത് പരിഗണിച്ചും ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള പദ്ധതികളിൽ ഭിന്നശേഷി വിഭാഗത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കണമെന്ന കേന്ദ്ര നിർദ്ദേശംകൂടി കണക്കിലെടുത്തും റേഷൻ മുൻഗണനയിൽ ടി വിഭാഗത്തിന്റെ സംവരണത്തിനായി 10 മാർക്ക് വെയിറ്റേജ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുകയാണ്.

(സി) മുൻഗണനാ മാനദണ്ഡങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനായി അതുസംബന്ധിച്ച പോസ്റ്റർ റേഷൻ കടകളിൽ പ്രദർശിപ്പിക്കുന്നുണ്ട്. റേഷൻ ഡിപ്പോകളുടെ സമീപത്തുള്ള പഞ്ചായത്തുകളിലും വില്ലേജുകളിലും ടി പോസ്റ്റർ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. മുൻഗണനാ മാനദണ്ഡങ്ങൾ പ്രതിപാദിക്കുന്ന ഉത്തരവ് സർക്കാർ വെബ്സൈറ്റിലും വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ എഫ്.എം. റേഡിയോ, ജിംഗിൾസ്, പോസ്റ്ററുകൾ, സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ബോധവൽക്കരണ പരിപാടികൾ എന്നിവ മുഖാന്തരവും മുൻഗണനാ മാനദണ്ഡം സംബന്ധിച്ച് അവബോധം നൽകിവരുന്നുണ്ട്.

(ഡി) ഇല്ല. എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിനായുള്ള കേന്ദ്ര മാനദണ്ഡങ്ങളുടെയും സംസ്ഥാനം നിശ്ചയിച്ചിട്ടുള്ള പി.എച്ച്.എച്ച്. മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് മുൻഗണനാ വിഭാഗത്തെ കണ്ടെത്തിവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം ഏതെങ്കിലും ഒരു ഒഴിവാക്കൽ മാനദണ്ഡം ബാധകമായി വരുന്നവരാണ് പൊതുവിഭാഗം സബ്സിഡിയിലുൾപ്പെട്ടുവരുന്നത്. അതുപ്രകാരം മുൻഗണനാ വിഭാഗത്തിലുണ്ടാകുന്ന ഒഴിവുകൾ, പൊതുവിഭാഗം സബ്സിഡിയിൽ നിന്ന് നികത്താൻ സാധിക്കുന്നതല്ല.

ശ്രീ. ഇ. കെ. വിജയൻ: സർ, മുൻഗണനാ വിഭാഗത്തിന് മുൻഗണനാ റേഷൻ കാർഡ് എത്തിക്കണമെന്ന നിശ്ചയദാർഢ്യത്തിന്റെ ഫലമാണ് എല്ലാ താലൂക്കുകളിലും മുൻഗണനാ കാർഡ് നൽകുന്ന പരിപാടി വിജയകരമായി ചുരുങ്ങിയ ദിവസം കൊണ്ട് നടപ്പാക്കിയത്. വടകര താലൂക്കിൽ മാത്രം 5401 മുൻഗണനാ കാർഡുകളാണ് വിതണം ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിതന്നെ DSO (District Supply Officer)-യേയും ജീവനക്കാരേയും വിളിച്ച് അഭിനന്ദിച്ചതായാണ് അറിയാൻ കഴിഞ്ഞത്. നവംബർ മാസത്തോടെ എത്ര മുൻഗണനാ കാർഡുകൾ വിതരണം ചെയ്യാൻ കഴിയുമെന്നതാണ് എന്റെ ചോദ്യം.

ശ്രീ. ജി. ആർ. അനിൽ: സർ, നിലവിലുള്ള 50,000-ത്തോളം അപേക്ഷകൾ പരിശോധിച്ചുവരികയാണ്. പരിശോധനാ റിപ്പോർട്ട് വരുന്ന മുറയ്ക്ക് 40,000-ത്തോളം ആളുകളുടെ അപേക്ഷയെങ്കിലും മുൻഗണനാ വിഭാഗത്തിൽപ്പെടുത്തി തീർപ്പാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, പുതിയ റേഷൻ കടകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാടെന്താണ്; അതോടൊപ്പം റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള പ്രത്യേക മുൻഗണനകൾ എന്തെല്ലാമാണ്; സെയിൽസ്മാന് പ്രത്യേക പരിഗണനയുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, പുതിയ റേഷൻ കടകൾ അനുവദിക്കുന്നില്ല. എന്നാൽ പുതിയ റേഷൻ കടകൾക്കായി എം.എൽ.എ.മാർ മുഖേന നാട്ടുകാർ നൽകിയ അപേക്ഷകൾ പരിശോധിച്ചുവരികയാണ്. 599 റേഷൻ കടകൾക്ക് നോട്ടിഫിക്കേഷൻ ഇറക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവയെല്ലാം നടപടിക്ക് വിധേയമായി അറ്റാച്ചുചെയ്ത് നടത്തുന്നതും റേഷൻ കടകൾ തുടർന്ന് നടത്താൻ ആഗ്രഹിക്കുന്നില്ലെന്ന് അറിയിച്ചതുമായ കടകളെയാണ് നോട്ടിഫൈ ചെയ്യുന്നത്.

ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| തിരുവനന്തപുരം | - | 19 |
| കൊല്ലം | - | 25 |
| പത്തനംതിട്ട | - | 19 |
| ആലപ്പുഴ | - | 28 |
| കോട്ടയം | - | 54 |
| ഇടുക്കി | - | 20 |
| എറണാകുളം | - | 126 |
| തൃശ്ശൂർ | - | 53 |
| പാലക്കാട് | - | 48 |
| കോഴിക്കോട് | - | 78 |
| കണ്ണൂർ | - | 48 |
| മലപ്പുറം | - | 46 |
| വയനാട് | - | 09 |
| കാസർഗോഡ് | - | 26 |

ഇങ്ങനെ 599 കടകളാണ് നോട്ടിഫൈ ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ ഒഴിവുവരുന്ന കടകൾ നോട്ടിഫൈ ചെയ്ത് പുതിയ ലൈസൻസിയെ കണ്ടെത്തി സംവരണ മാനദണ്ഡങ്ങളുൾപ്പെടെയുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടുതന്നെ വിതരണം ചെയ്യുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, അർഹതയുള്ളവരുടെ കൈകളിൽ മാത്രം മുൻഗണനാ റേഷൻ കാർഡെന്ന സർക്കാർ നടപടിയെ അഭിനന്ദിക്കുന്നു. ഇപ്പോഴും ഇത്രയും ശക്തമായ നടപടി സ്വീകരിച്ചിട്ടും യഥാർത്ഥ അവകാശികളല്ലാത്തവരുടെ കയ്യിൽ മുൻഗണനാ റേഷൻ കാർഡുണ്ടെന്നാണ് മനസ്സിലാക്കുന്നത്. നിലവിലുള്ള എല്ലാ മുൻഗണനാ കാർഡുകളും പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ ആർ.ഐ.മാരെ ചുമതലപ്പെടുത്തി സമയബന്ധിതമായി പ്രവർത്തനം പൂർത്തിയാക്കി ഈ യജ്ഞം വിജയിപ്പിക്കാൻ ശ്രമിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. മുൻഗണനാ കാർഡുകൾ ഇപ്പോഴും അപൂർവ്വം ചില അനർഹരുടെ കൈകളിലുണ്ടെന്ന് വകുപ്പിന് ബോദ്ധ്യമായിട്ടുണ്ട്. അതിൻപ്രകാരം ഒരു റേഷൻ കടയിലെ പത്ത് മുൻഗണനാ കാർഡുകളെക്കുറിച്ച് നേരിട്ട് പരിശോധിക്കാൻ ആർ.ഐ.മാരെയും ആർ.ഐ.മാരുടെ പ്രവർത്തനങ്ങൾ തൊട്ടുമുകളിലുള്ള ഉദ്യോഗസ്ഥർ പരിശോധിക്കാനും ചുമതലപ്പെടുത്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി കുറ്റമറ്റതാക്കാനുള്ള വലിയ പരിശ്രമമാണ് നടത്തുന്നത്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് 2009-ലെ ബി.ഡി.ഒ. നൽകുന്ന ബി.പി.എൽ. സർട്ടിഫിക്കറ്റാണ് പരിഗണിക്കുന്നത്. ആ സർട്ടിഫിക്കറ്റിന് 20 പോയിന്റാണ് നൽകുന്നത്. 2009-നുശേഷം ബി.പി.എൽ. ലിസ്റ്റിൽ പേര് ഉൾപ്പെടാനർഹതയുള്ള കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് ന്യായമായി മാറ്റേണ്ടതുണ്ട്. ഇതിനായി സർക്കാർ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പ്രാധാന്യമുള്ള കാര്യമാണ്. കാരണം വളരെ വർഷങ്ങൾക്കുമുമ്പുള്ള ബി.പി.എൽ. പട്ടിക വച്ചാണ് അത് പരിശോധിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് 2016-ൽ പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ആ ഉത്തരവിലെ പോയിന്റുകൾകൂടി പരിഗണിച്ചുകൊണ്ട് ആ പട്ടികയിലേയ്ക്ക് ആളുകളെ കണ്ടെത്താനുള്ള പരിശ്രമം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, മുൻഗണനാ വിഭാഗത്തിലെ അനർഹരെ ഒഴിവാക്കി അർഹരെ ഉൾക്കൊള്ളിക്കാനുള്ള നടപടിയെ അങ്ങേയറ്റം ശ്ലാഘിക്കുകയാണ്. മിനിമം ശമ്പളം മാത്രം വാങ്ങുന്ന തോട്ടം തൊഴിലാളികളെ മുഴുവനും ബി.പി.എൽ. വിഭാഗമായി പരിഗണിച്ച് അവരെക്കൂടി മുൻഗണനാ ലിസ്റ്റിലുൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, തോട്ടം തൊഴിലാളികളെ പൂർണ്ണമായും മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തണമെന്ന് ആഗ്രഹമുണ്ടെങ്കിലും അവരുടെ വരുമാനം കൂടി പരിഗണിച്ചുകൊണ്ട് മാത്രമേ അതുസംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. എന്നാലിപ്പോൾ മഹാഭൂരിപക്ഷം വരുന്ന തോട്ടം മേഖലയിലെ തൊഴിലാളികളും ഇതിൽ അംഗങ്ങളാണെന്ന കാര്യം സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, അനർഹരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി ലഭിക്കുന്നത്രയും അർഹരായ ഗുണഭോക്താക്കളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി എത്രപേരെ ഉൾപ്പെടുത്തിയിട്ടുണ്ട്; അതോടൊപ്പം തന്നെ റേഷൻ

ഡീലർമാരുടെ കിറ്റിന്റെ കമ്മീഷനും ആരോഗ്യ ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് അവരുടെ ഡിമാൻഡിനെ സംബന്ധിച്ചും സർക്കാരിന്റെ പ്രതികരണമറിയാൻ താൽപ്പര്യമുണ്ട്.

ശ്രീ. ജി. ആർ. അനിൽ: സർ, 1,43,000 കാർഡുകളാണ് പിൻവലിച്ചിട്ടുള്ളത്. എന്നാൽ പല പരിശോധനകളിലൂടെ ഒഴിവുവന്ന കുറച്ച് കാർഡുകൾ കൂടിയുണ്ട്. അങ്ങനെ വരുമ്പോൾ 1.5 ലക്ഷത്തിലധികം കാർഡുകൾ അത്തരം ആളുകൾക്ക് അനുവദിക്കാൻ കഴിയും. റേഷൻ കട നടത്തുന്ന ലൈസൻസികൾക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട്, കോവിഡുമായി ബന്ധപ്പെടുത്തി റേഷൻ വ്യാപാരി മരണപ്പെട്ടാൽ അവരുടെ കുടുംബത്തിന് 7.5 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് കവറേജ് നൽകുന്ന പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത്. എന്നാൽ മറ്റ് കാര്യങ്ങൾ ആരോഗ്യ ഇൻഷ്വറൻസ് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

ശ്രീ. പി. ടി. എ. റഹീം: സർ, അങ്ങ് വികലാംഗരുൾപ്പെടെയുള്ള ആളുകൾക്ക് മാനദണ്ഡമനുസരിച്ച് 10 അധിക മാർക്ക് കൊടുക്കുമെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇതൊഴിവാക്കിക്കൊണ്ട് മുഴുവൻപേരെയും മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, അംഗപരിമിതിയുള്ള ആളുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കാർഡുകളുടെ കാര്യം പരിശോധനയിലാണ്. അതിനൊരു പുതിയൊരു മാനദണ്ഡമുണ്ടാക്കുന്നത് സംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പിനോട് നിർദ്ദേശം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എത്രയുംവേഗം അംഗപരിമിതരോ മറ്റ് മാരക രോഗങ്ങൾ ബാധിച്ചവരോ ഉള്ള അംഗങ്ങളായ കുടുംബങ്ങളിലെ കാർഡുകൾ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി അനുവദിക്കുന്ന കാര്യം ആലോചനയിലാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മുൻഗണനാ പട്ടികയിലുള്ളവർ സ്വയം ഒഴിഞ്ഞുപോകുകയോ അല്ലെങ്കിൽ അനർഹരെ പുറത്താക്കുകയോ ചെയ്യുകയുണ്ടായി. ഈ അവസരത്തിൽ ധാരാളം ആളുകളെ മുൻഗണനാ പട്ടികയിലേയ്ക്ക് കൊണ്ടുവരികയും ചെയ്തു. ഇങ്ങനെ കൊണ്ടുവരുന്നതിനായി ഓരോ ജില്ലകൾക്കും ക്വാട്ട അനുവദിച്ചിരുന്നു. അത്തരത്തിൽ ജില്ലകൾക്ക് ക്വാട്ട അനുവദിച്ചതിന്റെ മാനദണ്ഡമെന്താണ്? ആ ലിസ്റ്റിൽനിന്നും ഒഴിഞ്ഞുപോയ ആളുകളുടെ മാനദണ്ഡമാണോ; ആ ജില്ലയിലെ ജനസംഖ്യയുടെ അടിസ്ഥാനത്തിലുള്ള മാനദണ്ഡമാണോ; അതോ ആ ജില്ലയിലുള്ള ബി.പി.എൽ. കുടുംബാംഗങ്ങളുടെ മാനദണ്ഡമാണോ; എന്താണ് ഇതിനായി സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, അതത് ജില്ലയിൽ ഒഴിഞ്ഞുപോയിട്ടുള്ളത് നേരത്തെ നിശ്ചയിച്ചിരുന്ന മാനദണ്ഡപ്രകാരമാണ്. എന്നാൽ ജനസംഖ്യകൂടി ബന്ധപ്പെടുത്തിക്കൊണ്ടും ആവശ്യകത മനസ്സിലാക്കിക്കൊണ്ടുമുള്ള പരിഗണനയാണ് നൽകിവരുന്നത്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, നിലവിലുള്ള ആശ്രയ ബി.പി.എൽ. കാർഡുടമകളുടെ പേരുവിവരം പഞ്ചായത്തുൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിലെ നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, അക്കാര്യം സജീവ പരിഗണനയിലാണ്. ഇത്തരത്തിലുള്ള മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേരുവിവരങ്ങൾ പഞ്ചായത്തുകൾ, വില്ലേജാഫീസുകൾ എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, റേഷൻ കാർഡുകളുടെ ന്യൂനതകൾ പരിഹരിക്കുന്നതോടൊപ്പം വയനാട് ജില്ലയിലെ നിരവധി പട്ടികവർഗ്ഗ കോളനികളിൽ റേഷൻ കാർഡില്ലാത്ത ധാരാളം കുടുംബങ്ങളുണ്ട്. അവർക്ക് ഗവൺമെന്റ് പ്രഖ്യാപിക്കുന്ന റേഷൻ വാങ്ങുന്നതിനായി പലപ്പോഴും താൽക്കാലിക കാർഡുകളാണ് വിതരണം ചെയ്തിട്ടുള്ളത്. പട്ടികവർഗ്ഗ കോളനികളിൽ ഒരു ക്യാമ്പയിൻ നടത്തി അവർക്ക് സമ്പൂർണ്ണമായി റേഷൻ കാർഡ് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം വളരെ ഗൗരവമുള്ളതാണ്. പട്ടികവർഗ്ഗ കോളനികളിലെ ഏതെങ്കിലുമൊരാളിന് കാർഡില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തരമായി പരിഹാരമുണ്ടാക്കുന്നുണ്ട്. അതിന് പ്രത്യേക പ്രോഗ്രാം തയ്യാറാക്കി വളരെ വേഗത്തിൽ പരിശോധിക്കുന്നതും അത്തരത്തിൽ ആരെങ്കിലുമുണ്ടോയെന്ന കാര്യം കൂടി പരിഗണിച്ചുകൊണ്ട് അർഹതയുള്ള മുഴുവൻ ആളുകൾക്കും കാർഡുകൾ അനുവദിക്കുന്നതുമാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മുൻഗണനാ ലിസ്റ്റിൽപ്പെടുത്തുന്നതിനുള്ള പരിഗണനയിൽ ആയിരം സ്ക്വയർ ഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരെ ഉൾപ്പെടുത്താൻ കഴിയില്ലെന്ന നിബന്ധനയുണ്ട്. എന്നാൽ ആയിരം സ്ക്വയർ ഫീറ്റ് അളവിൽ ചെറിയ വ്യത്യാസം മാത്രമുള്ള, ഒരു വരുമാനവുമില്ലാത്ത, വിധവകളുൾപ്പെടെയുള്ള പ്രായംചെന്ന ആളുകൾ മാത്രമടങ്ങുന്ന, ഒറ്റയ്ക്കും കൂട്ടമായും താമസിക്കുന്ന അനവധി വീടുകൾ സംസ്ഥാനത്തുണ്ട്. അവരെ ഈ ലിസ്റ്റിലുൾപ്പെടുത്തുന്നതിന് എന്തെങ്കിലും മാർഗ്ഗമുണ്ടോ; അതിന് തയ്യാറാണോ?

ശ്രീ. ജി. ആർ. അനിൽ: സർ, ആയിരം സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള വീട് എന്ന വ്യവസ്ഥ നിലവിലുണ്ടെങ്കിലും അവരുടെ സാമ്പത്തികാവസ്ഥകൂടി പരിശോധിച്ചുകൊണ്ട് ചെറിയ വ്യത്യാസമുള്ളവർക്കെല്ലാം കാർഡ് മാറ്റിക്കൊടുത്തിട്ടുണ്ട്. അത്തരത്തിലുള്ള വിഷയം ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയാൽ അടിയന്തരമായി പരിഹാരമുണ്ടാക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പുരാവസ്തു തട്ടിപ്പ്

5 (*155) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പുരാവസ്തുക്കൾ എന്ന പേരിൽ വ്യാജ സാധനങ്ങൾ പ്രദർശിപ്പിച്ച് തട്ടിപ്പ് നടത്തിയ വ്യക്തിയുമായി സംസ്ഥാന പോലീസിലെ ഉന്നത ഉദ്യോഗസ്ഥർക്ക് നേരിട്ട് ബന്ധമുള്ളതായും തട്ടിപ്പ് നടത്തുന്നതിന് സഹായം നൽകിയതായുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) എങ്കിൽ ഇതിൽ ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) ഈ വ്യക്തിയുടെ ചെയ്തികളെ സംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് കേസ് അന്വേഷണം നടത്തിവരികയാണ്.

(സി) പുരാവസ്തു തട്ടിപ്പ് കേസിൽ പോലീസ് പിടിയിലായ വ്യക്തിയുടെ ഇടപാട് ഗുരുതരമാണെന്നും നിരീക്ഷിക്കണമെന്നും മുൻ പോലീസ് മേധാവി ജില്ലാ പോലീസ് അധികാരികൾക്ക് നിർദ്ദേശം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പോലീസ് റിപ്പോർട്ട് പ്രകാരം ആരോപണ വിധേയനായ വ്യക്തി തന്റെ വീടിന് സുരക്ഷ നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ ഉചിതമായ

നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിക്ക് അയച്ചിട്ടുണ്ട്. സുരക്ഷയുമായി ബന്ധപ്പെട്ട അപേക്ഷയായതിനാൽ സ്വാഭാവികമായ നടപടിയാണ് പോലീസ് മേധാവി കൈക്കൊണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആരോപണ വിധേയനെക്കുറിച്ച് 21-12-2019-ലെ കത്ത് പ്രകാരം ഇന്റലിജൻസ് എ.ഡി.ജി.പി.-ക്ക് നിർദ്ദേശം നൽകിയിരുന്നു. മുൻ ഡി.ജി.പി. ഈ കേസിലെ ആരോപണ വിധേയന്റെ വീട് സന്ദർശിക്കുകയും സംശയത്തെത്തുടർന്ന് പോലീസ് ഇന്റലിജൻസിനോട് വിവരങ്ങൾ ശേഖരിക്കുവാൻ ആവശ്യപ്പെടുകയും ഉണ്ടായി. ഇന്റലിജൻസ് എ.ഡി.ജി.പി.യിൽനിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി 5-2-2020-ന് എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു.

(ഡി) എങ്കിൽ പ്രസ്തുത കേസുമായി ബന്ധപ്പെട്ട് പോലീസ് പിടിയിലായ വ്യക്തി കേരള പോലീസിന്റെ സൈബർ സെക്യൂരിറ്റി കോൺഫറൻസ് ആയ കൊക്കൂണിൽ പങ്കെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനിടയായ സാഹചര്യവും ആരുടെ ക്ഷണപ്രകാരമാണ് പങ്കെടുത്തതെന്നും വ്യക്തമാക്കാമോ?

കൊക്കൂൺ കോൺഫറൻസ് ഐ.ടി. പ്രൊഫഷണലുകൾക്ക് വേണ്ടിയുള്ള ഒരു സൈബർ കോൺഫറൻസാണ്. ടി കോൺഫറൻസ് രേഖകളിൽ രജിസ്റ്റർ ചെയ്ത് പങ്കെടുത്തതായി കാണുന്നില്ല.

## സച്ചാർ കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കാൻ നടപടി

6 (*156) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മിറ്റി ശിപാർശ പ്രകാരമുള്ള ആനുകൂല്യങ്ങൾ മുസ്ലീം സമുദായത്തിന് പൂർണ്ണമായും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ മുസ്ലീം സമുദായ സംഘടന നേതാക്കൾ നിവേദനം സമർപ്പിച്ചിരുന്നോ?

സമർപ്പിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെ എന്തെങ്കിലും നടപടികൾ നാളിതുവരെ സ്വീകരിച്ചിരുന്നോ; വ്യക്തമാക്കുമോ;

(സി) കമ്മീഷൻ ശിപാർശയിലെ എന്തെല്ലാം കാര്യങ്ങളാണ് സമയബന്ധിതമായി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും അതിനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ സംബന്ധിച്ചും വിശദവിവരം ലഭ്യമാക്കുമോ?

(ബി & സി) സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ശ്രീ.പാലൊളി മുഹമ്മദ് കുട്ടി ചെയർമാനായുള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലായാണ് ഇവ നടപ്പാക്കുന്നത്. സമയബന്ധിതമായും കൃത്യമായും ഇവ നടപ്പാക്കുന്നത് പരിശോധിക്കാനായി ഒരു ഏകീകൃത സംവിധാനം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ട്.

## വളർത്തുമൃഗങ്ങൾക്ക് ലൈസൻസ്

7(*157) ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തണമെന്ന് ഹൈക്കോടതി നിർദ്ദേശം ഉണ്ടായിട്ടുണ്ടോ?

ഉണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള WP(C)13204/2021 നമ്പർ കേസിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പുവഴി വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് ഏർപ്പെടുത്തണമെന്ന് 14-7-2021-ന് കോടതി ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള വളർത്തുമൃഗങ്ങൾ, ഓമനമൃഗങ്ങൾ എന്നിവയെ അതാത് തദ്ദേശഭരണ സ്ഥാപനത്തിന്റെ കീഴിൽ 6 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യുവാനും അവയ്ക്ക് ലൈസൻസ് നൽകുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ പുതുതായി മൃഗങ്ങളെ വാങ്ങുമ്പോൾ, അവയെ കരസ്ഥമാക്കി 3 മാസത്തിനുള്ളിൽ അതത് തദ്ദേശഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുന്നതിനും കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഈ നിർദ്ദേശം നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള WP(C) 13204/2021 നമ്പർ കേസിന്മേൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തണമെന്ന് നിർദ്ദേശം ഉണ്ടായിട്ടുണ്ട്. ആയതിന്റെ

അടിസ്ഥാനത്തിൽ 8-8-2021-ൽ ആർ.സി.3/241/2021/തസ്വഭവ. സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ പ്രകാരം വളർത്തുനായകൾക്ക് നിർബന്ധിത രജിസ്ട്രേഷനും ലൈസൻസും എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് (സർക്കുലർ അനുബന്ധമായി ചേർക്കുന്നു).*

(സി) ലൈസൻസ് ഫീ നിശ്ചയിക്കുന്നതിനുള്ള അധികാരം ആർക്കാണ് നൽകിയിരിക്കുന്നത്; ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പഞ്ചായത്തുകളിൽ ലൈസൻസ് ഫീസ് ചട്ടപ്രകാരമാണ് തീരുമാനിക്കുന്നത്. ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4(6) പ്രകാരമാണ് വളർത്തുനായകൾക്ക് പഞ്ചായത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നത്. കേരള മുനിസിപ്പാലിറ്റി ആക്ട് (KMA 567) പ്രകാരം ബൈ-ലോ തയ്യാറാക്കിയാണ് വളർത്തുനായകളുടെ ലൈസൻസ് ഫീസ് നഗരസഭകൾ നിശ്ചയിച്ചിരിക്കുന്നത്.

## കോവിഡ് വ്യാപനത്തെ കുറിച്ച് സീറോ സർവൈലൻസ് പഠനം

8(*158) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വ്യാപനത്തെ കുറിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിനായി സീറോ സർവൈലൻസ് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഇപ്രകാരം സീറോ സർവൈലൻസ് പഠനം നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ & ബി) ഉണ്ട്. ഐ.സി.എം.ആർ. ന്റെ നേതൃത്വത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ മൂന്ന് ജില്ലകളിൽ നാല് ഘട്ടങ്ങളിലായും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കേരളത്തിലെ പതിനാല് ജില്ലകളിൽ മൂന്ന് ഘട്ടങ്ങളിലായും സീറോ സർവൈലൻസ് പഠനം നടത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ സീറോ സർവൈലൻസ് പഠനം വിവിധ ജനവിഭാഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തപ്പെട്ടതാണ്.

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പഠനത്തിനായി ആകെ എത്ര സാമ്പിളുകൾ ശേഖരിച്ചെന്നും സർവ്വേ പ്രകാരം ലഭിച്ച പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഐ.സി.എം.ആർ.-ന്റെ ആദ്യത്തെ സർവ്വേ 2020 മേയ് 18 മുതൽ 23 വരെയാണ് നടത്തിയത്. ആകെ 1193 പേരുടെ സാമ്പിളുകൾ പരിശോധിച്ചപ്പോൾ നാല് പേർക്കാണ് രോഗം കണ്ടെത്തിയിട്ടുള്ളത് (0.33 ശതമാനം). ഇന്ത്യയുടെ തോത് 0.73 ശതമാനം ആയിരുന്നു. എറണാകുളം ജില്ലയിൽ 396 പേരെ പരിശോധിച്ചപ്പോൾ ഒരാൾക്കും തൃശ്ശൂർ ജില്ലയിൽ 399 പേരെ പരിശോധിച്ചപ്പോൾ മൂന്ന് പേർക്കുമാണ് രോഗബാധ കണ്ടെത്തിയത്. പാലക്കാട് ജില്ലയിൽ 898 പേരെ പരിശോധിച്ചപ്പോൾ ആർക്കുംതന്നെ രോഗബാധ കണ്ടെത്തുവാൻ സാധിച്ചിരുന്നില്ല. സീറോ പോസിറ്റിവിറ്റി യഥാക്രമം 0.25 ശതമാനം, 0.75 ശതമാനം, 0 എന്നിങ്ങനെ ആയിരുന്നു. ഐ.സി.എം.ആർ.-ന്റെ രണ്ടാംഘട്ട സർവ്വേ 2020 ആഗസ്റ്റ് 24 മുതൽ 26 വരെയാണ് നടത്തിയിട്ടുള്ളത്. ആകെ 1281 പേരുടെ സാമ്പിളുകൾ പരിശോധിച്ചപ്പോൾ 11 പേർക്കാണ് രോഗബാധ കണ്ടെത്തിയത് (0.8 ശതമാനം). ഇന്ത്യയുടെ തോത് 6.6 ശതമാനമായിരുന്നു. എറണാകുളം ജില്ലയിൽ 418 പേരിൽ നാല് പേർക്കും തൃശ്ശൂർ ജില്ലയിൽ 433 പേരിൽ അഞ്ച് പേർക്കും പാലക്കാട് ജില്ലയിൽ 430 പേരെ പരിശോധിച്ചപ്പോൾ രണ്ട് പേർക്കുമാണ് രോഗബാധ കണ്ടെത്താനായത്. ഇത് യഥാക്രമം 0.9 ശതമാനം, 1.2 ശതമാനം, 0.5 ശതമാനം എന്ന തോതിലാണ് സീറോ പോസിറ്റിവിറ്റി കണ്ടെത്തിയത്. ഐ.സി.എം.ആർ.-ന്റെ മൂന്നാം ഘട്ട സർവ്വേ 2020 ഡിസംബർ 20 മുതൽ 30 വരെ ആയിരുന്നു. ആകെ 1246 പേരെ പരിശോധിച്ചപ്പോൾ 145 പേർക്ക് രോഗബാധ സ്ഥിരീകരിച്ചു. സീറോ പോസിറ്റിവിറ്റി 11.6 ശതമാനമായി ഉയർന്നിരുന്നു. എന്നാൽ ഇന്ത്യയിലെ സീറോ പോസിറ്റിവിറ്റി 21 ശതമാനമായിരുന്നു. എറണാകുളം ജില്ലയിൽ 420 പേരിൽ 54 പേർക്കും, തൃശ്ശൂർ ജില്ലയിൽ 418-ൽ 36 പേർക്കും പാലക്കാട് ജില്ലയിൽ 408-ൽ 55 പേർക്കും രോഗബാധ സ്ഥിരീകരിക്കുകയുണ്ടായി. സീറോ പോസിറ്റിവിറ്റി യഥാക്രമം 12.86 ശതമാനം, 8.61 ശതമാനം, 13.48 ശതമാനം എന്നിങ്ങനെയായിരുന്നു. ഐ.സി.എം.ആർ.ന്റെ മൂന്നാംഘട്ട സർവ്വേയിൽ കേരളത്തിന്റെ സീറോ പ്രിവൈലൻസ് ദേശീയ ശരാശരിയുടെ ഏകദേശം പകുതിയായിരുന്നുവെന്നത് കേരള സർക്കാർ തുടക്കം മുതൽ നടത്തിവരുന്ന ശാസ്ത്രീയവും, ചിട്ടയായതുമായ രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഫലമായിരുന്നുവെന്ന് ഐ.സി.എം.ആർ. തന്നെ സൂചിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിൽ യഥാർത്ഥത്തിൽ രോഗമുള്ള 30 പേരിൽ ഒരാളെ മാത്രമാണ് കണ്ടെത്താൻ സാധിച്ചിട്ടുള്ളതെന്നും എന്നാൽ കേരളത്തിൽ രോഗമുള്ള 6 പേരിൽ ഒരാളെ വീതം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ഐ.സി.എം.ആർ. വിലയിരുത്തിയിട്ടുണ്ട്.

കേരളത്തിന്റെ പ്രവർത്തന മികവിന് അന്താരാഷ്ട്ര തലത്തിൽ അംഗീകാരം ലഭിക്കുകയുണ്ടായി. ഐ.സി.എം.ആർ.-ന്റെ നാലാംഘട്ട സീറോ സർവ്വേ 2021 ജൂൺ 14 മുതൽ ജൂലൈ 6 വരെ ആയിരുന്നു. 21 സംസ്ഥാനങ്ങളിലെ 70 ജില്ലകളിൽനിന്നും 36227 പേരുടെ സാമ്പിളുകൾ പരിശോധിച്ചപ്പോൾ 67.6 ശതമാനം പേർക്ക് രോഗബാധ സ്ഥിരീകരിക്കുകയുണ്ടായി. കേരളത്തിലെ മൂന്ന് ജില്ലകളിൽനിന്നും ആകെ 1308 പേരുടെ സാമ്പിളുകൾ പരിശോധിച്ചപ്പോൾ 581 പേർക്ക് രോഗബാധ സ്ഥിരീകരിക്കുകയുണ്ടായി. സീറോ പോസിറ്റിവിറ്റി 44.4 ശതമാനം മാത്രമായിരുന്നു. ഇത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കുറവായിരുന്നുവെന്നതും ശ്രദ്ധേയമാണ്. കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്ടിൽ സീറോ പോസിറ്റിവിറ്റി 69.2 ശതമാനവും കർണ്ണാടകത്തിൽ 69.8 ശതമാനവുമായിരുന്നുവെന്നതും കേരളത്തിന്റെ പ്രവർത്തന മികവിനെയാണ് സൂചിപ്പിക്കുന്നത്. ഐ.സി.എം.ആർ.-ന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊണ്ട് കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മൂന്ന് ഘട്ടങ്ങളിലായി സീറോ സർവൈലൻസ് പഠനം പൂർത്തിയാക്കുകയുണ്ടായി. ഒന്നാംഘട്ട പഠനം 2020 മേയ് മാസത്തിലാണ് നടത്തിയത്. 14 ജില്ലകളിൽ നിന്നായി 9483 പേരുടെ സാമ്പിളുകൾ പരിശോധിച്ചതിൽ 13 പേർക്കാണ് രോഗബാധ സ്ഥിരീകരിച്ചത്. ആകെ സീറോ പ്രിവൈലൻസ് 0.13 ശതമാനമായിരുന്നു. ഇതിൽ ആരോഗ്യ പ്രവർത്തകരിൽ 0.5 ശതമാനമായിരുന്നു. രണ്ടാംഘട്ട സീറോ സർവ്വേ 2021 ഫെബ്രുവരി (ഫെബ്രുവരി 17 മുതൽ 28 വരെ) മാസത്തിലാണ് നടത്തിയത്. കേരളത്തിൽ ഒന്നാം ഘട്ടത്തിൽ (2020 വർഷത്തിൽ) നടത്തിയ കോവിഡ് പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ശരിയായ ദിശയിലായിരുന്നോയെന്നും അവ ഉദ്ദേശ്യലക്ഷ്യം കൈവരിച്ചോയെന്നും അറിയുകയായിരുന്നു ഈ സർവ്വേയുടെ ഉദ്ദേശ്യം. പ്രസ്തുത പഠനത്തിന്റെ ഒന്നാമത്തെ ലക്ഷ്യം കേരളത്തിലെ 18 വയസ്സും അതിന് മുകളിലും പ്രായമുള്ള ആളുകളിൽ എത്ര ശതമാനം പേർക്ക് രോഗബാധയുണ്ടായി എന്നറിയുകയായിരുന്നു. രണ്ടാമത്തെ ലക്ഷ്യം രോഗസാദ്ധ്യത കൂടിയ ആരോഗ്യ പ്രവർത്തകരിലും പോലീസ് മുതലായ മറ്റ് മുന്നണി പോരാളികളിലും എത്ര ശതമാനം പേർക്ക് രോഗാണുബാധയുണ്ടായി എന്നതാണ്. മൂന്നാമത്തെ ലക്ഷ്യം താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിലെ ലാബുകളിൽ സൂക്ഷിച്ചിട്ടുള്ള റെസിഡ്യൂവൽ സീറം സാമ്പിളുകളിലും രക്ത ബാങ്കുകളിൽ സൂക്ഷിച്ചിട്ടുള്ള സാമ്പിളുകളിലും എത്ര ശതമാനം സാമ്പിളുകളിൽ സീറോ പോസിറ്റിവിറ്റി ഉണ്ടെന്നറിയുകയായിരുന്നു. ആദ്യത്തെ ലക്ഷ്യം കൈവരിക്കുവാനായി 14 ജില്ലകളിൽനിന്നും 12982 പേരുടെ സാമ്പിളുകൾ പരിശോധിച്ചതിൽ 1397 പേർക്ക് രോഗബാധ സ്ഥിരീകരിക്കുകയുണ്ടായി. സീറോ പ്രിവൈലൻസ് 10.76 ശതമാനമായിരുന്നു. ആലപ്പുഴ ജില്ലയിലാണ് ഏറ്റവും കൂടുതൽ

സീറോ പ്രിവൈലൻസ് റിപ്പോർട്ട് ചെയ്തത് (15.04 ശതമാനം). ഏറ്റവും കുറവ് ഇടുക്കി ജില്ലയിലായിരുന്നു (5.96 ശതമാനം). ഇടുക്കി ജില്ലയിൽ ജനസാന്ദ്രത കുറവായതാണ് അടിസ്ഥാന കാരണമായി കണ്ടെത്തിയത്. പ്രായാടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ 70 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ സീറോ പോസിറ്റിവിറ്റി കുറവാണെന്ന് കാണാം. 41 മുതൽ 60 വയസ്സ് വരെയുള്ളവരിലാണ് ഏറ്റവും കൂടുതൽ പോസിറ്റിവിറ്റി കണ്ടത്. സ്ത്രീകളിലും പുരുഷൻമാരിലും ഒരേ രീതിയിൽ തന്നെയാണ് രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത് (10.8 ശതമാനവും 10.7 ശതമാനവും). ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരിൽ രോഗാണുബാധ കൂടുതലായി കണ്ടെത്തിയിട്ടുണ്ട് (11.6 ശതമാനം). എ.പി.എൽ. വിഭാഗത്തിന് 10.1 ശതമാനം ആയിരുന്നു. ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് താരതമ്യേന രോഗാണുബാധ കുറവുള്ളതായി കണ്ടെത്തുകയുണ്ടായി (9.5 ശതമാനം). കോർപ്പറേഷൻ പ്രദേശത്ത് 12.98 ശതമാനവും മുൻസിപ്പാലിറ്റിയിൽ 11.87 ശതമാനവുമാണ് പോസിറ്റിവിറ്റി നിരക്ക്. രണ്ടാമത്തെ ലക്ഷ്യം കൈവരിക്കുന്നതിനായി 1562 ആരോഗ്യ പ്രവർത്തകരുടെ സാമ്പിൾ പരിശോധിച്ചതിൽ 164 പേർക്ക് രോഗാണുബാധ സ്ഥിരീകരിക്കുകയുണ്ടായി (10.5 ശതമാനം). ഇത് സാധാരണ ആളുകളുടെ സീറോ പോസിറ്റിവിറ്റി നിരക്കിന് സമാനമാണ്. പോലീസുകാരിൽ 790 പേരെ പരിശോധിച്ചപ്പോൾ 121 പേർ പോസിറ്റീവ് ആവുകയും (15.3 ശതമാനം) തദ്ദേശഭരണ സ്ഥാപനതലത്തിലുള്ളവരെ പരിശോധിച്ചപ്പോൾ 833 പേരിൽ 73 പേർക്ക് രോഗബാധ സ്ഥിരീകരിക്കുകയുമുണ്ടായി (8.8 ശതമാനം). അങ്ങനെ രോഗസാദ്ധ്യത കൂടിയ മുന്നണിപോരാളികളിൽ സീറോ പ്രിവൈലൻസ് 12 ശതമാനമാണെന്ന് കണ്ടെത്തുകയുണ്ടായി. മൂന്നാമത്തെ ലക്ഷ്യം കൈവരിക്കുന്നതിനായി രക്തബാങ്കിൽനിന്നുള്ള 1919 സാമ്പിളുകൾ പരിശോധിച്ചപ്പോൾ 212 എണ്ണം പോസിറ്റീവാണെന്ന് കണ്ടെത്തി (11 ശതമാനം). താലൂക്ക് ആശുപത്രി ലാബുകളിലെ 2853 സാമ്പിളുകൾ പരിശോധിച്ചതിൽ 347 എണ്ണം പോസിറ്റീവ് ആണെന്ന് കണ്ടെത്തി (12.2 ശതമാനം). ആകെ 4772 സിറം സാമ്പിളുകൾ പരിശോധിച്ചതിൽ 559 എണ്ണം പോസിറ്റീവ് ആണെന്ന് കണ്ടെത്തുകയുണ്ടായി. (സീറോ പ്രിവൈലൻസ് 11.7 ശതമാനമായിരുന്നു). രണ്ടാംഘട്ട സീറോ സർവ്വേ പഠനം സൂചിപ്പിക്കുന്നത് കേരളത്തിൽ യഥാർത്ഥ രോഗാണുബാധയുള്ള നാല് പേരിൽ ഒരാളെ ലബോറട്ടറി പരിശോധനയിലൂടെ കണ്ടെത്താൻ സാധിച്ചിട്ടുണ്ടെന്നാണ്. ദേശീയ തലത്തിൽ 30 പേരിൽ ഒരാളെ മാത്രമാണ് കണ്ടെത്തുന്നത് എന്ന് ഐ.സി.എം.ആർ. പഠനം സൂചിപ്പിക്കുന്നു. ഇത് കേരളത്തിലെ ലബോറട്ടറി പരിശോധനാ സംവിധാനങ്ങളുടെയും രോഗനിരീക്ഷണ/നിയന്ത്രണ സംവിധാനങ്ങളുടേയും മികവിനെയാണ് സൂചിപ്പിക്കുന്നത്. മൂന്നാംഘട്ട സീറോ സർവ്വേ പഠനം 2021 സെപ്റ്റംബർ മാസത്തിൽ നടത്തിയിട്ടുണ്ട്. പ്രധാനമായും ആറ് ലക്ഷ്യങ്ങളാണുള്ളത്.

1. 18-ഉം അതിന് മുകളിൽ പ്രായമുള്ള എല്ലാവരിലും രോഗാണുബാധ എത്രത്തോളമാണെന്ന് കണ്ടെത്തുക.
2. ആശുപത്രികളിലെത്തുന്ന 18-നും 49-നും മദ്ധ്യേ പ്രായമുള്ള ഗർഭിണികളിൽ കോവിഡ്-19 രോഗാണുബാധ കണ്ടെത്തുക.
3. 5 വയസ്സ് മുതൽ 17 വയസ്സ് വരെയുള്ള കുട്ടികളിൽ കോവിഡ് രോഗബാധ കണ്ടെത്തുക.
4. ആദിവാസി മേഖലയിലെ മുതിർന്നവരിൽ (18 വയസ്സിന് മുകളിൽ) കോവിഡ് രോഗബാധിതരെ കണ്ടെത്തുക.
5. തീരദേശമേഖലയിലുള്ള മുതിർന്നയാളുകളിൽ എത്ര ശതമാനം പേർക്ക് രോഗബാധയുണ്ടെന്നറിയുക.
6. നഗര ചേരി പ്രദേശങ്ങളിൽ വസിക്കുന്ന മുതിർന്നവരിൽ എത്ര ശതമാനം പേർക്ക് രോഗബാധയുണ്ടെന്നറിയുക.

ഈ പഠനത്തോടനുബന്ധിച്ച് മറ്റ് മൂന്ന് ലക്ഷ്യങ്ങൾ കൂടിയുണ്ട്.

(I) പഠനവിധേയമാക്കിയവരിൽ രോഗവ്യാപനത്തിന് കാരണമായ ഘടകങ്ങൾ കണ്ടെത്തുക.

(ii) വാക്സിനേഷൻ എടുത്തവരിലെ രോഗസാദ്ധ്യത കണ്ടെത്തുക

(iii) രോഗബാധിതരിൽ എത്രപേരെ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടെന്നും രോഗബാധിതരിൽ എത്ര പേർക്ക് മരണം സംഭവിച്ചുവെന്നും കണ്ടെത്തുക.

IgG SARS CoV-2 S1 RBD ആന്റിബോഡി (ആന്റി സ്പൈക്ക് ആന്റിബോഡി), IgG SARS CoV-2 ന്യൂക്ലിയോകാപ്സിഡ് ആന്റിബോഡി (ആന്റി ന്യൂക്ലിയോകാപ്സിഡ് ആന്റിബോഡി) എന്നിവയുടെ അടിസ്ഥാനത്തിലാണ് സീറോ പ്രിവൈലൻസ് കണക്കാക്കുന്നത്. കോവിഡ്-19 വൈറസ് (SARS CoV-2) അല്ലെങ്കിൽ ലഭ്യമായ ഏതെങ്കിലും കോവിഡ് പ്രതിരോധ കുത്തിവയ്പ്പുകൾ കാരണം സ്വാഭാവിക അണുബാധയുണ്ടാകുമ്പോൾ ഒരു വ്യക്തിയിൽ ആന്റി-സ്പൈക്ക് ആന്റിബോഡികൾ ഉത്പാദിപ്പിക്കപ്പെടുന്നു. സ്വാഭാവിക അണുബാധയുണ്ടാകുമ്പോഴോ കോവിഷീൽഡ് വാക്സിൻ ഒഴികെയുള്ള കോവിഡ് പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുമ്പോഴോ ആന്റി-ന്യൂക്ലിയോകാപ്സിഡ് ആന്റിബോഡികൾ ഒരു വ്യക്തിയിൽ ഉത്പാദിപ്പിക്കപ്പെടുന്നു. മേൽ പരാമർശിച്ച രണ്ടുതരം ആന്റിബോഡികളിൽ ഏതെങ്കിലും ഒന്നിന്റെ സാന്നിദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെടുന്ന ഒരു വ്യക്തിയുടെ പോസിറ്റിവിറ്റിയുടെ

അടിസ്ഥാനത്തിലാണ് സീറോ പ്രിവൈലൻസ് നിർണ്ണയിക്കുന്നത്. ഇത് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ഐ.സി.എം.ആർ.) നടത്തിയ നാലാംഘട്ട സർവ്വേയ്ക്ക് സമാനമാണ്. IgG SARS CoV-2 S1 RBD ആന്റിബോഡിക്കായി 6 വിഭാഗങ്ങളിലുമായി 13198 സാമ്പിളുകൾ വിശകലനം ചെയ്തു. IgG SARS CoV-2 ന്യൂക്ലിയോകാപ്സിഡ് ആന്റിബോഡിയുടെ സാന്നിദ്ധ്യത്തിനായി 13339 സാമ്പിളുകൾ പരിശോധിക്കുകയും വിശകലനം ചെയ്യുകയും ചെയ്തു. രണ്ട് തരത്തിലുള്ള പരിശോധനാ ഫലങ്ങളുടെയും ലഭ്യതയെ അടിസ്ഥാനമാക്കി സീറോ പ്രിവൈലൻസ് കണക്കാക്കുന്നതിനായി 12865 എണ്ണം സാമ്പിളുകൾ വിശകലനം ചെയ്തു. ആന്റി-സ്പൈക്ക് അല്ലെങ്കിൽ ആന്റി-ന്യൂക്ലിയോകാപ്സിഡ് IgG ആന്റിബോഡിയുടെ പോസിറ്റിവിറ്റി അനുസരിച്ചുള്ള സീറോ പ്രിവലൻസ് അനുബന്ധമായി ചേർക്കുന്നു.* 18 വയസ്സിനും അതിനുമുകളിലും പ്രായമുള്ള വിഭാഗത്തിൽ പരിശോധിക്കുകയും വിശകലനം ചെയ്യുകയും ചെയ്ത 4429 സാമ്പിളുകളിൽ 3659 എണ്ണം പോസിറ്റീവ് ആണ്. ഈ വിഭാഗത്തിലെ സീറോ പ്രിവൈലൻസ് 82.6 ശതമാനമാണ്. 18 വയസ്സിനും അതിനുമുകളിലും പ്രായമുള്ള വിഭാഗത്തിൽ ആന്റിബോഡിയുടെ അളവ് ഉയർന്നതാണെന്ന് ഇത് സൂചിപ്പിക്കുന്നു. ഇത് സ്വാഭാവിക അണുബാധയിലൂടെയോ കോവിഡ് പ്രതിരോധ കുത്തിവയ്പ്പിലൂടെയോ സംഭവിച്ചേക്കാം. കേരളത്തിലെ ഉയർന്ന തോതിലുള്ള കോവിഡ് വാക്സിനേഷൻ കവറേജ് കണക്കിലെടുക്കുമ്പോൾ, സംസ്ഥാനത്ത് കോവിഡ് വാക്സിനേഷന്റെ ഗണ്യമായ സംഭാവന ഈ നിലയിലുള്ള ആന്റിബോഡി വ്യാപനത്തിന് കാരണമായേക്കാം. 18-49 വയസ് പ്രായമുള്ള ഗർഭിണികളുടെ വിഭാഗത്തിൽ വിശകലനം ചെയ്ത 2274 സാമ്പിളുകളിൽ 1487 എണ്ണം പോസിറ്റീവ് ആയിരുന്നു. ഈ വിഭാഗത്തിലെ സീറോ പ്രിവൈലൻസ് 65.4 ശതമാനമാണ്. ഗർഭാവസ്ഥയിലുള്ള സ്ത്രീകളിലെ സീറോ പ്രിവൈലൻസ് താരതമ്യേന കുറവാണ്. ഗർഭകാലത്ത് സ്ത്രീകൾ സ്വീകരിച്ചേയ്ക്കാവുന്ന കൂടുതൽ സംരക്ഷിത കോവിഡ് ഉചിതമായ പെരുമാറ്റം, ഗർഭിണികളുടെ കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് വൈകുന്നത് മുതലായവയാണ് ഇതിനുള്ള കാരണങ്ങൾ. 5-17 വയസ് പ്രായമുള്ള കുട്ടികളുടെ വിഭാഗത്തിൽ പരിശോധിക്കുകയും വിശകലനം ചെയ്യുകയും ചെയ്ത 1459 സാമ്പിളുകളിൽ 586 എണ്ണം പോസിറ്റീവ് ആണ്. ഈ വിഭാഗത്തിലെ സീറോ പ്രിവൈലൻസ് 40.2 ശതമാനമാണ്. ഇത് 18 വയസ്സിനും അതിനുമുകളിലും പ്രായമുള്ള വിഭാഗത്തെക്കാളും ഗർഭാവസ്ഥയിലുള്ള സ്ത്രീകളുടെ വിഭാഗത്തെക്കാളും വളരെ കുറവാണ്. ഇന്ത്യയിൽ കുട്ടികളിൽ കോവിഡ് വാക്സിൻ ഉപയോഗിക്കുന്നത് അംഗീകരിച്ചിട്ടില്ല. കൂടാതെ ഈ വിഭാഗത്തിൽ കോവിഡുമായി ബന്ധപ്പെട്ട ഘടകങ്ങളിലേയ്ക്കുള്ള എക്സ്പോഷർ കുറവാണ്. ഇത് കുട്ടികളിൽ കുറഞ്ഞ സീറോപ്രിവൈലൻസിന് കാരണമാകുന്നു. 18 വയസ്സിനും അതിനുമുകളിലും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രായമുള്ള ആദിവാസി ജനസംഖ്യാ വിഭാഗത്തിൽ പരിശോധിക്കുകയും വിശകലനം ചെയ്യുകയും ചെയ്ത 1521 സാമ്പിളുകളിൽ 1189 എണ്ണം പോസിറ്റീവ് ആയിരുന്നു. ഈ വിഭാഗത്തിലെ സീറോ പ്രിവൈലൻസ് 78.2 ശതമാനമാണ്. ആദിവാസി ജനസംഖ്യയുടെ സീറോ പ്രിവൈലൻസ് 18 വയസ്സിനും അതിനുമുകളിലും പ്രായമുള്ളവരുടെ സീറോ പ്രിവൈലൻസിനേക്കാൾ അല്പം കുറവാണ്. ആദിവാസി ജനതയ്ക്ക് അവരുടെ ആവാസവ്യവസ്ഥയിലെ ഗ്രാമീണ സ്വഭാവവും ജനസാന്ദ്രതയും കണക്കിലെടുക്കുമ്പോൾ വൈറസ് ബാധിക്കാനുള്ള സാദ്ധ്യത കുറവാണ്. പ്രതിരോധ കുത്തിവയ്പ്പിന് ഈ വിഭാഗത്തിലെ സീറോ പ്രിവൈലൻസ് വർദ്ധിപ്പിക്കാൻ കഴിയും. 18 വയസ്സിനും അതിനുമുകളിലും പ്രായമുള്ള തീരദേശ വിഭാഗത്തിൽ പരിശോധിക്കുകയും വിശകലനം ചെയ്യുകയും ചെയ്ത 1476 സാമ്പിളുകളിൽ 1294 എണ്ണം പോസിറ്റീവ് ആയിരുന്നു. ഈ വിഭാഗത്തിലെ സീറോ പ്രിവൈലൻസ് 87.7 ശതമാനമാണ്. 18 വയസ്സിനും അതിനുമുകളിലും പ്രായമുള്ളവരുടെ വിഭാഗത്തിലെ സീറോ പ്രിവൈലൻസുമായി താരതമ്യപ്പെടുത്തുമ്പോൾ തീരദേശ വിഭാഗങ്ങളുടെ സീറോ പ്രിവൈലൻസ് കൂടുതലാണ്. പകർച്ചവ്യാധിയുടെ സമയത്ത് ഈ പ്രദേശങ്ങളിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന കൂടുതൽ ക്ലസ്റ്ററുകളുമായും കേസുകളുമായും ഇത് ബന്ധപ്പെട്ടിരിക്കുന്നു. 18 വയസ്സിനും അതിനുമുകളിലും പ്രായമുള്ള നഗര ചേരികളിൽ താമസിക്കുന്നവരിൽ പരിശോധിക്കുകയും വിശകലനം ചെയ്യുകയും ചെയ്ത 1706 സാമ്പിളുകളിൽ 1455 എണ്ണം പോസിറ്റീവ് ആണ്. ഈ വിഭാഗത്തിലെ സീറോ പ്രിവൈലൻസ് 85.3 ശതമാനമാണ്. ഈ വിഭാഗത്തിലെ സീറോപ്രിവൈലൻസും 18 വയസ്സിനും അതിനുമുകളിലും പ്രായമുള്ളവരുടെ വിഭാഗത്തിലെ സീറോ പ്രിവൈലൻസുമായി താരതമ്യപ്പെടുത്തുമ്പോൾ കൂടുതലാണ്. ഇത്തരം പ്രദേശങ്ങളിലെ ഉയർന്ന ജനസാന്ദ്രതയാണ് ഉയർന്ന തലത്തിലുള്ള വ്യാപനത്തിന് കാരണമാകുന്നത്. പ്രധാന കണ്ടെത്തലുകൾ രണ്ടാംഘട്ട സീറോ പ്രിവൈലൻസ് 10.8 ശതമാനമായിരുന്നു. ഇത് മറ്റ് രാജ്യങ്ങളുമായും ഇന്ത്യയുമായും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണെന്ന് കാണാം. കേരളത്തിലെ 89 ശതമാനത്തോളം ആളുകളെ കോവിഡ് മഹാമാരിയിൽനിന്നും രക്ഷിച്ച് നിർത്താനായി എന്നത് വളരെ പ്രധാനമാണ്. എന്നാൽ ഇവർക്ക് ഭാവിയിൽ രോഗസാദ്ധ്യത കൂടുതലാണെന്നും ഇത് സൂചിപ്പിക്കുന്നു. 70 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ രോഗാണുബാധ കുറവായിരുന്നുവെന്നത് സൂചിപ്പിക്കുന്നത് റിവേഴ്സ് ക്വാറന്റൈൻ ഫലപ്രദമായിരുന്നുവെന്നതാണ്. രോഗസാദ്ധ്യത കൂടിയ ആരോഗ്യ പ്രവർത്തകരിൽ രോഗാണുബാധ സമൂഹത്തിലെ മറ്റുള്ളവരുടേതിന് സമാനമായിരുന്നുവെന്നത് സൂചിപ്പിക്കുന്നത് ആരോഗ്യ സ്ഥാപനങ്ങളിലെ അണുബാധ നിയന്ത്രണ പ്രവർത്തനങ്ങളും പരിശീലന പ്രവർത്തനങ്ങളും ഫലപ്രദമായിരുന്നുവെന്നതാണ്. മുന്നണി പോരാളികളായ പോലീസുകാർക്കിടയിൽ

രോഗബാധ കൂടുതൽ റിപ്പോർട്ട് ചെയ്യതിനാൽ അത്തരക്കാർ കൂടുതൽ ജാഗ്രത പാലിക്കേണ്ടതുണ്ട്. ലാബുകളിൽനിന്നും ശേഖരിച്ച സാമ്പിളുകളുടെ പരിശോധനാഫലം സൂചിപ്പിക്കുന്നത് സമൂഹത്തിലെ രോഗബാധ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന് സമാനമാണ് എന്നതാണ്. കേരളത്തിൽ യഥാർത്ഥ രോഗാണുബാധയുള്ള നാല് പേരിൽ ഒരാളെ പരിശോധനയിലൂടെ യഥാസമയം കണ്ടെത്തി ചികിത്സിക്കാൻ സാധിക്കുന്നുവെന്നത് മരണമുൾപ്പെടെയുള്ള സങ്കീർണ്ണതകൾ കുറയ്ക്കുവാൻ സഹായകമാണെന്നാണ്. ഐ.സി.എം.ആർ. സീറോസർവൈലൻസ് പഠനവുമായി താരതമ്യപ്പെടുത്തുമ്പോൾ എല്ലാ ജില്ലകളെയും വ്യത്യസ്ത വിഭാഗങ്ങളെയും ഉൾപ്പെടുത്തി സംസ്ഥാനം നടത്തുന്ന സീറോസർവൈലൻസ് പഠനത്തിന് കൂടുതൽ ആഴവും വ്യാപ്തിയും ഉണ്ടെന്ന് മുകളിലുള്ള വിശദാംശങ്ങളിൽനിന്ന് വ്യക്തമാണ്. സ്ഥിതിവിവരക്കണക്കുകൾ വിശകലനം ചെയ്ത് അത്തരമൊരു വിശദമായ പഠനം നടത്താൻ, പഠനത്തിനായി രൂപീകരിച്ച മൾട്ടി ഡിസിപ്ലിനറി കമ്മിറ്റിക്ക് കൂടുതൽ സമയം ആവശ്യമാണ്. അവരുടെ റിപ്പോർട്ടിന്റെകൂടെ അടിസ്ഥാനത്തിൽ സീറോസർവൈലൻസുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് പ്രസിദ്ധീകരിക്കും. മുൻപഠനങ്ങളിൽ ചെയ്തതുപോലെ പഠന റിപ്പോർട്ട് പൊതുസഞ്ചയത്തിൽ പ്രസിദ്ധീകരിക്കും.

(ഡി) പ്രസ്തുത സർവ്വേയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

കേരളത്തിൽ ആരോഗ്യ വകുപ്പ് രണ്ടാമത് നടത്തിയ സർവ്വേയിൽ 11 ശതമാനം ആളുകൾക്കാണ് കോവിഡ് രോഗബാധ കണ്ടെത്തിയിട്ടുള്ളത്. അതിനാൽ ജനസംഖ്യയുടെ 89 ശതമാനം ആളുകളെയും കോവിഡ് വരാതെ സംരക്ഷിച്ചുനിർത്തുവാനായി. ഇത് കേരള സർക്കാർ തുടക്കം മുതൽ തുടർന്നുവരുന്ന ശാസ്ത്രീയവും ചിട്ടയായതുമായ രോഗപ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചതുമൂലമാണ്. കൂടാതെ നിലവിലെ സാഹചര്യം പൂർണ്ണമായി ഉൾക്കൊണ്ട് കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ ജനങ്ങൾ കാണിച്ച ശ്രദ്ധയും സർക്കാരിന്റെ നിർദ്ദേശങ്ങളോടുള്ള ജനങ്ങളുടെ സഹകരണവും സഹായകരമായി. അതുകൊണ്ടുതന്നെ 89 ശതമാനം ആളുകൾക്കും രോഗസാദ്ധ്യത നിലനിൽക്കുന്നതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ രോഗനിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയുണ്ടായി. രോഗബാധിതരെ എത്രയും നേരത്തെ കണ്ടെത്തുവാനായി സ്വകാര്യ ലാബുകൾ ഉൾപ്പെടെ 3020-ഓളം ലാബുകൾ സജ്ജമാക്കുകയുണ്ടായി. പ്രസ്തുത ലാബുകളിലൂടെ ആർ.റ്റി.പി.സി.ആർ./ ആന്റിജൻ/മറ്റ് മോളിക്യുലാർ പരിശോധനകൾ ഉൾപ്പെടെ നടത്തിയിരുന്നു. ലബോറട്ടറി ടെസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിൽ ടെസ്റ്റിംഗ്

കാമ്പയിനുകളും ആരംഭിക്കുകയുണ്ടായി. ഒരു ദിവസം രണ്ടര ലക്ഷത്തോളം ടെസ്റ്റുകൾ ഇതിന്റെ ഭാഗമായി നടത്തുകയുണ്ടായി. തുടർന്ന് ദിവസവും 1.56 ലക്ഷത്തോളം ടെസ്റ്റുകൾ നടപ്പിലാക്കുകയും ചെയ്തിരുന്നു. കോവിഡ് രോഗികളെ ചികിത്സിക്കുന്നതിനായി കോവിഡ് ആശുപത്രികളും സി.എഫ്.എൽ.റ്റി.സി., സി.എസ്.എൽ.റ്റി.സി., ഡി.സി.സി. മുതലായവയും കൂടുതൽ പ്രവർത്തനക്ഷമമാക്കുകയും അതിന് ആവശ്യമായ മാനവശേഷിയും മറ്റ് സാധനസാമഗ്രികളും സജ്ജമാക്കുകയും ചെയ്തു. ഐ.സി.യു., വെന്റിലേറ്റർ, ഓക്സിജൻ ലഭ്യത എന്നിവ ഉറപ്പാക്കുകയും അതുവഴി കോവിഡ്മൂലമുള്ള സങ്കീർണ്ണതകളും മരണവും കുറയ്ക്കുവാനും സാധിച്ചു. കുട്ടികൾക്ക് വാക്സിൻ നൽകിയിട്ടില്ലാത്തതിനാൽ കുട്ടികളിൽ കൂടുതൽ രോഗബാധയുണ്ടാകാം എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ ചികിത്സിക്കാനുള്ള സജ്ജീകരണങ്ങളും നടപ്പിലാക്കുകയുണ്ടായി. രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി രോഗിയുമായി നേരിട്ട് സമ്പർക്കത്തിൽ ഏർപ്പെട്ടിട്ടുള്ള എല്ലാവരെയും കണ്ടുപിടിച്ച് പോലീസിന്റെയും വാർഡുതല ആർ.ആർ.റ്റി. (റാപ്പിഡ് റെസ്പോൺസ് ടീം) അംഗങ്ങളുടെയും സഹായത്തോടുകൂടി ക്വാറന്റൈൻ ശക്തമാക്കുകയും രോഗനിരീക്ഷണവും രോഗലക്ഷണമുള്ളവരിൽ ലബോറട്ടറി പരിശോധനയും കാര്യക്ഷമമാക്കുകയുണ്ടായി. ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റിന്റെ അടിസ്ഥാനത്തിൽ കണ്ടെയിൻമെന്റ് സോണുകൾ പ്രഖ്യാപിക്കുകയും രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തമാക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ബ്രേക്ക് ദി ചെയിൻ, എസ്.എം.എസ്., Be the Warrior (ബി ദ വാരിയർ) മുതലായ ക്യാമ്പയിനുകളും സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള ദൃശ്യശ്രാവ്യ മാധ്യമങ്ങൾ വഴി നടപ്പിലാക്കിവരുന്നു. 2021 ജനവരി 16 മുതൽ 18 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവർക്കും ഘട്ടം ഘട്ടമായി കോവിഡ് വാക്സിൻ നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും തുടരുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം കോവിഡ് 19 മഹാമാരിയെ പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനുമുള്ള ഊർജ്ജിത നടപടി ആരോഗ്യ വകുപ്പ് ഇതര വകുപ്പുകളുടെ സഹായത്തോടെ പൂർവ്വാധികം ശക്തമായിതന്നെ തുടർന്നുവരുന്നുണ്ട്. വാക്സിൻ വിതരണം ചെയ്യുന്നതിൽ കേരളം ദേശീയ ശരാശരിയെക്കാൾ മുന്നിലാണ്. ഇനിയും ഒന്നാം ഡോസ് വാക്സിൻ എടുക്കാൻ അവശേഷിക്കുന്നവർക്ക് ആയത് എത്രയുംവേഗം നൽകുന്നതിനും രണ്ടാം ഡോസ് വാക്സിൻ എടുക്കാനുള്ളവർക്ക് കാലാവധി പൂർത്തിയാകുന്നമുറയ്ക്ക് നൽകുന്നതിനുമുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ സംസ്ഥാനം നടത്തിവരുന്നു. 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ വാക്സിനേഷൻ സംബന്ധിച്ച് കേന്ദ്ര നിർദ്ദേശം വരുന്നമുറയ്ക്ക് ആയത് സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്.

## വിശപ്പുരഹിത കേരളം പദ്ധതി

9(*159) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിശപ്പുരഹിത കേരളം പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2017-ൽ ആലപ്പുഴ ജില്ലയിൽ വിശപ്പുരഹിത കേരളം പദ്ധതി ആരംഭിച്ചു. ആദ്യ ഘട്ടത്തിൽ ആലപ്പുഴ നഗരസഭ പരിധിയിലെ 130 കിടപ്പുരോഗികൾക്ക് അവരുടെ വീടുകളിൽ സൗജന്യമായി ഭക്ഷണം എത്തിച്ചിരുന്നു. രണ്ടാം ഘട്ടത്തിൽ കുറഞ്ഞ വിലയ്ക്ക് ഭക്ഷണം വിതരണം ചെയ്യുന്ന സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുകയും ചെയ്തു. ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ടി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിസ്റ്റ് ആശാവർക്കർമാർ സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെ തയ്യാറാക്കി ഉച്ചഭക്ഷണം വീടുകളിൽ എത്തിച്ചുനൽകുകയാണ് നിലവിലെ രീതി. കിടപ്പുരോഗികൾ, അശരണർ, വാസസ്ഥലത്ത് ഭക്ഷണം ലഭ്യമാക്കേണ്ടവർ, ഇങ്ങനെയുള്ള വിഭാഗങ്ങൾക്ക് ടി പദ്ധതി വളരെയേറെ പ്രയോജനം ചെയ്യുന്നു. കൂടാതെ സുഭിക്ഷ ഹോട്ടലുകളിൽ ഉച്ചഭക്ഷണം 20 രൂപയ്ക്ക് പൊതുജനങ്ങൾക്ക് നൽകുന്നത് സാധാരണക്കാർക്ക് വളരെയധികം പ്രയോജനപ്രദമാണ്. നിലവിൽ സംസ്ഥാനത്ത് 6 സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിക്കുന്നു [ആലപ്പുഴ-ചേർത്തല, ആലപ്പുഴ, തൃശ്ശൂർ-പെരിഞ്ഞനം, കുന്നംകുളം, കോട്ടയം- നാഗമ്പടം, തിരുവനന്തപുരം-പാളയം].

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായ സുഭിക്ഷ ഹോട്ടലുകൾ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ആരംഭിച്ചിട്ടുണ്ടോ; ഇത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

സുഭിക്ഷ ഹോട്ടലുകൾ സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവ്, നെടുമങ്ങാട്, ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി, ചെങ്ങന്നൂർ, കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ, മീനച്ചൽ, പാലക്കാട് ജില്ലയിൽ ആലത്തൂർ, തൃശ്ശൂർ ജില്ലയിൽ ചാലക്കുടി, തൃശ്ശൂർ കോർപ്പറേഷൻ, മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്ക് എന്നിവിടങ്ങളിൽ ടി പദ്ധതി നടപ്പിലാക്കാനുള്ള പ്രൊപ്പോസലുകൾ

ലഭിച്ചിട്ടുണ്ട്; അവ പരിശോധിച്ചുവരുന്നു. മറ്റ് നിയോജകമണ്ഡലങ്ങളിലും ടി പദ്ധതി ഉടൻ ആരംഭിക്കുന്നതിന് ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**എയർ ആംബുലൻസ്**

10 (*160) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ അവയവമാറ്റ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള അടിയന്തര ഘട്ടങ്ങളിൽ അവയവങ്ങളും ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും വേഗത്തിൽ ആശുപത്രികളിൽ എത്തിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാഹചര്യങ്ങളിൽ റോഡ് മാർഗ്ഗം യാത്രയ്ക്ക് എടുക്കുന്ന സമയ ദൈർഘ്യം ഒഴിവാക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ എയർ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഈ വിഷയത്തിൽ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ & ബി) അവയവമാറ്റ ശസ്ത്രക്രിയയിൽ അടിയന്തരമായി അവയവങ്ങളും ഡോക്ടർമാരെയും ജീവനക്കാരെയും എത്തിക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാകുന്നത് മസ്തിഷ്ക മരണാനന്തര അവയവദാനം നടക്കുമ്പോഴാണ്. അടിയന്തരമായി എത്തിക്കേണ്ട സാഹചര്യത്തിൽ കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് 7 തവണ വായുമാർഗ്ഗം ഉപയോഗിച്ചിട്ടുണ്ട്. റോഡ് മാർഗ്ഗം അവയവങ്ങൾ എത്തിക്കേണ്ടി വരുമ്പോൾ ആഭ്യന്തര വകുപ്പിന്റെ സഹായത്തോടെ ഗ്രീൻ കോറിഡോർ ചാനൽ സംവിധാനം ഒരുക്കിയാണ് സമയബന്ധിതമായി ശസ്ത്രക്രിയ നടത്തേണ്ട ആശുപത്രികളിൽ എത്തിക്കുന്നത്. കൂടാതെ മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ അവയവങ്ങൾ പൂർണ്ണമായും സമയബന്ധിതമായും ഉപയോഗപ്പെടുത്തുന്നതിനായി 14-01-2015-ലെ G.O.(Rt)No.134/2015/ H&FWD പ്രകാരം കേരളത്തെ മൂന്ന് സോണുകളായി തരം തിരിച്ചിട്ടുണ്ട്. ഇതിൻപ്രകാരമാണ് കേരളത്തിൽ മസ്തിഷ്ക മരണാനന്തര അവയവദാതാവിൽനിന്നുള്ള അവയവങ്ങളുടെ വിന്യാസം നടത്തുന്നത്. വളരെ വിരളമായ സാഹചര്യത്തിൽ (5 വർഷത്തിനുള്ളിൽ 7 തവണ) മാത്രമാണ് അവയവങ്ങൾ വായുമാർഗ്ഗം കൊണ്ടുപോകേണ്ടി വന്നിട്ടുള്ളത്. ആയതിനാൽ അവയവദാന മേഖലയിലേയ്ക്ക് സ്ഥിരമായി ഒരു എയർ ആംബുലൻസ് സംവിധാനം നിലവിൽ ആവശ്യമാണെന്ന് കരുതുന്നില്ല.

## പ്രാദേശിക ഭരണ സംവിധാനത്തിന്റെ ശാക്തീകരണം

11 (*161) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണത്തെയും പ്രാദേശിക സർക്കാരുകളെയും ശക്തിപ്പെടുത്തി പതിനാലാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കഴിഞ്ഞ 25 വർഷത്തെ ജനകീയാസൂത്രണ പരിപാടിയുടെ അനുഭവസമ്പത്തിനെ അടിസ്ഥാനമാക്കിയാണ് പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് പ്ലാനിംഗ് ബോർഡ് 6 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. അവയിലൂടെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ, വികസന ഇടപെടലുകൾ, സേവന പ്രദാന പ്രവർത്തനം, കാർഷിക മേഖല, നഗരവത്കരണം, ഭവനം തുടങ്ങിയ മേഖലകളിൽ പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിനുള്ള പരിപ്രേക്ഷ്യവും നിർദ്ദേശങ്ങളും തയ്യാറാകുന്നു. മുൻവർഷങ്ങളിലെ അനുഭവങ്ങൾ വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ നേട്ടങ്ങൾ കൂടുതൽ ബലപ്പെടുത്തിയും പോരായ്മകൾ പരിഹരിച്ചും മുന്നോട്ടുപോകുക എന്ന സമീപനമായിരിക്കും പതിനാലാം പഞ്ചവൽസര പദ്ധതിയിൽ സ്വീകരിക്കുക. പുതിയ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. വികേന്ദ്രീകൃതാസൂത്രണത്തെ ബലപ്പെടുത്തുന്നതിന് ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്തും. പതിനാലാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി മുൻവർഷങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി അവസ്ഥാരേഖ തയ്യാറാക്കുന്നതിനും വികസനരേഖ പരിഷ്കരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളും തയ്യാറായിവരുന്നു.

(ബി) നവകേരള സൃഷ്ടിക്കായുള്ള നയവും സമീപനവും ജനകീയാസൂത്രണ പ്രക്രിയയിൽ അധിഷ്ഠിതമായി നിർവ്വഹിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തൊഴിലും വരുമാനവും ഉറപ്പാക്കൽ, ജനകീയതയും സുതാര്യതയും ഉറപ്പാക്കിക്കൊണ്ട് മികച്ച ഭരണ നിർവ്വഹണ രീതികൾ ഉറപ്പാക്കൽ, ഇ-

ഗവേണൻസ് വ്യാപിപ്പിക്കൽ, നീർത്തടാധിഷ്ഠിത ആസൂത്രണം ഉറപ്പാക്കൽ, ശുചിത്വ കേരളത്തിനായുള്ള പദ്ധതികൾ ഉറപ്പാക്കൽ എന്നിവയിലൂടെ ജനകീയാസൂത്രണ പ്രക്രിയ ശക്തിപ്പെടുത്തിക്കൊണ്ടും സമ്പൂർണ്ണ പാർപ്പിടം, ജനസൗഹൃദ ആരോഗ്യപരിപാലനം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ജൈവ കൃഷി രീതികൾ എന്നീ മേഖലകൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടും നവകേരള കർമ്മ പദ്ധതി പ്രവർത്തനങ്ങൾ തുടരുകയാണ്. ഉത്പാദന വർദ്ധനവിൽ അധിഷ്ഠിതമായ സാമ്പത്തിക വളർച്ച കൈവരിക്കുക, സാമൂഹ്യ നീതിയുടെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുക, ഈ മേഖലകളിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. നഗരവത്കരണം ഉയർത്തുന്ന വെല്ലുവിളികൾ നേരിടുന്നതിന് പ്രാദേശിക സർക്കാരുകളെ പ്രാപ്തരാക്കും. തദ്ദേശഭരണ സ്ഥാപനങ്ങളെ കാലാവസ്ഥാ വ്യതിയാനങ്ങളോട് അനുബന്ധിച്ചുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുന്നതിനും പ്രതിരോധിക്കുന്നതിനും കൂടുതൽ ശേഷി നൽകുന്നതിന് സഹായിക്കുന്നതാണ് Rebuild Kerala Initiative-മായി ബന്ധപ്പെടുത്തി ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതി; പ്രായാധിക്യം, ഗുരുതരരോഗം, അതിദാരിദ്ര്യം തുടങ്ങി പലവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവരുടേയും സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങളുടെയും അടുത്തേയ്ക്ക് സേവനങ്ങൾ എത്തിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വാതിൽപ്പടി സേവനം പദ്ധതി എന്നിവ ആരംഭിച്ചു. വ്യവസായങ്ങളും സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും വ്യാവസായിക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും (ഈസ് ഓഫ് ഡൂയിങ് ബിസിനസ്) നടപടി സ്വീകരിച്ചു. അതിദാരിദ്ര്യം ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ അതിദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തുന്നതിനായി നടപടികൾ തുടങ്ങി. പ്രാദേശിക സാമ്പത്തിക വികസനത്തിൽ ഊന്നിക്കൊണ്ടും കോവിഡ് മഹാമാരി സൃഷ്ടിച്ച പുത്തൻ വെല്ലുവിളികൾ പരിഗണിച്ചുകൊണ്ടും ജനസംഖ്യയിലെ ഓരോ ആയിരം പേർക്കും അഞ്ചുവീതം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന പ്രധാനപ്പെട്ട ദൗത്യം പ്രാദേശിക സർക്കാരുകൾ മുഖേന ഏറ്റെടുക്കുന്നതാണ്. സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) Integrated Local Governance Management System (ILGMS) വികസിപ്പിച്ചിട്ടുണ്ട്. സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനും തുക ഒടുക്കുന്നതിനുമുള്ള സംവിധാനം ILGMS-ന്റെ ഭാഗമായ സിറ്റിസൺ സർവീസ് പോർട്ടൽ മുഖേന ലഭ്യമാക്കുന്നതാണ്.

(സി) അധികാരം, ഉദ്യോഗസ്ഥശേഷി, ദൈനംദിന ഭരണ മികവ്, സാമ്പത്തിക ഭദ്രത തുടങ്ങിയ ഘടകങ്ങൾ പരിശോധിക്കുമ്പോൾ രാജ്യത്തെ ഏറ്റവും ശക്തമായ പ്രാദേശിക ഭരണ സംവിധാനം കേരളത്തിലാണെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ അവസ്ഥ വിശകലനം ചെയ്ത് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം 2019-ൽ പ്രസിദ്ധപ്പെടുത്തിയ 'Basic Statistics of Panchayathi Raj Institutions' എന്ന പഠന റിപ്പോർട്ടിന്റെ ഭാഗമായി തയ്യാറാക്കിയ Panchayath Devolution Index-നായി അധികാരങ്ങളുടെ കൈമാറ്റം, ഉദ്യോഗസ്ഥ സംവിധാനത്തിന്റെ കൈമാറ്റം, സാമ്പത്തിക സ്രോതസ്സിന്റെ കൈമാറ്റം, കാര്യക്ഷമവും സുതാര്യവുമായ ഭരണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിലെ നേട്ടങ്ങൾ എന്നീ അടിസ്ഥാന മാനദണ്ഡങ്ങളുടെ താരതമ്യത്തിൽ നടത്തിയ പഠനത്തിൽ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. കോവിഡ് പ്രതിസന്ധി മറികടക്കുന്നതിലും പ്രകൃതി ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ഗ്രാമപഞ്ചായത്ത് വികസന പദ്ധതി തയ്യാറാക്കുന്നതിന്, കേരളം വികസിപ്പിച്ച ജനകീയാസൂത്രണത്തിന്റെ രീതിശാസ്ത്രം അവലംബിക്കാൻ കേന്ദ്ര പഞ്ചായത്തീ രാജ് മന്ത്രാലയം നിർദ്ദേശിച്ചുവെന്നത് കേരളത്തിനുള്ള അംഗീകാരമാണ്.

(ഡി) പ്രകൃതിക്ഷോഭങ്ങളെയും കോവിഡ് മഹാമാരിയെയും പ്രതിരോധിക്കുന്നതിൽ സംസ്ഥാനത്തിന്റെ പ്രാദേശിക സർക്കാരുകൾ എത്രത്തോളം സഹായകരമായി എന്ന് വെളിപ്പെടുത്താമോ?

കേരളത്തിലെ പ്രകൃതിക്ഷോഭങ്ങളും കോവിഡ് മഹാമാരിയും പ്രതിരോധിക്കുന്നതിൽ സർക്കാർ തലത്തിലും ജില്ലാ ദുരന്തനിവാരണ സമിതി തലത്തിലും എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി പ്രാദേശിക തലത്തിൽ ലഭ്യമായ മനുഷ്യവിഭവശേഷിയും മറ്റ് വിഭവങ്ങളും കാര്യക്ഷമമായി ഏകോപിപ്പിച്ചുകൊണ്ട് ഫലപ്രദമായി പ്രവർത്തിക്കുന്നതിൽ നിർണ്ണായകമായ പങ്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിച്ചുവരുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കപ്പെട്ടിരിക്കുന്ന ദുരന്തനിവാരണ പദ്ധതിയുടെ പശ്ചാത്തലത്തിൽ കൃത്യമായ മുന്നൊരുക്കങ്ങളോടെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നുണ്ട്. പ്രളയത്തെ അതിജീവിക്കുന്നതിനുള്ള നടപടികൾക്കൊപ്പം പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലും ഉപജീവന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലും പ്രാദേശിക സർക്കാരുകൾ നേതൃത്വപരമായ പങ്കാണ് വഹിച്ചത്. കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സി.എഫ്.എൽ.റ്റി.സി./സി.എസ്.എൽ.റ്റി.സി./ ഡി.സി.സി. എന്നിവ സ്ഥാപിച്ച് പരിപാലിക്കുക, വാർഡ്തല സമിതികളുടെ

ആഭിമുഖ്യത്തിൽ ക്വാറന്റൈൻ പ്രവർത്തനം നടത്തുക, ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ സംഘടിപ്പിക്കുക, കമ്മ്യൂണിറ്റി കിച്ചൺ സ്ഥാപിക്കുക, ശുചീകരണ അണുനശീകരണ പ്രവർത്തനങ്ങൾ, ആശുപത്രികൾക്ക് മരുന്നുകൾ ലഭ്യമാക്കുക, സുഭിക്ഷ കേരളംപോലുള്ള സാമ്പത്തിക ഉത്തേജന പരിപാടികൾ നടപ്പാക്കുക, വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം ഉറപ്പാക്കുക തുടങ്ങിയ മാതൃകാപരമായ പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാരുകൾ കാഴ്ചവച്ചിട്ടുണ്ട്.

(ഇ) പ്രാദേശിക സർക്കാരുകൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് ഉത്തരവാദിത്വങ്ങളും ഇടപെടലുകളും മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കുന്നതിനുള്ള നടപടികളും പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തമാക്കുന്നതിനുള്ള നടപടികളും ഉണ്ടാകും. സംസ്ഥാന പദ്ധതി വിഹിതം കുറച്ചാലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് പ്രകാരം അംഗീകരിച്ച പദ്ധതി വിഹിതം കുറയ്ക്കാതെ പ്രാദേശിക സർക്കാരുകളുടെ സാമ്പത്തിക അധികാരം സംരക്ഷിക്കുന്നതിനുള്ള ആറാം ധനകാര്യ കമ്മീഷന്റെ ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പട്ടികവിഭാഗങ്ങളുടെ താത്പര്യം സംരക്ഷിക്കുന്നതിനായി SCP/TSP ചെലവിലുണ്ടാകുന്ന കുറവ് അടുത്ത വർഷത്തെ പൊതുവിഭാഗത്തിൽനിന്നും പരിഹാര വകയിരുത്തൽ നടത്തുന്നത് സംബന്ധിച്ച ശിപാർശയും അംഗീകരിച്ചിട്ടുണ്ട്. കെട്ടിട നികുതി തദ്ദേശസ്ഥാപന നികുതി ആക്കുന്നതും വിനോദ നികുതിയും പരസ്യ നികുതിയും നഷ്ടമായതിന് പകരം അർദ്ധ വാർഷികാടിസ്ഥാനത്തിൽ പരിഹാര തുക നൽകുന്നതും പരിശോധിക്കുന്നതാണ്.

**വിമുക്തി മിഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി**

12 (*162) ശ്രീ. എ. രാജ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽനിന്നുള്ള കഞ്ചാവ് കടത്ത് വർദ്ധിക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ അതിർത്തി പരിശോധന കർശനമാക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ?

ഉണ്ട്. വിവിധ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ സംസ്ഥാന അതിർത്തികൾ കേന്ദ്രീകരിച്ച് ഊർജ്ജിത പരിശോധനകൾ നടത്തുന്നുണ്ട്. സംസ്ഥാനാന്തര അതിർത്തികളിലുള്ള ചെക്ക്പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് വരുന്ന

വാഹനങ്ങൾ പരിശോധിക്കുന്നതിനായി 14 പ്രധാന ചെക്ക്പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ ഇല്ലാത്ത അതിർത്തി റോഡുകളിൽ വാഹന പരിശോധന നടത്തുന്നതിന് ബോർഡർ പട്രോളിംഗും അതിർത്തി പങ്കിടുന്ന മറ്റ് സംസ്ഥാനങ്ങളിലെ പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് സംയുക്ത വാഹന പരിശോധനയും നടത്തിവരുന്നു.

(ബി) മയക്കുമരുന്ന് ഉപയോഗത്തോടുള്ള പ്രതിരോധം ഫലപ്രദമാകുന്നതിന് ജനപങ്കാളിത്തത്തിന്റെ അനിവാര്യത കണക്കിലെടുത്ത് അതിന് വേണ്ട മാർഗ്ഗം ആലോചിക്കുമോ?

മയക്കുമരുന്ന് ഉപയോഗത്തോടുള്ള പ്രതിരോധം ഫലപ്രദമാക്കുന്നതിന് ജനപങ്കാളിത്തത്തിന്റെ അനിവാര്യത കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വാർഡ്തലം മുതൽ സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, അങ്കണവാടി-ആശാപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ 17857 വാർഡുകളിൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(സി) ലഹരി വിരുദ്ധ ആശയ പ്രചരണത്തിന്റെ വർദ്ധിത തോതിലുള്ള ആവശ്യകത കണക്കിലെടുത്ത് വിമുക്തി മിഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ഉദ്ദേശിക്കുന്നുണ്ട്. വിമുക്തി മിഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും വിമുക്തി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ "ഉണർവ്" എന്ന പേരിൽ കായിക പരിശീലന പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നതാണ്. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ "നേർക്കൂട്ടം" എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വാർഡ്തലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരത്തിന് പുറമെ, സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡീ-അഡിക്ഷൻ സെന്റർ എറണാകുളം, കോഴിക്കോട് ജില്ലകളിൽ കൂടി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിമുക്തി മിഷൻ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും നിലവിൽ പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകൾ കൂടാതെ രണ്ടു ഡീ-അഡിക്ഷൻ സെന്ററുകൾകൂടി ആരംഭിക്കാനുദ്ദേശിക്കുന്നു.

## ക്ഷയരോഗ നിവാരണം

13 (*163) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി ദെലീമ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി ക്ഷയരോഗ നിവാരണമെന്ന ലക്ഷ്യത്തിലെത്താൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി 2025 ഓടുകൂടി ക്ഷയരോഗ നിർമ്മാർജ്ജനമെന്ന ലക്ഷ്യം കൈവരിക്കുവാൻ സംസ്ഥാന സർക്കാർ "എന്റെ ക്ഷയരോഗമുക്ത കേരളം" " State TB elimination mission" (24-01-2018-ലെ G.O.(Rt)246/2018/H&FWD) പദ്ധതി നടപ്പിലാക്കിവരികയാണ്. ക്ഷയരോഗ ബാധിതരെ നേരത്തെ കണ്ടെത്തുക, ചികിത്സ നൽകുക, ക്ഷയരോഗം കാരണമുള്ള മരണങ്ങൾ ഇല്ലാതാക്കുക എന്നതും, ക്ഷയരോഗം കാരണമുള്ള വിവേചനങ്ങൾ പൂർണ്ണമായി ഇല്ലാതാക്കുക, ക്ഷയരോഗം കാരണം ആർക്കും അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ലെന്നും ഉറപ്പുവരുത്തുകയുമാണ് ക്ഷയരോഗ നിർമ്മാർജ്ജനത്തിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നത്. ഈ ദൗത്യം നാല് ഘട്ടങ്ങളായാണ് പ്രാവർത്തികമാക്കുന്നത്. ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തെ 82 ശതമാനം കുടുംബങ്ങളെ screen ചെയ്യുകയും അതിൽനിന്നും 7.75 ലക്ഷം പേരെ ക്ഷയരോഗം വരാൻ അധിക സാധ്യതയുള്ളവരായി കണ്ടെത്തുകയും അതിലൂടെ 326 പേർക്ക് ക്ഷയരോഗം നിർണ്ണയിക്കാനും കഴിഞ്ഞു. ക്ഷയരോഗ നിർമ്മാർജ്ജനത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ക്ഷയരോഗ സാധ്യത അധികമായുണ്ടെന്ന് (Vulnerable Population) കണ്ടെത്തിയിട്ടുള്ള കൃത്യമായ ഇടവേളകളിൽ സ്ക്രീനിംഗ് നടത്തി അവർക്ക് ക്ഷയരോഗ പരിശോധന നടത്തുന്നതുവഴി ആ പ്രദേശത്തെ ക്ഷയരോഗ വ്യാപനം നിയന്ത്രിക്കുവാൻ സാധിക്കുന്നു. മൂന്നാം ഘട്ടത്തിൽ ക്ഷയരോഗത്തിന്റെ സാധ്യത കൂടുതലുള്ള വ്യക്തികളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ NCD, SWAS Clinic-കൾ വഴി ജീവിത ശൈലി രോഗങ്ങൾ നിയന്ത്രിച്ച് ക്ഷയരോഗ സാധ്യത കുറയ്ക്കുകയാണ് ചെയ്യുന്നത്. നാലാം ഘട്ടത്തിൽ 15 വയസ്സിൽ താഴെ കുട്ടികളിൽ Latent TB Infection Management വഴി (2020 നവംബർ മാസത്തിൽ ആരംഭിച്ചു) 1783 പേർക്ക് ഭാവിയിൽ ക്ഷയരോഗം വരാനുള്ള സാധ്യതയുണ്ടെന്ന് കണ്ടെത്തി ക്ഷയരോഗ പ്രതിരോധ ചികിത്സ ലഭ്യമാക്കിവരുന്നു. ക്ഷയരോഗത്തിനെതിരെയുള്ള ജനകീയ

പ്രവർത്തന പദ്ധതികളുടെ ശ്രമഫലമായി 2019-ൽ തുടർച്ചയായി ഒരു വർഷം സംസ്ഥാനത്തിൽ 561 തദ്ദേശഭരണ പ്രദേശങ്ങളിൽ 5 വയസ്സിനുതാഴെയുള്ള കുട്ടികളിൽ ക്ഷയരോഗമില്ലെന്ന നേട്ടം കൈവരിച്ചു. 709 തദ്ദേശഭരണ പ്രദേശങ്ങളിൽ ഒന്നാംനിര മരുന്നുകളോട് പ്രതികരിക്കാത്ത ഗുരുതര ക്ഷയരോഗമില്ലെന്ന നേട്ടം കൈവരിച്ചു. 688 തദ്ദേശഭരണ പ്രദേശങ്ങളിൽ ഒരാൾ പോലും ക്ഷയരോഗ ചികിത്സ ഇടയ്ക്കുവച്ച് നിർത്താതെ വിജയകരമായി പൂർത്തീകരിച്ചു. 2015 മുതൽ 2020 വരെയുള്ള കാലയളവിൽ ക്ഷയരോഗ ബാധിതരുടെ എണ്ണത്തിൽ 37.5 ശതമാനം കുറവ് വന്നിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി കേന്ദ്ര സർക്കാരിന്റെ Sub National TB Free Certification Award (Bronze category) കേരളത്തിന് ലഭിക്കുകയുണ്ടായി. ഇത്തരത്തിൽ അവാർഡ് ലഭിച്ച ഏക സംസ്ഥാനമാണ് കേരളം.

(ബി) കോവിഡ് വെല്ലുവിളികൾക്കിടയിലും ക്ഷയരോഗികളെ കണ്ടെത്താനായി സർക്കാർ ആരംഭിച്ച അക്ഷയകേരളം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സമൂഹത്തിൽ കോവിഡ്മൂലം കണ്ടെത്താതെ അവശേഷിക്കുന്ന ക്ഷയരോഗികളെ കണ്ടെത്തുന്നതിനായി അക്ഷയകേരളം പദ്ധതി 2020 നവംബർ 1-ന് കേരള സർക്കാർ തുടക്കമിട്ടു. ക്ഷയരോഗ സാധ്യതയുള്ള Vulnerability list-ലുള്ള വ്യക്തികളുടെ TB Screening ആശാ പ്രവർത്തകരുടെ സഹായത്തോടെ നടത്തി. അവരിൽ ക്ഷയരോഗ ലക്ഷണങ്ങളുള്ളവരെ കഫ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ ഫലമായി 802 ക്ഷയരോഗികളെ കണ്ടെത്തുകയും അവർക്ക് ചികിത്സ നൽകുകയും ചെയ്തു. അക്ഷയകേരളം പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2021 സെപ്റ്റംബർ 1 മുതൽ നവംബർ 1 വരെ നീണ്ടുനിൽക്കുന്ന അക്ഷയകേരളം TB Catch Up Campaign സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി.ബി. വൾണറബിലിറ്റി ലിസ്റ്റിൽനിന്നും ക്ഷയരോഗ സാധ്യതയുണ്ടെന്ന് കണ്ടെത്തി ക്ഷയരോഗ നിർണ്ണയം നടത്തുക, കോവിഡിനുമുമ്പ് ജില്ലാ ടി.ബി. യൂണിറ്റുകളിൽ കണ്ടെത്തിയിട്ടുള്ള ക്ഷയരോഗ ബാധിതർ കൂടുതലുള്ള പ്രദേശങ്ങൾ നിരീക്ഷിക്കുകയും ആ പ്രദേശങ്ങളിലുള്ള വീടുകളിലും ഓഫീസുകളിലും വ്യാപാര സ്ഥാപനങ്ങളിലും ക്ഷയരോഗ നിർണ്ണയ പരിശോധനകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുക എന്നിവയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

(സി) വാക്സിൻ വിതരണ കേന്ദ്രങ്ങളിലും കോവിഡാനന്തര ക്ലിനിക്കുകളിലുമെത്തുന്ന ശ്വാസകോശ സംബന്ധമായ രോഗമുള്ളവർക്ക് പ്രത്യേകമായ പരിശോധനയും ചികിത്സയും ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ആരോഗ്യ വകുപ്പിന് കീഴിലെ കോവിഡ് വാക്സിനേഷൻ സെന്ററുകളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലും എത്തുന്നവർക്ക് ILI/SARI (Influenza like Illness/Severe Acute Respiratory Influenza) അനുബന്ധ പ്രശ്നങ്ങളുള്ളവർക്കും ക്ഷയരോഗത്തിനും കോവിഡിനും ദ്വിദിശ സ്ക്രീനിംഗ് നടത്തുന്നുണ്ട്. ശ്വാസകോശ രോഗലക്ഷണങ്ങളുള്ളതായി സംശയിക്കുന്നവരെ തിരിച്ചറിഞ്ഞ് ക്ലിനിക്കൽ പരിശോധനകളിലൂടെ വിലയിരുത്തി TB Vulnerability ഗ്രൂപ്പിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡാനന്തര ക്ലിനിക്കുകളിലെത്തുന്ന രോഗികളിൽ ശ്വാസകോശ സംബന്ധമായ രോഗങ്ങളുള്ളവർക്ക് പ്രത്യേക പരിശോധനയും ചികിത്സയും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ മേഖലയിലുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും കോവിഡാനന്തര രോഗങ്ങൾ ചികിത്സിക്കുന്നതിനുള്ള പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. നിസ്സാര രോഗലക്ഷണങ്ങളുമായെത്തുന്നവരെ പരിശോധിച്ചശേഷം പ്രാഥമികാരോഗ്യ തലത്തിൽതന്നെ ചികിത്സ നൽകി വീടുകളിൽ പറഞ്ഞുവിടുകയും വിദഗ്ധ ചികിത്സ ആവശ്യമായവർക്ക് താലൂക്ക്, ജില്ലാ ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ചികിത്സയോടൊപ്പം ശ്വാസകോശ രോഗികൾക്ക് അനുബന്ധ സേവനങ്ങളായ Pulmonary Rehabilitation Smoking Cessation-ഉം നൽകുന്നതിനുള്ള സംവിധാനവും പ്രാഥമികാരോഗ്യ തലങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്. ശ്വാസ പദ്ധതിയുടെ ഭാഗമായി ശ്വാസകോശ കാര്യക്ഷമതാ പരിശോധനകളും ഓക്സിജൻ തോത് നിർണ്ണയവും പ്രാഥമിക തലങ്ങളിൽത്തന്നെ നടത്തുന്നതിനും Inhaler therapy, ഓക്സിജൻ തെറാപ്പി എന്നിവ പ്രാഥമികതലത്തിൽത്തന്നെ നൽകിവരുന്നുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിലെ വാക്സിനേഷൻ സെന്ററുകളിൽ രോഗലക്ഷണമുള്ളവർക്ക് ഡോക്ടറുടെ ഉപദേശപ്രകാരമാണ് വാക്സിൻ കൊടുക്കാറുള്ളത്. വാക്സിനേഷൻ കേന്ദ്രങ്ങളിൽ എത്തുന്നവർക്ക് ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ ഉണ്ടെങ്കിൽ പരിശോധനകൾക്കും ചികിത്സയ്ക്കുമായി ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്ക് അയയ്ക്കുന്നു. എന്തെങ്കിലും പ്രശ്നങ്ങളുള്ളവരുടെ കാര്യത്തിൽ വാക്സിനേഷൻ കേന്ദ്രത്തിലെ ഡോക്ടർ ഡ്യൂട്ടി മെഡിക്കൽ ഓഫീസറുമായി ചർച്ച ചെയ്താണ് വാക്സിൻ നൽകുന്നത്. എല്ലാ മെഡിക്കൽ കോളേജുകളിലും ശ്വാസകോശരോഗ സംബന്ധമായ അസുഖങ്ങൾ വിലയിരുത്താൻ കഫ പരിശോധന, ചെസ്റ്റ് എക്സ്റേ, സി.റ്റി. സ്കാൻ, പി.എഫ്.റ്റി. തുടങ്ങിയ പരിശോധനകളും ആവശ്യമായ ചികിത്സകളും ലഭ്യമാണ്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ച് കൃത്യമായി പ്രവർത്തിച്ചുവരുന്നു. കോവിഡ് മാറി ഡിസ്ചാർജ് ചെയ്യുന്ന രോഗികളെ കൃത്യമായ ഇടവേളയിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കിൽ ഫോളോ-അപ് നിർദ്ദേശിക്കുന്നുണ്ട്. എന്തെങ്കിലും കോവിഡാനന്തര

പ്രശ്നങ്ങൾ നിർണ്ണയിക്കപ്പെട്ടാൽ ഇവരെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളെ ഉൾപ്പെടുത്തി ചികിത്സ ഉറപ്പുവരുത്തുന്നുണ്ട്. ഡിസ്ചാർജ് ആയ കോവിഡ് രോഗികൾക്ക് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദമായി പറഞ്ഞ് മനസ്സിലാക്കുന്നുണ്ട്. എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെട്ടാലും ഒന്നുമില്ലെങ്കിലും രണ്ടാഴ്ച ആകുമ്പോൾ പോസ്റ്റ് കോവിഡ് ക്ലിനിക്കിലെത്തി ചെക്കപ്പ് നടത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും പോസ്റ്റ് കോവിഡ് ക്ലിനിക്ക് ഒ.പി. പ്രവർത്തിക്കുന്നതാണ്. എന്തെങ്കിലും ബുദ്ധിമുട്ടുകൾ കണ്ടുപിടിക്കുന്ന രോഗികൾക്ക് വിദഗ്ധ ചികിത്സ ഉറപ്പുവരുത്തുന്നുണ്ട്. പോസ്റ്റ് കോവിഡ് ഒ.പി.യിൽ കണ്ട ഒരു രോഗിക്ക് എന്തെങ്കിലും സങ്കീർണ്ണതകൾ കണ്ടെത്തിയാൽ ഉടൻതന്നെ അത് സ്പെഷ്യാലിറ്റിയുടെ സഹായത്തോടെ വിദഗ്ധ ചികിത്സ ലഭ്യമാക്കാവുന്നതാണ്. മെഡിക്കൽ കോളേജിലെ എല്ലാ വിഭാഗങ്ങളിലും പ്രത്യേകിച്ച് മെഡിസിൻ, കാർഡിയോളജി റെസ്പിറേറ്ററി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ എല്ലാ സൗകര്യങ്ങളും ആവശ്യം പോലെ ഇതിനായി ഉപയോഗപ്പെടുത്തിവരുന്നു. കൂടാതെ ജില്ലാ ടി.ബി. സെന്ററുകളുടെ നേതൃത്വത്തിൽ ബൈ-ഡയക്ഷണൽ സ്ക്രീനിംഗ് നിലവിലുണ്ട്.

**കോവിഡ് ബാധിച്ച് മരിച്ച പ്രവാസികളുടെ കുടുംബത്തിന് ധനസഹായം**

14 (*164) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് ജോലി നഷ്ടപ്പെട്ടും അവധിയിലും നാട്ടിലെത്തിയശേഷം കോവിഡ് ബാധിച്ച് മരണപ്പെട്ട പ്രവാസികളുടെ കുടുംബത്തെ സഹായിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

(എ & ബി) കോവിഡ് കാലത്ത് ജോലി നഷ്ടപ്പെട്ടും അവധിയിലും നാട്ടിലെത്തിയ ശേഷം കോവിഡ് ബാധിച്ച് മരണമടഞ്ഞ പ്രവാസികളുടെ കുടുംബങ്ങൾക്ക് സാന്ത്വന പദ്ധതി പ്രകാരം മരണാനന്തര ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപയും പ്രവാസി ക്ഷേമനിധിയിൽ അംഗമാണെങ്കിൽ പരമാവധി അൻപതിനായിരം രൂപയും ലഭ്യമാക്കുന്നുണ്ട്. കോവിഡ്-19 പശ്ചാത്തലത്തിൽ, 'സാന്ത്വന പദ്ധതി'-യുടെ ഗുണഫലം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 30 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട്

മടങ്ങിയെത്തിവർക്ക് വിദേശത്തെ തൊഴിൽ സ്ഥാപനങ്ങളിൽനിന്നും ലഭിക്കേണ്ട അർഹമായ ആനുകൂല്യം/ധനസഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിദേശ രാജ്യങ്ങളിൽവച്ച് കോവിഡ് ബാധിച്ച് മരണപ്പെടുകയും ബന്ധുക്കൾക്ക് മൃതദേഹം കാണാൻ അവസരം ഇല്ലാതാവുകയും ചെയ്ത പ്രവാസികളുടെ കുടുംബങ്ങൾക്ക് പ്രത്യേക ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

വിദേശത്തുവച്ചോ നാട്ടിൽ വന്നതിനുശേഷമോ കോവിഡ് ബാധിച്ച് മരണമടഞ്ഞ പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് സാന്ത്വന പദ്ധതി പ്രകാരമുള്ള ധനസഹായവും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽനിന്നുള്ള ധനസഹായവും നിബന്ധനകൾക്ക് വിധേയമായി ലഭ്യമാക്കുന്നുണ്ട്.

**ഗാർഹിക പീഡനത്തെ തുടർന്നുള്ള ആത്മഹത്യ**

15 (*165) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിനെതിരായി കേരള പോലീസ് ബോധപൂർവ്വമായി ഇടപെടുന്നുവെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കാമോ?

സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിന് വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവയുടെ ഗൗരവം കണക്കിലെടുത്തുള്ള അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുന്നതാണ്.

(ബി) സ്ത്രീകൾക്ക് നീതി നടപ്പിലാക്കേണ്ട പോലീസിന്റെ അനാസ്ഥ കാരണം ആത്മഹത്യ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം കൂടിവരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

(സി) ഗാർഹിക പീഡനത്തിനെ തുടർന്ന് പയ്യന്നൂരിലെ സുനീഷ എന്ന പെൺകുട്ടി ആത്മഹത്യ ചെയ്ത സംഭവത്തിൽ പോലീസിന് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഗാർഹിക പീഡനത്തെത്തുടർന്ന് പയ്യന്നൂരിലെ സുനീഷ എന്ന പെൺകുട്ടി ആത്മഹത്യ ചെയ്ത സംഭവത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ച വന്നതായി കാണുന്നില്ല.

(ഡി) സുനീഷയുടെ ഭർത്താവും കുടുംബവും സുനീഷയെ കടുത്ത ഗാർഹിക പീഡനത്തിന് ഇടയാക്കുന്നുവെന്ന് സുനീഷയുടെ അമ്മ പയ്യന്നൂർ പോലീസിൽ പരാതി നൽകിയിരുന്നോ?

പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ ഇത് സംബന്ധിച്ച് പരാതി നൽകിയിരുന്നു.

(ഇ) പ്രസ്തുത പരാതിയെ തുടർന്ന് പോലീസ് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ?

പരാതിയുടെ അടിസ്ഥാനത്തിൽ സുനീഷ നേരിട്ട് പോലീസ് സ്റ്റേഷനിൽ ഹാജരായിരുന്നു. എന്നാൽ, ഭർത്താവിനെതിരെ പീഡന പരാതി ഉന്നയിച്ചിരുന്നില്ലെന്നും ഭർത്താവിന്റെ രക്ഷിതാക്കൾ ചിലപ്പോൾ വഴക്ക് പറയാറുണ്ടെന്ന് അറിയിക്കുകയാണുണ്ടായതെന്നും പോലീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ഷെൽറ്റർ ഹോമിൽ താൽക്കാലിക സൗകര്യമൊരുക്കാമെന്ന് പോലീസ് നിർദ്ദേശിച്ചെങ്കിലും അവർ അതും നിരസിക്കുകയാണ് ഉണ്ടായതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഗുരുതരാവസ്ഥയിലുള്ള നിർദ്ധനരോഗികൾക്ക് ശസ്ത്രക്രിയാ ധനസഹായ പദ്ധതികൾ

16 (*166) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുരുതരാവസ്ഥയിൽ ചികിത്സയിൽ കഴിയുന്ന നിർദ്ധനരായവർക്ക് കാൻസർ, വൃക്കരോഗം, ഹൃദ്രോഗം, കരൾ മാറ്റിവയ്ക്കൽ തുടങ്ങിയ ചെലവേറിയ ശസ്ത്രക്രിയകൾക്ക് ധനസഹായം നൽകുന്നതിന് ആരോഗ്യവകുപ്പിന് നിലവിൽ എന്തൊക്കെ ചികിത്സാ ധനസഹായ പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി മുഖേന മാരകരോഗങ്ങളാൽ അവശത അനുഭവിക്കുന്ന 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പരമാവധി

50,000 രൂപ വരെയുള്ള ധനസഹായം നൽകുന്നുണ്ട്. കൂടാതെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ നടപ്പിലാക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം പരമാവധി 5 ലക്ഷം രൂപയുടേയും കാരുണ്യ ബെനവെലന്റ് ഫണ്ട് (KBF) പ്രകാരം 2 ലക്ഷം രൂപയുടേയും സൗജന്യ ചികിത്സ നൽകിവരുന്നു. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് KBF പദ്ധതി പ്രകാരം 3 ലക്ഷം രൂപ വരെ സഹായം നൽകുന്നുണ്ട്. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.) മാർഗ്ഗനിർദ്ദേശ പ്രകാരം പ്രധാനപ്പെട്ട 30 അസുഖങ്ങളുടെ ചികിത്സാ മോഡൽ കോസ്റ്റിംഗ് പ്രകാരം നാഷണൽ ഹെൽത്ത് മിഷൻ വഴി സൗജന്യമാക്കിയിട്ടുണ്ട്. ഇതിൽ ജന്മനാ ഹൃദ്രോഗ ബാധിതരായ 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ ചികിത്സ 'ഹൃദ്യം' പദ്ധതി വഴി സൗജന്യമാക്കിയിട്ടുണ്ട്. ആർ.ബി.എസ്.കെ. നിബന്ധനകളിൽപ്പെടാത്ത മറ്റ് അസുഖങ്ങൾക്ക് 'ആരോഗ്യ കിരണം' പദ്ധതി വഴി ചികിത്സ സഹായം ലഭ്യമാക്കുന്നു.

(ബി) അടിയന്തരശസ്ത്രക്രിയ ആവശ്യമുള്ള രോഗികൾക്ക് മുൻഗണന നൽകുവാൻ പ്രസ്തുത പദ്ധതികളിൽ എന്തെങ്കിലും വ്യവസ്ഥകളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

നിലവിൽ വ്യവസ്ഥയില്ല. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി മുഖേന അടിയന്തരമായി ശസ്ത്രക്രിയ നടത്തുന്നതിന് മുൻകൂറായി ധനസഹായം അനുവദിക്കുന്നില്ല. KASP, KBF പദ്ധതി പ്രകാരം അടിയന്തരമായി ശസ്ത്രക്രിയ ആവശ്യമുള്ള രോഗികൾക്ക് മുൻഗണന നൽകുന്നതിന് ചികിത്സ തേടുന്ന ആശുപത്രികൾക്ക് പ്രത്യേക തീരുമാനം കൈക്കൊള്ളാവുന്നതാണ്. അടിയന്തര ശസ്ത്രക്രിയ ആവശ്യമായ ഗുരുതര ഹൃദ്രോഗ ബാധിതരായ കുട്ടികളെ എത്രയുംവേഗം എംപാനൽ ചെയ്ത ആശുപത്രികളിൽ എത്തിച്ച് ശസ്ത്രക്രിയ ചെയ്യുന്നുണ്ട്.

(സി) മേൽപ്പറഞ്ഞ ശസ്ത്രക്രിയകൾക്ക് ആവശ്യമായിവരുന്ന മുഴുവൻ തുകയും പ്രസ്തുത പദ്ധതികളിലൂടെ നൽകുവാൻ കഴിയുന്നുണ്ടോ; തുക അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഇല്ല. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി പ്രകാരം സൊസൈറ്റി അംഗീകൃത ആശുപത്രികളുടെ ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന തുക പരമാവധി 50,000 രൂപ വരെ ഒറ്റത്തവണ ധനസഹായമായി നൽകിവരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം പരമാവധി 5 ലക്ഷം രൂപയുടേയും കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) പ്രകാരം 2 ലക്ഷം രൂപയുടേയും സൗജന്യ ചികിത്സ നൽകിവരുന്നു. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് KBF പദ്ധതി പ്രകാരം 3 ലക്ഷം രൂപ വരെ സഹായം നൽകുന്നുണ്ട്. ധനസഹായം ലഭിക്കാനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രവാസികളുടെ തൊഴിലിടങ്ങളിലേക്കുള്ള മടക്കം

17 (*167) ശ്രീമതി ദെലീമ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് പ്രവാസികൾക്ക് സുരക്ഷിതമായി നാട്ടിലെത്താൻ വഴിയൊരുക്കിയതുപോലെ വിദേശത്തുള്ള തൊഴിലിടങ്ങളിലേയ്ക്ക് തിരികെ പോകാൻ ആഗ്രഹിക്കുന്നവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാന സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിദേശ രാജ്യങ്ങളിൽ പഠിക്കുന്നവർക്കും തൊഴിൽ ആവശ്യങ്ങൾക്കായി പോകുന്നവർക്കും വാക്സിനേഷന് മുൻഗണന നൽകുകയും നാട്ടിൽവച്ച് കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കിയ പ്രവാസികൾക്ക് പാസ്പോർട്ട് നമ്പർകൂടി ചേർത്ത് വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ നാട്ടിലെത്തി ലോക്ക്ഡൗൺമൂലം തിരിച്ചുപോകാനാകാതെ കുടുങ്ങിക്കിടക്കുന്ന പ്രവാസികളിൽ 72 മണിക്കൂറിനകത്ത് RTPCR ടെസ്റ്റ് നെഗറ്റീവ് ആയവർക്ക് തൊഴിലിടങ്ങളിലേയ്ക്ക് തിരികെ പോകുന്നതിനായി നയതന്ത്ര ചാനൽ വിനിയോഗിച്ച് പരിഹാരം കണ്ടെത്തുവാൻ കേന്ദ്ര വിദേശകാര്യ/ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയങ്ങളോട് അഭ്യർത്ഥിക്കുകയും വിവിധ രാജ്യങ്ങളുമായി ഉണ്ടാക്കിയ എയർ ബബിൾ കരാർ സംവിധാനം വഴി മടക്ക യാത്രയ്ക്കുള്ള സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്. വാക്സിനേഷൻ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക തകരാറുകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തോടും വാക്സിൻ അംഗീകാരം സംബന്ധിച്ച പ്രശ്നങ്ങളാലുള്ള യാത്രാ ദുരിതം, വിസ റഗുലറൈസേഷൻ സംബന്ധിച്ച ആശങ്കകൾ എന്നിവയ്ക്ക് നയതന്ത്രചാനൽ വിനിയോഗിച്ച് പരിഹാരം കണ്ടെത്തുവാൻ വിദേശകാര്യ മന്ത്രാലയത്തോടും ബഹുമാനപ്പെട്ട പ്രധാനമന്ത്രി, വിദേശകാര്യ വകുപ്പുമന്ത്രി എന്നിവരോടും അഭ്യർത്ഥിച്ചിട്ടുണ്ട്. യാത്രാനിരക്കിൽ വർദ്ധനവ് വരുത്തിക്കൊണ്ടുള്ള വിമാനക്കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുവാൻ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടായതായി അറിവില്ല. ഇക്കാര്യത്തിലുണ്ടായിരുന്ന നിയന്ത്രണം കേന്ദ്ര സർക്കാർ 1994-ൽ എടുത്ത് കളഞ്ഞതിലൂടെ എയർക്രാഫ്റ്റുകൾക്ക് സ്വന്തം നിലയിൽ നിരക്ക് നിശ്ചയിക്കാൻ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്.

(ബി) ഇക്കാര്യത്തിൽ നോർക്ക കോവിഡ് റെസ്പോൺസ് സെല്ലിനൊപ്പം ലോക കേരളസഭയ്ക്കും ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞിരുന്നോയെന്ന് അറിയിക്കാമോ?

കോവിഡ്-19 കാലയളവിൽ ലോകകേരള സഭയുടെ നേതൃത്വത്തിൽ വിദേശ രാജ്യങ്ങളിൽ രൂപീകരിച്ച ഹെൽപ് ഡെസ്ക് മുഖാന്തരവും ലോക കേരള സഭാംഗങ്ങൾ സ്വന്തം നിലയിലും വിവിധ പ്രവാസി സംഘടനകളുടെയും എംബസികളുടെയും സഹകരണത്തോടെയും വിദേശ രാജ്യങ്ങളിൽ അകപ്പെട്ട പ്രവാസികൾക്ക് ആവശ്യമായ അടിയന്തര സഹായങ്ങൾ ലഭ്യമാക്കുകയും സാമ്പത്തിക ബുദ്ധിമുട്ട് ഉൾപ്പെടെയുള്ള മറ്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഫലപ്രദമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

## ഇ-ഗവേണിംഗ് സംവിധാനം

18 (*168) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം എന്ന ഇ-ഗവേണിംഗ് സംവിധാനം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതിലൂടെ ജനങ്ങൾക്ക് സേവനം ലഭ്യമാകുന്ന കാര്യത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; എന്തൊക്കെ സേവനങ്ങളാണ് ഇത് വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയതിലൂടെ സുതാര്യവും അഴിമതി രഹിതവും കാര്യക്ഷമവുമായ സേവനങ്ങൾ ലഭ്യമാക്കുവാൻ കഴിയുന്നുണ്ട്. ഒറ്റ ലോഗിനിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുഴുവൻ സേവനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുമെന്നതാണ് ഐ.എൽ.ജി.എം.എസ്.-ന്റെ സവിശേഷത. മാത്രമല്ല, പേപ്പർരഹിത ഓഫീസ് എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കുവാനും സർക്കാർ ഓഫീസിൽ പോകാതെതന്നെ പൊതുജനങ്ങൾക്ക് താഴെ പറയുന്ന സവിശേഷതകളോടെ സേവനങ്ങൾ ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്.

- തദ്ദേശസ്വയംഭരണ സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനം.
- എല്ലാ സേവനങ്ങളും ഒറ്റ കുടക്കീഴിൽ-24x7.

- ഫയൽ നീക്കം തത്സമയം അറിയുന്നതിനുള്ള സൗകര്യം.
- വിവിധ മാർഗ്ഗങ്ങളിൽ കൂടിയുള്ള സേവന വിതരണം.
- ഉപഭോക്താക്കളുടെ അനുഭവങ്ങൾ ഉൾക്കൊണ്ടും പ്രതീക്ഷകൾ നിറവേറ്റിയുമുള്ള അതിനൂതന സംവിധാനം.
- സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നു.
- പൗരാവകാശ നിയമപ്രകാരവും സേവനവകാശ നിയമപ്രകാരവും അംഗീകരിക്കപ്പെട്ട സേവന നിലവാരം ഉറപ്പുവരുത്തുന്നു.
- ചുവപ്പുനാട പൂർണ്ണമായും ഒഴിവാക്കുന്നു.
- പൗരന്മാർക്ക് എല്ലാ സേവനങ്ങൾക്കും ഇ-ഫയലായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.
- എല്ലാവിധ ഫീസുകളും നികുതികളും മറ്റ് അടവാക്കലും ഓൺലൈനായി ഒടുക്കുവാനുള്ള സംവിധാനം.
- ഓൺലൈനായി ഫയൽ സ്റ്റാറ്റസ് അറിയുന്നതിനുള്ള സംവിധാനം.
- ഫയൽ നീക്കങ്ങളെക്കുറിച്ചുള്ള അറിയിപ്പുകൾ മൊബൈൽ ഫോൺ/ ഇ-മെയിൽ/സോഷ്യൽ മീഡിയ വഴി ലഭിക്കുന്നതിനുള്ള സംവിധാനം.
- പൂർണ്ണമായ വിവരങ്ങളോടുകൂടിയ അപേക്ഷകൾക്ക് സിറ്റിസൺ ചാർട്ടർ അടിസ്ഥാനമാക്കിയുള്ള സേവന ലഭ്യത ഉറപ്പുവരുത്തുന്നു.
- അപേക്ഷകളിലെ അപാകത സംബന്ധിച്ച അറിയിപ്പ് തത്സമയം ലഭ്യമാകുന്നു.
- ഫയലുകൾ തിരയുന്നതിനുള്ള സംവിധാനം.

ഗ്രാമപഞ്ചായത്തുകൾ നൽകിവരുന്ന 213 സേവനങ്ങൾ ഐ.എൽ.ജി.എം.എസ്. മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാണ്. പ്രസ്തുത സേവനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ പ്രസ്തുത പദ്ധതി ഏതുഘട്ടത്തിലാണ്; എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ കേരളത്തിലെ 309 ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ്. വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഐ.എൽ.ജി.എം.എസ്. നടപ്പിലാക്കുന്നതിലേയ്ക്കുള്ള വിശദമായ പ്രൊപ്പോസൽ-കം-ആക്ഷൻ പ്ലാൻ ഇൻഫർമേഷൻ കേരള മിഷൻ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും സർക്കാർ അത് പ്രാഥമികമായി അംഗീകരിക്കുകയും വിശദമായ സാങ്കേതിക പരിശോധനയ്ക്കായി കേരള സ്റ്റേറ്റ് ഐ.ടി. മിഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ-കം-ആക്ഷൻ പ്ലാനിന്റെ സാങ്കേതിക പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഐ.എൽ.ജി.എം.എസ്. നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

## പാതയോരങ്ങളിൽ ശുചിമുറികളുടെ നിർമ്മാണം

19 (*169) ശ്രീ. എം. വിജിൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) ദേശീയ, സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏത് സമയത്തും ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ശുചിമുറികൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ 12 ഇന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "ടേക് എ ബ്രേക്ക്" പൊതു ശുചിമുറി സമുച്ചയ നിർമ്മാണ പദ്ധതി. ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, ട്രാൻസ്പോർട്ട് ബസ് സ്റ്റേഷനുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ തുടങ്ങി ജനങ്ങൾ ഒരുമിച്ചെത്തുന്ന പ്രദേശങ്ങളിലും ഏതുസമയത്തും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ശുചിമുറി സമുച്ചയങ്ങളും കോഫീ ഷോപ്പോടുകൂടിയ ഉന്നത നിലവാരമുള്ള വിശ്രമ കേന്ദ്രങ്ങളും നിർമ്മിക്കുന്നതാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കിവരുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും കുറഞ്ഞത് രണ്ടും നഗരസഭകളിൽ അഞ്ചും കോർപ്പറേഷനുകളിൽ എട്ടും എണ്ണം വീതമായി ആകെ 2365 ശുചിമുറി സമുച്ചയങ്ങൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പണി പൂർത്തീകരിച്ച 100 ശുചിമുറി സമുച്ചയങ്ങളുടെ ഉദ്ഘാടനം നടത്തി കഴിഞ്ഞ വർഷം നാടിന് സമർപ്പിച്ചിരുന്നു. ആയതിന്റെ രണ്ടാംഘട്ടമായി പണി പൂർത്തീകരിച്ച 118 ശുചിമുറി സമുച്ചയങ്ങളുടെ പണി പൂർത്തിയാക്കുകയും ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം 7-9-2021-ന് നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ശുചിമുറികളോടനുബന്ധിച്ച് കോഫീ ഷോപ്പുകളോടുകൂടിയ വിശ്രമ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; മറ്റെന്തെല്ലാം സംവിധാനങ്ങളാണ് ഇതോടനുബന്ധിച്ച് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉണ്ട്. ശുചിമുറികളോടനുബന്ധിച്ച് വിശ്രമസ്ഥലം, കുടിവെള്ളം, നാപ്കിൻ വെന്റിംഗ് സംവിധാനം എന്നീ സൗകര്യങ്ങൾ ഉണ്ടാകും. സ്ഥലമുള്ള ഇടങ്ങളിൽ Coffee Shop/ refreshment centre കൂടി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്.

(സി) ആഭ്യന്തര വിദേശ ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ളവർക്ക് പ്രയോജനം ചെയ്യുന്ന പ്രസ്തുത പദ്ധതി പൂർണ്ണമായി പ്രാവർത്തികമാകുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

സ്ത്രീകൾക്കും കുട്ടികൾക്കും ഉൾപ്പെടെ ഏതുസമയത്തും സുരക്ഷിതമായി ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിൽ വൃത്തിയും സുരക്ഷിതത്വവും ആധുനിക സൗകര്യങ്ങളോടുകൂടിയ ശുചിമുറികളാണ് നിർമ്മിക്കുന്നത്. കുടുംബസമേതം യാത്ര ചെയ്യുന്നവർക്ക് ഏറെ പ്രയോജനകരമാണ് ഈ പദ്ധതി. സമ്പൂർണ്ണ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ശുചിമുറികളുടെ പരിപാലന ചുമതല അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖേന നിർവ്വഹിക്കുന്നു. പ്രീമിയം തലത്തിലെ ശുചിമുറി കോംപ്ലക്സുകളോട് ചേർന്ന് കോഫീഷോപ്പ് റിഫ്രഷ്മെന്റ് കേന്ദ്രങ്ങളുമുണ്ട്. ടൂറിസം വികസന രംഗത്ത് ഏറെ പ്രയോജനകരമായ ഒരു പദ്ധതിയുടെ സാക്ഷാത്കാരമാണ് ഈ പദ്ധതി. അന്യസംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും എത്തുന്ന വിനോദ സഞ്ചാരികൾ ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താനാകും.

**സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയിലെ വീഴ്ച പരിഹരിക്കൽ**

20 (*170) ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാ കാര്യത്തിൽ പോലീസിൽനിന്നും ബോധപൂർവ്വമായ വീഴ്ചകൾ ഉണ്ടാകുന്നുവെന്ന ആക്ഷേപം ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ?

സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിന് വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവയുടെ ഗൗരവം കണക്കിലെടുത്ത്,

അന്വേഷണം നടത്തി, കുറ്റക്കാർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ബി) അടുത്ത കാലത്ത് പോലീസിലെ പിങ്ക് വിഭാഗം ഉൾപ്പെടെയുള്ളവരുടെ പ്രവൃത്തികളുടെ അടിസ്ഥാനത്തിലുയർന്ന പരാതി പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. തിരുവനന്തപുരം ആറ്റിങ്ങലിൽ മൂന്നാം ക്ലാസ്സുകാരിയുടെ ഒപ്പമുണ്ടായിരുന്ന പിതാവിനെ റോഡിൽവച്ച് അനാവശ്യമായി ചോദ്യം ചെയ്തതായ ആരോപണത്തിന്മേൽ ആരോപണ വിധേയയായ ആറ്റിങ്ങൽ പിങ്ക് പട്രോൾ വാഹനത്തിലെ ഡ്രൈവർ ഡ്യൂട്ടി നോക്കിയിരുന്ന GSCPO T3243 രജിതയെ തിരുവനന്തപുരം റേഞ്ച് DIG-യുടെ 29-08-2021-ലെ No.A2(a)/10052/2021TR പ്രകാരം കൊല്ലം സിറ്റി പോലീസ് യൂണിറ്റിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുള്ളതും രണ്ടാഴ്ചത്തെ Behaviour Improvement Training നൽകുന്നതുൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(സി) സ്ത്രീകളുടെ പ്രത്യേകിച്ച് കുട്ടികളുടെ സുരക്ഷാ നിയമങ്ങൾ സംബന്ധിച്ച് പോലീസ് സേനയ്ക്കാകെ പരിശീലനം ആവശ്യമാണെന്ന് കരുതുന്നുണ്ടോ?

സ്ത്രീകളുടെയും കുട്ടികളുടേയും സുരക്ഷയുമായി ബന്ധപ്പെട്ട നിയമങ്ങളെക്കുറിച്ചുള്ള പരിശീലനങ്ങൾ നിലവിൽ പോലീസ് സേനയ്ക്ക് നൽകിവരുന്നുണ്ട്.

(ഡി) പോലീസിലെ വനിതാ വിഭാഗത്തിലുൾപ്പെടെയുള്ളവരിൽ നിന്നുണ്ടാകുന്നതായി പറയപ്പെടുന്ന നിയമലംഘനത്തിനെതിരെ പഴുതടച്ച നിയമനടപടിക്ക് തയ്യാറാകുമോ; വ്യക്തമാക്കുമോ?

വനിതാ വിഭാഗത്തിലുൾപ്പെടെയുള്ള പോലീസുദ്യോഗസ്ഥരിൽനിന്നും ഏതെങ്കിലും തരത്തിലുള്ള നിയമലംഘനം ഉണ്ടായാൽ അത് ഗൗരവമായി കണ്ട് കർശനമായ നിയമ/വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കേരള സ്റ്റാർട്ടപ്പ് മിഷൻ**

21 (*171) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ യുവാക്കളുടെ സംരംഭകശേഷി യാഥാർത്ഥ്യമാക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

സ്കൂൾ, കോളേജ്തലം മുതൽ സംരംഭകത്വത്തിലും സാങ്കേതികതയിലും താത്പര്യം ജനിപ്പിക്കുന്നത് മുതൽ അവരെ മികച്ച സംരംഭകരാക്കി മാറ്റുന്നതുവരെയുള്ള താഴെപ്പറയുന്ന വിവിധ ഘടകങ്ങൾ ഉൾപ്പെട്ട യുവസംരംഭകത്വ വികസന പദ്ധതിയാണ് സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ നടപ്പിലാക്കിവരുന്നത്.

1. ഇവാഞ്ചലൈസേഷൻ സപ്പോർട്ട്: സ്കൂൾതലം മുതൽ സാങ്കേതികതയിലും സംരംഭകത്വത്തിലും താത്പര്യം ജനിപ്പിക്കുന്നതിനും പരീക്ഷണങ്ങൾക്കും പരിശീലനത്തിനും അവസരം നൽകുന്ന പദ്ധതിയാണിത്.

2. ഇൻക്യുബേറ്ററുകൾ: ഇൻക്യൂബേറ്ററുകൾ സ്ഥാപിച്ചുപ്രവർത്തിപ്പിക്കുക, ഇൻക്യുബേറ്ററുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുക, പ്രവർത്തിച്ചുവരുന്ന ഇൻക്യുബേറ്ററുകളെ സഹായിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

3. വിജ്ഞാന/നൈപുണ്യ വികസനം: തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ MIT-യുമായി ബന്ധപ്പെട്ട് ഫാബ് ലാബുകളും കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് 20 എഞ്ചിനീയറിംഗ് കോളേജുകളിൽ മിനി ഫാബ് ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടെക്നോളജി ഇന്നവേഷൻ സോണിൽ MIT-യുടെ സഹായത്തോടെ സൂപ്പർ ഫാബ് ലാബും സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഭാവി സാങ്കേതികതയിൽ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി ഒരു ഫ്യൂച്ചർ ലാബും സ്ഥാപിച്ചിട്ടുണ്ട്.

4. ആക്സിലറേറ്ററുകൾ: വിവിധ മേഖലകളിൽ ആക്സിലറേറ്ററുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. C-DAC-മായി സഹകരിച്ച് ഇലക്ട്രോണിക്സ് ആക്സിലറേറ്റർ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

5. ഫണ്ടിംഗ് & എന്റർപ്രൈസ് ഡെവലപ്മെന്റ്: കേരളം അടിസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ ആദ്യകാല നിക്ഷേപം ലഭ്യമാക്കുന്നതിനായി സെബി അംഗീകാരമുള്ള ഫണ്ടുകളിൽ നിക്ഷേപിച്ച് അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക ലഭ്യമാക്കുന്ന കേരള സ്പെസിഫിക് ഏയ്ഞ്ചൽ ഫണ്ട് പദ്ധതി, ആദ്യകാല സീഡ് ഫണ്ട് സഹായം നൽകുന്ന പദ്ധതി, പേറ്റന്റുകൾക്ക് ചെലവാകുന്ന തുക തിരികെ നൽകുന്ന പദ്ധതി, സമ്മിറ്റുകൾ, കോൺഫറൻസുകൾ, ഡെമോഡേ, കണക്റ്റിവിറ്റി തുടങ്ങിയവ ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിവരുന്നു.

6. <u>പ്രോഡക്റ്റൈസേഷൻ/മാർക്കറ്റിംഗ്:</u> ഉത്പന്നം വിപണിയിൽ എത്തിക്കുന്നതിനുള്ള സഹായം, ഗവേഷണ വികസന പ്രവർത്തനങ്ങൾ, ടെക്നോളജി കോമേഴ്ഷ്യലൈസേഷൻ, പ്ലാറ്റ്ഫോം വികസിപ്പിക്കൽ, വിപണനത്തിനുള്ള സഹായം എന്നിവയാണ് ഈ ഘടകത്തിലൂടെ നിർവ്വഹിക്കുന്നത്.

7. <u>എക്സ്ചേഞ്ചസ് & ഗ്ലോബൽ ഇമേർഷൻ:</u> ആഗോള തലത്തിൽ ലാൻഡിംഗ് പാഡുകൾ സ്ഥാപിക്കുക, വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കും അന്തർദ്ദേശീയ സന്ദർശനങ്ങൾ തുടങ്ങിയവ ഈ ഘടകത്തിലൂടെ നടപ്പിലാക്കിവരുന്നു.

8. <u>റിസർച്ച് & ഇന്നവേഷൻ പ്രോഗ്രാം:</u> ഗവേഷണ വികസന സ്ഥാപനങ്ങൾ, ശാസ്ത്രജ്ഞർ, ഇന്നവേറ്റർമാർ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവരെ ബന്ധിപ്പിച്ച് ഗവേഷണ വികസന പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന ആശയങ്ങളെ ഉൽപ്പന്നമാക്കി വിപണിയിലെത്തിക്കുന്നതിന് ലക്ഷ്യമിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

9. <u>വനിതാ സംരംഭകത്വവും സ്റ്റാർട്ടപ്പ് പരിപാടികളും:</u> സംരംഭകത്വ സാങ്കേതിക പരിജ്ഞാനശേഷി വികസിപ്പിച്ച് വനിതകളെ സംരംഭകത്വത്തിലേയ്ക്ക് നയിക്കുന്നതിനുദ്ദേശിച്ചുള്ള പദ്ധതിയാണിത്.

(ബി) പ്രസ്തുത മിഷന് കീഴിൽ കളമശ്ശേരിയിൽ സ്ഥാപിതമായ രാജ്യത്തെ ഏറ്റവും വലിയ ഡിജിറ്റൽ ഉൽപ്പന്ന വ്യവസായ കേന്ദ്രം വഴി എന്തെല്ലാം നേട്ടങ്ങൾ പ്രതീക്ഷിക്കുന്നു; വിശദാംശം ലഭ്യമാക്കുമോ?

സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ വിഭാഗങ്ങളിലെ ഉത്പന്ന രൂപകൽപ്പന, വികസനം എന്നിവയ്ക്കുള്ള ഏകീകൃത മികവിന്റെ കേന്ദ്രമായി പ്രവർത്തിക്കുന്നതിനാണ് കളമശ്ശേരി ടെക്നോളജി ഇന്നവേഷൻ സോണിലെ ഡിജിറ്റൽ ഹബ്ബിനെ വിഭാവനം ചെയ്തിട്ടുള്ളത്. നിർമ്മിതബുദ്ധി, റോബോട്ടിക്സ്, ഓഗ്മെന്റഡ് റിയാലിറ്റി, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ലാംഗ്വേജ് പ്രോസസ്സിംഗ് തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായാണ് ഡിജിറ്റൽ ഹബ്ബിന്റെ പ്രവർത്തനം. പൂർണ്ണമായി പ്രവർത്തന സജ്ജമാകുമ്പോൾ 2500-ഓളം പേർക്ക് നേരിട്ട് തൊഴിലവസരം ലഭിക്കുന്ന 200-ഓളം സ്റ്റാർട്ടപ്പുകൾക്ക് ഇവിടെ പ്രവർത്തിക്കാൻ സാധിക്കും.

(സി) നൂതന സംരംഭങ്ങളുടെ സുസ്ഥിര വളർച്ചയും സംരംഭകരുടെ ആശയങ്ങൾ സാക്ഷാത്കരിച്ച് വിപണിവൽക്കരിക്കുന്നതിനുമുള്ള ഏകോപനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ?

സംസ്ഥാനത്തെ വിവിധ സാങ്കേതിക, ആർട്സ് ആൻഡ് സയൻസ്, പോളിടെക്നിക്, പ്രൊഫഷണൽ കോളേജുകളിൽ ഇന്നവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ (IEDC) സ്ഥാപിക്കുന്ന പ്രവർത്തനം കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടത്തിവരുന്നു. 283 IEDC-കളാണ് നിലവിലുള്ളത്. മിനി ഇൻകുബേറ്ററുകളായി പ്രവർത്തിക്കുന്ന ഇവയിലൂടെ വിദ്യാർത്ഥികളെ സംരംഭകരാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചുവരുന്നത്. IEDC-യിലൂടെ ലഭ്യമാക്കുന്ന മികച്ച ആശയങ്ങളെ പ്രീ ഇൻകുബേഷൻ പരിപാടിയിലൂടെ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു. ആശയങ്ങൾ വികസിപ്പിച്ച് ഉൽപ്പന്നമായി വിപണിയിലെത്തിക്കുന്നതിന് നാല് ഘട്ടങ്ങളായുള്ള സഹായങ്ങളാണ് നൽകിവരുന്നത്. പ്രീ-ഇൻകുബേഷൻ പ്രോഡക്ട് ഡെവലപ്മെന്റ് പൈലറ്റിംഗ് സ്കെയിലിംഗ് അപ് വിപണി ലഭ്യമാകുന്നതിനുവേണ്ടി ഡെമോ ഡേ, ഡിമാന്റ് ഡേ, റിവേഴ്സ് പിച്ച്, കോർപ്പറേറ്റ് ഇന്നവേഷൻ പ്രിഫറൻസ്, ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേയ്സ് എന്നീ പരിപാടികളിലൂടെ സ്റ്റാർട്ടപ്പുകളെ സഹായിച്ചുവരുന്നു. business.startupmission.in എന്ന പ്ലാറ്റ്ഫോമിലൂടെയാണ് ഇത് പ്രാവർത്തികമാക്കുന്നത്.

**ഹോം നഴ്സിംഗ് ഏജൻസികൾ**

22 (*172) <u>ശ്രീ. എം. നൗഷാദ്</u>:
<u>ശ്രീ. വി. കെ. പ്രശാന്ത്</u>:
<u>ഡോ. സുജിത് വിജയൻപിള്ള</u>:
<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോം നഴ്സിംഗ് ഏജൻസികൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് അനുവദിച്ച് നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഹോം നഴ്സിംഗ് ഏജൻസികൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് ആകെ എത്ര ഹോം നഴ്സിംഗ് ഏജൻസികൾ നിലവിലുണ്ടെന്നും ഇതിൽ ലൈസൻസുള്ള എത്ര ഏജൻസികൾ ഉണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും

ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ 12-ാം ചട്ടത്തിൽ (വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും) പട്ടിക 2-ൽ 302-ാം നമ്പറായി ഹോം നഴ്സിംഗ് സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽനിന്നും നിയമാനുസൃത ലൈസൻസ് അനുവദിച്ചുനൽകാറുണ്ട്. നഗരസഭയുടെ പരിധിയിൽ 76 ഹോം നഴ്സിംഗ് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ 68 എണ്ണത്തിന് ലൈസൻസ് ലഭിച്ചിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു)*. നെടുമങ്ങാട്, കൊടുങ്ങല്ലൂർ, ഗുരുവായൂർ, പാലക്കാട്, നിലമ്പൂർ എന്നീ നഗരസഭകളിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന 8 ഹോം നഴ്സിംഗ് ഏജൻസികൾക്ക് ലൈസൻസ് എടുക്കുന്നതിന് നഗരസഭകളിൽനിന്നും അറിയിപ്പ് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിലുള്ള പഞ്ചായത്ത് ലൈസൻസ് ചട്ടങ്ങളിൽ ഹോം നഴ്സിംഗ് ഏജൻസികൾക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശമില്ല.

(സി) ഈ രംഗത്തെ ഏജൻസികൾ പരിശീലനം ലഭിച്ചവരെയാണോ ഹോം നഴ്സുകളായി നിയമിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഹോം നഴ്സുമാർക്ക് പരിശീലനം നൽകുവാൻ സർക്കാർ തലത്തിൽ സംവിധാനങ്ങളുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ; ഹോം നഴ്സുകൾക്ക് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

(സി & ഡി) ഇല്ല. ഹോംനഴ്സുമാർക്ക് പരിശീലനം നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ സംവിധാനങ്ങളൊന്നും നിലവിലില്ലാത്തതിനാൽ സർക്കാർ ഇക്കാര്യം പരിശോധിച്ചിട്ടില്ല.

**ഐ.ടി. വികസനം**

23 (*173) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ ആദ്യ ടെക്നോപാർക്ക് സ്ഥാപിക്കപ്പെട്ട കേരളത്തിൽ അതിനനുസൃതമായ വികസനം പ്രസ്തുത രംഗത്ത് ഉണ്ടാകേണ്ടതുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഐ.ടി. മേഖലയിലെ വികസനത്തിനായി കഴിഞ്ഞ സർക്കാർ ആരംഭിച്ച പ്രവർത്തനങ്ങളെ കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതിയ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനും ആണ് ഈ സർക്കാർ ശ്രമിക്കുന്നത്. ഉത്പാദന മേഖലയിലെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും വിദ്യാസമ്പന്നരായ പുതിയ തലമുറയ്ക്കനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഐ.ടി. പോലുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിൽ കൂടുതൽ ഊന്നൽ നൽകുന്നതിനുതകും വിധം നയരേഖയും കഴിഞ്ഞ സർക്കാർ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമായ നേട്ടങ്ങളാക്കി മാറ്റുവാനും കഴിഞ്ഞിട്ടുണ്ട്. ദേശീയ, അന്തർദ്ദേശീയ തലത്തിൽ ഉണ്ടാകുന്ന സാധ്യതകളെ ഉപയോഗപ്പെടുത്തി മുന്നോട്ടുപോകുവാനും സർക്കാർ പരിശ്രമിക്കുകയാണ്. ഐ.ടി. മേഖലയിൽ ടെക്നോപാർക്ക് സ്ഥാപിക്കപ്പെട്ടതുപോലെ ഐ.ടി. വികസനം സംസ്ഥാനത്താകെ ലക്ഷ്യമാക്കിക്കൊണ്ടാണ് ടെക്നോ പാർക്കിന്റെ മാതൃകയിൽ കൊച്ചിയിൽ ഇൻഫോ പാർക്ക്, കോഴിക്കോട് സൈബർ പാർക്ക് തുടങ്ങിയ സർക്കാർ ഐ.ടി. പാർക്കുകൾകൂടി സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നത്. ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നീ പാർക്കുകളുടെ വിവിധ വികസന ഘട്ടങ്ങൾ ഇവ കേന്ദ്രീകരിച്ചുള്ള ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിലുള്ള ഉപപാർക്കുകൾ, സൈബർപാർക്ക് തുടങ്ങിയവയിലൂടെ സംസ്ഥാനത്തുടനീളം ഐ.ടി. മേഖലയിൽ പരമാവധി നിക്ഷേപങ്ങളും ദേശീയ-അന്തർദ്ദേശീയ തലത്തിലുള്ള വൻകിട ഐ.ടി./ഐ.ടി.ഇ.എസ്., അനുബന്ധ വ്യവസായ സംരംഭങ്ങൾ ഇവ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി ലോകോത്തര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും ഈ 3 ഐ.ടി. പാർക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. 21 ലക്ഷം ചതുരശ്ര അടി ഐ.ടി. സ്പേസും 56000 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ പ്രാപ്തമാകുന്നവിധം പുതിയ പ്രോജക്ടുകൾ കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. 2016-2021 കാലയളവിൽ 52.44 ലക്ഷം ചതുരശ്ര അടി ഐ.ടി. സ്പേസിൽ വർദ്ധനവുണ്ടായി. ഐ.ടി. പാർക്കുകളിൽ 292 പുതിയ കമ്പനികൾ പ്രവർത്തനമാരംഭിച്ചു. 2019-20 വരെ 2500 സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനമായി മാറാനും കേരളത്തിന് സാധിച്ചു. എല്ലാവർക്കും ഇന്റർനെറ്റ് സൗകര്യം ഉറപ്പുവരുത്തുന്നതിന് പൊതുമേഖലയിൽ ആരംഭിച്ച കെ-ഫോൺ ലോകത്തിന് ആകെത്തന്നെ മാതൃകയാകുന്ന ഒന്നായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു. ഡിജിറ്റൽ ഡിവൈഡ് ഇല്ലാതാക്കുന്നതിനുള്ള നടപടികൾക്കും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇടപെടലുണ്ടായി. ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ സർക്കാർ സേവനങ്ങൾ സുഗമമായി ലഭ്യമാക്കണമെന്ന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ഇതിനായി വിവിധ വകുപ്പുകൾ നൽകിവരുന്ന നിരവധി സേവനങ്ങൾ സംയോജിപ്പിച്ച് ഒരു ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ/വെബ് സൈറ്റ് "ഇ-സേവനം/എം-സേവനം" 2021 ഒക്ടോബർ 1-ന് നിലവിൽ വരികയും

ചെയ്തിട്ടുണ്ട്. ആഗോള ഡിജിറ്റൽ മേഖലയിൽ വന്നിട്ടുള്ള ഘടനാപരമായ മാറ്റത്തെ ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് അത്യന്താധുനിക ഡിജിറ്റൽ നൈപുണ്യ പരിശീലനം യുദ്ധകാലാടിസ്ഥാനത്തിൽ നൽകാനും സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി ഒരു സ്കിൽ മിഷൻ രൂപീകരിച്ച് മുന്നോട്ട് നീങ്ങുവാനാണ് സർക്കാരിന്റെ ലക്ഷ്യം.

(ബി) സംസ്ഥാനത്ത് ഐ.ടി. വികസന രംഗത്ത് നിലനിന്നിരുന്ന മുരടിപ്പ് മാറ്റിയെടുക്കുന്നതിന് കഴിഞ്ഞ അഞ്ച് വർഷം സ്വീകരിച്ച നടപടികൾ സഹായകരമായിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സർക്കാർ ഐ.ടി. പാർക്കുകളിൽ വിവിധ പദ്ധതികളിലൂടെ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും പുതിയ നിക്ഷേപകരെ ഐ.ടി. മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിലും കഴിഞ്ഞ 5 വർഷം സ്വീകരിച്ച നടപടികൾ സഹായകരമായിട്ടുണ്ട്. ഇതിലൂടെ ടെക്നോ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ 85.1 ലക്ഷം ചതുരശ്ര അടിയിൽനിന്നും 102.7 ലക്ഷം ചതുരശ്ര അടിയായും കമ്പനികൾ 370-ൽനിന്നും 460 ആയും തൊഴിലവസരങ്ങൾ ഏകദേശം 51860-ൽ നിന്നും 63000-ത്തോളമായും സോഫ്റ്റ്‌വെയർ കയറ്റുമതി 5,000 കോടി രൂപയിൽനിന്നും 7,350 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. ഇൻഫോ പാർക്കിൽ ഐ.ടി. സ്പേസ് വിസ്തൃതി 6 ദശലക്ഷം ചതുരശ്ര അടിയിൽനിന്ന് 9.2 ദശലക്ഷം ചതുരശ്ര അടിയിലേയ്ക്ക് വളർന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇൻഫോ പാർക്കിൽ പുതുതായി 168 ഐ.ടി. സ്ഥാപനങ്ങൾ ആരംഭിക്കുകയും 19400 തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. സൈബർ പാർക്കിന്റെ ഐ.ടി. സ്പേസ് വിസ്തൃതി 12000 ച.അടിയിൽനിന്ന് 3 ലക്ഷം ചതുരശ്ര അടിയിലേയ്ക്ക് വളർന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സൈബർ പാർക്കിൽ പുതുതായി 44 ഐ.ടി. സ്ഥാപനങ്ങൾ ആരംഭിക്കുകയും 550 തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബ്ലോക് ചെയിൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മുതലായ നൂതന പഠന ഗവേഷണ വിഷയങ്ങളിൽ വിദ്യാസമ്പന്നരായ പുതിയ തലമുറയെ സൃഷ്ടിച്ച് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഐ.ടി. പോലുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിൽ കൂടുതൽ ഊന്നൽ നൽകുന്നതിനും ഉതകുന്ന രീതിയിൽ സഹായകരമാകുന്നതിലേയ്ക്കായി IIITM-K രൂപാന്തരപ്പെട്ട് സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വകലാശാലയും നിലവിൽ വന്നിട്ടുണ്ട്. ഐ.ടി.പാർക്കുമായി ബന്ധപ്പെട്ട് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന വികസന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വൻകിട ഐ.ടി. നിക്ഷേപം സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നതിനായി അതിവിദഗ്ദ്ധരായ ഒരു തൊഴിൽ സേനയെ സൃഷ്ടിക്കുന്നതിനുള്ള നയസമീപനവും കർമ്മപദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വൻകിട കമ്പനികൾ സംസ്ഥാനത്തേയ്ക്ക് വരുന്നതിന് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുക എന്നത് പ്രധാനമാണ്. അതിവിദഗ്ദ്ധരായ തൊഴിൽ സേനയെ ഒരുക്കുന്നതിനും കഴിയേണ്ടതുണ്ട്. അതിനുതകുന്ന നൈപുണ്യവികസന പദ്ധതികളും ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ ലക്ഷ്യം വയ്ക്കുന്നുണ്ട്. സംസ്ഥാനത്തെ മെഗാ ഐ.ടി. പ്രോജക്ടുകളുമായി ബന്ധപ്പെട്ട് കേരളാ ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (K-DISC) മേൽനോട്ടത്തിൽ ICT അക്കാദമി കേരളയും ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുമായി ചേർന്ന് നടപ്പിലാക്കുന്ന 'കേരള നോളജ് ഇക്കണോമി മിഷൻ' പദ്ധതികളിലൂടെ സംസ്ഥാനത്ത് അടുത്ത 5 വർഷത്തിനുള്ളിൽ 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതോടൊപ്പം K-DISC, കേരള ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റവും സ്ഥാപിച്ചിട്ടുണ്ട്. ഇതുമൂലം തൊഴിലുടമകൾക്ക് അവരുടെ പദ്ധതികൾക്ക് അനുയോജ്യരായ പ്രാവീണ്യമുള്ള ഉദ്യോഗാർത്ഥികളെ കണ്ടെത്താനും ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതകൾക്കനുസരിച്ചുള്ള മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിനും സഹായകമാകും.

(ഡി) ഐ.ടി. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും പശ്ചാത്തല സൗകര്യം വിപുലീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ വിവിധ ഐ.ടി. പാർക്കുകളിലേയ്ക്ക് ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിനായി നിലവിൽ SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടം, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും, മറ്റ് അനുബന്ധ സൗകര്യങ്ങളും ഇതിനകംതന്നെ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലുള്ള 'കോ-വർക്കിംഗ് സ്പെയിസ് സംവിധാനത്തിലുള്ള താൽപ്പര്യം അറിയിക്കുക, അവ പ്രയോജനപ്പെടുത്തിക്കൊണ്ട് 'റിമോട്ട് വർക്ക് ഫോഴ്സ് വഴി സംസ്ഥാനത്ത് പ്രാതിനിധ്യം ഇല്ലാത്ത വൻകിട കമ്പനികളുടെ ബിസിനസ്സ് കേരളത്തിൽ ആരംഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വൻകിട കമ്പനികൾ സംസ്ഥാനത്തേയ്ക്ക് വരുന്നതിന് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുക എന്നത് പ്രധാനമാണ്. അതിവിദഗ്ദ്ധരായ തൊഴിൽ സേനയെ ഒരുക്കുന്നതിനുതകുന്ന നൈപുണ്യ വികസന പദ്ധതികളും

ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ ലക്ഷ്യംവയ്ക്കുന്നുണ്ട്. കൂടാതെ ടെക്നോ പാർക്കിന്റെ വൻകിട പദ്ധതികളായ എംബസി-ടോറസ് ഗ്രൂപ്പിന്റെ 'ഡൗൺടൗൺ ട്രിവാൻഡ്രം', M/s ബ്രിഗേഡ് എന്റർപ്രൈസിന്റെ വേൾഡ് ട്രേഡ് സെന്റർ, ടി.സി.എസ്.-ന്റെ എയ്റോസ്പേസ് ഹബ്ബ് തുടങ്ങിയ പദ്ധതികൾ തത്സമയ-വർക്ക്-പ്ലേ മോഡലിൽ ഒരു സംയോജിത മാതൃകയായി ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടത്തിലും, ടെക്നോ സിറ്റിയിലുമായി പശ്ചാത്തല സൗകര്യങ്ങൾ സജ്ജമാക്കിവരുന്നു. അവിടെ ഐ.ടി./ഐ.ടി.ഇ.എസ്., അനുബന്ധ വ്യവസായ സ്ഥാപനങ്ങൾ, റെസിഡൻഷ്യൽ അപ്പാർട്ട്മെന്റുകൾ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയവ പ്രവർത്തിച്ച് തുടങ്ങുന്നതോടുകൂടി സമീപ പ്രദേശത്തിന്റെ വളർച്ചയും സംസ്ഥാനത്തെ ഐ.ടി. മേഖലയുടെ വൻ വികസനത്തിനും വഴിയൊരുക്കും. NH-66 ബൈപാസിന്റെ ഭാഗമായുള്ള കഴക്കൂട്ടം റീച്ചും എലിവേറ്റഡ് ഹൈവേ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. തിരുവനന്തപുരത്തെ ടെക്നോ പാർക്കിന്റെ നാല് ഘട്ടങ്ങളിലുമായി ഒരു hussle free connectivity സജ്ജീകരിക്കുന്നുണ്ട്. ഇവ സംസ്ഥാനത്തെ ഐ.ടി. മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നതാണ്.

(ഇ) സംസ്ഥാനത്തിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹബ് ആയി തിരുവനന്തപുരത്തെ ഉയർത്തുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കേരളത്തിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹബ്ബായി തിരുവനന്തപുരത്തെ ഉയർത്തുന്നതിന് സർക്കാർ ലക്ഷ്യം വയ്ക്കുന്നു. ഇതിനായി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സർവ്വകലാശാലകളെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ടെക്നോ പാർക്കിന്റെ കൂട്ടായ നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനായി പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കും. ടെക്നോസിറ്റി ക്യാമ്പസിൽ സ്ഥാപിതമായിട്ടുള്ള ഡിജിറ്റൽ സർവ്വകലാശാലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഒരു പഠന ഗവേഷണ വിഷയമാണ്. സംസ്ഥാനത്തിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹബ്ബായി തിരുവനന്തപുരത്തെ ഉയർത്താനുള്ള എല്ലാവിധ പ്രവർത്തനങ്ങളും പ്രസ്തുത ഡിജിറ്റൽ സർവ്വകലാശാല മുഖാന്തരം സ്വീകരിക്കുന്നതാണ്. ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സോഫ്റ്റ്വെയറിലും ഹാർഡ്‌വെയർ വശങ്ങളിലും വർദ്ധിച്ചുവരുന്ന വൈദഗ്ധ്യമുണ്ട്. ഇന്റലിജൻസ് സെൻസിംഗ്, ഇന്റലിജൻസ് സിസ്റ്റംസ്, റോബോട്ടിക്സ്, ഓട്ടോമേഷൻ എന്നീ മേഖലകളിൽ സാമൂഹ്യ കണ്ടുപിടിത്തത്തിനും വാണിജ്യപരമായ പ്രയോഗങ്ങൾക്കും ബാധകമായ മേഖലകളിൽ കൃത്രിമ ബുദ്ധി ഗവേഷണത്തിൽ പുതിയ ദിശകൾ സൃഷ്ടിക്കാൻ സർവ്വകലാശാല പിന്തുണയ്ക്കും.

## ആരോഗ്യ സുരക്ഷ പദ്ധതികൾ

24 (*174) ശ്രീ. പി. പി. സുമോദ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കുന്ന ആരോഗ്യ സുരക്ഷ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (ABPM-JAY-KASP).

2. കാരുണ്യ ബെനവെലവന്റ് ഫണ്ട് (KBF).

(ബി) ഈ പദ്ധതികളിലൂടെ സംസ്ഥാനത്തെ സാധാരണക്കാർക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്; ഈ സേവനങ്ങൾ ലഭ്യമാകുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണ്?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ 29-5-2018-ലെ G.O.(Rt)No.1739/2018/H&FWD പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ചുകൊണ്ട് സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP). നിലവിൽ 187 സർക്കാർ ആശുപത്രികളിലും, 5 കേന്ദ്ര സർക്കാർ ആശുപത്രികളിലും, 556 സ്വകാര്യ ആശുപത്രികളിലും കേരളത്തിലുടനീളം പദ്ധതിയുടെ സേവനം ലഭ്യമാണ്. ആദ്യവർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത് ഇൻഷ്വറൻസ് മാതൃകയിലാണ്. ഈ കാലയളവിൽ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിനായിരുന്നു നടത്തിപ്പ് ചുമതല. 2020 ജൂലൈ 1 മുതൽ പദ്ധതി അഷ്വറൻസ് മാതൃകയിലേയ്ക്ക് മാറുകയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് രൂപം നൽകുകയും ചെയ്തു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന ഓഫീസും ജില്ലാ തലത്തിൽ ജില്ലാ ഓഫീസും പ്രവർത്തിച്ചുവരുന്നു. അർഹതയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും പ്രായവ്യത്യാസമില്ലാതെ അഞ്ച് ലക്ഷം രൂപ വരെയുള്ള ദ്വിതീയ, ത്രിതീയ തലപരിചരണചികിത്സ ഓരോ വർഷവും

പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽനിന്നും സൗജന്യമായി ലഭിക്കുന്നതാണ്. പദ്ധതി പ്രകാരം ആശുപത്രിയിലെ കിടത്തിചികിത്സയ്ക്കാണ് ആനുകൂല്യം ലഭിക്കുക. കിടത്തിചികിത്സ ആരംഭിക്കുന്നതിന് മുൻപുള്ള മൂന്ന് ദിവസത്തെ പരിശോധനകളും മരുന്നുകളും സൗജന്യമായിരിക്കും. ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്ന സമയത്തെ ചികിത്സയ്ക്കും, മരുന്നുകൾക്കും, പരിശോധനകൾക്കും ചെലവാകുന്ന മുഴുവൻ തുകയും പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. ആശുപത്രിവിട്ട ശേഷം പരമാവധി 15 ദിവസം വരെയുള്ള മരുന്നുകൾക്കും പരിശോധനകൾക്കും ചെലവാകുന്ന ചികിത്സാ ആനുകൂല്യം സൗജന്യമാണ്. അലോപ്പതി ചികിത്സയ്ക്ക് മാത്രമേ ആനുകൂല്യം നിലവിൽ ലഭിക്കുകയുള്ളൂ. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ചികിത്സ ലഭ്യമാക്കുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റി വികസിപ്പിച്ചെടുത്ത ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് 2.0 മുഖേനയാണ്. ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് രൂപം നൽകുന്നതിന് മുൻപായി തെരഞ്ഞെടുക്കപ്പെട്ട എംപാനൽ ചെയ്ത ആശുപത്രികളുമായി കൂടിയാലോചിച്ചാണ് നിരക്കുകൾ നിജപ്പെടുത്തിയിരിക്കുന്നത്. 25 സ്പെഷ്യാലിറ്റികളിലായി 1667 പാക്കേജുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത 89 പാക്കേജുകളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. പാക്കേജുകളിൽ ഉൾപ്പെടുത്താത്ത ചികിത്സകൾക്കായി അൺസ്പെസിഫൈഡ് പാക്കേജുകൾ ഉപയോഗിക്കാവുന്നതാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടത്തിപ്പ് ചുമതല വഹിക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ സർക്കാർ/സ്വകാര്യ ആശുപത്രികളിൽനിന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ സൗജന്യ ചികിത്സ ആനുകൂല്യം ലഭ്യമാണ്. കിടത്തി ചികിത്സ ആവശ്യമില്ലാത്ത അസുഖങ്ങൾ, വന്ധ്യതാ ചികിത്സ, സൗന്ദര്യ വർദ്ധക ചികിത്സ, വാക്സിനേഷൻ, മുതലായ ഏതാനും ചികിത്സ നടപടികൾ മാത്രമാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ക്ലെയിം ചെയ്യാൻ സാധിക്കാത്തത്. നിലവിൽ സംസ്ഥാന സർക്കാർ പൂർണ്ണമായും ചികിത്സ ചെലവ് വഹിക്കുന്ന 19.57 ലക്ഷം കുടുംബങ്ങൾ ഉൾപ്പെടെ ആകെ 41.71 ലക്ഷം കുടുംബങ്ങൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുവരുന്നു. നിലവിലെ പദ്ധതി ഗൈഡ്‌ലൈൻ പ്രകാരം കാർഡ് എടുക്കാത്ത അർഹരായ കുടുംബങ്ങളിലെ അംഗങ്ങൾക്ക് ചികിത്സ ആവശ്യമായിവരുന്ന സമയത്ത് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്ന ആശുപത്രികളിലെ കാസ്പ് കിയോസ്ക്കുകളിൽനിന്ന് കാർഡ് ലഭ്യമാക്കുന്നതാണ്. കാർഡ് എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെപ്പറയും പ്രകാരമാണ്. അർഹതപ്പെട്ട കുടുംബമാണെങ്കിൽ ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ KASP പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ കിയോസ്ക്കുകളിൽനിന്നും താഴെപ്പറയുന്ന രേഖകൾ ഹാജരാക്കി അംഗത്വം നേടാവുന്നതാണ്.

1. 2018-2019-ലെ സാധുവായ ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് കാർഡുകൾ.

2. ആധാർ കാർഡ്.

3. റേഷൻ കാർഡ്

4. 2011 സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരം പദ്ധതിയിൽ അർഹരാണെന്ന് കാണിച്ച് പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്ന് ലഭിച്ച തപാൽ സന്ദേശം.

പദ്ധതിയിൽ അംഗത്വം നേടുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടില്ല. കൂടാതെ നിലവിലുള്ള രോഗികൾക്കും സൗജന്യ ചികിത്സാ ആനുകൂല്യം ലഭിക്കുമെന്ന സവിശേഷതയും ഉണ്ട്. KASP പദ്ധതി സംബന്ധമായ എല്ലാ സേവനങ്ങളും സൗജന്യമായി എംപാനൽ ചെയ്ത ആശുപത്രികളിലെ കിയോസ്കുകളിൽ ലഭ്യമാണ്. കാരുണ്യ ബെനവെലന്റ് ഫണ്ട് (KBF) പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ. KASP ഗുണഭോക്താക്കൾ അല്ലാത്ത 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എല്ലാ കുടുംബാംഗങ്ങൾക്കും KBF പദ്ധതിയിലൂടെ 2 ലക്ഷം രൂപവരെയുള്ള സൗജന്യ ചികിത്സ ആനുകൂല്യം ഒറ്റത്തവണത്തേയ്ക്ക് ലഭിക്കുന്നതാണ്. വൃക്കസംബന്ധമായ അസുഖങ്ങൾക്കാണെങ്കിൽ 3 ലക്ഷം രൂപയുടെ ആനുകൂല്യവും ലഭ്യമാക്കുന്നു. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെയും നടത്തിപ്പ് ചുമതല സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്കാണ്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്ത എല്ലാ ആശുപത്രികളിൽനിന്നും നാഷണൽ ഹെൽത്ത് അതോറിറ്റി (NHA) രൂപകൽപ്പന ചെയ്ത ഹെൽത്ത് ബെനഫിറ്റ് പാക്കേജ് (HBP) പ്രകാരം KBF ആനുകൂല്യവും ലഭ്യമാക്കുന്നതാണ്. KBF പദ്ധതി സംബന്ധമായ എല്ലാ സേവനങ്ങളും സൗജന്യമായി എംപാനൽ ചെയ്ത ആശുപത്രികളിലെ കിയോസ്കുകളിൽ ലഭ്യമാണ്.

(സി) ഈ പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാണോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

കേന്ദ്ര സഹായം ലഭ്യമാണ്. 60:40 എന്ന അനുപാതത്തിലാണ് പദ്ധതിയെങ്കിലും ഒരു സാമ്പത്തിക വർഷം കേന്ദ്ര വിഹിതത്തിന് അർഹമായ കുടുംബത്തിന് പരമാവധി 631.20 രൂപ മാത്രമാണ് ലഭിക്കുക. നിലവിൽ 2204105 കുടുംബങ്ങൾക്കായി ലഭിക്കുന്ന കേന്ദ്ര വിഹിതം പരമാവധി 139,12,31,076/- രൂപയാണ്. ബാക്കി തുക സംസ്ഥാനം കണ്ടെത്തണം.

(ഡി) പ്രസ്തുത പദ്ധതികളിലൂടെ സൗജന്യ ചികിൽസയും ചികിൽസ സഹായവും ഈ വർഷം എത്ര പേർക്ക് ലഭ്യമാക്കിയെന്നും എത്ര തുക ഇതിനായി ചെലവഴിച്ചുവെന്നുമുള്ള കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ?

നടപ്പുസാമ്പത്തിക വർഷം ഇതുവരെ 276348 ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി. ഇവർക്ക് 773,22,15,173 രൂപയുടെ ചികിത്സയാണ് നൽകിയത്. ഇതിൽ വിശദ പരിശോധന കഴിഞ്ഞ ക്ലെയിം കേസുകളിലേയ്ക്കായി 445.96 കോടി രൂപ സെപ്റ്റംബർ മാസം വരെ ആശുപത്രികൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നൽകി തീർപ്പാക്കിയിട്ടുണ്ട്.

**സാമൂഹ്യക്ഷേമ പദ്ധതികളിലെ ഗുണഭോക്താക്കളെ കണ്ടെത്തൽ**

25 (*175) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ പദ്ധതികളിലെ ഗുണഭോക്താക്കളെ കണ്ടെത്താനും തെരഞ്ഞെടുക്കാനും കേന്ദ്രീകൃതമായ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. സംസ്ഥാനത്ത് വിവിധ സേവനങ്ങൾക്കായി ഒരു യൂണിഫൈഡ് രജിസ്ട്രി (ഏകീകൃത വിവര സംവിധാനം) സജ്ജമാക്കുന്നതിനുള്ള പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

(ബി) ഓരോ വകുപ്പിലേയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനായി വകുപ്പുകൾ വെവ്വേറെ നടപടികൾ സ്വീകരിക്കുന്നതിന് പകരം കേന്ദ്രീകൃത സംവിധാനം തിരിച്ചറിയുന്നതിന് കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഒരു പദ്ധതിയിലും ഉൾപ്പെടാത്തവരെ കണ്ടെത്തുന്നതിനും അർഹതയില്ലാത്തവർ ആനുകൂല്യങ്ങൾ നേടുന്നത് തടയുന്നതിനും വേണ്ടി വിവരശേഖരണം നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

(ബി&സി) പദ്ധതികളെയും ഗുണഭോക്താക്കളെയും കണ്ടെത്തി ടി സംവിധാനത്തിൽ കൊണ്ടുവരുന്നതിലൂടെ സർക്കാരിന്റെ സാമൂഹ്യക്ഷേമ പദ്ധതികളുടെ ഗുണം പറ്റുന്ന എല്ലാ ഗുണഭോക്താക്കളെയും കണ്ടെത്താനും ഇതുവഴി അർഹതയില്ലാതെ ആനുകൂല്യം പറ്റുന്ന ആൾക്കാരെ കണ്ടെത്താനും കഴിയും. ഈ സംവിധാനം Rebuild Kerala Initiative, ധനകാര്യം, വിവരസാങ്കേതികവിദ്യ വകുപ്പുകളുടെയും ഏകോപനത്തിലൂടെയാണ് നടപ്പിലാക്കുന്നത്. ഇതിനായി 34.32

കോടി രൂപ ചെലവിൽ അനുബന്ധ സോഫ്റ്റ് വെയർ, ഹാർഡ്‌വെയർ മാനവ വിഭവശേഷി എന്നിവയുൾപ്പെടെ ഒരു "ആധാർ വാൾട്ട്" സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സാങ്കേതിക സംവിധാനം പദ്ധതിയുമായി ബന്ധപ്പെട്ട ഡാറ്റ ശേഖരണം, ഡാറ്റയുടെ നിയമപരമായ ഉടമസ്ഥത എന്നിവയും ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പിൽ നിക്ഷിപ്തമാണ്. ഇതിനായി വിവരസാങ്കേതികവിദ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

## കോവിഡ് രോഗികളുടെ മരണ നിരക്ക്

26 (*176) ശ്രീ. അൻവർ സാദത്ത്:
ശ്രീ. സനീഷ്‌കുമാർ ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് രോഗികളുടെ എണ്ണം ചെറിയ തോതിലെങ്കിലും കുറഞ്ഞുവരുമ്പോഴും മരണ നിരക്ക് കുറയാതെ നിൽക്കുന്നത് ആശങ്കയോടെ കാണുന്നുണ്ടോ എന്ന് അറിയിക്കാമോ?

ഓരോ രാജ്യങ്ങളിലേയും മറ്റ് സംസ്ഥാനങ്ങളിലേയും മരണ നിരക്ക് സസൂക്ഷ്മം പരിശോധിക്കുമ്പോൾ കേരളത്തിലെ മരണ നിരക്കും കുറവാണെന്ന് കാണാവുന്നതാണ്. കേസ് ഫറ്റാലിറ്റി നിരക്ക് (CFR) സംസ്ഥാനം ശ്രദ്ധയോടെ അപഗ്രഥിക്കുന്നുണ്ട്. ഒരു ഘട്ടത്തിൽ പോലും കേസ് ഫറ്റാലിറ്റി നിരക്ക് ദേശീയ ശരാശരിയെക്കാളും ഉയർന്നില്ല എന്നതും എടുത്തുപറയേണ്ടതാണ്. ഉയർന്ന ജനസാന്ദ്രതയും ജീവിതശൈലീ രോഗങ്ങളുടെ അളവ് വളരെ ഉയർന്നുനിൽക്കുന്നുവെങ്കിലും കേരളത്തിലെ ചിട്ടയായ ടെസ്റ്റിംഗ് വഴി രോഗം പകർന്ന ഏറ്റവും കൂടുതൽ ആളുകളെ കണ്ടെത്തുകയും തുടർന്ന് കോണ്ടാക്റ്റ് ട്രേസിംഗും ചികിത്സയും ഉറപ്പാക്കുകയും അതുവഴി മരണ നിരക്ക് കുറയ്ക്കുകയും ചെയ്തു. പ്രതിമാസ മരണങ്ങളുടെ എണ്ണവും മരണ നിരക്കും കേരളം പോലൊരു സംസ്ഥാനത്ത് വർദ്ധിച്ചിട്ടില്ലെന്നതും എടുത്തുപറയേണ്ടതാണ്.

(ബി) കോവിഡ് മരണനിരക്ക് കുറയാത്തതിന്റെ കാരണം പഠന വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഏതൊരുരോഗവും ഉണ്ടാകുന്നത് രോഗിയുടെയും രോഗാണുവിന്റെയും പരിസ്ഥിതി ഉൾപ്പെടെയുള്ള ബാഹ്യഘടകങ്ങളുടെയും അടിസ്ഥാനത്തിലാണ്.

കോവിഡ് മരണം ആദ്യം റിപ്പോർട്ട് ചെയ്യപ്പെട്ടത് മുതൽ തന്നെ അവരുടെ രോഗാവസ്ഥയെ സ്വാധീനിക്കാവുന്ന രോഗിയുടെ ഘടകങ്ങളും, ചികിത്സതേടുന്നതും നല്കുന്നതുമായി ബന്ധപ്പെട്ട ഘടകങ്ങളും ആരോഗ്യ വകുപ്പ് നിരീക്ഷിച്ചുവരുന്നുണ്ട്. രോഗികളുടെ പ്രായം, ലിംഗം, രോഗത്തിന്റെ തീവ്രത, മരണപ്പെടുന്ന സ്ഥലം, മറ്റ് അനുബന്ധ രോഗങ്ങൾ, വാക്സിനേഷൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആരോഗ്യവകുപ്പ് അവലോകനം ചെയ്യുന്നുണ്ട്. നാളിതുവരെ മരണപ്പെട്ട കോവിഡ് രോഗികളിൽ 80 ശതമാനം പേർക്ക് അനുബന്ധരോഗങ്ങൾ ഉണ്ടായിരുന്നു. ബാക്കിയുള്ള 20 ശതമാനത്തിൽ അനുബന്ധ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാത്ത 66 ശതമാനം പേർ 60 വയസ്സിനുമുകളിലുള്ളവരായിരുന്നു. സംസ്ഥാനതലത്തിൽ മെഡിക്കൽ കോളേജിലെയും ഹെൽത്ത് സർവ്വീസിലെയും മെഡിസിൻ, പീഡിയാട്രിക്സ്, മൈക്രോ ബയോളജി എന്നീ സ്പെഷ്യാലിറ്റികളിൽനിന്നുള്ള വിദഗ്ദ്ധ ഡോക്ടർമാർ, പൊതുജനാരോഗ്യ വിദഗ്ദ്ധർ, എന്നിവരുൾപ്പെടെ ഒരു മൾട്ടിഡിസിപ്ലിനറി ഡെത്ത് ഓഡിറ്റ് കമ്മിറ്റി, സാംക്രമിക രോഗംമൂലമാണെന്ന് സംശയിക്കുന്ന എല്ലാ മരണങ്ങളും ഓഡിറ്റ് ചെയ്യുന്നു. ഡെത്ത് ഓഡിറ്റിന്റെ ലക്ഷ്യം പൊതുജനാരോഗ്യ നിരീക്ഷണ-രോഗ ചികിത്സാ പ്രതിരോധ സംവിധാനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തലും ഏതെങ്കിലും മരണങ്ങൾ തടയാൻ കഴിയുമോ എന്ന് കാണുകയും ഇത്തരത്തിൽ മരണങ്ങൾ തടയുന്നതിനുള്ള ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നതാണ്. അത്തരം ഓഡിറ്റുകൾ മുഖേന മരണ കാരണം കണ്ടെത്താനും അത് എങ്ങനെ കുറയ്ക്കാമെന്നും മനസ്സിലാക്കാൻ സഹായിച്ചിട്ടുണ്ട്. കൂടാതെ ഐ.സി.എം.ആർ.-ന്റെ സീറോ സർവൈലൻസ് പഠനത്തിൽ കേരളത്തിലെ രോഗവ്യാപനം 44 ശതമാനം പേരിൽ മാത്രമാണെന്നും, അതിനാൽതന്നെ പ്രമേഹവും രക്താദിമർദ്ദവും ഏറ്റവുമധികമുള്ള കേരളത്തിൽ കൂടുതലാളുകൾക്ക് രോഗം വരാനുള്ള സാദ്ധ്യത ഉണ്ടെന്നുമാണ് കണ്ടെത്തിയത്. ഇത് സൂചിപ്പിച്ചത് കേരളത്തിലെ കോവിഡ് പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നുവെന്നാണ്. ഇതിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനുവേണ്ടി സംസ്ഥാനം സീറോ സർവൈലൻസ് പഠനം നടത്തിയിട്ടുണ്ട്. ഇതുവഴി നിലവിലെ രോഗവ്യാപന നിരക്കും എത്രത്തോളം പേർക്ക് രോഗപ്രതിരോധ ആന്റിബോഡികളുണ്ടെന്നും നമുക്ക് മനസിലാക്കാൻ സാധിക്കും. മരണമടഞ്ഞവരുടെ കണക്ക് നോക്കിയാൽ 90 ശതമാനത്തിലധികം പേരും വാക്സിൻ എടുക്കാത്തവരാണെന്നതും ശ്രദ്ധേയമാണ്.

(സി) പോസ്റ്റ് കോവിഡ് മരണങ്ങൾ കൂടിവരുന്നത് സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകാമോ?

കോവിഡ് രോഗ മുക്തമായവരിൽ മരണങ്ങൾ ഉണ്ടാകുന്നത് കോവിഡ്

വൈറസ് ആന്തരിക അവയവങ്ങളിൽ സൃഷ്ടിച്ച മാറ്റങ്ങൾ കാരണമോ അല്ലെങ്കിൽ സ്വാഭാവികമായ മരണകാരണങ്ങൾകൊണ്ടോ ആകാം. അതിനാൽത്തന്നെ കോവിഡ് മുക്തരായതിനുശേഷം സംഭവിക്കുന്ന മരണങ്ങളെല്ലാം കോവിഡ് വൈറസിന്റെ അനന്തര ഫലമായിട്ടാണെന്ന നിഗമനത്തിലെത്തുവാൻ സാങ്കേതികമായി സാധിക്കുകയില്ല. കോവിഡ് രോഗ മുക്തിവന്നശേഷമുള്ള മരണങ്ങൾ സംബന്ധിച്ച പഠനങ്ങളൊന്നും തന്നെ ആരോഗ്യവകുപ്പ് നടത്തിയിട്ടില്ല.

(ഡി) പോസ്റ്റ് കോവിഡ് രോഗികളുടെ മരണങ്ങൾ കുറയ്ക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോവിഡ് മുക്തരായതിനുശേഷവും വിവിധതരം രോഗങ്ങൾ രോഗികളിൽ കണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ സംസ്ഥാന ആരോഗ്യവകുപ്പ് എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി, 14 ജില്ലകളിലായി നിലവിൽ 1185 ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. പോസ്റ്റ് കോവിഡ് രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും അവയെ ഫലപ്രദമായി ചികിത്സിക്കുന്നതിനും അതിലൂടെ രോഗാതുരതയും മരണനിരക്കും കുറയ്ക്കുക എന്നതുമാണ് ഇതിന്റെ ഉദ്ദേശലക്ഷ്യം. ശ്വാസകോശ രോഗങ്ങൾ, ഹൃദ്രോഗങ്ങൾ, പ്രമേഹം മറ്റ് ജീവിതശൈലീ രോഗങ്ങൾ എന്നിവയുള്ള കോവിഡ് മുക്തരായ രോഗികൾക്ക് പ്രത്യേക പരിഗണനയും ചികിത്സയും പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലൂടെ നൽകിവരുന്നുണ്ട്. ഇതിലൂടെ മരണങ്ങൾ കുറയ്ക്കുന്നതിനും രോഗാതുരത നിയന്ത്രിക്കുന്നതിനും സാദ്ധ്യമായിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. നിസാരമായ ക്ഷീണവും കിതപ്പും മുതൽ ഗുരുതരമായ ഹൃദ്രോഗങ്ങൾ വരെ പോസ്റ്റ് കോവിഡ് സിൻഡ്രോമിലുൾപ്പെടുന്നു. ഇത്തരം രോഗങ്ങളെ മുൻകൂട്ടി കണ്ടെത്തുന്നതിനുവേണ്ടിയാണ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നത്. നിസാര ലക്ഷണങ്ങളുള്ളവരെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും തുടർചികിത്സ ആവശ്യമുള്ളവരെയും ഗുരുതര രോഗലക്ഷണമുള്ളവരെയും താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും പ്രവർത്തിക്കുന്ന Post Covid Speciality Clinic-ലേയ്ക്ക് റഫർ ചെയ്ത് ബന്ധപ്പെട്ട സ്പെഷ്യലിസ്റ്റിന്റെ സേവനം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി പോസ്റ്റ് കോവിഡ് രോഗികളിൽ ഉണ്ടാകാനിടയുള്ള സങ്കീർണ്ണതകളും, മരണങ്ങളും ഒരു പരിധിവരെ കുറയ്ക്കുവാനായിട്ടുണ്ട്.

## സിൽവർലൈൻ പദ്ധതി

27 (*177) ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സിൽവർലൈൻ പദ്ധതി സംബന്ധിച്ച് ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾ വസ്തുതാവിരുദ്ധമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

തിരുവനന്തപുരത്തുനിന്ന് കാസർഗോഡ് വരെ 4 മണിക്കൂറിൽ എത്തിച്ചേരുവാൻ സാധ്യമാക്കുന്ന, 200 കി.മി. വേഗതയിൽ സെമി ഹൈ സ്പീഡ് ട്രെയിനുകൾ ഓടിക്കുവാനുള്ള ഒരു പദ്ധതിയാണ് സിൽവർലൈൻ. 63,941 കോടി രൂപയാണ് ഈ പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും സംയുക്ത സംരംഭ കമ്പനിയായ കെ.ആർ.ഡി.സി.എൽ.-നെയാണ് ഈ പദ്ധതിയുടെ ആസൂത്രണവും നടത്തിപ്പും ഏൽപ്പിച്ചിരിക്കുന്നത്. ഇതിനുവേണ്ടിയുള്ള 33,700 കോടി രൂപ വിവിധ ഉഭയകക്ഷി ബഹുമുഖ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് കണ്ടെത്താൻ ഉദ്ദേശിക്കുന്നത്. ഈ സോഫ്റ്റ് ലോണുകൾക്ക് 0.5-1.5 ശതമാനം വരെയാണ് പലിശ ഈടാക്കുന്നത്. FIRR:8.49 ശതമാനം (CP 50 years), Economic IRR: 24.04 (CP 50 years) ആയിട്ടുള്ള ഈ പദ്ധതിക്ക് ലോൺ തുക 50 വർഷത്തിനകം തിരിച്ചടയ്ക്കാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അന്തരീക്ഷ മലിനീകരണം ഏറ്റവും കുറവുള്ള യാത്രാമാർഗ്ഗമാണ് റെയിൽവേ. ഇത്തരത്തിൽ ചിന്തിക്കുമ്പോൾ ഈ പദ്ധതി നിലവിൽവരുന്നതോടുകൂടി റോഡപകടങ്ങളും റോഡിലെ യാത്രാത്തിരക്കും കുറയ്ക്കാമെന്ന് മാത്രമല്ല പുനരുപയോഗ ഊർജ്ജത്തെ പൂർണ്ണമായി ആശ്രയിക്കുന്നതിനാൽ അന്തരീക്ഷ മലിനീകരണം വലിയ തോതിൽ കുറക്കുവാനും സാധിക്കും. ഒരു വർഷം തന്നെ 2.8 ലക്ഷം ടൺ കാർബൺ ഡൈഓക്സൈഡ് ബഹിർഗമനം കുറയ്ക്കാനാകുമെന്നാണ് കരുതുന്നത്. ഈ പദ്ധതിയുടെ സാധ്യതാ പഠനത്തിനുവേണ്ടി ഭൂമി ഗവേഷണ പഠനം, ട്രാഫിക്ക് പഠനം, ലിഡാർ സർവ്വേ തുടങ്ങിയവ പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കുകയും സർക്കാർ അംഗീകരിച്ച് റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ചെയ്തു. പദ്ധതി സംസ്ഥാന സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന ചോദ്യങ്ങൾക്ക് മറുപടി പറയുവാനും സംശയങ്ങൾ ദൂരീകരിക്കുവാനും കെ.ആർ.ഡി.സി.എൽ. വെബിനാറുകളും മറ്റും സംഘടിപ്പിച്ചുവരികയാണ്.

(ബി) പരിസ്ഥിതിസൗഹൃദ യാത്രാ സംവിധാനം എന്ന നിലയിൽ സിൽവർലൈൻ പദ്ധതിയുടെ പ്രാധാന്യം വെളിപ്പെടുത്താമോ?

പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായാണ് സിൽവർലൈൻ പദ്ധതി യാഥാർത്ഥ്യമാക്കുന്നത്. ഏറ്റവും സാങ്കേതിമായും സാമ്പത്തികമായും അതിലുപരി സാമൂഹിക പ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലൂടെയാണ് സിൽവർലൈനിന്റെ നിർദ്ദിഷ്ട അലൈൻമെന്റ് കടന്നുപോകുന്നത്. 74 ശതമാനം ഭൂപ്രതലത്തിലൂടെയും 26 ശതമാനം ആകാശപാത അല്ലെങ്കിൽ തുരങ്കപാതയായാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിൽ പൂർണ്ണമായും പുനരുപയോഗ ഊർജ്ജം, (അക്ഷയോർജ്ജം തുടങ്ങിയവ) ഉപയോഗിച്ചും ഉരുക്കും കോൺക്രീറ്റും പുനഃചംക്രമണം ചെയ്ത് ഉപയോഗിച്ചും നിർമ്മാണത്തിൽ ഉണ്ടാകുന്ന പാഴ്വസ്തുക്കൾ പുനർസംസ്കരിച്ചുകൊണ്ട് പ്രവർത്തിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. മലിനീകരണ മുക്തമായ യന്ത്രങ്ങളാണ് നിർമ്മാണ ഉപയോഗത്തിനായി വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ഹരിതമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാകും സിൽവർലൈനിന്റെ എല്ലാ പ്രവൃത്തികളും നടപ്പാക്കുക. ആയതിനാൽ സിൽവർലൈൻ പദ്ധതി ഒരു തരത്തിലും വൻതോതിലുള്ള പാരിസ്ഥിതിക നാശം ഉണ്ടാക്കുന്നില്ല. ചരക്ക് ഗതാഗതത്തിനായി റോറോ സർവ്വീസ് രീതി സിൽവർലൈൻ പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി നിരത്തിലുള്ള ഗുഡ്സ് വാഹനങ്ങളെ സിൽവർലൈനിലേക്ക് മാറ്റാനും റോഡിലെ ഗതാഗതക്കുരുക്ക് മാറുന്നതോടൊപ്പം മലിനീകരണം ഇതുവഴി കുറയ്ക്കാനും സാധിക്കും. പാസഞ്ചർ ചരക്ക് ഗതാഗതമാർഗ്ഗം കഴിയുന്നതും വേഗം വൈദ്യുതീകരിച്ച റെയിലിലേക്ക് മാറുക എന്നതാണ് ഐ.ഡി.സി.സി. നിർദ്ദേശിച്ചിരിക്കുന്നത്. നിർദ്ദിഷ്ട സിൽവർലൈൻ പദ്ധതി സംരക്ഷിത വനപ്രദേശങ്ങളിലൂടെ കടന്നുപോകുന്നില്ല. ഇതുകൂടാതെ കോസ്റ്റൽ റെഗുലേഷൻ സോൺ (സി.ആർ.ഇസഡ്.) ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ഏജൻസിയായ NCSCM-നെ നിയോഗിച്ചിട്ടുണ്ട്. ഇതോടൊപ്പം കണ്ടൽകാടുകളുടെ സംരക്ഷണത്തിനായുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുകയും പാത കടന്നുപോവുന്ന പ്രധാന നദികളിൽ ഹൈഡ്രോളജിക്കൽ സർവ്വേ നടത്തുകയും ചെയ്യും. കൃഷിഭൂമിയും ജനവാസമേഖലകളും ഒഴിവാക്കാനാവാത്ത മേഖലകളിൽ ഒരു തരത്തിലും സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് കോട്ടം തട്ടാത്ത വിധത്തിലുള്ള ബദൽ നിർമ്മാണ മാർഗ്ഗങ്ങളാണ് അവലംബിക്കുന്നത്. സിൽവർലൈൻ പാത കടന്നുപോകുമ്പോൾ ഉണ്ടാകാവുന്ന പ്രകമ്പനം ഒഴിവാക്കുന്നതിനായി വൈബ്രേഷൻ അറസ്റ്റർ, ശബ്ദമലിനീകരണം കുറയ്ക്കുവാനായി സൗണ്ട് പ്രൂഫിംഗ്, നോയിസ് ബാരിയർ എന്നിവ സ്ഥാപിക്കുന്നതാണ്. വീടുകളും

കെട്ടിടങ്ങളും പരമാവധി ഒഴിവാക്കാനുള്ള നടപടികളും വീടുകൾ അഥവാ കെട്ടിടങ്ങൾ പൊളിക്കാതെ മാറ്റിസ്ഥാപിക്കാവുന്ന സാങ്കേതിക വിദ്യയും പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്യുന്നുണ്ട്. കട്ട് ആൻഡ് കവർ നിർമ്മാണരീതിയുള്ള സ്ഥലങ്ങളിൽ വീടുകൾക്ക് ഒരു തരത്തിലുമുള്ള ഭീഷണിയുണ്ടാകുന്നില്ല.

(സി) പ്രസ്തുത പദ്ധതിയുടെ സാമ്പത്തിക കാര്യക്ഷമത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് സിൽവർ ലൈൻ പദ്ധതിക്കായി 63,941 കോടി രൂപയാണ് ആവശ്യമായി വരുന്നത്. ഇതിൽ തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽപാതയുടെ നിർമ്മാണത്തിനായി വിദേശ വായ്പയായി സമാഹരിക്കുന്ന 33,000 കോടി രൂപയ്ക്ക് പുറമേ 2,150 കോടി രൂപയാണ് റെയിൽവേ വിഹിതമായി വരുന്നത്. 975 കോടി രൂപ റെയിൽവേ ഭൂമിയുടെ വിലയാണ്. സംസ്ഥാന സർക്കാർ 3,253 കോടി രൂപയാണ് വഹിക്കുന്നത്. 4,252 കോടി രൂപ പൊതുജന ഓഹരി പങ്കാളിത്തത്തിലൂടെ സമാഹരിക്കും. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ 13,265 കോടി രൂപ ഹഡ്കോ, കിഫ്ബി, ഐ.ആർ.എഫ്.സി. തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നുമാണ് സമാഹരിക്കാനുദ്ദേശിക്കുന്നത്. നിലവിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കേരളത്തിൽ വിവിധ തലങ്ങളിലുള്ള ധനസമാഹരണത്തിലൂടെ സിൽവർലൈൻ പദ്ധതി യാഥാർത്ഥ്യമാക്കാനാവുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.

(ഡി) സിൽവർലൈൻ പദ്ധതി സംബന്ധിച്ച് നീതി ആയോഗ് ആവശ്യപ്പെട്ട വിവരങ്ങൾ സംസ്ഥാനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

സിൽവർലൈൻ പദ്ധതിക്കായി 33,700 കോടി രൂപയുടെ വിദേശവായ്പ എടുക്കുന്നതിന് കേന്ദ്രസർക്കാരിന്റെ സാമ്പത്തികകാര്യ മന്ത്രാലയത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നീതി ആയോഗ് പദ്ധതി റിപ്പോർട്ട് പരിശോധിച്ച് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് ശിപാർശ ചെയ്യേണ്ടതാണ്. കൂടാതെ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെ സ്ക്രീനിംഗ് കമ്മിറ്റി പദ്ധതികൾ പരിശോധിച്ച് വിദേശ ധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പകൾക്കായി ശിപാർശ ചെയ്യേണ്ടതുമാണ്. ജൈക്ക, എ.ഡി.ബി., എ.ഐ.ഐ.ബി., കെ.എഫ്.ഡബ്ള്യൂ. എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാനാണ് പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റെയിൽവേ മന്ത്രാലയം, നീതി ആയോഗ്, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ വിഭാഗങ്ങൾ പദ്ധതി വിദേശ വായ്പക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്രധനകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി റിപ്പോർട്ട് നീതി ആയോഗ് റിവ്യൂ ചെയ്യുകയും അതിനോടനുബന്ധിച്ച് ചില അഭിപ്രായങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തു. ഒന്നാമതായി ഏറ്റെടുക്കുന്ന ഭൂമിയുടെ വില കുറച്ചാണ് കാണിച്ചിരിക്കുന്നത്. അതായത് ദേശീയ പാതയുടെ ഭൂമി ഏറ്റെടുക്കലിന് ലാൻഡ് കോസ്റ്റ് ഏതാണ്ട് 18 കോടിയോളം രൂപയാണെന്നും സിൽവർലൈനിന് അത് 9 കോടി രൂപയായി മാറിയെന്നുമാണ്. കേരളത്തിലെ ദേശീയപാതയിലെ (തിരുവനന്തപുരം-മംഗലാപുരം വരെ) ചുറ്റുമുള്ള സ്ഥലങ്ങളിൽ ധാരാളം വികസനം വന്നിട്ടുണ്ട്. ആയതിനാൽ അവിടെയുള്ള സ്ഥലത്തിന് താരതമ്യേന വില കൂടുതലായിരിക്കും. സിൽവർലൈനിനെ സംബന്ധിച്ചിടത്തോളം അലൈൻമെന്റ് ദേശീയപാതയിൽനിന്നും മാറി ജനവാസം കുറഞ്ഞ പ്രദേശങ്ങളിൽ കൂടിയാണ് പോകുന്നത്. മാത്രമല്ല അലൈൻമെന്റിന്റെ ഭൂരിഭാഗവും വികസനം നടക്കാത്ത സ്ഥലങ്ങളിൽ കൂടിയാണ്. അതിനാൽ ഭൂമിയുടെ വില നല്ല കുറവായിരിക്കും. പ്രസ്തുത വിവരങ്ങൾ നീതി ആയോഗിന് കൈമാറുകയും അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാമതായി പദ്ധതിയുടെ കോസ്റ്റ് കുറച്ചുകാണിച്ചുവെന്നതാണ്. മുംബൈ-അഹമ്മദാബാദ് ഹൈസ്പീഡ് റെയിലിന്റെ കോസ്റ്റ് താരതമ്യം ചെയ്തുകൊണ്ടാണ് ഇത്തരത്തിലൊരു പരാമർശം ഉന്നയിച്ചത്. മണിക്കൂറിൽ 350 കി.മീ. വേഗതയിൽ ആസൂത്രണം ചെയ്തിരിക്കുന്ന മുംബൈ-അഹമ്മദാബാദ് ഹൈസ്പീഡ് റെയിലിന് കി.മീറ്ററിന് 230 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. ഇന്ത്യൻ റെയിൽവേയുടെ നിലവിലുള്ള ട്രാക്കുകളിൽ മണിക്കൂറിൽ 160 കി.മീറ്റർ വേഗതയിൽ ട്രെയിൻ ഓടിക്കുവാൻ സാധിക്കും. ഇതിന് കി.മീറ്ററിന് 40 കോടി രൂപയാണ് ചെലവാകുന്നത്. ഇത്തരത്തിലുള്ള റെയിൽവേ സിസ്റ്റത്തിൽ ട്രാക്ക് ഘടന, റോളിംഗ് സ്റ്റോക്ക്, സിഗ്നലിംഗ് തുടങ്ങിയവയിൽ മണിക്കൂറിൽ 220 കി.മീറ്റർ വേഗതയിൽ ട്രെയിൻ ഓടിക്കുവാനുള്ള മെച്ചപ്പെടുത്തലുകൾ നടത്തി കി.മീറ്ററിന് 120 കോടി ചെലവിൽ ട്രെയിനുകൾ ഓടിക്കാനാകും. മേൽവിഷയങ്ങൾക്ക് പുറമേ ഉന്നയിച്ച മറ്റ് ചോദ്യങ്ങൾക്കും കെ.ആർ.ഡി.സി.എൽ. മറുപടി നൽകിയിരുന്നു. ഇതിന്റെ ഫലമായി നീതി ആയോഗ് ടി മറുപടികൾ അംഗീകരിക്കുകയും പദ്ധതി വിദേശ വായ്പയ്ക്കായി പരിഗണിക്കുന്നതിന് കേന്ദ്ര-ധനകാര്യ ആസൂത്രണ വകുപ്പിന് ശിപാർശ ചെയ്യുകയും ചെയ്തു.

(ഇ) പ്രസ്തുത പദ്ധതിക്കായി ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകാൻ നീതി ആയോഗ് സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേന്ദ്ര റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ എന്നീ വിഭാഗങ്ങളും പദ്ധതിക്ക് വിദേശവായ്പ പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്രധനകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

**വാതിൽപ്പടി സേവന പദ്ധതി**

28 (*178) ശ്രീ. എം. എം. മണി:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അശരണർക്കും ആലംബഹീനർക്കുമായി സർക്കാർ ആരംഭിക്കുന്ന വാതിൽപ്പടി സേവന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

പ്രായാധിക്യം, ഗുരുതരരോഗം, അതിദാരിദ്ര്യം തുടങ്ങിയ പലവിധ കാരണങ്ങളാൽ സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങൾക്ക് ആശ്വാസമായി അവരുടെ വീടുകളിൽ സർക്കാർ സേവനങ്ങളും ജീവൻരക്ഷാ മരുന്നും എത്തിക്കുന്നതിനുവേണ്ടി രൂപം നൽകിയിട്ടുള്ളതാണ് വാതിൽപ്പടി സേവനം പദ്ധതി. സാമൂഹിക സന്നദ്ധസേന, ആശാവർക്കർമാർ, അക്ഷയകേന്ദ്രങ്ങൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവയുടെ സഹകരണത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷനുള്ള അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായത്തിനുള്ള അപേക്ഷ, ജീവൻരക്ഷാ മരുന്നുകളുടെ വിതരണം എന്നീ അഞ്ച് സേവനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) എത്ര തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്; പ്രസ്തുത മേഖലയിൽ ഈ സേവനം എത്ര പേർക്കാണ് ലഭിക്കുന്നതെന്നറിയുമോ?

പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ 50 തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് (38 ഗ്രാമ പഞ്ചായത്തുകളിലും 12 നഗരസഭകളിലും) ആരംഭിച്ചിട്ടുള്ളത്. പ്രാരംഭ ഘട്ടത്തിൽ ആകെ 29392 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുവാൻ തല്പരരായ എത്ര സന്നദ്ധ പ്രവർത്തകർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; ഇവരുടെ തെരഞ്ഞെടുപ്പിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

വാതിൽപ്പടി സേവന പദ്ധതിക്കുവേണ്ടി ഇതുവരെ ആകെ 3771 പേരാണ് സാമൂഹിക സന്നദ്ധസേനയുടെ www.sannadhasena.kerala.gov.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളിയാവാൻ സന്നദ്ധതയും അനുകമ്പയുമുള്ള 50 വയസ്സിന് താഴെയുള്ള ആർക്കും സാമൂഹിക സന്നദ്ധസേനയുടെ പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്ത വോളന്റിയർമാരിൽനിന്നും കില നടത്തിയ പരിശീലനം വിജയകരമായി പൂർത്തീകരിച്ചവരെ തെരഞ്ഞെടുക്കുവാനും അവരുടെ പ്രാഥമിക പോലീസ് വെരിഫിക്കേഷൻ നടത്തി അതത് വാർഡുകളിൽ വിന്യസിക്കുവാനുമാണ് തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ഡി) തെരഞ്ഞെടുക്കപ്പെടുന്ന സന്നദ്ധ പ്രവർത്തകർക്ക് സർക്കാർ സേവനങ്ങളെ സംബന്ധിച്ച് പരിശീലനം നൽകുമോ; ഇവരുടെ പ്രവർത്തനങ്ങൾ സുതാര്യവും പക്ഷപാതരഹിതവുമാണെന്ന് ഉറപ്പുവരുത്തുവാൻ സംവിധാനങ്ങൾ ഏർപ്പെടുത്തുമോയെന്ന് അറിയിക്കാമോ?

വാതിൽപ്പടി സേവന പദ്ധതിക്കുവേണ്ടി സന്നദ്ധപ്രവർത്തകരെ സജ്ജരാക്കുന്നതിലേയ്ക്കായി പദ്ധതി സംബന്ധിച്ച വിവിധ വിഷയങ്ങളിൽ കില പരിശീലനം നൽകിയിട്ടുണ്ട്. തുടർപരിശീലന പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ പരിശീലനം നൽകി വാർഡുകളിൽ വിന്യസിക്കപ്പെടുന്ന സന്നദ്ധപ്രവർത്തകരുടെ പ്രവർത്തനങ്ങൾ സുതാര്യവും പക്ഷപാത രഹിതവുമാണെന്ന് ഉറപ്പുവരുത്തുവാൻ വാർഡ് തലത്തിലും തദ്ദേശസ്ഥാപനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റി സംവിധാനത്തിലൂടെ സാധിക്കുന്നതാണ്. കമ്മിറ്റികളുടെ ഫലപ്രദമായ മേൽനോട്ടം സാദ്ധ്യമാക്കുന്നതിനായി ഓരോ ഗുണഭോക്താവിനും ആവശ്യമുള്ള സേവനത്തിന്റെയും സേവനം നൽകിയതിന്റെയും വിശദാംശങ്ങൾ രേഖപ്പെടുത്താവുന്ന ഐഡന്റിറ്റി-കം-മോണിറ്ററിംഗ് കാർഡ് നൽകുന്നുണ്ട്. കൂടാതെ പദ്ധതിയുടെ സുതാര്യവും ഫലപ്രദവുമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനായി സാമ്പത്തിക വിഷയങ്ങളിലുൾപ്പെടെ സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട്**

29 (*179) <u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. പി. ടി. തോമസ്</u>:
<u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>) സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട് ട്രഷറിയിലേയ്ക്ക് മാറ്റുന്നത് അധികാര വികേന്ദ്രീകരണത്തെ ഇല്ലാതാക്കാനുള്ള നടപടികളുടെ

ഭാഗമാണെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ധനവകുപ്പിന്റെ ഈ നിലപാട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണത്തെ ബാധിക്കുമെന്ന് വകുപ്പ് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രാദേശിക സർക്കാരുകൾ സമാഹരിക്കുന്ന പണം അവർക്ക് സ്വതന്ത്ര വിനിയോഗത്തിന് ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ-സി) ഉണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ വകുപ്പ് 212 (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണെന്നും (6)-ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തനതായ വരുമാനം ഉൾപ്പെടെ ഗ്രാമപഞ്ചായത്തിലേയ്ക്ക് വരവ് വച്ചിട്ടുള്ള തുകകൾ സർക്കാർ ട്രഷറിയിൽ പൊതുനിക്ഷേപ അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. തുടർന്ന് 1996-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം (3) പ്രകാരം പഞ്ചായത്ത് കൈപ്പറ്റുന്ന എല്ലാ പണവും ഗവൺമെന്റ് ട്രഷറിയിലോ, പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്കിലോ, സഹകരണ ബാങ്കിലോ ദേശസാൽകൃത ബാങ്കിലോ സൂക്ഷിക്കേണ്ടതാണെന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതിൻപ്രകാരം ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച സർക്കുലറിന്റെ നിയമപരമായ സാധുത പരിശോധിച്ച് വരികയാണ്. പ്രാദേശിക സർക്കാരുകൾ സമാഹരിക്കുന്ന പണം പഞ്ചായത്ത് രാജ് നിയമങ്ങളും, ചട്ടങ്ങളും കൂടാതെ കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകളും അനുശാസിക്കും പ്രകാരം വിനിയോഗത്തിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

30 (*180) ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഏറ്റവും മികച്ച നിലയിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിലൂടെ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാന ചരിത്രത്തിൽ ആദ്യമായി 10.23 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തിൽ കഴിഞ്ഞു. 2020-21 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ പദ്ധതിയിൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിലെ സ്ത്രീ പങ്കാളിത്തത്തിൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. സമയബന്ധിത വേതനം വിതരണം നടത്തുന്നതിൽ സംസ്ഥാനം അഞ്ചാം സ്ഥാനത്തും പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ നാലാം സ്ഥാനത്തുമാണ്. ഒരു കുടുംബത്തിന് നൽകിയ ശരാശരി തൊഴിൽ ദിനങ്ങളിൽ (63.24) അഞ്ചാം സ്ഥാനത്തും, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകിയ ശരാശരി തൊഴിൽ ദിനങ്ങളിൽ (90.98) രാജ്യത്ത് രണ്ടാം സ്ഥാനത്തും സംസ്ഥാനം എത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പുവരുത്തുന്ന കാര്യത്തിൽ (44.56 ശതമാനം കുടുംബങ്ങൾക്ക്) രണ്ടാം സ്ഥാനവും സംസ്ഥാനം നേടിയിട്ടുണ്ട്.

(ബി) പ്രസ്തുത നേട്ടം കൈവരിക്കുന്നതിനായി വൈവിധ്യമാർന്ന എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ?

ഗ്രാമീണ മേഖലയിലെ പരമാവധി കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുന്നതിനാണ് പദ്ധതിയിൽ മുൻഗണന നൽകുന്നത്. തൊഴിൽ നൽകുന്നതിനൊപ്പംതന്നെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ഉപജീവനത്തിന് ഉതകുന്ന വ്യക്തിഗത ആസ്തികളുടെ നിർമ്മാണത്തിനും മുൻഗണന നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി പശുതൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി. കഴിഞ്ഞ സാമ്പത്തിക വർഷം 20794 പശുത്തൊഴുത്ത്, 17122 ആട്ടിൻകൂട്, 15225 കോഴിക്കൂട്, കാർഷിക ആവശ്യത്തിനുള്ള 9838 കുളങ്ങൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ചുനൽകി. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക്, കേന്ദ്ര സർക്കാർ ലഭ്യമാക്കുന്ന 100 തൊഴിൽദിനങ്ങൾക്ക് ഉപരിയായി 100 തൊഴിൽ ദിനങ്ങൾകൂടി നൽകുന്ന 'ട്രൈബൽ പ്ലസ്' പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുകയും അതുവഴി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഒരുക്കുകയും ചെയ്തു. അട്ടപ്പാടി, വയനാട്, ആറളം ഫാം തുടങ്ങിയ സ്ഥലങ്ങളിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക്, കേന്ദ്രം നൽകുന്ന വേതനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്ന പക്ഷം മുൻകൂർ വേതനം നൽകുന്നതിനും ഈ പദ്ധതി സഹായകമാണ്. തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ പദ്ധതികളെയും, തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികളെയും തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി. പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി കൃത്യമായ

ഇടവേളകളിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗങ്ങൾ ചേരുകയുണ്ടായി. കൂടാതെ ഉദ്യോഗസ്ഥരുടെ പ്രതിവാര അവലോകന യോഗങ്ങൾ ചേർന്നും പദ്ധതി പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

(സി) പ്രളയാനന്തരം തൊഴിലുറപ്പ് പദ്ധതി മുഖേന കാർഷിക മേഖലയെ പുനർനിർമ്മിക്കുന്നതിനും കോവിഡ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും എന്തെല്ലാം പുതിയ തീരുമാനങ്ങളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ സാഹചര്യത്തിലും തുടർന്നുണ്ടായ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിലും തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിൽ ഉപജീവനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രളയാനന്തരം തൊഴിലുറപ്പ് പദ്ധതി മുഖേന കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി പ്രളയത്തിൽ കൃഷിക്ക് അനുയോജ്യമല്ലാതായി തീർന്ന കൃഷിസ്ഥലം കൃഷിക്ക് ഉപയുക്തമാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശുഭൂമി കൃഷിയോഗ്യമാക്കൽ, ഉപജീവന ആസ്തികളായ പശുതൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, സ്വയംസഹായ സംഘങ്ങൾക്കുള്ള വർക്ക്ഷെഡ് എന്നിവയുടെ നിർമ്മാണവും പദ്ധതിയിൽ കൂടുതലായി ഏറ്റെടുത്തു. കൃഷി വകുപ്പും കാർഷിക അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണം, ക്ഷീരവികസനം തുടങ്ങിയ വകുപ്പുകളുടെയും സംയോജിപ്പിച്ചുള്ള പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കി. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിലുണ്ടായ തൊഴിൽ നഷ്ടം പരിഹരിക്കുന്നതിനായി പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിച്ചു. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടുതന്നെ തൊഴിൽ നൽകുന്നതിനും അതുവഴി ചരിത്രത്തിൽ ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചു.

(ഡി) തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളിലും സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

തൊഴിലുറപ്പ് പദ്ധതിയിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിന് സോഷ്യൽ ഓഡിറ്റിംഗ്, പ്രവൃത്തി സ്ഥലത്ത് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്, ജനകീയ രീതിയിലുള്ള എസ്റ്റിമേറ്റ് സൂക്ഷിക്കൽ എന്നീ സംവിധാനങ്ങൾ ഉണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഫീൽഡുതല പരിശോധനകൾ ഉറപ്പ് വരുത്തിയിട്ടുണ്ട്. തൊഴിലാളികളുടെ ഹാജർ ഉറപ്പുവരുത്തുന്നതിനായി മൊബൈൽ മോണിറ്ററിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഏറനാട് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

1 (1901) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികൾ വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർണ്ണമായും പ്രാവർത്തികമാക്കാൻ സാധിച്ചുവെന്ന് വിശദമാക്കാമോ;

(സി) നിലവിൽ പൂർത്തിയാക്കാൻ സാധിക്കാത്തതും മണ്ഡലത്തിൽ നടപ്പാക്കുന്നതുമായ ഏതെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതി പ്രകാരം ഇനിയും നടപ്പാക്കുന്നതെന്നതിന്റെ വിശദാംശം നൽകുമോ;

(ഡി) എങ്കിൽ മണ്ഡലത്തിന്റെ വികസന പൂർത്തീകരണത്തിനായി ഈ പദ്ധതി പ്രകാരം നടപ്പിൽവരുത്തുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ-ഡി) ഏറനാട് നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### കോവിഡ് മഹാമാരിമൂലം ബുദ്ധിമുട്ടുന്നവർ

2 (1902) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം ബുദ്ധിമുട്ടുകയും ജോലിയും വരുമാനവുമില്ലാതെ കഷ്ടപ്പെടുകയും ചെയ്യുന്ന നാട്ടിലെ സാധാരണക്കാർ, കർഷകർ, തൊഴിലാളികൾ, ചെറുകിട വ്യാപാരികൾ എന്നിവർ വായ്പ തിരിച്ചടക്കാൻ കഴിയാതെ ദുരിതത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മേൽപ്പറഞ്ഞവർക്ക് സമാശ്വാസം പകരുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വായ്പ തിരിച്ചടവിന് പലിശരഹിത മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ & ബി) കോവിഡ്-19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും സൂക്ഷ്മ-ഇടത്തരം സംരംഭങ്ങളുടെയും (MSMEs)

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അർഹതപ്പെട്ട വായ്പകൾക്കായി വായ്പയുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ തന്നെ വായ്പാ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടുവർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 - Resolution of Covid-19 related stress of Individual and Small Business, Resolution Framework 2.0 - Resolution of Covid-19 related stress of Micro Small and Medium Enterprises എന്നിവ പ്രകാരം മാർഗ്ഗനിർദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. ഇത് അർഹരായ വായ്പക്കാർക്ക് വായ്പകളുടെ റീസ്ട്രക്ച്ചറിംഗ്, റീഷെഡ്യൂളിംഗ്, മൊറട്ടോറിയം എന്നീ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നു. പ്രസ്തുത മൊറട്ടോറിയം കാലയളവിലെ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ റിസർവ് ബാങ്കിനോട് കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ, എന്നിവയിൽനിന്നും എടുക്കുന്ന 2 ലക്ഷം രൂപയോ അതിൽ താഴെയോ ഉള്ള വായ്പകളുടെ പലിശയുടെ 4 ശതമാനം വരെ സംസ്ഥാന സർക്കാർ 6 മാസത്തേയ്ക്ക് വഹിക്കുന്നതാണെന്ന് ധനകാര്യ വകുപ്പുമന്ത്രി 30-07-2021-ന് ചട്ടം 300 അനുസരിച്ച് നിയമസഭയിൽ നടത്തിയ പ്രസ്താവനയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്താവനയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**കായിക താരങ്ങൾക്ക് നിയമനം**

3 (1903) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസിൽ മെഡൽ നേടിയവർക്ക് ജോലി നൽകാമെന്ന വാഗ്ദാനം പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 83 കായിക താരങ്ങളിൽ 82 കായിക താരങ്ങൾക്ക് കായിക യുവജനകാര്യ കാര്യാലയത്തിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിരുന്ന ഒരു കായിക താരത്തിന് (ശ്രീ. സുഭാഷ്.കെ.കെ.) എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത ഇല്ലാതിരുന്നതിനാൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടില്ല. ടിയാന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2010-2014 കാലത്തെ സ്പോർട്സ് ക്വാട്ട നിയമനപട്ടികയിൽ ഉൾപ്പെട്ട 54 കായികതാരങ്ങൾ നിയമനം ലഭിക്കാത്തതിനെത്തുടർന്ന് സമരം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവർക്ക് എത്രയുംവേഗം നിയമനം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

(ബി & സി) സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിൽ 195 കായിക താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകളിൽ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സിവിൽ സർവ്വീസ് ആധുനീകരിക്കൽ**

4 (1904) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസ് സർക്കാരിന്റെ സേവനദാതാവെന്ന നിലയിൽ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് കൂടുതൽ കാര്യക്ഷമമാകേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് നവീകരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

2021 ജനുവരി 1-ന് പ്രഖ്യാപിച്ച പത്തിന പരിപാടിയും 2021 മേയ് 20-ന് ചേർന്ന മന്ത്രിസഭയുടെ ആദ്യയോഗ തീരുമാന പ്രകാരവും സർക്കാർ സേവനങ്ങൾ

ജനങ്ങളിലേയ്ക്കെത്തിക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ തങ്ങളുടെ വീടുകളിൽ ഇരുന്നുതന്നെ സർക്കാരിന്റെ എല്ലാ സേവനങ്ങളും ഒരു ഏകീകൃത പോർട്ടലിലൂടെ ലഭ്യമാകേണ്ടത് അനിവാര്യമാണെന്നതും, നിലവിൽ വ്യത്യസ്ത വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ അതത് വകുപ്പുകളുടെ വെബ്സൈറ്റ് മുഖാന്തരം ഉപയോഗിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നുണ്ടെന്നതും കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 'e-സേവനം' എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിനും (https://services.kerala.gov.in) 'm-സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനും രൂപം നൽകുകയും അവ 1-10-2021-ൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ഓൺലൈൻ സേവനങ്ങളുടെ സ്ഥിതിവിവരങ്ങൾ ലഭ്യമാകുന്ന സർവ്വീസ് ഡാഷ്ബോർഡും (www.dashboard.kerala.gov.in) വികസിപ്പിച്ചിട്ടുണ്ട്. ഇതുവഴി ഓരോ വകുപ്പിന്റെയും സേവന വിതരണവുമായി ബന്ധപ്പെട്ട സ്ഥിതിവിവരങ്ങൾ ലഭ്യമാകുന്നതാണ്. ഇതിനുപുറമെ ഒക്ടോബർ 6-ന് ചേർന്ന മന്ത്രിസഭാ യോഗം സർക്കാർ നൽകുന്ന സേവനങ്ങൾക്ക് (ബിസിനസ്സ്, വാണിജ്യ ആവശ്യങ്ങൾക്ക് ഒഴികെ) ഫീസ് ഈടാക്കേണ്ടെന്നും അപേക്ഷ ഫാറങ്ങൾ ഒറ്റ പേജിലാക്കണമെന്നും ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തൽ ഒഴിവാക്കിയും നിരവധി സർട്ടിഫിക്കറ്റുകൾ ഒഴിവാക്കിയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* സംസ്ഥാനത്തെ മുഴുവൻ സർക്കാർ വകുപ്പുകളിലും ഘട്ടംഘട്ടമായി ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ലക്ഷ്യമിട്ടാണ് നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചത്. 30-4-2021-ന് കാലാവധി പൂർത്തീകരിച്ച കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഭരണ നവീകരണവും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനുള്ള നിരവധി നിർദ്ദേശങ്ങൾ കമ്മീഷൻ റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തി നടപ്പിലാക്കുവാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സെക്രട്ടറിമാരുടെ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി നാളിതുവരെ 6 റിപ്പോർട്ടുകൾ പരിശോധിച്ച് ശിപാർശകൾ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും ഫയലുകൾ ശരിയാംവണ്ണം പരിശോധിക്കാതെയും അനാവശ്യമായി വച്ചുതാമസിപ്പിച്ചും തീരുമാനമെടുക്കുന്നതിൽ കാലവിളംബം ഉണ്ടാകരുതെന്നും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ യഥാസമയം ഫയലുകളിൽ മേൽനടപടികൾ സ്വീകരിക്കുന്നതിന് ലിങ്ക് ഓഫീസർ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സിവിൽ സർവ്വീസ് ആധുനീകരിക്കുന്നതിന് എല്ലാ ഓഫീസുകളും ഇ-ഓഫീസുകളാക്കാൻ നിശ്ചയിച്ചിട്ടുണ്ടോ; ഭരണപരിഷ്കാര കമ്മീഷന്റെ വിവിധ ശിപാർശകൾ പരിശോധിച്ചിരുന്നോ?

സംസ്ഥാനത്തെ മുഴുവൻ സർക്കാർ വകുപ്പുകളിലും ഘട്ടംഘട്ടമായി ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ലക്ഷ്യമിട്ടാണ് നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചത്. 30-04-2021-ന് കാലാവധി പൂർത്തീകരിച്ച കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഭരണ നവീകരണവും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായുള്ള നിരവധി നിർദ്ദേശങ്ങൾ കമ്മീഷൻ റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തി നടപ്പിലാക്കുവാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സെക്രട്ടറിമാരുടെ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി നാളിതുവരെ 6 റിപ്പോർട്ടുകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) നിരവധി തവണ ഓഫീസിലെത്തി ആവശ്യപ്പെട്ടാൽ മാത്രം ഫയലുകൾ പരിശോധിക്കുന്ന രീതി തീർത്തും അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും ഫയലുകൾ ശരിയാംവണ്ണം പരിശോധിക്കാതെയും അനാവശ്യമായിവച്ച് താമസിപ്പിച്ചും തീരുമാനമെടുക്കുന്നതിൽ കാലവിളംബം ഉണ്ടാകരുതെന്നും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ യഥാസമയം ഫയലുകളിൽ മേൽനടപടികൾ സ്വീകരിക്കുന്നതിന് ലിങ്ക് ഓഫീസർ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

## ഇ-കൊമേഴ്സ് വ്യാപാരം മെച്ചപ്പെടുത്താൻ കൈക്കൂലി

5 (1905) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഇ-കൊമേഴ്സ് രംഗത്തെ കുത്തകകളായ ആമസോൺ വിവിധ സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥർക്ക് കൈക്കൂലി നൽകി സ്വാധീനിച്ചുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോവിഡ് കാലത്ത് സംസ്ഥാനത്തെ എല്ലാ വ്യാപാര സ്ഥാപനങ്ങളും അടയ്ക്കുവാൻ നിർദ്ദേശം നൽകിയപ്പോൾ ഓൺലൈൻ കുത്തക കമ്പനികൾക്ക് കണ്ടെയ്ൻമെന്റ് സോണിൽ ഉൾപ്പെടെ കച്ചവടം ചെയ്യുവാൻ അനുവാദം നൽകിയ നടപടി ഇതുമായി ബന്ധപ്പെട്ടിട്ടുണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ മേൽപ്പറഞ്ഞ വിഷയത്തിന്മേൽ കൂടുതൽ അന്വേഷണം നടത്തുവാൻ തയ്യാറാകുമോ; വിശദവിവരം ലഭ്യമാക്കുമോ?

(എ)-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

## കമ്മീഷനുകളുടെ വാർഷിക റിപ്പോർട്ട് സമർപ്പണം

6 (1906) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന എത്ര കമ്മീഷനുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര കമ്മീഷനുകൾ വാർഷിക റിപ്പോർട്ടുകൾ സമയബന്ധിതമായി സർക്കാർ മുമ്പാകെ ഫയൽ ചെയ്യുകയും അത് നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുകയും ചെയ്യുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വാർഷിക റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കാത്ത കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## സർക്കാർ ജോലിയിൽ കായിക താരങ്ങൾക്കുള്ള ക്വാട്ട

7 (1907) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ തലത്തിൽ സമ്മാനാർഹരായ കായികതാരങ്ങൾക്ക് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ജോലിക്കുള്ള ക്വാട്ട അപര്യാപ്തമായതിനാൽ പ്രസ്തുത ക്വാട്ട വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം പ്രതിവർഷം 50 ഒഴിവുകൾ കായിക താരങ്ങളുടെ നിയമനത്തിനായി നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിലവിൽ പരിഗണനയിൽ ഇല്ല.

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ നൂറുദിന കർമ്മ പദ്ധതി**

8 (1908) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

- റവന്യൂ വകുപ്പിൽ "എന്റെ ജില്ല" മൊബൈൽ ആപ്പിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- ആറ് പട്ടയങ്ങൾ നൽകിയിട്ടുണ്ട്.
- ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ജെറിയാട്രിക് വാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- മാടപ്പള്ളി പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന എഫ്.എച്ച്.സി. മാടപ്പള്ളിയുടെ സബ്സെന്ററായ പെരുമ്പനച്ചി സബ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഉദ്ഘാടനം ചെയ്ത് ഹെൽത്ത് & വെൽനെസ് സെന്ററാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന എഫ്.എച്ച്.സി. തൃക്കൊടിത്താനത്തിന്റെ മെയിൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഉദ്ഘാടനം ചെയ്ത് ഹെൽത്ത് & വെൽനെസ് സെന്ററാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിന്റെ പരിധിയിലുള്ള ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന വി.ബി.യു.പി.എസ്., തൃക്കൊടിത്താനം സ്കൂളിന്റെ പുതിയ കെട്ടിടം കേരള സർക്കാരിന്റെ ചലഞ്ച് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ടി പ്രോജക്ടിന് 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## കായംകുളം മണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതി

9 (1909) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ പുരോഗതി എന്നിവ വിശദമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികൾ, ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വൻകിട പദ്ധതികളുടെ പുരോഗതി വിലയിരുത്താനുള്ള വെബ് പോർട്ടൽ

10 (1910) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻകിട പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്താനുള്ള www.cmopcmg.kerala.gov.in എന്ന വെബ് പോർട്ടൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കാത്തതെന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പോർട്ടൽ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ തയ്യാറാകുമോ?

(എ & ബി) പദ്ധതികളുടെ പുരോഗതി വിവിധതലങ്ങളിൽ വിലയിരുത്തി പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട തലങ്ങളിൽ പരിശോധിച്ച് പുരോഗതിക്ക് ആക്കം കൂട്ടുന്നതിനുവേണ്ടിയുള്ള ഒരു ഓൺലൈൻ സംവിധാനമാണ് www.cmopcmg.kerala.gov.in എന്ന വെബ് പോർട്ടൽ.

## കോന്നി മണ്ഡലത്തിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

11 (1911) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കോന്നി മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കാമോ?

കോന്നി നിയോജകമണ്ഡലത്തിൽ നിന്നും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കോട്ടമൺപാറ- മേലേകോട്ടമൺപാറ റോഡ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തി ഇനിഷ്യൽ ലെവൽസ് എടുത്ത് ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തുപടി-പുല്ലുചാണി, രാധപ്പടി- മുളപേഴുങ്കൽ റോഡ്, പോലീസ് സ്റ്റേഷൻപടി-TVM ഹോസ്പിറ്റൽ- എളങ്ങവെട്ടം ക്ഷേത്രം റോഡ് എന്നീ പ്രവൃത്തികൾ കരാർ പൂർത്തീകരിച്ച് ഒരു മാസത്തിനുള്ളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തണ്ണിത്തോട് പ്ലാന്റേഷൻ-തെക്കുന്തോട് റോഡ് പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## കോതമംഗലം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

12 (1912) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ കോതമംഗലം മണ്ഡലത്തിലെ മണികണ്ഠംചാൽ-വെള്ളാരംകുത്ത് റോഡ് ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എത്ര തുകയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഡി.പി.ആർ. തയ്യാറാക്കൽ വേഗത്തിൽ പൂർത്തീകരിച്ച് ടെണ്ടർ നടപടികൾ വേഗത്തിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി) റീബിൽഡ് കേരള പദ്ധതിയിൽ കോതമംഗലം മണ്ഡലത്തിലെ മണികണ്ഠംച്ചാൽ-വെള്ളാരംകുന്ന് റോഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് റീബിൽഡ് കേരള ഇനിഷ്യേറ്റിവ് (LSGD-PMU) മുഖേന നടപ്പിലാക്കുവാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ഡി. പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

## ഇ-ഓഫീസ് ഫയൽ സിസ്റ്റം

13 (1913) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഫയൽ നീക്കങ്ങൾക്കായി നടപ്പിലാക്കിയ ഇ-ഓഫീസ് ഫയൽ സിസ്റ്റത്തിൽനിന്നും ഏതെങ്കിലും വകുപ്പുകളെ ഒഴിവാക്കിയിട്ടുണ്ടോ?

ഇല്ല.

(ബി) ഏതെങ്കിലും ഫയലുകൾ ഭൗതിക രൂപത്തിൽ കൈകാര്യം ചെയ്യുവാൻ പ്രത്യേക അനുവാദം നൽകിയിട്ടുണ്ടോ?

രഹസ്യവും നിർണ്ണായക സ്വഭാവവുമുള്ളവ, മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നവ, ചട്ടങ്ങൾ/നിയമങ്ങൾ എന്നിവയുടെ രൂപീകരണം/ഭേദഗതി, മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകൾ എന്നിവയുമായി ബന്ധപ്പെട്ട ഫയലുകളാണ് ഭൗതിക രൂപത്തിൽ കൈകാര്യം ചെയ്യുവാൻ അനുമതി നൽകിയിട്ടുള്ളത്.

(സി) മീറ്റിംഗുകൾക്കും മറ്റുമായി ഇ-ഫയലിന്റെ പ്രിന്റൗട്ട് മേലുദ്യോഗസ്ഥർ ആവശ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഇല്ല.

**സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തൽ**

14 (1914) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയായി ഉയർത്താനാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ഇ-ഓഫീസ് കേരള വഴി ഇ-ഫയലുകളിലെ ഫയൽ ഡീറ്റെയിൽസ് കാണുംവിധം ക്രമീകരിക്കൽ**

15 (1915) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ ഡയറക്ടറേറ്റുകൾ ഇ-ഓഫീസ് കേരളയുടെ ഭാഗമായിട്ടുണ്ടെങ്കിലും സെക്രട്ടേറിയറ്റിലെ ഇ-ഫയൽ സംവിധാനത്തിലുള്ളതുപോലെ ഫയൽ ഏതൊക്കെ സീറ്റുകളിലൂടെയാണ് കടന്നുപോകുന്നതെന്നും ഏത് ഉദ്യോഗസ്ഥന്റെ അടുത്താണുള്ളതെന്നും അറിയാൻ കഴിയുന്ന വിധത്തിൽ ഫയൽ ഡീറ്റെയിൽസ് ലഭ്യമാകുന്ന വിധത്തിലല്ല ഇത് ക്രമീകരിച്ചിട്ടുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇ-ഓഫീസ് കേരള വഴി എല്ലാ ഡയറക്ടറേറ്റുകളിലെയും ഇ-ഫയലുകളിലെ ഫയൽ ഡീറ്റെയിൽസ് സഹിതം കാണുവാൻ പറ്റുന്നവിധം ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ?

(എ & ബി) ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വകുപ്പുകളിലെ ഫയൽ നീക്കം സംബന്ധിച്ച വിവരം പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനായി സിറ്റിസൺ പോർട്ടൽ ഏർപ്പെടുത്തിയിട്ടുണ്ട്. http://eoffice.kerala.gov.in എന്ന URL മുഖാന്തരം പോർട്ടലിലെ ഫയൽ/തപാൽ തിരയൽ സംവിധാനം വഴി തപാൽ നമ്പർ/ഫയൽ നമ്പർ/ വിഷയം/അപേക്ഷകന്റെ വിവരങ്ങൾ നൽകി ഏത് ഉദ്യോഗസ്ഥന്റെ അടുത്താണ് നിലവിൽ ഫയലുള്ളതെന്ന് അറിയാൻ കഴിയും. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയ 103 ഓഫീസുകളിലെ ഫയൽ നീക്കം സംബന്ധിച്ച വിവരങ്ങളാണ് ഈ പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന ഓഫീസുകളിലെ ഫയൽ നീക്കം സിറ്റിസൺ പോർട്ടലിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ എൻ.ഐ.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശ്രീജിത്ത് വി.എസ്.-ന് തസ്തിക മാറ്റം നൽകുന്നതിന് നടപടി**

16 (1916) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ച് പോലീസ് ട്രെയിനിംഗിലിരിക്കെ നട്ടെല്ലിന് പരുക്കേറ്റതിനാൽ ട്രെയിനിംഗ് പൂർത്തിയാക്കാൻ സാധിക്കാത്ത ശ്രീജിത്ത് വി.എസ്. തസ്തിക മാറ്റത്തിനായി നൽകിയ അപേക്ഷയിന്മേൽ (ഫയൽ നം. കെ3/111/2020/ഹോം) തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മെഡിക്കൽ ബോർഡ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീജിത്ത്.വി.എസ്.-ന് തസ്തികമാറ്റം അനുവദിച്ചുകൊണ്ട് നിയമന ഉത്തരവ് നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ & ബി) തീരുമാനം കൈക്കൊണ്ടിട്ടില്ല. ശ്രീ. ശ്രീജിത്ത് വി. എസ്. തസ്തിക മാറ്റത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ചട്ടപ്രകാരമുള്ള തീരുമാനം സ്വീകരിക്കുന്നതാണ്.

**സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്ന സ്ഥിരം/താൽക്കാലിക ജീവനക്കാർ**

17 (1917) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ വിവിധ കാറ്റഗറികളിലായി ജോലി ചെയ്യുന്ന സ്ഥിരം, താൽക്കാലിക ജീവനക്കാരുടെ ജാതി, സമുദായ പ്രാതിനിധ്യം അടിസ്ഥാനമാക്കിയുള്ള സ്ഥിതിവിവര കണക്ക് ലഭ്യമാണോ എന്ന് അറിയിക്കാമോ; ലഭ്യമെങ്കിൽ സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മീഷനുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ ജാതി, സമുദായം തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന, വേതന വിതരണ പോർട്ടലായ സ്പാർക്കിൽ രജിസ്റ്റർ ചെയ്ത നിലവിൽ സർവ്വീസിലുള്ള സ്ഥിരം, താൽക്കാലിക ജീവനക്കാരുടെ എണ്ണം വിശദമാക്കാമോ?

സ്ഥിരം ജീവനക്കാരുടെ എണ്ണം - 465668

താൽക്കാലിക ജീവനക്കാരുടെ എണ്ണം - 66707

(2021 സെപ്റ്റംബർ വരെയുള്ളത്)

(സി) സംസ്ഥാനത്ത് ഇതുവരെ നാഷണൽ പെൻഷൻ സ്കീമിൽ രജിസ്റ്റർ ചെയ്ത ജീവനക്കാരുടെ എണ്ണമെത്ര; വിശദാംശം ലഭ്യമാക്കുമോ?

145417 ജീവനക്കാർ (പ്രാൺ രജിസ്റ്റർ ചെയ്ത് സ്പാർക്ക് വഴി, എൻ.പി.എസ്. ഡിഡക്ഷൻ നടത്തിവരുന്ന ജീവനക്കാർ).

**സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം**

18 (1918) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷൻ വിവരാവകാശ നിയമം സെക്ഷൻ 25 പ്രകാരം ഏതുവർഷം വരെയുള്ള വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ?

സംസ്ഥാന വിവരാവകാശ കമ്മീഷൻ 2017-18 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വകുപ്പുകളിൽനിന്നും വിവരങ്ങൾ സമാഹരിച്ചാണ് സംസ്ഥാന വിവരാവകാശ കമ്മീഷൻ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നത്. 2018-19, 2019-20, 2020-21 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ കമ്മീഷൻ തയ്യാറാക്കിവരുന്നുണ്ട്.

(ബി) സംസ്ഥാന വിവരാവകാശ കമ്മീഷൻ ജീവനക്കാരുടെ ശമ്പളം, നിയമന രീതി, സേവന വേതന വ്യവസ്ഥകൾ എന്നിവ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന വിവരാവകാശ കമ്മീഷൻ ജീവനക്കാരുടെ നിയമനരീതി പ്രതിപാദിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ/ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ജീവനക്കാരെ നിയമിക്കുന്നത് വിജ്ഞാപനം ക്ഷണിച്ചാണോ എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

(ബി-ഡി) സംസ്ഥാന വിവരാവകാശ കമ്മീഷനിൽ 28-10-2005-ലെ സ.ഉ.(കൈ)386/2005/പൊഭവ., 14-11-2008-ലെ സ.ഉ.(കൈ)360/2008/ പൊഭവ., 13-12-2012-ലെ സ.ഉ.(കൈ)367/2012/പൊഭവ. എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ വകുപ്പുകളിൽ/ഏജൻസികളിൽനിന്ന് ഡെപ്യൂട്ടേഷൻ/മറ്റ് രീതിയിൽ അനുയോജ്യരായ ജീവനക്കാരെ നിയമിക്കുന്നതിനായി മുഖ്യവിവരാവകാശ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

## ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

19 (1919) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>:
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എയിംസ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കേന്ദ്ര സർക്കാരിലേയ്ക്ക് ഇത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) എയിംസ് സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിന് നൽകുന്ന പ്രൊപ്പോസലിൽ കാസർഗോഡ് ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ജില്ലയെകൂടി ഉൾപ്പെടുത്തി പുതിയ പ്രൊപ്പോസൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) എയിംസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാറുമായി നടത്തിയ ആശയവിനിമയങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) ആരോഗ്യമേഖലയിലെ പിന്നോക്കാവസ്ഥ പരിഗണിച്ചും, സ്പെഷ്യാലിറ്റി ആശുപത്രികൾ ഇല്ലാത്തതുമായ ജില്ല എന്ന പരിഗണനയിൽ കാസർഗോഡ് ജില്ലയിൽ എയിംസ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ-എഫ്) 19-6-2014-ലെ D.O.No.Z-28016/158/2014-SSH നമ്പർ കേന്ദ്ര സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പി.എം.എസ്.എസ്.വൈ.-ൽ ഉൾപ്പെടുത്തി കേരളത്തിന് AIIMS അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് നിരന്തരമായി ആവശ്യപ്പെട്ടുവരുന്നുവെങ്കിലും നാളിതുവരെ AIIMS അനുവദിച്ച് നൽകിയിട്ടില്ല. 2014 മുതൽ അതത് കാലത്തെ സംസ്ഥാന സർക്കാരുകൾ ഇക്കാര്യം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായി 2021 ജൂലൈ മാസത്തിൽ ഡൽഹിയിൽവച്ചുള്ള കൂടിക്കാഴ്ചയിലും ഇക്കാര്യം ഉന്നയിച്ചു. ആഗസ്റ്റ് മാസത്തിൽ കേന്ദ്ര ആരോഗ്യമന്ത്രി കേരളം സന്ദർശിച്ചപ്പോഴും സംസ്ഥാനത്തിന്റെ ആവശ്യം അവതരിപ്പിച്ചു. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ 22-9-2021-ൽ കേന്ദ്ര ആരോഗ്യ മന്ത്രിക്ക് അയച്ച കത്തിൽ AIIMS തുടങ്ങുന്നതിനാവശ്യമായ 200 ഏക്കർ സ്ഥലം കോഴിക്കോട് ജില്ലയിൽ കിനാലൂരിൽ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുമുണ്ട്. KSIDC-യുടെ കൈവശം നിലവിൽ ലഭ്യമായ സ്ഥലം തിട്ടപ്പെടുത്തി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കൈമാറാനും AIIMS സ്ഥാപിക്കുന്നതിന് അധികമായി ആവശ്യമുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനും റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## 2021 ജനവരി മാസത്തിൽ മന്ത്രിമാർ പങ്കെടുത്ത അദാലത്തുകൾ

20 (1920) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മന്ത്രിസഭാ തീരുമാനങ്ങളനുസരിച്ച് 2021 ജനവരി മാസത്തിൽ വിവിധ ജില്ലകളിൽ മന്ത്രിമാർ പങ്കെടുത്ത അദാലത്തുകളിൽ എത്ര പരാതികൾ ലഭിച്ചു; അതിൽ എത്ര പരാതികൾ പരിഹരിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

*

## ഐ.എ.എസ്. കേരള കേഡറിലെ തസ്തികകളും ഒഴിവുകളും

21 (1921) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.എസ്. കേരള കേഡറിലെ ആകെ തസ്തികകളുടെയും നിലവിലുള്ള ആകെ ഒഴിവുകളുടെയും എണ്ണം എത്രയെന്ന് അറിയിക്കുമോ?

ഐ.എ.എസ്. കേരള കേഡറിൽ അനുവദിച്ചിട്ടുള്ള ആകെ തസ്തികകളുടെ എണ്ണം 231 ആണ്. ഇതിൽ 161 എണ്ണം നേരിട്ടുള്ള നിയമനത്തിനും 60 എണ്ണം ബൈ പ്രമോഷൻ വഴിയുള്ള നിയമനത്തിനും 10 എണ്ണം ബൈ സെലക്ഷൻ വഴിയുള്ള നിയമനത്തിനുമായി നീക്കിവച്ചിരിക്കുന്നു. നിലവിൽ കേരള കേഡറിൽ 88 ഉദ്യോഗസ്ഥരുടെ കുറവുണ്ട്. ഇതിൽ 41 എണ്ണം നേരിട്ടുള്ള നിയമന വിഭാഗത്തിലും 40 എണ്ണം ബൈ പ്രമോഷൻ വിഭാഗത്തിലും 7 എണ്ണം ബൈ സെലക്ഷൻ വിഭാഗത്തിലും ഉൾപ്പെടുന്നു.

(ബി) നിലവിലുള്ള ഒഴിവുകളിൽ യു.പി.എസ്.സി. ഡയറക്ട് റിക്രൂട്ട്മെന്റ് മുഖേനയുള്ള നിയമനത്തിനായി എത്ര ഒഴിവുകളാണ് നീക്കിവച്ചിരിക്കുന്നത്; മൊത്തം ഒഴിവുകളുടെ എത്ര ശതമാനമാണ് ആയതിനായി നിശ്ചയിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

നിലവിൽ ഐ.എ.എസ്. കേരള കേഡറിൽ ആകെ കുറവുള്ള ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ 41 എണ്ണം നേരിട്ടുള്ള നിയമനം വഴി നികത്തേണ്ടതാണ്. ഇത് ആകെ കുറവുള്ള ഉദ്യോഗസ്ഥരുടെ എണ്ണത്തിന്റെ 46.59 ശതമാനമാണ്.

(സി) നിലവിലുള്ള ഒഴിവുകളിൽ ഐ.എ.എസ്. (അപ്പോയിന്റ്മെന്റ് ബൈ പ്രൊമോഷൻ) റെഗുലേഷൻസ് 1955 പ്രകാരമുള്ള നിയമനത്തിനായി എത്ര

* പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നി ജില്ലകളുടെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

ഒഴിവുകളാണ് നീക്കിവച്ചിരിക്കുന്നതെന്നും മൊത്തം ഒഴിവുകളുടെ എത്ര ശതമാനമാണ് ആയതിനായി നിശ്ചയിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

ആകെ കുറവുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ ഐ.എ.എസ്. (അപ്പോയിന്റ്മെന്റ് ബൈ പ്രൊമോഷൻ) റെഗുലേഷൻസ് 1955 പ്രകാരമുള്ള നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 40 എണ്ണം ഉൾപ്പെടുന്നു. ഇത് ആകെ കുറവുള്ള ഉദ്യോഗസ്ഥരുടെ എണ്ണത്തിന്റെ 45.45 ശതമാനമാണ്.

### വൈപ്പിൻ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

22 (1922) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഫണ്ടിന്റെ അപര്യാപ്തതമൂലം ഇത്തരം പദ്ധതികളിൽ ഏതെങ്കിലും മുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ-സി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി വഴി സർക്കാർ നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിശദാംശം അനുബന്ധം 1-ൽ* കൊടുത്തിരിക്കുന്നു. ഫണ്ടിന്റെ അപര്യാപ്തതമൂലം നിലവിൽ പദ്ധതികളൊന്നും മുടങ്ങിയിട്ടില്ല.

### ആലത്തൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ

23 (1923) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്ന് അറിയിക്കാമോ;

(സി) ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) ആലത്തൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി വഴി സർക്കാർ നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിശദാംശം അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.*

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

24 (1924) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇതുവരെ അംഗീകാരം നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

(എ & ബി) റീബിൽഡ് കേരള ഇനിഷ്യേറ്റിവിനുകീഴിൽ അംഗീകരിക്കപ്പെട്ട പദ്ധതികളിൽ പൂഞ്ഞാർ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ആലത്തൂർ മണ്ഡലത്തിലെ നൂറുദിന പദ്ധതികൾ**

25 (1925) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ നൂറുദിന പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഈ സർക്കാരിന്റെ നൂറുദിന പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ കൊടുക്കുന്നു:

- ലൈഫ് മിഷൻ പദ്ധതി പ്രകാരം 96 ഭവനങ്ങൾ പൂർത്തീകരിച്ചു.
- അങ്കണവാടികളുടെ വൈദ്യുതീകരണം പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന നെന്മാറ അഡീഷണൽ പ്രോജക്ടിലെ വണ്ടാഴി പഞ്ചായത്തിലെ അങ്കണവാടി സെന്റർ നമ്പർ 27, മേലാർകോടി പഞ്ചായത്തിലെ അങ്കണവാടി സെന്റർ നമ്പർ 75, കുഴൽമന്ദം പ്രോജക്ടിലെ കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി സെന്റർ നമ്പർ 21, 22 എന്നീ അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- സഹകരണ മേഖലയിൽ 62 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. താഴെപ്പറയുന്ന സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.

- കണക്ട്ട്ടുവർക്ക് പ്രവൃത്തിയുമായി ബന്ധപ്പെട്ട്, അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ജോലിക്ക് പ്രാപ്തരാക്കുന്ന രീതിയിലുള്ള പരിശീലനം നൽകുന്നതിനുള്ള കേന്ദ്രം ആരംഭിക്കുന്നതിനായി 2,10,000 രൂപ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സി.ഡി.എസ്.-ന് അനുവദിക്കുകയും കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുള്ളതുമാണ്. കൂടാതെ ആദ്യ ബാച്ച് പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

- തേങ്കുറിശ്ശി പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി.

- കുടുംബശ്രീ മിഷൻ വഴി റീബിൽഡ് കേരളയിലുൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിൽ രണ്ട് സി.ഡി.എസ്.-കൾക്കായി വൾണറബിലിറ്റി റിഡക്ഷൻ ഫണ്ടിനത്തിൽ (വി.ആർ.എഫ്.) 50,000 രൂപ അനുവദിച്ചു.

- ജെ.എൽ.ജി.-കൾക്ക് ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിനത്തിൽ (സി.എം.എഫ്.) ആലത്തൂർ, കിഴക്കഞ്ചേരി, തേങ്കുറിശ്ശി, വാഴി എന്നീ നാല് ഗ്രാമപഞ്ചായത്തുകളിലെ സംഘങ്ങൾക്കായി 1,00,000 രൂപ അനുവദിച്ചു. കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ടിനത്തിൽ (സി.ഇ.എഫ്.) കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സി.ഡി.എസ്.-ന് 5,00,000 രൂപ അനുവദിച്ചിട്ടുണ്ട്. സ്വയംതൊഴിൽ വായ്പാ പദ്ധതിയിലുൾപ്പെടുത്തി 3 പുരുഷന്മാർക്കും 2 സ്ത്രീകൾക്കും വായ്പയായി ആകെ 11,20,000 രൂപ നൽകിയിട്ടുണ്ട്. കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ മരുതൂർ ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

**നെന്മാറ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ**

26 (1926) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ നാളിതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തികൾ അടിയന്തരമായി തുടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) നെന്മാറ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തിയ

വിവിധ വകുപ്പുകളുടെ പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ അംഗീകരിക്കപ്പെട്ട പദ്ധതികളിൽ നെൻമാറ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളുടെ തൽസ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**നവകേരളം കർമ്മ പദ്ധതി**

27 (1927) ശ്രീ. എം. എം. മണി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. വിജിൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നാല് വികസന മിഷനുകളിലൂടെ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും മുന്നോട്ടുകൊണ്ടുപോകുന്നതിനും ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ അറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ നാല് വികസന മിഷനുകൾ വഴി വലിയ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്. ഈ നേട്ടങ്ങൾ വിലയിരുത്തി, നിലവിലുള്ള പോരായ്മകൾകൂടി പരിഹരിച്ച് മുന്നോട്ടുപോകുന്നതിനായി ഈ സർക്കാർ സമഗ്രമായ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള നാല് വികസന മിഷനുകളെയും കേരള പുനർനിർമ്മാണ പദ്ധതിയേയും (Rebuild Kerala Initiative) ഉൾപ്പെടുത്തി നവകേരളം കർമ്മപദ്ധതി 2-ന് രൂപം നൽകിയിട്ടുണ്ട്. നിലവിലുള്ള മിഷൻ പ്രവർത്തനങ്ങൾ തുടരുന്നതോടൊപ്പം തന്നെ മിഷനുകൾ തമ്മിലും വകുപ്പുകൾ, ഏജൻസികൾ എന്നിവയുമായുള്ള ഏകോപനവും വിവിധ പദ്ധതികളുടെ സംയോജനവും ഉൾപ്പെടെ നവകേരളം കർമ്മപദ്ധതി സെല്ലിന്റെ നേതൃത്വത്തിൽ നടത്തും. തദ്ദേശഭരണ സ്ഥാപനതലത്തിൽ ഇവയെല്ലാം ചേർന്ന് വലിയ മാറ്റങ്ങൾ ഉണ്ടാക്കും വിധത്തിലുള്ള പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്.

(ബി) നവകേരളം കർമ്മ പദ്ധതിയുടെ ലക്ഷ്യവും പ്രവർത്തന പരിപാടിയും സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നവകേരളം കർമ്മ പദ്ധതിയുടെ 6-9-2021-ൽ നടന്ന സംസ്ഥാനതല യോഗത്തിൽ 25-9-2021-ഓടെ മാർഗ്ഗരേഖ കരട് തയ്യാറാക്കണമെന്ന്

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരുമാനിച്ചിരുന്നു. കരട് മാർഗ്ഗരേഖ തയ്യാറാക്കുന്നതിനായി മിഷനിൽ പ്രവർത്തിച്ച വ്യക്തികൾ, ഓരോ രംഗത്തെയും വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി ഒരു ശില്പശാല 22-9-2021-ന് നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്റർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കരട് മാർഗ്ഗരേഖ ചർച്ചകൾക്കുശേഷം ആവശ്യമായ ഭേദഗതി വരുത്തി അന്തിമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിനായി എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിലുണ്ടായിരുന്ന വികസന മിഷനുകളിൽ ഹരിതകേരളം മിഷൻ പോലുള്ളവ പൂർണ്ണമായും ജനപങ്കാളിത്തം ഉറപ്പാക്കിയാണ് തദ്ദേശഭരണ സ്ഥാപനതലത്തിൽ നടപ്പാക്കിയിരുന്നത്. ഈ മാതൃക കൂടുതൽ വിപുലമാക്കി നവകേരളം കർമ്മ പദ്ധതി 2-ന്റെ പ്രവർത്തനങ്ങളിൽ മുഴുവൻ വ്യാപിപ്പിക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ളത്. മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷിവികസനം, പകർച്ചവ്യാധി വ്യാപനം തടയൽ, പൊതുവിദ്യാലയ സംരക്ഷണം, പൊതുആസ്തികളുടെ സംരക്ഷണം എന്നിവയിലെല്ലാം സമൂഹത്തിൽ ഉത്തരവാദിത്വ സമീപനം വളർത്തിയെടുക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും നേട്ടങ്ങൾ സുസ്ഥിരമാക്കാനും ഇതിലൂടെ സാധിക്കും. ഇതിനായി വിപുലമായ ക്യാമ്പയിനുകളും ജനകീയ വിദ്യാഭ്യാസ പരിപാടികളും നവകേരളം കർമ്മപദ്ധതി 2-ന്റെ ഭാഗമായി നടത്താൻ ലക്ഷ്യമിടുന്നു.

**തീരമേഖല പരിപാലന പദ്ധതി**

28 (1928) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സി.ആർ.ഇസഡ്. വിജ്ഞാപനമനുസരിച്ചുള്ള തീരമേഖല പരിപാലന പദ്ധതി അന്തിമരൂപം നൽകുന്നതിന് കാലതാമസം വരുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിനുള്ള പൊതു അദാലത്ത് നടത്തുന്നതിലെ കാലതാമസം ഒഴിവാക്കി അടിയന്തരമായി തീരമേഖല പരിപാലന പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

(എ & ബി) 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18-01-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ

അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാവുകയുള്ളൂ. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-08-2019-ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 01-07-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, ശ്രീ. പി. ബി. സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NCESS) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം.

2. 2019-ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം.

3. ഇതുസംബന്ധിച്ച മുമ്പത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും ശിപാർശകളും പരിഗണിച്ചുള്ള നിർദ്ദേശങ്ങൾ.

4. ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ വിവിധ Stakeholders പ്രാതിനിധ്യം ഇവ കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക.

5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ.

ടി വിദഗ്ദ്ധ സമിതി പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുകയും താഴെപ്പറയുന്ന മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

(i) കേരളത്തിലെ ധാരാളം ഗ്രാമപഞ്ചായത്തുകൾ നാഗരിക സ്വഭാവമുള്ളവയും 2011 സെൻസസ് പ്രകാരമുള്ള നഗരങ്ങളുടെ നിർവചനത്തിൽ ഉൾപ്പെടുന്നവയുമാണ്. സംസ്ഥാന സർക്കാർ ഇത്തരം ഗ്രാമപഞ്ചായത്തുകളെ തരംതിരിച്ച് നഗര പ്രദേശങ്ങളായി പുനർനാമം

ചെയ്യേണ്ടതാണ്. ടി ഗ്രാമപഞ്ചായത്തുകളെ നഗരങ്ങളായി പ്രഖ്യാപിച്ച ശേഷം ഇവയെ CRZ III കാറ്റഗറിയിൽനിന്നും CRZ II കാറ്റഗറിയിലേയ്ക്ക് മാറ്റേണ്ടതാണ്.

(ii) പൊക്കാളി പാടങ്ങളുടെ കേസിൽ വേലിയേറ്റ രേഖ ബണ്ടുകളിൽ നിജപ്പെടുത്തേണ്ടതും ബണ്ടുകൾക്കപ്പുറത്തേയ്ക്ക് വേലിയേറ്റ രേഖ നീട്ടുകയും ചെയ്യരുത്.

(iii) സർക്കാർ ഭൂമിയിലെ 1000 ചതുരശ്ര മീറ്റർ മാത്രം വിസ്തീർണ്ണമുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമായി 50 മീറ്റർ ബഫർ ഏരിയ പരിമിതപ്പെടുത്തേണ്ടതും സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്യേണ്ടതുമാണ്. ഇത് സംബന്ധിച്ച അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. മുകളിൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് കമ്മിറ്റി അംഗീകരിക്കുകയും അതിനനുസരിച്ചുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന് നൽകിയിട്ടുമുണ്ട്. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയതിനുശേഷം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കരട് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ചശേഷം പബ്ലിക് ഹിയറിംഗ് നടത്തും. പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ആയത് ചെന്നൈയിലുള്ള ടെക്നിക്കൽ സ്കൂട്ടിനി കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ടി അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള തിരുത്തലുകൾ കരട് തീരദേശ പരിപാലന പ്ലാനിൽ ടെക്നിക്കൽ സ്കൂട്ടിനി കമ്മിറ്റി വരുത്തുകയും ചെയ്യും. തീരദേശ പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കി സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ കഴിയുന്നത്ര വേഗം തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വകുപ്പുതലത്തിൽ തന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(സി) അന്തിമ തീരമേഖല പരിപാലന പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ വീടുകൾ വയ്ക്കാൻ കാത്തിരിക്കുന്നവർക്ക് ആശ്വാസകരമാകുന്ന നടപടികൾ കൈക്കൊള്ളുമോ; വ്യക്തമാക്കാമോ?

2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ച് സംസ്ഥാനത്ത് നിലവിൽ വരുമ്പോൾ പ്രസ്തുത വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഇളവുകൾ CRZ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നതാണ്.

**പുതുക്കിയ തീരദേശ പരിപാലന പദ്ധതി**

29 (1929) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2019-ൽ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ തീരദേശ പരിപാലന പദ്ധതി തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല. 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18-01-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമെ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാവുകയുള്ളൂ. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 1-7-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, ശ്രീ. പി. ബി. സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NCESS) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം.

2. 2019-ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം.

3. ഇതുസംബന്ധിച്ച മുമ്പത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും ശിപാർശകളും പരിഗണിച്ചുള്ള നിർദ്ദേശങ്ങൾ.

4. ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ വിവിധ Stakeholders പ്രാതിനിധ്യം ഇവ കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക.

5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ.

ടി വിദഗ്ദ്ധ സമിതി പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുകയും താഴെപ്പറയുന്ന മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

(i) കേരളത്തിലെ ധാരാളം ഗ്രാമപഞ്ചായത്തുകൾ നാഗരിക സ്വഭാവമുള്ളവയും 2011 സെൻസസ് പ്രകാരമുള്ള നഗരങ്ങളുടെ നിർവചനത്തിൽ ഉൾപ്പെടുന്നവയുമാണ്. സംസ്ഥാന സർക്കാർ ഇത്തരം ഗ്രാമ പഞ്ചായത്തുകളെ തരംതിരിച്ച് നഗര പ്രദേശങ്ങളായി പുനർനാമം ചെയ്യേണ്ടതാണ്. ടി ഗ്രാമ പഞ്ചായത്തുകളെ നഗരങ്ങളായി പ്രഖ്യാപിച്ച ശേഷം ഇവയെ CRZ III കാറ്റഗറിയിൽനിന്നും CRZ II കാറ്റഗറിയിലേയ്ക്ക് മാറ്റേണ്ടതാണ്.

(ii) പൊക്കാളി പാടങ്ങളുടെ കേസിൽ വേലിയേറ്റ രേഖ ബണ്ടുകളിൽ നിജപ്പെടുത്തേണ്ടതും ബണ്ടുകൾക്കപ്പുറത്തേയ്ക്ക് വേലിയേറ്റ രേഖ നീട്ടുകയും ചെയ്യരുത്.

(iii) സർക്കാർ ഭൂമിയിലെ 1000 ചതുരശ്ര മീറ്റർ മാത്രം വിസ്തീർണ്ണമുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമായി 50 മീറ്റർ ബഫർ ഏരിയ പരിമിതപ്പെടുത്തേണ്ടതും സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്യേണ്ടതുമാണ്. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ചശേഷം പബ്ലിക് ഹിയറിംഗ് നടത്തും. പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ആയത് ചെന്നൈയിലുള്ള ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും, 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ടി അഭിപ്രായങ്ങൾ/നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള തിരുത്തലുകൾ കരട് തീരദേശ പരിപാലന പ്ലാനിൽ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി വരുത്തുകയും ചെയ്യും. തീരദേശ പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കി സാങ്കേതികകാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ കഴിയുന്നത്ര വേഗം തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വകുപ്പുതലത്തിൽതന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

## കോസ്റ്റൽ റെഗുലേഷൻ സോണിൽ വീട് നിർമ്മിക്കുന്നതിനുള്ള അപേക്ഷകൾ

30 (1930) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ റെഗുലേഷൻ സോണിൽ വീട് നിർമ്മിക്കുന്നതിനും വീടുകൾ പുനർനിർമ്മിക്കുന്നതിനും സമർപ്പിച്ച അപേക്ഷകൾ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ കെട്ടിക്കിടക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതി പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

ഇല്ല. കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ CRZ ക്ലിയറൻസിനായി ലഭിച്ച അപേക്ഷകളിൽ 537 അപേക്ഷകളാണ് നിലവിൽ തീർപ്പാക്കാനായിട്ടുള്ളത്. ഇതിൽ 486 അപേക്ഷകൾ അപൂർണ്ണമായതിനാൽ വിശദാംശങ്ങൾ/ആവശ്യമായ രേഖകൾ എന്നിവ ആവശ്യപ്പെട്ടിട്ടുണ്ട്. 51 അപേക്ഷകൾ, 20-9-2021-ന് നടന്ന കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ 116-ാമത് മീറ്റിംഗിനുശേഷം ലഭിച്ച പുതിയ അപേക്ഷകളാണ്.

(ബി) ഇരവിപുരം മണ്ഡലത്തിൽനിന്ന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ 2016 മുതൽ നാളിതുവരെ ലഭിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; സ്വീകരിച്ച നടപടി വിശദമാക്കാമോ?

നിയമസഭാമണ്ഡലം അടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

## തീരദേശ പരിപാലന നിയമ ഭേദഗതി വിജ്ഞാപനം

31 (1931) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18-1-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടും ഈ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിജ്ഞാപന പ്രകാരമുള്ള നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18-1-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമെ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാവുകയുള്ളൂ.

തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ ഉത്തരവുപ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 1-7-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, ശ്രീ. പി. ബി. സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NCESS) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം.

2. 2019-ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം.

3. ഇതുസംബന്ധിച്ച മുമ്പത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും ശിപാർശകളും പരിഗണിച്ചുള്ള നിർദ്ദേശങ്ങൾ.

4. ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ വിവിധ Stakeholders പ്രാതിനിധ്യം ഇവ കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക.

5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ.

ടി വിദഗ്ദ്ധ സമിതി പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുകയും താഴെപ്പറയുന്ന മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

1. കേരളത്തിലെ ധാരാളം ഗ്രാമ പഞ്ചായത്തുകൾ നാഗരിക സ്വഭാവമുള്ളവയും 2011 സെൻസസ് പ്രകാരമുള്ള നഗരങ്ങളുടെ നിർവചനത്തിൽ ഉൾപ്പെടുന്നവയുമാണ്. സംസ്ഥാന സർക്കാർ ഇത്തരം ഗ്രാമപഞ്ചായത്തുകളെ തരംതിരിച്ച് നഗര പ്രദേശങ്ങളായി പുനർനാമം ചെയ്യേണ്ടതാണ്. ടി ഗ്രാമപഞ്ചായത്തുകളെ നഗരങ്ങളായി പ്രഖ്യാപിച്ച ശേഷം ഇവയെ CRZ III കാറ്റഗറിയിൽനിന്നും CRZ II കാറ്റഗറിയിലേയ്ക്ക് മാറ്റേണ്ടതാണ്.

2. പൊക്കാളി പാടങ്ങളുടെ കേസിൽ വേലിയേറ്റ രേഖ ബണ്ടുകളിൽ നിജപ്പെടുത്തേണ്ടതും ബണ്ടുകൾക്കപ്പുറത്തേയ്ക്ക് വേലിയേറ്റ രേഖ നീട്ടുകയും ചെയ്യരുത്.

3. സർക്കാർ ഭൂമിയിലെ 1000 ചതുരശ്ര മീറ്റർ മാത്രം വിസ്തീർണ്ണമുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമായി 50 മീറ്റർ ബഫർ ഏരിയ പരിമിതപ്പെടുത്തേണ്ടതും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്യേണ്ടതുമാണ്. ഇത് സംബന്ധിച്ച അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

മുകളിൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് കമ്മിറ്റി അംഗീകരിക്കുകയും അതിനനുസരിച്ചുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കരട് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ചശേഷം പബ്ലിക് ഹിയറിംഗ് നടത്തും. പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ആയത് ചെന്നൈയിലുള്ള ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ടി അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള തിരുത്തലുകൾ കരട് തീരദേശ പരിപാലന പ്ലാനിൽ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി വരുത്തുകയും ചെയ്യും. തീരദേശ പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കി സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ കഴിയുന്നത്ര വേഗം തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വകുപ്പുതലത്തിൽതന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയും അതിലെ നിർമ്മാണങ്ങളും സംബന്ധിച്ച് അന്തിമ തീരുമാനം വൈകുന്നതുമൂലം തീരദേശ ജില്ലകളിലെ പല നിർമ്മാണങ്ങൾക്കും തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല. 2019-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിലെ clause 6(i) പ്രകാരം 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നതുവരെ 2011-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിലെ വ്യവസ്ഥകളും 2011-ലെ തീരദേശ പരിപാലന പ്ലാനുമാണ് സംസ്ഥാനത്ത്

പ്രാബല്യത്തിലുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സംസ്ഥാനത്ത് CRZ പരിധിയിലുൾപ്പെടുന്ന പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തീരദേശ പരിപാലന അതോറിറ്റി അനുമതി നൽകിവരുന്നു.

(സി) 2019-ലെ വിജ്ഞാപനത്തിലെ അശാസ്ത്രീയത പരിഹരിക്കുന്നതിനും ഇതുമൂലം സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

18-1-2019-ൽ G.S.R. 37(E) നമ്പറായി CRZ ദൂരപരിധിയിലിളവ് വരുത്തികൊണ്ട് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയമാണ്. ടി വിജ്ഞാപനത്തിൽ മാറ്റം വരുത്തി പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. 2019-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും 2019-ലെ വിജ്ഞാപനം വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതിനും മൂന്നംഗ വിദഗ്ധ സമിതി രൂപീകരിച്ച് 1-7-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുവരെ തീരദേശ പരിപാലന അതോറിറ്റിയുടെ പരിഗണനയ്ക്ക് വരുന്ന അപേക്ഷകൾ തള്ളാതെ തീരുമാനത്തിനായി മാറ്റിവയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

2019-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിലെ ക്ലോസ് 6(i) പ്രകാരം 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള തീരദേശ പരിപാലന പ്ലാനിംഗ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നതുവരെ 2011-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിലെ വ്യവസ്ഥകളും 2011-ലെ തീരദേശ പരിപാലന പ്ലാനുമാണ് സംസ്ഥാനത്ത് പ്രാബല്യത്തിലുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സംസ്ഥാനത്ത് CRZ പരിധിയിലുൾപ്പെടുന്ന പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തീരദേശ പരിപാലന അതോറിറ്റി അനുമതി നൽകിവരുന്നു.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ ഒഴിവുകൾ

32 (1932) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-12-2017-ലെ സ.ഉ.(പി)12/2017/പി.&എ.ആർ.ഡി. ഉത്തരവിലെ ചട്ടം 9(ബി) പ്രകാരം കെ.എ.എസ്. സ്പെഷ്യൽ റൂൾസ് ഷെഡ്യൂൾ II ടേബിൾ 1-ൽ പ്രതിപാദിക്കുന്ന രണ്ടാം ഗസറ്റഡ് തസ്തികകളിലെ എത്ര ഒഴിവുകളാണ്

കെ.എ.എസ്. ചട്ടങ്ങൾ നിലവിൽ വന്നത് മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര ഒഴിവുകളാണ് കെ.എ.എസ്.-ന്റെ പ്രഥമ ബാച്ചിനായി നീക്കിവച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ & ബി) കെ.എ.എസ്. സ്പെഷ്യൽ റൂൾസ് ഷെഡ്യൂൾ II ടേബിൾ 1-ൽ പ്രതിപാദിക്കുന്ന രണ്ടാം ഗസറ്റഡ് തസ്തികകളിലെ 105 (നൂറ്റിയഞ്ച്) തസ്തികകളാണ് മൊത്തം നിയമനത്തിനായി മാറ്റിവച്ചിരിക്കുന്നത്. ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത തീയതികൾ അറിയിക്കാമോ; ആയതുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത തസ്തികകൾ പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 16-2-2021-ലെ 1/സ്പെഷ്യൽ.ഇ 3/2021/പൊ.ഭ.വ. നമ്പർ അർദ്ധഔദ്യോഗിക കത്ത് മുഖാന്തരം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത അർദ്ധ ഔദ്യോഗിക കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) പ്രസ്തുത തസ്തികയിലെ നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ എത്രയെണ്ണം കെ.എ.എസ്. അടുത്ത ബാച്ചുകൾക്കായി നീക്കിവച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ സർവ്വീസ് സംഘടനാ ഭാരവാഹികളുമായി 13-01-2017-ന് ചേർന്ന യോഗത്തിലെ തീരുമാനത്തിനും 5-1-2015-ലെ ജി.ഒ.(എം.എസ്.)നം.01/2015/ജി.എ.ഡി. ഉത്തരവിലെ ഖണ്ഡിക 5-ലെ 6(xiii)-ലെ പരാമർശത്തിനും വിരുദ്ധമായി മുഴുവൻ ഒഴിവുകളും കെ.എ.എസ്.ന്റെ ആദ്യ ബാച്ചിൽനിന്ന് റിക്രൂട്ട് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം ചെയ്യാനുള്ള സാഹചര്യം വിശദമാക്കുമോ?

(ഡി & ഇ) 29-12-2017-ലെ സ.ഉ.(പി)നം.12/2017/ഉ.ഭ.പ.വ. ഉത്തരവിലെ ചട്ടം 4 പ്രകാരം കെ.എ.എസ്. സ്പെഷ്യൽ റൂൾസ് ഷെഡ്യൂൾ-II പട്ടിക-I പ്രകാരമാണ് നിലവിൽ തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെ.എ.എസ്. നിയമനം

33 (1933) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്.-ന്റെ ഒന്നാം ഘട്ടത്തിൽ എത്ര ഒഴിവുകളാണ് കണ്ടെത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

കെ.എ.എസ്.ഓഫീസേഴ്സ് (ജൂനിയർ ടൈം സ്കെയിൽ) ട്രെയിനി തസ്തികയിൽ 105 തസ്തികകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) മൂന്ന് ഘട്ടമായി മാത്രമേ കെ.എ.എസ്. ഒഴിവുകൾ നികത്തുവെന്നും ഒന്നാമത്തെ ഘട്ടത്തിൽ മൂന്നിലൊന്ന് ഒഴിവുകളേ നികത്താവൂവെന്നും പ്രതിപാദിക്കുന്ന 5-1-2015-ലെ G.O.(Ms) 01/2015/GAD ഉത്തരവും വിവിധ സർവ്വീസ് സംഘടന ഭാരവാഹികൾ പങ്കെടുത്ത 13-1-2017-ലെ യോഗത്തിൽ മുഖ്യമന്ത്രി നൽകിയ ഉറപ്പും കണക്കിലെടുക്കാതെ മുഴവൻ ഒഴിവുകളും പ്രഥമ ബാച്ചിന്റെ റിക്രൂട്ട്മെന്റിനായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ സാഹചര്യം വിശദമാക്കാമോ?

29-12-2017-ലെ സ.ഉ.(പി)നം.12/2017/ഉ.ഭ.പ.വ. ഉത്തരവിലെ റൂൾ 4 അനുസരിച്ച് ഷെഡ്യൂൾ-II പട്ടിക-I പ്രകാരമാണ് പ്രസ്തുത തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

## ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയുടെ യോഗ്യത

34 (1934) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എൻ.എം. കോഴ്സ് കഴിഞ്ഞവർക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിന് പി.എസ്.സി. തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കുമോ?

ഉണ്ട്. ആരോഗ്യ വകുപ്പിലേയും മുനിസിപ്പൽ കോമൺ സർവീസിലേയും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് യോഗ്യതയായി ജി.എൻ.എം. ഡിപ്ലോമ അംഗീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ അങ്ങനെ തീരുമാനിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ?

Diploma in General Nursing and Midwifery യോഗ്യതയെ ടി തസ്തികയ്ക്കുള്ള ഉയർന്ന യോഗ്യതയായി പരിഗണിക്കാമെന്ന് OA.617/2015-ന്റെ 30-9-2016-ലെ

വിധിന്യായത്തിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (തിരുവനന്തപുരം) ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി (OP KAT) No.62/2017-ന്മേൽ 4-6-2019-ലെ വിധിപ്രകാരം ശരിവച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ടി തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

(സി) പ്രസ്തുത തീരുമാനം ജെ.പി.എച്ച്.എൻ. കോഴ്സ് കഴിഞ്ഞവരുടെ അവസരങ്ങൾ കുറയ്ക്കുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(സി & ഡി) ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA. No.1003/2021 എന്ന കേസ് നിലവിലുണ്ട്. ഈ കേസിൽ അന്തിമവിധി ഉണ്ടാകുന്ന മുറയ്ക്ക് വിഷയത്തിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

## പി.എസ്.സി. മുഖേനയല്ലാതെ സർക്കാർ സർവ്വീസിലെ നിയമനങ്ങൾ

35 (1935) <u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേനയല്ലാതെ സർക്കാർ, അർദ്ധസർക്കാർ മേഖലകളിലെത്ര പേർക്ക് ജോലി നൽകിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

36 (1936) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി 277/2018 പ്രകാരമുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള പി.എസ്.സി. വിജ്ഞാപനത്തെ തുടർന്ന് അപേക്ഷ നൽകിയവർ, പരീക്ഷ എഴുതുന്നതിനായി കൺഫർമേഷൻ നൽകിയവർ, പരീക്ഷ എഴുതിയവർ എന്നിവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ ഓരോ ജില്ലയിലും എത്ര ഒഴിവുകൾ വീതമാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് പറയാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ആയി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത തസ്തികയിൽ ഓരോ ജില്ലയിലും 2021-22-ലെ പ്രതീക്ഷിത ഒഴിവുകളെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ?

2021-ലെ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെയാണ് എല്ലാ ജില്ലകളിൽ നിന്നും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2022-ലെ പ്രതീക്ഷിത ഒഴിവുകൾ 2021 ഒക്ടോബർ 30-നകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ 5-10-2021-ലെ ഉ.പ.സി.3/174/2021/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് നിയമനം

37 (1937) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് സെർവന്റ് തസ്തികയിലേയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകുന്നതിനെത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സെർവന്റ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതുമുതൽ റദ്ദാകുന്നത് വരെ 697 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ ഇനി 28 ഒഴിവുകളിലേയ്ക്ക് മാത്രമാണ് പി.എസ്.സി. നിയമന ശിപാർശ നൽകുവാനുള്ളത്.

(ബി) 12-08-2021-നുശേഷം ലാസ്റ്റ് ഗ്രേഡ് സർവന്റ് റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകുന്നതിന് അഡ്വൈസ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ?

58 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത അഡ്വൈസ് ലിസ്റ്റിൽ നിന്ന് നിയമനം നൽകുന്നതിന് എന്തെങ്കിലും തടസ്സമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## റാങ്ക് ലിസ്റ്റുകളിലെ ഉദ്യോഗാർത്ഥികളുടെ എണ്ണം

38 (1938) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളിലെ ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

മുൻറാങ്ക് പട്ടികയിൽനിന്നും നടത്തിയ നിയമനശിപാർശകളുടെ എണ്ണം അല്ലെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളുടെ എണ്ണം എന്നിവയെ അടിസ്ഥാനപ്പെടുത്തി ഒരു വർഷത്തെ സാധ്യതാ നിയമനങ്ങളുടെ എണ്ണം (Number of probable appointments) കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിലാണ് റാങ്ക്/ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിക്കുന്നത്. പുതിയ തെരഞ്ഞെടുപ്പാണെങ്കിൽ പരീക്ഷാ തീയതി വരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളാണ് സാധ്യതാ നിയമനങ്ങളുടെ അടിസ്ഥാന സംഖ്യ നിശ്ചയിക്കുവാൻ പരിഗണിക്കുന്നത്. കായിക ക്ഷമതാ പരീക്ഷ, പ്രായോഗിക പരീക്ഷ, ശാരീരിക ക്ഷമതാ പരീക്ഷ, ഡിക്റ്റേഷൻ ടെസ്റ്റ് എന്നിവ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായി നിഷ്കർഷിച്ചിട്ടുള്ള തസ്തികകളുടെ കാര്യത്തിൽ പ്രസ്തുത അടിസ്ഥാന സംഖ്യയുടെ ഏറ്റവും കുറഞ്ഞത് അഞ്ചിരട്ടി ഉദ്യോഗാർത്ഥികളെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്താറുണ്ട്. മുഖ്യപട്ടികയിൽ ഏറ്റവും ചുരുങ്ങിയത് പത്തു പേരെയെങ്കിലും ഉൾപ്പെടുത്തിയാണ് റാങ്ക് പട്ടിക തയ്യാറാക്കുന്നത്. ഉപപട്ടികകളുടെ കാര്യത്തിൽ ഒരു വർഷത്തെ സാധ്യതാ നിയമനങ്ങളുടെ അഞ്ചിരട്ടി ഉദ്യോഗാർത്ഥികളെ ഓരോ സമുദായത്തിന്റെയും ശതമാനക്കണക്കനുസരിച്ച് തിട്ടപ്പെടുത്തിയാണ് ഉൾപ്പെടുത്തുന്നത്. മുഖ്യപട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം 20-ൽ താഴെയാണെങ്കിൽ ഏറ്റവും കുറഞ്ഞത് മൂന്ന് വീതവും മുഖ്യപട്ടികയിലെ എണ്ണം 20-ൽ കൂടുതലാണെങ്കിൽ ഏറ്റവും കുറഞ്ഞത് 5 ഉദ്യോഗാർത്ഥികളെ വീതവും ഉൾപ്പെടുത്തിയാണ് ഉപപട്ടിക തയ്യാറാക്കുന്നത്. പട്ടികജാതി ഉപപട്ടികയിൽ ഉൾപ്പെടുന്ന അത്രയും എണ്ണം ഉദ്യോഗാർത്ഥികളെ ലഭ്യതയ്ക്കനുസരിച്ച് പട്ടികവർഗ്ഗ ഉപപട്ടികയിലും ഉൾപ്പെടുത്താറുണ്ട്.

(ബി) ചില റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലിസ്റ്റിലെ എല്ലാ ഉദ്യോഗാർത്ഥികൾക്കും ജോലി ലഭിക്കുമ്പോൾ ചില റാങ്ക് ലിസ്റ്റിൽ നിന്നും ഒരാൾക്ക് പോലും ജോലി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഒഴിവുകളുടെ എണ്ണം മാനദണ്ഡമാക്കുന്നതിനും യോഗ്യരായ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാമോ?

(ബി&സി) റാങ്ക് പട്ടിക തയ്യാറാക്കുന്ന മാനദണ്ഡങ്ങളാലും വകുപ്പുകളിൽനിന്ന് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിൽ ഉണ്ടാകുന്ന മാറ്റങ്ങളാലും കോടതി വ്യവഹാരങ്ങളിൽപ്പെടുന്നതിനാലും അപൂർവ്വം റാങ്ക് പട്ടികകളിൽനിന്ന് നിയമന ശിപാർശകൾ നടക്കാത്ത സാഹചര്യം നിലവിലുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധിയിൽ വകുപ്പുകളിൽ ഉണ്ടാകാനിടയുള്ള ഒഴിവുകളുടെ എണ്ണത്തിൽ വ്യത്യാസം ഉണ്ടാകുന്നതിനാൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ കഴിയാറില്ല. എന്നാൽ ഇതേ കാരണത്താൽ മുഖ്യപട്ടികയിലെ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമന ശിപാർശ നൽകുന്ന സാഹചര്യവുമുണ്ട്.

**പെൻഷൻ പ്രായം ഉയർത്തൽ**

39 (1939) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ വിവിധ ശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത റിപ്പോർട്ടിൽ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് പരാമർശമുണ്ടോ; എങ്കിൽ ഇതിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ വിരമിക്കൽ പ്രായം 57 ആക്കി വർദ്ധിപ്പിക്കാവുന്നതാണെന്ന് ശിപാർശ നൽകിയിട്ടുണ്ട്.

**ജിത ദിനരാജിന് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം നിയമനം**

40 (1940) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽ യു.ഡി.സി. ആയിരിക്കെ അന്തരിച്ച എം. ദിനരാജിന്റെ മകൾ ജിത ദിനരാജിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകിയിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുമോ?

പോലീസ് വകുപ്പിൽ യു.ഡി. ക്ലാർക്ക് തസ്തികയിൽ സേവനത്തിലിരിക്കെ അന്തരിച്ച എം. ദിനരാജിന്റെ മകൾ കുമാരി ജിത ദിനരാജിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനാനുമതി നൽകിയിട്ടില്ല.

(ബി) പ്രസ്തുത വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ഇവർക്ക് നിയമനം ലഭിക്കാൻ സാധ്യതയുണ്ടോയെന്ന വിവരം ലഭ്യമാകുമോ?

നിലവിൽ പോലീസ് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഒഴിവില്ലാത്തതിനാൽ മറ്റ് വകുപ്പുകളിലുണ്ടാകുന്ന ഒഴിവിൽനിന്നും പൊതുഭരണ (സി.ഇ. സെൽ) വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഊഴം എത്തുന്ന മുറയ്ക്ക് കുമാരി ജിത ദിനരാജിന് നിയമനാനുമതി നൽകുവാൻ സാധിക്കുന്നതാണ്.

(സി) പ്രസ്തുത വകുപ്പ് പുറപ്പെടുവിച്ചിരിക്കുന്ന സീനിയോറിറ്റി പട്ടികയിൽ ഇവരുടെ സ്ഥാനം എത്രയെന്ന വിവരം നൽകുമോ?

സർക്കാരിലെ പൊതുഭരണ (സി.ഇ. സെൽ) വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള ആശ്രിത നിയമനത്തിനായുള്ള എൽ.ഡി. ക്ലർക്ക് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ കുമാരി ജിത ദിനരാജിനെ രണ്ടാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്താലാണ് ജിത ദിനരാജിന് നിയമനം ലഭിക്കുകയെന്ന് വ്യക്തമാക്കുമോ?

എൽ.ഡി. ക്ലാർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററിയായി വിവിധ വകുപ്പുകളിൽ നിയമനം നൽകിയവരെ സ്ഥിരപ്പെടുത്തിയതിനുശേഷം ഊഴം എത്തുന്ന മുറയ്ക്ക് എൽ.ഡി. ക്ലർക്ക് തസ്തികയിലേയ്ക്ക് കുമാരി ജിത ദിനരാജിന് നിയമനാനുമതി നൽകുവാൻ സാധിക്കുന്നതാണ്.

**ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ**

41 (1941) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക തൊഴിൽ കമ്പോളത്തിലെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ ലഭിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം നേടുന്നതിനായുള്ള നോളജ് ഇക്കോണമി മിഷൻ പദ്ധതിയുടെ രൂപരേഖ

തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ കൗൺസിൽ സമർപ്പിച്ച രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ മുഖ്യനിർവ്വഹണ ഏജൻസിയായി കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബൃഹദ് പരിപാടിക്ക് നേതൃത്വം നൽകാവുന്ന തരത്തിൽ കെ-ഡിസ്ക് പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; അറിയിക്കുമോ?

ഉണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കെ-ഡിസ്കിന്റെ ഭരണസംവിധാനം പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(സി) നോളജ് ഇക്കോണമി മിഷൻ യാഥാർത്ഥ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനുമായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത പദ്ധതിയിൽനിന്നും പാവപ്പെട്ടവർ പുറന്തള്ളപ്പെടാതിരിക്കാൻ വിജ്ഞാന വിടവ് ഒഴിവാക്കാൻ പ്രത്യേകം പദ്ധതിയുണ്ടോ; വിശദമാക്കുമോ?

കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും നൈപുണികൾക്കും അനുസൃതമായി വിജ്ഞാന തൊഴിലുകളിൽ ഏർപ്പെടുത്തുന്നതിനായി ലോകത്തെമ്പാടുമുള്ള നവലോക തൊഴിൽ അവസരങ്ങൾ കണ്ടെത്തി അവ പ്രാപ്തമാക്കാൻ ആവശ്യമായ പരിശീലനം നൽകി തൊഴിൽ നൽകുക എന്നതാണ് നോളഡ്ജ് ഇക്കണോമി മിഷൻ പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഇതിന് കഴിയുന്ന രീതിയിൽ തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും ഒരു പ്ലാറ്റ്ഫോമിൽ കൊണ്ടുവരാനും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓരോരുത്തരുടെയും കഴിവും നൈപുണിയും കണ്ടെത്തി അവർക്കനുയോജ്യമായ, വരുമാന ദായകമായ, സർക്കാരിതര തൊഴിലുകളിൽ എത്തിക്കുന്നതിനും ആവശ്യമായ പരിശീലനവും സഹായവും നൽകാൻ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്നൊരു ഡിജിറ്റൽ പ്ലാറ്റ്ഫോം നിലവിൽ വന്നിട്ടുണ്ട്. കേരളത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി രൂപപ്പെടുത്തുന്ന വിധത്തിൽ കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽശേഷിയെയും നമ്മുടെ വിദ്യാഭ്യാസ മേഖലയെയും നവലോക തൊഴിലുകളിലേയ്ക്ക് പ്രാപ്തരാക്കാൻ സ്വദേശത്തും വിദേശത്തുമുള്ള വിവിധ ഏജൻസികളും വ്യവസായ സമൂഹവുമായി ചേർന്നുകൊണ്ടുള്ള ഒരു പ്രവർത്തന പരിപാടിക്കാണ് നോളജ് ഇക്കണോമി മിഷൻ ലക്ഷ്യമിടുന്നത്. കുടുംബശ്രീ,

അസാപ്, KASE (Kerala Academy for Skills Excellence), ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ, ICTAK (Information and Communication Technology Academy of Kerala), സ്റ്റാർട്ട് അപ് മിഷൻ തുടങ്ങിയ സർക്കാർ - സർക്കാരിതര ഏജൻസികളുമായി ചേർന്ന് വരുന്ന അഞ്ച് വർഷത്തിനകം 20 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനാണ് പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ കൃഷി, മൃഗസംരക്ഷണം, ഡയറി, MSME (Micro, Small & Medium Enterprises), വ്യവസായം തുടങ്ങിയവയെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താലും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളായി ബന്ധിപ്പിച്ചും പ്രാദേശിക തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും നോളഡ്ജ് ഇക്കോണമി മിഷൻ ലക്ഷ്യമിടുന്നു. സമൂഹത്തിലെ സാമൂഹ്യവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവർക്കും ദുർബ്ബല ജനവിഭാഗങ്ങൾക്കും തൊഴിൽ നൈപുണികൾ ആർജ്ജിക്കാനും പരിശീലനം നടത്തുന്നതിനുമായി സ്കോളർഷിപ്പുകളും ഇൻസെന്റീവുകളും ഏർപ്പെടുത്തിയിട്ടുണ്ട്. പരിശീലനങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് പലിശരഹിത വായ്പയുള്ള സംവിധാനവും പദ്ധതിരേഖയിൽ വിഭാവനം ചെയ്യുന്നു.

**തിരുവനന്തപുരം ജില്ലയിൽ കെ-ഫൈ പദ്ധതി**

42 (1942) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫൈ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ എവിടെയൊക്കെയാണ് സൗജന്യ വൈ-ഫൈ ലഭ്യമാക്കിയിട്ടുള്ളതെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ അറിയിക്കാമോ?

കെ-ഫൈ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ 184 കേന്ദ്രങ്ങളിൽ സൗജന്യ വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

കെ-ഫൈ പദ്ധതിയുടെ രണ്ട് ഘട്ടങ്ങളിലായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 2000 കേന്ദ്രങ്ങളിൽ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. പുറമേ സെക്രട്ടേറിയറ്റിൽ 50 ഹോട്ട്സ്പോട്ടുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഐ.ടി. ഹാർഡ് വെയർ ഉല്പാദനം**

43 (1943) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷം എത്ര കോടി രൂപയുടെ ഐ.ടി. ഹാർഡ്‌വെയർ ഉല്പാദനമാണ് സംസ്ഥാനത്ത് നടന്നത്; വെളിപ്പെടുത്തുമോ;

(ബി) 2025-26 വർഷത്തോടെ പ്രസ്തുത ഉല്പാദനം എത്ര കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ?

(എ & ബി) സർക്കാർ ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ച് സോഫ്റ്റ്‌വെയർ ഉല്പാദനവും സേവനവുമാണ് പ്രധാനമായും നടക്കുന്നത്.

(സി) സ്വകാര്യ ഐ.ടി. പാർക്കുകളെ പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ചുവരുന്ന നൂതനമായ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി. സംരംഭകർ, ഐ.ടി., ഐ.ടി. അനുബന്ധ മേഖലകളിലെ ജീവനക്കാർ, തൊഴിലാളികൾ എന്നിവരുടെ എണ്ണം എത്ര; ഇവരുടെ ക്ഷേമം ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

(സി & ഡി) സംസ്ഥാനത്തെ 3 സർക്കാർ ഐ.ടി. പാർക്കുകളിലുമായി 928 കമ്പനികളും 114970 ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്. സ്വകാര്യ മേഖലയിലെ വിവരം ലഭ്യമല്ല. ഐ.ടി., ഐ.ടി. അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുംവേണ്ടി ഒരു ക്ഷേമനിധിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത മേഖലയിലുള്ളവർക്ക് പെൻഷൻ, കുടുംബപെൻഷൻ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, മരണാനന്തര ചെലവ്, മരണാനന്തര സഹായം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലെ സ്വകാര്യ കമ്പനികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും ജീവനക്കാർക്കുമായി നിയമാനുസൃതമായ ക്ഷേമപദ്ധതികളും തൊഴിൽ നിയമങ്ങളും കൃത്യമായി നടപ്പിലാക്കണമെന്ന് കമ്പനികളുമായുള്ള കരാർ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന സ്വകാര്യ കമ്പനികളിലെ ജീവനക്കാരുടെ ക്ഷേമത്തിനായി കമ്പനികൾ നേരിട്ടും വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

## ഐ.ടി. പദ്ധതികൾ

44 (1944) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. പദ്ധതികൾ വിപുലീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ഓരോ ജില്ലകളിലും വിഭാവനം ചെയ്യുന്ന പദ്ധതികളുടെ വിശദാംശങ്ങളും അറിയിക്കുമോ?

ജില്ലാതലത്തിലുള്ള ഐ.ടി. വികസനത്തിലുപരി സംസ്ഥാനത്തുടനീളം ഐ.ടി. മേഖലയിലുള്ള വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. പരമാവധി നിക്ഷേപങ്ങളും, ദേശീയ-അന്തർദ്ദേശീയതലത്തിലുള്ള വൻകിട ഐ.ടി./ഐ.ടി.ഇ.എസ്., അനുബന്ധ വ്യവസായ സംരംഭങ്ങളും കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി സർക്കാർ ലോകോത്തര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും ഐ.ടി. പാർക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ ഐ.ടി. പദ്ധതികൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രധാന ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ചുള്ള ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിലുള്ള ഉപ പാർക്കുകൾ പ്രവർത്തിക്കുന്നു. ഇത്തരത്തിൽ തിരുവനന്തപുരം ടെക്നോപാർക്ക് കേന്ദ്രീകരിച്ച് കൊല്ലം ജില്ലയിലെ കുണ്ടറ ടെക്നോപാർക്കും കൊച്ചി ഇൻഫോപാർക്ക് കേന്ദ്രീകരിച്ച് തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലും ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും ഇൻഫോ പാർക്കിന്റെ സാറ്റലൈറ്റ് കാമ്പസുകൾ ആരംഭിക്കുകയുണ്ടായി. സംസ്ഥാനത്തെ വിവിധ ഐ.ടി. പാർക്കുകളിലേയ്ക്ക് ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ആഗോള തലത്തിൽ മുന്നിൽ നിൽക്കുന്നതും കേരളത്തിൽ പ്രാതിനിധ്യം ഇല്ലാത്തതുമായ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലകളിലെ 20 വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി കേരളത്തിലേയ്ക്ക് ക്ഷണിച്ചിട്ടുണ്ട്. 30,000 സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പുറമേ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 20 ലക്ഷത്തോളം കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും അതിവേഗ ഇന്റർനെറ്റ് സേവനം നൽകുന്നതിനായി ആവിഷ്കരിച്ച കെ-ഫോൺ പദ്ധതി ഈ വർഷം അവസാനത്തോടെ പൂർത്തീകരിക്കാൻ കഴിയുന്ന വിധത്തിൽ പുരോഗമിക്കുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടം 2021 ഫെബ്രുവരി 15-ന് പൂർത്തീകരിച്ചു. വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ സമയബന്ധിതവും അനായാസവുമായി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ

ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 'e-സേവനം' എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലും 'm സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനും രൂപം നൽകുകയും അവ 1-10-2021-ൽ ഉദ്ഘാടനം ചെയ്യുകയുമുണ്ടായി.

(ബി) ഐ.ടി. മിഷൻ മുഖേന സൗജന്യമായി ഇന്റർനെറ്റ് നൽകുന്ന പബ്ലിക് വൈ-ഫൈ പ്രോഗ്രാമിന്റെ പ്രവർത്തനം നിലവിൽ ഏതുഘട്ടത്തിലാണെന്നും ഈ പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ?

പൊതുസ്ഥലങ്ങളിൽ സൗജന്യ വൈ-ഫൈ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ബി.എസ്.എൻ.എൽ.-ന്റെ സഹകരണത്തോടെ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 2000 കേന്ദ്രങ്ങളിൽ വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുകയും ബസ് സ്റ്റാൻഡുകൾ, പാർക്കുകൾ, ലൈബ്രറികൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ സൗജന്യ വൈ-ഫൈ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) എം. കേരള മൊബൈൽ ആപ്ലിക്കേഷന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തിയാക്കാനാകുമെന്നും അറിയിക്കുമോ?

മൊബൈൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ സമയബന്ധിതവും അനായാസവുമായി ഒരു മൊബൈൽ ഫോണിലൂടെ ഏത് സമയത്തും ജനങ്ങൾക്ക് ലഭ്യമാക്കുന്ന 'm-സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനും 'e-സേവനം' എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലും 1-10-2021-ൽ ഉദ്ഘാടനം ചെയ്യുകയുണ്ടായി.

**ഐ.ടി., ഐ.ടി. അനുബന്ധ മേഖലകളിലെ ക്ഷേമപദ്ധതികൾ**

45 (1945) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഐ.ടി., ഐ.ടി. അനുബന്ധ മേഖലയിലെ തൊഴിലാളികൾക്കും ജീവനക്കാർക്കുമായി എന്തൊക്കെ ക്ഷേമപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഐ.ടി., ഐ.ടി. അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനുള്ള പദ്ധതിക്ക് 25-2-2021-ലെ സ.ഉ.(കൈ)നം.24/2021/തൊഴിൽ പ്രകാരം സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത മേഖലയിലുള്ളവർക്കുള്ള പെൻഷൻ, കുടുംബപെൻഷൻ, പ്രസവാനുകൂല്യം,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവാഹാനുകൂല്യം, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, മരണാനന്തര ചെലവ്, മരണാനന്തര സഹായം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലെ സ്വകാര്യ കമ്പനികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും ജീവനക്കാർക്കുമായി നിയമാനുസൃതമായ ക്ഷേമ പദ്ധതികളും തൊഴിൽ നിയമങ്ങളും കൃത്യമായി നടപ്പിലാക്കണമെന്ന് കമ്പനികളുമായുള്ള കരാർ ഉടമ്പടികളിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന സ്വകാര്യ കമ്പനികളിലെ ജീവനക്കാരുടെ ക്ഷേമത്തിനായി കമ്പനികൾ നേരിട്ടും വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നു.

**ഇരിക്കൂർ മണ്ഡലത്തിലെ അക്ഷയകേന്ദ്രങ്ങൾ**

46 (1946) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 20 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റി, ചെങ്ങളായി ഗ്രാമപഞ്ചായത്ത്, എരുവേശ്ശി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ മൂന്ന് വീതവും, ആലക്കോട്, നടുവിൽ, പയ്യാവൂർ, ഉദയഗിരി, ഉളിക്കൽ ഗ്രാമപഞ്ചായത്തുകളിൽ രണ്ട് വീതവും ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ ഒരു അക്ഷയ കേന്ദ്രവുമാണ് പ്രവർത്തിക്കുന്നത്.

(ബി) പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമ പഞ്ചായത്തുകളിൽ 2 കിലോമീറ്ററും മുനിസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും കോർപ്പറേഷനുകളിൽ 1 കിലോമീറ്ററുമാണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രത്തിനുള്ള ലൊക്കേഷൻ അനുവദിച്ച് കഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന്

അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിച്ച് ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

### ദേവികുളം മണ്ഡലത്തിൽ ഇന്റർനെറ്റ് കണക്ടിവിറ്റി

47 (1947) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം മണ്ഡലത്തിലെ ആദിവാസി മേഖലകളിൽ ഓൺലൈൻ വിദ്യാഭ്യാസത്തിന് ഇന്റർനെറ്റ് കണക്ടിവിറ്റിക്കായി ടെലികോം ടവർ സ്ഥാപിക്കുന്നതിന് ഏതൊക്കെ സ്ഥലങ്ങളിലാണ് ഭൂമി അനുവദിച്ചതെന്ന് വിശദമാക്കാമോ?

വിദ്യാർത്ഥികളുടെ പഠനാവശ്യം മുൻനിർത്തി ദേവികുളം താലൂക്കിലെ തോക്കുപാറ, കാന്തല്ലൂർ, അടിമാലി, മാങ്കുളം വില്ലേജുകളിലായി അഞ്ച് മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

### മരണപ്പെട്ട സൈനികരുടെ ആശ്രിതർക്കുള്ള തൊഴിൽ സഹായം

48 (1948) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈനിക സേവനത്തിനിടെ മരണപ്പെടുന്ന ജവാന്റെ ആശ്രിതന്/ആശ്രിതയ്ക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ തൊഴിൽ സഹായം അനുവദിച്ചുകൊണ്ടുള്ള 29-4-2002-ലെ ജി.ഒ.(പി)നം. 110/2002/ജി.എ.ഡി. നമ്പർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

29-4-2002-ലെ ജി.ഒ.(പി)നം.110/2002/ജി.എ.ഡി. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത വിഷയത്തിൻമേൽ 2003-നുശേഷം ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. പ്രസ്തുത വിഷയത്തിന്മേൽ 2003-നുശേഷം പുറപ്പെടുവിച്ച 7-6-2019-ലെ ജി.ഒ.(പി)01/2019/സൈ.ക്ഷേ.വ., 11-3-2020-ലെ ജി.ഒ(പി)നം.02/2020/സൈ.ക്ഷേ.വ. ഉത്തരവുകളുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം II, III ആയി ചേർത്തിരിക്കുന്നു.*

(സി) സൈനിക സേവനത്തിനിടെ മരണപ്പെടുന്ന ജവാന്റെ ആശ്രിതന്/ആശ്രിതയ്ക്ക് അവരുടെ ബിരുദ/ബിരുദാനന്തര ബിരുദ യോഗ്യതയ്ക്ക് അനുസരിച്ച് സംസ്ഥാന സർക്കാർ സർവ്വീസിൽ ക്ലാസ് II കാറ്റഗറിയിൽ ഏതെങ്കിലും വകുപ്പുകളിൽ 2002-നുശേഷം ജോലി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

പഠാൻകോട്ടിൽ തീവ്രവാദികളുമായുള്ള ഏറ്റുമുട്ടലിനിടെ വീരമൃത്യു വരിച്ച ലഫ്റ്റനന്റ് കേണൽ നിരഞ്ജൻ കുമാറിന്റെ ഭാര്യ ഡോ. കെ. ജി. രാധികയ്ക്ക് പ്രത്യേക കേസായി 25-2-2016-ലെ സ.ഉ.(എം.എസ്.)നം. 59/2016/ആ.കു.വ. പ്രകാരം പെരിന്തൽമണ്ണ ജനറൽ ആശുപത്രിയിൽ അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തികയിൽ ജോലി നൽകി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുഖേന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.*

(ഡി) സൈനിക സേവനത്തിനിടെ മരണപ്പെടുന്ന ജവാന്റെ ആശ്രിതന്/ആശ്രിതയ്ക്ക് അവരുടെ ബിരുദ/ബിരുദാനന്തര ബിരുദ യോഗ്യതയ്ക്ക് അനുസരിച്ച് സംസ്ഥാന സർക്കാർ സർവ്വീസിൽ ക്ലാസ് II കാറ്റഗറിയിൽ ഏതെങ്കിലും വകുപ്പുകളിൽ ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തൊഴിൽ സഹായം സംബന്ധിച്ച 2002-ലെ ഉത്തരവിൽ തൊഴിൽ സഹായപദ്ധതി പ്രകാരമുള്ള ആനുകൂല്യം സംസ്ഥാന സബോർഡിനേറ്റ് സർവ്വീസിലെ ക്ലാസ്സ് III/IV-ലെ ഏറ്റവും താഴ്ന്ന ഗ്രേഡിലോ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലോ പാർട്ട്ടൈം കണ്ടിൻജന്റ് സർവ്വീസിലോ എന്ന് നിജപ്പെടുത്തിയിട്ടുള്ളതാണ്.

**തിരൂരങ്ങാടി മണ്ഡലത്തിൽ അനുവദിച്ച ദുരിതാശ്വാസം**

49 (1949) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ തുക അനുവദിച്ചവരുടെയും അനുവദിച്ച തുകയുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

**ദുരിതാശ്വാസ നിധിയിൽനിന്നുള്ള ചികിത്സാ സഹായം**

50 (1950) <u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതര രോഗങ്ങളുടെ ചികിത്സക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ജില്ലാ കളക്ടർക്ക് 10,000 രൂപയും റവന്യൂ സ്പെഷ്യൽ സെക്രട്ടറിക്ക് 15,000 രൂപയും റവന്യൂ വകുപ്പുമന്ത്രിക്ക് 25,000 രൂപയും മുഖ്യമന്ത്രിയ്ക്ക് 3 ലക്ഷം രൂപയും നിലവിൽ അനുവദിക്കാൻ കഴിയുന്നതാണ്. 3 ലക്ഷം രൂപയ്ക്ക് മുകളിൽ തുക അനുവദിക്കുന്നതിന് മന്ത്രിസഭായോഗത്തിന്റെ അംഗീകാരം ആവശ്യമാണ്.

(ബി) പ്രസ്തുത ചികിത്സാ സഹായം കാലോചിതമായി പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

**ദുരിതാശ്വാസ നിധിയിൽനിന്ന് വയനാട് ജില്ലയ്ക്ക് നൽകിയ തുക**

51 (1951) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയാമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 2011-2016 കാലത്ത് വയനാട് ജില്ലക്ക് നൽകിയ തുക എത്രയാണ്; താലൂക്ക് തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2011-2016 കാലത്ത് വയനാട് കളക്ടറേറ്റിന് 19,92,00,000 (പത്തൊൻപത് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷം രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്. താലൂക്ക് തിരിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

(ബി) 2016 മുതൽ 2021 ആഗസ്റ്റ് 31 വരെ വയനാട് ജില്ലയ്ക്ക് നൽകിയ തുക എത്രയാണ്; താലൂക്ക് തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

2016 മുതൽ 2021 ആഗസ്റ്റ് 31 വരെ വയനാട് ജില്ലാ കളക്ടറേറ്റിന് 145,84,76,273 (നൂറ്റിനാൽപ്പത്തിയഞ്ച് കോടി എൺപത്തിനാല് ലക്ഷത്തി എഴുപത്തി ആറായിരത്തി ഇരുനൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്. താലൂക്ക് തിരിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

**ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായത്തിന് കാലതാമസം**

52 (1952) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് സഹായം ലഭ്യമാക്കുന്നതിലെ കാലതാമസം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കാമോ?

ചികിത്സ ധനസഹായത്തിന് സി.എം.ഒ. പോർട്ടൽ വഴി ലഭിക്കുന്ന

ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയ അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) പ്രസ്തുത സഹായം ലഭ്യമാകുന്നതിന് വില്ലേജ് ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ കോപ്പി സമർപ്പിച്ചിട്ടും വീണ്ടും വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന് അയയ്ക്കുന്നതിന്റെ മാനദണ്ഡം വിശദീകരിക്കാമോ?

അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക കൈമാറുന്ന ഘട്ടത്തിൽ ചുരുക്കം ചില കേസുകളിൽ അക്കൗണ്ട് വെരിഫിക്കേഷനായി ഫയൽ വില്ലേജ് ഓഫീസർക്ക് അയച്ച് ഉറപ്പാക്കേണ്ടിവരും. കൂടാതെ ആവശ്യം വേണ്ട രേഖകളുടെ അഭാവത്തിലും ന്യൂനതകൾ പരിഹരിക്കുന്നതിന് വേണ്ടിയും വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് തേടാറുണ്ട്.

(സി) പ്രസ്തുത സഹായം ലഭ്യമാക്കികൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറക്കുവാൻ മാസങ്ങൾ എടുക്കുന്ന ദുരവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; വ്യക്തമാക്കാമോ?

ചികിത്സ ധനസഹായം അനുവദിക്കുന്നതിന് അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ പേരുൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്, 2 ലക്ഷം രൂപയിൽ താഴെ പരിധിയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജ്, രോഗവിവരം വ്യക്തമാക്കി പ്രതിപാദിക്കുന്ന 6 മാസ കലാവധിയ്ക്കകത്തുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ ഉൾപ്പെടുത്തിയ അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നുണ്ട്.

## കണ്ണൂർ വിമാനത്താവളത്തിലെ ടാക്സി നിയന്ത്രണം

53 (1953) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ പ്രാദേശിക ടാക്സി ഡ്രൈവർമാരെ ഒഴിവാക്കി എന്തെങ്കിലും ടാക്സി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി ഏതെങ്കിലും സി.ടി.&ഒ.ടി. കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കണ്ണൂർ എയർപോർട്ടിലെത്തുന്ന യാത്രക്കാരെ കൊണ്ടുപോകുന്നതിനുള്ള പ്രീ പെയ്ഡ് ടാക്സി സംവിധാനം ടെണ്ടർ നടപടിയിലൂടെ സി.ടി.&ടി. എന്ന സ്ഥാപനത്തിന് നൽകിയിരുന്നു. പ്രസ്തുത സ്ഥാപനം ഈ സർവ്വീസ് കരാർ പ്രകാരം നടത്തുന്നുണ്ട്. നിബന്ധനകൾക്ക് വിധേയമായി പ്രാദേശിക ടാക്സികളും നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) നിലവിൽ പ്രസ്തുത കമ്പനി ഈടാക്കുന്ന നിരക്ക് എത്രയാണെന്നും ആയത് സർക്കാർ നിശ്ചയിച്ച നിരക്കിൽനിന്നും വ്യത്യസ്തമാണോയെന്നും വ്യക്തമാക്കുമോ?

പ്രസ്തുത കമ്പനി കണ്ണൂർ വിമാനത്താവളത്തിൽ ഇറങ്ങുന്ന യാത്രക്കാരിൽ നിന്നും ടാക്സി സംവിധാനത്തിനായി ഈടാക്കുന്ന നിരക്ക് കരാർ പ്രകാരമുള്ളതാണ്.

(സി) കണ്ണൂർ വിമാനത്താവളത്തിൽ ടാക്സികൾക്ക് എൻട്രി ഫീസ് നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത ഫീസ് നൽകുന്നതിൽനിന്നും പ്രാദേശിക ടാക്സി ഡ്രൈവർമാരെ ഒഴിവാക്കാത്തതും ചട്ടവിരുദ്ധമായി വൻ തുക ഫീസ് നിശ്ചയിച്ചതും പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉണ്ട്. പ്രസ്തുത ഫീസ് ചട്ട വിരുദ്ധമായ ഫീസല്ല. കോവിഡ് മഹാമാരി കാരണം വന്ദേ ഭാരത് മിഷന്റെ ഭാഗമായുള്ള ഫ്ലൈറ്റുകൾ സർവ്വീസ് നടത്താൻ തുടങ്ങിയപ്പോൾ ഇവിടെ ഇറങ്ങുന്ന യാത്രക്കാരെ കൊണ്ടുപോകാൻ കൂടുതൽ ടാക്സി സർവ്വീസുകൾ വേണ്ടിവന്നു. സബ് കളക്ടറുടെ 24 ജൂലൈ 2020-ലെ ഉത്തരവ് പ്രകാരം മുൻകൂട്ടി ബുക്ക് ചെയ്ത ടാക്സി വാഹനങ്ങൾക്ക് ഇവിടെ ഇറങ്ങുന്ന യാത്രക്കാരെ കയറ്റിക്കൊണ്ടുപോകാൻ അനുവാദം കൊടുത്തിരുന്നു. കണ്ണൂർ എയർപോർട്ട് ഇതനുസരിച്ച് മുൻകൂട്ടി ബുക്ക് ചെയ്ത ടാക്സികൾക്ക് യാത്രക്കാരെ കയറ്റിക്കൊണ്ടുപോകാൻ 250 രൂപ (ജി.എസ്.ടി.-യും 2 മണിക്കൂർവരെ വാഹനം പാർക്ക് ചെയ്യാനുള്ള ചാർജ്ജും ഉൾപ്പെടെ) അതായത് നിലവിലുള്ള എയർപോർട്ട് പ്രീ പെയ്ഡ് ടാക്സി ഓപ്പറേറ്ററിൽനിന്നും ഈടാക്കുന്ന നിരക്കിന്റെ പകുതി നിരക്ക് മാത്രം ഈടാക്കാൻ തീരുമാനിക്കുകയാണ് ചെയ്തത്. പ്രസ്തുത നിരക്ക് നൽകി ടാക്സി കാറുകൾ സർവ്വീസ് നടത്തുന്നുണ്ട്.

**ശബരിമല വിമാനത്താവളം**

54 (1954) ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ശബരിമല വിമാനത്താവളം സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ട് കേന്ദ്ര വ്യോമയാന ഡയറക്ടർ ജനറൽ അംഗീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഈ റിപ്പോർട്ടിന്മേൽ എന്തെങ്കിലും വിശദീകരണം തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വിമാനത്താവളം യാഥാർത്ഥ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ-സി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയും സാധ്യതാ പഠനം നടത്തുന്നതിന് കെ.എസ്.ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയും സർക്കാർ ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കൺസൾട്ടന്റ് സമർപ്പിച്ച പ്രാഥമിക ഫീസിബിലിറ്റി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയം ആവശ്യപ്പെട്ട വിവരങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

**കോഴിക്കോട് വിമാനത്താവള വികസനം**

55 (1955) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ഇറങ്ങുന്നതിനുള്ള തടസ്സം നിലനിൽക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തടസ്സം നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സമിതി എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ-സി) ഉണ്ട്. 7-8-2020-ൽ നടന്ന വിമാന അപകടത്തെത്തുടർന്ന് കോഴിക്കോട് വിമാനത്താവളത്തിൽനിന്നും വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള യാത്രയ്ക്ക് വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. അപകട കാരണം കണ്ടെത്തുന്നതിന് നിയോഗിച്ചിട്ടുള്ള Aircraft Accident Investigation Bureau (AAIB)-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള സർവ്വീസ് പുനരാരംഭിക്കുകയുള്ളൂ. കോഴിക്കോട് വിമാനത്താവളത്തിൽനിന്നും

വലിയ വിമാനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പിൻവലിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് 13-7-2021-ൽ നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) വിമാനത്താവളത്തിന്റെ വികസനത്തിനായി കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

കോഴിക്കോട് വിമാനത്താവളത്തിൽ ടെർമിനൽ വികസനത്തിനായി 137 ഏക്കർ ഭൂമിയും കാർ പാർക്കിംഗിനായി 15.5 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ 152.5 ഏക്കർ ഭൂമി 2013-ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്. ടെർമിനൽ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിന് 2018-ൽ കണ്ണൂർ ആസ്ഥാനമായുള്ള ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് എന്ന ഏജൻസിയേയും കാർ പാർക്കിംഗുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിന് 2020-ൽ കോട്ടയം ആസ്ഥാനമായുള്ള കേരള വോളന്ററി ഹെൽത്ത് സർവ്വീസസ് എന്ന ഏജൻസിയേയും സർക്കാർ നിയമിച്ചിരുന്നു. എന്നാൽ സ്ഥലം ഉടമകളുടെ എതിർപ്പ് കാരണം സാമൂഹ്യാഘാത പഠനം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

(ഇ) സ്ഥലം ഏറ്റെടുക്കുമ്പോൾ മതിയായ നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

2013-ലെ RFCTLARR നിയമപ്രകാരമാണ് നഷ്ടപരിഹാരം നൽകി സ്ഥലം ഏറ്റെടുക്കുന്നത്.

**സിൽവർലൈൻ റെയിൽ പദ്ധതി**

56 (1956) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട തിരുവനന്തപുരം-കാസർഗോഡ് സിൽവർലൈൻ റെയിൽ പദ്ധതിക്കുള്ള ഡി.പി.ആർ., റാപ്പിഡ് എൻവയോൺമെന്റ് ഇംപാക്ട് സ്റ്റഡി റിപ്പോർട്ട്, ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ട് എന്നിവ ലഭിച്ചിട്ടുണ്ടോ; ഇവയ്ക്കായി ചെലവാക്കിയ തുകയുടെയും തയ്യാറാക്കിയ ഏജൻസിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പാരിസ് ആസ്ഥാനമായ ട്രാൻസ്പോർട്ടേഷൻ കൺസൾട്ടൻസിയെയാണ് വിശദമായ പഠനത്തിനായി ഡി.പി.ആർ. തയ്യാറാക്കാൻ നിയോഗിച്ചത്. സിൽവർലൈൻ പദ്ധതിയുടെ ഡി.പി.ആർ. സർക്കാർ അംഗീകരിച്ച് റെയിൽവേ

ബോർഡിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്. ജൂൺ 2020-ൽ ഡി.പി.ആർ. തയ്യാറാക്കുന്നതുവരെ പന്ത്രണ്ട് കോടി അറുപത്തിരണ്ട് ലക്ഷം രൂപ ചെലവായിട്ടുണ്ട്. ദ്രുത പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് പൂർത്തീകരിച്ച് കെ.ആർ.ഡി.സി.എൽ.-ന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ് എന്ന തിരുവനന്തപുരം ആസ്ഥാനമായ ഏജൻസിക്ക് 30 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതിക്കും മറ്റ് അനുബന്ധ ആവശ്യങ്ങൾക്കുമായി എത്ര വീടുകളും വ്യാപാര സ്ഥാപനങ്ങളും വിദ്യാലയങ്ങളും ആരാധനാലയങ്ങളും ഉൾപ്പെടെയുള്ള നിർമ്മിതികൾ ഭാഗികമായോ പൂർണമായോ ഏറ്റെടുക്കേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഡി.പി.ആർ. പ്രകാരം ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 9314 കെട്ടിടങ്ങളെ ബാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങി ഇനം തിരിച്ചുള്ള കണക്ക് വിശദ സ്ഥല സർവ്വേയ്ക്കുശേഷമേ ലഭിക്കുകയുള്ളൂ.

(സി) ഈ പദ്ധതിക്കായി എത്ര ഭൂമി ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്; ഇതിൽ സ്വകാര്യ ഭൂമി, സർക്കാർ ഭൂമി, റെയിൽവേ ഉടമസ്ഥതയിലുള്ള ഭൂമി എന്നിവയുടെ അളവുകൾ തരംതിരിച്ച് ലഭ്യമാക്കുമോ?

ഈ പദ്ധതിക്കായി 1383 ഹെക്ടർ ഭൂമി ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്. ഡി.പി.ആർ. പ്രകാരം ഇതിൽ 185 ഹെക്ടർ റെയിൽവേ ഭൂമിയും ബാക്കി സ്വകാര്യ ഭൂമിയുമാണ്. കൃത്യമായ വിവരങ്ങൾ വിശദ സ്ഥല സർവ്വേയ്ക്കുശേഷമേ ലഭിക്കുകയുള്ളൂ.

(ഡി) പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിയിൽ വയലുകൾ, ചതുപ്പുകൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കുന്നുകൾ തുടങ്ങി വിവിധയിനം ഭൂമിയുടെ അളവുകൾ തരം തിരിച്ച് ലഭ്യമാക്കുമോ?

പദ്ധതിക്കായുള്ള പാരിസ്ഥിതിക-സാമൂഹികാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ നെൽപ്പാടങ്ങൾ, വയലുകൾ, ചതുപ്പുകൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കുന്നുകൾ എന്നിവ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടി ഈ പ്രദേശങ്ങളിൽ ആകാശ പാതയിലൂടെയാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിൽ 115 കിലോമീറ്റർ പാടശേഖരങ്ങളിലെ 88 കിലോമീറ്റർ ആകാശ പാതയിലൂടെയുമാണ് കടന്നുപോകുന്നത്. ജലാശയങ്ങളും തണ്ണീർത്തടങ്ങളും മറ്റും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പാലങ്ങളും കൾവെർട്ടുകളും ഇതിനായി

നിർമ്മിക്കുന്നതായിരിക്കും. അതുപോലെതന്നെ പരിസ്ഥിതിയെ ബാധിക്കാത്ത രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളായിരിക്കും പദ്ധതിക്കായി നടപ്പാക്കുക. ഇവയുടെ ഇനം തിരിച്ചുള്ള കണക്ക് വിശദ സ്ഥല സർവ്വേയ്ക്കുശേഷമേ ലഭിക്കുകയുള്ളൂ.

(ഇ) പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ആകെ എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഡി.പി.ആർ. പ്രകാരം 1383 ഹെക്ടർ ഏറ്റെടുക്കുവാനായുള്ള ഭൂവില, സാമൂഹ്യാഘാത പഠനം, പുനരധിവാസത്തിനും ഉൾപ്പെടെ 13,362 കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

## പയ്യന്നൂർ പുതിയപുഴക്കരയിൽ കരയിടിച്ചിൽ തടയാൻ നടപടി

57 (1957) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി പഞ്ചായത്തിലെ പുതിയപുഴക്കര പാലം ഭാഗത്ത് കരയിടിച്ചിൽ തടയുന്നതിനായി കരഭാഗം കെട്ടി സംരക്ഷിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) വളപട്ടണം - കൊറ്റി നാവിഗേഷൻ റൂട്ടിൽ പുതിയ പുഴക്കര പാലത്തിന് വടക്ക് ഭാഗത്തും തെക്ക് ഭാഗത്തും പാലക്കോട്-പെരുമ്പ പുഴയിൽ ഇടതുകര സംരക്ഷണ പ്രവൃത്തിക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരുന്നെങ്കിലും സംസ്ഥാനത്ത് നിലവിൽ വന്നിട്ടുള്ള പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് (2018 SoR) പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുവാൻ കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## വള്ളിക്കുന്ന് മണ്ഡലത്തിലെ പാലങ്ങളുടെ നവീകരണം

58 (1958) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ കനോലി കനാലിൽ ബോട്ട് സർവ്വീസിന് തടസ്സമായ മുക്കത്ത്കടവ്, ചരക്കടവ്, പാറക്കടവ് പാലങ്ങൾ പുതുക്കി പണിയുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പാലങ്ങൾ പുതുക്കി പണിയുന്നതിനുള്ള പര്യവേഷണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പാലങ്ങൾ പുതുക്കി പണിയുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഭരണാനുമതി നൽകിയിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

3 പാലങ്ങളും പുതുക്കിപ്പണിയുന്നതിനുള്ള പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലം സ്വകാര്യ വ്യക്തികളിൽനിന്ന് വിട്ടുകിട്ടുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രവാസികളുടെ ക്ഷേമത്തിനായി പദ്ധതികൾ**

59 (1959) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:
<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രവാസികളുടെ ക്ഷേമത്തിനായി പ്രവാസികൾക്ക് നൽകുന്ന പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനും ത്രിതല പഞ്ചായത്തുകളിൽ അതിനായിപ്രത്യേക ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി പ്രവാസികളുടെ ക്ഷേമത്തിനായി നൽകുന്ന പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ത്രിതല പഞ്ചായത്തുകളിൽ അതിനായി പ്രത്യേക ഫണ്ട് അനുവദിക്കേണ്ട സാഹചര്യം നിലവിലില്ല.

**പ്രവാസി മലയാളികളുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ**

60 (1960) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ പ്രവാസികൾ നേരിടേണ്ടി വന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ ചുവടെ വിശദമാക്കുന്നു.

(i) വിദേശരാജ്യങ്ങളിൽ പഠിക്കുന്നവർക്കും തൊഴിൽ ആവശ്യങ്ങൾക്കായി പോകുന്നവർക്കും വാക്സിനേഷന് മുൻഗണന നൽകുകയും നാട്ടിൽവച്ച് കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കിയ പ്രവാസികൾക്ക് പാസ്പോർട്ട് നമ്പർ കൂടി ചേർത്ത് വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

(ii) കോവിഡ് പശ്ചാത്തലത്തിൽ നാട്ടിലെത്തി ലോക്ക്ഡൗൺമൂലം തിരിച്ചുപോകാനാകാതെ കുടുങ്ങിക്കിടക്കുന്ന പ്രവാസികളിൽ 72 മണിക്കൂറിനകത്ത് RTPCR ടെസ്റ്റ് നെഗറ്റീവായവർക്ക് തൊഴിലിടങ്ങളിലേയ്ക്ക് തിരികെ പോകുന്നതിനായി നയതന്ത്രചാനൽ വിനിയോഗിച്ച് പരിഹാരം കണ്ടെത്തുവാൻ കേന്ദ്ര വിദേശകാര്യ/ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയങ്ങളോട് അഭ്യർത്ഥിക്കുകയും കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ വിവിധ രാജ്യങ്ങളുമായി ഉണ്ടാക്കിയ എയർ ബബിൾ കരാർ സംവിധാനംവഴി മടക്കയാത്രക്കായുള്ള സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്.

(iii) വാക്സിനേഷൻ സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക തകരാറുകൾ, വാക്സിൻ അംഗീകാരം സംബന്ധിച്ച പ്രശ്നങ്ങൾ, വിസ റഗുലറൈസേഷൻ, വിമാനയാത്രാ നിരക്കിലെ വർദ്ധനവ് എന്നിവയ്ക്ക് നയതന്ത്രചാനൽ വിനിയോഗിച്ച് പരിഹാരം കണ്ടെത്തുവാൻ ബന്ധപ്പെട്ട കേന്ദ്രസർക്കാർ മന്ത്രാലയങ്ങളോടും ബഹുമാനപ്പെട്ട പ്രധാനമന്ത്രി, വിദേശകാര്യ വകുപ്പുമന്ത്രി എന്നിവരോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

(iv) പ്രവാസിക്ഷേമം ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ നോർക്ക-റൂട്ട്സ് മുഖാന്തരം നടപ്പിലാക്കുന്ന മറ്റ് പദ്ധതികളെയും സഹായങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കോവിഡിനെത്തുടർന്ന് ജോലി നഷ്ടപ്പെട്ട് നാട്ടിലെത്തിയ പ്രവാസികൾക്ക് സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ 2020 ജനുവരി ഒന്ന് മുതൽ 2020 മേയ് 5 വരെ വിദേശ രാജ്യങ്ങളിൽനിന്നും സാധുവായ പാസ്പോർട്ട്/ തൊഴിൽ വിസ എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേയ്ക്ക് തിരികെപോകാൻ കഴിയാത്തവർക്ക് 5,000 രൂപ അടിയന്തര ധനസഹായവും, കോവിഡ് ബാധിച്ച പ്രവാസികളിൽ പ്രവാസി ക്ഷേമനിധി ബോർഡ് അംഗത്വമുള്ളവർക്ക് ക്ഷേമനിധി ബോർഡ് മുഖേനയും മറ്റുള്ളവർക്ക് നോർക്ക-റൂട്ട്സ് മുഖേനയും 10,000 രൂപ വീതം ധനസഹായവും അനുവദിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ ആദ്യഘട്ടത്തിൽ പ്രവാസി ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്ന 14218 പേർക്ക് 1,000 രൂപ വീതം ഒറ്റത്തവണ ധനസഹായവും രണ്ടാം തരംഗത്തിൽ ക്ഷേമ പെൻഷൻ കൈപ്പറ്റുന്ന 18278 പേർക്ക് 1,000 രൂപ വീതം ധനസഹായം നൽകുകയും ചെയ്തു. അംശദായം കുടിശ്ശിക വരുത്തി പ്രവാസി ക്ഷേമനിധി അംഗത്വം റദ്ദായവർക്ക് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് ചുമത്തിയിരുന്ന പിഴയും പിഴപലിശയും 6 മാസക്കാലത്തേയ്ക്ക് ഒഴിവാക്കി നൽകുകയും ചെയ്തു. കോവിഡ് കാലത്ത് ജോലി നഷ്ടപ്പെട്ടും അവധിയിലും നാട്ടിലെത്തിയശേഷം കോവിഡ് ബാധിച്ച് മരണമടഞ്ഞ പ്രവാസികളുടെ കുടുംബങ്ങൾക്ക് സാന്ത്വന പദ്ധതി പ്രകാരം മരണാനന്തര ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ വരെയും പ്രവാസി ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് പരമാവധി അൻപതിനായിരം രൂപ വരെയും നോർക്ക-റൂട്ട്സ് ഡയറക്ടറും പ്രമുഖ വ്യവസായിയുമായ ഡോ. രവിപിള്ളയുടെ ആർ.പി. ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ കോവിഡ്മൂലം മരണമടഞ്ഞ പ്രവാസികളുടെയും തിരിച്ചെത്തിയ പ്രവാസികളുടെയും അവിവാഹിതരായ പെൺമക്കൾക്ക് 25,000 രൂപ വീതം ഒറ്റത്തവണ വിവാഹധനസഹായവും ലഭ്യമാക്കുന്നുണ്ട്. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി 50 കോടി രൂപ വകയിരുത്തി നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി (പ്രവാസി ഭദ്രത) പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സാന്ത്വന പദ്ധതിയുടെ ഗുണഫലം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 27 കോടി രൂപയിൽനിന്ന് 30 കോടി രൂപയായി ഉയർത്തുകയും പ്രവാസികൾക്കായി നടപ്പിലാക്കിയിട്ടുള്ള പുനരധിവാസ പദ്ധതിയായ NDPREM-ന്റെ പദ്ധതി വിഹിതം 18 കോടിയിൽ നിന്ന് 24.4 കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ്മൂലം വിദേശത്തുള്ള ജോലി

നഷ്ടപ്പെട്ടവരും മരണപ്പെട്ടവരുമായ പ്രവാസികളുടെ കുടുംബങ്ങൾക്ക്/ആശ്രിതർക്ക് വിദേശത്തെ തൊഴിൽ ദാതാക്കളിൽനിന്ന് അർഹമായ ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള സേവനാനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനായി ബന്ധപ്പെട്ട എംബസികളുടെയും വിദേശകാര്യ മന്ത്രാലയങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്.

**നോർക്ക റൂട്ട്സിൽ താൽക്കാലിക ജോലി**

61 (1961) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നോർക്ക റൂട്ട്സിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ആർക്കെങ്കിലും കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സ്ഥിര നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോരുത്തരുടെയും പേര്, തസ്തിക, സ്ഥിരപ്പെടുത്തുന്നതിനുമുമ്പുള്ള സേവന കാലം എന്നിവ വ്യക്തമാക്കുമോ?

നോർക്ക റൂട്ട്സിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ആരെയും കഴിഞ്ഞ 5 വർഷകാലയളവിൽ സ്ഥിരപ്പെടുത്തിയിട്ടില്ല.

**പ്രവാസി ഭദ്രത പദ്ധതി**

62 (1962) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ട് ലക്ഷത്തോളം പ്രവാസികൾ ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയ സാഹചര്യത്തിൽ നോർക്ക റൂട്ട്സ് വഴി പ്രൊഫഷണൽ വിസ കണ്ടെത്തുന്നതുപോലെ സാധാരണ തൊഴിൽ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രവാസി ഭദ്രത പദ്ധതികളുടെ അപേക്ഷകൾ വേഗം സ്വീകരിക്കുന്നതിനും ലോണുകൾ ഒരു മാസത്തിനകം ലഭ്യമാക്കുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുമോ?

(എ & ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രവാസികൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികൾ**

63 (1963) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്സിന്റെ കീഴിൽ പ്രവാസികൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതി മുഖേനയും പ്രവാസികൾക്ക് ലഭ്യമാകുന്ന പരമാവധി തുക എത്രയെന്ന് വിശദമാക്കാമോ?

(എ&ബി) നോർക്ക റൂട്സിന്റെ കീഴിൽ പ്രവാസികൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികൾ, ക്ഷേമ പദ്ധതികൾ മുഖേന പ്രവാസികൾക്ക് ലഭ്യമാകുന്ന ധനസഹായം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) സാന്ത്വന പദ്ധതി - പ്രവാസ ജീവിതം കഴിഞ്ഞ് മടങ്ങിയെത്തിയവരിൽ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും അടിയന്തര ഘട്ടങ്ങളിൽ സർക്കാരിന്റെ പിന്തുണ ഉറപ്പ് വരുത്തുന്നതിനായി നടപ്പിലാക്കിയിട്ടുള്ള ധനസഹായ പദ്ധതി. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസിയുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപവരെയും ഗുരുതര രോഗങ്ങൾക്ക് ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാ ധനസഹായമായി 50,000 രൂപ വരെയും മറ്റ് ചികിത്സയ്ക്ക് 20,000 രൂപ വരെയും സാമ്പത്തികമായി പിന്നാക്കമായിട്ടുള്ള പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് 15,000 രൂപയും ധനസഹായം നൽകുന്നു. കൂടാതെ, പ്രവാസികളായ കേരളീയർക്കും അവരുടെ ആശ്രിതർക്കും അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമക്കാൽ, ഊന്നുവടി, വീൽ ചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 10,000 രൂപ വരെ ധനസഹായം നൽകുന്നു. സാന്ത്വന പദ്ധതിയുടെ ഗുണഫലം കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 27 കോടി രൂപയിൽനിന്ന് 30 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

(2) പ്രവാസി പുനരധിവാസ പദ്ധതി (NDPREM) - വിദേശത്തുനിന്നും തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിന്തുണ നൽകുന്ന പദ്ധതി. സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്ന പദ്ധതിയിൽ 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേയ്ക്ക് 3 ശതമാനം പലിശ സബ്സിഡിയും ലഭ്യമാക്കുന്നുണ്ട്. NDPREM പദ്ധതിയുടെ ഗുണഫലം കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 18 കോടി രൂപയിൽനിന്ന് 24.4 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

(3) നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി (പ്രവാസി ഭദ്രത):- കോവിഡ്മൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി 50 കോടി രൂപ വകയിരുത്തി ആരംഭിച്ച നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയിൽ താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളാണ് ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

i. പ്രവാസി ഭദ്രത (പേൾ) - അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ പലിശരഹിത സംരംഭകത്വ വായ്പകളും സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അപേക്ഷകൻ കുടുംബശ്രീ/ അയൽക്കൂട്ട അംഗത്വം നേടിയ പ്രവാസിയോ, അയൽക്കൂട്ട അംഗത്തിന്റെ കുടുംബാംഗമായ പ്രവാസിയോ ആയിരിക്കണം. പരമാവധി 2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പയാണ് ലഭിക്കുന്നത്. ഇതിന്റെ തിരിച്ചടവ് കാലാവധി 24 മാസമാണ്.

ii. പ്രവാസി ഭദ്രത (മൈക്രോ) - വിവിധ സഹകരണ സ്ഥാപനങ്ങൾ, പ്രവാസി കോഓപ്പറേറ്റീവ് സൊസൈറ്റികൾ, കെ.എസ്.എഫ്.ഇ. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന സ്വയം തൊഴിൽ വായ്പ നൽകുന്ന പദ്ധതിയിൽ പരമാവധി 5 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. അഞ്ച് ലക്ഷം രൂപ വായ്പ തുകയിൽ ഒരു ലക്ഷം രൂപ ആദ്യം തന്നെ മൂലധന സബ്സിഡി അനുവദിക്കും എന്നതാണ് പദ്ധതിയുടെ സവിശേഷത. കൃത്യമായ തിരിച്ചടവുള്ളവർക്ക് ത്രൈമാസ കാലയളവിൽ പലിശ സബ്സിഡി നൽകുന്നതാണ്.

iii. പ്രവാസി ഭദ്രത (മെഗാ) - സ്വയം തൊഴിൽ പദ്ധതികൾക്കായി KSIDC മുഖാന്തരം 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ 8.25 ശതമാനം മുതൽ 8.75 ശതമാനം വരെ പലിശ നിരക്കിൽ വായ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മെഗാ. പ്രസ്തുത പലിശ നിരക്കിൽ 5 ശതമാനം ഗുണഭോക്താവും 3.25 ശതമാനം മുതൽ 3.75 ശതമാനം വരെ പലിശ സബ്സിഡിയായി ത്രൈമാസ കാലയളവിൽ നോർക്ക റൂട്ട്സും വഹിക്കുന്നതാണ്.

(4) നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.) - പ്രവാസികളായ മലയാളികളിൽനിന്നും സംസ്ഥാനത്തേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു.

(5) സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ - വിദേശത്ത് ജോലിക്ക് ശ്രമിക്കുന്ന മലയാളികൾക്ക് എല്ലാ ജി.സി.സി. രാജ്യങ്ങളിലേക്കുമുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷന് (എച്ച്.ആർ.ഡി.) നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതിനുപുറമെ വിദേശ രാജ്യങ്ങളിൽ സമർപ്പിക്കുവാനുള്ള കേരളത്തിൽനിന്നുള്ള രേഖകളുടെ ആഭ്യന്തര അറ്റസ്റ്റേഷൻ സേവനം ലഭ്യമാക്കുന്നതിനുള്ള നോഡൽ ഏജൻസി കൂടിയാണ് നോർക്ക-റൂട്ട്സ്.

(6) ജോബ് പോർട്ടൽ - മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും അവസരം തേടുന്ന തൊഴിൽ അന്വേഷകരുടേയും ഒരു ഓൺലൈൻ പൊതുവേദിയാണ് ജോബ് പോർട്ടൽ.

(7) നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും - കേരളത്തിലെ യുവതീയുവാക്കളെ വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടാൻ പ്രാപ്തരാക്കുവാനായി നൈപുണ്യ നവീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(8) സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം - രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്ക വിധം കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ദ്ധ്യം, ആശയ വിനിമയ വൈദഗദ്ധ്യം തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനായി സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(9) മാർക്കറ്റ് റിസർച്ച് പദ്ധതി - നിയമപരവും സുരക്ഷിതവുമായി വിദേശത്ത് തൊഴിൽ ലഭിക്കാൻ നോർക്ക റൂട്ട്സിൽ റിക്രൂട്ട്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. റിക്രൂട്ട്മെന്റ്, പരിശീലനം, നൈപുണ്യവികസനം, നിയമ സഹായം, ഇൻഷ്വറൻസ് സഹായം എന്നിവ യുക്തിസഹമാക്കാൻ മാർക്കറ്റ് റിസർച്ച് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(10) പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ - വിദേശത്ത് തൊഴിൽ തേടുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായും, സുരക്ഷിതവും നിയമപരവും ധാർമ്മികവുമായ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിനായും തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ മുഖേന നോർക്ക-റൂട്ട്സ് സമഗ്രമായി പ്രീ-ഡിപ്പാർച്ചർ പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

(11) നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് - കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന കണ്ണിയായ പ്രവാസി മലയാളികളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതി.

(12) ഗ്ലോബൽ കോൺടാക്റ്റ് സെന്റർ - പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്കുള്ള പരിഹാരത്തിനും സംശയ നിവാരണത്തിനും ഉതകുന്ന ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന ലോകോത്തര മാതൃകയിലുള്ള ഗ്ലോബൽ കോൺടാക്റ്റ് സെന്റർ നോർക്ക റൂട്ട്സ് വഴി 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(13) പ്രവാസി നിയമസഹായ പദ്ധതി - കേരളീയരായ പ്രവാസികളുടെ ജോലി സംബന്ധമായും, വിസ, പാസ്പോർട്ട്, മറ്റ് സാമൂഹ്യ പ്രശ്നങ്ങൾ, ആശുപത്രി ചികിത്സ, ജയിൽ ശിക്ഷ തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്നവർക്ക് അതാത് രാജ്യത്തെ മലയാളി അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പദ്ധതിയാണ് പ്രവാസി നിയമ സഹായസെൽ. നിസ്സഹായരായ പ്രവാസി മലയാളികൾക്ക് നിയമസഹായം നിഷേധിക്കപ്പെടുന്ന സാഹചര്യം ഇതിലൂടെ ഒഴിവാക്കാനാകും. ഇതിനായി ആറ് ജി.സി.സി. രാജ്യങ്ങളിലേക്കായി 11 ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ചു.

(14) വനിത എൻ.ആർ.ഐ. സെൽ - വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിത കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിച്ച് യഥാവിധം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വേണ്ട നടപടികൾ കൈകൊള്ളുന്നതിനും നോർക്ക റൂട്ട്സിൽ പ്രവാസി വനിതാ സെൽ രൂപീകരിച്ചു.

(15) ജില്ലാ പ്രവാസി പരാതിപരിഹാര കമ്മിറ്റി - പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചു.

16) പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം - പ്രവാസജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതി. ഈ പദ്ധതി പ്രകാരം പ്രവാസികൾ അംഗങ്ങളായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങൾക്ക് 3 ലക്ഷം രൂപ വരെ ഒറ്റതവണ ധനസഹായം നൽകുന്നു. കൂടാതെ പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും

സാങ്കേതികവുമായ നിരവധി നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

(17) നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് - നോർക്ക റൂട്ട്സും ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷനുമായി സഹകരിച്ച് അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന മലയാളികളെ അല്ലെങ്കിൽ മരണപ്പെടുന്ന മലയാളികളുടെ ഭൗതികശരീരം കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളിൽനിന്നും കൂടാതെ മംഗലപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിൽനിന്നും അവരുടെ വീട്ടിലേയ്ക്കോ അവർ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്നതിന് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് ആരംഭിച്ചു.

(18) എമർജൻസി റിപാട്രിയേഷൻ ഫണ്ട് - അടിയന്തര ഘട്ടങ്ങളിൽ, വിദേശ രാഷ്ട്രങ്ങളിലുള്ള പ്രവാസി മലയാളികളെ അവരുടെ താമസസ്ഥലത്ത് നിന്നോ, തൊഴിൽ സ്ഥലത്തുനിന്നോ നാട്ടിലുള്ള വിമാനത്താവളങ്ങളിൽ സ്വീകരിച്ച് അതാത് പ്രദേശങ്ങളിലേയ്ക്ക്/ആശുപത്രികളിലേയ്ക്ക് എത്തിക്കുന്നതിന് എമർജൻസി റിപാട്രിയേഷൻ ഫണ്ട് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(19) നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം - എമർജൻസി റിപാട്രിയേഷൻ പദ്ധതിയുടെ ഉപപദ്ധതിയായി നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതിയിൽ, വിദേശ രാജ്യങ്ങളിൽവച്ച് മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികശരീരം എംബസ്സിയോ മറ്റ് അസോസിയേഷനുകളോ, സ്പോൺസറോ സഹായിക്കുവാൻ ഇല്ലാത്ത പക്ഷം സൗജന്യമായി നാട്ടിലെത്തിക്കുന്നു.

(20) ലോക കേരള സഭ - ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനും വേണ്ടി ലോക കേരള സഭ രൂപീകരിച്ചു.

(21) നോർക്ക ഐ.ഡി. കാർഡ് - നോർക്ക ഐ.ഡി. കാർഡ് എടുക്കുന്ന പ്രവാസിക്ക് നിലവിൽ അപകടംമൂലമുള്ള മരണത്തിന് 4 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും അപകടംമൂലമുള്ള ഭാഗികമോ/ സ്ഥിരമോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു.

(22) ക്രിട്ടിക്കൽ കെയർ ഇൻഷ്വറൻസ് പദ്ധതി - 2021 ജനുവരി മാസത്തിൽ ആരംഭിച്ച പദ്ധതിയിൽ വിദേശത്ത് ജോലി ചെയ്യുന്ന കേരളീയർക്ക് ഗുരുതര

അസുഖങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. പോളിസിയിൽ പറയുന്ന പ്രകാരമുള്ള രോഗമുണ്ടായാൽ ഒരു ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും കൂടാതെ 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്ന പദ്ധതിയിൽ 18-നും 60-നും മദ്ധ്യേ പ്രായമുള്ളവർക്ക് അംഗങ്ങളാകാവുന്നതാണ്.

(23) പ്രവാസി തണൽ പദ്ധതി - കോവിഡ്മൂലം നാട്ടിലും വിദേശത്തും മരണമടഞ്ഞ പ്രവാസികളുടെ അവിവാഹിതരായ പെൺകുട്ടികൾക്ക് പ്രമുഖ പ്രവാസി വ്യവസായി രവിപിള്ളയുടെ R.P. ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ 25,000 രൂപയുടെ ഒറ്റത്തവണ വിവാഹ ധനസഹായം ലഭ്യമാക്കുന്നു.

**കോവിഡ് പശ്ചാത്തലത്തിൽ നോർക്കയുടെ ഇടപെടൽ**

64 (1964) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ വിദേശ രാജ്യങ്ങളിൽനിന്നും തിരിച്ചെത്തിയ മലയാളികളിൽ കൃത്യസമയത്ത് തിരികെ ജോലിക്ക് ഹാജരാകാൻ കഴിയാത്തവരെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇവരുടെ ജോലി സംരക്ഷിക്കുന്നതിന് നോർക്ക വകുപ്പിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ വിദേശ രാജ്യങ്ങളിൽനിന്നും നാട്ടിലെത്തിയ പ്രവാസി മലയാളികൾ തിരികെ വിദേശ തൊഴിലിടങ്ങളിലേയ്ക്ക് മടങ്ങുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ യഥാസമയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ നിന്നും തിരിച്ചെത്തിയ മലയാളികളിൽ തൊഴിൽ ആവശ്യങ്ങൾക്ക് തിരികെ പോകുന്നവർക്ക് വാക്സിനേഷന് മുൻഗണന നൽകുകയും നാട്ടിൽവച്ച് കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കിയവർക്ക് പാസ്പോർട്ട് നമ്പർകൂടി ചേർത്ത് വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ നാട്ടിലെത്തി ലോക്ക്ഡൗൺമൂലം തിരിച്ചുപോകാനാകാതെ കുടുങ്ങിക്കിടക്കുന്ന പ്രവാസികളിൽ 72 മണിക്കൂറിനകത്ത് ആർ.ടി.പി.സി.ആർ. ടെസ്റ്റ് നെഗറ്റീവ് ആയവർക്ക് തിരികെ പോകുന്നതിനായി നയതന്ത്രചാനൽ വിനിയോഗിച്ച് പരിഹാരം കണ്ടെത്തുവാൻ കേന്ദ്ര വിദേശകാര്യ/ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയങ്ങളോട് അഭ്യർത്ഥിക്കുകയും കോവിഡ്-19 പശ്ചാത്തലത്തിൽ വിവിധ രാജ്യങ്ങളുമായി ഉണ്ടാക്കിയ എയർ ബബിൾ കരാർ സംവിധാനം വഴി മടക്കയാത്രയ്ക്കായുള്ള സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്. വാക്സിനേഷൻ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക തകരാറുകൾ പരിഹരിക്കുവാനാവശ്യമായ നടപടികൾ

സ്വീകരിക്കാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തോടും, വാക്സിൻ അംഗീകാരം സംബന്ധിച്ച പ്രശ്നങ്ങളാലുള്ള യാത്രാ ദുരിതം, വിസ റഗുലറൈസേഷൻ സംബന്ധിച്ച ആശങ്കകൾ എന്നിവയ്ക്ക് നയതന്ത്ര ചാനൽ വിനിയോഗിച്ച് പരിഹാരം കണ്ടെത്തുവാൻ വിദേശകാര്യ മന്ത്രാലയത്തോടും ബഹുമാനപ്പെട്ട പ്രധാനമന്ത്രി, വിദേശകാര്യ വകുപ്പുമന്ത്രി എന്നിവരോടും അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമല്ലാത്തതിനാൽ നടപടി സ്വീകരിക്കുന്നതിൽ പരിമിതിയുണ്ട്. എന്നാൽ സാദ്ധ്യമായ എല്ലാ ഇടപെടലുകളും സർക്കാർ നടത്തിയിട്ടുണ്ട്.

## പ്രവാസി സാന്ത്വന പദ്ധതി

65 (1965) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കുള്ള സാന്ത്വന പദ്ധതി പ്രകാരം നിലവിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാവുന്നതിന് കാലതാമസം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

അപേക്ഷകളിൽ പരിശോധന ദ്രുതഗതിയിലാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സാന്ത്വന പദ്ധതി പ്രകാരമുള്ള ആനുകൂല്യം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ; വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതുക്കിയ പ്രവാസി പെൻഷൻ കുടിശ്ശികയുൾപ്പെടെ വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു.

## കേരള പോലീസ് ഡ്രോൺ - ഫോറൻസിക് ലാബ് & റിസർച്ച് സെന്ററിന്റെ പ്രവർത്തനം

66 (1966) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ സൈബർ ഡോമിനുകീഴിൽ പ്രവർത്തനമാരംഭിച്ച കേരള പോലീസ് ഡ്രോൺ - ഫോറൻസിക് ലാബ് & റിസർച്ച് സെന്ററിന്റെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ?

ഡ്രോണുകളുടെ ഉപയോഗം രാജ്യത്തിലെ മിക്കവാറും എല്ലാ മേഖലയിലും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കേരളാ പോലീസ് സൈബർ ഡോമിന്റെ കീഴിൽ ആരംഭിച്ച പുതിയ വിഭാഗമാണ് കേരള പോലീസ് ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്റർ. ഡ്രോണുകളുമായി ബന്ധപ്പെട്ട ശാസ്ത്രീയ പരിശോധനകളും ടെക്നിക്കൽ വിവരങ്ങളുടെ പരിശോധനയും പോലീസ് സേനയുടെ വിവിധ ആവശ്യങ്ങൾ നിർവ്വഹിക്കാനുതകുന്ന രീതിയിലുള്ള ഡ്രോൺ ഡെവലപ്മെന്റ്, മൊബൈൽ ആന്റി ഡ്രോൺ സിസ്റ്റം എന്നിവ ഈ റിസർച്ച് സെന്ററിന്റെ ഭാഗമാണ്.

(ബി) പുതിയ കാലഘട്ടത്തിനനുസരിച്ച് ഏതൊക്കെ മേഖലകളിലാണ് ഇതിന്റെ പ്രവർത്തനം നടത്താനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ആരംഭഘട്ടത്തിൽ ഡ്രോണുകളുടെ ശാസ്ത്രീയ പരിശോധനകൾക്കും ടെക്നിക്കൽ വിശകലനത്തിനും ആവശ്യമായ ഡ്രോൺ ഫോറൻസിക് ലാബ്, വിവിധ തരം പോലീസിംഗിനാവശ്യമായ ഡ്രോണുകൾ നിർമ്മിച്ചെടുക്കുന്ന ഡ്രോൺ റിസർച്ച് സെന്റർ, ഡ്രോണുകളുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നതിനും ഡ്രോണുകളെ നിർവ്വീര്യമാക്കുന്നതിനുമായി മൊബൈൽ ആന്റി ഡ്രോൺ സിസ്റ്റം നിർമ്മിച്ചെടുക്കൽ എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

**ക്രിമിനൽ കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകൽ**

67 (1967) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര ക്രിമിനൽ കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി പോലീസ് വകുപ്പ് നിർദ്ദേശിച്ചത് ഉൾപ്പെടെ ഇതുവരെ (25-05-2016 മുതൽ 30-09-2021 വരെ) 5325 കേസുകൾ കോടതിയുടെ അനുമതിയോടെ പിൻവലിക്കുന്നതിന് സർക്കാരിന് എതിർപ്പില്ലെന്ന നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്. ഓരോ കേസിന്റെയും നിയമ വശങ്ങൾ പരിഗണിച്ച് പിൻവലിക്കുന്നതിനുള്ള അധികാരം കോടതിയിൽ നിക്ഷിപ്തമാണ്.

(ബി) ഏതെല്ലാം വ്യക്തികൾക്കെതിരെയുള്ള കേസുകൾ പിൻവലിക്കുന്നതിനാണ് നിരാക്ഷേപപത്രം നൽകിയിട്ടുള്ളത്; ഓരോ കേസിന്റെയും വിശദാംശം ലഭ്യമാക്കുമോ?

കേസുകളുടെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

**പാറശ്ശാല പോലീസ് സ്റ്റേഷനിലെ എഫ്.ഐ.ആർ. നം. 2151/2020 കേസ്**

68 (1968) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല പോലീസ് സ്റ്റേഷനിലെ എഫ്.ഐ.ആർ. നം.2151/2020 കേസിന്മേൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ?

ഒരു പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഒരു സ്ത്രീയെ ശാരീരിക ഉപദ്രവം ചെയ്തതുമായി ബന്ധപ്പെട്ട കേസ് ആയിട്ടും തുടർ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടായിട്ടില്ല.

(സി) പ്രസ്തുത കേസിന്മേൽ അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) ഈ കേസിന്മേൽ നിയമാനുസൃത നടപടികൾ അടിയന്തരമായി സ്വീകരിച്ച് കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ ഉണ്ടാകുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്നറിയിക്കാമോ?

(സി&ഡി) പ്രസ്തുത കേസിന്റെ അന്വേഷണം പൂർത്തിയാക്കി ബഹു മാനപ്പെട്ട കോടതി മുമ്പാകെ 15-4-2020-ൽ ചാർജ്ജ് ഷീറ്റ് ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത കേസ് C.C. 92/21 ആയി ബഹുമാനപ്പെട്ട കോടതി മുമ്പാകെ വിചാരണ നടന്നുവരുന്നു.

**ഇടുക്കി ജില്ലയിലെ പോലീസ് ഭക്ഷണശാലകൾ**

69 (1969) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പ്രവർത്തിച്ചിരുന്ന പോലീസ് ഭക്ഷണശാലകൾ നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജില്ലയിൽ നിലവിൽ ഏതെങ്കിലും പോലീസ് ഭക്ഷണശാലകൾ പ്രവർത്തിക്കുന്നുണ്ടോ?

പ്രവർത്തിക്കുന്നില്ല.

(സി) മറ്റ് ജില്ലകളിൽ പോലീസ് ഭക്ഷണശാലകൾ പ്രവർത്തിക്കുന്നുണ്ടോ?

പൊതുജനങ്ങൾക്കായി പോലീസ് ഭക്ഷണശാലകൾ പ്രവർത്തിക്കുന്നില്ല.

(ഡി) ഇടുക്കി ജില്ലയിൽ മാത്രം പോലീസ് ഭക്ഷണശാലകൾ നിർത്തിവയ്ക്കാനിടയായ സാഹചര്യം വിശദമാക്കാമോ?

ഇടുക്കി ജില്ലയിൽ കട്ടപ്പന, നെടുംകണ്ടം, മൂന്നാർ, അടിമാലി, തൊടുപുഴ എന്നീ പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് പോലീസ് ഭക്ഷണശാലകൾ പ്രവർത്തിച്ചുവന്നിരുന്നു. പോലീസുദ്യോഗസ്ഥർ അവരുടെ കയ്യിൽനിന്നും പണം നൽകിയും ജില്ലാ പോലീസ് സൊസൈറ്റിയിൽനിന്നും വലിയ തുക ലോണെടുത്തുമാണ് പ്രസ്തുത ഭക്ഷണശാലകളുടെ പ്രവർത്തനം ആരംഭിച്ചത്. പോലീസ് ഉദ്യോഗസ്ഥർക്കുവേണ്ടി മാത്രമായി പ്രവർത്തനമാരംഭിക്കുകയും പിന്നീട് പൊതുജനങ്ങൾക്കും കൂടി പ്രവേശനം അനുവദിക്കുകയും ചെയ്ത ഈ ഭക്ഷണശാലകളിൽ പോലീസുദ്യോഗസ്ഥർ തന്നെ മഫ്ടിയിൽ ജോലി നോക്കിയിരുന്നു. ഇവരുമായി പൊതുജനങ്ങൾ തർക്കത്തിൽ ഏർപ്പെടുന്ന സാഹചര്യം ഉണ്ടാകുകയും അതിനെത്തുടർന്ന് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവുപ്രകാരം എറണാകുളം റേഞ്ച് ഡി.ഐ.ജി. ചെയർമാനായി റെയിൽവേ എസ്.പി., ഐ.ആർ. ബറ്റാലിയൻ കമാണ്ടന്റ് എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ടിനെ തുടർന്ന് ജില്ലയിലെ എല്ലാ പോലീസ് ഭക്ഷണശാലകളും പ്രവർത്തനം നിർത്തിവച്ചിട്ടുള്ളതുമാണ്.

**സർക്കാരിന്റെ പ്രതിച്ഛായക്ക് മങ്ങലേൽപ്പിക്കുന്നതായ പോലീസിന്റെ നടപടി**

70 (1970) ശ്രീ. സജീവ് ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ടതുൾപ്പെടെ സംസ്ഥാന സർക്കാരിന്റെ നയങ്ങൾക്ക് അനുസൃതമല്ലാത്തതും സർക്കാരിന്റെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കുന്നതുമാണ് പൊലീസിന്റെ ചില നടപടികളെന്ന വിമർശനമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ നടത്തിയ ഏതെങ്കിലും അന്വേഷണത്തിൽ സംസ്ഥാന പോലീസ്, സർക്കാരിന്റെ നയങ്ങൾക്കെതിരെയും പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കുന്നതുമായ നിലപാടുകൾ സ്വീകരിക്കുന്നുവെന്ന് തെളിഞ്ഞിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരള പോലീസിൽ ഏതെങ്കിലും സാമുദായിക സംഘടനകളുടെ സംഘം പ്രവർത്തിക്കുന്നുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(സി&ഡി) കേരള പോലീസിൽ ചില സാമുദായിക സംഘടനകളുടെ സംഘം പ്രവർത്തിക്കുന്നതായുള്ള ആരോപണങ്ങൾ ചില സമയങ്ങളിൽ ഉയർന്നുവന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഇത്തരം പ്രവർത്തനങ്ങൾ സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനം ആകയാൽ ആയത് ഗൗരവമായിക്കണ്ട് കാലാകാലങ്ങളിൽ വിശദമായ അന്വേഷണം നടത്തിയിട്ടുമുണ്ട്.

**പുതുക്കാട് പോലീസ് സ്റ്റേഷൻ കെട്ടിട നവീകരണം**

71 (1971) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പരിമിതമായ സൗകര്യങ്ങളോടെ പ്രവർത്തിച്ചുവരുന്ന പുതുക്കാട് പോലീസ് സ്റ്റേഷൻ കെട്ടിടം പുതുക്കി പണിയുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ചുറ്റുമതിൽ കെട്ടുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

തൃശ്ശൂർ റൂറൽ ജില്ലയിലെ പുതുക്കാട് പോലീസ് സ്റ്റേഷന്റെ അടിസ്ഥാന വികസനത്തിനും കെട്ടിടം പുതുക്കി പണിയുന്നതിനും സ്ത്രീ ശിശു സൗഹൃദ പോലീസ് സ്റ്റേഷനാക്കുന്നതിനും സ്റ്റേഷന് ആവശ്യമായ മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനുമായി സംസ്ഥാന പ്ലാൻ പദ്ധതി 2021-22, Basic amenities to public എന്നീ സ്കീമുകൾ പ്രകാരം 24 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും ആയതിന്റെ നിർമ്മാണ ചുമതല KPHCC-യെ ഏൽപ്പിച്ചിട്ടുള്ളതുമാണ്. പോലീസ് സ്റ്റേഷന് ഒരു വശത്ത് ഫയർഫോഴ്സ് കെട്ടിടത്തിന്റെയും മറ്റ് വശങ്ങളിൽ സ്വകാര്യ വ്യക്തികളുടെയും ചുറ്റുമതിൽ നിലവിലുണ്ട്.

**ആർ.ആർ.ആർ.എഫ്. ക്യാമ്പിലെ ഗ്രൗണ്ട് നവീകരണം**

72 (1972) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിലെ കോഴിച്ചെന റാപ്പിഡ് റെസ്പോൺസ് ആൻഡ് റെസ്ക്യൂ ഫോഴ്സ് ക്യാമ്പിലെ ഗ്രൗണ്ട് നവീകരണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

തിരൂരങ്ങാടി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 10 ലക്ഷം രൂപ ഗ്രൗണ്ടിനോട് ചേർന്ന് ഗ്രീൻറൂം, ബാത്ത്റൂം എന്നിവ പണിയുന്നതിന് അനുവദിച്ചിട്ടുള്ളതും താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നിർമ്മാണം നടത്തിവരുന്നതുമാണ്.

## പോലീസ് വകുപ്പിലെ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് അസിസ്റ്റന്റ് തസ്തിക

73 (1973) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിലെ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് അസിസ്റ്റന്റിന്റെ (പോളിഗ്രാഫ്) (പുതിയ പേര് സയന്റിഫിക് ഓഫീസർ) എത്ര അംഗീകൃത തസ്തികകളാണ് വകുപ്പിന്റെ തുടക്കത്തിൽ ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ?

ഒന്ന് (1)

(ബി) ടി തസ്തികകളുടെ എണ്ണത്തിൽ പിന്നീട് എപ്പോഴെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ മുതൽ; എന്തായിരുന്നു കാരണം; സർക്കാർ ഉത്തരവിന് വിധേയമായിട്ടാണോ ഈ നടപടി; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; നിലവിൽ വകുപ്പിൽ എത്ര അംഗീകൃത തസ്തികകളാണുള്ളത്?

ഇല്ല. പോലീസ് വകുപ്പിലെ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർ (പോളിഗ്രാഫ്) അംഗീകൃത തസ്തികയുടെ എണ്ണം ഒന്ന് (1) ആണ്.

(സി) തസ്തിക വെട്ടികുറയ്ക്കാൻ സർക്കാർ അനുമതി ഇല്ലെങ്കിൽ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും ഈ തസ്തികയിലെ എല്ലാ ഒഴിവുകളിലേയ്ക്കും നിയമനം നടത്തുമോ; നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേരെ നിയമിച്ചിട്ടുണ്ട്?

തസ്തിക വെട്ടിക്കുറച്ചിട്ടില്ല. പോലീസ് വകുപ്പിൽ സയന്റിഫിക് ഓഫീസർ (പോളിഗ്രാഫ്) തസ്തികയ്ക്ക് 16-3-2021-ൽ നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്നും 25-10-2017-ൽ റിപ്പോർട്ട് ചെയ്തിരുന്ന ഒരു ഒഴിവിലേയ്ക്ക് 17-4-2021-ൽ പി.എസ്.സി. നിയമന ശിപാർശ നൽകിയിരുന്നു. എന്നാൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23-6-2021-ലെ O.A. No.1089/2021 ഉത്തരവുപ്രകാരം അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥിയുടെ നിയമനം താൽക്കാലികമായി തടഞ്ഞിട്ടുള്ളതാണ്.

(ഡി) ഈ തസ്തികയിലേക്ക് കഴിഞ്ഞ 20 വർഷത്തിനുള്ളിൽ എപ്പോഴെല്ലാമാണ് പി.എസ്.സി.ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വർഷം, റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം എന്നിവ വ്യക്തമാക്കാമോ?

കഴിഞ്ഞ 20 വർഷത്തിനുള്ളിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | ഒഴിവുകളുടെ എണ്ണം |
|---|---|
| 2005 | 1 |
| 2010 | 1 |
| 2017 | 1 |

(ഇ) വകുപ്പ് ടി തസ്തികകളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം സർക്കാരിനെയോ പി.എസ്.സി.യെയോ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

തസ്തികകളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടില്ല.

(എഫ്) വകുപ്പിലെ ഈ തസ്തികയുടെ കേഡർ സ്ട്രെങ്ത്തിൽ കുറവ് വരുത്തിയിട്ടുണ്ടെങ്കിൽ ആ വിവരം പി.എസ്.സി.യെ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്കുള്ള വ്യക്തി അപേക്ഷ നൽകിയിരുന്നോ; പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; നടപടിയൊന്നും സ്വീകരിച്ചില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

കേഡർ സ്ട്രെങ്ത്തിൽ കുറവ് വരുത്തിയിട്ടില്ല. ഇപ്രകാരമൊരു അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ കേഡർ സ്ട്രെങ്ത്തിൽ കുറവ് വരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

(ജി) ടി തസ്തികയിൽ ഇപ്പോൾ പി.എസ്.സി. മുഖേന എത്ര പേർ ജോലി ചെയ്യുന്നു; ഇനി ഒഴിവുണ്ടോ; നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥിയുടെ നിയമനം സംബന്ധിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽനിന്ന് ഇടക്കാല ഉത്തരവ് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ?

നിലവിലെ ഒരൊഴിവിൽ പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23-6-2021-ലെ O.A.No.1089/2021 ഉത്തരവുപ്രകാരം അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥിയുടെ നിയമനം താൽക്കാലികമായി തടഞ്ഞിട്ടുള്ളതാണ്.

**ഹെലികോപ്റ്റർ വാടക**

74 (1974) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിനുവേണ്ടി വാടകയ്ക്ക് എടുത്തിട്ടുള്ള ഹെലികോപ്റ്റർ നിലവിൽ ഉപയോഗിക്കുന്നുണ്ടോ?

കരാർ കാലാവധി അവസാനിച്ചതിനാൽ ഹെലികോപ്റ്റർ തൽക്കാലം ഉപയോഗത്തിലില്ല.

(ബി) പ്രസ്തുത ഹെലികോപ്റ്ററിൽ ആരെല്ലാമാണ് ഇതുവരെ യാത്ര ചെയ്തിരുന്നത് എന്നതിന്റെ വിശദാംശം അറിയിക്കുമോ?

വ്യോമ നിരീക്ഷണം, മാവോയിസ്റ്റുകളുടെ സഞ്ചാരപാത നിരീക്ഷണം, ആരോഗ്യ രക്ഷാപ്രവർത്തനം, സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങൾ, തീരദേശം, വനമേഖലകൾ, വിനോദസഞ്ചാര-തീർത്ഥാടന മേഖലകൾ തുടങ്ങിയവയുടെ നിരീക്ഷണത്തിനും അടിയന്തര ഘട്ടങ്ങളിലെ പോലീസിന്റേയും വിശിഷ്ട വ്യക്തികളുടേയും യാത്രയ്ക്കുമായാണ് ഹെലികോപ്റ്ററിന്റെ സേവനം ഉപയോഗിച്ചിട്ടുള്ളത്.

**കാസർഗോഡ് ജില്ലയിലെ കോവിഡ് പ്രോട്ടോക്കോൾ ലംഘനം**

75 (1975) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കോവിഡ് പ്രോട്ടോക്കോൾ ലംഘനത്തിന് എത്ര കേസുകളെടുത്തിട്ടുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം രീതിയിലുള്ള ലംഘനങ്ങൾക്കാണ് കേസെടുത്തതെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രോട്ടോക്കോൾ ലംഘനത്തിന് ചുമത്തപ്പെട്ട പിഴ എത്രയാണെന്ന് കുറ്റങ്ങളുടെ രീതി അനുസരിച്ച് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രോട്ടോക്കോൾ ലംഘനത്തിന് രാഷ്ട്രീയ പ്രവർത്തകർക്കും പൊതുപ്രവർത്തകർക്കും എതിരെ ചാർജ്ജ് ചെയ്ത കേസുകൾ എത്രയെന്നും ചുമത്തപ്പെട്ട പിഴ എത്രയെന്നും പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

(എ-ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മുട്ടിൽ മരംമുറി അന്വേഷണ റിപ്പോർട്ട്

76 (1976) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട പ്രാഥമിക അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട പ്രാഥമിക അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭിച്ചതെപ്പോഴാണെന്നും അതിലെ കാര്യങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ;

(സി) കോടിക്കണക്കിന് രൂപയുടെ മരം കൊള്ളയാണ് നടന്നതെന്ന് പ്രസ്തുത റിപ്പോർട്ടിൽ പറയുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് എടുത്തതെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) ബാധകമല്ല.

## കൂത്താട്ടുകുളം, മുളന്തുരുത്തി അഗ്നിരക്ഷാ നിലയങ്ങളുടെ പുരോഗതിക്കായി സ്വീകരിച്ച നടപടികൾ

77 (1977) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൂത്താട്ടുകുളം, മുളന്തുരുത്തി അഗ്നിരക്ഷാ നിലയങ്ങളുടെ പുരോഗതിക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിലയങ്ങളിലേയ്ക്ക് ആവശ്യമായ വാഹനങ്ങളും മറ്റ് അനുബന്ധ ഉപകരണങ്ങളും നാളിതുവരെ നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കൂത്താട്ടുകുളം, മുളന്തുരുത്തി അഗ്നിരക്ഷാ നിലയങ്ങളുടെ പുരോഗതിക്കായി അനുവദിച്ച വാഹനങ്ങളുടെയും മറ്റ് ഉപകരണങ്ങളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആവശ്യപ്പെട്ട വാഹനങ്ങളും ഉപകരണങ്ങളും എന്നത്തേയ്ക്ക് നൽകുവാൻ സാധിക്കുമെന്നറിയിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാർഷിക പദ്ധതിയിനത്തിലെ ഫണ്ടുപയോഗിച്ച് പുതിയ അഗ്നിശമന രക്ഷാ ഉപകരണങ്ങളും വാഹനങ്ങളും വകുപ്പിൽ വാങ്ങുന്ന മുറയ്ക്ക് ആവശ്യകതയുടെയും ലഭ്യതയുടേയും അടിസ്ഥാനത്തിൽ ആയവ കൂത്താട്ടുകുളം, മുളന്തുരുത്തി നിലയങ്ങൾക്ക് നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## കേരള പോലീസിന്റെ സാങ്കേതികശേഷി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

78 (1978) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള പോലീസിന്റെ സാങ്കേതികശേഷി ഉയർത്തി പ്രവർത്തനം കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവും ആക്കിത്തീർക്കുന്നതിന് നടത്തുന്ന പ്രവർത്തനത്തെക്കുറിച്ച് അറിയിക്കാമോ?

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും എസ്.എച്ച്.ഒ.മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. രണ്ടോ അതിലധികമോ എസ്.ഐ.-മാരുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറ്റാന്വേഷണവും ക്രമസമാധാനപാലനവും രണ്ട് വിഭാഗങ്ങളാക്കി വേർതിരിച്ചിട്ടുണ്ട്. ഈ പരിഷ്കാരം വഴി കേസന്വേഷണത്തിലും ക്രമസമാധാന പാലനത്തിലും ശക്തമായി ഇടപെടാനും അതുവഴി പൊതുജനങ്ങൾക്ക് പരാതിക്കിട നൽകാത്തവിധം പോലീസിന് പ്രവർത്തിക്കുവാനും സാധിക്കുന്നുണ്ട്. അധികാരപരിധി നോക്കാതെ ഏതൊരു പോലീസ് സ്റ്റേഷനിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്ന് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ CCTNS-ന് ആവശ്യമായ കമ്പ്യൂട്ടറുകളും ലാപ് ടോപ്പുകളും വാങ്ങി നൽകിയിട്ടുണ്ട്. ശാസ്ത്രീയ കുറ്റാന്വേഷണം കൂടുതൽ ശാക്തീകരിക്കുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ DNA Sequencer, Advanced equipment for document examination, Digital Zoom Static Microscope, FTIR Spectrometer, Refractometer, PCR Machine, Ultra low temperature freezer, Refrigerated centrifuge തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബുകളിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാനും അവരുടെ പരാതികൾക്ക് അതിവേഗം നടപടികൾ സ്വീകരിക്കുന്നതിനും ക്രമസമാധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി 13

പുതിയ പോലീസ് സ്റ്റേഷനുകളും നാല് വനിതാ പോലീസ് സ്റ്റേഷനുകളും ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സൈബർ ഇടങ്ങളിൽ സ്ത്രീകളും പ്രായമായവരും നേരിടുന്ന വെല്ലുവിളികളും അവർക്കെതിരെ ഉണ്ടാകുന്ന കുറ്റകൃത്യങ്ങളും അതുപോലെ ഓൺലൈൻ തട്ടിപ്പുകൾ അടക്കമുള്ള മറ്റ് കുറ്റകൃത്യങ്ങളും ഫലപ്രദമായി തടയുന്നതിനായി സംസ്ഥാനത്ത് 19 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. കേരളാ പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, Know Your Jurisdiction, THUNA തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ ഏകോപിപ്പിച്ച് 'POL-APP' എന്ന പേരിൽ പൊതു ജനങ്ങൾക്കായി നൽകിയിട്ടുണ്ട്. പോലീസ് പൊതുജന സൗഹാർദ്ദ പോർട്ടൽ സംവിധാനം വഴി പൊതു ജനങ്ങൾക്ക് ഓൺലൈനായി പരാതികൾ സമർപ്പിക്കാവുന്നതാണ്. ജീവഹാനി കൂടാതെ സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും നിർവ്വീര്യമാക്കുന്നതിനുമുള്ള ഉപകരണങ്ങൾ, സ്യൂട്ടുകൾ, നിരീക്ഷണ ഉപകരണങ്ങൾ തുടങ്ങിയവയും വാങ്ങി നൽകിയിട്ടുണ്ട്. തീരദേശ സുരക്ഷയും LWE/മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിൽ സുരക്ഷയുടെ ഭാഗമായും നൂതന സാങ്കേതിക വിദ്യയിലുള്ള സാറ്റലൈറ്റ് ഫോണുകൾ വാങ്ങി നൽകിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് Cyber Crime Prevention Against Women and Children (CCPWC) പ്രോജക്ട്. ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്ക് പകരം അത്യാധുനിക രീതിയിലുള്ള ഡിജിറ്റൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് പോലീസ് വകുപ്പിൽനിന്നും നൽകിവരുന്ന ഒരു സുപ്രധാന സേവനമാണ് പാസ്സ്പോർട്ട് വെരിഫിക്കേഷൻ. പൗരന്മാർക്ക് 3-4 ദിവസങ്ങൾക്കുള്ളിൽ പാസ്പോർട്ടിനാവശ്യമായ പോലീസ് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് നൽകുന്നതിന് e-VIP (Electronic Verification Interface for Passport Applications) എന്ന പോർട്ടൽ വഴി സാദ്ധ്യമായിവരുന്നു. മോട്ടോർ വാഹന നിയമപ്രകാരമുള്ള പിഴ/ഫീസ് എന്നിവ ഡിജിറ്റലായി ഒടുക്കുന്നതിനുള്ള ' Traffic Offence Compounding E-Chalan System' സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും National Emergency Response System (NERS) സംവിധാനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനം പിന്നീട് Emergency Response Support System (ERSS) എന്ന്

പുനർനാമകരണം ചെയ്തു. 112 എന്ന എമർജൻസി നമ്പരിലേയ്ക്ക് അടിയന്തര സഹായത്തിനായി പൊതുജനങ്ങൾക്ക് പോലീസ് സഹായം ആവശ്യപ്പെടാവുന്നതും ഈ സംവിധാനം വഴി വളരെ വേഗവും കൃത്യവുമായ പോലീസ് സഹായം ഉറപ്പുവരുത്തുവാനും സാധിക്കുന്നു. സംസ്ഥാന പോലീസ് സേനയുടെ ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ ആധുനിക ചോദ്യം ചെയ്യൽ മുറി സ്ഥാപിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടനം കൂടുതൽ സുഗമമാക്കുന്നതിന് "Virtual Q" നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഡ്രോൺ ഫോറൻസിക് ലാബും റിസർച്ച് ലാബും സ്ഥാപിച്ചിട്ടുണ്ടോ; ഇവ കൊണ്ട് സാങ്കേതിക ശേഷിയിൽ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്?

ഡ്രോണുകളുടെ ഉപയോഗം രാജ്യത്തിലെ മിക്കവാറും എല്ലാ മേഖലയിലും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കേരളാ പോലീസ് സൈബർഡോമിന്റെ കീഴിൽ ആരംഭിച്ച പുതിയ വിഭാഗമാണ് കേരളാ പോലീസ് ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്റർ. ഡ്രോണുകളുമായി ബന്ധപ്പെട്ട ശാസ്ത്രീയ പരിശോധനകളും, ടെക്നിക്കൽ വിവരങ്ങളുടെ പരിശോധനയും പോലീസ് സേനയുടെ വിവിധ ആവശ്യങ്ങൾ നിർവഹിക്കാനുതകുന്ന രീതിയിലുള്ള ഡ്രോൺ ഡെവലപ്മെന്റ്, മൊബൈൽ ആന്റി ഡ്രോൺ സിസ്റ്റം എന്നിവയും ഈ റിസർച്ച് സെന്ററിന്റെ ഭാഗമാണ്. ഡ്രോണുകളുടെ ഉപയോഗത്തിനും, ഫോറൻസിക് വിശകലനത്തിനും, അവ ഉപയോഗിച്ചുള്ള ഭീഷണികളെ പ്രതിരോധിക്കുന്നതിനുമായി പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്റർ രൂപീകരിക്കുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ ലോ-എൻഫോഴ്സ്മെന്റ് ഏജൻസിയാണ് കേരളാ പോലീസ് ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്റർ.

(സി) പ്രത്യേകം കരുതൽ ആവശ്യപ്പെടുന്ന സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ എന്നിവരുടെ സുരക്ഷക്കായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

സോഷ്യൽ മീഡിയയിൽ കൂടിയോ മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളിൽ കൂടിയോയുള്ള സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ സംബന്ധിച്ച് ഓൺലൈനായി പരാതിപ്പെടാൻ "aparajitha online" എന്ന സംവിധാനം നിലവിലുണ്ട്. സ്ത്രീകളെ മാനസികമായും കായികമായും സ്വയരക്ഷക്ക് സജ്ജമാക്കാൻ " Women Self Defence Programme" നടത്തിവരുന്നുണ്ട്.

സ്ത്രീകൾക്ക് ലിംഗസമത്വം ഉറപ്പാക്കാനും നിയമ പരിരക്ഷ ഉറപ്പാക്കാനും " നിർഭയ" എന്ന പദ്ധതിയും നിലവിലുണ്ട്. രാത്രികാലങ്ങളിൽ പൊതു നിരത്തുകളിൽ ഒറ്റപ്പെട്ടുപോകുന്ന വനിതായാത്രക്കാർക്കും മുതിർന്ന പൗരന്മാർക്കും സുരക്ഷാഹസ്തവുമായി എത്തുന്ന കേരളാ പോലീസിന്റെ പദ്ധതിയാണ് "നിഴൽ". ഏത് അടിയന്തര സാഹചര്യത്തിലും ആവശ്യമായ സഹായം എത്തിക്കുന്നതിന് പോലീസ് ആസ്ഥാനത്ത് 24 മണിക്കൂറും പോലീസ് കമാൻഡ് സെന്ററിൽ പ്രത്യേക സംവിധാനം പ്രവർത്തിച്ചുവരുന്നു. കുട്ടികളുടെ സംരക്ഷണത്തിനും സുരക്ഷക്കുമായി CHIRI പ്രോജക്ടുമായി ബന്ധപ്പെട്ട് ടോൾ ഫ്രീ നമ്പർ 9497900200 പ്രവർത്തിച്ചുവരുന്നു. പരാതികൾ കിയോസ്ക് മിത്രം, National Cyber Crime Reporting Portal (NCRP) എന്നീ സംവിധാനങ്ങൾ വഴി സമർപ്പിക്കാവുന്നതാണ്. കൂടാതെ Red Button സംവിധാനവും പ്രവർത്തിച്ചുവരുന്നു. പ്രത്യേകം കരുതൽ ആവശ്യമുള്ള സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ എന്നിവരുടെ സുരക്ഷയ്ക്കായി പോലീസിന്റെ ഒഫിഷ്യൽ ആപ്ലിക്കേഷനായ POL-APP-ൽ സേവനങ്ങൾ നൽകിയിട്ടുണ്ട്. ഉപേക്ഷിക്കപ്പെട്ട കുട്ടികൾ, സ്ത്രീകൾ, വയോജനങ്ങൾ എന്നിവരെക്കുറിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സുരക്ഷ ആവശ്യമുള്ള വയോജനങ്ങൾ, ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകൾ എന്നിവരുടെ വിവരങ്ങൾ മുൻകൂറായി പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിനുമുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്റ്റേഷൻ എസ്.എച്ച്.ഒ.-യെ സന്ദർശിക്കുന്നതിന് സ്ത്രീകൾക്കും കുട്ടികൾക്കും ഓൺലൈനായി അപ്പോയിൻമെന്റ് എടുക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ നേരിട്ടെത്താതെ തന്നെ ഇ-മെയിൽ മുഖേന പരാതി സമർപ്പിക്കുന്നതിന് 'തുണ' എന്ന സംവിധാനവും, സ്ത്രീകളുടെയും കുട്ടികളുടെയും വയോജനങ്ങളുടെയും സുരക്ഷ കണക്കിലെടുത്ത് ജനമൈത്രി പോലീസ് ബീറ്റും ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. മുഴുവൻ പോലീസ് സ്റ്റേഷനുകളെയും Child Friendly ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ സ്ത്രീകൾക്കും കുട്ടികൾക്കും പൊതുജനങ്ങൾക്കും സുരക്ഷ ഉറപ്പാക്കുന്നതിനായി പിങ്ക് പട്രോൾ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## പെരിയ കല്യോട്ട് പാമ്പാടി സ്വദേശിനി ഭർതൃവീട്ടിൽ തൂങ്ങി മരിച്ചനിലയിൽ കാണപ്പെട്ട സംഭവം

79 (1979) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം പാമ്പാടി സ്വദേശിനിയായ അനു ആന്റണി കാസർഗോഡ് ജില്ലയിലെ പെരിയ കല്യോട്ട് ഭർതൃവീട്ടിൽ തൂങ്ങി മരിച്ചനിലയിൽ കാണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 723/21 u/s 174 CrPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) അന്വേഷണത്തിന്റെ ഭാഗമായി എന്തെങ്കിലും ദുരൂഹത കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കേസുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ മരണത്തിൽ മറ്റെന്തെങ്കിലും ദുരൂഹതയുള്ളതായോ പ്രേരണയുള്ളതായോ കണ്ടെത്തുന്നതിനാവശ്യമായ തെളിവുകളൊന്നും നാളിതുവരെയായി ലഭിച്ചിട്ടില്ലാത്തതാണ്. കേസ് നിലവിൽ അന്വേഷണാവസ്ഥയിലാണ്.

**സംഘടിത കുറ്റകൃത്യങ്ങൾ തടയുന്നതിന് നിയമനിർമ്മാണം**

80 (1980) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഘടിത കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഫയലുകൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരള ഓർഗനൈസ്ഡ് ക്രൈം കൺട്രോൾ ആക്ട് എന്ന പേരിൽ ഒരു നിയമത്തിന്റെ കരട് പരിഗണനയിലുണ്ടോ; ഈ വിഷയം പരിശോധിക്കുന്നതിന് ഏതെങ്കിലും സമിതിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ് സമിതിയുടെ പരിഗണനാവിഷയങ്ങളെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇക്കാര്യം പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), സെക്രട്ടറി (നിയമവകുപ്പ്), മുൻ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ശ്രീ. കെ. കെ. രവീന്ദ്രനാഥ് (സീനിയർ ലീഗൽ കൗൺസൽ) എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് മാത്രമെ തുടർനടപടികൾ പരിശോധിക്കുകയുള്ളൂ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംഘടിത കുറ്റകൃത്യങ്ങൾ നടക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ നമ്മുടെ സംസ്ഥാനം ഉൾപ്പെടുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

NCRB പ്രസിദ്ധീകരിക്കുന്ന ക്രൈം ഇൻ ഇന്ത്യയിൽ സംസ്ഥാനങ്ങളിലെ സംഘടിത കുറ്റകൃത്യങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടില്ല.

**സ്ലീപ്പർ സെൽ സംബന്ധിച്ച് മുൻ പോലീസ് മേധാവിയുടെ പ്രസ്താവന**

81 (1981) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സംസ്ഥാന പോലീസ് മേധാവി ശ്രീ. ലോക് നാഥ് ബെഹ്റ പോലീസ് മേധാവിയായിരിക്കെ 2021-ൽ നടത്തിയ പ്രസ്താവനയിലൂടെ കേരളത്തിൽ ഐ.എസ്.-ന്റെ സ്ലീപ്പർ സെൽ നിലവിലുണ്ടെന്ന് മുഖ്യധാര പത്രമാധ്യമങ്ങളിലും ചാനലുകളിലും പ്രസിദ്ധപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് എ.ഡി.ജി.പി. കേരള മുഖ്യമന്ത്രിക്ക് റിപ്പോർട്ട് നൽകിയിരുന്നോ;

(ബി) പ്രസ്തുത വാർത്തയുടെ അടിസ്ഥാനത്തിൽ ഐ.&പി.ആർ.ഡി. ഡയറക്ടർ ആഭ്യന്തര സെക്രട്ടറിക്കും ചീഫ് സെക്രട്ടറിക്കും മുഖ്യമന്ത്രിക്കും റിപ്പോർട്ടുകൾ നൽകിയോയെന്ന് അറിയിക്കാമോ;

(സി) സ്പെഷ്യൽ ബ്രാഞ്ച് എ.ഡി.ജി.പി.-യും ഐ.&പി.ആർ.ഡി. ഡയറക്ടറും നൽകിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ;

(ഡി) മുൻ സംസ്ഥാന പോലീസ് മേധാവിയുടെ പ്രസ്താവനയുടെ വെളിച്ചത്തിൽ ഇത്തരത്തിലുള്ള സ്ലീപ്പർ സെല്ലുകളെക്കുറിച്ച് സ്പെഷ്യൽ ബ്രാഞ്ച് എന്തെല്ലാം അന്വേഷണ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ-ഡി) സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് എ.ഡി.ജി.പി.-യോ ഐ.&പി.ആർ.ഡി. ഡയറക്ടറോ ഇത് സംബന്ധിച്ച ഒരു റിപ്പോർട്ടും സമർപ്പിച്ചിട്ടില്ല.

(ഇ) ഇത്തരത്തിൽ ഇവിടെ ഐ.എസ്.-ന്റെ സ്ലീപ്പർ സെല്ലുകൾ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് അന്വേഷണത്തിൽ പ്രവർത്തിക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇങ്ങനെയുള്ള പ്രസ്താവന സർക്കാരിന്റെ അനുമതിയില്ലാതെ പത്ര-ദൃശ്യ

മാധ്യമങ്ങളിൽ കൂടി നടത്തിയ മുൻ സംസ്ഥാന പോലീസ് മേധാവിയ്ക്കെതിരെ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

**പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കൽ**

82 (1982) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾക്ക് പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, വികസന അതോറിറ്റികൾ, സഹകരണ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡുകൾ എന്നിവിടങ്ങളിൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയോ ആശ്രിത നിയമനം ഉൾപ്പെടെയുള്ള മറ്റ് മാർഗങ്ങളിലൂടെയോ നിയമിതരാകുന്ന ഉദ്യോഗാർത്ഥികൾക്ക് നിലവിൽ സർക്കാർ സർവ്വീസിൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരമുള്ള പോലീസ് വെരിഫിക്കേഷൻ നിർബന്ധമല്ലാത്തതുകാരണം അവരുടെ പൂർവ്വകാല ചരിത്രം വെളിവാക്കപ്പെടുന്നില്ല എന്ന സാഹചര്യം കണക്കിലെടുത്തുകൊണ്ട് 30-09-2021-ലെ സ.ഉ.(അച്ചടി)നം.63/2021/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഇത്തരക്കാർക്കുകൂടി സർക്കാർ ജീവനക്കാർക്ക് നിലവിൽ ഉള്ളതുപോലെ പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പോലീസ് ഓഫീസർമാരിലെ കോവിഡ് ബാധ**

83 (1983) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ എത്ര പോലീസുകാർക്ക് കോവിഡ് ബാധിച്ചിട്ടുണ്ട്; റാങ്ക്, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നാളിതുവരെ 19334 പോലീസുകാർക്ക് കോവിഡ് ബാധിക്കുകയുണ്ടായി. ഇവരുടെ റാങ്ക്, ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കോവിഡ് ബാധിച്ച് നാളിതുവരെ മരണപ്പെട്ട പോലീസുകാരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

കോവിഡ് ബാധിച്ച് നാളിതുവരെ 13 പോലീസ് ഉദ്യോഗസ്ഥർ മരണപ്പെടുകയുണ്ടായി.

**കാലപ്പഴക്കമുള്ള പോലീസ് ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റി നവീകരിക്കൽ**

84 (1984) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കമുള്ള പോലീസ് ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റി നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

സംസ്ഥാന പോലീസ് മേധാവിയിൽനിന്നും ശിപാർശകൾ ലഭിക്കുന്നമുറയ്ക്ക് കാലപ്പഴക്കമുള്ള പോലീസ് ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബാലുശ്ശേരി പോലീസ് സ്റ്റേഷനിലെ പോലീസ് ക്വാർട്ടേഴ്സ് പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പോലീസ് ക്വാർട്ടേഴ്സ് പുതുക്കിപ്പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

(ബി & സി) സംസ്ഥാന പോലീസ് മേധാവിയിൽനിന്നും ശിപാർശയൊന്നും ലഭ്യമായിട്ടില്ല.

**പിങ്ക് പോലീസ് പ്രൊട്ടക്ഷൻ പദ്ധതി**

85 (1985) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീസുരക്ഷയ്ക്കായി ആരംഭിച്ച പിങ്ക് പോലീസ് പ്രൊട്ടക്ഷൻ പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ ഏർപ്പെടുത്തിയിട്ടുള്ള സേവനങ്ങളുടെയും സൗകര്യങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ?

സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് സംസ്ഥാനമൊട്ടാകെ പോലീസ് വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾ എറണാകുളം ജില്ലയിലും നടപ്പിലാക്കിവരുന്നു. ആയവയുടെ വിശദാംശങ്ങൾ ചുവടെ വിവരിച്ചിരിക്കുന്നു.

1. പിങ്ക് പോലീസ് പട്രോൾ - പിങ്ക് കൺട്രോൾ റൂമിന്റെ കീഴിൽ 4 പിങ്ക് പോലീസ് വാഹനങ്ങൾ പട്രോളിംഗ് നടത്തിവരുന്നുണ്ട്. പിങ്ക് കൺട്രോൾ റൂമിലെ 1515 എന്ന നമ്പറിലേയ്ക്ക് ലഭിക്കുന്ന കോളുകളിലേയ്ക്ക് യഥാസമയം തന്നെ പിങ്ക് പട്രോൾ വാഹനങ്ങളിലേയ്ക്ക് കൈമാറി ആവശ്യമായ പോലീസ് സഹായം നൽകിവരുന്നതും നഗരത്തിലെ വിവിധ സ്ഥലങ്ങളിൽ ഒറ്റപ്പെട്ട് നടക്കുന്ന സ്ത്രീകളെയും കുട്ടികളെയും പ്രായമായവരേയും പോലീസ് സുരക്ഷിത സ്ഥാനങ്ങളിൽ ഏൽപ്പിച്ചുവരുന്നതും, തൊഴിലിടങ്ങൾ, ഹോസ്റ്റലുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് പ്രധാന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സഞ്ചരിച്ച് സ്ത്രീകളുടെ പ്രശ്നങ്ങൾ മനസിലാക്കി അവയ്ക്ക് പരിഹാരം കാണുകയും ചെയ്തുവരുന്നു.

2. അപരാജിത – സ്ത്രീകൾക്കെതിരെയുള്ള ശാരീരികവും മാനസികവും ഗാർഹികവുമായ പീഡനങ്ങൾ സംബന്ധിച്ച് പരാതി നൽകുന്നതിനും പരിഹാരം കാണുന്നതിനും തുടർ നിയമനടപടികൾ സ്വീകരിക്കുന്നതിനുമുള്ള ഹെൽപ്‌ലൈനാണ് അപരാജിത.

3. നിഴൽ - ഏതെങ്കിലും സാഹചര്യത്തിൽ അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതാ യാത്രക്കാർക്കും മുതിർന്ന പൗരന്മാർക്കും സുരക്ഷ ഒരുക്കാനും ഏത് അടിയന്തര സാഹചര്യത്തിലും സഹായം എത്തിക്കുന്നതിനും പോലീസ് ആസ്ഥാനത്തെ പോലീസ് കമാന്റ് സെന്റർ കേന്ദ്രീകരിച്ച് നിഴൽ എന്ന സംവിധാനം നിലവിലുണ്ട്.

4. Domestic Conflict Resolution Centre (DCRC) - സ്ത്രീകൾക്കെതിരായ ഗാർഹിക പീഡന പരാതികളിൽ കാര്യക്ഷമമായ രീതിയിൽ പരിഹാരം കാണുന്നതിന് വനിതാ സെൽ കേന്ദ്രീകരിച്ച് Domestic Conflict Resolution Centre (DCRC) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

5. നിർഭയ പദ്ധതി - സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ ചെറുക്കുന്നതിനായി അവരെ പ്രാപ്തരാക്കുന്നതിനുള്ള ഈ പദ്ധതിയിൽ കൊച്ചി വനിതാ സെല്ലിന്റെ ആഭിമുഖ്യത്തിൽ 40534 പേർക്ക് നിർഭയാ വോളന്റിയേഴ്സ് സ്വയരക്ഷാ പരിശീലന ക്ലാസുകൾ നൽകിയിട്ടുള്ളതാണ്.

6. നിർഭയം ആപ്പ് - സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഇതുവഴി പോലീസ് കൺട്രോൾ റൂമിലേയ്ക്ക് അറിയിക്കാവുന്നതും അവിടെനിന്നും പരാതി പരിഹാരത്തിനായി പോലീസ് സഹായം ലഭ്യമാക്കുകയും ചെയ്യുന്നു.

(ബി) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായുള്ള ഓൺലൈൻ പ്ലാറ്റ്ഫോം 'അപരാജിത'-യിൽ എത്ര പരാതികൾ ലഭിച്ചുവെന്നും ആയതിന്മേലെത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിൽ അപരാജിത ഓൺലൈൻ പ്ലാറ്റ്ഫോമിൽ 235 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിന്മേൽ 12 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**മഞ്ചേശ്വരത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കൽ**

86 (1986) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത സ്റ്റേഷൻ എവിടെയാണ് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ;

(സി) പുതിയ സ്റ്റേഷൻ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ; ഇതിൽ ഏതൊക്കെ വില്ലേജുകളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ-സി) മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പോലീസ് ഉദ്യോഗസ്ഥന് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ**

87 (1987) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിട്ടയർമെന്റ് ആനുകൂല്യങ്ങളും, പെൻഷനും ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. ഗോപാലൻ കെ.എസ്., (സി.പി.ഒ. എ 3296) (റിട്ടയർഡ്) മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുള്ള ജി 210601531 നമ്പർ നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത നിവേദനവുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവി 12-7-2021-ലെ 2021/പി.എച്ച്.ക്യു. നമ്പർ കത്ത് പ്രകാരം സർക്കാരിന് നൽകിയ റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) ശ്രീ. ഗോപാലൻ കെ. എസ്.-ന്റെ അച്ചടക്ക നടപടി തീർപ്പാക്കേണ്ടതുണ്ട്. അത് തീർപ്പാക്കുന്നമുറയ്ക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങളും പെൻഷനും ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരന്റെ വീട്ടിൽ അതിക്രമിച്ച് കയറി ആക്രമണം

88 (1988) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ മെക്കാനിക്കായ ശ്രീ. രാജീവ് ആർ. സി.-യുടെ വീട്ടിൽ 2021 ജൂൺ 29-ന് രാത്രി ഇതരസംസ്ഥാനക്കാരനായ വ്യക്തി അതിക്രമിച്ച് കയറി ആക്രമണം നടത്താൻ ശ്രമിച്ചതായി പരാതി ലഭിച്ചിരുന്നോ; പ്രസ്തുത പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

8-9-2021-ൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി പരിശോധിച്ച് ഉചിതമായ നടപടിക്കായി സംസ്ഥാന പോലീസ് മേധാവിക്ക് അയച്ചുനൽകിയിട്ടുണ്ട്.

## സ്ത്രീധന നിരോധന നിയമം

89 (1989) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1961-ലെ സ്ത്രീധന നിരോധന നിയമപ്രകാരം 2016 മുതൽ നാളിതുവരെ പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം വർഷം തിരിച്ച് നൽകാമോ; ഇതിൽ എത്ര കേസുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചുവെന്നും എത്ര എണ്ണത്തിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടുവെന്നും വിശദമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## വാമനപുരം മണ്ഡലത്തിലെ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ്

90 (1990) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ എസ്.പി.സി. യൂണിറ്റുകൾ നിലവിലുള്ള സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. GVHSS Venjaramoodu (HS)
2. GBHSS Mithirmala
3. GVHSS Kallara

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. GHSS Bharathannoor (HS)

5. SNV HSS Anad (HSS)

6. PHMKMV HSS Panavoor

7. BRMHS Elavattom

8. AVN MRS Njaraneeli

9. SKV HSS Nanniyode (New School)

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽനിന്നാണ് പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചതെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും അറിയിക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ എസ്.പി.സി. യൂണിറ്റുകൾ ആരംഭിക്കുന്നതിന് ചുവടെ ചേർക്കുന്ന 4 സ്കൂളുകൾ അപേക്ഷിച്ചു.

1. GHSS Bharathannoor (HSS)

2. Janatha HSS Thempammoodu (HSS)

3. SNV HSS Anad (HS)

4. SKV HSS Nanniyode

ഇതിൽ SKV HSS Nanniyode എന്ന സ്കൂളിന് ഈ അദ്ധ്യയന വർഷം എസ്.പി.സി. പദ്ധതി അനുവദിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി വിഭാഗം അപേക്ഷകളുടെ ഫീസിബിലിറ്റി പരിശോധന പൂർത്തിയായിട്ടില്ല.

**ഇരിക്കൂർ മണ്ഡലത്തിലെ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി**

91 (1991) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലെ ഏതെല്ലാം വിഭാഗങ്ങളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

ഇരിക്കൂർ മണ്ഡലത്തിൽ എസ്.പി.സി. യൂണിറ്റ് പ്രവർത്തിച്ചുവരുന്ന സ്കൂളുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽനിന്നാണ് പുതുതായി എസ്.പി.സി. തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തെന്നും വിശദമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ എസ്.പി.സി. യൂണിറ്റുകൾ ആരംഭിക്കുന്നതിന് 6 സ്കൂളുകൾ പുതുതായി അപേക്ഷിച്ചു.

1. GHSS Sreepuram Manakkadav (HS&HSS)
2. NSS, HSS Alakkode (HS)
3. St.Joseph HSS Vayattuparamba (HS)
4. St.George HS Chembanthotty (HS)
5. St.Thomas HS Manikkadav
6. Devamatha HS Paisakkari

ഇതിൽ St. Thomas HS Manikkadav, Devamatha HS Paisakkari എന്നീ സ്കൂളുകൾക്ക് ഈ അദ്ധ്യയന വർഷം എസ്.പി.സി. പദ്ധതി അനുവദിച്ചിട്ടുണ്ട്.

(സി) എയ്ഡഡ് സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്നതിന് സ്കൂൾ മാനേജ്മെന്റ് ഒരുക്കേണ്ട സൗകര്യങ്ങളും ഒടുക്കേണ്ട തുകയും എത്രയെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിലിളവുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പുതുതായി എസ്.പി.സി. പദ്ധതി അനുവദിക്കുന്നതിന് സ്കൂളുകളിൽ രണ്ട് അദ്ധ്യാപകരെ എസ്.പി.സി. പദ്ധതി നയിക്കുന്നതിന് നിയോഗിക്കേണ്ടതും ആൺകുട്ടികളും പെൺകുട്ടികളുമുള്ള സ്കൂളിൽ അദ്ധ്യാപകരിൽ ഒരാൾ വനിത ആയിരിക്കേണ്ടതുമാണ്. കായികക്ഷമതാ പരിശീലനത്തിന് ഗ്രൗണ്ട്, എസ്.പി.സി. ഓഫീസ് സജ്ജീകരിക്കുന്നതിനുള്ള മുറി, കേഡറ്റുകൾക്ക് എസ്.പി.സി. യൂണിഫോമും, പി.ടി. ഡ്രസ്സും ഇവ മാറുന്നതിനുള്ള സൗകര്യം (ആൺകുട്ടികളും പെൺകുട്ടികളുമുള്ള സ്കൂളിൽ പ്രത്യേകം മുറി) എന്നീ മാനദണ്ഡങ്ങളാണ് എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിന് നിലവിലുള്ളത്. സ്കൂൾ മാനേജ്മെന്റ് ഒടുക്കേണ്ട തുക സംബന്ധിച്ച കാര്യത്തിൽ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## കാസർഗോഡ് ദേളിയിലെ 8-ാം ക്ലാസ് വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവം

92 (1992) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ദേളിയിലെ സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ 8-ാം ക്ലാസ് വിദ്യാർത്ഥിനി സഫ ഫാത്തിമ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; പ്രസ്തുത കേസിലെ പ്രതികൾ ആരൊക്കെയാണ്; പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് മേൽപ്പറമ്പ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 493/2021 u/s 174 CrPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഈ കേസിന്റെ അന്വേഷണത്തിൽ മരണപ്പെട്ട സഫ ഫാത്തിമ പഠിച്ചിരുന്ന സ്കൂളിലെ അദ്ധ്യാപകനായിരുന്ന ഉസ്മാൻ എന്നയാൾ പെൺകുട്ടിയെ ലൈംഗിക ചൂഷണം നടത്തിയതായി വെളിവായിട്ടുള്ളതിനാൽ Sec.12 r/w 11 (v) of POCSO Act 2012 & 75 of JJ Act കൂട്ടിച്ചേർത്ത് അന്വേഷണം നടത്തിവരുന്നു. പ്രതിയായ ഉസ്മാന്റെയും മരണപ്പെട്ട പെൺകുട്ടിയുടെയും മൊബൈൽ ഫോൺ രേഖകൾ പരിശോധിച്ചതിൽ പ്രതിയുടെ പ്രേരണയിൽ കുട്ടി ആത്മഹത്യ ചെയ്തതായി വെളിവായിട്ടുള്ളതിനാൽ പ്രതിക്കെതിരെ Sec. 305 IPC and 11 (I)(iv) of POCSO Act 2012 എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്ത് നേരത്തേ കൂട്ടിച്ചേർത്ത 11(v) of POCSO Act എന്ന സെക്ഷൻ കുറവ് ചെയ്ത് അന്വേഷണം തുടരുന്നതിനുവേണ്ടിയുള്ള റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. ഈ കേസിലെ പ്രതിയായ ഉസ്മാനെ അറസ്റ്റ് ചെയ്തിട്ടുള്ളതും ടിയാൻ ഇപ്പോൾ ജുഡീഷ്യൽ കസ്റ്റഡിയിലുമാണ്.

## സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ

93 (1993) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വനിതകൾക്ക് നേരെയുള്ള അതിക്രമങ്ങളിൽ പോലീസ് ക്രിയാത്മകമായി ഇടപെടുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരാതികളിൽ സമയബന്ധിതമായി തുടരന്വേഷണം നടത്തുന്നതിലും കർശന നടപടികൾ സ്വീകരിക്കുന്നതിലും വരുന്നതായി പറയപ്പെടുന്ന കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് വനിതകൾക്കെതിരെയുള്ള അതിക്രമ സംഭവങ്ങളിൽ പോലീസ് കാര്യക്ഷമമായും ക്രിയാത്മകമായും ഇടപെട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി സമയബന്ധിതമായി കുറ്റപത്രം സമർപ്പിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഇത്തരം കേസുകളുടെ അന്വേഷണം കുറ്റമറ്റതും സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലന ക്ലാസുകളും എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിവരുന്നുണ്ട്.

(സി) സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ക്രിയാത്മകമല്ലെന്ന പരാതികളുള്ളതായി പറയപ്പെടുന്ന പശ്ചാത്തലത്തിൽ പ്രസ്തുത നടപടികൾ പുനഃപരിശോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ക്രിയാത്മകമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ത്രീസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി പിങ്ക് പോലീസ് സംവിധാനം, ജനമൈത്രി സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ് ലൈൻ സംവിധാനം, ഹെൽപ്പ് ഡെസ്ക് സംവിധാനം തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുള്ളതും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതുമാണ്. സ്ത്രീസുരക്ഷയുടെ ഭാഗമായി പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയുന്നതിനും അവരെ സുരക്ഷിതവുമായ ലക്ഷ്യ സ്ഥാനങ്ങളിൽ എത്തിക്കുവാൻ കൺട്രോൾ റൂം, പിങ്ക് പട്രോൾ എന്നിവ സഹായിക്കാറുണ്ട്. സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക പീഡനങ്ങളും പൊതു ഇടങ്ങളിലെ അതിക്രമങ്ങളും തടയുക എന്ന ലക്ഷ്യത്തോടെ വനിതാ പോലീസിനെ മാത്രം ഉൾപ്പെടുത്തി വിവിധ സംഘങ്ങൾ രൂപീകരിച്ച് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ടിനും വീടുകളിൽ പീഡനം അനുഭവിക്കുന്ന സ്ത്രീകളുടെ പ്രശ്നപരിഹാരത്തിനായി Domestic Conflict Resolution Centre (DCRC) എന്ന പദ്ധതി വനിതാ സെല്ലിന്റെ കീഴിലും പ്രവർത്തിച്ചുവരുന്നുണ്ട്. സ്ത്രീധനം, കുടുംബ

പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ചുള്ള പരാതികളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനായി 'അപരാജിത' എന്ന പദ്ധതി നിലവിൽ വന്നിട്ടുണ്ട്. കൂടാതെ അടിയന്തര പോലീസ് സഹായം ലഭ്യമാകുന്ന പോലീസിന്റെ 1515, 112, 1090, 1091 എന്നീ ടോൾ ഫ്രീ നമ്പരുകളിൽ വിളിച്ച് സഹായം തേടാവുന്നതാണ്. കൂടാതെ പൊതു, സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുമായി പരാതികൾ ലഭിക്കുന്നമുറയ്ക്കും നേരിട്ടും നിലവിലെ നിയമമനുസരിച്ച് ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

## കുട്ടികൾക്കെതിരായ പീഡനം

94 (1994) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെ കുട്ടികൾക്കെതിരായ പീഡനത്തിന്റെ പേരിൽ എത്ര കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് ജില്ല തിരിച്ചും വർഷം തിരിച്ചും ലഭ്യമാക്കാമോ?

വിശദ വിവരം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത കേസുകളിൽ എത്ര എണ്ണത്തിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചുവെന്നും എത്ര എണ്ണത്തിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടുവെന്നും വ്യക്തമാക്കാമോ?

വിശദ വിവരം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

## സ്ത്രീധന നിരോധന നിയമപ്രകാരം ശിക്ഷിക്കപ്പെട്ടിട്ടുള്ള പ്രതികൾ

95 (1995) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം 1961 പ്രകാരം 2016 മുതൽ 2021 വരെ പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം വർഷം തിരിച്ച് നൽകാമോ;

(ബി) ഇതിൽ എത്ര കേസുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചുവെന്നും പ്രതികൾ ശിക്ഷിക്കപ്പെട്ടുവെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മുട്ടിൽ മരംമുറി കേസിന്റെ അന്വേഷണം

96 (1996) ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരംമുറി കേസ് സംബന്ധിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തിൽ കുറ്റക്കാർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ & ബി) അന്വേഷണാവസ്ഥയിലാണ്.

## ഡോ.ബി.ആർ. അംബേദ്കറുടെ പ്രതിമ തകർത്ത സംഭവം

97 (1997) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ നടുവട്ടം നവോദയപുരത്ത് സ്ഥാപിച്ചിരുന്ന ഡോ. ബി. ആർ. അംബേദ്കറുടെ പ്രതിമ തകർത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതിമ തകർത്ത സാമൂഹ്യ വിരുദ്ധർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) ഈ വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; പ്രതികളെ പിടികൂടാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കാര്യത്തിന് കാലടി പോലീസ് സ്റ്റേഷൻ ക്രൈം നം. 1072/2021 U/s 143, 153, 427 r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി അഞ്ച് പ്രതികളെ അറസ്റ്റ് ചെയ്യുകയും പ്രതികൾക്കെതിരെ ബഹുമാനപ്പെട്ട പെരുമ്പാവൂർ JFCM-IV കോടതിയിൽ 20-9-2021 തീയതി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്.

(സി) എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ പകർപ്പും പ്രതികളെ സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ?

FIR-ന്റെ പകർപ്പ് അനുബന്ധമായി (attachments) ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഡോ. ബി. ആർ. അംബേദ്കറുടെ പ്രതിമ തകർത്തവർക്കെതിരെ ഏതൊക്കെ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് കേസ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കുമോ?

ടി സംഭവത്തിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകൾ 143, 153, 427 r/w 149 പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഇ) നാട്ടിൽ കലാപം അഴിച്ചുവിടുന്നതിനും സമാധാന അന്തരീക്ഷം തകർക്കുന്നതിനും വർഗ്ഗീയ സംഘട്ടനത്തിനും ബോധപൂർവം ശ്രമം നടത്തിയതിനുള്ള വകുപ്പുകളുൾപ്പെടുത്തി അന്വേഷണം ശക്തമാക്കുമോ; വിശദാംശം നൽകുമോ?

ഈ കേസുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ നാട്ടിൽ കലാപം അഴിച്ചുവിടുന്നതിനോ സമാധാന അന്തരീക്ഷം തകർക്കുന്നതിനോ വർഗ്ഗീയ സംഘട്ടനത്തിനോ ബോധപൂർവ്വം ശ്രമം നടത്തിയിട്ടുള്ളതായി വെളിവായിട്ടില്ല. ആയതിനാൽ നിലവിൽ ടി വകുപ്പുകൾ ചേർത്ത് അന്വേഷണം നടത്തേണ്ടതില്ല.

## കുഴൽപ്പണം, സ്വർണ്ണക്കടത്ത് എന്നിവയുമായി ബന്ധപ്പെട്ട കേസുകളുടെ വിശദാംശങ്ങൾ

98 (1998) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2016 ജൂൺ 1 മുതൽ കുഴൽപ്പണം, സ്വർണ്ണക്കടത്ത് എന്നിവയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ എത്ര; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കേരളത്തിൽ 2016 ജൂൺ 1 മുതൽ 2021 സെപ്റ്റംബർ 30 വരെ കുഴൽപ്പണവുമായി ബന്ധപ്പെട്ട് 268 കേസുകളും സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് 28 കേസുകളും സംസ്ഥാന പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇത്തരം സംഘങ്ങളെ അമർച്ച ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഇത്തരം സംഘങ്ങളെ നിയന്ത്രിക്കുന്നതിന്റെയും അമർച്ച ചെയ്യുന്നതിന്റെയും ഭാഗമായി പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗത്തിന്റെ നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. കൂടാതെ രാത്രികാല വാഹന പരിശോധന, സംസ്ഥാന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതിർത്തികളിൽ പിക്കറ്റ് പോസ്റ്റുകൾ സ്ഥാപിച്ചുള്ള നിരന്തരമായ പരിശോധന എന്നിവ കർശ്ശനമാക്കിയും സംശയകരമായ സാഹചര്യത്തിൽ കാണപ്പെടുന്ന ആളുകളും വാഹനങ്ങളും കർശ്ശനമായ പരിശോധനയ്ക്ക് വിധേയമാക്കിയും വരുന്നു.

**പൗരത്വ ഭേദഗതി വിരുദ്ധ സമരം**

99 (1999) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പൗരത്വ ഭേദഗതി ബില്ലിന് എതിരായി കേരളത്തിൽ നടന്ന സമരങ്ങളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൽ എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇതേ സ്വഭാവത്തിലുള്ള എത്ര കേസുകളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പിൻവലിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ & ബി) പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് 835 കേസുകൾ രജിസ്റ്റർ ചെയ്യുകയും അതിൽ ഗുരുതര സ്വഭാവമില്ലാത്ത 13 കേസുകൾ ഇതുവരെ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള കേസുകൾ പിൻവലിക്കുന്നതിനുള്ള പരിശോധനകൾ നടന്നുവരികയാണ്.

**കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഉണ്ടായ വാഹന അപകടങ്ങൾ**

100 (2000) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഉണ്ടായ വാഹന അപകടങ്ങൾ, ഇതുമൂലം മരണപ്പെട്ടവർ, ഗുരുതരമായി പരുക്കേറ്റവർ എന്നിവയുടെ എണ്ണം എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

കായംകുളം മണ്ഡലത്തിൽ (കരീലകുളങ്ങര, കായംകുളം, കനകക്കുന്ന്, കുറത്തികാട്, മാവേലിക്കര, വള്ളിക്കുന്നം എന്നീ പോലീസ് സ്റ്റേഷൻ പരിധികളിൽ) 2016 മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ റിപ്പോർട്ടായ വാഹനാപകടങ്ങളുടെയും മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | ആകെ വാഹനങ്ങളുടെ എണ്ണം | മരണപ്പെട്ടവരുടെ എണ്ണം | ഗുരുതരമായി പരിക്കേറ്റവരുടെ എണ്ണം |
|---|---|---|---|
| 2016 | 600 | 69 | 517 |
| 2017 | 610 | 75 | 529 |
| 2018 | 695 | 80 | 617 |
| 2019 | 758 | 70 | 648 |
| 2020 | 478 | 40 | 416 |
| 2021 (Up to September 30) | 442 | 51 | 376 |
| Total | 3583 | 385 | 3103 |

(ബി) കായംകുളം പുനലൂർ റോഡിൽ ദിനംപ്രതി വർദ്ധിച്ചുവരുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപകടങ്ങൾ നിയന്ത്രിക്കുന്നതിന് പ്രസ്തുത റോഡിൽ ട്രാഫിക് സിഗ്നൽ സംവിധാനങ്ങൾ അടക്കമുള്ള കൂടുതൽ സുരക്ഷാ ക്രമീകരണങ്ങളൊരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹന അപകടങ്ങൾ നിയന്ത്രിക്കുന്നതിന് കായംകുളം-പുനലൂർ റോഡിൽ രണ്ടാംകുറ്റി ജംഗ്ഷനിലും ചാരുമൂട് ജംഗ്ഷനിലും ട്രാഫിക്ക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതും ആലപ്പുഴ ജില്ലാ അതിർത്തിയിൽ ഭവദാസൻ മുക്ക് എന്ന സ്ഥലത്ത് സി.സി.റ്റി.വി. ക്യാമറ സ്ഥാപിച്ചിട്ടുള്ളതുമാണ്. ടി റോഡിൽ 24 മണിക്കൂറും ഹൈവേ പോലീസ് പട്രോളിംഗ് നടത്തിവരുന്നതും, അപകടങ്ങൾ ഒഴിവാക്കുന്നതിന് വാഹനപരിശോധന നടത്തി അമിതവേഗത തടഞ്ഞും ഏറ്റവും തിരക്കേറിയ സമയങ്ങളിൽ ട്രാഫിക് ഡ്യൂട്ടിക്കായി കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതുമാണ്.

**ജലാശയങ്ങളിലെ മുങ്ങിമരണം**

101 (2001) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലാശയങ്ങളിൽ മുങ്ങിമരിക്കുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ജലാശയങ്ങളിൽ മുങ്ങി മരണപ്പെട്ട എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ജലാശയങ്ങളിൽ മുങ്ങിമരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | കേസുകളുടെ എണ്ണം |
|---|---|
| 2019 | 1473 |
| 2020 | 1266 |
| 2021 | 1013 (3-10-2021 വരെ) |

(സി) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനാവശ്യമായ മുൻകരുതലുകളും ബോധവൽക്കരണവും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വരുന്ന ആളുകൾ ജലാശയത്തിന്റെ അപകടകരമായ മേഖലകളിൽ ഇറങ്ങാതിരിക്കുന്നതിന് സുരക്ഷാവേലികൾ സ്ഥാപിക്കുന്നതിനും അപായസൂചന നൽകുന്ന സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയും ബോട്ടുകളിലും മറ്റും യാത്രചെയ്യുന്നവർക്ക് ലൈഫ് ജാക്കറ്റുകൾ നിർബന്ധമാക്കിയും സ്കൂളുകളും മറ്റും കേന്ദ്രീകരിച്ച് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു.

**ഓൺലൈൻ ഗെയിമുകൾ**

102 (2002) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ഗെയിമുകൾ കുട്ടികളിൽ ഉണ്ടാക്കുന്ന അമിത സ്വാധീനവും അതുവഴി അവരിൽ അപകടകരമായ പ്രവണതകളും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കുട്ടികളുടെ പഠന നിലവാരത്തെയും കുടുംബാന്തരീക്ഷത്തെയും വളരെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത പ്രവണതകൾ നിയന്ത്രിക്കുന്നതിനും

നിരീക്ഷിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; അവ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

കേരള പോലീസ് സൈബർ ഡോമിന്റെ നേതൃത്വത്തിൽ സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗത്തിനും സ്മാർട്ട്ഫോൺ ഉപയോഗത്തിനും ആവശ്യമായ ബോധവത്കരണ ക്യാമ്പയിനുകൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കുമായി നൽകിവരുന്നുണ്ട്. വിദ്യാർത്ഥികളുടെ സൈബർ സുരക്ഷിതത്വത്തിനായി കിഡ്സ് ഗ്ലോവ് പോലെയുള്ള സൈബർ സുരക്ഷാ ബോധവത്കരണവും ഓൺലൈൻ ഗെയിമുകളുടെ ദൂഷ്യവശങ്ങളെകുറിച്ചുള്ള പ്രചാരണവും ഓൺലൈൻ, സോഷ്യൽ മീഡിയ, പ്രിന്റഡ് മീഡിയ തുടങ്ങിയ മാധ്യമങ്ങൾ വഴിയും നടത്തുന്നുണ്ട്. ഇത്തരത്തിലുള്ള അപകടകരമായ ഗെയിമുകളെ കണ്ടെത്തുവാനും അവയുടെ പ്രവർത്തനം നിരീക്ഷിക്കുവാനും ആവശ്യമായ സൈബർ പട്രോളിംഗ് ഇന്റർനെറ്റിലും വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും നടത്തിവരുന്നുണ്ട്. കൂടാതെ ഗൂഗിൾ, ആൻഡ്രോയ്ഡ്, വിൻഡോസ് തുടങ്ങിയ പ്ലാറ്റ്ഫോമുകൾ നൽകുന്ന പേരന്റൽ കൺട്രോൾ ആപ്പുകൾ വഴിയും വിദ്യാർത്ഥികളുടെ സുരക്ഷിതമായ സ്മാർട്ട്ഫോൺ ഉപയോഗം ഒരു പരിധിവരെ സാധ്യമാക്കാം. പേരന്റൽ കൺട്രോൾ ആപ്പുകളുടെയും വിവിധ ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പേരന്റൽ കൺട്രോൾ സാധ്യമാക്കുന്ന ഫീച്ചറുകളെക്കുറിച്ചും ശരിയായ രീതിയിൽ രക്ഷിതാക്കളെയും അദ്ധ്യാപകരെയും ബോധവത്കരിക്കുന്നതിനായി അവയുടെ പ്രവർത്തന രീതികളും ഇൻസ്റ്റാൾ ചെയ്യുന്ന മാർഗ്ഗങ്ങളുമുൾപ്പെടുത്തിയ വീഡിയോകൾ സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റ് മീഡിയകൾ വഴിയും രക്ഷിതാക്കളിലേയ്ക്ക് എത്തിക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഒരു പരിധിവരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ സർക്കാർ ഏജൻസികളോ സൈബർ പോലീസ് വിഭാഗമോ പ്രത്യേക പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെല്ലിലൂടെയും, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ചിരി പ്രോജക്ട് കിഡ്സ് ഗ്ലോവ് (സൈബർ ഡോം) പ്രോഗ്രാം, സൈബർ പോലീസ് സ്റ്റേഷൻ, ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ ഡോം എന്നിവ മുഖേന നടത്തുന്ന ബോധവത്കരണം മുഖേനയും കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഓൺലൈൻ ഗെയിമുകളുൾപ്പെടെയുള്ള ചതിക്കുഴികളെ സംബന്ധിച്ചും സുരക്ഷിതമായി ഓൺലൈൻ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിനെ കുറിച്ചും നിരന്തരം ബോധവത്കരണം നടത്തിവരുന്നുണ്ട്.

## വ്യാജ ഓൺലൈൻ റിക്രൂട്ട്മെന്റ് ഏജൻസികൾ

103 (2003) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി വാഗ്ദാനം ചെയ്ത് വ്യാജ ഓൺലൈൻ ഏജൻസികൾ പണം തട്ടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള വ്യാജ ഓൺലൈൻ റിക്രൂട്ട്മെന്റ് ഏജൻസികൾക്കെതിരെ സംസ്ഥാനത്ത് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും അന്വേഷണ പുരോഗതിയും വിശദമാക്കുമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സമൂഹമാധ്യമങ്ങൾ വഴി വ്യാജ പ്രചരണം നടത്തി പണം കബളിപ്പിക്കുന്ന ഏജൻസികൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് സമൂഹമാധ്യമങ്ങൾ വഴി വ്യാജ പ്രചരണം നടത്തി പണം കബളിപ്പിക്കുന്ന സംഭവങ്ങളുണ്ടായാൽ കുറ്റക്കാരെ കണ്ടെത്തി നിലവിലെ നിയമപ്രകാരം കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് സൈബർ പോലീസ് സ്റ്റേഷന്റെയും സൈബർ ഡോം പോലീസിന്റെ സോഷ്യൽ മീഡിയ വിഭാഗം എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിരന്തരം നിരീക്ഷണം നടത്തിവരുന്നുണ്ട്. വ്യാജ പ്രചരണം നടത്തി പണം കബളിപ്പിക്കൽ തടയുന്നതിന് നിരന്തരമായ ബോധവത്കരണം പൊതുജനങ്ങൾക്ക് നൽകിവരുന്നുണ്ട്.

## കൊയിലാണ്ടി പോലീസ് സ്റ്റേഷൻ പ്രവർത്തനം

104 (2004) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ നിലവിലെത്ര പോലീസുകാരും ജീവനക്കാരും ജോലി ചെയ്തുവരുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ നിലവിലെ അംഗബലം ചുവടെ ചേർക്കുന്നു.

| പോലീസുകാർ | എണ്ണം |
|---|---|
| ഇൻസ്പെക്ടർ | 1 |
| എസ്.ഐ. | 3 |
| എ.എസ്.ഐ. | 2 |
| എസ്.സി.പി.ഒ. | 12 |
| സി.പി.ഒ. | 33 |
| ഡബ്ല്യൂ.എസ്.ഐ. | 1 |
| ഡബ്ല്യൂ.സി.പി.ഒ. | 6 |
| പി.റ്റി.എസ്. | 1 |

(ബി) കെട്ടിടത്തിന്റെ സ്ഥലപരിമിതിമൂലമുള്ള അസൗകര്യങ്ങളും വിസ്തൃതമായ പ്രവർത്തന പരിധിയും ഈ പോലീസ് സ്റ്റേഷന്റെ പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2021-22 പ്ലാൻ ഫണ്ട് പ്രകാരം വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി 18.4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(സി) പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ചുള്ള അൺഫിറ്റായ ക്വാർട്ടേഴ്സുകളും അസൗകര്യങ്ങളുള്ള പഴയ കെട്ടിടങ്ങളും പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കാൻ ആഭ്യന്തരവകുപ്പ് പ്ലാൻ/നോൺപ്ലാൻ ഫണ്ട് അനുവദിച്ച് നൽകാറുണ്ടോ; വിശദമാക്കാമോ?

പഴയ ക്വാർട്ടേഴ്സ് പൊളിച്ചുമാറ്റി പുതിയ ക്വാർട്ടേഴ്സ് നിർമ്മിക്കണമെന്നുള്ള അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് മറ്റ് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**ടൂറിസം പ്രൊട്ടക്ഷൻ & പോലീസ് അസിസ്റ്റൻസ് സെന്റർ നിർമ്മാണം**

105 (2005) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പൊൻമുടി പോലീസ് സ്റ്റേഷനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ടൂറിസം പ്രൊട്ടക്ഷൻ & പോലീസ് അസിസ്റ്റൻസ് സെന്റർ നിർമ്മാണത്തിന് ലഭിച്ച ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ പൊൻമുടി പോലീസ് സ്റ്റേഷനോട് ചേർന്ന് ടൂറിസം പ്രൊട്ടക്ഷൻ & പോലീസ് അസിസ്റ്റൻസ് സെന്റർ നിർമ്മാണത്തിന് സംസ്ഥാന പോലീസ് മേധാവി അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനെത്ര തുക അനുവദിച്ചു; എത്ര തുക ചെലവായി; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാന പോലീസ് മേധാവിയുടെ നടപടിക്രമം പ്രകാരം 20 ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 17 ലക്ഷം രൂപ നിർമ്മാണ ചുമതലയുള്ള ഹാബിറ്റാറ്റിന് നൽകിയിട്ടുണ്ട്.

(സി) ടൂറിസ്റ്റുകൾക്കും പൊതുജനങ്ങൾക്കുമായി എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദീകരിക്കാമോ?

(സി&ഡി) ടൂറിസ്റ്റുകൾക്കും പൊതുജനങ്ങൾക്കും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഭയരഹിതമായി പ്രകൃതി ഭംഗി ആസ്വദിച്ച് മടങ്ങിപ്പോകുന്നതിനും ആവശ്യമായ സേവനങ്ങൾ ടൂറിസം പോലീസിന്റെ സഹായത്തോടെ ലഭ്യമാക്കുകയാണ് പ്രസ്തുത ടൂറിസ്റ്റ് സെന്റർ മുഖേന ലക്ഷ്യമാക്കുന്നത്.

## പോലീസ് സ്റ്റേഷനുകളിലെ തസ്തികകൾ സംബന്ധിച്ച്

106 (2006) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല, വെള്ളറട, ആര്യൻകോട്, നെയ്യാർഡാം, മാരായമുട്ടം എന്നീ പോലീസ് സ്റ്റേഷനുകളിൽ വിവിധ വിഭാഗങ്ങളിലായി അനുവദനീയമായ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

പാറശ്ശാല, വെള്ളറട, ആര്യൻകോട്, നെയ്യാർഡാം, മാരായമുട്ടം എന്നീ പോലീസ് സ്റ്റേഷനുകളിൽ വിവിധ വിഭാഗങ്ങളിലായി അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓരോ സ്റ്റേഷനിലും വിവിധ തസ്തികകളിലായി ജോലിനോക്കുന്ന ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ അറിയിക്കാമോ; ടി പോലീസ് സ്റ്റേഷനുകളിൽ അനുവദനീയമായ മുഴുവൻ തസ്തികകളിലും ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ; ഏതെല്ലാം തസ്തികകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നുവെന്ന് അറിയിക്കാമോ?

ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത സ്റ്റേഷനുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി ഒഴിവുള്ള തസ്തികകളിലേയ്ക്ക് ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പാറശ്ശാല നിയോജകമണ്ഡലത്തിൽ ധനുവച്ചപുരം, അമ്പൂരി എന്നിവിടങ്ങളിൽ പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ പരിഗണനയിലുണ്ടോ; ഈ ആവശ്യം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ധനുവച്ചപുരം കേന്ദ്രമാക്കി ഒരു പോലീസ് എയ്ഡ്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള ശിപാർശ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി തയ്യാറാക്കി പോലീസ് മേധാവിക്ക് സമർപ്പിച്ചിട്ടുണ്ട്. പുതിയ പോലീസ് എയ്ഡ്പോസ്റ്റ് ആരംഭിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

(ഇ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാരായമുട്ടം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാരായമുട്ടം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്റ്റേഷൻ പരിധിയിൽ സർക്കാർ ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്വകാര്യ വ്യക്തിയിൽനിന്നും 50 സെന്റ് ഭൂമി വാങ്ങുന്നതിനുള്ള നിർദ്ദേശം പോലീസ് മേധാവി നൽകിയിട്ടുണ്ട്.

### പത്തനാപുരം മണ്ഡലത്തിലെ പട്ടാഴി പോലീസ് സ്റ്റേഷൻ

107 (2007) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം മണ്ഡലത്തിലെ പട്ടാഴി ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് ആഭ്യന്തര വകുപ്പിന്റെ ശിപാർശയുണ്ടോയെന്നും ആയത് പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കുമോ; എങ്കിൽ ശിപാർശയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് അനുകൂല നടപടി സ്വീകരിക്കുമോ?

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

## മങ്കട പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

108 (2008) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) ഇതിനായി സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി ലഭ്യമായിട്ടുണ്ടോ?

ഇല്ല.

(സി) ഇല്ലെങ്കിൽ ഇതിനായി സ്വകാര്യ വ്യക്തികളുടെ ഭൂമി വാങ്ങി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതിന്മേലുള്ള നടപടി ഏതുവരെയായി എന്ന് വിശദമാക്കാമോ?

(സി-ഇ) മലപ്പുറം ജില്ലയിലെ മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി മങ്കട വില്ലേജിലെ സർവ്വേ നമ്പർ 56/8-4-ൽ ഉൾപ്പെട്ട 75 സെന്റ് ഭൂമിയിൽനിന്നും പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വിലയ്ക്ക് വാങ്ങുന്നതിലേയ്ക്കായി 14-2-2019-ലെ സ.ഉ. (കൈ)നം.56/19/ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതിന് പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജനം

109 (2009) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി പോലീസ് സ്റ്റേഷനിലെ ജോലിഭാരവും വിസ്തൃതമായ പ്രവർത്തന പരിധിയും കാരണം പ്രസ്തുത സ്റ്റേഷൻ വിഭജിച്ച് ചെങ്ങോട്ടുകാവ്, ചേമഞ്ചേരി ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പുതിയൊരു പോലീസ് സ്റ്റേഷൻ അനുവദിക്കാനുള്ള ഏതെങ്കിലും തരത്തിലുള്ള ശിപാർശ നടപടികൾക്കായി ആഭ്യന്തരവകുപ്പിൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന പോലീസ് മേധാവിയിൽനിന്നും ശിപാർശ ലഭ്യമായിട്ടില്ല.

(ബി) സംസ്ഥാനത്ത് പോലീസ് സ്റ്റേഷൻ വിഭജനവും പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കലും സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ?

പോലീസ് സ്റ്റേഷൻ വിഭജനം നടത്തുന്നത് പ്രധാനമായും ആ സ്ഥലത്തെ ജനസംഖ്യ, ക്രൈം സ്റ്റാറ്റിസ്റ്റിക്സ് തുടങ്ങിയ വസ്തുതകൾ കണക്കിലെടുത്താണ്.

(സി) കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജിച്ച് പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യത്തിൽ ആവശ്യമായ നടപടികൾ ആഭ്യന്തരവകുപ്പ് കൈക്കൊള്ളുമോ; വിശദമാക്കാമോ?

പരിഗണനയിലില്ല.

**പേരാമ്പ്ര നഗരത്തിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുള്ള നടപടി**

110 (2010) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര പോലീസ് സ്റ്റേഷന്റെ അധികാര പരിധിയിലുൾപ്പെട്ട പഞ്ചായത്തുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

പേരാമ്പ്ര പോലീസ് സ്റ്റേഷന്റെ അധികാര പരിധിയിലുൾപ്പെട്ട പഞ്ചായത്തുകൾ താഴെപ്പറയുന്നവയാണ്.

1. നടുവണ്ണൂർ
2. കോട്ടൂർ
3. കായണ്ണ
4. നൊച്ചാട്
5. പേരാമ്പ്ര
6. കൂത്താളി
7. ചങ്ങരോത്ത്

(ബി) പ്രസ്തുത സ്റ്റേഷൻ പരിധിയിലെത്ര കിലോമീറ്റർ സംസ്ഥാനപാത ഉൾപ്പെട്ടിട്ടുണ്ട്; സ്റ്റേഷനിലെ അംഗബലം എത്രയാണ്; നിലവിൽ ആവശ്യമായ ജീവനക്കാരുണ്ടോ; സ്റ്റേഷന്റെ ആവശ്യങ്ങൾക്കനുസൃമായി വാഹനങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ?

പ്രസ്തുത പോലീസ് സ്റ്റേഷൻ പരിധിയിൽ 23 കി.മി. സംസ്ഥാനപാത ഉൾപ്പെട്ടിട്ടുണ്ട്. പേരാമ്പ്ര പോലീസ് സ്റ്റേഷനിലെ അംഗബലം 52 ആണ്.

| | |
|---|---|
| IP | 1 |
| SI | 4 |
| ASI | 2 |
| SCPO | 10 |
| CPO | 27 |
| WCPO | 8 |

സ്റ്റേഷൻ പരിധിയിൽ ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തിനും ജനങ്ങളുടെ സമാധാന ജീവിതം ഉറപ്പുവരുത്തുന്നതിനും അത്യാവശ്യമായ തസ്തികകളും വാഹനങ്ങളും പോലീസ് സ്റ്റേഷനുകൾക്ക് അനുവദിച്ചിട്ടുണ്ട്.

(സി) പേരാമ്പ്ര നഗരത്തിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗതാഗത കുരുക്ക് ഉണ്ടാകുന്ന സ്ഥലങ്ങളിൽ പോലീസിനെയും ഹോംഗാർഡിനെയും നിയോഗിച്ച് ഗതാഗതക്കുരുക്ക് പരിഹരിച്ചുവരുന്നുണ്ട്.

(ഡി) എങ്കിൽ രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഗണിച്ച് ഒരു ട്രാഫിക് യൂണിറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പുതുതായി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**കായംകുളം കരീലക്കുളങ്ങര പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണം**

111 (2011) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കരീലക്കുളങ്ങര പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) എങ്കിൽ കാരണമെന്തെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിച്ച 3 കോടി രൂപയുടെ എസ്റ്റിമേറ്റിന് 26-2-2021-ലെ സ.ഉ.(സാധാ) നമ്പർ 650/2021/ ആഭ്യന്തരം പ്രകാരം ഭരണാനുമതിയും 4055-00-207-92-04 Construction of Building for New Police Station എന്ന ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകിയിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം മേൽപ്പറഞ്ഞ ശീർഷകത്തിൽ തുക നീക്കിയിരിപ്പ് ഇല്ലാത്തതിനാൽ പ്രസ്തുത നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ല. കൂടാതെ 22-6-2021-ലെ സ.ഉ.(സാധാ) നമ്പർ 1733/2021/ആഭ്യന്തരം പ്രകാരം വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്ന സ്ഥാപനത്തെയോ പൊതുമരാമത്ത് വകുപ്പിനെയോ മാത്രമേ ചുമതലപ്പെടുത്താവൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽനിന്നും ലഭ്യമായ 3 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും ഫണ്ടും ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന പോലീസ് മേധാവി നൽകിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**തിരുവമ്പാടി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

112 (2012) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയാമോ:

(എ) തിരുവമ്പാടി പോലീസ് സ്റ്റേഷന് സൗകര്യപ്രദമായ പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) തിരുവമ്പാടി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ & ബി) തിരുവമ്പാടി പോലീസ് സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണം നിലവിൽ പരിഗണനയിലില്ല. സംസ്ഥാന പോലീസ് മേധാവിയിൽനിന്നും ശിപാർശ ലഭിക്കുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

113 (2013) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച 197 ലക്ഷം രൂപ തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ മാറ്റി നൽകുന്നതിന് സംസ്ഥാന പോലീസ് മേധാവി ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) 2021-22 ബഡ്ജറ്റിൽ പന്തീരങ്കാവ് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിക്ക് ടോക്കൻ പ്രൊവിഷനായി 100 രൂപ മാത്രമാണ് ഉൾപ്പെടുത്തിയതെന്നിരിക്കെ കെട്ടിടം നിർമ്മിക്കാൻ തുക വകയിരുത്തിയിട്ടുണ്ട് എന്ന് തെറ്റായി റിപ്പോർട്ട് ചെയ്യാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ?

22-6-2021-ലെ സർക്കാർ ഉത്തരവ് നമ്പർ 1733/2021/ആഭ്യന്തരം പ്രകാരം 610 ലക്ഷം രൂപ ചെലവഴിച്ച് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പന്തീരങ്കാവ് പോലീസ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2021-22 സാമ്പത്തിക വർഷം 36 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) സംസ്ഥാന പോലീസ് മേധാവിയുടെ 9-8-2021-ലെ എച്ച്.11(ബി)158487/2020/ പി.എച്ച്.ക്യു. നമ്പർ ഉത്തരവ് റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

**വടക്കാഞ്ചേരി മണ്ഡലത്തിൽ ആഭ്യന്തര വകുപ്പിന്റെ പദ്ധതികൾ**

114 (2014) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ആഭ്യന്തര വകുപ്പ് നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തൃശ്ശൂർ സിറ്റിയിലെ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ 2 ലക്ഷം രൂപയ്ക്ക് ഫർണിച്ചർ ലഭ്യമാക്കി. പേരാമംഗലം പോലീസ് സ്റ്റേഷനിൽ നാല് ലക്ഷം രൂപ ചെലവിൽ Ramp & Disabled Friendly Toilet, 74,000 രൂപയോളം ചെലവിൽ Basic Training Equipments ലഭ്യമാക്കുകയും മൂന്നുലക്ഷം രൂപയോളമുള്ള അറ്റകുറ്റപ്പണികൾ നടത്തുകയും 10 ലക്ഷം രൂപ ചെലവിൽ വനിതാ ശിശു സൗഹൃദ പോലീസ് സ്റ്റേഷനാക്കി മാറ്റുകയും Upkeep and Maintenance-നായി 3,00,000 രൂപയോളം ചെലവഴിക്കുകയും ചെയ്തു. വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിൽ നാല് ലക്ഷം രൂപ ചെലവിൽ Ramp & Disabled Friendly Toilet, തൃശ്ശൂർ സിറ്റി യൂണിറ്റിലെ വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ ഉൾപ്പെടെയുള്ള 7 പോലീസ് സ്റ്റേഷനുകളിലേയ്ക്ക് 4,50,000 രൂപ ചെലവിൽ ട്രാഫിക് ഉപകരണങ്ങൾ, ഒരു ലക്ഷം രൂപയോളം ചെലവിൽ ദുരന്തനിവാരണ ഉപകരണങ്ങൾ, ഒന്നര ലക്ഷം രൂപയോളം വിലവരുന്ന ഫർണിച്ചറുകൾ ആറ് ലക്ഷം രൂപ ചെലവിൽ വനിതാ ശിശു സൗഹൃദ സ്റ്റേഷൻ, തൃശ്ശൂർ സിറ്റി യൂണിറ്റിലെ വടക്കാഞ്ചേരി പോലീസ്

സ്റ്റേഷൻ ഉൾപ്പെടെയുള്ള സ്റ്റേഷനുകളിലേയ്ക്ക് 4,60,000 രൂപ ചെലവിൽ ട്രാഫിക് ഉപകരണങ്ങൾ, രണ്ട് ലക്ഷം രൂപയോളം ചെലവിൽ കമ്പ്യൂട്ടർ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും മൂന്ന് ലക്ഷത്തി എൺപതിനായിരം രൂപയോളം ചെലവിൽ വടക്കാഞ്ചേരി പോലീസ് സ്റ്റേഷനെ ബേസിക് ട്രെയിനിംഗ് യൂണിറ്റ് സെന്ററാക്കി മാറ്റുകയും ചെയ്തു. കൂടാതെ 5,02,000 രൂപ വീതം വടക്കാഞ്ചേരി, പേരാമംഗലം എന്നീ പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ചെലവഴിച്ചു. അഗ്നിരക്ഷ സേവന വകുപ്പിൽ വടക്കാഞ്ചേരി അഗ്നിരക്ഷാ നിലയത്തിൽ വിവിധ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കി.

(ബി) 2021-22 സാമ്പത്തിക വർഷം മണ്ഡലത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

2021-22 സാമ്പത്തിക വർഷം ഫയർ സ്റ്റേഷനുമായി ബന്ധപ്പെട്ട് 48 സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്ക് വിവിധ തരത്തിലുള്ള അഗ്നിരക്ഷാ പ്രവർത്തനങ്ങളിൽ പരിശീലനം നൽകിവരുന്നു. ജുഡീഷ്യറി വകുപ്പിൽ വടക്കാഞ്ചേരിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശമുണ്ട്.

**ആത്മഹത്യകളുടെ എണ്ണം**

115 (2015) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 2018, 2019, 2020 വർഷങ്ങളിലെ ആത്മഹത്യകളുടെ എണ്ണം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ 2018, 2019, 2020 വർഷങ്ങളിലെ ആത്മഹത്യകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | ആത്മഹത്യകളുടെ എണ്ണം |
|---|---|
| 2018 | 8320 |
| 2019 | 8585 |
| 2020 | 8480 |

(ബി) 2020 ഏപ്രിൽ 1 മുതൽ 2021 ആഗസ്റ്റ് 31 വരെ എത്ര ആത്മഹത്യകൾ നടന്നിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കുമോ?

2020 ഏപ്രിൽ 1 മുതൽ 2021 ആഗസ്റ്റ് 31 വരെ 11142 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞതിൽ കോവിഡ് ബാധയെത്തുടർന്നോ കോവിഡ് പ്രതിസന്ധിമൂലമോ എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന വിവരം നൽകാമോ?

കോവിഡ് ബാധയെത്തുടർന്നും കോവിഡ് പ്രതിസന്ധിമൂലവും 34 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

## സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ നിയമനം

116 (2016) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരെ (എസ്.എച്ച്.ഒ.) നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ലോക്കൽ പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ (എസ്.എച്ച്.ഒ.) നിയമനവും സ്ഥലം മാറ്റവും സംസ്ഥാന അടിസ്ഥാനത്തിലാണ് നടന്നുവരുന്നത്. എസ്.എച്ച്.ഒ.-മാരായി ഇൻസ്പെക്ടർമാർ നിയമിതരാകുന്ന സാഹചര്യത്തിൽ യഥാവിധി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി യോഗം ചേർന്ന് യോഗ്യരായ സബ്ഇൻസ്പെക്ടർമാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കിയും നിലവിലുള്ള ഇൻസ്പെക്ടർമാരെ സ്ഥലം മാറ്റം നടത്തിയുമാണ് ഓരോ സ്റ്റേഷനിലും നിയമനം നടത്തുന്നത്.

(ബി) ഭാര്യയുടെ വീട് സ്ഥിതി ചെയ്യുന്ന സ്ഥലത്തുള്ള ലോക്കൽ പോലീസ് സ്റ്റേഷനിൽ ഭർത്താവിനെ സ്റ്റേഷൻ ഹൗസ് ഓഫീസറായി നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്ത് ഇത്തരത്തിൽ ആരെയെങ്കിലും എസ്.എച്ച്.ഒ. ആയി നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് നിയമനം നൽകുമ്പോൾ സാധാരണയായി അവരുടെ സ്വന്തം പോലീസ് സ്റ്റേഷനിലോ ഭാര്യയുടെ വീടിരിക്കുന്ന സ്ഥലത്തിന്റെ പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിലോ പൊതുവെ നിയമിക്കാറില്ല. ഇപ്രകാരമുള്ള സ്ഥലം മാറ്റം ശ്രദ്ധയിൽപ്പെടുന്ന സന്ദർഭങ്ങളിൽ അത് പരിശോധിച്ച് ആവശ്യമെങ്കിൽ മാറ്റം വരുത്താറുണ്ട്.

## പോലീസ് സേനയിലെ നിയമനം

117 (2017) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പോലീസ് സേനയിൽ (വനിത പോലീസ് ഉൾപ്പെടെ) എത്ര നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പോലീസ് സേനയിൽ (വനിത പോലീസ് ഉൾപ്പെടെ) 13010 നിയമനം നൽകിയിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

പോലീസ് കോൺസ്റ്റബിൾമാരുടെ നിയമനങ്ങൾ 8 ബറ്റാലിയനുകൾ അടിസ്ഥാനത്തിലും എസ്.ഐ.-മാരുടെ നിയമനങ്ങൾ സംസ്ഥാന തലത്തിലുമാണ് നടത്തുന്നത്. ആയതിനാൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

## ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്കുള്ള സംവരണം

118 (2018) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ സയന്റിഫിക് ഓഫീസർ തസ്തികയിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി എത്ര ശതമാനം ഒഴിവുകളാണ് സംവരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ?

ക്ലാസ് (I), (II), (III) തസ്തികകളിലേയ്ക്ക് സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നേരിട്ട് നിയമനം നടത്തുമ്പോൾ ശാരീരിക വൈകല്യം (physically disabled) നേരിടുന്ന ഉദ്യോഗാർത്ഥികൾക്ക് 3 ശതമാനം സംവരണം വ്യവസ്ഥ ചെയ്തുകൊണ്ട് സർക്കാരിലെ സാമൂഹ്യ ക്ഷേമ വകുപ്പ് 17-10-2012-ലെ സ.ഉ.(പി) നമ്പർ 61/2012/SWD പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് FSL-നും ബാധകമാണ്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ ഇനി പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ?

ഇപ്രകാരമൊരു തീരുമാനം സ്വീകരിച്ചിട്ടില്ല.

## അന്തിക്കാട് പോലീസ് സ്റ്റേഷനിലെ ഒഴിവുകൾ

119 (2019) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് പോലീസ് സ്റ്റേഷനിലെ അംഗീകൃത തസ്തികകൾ ഏതെല്ലാമാണ്;

(ബി) നിലവിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുണ്ട്?

(എ&ബി) തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് പോലീസ് സ്റ്റേഷനിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ വിവരവും, ഒഴിവുകളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.*

(സി) അന്തിക്കാട് പോലീസ് സ്റ്റേഷനിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ?

നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവയ്ക്കെതിരെയുള്ള വിജിലൻസ് പരാതികൾ

120 (2020) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവയിലെ ഉദ്യോഗസ്ഥർക്കെതിരെ 2020 ജനുവരി മുതൽ 2021 സെപ്റ്റംബർ വരെ സംസ്ഥാന വിജിലൻസ് ഡയറക്ടർ/വിജിലൻസ് വിഭാഗത്തിനെത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഏതെല്ലാം തരത്തിലുള്ള കുറ്റകൃത്യങ്ങളാണ് പ്രസ്തുത പരാതികളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത്; വെളിപ്പെടുത്തുമോ?

31 പരാതികൾ ലഭിച്ചിട്ടുണ്ട്. അഴിമതി, അധികാര ദുർവിനിയോഗം, അനധികൃത നിയമനം, അനധികൃത സാമ്പത്തിക ഇടപാടുകൾ, വായ്പാ തിരിമറി തുടങ്ങിയ തരത്തിലുള്ള കുറ്റകൃത്യങ്ങളാണ് പ്രസ്തുത പരാതികളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത്.

(ബി) പ്രസ്തുത പരാതികളിൽ എഫ്.ഐ.ആർ. ഇട്ടിട്ടുള്ളവ, തുടർ അന്വേഷണത്തിന് അനുമതി നൽകിയിട്ടുള്ളവ, പ്രാഥമിക അന്വേഷണം നിലവിൽ നടക്കുന്നവ എന്നിവയുടെ എണ്ണം എത്ര; വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

24 പരാതികൾ പരിശോധന പൂർത്തിയായിട്ടുള്ളതും അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരാത്തതിനാൽ തുടർനടപടികൾക്കായി ബന്ധപ്പെട്ട ഭരണവകുപ്പുകളിലേയ്ക്ക് അയയ്ക്കുന്നതിന് സർക്കാരിലേയ്ക്ക് കൈമാറുകയാണ് ചെയ്തത്. 7 പരാതികൾ വിവിധ യൂണിറ്റുകളിൽ പ്രാഥമിക പരിശോധന നടത്തിവരുന്നു.

**കോടതി കെട്ടിടങ്ങളുടെ നിർമ്മാണം**

121 (2021) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷക്കാലയളവിനുള്ളിൽ എത്ര കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ 5 വർഷക്കാലയളവിനുള്ളിൽ 16 കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്ക് അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) നിലവിൽ ഏതൊക്കെ കോടതി കെട്ടിടങ്ങളുടെ നിർമാണത്തിനാണ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ചുവടെ ചേർക്കുന്ന കോടതി കെട്ടിടങ്ങൾക്ക് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

1) തിരുവല്ല കോർട്ട് കോംപ്ലക്സ് ഫേസ് -2 (2,500 ലക്ഷം)
2) മാവേലിക്കര കോർട്ട് കോംപ്ലക്സ് (1,299.99 ലക്ഷം)
3) ഏറ്റുമാനൂർ കോർട്ട് കോംപ്ലക്സ് (1,100 ലക്ഷം)
4) കാഞ്ഞിരപ്പള്ളി കോർട്ട് കോംപ്ലക്സ് ഫേസ് 2 (425 ലക്ഷം)
5) അങ്കമാലി കോർട്ട് കോംപ്ലക്സ് (2,380.6 ലക്ഷം)
6) ചാവക്കാട് കോർട്ട് കോംപ്ലക്സ് (3,710 ലക്ഷം).

**ഫയർ ഫൈറ്റിംഗ് ഉപകരണങ്ങൾ**

122 (2022) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ഫയർ ഫൈറ്റിംഗ് ആവശ്യത്തിന് ഏതെല്ലാം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്; ഓരോന്നിന്റെയും വിലയും ബ്രാൻഡ് നെയിമും സഹിതമുള്ള വിശദാംശം വർഷം തിരിച്ച് നൽകുമോ?

വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഫയർ സർവ്വീസിന്റെ നവീകരണം**

123 (2023) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിലെ ഫയർ സർവീസിന്റെ നവീകരണം സംബന്ധിച്ച ശിപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

13-8-2021-ലെ സ.ഉ.(കൈ) നമ്പർ 19/2021/പി&എ.ആർ.ഡി. പ്രകാരമുള്ള ഭരണ പരിഷ്കാര കമ്മീഷൻ റിപ്പോർട്ടിൽ അഗ്നിരക്ഷാ സേവന വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളൊന്നും തന്നെയില്ല.

(ബി) പ്രസ്തുത ശിപാർശകളിൽ ഏതെങ്കിലും നാളിതുവരെ നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഫയർ സർവീസ് നവീകരണത്തിനുള്ള പ്രസ്തുത ശിപാർശകൾ അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) ബാധകമല്ല.

**തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ ഫയർ സ്റ്റേഷൻ**

124 (2024) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇതിനായി ഏതെങ്കിലും സ്ഥലം ഗ്രാമപഞ്ചായത്ത് സർക്കാരിന് കൈമാറിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സർക്കാരിന് സ്ഥലം കൈമാറിയിട്ടില്ല. എന്നാൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കുവാനായി മാനന്തവാടി താലൂക്കിൽ തൊണ്ടർനാട് വില്ലേജിൽ റീസർവ്വേ നമ്പർ 867/2-ൽ ഉൾപ്പെട്ട 0.1214 ഹെക്ടർ സ്ഥലം തൊണ്ടർനാട് സിൽവർസ്റ്റോ ബെനഡിക്ഷൻ കോൺഗ്രിഗേഷൻ സെക്രട്ടറി വിട്ടുനൽകിയത് മാനന്തവാടി സബ്കളക്ടർ ഏറ്റെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട റവന്യൂ രേഖകളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**പയ്യന്നൂർ ഫയർ സ്റ്റേഷനിലെ വാഹനങ്ങളുടെ അപര്യാപ്തത**

125 (2025) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ ഫയർ സ്റ്റേഷനിൽ വാഹനങ്ങളുടെ അപര്യാപ്തത പരിഹരിക്കുവാൻ പഴയ വാഹനങ്ങൾക്ക് പകരം പുതിയവ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ആയവ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യകതയുടെയും ലഭ്യതയുടെയും അടിസ്ഥാനത്തിൽ പയ്യന്നൂർ നിലയത്തിന് വാഹനങ്ങൾ അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ ഫയർ സ്റ്റേഷൻ**

126 (2026) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ ഫയർ സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ?

പ്രസ്തുത ഫയർ സ്റ്റേഷന്റെ നിർമ്മാണത്തിനായി 425 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തിയായി. സ്ട്രക്ചറൽ ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടി നടന്നുവരികയാണ്.

(ബി) പാനൂർ ഫയർ സ്റ്റേഷന്റെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത ഫയർ സ്റ്റേഷൻ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദീകരിക്കാമോ?

(ബി & സി) നിലവിൽ തടസ്സങ്ങൾ ഒന്നുമില്ല. സാങ്കേതികാനുമതി ലഭ്യമാകുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## താമരശ്ശേരി അടിവാരത്ത് ഫയർ സ്റ്റേഷൻ

127 (2027) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി അടിവാരത്ത് ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് വിഘാതം എന്തെന്ന് വിശദമാക്കുമോ;

(സി) അടിവാരത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(ബി & സി) ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ആവശ്യകത പരിശോധിച്ച് സ്ഥലത്തിന്റെ ലഭ്യത, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്കുവിധേയമായി മാത്രമേ ഈ വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## മാള ഫയർ സ്റ്റേഷന്റെ ശോചനീയാവസ്ഥ

128 (2028) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള ഫയർ സ്റ്റേഷന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

മാള നിലയത്തിലെ ഗ്യാരേജ് കോൺക്രീറ്റിംഗ്, തുരുമ്പെടുത്ത ഗ്യാരേജ് മേൽക്കൂര മാറ്റി സ്ഥാപിക്കൽ, പുതിയ റസ്റ്റ് റൂമുകൾ, ഒരു സ്മാർട്ട് ക്ലാസ് റൂം, ബാത്ത് റൂമുകളും ടോയ്‌ലെറ്റും തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരികയാണ്.

**പരവൂർ ഫയർ സ്റ്റേഷൻ കെട്ടിടം**

129 (2029) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പരവൂർ ഫയർ സ്റ്റേഷന് നഗരസഭ നൽകിയ സ്ഥലത്ത് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളിലെ പുരോഗതി അറിയിക്കാമോ?

പരവൂർ ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി മൂന്ന് കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആർക്കിടെക്ചറൽ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

**ഉപ്പള അഗ്നിരക്ഷ നിലയ കെട്ടിട നിർമ്മാണം**

130 (2030) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പള അഗ്നിരക്ഷ നിലയത്തിന് കെട്ടിടം നിർമ്മിക്കാൻ ഭൂമി അനുവദിച്ചിട്ടും കെട്ടിടനിർമ്മാണം തുടങ്ങാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിലയത്തിനായി സർക്കാർ അനുവദിച്ച ഭൂമിയുടെ കൈവശാവകാശം വകുപ്പിന് കിട്ടിയിട്ടുണ്ടോ; ഇതിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ-സി) വകുപ്പിന് അനുവദിച്ചുകിട്ടിയ 1.5 ഏക്കർ സ്ഥലം പ്രദേശവാസികൾ തടസ്സം ഉന്നയിച്ചതിനാൽ അളന്ന് തിട്ടപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. തുടർന്ന് പ്രസ്തുത സ്ഥലത്തിൽ പ്രദേശവാസികൾ അവകാശവാദം ഉന്നയിച്ച ഭാഗം ഒഴിവാക്കി 90 സെന്റായി പുനഃക്രമീകരിച്ച് പുതുക്കിയ ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെട്ടിട നിർമ്മാണത്തിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണം ഈ വർഷം തുടങ്ങാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

വകുപ്പിന് സ്ഥലം കൈമാറി ലഭിക്കുന്നമുറയ്ക്ക് മറ്റ് നടപടിക്രമങ്ങൾ പാലിച്ച് മാത്രമേ കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**തടവുകാർക്കുള്ള ആനുകൂല്യം**

131 (2031) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിൽ നടപ്പിലാക്കിയ പ്രിസൺ റിഫോംസ് എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. ഡി.ജി.പി.(റിട്ട.) ചെയർമാനായി ജയിൽ പരിഷ്കരണ കമ്മീഷൻ രൂപീകരിക്കുകയുണ്ടായി. കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.* ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ ചെയർമാനായി രൂപീകരിച്ച പോലീസ്-ജയിൽ പരിഷ്കരണ കമ്മിറ്റിയുടെ ശിപാർശ പ്രകാരം തടവുകാരുടെ അകാലവിടുതൽ സംബന്ധിച്ച ജയിൽ ഉപദേശകസമിതിയുടെ തീരുമാനത്തിന്മേലുള്ള അപ്പീൽ പരിഗണിക്കുന്നതിനായി സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. മറ്റ് ശിപാർശകൾ നടപ്പിലാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുമാണ്. കൂടാതെ ജയിലുകളിലെ അടിസ്ഥാനസൗകര്യ വികസനത്തിനും ആധുനികവത്കരണത്തിനും ഉതകുന്ന നിരവധി പദ്ധതികൾ കഴിഞ്ഞ 5 വർഷത്തിനിടയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുവാനും തെറ്റുതിരുത്തൽ കേന്ദ്രങ്ങളെന്ന നിലയിൽ ജയിലുകളെ മാറ്റിയെടുക്കുന്നതിൽ വലിയ മുന്നേറ്റമുണ്ടാക്കുവാനും കഴിഞ്ഞിട്ടുണ്ട്. "ജയിലുകളുടെ നവീകരണം" , "തടവുകാരുടെ ക്ഷേമം" എന്നീ വാർഷിക പദ്ധതികളിലൂടെയും ഗ്രാന്റ്-ഇൻ-എയ്ഡിലൂടെയും തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിനായുള്ള ജയിലുകളുടെ നിർമ്മാണം, വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കൽ, ജയിലുകളുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, ടെട്രാ കമ്മ്യൂണിക്കേഷൻ, സി.സി.ടി.വി. സംവിധാനങ്ങൾ സ്ഥാപിക്കൽ, അത്യന്താധുനിക സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കൽ, പവർ ലോൺട്രി, പബ്ലിക് അഡ്രസ് സംവിധാനങ്ങൾ സ്ഥാപിക്കൽ, തടവുകാർക്ക് വൊക്കേഷണൽ ട്രെയിനിംഗ്, ഇ-പ്രിസൺ ആപ്ളിക്കേഷൻ, ഇ-ഫയൽ മാനേജ്മെന്റ് സംവിധാനം എന്നിവ നടപ്പിലാക്കൽ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, തടവുകാരുടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വേതന വർദ്ധനവ് തുടങ്ങിയ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ജയിലുകളിൽ പാർപ്പിച്ചിരിക്കുന്ന തടവുകാർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നൽകുന്നതെന്ന് അറിയിക്കുമോ?

തടവുകാർക്ക് നിയമം അനുശാസിക്കുന്നത് പ്രകാരമുള്ള പരോൾ, റെമിഷൻ, അടിയന്തരാവധികൾ എന്നിവ അനുവദിക്കുന്നുണ്ട്. കൂടാതെ കോവിഡ് പോലുള്ള സാംക്രമികരോഗ സാദ്ധ്യതയുള്ള സന്ദർഭങ്ങളിൽ പ്രത്യേക അവധികളും അനുവദിക്കുന്നുണ്ട്. നിയമസഹായം ആവശ്യമുള്ള തടവുകാർക്ക് ലീഗൽ സർവ്വീസസ് അതോറിറ്റി മുഖേനയുള്ള സഹായവും ഉറപ്പുവരുത്തുണ്ട്. ജയിലിൽ തടവുകാർക്ക് ജോലി ചെയ്യുന്നതിന് നിശ്ചിതവേതനം നൽകുന്നുണ്ട്.

(സി) ഈ ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ എത്ര തുക സർക്കാർ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ജയിൽ പരിഷ്കരണ, നവീകരണ, വികസന പ്രവർത്തനങ്ങൾക്കായി 148.92 കോടി (നൂറ്റി നാല്പത്തിയെട്ട് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷം) രൂപ ചെലവഴിച്ചിട്ടുണ്ട്.

**ജയിലുകളിലെ തടവുകാരുടെ എണ്ണം**

132 (2032) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ നിലവിൽ എത്ര തടവുകാരുണ്ട് എന്ന് ജയിൽ തിരിച്ച് വിവരങ്ങൾ നൽകാമോ?

സംസ്ഥാനത്തെ ജയിലുകളിൽ നിലവിൽ 6726 തടവുകാരുണ്ട്. ജയിൽ തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത തടവുകാരിൽ മൂന്ന് വർഷം വരെ ശിക്ഷ ലഭിച്ചവർ, ഏഴ് വർഷം വരെ ശിക്ഷ ലഭിച്ചവർ, ഏഴു വർഷത്തിന് മുകളിൽ ശിക്ഷ ലഭിച്ചവർ, അണ്ടർ ട്രയൽ തടവുകാർ എന്നിങ്ങനെ എത്ര പേരുണ്ടെന്ന് വിശദമാക്കാമോ?

മൂന്ന് വർഷം വരെ ശിക്ഷ ലഭിച്ച 235 പേരും ഏഴ് വർഷം വരെ ശിക്ഷ ലഭിച്ച 224 പേരും ഏഴ് വർഷത്തിന് മുകളിൽ ശിക്ഷ ലഭിച്ച 1853 പേരും അണ്ടർ ട്രയൽ തടവുകാർ 1159 പേരും ജയിലുകളിൽ ഉണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അച്ചടി വകുപ്പിലെ രണ്ടാം ഗ്രേഡ് ലാസ്കർ/ബൈൻഡർ തസ്തികയിലെ നിയമനം

133 (2033) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ രണ്ടാം ഗ്രേഡ് ലാസ്കർ/ബൈൻഡർ തസ്തികയുടെ റിവൈസ്ഡ് റൊട്ടേഷൻ ലിസ്റ്റിലെ ഇരുപതാം സ്ഥാനക്കാരനെ മറികടന്ന് ഇരുപത്തിയാറാം സ്ഥാനക്കാരന് രണ്ടാം ഗ്രേഡ് ബൈൻഡർ തസ്തികയിലേക്ക് തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം നൽകിയതിനെതിരെ ഇരുപതാം സ്ഥാനക്കാരനായ ശ്രീ. സുരേലാൽ ബന്ധപ്പെട്ടവർക്ക് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരാതിയിൽ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നുള്ള നിർദ്ദേശ പ്രകാരം ഓപ്പൺ ചെയ്ത 10832/2020/E5 നമ്പർ ഫയലിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ലോ ഓഫീസർ, അച്ചടി വകുപ്പ് ഡയറക്ടർ എന്നിവർ രേഖപ്പെടുത്തിയിട്ടുള്ള കുറിപ്പുകളുടെയും ഫയൽ നോട്ടിന്റെയും ഉത്തരവിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പരാതിയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

(എ-സി) ഉണ്ട്. ശ്രീ. സുരേലാൽ നൽകിയ പരാതിയുടെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.* പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ, അച്ചടി വകുപ്പിൽ ആരംഭിച്ച 10832/2020/ഇ 5 നമ്പർ ഫയലിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ലാ ഓഫീസർ, അച്ചടി വകുപ്പ് ഡയറക്ടർ എന്നിവർ രേഖപ്പെടുത്തിയിട്ടുള്ള കുറിപ്പുകളുടെ പകർപ്പുകൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

## അച്ചടി വകുപ്പിലെ രണ്ടാം ഗ്രേഡ് ലാസ്കർ/ഗേറ്റ് കീപ്പർ നിയമനം

134 (2034) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ രണ്ടാം ഗ്രേഡ് ലാസ്കർ/ഗേറ്റ് കീപ്പർ തസ്തികയിലേക്ക് നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികളുടെ റിവൈസ്ഡ് റൊട്ടേഷൻ ലിസ്റ്റ് എന്നാണ് അച്ചടി വകുപ്പിൽ ലഭിച്ചത്; ഈ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അച്ചടി വകുപ്പിൽ 17-12-2018-ൽ ലഭ്യമായ റിവൈസ്ഡ് റൊട്ടേഷൻ ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ലിസ്റ്റ് ലഭിച്ചതിനുശേഷം രണ്ടാം ഗ്രേഡ് ലാസ്കർ തസ്തികയിലേക്ക് തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ഥാനക്കയറ്റം വഴി നിയമനം നടത്തിയ തീയതി വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) റിവൈസ്ഡ് റൊട്ടേഷൻ ലിസ്റ്റിലെ ഇരുപതാം സ്ഥാനക്കാരനായ ശ്രീ. സുരേലാൽ പി.-ക്ക് തസ്തികമാറ്റം വഴി രണ്ടാം ഗ്രേഡ് ബൈൻഡറായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി & സി) ഇല്ല.

**സി-ആപ്റ്റ് ജീവനക്കാരുടെ ഇ.പി.എഫ്.-ലേക്കുള്ള മാനേജ്മെന്റ് വിഹിതം**

135 (2035) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റ് ജീവനക്കാരുടെ ഇ.പി.എഫ്.-ലേയ്ക്കുള്ള മാനേജ്മെന്റ് വിഹിതം ജീവനക്കാരുടെ വിഹിതത്തിന് തുല്യമായി അടയ്ക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

3-9-2013-ലെ സ.ഉ.(എം.എസ്.)നം.594/2013/ഉ.വി.വ. പ്രകാരം സി-ആപ്റ്റ് ജീവനക്കാരുടെ ഇ.പി.എഫ്.-ലേയ്ക്കുള്ള മാനേജ്മെന്റ് വിഹിതം വേജ് ലിമിറ്റ് ചെയ്താണ് അടച്ചുവരുന്നത്. ആയതിനാൽ ഇ.പി.എഫ്.-ലേയ്ക്കുള്ള മാനേജ്മെന്റ് വിഹിതത്തിന് തുല്യമായി അടയ്ക്കുവാൻ സാധിക്കുകയില്ല.

(ബി) കോവിഡ്-19 പശ്ചാത്തലത്തിൽ സി-ആപ്റ്റ് ജീവനക്കാർ സാലറി ചലഞ്ചിലൂടെ നൽകിയ ശമ്പളത്തിൽനിന്നും എത്ര ദിവസത്തെ ശമ്പളം തിരിച്ചുനൽകാനുണ്ട്; ഇത് തിരികെ നൽകാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സി-ആപ്റ്റ് ജീവനക്കാർ സാലറി ചാലഞ്ചിലൂടെ നൽകിയ ശമ്പളത്തിൽനിന്നും 12 ദിവസത്തെ ശമ്പളം തിരിച്ചുനൽകാനുണ്ട്. സെന്ററിന്റെ മുഖ്യവരുമാന സ്രോതസ്സായ ലോട്ടറി ടിക്കറ്റ് അച്ചടിയിൽ കുറവുണ്ടായതുമൂലം സെന്ററിന്റെ വരുമാനത്തെ സാരമായി ബാധിക്കുകയുണ്ടായി. ലോട്ടറി ടിക്കറ്റ് അച്ചടി പൂർണ്ണ തോതിൽ പുനരാരംഭിച്ച് വരുമാന വർദ്ധനവ് ഉണ്ടാകുന്നമുറയ്ക്ക് ജീവനക്കാർക്ക് നൽകാനുള്ള 12 ദിവസത്തെ ശമ്പളം തിരിച്ച് നൽകുന്നതാണ്.

(സി) സി-ആപ്റ്റിനെ വൈവിദ്ധ്യവൽക്കരിക്കുന്നതിനും പ്രിന്റിംഗ് മേഖലകളിലേക്ക് സേവനം വ്യാപിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഈ സാമ്പത്തിക വർഷത്തിൽ സി-ആപ്റ്റിനെ വൈവിദ്ധ്യവത്കരിക്കുന്നതിന്റെ ഭാഗമായി ഒരു കോംപ്രിഹെൻസീവ് ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനും എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്കായി മൾട്ടി മീഡിയ ട്രെയിനിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, പ്രിന്റിംഗ് മേഖകളിലേക്ക് സേവനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പ്രോഗ്രാമബിൾ കട്ടിംഗ് മെഷീനും ഫോർക്ക് ലിഫ്റ്റും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

## സി-ആപ്റ്റിൽ അച്ചടി ജോലികൾക്കായുള്ള പേപ്പർ

136 (2036) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിൽ അച്ചടി ജോലികൾക്കുള്ള പേപ്പർ ഉൾപ്പെടെയുള്ള അനുബന്ധ സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ?

സി-ആപ്റ്റിൽ അച്ചടി ജോലികൾക്കുള്ള പേപ്പർ ഉൾപ്പെടെയുള്ള അനുബന്ധ സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

1. സി-ആപ്റ്റിലെ അച്ചടി ജോലികൾക്ക് ആവശ്യമായ പേപ്പറിന്റെ ഇൻഡന്റ് സ്റ്റോറിൽ ലഭ്യമായ പേപ്പറിന്റെ സ്റ്റോക്ക് കിഴിച്ചശേഷം പ്രൊഡക്ഷൻ വിഭാഗം മെറ്റീരിയൽസ് ഡിവിഷന് ലഭ്യമാക്കും.

2. ഇതിന്റെ അടിസ്ഥാനത്തിൽ മെറ്റീരിയൽസ് ഡിവിഷൻ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ച് പേപ്പർ മില്ലുകൾ, പ്രമുഖരായ പേപ്പർ ഡീലേഴ്സ് എന്നിവരിൽനിന്ന് ആവശ്യമായ പേപ്പർ വാങ്ങുന്നതിനുള്ള (പേപ്പർ സാമ്പിൾ ഉൾപ്പെടെ) ടെണ്ടർ/ഇ-ടെണ്ടർ ക്ഷണിക്കുന്നു. ടെണ്ടർ/ഇ-ടെണ്ടർ നോട്ടിഫിക്കേഷൻ പ്രമുഖ പത്രങ്ങളിൽ വ്യാപകമായി പ്രസിദ്ധീകരിക്കുന്നു.

3. ഇതിനുപുറമെ, സി-ആപ്റ്റിന്റെ വെബ് സൈറ്റിലും ടെണ്ടർ വിവരങ്ങൾ ലഭ്യമാക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ടെണ്ടറുകളും പേപ്പർ സാമ്പിളുകളും അസിസ്റ്റന്റ് ഡയറക്ടർ (ഫിനാൻസ്) ചെയർമാനും പ്രൊഡക്ഷൻ, സ്റ്റോർ, മെറ്റീരിയൽസ് എന്നിവയിലെ ഉദ്യോഗസ്ഥർ അംഗങ്ങളുമായ ഇന്റേണൽ പർച്ചേഴ്സ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.

4. പ്രസ്തുത കമ്മിറ്റി ടെണ്ടറുകൾ സൂക്ഷ്മമായി പരിശോധിക്കുകയും ക്വാളിറ്റി പരിശോധനയ്ക്ക് നിയുക്തരായ പ്രൊഡക്ഷൻ ഡിവിഷനിലെ ഉദ്യോഗസ്ഥരുടെ സാങ്കേതിക നിർദ്ദേശംകൂടി കണക്കിലെടുത്തും ഏറ്റവും കുറഞ്ഞ റേറ്റ് തുക (L 1) ക്വാട്ട് ചെയ്ത പേപ്പർ മില്ലുകൾ, പ്രമുഖരായ പേപ്പർ ഡീലേഴ്സ് എന്നിവരിൽനിന്നും പേപ്പർ വാങ്ങുന്നതിനുള്ള ശിപാർശ നൽകും.

5. ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ സെന്റർ പേപ്പർ വാങ്ങുന്നതിനുള്ള ഓർഡർ ഏറ്റവും കുറഞ്ഞ റേറ്റ് തുക (L 1) ക്വാട്ട് ചെയ്ത കമ്പനിക്ക് നൽകുന്നു. പ്രസ്തുത പേപ്പർ സെന്ററിൽ ലഭിച്ച ശേഷം പേപ്പറിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിയുക്തരായവരുടെ ശിപാർശയുടെയും ഇൻവോയിസിന്മേലുള്ള സർട്ടിഫിക്കേഷന്റെയും അടിസ്ഥാനത്തിൽ സെന്ററിന്റെ സാമ്പത്തിക ലഭ്യതയനുസരിച്ച് പേപ്പർ സപ്ലൈ ചെയ്ത കമ്പനിക്ക് തുക നൽകുന്നു.

(ബി) പേപ്പർ ഉൽപാദിപ്പിക്കുന്ന കമ്പനികളിൽനിന്നും നേരിട്ട് വാങ്ങാറുണ്ടോ; ഇല്ലെങ്കിൽ മറ്റ് സബ് ഏജൻസികളിൽനിന്നും ഉയർന്ന നിരക്കിൽ പേപ്പർ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ?

സെന്റർ പേപ്പർ വാങ്ങുവാൻ ടെണ്ടർ ക്ഷണിക്കുന്നത് പേപ്പർ മില്ലുകൾ, പ്രമുഖരായ പേപ്പർ ഡീലേഴ്സ് എന്നിവരിൽനിന്നുമാണ്. സ്റ്റോർ പർച്ചേഴ്സ് ചട്ടങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടുതന്നെയാണ് പേപ്പർ വാങ്ങുന്നത്. ആയതിനാൽ, ഇതുവരെ ഉയർന്ന നിരക്കിൽ പേപ്പർ വാങ്ങിയിട്ടില്ല.

(സി) 2021 മാർച്ച് 1 മുതൽ സെപ്റ്റംബർ 15 വരെ ഏതൊക്കെ ഏജൻസികളിൽനിന്നും ഇപ്രകാരം പേപ്പർ വാങ്ങിയിട്ടുണ്ടെന്നും ഈ ഇനത്തിലെത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

പട്ടിക അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഡി) സി-ആപ്റ്റിൽ വാങ്ങുന്ന വിവിധതരം പേപ്പറുകൾ അച്ചടി ജോലികൾക്ക് അനുയോജ്യമാണെന്ന് സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക പദവിയും വിദ്യാഭ്യാസ യോഗ്യതയും വ്യക്തമാക്കുമോ?

സി-ആപ്റ്റിൽ വാങ്ങുന്ന വിവിധതരം പേപ്പറുകൾ അച്ചടി ജോലികൾക്ക് അനുയോജ്യമാണെന്ന് സർട്ടിഫൈ ചെയ്യുന്നത് താഴെപ്പറയുന്ന വ്യക്തികളാണ്.

1. ശ്രീ. വർഗ്ഗീസ് കോശി, പ്രൊഡക്ഷൻ പ്ലാനിംഗ് സൂപ്പർ വൈസർ, ഡിപ്ലോമ ഇൻ പ്രിന്റിംഗ് ടെക്നോളജി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. ശ്രീ. സുനിൽകുമാർ കെ., പ്രൊഡക്ഷൻ പ്ലാനിംഗ് സൂപ്പർ വൈസർ, ഡിപ്ലോമ ഇൻ പ്രിന്റിംഗ് ടെക്നോളജി.

**നാർക്കോട്ടിക് ജിഹാദ് ആരോപണം**

137 (2037) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാർക്കോട്ടിക് ജിഹാദ് നടക്കുന്നതായി എന്തെങ്കിലും തെളിവ് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

(എ & ബി) ഇല്ല.

(സി) നാർക്കോട്ടിക് ജിഹാദിന്റെ പേരിൽ ചിലർ മുസ്ലീം സമുദായത്തെ ആക്ഷേപിക്കുന്നുവെന്ന ആരോപണത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വിവിധ മതവിഭാഗങ്ങൾ തമ്മിൽ നല്ല സൗഹാർദ്ദപരമായ അന്തരീക്ഷമാണ് സംസ്ഥാനത്ത് പൊതുവിൽ നിലനിൽക്കുന്നത്. നാടിന്റെ പൊതുവായ വികസന പ്രവർത്തനങ്ങൾ എല്ലാ വിഭാഗങ്ങളെയും ഒരുമിച്ച് നിലനിർത്തുകയെന്ന രീതിയാണ് സർക്കാർ സ്വീകരിക്കുന്നത്. അതോടൊപ്പം, മതസൗഹാർദ്ദം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഉറുദു ഐ.ടി.ഐ.-കൾ**

138 (2038) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2007-ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ഉറുദു ഐ.ടി.ഐ.കൾ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

അനുവദിച്ചിട്ടില്ല.

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര തൊഴിൽ മന്ത്രാലയം 2007-ൽ സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) എത്ര ഉറുദു ഐ.ടി.ഐ.കൾക്കാണ് അനുമതി ലഭിച്ചതെന്നും ഇതിനായി എത്ര തുക അനുവദിച്ചിരുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

(ബി-ഡി) ബാധകമല്ല.

**മദ്രസ അദ്ധ്യാപക ക്ഷേമനിധിയിൽനിന്നുള്ള ഭവന വായ്പ**

139 (2039) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രസ അദ്ധ്യാപക ക്ഷേമനിധിയിൽനിന്ന് ഭവന വായ്പയെടുത്തവർ കോവിഡ് പശ്ചാത്തലത്തിൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്ഷേമനിധിയിൽനിന്ന് എത്ര പേർക്കാണ് ഭവന വായ്പ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മദ്രസാദ്ധ്യാപകരുടെ ഭവന വായ്പ കുടിശ്ശിക ഇളവ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) കേരള മദ്രസാദ്ധ്യാപക ക്ഷേമനിധിയിൽനിന്നും ഭവനവായ്പ അനുവദിക്കുന്നില്ല.

**മൈനോറിറ്റി കുടിവെള്ള പദ്ധതി**

140 (2040) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനോറിറ്റി കുടിവെള്ള പദ്ധതി പ്രകാരം മലപ്പുറം മണ്ഡലത്തിൽ നാളിതുവരെ അനുവദിച്ച ഫണ്ടും അവയുടെ പുരോഗതിയും വിശദീകരിക്കാമോ?

ന്യൂനപക്ഷക്ഷേമ വകുപ്പിൽനിന്നുമുള്ള ഫണ്ട് ഉപയോഗിച്ച് മലപ്പുറം മണ്ഡലത്തിലെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലേക്ക് നാളിതുവരെ അനുവദിച്ച കുടിവെള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഓരോ പദ്ധതിയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ച് നാടിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) എത്രയും വേഗം പണികൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) ന്യൂനപക്ഷക്ഷേമ വകുപ്പിൽനിന്നുമുള്ള ഫണ്ട് ഉപയോഗിച്ച് മലപ്പുറം മണ്ഡലത്തിലെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലേക്ക് നാളിതുവരെ അനുവദിച്ച 17 പ്രവൃത്തികളിൽ 16 പ്രവൃത്തികൾ പൂർത്തീകരിച്ച് നാടിന് സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒരു പ്രവൃത്തിയിൽ നടപടി സ്വീകരിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇ-ഹെൽത്ത് പദ്ധതിയുടെ നിലവിലെ സ്ഥിതി

141 (2041) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ ഇ-ഹെൽത്ത് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ആശുപത്രി സംവിധാനവും പൊതുജനാരോഗ്യ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്ന ഒരു ബൃഹത് പദ്ധതി ആണ് 'ഇ- ഹെൽത്ത്'. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ, " ഒരു പൗരന് ഒരു Electronic Health Record [EHR]" എന്ന ലക്ഷ്യത്തിലൂന്നി കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളെയും Computer Network മുഖേന ബന്ധപ്പെടുത്തി ചികിത്സ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, ഇടുക്കി, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ആദ്യഘട്ടമായി നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിരുന്നതെങ്കിലും ആർദ്രം പദ്ധതി നിലവിൽ വന്നതോടെ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലേക്കും ഘട്ടംഘട്ടമായി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് 2016-ൽ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണിയിലുംപെട്ട 12 സർക്കാർ ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള 696 ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ 295 ആശുപത്രികളിൽ ഇ-ഹെൽത്ത് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇതിൽ 68 എണ്ണം പൂർണ്ണമായും കടലാസുരഹിതമായിട്ടാണ് പ്രവർത്തിക്കുന്നത്. ശേഷിക്കുന്ന 401 ആശുപത്രികളിൽ 246 സ്ഥാപനങ്ങളിൽ ഇ -ഹെൽത്ത് പദ്ധതിക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിവരുന്നു. ബാക്കി വരുന്ന 155 ആശുപത്രികളിൽ വിവിധ തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇത് പൂർത്തിയാകുന്നമുറയ്ക്ക് ഈ സ്ഥാപനങ്ങളിലും ഇ- ഹെൽത്ത് സംവിധാനം പ്രവർത്തന സജ്ജമാകും.

(ബി) പ്രസ്തുത പദ്ധതി എല്ലാ ഗ്രാമീണ ആശുപത്രികളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഫണ്ടിന്റെ ലഭ്യതയും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ പര്യാപ്തമായ ആശുപത്രി കെട്ടിടങ്ങൾ ലഭ്യമാവുകയും ചെയ്യുന്ന മുറയ്ക്ക് ഗ്രാമ-നഗര വ്യത്യാസം കൂടാതെ എല്ലാ സർക്കാർ ആശുപത്രികളിലും ഇ- ഹെൽത്ത് നടപ്പിലാക്കാൻ കഴിയുന്നതാണ്.

**കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ആനുകൂല്യം**

142 (2042) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ഏതെല്ലാം ആശുപത്രികളിലാണ് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്ന സർക്കാർ ആശുപത്രിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No. | Hospital Name |
|---|---|
| 1 | CHC, Edayarikkapuzha |
| 2 | CHC, Kumarakom |
| 3 | CHC, Sachivothamapuram |
| 4 | CHC, Thottakkad |
| 5 | General Hospital, Pala |
| 6 | General Hospital, Changanacherry |
| 7 | General Hospital, Kanjirappally |
| 8 | General Hospital, Kottayam |
| 9 | Govt. Dental College, Kottayam |
| 10 | Govt. Medical College Hospital, Kottayam |
| 11 | Institute of Child Health, Govt. Medical College, Kottayam |
| 12 | K. R. Narayanan Memmorial Speciality Hospital, Uzhavoor |
| 13 | Occupational Health Centre |
| 14 | PHC, Mundankunnu |
| 15 | THQH, Pampady |
| 16 | THQH, Vaikom |

കോട്ടയം ജില്ലയിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്ന സ്വകാര്യ ആശുപത്രികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Hospital Name | Full empanelled/ Covid only |
|---|---|---|
| 1 | Ahalya Foundation Eye Hospital | Full empanelled |
| 2 | Ahalya Foundation Eye Hospital | Full empanelled |
| 3 | Alphonsa Eye Hospital | Full empanelled |
| 4 | Assisi Hospital | Full empanelled |
| 5 | Bharath Hospital | Covid Only |
| 6 | Caritas Hospital | Covid Only |
| 7 | Chaithanya Eye Hospital And Research Institute | Full empanelled |
| 8 | Cherupushpam Trust Hospital, Pala | Full empanelled |
| 9 | CMC Hospital | Full empanelled |
| 10 | Dr Agarwals Eye Hospital Kottayam | Full empanelled |
| 11 | Fathima Eye Hospital Pala | Full empanelled |
| 12 | Highrange Hospital | Full empanelled |
| 13 | Kadampuzha Hospital | Covid Only |
| 14 | KMA Medicare | Full empanelled |
| 15 | Lions Charitable Trust Eye Hospital Paika | Full empanelled |
| 16 | M.G.D.M Hospital | Covid Only |
| 17 | Mandiram Hospital | Full empanelled |
| 18 | New Vision Eye Hospital | Full empanelled |
| 19 | Paret Mar Ivanios Hospital | Full empanelled |
| 20 | Punyan Charitable Trust | Full empanelled |
| 21 | St. Thomas Hospital | Covid Only |
| 22 | Thanal Dialysis Centre Eratupetta | Full empanelled |
| 23 | The Kaduthuruthy Co Operative Hospital | Full empanelled |
| 24 | Vasan Health Care Pvt Ltd. | Full empanelled. |

(ബി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ അർഹതയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും പ്രായവ്യത്യാസമില്ലാതെ അഞ്ച് ലക്ഷം രൂപയുടെ ദ്വിതീയ, ത്രിതീയ സൗജന്യ ചികിത്സ ഓരോ വർഷവും പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ആശുപത്രികളിൽനിന്ന് ലഭിക്കുന്നതാണ്. പദ്ധതി പ്രകാരം ആശുപത്രിയിലെ കിടത്തി ചികിത്സയ്ക്കാണ് ആനുകൂല്യം ലഭിക്കുക. കിടത്തി ചികിത്സ ആരംഭിക്കുന്നതിന് മുൻപുള്ള മൂന്ന് ദിവസത്തെ പരിശോധനകളും, മരുന്നുകളും സൗജന്യമായിരിക്കും. ആശുപത്രിയിൽ അഡ്മിറ്റാകുന്ന സമയത്തെ ചികിത്സക്കും, മരുന്നുകൾക്കും, പരിശോധനകൾക്കും ചെലവാകുന്ന മുഴുവൻ തുകയും പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. ഡിസ്ചാർജ്ജായതിനുശേഷം പരമാവധി 15 ദിവസം വരെയുള്ള മരുന്നുകൾക്കും പരിശോധനകൾക്കും ചെലവാകുന്ന ചികിത്സ സൗജന്യമാണ്. അലോപ്പതി ചികിത്സയ്ക്ക് മാത്രമേ ആനുകൂല്യം നിലവിൽ ലഭിക്കുകയുള്ളൂ. ഏത് പ്രായത്തിലുള്ളവരെയും പദ്ധതിയിൽ അംഗമാക്കാം. നിലവിലുള്ള രോഗങ്ങൾക്കും സൗജന്യ ചികിത്സ ആനുകൂല്യം ലഭിക്കുമെന്ന സവിശേഷതയുമുണ്ട്. കിടത്തി ചികിത്സിക്കുന്ന വേളയിൽ എക്സ്-റേ, സ്കാനിംഗ് ഉൾപ്പെടെയുള്ള എല്ലാ പരിശോധനകളും സൗജന്യമായിരിക്കും. ഒരു വർഷത്തേക്ക് പരമാവധി 5 ലക്ഷം രൂപയുടെ ചികിത്സ ആയിരിക്കും പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുക. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം അർഹതപ്പെട്ട കുടുംബങ്ങൾ താഴെ പറയും പ്രകാരമാണ്.

1. 2018-19 സാമ്പത്തികവർഷം പ്രാബല്യത്തിലുള്ള ആർ.എസ്.ബി.വൈ. കാർഡുള്ള എല്ലാ കുടുംബങ്ങളും, കേന്ദ്രസർക്കാരിന്റെ എസ്.ഇ.സി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളും കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ സൗജന്യ ചികിത്സയ്ക്ക് അർഹരാണ്.

2. ഇവർക്ക് പുതിയ പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്. കുടുംബനാഥൻ/ കുടുംബനാഥ എന്നിവർക്ക് പുറമേ റേഷൻ കാർഡിലുള്ള എല്ലാ അംഗങ്ങളേയും പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

3. കുടുംബത്തിലെ മുഴുവൻ അംഗങ്ങൾക്കും വ്യക്തിഗത ABPM-JAY-KASP കാർഡ് ലഭിക്കുന്നതാണ്. വ്യക്തിഗത AB PM-JAY-KASP കാർഡ് ലഭിക്കുന്നതിനായി ചികിത്സ തേടുന്ന സമയത്ത് ആശുപത്രികളിലെ KASP കിയോസ്കുകളിൽനിന്നും ഈ സേവനം സൗജന്യമായി ഗുണഭോക്താക്കൾക്ക് ഉപയോഗിക്കാവുന്നതാണ്.

4. പദ്ധതിയിൽ അംഗത്വം നേടിയ ആശുപത്രികളിൽനിന്ന് അർഹതപ്പെട്ട കുടുംബങ്ങളിലെ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും 5 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ പ്രതിവർഷത്തേയ്ക്ക് ലഭ്യമാകുന്നതാണ്.

**കാൻസർ രോഗികൾക്കുള്ള പെൻഷൻ**

143 (2043) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികൾക്ക് നൽകിവരുന്ന പെൻഷൻ തുക കാലോചിതമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതര ക്ഷേമ പെൻഷൻ തുകകൾ വർദ്ധിപ്പിച്ചപ്പോൾ കാൻസർ രോഗികളുടെ പെൻഷൻ തുക വർദ്ധിപ്പിച്ചുനൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

(എ & ബി) സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

**എൻ.ക്യൂ.എ.എസ്. അംഗീകാരത്തിനുള്ള മാനദണ്ഡങ്ങൾ**

144 (2044) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മൂന്നിൽ ഒന്നിന് എങ്കിലും എൻ.ക്യൂ.എ.എസ്. അംഗീകാരം നേടി രാജ്യത്ത് ഒന്നാം സ്ഥാനം നേടാനായിട്ടുണ്ടോ?

സംസ്ഥാനത്ത് 93 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുള്ളതിൽ 33 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് എൻ.ക്യൂ.എ.എസ്. അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞു. ദേശീയതലത്തിൽ നഗര പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ ഏറ്റവും കൂടുതൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം നേടി രാജ്യത്ത് ഒന്നാം സ്ഥാനം നേടിയെടുക്കാനായിട്ടുണ്ട്.

(ബി) എൻ.ക്യൂ.എ.എസ്. അംഗീകാരത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും സംസ്ഥാനത്ത് ഇതുവരെ എത്ര ആശുപത്രികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; അംഗീകാരം ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാരിൽ

നിന്നും ധനസഹായം നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

മിനിസ്ട്രി ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനുവേണ്ടി ഇന്ത്യയിൽ മുഴുവനുമുള്ള ഗവൺമെന്റ് ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപ്പാക്കുന്ന പദ്ധതിയാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.). അന്തർദേശീയ നിലവാര നിർണ്ണയ ഏജൻസിയായ ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ഓഫ് ക്വാളിറ്റി അംഗീകരിച്ച പുരസ്കാരമാണ് എൻ.ക്യൂ.എ.എസ്. സർവീസ് പ്രൊവിഷൻ, പേഷ്യന്റ് റൈറ്റ്, ഇൻപുട്സ്, സപ്പോർട്ടീവ് സർവീസസ്, ക്ലിനിക്കൽ സർവീസസ്, ഇൻഫെക്ഷൻ കൺട്രോൾ, ക്വാളിറ്റി മാനേജ്മെന്റ്, ഔട്ട്കം എന്നീ 8 വിഭാഗങ്ങളായി 6500-ഓളം ചെക്ക്പോയിന്റ്സ് വിലയിരുത്തിയാണ് എൻ.ക്യൂ.എ.എസ്. അംഗീകാരം നൽകുന്നത്. ജില്ലാതല പരിശോധന, സംസ്ഥാനതല പരിശോധന എന്നിവയ്ക്കുശേഷം എൻ.എച്ച്.എസ്.ആർ.സി. നിയമിക്കുന്ന ദേശീയതല പരിശോധകർ നടത്തുന്ന പരിശോധനയ്ക്കുശേഷമാണ് ആശുപത്രിയുടെ ഗുണനിലവാരം/മാനദണ്ഡം ഉറപ്പാക്കുന്നത്. ഇവയിൽ ഓരോ വിഭാഗത്തിലും 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടുന്ന ആശുപത്രികൾക്കാണ് ഭാരത സർക്കാർ എൻ.ക്യൂ.എ.എസ്. അംഗീകാരം നൽകുന്നത്. ഇതുവരെ 125 സർക്കാർ ആശുപത്രികൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം ലഭിച്ചു, അതിൽ 3 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 7 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 33 നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 78 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം ലഭിച്ചിട്ടുള്ള സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ. എൻ.ക്യൂ.എ.എസ്. അംഗീകാരം ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാരിൽനിന്നും ധനസഹായം നൽകുന്നുണ്ട്. എൻ.ക്യൂ.എ.എസ്. അംഗീകാരം ലഭിച്ചിട്ടുള്ള ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് പതിനായിരം രൂപ എന്ന നിലയിലും, കിടത്തി ചികിത്സയില്ലാത്ത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കും, നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കും രണ്ട് ലക്ഷം രൂപ വീതം മൂന്ന് വർഷത്തേക്ക് പാരിതോഷികം ലഭിക്കുന്നു. മൂന്ന് വർഷത്തിനുശേഷം ദേശീയതല പുനഃപരിശോധന നടത്തിവരാറുണ്ട്.

(സി) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി പൂർത്തിയായിട്ടുണ്ടോ; അറിയിക്കാമോ?

സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലായി 886 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്.

നിലവിൽ 501 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവയുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നുവരികയാണ്.

**കാരുണ്യ ആരോഗ്യസുരക്ഷാപദ്ധതി**

145 (2045) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി കാരുണ്യ പദ്ധതി നടപ്പാക്കിയതിനുശേഷം കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പുസാമ്പത്തിക വർഷവുമായി ഇതുവരെയെത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും എത്ര രോഗികൾക്ക് എത്ര രൂപയുടെ ധനസഹായങ്ങൾ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി കാരുണ്യ പദ്ധതി നടപ്പാക്കിയതിനുശേഷം കഴിഞ്ഞ സാമ്പത്തിക വർഷം 265527 ഗുണഭോക്താക്കൾക്ക് ചികിത്സ നൽകി. ഇവയിൽ പരിശോധന പൂർത്തിയായ ക്ലെയിമുകളിൽ 476,66,36,608 രൂപ ആശുപത്രികൾക്ക് നൽകി. നടപ്പുസാമ്പത്തിക വർഷം 276348 ഗുണഭോക്താക്കൾക്ക് ചികിത്സ നൽകി. ഇവയിൽ പരിശോധന പൂർത്തിയായ ക്ലെയിമുകളിൽ 520,63,26,784 രൂപ ആശുപത്രികൾക്ക് നൽകി.

(ബി) മേൽപ്പറഞ്ഞതിൽ കേന്ദ്ര സർക്കാർ ഗ്രാന്റ് എത്രയെന്ന് വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ വിഹിതമായി 138,10,61,182 രൂപ പദ്ധതി നടത്തിപ്പിനും 7.5 കോടി രൂപ ഭരണ നിർവഹണ ചെലവിനും ലഭിച്ചു. നടപ്പുസാമ്പത്തികവർഷം നാളിതുവരെ പദ്ധതി നടത്തിപ്പിനായി 128,61,89,896 രൂപ കേന്ദ്ര സർക്കാർ വിഹിതമായി ലഭിച്ചു.

(സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയ ഇനത്തിൽ വിവിധ ആശുപത്രികൾക്ക് എത്ര തുക കുടിശ്ശികയായി നൽകാനുണ്ട്; സർക്കാർ, സ്വകാര്യ ആശുപത്രി തിരിച്ച് വിശദാംശങ്ങൾ നൽകാമോ?

നിലവിൽ 415 സ്വകാര്യ ആശുപത്രികൾക്കായി 169.67 കോടി രൂപയുടെ ക്ലെയിമും 173 പൊതുമേഖല ആശുപത്രികളിലായി 251.05 കോടി രൂപയുടെ ക്ലെയിമും വിശദമായി പരിശോധനകൾക്ക് വിധേയമായി ആശുപത്രികൾക്ക് നൽകേണ്ടതുണ്ട്.

(ഡി) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ഒരപേക്ഷകന് പരമാവധി ലഭിക്കാവുന്ന ധനസഹായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ഒരപേക്ഷകന് ഒറ്റതവണത്തേയ്ക്ക് പരമാവധി ലഭിക്കാവുന്ന ചികിത്സാ ധനസഹായം 2 ലക്ഷം രൂപയാണ്. വൃക്കസംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപ വരെ ലഭിക്കാവുന്നതാണ്. തുക ആശുപത്രികൾക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്.

**സുകൃതം പദ്ധതി**

146 (2046) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ ചികിത്സക്കുള്ള സുകൃതം പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അർബുദരോഗികൾക്ക് കാൻസർ ചികിത്സാ സഹായം നൽകുന്ന പദ്ധതിയാണ് സുകൃതം. സംസ്ഥാനത്തെ 8 കാൻസർ ചികിത്സാ കേന്ദ്രങ്ങളിലാണ് രോഗികൾക്ക് 'സുകൃതം' പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. നിലവിലുള്ള ഇൻഷ്വറൻസ് സ്കീമുകൾ നൽകുന്ന ചികിത്സാ സഹായത്തിന് ഉപരിയായി വരുന്ന ചികിത്സാ ചെലവാണ് സുകൃതം പദ്ധതിയിലൂടെ നൽകപ്പെടുന്നത്. ഇതിനായി സംസ്ഥാന സർക്കാർ ഒരു സൊസൈറ്റി രൂപീകരിക്കുകയും ധനവിനിയോഗത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സുകൃതം പദ്ധതിയിലൂടെ ചികിത്സ ലഭിക്കുന്ന ആശുപത്രികളുടെ വിവരം ലഭ്യമാക്കാമോ?

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, തലശ്ശേരി, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് സുകൃതം പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

(സി) സുകൃതം പദ്ധതി മുഖേന ചികിത്സ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമാണ് സുകൃതം പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. സംസ്ഥാനത്ത് 8 ആശുപത്രികളിൽ ചികിത്സ തേടുന്ന അർബുദ രോഗികൾക്ക് അവരുടെ നിലവിലെ ഇൻഷ്വറൻസ് പരിധിക്കപ്പുറം ചികിത്സാ ചെലവ് വരികയാണെങ്കിൽ 3 ലക്ഷം രൂപ വരെയുള്ള ചികിത്സാ സഹായം സുകൃതം പദ്ധതിയിൽനിന്നും ലഭിക്കുന്നതാണ്. 3 ലക്ഷത്തിന് പുറത്തുള്ള ചികിത്സാ ചെലവ് ഉണ്ടാകുകയാണെങ്കിൽ കാൻസർ സൊസൈറ്റിയുടെ പരിഗണനയ്ക്ക് വിധേയമാക്കി തീരുമാനം എടുക്കുന്നതാണ്.

## കാരുണ്യ ബെനവലന്റ് പദ്ധതി

147 (2047) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടികളും വിശദമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്തവരും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എല്ലാവർക്കും APL, BPL വ്യത്യാസമില്ലാതെ കാരുണ്യ ബെനവലന്റ് പദ്ധതിയിലൂടെ ഒറ്റത്തവണത്തേയ്ക്ക് 2 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാകുന്നതാണ്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ ആശുപത്രികളിൽനിന്നും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ സേവനവും ലഭ്യമാകുന്നതാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി എംപാനൽ ചെയ്ത ആശുപത്രികളിലെ KASP കിയോസ്കിൽ/കൗണ്ടറിൽ ബന്ധപ്പെടണം. റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പും അസ്സലും കൗണ്ടറിൽ സമർപ്പിക്കുന്ന മുറക്ക് KBF കാർഡ് ലഭ്യമാകുന്നതാണ്. ഈ കാർഡ് ഉപയോഗിച്ച് സൗജന്യ ചികിത്സ ലഭ്യമാകുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ ലഭ്യമാക്കാൻ കഴിയുന്ന പരമാവധി ധനസഹായം എത്രയാണെന്ന് വ്യക്തമാക്കാമോ?

കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ഒരു അപേക്ഷകന് ഒറ്റതവണത്തേക്ക് പരമാവധി ലഭിക്കാവുന്ന ചികിത്സ ധനസഹായം 2 ലക്ഷം രൂപയാണ്. വൃക്കസംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപ വരെ ലഭിക്കുന്നതാണ്.

(സി) എത്ര ദിവസത്തിനകം സഹായം ലഭ്യമാക്കാനാകും; വിശദാംശങ്ങൾ നൽകാമോ?

അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആവശ്യമായ രേഖകൾ പരിശോധിച്ച് അപേക്ഷ നൽകിയ ദിവസം തന്നെ KBF കാർഡ് ലഭ്യമാക്കുന്നുണ്ട്. കാർഡ് ലഭ്യമാകുന്നമുറയ്ക്ക് സൗജന്യ ചികിത്സ ലഭിക്കുന്നതാണ്.

## ചെലവേറിയ രോഗങ്ങളുടെ ചികിത്സയ്ക്ക് ധനസഹായം

148 (2048) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ബെനവലന്റ് ഫണ്ട് ഇപ്പോൾ നിലവിലുണ്ടോ; ഇതുമുഖേന രോഗികൾക്ക് ധനസഹായം നൽകുന്നുണ്ടോ; അറിയിക്കാമോ?

കാരുണ്യ ബെനവലന്റ് ഫണ്ട് (KBF)പദ്ധതി നിലവിലുണ്ട്. ഇതുമുഖേന രോഗികൾക്ക് ധനസഹായം നൽകുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടത്തിപ്പ് ചുമതലയുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയാണ് (SHA) കാരുണ്യ ബെനവലന്റ് പദ്ധതിയും നടപ്പിലാക്കുന്നത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ ആശുപത്രികളിൽനിന്നും KBF-ന്റെ സേവനം ലഭ്യമാണ്. KASP ഗുണഭോക്താക്കൾ അല്ലാത്ത 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എല്ലാ കുടുംബാംഗങ്ങൾക്കും KBF പദ്ധതിയിലൂടെ 2 ലക്ഷം രൂപവരെയുള്ള സൗജന്യ ചികിത്സ ആനുകൂല്യം ഒറ്റത്തവണത്തേയ്ക്ക് ലഭിക്കുന്നതാണ്. വൃക്ക സംബന്ധമായ അസുഖങ്ങൾക്കാണെങ്കിൽ 3 ലക്ഷം രൂപയുടെ ആനുകൂല്യവും ലഭ്യമാക്കുന്നു. KBF പദ്ധതി സംബന്ധമായ എല്ലാ സേവനങ്ങളും സൗജന്യമായി എംപാനൽ ചെയ്ത ആശുപത്രികളിലെ കിയോസ്ക്കുകളിൽ ലഭ്യമാണ്.

## പാവപ്പെട്ട രോഗികൾക്ക് ചികിത്സാ സഹായം

149 (2049) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാവപ്പെട്ട രോഗികൾക്ക് ചികിത്സാ സഹായം അനുവദിക്കുന്ന പദ്ധതി (സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ)-യുടെ നടത്തിപ്പിന് ആവശ്യമായ തുക അനുവദിച്ച് ഗുരുതര രോഗം ബാധിച്ച പാവപ്പെട്ടവരെ സഹായിക്കാൻ നടപടികൾ ഉണ്ടാകുമോ?

ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി മുഖേന മാരകരോഗങ്ങളാൽ അവശത അനുഭവിക്കുന്ന നിർദ്ധനരായ രോഗികൾക്ക് ഡോക്ടർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ അനുവദിക്കുന്നു. സർക്കാരിന്റെ പ്ലാൻ ഫണ്ടിൽനിന്നും ഓരോ സാമ്പത്തിക വർഷത്തിലേക്ക് അനുവദിക്കുന്ന തുകയ്ക്കനുസരിച്ച് ധനസഹായം നൽകിവരുന്നുണ്ട്.

(ബി) 2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ ഈ ഇനത്തിൽ ഓരോ വർഷവും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്പൈനൽ മസ്കുലർ അട്രോഫി പോലുള്ള അപൂർവ രോഗങ്ങളുടെ ചികിത്സ

150 (2050) ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പൈനൽ മസ്കുലർ അട്രോഫി പോലുള്ള അപൂർവ രോഗങ്ങളുടെ ചികിത്സയ്ക്കായി സർക്കാർ തലത്തിൽ പ്രത്യേക ഫണ്ട് രൂപീകരിക്കുമോ; വ്യക്തമാക്കാമോ?

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള സാമൂഹ്യ സുരക്ഷ മിഷൻ നടപ്പിലാക്കുന്ന ' വി കെയർ' പദ്ധതി വിപുലപ്പെടുത്തി അപൂർവ്വ രോഗബാധിതരായ കുട്ടികളുടെ ചികിത്സയ്ക്കായുള്ള ഫണ്ട് സ്വരൂപിക്കുന്നതിനായുള്ള പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. അപൂർവ്വ ജനിതക രോഗമായ പോംപി ഡിസീസുമായി ബന്ധപ്പെട്ട WP(C) നമ്പർ 21897/2016 കേസിന്റെ വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത W.A. നമ്പർ 2151/2017 കേസിലെ ഇടക്കാല ഉത്തരവിൻ പ്രകാരം അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്കായി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.

(ബി) എസ്.എം.എ. രോഗത്തിനുള്ള മരുന്നുകൾക്ക് നികുതിയിളവ് പ്രഖ്യാപിച്ച സാഹചര്യത്തിൽ ഉയർന്ന വിലയുള്ള മരുന്ന് രോഗികൾക്ക് മിതമായ വിലയിൽ ലഭ്യമാക്കുന്നതിനായി സബ്സിഡി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സ്റ്റേറ്റ് എൻ.എച്ച്.എം. പ്രോജക്ടുകളിൽ എസ്.എം.എ. ചികിത്സ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

(ബി & സി) മെഡിക്കൽ കോളേജ് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ Multi Disciplinary Team of Doctors-നെ SMA-യ്ക്ക് വേണ്ടി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇവ ജനിതക രോഗങ്ങൾ ആകയാൽ ഗർഭാവസ്ഥയിൽ തന്നെ അസുഖം കണ്ടെത്തുന്നതിനുള്ള ജനിതക പരിശോധനകൾ, ആവശ്യപ്പെടുന്നത് പ്രകാരം ഇത്തരത്തിലുള്ള കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സൗകര്യം തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രി മുഖാന്തരം ലഭ്യമാക്കാൻ ആലോചിക്കുന്നു.

(ഡി) വിദേശ രാജ്യങ്ങളിൽ അനുമതി കിട്ടിയ എസ്.എം.എ. മരുന്നുകളുടെ ബയോസിമിലർ തന്മാത്ര ഇന്ത്യയിൽ നിർമ്മിക്കുന്നതിന് ഫാർമസ്യൂട്ടിക്കൽ കമ്പനികളുമായി ചേർന്ന് പദ്ധതി ആവിഷ്കരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ?

നിലവിൽ പരിശോധിച്ചിട്ടില്ല.

**ചികിത്സ നൽകുന്ന സഞ്ചരിക്കുന്ന വൈദ്യ സഹായ പദ്ധതി**

151 (2051) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോളനികളിലെത്തി ചികിത്സ നൽകുന്ന സഞ്ചരിക്കുന്ന വൈദ്യ സഹായ പദ്ധതി, പട്ടികവർഗ്ഗ കുടുംബങ്ങൾ വ്യാപകമായി താമസിക്കുന്ന തൃക്കരിപ്പൂർ മണ്ഡലത്തിലെ ഈസ്റ്റ്-എളേരി, വെസ്റ്റ് എളേരി പഞ്ചായത്തുകളിലെ കോളനി കേന്ദ്രീകരിച്ച് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

കോളനികളിലെത്തി ചികിത്സ നൽകുന്ന സഞ്ചരിക്കുന്ന വൈദ്യ സഹായ പദ്ധതിയുടെ (മൊബൈൽ മെഡിക്കൽ യൂണിറ്റ്) സേവനം പട്ടികവർഗ്ഗ കുടുംബങ്ങൾ വ്യാപകമായി താമസിക്കുന്ന തൃക്കരിപ്പൂർ മണ്ഡലത്തിലെ ഈസ്റ്റ്-എളേരി, വെസ്റ്റ് എളേരി പഞ്ചായത്തുകളിലെ താഴെ പറയുന്ന കോളനികളിൽ ലഭ്യമാക്കുന്നുണ്ട്.

1. ഈസ്റ്റ്-എളേരി:- വായിക്കാനം, കാവുന്തല, കാറ്റാംകവല, മീനാഞ്ചേരി, ചെറുങ്കാൽ, അത്തിയടുക്ക, സർക്കാരി, കോട്ടക്കുന്ന്
2. വെസ്റ്റ്-എളേരി:- നരമ്പാച്ചേരി, അട്ടക്കളക്കണ്ടം, തൊട്ടിയിൽ, കുറത്തിമട, മനവേനി, നർക്കിലക്കാട്, കോട്ടമല, കുളിപ്പാറ, കടയക്കര, വെളുത്തൻപ്പാറ, കുവപ്പാറ, പറമ്പ, അതിരുമാവ്, നെല്ലിക്കമല.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

152 (2052) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാവുകയും എന്നാൽ എല്ലാവർഷവും അംഗത്വം പുതുക്കാൻ കഴിയാതെ വരികയും ചെയ്തവരുടെ അംഗത്വം നിലവിൽ പുതുക്കി നൽകാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ അംഗത്വം മുടങ്ങിപ്പോയവർക്ക് അംഗത്വം പുതുക്കി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

(എ&ബി) 2018-2019 കാലയളവിലെ സാധുവായ ആർ.എസ്.ബി.വൈ.,

ചിസ്, ചിസ് പ്ലസ് കാർഡുകളുള്ളവർക്ക് അല്ലെങ്കിൽ 2011 സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) പ്രകാരം പദ്ധതിയിൽ അർഹരാണെന്ന് കാണിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്നും ലഭിച്ച തപാൽ സന്ദേശമുള്ളവർക്കുമാണ് നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയിൽ അംഗത്വം നൽകുന്നത്. ഈ രേഖകളോടൊപ്പം റേഷൻകാർഡ്, ആധാർ കാർഡ് ഇവ ഹാജരാക്കി KASP-ൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ കിയോസ്കുകളിൽനിന്നും അംഗത്വം നേടാവുന്നതാണ്. ഈ അംഗത്വം വർഷാവർഷം പുതുക്കേണ്ട ആവശ്യമില്ല.

## കാരുണ്യ ചികിത്സാ കാർഡുകൾ

153 (2053) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ശ്രീചിത്ര, ആർ.സി.സി. എന്നിവിടങ്ങളിൽ കാരുണ്യ ചികിത്സാ കാർഡുകൾ അംഗീകരിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ ആയത് അംഗീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) RCC-യിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നുണ്ട്. എന്നാൽ ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി KASP പദ്ധതി ആരംഭിച്ച ആദ്യ വർഷം പദ്ധതിയിൽ അംഗത്വം നേടുകയും സൗജന്യ ചികിത്സ നൽകുകയും ചെയ്തിരുന്നു. രണ്ടാം വർഷം എംപാനൽമെന്റ് പുതുക്കുന്ന ആവശ്യവുമായി പദ്ധതി നടത്തിപ്പ് ചുമതലയുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) പലതവണ ബന്ധപ്പെട്ടെങ്കിലും ആശുപത്രി എംപാനൽ ആകാൻ തയ്യാറായില്ല. ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി എന്ന സ്ഥാപനം കേന്ദ്ര സയൻസ് ആൻഡ് ടെക്നോളജി മന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന ഓട്ടോണമസ് (സ്വയംഭരണാധികാര) സ്ഥാപനമാണ്. ആയതിനാൽ ഈ സ്ഥാപനത്തെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനായി നടപടി സ്വീകരിക്കാൻ കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തോടും നാഷണൽ ഹെൽത്ത് അതോറിറ്റിയോടും ആവശ്യപ്പെട്ടിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

154 (2054) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ വണ്ടാഴി, കിഴക്കാഞ്ചേരി, കുനിശ്ശേരി എന്നീ ആശുപത്രികളിലാണ് ഇപ്പോൾ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിവരുന്നത്. കുനിശ്ശേരി ആശുപത്രിയിൽ ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി ലഭ്യമാക്കി ഇ-ഹെൽത്ത് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ മണ്ഡലത്തിലെ ഓരോ ആശുപത്രിക്കും എത്ര ലക്ഷം രൂപ വീതമാണ് ആരോഗ്യവകുപ്പ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

പദ്ധതി നിർവ്വഹണത്തിനുള്ള അനുമതി ലഭിക്കുന്നമുറയ്ക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടാണ് ഇ-ഹെൽത്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. എന്നിരുന്നാലും ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ ജില്ലാ ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ആർദ്രം പദ്ധതി**

155 (2055) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ഇരിക്കൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആർദ്രം പദ്ധതി ഒന്നാം ഘട്ടം - ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം ആലക്കോട് (തേർത്തല്ലി) എന്ന സ്ഥാപനത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും അടിസ്ഥാനസൗകര്യ

വികസനത്തിനായി എൻ.എച്ച്.എം. വഴി 20.82 ലക്ഷം രൂപ അനുവദിച്ച് അടിസ്ഥാന സൗകര്യങ്ങളും, രോഗീസൗഹൃദ അന്തരീക്ഷവും മെച്ചപ്പെട്ട സേവനവും ലാബ് സൗകര്യവും ലഭ്യമാക്കി നിലവിൽ സ്ഥാപനം കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരികയുമാണ്.

2. ആർദ്രം പദ്ധതിയുടെ ഭാഗമായി - ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ്ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകളും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

3. ആർദ്രം പദ്ധതി രണ്ടാം ഘട്ടം - ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉദയഗിരി, ഉളിക്കൽ, ചെങ്ങളായി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തെരഞ്ഞെടുക്കുകയും അടിസ്ഥാനസൗകര്യ വികസനത്തിനായി ഉദയഗിരി, ഉളിക്കൽ എന്നീ സ്ഥാപനങ്ങളിൽ യഥാക്രമം 15.46 ലക്ഷം രൂപ, 29.86 ലക്ഷം രൂപ എൻ.എച്ച്.എം. വഴി അനുവദിച്ചു.

4. ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങളും രോഗീസൗഹൃദ അന്തരീക്ഷവും, ലാബ് സൗകര്യവും മെച്ചപ്പെട്ട സേവനങ്ങളും ലഭ്യമാക്കി കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരികയുമാണ്.

5. ആർദ്രം പദ്ധതിയുടെ ഭാഗമായി ഉളിക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ തസ്തികകളും ഉദയഗിരി കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു ലാബ് ടെക്നീഷ്യൻ തസ്തികയും പുതിയതായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

6. ചെങ്ങളായി പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനായി എൻ.എച്ച്.എം. വഴി 17.52 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ടി സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണത്തിനായി 50 ലക്ഷം രൂപ (അമ്പത് ലക്ഷം രൂപാ മാത്രം) എം.എൽ.എ. ഫണ്ട് അനുവദിച്ചിട്ടുണ്ട്.

7. ആർദ്രം മൂന്നാം ഘട്ടം - ആർദ്രം മൂന്നാം ഘട്ടത്തിൽ ചുഴലി, എരുവശ്ശി, കുടിയാൻമല, ചന്ദനക്കാംപാറ, ആലക്കോട് (മണക്കടവ്), നടുവിൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. ടി കേന്ദ്രങ്ങളുടെ അടിസ്ഥാന

സൗകര്യ വികസനത്തിനായി 15.50 ലക്ഷം രൂപ വീതം എൻ.എച്ച്.എം. വഴി അനുവദിച്ചിട്ടുണ്ട്. കൂടാതെ കുടിയാൻമല പി.എച്ച്.സി.-ക്ക് കെട്ടിട നിർമ്മാണത്തിനായി 50 ലക്ഷം രൂപ (അമ്പത് ലക്ഷം രൂപാ മാത്രം) എം.എൽ.എ. ഫണ്ടായി അനുവദിച്ചിട്ടുണ്ട്. ആലക്കോട് (മണക്കടവ്) പി.എച്ച്.സി.-ക്ക് 2021-22 വർഷത്തെ എൻ.എച്ച്.എം. (NHM) ആർ.ഒ.പി. ഫണ്ട് വഴി കെട്ടിട നിർമ്മാണത്തിനായി 110.89 ലക്ഷം (നൂറ്റിപത്ത് ലക്ഷത്തി എൺപത്തി ഒൻപതിനായിരം രൂപാ മാത്രം) അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

8. കോവിഡ്-19 പശ്ചാത്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും ഒന്ന് വീതം ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന പദ്ധതിയിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിൽനിന്നും സാമൂഹികാരോഗ്യ കേന്ദ്രം 'കുട്ടുമുഖം' എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

**കൊല്ലം ജില്ലാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനം**

156 (2056) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലാ ആശുപത്രിയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള കിഫ്ബി പദ്ധതിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഗ്രിഹ (Green Rating for Integrated Habitat Assessment) ത്രീ സ്റ്റാർ റേറ്റിംഗ് ഉറപ്പ് വരുത്തുന്നതിനായി പ്ലാനിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്ലാനിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി അടിയന്തരമായി പൂർത്തീകരിച്ച് പ്രവൃത്തി ടെൻഡർ ചെയ്യുമോ; വിശദവിവരം ലഭ്യമാക്കുമോ?

കിഫ്ബിയുടെ സാമ്പത്തികാനുമതിയിൽ നിർദ്ദേശിച്ച പ്രകാരം പദ്ധതിയുടെ ഡിസൈൻ റിവ്യൂവിനായി ആവശ്യമായ രേഖകൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കെ.എസ്.ഇ.ബി. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബിയുടെ 13-9-2021-ലെ കത്ത് പ്രകാരം പ്രത്യേക കൺസൾട്ടന്റ് മുഖേന ഗ്രിഹ ത്രീസ്റ്റാർ റേറ്റിംഗ് ഉറപ്പുവരുത്തുന്നതിന് വേണ്ടിയുള്ള ജോലികൾ പൂർത്തീകരിച്ച് കിഫ്ബിയിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. മേൽപ്പറഞ്ഞവയ്ക്ക് കിഫ്ബിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തികൾ ടെൻഡർ ചെയ്യുന്നതിന് കഴിയുന്നതാണ്.

## ആരോഗ്യ വകുപ്പിന് കീഴിലെ മൈക്രോ ബയോളജി ലാബുകൾ

157 (2057) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിലെ ഏതെല്ലാം ആശുപത്രികളിലാണ് മൈക്രോ ബയോളജി ലാബുകൾ നിലവിലുള്ളതെന്ന് അറിയിക്കാമോ?

വയനാട് മെഡിക്കൽ കോളേജ് ഒഴികെയുള്ള എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും മൈക്രോബയോളജി ലാബ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പുനലൂർ താലൂക്ക് ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ മൈക്രോ ബയോളജി ലാബുകൾ പ്രവർത്തിക്കുന്നു. ആലപ്പുഴ, കോഴിക്കോട് ജനറൽ ആശുപത്രികളിൽ മൈക്രോബയോളജി ലാബുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർതലം വരെയുള്ള ആശുപത്രികളിൽ മൈക്രോ ബയോളജി ലാബുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും പദ്ധതി സർക്കാർ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

## കണ്ണൂർ ജില്ലയിലെ ഡയാലിസിസ് സെന്ററുകൾ

158 (2058) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്ക സംബന്ധമായ അസുഖം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് ജനങ്ങളുടെ മാറിവരുന്ന ജീവിതശൈലിക്ക് അനുസൃതമായ പ്രമേഹവും രക്താതിമർദ്ദവും ഉൾപ്പെടുന്ന വിവിധതരം ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഇതിനെക്കുറിച്ച് പഠനം നടത്തുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ഈ രോഗങ്ങളുടെ മൂർദ്ധന്യാവസ്ഥയിൽ ശരീരത്തിലെ എല്ലാ അവയവങ്ങളെയും ബാധിക്കുന്നത് പോലെ വൃക്കകളെയും സാരമായി ബാധിക്കാറുണ്ട്. തൽഫലമായി വൃക്കരോഗങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എല്ലാ താലൂക്കാശുപത്രികളിലും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് ജില്ലാ/ജനറൽ ആശുപത്രികളും താലൂക്കാശുപത്രികളും തെരഞ്ഞെടുത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കൂടിയായി 87 ഡയാലിസിസ്

കേന്ദ്രങ്ങൾ ആരോഗ്യ വകുപ്പിന് കീഴിൽ മാത്രം പ്രവർത്തിച്ച് വരുന്നു. ഡയാലിസിസ് കേന്ദ്രങ്ങളുടെ നടത്തിപ്പിന് ആവശ്യമായ ഡയാലിസിസ് മെഷീനുകളും അതിനുള്ള ഭൗതിക സാഹചര്യങ്ങളും RO പ്ലാന്റും സജ്ജീകരിക്കുന്നതിന് ഏറെ സാമ്പത്തികഭാരം ഉണ്ടാകുന്നതാണ്. അതിനോടൊപ്പം തന്നെ പ്രതിദിനം വേണ്ടി വരുന്ന തുടർചെലവുകളും മാനവവിഭവശേഷിയുംകൂടി പരിഗണിക്കുമ്പോൾ ചെറിയ സ്ഥാപനങ്ങളിൽ ഡയാലിസിസ് നടത്തിക്കൊണ്ട് പോകുന്നതിനായി സാങ്കേതികമായ ബുദ്ധിമുട്ടുകളുണ്ട്.

(സി) സർക്കാരിന്റെ കണക്കുപ്രകാരം എത്ര പേർക്ക് ഡയാലിസിസ് ചെയ്തുവരുന്നുണ്ട്?

സർക്കാർ തീരുമാനം അനുസരിച്ച് എല്ലാ ജില്ലാ/താലൂക്കാശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നത്. സർക്കാർ ആശുപത്രികളിൽ ആകെ 87 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 2021 അവസാനത്തോടെ 6 ഡയാലിസിസ് യൂണിറ്റുകൾകൂടി പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രിയിലെ ഡയാലിസിസ് സെന്ററുകൾ മുഖേന ഏകദേശം 4500 രോഗികൾക്ക് തുടർച്ചയായി ഡയാലിസിസ് നടത്തിവരുന്നു. പ്രധാന മെഡിക്കൽ കോളേജുകളിൽ പ്രതിമാസം ശരാശരി 2000-2200 രോഗികൾക്കും മറ്റ് മെഡിക്കൽ കോളേജുകളിൽ പ്രതിമാസം ശരാശരി 600-700 രോഗികൾക്കും ഡയാലിസിസ് ചെയ്യുന്നു.

(ഡി) കണ്ണൂർ ജില്ലയിൽ നിലവിൽ എത്ര പേർക്ക് ഡയാലിസിസ് ചെയ്തുവരുന്നുണ്ട്; വിശദമാക്കാമോ?

| ക്രമ നമ്പർ | സ്ഥാപനം | ഡയാലിസിസ് രോഗികളുടെഎണ്ണം |
|---|---|---|
| 1 | ജില്ലാ ആശുപത്രി, കണ്ണൂർ | 117 |
| 2 | ജനറൽ ആശുപത്രി, തലശ്ശേരി | 73 |
| 3 | താലൂക്കാസ്ഥാന ആശുപത്രി, തളിപ്പറമ്പ് | 36 |
| 4 | താലൂക്കാശുപത്രി, പഴയങ്ങാടി | 23 |
| 5 | താലൂക്കാശുപത്രി, ഇരിട്ടി | 17 |
| 6 | താലൂക്കാശുപത്രി, പേരാവൂർ | 21 |
| 7 | താലൂക്കാശുപത്രി, പയ്യന്നൂർ | 18 |
| 8 | താലൂക്കാശുപത്രി, കൂത്ത്പറമ്പ | 35 |
| 9 | അർബൻ ഡയാലിസിസ് സെന്റർ, ഉരുവച്ചാൽ | 24 |
| 10 | അർബൻ ഡയാലിസിസ് സെന്റർ, എടക്കാട് | 11 |
| ആകെ | | 375 |

കണ്ണൂർ മെഡിക്കൽ കോളേജിൽ ശരാശരി 80 രോഗികൾ ദിവസേന ഡയാലിസിസ് ചെയ്തുവരുന്നു.

(ഇ) ഡയാലിസിസ് ചെയ്തുവരുന്ന രോഗികൾക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന Society for Medical Assistance to Poor പദ്ധതി മുഖേന ഡയാലിസിസ് രോഗികൾക്ക് Society, അംഗീകൃത ആശുപത്രിയിലെ ഡോക്ടറിൽനിന്നുമുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ ഒറ്റത്തവണ ധനസഹായമായി നൽകിവരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി പ്രധാന സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സൗജന്യമായി ചെയ്തുകൊടുക്കുന്നുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് സൗജന്യമായി ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ആരോഗ്യ കേരളം പാലിയേറ്റീവ് കെയർ പ്രോജക്ട് പദ്ധതി പ്രകാരം വൃക്കരോഗികൾക്ക് വേണ്ട എറിത്രോപൊയിറ്റിൻ ഇൻജക്ഷൻ സൗജന്യമായി നൽകുന്നുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് വഴി സർക്കാർ ആശുപത്രികളിലും അവയവമാറ്റ ശസ്ത്രക്രിയയ്ക്കും ധനസഹായം നൽകുന്നുണ്ട്. കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി വഴി 5 ലക്ഷം രൂപ വരെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ലഭിക്കുന്നതാണ്. സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള സമാശ്വാസ പദ്ധതി പ്രകാരം വൃക്ക/കരൾ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ഒരുലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1,600 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് 5 വർഷം വരെയാണ് ധനസഹായം നൽകുന്നത്. രോഗിയെ പരിചരിക്കുന്നവർക്ക് 1,000 രൂപ പെൻഷൻ നൽകുന്നുണ്ട്. ഇത് ഡയാലിസിസ് രോഗികൾക്കും ലഭ്യമാണ്. അവയവമാറ്റ ശസ്ത്രക്രിയ നടത്തി ആറുമാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ട്. പ്രാരംഭഘട്ടത്തിൽ തന്നെ വൃക്കരോഗനിർണ്ണയം നടത്തി ആവശ്യമായ ചികിത്സ നൽകുന്നതിനുള്ള സൗകര്യം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്. എല്ലാ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിലും നെഫ്രോളജിസ്റ്റിന്റെ സേവനം ലഭ്യമാണ്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ നെഫ്രോളജി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസറുടെ ഒരു തസ്തിക സൃഷ്ടിക്കുകയും നിയമനം നടത്തുന്നതിന് നടപടികൾ തുടർന്നുവരികയുമാണ്.

## സർക്കാർ ആശുപത്രികൾ നേരിടുന്ന പ്രതിസന്ധി

159 (2059) ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ഓപ്പറേഷൻ തീയേറ്ററുകളിലും ലാബുകളിലും മതിയായ ഉപകരണങ്ങൾ ഇല്ലാത്തതായി പറയപ്പെടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുപരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

(എ & ബി) തീയേറ്ററുകളിലും ലാബുകളിലും ആവശ്യമായി വരുന്ന ഉപകരണങ്ങൾ പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി അതാത് സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസൽ പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ലഭ്യമാക്കിവരുന്നു.

(സി) ഉപകരണങ്ങൾ വാങ്ങിയ വകയിൽ വിതരണക്കാർക്ക് കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്നത്തേയ്ക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ കുടിശ്ശിക തുക വിതരണക്കാർക്ക് നൽകിവരുന്നു.

## പി.എച്ച്.സി.കളിൽ ഇ.സി.ജി. സംവിധാനം

160 (2060) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഹൃദയസംബന്ധമായ അസുഖങ്ങൾമൂലം ധാരാളംപേർ ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യം കണക്കിലെടുത്ത് എല്ലാ പി.എച്ച്.സി.-കളിലും ഇ.സി.ജി. സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ആർദ്രം പദ്ധതി വഴി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഇ.സി.ജി. മെഷീൻ വാങ്ങി നൽകുന്നതിനുള്ള ഭരണാനുമതി KMSCL-ന് നൽകിയിട്ടുണ്ട്. ആയത് വിതരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പുതുക്കാട് മണ്ഡലത്തിലെ കോടാലി സി.എച്ച്.സി.-യുടെ നവീകരണം

161 (2061) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ പഞ്ചായത്തിലെ കോടാലി സി.എച്ച്.സി.-യുടെ നവീകരണത്തിനും കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ സി.എച്ച്.സി.-യെ 20-3-2020-ലെ G.O(Rt)No.619/2020/H&FWD പ്രകാരം ബ്ലോക്ക് എഫ്.എച്ച്.സി. ആയി ഉയർത്തുന്നതിന് 38 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ നിർമ്മാണ ഏജൻസിയായി എച്ച്.എൽ.എൽ.-ന് ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

## പള്ളുരുത്തി താലൂക്കാശുപത്രി

162 (2062) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളുരുത്തി താലൂക്കാശുപത്രിയോട് ചേർന്നുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന നഴ്സിംഗ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്?

പള്ളുരുത്തി താലൂക്കാശുപത്രിയോട് ചേർന്നുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന നഴ്സിംഗ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിലവിൽ തൃപ്പൂണിത്തുറയിലുള്ള ജെ.പി.എച്ച്.എൻ. ട്രെയിനിംഗ് സെന്ററിലാണ് പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത കെട്ടിടം മറ്റെന്തെങ്കിലും ആവശ്യങ്ങൾക്ക് നിലവിൽ ഉപയോഗിക്കുന്നുണ്ടോ?

ഇല്ല.

(സി) ആശുപത്രിയുടെ ഭാഗമായ ഈ കെട്ടിടം താലൂക്ക് ആശുപത്രിയുടെ ഉപയോഗത്തിനായി തിരികെ കൊടുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

പള്ളുരുത്തി താലൂക്കാശുപത്രിയോട് ചേർന്നുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന നഴ്സിംഗ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിലവിൽ അവിടെ പ്രവർത്തിക്കുന്നില്ലാത്ത സാഹചര്യത്തിൽ, ടി കെട്ടിടം തിരികെ ലഭ്യമാക്കണമെന്ന് ആരോഗ്യ വകുപ്പ്

ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ഓങ്കോളജി വിഭാഗത്തിന് കെട്ടിടം**

163 (2063) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ ഓങ്കോളജി വിഭാഗത്തിനായി കെട്ടിടം പണിയുന്നതിന് 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ?

2019-20 സാമ്പത്തിക വർഷത്തിൽ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന് കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 5 കോടി രൂപ അടങ്കൽ തുക ഉൾക്കൊള്ളിച്ചതിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) എങ്കിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതാണെങ്കിൽ അത് നടപ്പിലാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

(ബി-ഡി) മണ്ണ് പരിശോധന പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റും പ്ലാനും ലഭ്യമാക്കുന്ന മുറയ്ക്ക്, പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വടവുകോട് സി.എച്ച്.സി.യിൽ ഡയാലിസിസ് സെന്റർ**

164 (2064) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡയാലിസിസ് ആവശ്യമായ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ സി.എച്ച്.സി.കളിൽ ഡയാലിസിസ് സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ഡയാലിസിസ് സെന്ററുകൾ നിലവിലില്ലാത്ത കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് സി.എച്ച്.സി.-യിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ

സഹകരണത്തോടെ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കെട്ടിട സൗകര്യം, വൈദ്യുതി, ആർ.ഒ. പ്ലാന്റിനുവേണ്ട ജലം, പരിശീലനം ലഭിച്ച ഡോക്ടേഴ്സും സ്റ്റാഫും (സ്റ്റാഫ് നഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ, ക്ലീനിംഗ് സ്റ്റാഫ്) ഡയാലിസിസിനുവേണ്ട ഉപകരണങ്ങൾ, തുടർചെലവിനുള്ള ഫണ്ട് ഇത്രയും സൗകര്യങ്ങൾ സജ്ജമാണെങ്കിൽ മാത്രമേ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്താൻ സാധിക്കുകയുള്ളൂ. നിലവിൽ താലൂക്കാശുപത്രിതലം വരെയാണ് ഡയാലിസിസ് സൗകര്യം സർക്കാർ മുഖേന ലഭ്യമാക്കുന്നത്. ആയതിനാൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതുകൊണ്ട് മാത്രം ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നത് പ്രായോഗികമല്ല. മേൽപ്പറഞ്ഞ സൗകര്യങ്ങൾകൂടി ലഭ്യമാണെങ്കിൽ മാത്രമേ സി.എച്ച്.സി.-കളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാൻ സാധിക്കുകയുള്ളൂ.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ കാത്ത് ലാബ്**

165 (2065) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് കാത്ത് ലാബ് ആരംഭിക്കുന്ന ആശുപത്രികളുടെ പട്ടികയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഒരു ജില്ലയിൽ ഒരു കാത്ത് ലാബ് എന്ന നിലയിലാണ് ഇപ്പോൾ ഈ സംവിധാനം ഒരുക്കിവരുന്നത്. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് സംവിധാനം നിലവിലുണ്ട്.

(ബി) പുതിയതായി കാത്ത് ലാബ് അനുവദിച്ച ആശുപത്രികളുടെ പേരുവിവരം വിശദമാക്കാമോ?

നിലവിൽ ഹൃദ്രോഗ ചികിത്സയ്ക്കായി സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിൽ:

ജനറൽ ആശുപത്രി - തിരുവനന്തപുരം

ജില്ലാ ആശുപത്രി - കൊല്ലം

ജനറൽ ആശുപത്രി - പത്തനംതിട്ട

ജനറൽ ആശുപത്രി - എറണാകുളം

ജില്ലാ ആശുപത്രി - പാലക്കാട്

ജനറൽ ആശുപത്രി - കോഴിക്കോട്

ജനറൽ ആശുപത്രി - മഞ്ചേരി

ജനറൽ ആശുപത്രി - തൃശ്ശൂർ

മെഡിക്കൽ കോളേജ് - കൊല്ലം

മെഡിക്കൽ കോളേജ് - എറണാകുളം എന്നിവിടങ്ങളിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ കിഫ്ബി പദ്ധതി പ്രകാരം

ജനറൽ ആശുപത്രി - ആലപ്പുഴ

ജില്ലാ ആശുപത്രി - കണ്ണൂർ

ജില്ലാ ആശുപത്രി - കാഞ്ഞങ്ങാട്

ജനറൽ ആശുപത്രി - കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു.

(സി) കാത്ത് ലാബ് പട്ടികയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രി ഉൾപ്പെട്ടിട്ടില്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

നിലവിൽ ഒരു ജില്ലയിൽ ഒരു കാത്ത് ലാബ് എന്ന രീതിയിലാണ് കാത്ത് ലാബ് അനുവദിച്ചുവരുന്നത്. ആയതിൻപ്രകാരം തിരുവനന്തപുരം ജില്ലയിൽ ജനറൽ ആശുപത്രി തിരുവനന്തപുരത്ത് പ്രസ്തുത കാത്ത് ലാബ് പ്രവർത്തിച്ചുവരുന്നു.

**തിരുവല്ല താലൂക്കാശുപത്രി ഒ.പി. കെട്ടിട നിർമ്മാണം**

166 (2066) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്ന തിരുവല്ല താലൂക്കാശുപത്രിയുടെ ഒ.പി. കെട്ടിടത്തിന്റെ നിർമ്മാണത്തിനായുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ) വാല്യം II-ൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ എന്നതിൽ തിരുവല്ല

താലൂക്കാശുപത്രി ഒ.പി. ബ്ലോക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ അടങ്കൽ തുക 1,500 ലക്ഷം രൂപ ഉൾക്കൊള്ളിക്കുകയും 3 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിക്കാവശ്യമായ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**പേരാമ്പ്ര മണ്ഡലത്തിലെ ആർദ്രം പദ്ധതി**

167 (2067) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പേരാമ്പ്ര മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിമാറ്റിയ ആശുപത്രികളിൽ എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്?

ആർദ്രം ഒന്നാം ഘട്ടം - സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ നൊച്ചാട്, അരിക്കുളം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ഒ.പി. കൗണ്ടർ, പ്രീ ചെക്കപ്പ് റൂം, ഫാർമസി നവീകരണം, ലാബ് സൗകര്യം, മുലയൂട്ടൽ റൂം മുതലായ അടിസ്ഥാന സൗകര്യങ്ങളും, രോഗീസൗഹൃദ അന്തരീക്ഷവും, മെച്ചപ്പെട്ട സേവനങ്ങളും നൽകി സ്ഥാപനം കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരികയുമാണ്. ആർദ്രം പദ്ധതി മാർഗ്ഗരേഖപ്രകാരം കുടുംബാരോഗ്യകേന്ദ്രങ്ങളിൽ നൽകേണ്ടുന്ന എല്ലാ സേവനങ്ങളും ടി സ്ഥാപനങ്ങളിൽനിന്നും നൽകിവരുന്നു. ഇതിനായി ടി സ്ഥാപനങ്ങളിൽ ഒന്ന് വീതം അസിസ്റ്റന്റ് സർജൻ, 2-വീതം സ്റ്റാഫ് നഴ്സ്, ഒന്ന് വീതം ലാബ് ടെക്നീഷ്യൻ, ഒന്ന് വീതം ഫാർമസിസ്റ്റ്മാരുടെയും തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

ആർദ്രം രണ്ടാം ഘട്ടം - ആർദ്രം രണ്ടാം ഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ ചങ്ങോരത്ത്, പെരുവണ്ണാമൂഴി, പന്നിക്കോട്ടൂർ, മേപ്പയൂർ, കീഴരിയൂർ, ആവള എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ഒ.പി. കൗണ്ടർ, പ്രീ ചെക്കപ്പ് റൂം, ഫാർമസി നവീകരണം, ലാബ് സൗകര്യം, മുലയൂട്ടൽ റൂം മുതലായ അടിസ്ഥാന സൗകര്യങ്ങളും രോഗീസൗഹൃദ അന്തരീക്ഷവും സൃഷ്ടിച്ച് ചങ്ങോരത്ത്, പെരുവണ്ണാമൂഴി, മേപ്പയ്യൂർ എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ പ്രവർത്തിച്ചുവരികയുമാണ്. ഇതിനായി ചങ്ങോരത്ത് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ,

ഒരു സ്റ്റാഫ് നഴ്സ് എന്നീ തസ്തികകളും, പെരുവണ്ണാമൂഴി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജന്റെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത പന്നിക്കോട്ടൂർ, കീഴരിയൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി പന്നിക്കോട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും കീഴരിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

ആർദ്രം മൂന്നാം ഘട്ടം ടി നിയോജകമണ്ഡലത്തിലെ കൂത്താളി, തുറയൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ എൻ.എച്ച്.എം. വഴി പ്രാരംഭ ഘട്ടത്തിലാണ്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിലും എത്ര തുകവീതം ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

| ക്രമനം. | സ്ഥാപനം | നാളിതുവരെ ചെലവഴിച്ച തുക |
|---|---|---|
| 1 | നൊച്ചാട് | 11,37,499/- |
| 2 | അരിക്കുളം എഫ്.എച്ച്.സി. | 11,98,881/- |
| 3 | മേപ്പയ്യൂർ എഫ്.എച്ച്.സി. | 12,09,123/- |
| 4 | പെരുവണ്ണാമൂഴി | 10,51,625/- |
| 5 | ചങ്ങോരത്ത് എഫ്.എച്ച്.സി. | 14,93,427/- |
| 6 | എഫ്.എച്ച്.സി. ആവള | 7,41,761/-. |

(സി) ഓരോ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സ്റ്റാഫ് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ എത്ര ഒഴിവുകൾ വീതം ഉണ്ട്; എത്ര തസ്തികകൾ വീതം അനുവദിച്ചു; വ്യക്തമാക്കാമോ?

ഓരോ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സൃഷ്ടിച്ച തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| എഫ്.എച്ച്.സി.-യുടെ പേര് | ജെ.പി.എച്ച്.എൻ. | സ്റ്റാഫ് നഴ്സ് | ജെ.എച്ച്.ഐ. |
|---|---|---|---|
| മേപ്പയ്യൂർ | 0 | 0 | 0 |
| പെരുവണ്ണാമൂഴി | 0 | 0 | 0 |
| ചങ്ങരോത്ത് | 0 | 1 | 0 |
| ആവള | 0 | 0 | 0 |
| നൊച്ചാട് | 0 | 2 | 0 |
| അരിക്കുളം | 0 | 2 | 0 |

നിലവിലുള്ള ഒഴിവുകൾ

| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | എണ്ണം |
|---|---|
| കുടുംബാരോഗ്യ കേന്ദ്രം, നൊച്ചാട് | 1 |
| കുടുംബാരോഗ്യ കേന്ദ്രം, ആവള | 1 |
| കുടുംബാരോഗ്യ കേന്ദ്രം, മേപ്പയ്യൂർ | 1 |
| കുടുംബാരോഗ്യ കേന്ദ്രം, അരിക്കുളം | 1 |

| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | എണ്ണം |
|---|---|
| കുടുംബാരോഗ്യ കേന്ദ്രം, നൊച്ചാട് | 1 |
| കുടുംബാരോഗ്യ കേന്ദ്രം, ആവള | 1 |
| കുടുംബാരോഗ്യ കേന്ദ്രം, മേപ്പയൂർ | 1 |

സ്റ്റാഫ് നഴ്സ് തസ്തികയിൽ ഒഴിവ് നിലവിലില്ല. ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒന്ന് വീതം അസിസ്റ്റന്റ് സർജൻ, 2-വീതം സ്റ്റാഫ് നഴ്സ്, ഒന്ന് വീതം ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും ഒന്ന് വീതം ഫാർമസിസ്റ്റ്മാരുടെയും തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ചങ്ങോരത്ത് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ, ഒരു സ്റ്റാഫ് നഴ്സ് എന്നീ തസ്തികകളും, പെരുവണ്ണാമൂഴി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജന്റെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. പന്നികോട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും,

കീഴരിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജ്ജൻ, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഒരു റവന്യൂ ബ്ലോക്കിൽനിന്നും ഒരു ആരോഗ്യ സ്ഥാപനത്തെ അടിസ്ഥാന സൗകര്യങ്ങളും രോഗീസൗഹൃദ അന്തരീക്ഷവും മെച്ചപ്പെട്ട സേവനങ്ങളും നൽകി ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് 1-8-2021-ലെ സ.ഉ.(ആർ.ടി.)നം. 1633/2021 ആകുവ. പ്രകാരം തീരുമാനമായതിൽ പേരാമ്പ്ര റവന്യൂ ബ്ലോക്കിൽനിന്നും ആവള എഫ്.എച്ച്.സി.-യെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഒന്ന് വീതം 'ഐസൊലേഷൻ വാർഡ്' സ്ഥാപിക്കാൻ 26-7-2021-ലെ സ.ഉ.(ആർ.റ്റി.)നം.1555/2021/ആ.കു.വ. പ്രകാരം തീരുമാനമായതിൽ പേരാമ്പ്ര നിയോജകമണ്ഡലത്തിൽനിന്നും പേരാമ്പ്ര ഗവൺമെന്റ് ആശുപത്രിയെയാണ് ഐസൊലേഷൻ വാർഡ് സ്ഥാപിക്കാൻ തെരഞ്ഞെടുത്തിരിക്കുന്നത്. കിഫ്ബി ഫണ്ടും എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടും ഉപയോഗിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചിരിക്കുന്നത്.

(ഡി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാമോ?

ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കൊല്ലം വിക്ടോറിയ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം**

168 (2068) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം വിക്ടോറിയ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കിഫ്ബി പദ്ധതിക്ക് ഭരണാനുമതി ലഭിച്ച് നാളേറെയായിട്ടും കിഫ്ബിയിൽനിന്നും സാമ്പത്തിക അനുമതി ഉൾപ്പെടെയുള്ള തുടർപ്രവർത്തനങ്ങൾക്ക് കാലതാമസം ഉണ്ടാകുന്നതിന് കാരണം എന്താണ്; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം വിക്ടോറിയ ആശുപത്രിയുടെ കിഫ്ബി പദ്ധതിയുടെ രൂപകല്പന അവസാന ഘട്ടത്തിലാണ്. അത് പൂർത്തിയായാലുടൻ കിഫ്ബിയുടെ സാമ്പത്തിക അനുമതിക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കെ.എസ്.ഇ.ബി. സമർപ്പിക്കുന്നതാണ്.

(ബി) തുടർനടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

## തൃപ്പൂണിത്തുറ താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെ അഭാവം

169 (2069) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ താലൂക്കാശുപത്രിയിൽനിന്നും ഫിസിഷ്യൻ, സർജൻ തസ്തികകൾ താൽക്കാലികമായി മാറ്റിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത തസ്തികകൾ എന്നുവരെയാണ് മാറ്റിയിരുന്നതെന്ന് വ്യക്തമാക്കാമോ?

13-9-2010-ലെ സ.ഉ.(കൈ)നമ്പർ 601/2010 പ്രകാരമാണ് തൃപ്പൂണിത്തുറ താലൂക്കാശുപത്രിയിൽനിന്നും ഫിസിഷ്യൻ, സർജൻ തസ്തികകൾ താൽക്കാലികമായി മാറ്റിയത്. 5-5-2014-ലെ സ.ഉ(സാധാ)നമ്പർ 1405/2014 പ്രകാരം 31-5-2014 വരെയോ തസ്തികകളുടെ പുനർവിന്യാസം സംബന്ധിച്ച് പഠനം നടത്തുന്നതിനായി വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്നതുവരെയോ, ഏതാണ് ആദ്യം, അന്ന് വരെ താത്കാലികമായി നിലനിർത്തി ഉത്തരവായിരുന്നു. (ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു).*

(ബി) ഈ തസ്തികകളിലുള്ള ഡോക്ടർമാരുടെ അഭാവം തൃപ്പൂണിത്തുറ, മരട്, തൃക്കാക്കര മുനിസിപ്പാലിറ്റികളിലേയും സമീപ പഞ്ചായത്തുകളിലേയും രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം പരിഗണിച്ച് ഈ തസ്തികകൾ തിരികെ തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## നിലമ്പൂർ ജില്ലാ ആശുപത്രിയിൽ എൻ.എച്ച്.എം. ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടം

170 (2070) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ മാതൃ-ശിശു വിഭാഗത്തിന് എൻ.എച്ച്.എം. ഫണ്ടുപയോഗിച്ച് പുതുതായി നിർമ്മിക്കുന്ന ബഹുനില കെട്ടിടത്തിന്റെ പ്രവൃത്തി മുടങ്ങാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

നിലമ്പൂർ ജില്ലാ ആശുപത്രിയിൽ മാതൃ-ശിശു വിഭാഗത്തിന് എൻ.എച്ച്.എം. ഫണ്ടായ 10 കോടി രൂപ ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബി.എസ്.എൻ.എൽ.-നെയാണ് നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയത്. എന്നാൽ ഏജൻസിയുടെ ഭാഗത്തുനിന്നും പ്രവൃത്തിയുടെ പുരോഗതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈവരിക്കുന്നതിന് വിവിധ കാരണങ്ങളാൽ കാലതാമസം നേരിട്ടു. തുടർന്ന് നിർവ്വഹണ ഏജൻസിയിലെ ജീവനക്കാരുടെ അപര്യാപ്തതമൂലം ടി വർക്ക് ഏറ്റെടുത്ത് നടത്തുവാൻ സാധിക്കുകയില്ല എന്ന് ബി.എസ്.എൻ.എൽ. അറിയിക്കുകയും തുടർന്ന് ടി ഏജൻസിയെ കരാറിൽനിന്നും റദ്ദാക്കുകയും ചെയ്തു.

(ബി) സ്ഥലപരിമിതികാരണം വീർപ്പുമുട്ടുന്ന നിലമ്പൂർ ജില്ലാ ആശുപത്രിയിൽ പുതിയ കെട്ടിടം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലമ്പൂർ ജില്ലാ ആശുപത്രിയിലെ മാതൃ-ശിശു വിഭാഗ കെട്ടിടത്തിന്റെ ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനായി വാപ്കോസ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മേൽപ്രവൃത്തി പുനരാരംഭിക്കുന്നതിന് തടസ്സങ്ങൾ എന്തെല്ലാമാണെന്നും തടസ്സങ്ങൾ ഏതുവകുപ്പാണ് പരിഹരിക്കേണ്ടതെന്നും അറിയിക്കാമോ; തടസ്സങ്ങൾ നീക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ?

നിലമ്പൂർ ജില്ലാ ആശുപത്രിയിൽ മാതൃ-ശിശു വിഭാഗത്തിന് 2014-15 സാമ്പത്തിക വർഷത്തിൽ എൻ.എച്ച്.എം. ഫണ്ടായ 10 കോടി രൂപയുടെ അംഗീകാരം ലഭിച്ചു. ഡി.എസ്.ആർ. 2014 റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് ടി വർക്കിന് ഭരണാനുമതി നൽകിയതും തുടർ പ്രവൃത്തികൾ നടത്തിയതും. എന്നാൽ ടി റേറ്റിന് ശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യാൻ സാധിക്കില്ലെന്ന് കരാറുകാരൻ അറിയിച്ചതിൻ പ്രകാരം പുതുക്കിയ ഡി.എസ്.ആർ. 2018 റേറ്റ് പ്രകാരം അധികമായിവരുന്ന തുക മുൻ നിർവ്വഹണ ഏജൻസിയിൽനിന്നോ മറ്റ് സ്രോതസ്സുകളിൽനിന്നോ കണ്ടെത്തേണ്ടിവരും. ശേഷിക്കുന്ന പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കിയതിനുശേഷം എൻ.എച്ച്.എം. മുഖേനതന്നെ തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(ഡി) നിലവിലുള്ള കരാറുകാർക്ക് മേൽപ്രവൃത്തി പൂർത്തീകരിക്കാനാവുന്നില്ലെങ്കിൽ പുതിയ കരാറുകാരെ കണ്ടെത്തുകയോ പ്രവൃത്തി റീ-ടെൻഡർ ചെയ്യുകയോ ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് വാപ്കോസ് (ഏജൻസി) തയ്യാറാക്കിവരുകയാണ്. ടി എസ്റ്റിമേറ്റ് തയ്യാറിക്കിയതിനുശേഷം പ്രവൃത്തികൾ റീ-ടെണ്ടർ ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കും.

(ഇ) മേൽ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാനാകുമെന്ന് അറിയിക്കാമോ?

മേൽപ്രവൃത്തികൾ 2022 ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കുന്നതിനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കല്ലൂർക്കാട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഉടമസ്ഥത**

171 (2071) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പഞ്ചായത്ത് രാജ് നിയമം 1994-ലെ "Sub-section (6) & (7) of Section 166, THIRD SCHEDULE[C] (XII) Public Health and Sanitation " അനുസരിച്ച് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ ഉടമസ്ഥത, പരിപാലനം, സംരക്ഷണം, ഭരണം എന്നീ ചുമതലകൾ ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണെന്നിരിക്കെ, മൂവാറ്റുപുഴ കല്ലൂർക്കാട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കൈമാറികിട്ടിയ ഉടമസ്ഥത ഇപ്പോഴും മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള പഞ്ചായത്ത് രാജ് നിയമം 1994 അനുസരിച്ച് ഇത് ക്രമപ്രകാരമല്ലാത്തതിനാൽ കല്ലൂർക്കാട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഭരണപരവും നിർവ്വഹണപരവുമായ എല്ലാ ചുമതലകളും താമസംവിനാ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

(എ & ബി) ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ച പ്രകാരം ഈ വിഷയം സർക്കാർ പരിശോധിച്ച് വരുന്നുണ്ട്.

**കുണ്ടറ താലൂക്കാശുപത്രിയിലെ തസ്തികവിന്യാസം**

172 (2072) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ താലൂക്കാശുപത്രിയിലെ തസ്തിക വിന്യാസം വ്യക്തമാക്കാമോ?

കുണ്ടറ താലൂക്കാശുപത്രിയിലെ തസ്തിക വിന്യാസം ചുവടെ ചേർക്കുന്നു.

| തസ്തികയുടെ പേര് | എണ്ണം |
|---|---|
| സിവിൽ സർജൻ | 2 |
| അസിസ്റ്റന്റ് സർജൻ | 4 |
| ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) | 1 |
| ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | 1 |
| ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) | 2 |
| ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) | 1 |
| അസിസ്റ്റന്റ് ഡെന്റൽ സർജൻ | 1 |
| സീനിയർ നഴ്സിംഗ് ഓഫീസർ | 1 |
| നഴ്സിംഗ് ഓഫീസർ | 6 |
| നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -2 | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| ഫാർമസിസ്റ്റ് | 2 |
| ഡെന്റൽ ഹൈജീനിസ്റ്റ് | 1 |
| ഒപ്റ്റോമെട്രിസ്റ്റ് | 1 |
| ലാബ് ടെക്നീഷ്യൻ | 3 |
| ഹെൽത്ത് സൂപ്പർവൈസർ | 1 |
| പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 2 |
| ജെ.പി.എച്ച്.എൻ | 3 |
| ക്ലർക്ക് | 2 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| ഡ്രൈവർ | 1 |
| ആകെ | 42 |

(ബി) പ്രസ്തുത ആശുപത്രിയിൽ ഏതൊക്കെ ഒ.പി. വിഭാഗങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും ഓരോ വിഭാഗത്തിലും എത്രവീതം ഡോക്ടർമാരെയാണ് നിയമിച്ചിട്ടുള്ളതെന്നും ഒരു ദിവസത്തെ ശരാശരി ഒ.പി. എത്രയാണെന്നും വ്യക്തമാക്കാമോ?

കുണ്ടറ താലൂക്കാശുപത്രിയിൽ ജനറൽ ഒ.പി, ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ഗൈനക്കോളജി, ഡെന്റൽ എന്നീ 5 വിഭാഗം ഒ.പി. പ്രവർത്തിച്ചുവരുന്നു.

ജനറൽ ഒ.പി.- 6 ഡോക്ടർമാർ

ഗൈനക്കോളജി -3 ഡോക്ടർമാർ (അനസ്തേഷ്യ) ഉൾപ്പെടെ

ജനറൽ മെഡിസിൻ -1 ഡോക്ടർ

പീഡിയാട്രിക്സ് -1 ഡോക്ടർ

ദന്തൽ -1 ഡോക്ടർ

കോവിഡിനുമുമ്പ് പ്രതിദിനം ശരാശരി 900 മുതൽ 1000 പേരും ഇപ്പോൾ പ്രതിദിനം ശരാശരി 500 മുതൽ 600 പേരും ചികിത്സക്കായി ടി ആശുപത്രിയിൽ ഒ.പി.-യിൽ എത്തിച്ചേരുന്നുണ്ട്.

(സി) ഓപ്പറേഷൻ തീയേറ്ററുകൾ, ഡയാലിസിസ് യൂണിറ്റുകൾ, ഐ.സി.യു. എന്നിവ എത്ര എണ്ണം വീതം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കുണ്ടറ താലൂക്കാശുപത്രിയിൽ ഒരു ഗൈനക്കോളജി ഓപ്പറേഷൻ തീയേറ്റർ പ്രവർത്തിക്കുന്നുണ്ട്. ഡയാലിസിസ് യൂണിറ്റ്, ഐ.സി.യു. എന്നീ സംവിധാനങ്ങൾ നിലവിലില്ല.

(ഡി)നിലവിൽ എത്ര ആംബുലൻസുകൾ ആശുപത്രിക്കായി സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ കുണ്ടറ താലൂക്കാശുപത്രിയ്ക്കായി ഒരു ആംബുലൻസാണ് സർവ്വീസ് നടത്തുന്നത്.

(ഇ) കോവിഡ് രോഗികളെ ഐ.പി. ആയി ചികിൽസിക്കുന്നതിന് നിലവിൽ സംവിധാനങ്ങളുണ്ടോ; വ്യക്തമാക്കാമോ?

കോവിഡ് രോഗികളെ ഐ.പി. ആയി ചികിത്സിക്കുന്നതിനുള്ള സംവിധാനം നിലവിൽ ടി ആശുപത്രിയിലില്ല. എന്നാൽ കോവിഡ് രോഗികളെ നിരീക്ഷണത്തിലാക്കിയശേഷം തുടർസേവനം ആവശ്യമായവരെ മറ്റ് ആശുപത്രികളിലേയ്ക്ക് മാറ്റുന്നു.

## പെരുമണ്ണ കുടുംബാരോഗ്യ കേന്ദ്രം

173 (2073) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പെരുമണ്ണ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം രണ്ട് വർഷം മുമ്പുണ്ടായ പ്രളയത്തിൽ ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ സമീപത്തെ വീട്ടിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ & ബി) ഉണ്ട്. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ തിരൂരങ്ങാടി മണ്ഡലത്തിലെ പെരുമണ്ണ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ, 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ തകർന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## മാവേലിക്കര ജില്ലാ ആശുപത്രിയിലെ നേത്രരോഗ സർജറി വിഭാഗം

174 (2074) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിലെ നേത്രരോഗ സർജറി വിഭാഗം പ്രവർത്തനം നിർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

നേത്രരോഗ വിഭാഗത്തിൽ ഒ.പി. നിലവിൽ പ്രവർത്തിക്കുന്നുണ്ട്. സർജറി നടത്തുന്ന ശസ്ത്രക്രിയ മുറിയുടെ ചുമരുകളിൽ പൂപ്പൽബാധ കണ്ടതിനെ തുടർന്ന് നടത്തിയ പരിശോധനയിൽ ടി ചുമരുകൾ മാറ്റിയാൽ മാത്രമേ ശസ്ത്രക്രിയ തുടരുവാൻ സാധിക്കുകയുള്ളൂ. അല്ലാത്തപക്ഷം രോഗികൾക്ക് അണുബാധ ഉണ്ടാകുവാനുള്ള സാദ്ധ്യതയുള്ളതിനാൽ നേത്ര രോഗ വിഭാഗത്തിൽ സർജറി നിർത്തിവച്ചിരുന്നു.

(ബി) നേത്രരോഗ സർജറി വിഭാഗത്തിലെ ഓപ്പറേഷൻ തിയേറ്റർ പ്രവർത്തന സജ്ജമാക്കുന്നതിനും സർജറികൾ പുനരാരംഭിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

2019-20 വർഷത്തെ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയിലെ വയോജന പദ്ധതിയിലുൾപ്പെടുത്തി മോഡ്യുലാർ തിമിര ശസ്ത്രക്രിയ മുറി സജ്ജീകരിച്ചിട്ടുണ്ട്. മൈനർ ശസ്ത്രക്രിയ ആരംഭിച്ചിട്ടുണ്ട്. മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. ആയവ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ച് തിമിര ശസ്ത്രക്രിയ പുനരാരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## ആലപ്പുഴയിലെ സൂപ്പർ സ്പെഷ്യാലിറ്റി പഞ്ചകർമ്മ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്റർ

175 (2075) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ 2012-ൽ നിർമ്മാണം ആരംഭിച്ച സർക്കാർ സൂപ്പർ സ്പെഷ്യാലിറ്റി പഞ്ചകർമ്മ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്ററിന്റെ നിർമ്മാണത്തിലെ അപാകത സംബന്ധിച്ച് പരിശോധന നടത്തിയ വിവിധ ഏജൻസികളുടെ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(i) ചീഫ് ടെക്നിക്കൽ എക്സാമിനർ 3-8-2013-ന് സ്ഥലം സന്ദർശിച്ച് നൽകിയ റിപ്പോർട്ട് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ii) CTE-യുടെ നിർദ്ദേശ പ്രകാരം 11-12-2013-ൽ BSNL നടത്തിയ പരിശോധനയുടെ റിപ്പോർട്ട് അനുബന്ധം 2 ആയി ചേർക്കുന്നു.*

(iii) CTE-യുടെ നിർദ്ദേശ പ്രകാരം പ്രൈവറ്റ് ഏജൻസി കൺസൾട്ടന്റ് എഞ്ചിനീയർ ശ്രീ. അൻവർ <u>ഹുസൈൻ</u> പരിശോധിച്ച റിപ്പോർട്ടും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ നിർദ്ദേശങ്ങളും (CET) അനുബന്ധം-3 ആയി ചേർക്കുന്നു.*

(iv) തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ഡിപ്പാർട്ടുമെന്റ് ഓഫ് സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ സ്ട്രക്ച്ചറൽ എൻജിനീയറിംഗ് ഡിവിഷൻ വിഭാഗം 5-4-2019-ൽ സ്ഥലം സന്ദർശിക്കുകയും Retrofitting Strengthening Measures നിർദ്ദേശിക്കുകയുമുണ്ടായി. റിപ്പോർട്ട് അനുബന്ധം 4 ആയി ചേർക്കുന്നു*.

(ബി) ഈ നിർദ്ദേശങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകാൻ ഭരണസമിതി ആരെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്നും ആരൊക്കെയാണ് ഇതിലെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗങ്ങളെന്നും ഇവർ എത്രതവണ യോഗം ചേരുകയും സ്ഥലം സന്ദർശിക്കുകയും റിപ്പോർട്ടിലെ വസ്തുതകൾ പരിശോധിക്കുകയും ചെയ്തുവെന്നും വ്യക്തമാക്കാമോ?

(i) ഈ നിർദ്ദേശങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകാൻ 6-3-2021-ലെ G.O(Rt)No.139/2021/AYUSH നമ്പർ ഉത്തരവ് പ്രകാരം ആറ് അംഗങ്ങളുള്ള ഹൈലെവൽ കമ്മിറ്റിയെ ചുമതലപ്പെടുത്തി. ഹൈലെവൽ കമ്മിറ്റി അംഗങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. അഡീഷണൽ സെക്രട്ടറി, ആയുഷ്

2. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം

3. ഡെപ്യൂട്ടി സെക്രട്ടറി, ആയുഷ്

4. മെമ്പർ സെക്രട്ടറി, ഗവ. ആയുർവേദ പഞ്ചകർമ്മ ആശുപത്രി സൊസൈറ്റി

5. ചീഫ് എഞ്ചിനീയർ, നാഷണൽ ഹെൽത്ത് മിഷൻ

6. കൺസൾട്ടന്റ് എഞ്ചിനീയർ, നാഷണൽ ആയുഷ് മിഷൻ.

(ii) നാല് തവണ യോഗം ചേരുകയും 09-03-2021, 30-09-2021 എന്നീ തീയതികളിലായി രണ്ട് പ്രാവശ്യം സ്ഥലം സന്ദർശിക്കുകയും ചെയ്തു.

(iii) റിപ്പോർട്ടിലെ വസ്തുതകൾ പഠിച്ച് സർക്കാരിന് ശിപാർശ നൽകുകയും ചെയ്തു.

(സി) ഉന്നതതല സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഹൈലെവൽ കമ്മിറ്റി റിപ്പോർട്ടിലെ കുറിപ്പ് അനുബന്ധം 5 ആയി ചേർക്കുന്നു.*

(ഡി) കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഇതിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് നൽകുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഹൈലെവൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിൽനിന്നും ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിനോട് ഹൈലെവൽ കമ്മിറ്റി അംഗീകരിച്ച Rectification Measures ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിന്റെ സ്വന്തം ചെലവിൽ മൂന്ന് മാസത്തിനകം സമയബന്ധിതമായി പൂർത്തീകരിക്കാനും, നിർമ്മാണ പ്രവർത്തനത്തിന്റെ അപാകത പരിഹരിക്കുമ്പോൾ കെട്ടിടത്തിന്റെ ബലം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒറിജിനൽ കോൺഫിഗറേഷൻ പ്രകാരം പൂർത്തീകരിക്കാൻ സാധിക്കത്തക്കവിധം ബലമുള്ളതാവണമെന്നും, ആയത് NIIT, IIT എന്നിങ്ങനെയുള്ള ഏജൻസികളെക്കൊണ്ട് പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത് ഹൈലെവൽ കമ്മിറ്റി സൂക്ഷ്മമായി നിരീക്ഷിക്കുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് ഹാജരാക്കിയ വർക്ക് ഷെഡ്യൂൾ അനുബന്ധം 6 ആയി ചേർക്കുന്നു*.

## തിരുരങ്ങാടി ആയുർവ്വേദ ആശുപത്രി

176 (2076) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുരങ്ങാടി ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

തിരുരങ്ങാടി ആയുർവ്വേദ ഡിസ്പെൻസറി കിടത്തി ചികിത്സയുള്ള ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

## കുട്ടനാട് മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളുടെ ശോച്യാവസ്ഥ

177 (2077) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ആരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുട്ടനാട്ടിലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സമഗ്ര വികസനങ്ങൾ നടപ്പിലാക്കിവരുന്നു. ആർദ്രം പദ്ധതി പ്രകാരം കുട്ടനാട്ടിലെ 8 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും (കുടുംബാരോഗ്യ കേന്ദ്രങ്ങൾ-തലവടി, നീലംപേരൂർ, വീയപുരം, രാമങ്കരി, തകഴി, കാവാലം, കുപ്പപ്പുറം, മുട്ടാർ) 2 സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും (സാമൂഹികാരോഗ്യ കേന്ദ്രം - ചമ്പക്കുളം, വെളിയനാട്) കൂടാതെ സാമൂഹികാരോഗ്യ കേന്ദ്രം ചെമ്പുംപുറം, എടത്വാ എന്നീ ആശുപത്രികളിൽ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ആശുപത്രി വികസനം, ലാബ് വിപുലീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവ നടത്തി വരികയും ചെയ്യുന്നു. ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപനങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണിവരെ ഒ.പി. സേവനം, ലബോറട്ടറി, വിവിധ രോഗങ്ങൾക്കുള്ള ക്ലിനിക്കുകൾ എന്നിവ ഏർപ്പെടുത്തിവരുന്നു. കൂടാതെ ആശുപത്രികൾക്ക് ആവശ്യമായ കെട്ടിട സൗകര്യങ്ങൾ എൻ.എച്ച്.എം. മുഖേന ഏർപ്പെടുത്തിവരുന്നു. കൂടാതെ ആർദ്രം പദ്ധതി പ്രകാരം ഒന്നാംഘട്ടം, രണ്ടാംഘട്ടത്തിൽ ഉയർത്തിയ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തലവടി കുടുംബാരോഗ്യ കേന്ദ്രത്തിന് കെട്ടിടത്തിനായി ആശുപത്രിയുടെ പേരിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിട്ടില്ല. നീലംപേരൂർ കുടുംബാരോഗ്യ കേന്ദ്രം 2018-ലെ പ്രളയത്തിൽ ടി സ്ഥാപനത്തിന് നാശനഷ്ടങ്ങൾ നേരിടുകയുണ്ടായി. പുതിയ കെട്ടിട നിർമ്മാണത്തിന് 2020-21-ൽ എൻ.എച്ച്.എം.-ന്റെ പി.ഐ.പി. (പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാനിൽ) 1 കോടി 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കിവരുന്നു. താലൂക്കാശുപത്രി, പുളിങ്കുന്ന് - പുളിങ്കുന്ന് താലൂക്കാശുപത്രിയുടെ സമഗ്ര വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 144.06 കോടി രൂപ ബഹുനില കെട്ടിടം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ അത്യാധുനിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ളതാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ബഹുനില കെട്ടിടത്തിന്റെ നിർമ്മാണ സ്ഥലത്ത് സ്ഥിതിചെയ്യുന്ന അത്യന്താപേക്ഷിതമല്ലാത്ത കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയിട്ടുള്ളതാണ്. ബഹുനില കെട്ടിടത്തിന്റെ പ്ലാൻ അപ്രൂവൽ, സാങ്കേതിക അനുമതി എന്നിവ കിഫ്ബിയിൽനിന്ന് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട എസ്.പി.വി.-യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആശുപത്രി നിൽക്കുന്ന സ്ഥലം ആശുപത്രിയുടെ പേരിലേയ്ക്ക് മാറ്റുവാൻ റവന്യൂ വകുപ്പ് മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു. വെളിയനാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ നിർവ്വഹണ ചുമതലയിൽപ്പെട്ടതാണ് ടി സ്ഥാപനം. ആർദ്രം പദ്ധതിയിലുൾപ്പെടുത്തി

ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)-1

റേഡിയോഗ്രാഫർ-1

എക്സ്റേ അറ്റൻഡർ-1

ഫാർമസിസ്റ്റ് -1

സ്റ്റാഫ് നഴ്സ് -4

ലാബ് ടെക്നീഷ്യൻ-1

എന്നീ തസ്തികകളും കൂടാതെ 22-09-2021-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 168/2021/ആ.കു.വ., പ്രകാരം

സ്റ്റാഫ് നഴ്സ് ഗ്രേഡ് II-1

ക്ലാർക്ക്-1 എന്നിങ്ങനെ രണ്ട് അധിക തസ്തികകളും സൃഷ്ടിച്ചിട്ടുള്ളതാകുന്നു.

(ബി) ടി ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ താഴെ പറയുന്ന സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

<u>തലവടി കുടുംബാരോഗ്യ കേന്ദ്രം</u>

അസിസ്റ്റന്റ് സർജൻ-1

സ്റ്റാഫ് നഴ്സ് -2

ലാബ് ടെക്നീഷ്യൻ-1

ഫാർമസിസ്റ്റ്-1

<u>നീലംപേരൂർ, കുടുംബാരോഗ്യ കേന്ദ്രം</u>

ഡോക്ടർ - 1

സ്റ്റാഫ് നഴ്സ്-2

ലാബ് ടെക്നീഷ്യൻ-1

<u>കുടുംബാരോഗ്യ കേന്ദ്രം, വീയപുരം</u>

ഡോക്ടർ -1

ലാബ് ടെക്നീഷ്യൻ -1

<u>കുടുംബാരോഗ്യ കേന്ദ്രം, രാമങ്കരി</u>

ഡോക്ടർ -1

സ്റ്റാഫ് നഴ്സ് -1

<u>കുടുംബാരോഗ്യ കേന്ദ്രം, തകഴി</u>

ഡോക്ടർ - 1

സ്റ്റാഫ് നഴ്സ് -1

<u>കുടുംബാരോഗ്യ കേന്ദ്രം, കാവാലം</u>

ഡോക്ടർ - 1

സ്റ്റാഫ് നഴ്സ് -1

<u>കുടുംബാരോഗ്യ കേന്ദ്രം, കുപ്പപ്പുറം</u>

ഡോക്ടർ - 1

സ്റ്റാഫ് നഴ്സ് -1

(സി) ആരോഗ്യ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**കൊയിലാണ്ടി മണ്ഡലത്തിലെ സി.എച്ച്.സി.-യിൽ പ്രീഫാബ് ആശുപത്രിയുടെ (ഐസൊലേഷൻ വാർഡ്) നിർമ്മാണം**

178 (2078) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂന്നാം തരംഗത്തെ നേരിടുന്നതിന് മുന്നോടിയായി ഒരു നിയോജകമണ്ഡലത്തിലെ ഒരു ആരോഗ്യ കേന്ദ്രത്തിൽ സ്ഥാപിക്കുന്ന പ്രീഫാബ് ആശുപത്രിയുടെ (ഐസൊലേഷൻ വാർഡ്) നിർമ്മാണം ഏത് ഏജൻസിയാണ് നിർവ്വഹിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിൽപ്പെട്ട 140 ആരോഗ്യ സ്ഥാപനങ്ങളിൽ കിഫ്ബി, എം.എൽ.എ. ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് 10 കിടക്കകൾ വീതമുള്ള പുതിയ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിനുള്ള Request For Proposal (RFP) 23-09-2021-ന് കെ.എം.എസ്.സി.എൽ. ക്ഷണിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജില്ലയിൽ ഏകോപനം വഹിക്കുന്നത് ആരാണെന്ന് വിശദമാക്കുമോ?

പ്രവർത്തനങ്ങളുടെ ഏകോപനം കിഫ്ബിയിൽനിന്നുള്ള ടെക്നിക്കൽ റിസോഴ്സ് ടീമും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പദ്ധതി വിഭാഗവുമാണ് നിർവ്വഹിക്കുന്നത്.

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മേലടി സി.എച്ച്.സി.-യിൽ പ്രസ്തുത ആശുപത്രി നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

മേലടി സാമൂഹികാരോഗ്യ കേന്ദ്രം ഉൾപ്പെടെയുള്ള 140 ആരോഗ്യ സ്ഥാപനങ്ങളിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിനുള്ള Request For Proposal (RFP) 23-09-2021-ൽ ക്ഷണിച്ചിട്ടുണ്ട്. RFP ലഭ്യമായശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കോങ്ങാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ്**

179 (2079) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ കോങ്ങാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോങ്ങാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഉൾപ്പെടെ സംസ്ഥാനത്തെ 140 ആരോഗ്യ സ്ഥാപനങ്ങളിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിനുള്ള Request For Proposal (RFP) 23-09-2021-ൽ ക്ഷണിച്ചിട്ടുണ്ട്. RFP ലഭ്യമായശേഷം നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പിഴല പ്രൈമറി ഹെൽത്ത് സെന്ററിന്റെ അപ്ഗ്രഡേഷൻ**

180 (2080) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ പിഴല പ്രൈമറി ഹെൽത്ത് സെന്ററിന്റെ അപ്ഗ്രഡേഷനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ആർദ്രം പദ്ധതിയിലുൾപ്പെടുത്തി 22-10-2020-ലെ G.O.(Rt)1947/ 2020/H&FWD പ്രകാരം പിഴല പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ദേശീയ ആരോഗ്യ ദൗത്യം മുഖേന സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിനായി 15.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## തിരൂർ ജില്ലാ ആശുപത്രിയിലെ ഓങ്കോളജി വിഭാഗം

181 (2081) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി പ്രഖ്യാപിച്ച തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ കാൻസർ രോഗികൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഓങ്കോളജി വിഭാഗം ആരംഭിക്കാനാകാതെ അനിശ്ചിതമായി നീണ്ടുപോകുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഓങ്കോളജി വിഭാഗത്തിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

(എ-സി) തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി ബ്ലോക്ക് സ്ഥാപിക്കുന്നതിനുവേണ്ടി നബാർഡ് സ്കീമിലുൾപ്പെടുത്തി 52.85 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൽ സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ ഏതാണ്ട് പൂർത്തീകരിച്ചിട്ടുണ്ട്. ബേസ്മെന്റിലെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച കാര്യത്തിൽ വിദഗ്ദ്ധാഭിപ്രായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ഓങ്കോളജി വിഭാഗത്തിന് കെട്ടിടം

182 (2082) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ ഓങ്കോളജി വിഭാഗത്തിന് കെട്ടിടം പണിയുന്നതിന് 2019-20-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ എന്നത് വിശദാംശങ്ങൾ സഹിതം അറിയിക്കാമോ?

2019-20 സാമ്പത്തിക വർഷത്തിൽ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന് കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 5 കോടി രൂപ അടങ്കൽ തുക ഉൾക്കൊള്ളിച്ചതിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) ഈ പദ്ധതി യഥാസമയം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണങ്ങൾ അറിയിക്കാമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

(ബി & സി) മണ്ണ് പരിശോധന പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റും പ്ലാനും ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആംബുലൻസ്

183 (2083) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.-യുടെ 2020-21 വർഷത്തെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആംബുലൻസ് വാങ്ങുന്നതിന് ഇരുപത്തിമൂന്ന് ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) 2020 ആഗസ്റ്റ് മാസം ഭരണാനുമതിയായെങ്കിലും ഇതുവരെ പ്രസ്തുത ആംബുലൻസ് വാങ്ങാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(സി) കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ആംബുലൻസ് എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(ബി & സി) ആംബുലൻസ് വാങ്ങുന്നതിനായി മുല്ലശ്ശേരി സി.എച്ച്.സി.-യിലെ സൂപ്രണ്ടിനെയാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും ആംബുലൻസുകൾ വാങ്ങി രജിസ്റ്റർ ചെയ്യേണ്ടത് ആരോഗ്യവകുപ്പ് ഡയറക്ടറുടെ പേരിലാണ്. ആയതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## കായംകുളം താലൂക്കാശുപത്രിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

184 (2084) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയിൽ 45.5 കോടി രൂപ വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മുന്നോടിയായി നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കായംകുളം താലൂക്കാശുപത്രിയിൽ പൊളിക്കാനുള്ള 14 കെട്ടിടങ്ങളിൽ ഉപയോഗശൂന്യമായ എക്സ്റേ കെട്ടിടം, പഴയ ഗൈനക്ക് ഒ.പി., ഓവർഹെഡ്

വാട്ടർ ടാങ്കും അറ്റാച്ച്മെന്റ് പമ്പ് ഹൗസ് & ടോയ്‌ലെറ്റ് കെട്ടിടവും അഭയ സെന്റർ & ടി.വി. റൂം, ടോയ്‌ലെറ്റ് എന്നീ 5 കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട്. അൺഫിറ്റ് കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന്റെ ഭാഗമായി ഇവിടെ പ്രവർത്തിച്ച് വരുന്ന വിവിധ യൂണിറ്റുകൾ മറ്റ് കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ള കെട്ടിടങ്ങളിൽ പീഡിയാട്രിക് ഒ.പി., പി.പി. യൂണിറ്റ്, കാന്റീൻ, ഡയാലിസിസ് യൂണിറ്റ്, ലാബ് കെട്ടിടം, കാരുണ്യ ഫാർമസി, ഐ & ഡെന്റൽ ക്ലിനിക്ക് എന്നീ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നത് സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## അമ്പലപ്പുഴ മണ്ഡലത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

185 (2085) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലുൾപ്പെട്ട മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള വിവിധ സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിക്കപ്പെട്ട തുക ഇനം, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കാമോ; ഇവയുടെ സർക്കാർ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ;

(ബി) ഇതിന്റെ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി ഇനം തിരിച്ച് വ്യക്തമാക്കാമോ; എന്നത്തേയ്ക്ക് ഇത് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) നിർമ്മാണം ഇനിയും ആരംഭിക്കാത്തതായ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ഒറ്റപ്പാലം മണ്ഡലത്തിലുൾപ്പെടുന്ന പി.എച്ച്.സി.കളെ സി.എച്ച്.സി.കളാക്കി മാറ്റൽ

186 (2086) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഇതേ വരെ എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ടെന്നറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിലുൾപ്പെടുത്തിയ ശ്രീകൃഷ്ണപുരം പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തിയ പേരൂർ, പൂക്കോട്ട്കാവ്, എലമ്പുലശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഇനി എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റാനുണ്ട്; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

കോട്ടപ്പുറം, ലക്കിടി, തച്ചനാട്ടുകര എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിമാറ്റാനുണ്ട്. പ്രസ്തുത സ്ഥാപനങ്ങളെ ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

## ഗുരുവായൂർ മണ്ഡലത്തിലെ ആശുപത്രികൾ/ഹെൽത്ത് സെന്ററുകൾ എന്നിവയുടെ നവീകരണം

187 (2087) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികൾ/ ഹെൽത്ത് സെന്ററുകൾ എന്നിവയുടെ നവീകരണത്തിന് ആരോഗ്യ വകുപ്പ് മുഖേന നടത്തുന്ന പദ്ധതികൾ വ്യക്തമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ പുന്നയൂർ, എങ്ങണ്ടിയൂർ, പൂക്കോട്, തൈക്കാട്, അണ്ടത്തോട്, ഒരുമനയൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിമാറ്റിയിട്ടുണ്ട്. കൂടാതെ നഗര കുടുംബാരോഗ്യ കേന്ദ്രമാക്കിമാറ്റുന്ന പദ്ധതി പ്രകാരം ഗുരുവായൂർ എഫ്.എച്ച്.സി.യുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ചേറ്റുവ, ഒരുമനയൂർ, നെന്മിനി, കടിക്കാട്, പൂക്കോട്, എടക്കഴിയൂർ എന്നീ സബ് സെന്ററുകളെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാക്കി മാറ്റുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. 26-7-2021-ലെ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ നിയോജകമണ്ഡലങ്ങളിലും ഒന്നുവീതം ആരോഗ്യ കേന്ദ്രങ്ങളിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതിൽ ഗുരുവായൂർ മണ്ഡലത്തിൽ സി.എച്ച്.സി. കടപ്പുറത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

(ബി) ചാവക്കാട് താലൂക്കാശുപത്രിയിൽ വകുപ്പ് മുഖേന നടത്തുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ചാവക്കാട് താലൂക്ക് ആസ്ഥാന ആശുപത്രിയുടെ ഒ.പി. നവീകരണവുമായി ബന്ധപ്പെട്ട് എൻ.എച്ച്.എം. മുഖേന 1.22 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2017-2018 സാമ്പത്തിക വർഷത്തിൽ അനുമതിയായിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കിവരുന്നു. കൂടാതെ പോളിക്ലിനിക്ക്, കാഷ്വാലിറ്റി ബ്ലോക്ക്, CSSD എന്നിവയുടെ നിർമ്മാണങ്ങൾക്കായുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിന്റെ മണ്ണുപരിശോധന പൂർത്തിയായിട്ടുണ്ട്.

## പാറശ്ശാല മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾക്ക് ചികിത്സാ ഉപകരണങ്ങൾ

188 (2088) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങൾക്ക് ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 2019-20 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിരിക്കുന്നതും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതുമായ പദ്ധതിയുടെ തൽസ്ഥിതി അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങൾക്ക് ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 2019-20, സാമ്പത്തിക വർഷത്തിലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം ചെയ്യുകയും പദ്ധതി പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി മണ്ഡലത്തിലെ ഓരോ ആരോഗ്യകേന്ദ്രത്തിനും കെ.എം.എസ്.സി.എൽ. മുഖേന വിതരണം ചെയ്ത ഉപകരണങ്ങളുടെ പട്ടികയും ഓരോ ഉപകരണത്തിനും ചെലവഴിച്ച തുകയും സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്ത ഉപകരണങ്ങളുടെ പട്ടികയും ഓരോ ഉപകരണത്തിനും ചെലവഴിച്ച തുകയും സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധം (1) ആയി ചേർക്കുന്നു*.

(സി) കെ.എം.എസ്.സി.എൽ. മുഖേന ലഭ്യമാക്കിയ ക്വട്ടേഷൻ പ്രകാരമുള്ള എല്ലാ ഉപകരണങ്ങളും പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത ക്വട്ടേഷന്റെ പകർപ്പ് ലഭ്യമാക്കാമോ; ക്വട്ടേഷൻ പ്രകാരമുള്ള ഏതൊക്കെ ഉപകരണങ്ങളാണ് ഇനിയും ലഭ്യമാക്കാനുള്ളത്; അവ എന്നേക്ക് പൂർണ്ണമായും ലഭ്യമാക്കാനാകും; വിശദമാക്കാമോ?

അനുവദിച്ച ഉപകരണങ്ങൾ എല്ലാം പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ വിതരണം ചെയ്ത് സ്ഥാപിച്ചിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സിന്റെ പകർപ്പ് അനുബന്ധം (2) ആയി ചേർക്കുന്നു*.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ഇ-ഹെൽത്ത് പദ്ധതി**

189 (2089) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ആരംഭിക്കുന്ന ഇ-ഹെൽത്ത് സംവിധാനത്തിനെത്ര തുകയാണ് വിനിയോഗിച്ചതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ആരംഭിച്ച ഇ-ഹെൽത്ത് സംവിധാനത്തിന് നെറ്റ് വർക്കിംഗ്, ഹാർഡ്‌വെയർ, ബ്രോഡ്ബാന്റ് കണക്ടിവിറ്റി എന്നിവയ്ക്കായി 97,70,554 രൂപ വിനിയോഗിച്ചു.

(ബി) നെയ്യാറ്റിൻകര മണ്ഡലത്തിലെ ഏതൊക്കെ ആശുപത്രികളിലാണ് ഇ-ഹെൽത്ത് സംവിധാനം അനുവദിച്ചതെന്നും ഓരോ ആശുപത്രിയ്ക്കും വിനിയോഗിച്ച തുക എത്രയെന്നും വിശദമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വെൺപകൽ സാമൂഹികാരോഗ്യ കേന്ദ്രത്തിലും കുളത്തൂർ, ചെങ്കൽ, പരണിയം, കാരോട്, പെരുമ്പഴുതൂർ എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും, നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലുമാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. ഓരോ ആശുപത്രിക്കും വകയിരുത്തിയിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

സി.എച്ച്.സി. വെൺപകൽ: 17,24,409 രൂപ,

കുളത്തൂർ: 13,27,584 രൂപ

ചെങ്കൽ:11,20,090 രൂപ

പരണിയം: 13,98,287 രൂപ

കാരോട്: 10,28,515 രൂപ

പെരുമ്പഴുതൂർ: 13,43,194 രൂപ

(സി) ഇ-ഹെൽത്ത് സംവിധാനം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വെൺപകൽ സാമൂഹികാരോഗ്യ കേന്ദ്രത്തിലും കുളത്തൂർ, ചെങ്കൽ, പരണിയം, കാരോട്, പെരുമ്പഴുതൂർ എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും, നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലുമാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ കാരോട്, ഒഴികെ മേൽ വിവരിച്ച ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഇ- ഹെൽത്ത് പദ്ധതിക്കുവേണ്ടി എല്ലാ സജ്ജീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്.

**കൊയിലാണ്ടി മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

190 (2090) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് ഒരുക്കുന്ന ഇ-ഹെൽത്ത് പദ്ധതി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് സ്ഥാപിക്കുന്ന ഇ-ഹെൽത്ത് പദ്ധതിക്ക് ആവശ്യമായ നെറ്റ് വർക്ക് വയറിംഗ്, യു.പി.എസ്. വയറിംഗ്, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കൽ എന്നിവ പൂർത്തിയായിട്ടുണ്ട്. ബ്രോഡ്ബാന്റ് കണക്ടിവിറ്റി ലഭ്യമാക്കി ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) പദ്ധതി പൂർത്തീകരിക്കുന്നതോടെ ജനങ്ങൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ഓരോ വ്യക്തിക്കും ആധാർ നമ്പർ അടിസ്ഥാനമാക്കി ഒരു UHID നൽകുന്നു. ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള കേരളത്തിലെ സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുമ്പോൾ UHID ഉപയോഗിച്ച് പ്രസ്തുത വ്യക്തിയുടെ എല്ലാ ചികിത്സാ വിവരങ്ങളും (ക്ലിനിക്കൽ ഡീറ്റെയിൽസ്) ഡോക്ടർക്ക് ഓൺലൈനായി ലഭ്യമാകുന്നു. രോഗികളെ സംബന്ധിച്ചിടത്തോളം പേരും മറ്റ് വിവരങ്ങളും നേരത്തേ തന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ ഒ.പി. ടിക്കറ്റ് എടുക്കുന്ന പ്രക്രിയ സുഗമവും എളുപ്പവുമായിതീരുന്നു. ഒ.പി. ക്ലിനിക്കുകൾ, ഫാർമസി, ലബോറട്ടറി, എക്സ്റേ എന്നിങ്ങനെ എല്ലാ സ്ഥലങ്ങളിലും ടോക്കൺ അടിസ്ഥാനത്തിലുള്ള ക്യൂ സമ്പ്രദായം നിലവിൽവന്നു. ഡോക്ടർമാരുടെ കുറിപ്പടികൾ (prescriptions) നെറ്റ് വർക്ക് വഴി ഫാർമസികളിലും, ലബോറട്ടറികളിലും എക്സ്റേ കൗണ്ടറിലും ഓൺലൈനായി

എത്തുന്നു. ടെസ്റ്റ് റിസൽട്ടുകൾ ഡോക്ടർമാരുടെ മുന്നിലെ കമ്പ്യൂട്ടറിൽ തൽസമയം ലഭ്യമാകുന്നു. വ്യക്തികളുടെ സമഗ്രമായ ആരോഗ്യ രേഖകൾ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ ഏതൊരു ആശുപത്രിയിലും കമ്പ്യൂട്ടർ ശൃംഖല വഴി ലഭ്യമാകും എന്നതിനാൽ വിവിധ ആശുപത്രികളിൽ തുടർചികിത്സകൾക്ക് വേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഡോക്ടർമാർക്ക് തങ്ങളുടെ മുന്നിലിരിക്കുന്ന രോഗിയുടെ പൂർണ്ണമായ രോഗചികിത്സ സംഗ്രഹം ഓൺലൈനായി ലഭിക്കുന്നതിനാൽ കൃത്യമായ തുടർ ചികിത്സ നിർണ്ണയിക്കാൻ സാധിക്കുന്നു. രോഗികൾക്ക് തങ്ങളുടെ ചികിത്സാസംബന്ധിയായ രേഖകൾ കൊണ്ടുനടക്കേണ്ട ആവശ്യം ഇല്ലാതാകുന്നു. കൂടാതെ ഇ-ഹെൽത്ത് നടപ്പിലാക്കിയ ഏത് ആശുപത്രിയിൽനിന്നും പ്രസ്തുത ആശുപത്രിയിലെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആശുപത്രിയിലെയോ ടോക്കൺ മുൻകൂർ എടുക്കുവാനും മറ്റേത് ആശുപത്രിയിലേയ്ക്കും റഫർ ചെയ്യാനും ഡോക്ടർക്ക് സാദ്ധ്യമാണ്. ഇതോടൊപ്പം തന്നെ പൊതുജനങ്ങൾക്ക് വെബ് പോർട്ടൽ മുഖേന മുൻകൂർ ടോക്കണുകൾ എടുക്കുവാനുള്ള സൗകര്യവും ലഭ്യമാണ്. അക്ഷയ കേന്ദ്രങ്ങൾ വഴിയും ഓൺലൈൻ അപ്പോയിൻമെന്റ് ബുക്കിംഗിനുള്ള സൗകര്യം ഉടനെ നിലവിൽ വരുന്നതാണ്. നിശ്ചിത കാലയളവിനുള്ളിൽ ഡോക്ടറെ വീണ്ടും കാണേണ്ടുന്ന രോഗികൾക്ക് അടുത്ത തവണ കാണുവാനുള്ള ടോക്കൺ, ഡോക്ടർ കൺസൾട്ടേഷൻ റൂമിൽവച്ച് തന്നെ നൽകുന്നതാണ്.

## പാറശ്ശാല മണ്ഡലത്തിലെ വിവിധ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

191 (2091) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ നിലവിലുള്ള അംഗീകൃത സ്റ്റാഫ് പാറ്റേൺ ആരോഗ്യ കേന്ദ്രങ്ങൾ തിരിച്ച് ലഭ്യമാക്കുമോ; പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിലെ നിലവിലെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് അറിയിക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ നിലവിലുള്ള ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത മണ്ഡലത്തിൽ അനുവദനീയമായ അംഗബലത്തിനും താഴെ ജീവനക്കാരുള്ള ആരോഗ്യകേന്ദ്രങ്ങൾ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെയാണ്; ഈ ആരോഗ്യ കേന്ദ്രങ്ങളിൽ ഒഴിവുള്ള തസ്തികകളിലേക്കാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദനീയമായ അംഗബലത്തിനും താഴെ ജീവനക്കാരുള്ള സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

1. താലൂക്ക് ആസ്ഥാന ആശുപത്രി, പാറശ്ശാല

2. സാമൂഹികാരോഗ്യകേന്ദ്രം പെരുങ്കടവിള, വെള്ളറട,

3. കുടുംബാരോഗ്യ കേന്ദ്രം കുന്നത്തുകാൽ, അംബൂരി, കൊല്ലയിൽ, പൂഴനാട്

4. പ്രാഥമികാരോഗ്യ കേന്ദ്രം, പരശുവയ്ക്കൽ

ടി സ്ഥാപനങ്ങളിലെ ഒഴിവുകൾ പി.എസ്.സി. മുഖേനയും പ്രൊമോഷൻ വഴിയും നികത്തുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രൊപ്പോസലിലെ നിർദ്ദേശങ്ങൾ വിശദമാക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

**തിരുവല്ല താലൂക്കാശുപത്രി ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം**

192 (2092) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്കാശുപത്രിയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ) ആരംഭിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ടോ?

19-6-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 389/2015 സ.നീ.വ. പ്രകാരം തിരുവല്ല താലൂക്കാശുപത്രിയിൽ ജില്ലാ പ്രാഥമിക ഇടപെടൽ കേന്ദ്രം ആരംഭിക്കുന്നതിനായി രണ്ട് കോടി അറുപത് ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(ബി) പ്രസ്തുത ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നിർവ്വഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ?

നിർവ്വഹണ ഏജൻസി തിരുവല്ല മുനിസിപ്പാലിറ്റിയാണ്.

(സി) നിർമ്മാണ പ്രവൃത്തി സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## മാരക രാസവസ്തുക്കൾ ചേർത്ത മത്സ്യം വിൽപ്പന നടത്തുന്നത്

193 (2093) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർണ്ണാടക അതിർത്തി പങ്കിടുന്ന കാസർഗോഡ് ജില്ലയിൽ വ്യാപകമായ തോതിൽ അമോണിയ ഉൾപ്പെടെയുള്ള മാരക രാസവസ്തുക്കൾ ചേർത്ത മത്സ്യം യഥേഷ്ടം വിൽപ്പന നടത്തുന്നത് തടയാനും ഇവ പിടിച്ചെടുക്കാനും നടപടികളുണ്ടാകുമോ?

സംസ്ഥാനത്ത് രാസപദാർത്ഥങ്ങൾ കലർത്തിയ മത്സ്യം വിൽപന നടത്തുന്നത് തടയുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് 'ഓപ്പറേഷൻ സാഗർ റാണി'. ഈ പദ്ധതിയുടെ ഭാഗമായി ഹാർബറുകൾ, മത്സ്യ മൊത്തവിതരണ കേന്ദ്രങ്ങൾ, മത്സ്യമാർക്കറ്റുകൾ, ചെക്ക് പോസ്റ്റുകൾ എന്നിവിടങ്ങളിൽ നിരന്തരം പരിശോധനകൾ നടത്തുകയും ആയതിന്റെ ഫലമായി രാസപദാർത്ഥങ്ങൾ കലർന്ന മത്സ്യത്തിന്റെ വരവ് ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഇത്തരം പരിശോധനകളിൽ രാസപദാർത്ഥങ്ങളുടെ സാന്നിധ്യം കണ്ടെത്തുന്ന പക്ഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. അതിർത്തി കടന്നെത്തുന്ന ഭക്ഷ്യവസ്തുക്കളിലെ മായം പരിശോധിക്കുന്നതിനായി ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു. ഈ ലബോറട്ടറികളിൽ ഭക്ഷ്യവസ്തുക്കളിലെ മായം പെട്ടെന്ന് കണ്ടുപിടിക്കുന്നതിനുള്ള ക്യുക്ക് അഡൽറ്ററേഷൻ ടെസ്റ്റുകൾ നടത്തിവരുന്നു. Central Institute of Fisheries Technology (CIFT) വികസിപ്പിച്ചെടുത്തതും കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി അംഗീകരിച്ചതുമായ അമോണിയ/ഫോർമാലിൻ കിറ്റ് ഉപയോഗിച്ചും തത്സമയ മത്സ്യപരിശോധനകൾ നടത്തിവരുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികളിൽ മത്സ്യങ്ങളിലെ ഫോർമാലിൻ എന്ന രാസവസ്തു പരിശോധിക്കുന്നതിനായി HPLC (High Performance Liquid Chromatograph) എന്ന ഉപകരണം പ്രവർത്തിപ്പിച്ച് വരുന്നു. കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ ഒരു വർഷമായി 52 മത്സ്യ പരിശോധനകൾ നടത്തുകയും 36 മത്സ്യസാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതുമാണ്. Central Institute of Fisheries Technology (CIFT) വികസിപ്പിച്ചെടുത്തതും കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി അംഗീകരിച്ചതുമായ അമോണിയ/ഫോർമാലിൻ കിറ്റ് ഉപയോഗിച്ച് 24 തത്സമയ പരിശോധനകളും നടത്തിയിട്ടുണ്ട്. ടി പരിശോധനകളിലൊന്നും തന്നെ മാരക രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്താനായിട്ടില്ല.

**ഭക്ഷ്യസുരക്ഷ വിഭാഗത്തിലെ ഒഴിവുകൾ**

194 (2094) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽ ഒഴിവുകളുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഒഴിവുകൾ നിലവിലുണ്ട്.

(ബി) എങ്കിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ജില്ല, തസ്തിക തിരിച്ചുള്ള ഒഴിവുകളുടെ എണ്ണം.

തിരുവനന്തപുരം

ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (എ.എൽ. & വി.)- 1

ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) - 1

ചീഫ് ഗവ. അനലിസ്റ്റ് - 1

ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ - 1

ഗവ. അനലിസ്റ്റ് - 1

ജൂനിയർ ലാബ് അസിസ്റ്റന്റ് - 9

പായ്ക്കർ - 1

കൊല്ലം

ഭക്ഷ്യസുരക്ഷാ ഓഫീസർ - 2

പത്തനംതിട്ട

ഭക്ഷ്യസുരക്ഷാ ഓഫീസർ -1

ആലപ്പുഴ

ഭക്ഷ്യസുരക്ഷാ ഓഫീസർ -1

കോട്ടയം

ഡ്രൈവർ -1

<u>ഇടുക്കി</u>

ഭക്ഷ്യസുരക്ഷാ ഓഫീസർ -1

<u>എറണാകുളം</u>

ഭക്ഷ്യസുരക്ഷാ ഓഫീസർ -4

ജൂനിയർ ലാബ് അസിസ്റ്റന്റ് - 5

പായ്ക്കർ - 1

<u>തൃശ്ശൂർ</u>

ഭക്ഷ്യസുരക്ഷാ ഓഫീസർ -6

<u>പാലക്കാട്</u>

ഭക്ഷ്യസുരക്ഷാ ഓഫീസർ -7

<u>മലപ്പുറം</u>

ഭക്ഷ്യസുരക്ഷാ ഓഫീസർ -4

<u>കോഴിക്കോട്</u>

ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ - 1

റിസർച്ച് ഓഫീസർ -1

ഭക്ഷ്യസുരക്ഷാ ഓഫീസർ -1

ജൂനിയർ ലാബ് അസിസ്റ്റന്റ് – 5

പായ്ക്കർ - 1

<u>വയനാട്</u>

ഭക്ഷ്യസുരക്ഷാ ഓഫീസർ -1

ഡ്രൈവർ - 1

<u>കണ്ണൂർ</u>

ഭക്ഷ്യസുരക്ഷാ ഓഫീസർ -7

ക്ലാർക്ക് - 1

<u>കാസർഗോഡ്</u>

ഭക്ഷ്യസുരക്ഷാ ഓഫീസർ -2.

(സി) ഓണവിപണിയിൽ പതിവായി നടക്കാറുണ്ടായിരുന്ന പരിശോധന മതിയായ സ്റ്റാഫിന്റെ കുറവ് കാരണം ഇത്തവണ മിക്ക ജില്ലകളിലും ഫലപ്രദമായില്ലായെന്ന വാർത്ത വസ്തുതാപരമാണോ എന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യസുരക്ഷാ വകുപ്പ് ഓണ വിപണിയിൽ പതിവായി നടത്തിവരുന്ന ഓണം സ്പെഷ്യൽ സ്ക്വാഡ് ഭക്ഷ്യ പരിശോധന ഇത്തവണയും 9-8-2021 മുതൽ 22-8-2021 വരെ നടത്തിയിരുന്നു. സംസ്ഥാനത്ത് ഒട്ടാകെ 2839 പരിശോധനകളാണ് നടത്തിയത്. ടി പരിശോധനകളിൽ 371 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 864 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിച്ച് ലാബ് പരിശോധനകൾക്കായി നൽകിയിട്ടുണ്ട്. പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത 4 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പിക്കുകയും 494 ഭക്ഷ്യ സംരംഭകർക്ക് നോട്ടീസുകൾ നൽകുകയും 76 ഭക്ഷ്യ സംരംഭകർക്ക് 2,65,500 രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ മത്സ്യ പരിശോധനയിൽ ഉപയോഗയോഗ്യമല്ലാത്ത 35 കിലോ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ വർഷം റേഷൻ കടകൾ വഴി വിതരണം ചെയ്ത ഓണക്കിറ്റിൽ ഉണ്ടായിരുന്ന പപ്പടം, ശർക്കര എന്നിവ ഭക്ഷ്യയോഗ്യമല്ലെന്ന് ഭക്ഷ്യ സുരക്ഷാവിഭാഗം കണ്ടെത്തിയിരുന്നോ; എങ്കിൽ തുടർനടപടികൾ വ്യക്തമാക്കാമോ?

2020-ൽ റേഷൻ കടകൾ വഴി വിതരണം ചെയ്ത ഓണക്കിറ്റിൽ ഉണ്ടായിരുന്ന ശർക്കര, പപ്പടം എന്നിവയുടെ ഗുണനിലവാരം സംബന്ധിച്ച് പരാതികൾ ഉയർന്ന സാഹചര്യത്തിൽ വിവിധ ജില്ലകളിൽനിന്നും ശേഖരിച്ച സാമ്പിളുകളിൽ നടത്തിയ പരിശോധനയിൽ ചിലത് Unsafe ആയി ഫലം ലഭിച്ചതിൻ പ്രകാരം പ്രസ്തുത ഭക്ഷ്യവസ്തുക്കളുടെ വിതരണം നിർത്തിവയ്ക്കുക, 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം പ്രകാരം പ്രോസിക്യൂഷൻ കേസ് രജിസ്റ്റർ ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

**ആരോഗ്യ സ്ഥാപനങ്ങളിലെ അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ**

195 (2095) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ സ്ഥാപനങ്ങളിലെ അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പിലെ Infection Control പ്രവർത്തനങ്ങൾക്കായി എല്ലാ ആശുപത്രികളിലും Infection Control Committee-കൾ നിലവിലുണ്ട്. ഈ കമ്മിറ്റികൾ സ്ഥാപനങ്ങളിലെ അണുബാധാ നിയന്ത്രണം സമയാസമയങ്ങളിൽ

പരിശോധിക്കുകയും ആശുപത്രി ജീവനക്കാർക്ക് വേണ്ട ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. Anti Microbial Resistance Surveillance (AMR Surveillance) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഇന്ത്യയിൽ ആദ്യമായി Anti Microbial Resistance Surveillance (AMR Surveillance)-ന് ആക്ഷൻ പ്ലാൻ തയ്യാറാക്കിയ സംസ്ഥാനം കേരളമാണ്. KARSAP - Kerala Antimicrobial Resistance Surveillance Strategic Action Plan-യുടെ ഒരു പ്രധാന ഭാഗമാണ് Infection Control & Prevention. സംസ്ഥാന തലത്തിൽ വിവിധ വിഭാഗം ജീവനക്കാർക്കും Infection Control-നെ പറ്റി ട്രെയിനിംഗ് നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളിലെ Operation Theatre, Labour Room, ICU, Dialysis Unit, എന്നിവിടങ്ങളിൽനിന്ന് Swab-കൾ എടുത്ത് Culture Sensitivity test-കൾ ചെയ്യുന്നു. അണുബാധ ഉണ്ടെന്ന് കണ്ടാൽ മേൽ നടപടികൾ സ്വീകരിക്കും. AMR Surveillance-ന്റെ ഭാഗമായി മൈക്രോബയോളജി ലാബുകൾ സംസ്ഥാനത്തെ പ്രധാനപ്പെട്ട ജനറൽ ആശുപത്രികൾ/ജില്ലാ ആശുപത്രികളിൽ ഏർപ്പെടുത്തിവരുന്നു. എറണാകുളം ജനറൽ ആശുപത്രിയിൽ തുടങ്ങിയ മൈക്രോബയോളജി ലാബിൽ Hub & Spoke Model Culture Sensitivity പരിശോധനകൾ നടത്തിവരുന്നു. ജനറൽ ആശുപത്രി, എറണാകുളം Hub ആയും 13 താലൂക്കാശുപത്രികൾ Spoke ആയും Culture Sensitivity ടെസ്റ്റുകൾ നടത്തിവരുന്നു. ഇപ്രകാരം ടെസ്റ്റുകൾ നടത്തുമ്പോൾ സ്ഥാപനത്തിന് ഒരു ആന്റിബയോട്ടിക് പോളിസി ഉണ്ടാകുകയും ആന്റോ ബയോഗ്രാം ഉണ്ടാകുകയും ചെയ്യുന്നു. രോഗികൾക്ക് കൃത്യസമയത്ത് കൃത്യമായ ആന്റിബയോട്ടിക് നൽകാനും ആന്റിബയോട്ടിക് ആവശ്യകത അനുസരിച്ച് ഉയർന്ന ആന്റിബയോട്ടിക്സ് നൽകുകയോ അതല്ല കുറഞ്ഞ ആന്റിബയോട്ടിക്സ് നൽകുകയോ ചെയ്യാൻ സാധിക്കും. എല്ലാ വർഷവും നവംബർ രണ്ടാം വാരം Infection Control, Anti Microbial awareness എന്നിവയെപ്പറ്റി അവബോധം സൃഷ്ടിക്കാൻവേണ്ടി Antibiotic Awareness week ആചരിച്ചു വരുന്നു. അണുബാധാ നിയന്ത്രണത്തിന് അവശ്യം വേണ്ടിവരുന്ന സാനിറ്റൈസർ, സോപ്പ്, പി.പി.ഇ. കിറ്റ്, ഗ്ലൗസ്, ഫേസ് മാസ്ക്, ഫേസ്ഷീൽഡ് എന്നിവ ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് KMSCL മുഖേന സൗജന്യമായി നൽകിവരുന്നു. ഇവ ഉപയോഗിക്കേണ്ടവിധത്തെപ്പറ്റി ട്രെയിനിംഗും നൽകുന്നു. ഇവ സ്ഥാപനങ്ങളിൽ ആവശ്യത്തിനുണ്ടോയെന്ന് അറിയാൻ ദിവസേന മോണിറ്ററിംഗ് നടത്തുകയും ചെയ്തുവരുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിലും ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആശുപത്രി സൂപ്രണ്ട്, ഇൻഫക്ഷ്യസ് ഡിസീസ് വിഭാഗം, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം, മൈക്രോബയോളജി വിഭാഗം, "PEID Cell, ഹൗസ് കീപ്പിംഗ് വിഭാഗം എന്നീ വിഭാഗങ്ങൾ സഹകരിച്ച് പ്രവർത്തനങ്ങൾ

നടത്തുന്നു. മറ്റ് ക്ലിനിക്കൽ വിഭാഗങ്ങളും പൂർണ്ണമായി സഹകരിക്കുന്നുണ്ട്. ആശുപത്രി sanitary rounds കൃത്യമായി നടത്തുന്നു, പ്രശ്നങ്ങൾ പരിഹരിക്കുന്നു. State PEID Cell- ഇതിന്റെ ഏകോപനം നിർവ്വഹിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇതിനായി LINK Nurses എന്നൊരുവിഭാഗം എല്ലാ വാർഡുകളിലും ആഴ്ചതോറും ട്രെയിനിംഗ് പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. LINK Nurses-ന് വേണ്ട ട്രെയിനിംഗ് കൃത്യമായി നൽകിവരുന്നു. മറ്റ് മെഡിക്കൽ കോളേജുകളിൽ ഘട്ടംഘട്ടമായി ഇത് നടപ്പിലാക്കിവരുന്നു. കൂടാതെ ICU, OT, Labour room തുടങ്ങിയ സ്ഥലങ്ങളിൽ അണുബാധ Surveillance-ന്റെ ഭാഗമായി swab ഓരോ മാസവും എടുക്കുകയും അതിന്റെ റിസൾട്ട് അനുസരിച്ച് വേണ്ട അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു.

**കേരളത്തിൽ ഡെൻവ് 2 വൈറസ്**

196 (2096) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെങ്കി പനിയുടെ കൂടുതൽ അപകടകാരിയായ ഡെൻവ് 2 വൈറസ് വകഭേദം കേരളത്തിൽ കണ്ടെത്തുകയുണ്ടായോ?

ഡെങ്കിപ്പനിക്ക് കാരണമായ വൈറസിന്റെ നാല് വകഭേദങ്ങളായ ഡെൻവ് 1, ഡെൻവ് 2, ഡെൻവ് 3, ഡെൻവ് 4 എന്നീ സീറോടൈപ്പുകൾ വർഷങ്ങളായി കേരളത്തിൽ കണ്ടുവരുന്നു. ഇതിൽ ഡെൻവ് 2 വകഭേദം താരതമ്യേന കൂടുതൽ അപകടകാരിയാണെന്ന് അറിയപ്പെടുന്നു.

(ബി) സാധാരണ ഉണ്ടാവുന്നതിനേക്കാൾ കടുത്ത ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിവയ്ക്കാവുന്ന വൈറസ് വകഭേദം ആയതിനാൽ അതീവജാഗ്രത അനിവാര്യമാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിക്കുകയുണ്ടായോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ?

(ബി & സി) അതീവ ജാഗ്രത പുലർത്തണമെന്ന പ്രത്യേക അറിയിപ്പുകൾ കേന്ദ്ര ആരോഗ്യ മന്ത്രാലയം നൽകിയിട്ടില്ല. ഡെങ്കിപ്പനിയുടെ നാല് സീറോടൈപ്പുകളിൽ ഏതെങ്കിലും ഒന്നുമൂലം ഡെങ്കിപ്പനി ആദ്യമായി ബാധിച്ച വ്യക്തിക്ക് വീണ്ടും മറ്റ് മൂന്ന് സീറോടൈപ്പുകളിൽ ഏതെങ്കിലും ഒന്നുമൂലം ഉണ്ടാകുന്ന ഡെങ്കിപ്പനി ചിലപ്പോൾ ഡെങ്കി ഹെമൊറാജിക് സിൻഡ്രോം/ഡെങ്കി ഷോക്ക് സിൻഡ്രോം ആയി മാറി ഗുരുതരമാകുവാൻ സാദ്ധ്യതയുണ്ടെന്നത് വ്യക്തമാക്കുന്ന

മാർഗ്ഗരേഖകൾ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. കൂടാതെ ഡെങ്കിപ്പനിയുടെ അംഗീകൃത ചികിത്സാ മാർഗ്ഗരേഖയും നിയന്ത്രണ മാർഗ്ഗരേഖയും ലഭിച്ചിട്ടുണ്ട്. മാർഗ്ഗരേഖകൾ സംസ്ഥാന ആരോഗ്യ വകുപ്പ് ജില്ലകൾക്കും താഴെത്തട്ടിലും നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടത്തിവരുന്നു.

**ജീവിതശൈലീ രോഗക്ലിനിക്ക് സംവിധാനം**

197 (2097) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ അസുഖങ്ങൾ സൃഷ്ടിക്കുന്ന അപായത്തിന്റെ വ്യാപ്തി കോവിഡ് കാലത്ത് തുറന്നുകാട്ടപ്പെട്ടതിനാൽ സംസ്ഥാനത്ത് അവ നിയന്ത്രിക്കാനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുമോ?

ജീവിത ശൈലീ രോഗങ്ങളുള്ളവരിൽ കോവിഡ് രോഗ തീവ്രതയും മരണവും കൂടുതലായി കാണപ്പെട്ടതിനാൽ ഇത് നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുള്ള ബോധവൽക്കരണവും ഊർജ്ജിതമായി നിരന്തരമായി നടക്കുന്നു. ജീവിതശൈലീരോഗങ്ങൾ ഉയർത്തുന്ന വലിയ വെല്ലുവിളി നേരിടുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പേരിൽ ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി നടപ്പിലാക്കിവരുന്നു. 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവരേയും ജീവിതശൈലീരോഗങ്ങൾക്കായി പരിശോധിക്കുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, രോഗങ്ങൾ ഗുരുതരാവസ്ഥയിലേക്ക് മൂർച്ഛിക്കുന്നത് തടയുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതി ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും പ്രവർത്തനക്ഷമമാണ്. ജീവിത ശൈലീ രോഗ നിയന്ത്രണത്തിനായി ഭാരതീയ ചികിത്സാ വകുപ്പ്, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജീവനി പദ്ധതിയും, യോഗ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ടൈപ്പ്-2 പ്രമേഹ രോഗ നിയന്ത്രണമാണ് ജീവനി പദ്ധതിയുടെ ലക്ഷ്യം. തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിലാണ് ജീവനി പദ്ധതി നടപ്പിലാക്കുന്നത്. ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനി പദ്ധതി മുഴുവൻ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് ശ്രമം നടത്തിവരുന്നു. യോഗ പദ്ധതി 14 ജില്ലകളിലും

നടപ്പിലാക്കിവരുന്നു. നാഷണൽ ആയുഷ് മിഷൻ മുഖേന ആയുഷ് വെൽനസ് സെന്റർ, ആയുഷ് ഗ്രാമം പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) വാർഷിക ആരോഗ്യ പരിശോധനയുടെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുള്ള പ്രചരണം നടത്താനും വീട്ടിലെത്തി വയോജനങ്ങളുടെ വിവരാന്വേഷണം നടത്താനും പദ്ധതി തയ്യാറാക്കുന്നുണ്ടോ?

തദ്ദേശഭരണ സ്ഥാപനങ്ങളുടേയും സന്നദ്ധ പ്രവർത്തകരുടേയും സഹായത്തോടുകൂടി ജീവിതശൈലി നിയന്ത്രണത്തിനായുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽനിന്ന് ആരോഗ്യ പ്രവർത്തകർ വയോജനങ്ങളുടെ വിവരാന്വേഷണം നടത്താൻ ഭവന സന്ദർശനം നടത്തിവരുന്നു. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലൂടെ ആയുർവേദ പാലിയേറ്റീവ് ചികിത്സാ പദ്ധതിയായ 'സ്നേഹധാര' നടപ്പിലാക്കുന്നു. ഈ പദ്ധതിയിൽ വാർഷിക ആരോഗ്യ പരിശോധനയുടെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുള്ള പ്രചരണം നടത്തുകയും വീട്ടിലെത്തി വയോജനങ്ങളുടെ വിവരാന്വേഷണം നടത്തുകയും ചെയ്യുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത വൃദ്ധസദനങ്ങളിൽ 'വയോ അമൃതം' പദ്ധതി നടപ്പിലാക്കുന്നു. വാർഷിക ആരോഗ്യ പരിശോധനയുടെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുള്ള പ്രചരണം നാഷണൽ ആയുഷ് മിഷന്റെ 'ആയുഷ് ഗ്രാമം' പദ്ധതി നടപ്പിലാക്കുന്ന തദ്ദേശഭരണ പ്രദേശങ്ങളിൽ നടത്തിവരുന്നുണ്ട്.

(സി) കുടുംബക്ഷേമ കേന്ദ്രങ്ങളെ വെൽനെസ് സെന്ററുകളായി ഉയർത്തി ജീവിതശൈലീരോഗ ക്ലിനിക്ക് സംവിധാനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ?

കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ആഴ്ചയിൽ ഒരു ദിവസം ഫീൽഡ് വിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ ജീവിതശൈലീരോഗ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. നാഷണൽ ആയുഷ് മിഷൻ മുഖേന ആയുഷ് വെൽനസ് സെന്റർ, ആയുഷ് ഗ്രാമം പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**കാസർഗോഡ് മെഡിക്കൽ കോളേജ്**

198 (2098) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കിടത്തി ചികിത്സയും കോളേജ് അഡ്മിഷനും ഈ വർഷം തന്നെ ആരംഭിക്കാൻ നടപടി ഉണ്ടാകുമോ;

(ബി) ജില്ലയുടെ ആരോഗ്യ മേഖലയിലെ പിന്നോക്കാവസ്ഥ പരിഗണിച്ച് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ?

(എ & ബി) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടെയും അടിസ്ഥാന/പശ്ചാത്തല സൗകര്യങ്ങൾ തയ്യാറാക്കിവരുന്നു. ആയത് പൂർത്തിയാകുന്നമുറയ്ക്ക് കിടത്തി ചികിത്സയും കോളേജ് അഡ്മിഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**കണ്ണൂർ മെഡിക്കൽ കോളേജിൽ ഫാം-ഡി. കോഴ്സ്**

199 (2099) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏറ്റെടുത്തതിനുശേഷം കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിർത്തലാക്കിയ ഫാം.ഡി. കോഴ്സ് പുനരാരംഭിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കണ്ണൂർ മെഡിക്കൽ കോളേജിന്റെ കീഴിലുള്ള ഫാർമസി കോളേജിൽ 2012 മുതൽ ഫാം.ഡി. കോഴ്സ് നടത്തിവന്നിരുന്നു. ജോലി സാധ്യത തീരെ കുറവായതിനാലും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി നിയമിക്കപ്പെടുന്ന ഒരു തസ്തികയിലേയും യോഗ്യതയായി ഫാം.ഡി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഒരു കോളേജിലും ഫാം.ഡി. കോഴ്സ് നടത്തപ്പെടുന്നില്ല. അതേ കാരണത്താൽ പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനുശേഷം ഈ കോഴ്സിലേയ്ക്ക് പ്രവേശനം നടത്തിയിട്ടില്ല. കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനം നിലവിലില്ല.

(ബി) കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, കണ്ണൂരിൽ ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രിയിലും ഫാർമസി പ്രാക്ടീസിലും ബിരുദാനന്തരബിരുദം തുടങ്ങാനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കണ്ണൂർ മെഡിക്കൽ കോളേജിന്റെ കീഴിലുള്ള ഫാർമസ്യൂട്ടിക്കൽ സയൻസിൽ ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രിയിലും ഫാർമസി പ്രാക്ടീസിലും എം.ഫാം. കോഴ്സ് തുടങ്ങുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

## കോട്ടയം മെഡിക്കൽ കോളേജിലെ മാലിന്യം അനധികൃതമായി നിക്ഷേപിച്ചവർക്കെതിരെ നടപടി

200 (2100) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിലെ മാലിന്യം ആലുവ ചെങ്ങമനാട് പഞ്ചായത്ത് പ്രദേശത്ത് അനധികൃതമായി നിക്ഷേപിച്ചവർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ആരോഗ്യ വകുപ്പുമന്ത്രി നൽകിയ നിവേദനം (നമ്പർ.374/21/VIP/Min HW&CD) തുടർനടപടി സ്വീകരിക്കാൻ 16-7-2021-ന് മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് കൈമാറിയിരുന്നോ; ഇതിന്മേൽ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കോട്ടയം മെഡിക്കൽ കോളേജിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് അനുമതി വാങ്ങിയിട്ടുള്ള ഏജൻസികൾ അനധികൃതമായി ജനവാസകേന്ദ്രങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ & ബി) പ്രസ്തുത നിവേദനത്തിൻമേൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹെൽത്ത് സൂപ്പർവൈസറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തുകയും ചെങ്ങമനാട് പഞ്ചായത്തിന്റെ പരിധിയിൽ നിക്ഷേപിച്ച കോട്ടയം മെഡിക്കൽ കോളേജിൽനിന്നുമുള്ള മാലിന്യങ്ങൾ ഉടൻ നീക്കം ചെയ്യാൻ കരാറുകാരന് നിർദ്ദേശം നൽകുകയും, അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ മേപ്പടി മാലിന്യങ്ങൾ അവിടെനിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കരാറുകൾക്ക് കർശന നിർദ്ദേശം നൽകുന്നതാണ്.

## മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യവികസനം

201 (2101) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എച്ച്. സലാം:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ മെഡിക്കൽ കോളേജുകളെയും എയിംസ് നിലവാരത്തിലേക്കുയർത്തി തൃതീയതലത്തിൽ അതിവിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കിഫ്ബി സഹായത്തോടെ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി പ്രവർത്തനം നടന്നുവരുന്നുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി അറിയിക്കാമോ?

(എ & ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം ഉയർത്തുന്നതിനായി ഔട്ട്പേഷ്യന്റ് സേവനങ്ങൾ രോഗീസൗഹൃദമാക്കി രൂപാന്തരപ്പെടുത്താനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ?

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം ഉയർത്തുന്നതിനായി ഔട്ട്പേഷ്യന്റ് സേവനങ്ങൾ രോഗീ സൗഹൃദമാക്കി രൂപാന്തരപ്പെടുത്താനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ട്. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് രോഗീസൗഹൃദമാക്കി മാറ്റുന്നതിനായി ഒ.പി. കൗണ്ടറും, രജിസ്ട്രേഷൻ, വെയിറ്റിംഗ് ഏര്യയും നിർമ്മിക്കുന്നതിനുവേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്. കോന്നി, വയനാട്, കാസർഗോഡ്, സർക്കാർ മെഡിക്കൽ കോളേജുകൾ രോഗീ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) രോഗ നിർണ്ണയത്തിനും പരിശോധനയ്ക്കും ചികിത്സയ്ക്കും ആവശ്യമായ നൂതനോപകരണങ്ങൾ ലഭ്യമാക്കുന്നതിനും അവ കൈകാര്യം ചെയ്യുന്നതിന് യോഗ്യതയുള്ളവരെ നിയമിക്കുന്നതിനും നടപടിയെടുത്തുവരുന്നുണ്ടോ; വ്യക്തമാക്കാമോ?

മെഡിക്കൽ കോളേജുകളിൽ നൂതനോപകരണങ്ങൾ ലഭ്യമാക്കുന്നതിനും, അവ കൈകാര്യം ചെയ്യുന്നതിനും യോഗ്യതയുള്ളവരെ നിയമിച്ചും മറ്റ് ജീവനക്കാർക്ക് ആവശ്യമായ പരിശീലനവും നൽകിവരുന്നുണ്ട്.

**കാസർഗോഡ് മെഡിക്കൽ കോളേജ്**

202 (2102) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മെഡിക്കൽ കോളേജ് കോവിഡ് ആശുപത്രിയായി പ്രവർത്തിക്കാൻ തുടങ്ങിയത് എന്നാണെന്നും ഇതിനകം എത്ര കോവിഡ് രോഗികളെ ചികിത്സിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് മെഡിക്കൽ കോളേജ് 2020 ഏപ്രിൽ 4 മുതലാണ് കോവിഡ് ആശുപത്രിയായി പ്രവർത്തിച്ചുതുടങ്ങിയത്. ടി ആശുപത്രിയിൽ ഇതിനോടകം 3382 രോഗികളെ ചികിത്സിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കോവിഡ് ബാധിച്ച് ഇവിടെ പ്രവേശിക്കപ്പെട്ട എത്ര രോഗികൾ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കോവിഡ് ബാധിച്ച് പ്രവേശിക്കപ്പെട്ട 77 രോഗികൾ മരണപ്പെട്ടുകയുണ്ടായി.

(സി) യഥാസമയം മതിയായ ചികിത്സ ലഭിക്കാത്തതാണോ മരണകാരണമെന്ന് വ്യക്തമാക്കാമോ?

കോവിഡ് ബാധിച്ച് പ്രവേശിക്കപ്പെടുന്ന രോഗികൾക്ക് ലഭ്യമായ എല്ലാ ചികിത്സകളും നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ എത്ര കോവിഡ് രോഗികളുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ രോഗികൾ ഇല്ല.

(ഇ) ഈ ആശുപത്രി അടച്ചിടാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്നും എത്ര ദിവസത്തേക്കാണ് അടച്ചിടുന്നതെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ ചുമതലയുള്ള M/s KITCO-യ്ക്ക് അവശേഷിക്കുന്ന സിവിൽ/ഇലക്ട്രിക്കൽ ജോലികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന്, ഒരു മാസത്തേയ്ക്ക് ഭാഗിക അടച്ചിടൽ അനിവാര്യമായതിനാലും നിലവിൽ കോവിഡ് രോഗികൾ ഇല്ലാത്തതിനാലും ഭാഗികമായി അടച്ചിട്ടിട്ടുണ്ട്. എന്നാൽ അടിയന്തര സാഹചര്യമുണ്ടായാൽ പണികൾ നിർത്തിവച്ച് ചികിത്സ പുനരാരംഭിക്കുന്നതിന് യാതൊരുവിധ തടസ്സവുമില്ല.

(എഫ്) ആശുപത്രി വീണ്ടും തുറക്കുമ്പോൾ മെഡിക്കൽ കോളേജിന്റെ എല്ലാ ഒ.പി. വിഭാഗങ്ങളും തുറന്ന് പ്രവർത്തിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കുമോ; എങ്കിൽ എപ്പോഴാണ് ഇത് പ്രാവർത്തികമാവുകയെന്ന് വ്യക്തമാക്കാമോ?

പണി പൂർത്തിയാകുന്നമുറയ്ക്ക് ജനറൽ ഒ.പി.-യും തുടർന്ന് സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ളവയും സജ്ജീകരിക്കുന്നതാണ്.

**മഞ്ചേരിയിലെ ആശുപത്രികൾ**

203 (2103) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മെഡിക്കൽ കോളേജ് ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്ത് മതിയായ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള ഭൂമി ഇല്ലാത്തതിനാൽ മെഡിക്കൽ കോളേജ് സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാൻ നടപടി

സ്വീകരിക്കുമോ?

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് 23.4 ഏക്കർ ഭൂമിയിലാണ് സ്ഥിതിചെയ്യുന്നത്. ഇതിൽ ആശുപത്രി കെട്ടിടങ്ങൾ, അക്കാദമിക് ബ്ലോക്കുകൾ, ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക-അനദ്ധ്യാപക ഹോസ്റ്റലുകൾ, ആഡിറ്റോറിയം എന്നീ കെട്ടിടങ്ങളും, പൊതുമരാമത്ത് വകുപ്പ് മുഖേന പ്രവൃത്തികൾ ആരംഭിക്കാനിരിക്കുന്ന ഒ.പി. ബ്ലോക്ക്, സ്റ്റോർ കോംപ്ലക്സ്, റസിഡന്റ് ക്വാർട്ടേഴ്സ്, റേഡിയോളജി ബ്ലോക്ക് എന്നീ കെട്ടിടങ്ങളുമുൾപ്പെടുന്നു. മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 2.8107 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. മെഡിക്കൽ കോളേജ് മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നത് പരിഗണനയിലില്ല.

(ബി) മഞ്ചേരിയിൽ പുതിയ ജനറൽ ആശുപത്രി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മഞ്ചേരിയിൽ സ്ഥാപിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(സി) 2017-ൽ പതിനാല് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച മഞ്ചേരിയിലെ സർക്കാർ നഴ്സിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണം ടെണ്ടർ ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടെണ്ടർ ചെയ്ത് പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(സി & ഡി) 13-03-2017-ലെ സ.ഉ.(ആർ.റ്റി.)നം.643/2017 പ്രകാരം മഞ്ചേരി സർക്കാർ നഴ്സിംഗ് സ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-ലെ പ്ലാൻ പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും (2205 sq.m) ഹോസ്റ്റൽ ബ്ലോക്കും (2858 sq.m) ചേർത്ത് 5063 sq.m മാത്രമാണ് വിസ്തീർണ്ണം ഉണ്ടായിരുന്നത്. എന്നാൽ നഴ്സിംഗ് കൗൺസിലിന്റെ മിനിമം requirements, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പരിഗണിച്ച് 2020-ൽ സമർപ്പിച്ച പ്ലാൻ പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് (4194 sq.m), ഹോസ്റ്റൽ ബ്ലോക്ക് (3070 sq.m) എന്നിവ ചേർന്ന് ആകെ 7264 sq.m വിസ്തീർണ്ണമുണ്ട്. ടി പ്ലാൻ പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ നടത്താൻ കഴിയൂ. എന്നാൽ ഭരണാനുമതി പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനും, ഹോസ്റ്റൽ ബ്ലോക്കിനും ചേർത്താണ് 14 കോടി രൂപ അനുവദിച്ചിരുന്നത്. ആയതിനാൽ ഈ പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

## തൃശ്ശൂർ മെഡിക്കൽ കോളേജ്

204 (2104) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ടൈപ്പ് 1, ടൈപ്പ് 2 സ്റ്റാഫ് ക്വാട്ടേഴ്സ് നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാമോ?

മുൻ വർഷങ്ങളിലെ ബഡ്ജറ്റ് പ്രൊപ്പോസലുകളിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ ടൈപ്പ് 1, ടൈപ്പ് 2 സ്റ്റാഫ് ക്വാട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള പദ്ധതി ഉൾപ്പെട്ടിരുന്നെങ്കിലും പ്രസ്തുത പ്രവൃത്തിക്ക് തുക വകയിരുത്തിയിരുന്നില്ല.

(ബി) ടി കോളേജിലെ പേവാർഡ് നിർമ്മാണത്തിന്റെ രണ്ടാം ഘട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ ആയതിന്റെ രണ്ടാംഘട്ട പൂർത്തീകരണത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കാമോ?

(ബി & സി) തൃശ്ശൂർ മെഡിക്കൽ കോളേജിലെ പേവാർഡ് കെട്ടിടത്തിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനായി സ.ഉ.(സാധാ)നം.792/2018/ആ.കു.വ. തീയതി, 8-3-2018 പ്രകാരം മൂന്ന് കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി നടപ്പാക്കിയിട്ടില്ല. ഭരണാനുമതി നൽകി 3 വർഷം കഴിഞ്ഞതിനാൽ ആയത് പുതുക്കി നൽകേണ്ടതുണ്ട്. ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മെഡിക്കൽ കോളേജുകളിലെ രക്ത ബാങ്കുകൾ

205 (2105) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മെഡിക്കൽ കോളേജുകളിലെ രക്തബാങ്കുകൾ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് റൂൾസ് പ്രകാരമാണോ പ്രവർത്തിക്കുന്നത്?

കേന്ദ്ര നിയമമായ ഡ്രഗ് റൂൾസ്, 1945-ലെ Schedule F Part XII B-യിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായിട്ടും പ്രസ്തുത നിയമപ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പും, സെൻട്രൽ ഡ്രഗ്സ് കൺട്രോൾ സ്റ്റാൻഡേർഡ് ഓർഗനൈസേഷനും സംയുക്തമായി അനുവദിച്ചിട്ടുള്ള ലൈസൻസ് പ്രകാരവുമാണ് സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലെയും രക്തബാങ്കുകൾ പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത ചട്ടപ്രകാരം രക്തബാങ്കിന് ലൈസൻസ് ലഭിക്കുന്നതിനും പ്രവർത്തിക്കുന്നതിനും ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, ടെക്നിക്കൽ അസിസ്റ്റന്റ്, ടെക്നിക്കൽ സൂപ്പർവൈസർ എന്നീ തസ്തികകൾ അനിവാര്യമല്ലേയെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര നിയമമായ ഡ്രഗ് റൂൾസ്-1945-ലെ റൂൾ 122 G-യിലെ വ്യവസ്ഥകൾ പ്രകാരം Whole Human Blood മാത്രമുള്ള ബ്ലഡ് സെന്ററുകൾക്ക് ലൈസൻസ് ലഭിക്കുന്നതിനും അവ പ്രവർത്തിപ്പിക്കുന്നതിനും ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തിക അനിവാര്യമാണ്. രക്തത്തിൽനിന്ന് ഘടകങ്ങൾ വേർതിരിച്ചെടുക്കുന്ന ബ്ലഡ് സെന്ററുകളിൽ ബ്ലഡ്ബാങ്ക് ടെക്നീഷ്യൻ, ടെക്നിക്കൽ സൂപ്പർവൈസർ എന്നിവരുടെ സേവനം നിയമപ്രകാരം ആവശ്യമുണ്ട്. ബ്ലഡ് സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് ടെക്നിക്കൽ അസിസ്റ്റന്റ് എന്ന തസ്തിക നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നില്ല.

(സി) മെഡിക്കൽ കോളേജുകളിലെ രക്തബാങ്കുകളിൽ ടെക്നിക്കൽ അസിസ്റ്റന്റ്, ടെക്നിക്കൽ സൂപ്പർവൈസർ എന്നീ തസ്തികകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുസമാനമായ ഏത് തസ്തികകളാണ് പ്രസ്തുത ലാബുകളിലുള്ളത്; വ്യക്തമാക്കാമോ?

സർക്കാർ മെഡിക്കൽ കോളേജുകളിലെ രക്തബാങ്കുകളിൽ ടെക്നിക്കൽ അസിസ്റ്റന്റ്, ടെക്നിക്കൽ സൂപ്പർവൈസർ എന്നീ തസ്തികകൾ നിലവിലില്ല. സയന്റിഫിക് അസിസ്റ്റന്റ്, സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലുള്ളവരാണ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ടെക്നിക്കൽ അസിസ്റ്റന്റ്, ടെക്നിക്കൽ സൂപ്പർവൈസർ എന്നിവരുടെ ജോലികൾ ചെയ്തുവരുന്നത്.

**ഹൃദയ ശസ്ത്രക്രിയ ഉപകരണങ്ങൾ നൽകുന്നത് നിർത്തിവച്ച നടപടി**

206 (2106) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്റ്റെന്റ് ഉൾപ്പെടെയുള്ള ഹൃദയ ശസ്ത്രക്രിയ ഉപകരണങ്ങൾ നൽകുന്നത് വിതരണക്കാർ നിർത്തിവച്ചതുമൂലം ശസ്ത്രക്രിയകൾ മുടങ്ങിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നത് വ്യക്തമാക്കാമോ; ഏതൊക്കെ വിതരണ കമ്പനികൾക്ക് എത്ര തുക വീതമാണ് സർക്കാർ നൽകാനുള്ളതെന്ന വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

Senior Citizen Health Insurance Scheme(SCHIS) വകയിൽ 2019 ഫെബ്രുവരി, മാർച്ച് മാസത്തിൽ കുടിശ്ശികയായി 76,08,329 രൂപയും കാരുണ്യ

ആരോഗ്യ സുരക്ഷ പദ്ധതി (KASP) ഇനത്തിൽ ഒക്ടോബർ 2020 മുതൽ ജൂൺ 2021 വരെ കുടിശ്ശികയായി 8,52,54,145 രൂപയും നൽകാനുണ്ട്. കുടിശ്ശിക ഇനത്തിൽ നൽകേണ്ട തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പണം നൽകാത്തതിനെ തുടർന്ന് ഏതെല്ലാം ഉപകരണങ്ങളുടെ വിതരണം നിലച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

പണം നൽകാത്തതിന്റെ പേരിൽ ഉപകരണങ്ങളുടെ വിതരണം ഇതുവരെയും തടസ്സപ്പെട്ടിട്ടില്ല, ശസ്ത്രക്രിയകൾ നടന്നുവരുന്നുണ്ട്.

**മാവൂർ തെങ്ങിലക്കടവിൽ ആശുപത്രി**

207 (2107) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവിൽ കാൻസർ സെന്റർ സ്ഥാപിക്കുന്നതിനായി സർക്കാരിന് സൗജന്യമായി കൈമാറിക്കിട്ടിയ സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

മാവൂർ തെങ്ങിലക്കടവിലെ മലബാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്ററിന്റെ കൈവശമുണ്ടായിരുന്ന സ്ഥലവും അനുബന്ധ സൗകര്യങ്ങളും കോഴിക്കോട് മെഡിക്കൽ കോളേജിന്റെ കാൻസർ സ്ക്രീനിംഗ് സെന്ററായി പ്രവർത്തിപ്പിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് കൈമാറിയിട്ടുണ്ട്. ഇതിനെ കാൻസർ രോഗികളുടെ റീഹാബിലിറ്റേഷൻ സെന്ററായും, ഏർളി കാൻസർ ഡിറ്റക്ഷൻ സെന്ററായും മാറ്റിയെടുക്കുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പാൾ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിശോധിച്ച് വരികയാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ ലഭിക്കുമ്പോൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ സ്ഥാപനം പുനരുദ്ധരിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലഭ്യമാക്കിയ ഒരു കോടി രൂപയുടെ ഭരണാനുമതി തുക ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; സ്ഥാപനം മെഡിക്കൽ കോളേജിന് കീഴിലായിരിക്കെ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന വികസന പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കുന്നത് പ്രായോഗിക തലത്തിൽ പ്രയാസങ്ങളുണ്ടാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ?

3-4-2020-ലെ സ.ഉ.(സാധാ)നം.2040/2020/ആ.കു.വ. പ്രകാരം ആരോഗ്യ വകുപ്പ് 5054-80-800-66 എന്ന ലംപ്സം ശീർഷകത്തിൽനിന്നും വിവിധ പ്രവൃത്തികൾക്ക് തത്വത്തിൽ ഭരണാനുമതി നൽകിയ ഉത്തരവിൽ ക്രമ നം.2

പ്രകാരം തെങ്ങിലക്കടവ് കാൻസർ സെന്റർ പ്രവർത്തനക്ഷമമാക്കൽ എന്ന പ്രവൃത്തിക്ക് 1 കോടി രൂപ (ഒരു കോടി രൂപ മാത്രം) അനുവദിച്ചിരുന്നു. മാവൂർ തെങ്ങിലക്കടവ് കാൻസർ സെന്റർ (കുന്ദമംഗലം) എന്ന സ്ഥാപനം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ വരുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിവരം സർക്കാർ പിരിശോധിച്ചുവരുന്നു. കൂടാതെ 6-2-2021-ൽ കോഴിക്കോട് കളക്ടറുടെ ചേമ്പറിൽ കൂടിയ യോഗത്തിൽ കാൻസർ കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്റ്റാഫിനെ NHM വഴി നിയമിക്കുന്നതിനും അനുബന്ധ പദ്ധതികൾ സമർപ്പിക്കുന്നതിനും കോഴിക്കോട് ജില്ലാ പഞ്ചായത്തിനെ ഏൽപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കാൻസർ കെയർ സെന്ററിലെ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുവേണ്ടി PWD -യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിന് 5 കോടി രൂപ ആവശ്യമായി വരുമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബാക്കി തുക കൂടി അനുവദിച്ച് നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മാവൂർ തെങ്ങിലക്കടവ് കാൻസർ സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി അഞ്ചുകോടി രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹുമാനപ്പെട്ട എം.എൽ.എ., ശ്രീ. പി. ടി. എ. റഹീം സമർപ്പിച്ച അപേക്ഷയിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## സ്വകാര്യാശുപത്രികളിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ പണം

208 (2108) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരൾമാറ്റ ശസ്ത്രക്രിയ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ നടത്തിവരുന്നുണ്ടോ?

നിലവിൽ നടത്തുന്നില്ല. 2016-ൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിച്ചിരുന്നുവെങ്കിലും കരൾ സ്വീകരിച്ച രോഗി അണുബാധമൂലം മരണപ്പെട്ടതിനെത്തുടർന്ന് ശസ്ത്രക്രിയ നിർത്തിവയ്ക്കുകയുണ്ടായി. ശസ്ത്രക്രിയകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി സ്വീകരിച്ചുവരുന്നു.

(ബി) കരൾ രോഗികൾക്ക് സ്വകാര്യ ആശുപത്രികളിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ പണം കണ്ടെത്തുന്നതിനായി പൊതുപ്രവർത്തകർക്കും സന്നദ്ധപ്രവർത്തകർക്കും പൊതുജനങ്ങളിൽനിന്നും പിരിവെടുക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജനങ്ങൾ നേരിടുന്ന ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായിട്ടാണ് സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നത്.

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്ന പക്ഷം പാവപ്പെട്ടവരുടെ കരൾമാറ്റ ശസ്ത്രക്രിയയ്ക്കായി ഇപ്രകാരം പിരിവെടുക്കേണ്ടിവരുന്നത് ഒഴിവാക്കാൻ കഴിയില്ലേ; വിശദമാക്കാമോ?

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ പുനരാരംഭിക്കാനും കോട്ടയം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ പുതുതായി ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിച്ച് കഴിഞ്ഞാൽ നിർദ്ധനരായ രോഗികൾക്ക് കൂടുതൽ സഹായകരമാകുന്നതാണ്.

(ഡി) സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ പുനരാരംഭിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരുന്നു. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി സർജിക്കൽ ഗാസ്ട്രോഎൻഡ്രോളജി വിഭാഗം ആരംഭിക്കുന്നതിനായി താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

പ്രൊഫസർ - 1

അസോസിയേറ്റ് പ്രൊഫസർ -1

അസിസ്റ്റന്റ് പ്രൊഫസർ - 2

സീനിയർ റസിഡന്റ് - 4

മേൽ തസ്തികകളിൽ നിയമനം നടത്തുകയും ഓപ്പറേഷൻ തിയേറ്റർ, ഐ.സി.യു. എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**മഞ്ചേരി മെഡിക്കൽ കോളേജ്**

209 (2109) <u>ശ്രീ. യു. എ. ലത്തീഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മഞ്ചേരി മെഡിക്കൽ കോളേജിൽ സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് 93 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. സ്ഥലം ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത കോളേജിനുവേണ്ടി ഏഴ് ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; അടിയന്തരമായി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാമോ?

മഞ്ചേരി മെഡിക്കൽ കോളേജിന്റെയും, മെഡിക്കൽ കോളേജ് ആശുപത്രിയുടെയും വികസനത്തിനായി ചെങ്ങണ ബൈപ്പാസിൽനിന്നും മെഡിക്കൽ കോളേജിലേക്ക് അനുബന്ധ റോഡ് നിർമ്മിക്കുന്നതിനും, കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ നിർമ്മാണത്തിനുമായി 2.8107 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 16-2-2019-ലെ സ.ഉ.(കൈ)നമ്പർ28/2019/ആ.കു.വ. പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 13,81,88,970 രൂപയും, ആയതിന്റെ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപയും അനുവദിക്കണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. ഏറ്റെടുക്കുന്ന ഭൂമിയുടെ വില ഭരണാനുമതി ഉത്തരവിൽപ്പറയുന്ന സർവ്വേ നമ്പറിന്റെ അടിസ്ഥാനത്തിൽ വിശദമാക്കി റിപ്പോർട്ട് നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മഞ്ചേരി മെഡിക്കൽ കോളേജിൽ പൊതുമരാമത്തുവകുപ്പ് നടത്തേണ്ട പ്രവൃത്തികൾ ആരംഭിക്കാതെയും പൂർത്തീകരിക്കാതെയും ഇരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് പൂർത്തീകരിക്കും; ആരംഭിക്കാത്ത പ്രവൃത്തികൾ എന്ന് തുടങ്ങും; വിശദീകരിക്കാമോ?

മഞ്ചേരി മെഡിക്കൽ കോളേജിൽ പൊതുമരാമത്തുവകുപ്പ് നിർവ്വഹണം നടത്തേണ്ടുന്ന ക്ലിനിക്കൽ ബ്ലോക്ക് നിർമ്മാണം ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, റേഡിയോളജി & ലബോറട്ടറി കോംപ്ലക്സ് നിർമ്മാണം, സ്റ്റോർ കോംപ്ലക്സിന്റെ നിർമ്മാണം മുതലായ പ്രവൃത്തികൾക്ക് പി.ഡബ്ല്യു.ഡി.-ക്ക് ഫണ്ട് കൈമാറിയിരുന്നു. എന്നാൽ പി.ഡബ്ല്യു.ഡി. നിർമ്മാണം ആരംഭിച്ചിട്ടില്ല. പൂർത്തീകരിക്കാത്തവ അടിയന്തരമായി പൂർത്തീകരിക്കുന്നതിനും പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനും പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത കോളേജിനാവശ്യമായ തസ്തികകളിൽ സ്ഥിര നിയമനം നടത്തി മെഡിക്കൽ കോളേജിന് സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി മെഡിക്കൽ കോളേജിനായി അനുവദിച്ച തസ്തികകളിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുള്ള സിംഗിൾ പാക്കേജ് പ്രൊപ്പോസൽ നിലവിൽ താൽക്കാലികമായി മാറ്റിവച്ചിരിക്കുകയാണ്.

## ആരോഗ്യ വകുപ്പിൽ പുതിയ തസ്തികകൾ

210 (2110) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-02-2021-ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത തസ്തികകൾ എത്രയെന്നും ഏതെല്ലാമെന്നും ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തീരുമാനത്തിനുമേൽ നാളിതുവരെ സൃഷ്ടിച്ച തസ്തികകൾ ഇനം തിരിച്ച് വെളിപ്പെടുത്തുമോ; അവയിൽ ഓരോന്നിലും നാളിതുവരെ എത്ര നിയമനം നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

(എ-സി) 17-2-2021-ലെ ബഹുമാനപ്പെട്ട മന്ത്രിസഭാ തീരുമാനമനുസരിച്ച് 19-2-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 52/2021/ആ.കു.വ. പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ 1200-ഉം, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 1299-ഉം (മുൻ പരിയാരം മെഡിക്കൽ കോളേജിലെ സ്റ്റാഫുകളെ ഏറ്റെടുക്കുന്നതിനായി കണ്ണൂരിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ 772 വിവിധ തസ്തികകൾ ഉൾപ്പെടെ), ആയുഷ് വകുപ്പിന് കീഴിൽ 300-ഉം, ആകെ 2799 പുതിയ തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലും ആയുഷ് വകുപ്പിന് കീഴിലും നാളിതുവരെ കാറ്റഗറി തിരിച്ച് സൃഷ്ടിച്ച തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) 3-8-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 143/2021/ ആ.കു.വ. പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കീഴിലെ വിവിധ ആശുപത്രികളിലേയ്ക്കായി 204 സ്റ്റാഫ് നഴ്സ്, 52 ഫാർമസിസ്റ്റ്, 42 ലോവർ ഡിവിഷൻ ക്ലർക്ക്, 2 ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെ 300 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ഈ തസ്തികകളിലേക്ക് നിയമനത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ടുചെയ്യുകയും ചെയ്തിട്ടുണ്ട്.

(2) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ചിട്ടുള്ള 1299 തസ്തികകളിൽ ഉൾപ്പെടുത്തി തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ പീഡിയാട്രിക് ഗാസ്ട്രോ എൻഡ്രോളജി വിഭാഗം ആരംഭിക്കുന്നതിനായി ഒരു അസിസ്റ്റന്റ് പ്രൊഫസർ-ഇൻ-പീഡിയാട്രിക് ഗാസ്ട്രോഎൻഡ്രോളജി തസ്തികയും പബ്ലിക് ഹെൽത്ത് ഡെന്റിസ്ട്രി വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. അസിസ്റ്റന്റ് പ്രൊഫസർ ഇൻ പീഡിയാട്രിക് ഗാസ്ട്രോഎൻഡ്രോളജി തസ്തികയുടെ യോഗ്യതയും നിയമനരീതിയും നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ടി തസ്തികയിൽ ജോലി ക്രമീകരണം മുഖേന നിയമനം നടത്തിയിട്ടുണ്ട്. പബ്ലിക് ഹെൽത്ത് ഡെന്റിസ്ട്രി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തിയിട്ടുണ്ട്. മുൻ പരിയാരം മെഡിക്കൽ കോളേജിലേയും അനുബന്ധ സ്ഥാപനങ്ങളിലേയും വിവിധ തസ്തികകളിൽ ഉൾപ്പെട്ട 772 സ്ഥിരം ജീവനക്കാരെ ആഗിരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(3) ആയുഷ് വകുപ്പിന് കീഴിലെ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ സീനിയർ മെഡിക്കൽ ഓഫീസർമാരുടെ 2 തസ്തികകളും മെഡിക്കൽ ഓഫീസർമാരുടെ 8 തസ്തികകളും, ലാബ് ടെക്നീഷ്യൻ, നഴ്സിംഗ് സൂപ്രണ്ട്, ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ, ഇ.സി. ജി. ടെക്നീഷ്യൻ, ഇലക്ട്രീഷ്യൻ കം പ്ലംബർ, വുമൺ ഹൗസ് കീപ്പർ എന്നിവയുടെ ഓരോ തസ്തിക വീതവും ക്ലാർക്കുമാരുടെ 2 തസ്തികകളും സർക്കാർ ഉത്തരവ് (കൈ) നമ്പർ 5/2021/ആയുഷ് 25-02-2021-ലെ പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 7/2021/ആയുഷ് പ്രകാരം 8 സിദ്ധ മെഡിക്കൽ ഓഫീസർമാരുടെ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

**മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിനുള്ള അപേക്ഷകൾ**

211 (2111) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ ആരോഗ്യ വകുപ്പിൽ ലഭ്യമാകുന്ന തീയതി അടിസ്ഥാനമാക്കി സീനിയോറിറ്റി പ്രകാരം സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മരണപ്പെട്ട ജീവനക്കാരുടെ ചികിത്സയുമായി ബന്ധപ്പെട്ടതും പലിശരഹിത ചികിത്സാ വായ്പ ക്രമീകരണവുമായി ബന്ധപ്പെട്ടതും കാൻസർ, അവയവ മാറ്റിവയ്ക്കൽ, ഹൃദ്രോഗം തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ടതുമായ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ ഒഴികെയുള്ളവ സീനിയോറിറ്റി പ്രകാരമാണ് പരിഗണിച്ചുവരുന്നത്.

(ബി) മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിന് അതാത് വകുപ്പുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന നിശ്ചിത തുക പരിധി ഉയർത്താൻ നിലവിലെ സാഹചര്യം പരിഗണിച്ച് സർക്കാർ നടപടി സ്വീകരിക്കുമോ?

1960-ലെ KGSMA ചട്ടങ്ങൾ പ്രകാരം പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി വകുപ്പ് തലവന്മാർക്ക് അനുവദിക്കാവുന്ന റീ ഇമ്പേഴ്സ്മെന്റ് തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടില്ല.

(സി) മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിന് അതാത് വകുപ്പുകളിൽ നിശ്ചയിച്ചിരിക്കുന്ന തുക പരിധി കഴിഞ്ഞാൽ അതാത് വകുപ്പുകളിൽനിന്നും ആരോഗ്യവകുപ്പിലേയ്ക്കും അവിടെനിന്നും വീണ്ടും മാതൃവകുപ്പുകളിലേയ്ക്കും പിന്നെ സെക്രട്ടേറിയറ്റ് ഫിനാൻസ് വകുപ്പിലേയ്ക്കും തിരിച്ച് വീണ്ടും മാതൃവകുപ്പിലേയ്ക്കും അയയ്ക്കുക വഴി വർഷങ്ങളുടെ കാലതാമസം ഉദ്യോഗസ്ഥർക്ക് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുമോ?

ഇല്ല. 1960-ലെ KGSMA ചട്ടങ്ങൾ പ്രകാരം പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി വകുപ്പ് തലവന്മാർക്ക് അനുവദിക്കാവുന്ന റീ ഇമ്പേഴ്സ്മെന്റ് തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടില്ല. പ്രസ്തുത ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള രേഖകൾ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിന് അനിവാര്യമായതിനാൽ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ഓൺലൈൻ ആക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ആരോഗ്യരംഗത്തെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ**

212 (2112) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യരംഗത്തെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് അനിവാര്യമായ എൻ.എച്ച്.എം. ജീവനക്കാരെ നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ എൻ.എച്ച്.എം. ജീവനക്കാർക്ക് നടപ്പിലാക്കിയ തരത്തിലുള്ള എച്ച്.ആർ. പോളിസി കേരളത്തിലും നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) എൻ.എച്ച്.എം.-ന് കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തുടർച്ച കേന്ദ്ര സർക്കാരിൽനിന്നുള്ള വാർഷിക റെക്കോർഡ് ഓഫ്

പ്രൊസീഡിംഗ്സ് (ROP) അംഗീകാരത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പുതിയ തസ്തികകളുടെ അംഗീകാരത്തിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് വർഷംതോറും സമർപ്പിക്കുകയും ആയത് കേന്ദ്ര സർക്കാർ വിലയിരുത്തിയശേഷം തസ്തികകൾ അനുവദിക്കുകയുമാണ് ചെയ്യുന്നത്. ഇതര സംസ്ഥാനങ്ങളിൽ എൻ.എച്ച്.എം. ജീവനക്കാർക്ക് നടപ്പിലാക്കിയ എച്ച്.ആർ. നയം കേരളത്തിൽ നടപ്പിലാക്കിയിട്ടില്ല.

**സർക്കാർ ആശുപത്രികളിലെ താൽക്കാലിക ജീവനക്കാരുടെ വേതനം**

213 (2113) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ആശുപത്രികളിലെ ഓരോ വിഭാഗത്തിലെയും താൽക്കാലിക ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം എത്രയെന്ന് അറിയിക്കാമോ; സർക്കാർ നിശ്ചയിച്ച വേതനം തന്നെ ഇവർക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

ആശുപത്രികളിലെ sanctioned തസ്തികകളിലേയ്ക്ക് നിയമിക്കുന്ന ജീവനക്കാർക്ക് 11-2-2021-ലെ സ.ഉ.(പി)നം.29/2021/ധന. നിരക്ക് പ്രകാരം വേതനം നൽകിവരുന്നു. ആരോഗ്യ കേരളം (NHM) വഴി നിയമിക്കുന്ന കരാർ/ദിവസ വേതന ജീവനക്കാർക്ക് കേന്ദ്രസർക്കാർ പ്രസ്തുത പദ്ധതിയിൽ വർഷം തോറും അനുവദിക്കുന്ന പ്രകാരമാണ് വേതനം നൽകിവരുന്നത്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ പ്രവർത്തിക്കുന്ന ആശുപത്രി വികസന സൊസൈറ്റി, ജനറൽ/സ്പെഷ്യാലിറ്റി ആശുപത്രികളിൽ പ്രവർത്തിക്കുന്ന ആശുപത്രി വികസന കമ്മിറ്റികൾ, ജില്ലാ/താലൂക്ക്/സാമൂഹ്യരോഗ്യ/പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ എന്നിവയുടെകീഴിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് ബന്ധപ്പെട്ട കമ്മിറ്റി/സൊസൈറ്റി നിശ്ചയിക്കുന്ന വേതനമാണ് നൽകിവരുന്നത്.

**തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ കരാർ ജീവനക്കാർ**

214 (2114) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ ഓരോ വിഭാഗത്തിലും എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിൽ എത്ര വർഷമായി കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്നും ഓരോരുത്തരുടെയും ശമ്പളം എത്രയാണെന്നും വ്യക്തമാക്കുമോ?

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയുടെ കീഴിലെ ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇപ്രകാരം ജോലി ചെയ്യുന്നവരിൽ എത്ര ജീവനക്കാർക്ക് കോവിഡ് ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് പ്രത്യേക അലവൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്; ഏതൊക്കെ വിഭാഗത്തിൽ ജോലി ചെയ്യുന്നവർക്കാണ് ഇപ്രകാരം അലവൻസ് നൽകിയതെന്ന് അറിയിക്കുമോ?

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയുടെ കീഴിലെ ജീവനക്കാർക്ക് കോവിഡ് ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് പ്രത്യേക അലവൻസ് ഒന്നും അനുവദിച്ച് നൽകിയിട്ടില്ല.

## ആരോഗ്യ രംഗത്തെ താൽക്കാലിക ജീവനക്കാർക്ക് പ്രത്യേക അലവൻസ്

215 (2115) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിപ, പ്രളയം, കോവിഡ് എന്നീ ദുർഘടകാലങ്ങളിൽ ജീവൻ പണയപ്പെടുത്തി ആരോഗ്യരംഗത്ത് സേവനമനുഷ്ഠിച്ച താൽക്കാലിക ജീവനക്കാർക്ക് എന്തെങ്കിലും പ്രത്യേക അലവൻസ് സർക്കാർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാൻ നടപടി സ്വീകരിക്കുമോ?

കോവിഡ് പ്രതിരോധത്തിനായി നാഷണൽ ഹെൽത്ത് മിഷന് കീഴിൽ കരാർ ദിവസവേതന അടിസ്ഥാനത്തിലും താൽക്കാലികമായും നിയമിക്കപ്പെട്ടവർക്ക് അധിക ഇൻസെന്റീവും റിസ്ക് അലവൻസും അനുവദിച്ചിരുന്നു. ആഗസ്റ്റ് 2020 മുതൽ മാർച്ച് 2021 വരെയുള്ള ഇൻസെന്റീവും റിസ്ക് അലവൻസും എല്ലാ ജീവനക്കാർക്കും നൽകിയിട്ടുണ്ട്.

## അസിസ്റ്റന്റ് സർജൻ/കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തിക

216 (2116) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ അസിസ്റ്റന്റ് സർജൻമാരുടെ സ്ഥിരം തസ്തിക എത്രയെന്നും ഈ തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നവർ എത്രയെന്നും വെളിപ്പെടുത്തുമോ?

അസിസ്റ്റന്റ് സർജൻ തസ്തികയിലെ അനുവദനീയ തസ്തികകൾ - 3515

നിലവിൽ ടി തസ്തികയിൽ ജോലി ചെയ്യുന്നവർ - 3499

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ടി തസ്തികകളിൽ കരാർ നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് വിശദീകരിക്കുമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നില്ല. കൂടാതെ ടി തസ്തികയിൽ ആരുംതന്നെ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്നില്ല.

(സി) 17-2-2021-ലെ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സർജൻമാരുടെ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

17-2-2021-ലെ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സർജൻ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഡി) അസിസ്റ്റന്റ് സർജൻ/കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേരെ അഡ്വൈസ് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ?

നിലവിൽ റാങ്ക് ലിസ്റ്റിൽനിന്നും 147 പേരുടെ നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തെ 38 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

## ഇൻഷ്വറൻസ് ക്ലെയിം കിഴിച്ചുള്ള തുക കൂടി മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റായി ലഭിക്കുന്നതിന് നടപടി

217 (2117) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ നിശ്ചയിച്ചിരിക്കുന്ന സ്വകാര്യ പാനൽ ആശുപത്രികളിൽ നിശ്ചിത തുകയ്ക്ക് മെഡിക്കൽ ഇൻഷ്വറൻസുള്ള സർക്കാർ ഉദ്യോഗസ്ഥരോ അവരുടെ നിയമാനുസൃത ആശ്രിതരോ ചികിത്സ നടത്തുമ്പോൾ ആശുപത്രിയിൽനിന്ന് ഒറിജിനൽ ബിൽ ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനിക്ക് അയച്ചുകൊടുക്കുന്നുണ്ടെങ്കിലും ഇൻഷ്വറൻസ് തുക കിഴിച്ച് ബാക്കിവരുന്ന തുക ആരോഗ്യ വകുപ്പിൽ ക്ലെയിം ചെയ്യുന്നതിന് ഒറിജിനൽ ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പി സർട്ടിഫൈ ചെയ്താണ് സ്വകാര്യ ആശുപത്രികൾ നൽകിവരുന്നതെന്നതിനാൽ ഭാഗിക തുകയ്ക്കുള്ള മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലെയിം ബില്ലുകൾ ആരോഗ്യ വകുപ്പ് നിരസിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) സ്വകാര്യ ആശുപത്രികൾ ഒറിജിനൽ ബിൽ നൽകാത്തത് കാരണം നിരവധിപേർക്ക് മൊത്തം ചെലവായ തുകയുടെ ഇൻഷ്വറൻസ് തുക കിഴിച്ചുള്ള

ബാക്കി തുക ലഭിക്കാതിരിക്കുന്നത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

നിലവിലുള്ള നിയമപ്രകാരം മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷയോടൊപ്പം അസ്സൽ ബില്ലുകൾ ഹാജരാക്കേണ്ടതാണ്. അസ്സൽ ബില്ലുകൾ ഇൻഷ്വറൻസ് കമ്പനിക്ക് ഹാജരാക്കിയ കാരണത്താൽ ഡ്യൂപ്ലിക്കേറ്റ് ബില്ലുകൾ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിനായി സമർപ്പിക്കുന്ന കേസുകളിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറോ ജില്ലാ മെഡിക്കൽ ഓഫീസറോ അനുവദനീയമെന്ന് കണ്ടെത്തുന്ന തുകയിൽനിന്നും ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ തുക കിഴിച്ച് ബാക്കി തുക പ്രത്യേക കേസായി പരിഗണിച്ച് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റായി അനുവദിക്കാൻ ആരോഗ്യ വകുപ്പ് അനുമതി നൽകിവരുന്നു.

(സി) സ്വകാര്യ ആശുപത്രികളിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് ചെലവാകുന്ന തുകയുടെ ബില്ലുകൾ ഓൺലൈനായി ആരോഗ്യ വകുപ്പിലേയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

1960-ലെ KGSMA ചട്ടങ്ങൾ പ്രകാരമാണ് സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അനുവദിച്ചുവരുന്നത്. പ്രസ്തുത ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള രേഖകൾ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിന് അനിവാര്യമായതിനാൽ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ഓൺലൈനാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ**

218 (2118) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനത്തിനായി ശ്രീമതി റീന റോയ് (മഞ്ഞളി ഹൗസ്, വതക്കര, ആമ്പല്ലൂർ) എന്നയാൾ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ടിയാളുടെ അപേക്ഷ പരിഗണിച്ച് നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീമതി റിനു റോയ്-ക്ക് ആരോഗ്യ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനുള്ള അനുമതി നൽകി 23-7-2016-ലെ സ.ഉ.(കൈ)നമ്പർ 153/2016/ആ.കു.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. അപേക്ഷ തീയതിയുടെ അടിസ്ഥാനത്തിലുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്കാണ് അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിച്ചിട്ടുള്ളത്. ടിയാരി എൽ.ഡി. ക്ലാർക്ക് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ ഒന്നാമതായാണ് ഉൾപ്പെട്ടിട്ടുള്ളത്. ടി തസ്തികയിൽ ഒഴിവ് വരുന്നമുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ആരോഗ്യകേന്ദ്രങ്ങളിലെ സ്റ്റാഫുകളുടെ നിയമനം**

219 (2119) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമികാരോഗ്യകേന്ദ്രം, സാമൂഹ്യാരോഗ്യകേന്ദ്രം, താലൂക്കാശുപത്രി എന്നിവയിൽ ഡോക്ടർമാർ, നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങൾക്ക് ഏതെല്ലാം തസ്തികയിലുള്ള മെഡിക്കൽ ടീം അംഗങ്ങളെയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ & ബി) ഉണ്ട്. സംസ്ഥാനത്ത് പൊതുജനാരോഗ്യ സംവിധാനങ്ങൾ പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിൽ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. പ്രാഥമികതലത്തിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങൾ രോഗ ചികിത്സയോടൊപ്പം ഫീൽഡ്തല പൊതുജനാരോഗ്യ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇവിടങ്ങളിൽ ക്ലിനിക്കൽ കെയർ സേവനത്തിന്റെ ഭാഗമായി ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ തുടങ്ങിയ ജീവനക്കാരും പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കായി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരും ഇവരുടെ സൂപ്പർവൈസറി വിഭാഗം ജീവനക്കാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. (ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് ഹെൽത്ത് നഴ്സ്) ബ്ലോക്ക് തലത്തിൽ ഹെൽത്ത് സൂപ്പർവൈസറും പബ്ലിക് ഹെൽത്ത് നഴ്സ് സൂപ്പർവൈസറും പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് താലൂക്ക്തല ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇവരുടെ സേവനം ഫലപ്രദമായി ലഭ്യമാക്കുന്നതിനാവശ്യമായ എക്സ്-റേ, ലബോറട്ടറി സംവിധാനങ്ങൾ തുടങ്ങിയവയും ഓപ്പറേഷൻ തിയേറ്റർ, ലേബർ റൂം തുടങ്ങിയവ വഴിയുള്ള സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി ജില്ലാതല ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങൾക്കൊപ്പം സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും കൂടി ഘട്ടംഘട്ടമായി ലഭ്യമാക്കിവരുന്നു. സെക്കൻഡറി കെയറിന്റെ

ഭാഗമായുള്ള താലൂക്ക്തല ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെയും അനുബന്ധ പാരാമെഡിക്കൽ ജീവനക്കാരെയും നിയമിച്ചുവരുന്നു.

(സി) ആരോഗ്യ കേന്ദ്രങ്ങളുടെ പദവി മാറ്റുന്നതിനോടൊപ്പം ആവശ്യമായ തസ്തികകളും സൃഷ്ടിക്കാറുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സാമൂഹ്യാരോഗ്യകേന്ദ്രം, കുടുംബാരോഗ്യകേന്ദ്രം, എന്നിവയായി ഉയർത്തിയ ആരോഗ്യകേന്ദ്രങ്ങൾക്കായി ഡോക്ടർ, നഴ്സ്, പാരാമെഡിക്കൽ എന്നീ വിഭാഗങ്ങളിൽ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും പി.എസ്.സി. വഴി എത്ര നിയമനം നടന്നുവെന്നും വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പദവി മാറ്റിയ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തികകൾ | എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ | 570 |
| 2 | സ്റ്റാഫ് നഴ്സ് | 740 |
| 3 | ലാബ് ടെക്നീഷ്യൻ | 370 |
| 4 | ഫാർമസിസ്റ്റ് | 150 |

മേൽ തസ്തികകളിലെ ഒഴിവുകൾ എല്ലാം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമനങ്ങൾ നടന്നുവരുന്നു.

## കോട്ടയം ജില്ലയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തിക

220 (2120) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയുടെ 5 ഒഴിവുകൾ നിലവിലുണ്ട്.

(ബി) ദിവസവേതന, കോൺട്രാക്ട് അടിസ്ഥാനത്തിൽ എത്ര ജീവനക്കാരാണ് പ്രസ്തുത തസ്തികയിൽ ജോലി നോക്കിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത തസ്തികയിൽ ആരും തന്നെ ദിവസവേതന, കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി നോക്കിവരുന്നില്ല.

(സി) ഇത്തരത്തിൽ ജോലി നോക്കുന്നവരുടേതുൾപ്പെടെ പ്രസ്തുത തസ്തികയിലെ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ വ്യക്തമാക്കുമോ?

എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഹോമിയോപ്പതി വകുപ്പിലെ ഫാർമസിസ്റ്റ് ഗ്രേഡ് II റാങ്ക് ലിസ്റ്റ്

221 (2121) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് II റാങ്ക് ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ, റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ മുഴുവനായും എൻ.സി.എ. ഒഴിവുകളായി പരിഗണിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഇത്തരത്തിൽ സംഭവിച്ചതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ജില്ലകളിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ജില്ല തിരിച്ച് വിശദമാക്കാമോ;

(ഡി) പ്രസ്തുത വിഷയം നിലനിൽക്കുന്ന ജില്ലകളിൽ റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനായി പ്രസ്തുത വിഷയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-ഇ) വകുപ്പിൽനിന്നും റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ജനറൽ/എൻ.സി.എ./ മറ്റ് സംവരണ വിഭാഗങ്ങൾ എന്നിവ മാനദണ്ഡങ്ങൾ പ്രകാരമുള്ള നിയമനക്രമം പാലിച്ച് ഉദ്യോഗാർത്ഥികളെ പി.എസ്.സി.-യാണ് ഹോമിയോപ്പതി വകുപ്പിലേയ്ക്ക് അഡ്വൈസ് ചെയ്യുന്നത്. പി.എസ്.സി.-യിൽനിന്നും ലഭിക്കുന്ന നിയമന ശിപാർശ പ്രകാരമുള്ളവർക്ക് അതത് ജില്ലകളിൽ വകുപ്പിൽനിന്നും നിയമന ഉത്തരവ് നൽകുകയാണ് ചെയ്യുന്നത്. ഈ ഉത്തരവിലുള്ള ഉദ്യോഗാർത്ഥികളിൽ ജോലിയിൽ പ്രവേശിക്കാത്തവർ ഉണ്ടെങ്കിൽ ആ വിവരം ജില്ലാ മെഡിക്കൽ ഓഫീസർ രേഖാമൂലം അറിയിക്കുന്ന മുറയ്ക്ക് എൻ.ജെ.ഡി.യായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും, പി.എസ്.സി.-യിൽനിന്ന് നിയമനക്രമം പാലിച്ച് വീണ്ടും അഡ്വൈസ് ചെയ്യുന്നവരെ ഒഴിവുള്ള സ്ഥാപനങ്ങളിൽ നിയമനം നൽകുകയും ചെയ്യുന്നു.

## വയനാട് ജില്ലയിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരുടെ കണക്ക്

222 (2122) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലഘട്ടത്തിൽ വയനാട് ജില്ലയിൽ ഡോക്ടർമാർ ഉൾപ്പെടെ എത്ര ആരോഗ്യപ്രവർത്തകരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ; തസ്തികകൾ തിരിച്ചുള്ള കണക്ക് നൽകാമോ?

വയനാട് ജില്ലയിൽ 2011-2016 കാലഘട്ടത്തിൽ ആരോഗ്യ വകുപ്പിൽ നിയമിച്ച 344 ആരോഗ്യ പ്രവർത്തകരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| അസിസ്റ്റന്റ് സർജൻ | 103 |
| ജൂനിയർ കൺസൾട്ടന്റ് | 6 |
| ക്ലാർക്ക് | 20 |
| ഡ്രൈവർ | 19 |
| ഓഫീസ് അറ്റൻഡന്റ് | 17 |
| നൈറ്റ് വാച്ച്മാൻ | 4 |
| വാൻ ക്ലീനർ | 3 |
| ഹൗസ് കീപ്പർ | 1 |
| ക്ലർക്ക് ടൈപ്പിസ്റ്റ് | 5 |
| നഴ്സിംഗ് ഓഫീസർ ഗ്രേഡ് 2 | 52 |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 | 11 |
| ഫാർമസിസ്റ്റ് ഗ്രേഡ് 2 | 18 |
| ജെ.പി.എച്ച്.എൻ.ഗ്രേഡ് 2 | 15 |
| ജെ.എച്ച്.ഐ. ഗ്രേഡ് 2 | 9 |
| പാർട്ട് ടൈം സ്വീപ്പർ | 61 |

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വയനാട് സർക്കാർ മെഡിക്കൽ കോളേജ് പ്രസ്തുത കാലഘട്ടത്തിൽ നിലവിൽ വന്നിരുന്നില്ല. ഭാരതീയ

ചികിത്സാ വകുപ്പിന്റെ കീഴിൽ വയനാട് ജില്ലയിൽ പ്രസ്തുത കാലഘട്ടത്തിൽ 36 ആരോഗ്യ പ്രവർത്തകരെ നിയമിച്ചിട്ടുണ്ട്. തസ്തികകൾ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) | 30 |
| ഫാർമസിസ്റ്റ് | 6 |

(ബി) 2016-2021 ആഗസ്റ്റ് 31 വരെ വയനാട് ജില്ലയിൽ ഡോക്ടർമാർ ഉൾപ്പെടെ എത്ര ആരോഗ്യ പ്രവർത്തകരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ; തസ്തികകൾ തിരിച്ചുള്ള കണക്ക് നൽകാമോ?

വയനാട് ജില്ലയിൽ 2016-21 കാലഘട്ടത്തിൽ ആരോഗ്യവകുപ്പിൽ 500 ആരോഗ്യ പ്രവർത്തകരെ നിയമിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| അസിസ്റ്റന്റ് സർജൻ | 119 |
| ജൂനിയർ കൺസൾട്ടന്റ് | 67 |
| ക്ലാർക്ക് | 12 |
| ഡ്രൈവർ | 5 |
| ഓഫീസ് അറ്റൻഡന്റ് | 7 |
| നൈറ്റ് വാച്ച്മാൻ | 4 |
| വാൻ ക്ലീനർ | 4 |
| മോട്ടോർ മെക്കാനിക്ക് | 1 |
| ക്ലർക്ക് ടൈപ്പിസ്റ്റ് | 5 |
| നഴ്സിംഗ് ഓഫീസർ ഗ്രേഡ് 2 | 84 |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 | 44 |
| ഫാർമസിസ്റ്റ് ഗ്രേഡ്- 2 | 18 |
| ജെ.പി.എച്ച്.എൻ.ഗ്രേഡ് -2 | 30 |
| ജെ.എച്ച്.ഐ ഗ്രേഡ് -2 | 23 |
| പാർട്ട് ടൈം സ്വീപ്പർ | 51 |
| ഫീൽഡ് വർക്കർ | 26 |

2016-21 ഓഗസ്റ്റ് 31 വരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വയനാട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകളിൽ ഡോക്ടർമാരുടെ നിയമനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 7 ഡോക്ടർമാർക്ക് നിയമനം നൽകിയിട്ടുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ വയനാട് ജില്ലയിൽ 2016-21 ആഗസ്റ്റ് 31 വരെ 22 ആരോഗ്യ പ്രവർത്തകരെ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) | 14 |
| മെഡിക്കൽ ഓഫീസർ (മർമ്മ) | 1 |
| മെഡിക്കൽ ഓഫീസർ (സിക്കിൾ സെൽ അനീമിയ) | 1 |
| മെഡിക്കൽ ഓഫീസർ (സിദ്ധ) | 1 |
| ഫാർമസിസ്റ്റ് | 1 |
| തെറാപിസ്റ്റ് | 3 |
| നഴ്സ് | 1 |

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക**

223 (2123) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നപ്പോൾ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയ്ക്ക് പ്ലസ് ടു യോഗ്യതയിൽനിന്ന് സയൻസ് ഇതര വിഷയങ്ങൾ പഠിച്ചവരെ ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ & ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയ്ക്ക് പ്ലസ് ടു യോഗ്യതയിൽനിന്ന് സയൻസ് ഇതര വിഷയങ്ങൾ പഠിച്ചവരെ ഒഴിവാക്കിയത് സംബന്ധിച്ച് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിരുന്നു. ആയത് പരിശോധിച്ച് സ്പെഷ്യൽ റൂൾസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 (നേരിട്ടുള്ള നിയമനം) തസ്തികയുടെ യോഗ്യതകളിൽ (1) ജനറൽ- പ്ലസ് ടു-ൽ സയൻസ് വിഷയങ്ങളോടുകൂടി വിജയം അല്ലെങ്കിൽ അംഗീകൃത സ്ഥാപനങ്ങളിൽനിന്ന് തത്തുല്യ പരീക്ഷയിലുള്ള വിജയം എന്നത് (1) ജനറൽ-

പ്ലസ് ടു-ൽ വിജയം അല്ലെങ്കിൽ അംഗീകൃത സ്ഥാപനങ്ങളിൽനിന്ന് തത്തുല്യ പരീക്ഷയിലുള്ള വിജയം എന്ന് ഭേദഗതി വരുത്തി 25-01-2020-ലെ സ.ഉ. (കൈ)നം.11/2020/ആ.കു.വ. പ്രകാരം എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് സംബന്ധിച്ച് സ്പെഷ്യൽ റൂളിൽ പിന്നീട് മാറ്റംവരുത്തുന്നതാണെന്ന് ടി ഉത്തരവിൽ പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ജൂനിയർ ഹെൽത്ത് ഇൻസ്പെകർ ഗ്രേഡ് II തസ്തികയിൽ 12-1-2021-ന് പി.എസ്.സി. നടത്തിയ പരീക്ഷയിൽ പ്ലസ്ടു തലത്തിൽ സയൻസ് ഇതര വിഷയങ്ങൾ പഠിച്ച ഉദ്യോഗാർത്ഥികളെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

പരിഗണനയിലില്ല.

## ആലപ്പുഴ ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റിന്റെ ഒഴിവുകൾ

224 (2124) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ആരോഗ്യ വകുപ്പിന് കീഴിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ ഒഴിവുകൾ ഒന്നും തന്നെയില്ല.

(ബി) പ്രസ്തുത തസ്തികയിൽ ദിവസവേതന, കോൺട്രാക്ട് അടിസ്ഥാനത്തിലുള്ളവരുടെ എണ്ണം അറിയിക്കാമോ; ഈ തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ആരും തന്നെ ദിവസവേതന അടിസ്ഥാനത്തിലോ കോൺട്രാക്ട് അടിസ്ഥാനത്തിലോ ജോലി ചെയ്യുന്നില്ല.

## കോവിഡ് പശ്ചാത്തലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം

225 (2125) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതിന് മുന്നോടിയായി ഏതൊക്കെ വകുപ്പുകളുമായി സഹകരിച്ചാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

വിദ്യാഭ്യാസ വകുപ്പാണ് ആരോഗ്യ-തദ്ദേശസ്വയംഭരണ-ഗതാഗത- ആഭ്യന്തര വകുപ്പുകളുമായി ചർച്ച ചെയ്ത് ക്രമീകരണങ്ങൾ ചെയ്യുന്നത്. കോവിഡ്

പശ്ചാത്തലത്തിൽ അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും സ്കൂളുകളുമായി ബന്ധപ്പെട്ട മറ്റുള്ളവരുടെയും വാക്സിനേഷൻ, കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുള്ള ക്ലാസ് മുറികളിലെ അദ്ധ്യയനം, പരിശീലനം, സംശയനിവാരണം തുടങ്ങിയവയാണ് ആരോഗ്യ വകുപ്പ് നിർവ്വഹിക്കുന്നത്.

**മാനസികാരോഗ്യ നയം**

226 (2126) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വൈകല്യമുള്ളവരുടെ എണ്ണം ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ നിരക്ക് എത്രയാണെന്ന വിവരം ലഭ്യമാക്കുമോ?

മാനസിക വൈകല്യമുള്ളവരുടെ എണ്ണം ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തുകൊണ്ടുള്ള ആധികാരികമായ സമീപകാല കണക്കുകൾ ലഭ്യമല്ല.

(ബി) സംസ്ഥാന സർക്കാർ രൂപം നൽകി അംഗീകരിച്ച മാനസികാരോഗ്യ നയത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

പരിഷ്കരിച്ച സംസ്ഥാന മാനസികാരോഗ്യ നയം 2013 മേയ് 28-നാണ് പുറത്തിറക്കിയത്. മാനസികാരോഗ്യ സേവന മേഖലയുടെ നവീകരണം, സേവനങ്ങളുടെ ഗുണനിലവാരം, മാനസികാരോഗ്യവുമായി ബന്ധപ്പെട്ട അറിവും നൈപുണ്യങ്ങളും താഴെത്തട്ടിൽ വരെ എത്തിക്കുക, മാനസികാരോഗ്യ പരിപാടിയുടെ വിപുലീകരണം, ഗ്രാമീണ തലത്തിൽ സബ്സെന്റർ തലം വരെയുള്ള പ്രവർത്തനങ്ങൾ, പുനരധിവാസ പരിപാടികൾ, മാനസികാരോഗ്യ പരിപോഷണം, വിവിധ മേഖലകളുമായുള്ള സഹകരണ ക്രോഡീകരണം, ഗവേഷണം എന്നീ മേഖലകളിൽ ഊന്നൽ നൽകുന്നതാണ് മാനസികാരോഗ്യനയം.

(സി) വിദ്യാർത്ഥികളിലും യുവാക്കളിലുമുള്ള മാനസികവൈകല്യം, ലഹരി വസ്തുക്കളുടെ ഉപയോഗം, ആത്മഹത്യകൾ മുതലായവ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് ലഭിച്ച കണക്കുകൾ അറിയിക്കുമോ?

യുവാക്കളുടെയിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയം ഭരണവകുപ്പ്, ആരോഗ്യവകുപ്പ്, എക്സൈസ് വകുപ്പ്, വനിതാ-ശിശു വികസന വകുപ്പ്, വിദ്യാഭ്യാസവകുപ്പ് എന്നിവയുടെ കീഴിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ചികിത്സാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആരോഗ്യ വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന 'വിമുക്തി' പദ്ധതിയാണ് ഇതിൽ മുഖ്യം. മുൻപ്

രാജ്യത്ത് തന്നെ ഏറ്റവും കൂടുതൽ ആത്മഹത്യാ നിരക്ക് ഉണ്ടായിരുന്ന കേരളം ഇപ്പോൾ നിരക്ക് കുറഞ്ഞ് അഞ്ചാം സ്ഥാനത്താണ്. 2019-ലെ കണക്ക് പ്രകാരം കേരളത്തിലെ ആത്മഹത്യാ നിരക്ക് ലക്ഷത്തിൽ 24.3 ആണ്. ആത്മഹത്യാ നിരക്ക് കുറയ്ക്കുന്നത് ലക്ഷ്യം വച്ച് സർക്കാർ 'ജീവരക്ഷ ആത്മഹത്യ പ്രതിരോധ പദ്ധതി' 2020 മുതൽ നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) വിദ്യാലയങ്ങൾ തുറക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളിൽ മാനസികവൈകല്യമുള്ളവരെ കണ്ടെത്തി ആവശ്യമായ മുൻകരുതലും ചികിത്സയും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം അറിയിക്കുമോ?

മാനസിക ബുദ്ധിമുട്ടുകൾ, വൈകല്യങ്ങൾ എന്നിവയുള്ള കുട്ടികളെ നേരത്തെ തന്നെ കണ്ടെത്തുവാനും അവ പരിഹരിക്കുവാനും ആവശ്യമെങ്കിൽ ചികിത്സയിലേയ്ക്ക് എത്തിക്കുവാനും അദ്ധ്യാപകർക്ക് മാനസികാരോഗ്യ പരിപാടിയുടെ സ്കൂൾ മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി പരിശീലനം നൽകിവരുന്നുണ്ട്. ഇതിനുപുറമേ പ്രശ്നപരിഹാരത്തിനും, ചികിത്സയ്ക്കും, റഫറലിനും സ്കൂൾ കൗൺസിലർമാർക്ക് ജില്ലാ അടിസ്ഥാനത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. മാനസികാരോഗ്യ പരിപാടിയുടെ 'ഒറ്റയ്ക്കല്ല ഒപ്പമുണ്ട്'' സൈക്കോ സോഷ്യൽ സപ്പോർട്ട് പദ്ധതിയിൻ കീഴിൽ സ്കൂൾ കുട്ടികളെ ഫോണിൽ വിളിച്ച് സംസാരിക്കുകയും ആവശ്യമുള്ള കുട്ടികൾക്ക് കൗൺസിലിംഗ് സേവനം നൽകുകയും ചെയ്യുന്നു. ഇതുവരെ ഇപ്രകാരം 9,24,534 കുട്ടികളെ വിളിച്ച് സംസാരിക്കുകയും 98,843 കുട്ടികൾക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) സമഗ്ര മാനസികാരോഗ്യ പദ്ധതിയിലൂടെയും "ആശ്വാസം" വിഷാദരോഗ മാനേജ്മെന്റിന്റേയും ഭാഗമായി എന്തൊക്ക പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്നും പുതുതായി എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് രൂപം നൽകുന്നതെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

മാനസികാരോഗ്യ പരിപാടിയുടെ കീഴിലുള്ള സമഗ്ര മാനസികാരോഗ്യ പദ്ധതി സാമൂഹികാടിസ്ഥാനത്തിലുള്ള പുനരധിവാസ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 28 പകൽവീടുകൾ പ്രവർത്തിച്ചുവരുന്നു. മാനസികാരോഗ്യ ചികിത്സയിൽ കഴിയുകയും എന്നാൽ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകന്നുകഴിയുകയും ചെയ്യുന്ന രോഗികളുടെ പുനരധിവാസം ലഭ്യമാക്കുന്ന പ്രവർത്തനങ്ങളാണ് പകൽവീടുകളുടേത്. രോഗികൾക്കുള്ള തൊഴിൽ പരിശീലനം, കൗൺസിലിംഗ്, മറ്റ് മനഃശാസ്ത്ര ചികിത്സകൾ, മരുന്ന് ഭക്ഷണം ഇവയൊക്കെയും പകൽവീടുകളിൽ ലഭ്യമാക്കുന്നുണ്ട്. ഈ പദ്ധതി വിപുലമാക്കാനും, പഞ്ചായത്ത് അടിസ്ഥാനത്തിൽ

തദ്ദേശസ്വയംഭരണ പങ്കാളിത്തത്തോടെ കൂടുതൽ പകൽവീടുകൾ ആരംഭിക്കുവാനും ലക്ഷ്യമിടുന്നു. " ആശ്വാസം" എന്ന പേരിൽ 2017 ലോകാരോഗ്യ ദിനത്തിൽ സംസ്ഥാനത്തെ 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വിഷാദരോഗ ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി. PHQ 9 എന്ന ചോദ്യാവലി ഉപയോഗിച്ച് വിഷാദ രോഗമുള്ളവരെ കണ്ടെത്തുവാനും മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ നൽകുവാനുള്ള പരിശീലനം കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഹെൽത്ത് വർക്കർമാർക്കും നഴ്സുമാർക്കും നൽകുകയുണ്ടായി. വിഷാദ രോഗ നിർണ്ണയം, ചികിത്സ എന്നിവയ്ക്കുള്ള പരിശീലനം ഡോക്ടർമാർക്കും നൽകുകയുണ്ടായി. ജില്ലാ മാനസികാരോഗ്യ പരിപാടിയിലേക്ക് രോഗികളെ റഫർ ചെയ്യാനുള്ള സംവിധാനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവരെയായി 64,158 പേരെ സ്ക്രീൻ ചെയ്യുകയും 11,926 പേരെ വിഷാദരോഗമുണ്ടെന്ന് കണ്ടെത്തി ചികിത്സ ആരംഭിക്കുകയും ചെയ്തു. ഈ വർഷം 200 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കൂടി ആരംഭിക്കുവാനും 2023-24-ലോടുകൂടി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 'ആശ്വാസം' പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

**ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്**

227 (2127) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് എല്ലാ സർക്കാർ/സ്വകാര്യ ആശുപത്രികളുടെയും ലാബുകളുടെയും രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ & റഗുലേഷൻ) ആക്ട്, 2018 പ്രകാരം കേരളത്തിലെ സർക്കാർ/സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ, ഡയഗ്നോസ്റ്റിക് സെന്ററുകൾ എന്നിവയുടെ പ്രൊവിഷണൽ രജിസ്ട്രേഷൻ നടപടികൾ നടന്നുവരുന്നു. സർക്കാർ ആശുപത്രികൾ ഭൂരിഭാഗവും രജിസ്റ്റർ ചെയ്തുകഴിഞ്ഞു. സ്വകാര്യ ആശുപത്രികളുടെ രജിസ്ട്രേഷൻ നടന്നുവരുന്നു. ക്ലിനിക്കൽ സ്ഥാപനങ്ങൾ എല്ലാ വിഭാഗങ്ങളിലുമായി ആകെ 6476 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**അഴീക്കോട് മണ്ഡലത്തിലെ കിടപ്പ് രോഗികൾ**

228 (2128) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് മണ്ഡലത്തിൽ അഞ്ച് പഞ്ചായത്തുകളിലും രണ്ട് കോർപ്പറേഷൻ സോണുകളിലുമായി എത്ര കിടപ്പുരോഗികളുണ്ടെന്ന് തദ്ദേശസ്വയംഭരണ

സ്ഥാപനാടിസ്ഥാനത്തിൽ വിശദമാക്കാമോ?

അഴീക്കോട് മണ്ഡലത്തിൽ അഞ്ച് പഞ്ചായത്തുകളിലും രണ്ട് കോർപ്പറേഷൻ സോണുകളിലുമായി കിടപ്പുരോഗികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

1. പാപ്പിനിശ്ശേരി പഞ്ചായത്ത്- 192
2. ചിറയ്ക്കൽ പഞ്ചായത്ത് - 620
3. നാറാത്ത് പഞ്ചായത്ത് - 150
4. അഴീക്കോട് പഞ്ചായത്ത് - 572
5. വളപട്ടണം പഞ്ചായത്ത് - 160
6. പള്ളിക്കുന്ന് കോർപ്പറേഷൻ സോൺ- 258
7. പുഴാതി കോർപ്പറേഷൻ സോൺ -90

## വ്യത്യസ്ത വാക്സിനുകൾ

229 (2129) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യത്യസ്ത കോവിഡ് വാക്സിനുകൾ വ്യക്തികൾക്ക് നല്കുന്നതിന് കൃത്യമായ മാനദണ്ഡമില്ലാത്തതിനാൽ വിദേശത്തുനിന്ന് നാട്ടിലെത്തിയവർക്ക് വീണ്ടും തൊഴിലിനായി അതത് വിദേശ രാജ്യങ്ങളിലേയ്ക്ക് തിരികെ പോകാൻ കഴിയാത്ത സാഹചര്യമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നറിയിക്കാമോ?

കേന്ദ്ര ആരോഗ്യമന്ത്രാലയം പുറപ്പെടുവിച്ച നിലവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് വ്യത്യസ്ത കോവിഡ് വാക്സിനുകൾ വ്യക്തികൾക്ക് നൽകുന്നത് അനുവദനീയമല്ല. ഈ പ്രശ്നം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും തീരുമാനത്തിനായി കാത്തിരിക്കുകയുമാണ്.

## പൊതുജനാരോഗ്യ കേഡർ

230 (2130)<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിൽ പൊതുജനാരോഗ്യ കേഡർ നടപ്പാക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ പൊതുജനാരോഗ്യ ഡയറക്ടറേറ്റ് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

30-5-2019-ലെ സ.ഉ.(കൈ)നം.71/2019/ആ.കു.വ. പ്രകാരം ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ അഡ്മിനിസ്ട്രേറ്റീവ് കേഡറിനെ പബ്ലിക് ഹെൽത്ത് കേഡർ, മെഡിക്കൽ സർവ്വീസ് കേഡർ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളാക്കി തിരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പബ്ലിക് ഹെൽത്ത് കേഡർ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ സ്പെഷ്യൽ റൂളിൽ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡയാലിസിസ് സൗകര്യങ്ങൾ വിപുലീകരിക്കുവാൻ നടപടി**

231 (2131) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്ക രോഗബാധിതരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങൾ (പ്രമേഹവും രക്ത സമ്മർദ്ദവും) ഇതിനൊരു കാരണമായി കണക്കാക്കാവുന്നതാണ്.

(ബി) വൃക്കരോഗികൾ പ്രത്യേകമായി അനുഭവിച്ചുവരുന്ന മാനസികവും ശാരീരികവും സാമ്പത്തികവുമായ പ്രയാസങ്ങൾ പരിഗണിച്ച് ഡയാലിസിസ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാർ മെഡിക്കൽ കോളേജുകളിൽ വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനായി ഡയാലിസിസ് മെഷീൻ ഉൾപ്പെടെയുള്ള സംവിധാനം നിലവിലുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖാന്തരം സൗജന്യമായും ഡയാലിസിസ് ചെയ്തുവരുന്നു. നിലവിൽ ആരോഗ്യ വകുപ്പിന് കീഴിൽ 88 ഡയാലിസിസ് സെന്ററുകൾ പ്രവർത്തനസജ്ജമാണ്. ഹീമോ ഡയാലിസിസ് പ്രക്രിയയുടെ സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനായി രോഗികൾക്ക് സൗകര്യപ്രദമായ പെരിടോണിയൽ ഡയാലിസിസ് പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വൃക്കരോഗ സാധ്യത മുൻകൂട്ടിക്കണ്ട് പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനായി വൃക്കരോഗ നിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും വൃക്ക രോഗങ്ങൾ നിർണ്ണയിക്കാനുള്ള ലാബ് സംവിധാനങ്ങളും പരിശോധന സംവിധാനങ്ങളും ലഭ്യമാണ്. രോഗ നിർണ്ണയത്തിനാവശ്യമായ സ്കാനിംഗ് ഉൾപ്പെടെയുള്ള മറ്റ് നൂതന ഉപകരണങ്ങളും മെഡിക്കൽ കോളേജ് ആശുപത്രികളിൽ ലഭ്യമാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജീവിതശൈലി രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. വൃക്ക രോഗികൾക്ക് ആവശ്യമായിവരുന്ന ഭക്ഷണക്രമത്തെക്കുറിച്ചും വ്യായാമത്തെക്കുറിച്ചുമുള്ള ആരോഗ്യ ബോധവൽക്കരണവും ജീവിതശൈലി രോഗ ക്ലിനിക്കുകളിലൂടെ നൽകിവരുന്നു.

(ഡി) പരമാവധി വൃക്കരോഗികൾക്ക് സൗജന്യ ഡയാലിസിസ് സൗകര്യം ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കോവിഡ് ബാധിച്ച ആരോഗ്യ പ്രവർത്തകർ**

232 (2132) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നാളിതുവരെ എത്ര ആരോഗ്യപ്രവർത്തകർക്ക് കോവിഡ് ബാധിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് തസ്തികയും ജില്ലയും തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ആകെ 46500 ആരോഗ്യ പ്രവർത്തകർക്ക് കോവിഡ് ബാധിച്ചിട്ടുണ്ട്. തസ്തികയും ജില്ലയും തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

233 (2133) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ വിവിധ വകുപ്പുകൾ വഴി എത്ര തുക ഇതുവരെ ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; നടപ്പുസാമ്പത്തിക വർഷത്തിൽ ചെലവഴിച്ചുകൊണ്ടിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ നൽകാമോ?

2020-21 സാമ്പത്തിക വർഷത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്നതിനായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

26,361.726 കോടി രൂപയുടെ കോവിഡ് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുകൂടാതെ 2021-22 സാമ്പത്തികവർഷം ഇരുപതിനായിരം കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജും, കോവിഡ് രണ്ടാം തരംഗത്തിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ, എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായ അനുബന്ധ പാക്കേജും പ്രഖ്യാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I-ൽ ചേർക്കുന്നു.*

(ബി) 2020-21 സാമ്പത്തിക വർഷത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ എത്ര തുക ഇതുവരെ സംസ്ഥാനത്തിന് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; നടപ്പുസാമ്പത്തിക വർഷത്തിൽ ചെലവഴിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത തുകയുടെ വിശദാംശങ്ങൾ നൽകാമോ?

കേന്ദ്ര സർക്കാർ എമർജൻസി കോവിഡ് റെസ്പോൺസ് പ്രിപ്പേർഡ്നെസ് പാക്കേജ് ഫേസ് I (ECRP I) മുഖേന NHM-ന് 2020-21 സാമ്പത്തികവർഷം 759.07 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ 709.54 കോടി രൂപ 2020-21 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുകയും ബാക്കി തുക നടപ്പുസാമ്പത്തിക വർഷത്തിൽ ചെലവഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. കൂടാതെ കേന്ദ്ര സർക്കാർ എമർജൻസി കോവിഡ് റെസ്പോൺസ് പ്രിപ്പേർഡ്നെസ് പാക്കേജ് ഫേസ് II (ECRP II) മുഖേന NHM-ന് ഈ സാമ്പത്തിക വർഷം അനുവദിച്ച വിഹിതമായ 26.08 കോടി രൂപ ചെലവഴിക്കാനുള്ള നടപടികൾ നടന്നുവരുന്നു. കേന്ദ്ര സർക്കാർ രണ്ടാം ഗഡുവായി 60.86 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 10.35 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും അവിദഗ്ദ്ധ /വിദഗ്ദ്ധ വേതനവും സേവന ഘടകവും ഉൾപ്പെടെ 3,867.37 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 3.57 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും അവിദഗ്ദ്ധ/വിദഗ്ദ്ധ വേതനവും സേവന ഘടകവും ഉൾപ്പെടെ ആകെ 1,952.53 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മേൽപ്പറയുന്ന രണ്ട് സാമ്പത്തിക വർഷങ്ങളിലായി കേന്ദ്രസർക്കാർ നൽകിയ തുക ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

രണ്ട് സാമ്പത്തിക വർഷങ്ങളിലായി കേന്ദ്ര സർക്കാർ നൽകിയ തുക വിനിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ അനുബന്ധം II-ൽ ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോവിഡ് വാക്സിനുകളുടെ ഗുണനിലവാരം

234 (2134) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ നൽകിയ കോവിഡ് വാക്സിനുകളുടെ ഗുണനിലവാരം കെ.എം.എസ്.സി.എൻ. പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

കേരളത്തിലേയ്ക്ക് നൽകിയ കോവിഡ് വാക്സിനുകളുടെ ഗുണനിലവാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് പരിശോധിച്ചിട്ടില്ല. ഗുണനിലവാര പരിശോധനകൾ നടത്തി സംസ്ഥാനങ്ങൾക്ക് വാക്സിൻ ലഭ്യമാക്കുന്നത് കേന്ദ്ര സർക്കാരാണ്.

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കെ.എം.എസ്.സി.എൽ ചെലവാക്കിയ തുക

235 (2135) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ കെ.എം.എസ്.സി.എൽ (കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്) ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2020-21-ൽ 727.99 കോടി രൂപയും 2021-22-ൽ (ആഗസ്റ്റ് 2021 വരെ) 305.41 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതിൽ ടെണ്ടർ വിളിക്കാതെയെത്ര തുകയ്ക്കുള്ള കോൺട്രാക്ടുകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ആഡിറ്റ് നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ 2020 മുതൽ സെപ്റ്റംബർ 2020 വരെയും 2021-22 സാമ്പത്തിക വർഷത്തിൽ മേയ്-ജൂൺ മാസങ്ങളിലും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് ഇളവുവരുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ കോവിഡ് പ്രതിരോധ സാധനസാമഗ്രികൾ വാങ്ങിയിട്ടുണ്ട്. ഈ കാലയളവിലെ ആഡിറ്റ് തുടങ്ങിയിട്ടില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സന്നദ്ധ സംഘടനകൾ നൽകിയിട്ടുള്ള സി.എസ്.ആർ. ഫണ്ടുകൾ ഉപയോഗിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കെ.എം.എസ്.സി. എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

സന്നദ്ധ സംഘടനകളിൽനിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സി.എസ്.ആർ. ഫണ്ടുകൾ ലഭിച്ചിട്ടില്ല.

**കൂത്തുപറമ്പ് താലൂക്കാശുപത്രിയിലെ ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണം**

236 (2136) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അനുവദിച്ച ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ അനുവദിച്ച ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ;

(സി) പ്രസ്തുത ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) കേന്ദ്ര സർക്കാർ കേരളത്തിലെ വിവിധ സർക്കാർ ആശുപത്രികളിലേയ്ക്ക് അനുവദിച്ച 33 ഓക്സിജൻ ജനറേറ്ററുകളിൽ 31 എണ്ണം സ്ഥാപിച്ചുകഴിഞ്ഞു. കേരള സർക്കാർ ഒന്നാം ഘട്ടത്തിൽ അനുവദിച്ച 10 ഓക്സിജൻ ജനറേറ്ററുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂത്തുപറമ്പ് താലൂക്കാശുപത്രി ആദ്യഘട്ടത്തിൽ സ്ഥാപിക്കാൻ അനുമതി നൽകിയ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

**കോവിഡ് മരണം**

237 (2137) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കോവിഡ്മൂലമുള്ള മരണത്തിന്റെ കണക്കുകൾ കുറച്ച് കാണിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

കേരളം തുടക്കം മുതൽക്കുതന്നെ ലോകാരോഗ്യ സംഘടനയുടെയും ഐ.സി.എം.ആർ.-ന്റെയും കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെയും മാനദണ്ഡങ്ങൾ

പ്രകാരമാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ബന്ധപ്പെട്ട ആശുപത്രിയിലെ ചികിത്സിച്ച ഡോക്ടർ റിപ്പോർട്ട് ചെയ്യുന്ന മെഡിക്കൽ ബുള്ളറ്റിൻ ജില്ലാതലത്തിൽ ജില്ലാ സർവൈലൻസ് ഓഫീസർ പരിശോധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ കോവിഡ്മൂലമാണോ മരണം സംഭവിച്ചതെന്ന് സ്ഥിരീകരിക്കുന്നു. എന്നാൽ 30-6-2021-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെയും സെപ്റ്റംബർ 3-ലെ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കോവിഡ് മരണപ്പട്ടിക പുതുക്കി നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ്-19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്ക് അപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളുമാണ് കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ്-19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29-09-2021-ലെ സ.ഉ.(സാധാ)നം.2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ് 19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതുസംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിലുൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്. മരണം ഓൺലൈനായി റിപ്പോർട്ട് ചെയ്യുവാൻ തുടങ്ങിയ 2021 ജൂൺ മാസത്തിന് മുമ്പ് ഏതെങ്കിലും രേഖകളുടെയും മറ്റും അഭാവത്തിൽ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാതെ പോയ മരണങ്ങൾ പരിശോധിച്ച് പട്ടികയിൽ ചേർക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോവിഡ് മരണപ്പട്ടിക പുതുക്കുന്ന നടപടി**

238 (2138) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മരണപ്പട്ടിക സമഗ്രമായി പരിഷ്കരിക്കുന്നതിന് സംസ്ഥാനം നിലവിലുള്ള മാർഗ്ഗരേഖ പുതുക്കിയിട്ടുണ്ടോ; കോവിഡ് ബാധിച്ച് മരിച്ചവരുടെ ലിസ്റ്റ് പുതുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) കോവിഡ് മരണപ്പട്ടികയിൽനിന്നും ഒഴിവാക്കിയ എണ്ണായിരത്തിലേറെ മരണങ്ങൾ കൂടി ഔദ്യോഗിക പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(എ & ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവ്വചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയുണ്ടായി. ഇതുപ്രകാരം ആർ.ടി.പി.സി.ആർ./റാപിഡ് ആന്റിജൻ ടെസ്റ്റ്/ മറ്റ് മോളിക്കുലർ പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ചികിത്സിക്കുന്ന ഡോക്ടർ മറ്റ് പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ആണ് കോവിഡ് രോഗികളായി കണക്കാക്കുന്നത്. വീടുകളിലോ ആശുപത്രികളിലോ മരണപ്പെട്ടതും, എം.സി.സി.ഡി. ഫോം 4 & 4എ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോവിഡ്-19 മരണം എന്ന് രേഖപ്പെടുത്തിയ മരണങ്ങളെ കോവിഡ്-19 മരണങ്ങളായി കണക്കാക്കാം. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. മാത്രമല്ല ആശുപത്രിയിൽ/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് -19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ അത് കോവിഡ് മരണമായി കണക്കാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29-9-2021-ലെ സ.ഉ.(സാധാ)നം.2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് ബാധയെ തുടർന്ന് മരണപ്പെട്ട ആളിന്റെ അടുത്ത അവകാശിക്ക് നൽകപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ അവർക്ക് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനം ഒരു കമ്മിറ്റിയെ നിയോഗിച്ച് ഇതിന് പരിഹാരം കണ്ടെത്തണമെന്നുമുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ

കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ/ജില്ലാ സർവ്വൈലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിസിൻ ഡിപ്പാർട്ട്മെന്റ് തലവൻ/ ജില്ലാ സർവ്വൈലൻസ് ഓഫീസർ (നോൺ കോവിഡ്), ബന്ധപ്പെട്ട വിദഗ്ധൻ (Subject expert) എന്നിവരടങ്ങുന്ന കോവിഡ്-19 ഡെത്ത് അസർറ്റെയിനിംഗ് കമ്മിറ്റി (CDAC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സമിതി പരാതികൾ ലഭിച്ച് മുപ്പത് ദിവസത്തിനകം ഇതിനുതീർപ്പ് കൽപ്പിക്കുന്നതാണ്. മരണം ഓൺലൈനായി റിപ്പോർട്ട് ചെയ്യുവാൻ തുടങ്ങിയ ജൂൺ മാസത്തിനുമുമ്പ് (ജൂൺ 2021) ഏതെങ്കിലും രേഖകളുടെയും മറ്റും അഭാവത്തിൽ കോവിഡ് പട്ടികയിൽ ഉൾപ്പെടാതെ പോയ മരണങ്ങൾ പരിശോധിച്ച് ചേർക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരത്തിന് അപേക്ഷിക്കാൻ എന്തൊക്കെ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകാൻ ഉത്തരവായിട്ടുണ്ട്. ധനസഹായ വിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപന ചെയ്ത റിലീഫ് പോർട്ടൽ ഭേദഗതിയോടെ അംഗീകരിക്കുകയും ടി പോർട്ടൽ വഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പോർട്ടൽ വഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്നമുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കുന്നതാണ്.

(ഡി) രോഗിയായിരിക്കെ ആത്മഹത്യ ചെയ്തവരേയും പോസിറ്റീവായി മുപ്പത് ദിവസത്തിനുള്ളിൽ മരണപ്പെട്ടവരെയും കോവിഡ് മരണപ്പട്ടികയിൽ ഉൾപ്പെടുത്തണമെന്ന കേന്ദ്ര നിർദ്ദേശം പാലിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

രോഗിയായിരിക്കെ ആത്മഹത്യ ചെയ്തവരെ കോവിഡ് മരണപ്പട്ടികയിൽ ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടില്ല. ഇന്ത്യാ ഗവൺമെന്റിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്.

## കോവാക്സിൻ സ്വീകരിച്ചവർക്ക് വിദേശയാത്രയ്ക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ

239 (2139) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവാക്സിൻ സ്വീകരിച്ചവർക്ക് വിദേശത്ത് പോകുന്നതിന് തടസ്സം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

കോവാക്സിന് ലോകാരോഗ്യ സംഘടനയുടെ അംഗീകാരം ഇനിയും ലഭിച്ചിട്ടില്ലാത്തതിനാൽ പല വിദേശരാജ്യങ്ങളുടെയും അംഗീകൃത കോവിഡ് വാക്സിൻ പട്ടികയിൽ കോവാക്സിൻ ഉൾപ്പെട്ടിട്ടില്ല. ഈ പ്രശ്നം സംസ്ഥാനം കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ലോകാരോഗ്യ സംഘടനയിൽനിന്ന് ആവശ്യമായ അനുമതി ലഭിക്കാൻ ആരോഗ്യമന്ത്രാലയം നിർമ്മാതാവിനോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ലോകാരോഗ്യ സംഘടനയുടെ കോവാക്സിന്റെ അടിയന്തര ഉപയോഗ ലിസ്റ്റിംഗിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്.

## കോവിഡ് നെഗറ്റീവായി 30 ദിവസത്തിനുള്ളിൽ സംഭവിച്ച മരണങ്ങൾ

240 (2140) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാരിന്റെ പുതിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് കോവിഡ് നെഗറ്റീവായി 30 ദിവസത്തിനുള്ളിൽ സംഭവിച്ച മരണങ്ങളുടെ കണക്കുകൾ ആരോഗ്യവകുപ്പിന്റെ കൈവശമുണ്ടെങ്കിൽ വ്യക്തമാക്കാമോ?

സാമ്പിൾ എടുത്ത നാൾമുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾമുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ/ കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ്-19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളുമാണ് കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ

കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ 'ഇ-ഹെൽത്ത്' വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ് 19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും, കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതുസംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്. 2021 ഒക്ടോബർ 10-ന് കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതി പരിഹാര സംവിധാനം പ്രവർത്തനക്ഷമമായിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കി ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ പൂർണ്ണമായ കണക്ക് ലഭ്യമാകുകയുള്ളൂ.

## കോവിഡ് വാക്സിൻ സ്വീകരിച്ച ശേഷമുള്ള മരണം

241 (2141) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വാക്സിൻ എടുത്തതിനുശേഷവും രോഗം ബാധിച്ച് ഇതുവരെ എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

4-10-2021 വരെ ലഭ്യമായ വിവരമനുസരിച്ച് സംസ്ഥാനത്ത് ഒരു ഡോസ് വാക്സിൻ എടുത്തതിനുശേഷം മരണപ്പെട്ടവർ 2344 പേരാണ്. രണ്ടാം ഡോസ് വാക്സിൻ എടുത്തതിനുശേഷം സംസ്ഥാനത്ത് മരണപ്പെട്ടവർ 755 പേരാണ്. ഗുരുതരമായ മറ്റ് അസുഖങ്ങൾ (comorbidities) ഉണ്ടായിരുന്നവരോ 80 വയസ്സിന് മുകളിൽ പ്രായമുള്ളവരോ ആണ് ഇതിൽ ബഹുഭൂരിപക്ഷവും. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇപ്രകാരം മരണപ്പെടുന്നതിനെ കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത വിഷയം സംബന്ധിച്ച് പ്രായ-ലിംഗ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് അവലോകനം നടത്തിവരുന്നുണ്ട്. കൂടാതെ ഇത്തരത്തിൽ അനുബന്ധ രോഗമുള്ളവരുടെ വിശദാംശവും അവലോകനം ചെയ്തുവരുന്നുണ്ട്.

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരിച്ചവർക്കുള്ള നഷ്ടപരിഹാരം

242 (2142) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 ബാധിച്ച് എത്ര ദിവസങ്ങൾക്കുള്ളിൽ പ്രസ്തുത അസുഖത്തിന്റെ അനന്തരഫലംമൂലം മരണപ്പെട്ടവരെയാണ് കോവിഡ് മരണ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വീടുകളിലോ ആശുപത്രികളിലോ മരണപ്പെട്ടതും, എം.സി.സി.ഡി. ഫോം 4 & 4 എ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോവിഡ്-19 മരണം എന്ന് രേഖപ്പെടുത്തിയ മരണങ്ങളെ കോവിഡ്-19 മരണങ്ങളായി കണക്കാക്കാം. സാമ്പിൾ എടുത്ത നാൾമുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾമുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ/ കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ്-19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും ആണ് കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ബി) കോവിഡ്മൂലം മരണപ്പെടുകയും എന്നാൽ കോവിഡ് മരണ പട്ടികയിൽ ഉൾപ്പെട്ടിട്ടുമില്ലാത്ത കോവിഡ് മരണ കേസുകളെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ്-19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ 'ഇ-ഹെൽത്ത്' വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ്-19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും, കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതുസംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ചെയർമാനായ സമിതിയുടെ അംഗീകാരത്തിന്റെ

അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്.

**രണ്ടുഡോസ് വാക്സിൻ സ്വീകരിച്ചിട്ടും കോവിഡ് രോഗം വന്നവരുടെ കണക്ക്**

243 (2143) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് വാക്സിൻ രണ്ട് ഡോസും സ്വീകരിച്ച എത്ര പേർക്ക് വാക്സിൻ എടുത്തതിനുശേഷവും കോവിഡ് രോഗം ഉണ്ടായിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ?

സംസ്ഥാനത്ത് 2021 ജൂൺ 1 മുതൽ ഒക്ടോബർ 5 വരെയുള്ള കണക്ക് പ്രകാരം ആകെ 1,38,499 പേർക്ക് രണ്ട് ഡോസ് കോവിഡ് വാക്സിനും സ്വീകരിച്ച് 14 ദിവസത്തിനു ശേഷം കോവിഡ് രോഗബാധയുണ്ടായിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. രണ്ട് ഡോസ് വാക്സിനും സ്വീകരിച്ച് 14 ദിവസത്തിനുശേഷം രോഗം വന്നാൽ 'Break through infection' ആയി കണക്കാക്കും. എന്നാൽ രണ്ട് ഡോസ് വാക്സിനും എടുത്തവരിൽ രോഗതീവ്രത വളരെ കുറവാണ്. ഇതിൽത്തന്നെ ഗുരുതര മറ്റ് രോഗങ്ങളുള്ളവരും പ്രായാധിക്യമുള്ളവരുമാണ് മരണപ്പെട്ടതിൽ ബഹുഭൂരിഭാഗവും. ഇവരുടെ എണ്ണം തീർത്തും കുറവുമാണ്.

**കോവിഡ് ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രികളിൽ സർക്കാർ സഹായം**

244 (2144) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിതരുടെ ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രികളിൽ എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

കോവിഡ് ബാധിതരായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) ഗുണഭോക്താക്കൾക്കും സർക്കാർ ആശുപത്രികളിൽനിന്നും റഫർ ചെയ്യുന്ന മറ്റ് കോവിഡ് ബാധിതർക്കും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽനിന്നും സൗജന്യ കോവിഡ് ചികിത്സ നൽകിവരുന്നു. ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് 2.0-ൽ ഉൾപ്പെട്ട ഇൻഫെക്ഷ്യസ് ഡിസീസ് എന്ന പാക്കേജ് പ്രകാരമാണ് ചികിത്സ ഉറപ്പുവരുത്തുന്നത്. രോഗിക്ക് ആവശ്യമായി വരുന്ന മരുന്ന്, ടെസ്റ്റ് ചെയ്യാനുള്ള ചെലവുകൾ, നഴ്സിംഗ് ചാർജ്ജ്,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഐ.സി.യു., വെന്റിലേറ്റർ സൗകര്യങ്ങൾ തുടങ്ങിയ എല്ലാ ചികിത്സാ ചെലവുകളും പ്രസ്തുത പാക്കേജിൽ ഉൾപ്പെടും. കൂടാതെ, കോവിഡ് ചികിത്സയ്ക്കായി 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സ്വകാര്യ ആശുപത്രിക്ക് ഒരു രോഗിയുടെ ചികിത്സയ്ക്കായി പരമാവധി എത്ര തുക വരെയാണ് സർക്കാരിന് നൽകാൻ കഴിയുക എന്ന് വിശദമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽപ്പെട്ട (KASP) ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽനിന്നും കോവിഡ് ചികിത്സയ്ക്ക് ഒരു വർഷത്തേയ്ക്ക് പരമാവധി 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സയാണ് ലഭ്യമാകുന്നത്. KASP കാർഡുടമകളല്ലാത്തതും സർക്കാർ ആശുപത്രികളിൽനിന്നും റഫർ ചെയ്തതുമായ കോവിഡ് രോഗികൾക്കും പരമാവധി 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാണ്.

## കോവിഡാനന്തര ചികിത്സ

245 (2145) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡാനന്തര ചികിത്സകളിൽ ഓരോ ഇനത്തിലേയും ചികിത്സയ്ക്കും ടെസ്റ്റുകൾക്കും അനുബന്ധ സേവനങ്ങൾക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്രയാണ്; വിശദാംശങ്ങൾ നൽകുമോ?

ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും KASP പദ്ധതിയിലുൾപ്പെടുന്ന 41.70 ലക്ഷം കുടുംബങ്ങൾക്കും കോവിഡാനന്തര ചികിത്സ പൂർണ്ണമായും സൗജന്യമായാണ് നൽകിവരുന്നത്. ഇതുകൂടാതെ എ.പി.എൽ. വിഭാഗത്തിൽ പ്പെട്ടതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് KBF പദ്ധതി പ്രകാരവും കോവിഡാനന്തര ചികിത്സ സൗജന്യമായി നൽകിവരുന്നു. മേൽപ്പറഞ്ഞ പദ്ധതികളിലുൾപ്പെടാത്ത എ.പി.എൽ. വിഭാഗങ്ങൾക്കുള്ള കോവിഡാനന്തര ചികിത്സയ്ക്കുള്ള നിരക്ക് നിശ്ചയിച്ചുകൊണ്ട് 16-8-2021-ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ) നമ്പർ 1750/ 2021/ H&FWD ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഔദ്യോഗിക പട്ടികയിൽ ഉൾപ്പെടാത്ത കോവിഡ് മരണങ്ങൾ

246 (2146) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ ഔദ്യോഗിക പട്ടികയിൽ ഉൾപ്പെടാത്ത എത്ര കോവിഡ് മരണങ്ങൾ നിലവിൽ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ലോകാരോഗ്യ സംഘടനയുടെയും ഐ.സി.എം.ആർ.-ന്റെയും കേന്ദ്ര സർക്കാരിന്റേയും മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയാണ് കേരളത്തിൽ കോവിഡ് മരണം സ്ഥിരീകരിച്ചിരുന്നത്. 2021 ജൂൺ മാസം മുതൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ഇതിനായി ഒരു ഓൺലൈൻ പോർട്ടൽ പ്രത്യേകമായി സജ്ജമാക്കുകയും അതത് ആശുപത്രികളിൽനിന്നും ചികിത്സിച്ച ഡോക്ടർമാർ മരണ കാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺലൈനായി അപ്‌ലോഡ് ചെയ്യുകയും ഇത് ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം അംഗീകരിക്കുകയും ചെയ്യുന്നു. മരണം ഓൺലൈനായി റിപ്പോർട്ട് ചെയ്യുവാൻ തുടങ്ങിയ 2021 ജൂൺ മാസത്തിന് മുമ്പ് ഏതെങ്കിലും രേഖകളുടെയും മറ്റും അഭാവത്തിൽ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാതെ പോയ ഏഴായിരത്തോളം മരണങ്ങൾ പരിശോധിച്ച് പട്ടികയിൽ ചേർക്കാൻ നിർദ്ദേശം അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. സാമ്പിൾ എടുത്ത നാൾമുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾമുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രികൾ/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ്-19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും ആണ് കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ്-19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29-9-2021-ലെ സ.ഉ. (സാധാ)നമ്പർ 2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ 'ഇ-ഹെൽത്ത്' വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ്-19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും,

കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതുസംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. ഈ സംവിധാനത്തിലൂടെ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കി ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ കോവിഡ് മരണങ്ങളുടെ പൂർണമായ കണക്ക് ലഭ്യമാകുകയുള്ളൂ.

## ബി.എസ്.എൽ.-3 ലാബുകൾ

247 (2147) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എസ്.എൽ.-3 ലാബുകൾ സംസ്ഥാനത്ത് സമയബന്ധിതമായി സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനാലാണ് ഇത്തവണയും നിപ വൈറസ് പരിശോധനയ്ക്ക് അന്യസംസ്ഥാന ലാബുകളെ ആശ്രയിക്കേണ്ടിവന്നതെന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ അടിയന്തര പ്രാധാന്യത്തോടെ സജ്ജമാക്കേണ്ടിയിരുന്ന ലാബ് സൗകര്യം ഒരുക്കുന്നതിൽ വീഴ്ചയുണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ?

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പോലുള്ള സ്ഥാപനത്തിൽ അതീവ ഗുരുതര വൈറസുകളുടെ രോഗനിർണയവും ഗവേഷണവും സാധ്യമാകുന്ന ബി.എസ്.എൽ-3 ലബോറട്ടറികളുടെ നിർമ്മാണത്തിന് മുൻപ് പ്രവർത്തനസജ്ജമാക്കേണ്ട അനുബന്ധ ലബോറട്ടറികളുടെ നിർമ്മാണത്തിനും മറ്റ് അത്യാധുനിക ഉപകരണങ്ങളുടെ വാങ്ങൽ നടപടികൾക്കും മുൻഗണന നൽകേണ്ടതുണ്ട്. ഇക്കാലയളവിൽ, ആയതിനാണ് പ്രാമുഖ്യം നൽകിയത്. ഇത്തരം ലബോറട്ടറികളുടെ നടത്തിപ്പിലും വൈറസ് ഗവേഷണത്തിലും വൈദഗ്ദ്ധ്യം നേടിയ ശാസ്ത്രജ്ഞരുടെ നിയമന നടപടികൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. മേൽപ്പറഞ്ഞ ലബോറട്ടറികളുടെ നിർമ്മാണം അതീവ സൂക്ഷ്മതയോടെയും സാങ്കേതിക തികവോടെയും കൃത്യമായ ആസൂത്രണത്തോടെയും പൂർത്തീകരിക്കുന്നതിനായി ഈ മേഖലയിൽ പ്രവർത്തിപരിചയവും സാങ്കേതിക വൈദഗ്ദ്ധ്യവുമുള്ള സ്ഥാപനങ്ങളിൽനിന്നും താല്പര്യപത്രം ക്ഷണിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ലാബിൽ പ്രവർത്തിക്കുന്നവരുടെയും സമീപവാസികളുടെയും സുരക്ഷ ഉറപ്പുവരുത്തേണ്ടതിന് ബന്ധപ്പെട്ട ഏജൻസികൾ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായാണ് പ്രസ്തുത ലബോറട്ടറികളുടെ നിർമ്മാണം

വിഭാവനം ചെയ്യുന്നത്. കൂടാതെ നിപ മുതലായ അതീവ ഗുരുതര സ്വഭാവമുള്ള വൈറസുകളുടെ നിർണയത്തിന് ഔദ്യോഗിക സ്ഥിരീകരണം നൽകുന്നതിന് ഐ.സി.എം.ആർ. പോലുള്ള ദേശീയ ഏജൻസികളുടെ അനുമതിയും നേടേണ്ടതുണ്ട്. ലാബ് നിർമ്മാണത്തിൽ അനിവാര്യമായ ഈ ഘടകങ്ങളുടെ ഏകോപനത്തിനും സജ്ജീകരണത്തിനുമാണ് സമയം ചെലവായത്. അല്ലാതെ ലാബ് സൗകര്യം ഒരുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടില്ല.

(ബി) കോഴിക്കോട് മൈക്രോബയോളജി ലാബിലും തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിലും അനുവദിച്ച ഈ സംവിധാനത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പരിശോധനാ സംവിധാനം എപ്പോൾ സജ്ജമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

കോഴിക്കോട് മൈക്രോ ബയോളജി ലാബിന് ബി.എസ്.എൽ.-3 ലാബ് നിർമ്മിക്കാനുള്ള അനുവാദം ഡിസംബർ 2019-ന് ലഭിക്കുകയുണ്ടായി. PWD ബി.എസ്.എൽ.-3 ലാബ് നിർമ്മാണത്തിൽ കാര്യക്ഷമമല്ലെന്ന് അറിയിച്ചതിനെ തുടർന്ന് CPWD-യുമായി പ്രിൻസിപ്പാൾ ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്. തുടർന്ന് കൺസൾട്ടന്റിനെ നിയമിക്കുകയും പ്രവൃത്തികൾക്കായുള്ള ടെണ്ടർ വിളിക്കുകയും കരാറുകാരനെ നിശ്ചയിക്കുകയും August 2021-ൽ construction work ആരംഭിക്കുകയും ആയത് പുരോഗമിച്ചുവരികയും ചെയ്യുന്നു. കോവിഡ് മഹാമാരിയും അതേത്തുടർന്നുള്ള ലോക്ഡൗണുകളും പ്രവർത്തനം കുറച്ച് വൈകിപ്പിക്കുകയുണ്ടായി. ഗവേഷണ ലബോറട്ടറികൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. ആയതിനാവശ്യമായ ഇരുപത് ഉപകരണങ്ങൾ, അനുബന്ധ സാമഗ്രികൾ, കെമിക്കലുകൾ തുടങ്ങിയവ വാങ്ങുകയും സ്ഥാപനത്തെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രോഗനിർണ്ണയം നടത്തുന്നതിനുള്ള ലബോറട്ടറിയുടെ പ്രവർത്തനം ഐ.സി.എം.ആർ. മാനദണ്ഡങ്ങൾക്ക് വിധേയമായി ആരംഭിക്കുന്നതിനാണ് മുൻഗണന നൽകുന്നത്. നിപ, എബോള തുടങ്ങിയ അതീവ ഗുരുതര വൈറസുകളുടെ രോഗനിർണ്ണയത്തിനും ഗവേഷണത്തിനും പര്യാപ്തമായ Biosafety ലെവൽ-3 നിലവാരത്തിലുള്ള ലബോറട്ടറിയുടെ നിർമ്മാണം അതീവ സൂക്ഷ്മതയോടെയും സാങ്കേതികതികവോടെയും കൃത്യമായ ആസൂത്രണത്തോടെയും പൂർത്തീകരിക്കുന്നതിനായി ഈ മേഖലയിൽ പ്രവൃത്തി പരിചയവും സാങ്കേതിക വൈദഗ്ധ്യവുമുള്ള സ്ഥാപനങ്ങളിൽനിന്നും താല്പര്യപത്രം ക്ഷണിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൊറോണ വൈറസിന്റെ പലതരം പ്രാദേശിക വകഭേദങ്ങളുടെ ജനിതക ഘടന മനസ്സിലാക്കി ഡാറ്റ ബാങ്ക് തയ്യാറാക്കുന്നതിലേയ്ക്ക്

അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും വൈറസ് അനുബന്ധ രോഗ ഗവേഷണത്തിൽ വൈദഗ്ദ്ധ്യവുമുള്ള സ്ഥാപനങ്ങളുമായി സംയുക്ത ഗവേഷണ പദ്ധതികൾക്കുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഡയറക്ടർ, സീനിയർ പ്രിൻസിപ്പാൾ സയന്റിസ്റ്റ്, സയന്റിസ്റ്റ്-E2, സയന്റിസ്റ്റ്-സി എന്നീ തസ്തികയിലേയ്ക്കുള്ള നിയമന നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. സാങ്കേതിക വിഭാഗത്തിലെ ടെക്നിക്കൽ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലെ നിയമനങ്ങൾ അന്തിമഘട്ടത്തിലാണ്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ അംഗീകാരമുള്ള ഗവേഷണ കേന്ദ്രമാകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

## തോന്നക്കലിലെ അഡ്വാൻസ്ഡ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

248 (2148) ശ്രീ. വി. ജോയി:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പ്രത്യേക പദ്ധതിയായ തോന്നക്കലിലെ അഡ്വാൻസ്ഡ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ഐ.എ.വി.) പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണ്?

2020 ഒക്ടോബർ 15-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രവർത്തനോദ്ഘാടനം നടത്തിയ സ്ഥാപനത്തിൽ ഗവേഷണ ലബോറട്ടറികൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. ആയതിനാവശ്യമായ ഇരുപത് ഉപകരണങ്ങൾ, അനുബന്ധ സാമഗ്രികൾ, കെമിക്കലുകൾ തുടങ്ങിയവ വാങ്ങുകയും സ്ഥാപനത്തെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രോഗനിർണ്ണയം നടത്തുന്നതിനുള്ള ലബോറട്ടറിയുടെ പ്രവർത്തനം ഐ.സി.എം.ആർ. മാനദണ്ഡങ്ങൾക്ക് വിധേയമായി ആരംഭിക്കുന്നതിനാണ് മുൻഗണന നൽകുന്നത്. നിപ, എബോള തുടങ്ങിയ അതീവ ഗുരുതര വൈറസുകളുടെ രോഗനിർണയത്തിനും ഗവേഷണത്തിനും പര്യാപ്തമായ Biosafety ലെവൽ 3 നിലവാരത്തിലുള്ള ലബോറട്ടറിയുടെ നിർമ്മാണം അതീവ സൂക്ഷ്മതയോടെയും സാങ്കേതികതികവോടെയും കൃത്യമായ ആസൂത്രണത്തോടെയും പൂർത്തീകരിക്കുന്നതിനായി ഈ മേഖലയിൽ പ്രവർത്തിപരിചയവും സാങ്കേതിക വൈദഗ്ദ്ധ്യവുമുള്ള സ്ഥാപനങ്ങളിൽനിന്നും താല്പര്യപത്രം ക്ഷണിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ രോഗവ്യാപനം

തടയുന്നതിനുള്ള പ്രതിരോധ, ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിവരുന്നു. കൊറോണ വൈറസിന്റെ പലതരം പ്രാദേശിക വകഭേദങ്ങളുടെ ജനിതക ഘടന മനസിലാക്കി ഡാറ്റ ബാങ്ക് തയ്യാറാക്കുന്നതിലേയ്ക്ക് അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും വൈറസ് അനുബന്ധ രോഗ ഗവേഷണത്തിൽ വൈദഗ്ധ്യമുള്ള സ്ഥാപനങ്ങളുമായി സംയുക്ത ഗവേഷണ പദ്ധതികൾക്കുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഡയറക്ടർ, സീനിയർ പ്രിൻസിപ്പാൾ സയന്റിസ്റ്റ്, സയന്റിസ്റ്റ്-E2, സയന്റിസ്റ്റ്-സി എന്നീ തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. സർക്കാരിൽനിന്നും അംഗീകാരം ലഭിച്ച സാങ്കേതിക വിഭാഗത്തിലെ ടെക്നിക്കൽ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലെ നിയമന നടപടികൾ അന്തിമഘട്ടത്തിലാണ്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ അംഗീകാരമുള്ള ഗവേഷണ കേന്ദ്രമാകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ബി) ലാബ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഐ.സി.എം.ആർ.-ന്റെ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ടോ; ഇതനുസരിച്ചാണോ ലാബ് നിർമ്മാണം പുരോഗമിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

രോഗതീവ്രതയുടെ അടിസ്ഥാനത്തിൽ ഓരോതരം വൈറസിന്റെ ഗവേഷണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും വ്യത്യസ്ത മാർഗ്ഗനിർദ്ദേശങ്ങളാണ് ഐ.സി.എം.ആർ. നൽകിയിരിക്കുന്നത്. സാമ്പിളുകൾ സ്വീകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ലാബിനകത്തും പുറത്തുമുള്ള ആളുകളുടെ സുരക്ഷ, രോഗ നിർണയത്തിന്റെ ഓരോ ഘട്ടത്തിലും സ്വീകരിക്കേണ്ട മുൻകരുതലുകൾ, ഓരോ ഘട്ടത്തിലും ആവശ്യമായ ഉപകരണങ്ങൾ, രോഗവ്യാപനം തടയുന്നതിനായി ലാബിനുള്ളിലെ മർദ്ദക്രമീകരണ സംവിധാനങ്ങൾ, ഫിൽറ്ററുകൾ, ഖര-ദ്രവ മാലിന്യങ്ങൾ അണുവിമുക്തമാക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ, സാമ്പിളുകൾ സൂക്ഷിക്കുന്നതിനാവശ്യമായ ശീതീകരണികൾ എന്നിവയെ സംബന്ധിച്ച ഐ.സി.എം.ആർ. മാനദണ്ഡങ്ങൾക്ക് വിധേയമായാണ് ലാബ് നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നത്.

(സി) പ്രസ്തുത ലാബ് പൂർത്തിയാക്കുന്നതിലൂടെ എന്തെല്ലാം പരിശോധനാ പഠന സംവിധാനങ്ങളാണ് സജ്ജമാക്കുക; വിശദമാക്കാമോ?

വൈറസ്ജന്യരോഗവ്യാപനവും പുതിയതരം വൈറസുകളുടെ ആവിർഭാവവും രൂക്ഷമാകുന്ന ഈ സാഹചര്യത്തിൽ അവയുടെ സാന്നിധ്യം മനസിലാക്കുന്നതിനുള്ള അതിനൂതന സംവിധാനങ്ങൾ പ്രസ്തുത ലബോറട്ടറികളിൽ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. അതിലൂടെ രോഗനിർണയം നടത്തി രോഗബാധിതരുടെ സമ്പർക്ക പട്ടിക

തയ്യാറാക്കി രോഗനിയന്ത്രണം വേഗത്തിലാക്കുവാൻ സഹായിക്കുന്ന പ്രവർത്തനങ്ങളുമായി മുമ്പോട്ട് പോകുവാൻ സാധിക്കും. അതീവ ഗുരുതര വൈറസുകളുടെ സാന്നിധ്യം നിർണ്ണയിക്കുന്നതിനാവശ്യമായ Biosafety ലെവൽ-3 ലബോറട്ടറിയുടെ നിർമ്മാണ നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ Clinical Virology, Viral diagnostics, Viral vaccines, Antiviral drug research, Virus applications, Virus epidemiology, vector dynamics and public health, Virus genomics, Bioinformatics & Statistics, General virology എന്നീ മേഖലകളിൽ പഠനം സാദ്ധ്യമാക്കുന്ന ഗവേഷണശാലകൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്. വൈറസുകളുടെ ജനിതക ഘടന, രോഗവ്യാപനത്തിന്റെ ഉറവിടം കണ്ടെത്തൽ, പുതിയ പ്രതിരോധ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളെ സഹായിക്കുന്ന അതിനൂതന ഉപകരണങ്ങൾ മുതലായവ പ്രസ്തുത ലബോറട്ടറികളിൽ ഒരുക്കുന്നുണ്ട്.

**നാദാപുരം പൈക്കാട്ട് അങ്കണവാടി കെട്ടിട നിർമ്മാണം**

249 (2149) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ നാദാപുരം ഗ്രാമപഞ്ചായത്തിൽ പൈക്കാട്ട് അങ്കണവാടിയുടെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

നാദാപുരം മണ്ഡലത്തിലെ നാദാപുരം ഗ്രാമപഞ്ചായത്തിൽ പൈക്കാട്ട് അങ്കണവാടിയുടെ കെട്ടിട നിർമ്മാണത്തിനായി 8-9-2021-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന് അംഗീകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

**സ്റ്റാഫ് നഴ്സ് ഒഴിവുകൾ**

250 (2150) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റാഫ് നഴ്സിന്റെ പി.എസ്.സി. റാങ്ക് പട്ടിക 2021 ഒക്ടോബറിൽ അവസാനിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ സ്റ്റാഫ് നഴ്സിന്റെ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ?

288 ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഏതൊക്കെ മെഡിക്കൽ കോളേജിലാണ് ഒഴിവുകളുള്ളതെന്ന് വിശദമാക്കാമോ?

ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു*

**നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പിനുള്ള അവസരം**

251 (2151) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന് പുറത്തേയ്ക്കുപോയി വിദേശ മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ വിദേശ മെഡിക്കൽ ബിരുദ പരീക്ഷ പാസായതിനുശേഷം ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽനിന്ന് താൽക്കാലിക രജിസ്ട്രേഷൻ ലഭ്യമാക്കിയ എത്ര വിദ്യാർഥികളിൽനിന്നും നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പിനുള്ള അപേക്ഷ 2020-21 വർഷക്കാലയളവിൽ ആരോഗ്യവകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

2020-21 വർഷ കാലയളവിൽ നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പ് നൽകിവരുന്ന ആശുപത്രികളിൽ ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | അപേക്ഷകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 283 |
| കൊല്ലം | 281 |
| ആലപ്പുഴ | 132 |
| കോട്ടയം | 130 |
| എറണാകുളം | 455 |
| തൃശ്ശൂർ | 372 |
| പാലക്കാട് | 125 |
| കോഴിക്കോട് | 40 |
| കണ്ണൂർ | 102 |
| ആകെ | 1920 |

(ബി) മേൽപ്പറഞ്ഞ അപേക്ഷകരിൽ എത്ര വിദ്യാർഥികളെ നാളിതുവരെ നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പിൽ പങ്കെടുപ്പിച്ചിട്ടുണ്ട്;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇപ്രകാരം അപേക്ഷ സമർപ്പിച്ചതിൽ യോഗ്യരായ എല്ലാവർക്കും സി.ആർ.ആർ.ഐ. ചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിന് ആരോഗ്യവകുപ്പിന് സാധിക്കുമോ; എങ്കിൽ എത്ര സമയപരിധിക്കുള്ളിൽ സാധിക്കും എന്നത് വ്യക്തമാക്കുമോ?

നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പിൽ പങ്കെടുപ്പിച്ച വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 166 |
| കൊല്ലം | 150 |
| ആലപ്പുഴ | 50 |
| കോട്ടയം | 40 |
| എറണാകുളം | 116 |
| തൃശ്ശൂർ | 100 |
| പാലക്കാട് | 37 |
| കോഴിക്കോട് | 05 |
| കണ്ണൂർ | 32 |
| ആകെ | 696 |

സി.ആർ.ആർ.ഐ.-യിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിൽ യോഗ്യരായ എല്ലാവർക്കും നിലവിൽ സി.ആർ.ആർ.ഐ. ചെയ്യുന്നതിനുള്ള അവസരം നൽകുന്നുണ്ട്. എന്നാൽ നിലവിൽ സി.ആർ.ആർ.ഐ.-യ്ക്ക് അനുവദിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണത്തിന് അനുസരിച്ചാണ് അവസരം നൽകിവരുന്നത്. ആരോഗ്യവകുപ്പിന് കീഴിൽ ജില്ലാ/ജനറൽ ആശുപത്രികളിൽ സീറ്റ് വർദ്ധിപ്പിക്കുന്നതിനും, പുതിയതായി കൂടുതൽ ആശുപത്രികളിൽ സി.ആർ.ആർ.ഐ.-സംവിധാനം ഒരുക്കുന്നതിനുമുള്ള നടപടികൾ നടന്നുവരികയാണ്.

(സി) മുഴുവൻ അപേക്ഷകർക്കും നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പിനുള്ള അവസരം നൽകുവാൻ സാധിക്കാത്തപക്ഷം അതിന് കണ്ടെത്തിയിട്ടുള്ള പരിഹാരമാർഗ്ഗം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പിൽ പങ്കെടുക്കുവാൻ അപേക്ഷകർ ഒന്നുമുതൽ മൂന്ന് വർഷം വരെ കാത്തിരിക്കേണ്ടിവരുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി & ഡി) ആരോഗ്യവകുപ്പിന്റെ കീഴിൽ നിലവിൽ നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പ് നൽകുന്ന ആശുപത്രികളിലെ സീറ്റ് വർദ്ധിപ്പിക്കുന്നതിനും, പുതിയതായി കൂടുതൽ ആശുപത്രികളിൽ നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പ് ആരംഭിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരികയാണ്.

## വിദ്യാർത്ഥിനിയുടെ സർട്ടിഫിക്കറ്റ് തിരിച്ച് നൽകാൻ നടപടി

252 (2152) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ പരിയാരം മെഡിക്കൽ കോളേജിൽ ബി.എസ്.സി. (എം.എൽ.ടി.) കോഴ്സിന് ചേർന്നിട്ടുള്ള സ്വാതിക എന്ന വിദ്യാർത്ഥിനിക്ക് 2014-ൽ ആരോഗ്യ പ്രശ്നങ്ങളാൽ പഠനം നിർത്തേണ്ടിവന്ന സാഹചര്യത്തിൽ കോളേജിൽ സമർപ്പിച്ചിട്ടുള്ള എസ്.എസ്.എൽ.സി., പ്ലസ്ടു സർട്ടിഫിക്കറ്റുകൾ തിരികെ നൽകാൻ സമർപ്പിച്ച അപേക്ഷയിൽ തീർപ്പ് കൽപ്പിച്ചിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; മേൽ അപേക്ഷയിൽ ഇതുവരെ എടുത്ത നടപടി എന്താണെന്നും നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(ബി) സർട്ടിഫിക്കറ്റ് തിരിച്ച് കിട്ടിയാൽ മാത്രമേ വിദ്യാർത്ഥിനിക്ക് വിവിധ സ്ഥാപനങ്ങളിൽ പഠിക്കുവാനോ ജോലിനേടുവാനോ സാധിക്കുകയുള്ളൂ എന്നിരിക്കെ അവ വേഗം തിരികെ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(എ & ബി) കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ ബി.എസ്.സി. (എം.എൽ.ടി.) കോഴ്സിന് പ്രവേശനം നേടിയ സ്വാതിക എന്ന വിദ്യാർത്ഥിനി ആരോഗ്യപരമായ കാരണങ്ങളാൽ പഠനം പൂർത്തീകരിക്കാൻ കഴിയില്ലായെന്നും Liquidated damages തുക ഒഴിവാക്കി സർട്ടിഫിക്കറ്റുകൾ തിരികെ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പ്രിൻസിപ്പാൾ മുഖേന അപേക്ഷ സമർപ്പിച്ചിരിക്കുന്നു. 2013-ലെ പാരാമെഡിക്കൽ പ്രോസ്പെക്ട്സ് പ്രകാരം ലിക്വിഡേറ്റഡ് ഡാമേജ് തുക അടയ്ക്കേണ്ടതുണ്ട്. മാനുഷിക പരിഗണന നൽകി ട്യൂഷൻ ഫീസിന്റെ 50 ശതമാനം (78,000/- രൂപ) അടച്ചാൽ അസ്സൽ സർട്ടിഫിക്കറ്റുകൾ തിരികെ നൽകാമെന്ന് പരിയാരം മെഡിക്കൽ കോളേജ് (ACMC) മാനേജ്മെന്റ് അറിയിപ്പ് നൽകിയിരുന്നെങ്കിലും സ്വാതിക തുക അടയ്ക്കുവാനോ അസ്സൽ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുവാനോ തയ്യാറായിട്ടില്ല. പഠനം ഇടയ്ക്കുവച്ച് അവസാനിപ്പിച്ചത് മറ്റൊരാളുടെ പഠനത്തിനുള്ള അവസരം നഷ്ടപ്പെടുത്തുകയും സ്ഥാപനത്തിന് ഏകദേശം 1,56,000 രൂപ നഷ്ടം സംഭവിച്ചതായും സ്ഥാപന മേധാവി അറിയിച്ചിട്ടുണ്ട്. കണ്ണൂർ

മെഡിക്കൽ കോളേജ് മാർച്ച് 2019-ന് സർക്കാർ ഏറ്റെടുത്ത സാഹചര്യത്തിൽ പ്രസ്തുത വിദ്യാർത്ഥിനി വീണ്ടും അപേക്ഷ നൽകിയിരുന്നു. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ ഹോമിയോ ആശുപത്രി**

253 (2153) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ എത്ര ഹോമിയോ ആശുപത്രിയുണ്ടെന്നും ഇവ സ്ഥിതി ചെയ്യുന്നത് എവിടെയൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) ഇതിൽ എത്രയെണ്ണത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്; വിശദാംശങ്ങൾ നൽകാമോ?

(എ & ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഒരു സർക്കാർ ഹോമിയോ ആശുപത്രി പ്രവർത്തിച്ചു വരുന്നുണ്ട്. ആലുംകടവിലാണ് ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത്. പ്രസ്തുത ആശുപത്രിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിൽ പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ**

254 (2154) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ മണ്ഡലത്തിലെ പൂയപ്പള്ളി, കല്ലുവാതുക്കൽ, ചിറക്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് (ഫയൽ നമ്പർ എ 1/16/2021 ആയുഷ്. തീയതി 21-1-2021) കൊല്ലം ജില്ലാ മെഡിക്കൽ ആഫീസർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

ഭാരതീയ ചികിത്സാ വകുപ്പിൽ കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൂയപ്പള്ളി, കല്ലുവാതുക്കൽ, ചിറക്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽ സർക്കാർ ആയുർവ്വേദ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിത്തരുന്നതിന് ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ലഭ്യമാക്കുന്നതിന് ടി ഗ്രാമപഞ്ചായത്തുകൾക്ക് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന കത്ത് നൽകിയിട്ടുണ്ട്.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ ആയുർവേദ ആശുപത്രികൾ

255 (2155) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ എത്ര ആയുർവേദ ആശുപത്രികളുണ്ടെന്നും ഇവ എവിടെയൊക്കെയാണെന്നും വിശദമാക്കാമോ?

കരുനാഗപ്പള്ളി മണ്ഡലത്തിൽ 7 സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്.

1. സർക്കാർ ആയുർവേദ ഡിസ്പെൻസറി കരുനാഗപ്പള്ളി (കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ സ്ഥിതിചെയ്യുന്നു)
2. സർക്കാർ ആയുർവേദ ഡിസ്പെൻസറി തൊടിയൂർ (തൊടിയൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു)
3. സർക്കാർ ആയുർവേദ ഡിസ്പെൻസറി പാവുമ്പ (തഴവ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു)
4. സർക്കാർ ആയുർവേദ ഡിസ്പെൻസറി ശ്രായിക്കാട് (ആലപ്പാട് ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു)
5. സർക്കാർ ആയുർവേദ ഡിസ്പെൻസറി ക്ലാപ്പന (ക്ലാപ്പന ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു)
6. സർക്കാർ ആയുർവേദ ഡിസ്പെൻസറി കുലശേഖരപുരം (കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു)
7. സർക്കാർ ആയുർവേദ ഡിസ്പെൻസറി ഓച്ചിറ (ഓച്ചിറ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു)

(ബി) പ്രസ്തുത മണ്ഡലത്തിൽ കിടത്തി ചികിത്സ സൗകര്യമുള്ള ആയുർവേദ ആശുപത്രികൾ ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

കരുനാഗപ്പള്ളി മണ്ഡലത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള ആയുർവേദ ആശുപത്രികളില്ല.

(സി) ഇതിൽ എത്രയെണ്ണത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്; വിശദവിവരം നൽകാമോ?

കരുനാഗപ്പള്ളി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന 7 സർക്കാർ ആയുർവേദ ഡിസ്പെൻസറികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്.

## പൂഞ്ഞാർ മണ്ഡലത്തിൽ ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ

256 (2156) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ആയുഷ് ഡിസ്പെൻസറികളെ ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളാക്കി ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററായി അപ്ഗ്രേഡ് ചെയ്ത ആയുഷ് സ്ഥാപനങ്ങളിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടില്ല.

(ബി) ഈ വർഷം നൂറ്റിയൻപത് ഡിസ്പെൻസറികളെക്കൂടി വെൽനെസ്സ് സെന്ററുകളാക്കുന്ന പദ്ധതിയിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ആയുഷ് ഡിസ്പെൻസറികളെക്കൂടി ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ?

വിവിധ തരത്തിലുള്ള സേവനങ്ങൾ നൽകേണ്ട കേന്ദ്രങ്ങളാണ് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകൾ. അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ സൗകര്യമുള്ള ആയുഷ് ഡിസ്പെൻസറികളെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഇത്തരം കേന്ദ്രങ്ങളാക്കി മാറ്റുന്നത്. ജില്ലാ പ്രോഗ്രാം മാനേജരുടെയും, ഡി.എം.ഒ.-മാരുടെയും സംയുക്ത പരിശോധനയിലാണ് ഇത്തരം കേന്ദ്രങ്ങളെ തെരഞ്ഞെടുക്കുന്നതിന് ലിസ്റ്റ് തയ്യാറാക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളുള്ളപക്ഷം ഈ വർഷം പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ സ്ഥാപനങ്ങളെക്കൂടി ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## വ്യാജമരുന്നുകളുടെ വിതരണവും വില്പനയും

257 (2157) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലോപ്പതി, ആയുർവ്വേദം ഉൾപ്പെടെയുള്ള വിഭാഗങ്ങളിലുള്ള വ്യാജമരുന്ന് വിപണനവും വിതരണവും വില്പനയും പരിശോധിച്ചിട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

രാജ്യത്ത് അലോപ്പതി മരുന്നുകളുടെ വിതരണം/വിൽപ്പനയ്ക്ക് ഡ്രഗ്സ് റൂൾസ് 1945-ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം മൊത്ത/ചില്ലറ ഔഷധ വ്യാപാര

ലൈസൻസുകൾ അനിവാര്യമാണ്. രാജ്യത്തെ പ്രമുഖ മരുന്ന് നിർമ്മാണ കമ്പനികളുടെയും അന്താരാഷ്ട്ര കമ്പനികളുടെയും സംസ്ഥാനത്തുള്ള കമ്പനി ഡിപ്പോകൾ വഴിയാണ് മരുന്നുകൾ വിതരണത്തിനായി എത്തിക്കുന്നത്. സംസ്ഥാനത്ത് വളരെ ശക്തമായ ഒരു മരുന്ന് വിതരണ ശൃംഖലയാണ് നിലവിലുള്ളത്. സംസ്ഥാന വിപണിയിലെ 98 ശതമാനം മരുന്നുകളും അന്യസംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിച്ച് ടി വിതരണ ശൃംഖല വഴിയാണ് വിറ്റഴിക്കപ്പെടുന്നത്. ഇത്തരത്തിലുള്ള ഒരു വിതരണ ശൃംഖലയിലേയ്ക്ക് വ്യാജമരുന്നുകൾ ലഭ്യമാകുന്നില്ലെന്ന് വകുപ്പിലെ ഉദ്യോഗസ്ഥർ വളരെ കാര്യക്ഷമമായി നിരന്തര പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്. രാജ്യത്തെ മരുന്നുകളുടെ നിർമ്മാണ വിതരണ രീതികളെ സംബന്ധിച്ച് സമഗ്രമായ പഠനത്തിലേയ്ക്കായി കേന്ദ്രസർക്കാർ നിയോഗിച്ചിരുന്ന മാഷേൽക്കർ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം വ്യാജ മരുന്നുകളൊന്നും ഇല്ലാത്ത സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം എന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. സമ്പ്രദായം നിലവിൽ വന്നതിനുശേഷം രാജ്യത്ത് എവിടെനിന്നും നിയമപരമായി മരുന്നുകൾ വാങ്ങുന്നതിന് വ്യാപാരികൾക്ക് അവസരം ലഭ്യമായിട്ടുണ്ട്. ഈ സമ്പ്രദായത്തിലൂടെ ഗുണനിലവാരമില്ലാത്തതോ വ്യാജ മരുന്നുകളോ വിപണിയിൽ എത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി ഇത്തരം വ്യാപാര സ്ഥാപനങ്ങളിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും മരുന്നുകൾ നേരിട്ട് വാങ്ങുന്ന പ്രവണത നിരുത്സാഹപ്പെടുത്തുകയും ചെയ്യാറുണ്ട്. ആയുർവ്വേദ, സിദ്ധ, യുനാനി മരുന്നുകളുടെ വിതരണം/വിൽപ്പന എന്നിവയ്ക്ക് ഡ്രഗ്സ് റൂൾസ് 1945 പ്രകാരം ലൈസൻസ് ആവശ്യമില്ല. എന്നാൽ പ്രസ്തുത മരുന്നുകളുടെ നിർമ്മാണത്തിന് ഡ്രഗ്സ് റൂൾസ് 1945 പ്രകാരം ലൈസൻസ് ആവശ്യമാണ്.

(ബി) വ്യാജ മരുന്നുകൾ ഏതെല്ലാം വിഭാഗങ്ങളിലാണ് കൂടുതലുള്ളതെന്നും അവയുടെ വിപണനവും വിതരണവും വില്പനയും തടയുന്നതിനായി ആരോഗ്യവകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

കേരളത്തിലെ അലോപ്പതി മരുന്ന് വിപണിയിൽ വളരെ ശക്തമായ വിതരണ ശൃംഖല നിലനിൽക്കുന്നതിനാൽ ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് വരെ സംസ്ഥാനത്ത് വ്യാജ മരുന്നുകളൊന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ ജി.എസ്.ടി. സമ്പ്രദായം നിലവിൽ വന്നതിനുശേഷം രാജ്യത്ത് എവിടെനിന്നും നിയമപരമായി മരുന്നുകൾ വാങ്ങുന്നതിന് വ്യാപാരികൾക്ക് അവസരം ലഭ്യമായിട്ടുണ്ട്. ഈ സമ്പ്രദായത്തിലൂടെ ഗുണനിലവാരമില്ലാത്തതോ വ്യാജ മരുന്നുകളോ വിപണിയിൽ എത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി ഇത്തരം വ്യാപാര സ്ഥാപനങ്ങളിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ

നിരന്തരം പരിശോധന നടത്തുകയും മരുന്നുകൾ നേരിട്ട് വാങ്ങുന്ന പ്രവണത നിരുത്സാഹപ്പെടുത്തുകയും ചെയ്യാറുണ്ട്. എന്നാൽ സംസ്ഥാനത്ത് അലോപ്പതി മരുന്നുകളുടെ വിഭാഗത്തിൽ 2020 വർഷത്തിൽ ഒന്നും ആയുർവ്വേദ മരുന്നുകളുടെ വിഭാഗത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ എട്ടു വ്യാജ മരുന്നുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നടന്നുവരുന്ന ഇത്തരം വ്യാജ മരുന്ന് വില്പന/ വിതരണം/വിപണനം മേഖലകളിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ എത്രയാളുകളേയും സ്ഥാപനങ്ങളെയും കണ്ടെത്തിയെന്നും അവക്കെതിരായി എന്തൊക്കെ നടപടികൾ എടുത്തുവെന്നുമുള്ള വിവരങ്ങൾ വ്യക്തമാക്കാമോ?

കോവിഡ്-19 രോഗ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന Favipiravir എന്ന അലോപ്പതി മരുന്ന് Max Relief Healthcare, Solan, Himachal Pradesh എന്ന നിർമ്മാതാവിന്റെ പേരിൽ വ്യാജമായി നിർമ്മിച്ചത് ഗുജറാത്തിലെ (അഹമ്മദാബാദ്) ഒരു മൊത്ത വ്യാപാരിയിൽനിന്ന് തിരുവനന്തപുരം പൂവാറിലെ ഒരു ചില്ലറ വ്യാപാരി വാങ്ങി വില്പന നടത്തിയതിന് പ്രസ്തുത സ്ഥാപനത്തിനെതിരെ 2021 വർഷത്തിൽ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിന്റെ വ്യാപാര ലൈസൻസുകൾ റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ അലോപ്പതി വിഭാഗത്തിൽ മേൽ വിവരിച്ചതല്ലാതെ മറ്റ് വ്യാജ മരുന്നുകൾ കണ്ടെത്തിയിട്ടില്ല. ആയുർവ്വേദ മരുന്നുകളുടെ വിഭാഗത്തിൽ അഞ്ച് വർഷത്തിനിടയിൽ ആകെ എട്ട് വ്യാജ മരുന്നുകൾ കണ്ടെത്തുകയും ഇവ നിർമ്മിച്ച സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മെസ്സേഴ്സ് ഹൈടെക് ഹെർബൽസ്, മധുര
2. മെസ്സേഴ്സ് വിജയ ഫാർമസി, എറണാകുളം
3. മെസ്സേഴ്സ് സ്റ്റെപ് ക്രിയേഷൻ, തൃശ്ശൂർ
4. മെസ്സേഴ്സ് അമ്മാസ് ആര്യ വൈദ്യശാല, എറണാകുളം
5. ശാന്തിഗിരി സിദ്ധ ഏജൻസി, എറണാകുളം
6. വേദമിനി ആര്യ വൈദ്യശാല, കോഴിക്കോട്
7. വിൻടസ്റ്റ് ഫാർമസ്യൂട്ടിക്കൽസ്, ലുധിയാന

**മരുന്നുകളുടെ ഗുണനിലവാരം**

258 (2158) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാര പരിശോധന കൃത്യമായി നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കർശനമായ നിയന്ത്രണ പ്രക്രിയകളിലൂടെ മാത്രമേ നിലവിലുള്ള നിയമവ്യവസ്ഥകളിൽ വിപണിയിൽ മരുന്ന് ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ. എല്ലാ സംസ്ഥാനങ്ങളിലേയും ഡ്രഗ്സ് കൺട്രോൾ വകുപ്പുകളും കേന്ദ്ര ഏജൻസിയായ സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷനും ചേർന്നാണ് ആയത് കർശനമായി നടപ്പിലാക്കിവരുന്നത്. ഇപ്രകാരം വിപണിയിൽ എത്തുന്ന മരുന്നുകളുടെ റാൻഡം സാമ്പിളിംഗ് ആണ് കേന്ദ്ര നിയമമായ ഡ്രഗ്സ് & കോസ്മറ്റിക്സ് ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്നത്. 10 മുതൽ 15 വരെയുള്ള ഗുണനിലവാര മാനദണ്ഡങ്ങൾക്ക് വിധേയമാക്കിയാണ് മരുന്നിന്റെ ഗുണനിലവാരം നിശ്ചയിക്കുന്നത്. ഇത് ലോകത്തെമ്പാടും അനുവർത്തിച്ചുവരുന്ന പ്രക്രിയ ആണ്. ഇതുതന്നെയാണ് കേരളത്തിലും സ്വീകരിച്ചുവരുന്നത്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ പൂർണ്ണമായും പ്രവർത്തനശേഷിയുള്ള തിരുവനന്തപുരം, എറണാകുളം ലാബുകളിലെയും 2019-ൽ ഭാഗികമായി പ്രവർത്തന സജ്ജമായിട്ടുള്ള തൃശ്ശൂർ ലാബിലെയും പരിശോധനാശേഷി കണക്കാക്കുമ്പോൾ സംസ്ഥാനത്ത് നിലവിൽ ഒരു മാസം 1155 മരുന്ന് സാമ്പിളുകളാണ് പരിശോധിക്കാൻ സാധിക്കുന്നത്. സംസ്ഥാനത്തെ നാലാമത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, പത്തനംതിട്ട കോന്നിയിൽ പ്രവർത്തനം ആരംഭിക്കുന്നതോടെ സംസ്ഥാനമൊട്ടാകെ പ്രതിമാസം 1908 മരുന്ന് സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുവാൻ സാധിക്കുന്നതാണ്.

(ബി) പരിശോധന കൃത്യമല്ലാത്തതിനാൽ നിലവാരമില്ലാത്ത മരുന്നുകൾ വിപണിയിൽ ധാരാളം വിറ്റഴിയുന്നുവെന്ന ആക്ഷേപം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

മരുന്നുകളുടെ ഗുണനിലവാര പരിശോധന കൃത്യമല്ലാത്തതിനാൽ നിലവാരമില്ലാത്ത മരുന്നുകൾ വിപണിയിൽ ധാരാളം വിറ്റഴിയുന്നുവെന്ന പത്ര മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകൾ വസ്തുതാപരമല്ല. കേന്ദ്ര നിയമമായ ഡ്രഗ്സ് &

കോസ്മെറ്റിക്സ് ആക്ടും അതിനുകീഴിലുള്ള റൂളുകളിലും മരുന്നുകളുടെ അസംസ്കൃത വസ്തു തെരഞ്ഞെടുക്കുന്നത് മുതൽ മരുന്ന് ഫോർമുലേഷനായി രൂപപ്പെടുത്തുന്നത് വരെയുള്ള സങ്കീർണ്ണമായ നിർമ്മാണപ്രക്രിയ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. രാജ്യത്തെവിടെയും ഈ നിയമത്തിന് വിധേയമായി മാത്രമേ മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. മറ്റ് ലോക രാഷ്ട്രങ്ങളിൽ സ്വീകരിച്ചുവരുന്ന പ്രക്രിയയ്ക്ക് തുല്യമായോ അതിൽ കൂടുതലോ നിയമ നിഷ്കർഷത പാലിച്ചാണ് രാജ്യത്ത് മരുന്ന് നിർമ്മാണ പ്രക്രിയ നടന്നുവരുന്നത്. സംസ്ഥാനത്ത് വിതരണത്തിനായി എത്തുന്ന മരുന്നുകളുടെ 98 ശതമാനവും അന്യസംസ്ഥാനങ്ങളിൽ നിർമ്മിച്ചുവരുന്നവയാണ്. അതത് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ നിരീക്ഷണത്തിൽ നിർമ്മിക്കപ്പെടുന്ന ഇത്തരം മരുന്നുകൾ മേൽപ്പറഞ്ഞ നിയമവ്യവസ്ഥകൾ പാലിച്ചാണ് നിർമ്മിക്കപ്പെടുന്നത്. ഒരു മരുന്നിന്റെ ഗുണനിലവാരം ഏകദേശം 10 മുതൽ 15 വരെ വിവിധയിനം ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് നിശ്ചയിച്ചുറപ്പിക്കുന്നത്. നിർമ്മാണ ഘട്ടം മുതൽ പലവിധ പരിശോധനകൾക്ക് വിധേയമായിട്ടാണ് മരുന്നുകൾ നിർമ്മാതാക്കൾ വിപണനത്തിനായി എത്തിക്കുന്നത്. മരുന്നുകൾ അവയുടെ ഷെൽഫ് ലൈഫ് (Shelf Life)-ലുടനീളം നിശ്ചിത ഗുണനിലവാരം പുലർത്തേണ്ടവയാണ്. എന്നാൽ ബാഹ്യഘടകങ്ങളായ അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം എന്നിവ കാരണം നിശ്ചിത ഗുണനിലവാര വ്യതിയാനം വരുന്നതിന് കാരണമാകുന്നു. സംസ്ഥാന ഔഷധ വിപണിയിൽ ഒരു സമയം ഏകദേശം രണ്ടര ലക്ഷത്തോളം ബാച്ച് മരുന്നുകൾ ലഭ്യമാകുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ലബോറട്ടറി പരിശോധനയിലൂടെ ഒരു മരുന്നിന്റെ ഗുണനിലവാര പരിശോധന പൂർത്തീകരിക്കുന്നതിന് 3 മുതൽ 20 ദിവസം വരെ സമയം ആവശ്യമാണ്. ആയതിനാൽ വിപണിയിൽ ലഭ്യമാകുന്ന എല്ലാ മരുന്നുകളുടെയും ഗുണനിലവാരം പരിശോധിക്കുക എന്നത് പ്രായോഗികമല്ല. ഇത്തരം സാഹചര്യം നിലനിൽക്കുന്നതിനാലാണ് നിയമം അനുശാസിക്കുന്ന രീതിയിൽ റാൻഡം സാമ്പിളിംഗ് നടത്തി വിപണിയിലുള്ള മരുന്നുകളുടെ ഗുണനിലവാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പുവരുത്തുന്നത്. ഇത് രാജ്യമൊട്ടാകെ പാലിച്ചുവരുന്ന പ്രക്രിയയാണ്. മൊത്തം പരിശോധനയ്ക്കെടുക്കുന്ന സാമ്പിളുകളുടെ 5 ശതമാനത്തിൽ താഴെ മാത്രമാണ് ഇപ്രകാരമുള്ള ഗുണനിലവാര വ്യതിയാനങ്ങളെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ നിർമ്മാതാക്കൾക്കെതിരെ അതത് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത ധാരാളം സൗന്ദര്യവർദ്ധക വസ്തുക്കൾ വിറ്റഴിയുന്നുവെന്ന ആക്ഷേപം ഉയരുന്ന സാഹചര്യത്തിൽ ഇത് പരിഹരിക്കുന്നതിനായി അവയുടെ ഗുണനിലവാരം പരിശോധിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത ധാരാളം സൗന്ദര്യവർദ്ധക വസ്തുക്കൾ വിറ്റഴിയുന്നുവെന്ന റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്നുകൾക്കുപുറമെ സൗന്ദര്യവർദ്ധക ഉല്പന്നങ്ങളുടേയും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇതുകൂടാതെ റീജിയണൽ/സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ കോസ്മെറ്റിക്സ് നിർമ്മാണ യൂണിറ്റുകൾ പരിശോധിച്ച് അവിടെനിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി ഇവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പരിശോധനയ്ക്ക് വിധേയമാക്കിയ സൗന്ദര്യ വർദ്ധക വസ്തുക്കളിൽ 8 ഉല്പന്നങ്ങൾ (Toilet Soaps-7, Hair Oil-1) മാത്രമേ ഗുണനിലവാരമില്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളൂ. കൂടാതെ സൗന്ദര്യ വർദ്ധക വസ്തുക്കളിൽ വിഷലിപ്തമായ രാസവസ്തുക്കൾ അടങ്ങിയിട്ടുണ്ടെന്നുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥർ സംസ്ഥാനത്തുടനീളം കോസ്മെറ്റിക്സ് സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. ആയതിന്റെ പരിശോധനാ റിപ്പോർട്ടുകൾ പ്രകാരം ഇവയെല്ലാം തന്നെ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡിന്റെ മാനദണ്ഡങ്ങൾ പാലിച്ചാണ് നിർമ്മിച്ചിരിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ അങ്കണവാടി ജീവനക്കാരുടെ നിയമനം**

259 (2159) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ഏതൊക്കെ അങ്കണവാടികളിൽ ജീവനക്കാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുവെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ ഐ.സി.ഡി.എസ്. പ്രോജക്ടിലെ ആലത്തൂർ, എരിമയൂർ പഞ്ചായത്തുകളും, ആലത്തൂർ അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ടിലെ കിഴക്കഞ്ചേരി പഞ്ചായത്തും കുഴൽമന്ദം ഐ.സി.ഡി.എസ്. പ്രോജക്ടിലെ കുഴൽമന്ദം, തേങ്കുറിശ്ശി പഞ്ചായത്തുകളും നെന്മാറ അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ടിലെ വണ്ടാഴി, മേലാർകോട് പഞ്ചായത്തുകളുമാണ് ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെടുന്നത്. ഇതിൽ ആലത്തൂർ, എരിമയൂർ പഞ്ചായത്തുകളൊഴികെയുള്ള പഞ്ചായത്തുകളിൽ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്ക് ഇന്റർവ്യൂ നടത്തുന്നതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം ക്ഷണിച്ച അപേക്ഷകളിന്മേൽ ഇന്റർവ്യൂ, നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിൽ ഇന്റർവ്യൂ കഴിഞ്ഞിട്ടുണ്ട്. എന്നാൽ 26-11-2019-ലെ WP(C)No.24893/2018 കേസിൻമേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ വിധിന്യായം പ്രകാരം 26-11-2019-നുശേഷം സെലക്ഷൻ കമ്മിറ്റികൾ രൂപീകരിക്കാൻ സാധിക്കാത്ത സാഹചര്യമുള്ളതിനാൽ, കിഴക്കഞ്ചേരി, കുഴൽമന്ദം, തേങ്കുറിശ്ശി, മേലാർകോട് എന്നീ പഞ്ചായത്തുകളിൽ മറ്റ് നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത വിധിക്കെതിരെ സർക്കാർ WA-730/2020 പ്രകാരം അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടെങ്കിലും വിധിന്യായം വന്നിട്ടില്ല.

(സി) പ്രസ്തുത അങ്കണവാടികളിൽ ജീവനക്കാരെ അടിയന്തരമായി നിയമിക്കേണ്ടതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ നിലനിൽക്കുന്നതിനാൽ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിന് ഇപ്പോൾ സാധിക്കുകയില്ല. എന്നാൽ അങ്കണവാടി നിയമനത്തിന് 30-4-2018-ലെ സ.ഉ.(സാധാ)നം. 254/2018/സാ.നീ.വ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള മറ്റ് ലിസ്റ്റുകൾ വഴി നിയമനം നടത്താവുന്നതാണ്. ഇത്തരത്തിൽ ഒരു ലിസ്റ്റും നിലവിലില്ലാത്ത ഇടങ്ങളിൽ അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആൻഡ് സപ്പോർട്ടിംഗ് കമ്മിറ്റികൂടി യോഗ്യരായവരെ താൽക്കാലികമായി നിയോഗിക്കുന്നുണ്ട്.

**നാദാപുരം മണ്ഡലത്തിലെ കളിവീട് അങ്കണവാടി**

260 (2160) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ കളിവീട് അങ്കണവാടിയുടെ കെട്ടിട നിർമ്മാണത്തിനായി ജലവിഭവ വകുപ്പിൽനിന്നും ഭൂമി ലഭ്യമാക്കുന്നതിനായി സ്ഥലം എം.എൽ.എ. നൽകിയ കത്തിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നാദാപുരം മണ്ഡലത്തിലെ കുന്നുമ്മൽ ഐ.സി.ഡി.എസ്. പ്രോജക്റ്റിന് കീഴിലുള്ള മരുതോങ്കര ഗ്രാമപഞ്ചായത്തിലെ 126 നമ്പർ കളിവീട് എന്ന അങ്കണവാടിക്ക് കെട്ടിട നിർമ്മാണത്തിനായി ജലവിഭവ വകുപ്പിൽനിന്നും ഭൂമി ലഭ്യമാക്കുന്നതിനായി കുന്നുമ്മൽ ശിശു വികസന പദ്ധതി ഓഫീസർ മരുതോങ്കര വില്ലേജിലെ റീ സർവ്വേ 135-ൽപ്പെട്ട 4.05 ആർസ് സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും

തയ്യാറാക്കി അപേക്ഷ സഹിതം കോഴിക്കോട് ജില്ലാ പ്രോഗ്രാം ഓഫീസിൽ 25-9-2020-ന് നൽകിയിട്ടുണ്ട്. പ്രോഗ്രാം ഓഫീസിൽനിന്നും 28-9-2020-ന് ബി-559 നമ്പർ കത്ത് പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയത് തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 28-10-2020-ന് DCKKD/8270/2020/L1 നമ്പർ കത്ത് പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് എതിർപ്പില്ലെന്ന് കാണിക്കുന്ന നിരാക്ഷേപപത്രം ലഭിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ കുറ്റ്യാടി ഇറിഗേഷൻ സബ് ഡിവിഷനിലേക്ക് കളക്ടറേറ്റിൽനിന്നും കത്ത് നൽകിയിട്ടുണ്ട്.

**അണ്ണപ്പാടി അങ്കണവാടി കെട്ടിട നിർമ്മാണം**

261 (2161) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽപ്പെടുന്ന അണ്ണപ്പാടി അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കാൻ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽപ്പെടുന്ന അണ്ണപ്പാടി അങ്കണവാടിക്ക് 2013-14 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 8 ലക്ഷം രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ടി തുക മാത്രം വിനിയോഗിച്ച് കെട്ടിട നിർമ്മാണം സാദ്ധ്യമാകാത്തതിനാൽ അധികമായി 8 ലക്ഷം രൂപ പഞ്ചായത്ത് പി.ഡബ്ല്യു.ഡി.-യുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ആയതുപ്രകാരം പി.ഡബ്ല്യു.ഡി. പ്രസ്തുത പ്രവൃത്തിക്കായി 16 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുമുണ്ട്.

(ബി) ഇതിൽ പഞ്ചായത്ത് ഫണ്ട് പി.ഡബ്ല്യൂ.ഡി.-യിൽ കെട്ടിവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽപ്പെടുന്ന അണ്ണപ്പാടി അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പ് വിഹിതത്തിന് പുറമേ അധികമായി 8 ലക്ഷം രൂപ പഞ്ചായത്ത് പി.ഡബ്ല്യു.ഡി.-യുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

(സി) ബന്ധപ്പെട്ട വകുപ്പ് വിഹിതം ഇതുവരെ നൽകാത്തതുകാരണം പ്രവൃത്തി നാളിതുവരെ ടെണ്ടർ ചെയ്യാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. 2013-14 സാമ്പത്തിക വർഷം പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ ചീഫ് കൺട്രോളിംഗ് ഓഫീസറായ 4235-02-102-94(P) ശീർഷകത്തിൽ അണ്ണപ്പാടി അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 8 ലക്ഷം രൂപ

വകയിരുത്തുകയും കെട്ടിട നിർമ്മാണത്തിന് പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർക്ക് 5-5-2016-ന് അനുമതി നൽകുകയുമുണ്ടായി.

(ഡി) എങ്കിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മേൽ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഡിപ്പാർട്ടുമെന്റ് വിഹിതം എത്രയും വേഗം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽപ്പെടുന്ന അണ്ണപ്പാടി അങ്കണവാടിക്ക് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 8-9-2021-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

**പാണ്ഡവത്ത് ശങ്കരപിള്ള മെമ്മോറിയൽ ക്രഷിന്റെ പ്രവർത്തനം**

262 (2162) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ തറയിൽകടവിൽ പ്രവർത്തിക്കുന്ന പാണ്ഡവത്ത് ശങ്കരപിള്ള മെമ്മോറിയൽ കൾച്ചറൽ സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള ക്രഷിന്റെ പ്രവർത്തനം വനിതാ-ശിശു ക്ഷേമവകുപ്പിന്റെ കീഴിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്ത് തടസ്സമാണ് നിലവിലുള്ളതെന്നും ഇക്കാര്യത്തിൽ എന്ത് തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

(എ & ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ക്രഷ് സ്കീമിന്റെ ഭാഗമായി സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്, സംസ്ഥാന ശിശുക്ഷേമ സമിതി എന്നിവയ്ക്ക് കീഴിൽ പ്രവർത്തിച്ചിരുന്ന ക്രഷുകളെ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് 60:30:10 (കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, NGO വിഹിതം) എന്ന അനുപാതത്തിൽ ഗ്രാന്റ് അനുവദിച്ചുവരുന്നുണ്ട്. നാഷണൽ ക്രഷ് സ്കീം പ്രകാരം സർക്കാർ തലത്തിൽ ഏറ്റെടുത്ത ക്രഷുകളുടെ ലിസ്റ്റിൽ ഉൾപ്പെടാത്തവ സംബന്ധിച്ച് റീ സർവ്വേ നടത്തി പ്രവർത്തനക്ഷമമാണെന്ന് കണ്ടെത്തിയ ക്രഷുകളുടെ ലിസ്റ്റ് അംഗീകരിച്ച് സ്കീമിന്റെ ഭാഗമാക്കുന്നതിനായി വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൽ പാണ്ഡവത്ത് ശങ്കരപിള്ള കൾച്ചറൽ സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള ക്രഷും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രൊപ്പോസലിന്മേൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

## ഇരവിപുരം മണ്ഡലത്തിലെ അങ്കണവാടികൾ

263 (2163) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ളതും ഇല്ലാത്തതുമായ അങ്കണവാടികളുടെ വിവരം തരംതിരിച്ച് ലഭ്യമാക്കാമോ?

ഇരവിപുരം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ള 96 അങ്കണവാടികളും സ്വന്തമായി കെട്ടിടമില്ലാത്ത 107 അങ്കണവാടികളും പ്രവർത്തിച്ചുവരുന്നു.

(ബി) ഈ മണ്ഡലത്തിലെ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം പണിയുവാൻ മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഫണ്ടുകളുടെ വിവരം വിശദമാക്കാമോ; ഇപ്രകാരം ഫണ്ട് അനുവദിച്ചിട്ടും കെട്ടിട നിർമ്മാണം തുടങ്ങാത്ത അങ്കണവാടികളുടെ പേര് വിവരങ്ങൾ വിശദമാക്കാമോ?

ഇരവിപുരം നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികളിലുൾപ്പെടുത്തി അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് നൽകിയ ഫണ്ടുകളുടെ വിവരവും നിർമ്മാണം ആരംഭിക്കാത്ത അങ്കണവാടികളുടെ വിവരവും അനുബന്ധമായി ചേർക്കുന്നു.*

(സി) ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്ത മുഖത്തല ഐ.സി.ഡി.എസ്.-ലെ മയ്യനാട് പഞ്ചായത്തിലെ അങ്കണവാടി സെന്റർ നമ്പർ 1, 40 എന്നീ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും ആരും ടെണ്ടർ എടുക്കാത്തതിനാൽ പ്രോജക്ട് റിവൈസ് ചെയ്ത് ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചുവരുന്നു.

## വൈപ്പിൻ മണ്ഡലത്തിലെ അങ്കണവാടികൾ

264 (2164) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ വിശദാംശങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈപ്പിൻ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത അങ്കണവാടികളിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളതും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും പുറമ്പോക്ക് ഭൂമിയിൽ പ്രവർത്തിക്കുന്നതും ഭൂമിക്ക് പട്ടയം ലഭ്യമല്ലാത്തതുമായ അങ്കണവാടികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ളതും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും പുറമ്പോക്ക് ഭൂമിയിൽ പ്രവർത്തിക്കുന്നതും ഭൂമിക്ക് പട്ടയം ലഭ്യമല്ലാത്തതുമായ അങ്കണവാടികളുടെ വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു.*

(സി) അപേക്ഷ നൽകിയിട്ടും പട്ടയം ലഭ്യമാകാത്ത അങ്കണവാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

അപേക്ഷ നൽകിയിട്ടും പട്ടയം ലഭ്യമാകാത്ത അങ്കണവാടികളുടെ വിശദാംശം അനുബന്ധം-3 ആയി ചേർക്കുന്നു.*

**കോഴിക്കോട് നോർത്ത് അസംബ്ലി മണ്ഡലത്തിൽ അമ്മത്തൊട്ടിൽ**

265 (2165) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ അമ്മത്തൊട്ടിൽ സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിന്റെ പരിധിയിൽ അമ്മത്തൊട്ടിൽ നിർമ്മിക്കുന്നതിന് സംസ്ഥാന ശിശുക്ഷേമ സമിതി, KSIE (Kerala State Industrial Enterprises)-യുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. നിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ പ്രത്യേക ഇടപെടൽ നടത്തുമോ?

കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ മേൽനോട്ടത്തിൽ അമ്മത്തൊട്ടിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ വനിതാ-ശിശു വികസന ഓഫീസർക്ക് വനിതാ ശിശു വികസന ഡയറക്ടർ മുഖേന നിർദ്ദേശം നൽകുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുന്നത്തുനാട് മണ്ഡലത്തിലെ അങ്കണവാടികൾ

266 (2166) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ എത്ര അങ്കണവാടികളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ 229 അങ്കണവാടികൾ പ്രവർത്തിക്കുന്നു. വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ കുന്നത്തുനാട് മണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികൾ നവീകരിച്ചുവെന്ന് വ്യക്തമാക്കുമോ; ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ കുന്നത്തുനാട് മണ്ഡലത്തിൽ 105 അങ്കണവാടികളുടെ നവീകരണം നടത്തിയിട്ടുണ്ട്. അങ്കണവാടികളുടെ വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു.*

(സി) കുന്നത്തുനാട് മണ്ഡലത്തിലെ മാതൃക അങ്കണവാടികളുടെ വിശദാംശം നൽകുമോ?

കുന്നത്തുനാട് മണ്ഡലത്തിലെ മാതൃക അങ്കണവാടികളുടെ വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.*

(ഡി) പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 21 അങ്കണവാടികൾ നിലവിലുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരം അനുബന്ധം-4 ആയി ചേർക്കുന്നു.*

## പാറശ്ശാല മണ്ഡലത്തിലെ സ്മാർട്ട് അങ്കണവാടികൾ

267 (2167) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിശുവികസന പരിപാടിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിലെത്ര അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളാക്കി ഉയർത്തിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

സമഗ്ര ശിശു വികസന പരിപാടിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കി ഉയർത്തുന്നതിന് വകുപ്പിൽനിന്നും അനുമതിയൊന്നും നൽകിയിട്ടില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സ്മാർട്ട് അങ്കണവാടികളിൽ കുട്ടികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ?

സ്മാർട്ട് അങ്കണവാടികളിലെത്തുന്ന കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് ആവശ്യമായ എല്ലാ ആധുനിക സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് സ്മാർട്ട് അങ്കണവാടി പ്ലാൻ രൂപകല്പന ചെയ്തിട്ടുള്ളത്. സ്മാർട്ട് അങ്കണവാടികളിൽ ക്ലാസ്സ് റൂം, ഔട്ട്ഡോർ പ്ലേ ഏരിയ, ഇൻഡോർ പ്ലേ ഏരിയ, കിച്ചൻ, ക്രിയേറ്റിവ് സോൺ, ഡൈനിംഗ് ഏരിയ, കുട്ടികൾക്കും മുതിർന്നവർക്കും പ്രത്യേകം വാഷ് റൂം തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(സി) സ്മാർട്ട് അങ്കണവാടിയായി ഉയർത്തുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുള്ള പ്രസ്തുത മണ്ഡലത്തിലെ അങ്കണവാടികൾ പൂർണ്ണ തോതിൽ സ്മാർട്ട് അങ്കണവാടികളായി പ്രവർത്തന സജ്ജമായിട്ടുണ്ടോ; ഇവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

സ്മാർട്ട് അങ്കണവാടിയായി ഉയർത്തുന്നതിന് പാറശ്ശാല മണ്ഡലത്തിൽ നിന്നും പ്രൊപ്പോസലൊന്നും ലഭ്യമായിട്ടില്ല.

(ഡി) മണ്ഡലത്തിലെ കൂടുതൽ അങ്കണവാടികൾ ഇപ്രകാരം ഉയർത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

മണ്ഡലത്തിലെ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കി നിശ്ചിത തുക LSGD വിഹിതമായി കണ്ടെത്തുന്ന പക്ഷം വകുപ്പ് വിഹിതംകൂടി ഉറപ്പാക്കി സർക്കാർ അനുമതിക്ക് വിധേയമായി കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പാറശ്ശാല മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര അങ്കണവാടികൾ ഉണ്ടെന്നുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

## കൂത്തുപറമ്പ് ജെൻഡർപാർക്ക് നിർമ്മാണം

268 (2168) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജെൻഡർപാർക്ക് വഴി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലിംഗ സമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനുംവേണ്ടി വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള ഒരു സർക്കാർ സംരംഭമാണ് ജെൻഡർ പാർക്ക്. ജെൻഡർ പാർക്കിൽ നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഷീ ടാക്സി (ഓഫ് കാമ്പസ് പദ്ധതി)

2. ഹെറിറ്റേജ് മ്യൂസിയം (രണ്ടാം ഘട്ടം)

3. ജെൻഡർ ലൈബ്രറി (രണ്ടാം ഘട്ടം)

ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി സർക്കാർ അനുമതി നൽകുകയും അവ പ്രാവർത്തികമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

1. ജെൻഡർ ഡേറ്റാ ഹബ്ബ് - യു.എൻ. വിമൺ സഹകരണത്തോടെ

2. ജെൻഡർ സൗഹൃദ നഗരാസൂത്രണം

3. വിമെൻ ഇൻ സസ്റ്റൈനബിൾ എന്റർപ്രണർഷിപ്പ് (WiSE)

4. ട്രാൻസ്ജെന്റർ വിഭാഗത്തിന്റെ ശാക്തീകരണം-സംവാദവും ആക്ഷൻ പ്ലാനും

5. അന്താരാഷ്ട്ര വനിതാ വ്യാപാര കേന്ദ്രം (iWTC)

6. ബിസിനസ്സ് ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ കോഴ്സ്

7. ഷീ ഇ-ഓട്ടോ (ഓഫ് കാമ്പസ് പദ്ധതി)

8. ഇന്റഗ്രേഷൻ പദ്ധതി (ഓഫ് കാമ്പസ് പദ്ധതി)

(ബി) കുത്തുപറമ്പ് മണ്ഡലത്തിലെ കുത്തുപറമ്പിൽ ജെൻഡർപാർക്ക് നിർമ്മാണത്തിനുവേണ്ടി സ്വീകരിച്ച നടപടിയും പുരോഗതിയും വിശദീകരിക്കാമോ?

നിലവിൽ കുത്തുപറമ്പിൽ ജെൻഡർ പാർക്ക് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(സി) ജെൻഡർപാർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ബാധകമല്ല.

## മണലൂർ മണ്ഡലത്തിലെ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചുകൊടുക്കൽ

269 (2169) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ നിലവിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികളുണ്ട്?

മണലൂർ മണ്ഡലത്തിൽ നിലവിൽ സ്വന്തമായി കെട്ടിടമില്ലാത്ത 47 അങ്കണവാടികളുണ്ട്.

(ബി) പ്രസ്തുത അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിച്ച് നൽകുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ?

(ബി&സി) പ്രസ്തുത അങ്കണവാടികളിൽ 9 അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം ലഭ്യമായിട്ടുണ്ട്. സ്ഥലം ലഭ്യമായ അങ്കണവാടികൾക്ക് വകുപ്പിന്റെ വിവിധ പദ്ധതികളിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിക്കുന്നതാണ്.

## ആലത്തൂർ മണ്ഡലത്തിൽ സ്മാർട്ട് അങ്കണവാടികൾ

270 (2170) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളായി ഉയർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം ഗ്രാമ പഞ്ചായത്തിലെ 11-ാം നമ്പർ അങ്കണവാടിക്ക് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ്

271 (2171) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് തുക എത്രയാണ് എന്ന് അറിയിക്കുമോ?

അനുബന്ധം കണ്ടാലും.*

(ബി) പുനലൂർ താലൂക്കിലെ വിവിധ പഞ്ചായത്തുകളിൽനിന്നും നിലവിലെത്ര കുട്ടികൾക്ക് എത്ര തുക വീതം ഈ ഇനത്തിൽ അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

വകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതി പ്രകാരം പുനലൂർ താലൂക്കിലെ അലയമൺ ഗ്രാമപഞ്ചായത്തിൽനിന്നും ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകന് 2020-21 വർഷത്തിൽ 5,000/- രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) പ്രസ്തുത തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

**റേഷനിംഗ് ഓർഡർ പരിഷ്കരണം**

272 (2172) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റേഷനിംഗ് ഓർഡർ പരിഷ്കരിച്ചുകൊണ്ട് ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളിന്മേൽ റീട്ടെയിൽ ഡീലേഴ്സ് അസോസിയേഷൻ ഏതെങ്കിലും തരത്തിലുള്ള പരാതികൾ ഉന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) കേരള റേഷനിംഗ് ഓർഡർ പരിഷ്കരിച്ച് 25-2-2021-ലെ എസ്.ആർ.ഒ.നമ്പർ252/2021 പ്രകാരം കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 പുറപ്പെടുവിച്ചിട്ടുണ്ട്. പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ റേഷൻ വ്യാപാരികളെയാകെ ബാധിക്കുന്ന പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ പുനഃപരിശോധിക്കുമോ?

റേഷൻ വ്യാപാരികളെ ദോഷകരമായി ബാധിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റേഷൻകടകൾ അനുവദിക്കുന്ന മുൻഗണന പട്ടികയിലെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെയിൽസ്മാന്റെ സ്ഥാനം ഉയർത്തുന്നത് സംബന്ധിച്ച് ഒരു പരാമർശം സബ്ജക്ട് കമ്മിറ്റി ഉന്നയിച്ചത് നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിക്കും.

**പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

273 (2173) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് ഇനം തിരിച്ച് വിശദീകരിക്കാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിലാണ് നടത്തിവരുന്നത്. ദേശീയ ഭക്ഷ്യഭദ്രതാനിയമം 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി നടപ്പാക്കിയ വാതിൽപ്പടി വിതരണം, ഇ-പോസ് സ്ഥാപിക്കൽ, റേഷൻകട നവീകരണം, റേഷൻകടകൾ വഴിയുള്ള ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 2016-2021 കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ സപ്ലൈകോയുടെ ഒറ്റശേഖരമംഗലം മാവേലി സ്റ്റോർ, മാരായമുട്ടം മാവേലി സ്റ്റോർ എന്നിവ സൂപ്പർ മാർക്കറ്റായി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; അവയുടെ പുരോഗതി അറിയിക്കാമോ?

2022-2027 പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ താലൂക്കിലും വകുപ്പിന്റെ ഉടമസ്ഥതയിലുള്ള എൻ.എഫ്.എസ്.എ. ഗോഡൗണുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ നിയമസഭാ നിയോജകമണ്ഡലങ്ങളിലും സുഭിക്ഷാ ഹോട്ടൽ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളായ പെരുങ്കടവിള, മൈലച്ചൽ, കീഴാറൂർ, തുടലി എന്നീ സ്ഥലങ്ങളിൽ പുതിയ സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. പുതിയ വിൽപ്പനശാലകൾ അനുവദിക്കുന്നത് സംബന്ധിച്ച് നിലവിലെ 22-02-2019-ലെ സ.ഉ. (സാധാ)നം.386/2019 ത.സ്വ.ഭ.വ. പ്രകാരമുള്ള 5 വർഷ വാടകരഹിത കെട്ടിടവും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കായി ഒരു ലക്ഷം രൂപയും അനുവദിച്ചുകിട്ടുന്നത് മുതലായ തീരുമാനങ്ങൾകൂടി കൈക്കൊണ്ട് ലഭ്യമാക്കുന്നതിനായി അതത് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. അനുപ്രകാരം അനുയോജ്യമായ കെട്ടിടം വാടക രഹിതമായി കണ്ടെത്തി ലഭ്യമാക്കിയാൽ വിൽപ്പന സാദ്ധ്യതകൂടി പരിശോധിച്ച് ജീവനക്കാരുടെ ലഭ്യതയുടെ കൂടി അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് കീഴിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു എന്ന വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | റേഷൻ കടകളുടെ എണ്ണം |
|---|---|
| ആര്യകോട് | 21 |
| ഒറ്റശേഖരമംഗലം | 12 |
| കള്ളിക്കാട് | 8 |
| അമ്പൂരി | 11 |
| പാറശ്ശാല | 32 |
| കുന്നത്തുകാൽ | 24 |
| കൊല്ലയിൽ | 14 |
| വെള്ളറട | 23 |
| പെരുങ്കടവിള | 17 |

പാറശ്ശാല നിയോജകമണ്ഡലത്തിന് കീഴിൽ സപ്ലൈകോയുടെ താഴെ പറയുന്ന 11 വിൽപ്പന കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ആയതിന്റെ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സപ്ലൈകോ വിൽപ്പനശാല കാറ്റഗറി | പഞ്ചായത്ത് |
|---|---|---|
| 1 | പാറശ്ശാല മാവേലി സ്റ്റോർ | പാറശ്ശാല |
| 2 | പാറശ്ശാല മെഡിക്കൽ സ്റ്റോർ | പാറശ്ശാല |
| 3 | കൊല്ലയിൽ മാവേലി സ്റ്റോർ | കൊല്ലയിൽ |
| 4 | കുറുവാട് മാവേലി സ്റ്റോർ | കുന്നത്തുകാൽ |
| 5 | കാരക്കോണം മാവേലി സ്റ്റോർ | കുന്നത്തുകാൽ |
| 6 | പൂഴനാട് മാവേലി സ്റ്റോർ | ഒറ്റശേഖരമംഗലം |
| 7 | കള്ളിക്കാട് മാവേലി സ്റ്റോർ | കള്ളിക്കാട് |
| 8 | അമ്പൂരി മാവേലി സ്റ്റോർ | അമ്പൂരി |
| 9 | വെള്ളറട മാവേലി സ്റ്റോർ | വെള്ളറട |
| 10 | മാരായമുട്ടം സൂപ്പർ മാർക്കറ്റ് | പെരുങ്കടവിള |
| 11 | ഒറ്റശേഖരമംഗലം സൂപ്പർ മാർക്കറ്റ് | ആര്യൻകോട് |

**റേഷൻ കാർഡുകൾ തരംതിരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ**

274 (2174) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകൾ തരംതിരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ എന്തെങ്കിലും ഗൈഡ്‌ലൈൻ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രാബല്യത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഗുണഭോക്താക്കളെ മുൻഗണനാ (എ.എ.വൈ. & പി.എച്ച്.എച്ച്.), മുൻഗണനേതര [NP(S), NP(NS) & NP(I)] എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധി 15480040 ആണ്. എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിനായി കേന്ദ്ര മാനദണ്ഡങ്ങളും പി.എച്ച്.എച്ച്. വിഭാഗത്തെ കണ്ടെത്തുന്നതിനായി സംസ്ഥാന മാനദണ്ഡങ്ങളും നിലവിലുണ്ട്. എ.എ.വൈ. പദ്ധതിയിൽ താഴെ പറയുന്ന മാനദണ്ഡപ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്.

1. സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യരോഗ ബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ.

2. എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും. ഇത് കൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, കാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടിവന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

18-9-2017-ലെ സ.ഉ(സാധാ)നമ്പർ320/17/ഭ.പൊ.വി.വ. പ്രകാരമുള്ള സംസ്ഥാന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പി.എച്ച്.എച്ച്. ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. മതിയായ ഒഴിവുകൾ ഇല്ലാത്തതിനാൽ എ.എ.വൈ./

പി.എച്ച്.എച്ച്. വിഭാഗത്തിൽപ്പെടുത്താൻ കഴിയാത്തവരും എന്നാൽ ഭക്ഷ്യ സബ്സിഡിക്ക് അർഹരുമായിട്ടുള്ള കുടുംബങ്ങളെ NP(S) (നീല കാർഡ്) എന്ന പ്രത്യേക വിഭാഗമായിക്കണ്ട് അവർക്ക് സംസ്ഥാന സബ്സിഡി ലഭ്യമാക്കുന്നു.

(ബി) നിലവിലെ റേഷൻകാർഡ് തരംതിരിവിലുള്ള (അർഹർ-അനർഹർ) പരാതികൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്ന അംഗങ്ങളുടെ പരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ അർഹരായ എല്ലാ കുടുംബങ്ങളേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ആയതിനാൽ അനർഹരായവരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അർഹരായവരെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്താനാകൂവെന്നത് പരിഗണിച്ച് അനർഹരെ ഒഴിവാക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടപ്പാക്കിവരുന്നു. ബന്ധപ്പെട്ട TSO/CRO-കളിൽ ലഭിക്കുന്ന അപേക്ഷകളിൽ അദാലത്ത് നടത്തി അർഹതയുള്ളവരെ സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെടുത്തി, അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകൾ നികത്തിവരുന്നു. അനധികൃതമായി മുൻഗണനാ കാർഡ് കൈവശം വച്ചിരിക്കുന്നവർക്കെതിരെ KTPDS (കൺട്രോൾ) ഓർഡർ, 2021 ഖണ്ഡിക 11 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അനർഹരെ കണ്ടെത്തുന്നതിനുള്ള താലൂക്ക് സപ്ലൈ ആഫീസർ/റേഷനിംഗ് ഇൻസ്പെക്ടർമാരുടെ പരിശോധന കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച വിവരങ്ങൾ വകുപ്പിനെ അറിയിക്കുന്നതിനായി 9495998223 എന്ന ഫോൺ നമ്പർ ഉപയോഗിക്കാവുന്നതാണ്. പരാതി നൽകുന്ന വ്യക്തികളെ കുറിച്ചുള്ള വിവരം രഹസ്യമായി സൂക്ഷിക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

## അഴീക്കോട് മണ്ഡലത്തിൽ എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡാക്കി മാറ്റുന്നതിന് ലഭിച്ച അപേക്ഷകൾ

275 (2175) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡാക്കി മാറ്റണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ എത്രയാണ്; അപേക്ഷകരുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

1030. പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് താഴെ പറയുന്നവയാണ്.

| ക്രമ നമ്പർ | പഞ്ചായത്ത് | അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1 | അഴീക്കോട് | 201 |
| 2 | വളപട്ടണം | 109 |
| 3 | ചിറക്കൽ | 182 |
| 4 | പള്ളിക്കുന്ന് | 129 |
| 5 | പാപ്പിനിശേരി | 154 |
| 6 | നാറാത്ത് | 127 |
| 7 | പുഴാതി | 128 |
| | ആകെ | 1030 |

(ബി) പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ലഭ്യമായ അപേക്ഷകളിന്മേൽ അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുപ്പതോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

**റേഷൻ കാർഡ് അനുവദിക്കാനുള്ള മാനദണ്ഡങ്ങളിൽ ഇളവ്**

276 (2176) ഡോ. കെ. ടി. ജലീൽ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും ദേശീയ ഭക്ഷ്യ ഭദ്രത നിയമത്തിൻകീഴിൽ കൊണ്ടുവരുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013, പ്രകാരം സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ 52.63 ശതമാനവും നഗരപ്രദേശങ്ങളിൽ 39.5 ശതമാനവും ജനങ്ങളെയാണ് മുൻഗണനാ വിഭാഗങ്ങളിൽ ഉൾപ്പെടുത്തേണ്ടതായുള്ളത്. അതനുസരിച്ച് സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി 15480040 അംഗങ്ങളാണ്. ഇപ്രകാരം അംഗങ്ങളുടെ പരിധി നിശ്ചയിച്ചതിനാൽ അർഹരായ എല്ലാ

കുടുംബങ്ങളേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർദ്ധിപ്പിച്ച് നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല നടപടി ഉണ്ടാകാത്തതിനാൽ വീണ്ടും കത്ത് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനർഹരായവരെ ഒഴിവാക്കുന്നമുറയ്ക്ക് മാത്രമേ അനുവദനീയമായ മുൻഗണനാ ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്താനാകൂ. അനർഹരെ ഒഴിവാക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടപ്പാക്കിവരുന്നു.

(ബി) നിരാലംബർ, ഭ്രരഹിതർ, തെരുവിൽ കഴിയുന്ന കുടുംബങ്ങൾ എന്നിവർക്കുകൂടി റേഷൻ കാർഡ് അനുവദിക്കുക എന്ന ഉദ്ദേശത്തോടെ നിലവിലുള്ള മാനദണ്ഡങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ആലോചിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഇത് എത്രയുംവേഗം നടപ്പിൽ വരുത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ബി & സി) നിരാലംബർ, ഭ്രരഹിതർ, തെരുവിൽ കഴിയുന്ന കുടുംബങ്ങൾ എന്നിവർക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ, RCMS-ൽ വീട്ടുനമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ " 00" എന്ന് രേഖപ്പെടുത്തി പുതിയ റേഷൻ കാർഡ് അനുവദിച്ചുവരുന്നു.

**എൻ.എഫ്.എസ്.എ. ഡിപ്പോകൾ**

277 (2177) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്ക് മുൻഗണനാ റേഷൻ കാർഡ് നൽകുവാൻ നടപടി സ്വീകരിക്കാമോ?

മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള നിലവിലെ മാനദണ്ഡം സംബന്ധിച്ച 18-09-2017-ലെ സ.ഉ.(സാധാ)നം.320/2017/ഭ.പൊ.വി.വ. പ്രകാരം പരമ്പരാഗത/അസംഘടിത തൊഴിലാളികളുടെ കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകുമ്പോൾ തോട്ടം തൊഴിലാളികൾക്ക് 10 മാർക്ക് വെയിറ്റേജായി നൽകിവരുന്നുണ്ട്.

(ബി) നിലവിൽ സപ്ലൈകോയുടെ കീഴിൽ പ്രവർത്തിക്കുന്ന എൻ.എഫ്.എസ്.എ. ഡിപ്പോകൾ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നതിന് പദ്ധതിയുണ്ടോ എന്ന് അറിയിക്കാമോ?

വാതിൽപ്പടി വിതരണം വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കുന്നതിന് പൊതുവിതരണ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ സബ്കമ്മിറ്റി രൂപീകരിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) എൻ.എഫ്.എസ്.എ.ഡിപ്പോകൾക്ക് വകുപ്പ് തലത്തിൽ സ്ഥലം കണ്ടെത്തി ഗോഡൗണുകൾ പണിയുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

2022-2027 പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ താലൂക്കിലും വകുപ്പിന്റെ ഉടമസ്ഥതയിൽ എൻ.എഫ്.എസ്.എ. ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വാടക വീടുകളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്**

278 (2178) ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. വി. അൻവർ:
ശ്രീമതി ഒ. എസ്. അംബിക :
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക വീടുകളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡിന് അപേക്ഷ നൽകുന്നതിന് നിലവിൽ എന്തെല്ലാം രേഖകൾ ആവശ്യമാണെന്ന് അറിയിക്കാമോ;

(ബി) കെട്ടിടം ഉടമയുടെ സമ്മതപത്രമോ വാടക കരാറോ നൽകാൻ കഴിയാത്തതിന്റെ പേരിൽ വാടക വീടുകളിൽ കഴിയുന്നവർക്ക് റേഷൻ കാർഡിന് അപേക്ഷ നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽപ്പെട്ട കുടുംബങ്ങൾക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ-സി) വാടക കെട്ടിടത്തിൽ താമസിക്കുന്നവർക്ക് വാടകച്ചീട്ടോ കെട്ടിട ഉടമയുടെ സമ്മതപത്രമോ ഇല്ലാതെ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിക്കുന്ന പക്ഷം ആധാർകാർഡ് പരിശോധിച്ച് മറ്റൊരു റേഷൻകാർഡിലും പേര് ഇല്ലെന്ന് ഉറപ്പുവരുത്തി പുതിയ റേഷൻകാർഡ് അനുവദിക്കുന്നതിന് 1-10-2021-ലെ സ.ഉ.(സാധാ)നം.389/2021/ ഭ.പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

**റേഷൻ കാർഡ് ലഭ്യത**

279 (2179) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങൾ, കന്യാസ്ത്രീമഠങ്ങൾ, വയോജനകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർക്ക് റേഷൻകാർഡ് ലഭ്യമാക്കുന്ന നടപടികളുടെ പ്രവർത്തനം ഏതുഘട്ടംവരെയായിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ & ബി) വെൽഫെയർ സ്കീമിൽ ഉൾപ്പെടാത്ത അനാഥാലയങ്ങൾ, കന്യാസ്ത്രീമഠങ്ങൾ, വയോജനകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് NP(I) (Non Priority Institution) വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുകൾ അനുവദിക്കുന്നതിന് 4-2-2021-ലെ സ.ഉ.(കൈ)നം. 6/2021/ഭ.പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

**മുൻഗണനാ റേഷൻകാർഡിൽനിന്നും ഒഴിവാക്കപ്പെടേണ്ടവരുടെ കണക്ക്**

280 (2180) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനർഹരായ എത്ര പേർ മുൻഗണനാ റേഷൻ കാർഡിൽനിന്നും സ്വമേധയാ ഒഴിഞ്ഞ് പോയിട്ടുണ്ടെന്ന് അറിയിക്കാമോ?

86213 പേർ കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്. (11587 എ.എ.വൈ. + 74626 പി.എച്ച്.എച്ച്.)

(ബി) ഇനിയും ഇത്തരത്തിൽ മുൻഗണനാ റേഷൻ കാർഡിൽനിന്നും ഒഴിവാക്കപ്പെടേണ്ട എത്ര പേർ ഉണ്ടെന്നുള്ള കൃത്യമായ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇനിയും മുൻഗണനാ വിഭാഗത്തിൽനിന്നും ഒഴിവാക്കപ്പെടേണ്ടവരുടെ വിവരം പരിശോധിച്ചുവരുന്നു. അനർഹരെ മുൻഗണനാപട്ടികയിൽനിന്നും ഒഴിവാക്കുന്നതും അർഹരായവരെ ഉൾപ്പെടുത്തുന്നതും ഒരു തുടർ പ്രക്രിയയാണ്.

**കോഴിക്കോട് ജില്ലയിലെ മുൻഗണനാ കാർഡുകൾക്കുള്ള അപേക്ഷകൾ**

281 (2181) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പുകൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

649

(ബി) നിലവിലെത്ര കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഇവരെ മുൻഗണന വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി & സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാപരിധി 15480040 ആണ്. ആയതിനാൽ അനർഹരെ കണ്ടെത്തിലഭ്യമാകുന്ന ഒഴിവുകളിൽ താലൂക്ക് അടിസ്ഥാനത്തിൽ ആനുപാതികമായി മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരായവരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. കാർഡിന്റെ തരം മാറ്റൽ നടപടി ഒരു തുടർപ്രക്രിയയാണ്. ഒഴിവുകളിലേക്ക് അർഹരായവരെ കണ്ടെത്തി കാർഡ് നൽകുന്ന നടപടി ത്വരിതഗതിയിൽ നടന്നുവരുന്നു.

### ബി.പി.എൽ. റേഷൻകാർഡ് പരിധിയിൽനിന്ന് ഒഴിവാക്കപ്പെട്ടവർ

282 (2182) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹർ കൈവശം വച്ചിരിക്കുന്ന മുൻഗണന റേഷൻ കാർഡുകൾ 2021 ജൂലൈ 15-നകം പൊതുവിഭാഗത്തിലേയ്ക്ക് മാറ്റണമെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ. റേഷൻകാർഡ് പരിധിയിൽനിന്ന് അനർഹരായ എത്ര കാർഡ് ഉടമകളെ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

86213 (11587 എ.എ.വൈ. + 74,626 പി.എച്ച്.എച്ച്.)

(ബി) തൃശ്ശൂർ ജില്ലയിൽ ബി.പി.എൽ. റേഷൻ കാർഡ് പരിധിയിൽനിന്ന് ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടവരുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ?

5090 പേരെ ഒഴിവാക്കിയിട്ടുണ്ട്.

### തൃശ്ശൂർ ജില്ലയിലെ ബി.പി.എൽ. പട്ടിക

283 (2183) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബി.പി.എൽ. പട്ടികയിൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്ന നടപടി നിലവിൽ നടന്നുവരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2015-നുശേഷം എത്ര കുടുംബങ്ങളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന വിവരം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അറിയിക്കുമോ;

(സി) 2009-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിദ്ധീകരിച്ച ബി.പി.എൽ. ലിസ്റ്റിൽനിന്നും സാമ്പത്തിക ഭദ്രത നേടിയവരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) 2013-ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയതിനുശേഷം ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടോ, നിലവിലുള്ള ബി.പി.എൽ. ലിസ്റ്റിൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തുന്നതുമായോ/ ഒഴിവാക്കുന്നതുമായോ ബന്ധപ്പെട്ടോ ഉള്ള നടപടികൾ ഒന്നുംതന്നെ തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം ഒരു ജില്ലയിലും ചെയ്യുന്നില്ല. എന്നാൽ, സർക്കാരിൽനിന്നുള്ള സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും, ചികിത്സാ സഹായം ഉൾപ്പെടെയുള്ള ആവശ്യത്തിനും നിലവിലെ അർഹതാ മാനദണ്ഡം പരിശോധിച്ച് അപേക്ഷകർക്ക് ബി.പി.എൽ. സർട്ടിഫിക്കറ്റ് നൽകുന്നതിന് അതത് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പൽ സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**റേഷൻ കാർഡ് മുൻഗണന പട്ടിക**

284 (2184) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് മുൻഗണനാ പട്ടികയിൽനിന്ന് അനർഹരാണെന്ന് കണ്ടെത്തി ഒഴിവാക്കപ്പെട്ടവർക്ക് പകരമായി അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, അദാലത്ത് നടത്തി, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുപ്പതോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. കേന്ദ്രം നിശ്ചയിച്ച പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി 15480040 ആയി നിജപ്പെടുത്തിയിട്ടുണ്ട്. അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുൻഗണനാ കാർഡ് സറണ്ടർ പദ്ധതി പ്രകാരം സറണ്ടർ ചെയ്ത കാർഡുകൾ ഉൾപ്പെടെ 130000 മുൻഗണനാ കാർഡുകൾ അർഹരെ കണ്ടെത്തിവിതരണം ചെയ്തുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമെത്ര അനർഹരെ ഒഴിവാക്കിയെന്നും എത്ര അർഹരെ ഉൾപ്പെടുത്തിയെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മുൻഗണനാ പട്ടികയിലെ കാർഡിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാരെ കണ്ടെത്തുന്നതിന് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

എല്ലാ സർക്കാർ ജീവനക്കാരും സ്വന്തം പേര് ഉൾപ്പെട്ട റേഷൻകാർഡ്, ബന്ധപ്പെട്ട ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ മുമ്പാകെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും അനർഹമായി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട കാർഡുകളുടെ നമ്പർ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**മുൻഗണനാ റേഷൻകാർഡ്**

285 (2185) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും അർഹതപ്പെട്ടവർക്ക് മുൻഗണന റേഷൻകാർഡ് ലഭിക്കാതെ പോകുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കേന്ദ്രസർക്കാർ നിശ്ചയിച്ചപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകളുടെ എണ്ണം 15480040 അംഗങ്ങളായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം അംഗങ്ങളുടെ പരിധി നിശ്ചയിച്ചതിനാൽ അർഹരായ എല്ലാ കുടുംബങ്ങളേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർദ്ധിപ്പിച്ച് നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല നടപടി ഉണ്ടാകാത്തതിനാൽ വീണ്ടും കത്തുനൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനർഹരായവരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അർഹരായവരെ ഉൾപ്പെടുത്താനാകൂ. അനർഹരെ ഒഴിവാക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടപ്പാക്കി അർഹരെ ഉൾപ്പെടുത്തിവരുന്നു.

(ബി) ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകുമ്പോൾ ഏറ്റവും കൂടുതൽ അർഹതപ്പെട്ടവർക്ക് ആദ്യം റേഷൻകാർഡ് കൊടുക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഏറ്റവും പാവപ്പെട്ടവർക്ക് ആദ്യം എന്ന തരത്തിൽ സുതാര്യമായി മുൻഗണനാ റേഷൻകാർഡ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മുൻഗണനാ കാർഡിനായി താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, അദാലത്ത് നടത്തി ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുപ്പതോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി താലൂക്ക് തലത്തിൽ ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

## എ.എ.വൈ. വിഭാഗത്തിൽനിന്ന് അനർഹരെ ഒഴിവാക്കുന്നതിന് നടപടി

286 (2186) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ.എ.വൈ. വിഭാഗത്തിൽനിന്ന് അനർഹരെന്ന് കണ്ടെത്തി ആളുകളെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് പകരമായി അർഹരായ പുതിയ അപേക്ഷകരെ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. സർക്കാരിന്റെ അഭ്യർത്ഥനപ്രകാരം സറണ്ടർ ചെയ്ത 11587 കാർഡുകൾ ഉൾപ്പെടെ 12596 എ.എ.വൈ. കാർഡുകളുടെ ഒഴിവിലേക്ക് അർഹരായ കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പെരുമൺപുറയിൽ പുതിയ റേഷൻകട

287 (2187) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ പെരുമൺപുറ പ്രദേശത്ത് പുതിയ റേഷൻകട അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പിന്റെ ഭ.പൊ.വി.വ. -ബി2/55/2021 നമ്പർ ഫയലിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രദേശത്തെ ജനങ്ങൾ ദീർഘകാലമായി അനുഭവിച്ചുവരുന്ന പ്രയാസം പരിഗണിച്ച് പുതിയ റേഷൻകട അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ?

(എ-സി) കോഴിക്കോട് താലൂക്കിൽ പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ പെരുമൺപുറ പ്രദേശത്ത് പുതിയ റേഷൻകട അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിതരണ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ ഭ.പൊ.വി.വ-ബി2/55/2021 നമ്പർ ഫയൽ പരിശോധിച്ചുവരുന്നു. പൊതുവിതരണ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## കൊല്ലം താലൂക്കിലെ അംഗീകൃത ലൈസൻസികളില്ലാത്ത റേഷൻ ഡിപ്പോകൾ

288 (2188) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിലുള്ള ചാത്തന്നൂർ, പരവൂർ എന്നീ ഫർക്കകളിൽ അംഗീകൃത ലൈസൻസികളോ നിയമപരമായ

അവകാശികളോ ഇല്ലാതെ മറ്റ് എ.ആർ.ഡി.-കളിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകളുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റേഷൻ ഡിപ്പോകളുടെ നമ്പർ സഹിതമുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്.

| ഫർക്ക | എ.ആർ.ഡി.നം. |
|---|---|
| പരവൂർ | 231, 236, 238, 246 |
| ചാത്തന്നൂർ | 276, 281, 287, 300 |

(ബി) അംഗീകൃത ലൈസൻസികളോ നിയമപരമായ അവകാശികളോ ഇല്ലാത്ത റേഷൻ ഡിപ്പോകൾക്ക് പുതിയ ലൈസൻസികളെ നിയമിക്കുന്നതിന് പൊതുവിതരണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

KTPDS (Control) Order, 2021 നിലവിൽവന്ന സാഹചര്യത്തിൽ സ്ഥിരമായി റദ്ദ് ചെയ്തതും നടപടികൾ പൂർത്തീകരിച്ചതിനുശേഷം അറ്റാച്ച് ചെയ്തതുമായ കടകളുടെ സ്ഥിരം ലൈസൻസി നിയമനത്തിനായി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൊതുവിതരണ ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(സി) കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിൽ അംഗീകൃത ലൈസൻസികളില്ലാതെ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾക്ക് പുതിയ ലൈസൻസികളെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് പൊതുജനങ്ങൾ ജനപ്രതിനിധി മുഖേന നൽകിയ നിവേദനത്തിന്മേൽ (ഫയൽ നം.ബി2/ 42/2020 തീയതി 13-03-2020, ബി2/4375118/2020 തീയതി, 15-7-2020) സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിലുള്ള എ.ആർ.ഡി. 239-ന് സ്ഥിരം ലൈസൻസിയെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 01-03-2021-ലെ ബി2/42/2020/ ഭ.പൊ.വി.വ. നമ്പർ കത്ത് പ്രകാരം പൊതുവിതരണ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം താലൂക്കിൽപ്പെട്ട എ.ആർ.ഡി. 246-ന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട 4375118/ബി2/2020/ഭ.പൊ.വി.വ. നമ്പർ കത്ത് പ്രകാരം പൊതുവിതരണ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഇരിക്കൂർ മണ്ഡലത്തിൽ മൊബൈൽ റേഷൻ കടകൾ**

289 (2189) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിക്കൂർ മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളിൽ മൊബൈൽ റേഷൻകടകൾ വഴി റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്ത് റേഷൻ വിഹിതം കൈപ്പറ്റാൻ കഴിയാത്ത ഗോത്രവർഗ്ഗ മേഖലകൾ കണ്ടെത്തി ഭക്ഷ്യധാന്യങ്ങൾ എത്തിച്ചുനൽകുന്നുണ്ട്. ഇരിക്കൂർ മണ്ഡലത്തിൽ വാഹന സൗകര്യം തീരെ കുറവായ പട്ടികവർഗ്ഗ മേഖലകളിൽ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതിയിൽ ഉൾപ്പെടുത്തി റേഷൻ സാധനങ്ങളുടെ വിതരണം ഓണക്കാലത്ത് നടത്തിയിരുന്നു.

**ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ ഷോപ്പുകൾ**

290 (2190) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ ഷോപ്പുകൾ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മാട്ടുമ്മൽ, പുന്ന എന്നീ പ്രദേശങ്ങളിൽ രണ്ട് പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള ശിപാർശകൾ ജില്ലാ സപ്ലൈ ഓഫീസർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ശിപാർശകൾ അംഗീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മുൻഗണനാ കാർഡുകളാക്കി മാറ്റുന്നതിന് ഗുരുവായൂർ നിയോജകമണ്ഡലത്തിലെത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്രപേർക്ക് മുൻഗണനാ കാർഡ് അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

ലഭ്യമായ 1658 അപേക്ഷകളിൽ 1191 പേർക്ക് മുൻഗണനാ കാർഡുകൾ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 467 അപേക്ഷകൾ പരിശോധിച്ചുവരുന്നു.

**റേഷൻ വിതരണം**

291 (2191) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ വിതരണം സുതാര്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013, 1-11-2016 മുതൽ സംസ്ഥാനത്ത് നടപ്പിൽവന്നതോടുകൂടി പൊതുവിതരണ രംഗം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിന് സാധിക്കും. കൂടാതെ പ്രതിമാസ ധാന്യവിഹിതം സംബന്ധിക്കുന്ന അറിയിപ്പുകൾ എസ്.എം.എസ്. സംവിധാനത്തിലൂടെയും പൊതുജനങ്ങളെ അറിയിക്കുന്നു. റേഷൻ കാർഡിലെ എല്ലാ അംഗങ്ങളുടെയും ആധാർ അധിഷ്ഠിത ബയോമെട്രിക് വിവരങ്ങൾ ഇ-പോസിൽ ലിങ്ക് ചെയ്യുന്നതിലൂടെ യഥാർത്ഥ ഉപഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള ഉദ്യോഗസ്ഥർ പരിശോധനകളും നടത്തിവരുന്നുണ്ട്.

**സൗജന്യമായി കിറ്റ് വിതരണം ചെയ്ത വകയിൽ ചെലവഴിച്ച തുക**

292 (2192) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമായി ബന്ധപ്പെട്ട് സംസ്ഥാനത്താകെ റേഷൻ കടകൾ വഴി നാളിതുവരെ സൗജന്യമായി വിതരണം ചെയ്ത കിറ്റുകളുടെ എണ്ണം എത്ര?

കോവിഡ് 19 വ്യാപനവുമായി ബന്ധപ്പെട്ട് വിവിധ മാസങ്ങളിലായി സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കുമായി റേഷൻ കടകൾ വഴി നാളിതുവരെ 109877132 കിറ്റുകൾ വിതരണം ചെയ്യുകയുണ്ടായി.

(ബി) ഇപ്രകാരം അഗതി, അനാഥ, വൃദ്ധജനമന്ദിരങ്ങളിൽ നേരിട്ട് വിതരണം ചെയ്ത കിറ്റുകളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

ഇപ്രകാരം വിവിധ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് 89741 കിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.

(സി) ആയതിലേയ്ക്കായി നാളിതുവരെ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് നാളിതുവരെ 5,538.48 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

(ഡി) സാധനങ്ങൾ കിറ്റിൽ പായ്ക്ക് ചെയ്യാൻ ചെലവഴിച്ച തുക, പായ്ക്ക് ചെയ്ത സാധനങ്ങൾ സഞ്ചിയിൽ നിറയ്ക്കുന്നതിന് ചെലവഴിച്ച തുക, കിറ്റ് നൽകുന്ന സഞ്ചിക്ക് ചെലവഴിച്ച തുക, റേഷൻ കടകളിൽ ഇവ എത്തിച്ചുനൽകാനുള്ള

യാത്രാചെലവിന് ചെലഴിച്ച തുക, കയറ്റിറക്ക് ഇനത്തിൽ ചെലവഴിച്ച തുക എന്നിവ ഓരോന്നിനും എത്രകോടി രൂപ വീതമാണെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ?

കിറ്റിലുൾപ്പെട്ട ഇനങ്ങളിൽ ചാക്കുകളിൽ ലഭ്യമാകുന്നതും പായ്ക്ക് ചെയ്യേണ്ടിവരുന്നതുമായ ഇനങ്ങൾ പായ്ക്ക് ചെയ്ത് കിറ്റിലാക്കുന്നതിന് താഴെപ്പറയും പ്രകാരം പാക്കിംഗ് ചാർജ്ജ് അനുവദിച്ചിട്ടുണ്ട്.

ചാക്കുകളിൽ ലഭ്യമാകുന്ന ഇനങ്ങൾ നിർദ്ദിഷ്ട അളവിൽ തൂക്കി പായ്ക്ക് ചെയ്യുന്നതിന് (പാക്കറ്റ് ഒന്നിന്) 31-3-2021 വരെ 1.40 രൂപ, 1-4-2021 മുതൽ 1.65 രൂപ, കിറ്റിൽ ഉൾപ്പെട്ട എല്ലാ ഇനങ്ങളും കിറ്റിലാക്കി സീൽ ചെയ്യുന്നതിന് 2.00 രൂപ, ഇപ്രകാരം ഓരോ കിറ്റിലും ഉൾപ്പെട്ട ചാക്കുകളിൽ ലഭിച്ച പഞ്ചസാര, തുവരപ്പരിപ്പ്, ഉഴുന്ന്, കടല, ഉണക്കലരി മുതലായ ഇനങ്ങൾ പായ്ക്ക് ചെയ്തതിന് മേൽ നിരക്കിൽ തൊഴിലാളികൾക്ക് പായ്ക്കിംഗ് ചാർജ്ജ് അനുവദിച്ചിട്ടുണ്ട്. കൂടാതെ കിറ്റ് വിതരണത്തിനായി ഏറ്റെടുത്ത ഗോഡൗണുകളുടെ വാടക, കയറ്റിറക്കുകൂലി, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, ദിവസവേതന തൊഴിലാളികൾക്കുള്ള കൂലി എന്നിവയ്ക്കായി കിറ്റിൽ ഉൾപ്പെട്ട ഇനങ്ങളുടെ വിലയുടെ 10 ശതമാനം എസ്റ്റാബ്ലിഷ്മെന്റ് ചെലവായി പ്രൊവിഷണലായി കണക്കാക്കിയിട്ടുണ്ട്. ഇനം തിരിച്ചുള്ള ചെലവുകൾ ആഡിറ്റ് പൂർത്തിയായതിനുശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ. കിറ്റ് നൽകുന്ന തുണിസഞ്ചി ടെണ്ടർ മുഖേനയും കുടുംബശ്രീ മുഖേനയുമാണ് സപ്ലൈകോ വാങ്ങിയത്. തുണി സഞ്ചിയുടെ വില സഞ്ചിയൊന്നിന് 12 രൂപ നിരക്കിലാണ് കണക്കാക്കിയിട്ടുള്ളത്. ഇത്തരത്തിൽ ആവശ്യമായ തുണിസഞ്ചിക്ക് ഏകദേശം 132 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. കൃത്യമായ കണക്ക് ആഡിറ്റ് പൂർത്തിയായതിനുശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ.

(ഇ) ഇതുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ നാളിതുവരെ നൽകിയ തുക എത്രയാണ്; ഇനി നൽകാനുള്ള തുക എത്രയാണ്; വ്യക്തമാക്കാമോ?

കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സൗജന്യമായി ഭക്ഷ്യക്കിറ്റ് വിതരണം ചെയ്ത വകയിൽ 2020 ഏപ്രിൽ, മേയ് മാസം വിതരണം ചെയ്ത 8448016 അതിജീവനകിറ്റുകൾക്ക് കിറ്റ് ഒന്നിന് 7 രൂപ നിരക്കിൽ 5,91,36,112 രൂപ 5-8-20-നും, 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത 9378536 കിറ്റുകൾക്ക് കിറ്റ് ഒന്നിന് 5 രൂപ നിരക്കിൽ 4,68,92,680 രൂപ 26-2-2021-നും റേഷൻ വ്യാപാരികൾക്ക് കൈകാര്യച്ചെലവ് അനുവദിച്ച് നൽകിയിരുന്നു.

2020 ഒക്ടോബർ മാസം മുതൽ വിതരണം ചെയ്ത കിറ്റുകൾക്ക് കൈകാര്യച്ചെലവ് അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(എഫ്) ഇത്തരത്തിൽ റേഷൻകടകൾ വഴിയുള്ള സൗജന്യ കിറ്റ് വിതരണം തുടർന്നും നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

**പട്ടികവർഗ്ഗ ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകട**

293 (2193) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വളരെദൂരം യാത്ര ചെയ്യേണ്ടിവരുന്ന പട്ടികവർഗ്ഗ ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകട എന്ന പദ്ധതിയിൽ 2020-21 കാലയളവിൽ എത്രപേർക്ക് ഓണക്കിറ്റും പ്രതിമാസ ഭക്ഷ്യധാന്യവിഹിതവും നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ?

2190 കുടുംബങ്ങൾക്ക് പ്രതിമാസ ഭക്ഷ്യധാന്യ വിഹിതവും ഓണക്കിറ്റും എത്തിച്ചുനൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | താലൂക്ക് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | കാട്ടാക്കട | 258 |
| പത്തനംതിട്ട | റാന്നി, കോന്നി | 524 |
| ഇടുക്കി | തൊടുപുഴ | 197 |
| എറണാകുളം | കോതമംഗലം | 296 |
| തൃശ്ശൂർ | ചാലക്കുടി | 443 |
| പാലക്കാട് | മണ്ണാർക്കാട് | 196 |
| മലപ്പുറം | നിലമ്പൂർ | 214 |
| വയനാട് | മാനന്തവാടി, വൈത്തിരി | 62 |

**ഭക്ഷ്യക്കിറ്റ് വിതരണം**

294 (2194) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യക്കിറ്റ് വിതരണം നടത്തുകയുണ്ടായോ; വിശദാംശം നൽകുമോ?

കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി അതിജീവനക്കിറ്റ് (ഏപ്രിൽ-മേയ് 2020), കോവിഡ്കാല ഓണക്കിറ്റ് 2020, 2020 സെപ്റ്റംബർ മാസം മുതൽ

2021 ജൂൺ മാസം വരെ സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും കോവിഡ് തുടർസമാശ്വാസക്കിറ്റ് എന്നിവ പൊതുജനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. 2021 ഓഗസ്റ്റ് മാസത്തിൽ സൗജന്യ ഓണക്കിറ്റും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കോവിഡ് 19 വ്യാപനവുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ട തീരദേശ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്തെ വിവിധ ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് സാമൂഹ്യനീതി വകുപ്പ് നൽകുന്ന ലിസ്റ്റ് പ്രകാരവും സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി എത്ര തവണ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുകയുണ്ടായെന്ന് അറിയിക്കുമോ?

സംസ്ഥാനമൊട്ടാകെയുള്ള റേഷൻ കടകളിലൂടെ എല്ലാ വിഭാഗം കാർഡുടമകൾക്കും 13 തവണ സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഓരോ തവണയും ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയിരുന്ന വിഭവങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ഡി) ഓരോ തവണയും ഒരു കിറ്റിനായി ചെലവഴിച്ച തുക എത്രയാണ്; വ്യക്തമാക്കുമോ?

അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

(ഇ) ഭക്ഷ്യക്കിറ്റിന്റെ വിതരണത്തിനായി ഡീലർമാർക്ക് അനുവദിച്ച കമ്മീഷൻ എത്രയാണ്; വ്യക്തമാക്കുമോ?

സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്ത വകയിൽ 2020 ഏപ്രിൽ, മേയ് മാസം വിതരണം ചെയ്ത 8448016 അതിജീവനകിറ്റുകൾക്ക് കിറ്റ് ഒന്നിന് 7 രൂപ നിരക്കിൽ 5,91,36,112 രൂപ 5-8-2020-നും, 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത 9378536 കിറ്റുകൾക്ക് കിറ്റ് ഒന്നിന് 5 രൂപ നിരക്കിൽ 4,68,92,680 രൂപ 26-2-2021-നും റേഷൻ വ്യാപാരികൾക്ക് അനുവദിച്ച് നൽകിയിരുന്നു.

(എഫ്) സംസ്ഥാനത്ത് ആകെ ഭക്ഷ്യക്കിറ്റ് വിതരണത്തിനായി ചെലവഴിച്ച തുകയെത്ര; വിശദാംശം നൽകുമോ?

കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് നാളിതുവരെ 5,538.48 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടാമ്പിയിൽ സിവിൽ സപ്ലൈസ് ഗോഡൗൺ

295 (2195) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ സിവിൽ സപ്ലൈസ് ഗോഡൗൺ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) ഗോഡൗൺ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

(എ & ബി) ഉണ്ട്. താല്പര്യപത്രം പ്രകാരം പട്ടാമ്പി താലൂക്കിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് ലഭിച്ച മൂന്ന് അപേക്ഷകളിൽ ശ്രീ. അലി മുഹമ്മദ് എന്ന വ്യക്തിയുടെ അപേക്ഷ അനുയോജ്യമാണെന്ന് കണ്ടതിനാൽ ടിയാൻ സമർപ്പിച്ച ഗോഡൗണിന്റെ പ്ലാൻ സപ്ലൈകോ സീനിയർ എഞ്ചിനീയർ പരിശോധിച്ചുവരുന്നു.

## ഭക്ഷ്യധാന്യ വിതരണത്തിലെ ക്രമക്കേട് തടയാൻ നടപടി

296 (2196) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഗോഡൗണുകളിലേയ്ക്ക് അരിയും ഗോതമ്പും കടത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാനെന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂരിലെ ഇരിട്ടി താലൂക്കിൽ ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ക്രമക്കേട് നടത്തിയ റേഷൻകടയുടെ ലൈസൻസ് താൽക്കാലികമായി സസ്പെൻഡ് ചെയ്തു. വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ നാലാം മൈൽ കാട്ടിച്ചിറ എന്ന സ്ഥലത്ത് ARD-35 ലൈസൻസിയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വീട്ടിൽനിന്നും അരി പിടിച്ചെടുത്തതിനെ തുടർന്ന് ARD-35-ന്റെ ലൈസൻസ് സ്ഥിരമായി റദ്ദ് ചെയ്യുകയും ടി സംഭവത്തിൽ പങ്കാളിയാണെന്ന് കണ്ടെത്തിയ ARD-40-ന്റെ കട നടത്തിപ്പിനുള്ള അധികാരം സസ്പെൻഡ് ചെയ്യുകയും ചെയ്തു. ഇവർക്കെതിരെ നിയമ നടപടികളും, വകുപ്പിലെ രണ്ട് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) പാവപ്പെട്ടവർക്ക് റേഷൻകട വഴി വിതരണം ചെയ്യേണ്ട സാധനങ്ങൾ കരിഞ്ചന്തയിൽ എത്തിക്കുന്ന റാക്കറ്റ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സപ്ലൈകോ ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടന്ന് നശിക്കുന്ന പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ടെത്തുവാൻ ഏതുതരത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗണുകൾ തെരഞ്ഞെടുക്കുമ്പോൾ ശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള ഗോഡൗണുകൾ ഏറ്റെടുക്കണമെന്ന നിർദ്ദേശം സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഗോഡൗണുകളിൽനിന്നും വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങൾ FIFO (ഫസ്റ്റ് ഇൻ ഫസ്റ്റ് ഔട്ട്) പാലിച്ചുവേണം വിതരണം നടത്തേണ്ടതെന്ന കർശന നിർദ്ദേശവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. FIFO പാലിക്കാതെ ഭക്ഷ്യധാന്യങ്ങൾ കേടായാൽ അതിന്റെ ഇക്കണോമിക് കോസ്റ്റ് ബന്ധപ്പെട്ട ജീവനക്കാരിൽനിന്നും ഈടാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

**റേഷൻ വ്യാപാരികൾക്ക് ധനസഹായം**

297 (2197) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് കാലഘട്ടത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം അറുപത് റേഷൻവ്യാപാരികൾ മരിക്കാനിടയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ കുടുംബാംഗങ്ങൾക്ക് ആശ്വാസം നൽകുവാൻ നടപടി സ്വീകരിക്കുമോ?

കോവിഡ് കാലയളവിൽ സാമ്പത്തിക പ്രതിസന്ധിമൂലം റേഷൻവ്യാപാരികൾ മരണപ്പെട്ടതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സപ്ലൈകോ ഒ.എം.എസ്. ബില്ലിംഗ് സോഫ്റ്റ്‌വെയറിന്റെ പരിഷ്കാരപിഴവ്**

298 (2198) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ മാവേലിസ്റ്റോർ തുടങ്ങിയ ഔട്ട്‌ലെറ്റുകളിൽ ഉപയോഗിച്ചുവരുന്ന ഒ.എം.എസ്. എന്ന ബില്ലിംഗ് സോഫ്റ്റ്‌വെയറിന്റെ പരിഷ്കാരപിഴവ് കാരണം 2015 ഡിസംബർ 31 വരെ ഒരേ റേഷൻ കാർഡിന് അതേമാസം ഒന്നിൽ കൂടുതൽ തവണ അധിക സബ്സിഡി നൽകിയതുവഴി

ആഡിറ്റ് റിപ്പോർട്ട് പ്രകാരം ഈയിനത്തിലെത്ര രൂപ കോർപ്പറേഷന് നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സബ്സിഡി ആഡിറ്റുമായി ബന്ധപ്പെട്ട് 7,26,86,813.96 രൂപ നഷ്ടം സംഭവിച്ചതായി കണക്കാക്കുന്നു.

(ബി) ഇതിൻപ്രകാരം സാധനങ്ങളുടെ വിലയായും പിഴയായും എത്ര ലക്ഷം രൂപ ബന്ധപ്പെട്ട ജീവനക്കാരിൽനിന്ന് ഈടാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

സാധനങ്ങളുടെ വിലയായും പിഴയായും 56,26,772.52 രൂപ ബന്ധപ്പെട്ട ജീവനക്കാരിൽനിന്ന് ഈടാക്കിയിട്ടുണ്ട്.

(സി) 2015 ഡിസംബറിൽ പരിഷ്കരിച്ച സോഫ്റ്റ്‌വെയർ ഉപയോഗിച്ച് 2014 ഏപ്രിൽ മുതലുള്ള തുക കണക്കാക്കി ജീവനക്കാരിൽനിന്ന് തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സബ്സിഡി അധിക വിൽപ്പനയുമായി ബന്ധപ്പെട്ട് 2014 ഏപ്രിൽ മുതൽ ബാദ്ധ്യത തുക ജീവനക്കാരിൽനിന്നും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സോഫ്റ്റ്‌വെയറിന്റെ യഥാസമയത്തിലുള്ള പരിഷ്കരണത്തിന്റെ പിഴവ് കാരണം ജീവനക്കാർക്ക് ബാദ്ധ്യത നിശ്ചയിച്ചുനൽകിയ ഈ നടപടിക്കെതിരെ സപ്ലൈകോയ്ക്കെതിരായി കോടതിയിൽനിന്ന് എന്തെങ്കിലും വിധിന്യായം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉണ്ട്. KCSOA ഭാരവാഹികൾ ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ച WP(C)9372/21 നമ്പർ നിവേദനം പരിഗണിച്ച് പെറ്റീഷണേഴ്സിന്റെ അംഗീകൃത പ്രതിനിധിയെ നേരിൽ കേട്ട ശേഷം നിവേദനത്തിൻമേൽ ഒരു മാസത്തിനകം തീരുമാനമെടുക്കുവാനും അതുവരെയും ഇവർക്ക് നൽകിയ നോട്ടീസിന്മേലുള്ള റിക്കവറി നടത്തരുതെന്നും 2-9-2021-ൽ ബഹുമാനപ്പെട്ട കോടതി ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി ആളുകളുമായി 6-10-2021-ന് നേർക്കാഴ്ച നടത്തിയിട്ടുണ്ട്.

(ഇ) നിലവിൽ അധിക സബ്സിഡിയായി ഏതെങ്കിലും ഔട്ട്‌ലെറ്റുകളിൽ നൽകുന്നത് കണ്ടെത്തി ബിൽ ചെയ്യാൻ കഴിയാത്തവിധത്തിലുള്ള സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ടോ?

നിലവിൽ അധിക സബ്സിഡി ഔട്ട്‌ലെറ്റുകളിൽ നൽകുന്നത് കണ്ടെത്തി ബിൽ ചെയ്യാൻ കഴിയാത്ത വിധത്തിലുള്ള ഓൺലൈൻ സബ്സിഡി പോർട്ടൽ സപ്ലൈകോയിൽ നടപ്പിലാക്കിയിട്ടുണ്ട്.

(എഫ്) എത്ര ജീവനക്കാരാണ് സോഫ്റ്റ്‌വെയറിന്റെ പരിഷ്കാരപിഴവുമൂലം ഇനി തുക അടയ്ക്കാനുള്ളതെന്ന് വിശദമാക്കാമോ?

സബ്സിഡി ആഡിറ്റുമായി ബന്ധപ്പെട്ട ബാദ്ധ്യതാ തുക, 2377 ജീവനക്കാർ അടയ്ക്കുവാനുണ്ട്.

**പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി**

299 (2199) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

രാജ്യത്തിനുതന്നെ മാതൃകയാവുന്ന വിധത്തിൽ നമ്മുടെ സംസ്ഥാനത്തെ പൊതുവിതരണ രംഗം കാര്യക്ഷമവും സുതാര്യവുമാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ കൂടുതൽ മുന്നോട്ടുകൊണ്ടുപോവുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ആദിവാസി മേഖലകളിലെ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി ഈ സർക്കാർ തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽക്കൂടി നടപ്പിലാക്കി. "വിശപ്പുരഹിത കേരളം" പദ്ധതിയുടെ ഭാഗമായി സുഭിക്ഷ ഹോട്ടൽ തിരുവനന്തപുരത്തുകൂടി ആരംഭിച്ചു. പൊതുവിതരണ ശൃംഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തി. താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിൻമേൽ സമയബന്ധിതമായി നടപടികൾ ഉണ്ടാകണമെന്ന് കർശന നിർദ്ദേശം നൽകി. പൊതുവിതരണ വകുപ്പിന്റെ 5 മേഖലകൾ തിരിച്ച് സ്ക്വാഡുകൾ രൂപീകരിച്ച് ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ കടകൾ പരിശോധിക്കുന്നു എന്നുറപ്പുവരുത്താൻ മൊബൈൽ ആപ്പ് സംവിധാനം ഏർപ്പെടുത്തി. കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനും എല്ലാ ഗോഡൗണുകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 2022-2027 പദ്ധതി കാലയളവിൽ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ NFSA ഗോഡൗണുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. ശാസ്ത്രീയ മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും ഇവ നിർമ്മിക്കുക. റേഷൻ കടകളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. നിലവിൽ നൽകിവരുന്ന റേഷൻ സാധനങ്ങൾക്കുപുറമേ ചില പലവ്യഞ്ജനസാധനങ്ങളും റേഷൻ കടകളിലൂടെ വിതരണം ചെയ്യാനും സർക്കാർ ആലോചിക്കുന്നു.

(ബി) കമ്പോളത്തിൽ ഇടപെട്ട് വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ?

1. ഇ-ടെണ്ടർ/ഇ-ഓക്ഷൻ എന്നീ രീതികൾ മുഖേന വാങ്ങൽ നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും കൂടുതൽ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ വിപണിയിൽ എത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

2. കേന്ദ്ര ഗവൺമെന്റിന്റെ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം, നാഫെഡിൽനിന്ന് ചെറുപയർ, തുവരപ്പരിപ്പ്, കടല, ഉഴുന്ന് തുടങ്ങിയ അവശ്യ ഭക്ഷ്യസാധനങ്ങൾ മിതമായ നിരക്കിൽ സംഭരിച്ച് ഉപഭോക്താക്കൾക്ക് എത്തിക്കുന്നു. കൂടാതെ, നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യവും വിലക്കുതിപ്പും ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഉല്പാദന കേന്ദ്രങ്ങളിൽനിന്നും നേരിട്ട് സാധനങ്ങൾ സംഭരിച്ച് വിപണിയിലെത്തിക്കുന്നു. സവാളയുടെ വില വർദ്ധിച്ച അവസരത്തിൽ നാഫെഡ് മുഖേനയും കേന്ദ്രീയഭണ്ഡാരത്തിൽ നിന്നുമായി സവാള സംഭരിച്ച് മിതമായ വിലയിൽ വിപണിയിൽ എത്തിച്ചിരുന്നു.

3. പൊതു വിപണിയിലേതിനെക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ 13 ഇനം സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. 2016 ഏപ്രിൽ മാസത്തിനുശേഷം സബ്സിഡി വില്പന വിലകൾ വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡിയിൽ വിൽക്കുന്ന ഉല്പന്നങ്ങൾ ഉൾപ്പെടെ 39 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉല്പന്നങ്ങൾ ശബരി ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG (Fast Moving Consumer Goods) ഉല്പന്നങ്ങളും MRP-യേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

4. സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഗുണഭോക്താവിനുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് 2018 ഓഗസ്റ്റ് മാസം മുതൽ, റേഷൻ കാർഡ് ഡാറ്റാ ബേസ് അധിഷ്ഠിത വെബ് പോർട്ടൽ സംവിധാനം ഉപയോഗപ്പെടുത്തുവാൻ ആരംഭിച്ചതിലൂടെ സബ്സിഡി ദുരുപയോഗം പൂർണ്ണമായും തടയുന്നതിന് സാധിച്ചു.

5. 2016 മേയ് മാസത്തിൽ 1528 വില്പനശാലകൾ ഉണ്ടായിരുന്നത് ഇന്ന് 1617 ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിനുപുറമെ, നിലവിലുള്ളവ നവീകരിക്കുന്നതിനും ഉപഭോക്തൃ സൗഹൃദങ്ങളാക്കുന്നതിനും നടപടിയെടുത്തു.

6. സപ്ലൈകോയുടെ സ്വന്തം ബ്രാന്റായ ശബരി ഉല്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നിവ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശബരി ബ്രാൻഡിലുള്ള തേയില മെച്ചപ്പെട്ട രുചിയോടെ ബ്ലെൻഡ് ചെയ്ത് വിപണിയിലെത്തിക്കുവാനും മികച്ച പരസ്യങ്ങൾ നൽകി മാർക്കറ്റ് ചെയ്യുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2019 ഓഗസ്റ്റ് മാസം മുതൽ ശബരി ബ്രാൻഡിലുള്ള കറിപ്പൊടികളും മസാലപ്പൊടികളും സംസ്കരിച്ച് സപ്ലൈകോയ്ക്ക് നൽകുവാനായി റെയ്ഡ്കോയ്ക്ക് കരാർ നൽകിയതിലൂടെ ഇവയുടെ ലഭ്യതയും ഗുണമേന്മയും മെച്ചപ്പെടുത്തുവാൻ സാധിച്ചു. ശബരി ഉല്പന്നങ്ങളുടെ വിപണനത്തിന് താല്പര്യം പ്രകടിപ്പിക്കുന്ന റേഷൻ വ്യാപാരികൾക്ക് നിശ്ചിത മാർജിൻ പങ്കുവച്ച് ശബരി ഉല്പന്നങ്ങളുടെ വിതരണക്കാരാകാനുള്ള പദ്ധതി ആരംഭിച്ചു. 7. ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന നൽകുന്ന ഓർഡറുകൾ സ്വീകരിച്ച് സാധനങ്ങൾ ഉപഭോക്താക്കൾക്ക് വീട്ടുപടിക്കൽ എത്തിച്ചുനൽകുന്ന സംവിധാനം സപ്ലൈകോയും വിവിധ വിതരണ ഏജൻസികളുടെ പോർട്ടലുകൾ വഴിയും കുടുംബശ്രീയുമായും സഹകരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ കുടുംബശ്രീ ഉല്പന്നങ്ങളും വിതരണം നടത്തിവരുന്നു.

(സി) ഇതിനായി മുൻ സർക്കാരും നിലവിലെ സർക്കാരും നൽകിയിട്ടുള്ള (2016-17 മുതൽ 2020-21 വരെ) സാമ്പത്തിക സഹായം സംബന്ധിച്ചുള്ള വിവരം വ്യക്തമാക്കാമോ?

2016-17 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെ സംസ്ഥാന സർക്കാർ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | സർക്കാർ അനുവദിച്ച തുക (കോടിയിൽ) | വിപണി ഇടപെടൽ സൗജന്യ ഭക്ഷ്യക്കിറ്റ് |
|---|---|---|---|
| 1 | 2016-17 | 200 | 200 |
| 2 | 2017-18 | 200 | 200 |
| 3 | 2018-19 | 125 | 125 |
| 4 | 2019-20 | 50 | 50 |
| 5 | 2020-21 | 4238.29 | 4238.29 |
| 6 | 2021-22 | 1300.19 | 1300.19 |
| | ആകെ | 57,55,538.48 | 6113.48 |

## ഭക്ഷ്യക്കിറ്റിലെ ഖാദി മാസ്കിന്റെ ഗുണനിലവാരം

300 (2200) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന കിറ്റിൽ ഉൾപ്പെടുത്താൻ നൽകിയ ഖാദി മാസ്കിൽ വ്യാജമായതോ ഗുണനിലവാരമില്ലാത്തതോ ആയ മാസ്കുകൾ സപ്ലൈകോ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര മാസ്കുകളാണ് ഇത്തരത്തിൽ കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

റേഷൻകട വഴി വിതരണം ചെയ്യാൻ ഖാദി ബോർഡ് നൽകിയ 16974609 മാസ്കുകളിൽ 93 മാസ്കുകൾ പരിശോധിച്ചതിൽ 29 മാസ്കുകൾ മെഷീൻ നിർമ്മിത തുണി ഉപയോഗിച്ചിട്ടുള്ളതാണെന്നും 26 എണ്ണത്തിൽ പോളിസ്റ്റർ ഉപയോഗിച്ചിട്ടുണ്ടെന്നും സപ്ലൈകോ കണ്ടെത്തുകയുണ്ടായി.

(ബി) ഇത്തരത്തിൽ മാസ്കുകൾ വിതരണം ചെയ്ത ഇനത്തിൽ എത്ര രൂപയാണ് ഖാദി ബോർഡിന് നൽകിയിട്ടുള്ളത്; ഇനി എത്ര രൂപ നൽകാനുണ്ട്; വ്യക്തമാക്കുമോ?

16 കോടി രൂപ നൽകിയിട്ടുണ്ട്. 3 കോടി രൂപയോളം നൽകാനുണ്ട്.

(സി) വ്യാജ ഖാദി മാസ്കുകളും ഗുണനിലവാരമില്ലാത്ത മാസ്കുകളും ഇത്തരത്തിൽ വിതരണം ചെയ്യുന്നതിനുവേണ്ടി വാങ്ങിയ സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഖാദി ബോർഡ് വിതരണം ചെയ്ത മാസ്കുകളിൽ ചിലത് നിശ്ചിത ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് ആവശ്യമായ പിഴ ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സിവിൽ സപ്ലൈസ് ഷോപ്പുകൾ ആരംഭിക്കാൻ നടപടി

301 (2201) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലനിലവാരം പിടിച്ചുനിർത്തുന്നതിൽ സിവിൽ സപ്ലൈസ് ഷോപ്പുകൾ വഹിക്കുന്ന പ്രാധാന്യം കണക്കിലെടുത്ത് കൂടുതൽ ഷോപ്പുകൾ ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വിലനിലവാരം പിടിച്ചുനിർത്തുന്ന നടപടികളുടെ ഭാഗമായി കൂടുതൽ സപ്ലൈകോ വിൽപ്പനശാലകൾ അനുവദിച്ചുവരുന്നുണ്ട്. അതാത്

തദ്ദേശഭരണ സ്ഥാപനങ്ങൾ കുറഞ്ഞ വാടകയ്ക്കോ/ വാടകരഹിതമായോ അനുയോജ്യമായ കെട്ടിടങ്ങൾ കണ്ടെത്തി നൽകുന്ന മുറയ്ക്ക് വിപണന സാദ്ധ്യത, ജീവനക്കാരുടെ ലഭ്യത എന്നിവ കണക്കിലെടുത്താണ് പുതിയ സപ്ലൈകോ വിൽപ്പനശാലകൾ അനുവദിക്കുന്നത്. അനുയോജ്യമായ സ്ഥലസൗകര്യം ലഭ്യമായാൽ (കുറഞ്ഞത് 700 ച.അടി) പ്രതിമാസ വിൽപ്പന സാദ്ധ്യത വിലയിരുത്തി പ്രവർത്തനനഷ്ടം ഒഴിവാക്കാമെന്ന് ഉറപ്പുവരുത്തി മാത്രമാണ് പുതിയ വിൽപ്പനശാലകൾ അനുവദിക്കുന്നത്. ഇതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ അധികാരത്തിലിരുന്ന കാലഘട്ടത്തിൽ 102 വിൽപ്പനശാലകൾ പുതിയതായി ആരംഭിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ആദിച്ചനല്ലൂരിൽ ഒരു മാവേലി സൂപ്പർ മാർക്കറ്റും കുറ്റ്യാടിയിൽ ഒരു മാവേലി മെഡിക്കൽ സ്റ്റോറും ആരംഭിച്ചു. കൂടാതെ 17 മാവേലി സ്റ്റോറുകൾ അപ്ഗ്രേഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) കാർഷികവിഭവങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ സംഭരിച്ച് അതാത് മേഖലയിൽ സിവിൽ സപ്ലൈസ് ഷോപ്പുകൾ വഴി വിലകുറച്ച് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കാർഷിക വിഭവങ്ങൾ പ്രാദേശിക തലത്തിൽ സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി സിവിൽ സപ്ലൈസ് ഷോപ്പുകൾ വഴി വിപണനം ചെയ്യുന്നതിനുള്ള ഒരു പദ്ധതി പരിഗണനയിലാണ്.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ സപ്ലൈകോയുടെ പുതിയ ഔട്ട്ലെറ്റ്

302 (2202) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അതിയന്നൂർ പഞ്ചായത്തിലെ പോങ്ങിൽ എന്ന സ്ഥലത്ത് ആരംഭിക്കുന്ന സപ്ലൈകോയുടെ പുതിയ ഔട്ട്ലെറ്റിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഔട്ട്ലെറ്റ് ആരംഭിക്കുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടപ്പിലാക്കേണ്ടതെന്ന് വിശദമാക്കാമോ;

(സി) ഔട്ട്ലെറ്റിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലുള്ള അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ പോങ്ങിൽ എന്ന സ്ഥലത്ത് പുതിയ വിൽപ്പനശാല ആരംഭിക്കുന്നതിനായി പഞ്ചായത്ത് ലഭ്യമാക്കിയ കെട്ടിടം സപ്ലൈകോ ഡിപ്പോതല ഗുണമേന്മാ പരിശോധനാ ഉദ്യോഗസ്ഥൻ പരിശോധിച്ച്,

അവശ്യസാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വിപണനം നടത്തുന്നതിന് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തി മറ്റ് അനുബന്ധ രേഖകൾ സഹിതമുള്ള ഡിപ്പോ മാനേജരുടെ റിപ്പോർട്ട് തിരുവനന്തപുരം മേഖലാ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ച് വിപണന സാദ്ധ്യത വിലയിരുത്തി പ്രവർത്തന നഷ്ടം ഒഴിവാക്കാമെന്നത് ഉറപ്പാക്കി, ജീവനക്കാരുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മേഖലാ മാനേജർ വ്യക്തമായ അഭിപ്രായം/ശിപാർശ സഹിതം കേന്ദ്ര കാര്യാലയത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത റിപ്പോർട്ട് വിലയിരുത്തി മാത്രമാണ് പുതിയ വിൽപ്പനശാല ആരംഭിക്കുന്നതിന് അനുമതി നൽകുന്നത്. മേൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുതിയ വിൽപ്പനശാല ആരംഭിക്കുന്നതിന് അനുവാദം ലഭ്യമായാൽമാത്രം കെട്ടിടം സപ്ലൈകോ ഏറ്റെടുത്ത്, ആവശ്യമായ ഫർണിഷിംഗ് ജോലികൾകൂടി പൂർത്തിയാക്കിയശേഷമാണ് വിൽപ്പനശാലയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നത്.

**ഭക്ഷ്യകിറ്റിലെ ഖാദി മാസ്കിന്റെ ഗുണനിലവാരം**

303 (2203) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്ത ഭക്ഷ്യ കിറ്റുകളിൽ വ്യാജ ഖാദി മാസ്കുകൾ വിതരണം ചെയ്തതായ പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായോ; വ്യക്തമാക്കുമോ?

ഇല്ല

(ബി) എങ്കിൽ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ?

ബാധകമല്ല

(സി) കോവിഡ് മഹാമാരി കാലത്ത് ജനങ്ങളുടെ ആരോഗ്യത്തിനും ജീവനും ഭീഷണി ഉയർത്തുന്നതരത്തിൽ മാസ്കിന്റെ ഗുണനിലവാരത്തിൽ കൃത്രിമത്വം കാണിക്കുന്നതിന് കൂട്ടുനിന്നവർക്കെതിരെ മാതൃകാപരമായി നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ?

ഖാദി ബോർഡ് വിതരണം ചെയ്ത മാസ്കുകളിൽ ചിലത് നിശ്ചിത ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് ആവശ്യമായ പിഴ ചുമത്തുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്.

## സപ്ലൈകോയുടെ വിപണി ഇടപെടലുകൾ

304 (2204) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. പി. മമ്മിക്കുട്ടി:

ശ്രീ. മുരളി പെരുനെല്ലി:

ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധന വില വർദ്ധനവും അവശ്യവസ്തു നിയമം ഇളവ് ചെയ്തതും രാജ്യത്താകെ വിലക്കയറ്റത്തിന് കാരണമാകുമ്പോഴും സംസ്ഥാനത്തെ പൊതുമാർക്കറ്റിൽ വില നിയന്ത്രിച്ചുനിർത്താൻ സർക്കാർ നടത്തുന്ന വിപണി ഇടപെടലുകൾ വിശദമാക്കാമോ;

(ബി) സബ്സിഡി ഉല്പന്നങ്ങൾ കൂടാതെ മറ്റ് അവശ്യ വസ്തുക്കളും വിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിൽ സപ്ലൈകോ ലഭ്യമാക്കുന്നുണ്ടോ?

(എ & ബി) അവശ്യസാധന വിലവർദ്ധനവ് പിടിച്ച് നിർത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ 13 ഇനം സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നുണ്ട്. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 39 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി'-ൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP-യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാദ്ധ്യത ഏൽപ്പിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ട്. സപ്ലൈകോ വിൽപ്പനശാലകളിലെ നിലവിലുള്ള സബ്സിഡി വിലയും പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസവും വ്യത്യാസ ശതമാനവും അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഓണമുൾപ്പെടെയുള്ള ഉത്സവ കാലങ്ങളിലുണ്ടാകാറുള്ള വിപണിയിലെ കൃത്രിമ വിലക്കയറ്റം അവസാനിപ്പിക്കാൻ സപ്ലൈകോ നടത്തുന്ന വിപണി ഇടപെടലുകൾ അറിയിക്കാമോ?

സർക്കാർ സംവിധാനം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ട ഉത്സവകാലയളവുകളിൽ (ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ) നിലവിലുള്ള വില്പനശാലകൾക്ക് പുറമെ പ്രത്യേക ചന്തകൾ സപ്ലൈകോ പ്രവർത്തിപ്പിച്ചുവരുന്നു. കോവിഡ് മഹാമാരിയുടെ വ്യാപനഭീതിയിലും ഓണം ഉത്സവ സീസൺ പരിഗണിച്ച് മാർക്കറ്റിൽ ഇടപെടുന്നതിനും മിതമായ നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ നിർദ്ദേശാനുസരണം, ഈ ഓണക്കാലത്തും സംസ്ഥാനത്താകെ സപ്ലൈകോ ഓണം മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാ ഓണം മേളകളിൽ ഹോർട്ടികോർപ്പ്, കുടുംബശ്രീ തുടങ്ങിയ സർക്കാർ ഏജൻസികളുടെ സ്റ്റാളുകൾ സപ്ലൈകോ ഫെയറുകളിൽ പങ്കാളികളാകുന്നു. ഉത്സവ കാലങ്ങളിൽ അവശ്യഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കുന്നതുമൂലം കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, ഊഹക്കച്ചവടം എന്നിവമൂലമുള്ള കൃത്രിമ ക്ഷാമം, കൃത്രിമ വിലക്കയറ്റം എന്നിവയ്ക്കുള്ള സാദ്ധ്യത ഇല്ലാതാക്കാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

(ഡി) സപ്ലൈകോയുടെ വിപണനശാലകൾ നവീകരിക്കുന്നതിനും ഉപഭോക്തൃ സൗഹൃദ സമീപനം ഉറപ്പാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

സപ്ലൈകോയുടെ വിൽപ്പനശാലകളുടെ നവീകരണത്തിന് സർക്കാർ അനുവദിക്കുന്ന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകളും മറ്റ് ഔട്ട്ലെറ്റുകളും നിലവിൽ നവീകരിച്ചുവരുന്നുണ്ട്. 2020-21 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 93 വിൽപ്പനശാലകളുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. സപ്ലൈകോ വിൽപ്പനശാലകൾ ഉപഭോക്തൃ സൗഹൃദമാക്കുന്ന നടപടികൾ നടത്തിവരുന്നുണ്ട്. അനുയോജ്യമായ സ്ഥല സൗകര്യം ലഭ്യമാക്കി (കുറഞ്ഞത് 700 ച.അടി) സപ്ലൈകോ മാവേലി സ്റ്റോറുകൾ ബ്രാന്റഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യംകൂടി ഏർപ്പെടുത്തി മാവേലി സൂപ്പർ സ്റ്റോറുകളായി ഉയർത്തുന്നതിനും 1500 ച.അടി വിസ്തീർണ്ണം ലഭ്യമാക്കുന്ന മുറയ്ക്ക് പ്രതിമാസ വിൽപ്പന വിലയിരുത്തി വിപണന സാദ്ധ്യതകൂടി മുൻനിർത്തി അനുയോജ്യമായ ഫർണിഷിംഗ് ജോലികൾ ചെയ്ത് നവീകരിച്ച് സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഉപഭോക്താക്കൾ ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന നൽകുന്ന ഓർഡറുകൾ

സ്വീകരിച്ച് ഓർഡർ പ്രകാരമുള്ള സാധനങ്ങൾ ഉപഭോക്താവിന്റെ വീട്ടുപടിക്കൽ എത്തിച്ചുനൽകുന്ന സംവിധാനം സപ്ലൈകോയും വിവിധ വിതരണ ഏജൻസികളുടെ പോർട്ടലുകൾ വഴിയും, കുടുംബശ്രീയുമായി സഹകരിച്ചും നടപ്പിൽ വരുത്തിയിട്ടുണ്ട്. ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാനുമായി സപ്ലൈകോ വില്പനശാലകളിൽ കുടുംബശ്രീ ഉത്പന്നങ്ങൾക്ക് റാക്ക് സൗകര്യം അനുവദിക്കുകയും അവയുടെ വില്പന പ്രോത്സാഹിപ്പിക്കുവാൻ നടപടികളെടുത്തിട്ടുണ്ട്.

## ഇലഞ്ഞിയിലെ പഴം-പച്ചക്കറി സംസ്കരണ യൂണിറ്റിന്റെ നിർമ്മാണം

305 (2205) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ഇലഞ്ഞിയിൽ അനുവദിച്ച പഴം-പച്ചക്കറി സംസ്കരണ യൂണിറ്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഇലഞ്ഞി പഴം-പച്ചക്കറി സംസ്കരണ യൂണിറ്റിന്റെ നിർമ്മാണം 2015-ലാണ് ആരംഭിച്ചത്. പ്രാരംഭമായി 12.31 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാർ ഏജൻസിയായ APEDA-യുടെയും ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ പൂർത്തീകരണത്തിനായി മുൻ എസ്റ്റിമേറ്റ് പ്രകാരമുള്ള BOQ (Bill of Quantities) പര്യാപ്തമല്ലെന്നും ആയതിനാൽ BOQ റിവൈസ് ചെയ്യേണ്ടതുണ്ടെന്നുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായ മിറ്റ്കോൺ കൺസൾട്ടൻസി & എഞ്ചിനീയറിംഗ് സർവ്വീസസിന്റെ ശിപാർശയിന്മേൽ BOQ റിവൈസ് ചെയ്യുകയും ആകെ 16.45 കോടി രൂപയായി കണക്കാക്കുകയും 23-7-2021-ലെ G.O(Rt)299/2021/FCSD പ്രകാരം പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. വ്യത്യസ്ത സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന രണ്ട് പ്ലാന്റുകളാണ് നിർമ്മിക്കുന്നത്. പഴങ്ങളും പച്ചക്കറികളും ശീതീകരിച്ച് സൂക്ഷിക്കുന്നതിനുള്ള ചിൽഡ് സ്റ്റോറേജ് പ്ലാന്റിന്റെ (1250 ടൺ) നിർമ്മാണം 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. നിർജ്ജലീകരണ പ്രക്രിയയിലൂടെ പഴങ്ങളും പച്ചക്കറികളും സൂക്ഷിക്കുവാനുള്ള നിർജ്ജലീകരണ പ്ലാന്റിന്റെയും (2 ടൺ) നിർമ്മാണം 80 ശതമാനം പൂർത്തിയായിട്ടുണ്ട്. അധികമായി അനുവദിച്ച തുക വിനിയോഗിച്ച് ഗ്യാസ് സ്റ്റേഷൻ, ഫയർ ഫൈറ്റിംഗ് സിസ്റ്റം, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് സിസ്റ്റം, ലിഫ്റ്റ് ഇറിഗേഷൻ, ഇലക്ട്രിക്കൽ ജോലികൾ (60 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്), മജസ്റ്റിക്ക് ഡ്രയർ സ്ഥാപിക്കൽ, വേസ്റ്റ് വാട്ടർ ടാങ്ക്, പമ്പ് റൂം സ്ഥാപിക്കൽ എന്നിവ ഉടനെ പൂർത്തീകരിക്കുന്നതാണ്. ഫയർ NOC ലഭിക്കുന്നതിനുള്ള പുതിയ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ജോലികളും പൂർത്തീകരിച്ചുവരുന്നു.

(ബി) ഇതിന്റെ നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കാൻ കഴിയാത്തത് സപ്ലൈകോയുടെ വീഴ്ചയായി കരുതുന്നുണ്ടോ; വിശദമാക്കാമോ?

(സി) സപ്ലൈകോയിൽ തുടർന്നുവരുന്ന കെടുകാര്യസ്ഥതയും അഴിമതിയും പ്രസ്തുത സംസ്കരണ യൂണിറ്റിന്റെ നിർമ്മാണത്തെ ബാധിച്ചിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൽ വസ്തുതയുണ്ടോ; വിശദമാക്കാമോ?

(ബി & സി) ഇല്ല.

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത സംസ്കരണ യൂണിറ്റ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ?

31-3-2022-ന് മുമ്പ് പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## നിലമ്പൂർ താലൂക്ക് സപ്ലൈ ഓഫീസ്

306 (2206) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്ക് സപ്ലൈ ഓഫീസിൽ റേഷനിംഗ് ഇൻസ്പെക്ടർമാരുടെ എത്ര തസ്തികയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; നിലവിൽ എത്ര ആർ.ഐ. തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് എന്നും അറിയിക്കാമോ?

നിലമ്പൂർ താലൂക്കിൽ റേഷനിംഗ് ഇൻസ്പെക്ടർമാരുടെ 04 തസ്തികകളാണ് നിലവിലുള്ളത്. സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽനിന്നും പ്രസ്തുത തസ്തികയിൽ ജില്ലാ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. മലപ്പുറം ജില്ലയിൽ നിലമ്പൂർ ഉൾപ്പെടെയുള്ള എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലെയും റേഷനിംഗ് ഇൻസ്പെക്ടർ തസ്തികയിലെ എല്ലാ ഒഴിവുകളിലേയ്ക്കും നിയമനം നൽകിയിട്ടുണ്ട്. എന്നാൽ സപ്ലൈകോയിലെ അന്യത്ര സേവനത്തിൽനിന്നും റിവർട്ട് ചെയ്ത് ടി ജില്ലയിൽ നിയമനം നൽകിയിട്ടുള്ള ജീവനക്കാർ സപ്ലൈകോയിൽനിന്നും വിടുതൽ ചെയ്ത് യഥാസമയം ജോലിക്ക് പ്രവേശിക്കാത്തതിനാൽ നിലമ്പൂർ താലൂക്കിൽ റേഷനിംഗ് ഇൻസ്പെക്ടറുടെ 01 തസ്തിക ഒഴിഞ്ഞുകിടക്കുന്നു.

(ബി) നിലമ്പൂർ താലൂക്ക് സപ്ലൈ ഓഫീസിൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് ഇനിയും പരിശോധിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; റേഷനിംഗ് ഇൻസ്പെക്ടർമാരുടെ അഭാവമാണോ അപേക്ഷകൾ യഥാസമയത്ത് പരിശോധിക്കുന്നതിന് തടസ്സമായിട്ടുള്ളതെന്നും അറിയിക്കാമോ?

നിലമ്പൂർ താലൂക്ക് സപ്ലൈഓഫീസിൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട് 2303 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. റേഷനിംഗ് ഇൻസ്പെക്ടറുടെ ഒരു തസ്തിക മാത്രമേ ഒഴിഞ്ഞ് കിടക്കുന്നുള്ളൂ. കോവിഡ് മഹാമാരിയുടെ സാഹചര്യങ്ങളാണ് അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്നതിനും പരിശോധിക്കുന്നതിനും തടസ്സമായിവന്നത്.

(സി) മലപ്പുറം ജില്ലയിലെ ജനസാന്ദ്രത കൂടിയ താലൂക്കെന്നനിലയിൽ നിലമ്പൂർ താലൂക്ക് സപ്ലൈ ഓഫീസിൽ ഒഴിഞ്ഞുകിടക്കുന്ന റേഷനിംഗ് ഇൻസ്പെക്ടർ തസ്തികയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ടി താലൂക്കിൽ ഉൾപ്പെടെ നിയമനം നല്കിയിട്ടുള്ളതും സപ്ലൈകോയിൽനിന്നും വിടുതൽ ചെയ്യാത്തവരുമായ എല്ലാ ജീവനക്കാരെയും അടിയന്തരമായി വിടുതൽ ചെയ്യുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് സപ്ലൈകോയുടെ ബന്ധപ്പെട്ട മേലധികാരിക്ക് പൊതുവിതരണ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിലമ്പൂർ താലൂക്ക് സപ്ലൈ ഓഫീസിന് നിലവിൽ സ്വന്തമായി സർക്കാർ വാഹനം ഉണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ മലയോര മേഖലയെന്ന പരിഗണനയിൽ അടിയന്തരമായി വാഹനം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ ഔദ്യോഗിക വാഹനമില്ല. നിലമ്പൂർ താലൂക്ക് സപ്ലൈ ആഫീസിലെ വാഹനം കാലപഴക്കംചെന്ന് ഉപയോഗശൂന്യമായതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശപ്രകാരം കണ്ടം ചെയ്ത വിൽപ്പന നടത്തിയിട്ടുള്ളതാണ്. പുതിയ വാഹനം ലഭിക്കുന്നത് വരെ താൽക്കാലികമായി ഒരു ഇലക്ട്രിക് വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുവാൻ സർക്കാർ അനുമതിനൽകിയിട്ടുണ്ട്. നിലമ്പൂർ താലൂക്കിന്റെ ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ പ്രകാരം ഇലക്ട്രിക് വാഹനം അനുയോജ്യമല്ലാത്ത സാഹചര്യത്തിൽ സാധാരണ വാഹനം വാടകയ്ക്ക് എടുക്കുവാൻ അനുവദിക്കണമെന്നുള്ള നിലമ്പൂർ താലൂക്ക് സപ്ലൈ ആഫീസറുടെ അപേക്ഷ പരിഗണനയിലാണ്.

**താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി**

307 (2207) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ-സിവിൽസപ്ലൈസ് വകുപ്പിന് കീഴിൽ പത്ത് വർഷം മുതൽ ഇരുപത്തിയഞ്ച് വർഷം വരെയായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യ പൊതുവിതരണ വകുപ്പിന് കീഴിൽ പത്ത് വർഷം മുതൽ ഇരുപത്തിയഞ്ച് വർഷം വരെയായി താൽക്കാലിക അടിസ്ഥാനത്തിൽ

ആരും തന്നെ ജോലി ചെയ്തുവരുന്നില്ല. എന്നാൽ 10 വർഷത്തിൽ അധികമായി ഭക്ഷ്യ ഉപഭോക്തൃകാര്യ സെക്രട്ടറിമാരുടെ ഡ്രൈവർ ആയി ദിവസവേതന അടിസ്ഥാനത്തിൽ ഒരാൾ ജോലി ചെയ്തുവരുന്നുണ്ട്.

(ബി) ഇത്തരം താൽക്കാലിക ജീവനക്കാരെ സീനിയോറിറ്റി അനുസരിച്ച് സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

ഇപ്പോൾ പരിഗണനാർഹമല്ല.

(സി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ മാവേലി സ്റ്റോറുകളിലും മറ്റും ദിവസക്കൂലി/കരാർ അടിസ്ഥാനത്തിൽ ജോലിചെയ്തുവരവെ ബിസിനസ് കുറഞ്ഞതിനാലും പി.എസ്.സി. നിയമനം നടന്നതിനാലും ജോലി നഷ്ടപ്പെട്ട താൽക്കാലിക ജീവനക്കാരെ പുനർവിന്യസിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

പൊതുവിതരണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സപ്ലൈകോയുടെ മാവേലി സ്റ്റോറുകളിൽ വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ദിവസവേതന ജീവനക്കാരെ നിയമിച്ചുവരുന്നത്. വിറ്റുവരവ് കുറയുമ്പോൾ ടി താൽക്കാലിക ജീവനക്കാരെ ജോലിയിൽനിന്നും ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായാൽ വിറ്റുവരവ് കൂടുന്നമുറയ്ക്ക് ടി ജീവനക്കാരെ ജോലിയിൽ തിരിച്ചെടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കുട്ടനാട്ടിലെ നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ നടപടി**

308 (2208) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

നടപ്പുവർഷത്തെ നെല്ല് സംഭരണം ഊർജിതമാക്കുന്നതിന് നെല്ല് സംഭരണത്തിൽ വലിയ പ്രാതിനിധ്യമുള്ള പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് നെല്ല് സംഭരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 2021-22 സീസണിൽ ഇതുവരെ 48 മില്ലുകൾ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കുട്ടനാട്ടിലെ നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിനായി ആലപ്പുഴ ജില്ലയിലേയ്ക്ക് 3 പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലേയ്ക്ക് 9 പ്രൊക്യൂർമെന്റ്

അസിസ്റ്റന്റുമാരെയും നിയമിക്കുവാനുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ 2021-22 സീസണിലെ നെല്ല് സംഭരണത്തിനായുള്ള ഓൺലൈൻ കർഷക രജിസ്ട്രേഷൻ നടപടികൾ 16-8-2021 മുതൽ ആരംഭിച്ചിട്ടുണ്ട്. നെല്ല് സംഭരണം കഴിഞ്ഞാൽ കാലതാമസം കൂടാതെ പണം കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഭരണം കഴിഞ്ഞാലുടൻ കർഷകർക്ക് മില്ലുകൾ മുഖേന പാഡി രസീത് ഷീറ്റുകൾ നൽകുകയും പി.ആർ.എസ്. വായ്പ പദ്ധതി പ്രകാരം സപ്ലൈക്കോയുമായി കരാറിലേർപ്പെട്ടിട്ടുള്ള ബാങ്കുകൾ മുഖേന നെല്ലിന്റെ വില ഇ.പി.ആർ.എസ്. പ്രകാരം അക്കൗണ്ടിൽ നൽകുകയും ചെയ്യുന്നു.

(ബി) നെല്ല് സംഭരണം കഴിഞ്ഞാൽ കാലതാമസം കൂടാതെ പണം കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

നെല്ല് സംഭരണം കഴിഞ്ഞാൽ കാലതാമസം കൂടാതെ പണം കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഭരണം കഴിഞ്ഞാലുടൻ കർഷകർക്ക് മില്ലുകൾ മുഖേന പാഡി രസീത് ഷീറ്റുകൾ നൽകുകയും പി.ആർ.എസ്. വായ്പ പദ്ധതി പ്രകാരം സപ്ലൈക്കോയുമായി കരാറിലേർപ്പെട്ടിട്ടുള്ള ബാങ്കുകൾ മുഖേന നെല്ലിന്റെ വില ഇ.പി.ആർ.എസ്. പ്രകാരം അക്കൗണ്ടിൽ നൽകുകയും ചെയ്യുന്നു.

(സി) നെല്ല് സംഭരണത്തിലെ അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

സംഭരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പാടത്ത് കൊയ്ത്ത് ആരംഭിച്ചാൽ ഉടൻതന്നെ നെല്ല് സംഭരിക്കുന്നതിനുള്ള മില്ലുകൾ അനുവദിച്ച്, സംഭരണത്തിന് തയ്യാറായ നെല്ല് പരിശോധിച്ച് തൊട്ടടുത്ത ദിവസം തന്നെ സംഭരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കുട്ടനാട്ടിലെ പാടശേഖരങ്ങളിലെ നെല്ല് സംഭരണം**

309 (2209) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നവംബർ മാസത്തിൽ വിളവെടുപ്പ് ആരംഭിക്കുന്ന കുട്ടനാട്ടിലെ പാടശേഖരങ്ങളിലെ നെല്ല് ശേഖരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളും മുൻകരുതലുകളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 2021-22 സീസണിൽ ഇതുവരെ 48 മില്ലുകൾ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കുട്ടനാട്ടിലെ നെല്ല് സംഭരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനടക്കം ആലപ്പുഴ ജില്ലയിലേയ്ക്ക് 3 പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇതുമായി

ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലേയ്ക്ക് 9 പ്രൊക്യൂവർമെന്റ് അസിസ്റ്റൻറുമാരെയും നിയമിക്കുവാനുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ 2021-22 സീസണിലെ നെല്ല് സംഭരണത്തിനായുള്ള ഓൺലൈൻ കർഷക രജിസ്ട്രേഷൻ നടപടികൾ 16-8-2021 മുതൽ ആരംഭിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പാടത്ത് കൊയ്ത്ത് ആരംഭിച്ചാൽ ഉടൻതന്നെ നെല്ല് സംഭരിക്കുന്നതിനുള്ള മില്ലുകൾ അലോട്ട് ചെയ്ത് നൽകുകയും സംഭരണത്തിന് തയ്യാറായ നെല്ല് പരിശോധിച്ച് തൊട്ടടുത്ത ദിവസം തന്നെ സംഭരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**അഴീക്കോട് മണ്ഡലത്തിലെ പദ്ധതികൾ**

310 (2210) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അഴീക്കോട് മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

ഭക്ഷ്യപൊതുവിതരണ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിലാണ് നടത്തിവരുന്നത്. ദേശീയ ഭക്ഷ്യ ഭദ്രതാനിയമം 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി നടപ്പാക്കിയ വാതിൽപ്പടി വിതരണം, ഇ-പോസ് സ്ഥാപിക്കൽ, റേഷൻകട നവീകരണം, റേഷൻകടകൾ വഴിയുള്ള ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. അഴീക്കോട് നിയോജകമണ്ഡലത്തിലെ കമ്പിൽ മാവേലി സ്റ്റോർ, മാവേലി സൂപ്പർ സ്റ്റോറായി ഉയർത്തി 30-10-2020-ന് പ്രവർത്തനം ആരംഭിക്കുകയും, നാറാത്ത് പഞ്ചായത്തിൽ കണ്ണാടി പറമ്പ് പ്രദേശത്ത് പുതിയ സപ്ലൈകോ വിൽപ്പനശാല അനുവദിച്ച് 12-8-2017-ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, അഴീക്കോട് മാവേലി സ്റ്റോർ കൂടുതൽ സൗകര്യപ്രദമായ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

2022-2027 പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി എല്ലാ താലൂക്കിലും വകുപ്പിന്റെ ഉടമസ്ഥതയിലുള്ള എൻ.എഫ്.എസ്.എ. ഗോഡൗണുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, 6 മാസത്തിനുള്ളിൽ എല്ലാ നിയമസഭാ നിയോജകമണ്ഡലങ്ങളിലും സുഭിക്ഷാ ഹോട്ടൽ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

## റേഷൻ വ്യാപാരികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് ആനുകൂല്യം

311 (2211) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം മരണപ്പെട്ട റേഷൻ വ്യാപാരികളുടെ ആശ്രിതർക്ക് 12-7-2021-ലെ G.O.(MS)No.22/2021/F&CSD ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയ ഇൻഷ്വറൻസിന് അർഹരായ എഫ്.പി.എസ്. ഡീലർമാരുടെയും സെയിൽസ്മാൻമാരുടെയും കണക്ക് വ്യക്തമാക്കാമോ?

14 ജില്ലകളിലായി 26,572 എഫ്.പി.എസ്. ഡീലർമാർക്കും സെയിൽസ്മാൻമാർക്കുമാണ് നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) അതിൽ എത്രപേർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വിശദാംശങ്ങൾ നൽകാമോ?

നിലവിൽ ആർക്കും ആനുകൂല്യം ലഭ്യമാക്കിയിട്ടില്ല.

## കോവിഡ് ബാധിച്ചുമരിച്ച റേഷൻ വ്യാപാരികളുടെ കുടുംബത്തിന് സഹായം

312 (2212) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരിച്ച റേഷൻ വ്യാപാരികളുടെയും സെയിൽസ്മാൻമാരുടെയും കുടുംബത്തിന് പ്രത്യേക പരിഗണന നൽകി സഹായം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

റേഷൻകട ലൈസൻസികൾക്കും സെയിൽസ്മാൻമാർക്കും ഒരു വർഷകാലയളവിലേക്ക് 7.5 ലക്ഷം രൂപയുടെ കോവിഡ് ഇൻഷ്വറൻസ് പരിരക്ഷ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് ബാധിച്ച് മരണപ്പെട്ടവർക്ക് മാത്രമല്ല മറിച്ച് ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാവർക്കും മരണാനന്തര ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. ഇതിനായി ക്ഷേമനിധി ആക്ടിന്റെ 2-ാം പട്ടിക ഭേദഗതി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സിവിൽ സപ്ലൈസ് ഡയറക്ടറുടെ ശിപാർശ സഹിതം സമർപ്പിക്കുവാൻ ക്ഷേമനിധി സെക്രട്ടറി & ചീഫ് എക്സിക്യൂട്ടീവിനോട് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ 40,000 രൂപ എന്നത് രണ്ട് ലക്ഷമായി ഉയർത്തുന്ന കാര്യമാണ് പരിഗണനയിലുള്ളത്. കൂടാതെ കോവിഡ് ബാധിച്ച് മരണപ്പെടുന്ന ലൈസൻസിയുടെ അനന്തരാവകാശികൾക്ക് റേഷൻകട അനുവദിക്കുമ്പോൾ അടവാക്കേണ്ട സോൾവൻസി തുക ഒരു ലക്ഷം രൂപയിൽനിന്നും 10,000

രൂപയായി കുറയ്ക്കുവാനും അനന്തരാവകാശി എസ്.എസ്.എൽ.സി. പാസാകണമെന്ന നിബന്ധനയിൽ ഇളവുവരുത്തണമെന്നുമുള്ള റേഷൻ വ്യാപാരികളുടെ ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.

**ലീസ് ഭൂമിയിൽനിന്നുമുള്ള പാറ ഖനനം**

313 (2213) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലീസ് ഭൂമിയിൽനിന്നും പാറ ഖനനം ചെയ്യുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ?

ലൈസൻസ് ലഭിക്കുന്നതിന് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിൽനിന്നുള്ള സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ, സ്വകാര്യ ഭൂമിയാണെങ്കിൽ കൈവശാവകാശ സർട്ടിഫിക്കറ്റ്, റവന്യൂ ഭൂമിയാണെങ്കിൽ കേരള ലാൻഡ് കൺസർവേഷൻ ആക്ട് 1957 പ്രകാരമുള്ള അനുമതി, PESO (Pertroleum & Explosive Safety Organization)-യുടെ അനുമതി, പാറപൊട്ടിക്കുന്ന ആളുടെ വൈദഗ്ധ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, മൈനിംഗ് & ജിയോളജി വകുപ്പിൽനിന്നുള്ള അനുമതിപത്രം, ക്വാറി നടത്താനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സർട്ടിഫൈഡ് സർവ്വേ സ്കെച്ചും ലൊക്കേഷൻ മാപ്പും, അഞ്ച് ഹെക്ടറിൽ താഴെയുള്ള ഭൂമിയാണെങ്കിൽ SEIAA (State Environment Impact Assessment Authority)-യുടെ അനുമതി, അഞ്ച് ഹെക്ടർ മുതലുള്ള ഭൂമിയാണെങ്കിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി, റവന്യൂ വകുപ്പിൽനിന്നോ ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സിന്റെ പക്കൽനിന്നോ ലഭിച്ച അനുമതി, ജില്ലാകളക്ടറുടെ ഉത്തരവ്, ലീസ് ഭൂമിയുടെ ഉടമസ്ഥന്റെ സമ്മതപത്രം മുതലായവയുടെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനമെടുത്താണ് ലൈസൻസ് അനുവദിക്കുന്നത്.

(ബി) പാറ ഖനനം ചെയ്യുന്ന സ്ഥലത്തേക്ക് പോകുന്ന റോഡ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ച് നിർമ്മിച്ചതാണെങ്കിൽ ലൈസൻസ് നൽകുവാൻ കഴിയുമോ; വിശദാംശം ലഭ്യമാക്കാമോ?

പാറ ഖനനം ചെയ്യുന്ന സ്ഥലത്തേക്ക് പോകുന്ന റോഡിനെ സംബന്ധിച്ച് 2015-ലെ KMMC ചട്ടങ്ങളിൽ പ്രത്യേകം പരാമർശിച്ചിട്ടില്ലാത്തതാണ്. പാറ ഖനനം ചെയ്യുന്ന സ്ഥലത്തേക്ക് പോകുന്ന റോഡ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ച് നിർമ്മിച്ചതാണെങ്കിൽ നിയമലംഘനം പരിശോധിച്ച് പ്രസ്തുത ഭൂമി പൂർവ്വ സ്ഥിതിയിലാക്കുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ലീസ് ഭൂമിയിലെ ഖനന സ്ഥലത്തേക്ക് പോകുന്ന റോഡ് ഭൂവുടമയുടെ അറിവോ സമ്മതമോ ഇല്ലാതെ നിർമ്മിച്ചതാണെങ്കിൽ ലൈസൻസ് റദ്ദാക്കാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ലീസ് ഭൂമിയിലെ ഖനന സ്ഥലത്തേയ്ക്ക് പോകുന്ന റോഡ് ഭൂവുടമയുടെ അറിവോ സമ്മതമോ ഇല്ലാതെയാണ് നിർമ്മിച്ചിട്ടുള്ളതെങ്കിൽ ഭൂവുടമയുടെ പരാതിയിൽ നിയമാനുസൃത നടപടി സ്വീകരിക്കാവുന്നതാണ്. പാറ ഖനനത്തിന് ലൈസൻസിന് അപേക്ഷിക്കുമ്പോൾ ലൈസൻസ് അനുവദിക്കുന്നതിന് മുമ്പായി നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും പാറ ഖനനം നടത്തുന്ന സ്ഥലത്തേയ്ക്കുള്ള യാത്രാ സൗകര്യം പാലിച്ചിട്ടില്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത സ്ഥലത്തെ പാറ ഖനനത്തിനുള്ള ലൈസൻസ് റദ്ദാക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്.

### വാതിൽപ്പടി സേവന പദ്ധതി

314 (2214) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ പഞ്ചായത്തുകളിലാണ് വാതിൽപ്പടി സേവന പദ്ധതി ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നത്?

ആദ്യഘട്ടത്തിൽ 38 ഗ്രാമ പഞ്ചായത്തുകളിൽ വാതിൽപ്പടി സേവനപദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള എന്തൊക്കെ സേവനങ്ങൾ ഏതെല്ലാം വിഭാഗത്തിലുള്ള ജനങ്ങൾക്കാണ് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രായാധിക്യം, ഗുരുതര രോഗം, അതിദാരിദ്ര്യം തുടങ്ങിയ പലവിധ കാരണങ്ങളാൽ സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങൾക്ക് ആശ്വാസമായി അവരുടെ വീടുകളിൽ സർക്കാർ സേവനങ്ങളും ജീവൻ രക്ഷാമരുന്നും എത്തിക്കുന്നതിനുവേണ്ടി രൂപം നൽകിയിട്ടുള്ളതാണ് വാതിൽപ്പടി സേവനം പദ്ധതി. സാമൂഹിക സന്നദ്ധസേന, ആശാവർക്കർമാർ, അക്ഷയകേന്ദ്രങ്ങൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവയുടെ സഹകരണത്തോടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷനുള്ള അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹായത്തിനുള്ള അപേക്ഷ, ജീവൻരക്ഷാ മരുന്നുകളുടെ വിതരണം എന്നീ അഞ്ച് സേവനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

**ഗ്രാമീണ റോഡുകളുടെ നിലവാരം**

315 (2215) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ എളുപ്പത്തിൽ പൊട്ടിപ്പൊളിയുന്നതും ഗതാഗത യോഗ്യമല്ലാതാവുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ പൊട്ടിപ്പൊളിയുന്നതും ഗതാഗത യോഗ്യമല്ലാതാവുന്നതും ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക്, കേടുപാടുകൾ പരിഹരിച്ച് റോഡുകൾ കാലോചിതമായി നവീകരിക്കാൻ നടപടി സ്വീകരിക്കാറുണ്ട്.

(ബി) ഗ്രാമീണ, പഞ്ചായത്ത് റോഡുകൾ നവീകരിക്കുന്നതിനും ദീർഘകാലത്തേയ്ക്ക് നിലനിൽക്കുന്നതിനുമായി ബി.എം.&ബി.സി. നിലവാരത്തിൽ റോഡ് നിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുമോ?

ഗ്രാമീണ, പഞ്ചായത്ത് റോഡുകൾ, മറ്റ് റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ ചെയ്യുന്നത് അതാത് റോഡുകളിലൂടെകടന്നു പോകുന്ന വാഹനബാഹുല്യം കണക്കാക്കിയാകയാൽ, ആയത് എല്ലാ റോഡുകൾക്കും ആവശ്യമുള്ളതായിവരുന്നില്ല. ആവശ്യമുള്ള സാഹചര്യങ്ങളിൽ ബി.എം & ബി.സി. നിലവാരത്തിലുള്ള റോഡുകൾ നിർമ്മിച്ചുവരുന്നുണ്ട്. ആയതിന് പ്രത്യേക പദ്ധതി തയ്യാറാക്കേണ്ട ആവശ്യമില്ലാത്തതുമാണ്.

**നഗരത്തിൽ താഴ്ന്ന വരുമാനക്കാർക്കുള്ള താമസ സൗകര്യം**

316 (2216) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നഗരപ്രദേശങ്ങളിൽ താഴ്ന്ന വരുമാനക്കാർക്ക് കുറഞ്ഞ വാടകകയ്ക്ക് താമസ സൗകര്യം ലഭ്യമാക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളും നഗരസഭകളും സംയുക്തമായി നടപ്പാക്കുന്ന അഫോഡബിൾ റെന്റൽ ഹൗസിംഗ് കോംപ്ലക്സ് പദ്ധതി ഉടനടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഈ പദ്ധതിയിൽ പാലാ മുനിസിപ്പാലിറ്റിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

നഗര പ്രദേശത്ത് വിവിധ ആവശ്യങ്ങൾക്കായി താമസിക്കുന്ന താഴ്ന്ന വരുമാനത്തിൽപ്പെട്ടവർക്ക് ജോലി സ്ഥലത്തിനടുത്ത് താങ്ങാൻ കഴിയുന്ന വാടകയ്ക്ക് മാന്യവും സുരക്ഷിതവുമായ താമസ സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര-ഭവന നഗരകാര്യ മന്ത്രാലയം സംസ്ഥാന-പ്രാദേശിക സർക്കാരുകളുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് അഫോഡബിൾ റെന്റൽ ഹൗസിംഗ് കോംപ്ലക്സ് (ARHC). കുടിയേറ്റ തൊഴിലാളികൾ, വ്യാപാര/വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ, തെരുവ് കച്ചവടക്കാർ, വിദ്യാർത്ഥികൾ തുടങ്ങിയ വിഭാഗങ്ങൾക്കായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയുടെ ഉപപദ്ധതിയായി സംസ്ഥാന-പ്രാദേശിക സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിലാണ് ARHC പദ്ധതി നടപ്പിലാക്കുന്നത്. കുടുംബശ്രീയാണ് പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി. 9-10-2020-ലെ G.O.(RT)No.1857/2020/LSGD പ്രകാരം പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാരുമായി MOA-യിൽ ഏർപ്പെടുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 7-9-2020-ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി MOA-യിൽ ഏർപ്പെട്ടു. 18-9-2021-ന് തിരുവനന്തപുരത്തുവച്ച് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി പദ്ധതിയുടെ സംസ്ഥാനതല പ്രഖ്യാപനം നടത്തി. ഈ പദ്ധതിയിൽ നിലവിൽ പാലാ നഗരസഭ പ്രോജക്ടുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

### ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ മുഖേനയുള്ള സേവനങ്ങൾ

317 (2217) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനായി വികസിപ്പിച്ചെടുത്ത ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ നിലവിൽ ഏതെല്ലാം പഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ രണ്ടാം ഘട്ടമായി ഏതെല്ലാം പഞ്ചായത്തുകളിലാണ് വിന്യസിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഐ.എൽ.ജി.എം.എസ്. ഒന്നാം ഘട്ടത്തിൽ 153 ഗ്രാമ പഞ്ചായത്തുകളിലും രണ്ടാം ഘട്ടത്തിൽ 156 ഗ്രാമ പഞ്ചായത്തുകളിലുമാണ് നടപ്പിലാക്കിയത്. ഒന്നാം ഘട്ടമായും രണ്ടാം ഘട്ടമായും ഐ.എൽ.ജി.എം.എസ്. നടപ്പിലാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധം 1 & 2 ആയി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഐ.എൽ.ജി.എം.എസ്. ആപ്ലിക്കേഷൻ മുഖേന എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദീകരിക്കാമോ?

ഐ.എൽ.ജി.എം.എസ്. ആപ്ലിക്കേഷൻ മുഖേന നിലവിൽ ഓൺലൈനായി ലഭ്യമാക്കുന്ന സേവനങ്ങളുടെ ലിസ്റ്റ് അനുബന്ധം-3 ആയി ചേർക്കുന്നു*. ഇവ ഉൾപ്പെടെ ഗ്രാമപഞ്ചായത്ത് നല്കുന്ന സേവനങ്ങൾ ഫ്രണ്ട് ഓഫീസ് വഴി ഐ.എൽ.ജി.എം.എസ്.-ൽ ലഭിക്കുന്നതാണ്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

318 (2218) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നൽകിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏതൊക്കെയാണ്?

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, 50 വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവയാണ് സംസ്ഥാനത്ത് നിലവിൽ നൽകിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ.

(ബി) എത്ര പേർക്ക് നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിവരുന്നുണ്ട്?

6-10-2021-ലെ കണക്കുപ്രകാരം ആകെ 4901658 പേർക്കാണ് 2021 സെപ്റ്റംബർ മാസത്തെ പെൻഷൻ അനുവദിച്ചിട്ടുള്ളത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ സാമൂഹ്യ സുരക്ഷാ പെൻഷനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 3,557.04 കോടി രൂപ സാമൂഹ്യ സുരക്ഷാ പെൻഷനുവേണ്ടി അനുവദിച്ചിട്ടുണ്ട്.

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സിനിമാ തിയേറ്ററുകളുടെ വരുമാന നഷ്ടം

319 (2219) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിനിമാ തീയേറ്ററുകൾ അടഞ്ഞുകിടക്കുന്നത് കാരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദനികുതി ഇനത്തിൽ സംഭവിച്ചിട്ടുള്ള വരുമാനനഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

പഞ്ചായത്തുകളിൽ വിനോദ നികുതി വരുമാന നഷ്ടം കണക്കാക്കിയിട്ടില്ല. നഗരസഭകളിൽ വിനോദ നികുതി ഇനത്തിൽ സംഭവിച്ചിട്ടുള്ള വരുമാന നഷ്ടം കണക്കാക്കി ക്രോഡീകരിച്ച റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(ബി) സിനിമകളുടെ റിലീസിംഗ് ഒ.ടി.ടി. പ്ലാറ്റ്ഫോമുകളിലേക്ക് മാറിയ സാഹചര്യത്തിൽ ഒ.ടി.ടി. പ്ലാറ്റ്ഫോമുകളെക്കൂടി വിനോദ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനും പ്രസ്തുത ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന വരുമാനനഷ്ടം പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## ലൈഫ് മിഷൻ ഭവന നിർമ്മാണത്തിനായി അപേക്ഷ

320 (2220) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ ഭവന നിർമ്മാണത്തിനായി പുതുതായി അപേക്ഷ സ്വീകരിച്ചതിൽ എത്രപേരെയാണ് യോഗ്യരായി കണ്ടെത്തിയിട്ടുള്ളത്; ഇതിന് അംഗീകാരം നൽകുന്ന നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

ലൈഫ് മിഷൻ ഭവന നിർമ്മാണത്തിനായി പുതുതായി സ്വീകരിച്ച അപേക്ഷയിൻമേൽ അർഹതാ പരിശോധന നടത്തി ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) നേരത്തെ അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്ക് അപേക്ഷ കൊടുക്കാൻ അവസരം നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാൻ കഴിയാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പുതിയ പട്ടിക തയ്യാറാക്കുന്നതിനായി ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുവാൻ 1-8-2020 മുതൽ 23-9-2020 വരെയും 11-2-2021 മുതൽ 20-2-2021 വരെയും അവസരം നൽകിയിരുന്നു. വീണ്ടും അവസരം നല്കുന്ന കാര്യം പരിഗണനയിലില്ല.

### വിവാഹ സർട്ടിഫിക്കറ്റ് ക്യാൻസൽ ചെയ്യാൻ നിയമവ്യവസ്ഥ

321 (2221) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനെ തുടർന്ന് നൽകുന്ന വിവാഹ സർട്ടിഫിക്കറ്റ് വിവാഹമോചനം നേടുകയോ പങ്കാളികളിൽ ഒരാൾ മരണപ്പെടുകയോ ചെയ്താൽ ക്യാൻസൽ ചെയ്യുവാൻ വ്യവസ്ഥയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുനർവിവാഹം നടക്കുമ്പോൾ അത് രജിസ്റ്റർ ചെയ്യപ്പെടുന്നുവെങ്കിലും ആദ്യവിവാഹം ക്യാൻസൽ ചെയ്യാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ മേൽ സാഹചര്യത്തിൽ വിവാഹ സർട്ടിഫിക്കറ്റ് ക്യാൻസൽ ചെയ്യുവാൻ നിയമത്തിൽ വ്യവസ്ഥ ചെയ്യുമോ; വിശദാംശം നൽകുമോ?

ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

### ആരാധനാലയങ്ങളുടെ നിർമ്മാണം

322 (2222) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് ജില്ലാ കളക്ടറുടെ അനുമതി വേണമെന്ന വ്യവസ്ഥ എന്നാണ് കൊണ്ടുവന്നതെന്ന് വ്യക്തമാക്കാമോ?

സമുദായ അസ്വസ്ഥത തടയുന്നതിനും നിയന്ത്രിക്കുന്നതിനും സമുദായ മൈത്രി നിലനിർത്തുന്നതിനും വേണ്ടി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച പ്രകാരമുള്ള മാർഗ്ഗരേഖകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 23-9-1982-ൽ G.O.(P)No.125/82/Home നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പരിഷ്കരിച്ചുകൊണ്ട് 19-11-1991-ൽ പുറപ്പെടുവിച്ച G.O.(P)No.163/91/Home നമ്പർ ഉത്തരവിൽ

ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനുവേണ്ട അനുമതി ജില്ലാ അധികാരികളിൽ നിന്നായിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിൽ, 21-6-2010-ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം ആരാധനാലയങ്ങളുടെ നിർമ്മാണത്തിനോ കൂട്ടിച്ചേർക്കലിനോ ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണ്. 6-6-2007 മുതൽ പഞ്ചായത്തുകളിലും ഈ വ്യവസ്ഥ ബാധകമാക്കിയിരുന്നു.

(ബി) ഈ സർക്കാർ ഇതിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

14-2-2021-ലെ G.O.(P)No.19/2021/Home പ്രകാരം, ആരാധനാലയങ്ങളുടെ പുതിയ നിർമ്മാണത്തിനോ നിലവിലുള്ളവയുടെ കൂട്ടിച്ചേർക്കലുകൾക്കോ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൂർ അനുമതി മാത്രമേ ആവശ്യമായിട്ടുള്ളൂയെന്ന് ഭേദഗതി വരുത്തി ഉത്തരവായിട്ടുള്ളതാണ്. 2019-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ 28-6-2021-ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം ആരാധനാലയങ്ങളുടെ നിർമ്മാണത്തിനോ കൂട്ടിച്ചേർക്കലിനോ ജില്ലാ കളക്ടറുടെ അനുമതി വേണം എന്നത് മുനിസിപ്പാലിറ്റി/പഞ്ചായത്തിന്റെ അനുമതി എന്നാക്കി മാറ്റിയിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ്

323 (2223) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ വകുപ്പിലെ ഏതെല്ലാം തസ്തികകളാണ് കിലയ്ക്ക് വിട്ടുകൊടുക്കുന്നതിന് തീരുമാനം ആയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഓരോ തസ്തികയുടെയും എണ്ണം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) മേല്പറഞ്ഞ തസ്തികകളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കരട് വിശേഷാൽ ചട്ടത്തിലുൾപ്പെടുത്തിയിട്ടുള്ള തസ്തികകൾ ഏതൊക്കെയാണ്; കരട് വിശേഷാൽ ചട്ടത്തിലുൾപ്പെടുത്താത്ത തസ്തികകൾ ഏതൊക്കെയാണ്; കാരണം വ്യക്തമാക്കുമോ;

(സി) മേൽ ജീവനക്കാർക്ക് തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽ തുടരുന്നതിന് ഓപ്ഷൻ അനുവദിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച ശിപാർശകളോ നിർദ്ദേശങ്ങളോ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ-സി) തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കിയിട്ടില്ല.

**കെട്ടിട നിർമ്മാണ അനുമതിക്കായി ഐ.ബി.പി.എം.എസ്. സോഫ്റ്റ്‌വെയർ**

324 (2224) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ അനുമതിക്കായി ഐ.ബി.പി.എം.എസ്. സോഫ്റ്റ്‌വെയർ വഴി സമർപ്പിക്കുമ്പോൾ കെട്ടിട ഉടമയ്ക്ക് അപേക്ഷ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ മനസ്സിലാക്കുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ?

കെട്ടിട നിർമ്മാണ അനുമതിക്കായി ഐ.ബി.പി.എം.എസ്. സോഫ്റ്റ്‌വെയർ മുഖേന അപേക്ഷ സമർപ്പിക്കുന്നവർക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയുടെ വിവരം, തദ്ദേശസ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കുമ്പോഴുള്ള ഫയൽ നമ്പർ, സൈറ്റ് പരിശോധനയ്ക്കുള്ള ദിവസം, ഫീസ് അടയ്ക്കുമ്പോഴുള്ള ചെലാൻ, അപേക്ഷയിലെ ന്യൂനതകൾ സംബന്ധിച്ച വിവരം, തദ്ദേശസ്ഥാപനം നൽകുന്ന കെട്ടിട നിർമ്മാണാനുമതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ഇ-മെയിൽ/എസ്.എം.എസ്. മുഖേന ലഭിക്കുന്നതാണ്.

(ബി) ഐ.ബി.പി.എം.എസ്. സോഫ്റ്റ്‌വെയർ ഉപയോഗിക്കുമ്പോൾ തദ്ദേശസ്ഥാപനങ്ങളിൽ പോകാതെ തന്നെ ഉടമയ്ക്ക് കെട്ടിട നിർമ്മാണ അനുമതി ഓൺലൈൻ വഴി ലഭിക്കുമോ എന്നത് വിശദവിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

ഐ.ബി.പി.എം.എസ്. സോഫ്റ്റ്‌വെയർ ഉപയോഗിക്കുമ്പോൾ തദ്ദേശസ്ഥാപനങ്ങളിൽ പോകാതെതന്നെ ഐ.ബി.പി.എം.എസ്.-ന്റെ ഔദ്യോഗിക വെബ് സൈറ്റായ https://ibpms.kerala.gov.in-ന്റെ ഹോം പേജിൽ 'സിറ്റിസൺ സെർച്ച്' എന്ന ടാബിൽ ഫയൽ നമ്പർ നൽകി കെട്ടിട ഉടമയ്ക്ക് അപ്രൂവ്ഡ് ഡ്രോയിംഗ്-ഉം പെർമിറ്റ് ലെറ്ററും കാണാനും ഡൗൺലോഡ് ചെയ്യാനും സാധിക്കുന്നതാണ്.

(സി) സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിട നിർമ്മാണ അപേക്ഷയും ഐ.ബി.പി.എം.എസ്. സോഫ്റ്റ്‌വെയറും എങ്ങനെയാണ് ബന്ധിപ്പിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിട നിർമ്മാണ അപേക്ഷയും ഐ.ബി.പി.എം.എസ്. സോഫ്റ്റ്‌വെയറും ബന്ധിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

## ടേക്ക് എ ബ്രേക്ക് പദ്ധതി

325 (2225) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ ശുചിമുറി നിർമ്മിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ എത്ര പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്?

ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ ശുചിമുറി നിർമ്മിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ 2365 ശുചിമുറി സമുച്ചയങ്ങൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 1335 പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾ ഇതിനകം ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഇതിനാവശ്യമായ ഫണ്ട് എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇതിനായി തദ്ദേശസ്ഥാപനങ്ങളുടെ വികസന ഫണ്ട്, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട്, സ്വച്ഛ് ഭാരത് മിഷൻ പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ്, സ്വച്ഛ് ഭാരത് മിഷൻ (നഗരം) ഫണ്ട്, ശുചിത്വ കേരളം (റൂറൽ/അർബൻ), എം.പി. ഫണ്ട്, എം.എൽ.എ ഫണ്ട്, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ വികസന ഫണ്ടുകൾ എന്നിവ വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സൗജന്യമായി ഉപയോഗിക്കുന്നതിന് എത്ര ശുചിമുറികൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഗ്രാമപഞ്ചായത്തുകളിൽ 2 എണ്ണം, മുനിസിപ്പാലിറ്റികളിൽ 5 എണ്ണം, കോർപ്പറേഷനുകളിൽ 8 എണ്ണം വീതം ശുചിമുറികൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

## കെട്ടിട നിർമ്മാണ ചട്ടങ്ങൾ

326 (2226) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൊതുജനങ്ങൾക്ക് മനസിലാകുന്നതരത്തിൽ തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്ലാൻ വരയ്ക്കുന്ന അംഗീകൃത ലൈസൻസികൾക്കും ജനപ്രതിനിധികൾക്കും മറ്റ് ഉദ്യോഗസ്ഥർക്കും കെട്ടിട നിർമ്മാണ ചട്ടങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ എന്നറിയിക്കാമോ?

(എ&ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പ്രധാന വ്യവസ്ഥകൾ എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ടുള്ള പൊതുവായ സംശയങ്ങൾ ദൂരീകരിക്കുന്നതിനും ചട്ടങ്ങളെ സംബന്ധിച്ച വിവിധ തരത്തിലുള്ള വ്യാഖ്യാന സാധ്യത ഒഴിവാക്കി തികച്ചും സുതാര്യമായ രീതിയിൽ 2019-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ മനസ്സിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ പ്ലാനിംഗ് വകുപ്പ് 'കെട്ടിട നിർമ്മാണ ചട്ടങ്ങൾ-സംശയങ്ങളും വസ്തുതകളും' എന്ന കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഇത് ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും ലൈസൻസികൾക്കും വളരെ ഉപയോഗപ്രദമായ ഒന്നാണ്. കൂടാതെ KILA-യുമായി ചേർന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്.

**ലോകബാങ്ക് സഹായത്തോടെ മാലിന്യ സംസ്കരണ പദ്ധതി**

327 (2227) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോകബാങ്ക് സഹായത്തോടെ നഗരസഭകളിൽ മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നഗര പ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിനായി ലോക ബാങ്ക് സഹായത്തോടെ കേരള ഖരമാലിന്യ പരിപാലന പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ നഗരങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികളായ മാലിന്യ സംസ്കരണം, സാനിട്ടേഷൻ എന്നീ മേഖലകളിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആറ് വർഷമാണ് പദ്ധതി കാലയളവ്. പദ്ധതിയുടെ അടങ്കൽ തുക 300 മില്യൺ US ഡോളർ ആണ് (2,100 കോടി രൂപ). ഈ പദ്ധതിയുടെ

പ്രാരംഭപ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നു. ലോകബാങ്കുമായുള്ള എഗ്രിമെന്റ് ഇതുവരെ ലഭിച്ചിട്ടില്ല. വേൾഡ് ബാങ്ക്, കേരളാ ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, എന്നിവരുമായി 2021 നവംബർ മാസത്തിൽ എഗ്രിമെന്റിൽ ഒപ്പിടാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അർബൻ തദ്ദേശ സ്ഥാപനങ്ങളുടെ (ULBs) ഖരമാലിന്യ സംസ്കരണത്തിൽ നിലവിലുള്ള പ്രശ്നങ്ങൾക്ക് ഒരു സമ്പൂർണ്ണ പരിഹാരമായാണ് ലോകബാങ്ക് സഹായത്തോടെ കേരള ഖരമാലിന്യ സംസ്കരണ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി എല്ലാ നഗരങ്ങൾക്കും അഞ്ചുവർഷത്തെ ഖരമാലിന്യ പരിപാലന പദ്ധതികൾ തയ്യാറാക്കാൻ ആവശ്യമായ സഹായവും ബഹുവർഷ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ആവശ്യമായ ഉപദേശങ്ങളും നൽകുന്നതാണ്.

(ബി) ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പരിസ്ഥിതിക്ക് ഏറ്റവും ദോഷം കുറഞ്ഞ രീതിയിൽ മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഖരമാലിന്യ പരിപാലന മൂല്യശൃംഖലയിൽ വരുന്ന എല്ലാ പദ്ധതികളുടെയും ഉപപദ്ധതികളുടെയും രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം, പരിപാലനം എന്നിവയെല്ലാം ലോകബാങ്ക് വിദഗ്ധർ പ്രത്യേകിച്ചും പരിസ്ഥിതി മേഖലയിലെ ഓരോ പ്രവർത്തനവും പരിസ്ഥിതി സൗഹൃദവും പരിസ്ഥിതി സുസ്ഥിരവുമാക്കിമാറ്റുന്നതിന് മേൽനോട്ടം വഹിക്കും. ഈ പദ്ധതിക്കായി വികസിപ്പിച്ച പരിസ്ഥിതി, സാമൂഹിക ചട്ടക്കൂട് (ഇ.എം.എഫ്.), പ്രോജക്ട് ഇംപ്ലിമെന്റേഷൻ മാനുവൽ, പ്രത്യേകിച്ചും ലോക ബാങ്കിന്റെ പ്രവർത്തനനയങ്ങൾ തുടങ്ങിയ നിർദ്ദിഷ്ട പ്രവർത്തനരേഖകൾ തീരുമാനമെടുക്കുന്നവരെയും പങ്കാളികളെയും പദ്ധതിയുടെ ശാസ്ത്രീയമായും സാമ്പത്തികമായും എല്ലാ പാരിസ്ഥിതിക, സാമൂഹിക അപകടസാദ്ധ്യതകളും കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു. ഖരമാലിന്യ സംസ്കരണത്തിൽ നിലവിലുള്ള പ്രശ്നങ്ങൾ പഠിക്കുകയും പരാജയങ്ങൾ ആദ്യം വിലയിരുത്തുകയും ചെയ്യും. ഓരോ തദ്ദേശ സ്ഥാപനത്തിനും പ്രത്യേക ഡയഗ്നോസ്റ്റിക് റിപ്പോർട്ടും ഖരമാലിന്യ സംസ്കരണ പ്രവർത്തന പദ്ധതിയും പിന്നീട് വികസിപ്പിക്കും. പദ്ധതിയുടെ ഓരോ ഘട്ടവും നടപ്പാക്കുന്നതിന് സംസ്ഥാന ജില്ലാ തലങ്ങളിലെ പരിസ്ഥിതി, സാമൂഹിക വിദഗ്ധർ മേൽനോട്ടം വഹിക്കും. ഈ പദ്ധതിയുടെ എല്ലാ ഉപപദ്ധതികളുടെയും പാരിസ്ഥിതിക പ്രത്യാഘാത വിലയിരുത്തലിൽനിന്നും നിർദ്ദിഷ്ട പരിസ്ഥിതി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുകയും അതിന്റെ കർശനമായ നടപ്പാക്കൽ ഉറപ്പാക്കുകയും ചെയ്യുന്നു. പദ്ധതിയുടെ എല്ലാ ഘട്ടങ്ങളിലും സാദ്ധ്യമായ എല്ലാ സ്റ്റേക്ക് ഹോൾഡർമാരുടേയും ഫലപ്രദമായ പങ്കാളിത്തമാണ് ഈ പദ്ധതിയുടെ ഒരു പ്രധാന സവിശേഷത.

പദ്ധതിയുടെ എല്ലാ ഘട്ടങ്ങളിലും ബന്ധപ്പെട്ട എല്ലാ ആളുകളുടെയും പരാതികൾ ഉൾക്കൊള്ളിച്ച് ശരിയായ പരിഹാരം കണ്ടെത്തുന്നു. ജനങ്ങളുടെ പ്രതിഷേധം കാരണം മാലിന്യ സംസ്കരണ സൗകര്യങ്ങൾ പൂർണമായി അടച്ചുപൂട്ടാനുള്ള സാദ്ധ്യതകൾ ഇത് ഒഴിവാക്കുന്നു. കൂടാതെ, പദ്ധതിയുടെ ഭാഗമായി നിർമ്മിക്കേണ്ടിവരുന്ന മാലിന്യസംസ്കരണ പ്ലാന്റുകൾക്ക് ചുറ്റും താമസിക്കുന്ന ജനങ്ങളുടെ ജീവിത സുരക്ഷയും ജീവനോപാധികളും ഉറപ്പുവരുത്തുന്നതിനാവശ്യമായ സാമ്പത്തിക പാക്കേജുകൾ/പ്രത്യേക പുനരധിവാസ പദ്ധതികൾ/മറ്റ് വികസന പദ്ധതികൾ എന്നിവ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതാണ്. കേരളത്തിലെ നഗരങ്ങളിലെ മാലിന്യ സംസ്കരണ കേന്ദ്രങ്ങളിൽ വർഷങ്ങളായി സംസ്കരിക്കാതെ നിക്ഷേപിച്ചിരിക്കുന്ന ജൈവ അജൈവ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ മാലിന്യങ്ങളും (legacy waste) ബയോ മൈനിംഗ് നടത്തി സംസ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്. കേന്ദ്രീകൃത മാലിന്യ സംസ്കരണത്തെയും വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തെയും പ്രോത്സാഹിപ്പിക്കുന്ന ഒരു ഹൈബ്രിഡ് സമീപനം ഈ പ്രോജക്ടിൽ സ്വീകരിക്കുന്നു. അങ്ങനെ ULB-കളുടെ ഖരമാലിന്യ പ്രശ്നങ്ങളിൽ സ്ഥിരമായ ഫലങ്ങൾ കൈവരിക്കാൻ പദ്ധതിവഴി സാദ്ധ്യമാകുന്നു. ആത്യന്തികമായി ഒരു മാലിന്യവും പാഴാകാതിരിക്കാൻ ഈ പദ്ധതി 'മാലിന്യത്തിൽനിന്ന് സമ്പത്ത്' എന്ന ആശയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

(സി) അമൃത് പദ്ധതിയുടെ ഭാഗമായി കോർപ്പറേഷനുകളിൽ മാലിന്യ സംസ്കരണ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കോർപ്പറേഷനുകളിലായി 13 ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകളും 2 കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകളും നിർമ്മിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിൽ അവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. 376.93 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ടി പദ്ധതികൾ പൂർത്തീകരിക്കുന്നതോടുകൂടി 46.0 ദശലക്ഷം ദ്രവമാലിന്യം സംസ്കരിക്കുവാൻ സാധിക്കുന്നതാണ്.

(ഡി) മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി ഖരമാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നവകേരളം പുരസ്കാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണങ്ങൾക്ക് മികച്ച സംവിധാനം ഒരുക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നവകേരള പുരസ്കാരവും, പ്രശംസാപത്രവും

നൽകുന്നതിന് തീരുമാനിച്ചിരുന്നു. ഇതിൻ പ്രകാരം സർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ അനുസരിച്ച് ഹരിതകേരളം ജില്ലാതല ഏകോപന സമിതി തെരഞ്ഞെടുത്ത 11 നഗരസഭകളും, 14 ഗ്രാമപഞ്ചായത്തുകളും അവാർഡിന് അർഹത നേടി. അവാർഡ് വിതരണത്തിന്റേയും, പ്രശംസാപത്രമൊമെന്റോ വിതരണത്തിന്റെയും സംസ്ഥാന തല ഉദ്ഘാടനം 16-9-2021-ന് ഓൺലൈനായി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നിർവഹിച്ചു. പുരസ്കാര തുകയായ 2 ലക്ഷം രൂപ മേൽപറഞ്ഞ അവാർഡ് നേടിയ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

## കൊല്ലം ജില്ലയിലെ ലൈഫ് പദ്ധതി

328 (2228) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്ത സ്ഥലങ്ങൾ ഏതൊക്കെയെന്ന് തദ്ദേശ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്ത സ്ഥലങ്ങൾ തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് ചുവടെ ചേർക്കുന്നു*.

## വാതിൽപ്പടി സേവനങ്ങൾക്ക് സർവ്വീസ് ചാർജ്

329 (2229) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാതിൽപ്പടി സേവനം മുഖേന പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ സാമൂഹിക നീതി വകുപ്പിന്റെയും സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റിന്റെയും യോജിച്ച പ്രവർത്തനത്തിലൂടെ നടപ്പിലാക്കുന്ന വാതിൽപ്പടി സേവനം പദ്ധതിയുടെ ആദ്യഘട്ടത്തിൽ-

1. മസ്റ്ററിംഗ്;

2. ലൈഫ് സർട്ടിഫിക്കറ്റ്;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. സാമൂഹിക സുരക്ഷാ പെൻഷൻ അപേക്ഷ;

4. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായത്തിനുള്ള അപേക്ഷ;

5. ജീവൻരക്ഷാ മരുന്നുകൾ

എന്നിങ്ങനെ അഞ്ച് സേവനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഈ പദ്ധതി വഴി നടപ്പിലാക്കുന്ന സേവനങ്ങൾക്ക് സർവ്വീസ് ചാർജ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഇല്ല.

**വാതിൽപ്പടി സേവനം പദ്ധതി**

330 (2230) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാതിൽപ്പടി സേവനം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; എന്നുമുതൽ ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; അറിയിക്കുമോ?

പ്രായാധിക്യം, ഗുരുതരരോഗം, അതിദാരിദ്ര്യം തുടങ്ങിയ പലവിധ കാരണങ്ങളാൽ സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങൾക്ക് ആശ്വാസമായി അവരുടെ വീടുകളിൽ സർക്കാർ സേവനങ്ങളും ജീവൻ രക്ഷാമരുന്നും എത്തിക്കുന്നതിനുവേണ്ടി രൂപം നൽകിയിട്ടുള്ളതാണ് വാതിൽപ്പടി സേവനം പദ്ധതി. സാമൂഹിക സന്നദ്ധസേന, ആശാവർക്കർമാർ, അക്ഷയകേന്ദ്രങ്ങൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരുടെ സഹകരണത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷനുള്ള അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായത്തിനുള്ള അപേക്ഷ, ജീവൻരക്ഷാ മരുന്നുകളുടെ വിതരണം എന്നീ അഞ്ച് സേവനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ 50 തദ്ദേശഭരണ സ്ഥാപനങ്ങളിൽ (38 ഗ്രാമ പഞ്ചായത്തുകളിലും 12 നഗരസഭകളിലും) ആരംഭിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏത് വകുപ്പിനാണ്; പദ്ധതിയുടെ നടത്തിപ്പ്, മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പദ്ധതിയുടെ നടത്തിപ്പ് ചുമതല തദ്ദേശസ്വയംഭരണ വകുപ്പിനാണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി വാർഡ് തലത്തിലും

തദ്ദേശ സ്ഥാപനതലത്തിലും ജില്ലാ തലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വാതിൽപ്പടി സേവന പദ്ധതി നടത്തിപ്പിന്റെ സംസ്ഥാനതല ഏകോപന മേൽനോട്ട ചുമതലകൾ നിർവ്വഹിക്കുന്നതിനായി സംസ്ഥാനതല കോ-ഓർഡിനേറ്ററായ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ സംസ്ഥാന സെൽ രൂപീകരിച്ചിട്ടുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനതലത്തിൽ പ്രവർത്തിക്കുന്നവർക്ക് ഓണറേറിയമോ, യാത്രാചെലവ് ഉണ്ടാകുമെങ്കിൽ അതോ നൽകുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

സേവനം നൽകുന്ന സന്നദ്ധ പ്രവർത്തകർക്ക് പ്രതിപൂരണ (Reimbursement) തുക, യാത്രാചെലവ് എന്നിവ അനുവദിക്കുന്നതിന് 22-9-2021-ലെ സ.ഉ.(സാധാ) നമ്പർ1821/2021/ത.സ്വ.ഭ.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**റോഡുകൾക്ക് ബി.എം.& ബി.സി. ഉപയോഗിക്കുന്നത്**

331 (2231) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾക്ക് ബി.എം.& ബി.സി. ഉപയോഗിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അതാത് റോഡുകളിലൂടെ കടന്നു പോകുന്ന വാഹനബാഹുല്യം കണക്കാക്കിയാണ് റോഡുകൾക്ക് ബി.എം.&ബി.സി. ടാറിംഗ് നടത്തുന്നത്.

(ബി) പ്രസ്തുത റോഡുകൾക്ക് ബി.എം.&ബി.സി. ചെയ്യാൻ ട്രാഫിക് സ്റ്റഡി നടത്തേണ്ടതുണ്ടോ എന്നറിയിക്കാമോ?

ട്രാഫിക് സർവ്വെ നടത്തേണ്ടതുണ്ട്.

(സി) എം.എൽ.എ. (എസ്.ഡി.എഫ്., എ.ഡി.എസ്.) ഫണ്ടുകൾ ഉപയോഗിച്ച് റോഡുകൾക്ക് ബി.എം.&ബി.സി. ചെയ്യാൻ സാധിക്കുമോ?

വാഹന ബാഹുല്യം അനുസരിച്ച് ഡിസൈൻ ചെയ്യേണ്ടതും, എം.എൽ.എ. (എസ്.ഡി.എഫ്., എ.ഡി.എസ്.) ഫണ്ടുകൾ ഉപയോഗിച്ചുള്ള റോഡുകൾക്കും, ആവശ്യമെങ്കിൽ, ബി.എം.&ബി.സി. നിലവാരത്തിൽ റോഡുകൾ നിർമ്മിക്കാവുന്നതാണ്.

## പൂഞ്ഞാർ മണ്ഡലത്തിലെ ലൈഫ് പദ്ധതി

332 (2232) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലായി ഇതുവരെ എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളത്?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലായി ഇതുവരെ 1703 വീടുകളാണ് അനുവദിച്ചിട്ടുള്ളത്.

(ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കളുടെ തദ്ദേശസ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധം (1) ആയി ചേർക്കുന്നു.*

(സി) ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിലേക്കായി എത്ര അപേക്ഷകളാണ് പൂഞ്ഞാർ നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ചിട്ടുള്ളത്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ സർവ്വേയിലൂടെ കണ്ടെത്തിയ ഭൂരഹിത ഭവനരഹിതരുടെ തദ്ദേശസ്ഥാപനം തിരിച്ചുള്ള കണക്ക് അനുബന്ധം (2) ആയി ചേർക്കുന്നു.*

(ഡി) അപേക്ഷകളിന്മേലുള്ള അന്തിമ ഗുണഭോക്തൃപട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ സർവ്വേയിലൂടെ കണ്ടെത്തിയ ഭൂരഹിത ഭവനരഹിതരുടെ അന്തിമ ഗുണഭോക്തൃപട്ടികയുടെ തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള കണക്ക് അനുബന്ധം (3) ആയി ചേർക്കുന്നു.*

## കണ്ണൂർ ജില്ലയിൽ വഴിയോര വിശ്രമ കേന്ദ്രങ്ങൾ

333 (2233) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും അവയിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്ര എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ?

'ടേക്ക് എ ബ്രേക്ക്' പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ 173 വഴിയോര വിശ്രമകേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ 23 എണ്ണം പൂർത്തിയായിട്ടുണ്ട്.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും അവയിൽ എത്ര എണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ 20 വഴിയോര വിശ്രമകേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. അവയിൽ 3 എണ്ണം പൂർത്തിയായിട്ടുണ്ട്.

## കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ സി.എം.എൽ. ആർ.ആർ.പി. റോഡുകൾ

334 (2234) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിൽ എത്ര റോഡുകൾക്കാണ് സി.എം.എൽ. ആർ.ആർ.പി. ഫണ്ട് വഴി ഭരണാനുമതി നൽകിയത് എന്നറിയിക്കാമോ; അവയേതെല്ലാം; പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കാമോ?

(ബി) ഈ പദ്ധതിയിൽ എത്രയെണ്ണത്തിന് സാങ്കേതികാനുമതി നൽകി; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇവയിൽ എത്രയെണ്ണം ടെണ്ടർ ചെയ്തു; എത്രയെണ്ണത്തിൽ പണി പൂർത്തീകരിച്ചു; പണികൾക്ക് തുടക്കം കുറിച്ചത് ഏതെല്ലാം എന്നറിയിക്കാമോ?

(എ & ബി) പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

(സി) തദ്ദേശറോഡ് പുനരുദ്ധാരണത്തിന് ബില്ല് മാറുന്നതിന് എഞ്ചിനീയർമാർക്ക് അധികാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

22-9-2021-ലെ ജി.ഒ.(എം.എസ്.)നമ്പർ211/2021/എൽ.എസ്.ജി.ഡി. പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഈ വർക്കുകളുടെ പൂർത്തീകരണ കാലാവധി നീട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; 2022 മാർച്ച് 31 വരെയെങ്കിലും കാലാവധി ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് നിലനിന്നിരുന്ന ലോക്ഡൗൺ സാഹചര്യം കണക്കിലെടുത്ത് നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പിഴ കൂടാതെ 6 മാസത്തേക്ക് 31-7-2021-ലെ ജി.ഒ.(ആർ.റ്റി)നമ്പർ1444/2021/എൽ.എസ്.ജി.ഡി. പ്രകാരം നീട്ടിനൽകി ഉത്തരവായിട്ടുണ്ട്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന വിഷയം പരിശോധിച്ചിട്ടില്ല.

**മാവേലിക്കര മണ്ഡലത്തിലെ സി. എം. എൽ. ആർ. ആർ. പി. പദ്ധതി**

335 (2235) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുമോ?

പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

(ബി) പൂർത്തീകരിക്കാനുള്ളവ അടിയന്തരമായി പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി ജില്ല അടിസ്ഥാനത്തിൽ എഞ്ചിനീയർമാരുടെ യോഗം കൂടി നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച മാവേലിക്കര മുനിസിപ്പാലിറ്റിയിലെ 28-ാം വാർഡിലെ പുത്തൻമഠം-തെക്കേവീട്ടിൽ-കുറ്റിയിൽമുക്ക് റോഡ് നാളിതുവരെയായി നിർമ്മാണം നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പ്രവൃത്തിയുടെ തുക വകമാറ്റി ചെലവഴിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(സി-ഇ) ഭേദഗതി ആവശ്യപ്പെട്ടത് പ്രകാരം പുത്തൻമഠം-തെക്കേവീട്ടിൽ -കുറ്റിയിൽ മുക്ക് റോഡ് എന്ന പ്രവൃത്തി ഒഴിവാക്കിയിട്ടുള്ളതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തവനൂർ മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി ഫ്ലാറ്റ് നിർമ്മാണം

336 (2236) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി തവനൂർ മണ്ഡലത്തിലെ തൃപ്രങ്ങോട് പഞ്ചായത്തിലെ പെരുന്തല്ലൂർ എന്ന സ്ഥലത്ത് ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള സ്ഥലം വിട്ടുകിട്ടുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ?

തൃപ്രങ്ങോട് പഞ്ചായത്തിൽ 48/7, 48/17 എന്നീ സർവ്വേ നമ്പറിൽ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിൽ പാർപ്പിട സമുച്ചയത്തിന് അനുയോജ്യമായ 44 സെൻറ് സ്ഥലമുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലേക്ക് മാറ്റിനൽകുന്നതിനായി നിശ്ചിത പ്രൊഫോർമയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

നിശ്ചിത പ്രൊഫോർമയിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് തൃപ്രങ്ങോട് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കണ്ണൂർ നഗരസഭയ്ക്കായി പുതിയകെട്ടിട നിർമ്മാണം

337 (2237) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കോർപ്പറേഷനുവേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണപുരോഗതി വിശദമാക്കുമോ?

കണ്ണൂർ കോർപ്പറേഷന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി 24.85 കോടി രൂപയുടെ അനുമതി കിഫ്ബി മുഖേന ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയറുടെ സാങ്കേതിക അനുമതികൂടി ലഭ്യമാകേണ്ടതുണ്ട്. സാങ്കേതിക അനുമതി ലഭ്യമാകുന്നമുറയ്ക്ക് ഇംപാക്ട് ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത നിർമ്മാണത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട സാങ്കേതിക അനുമതി വൈകുന്നതുമൂലമാണ് ടെണ്ടർ നടപടികൾ ആരംഭിക്കാൻ വൈകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**എടച്ചേരി രജിസ്ട്രേഷൻ കെട്ടിട നിർമ്മാണത്തിന് ഭൂമി വിട്ട് നൽകൽ**

338 (2238) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭൂമി വിട്ട് നൽകാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്ത് സർവ്വേ നമ്പർ 163/5-ൽ ഉൾപ്പെട്ടതും എടച്ചേരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ 50 സെന്റ് ഭൂമിയിൽ എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്നതിനുള്ള ഭരണസമിതി തീരുമാനം ഉൾപ്പെടുത്തിയ കത്ത് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ ശിപാർശ നാളിതുവരെ ലഭിച്ചിട്ടില്ല.

**ഹരിപ്പാട് മണ്ഡലത്തിലെ മറുതാമുക്ക് - വെട്ടുവേനി ജംഗ്ഷൻ- അരണപ്പുറം റോഡിന്റെ നിർമ്മാണം**

339 (2239) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരളയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി എൽ.എസ്.ജി.ഡി. വിഭാഗം മുഖേന നിർവ്വഹണം നടത്താൻ അനുമതി ലഭിച്ചിട്ടുള്ള ഹരിപ്പാട് മണ്ഡലത്തിലെ മറുതാമുക്ക്-വെട്ടുവേനി ജംഗ്ഷൻ- അരണപ്പുറം റോഡിന്റെ നിർമ്മാണം വൈകുന്നതിനുള്ള കാരണം എന്തെന്ന് വിശദമാക്കാമോ?

ഹരിപ്പാട് മുനിസിപ്പാലിറ്റിയിലെ മറുതാമുക്ക്-നരസിംഹത്ത് റോഡ് വരെയുള്ള പ്രവർത്തിയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഉദുമ മണ്ഡലത്തിലെ പി. എം. ജി. എസ്. വൈ.-യിൽ ഉൾപ്പെടുത്തിയ റോഡുകൾ

340 (2240) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽ പി.എം.ജി.എസ്. വൈ.-യിൽ ഉൾപ്പെടുത്തിയ എത്ര റോഡുകൾ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉദുമ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച 24 റോഡുകൾ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ജില്ലാ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ താഴെപ്പറയുന്ന 4 റോഡുകളുടെ അറ്റകുറ്റപ്പണിക്കായി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്.

1. വാവടുക്കം കൊട്ടോടി റോഡ് പാർശ്വഭിത്തി നിർമ്മാണം 25,00,000 രൂപ
2. മുന്നാട് ഉദയപുരം റോഡ് റീടാറിംഗ് പ്രവൃത്തി 1,50,00,000 രൂപ
3. പാക്കം ചെറുവട്ട റോഡ് റീടാറിംഗ് പ്രവൃത്തി 17,50,000 രൂപ
4. ബേത്തൂർപാറ കരുവഞ്ചം റോഡ് റീടാറിംഗ് പ്രവൃത്തി 50,00,000 രൂപ

(സി) ജില്ലാ പഞ്ചായത്തിന് കൈമാറിയ മുന്നാട്-മരുതംകര-വട്ടംതട്ട റോഡ് അറ്റകുറ്റപ്പണി ചെയ്യുന്നതിന് ജില്ല പഞ്ചായത്ത് തുക വകയിരുത്തി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

മുന്നാട്-മരുതംകര-വട്ടംതട്ട റോഡിന് കാസർഗോഡ് ജില്ലാ പഞ്ചായത്ത് 2018-19-ൽ ബഹുവർഷ പദ്ധതിയായി 45,30,000 രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന് 10-08-2018-ന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി സെലക്ഷൻ നോട്ടീസ് നൽകുകയും 9-10-2018-ന് ശ്രീ. ഷംസുദ്ദീൻ എം. എന്ന കരാറുകാരനുമായി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുമുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) വർഷങ്ങൾ കഴിഞ്ഞിട്ടും ഈ പ്രവൃത്തി കരാറുകാരൻ ചെയ്യാത്ത വിഷയം ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) മേജർ പി.ഡബ്ല്യൂ.ഡി. റോഡുകളെ ബന്ധിപ്പിക്കുന്ന മുന്നാട്-മരുതംകര-വട്ടംതട്ട റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ഡി&ഇ) ഉണ്ട്. 8-4-2019-ന് ടി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കാലാവധി പിഴയോടുകൂടി 31-12-2019, 29-2-2020, 31-12-2020 എന്നിങ്ങനെ ദീർഘിപ്പിച്ചുനൽകിയിരുന്നു. എന്നാൽ ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. തുടർന്ന് 25-1-2021, 10-5-2021, 16-6-2021, 8-9-2021, 4-10-2021 എന്നീ തീയതികളിൽ കരാറുകാരന് എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ടായിരുന്നു. മറുപടി ലഭിക്കാത്തപക്ഷം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് വിഭജനം**

341 (2241) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി, ജനസംഖ്യ, വാർഡുകളുടെ എണ്ണം എന്നിവ എത്രയാണെന്ന് അറിയിക്കാമോ?

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി 38 ച.കി.മി. ആണ്. ജനസംഖ്യ 52541 ആണ്. (2011 സെൻസസ്) ഈ ഗ്രാമപഞ്ചായത്തിലെ വാർഡുകളുടെ എണ്ണം 23 ആണ്.

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിക്കേണ്ടതാണെന്നും പുതിയൊരു ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അതിർത്തി പുനർനിർണയിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കാൻ നിയോഗിച്ച സമിതി ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി ശിപാർശകൾ സംബന്ധിച്ച് സ്വീകരിച്ച

തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഗ്രാമ പഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ട ആവശ്യകതയും നഗരവത്കരണത്തിന്റെ പശ്ചാത്തലത്തിൽ നഗര സ്വഭാവം കൈവരിച്ച ഗ്രാമപഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനം ചെയ്യേണ്ട ആവശ്യകതയും നിലവിലുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭയുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ആവശ്യകതയും നഗരസഭകളുടെ പദവി ഉയർത്തുന്ന ആവശ്യകതയും പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കാനായി ഒരു സമിതി നേരത്തേ രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ച ശിപാർശ സർക്കാർ അംഗീകരിച്ചിരുന്നു. കൂടാതെ ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപികരിക്കാൻ കഴിയുന്ന പുതിയ ഗ്രാമപഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാദ്ധ്യതാ പട്ടിക തയ്യാറാക്കി സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം സർക്കാർ മാനദണ്ഡം അനുസരിച്ചും പ്രദേശത്തിന്റെ സവിശേഷതകൾ ആധാരമാക്കിയും കേരളത്തിൽ പുതുതായി രൂപീകരിക്കേണ്ട/വിഭജിക്കേണ്ട/അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും സാദ്ധ്യതാ പട്ടിക തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. സർക്കാർ ഈ കാര്യങ്ങൾ പരിശോധിക്കുകയും ചുവടെ ചേർത്തിരിക്കുന്ന കാരണങ്ങൾ പരിഗണിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്യുകയുണ്ടായി. കൂടുതൽ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതുകൊണ്ട് വലിയ സാമ്പത്തിക ബാദ്ധ്യത സർക്കാരിനുണ്ടാകും. അത്രയും ബാദ്ധ്യത സർക്കാരിന് ഏറ്റെടുക്കാൻ കഴിയില്ല. 2020 ഒക്ടോബർ മാസത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തേണ്ടുന്നതിനാലും തെരഞ്ഞെടുപ്പിന് ഒരു വർഷം പോലും അവശേഷിക്കാത്ത ആ സാഹചര്യത്തിൽ പഞ്ചായത്ത് വിഭജനവും വാർഡ് വിഭജനവും വോട്ടർ പട്ടിക തയ്യാറാക്കലും പ്രായോഗികമായി പൂർത്തീകരിക്കാൻ പ്രയാസമുള്ളതുമായിരുന്നു.

(ഡി) കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പാരിപ്പള്ളി പഞ്ചായത്ത് രൂപീകരിയ്ക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

13-11-2019-ലെ സ.ഉ.(കൈ)നമ്പർ143/2019/ത.സ്വ.ഭ.വ. പ്രകാരം പുതിയ ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനം എടുത്തിട്ടുള്ളതാണ്.

## ആലപ്പുഴ ജില്ലയിലെ പറവൂരിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയം

342 (2242) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ പറവൂരിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന് എത്ര കോടി രൂപയാണ് നിർമ്മാണച്ചെലവ് കണക്കാക്കിയിട്ടുള്ളതെന്നും എത്ര കുടുംബങ്ങൾക്കായാണ് ഇത് നൽകുന്നതെന്നും വ്യക്തമാക്കാമോ?

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന 156 അപ്പാർട്ട്മെന്റുകൾ അടങ്ങിയ ഭവന സമുച്ചയത്തിന് 35,02,74,610 രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

(ബി) എട്ട് മാസംകൊണ്ട് നിർമ്മാണം പൂർത്തിയാക്കുമെന്ന് പ്രഖ്യാപിച്ച് നിർമ്മാണം ആരംഭിച്ച പദ്ധതി ഒന്നരവർഷം കഴിഞ്ഞിട്ടും അടിത്തറ നിർമ്മാണത്തിൽ മാത്രം നിൽക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത നിർമ്മാണത്തിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്നും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

കോവിഡ് 19 സാഹചര്യവും മറ്റ് സാങ്കേതിക കാരണങ്ങളാലും നിർമ്മാണത്തിന് കാലതാമസ്സം നേരിട്ടിട്ടുണ്ട്. നിർമ്മാണം അടിയന്തരമായി പുനരാരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഇരവിപുരം മണ്ഡലം - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

343 (2243) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം അനുവദിച്ച റോഡുകളുടെ പട്ടിക വ്യക്തമാക്കാമോ;

(ബി) ഓരോ റോഡിനും അനുവദിച്ച തുക എത്രയെന്നും ഏതെല്ലാം റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും ഇനി പൂർത്തീകരിക്കുവാൻ ബാക്കിയുള്ള റോഡുകളുടെ നിലവിലെ പ്രവർത്തന പുരോഗതിയെന്തെന്നും വിശദമാക്കാമോ?

(എ&ബി) പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

## മലപ്പുറം മണ്ഡലത്തിലെ മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി

344 (2244) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി (സി.എം.എൽ.ആർ.ആർ.പി.) പ്രകാരം നാളിതുവരെ മലപ്പുറം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഓരോ പദ്ധതികളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

(എ& ബി) വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) മങ്ങാട്ടുപുലം-ഹാജിയാർപള്ളി തൂക്കുപാലം പുനർനിർമ്മാണത്തിന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫണ്ട് അനുവദിക്കുവാനും ഭരണാനുമതി നൽകുവാനും സത്വര നടപടികൾ സ്വീകരിക്കുമോ?

1-7-2020-ലെ സ.ഉ(സാധാ)നമ്പർ1300/2020/തസ്വഭവ. പ്രകാരം മേൽ പ്രവൃത്തിക്ക് 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ഡി) ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം പുതിയ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

CMLRRP പദ്ധതി പ്രകാരം അനുവദിച്ച തുകയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് പരിഗണനയിലില്ല.

## അഴീക്കോട് മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി

345 (2245) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമാക്കാമോ?

അഴീക്കോട് മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം 216 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.*

(ബി) നിർമ്മാണം നടന്നുവരുന്ന ഭവനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിർമ്മാണം നടന്നുവരുന്ന വീടുകളുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.*

## നിലമ്പൂർ റോഡ് റെയിൽവേ സ്റ്റേഷനിൽ വൺ വേ ഐ.ആർ.എസ്. പ്ലാറ്റ്ഫോം നിർമ്മാണം

346 (2246) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷം പ്രോജക്ട് ഐ.ടി. 11262 ആയി 12.50 ലക്ഷം അടങ്കൽ തുകയിൽ അനുവദിച്ചിരുന്ന നിലമ്പൂർ റോഡ് റെയിൽവേ സ്റ്റേഷനിൽ വൺ വേ ഐ.ആർ.എസ്. പ്ലാറ്റ്ഫോം നിർമ്മാണം എന്ന പ്രവൃത്തി ഇതുവരെയും ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ അടങ്കൽ തുക റെയിൽവേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിന് മലപ്പുറം തദ്ദേശസ്വയംഭരണ വകുപ്പ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ഈ പ്രവൃത്തിക്കായി 12,50,000 രൂപ ബിൽ റഫറൻസ് നം.21115019951 8500335213, തീയതി 24-8-2021-ആയി ചെന്നൈ സൗത്ത് റെയിൽവേ അക്കൗണ്ട് നമ്പർ1186402609-ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. റെയിൽവെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(സി) മലപ്പുറം ജില്ലയിലെ ഏതെല്ലാം എം.എൽ.എ.-മാരാണ് 2016-17 മുതൽ 2020-21 വരെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് റെയിൽവേ സ്റ്റേഷനുകളിൽ വിവിധ പ്രവൃത്തികൾ നിർദ്ദേശിച്ചതെന്നും നിർദ്ദേശിച്ച വർഷവും അടങ്കൽ തുകയും പ്രവൃത്തികളുടെ നിർവ്വഹണ അവസ്ഥയും അടക്കമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ?

വിശദാംശം അടങ്ങിയ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മലപ്പുറം ജില്ലയിലെ മറ്റ് എം.എൽ.എ.-മാർ റെയിൽവേ സ്റ്റേഷനുകളിൽ 2019-20-ന് ശേഷം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർദ്ദേശിച്ച പ്രവൃത്തികൾ നിർവ്വഹിച്ചിട്ടും നിലമ്പൂർ എം.എൽ.എ. നിർദ്ദേശിച്ച പ്രവൃത്തികൾക്ക് മാത്രം ഭരണാനുമതി ലഭ്യമാക്കുന്നതിലും നിർവ്വഹിക്കുന്നതിലും ബോധപൂർവ്വമായ കാലതാമസം മലപ്പുറം തദ്ദേശസ്വയംഭരണ വകുപ്പ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഉണ്ടാകുന്നുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

(ഇ) ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകും എന്നാണ് കരുതുന്നത്; പ്രസ്തുത ഫയലിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ മനഃപൂർവ്വമായ കാലതാമസം വരുത്തിയിട്ടുണ്ടെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

മനഃപൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല. റെയിൽവേയ്ക്ക് തുക കൈമാറിയിട്ടുണ്ട്.

## കൊല്ലം മണ്ഡലത്തിലെ സി. എം. എൽ. ആർ. ആർ. പി. പദ്ധതി

347 (2247) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.എൽ.ആർ.ആർ.പി. പദ്ധതിയിൽ കൊല്ലം മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; അവയുടെ നിർവ്വഹണ പുരോഗതി എപ്രകാരമാണ്; വിശദാംശം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിയിൽ പുതുതായി ഭരണാനുമതി നൽകുന്നതിന് പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് പരിഗണനയിലില്ല.

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ദേശാഭിമാനി പത്രം

348 (2248) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങളെ ദേശാഭിമാനി പത്രത്തിന്റെ വാർഷിക വരിക്കാരാക്കുന്നതിന് സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഇല്ല.

(ബി) സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾക്ക് പകരമായി സർക്കാരിന്റെ നിർദ്ദേശപ്രകാരം ഒരു ദേശാഭിമാനി പത്രം ഒരു കുടുംബശ്രീ എടുക്കണം എന്ന ആലപ്പുഴ തലവടി പഞ്ചായത്തിലെ കുടുംബശ്രീ എ.ഡി.എസ്.-ന്റെ വാട്സ്ആപ് സന്ദേശം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതാണോ;

(സി) പ്രസ്തുത സംഭവത്തിൽ അന്വേഷണത്തിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സമാനമായ രീതിയിൽ മറ്റ് കുടുംബശ്രീ യൂണിറ്റുകളിൽ അംഗങ്ങളെ ദേശാഭിമാനി വരിക്കാരാകാൻ നിർബന്ധിക്കുന്നുണ്ടോ എന്ന് പരിശോധനാവിധേയമാക്കാമോ?

അത്തരത്തിൽ ഒരു വിഷയം ശ്രദ്ധയിൽപ്പെടുന്ന പക്ഷം പരിശോധനാവിധേയമാക്കുന്നതാണ്.

## പാലക്കാട് എ.ഡി.എസ്. പ്രവൃത്തികൾ

349 (2249) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എം.എൽ.എ.എ.ഡി.എസ്. (Member of Legislative Assembly Area Development Schemes) ഉപയോഗിച്ച് പ്രവൃത്തി നടപ്പിലാക്കുവാൻ ഭരണാനുമതി ലഭ്യമാക്കിയ മുൻവർഷങ്ങളിലെ പല പ്രവൃത്തികളും എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗത്തിന്റെ പിടിപ്പുകേടുകൊണ്ട് പണി പൂർത്തിയാകാതെ കിടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

പാലക്കാട് ജില്ലയിൽ എൽ.എ.സി.-എ.ഡി.എസ്. (Legislative Assembly Constituency - Asset Development Scheme) ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി ലഭ്യമാക്കി, പാലക്കാട് ജില്ലാ പഞ്ചായത്ത് കാര്യാലയം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ എല്ലാം തന്നെ കൃത്യമായി മോണിറ്ററിംഗ് നടത്തി, മുടങ്ങിക്കിടക്കുന്ന പ്രവൃത്തികളെല്ലാം പൂർത്തീകരിക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പല പദ്ധതികളും നിർവ്വഹണഘട്ടത്തിൽ മുൻകൂട്ടി കാണാൻ കഴിയാത്ത ചില പ്രശ്നങ്ങൾമൂലം തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അത്തരത്തിൽ പ്രവൃത്തി വൈകിയ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ, 2016-17 സാമ്പത്തിക വർഷത്തിൽ, അട്ടപ്പാടി, ഷോളയൂർ ഗ്രാമപഞ്ചായത്തിലെ വട്ടലക്കി-ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തി അല്ലാതെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിംഗ്മൂലം പ്രവൃത്തി പൂർത്തിയാകാതെ കിടക്കുന്നുവെന്ന ആക്ഷേപം നാളിതുവരെയായി ഉണ്ടായിട്ടില്ല.

(ബി) ഇപ്രകാരം മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ആവശ്യമായ നിർദ്ദേശം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉൾപ്പെടെയുള്ളവർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ?

മുടങ്ങി കിടക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി അവലോകനയോഗം കൂടുകയും, പുരോഗതി വിലയിരുത്തുകയും പ്രവൃത്തി പൂർത്തീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## മുനിസിപ്പാലിറ്റി ജീവനക്കാരുടെ ശമ്പളം

350 (2250) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റി ജീവനക്കാർ സർക്കാർ ഉദ്യോഗസ്ഥർ ആണെന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള മുനിസിപ്പാലിറ്റി ആക്ട് 222-ാം വകുപ്പ് ഭേദഗതി ചെയ്ത് 2-12-2019-ലെ 2952 Vol.VIII സബ്ക്ലോസ് 3 നമ്പർ വിജ്ഞാപന പ്രകാരം കണ്ടിജന്റ് ജീവനക്കാർ ഒഴികെ മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാരാണ്.

(ബി) തദ്ദേശസ്വയംഭരണ പൊതുസർവ്വീസിലെ വകുപ്പുകളിൽ ഉൾപ്പെടുന്ന ജീവനക്കാരിൽ മുൻസിപ്പാലിറ്റി ജീവനക്കാർക്ക് മാത്രം അതാത് മുനിസിപ്പാലിറ്റികളാണ്

ശമ്പളവും പെൻഷനും നൽകുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ജീവനക്കാർക്ക് മാത്രം സർക്കാർ ശമ്പളവും പെൻഷനും നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ആയത് പരിഹരിച്ച് മുനിസിപ്പാലിറ്റി ജീവനക്കാർക്ക് സർക്കാർ നേരിട്ട് ശമ്പളവും പെൻഷനും നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഉണ്ട്. ശമ്പളവും പെൻഷനും സർക്കാർ നേരിട്ട് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കുന്ന നടപടി

351 (2251) ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ടുകൾ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് നിഷ്കർഷിച്ച് ധനവകുപ്പ് ഉത്തരവിറക്കിയത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിരുന്നോ; എങ്കിൽ ഈ ചർച്ചകളിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിലപാട് എന്തായിരുന്നുവെന്ന് വിശദമാക്കാമോ?

ചർച്ച നടത്തിയിട്ടില്ല.

(സി) ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പാറശ്ശാല മണ്ഡലത്തിലെ ഭൂരഹിതർക്കുള്ള സഹായം

352 (2252) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ഭൂരഹിതരായ ഭവനരഹിതർ എത്രപേരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം അറിയിക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി അർഹരായ ഭൂരഹിത ഭവനരഹിതരായവരുടെ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | ഭൂരഹിതരായ ഭവനരഹിതർ |
|---|---|
| അമ്പൂരി | 62 |
| ആര്യങ്കോട് | 54 |
| കള്ളിക്കാട് | 106 |
| കൊല്ലയിൽ | 81 |
| കുന്നത്തുകാൽ | 76 |
| ഒറ്റശേഖരമംഗലം | 150 |
| പാറശ്ശാല | 158 |
| പെരുങ്കടവിള | 33 |
| വെള്ളറട | 720 |
| ആകെ | 1440 |

(ബി) ഇവർക്ക് ഭൂമിയും വീടും ലഭ്യമാക്കി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

തദ്ദേശസ്വയംഭരണസ്ഥാപനം/വകുപ്പുകളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ഭൂമി വാങ്ങിച്ചുനൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഭൂമി ആർജ്ജിച്ച 152 പേർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം വിവിധ ഘട്ടങ്ങളിലായി എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്ര വീടുകളുടെ നിർമ്മാണം നടന്നുവരുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ

സ്ഥാപനാടിസ്ഥാനത്തിൽ പട്ടികയായി അറിയിക്കാമോ?

ലൈഫ് ഭവന പദ്ധതി പ്രകാരം വിവിധ ഘട്ടങ്ങളിലായി നിർമ്മാണം പൂർത്തീകരിച്ചവീടുകളുടേയും നിർമ്മാണ പുരോഗതിയിലുള്ളവീടുകളുടേയും തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.*

(ഡി) ഈ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചതും എന്നാൽ പ്രവൃത്തികൾ ഇതുവരെ ആരംഭിക്കാത്തതുമായ വീടുകളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ പട്ടികയാക്കി ലഭ്യമാക്കാമോ; ഈ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചതും എന്നാൽ പ്രവൃത്തികൾ ഇതുവരെ ആരംഭിക്കാത്തതുമായ വീടുകളുടെ എണ്ണം തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ചുവടെ നൽകുന്നു.*

(ഇ) പ്രസ്തുത മണ്ഡലത്തിൽ ഇതുവരെ ലൈഫ് മിഷനിൽ അപേക്ഷ നൽകാൻ കഴിയാത്ത അർഹരായ നിരവധി ആൾക്കാരുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരക്കാർക്ക് പുതുതായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസരം നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാൻ കഴിയാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പുതിയ പട്ടിക തയ്യാറാക്കുന്നതിനായി ഓൺലൈൻ മുഖേന അപേക്ഷ നൽകാൻ 1-8-2020 മുതൽ 23-9-2020 വരെയും 11-2-2021 മുതൽ 20-2-2021 വരെയും അവസരം നൽകിയിരുന്നു.

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തനം**

353 (2253) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് പ്രവർത്തന മാനദണ്ഡമായിട്ടുണ്ടോ; അധികാര വികേന്ദ്രീകരണത്തിന്റെ നാളുകളിൽ ജനസംവിധാനം അധികാര കേന്ദ്രീകരണത്തിന് വഴിവയ്ക്കുകയില്ലേ; വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫങ്ഷണൽ മാന്വൽ തയ്യാറാക്കുന്നതിനുള്ള രൂപരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണം പൂർണഅർത്ഥത്തിൽ നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. അധികാര വികേന്ദ്രീകരണവും തദ്ദേശസ്വയംഭരണ സംവിധാനവും ശക്തിപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ സജ്ജമാക്കുക എന്നതാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് കഴിയും. ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതിനും ജില്ലാ പദ്ധതിയും സംസ്ഥാന പദ്ധതിയും തമ്മിലുള്ള പരസ്പര പൂരകത്വം ഉറപ്പാക്കുന്നതിനും കഴിയും. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതോടെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ സാങ്കേതിക വിഭാഗം ജീവനക്കാരായ എഞ്ചിനീയറിംഗ്, നഗര-ഗ്രാമാസൂത്രണം, പൊതുജനാരോഗ്യം എന്നീ മേഖലകളിലെ ഉദ്യോഗസ്ഥരുടെ സേവനം വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ആസൂത്രണ സമിതികൾക്കും മെച്ചപ്പെട്ട നിലയിൽ ഉറപ്പാക്കാൻ കഴിയും. ത്രിതലപഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഉദ്യോഗസ്ഥർ ഒറ്റ വകുപ്പിലായിത്തീരുന്നതോടെ എല്ലാ തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷന്മാർക്കും ഇവരുമായി വകുപ്പ് ഭേദമില്ലാതെ ഇടപെടാൻ കഴിയുന്നതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് അവരുടെ സേവനം ഉപയോഗപ്പെടുത്താൻ കഴിയുന്നതുമാണ്.

(ബി) വകുപ്പുകളുടെ ഏകോപനത്തിലൂടെ പൊതുജനങ്ങൾക്ക് എന്തുതരം സേവനമാണ് അധികമായി ലഭിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ?

വ്യത്യസ്ത തലങ്ങളിലായി നിൽക്കുന്ന അഞ്ചുവകുപ്പുകൾ ഏകീകരിക്കുന്നതോടുകൂടി ഭരണരംഗത്തും ആസൂത്രണത്തിലും ഉണ്ടാകുന്ന വലിയ മാറ്റങ്ങളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. ഇതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതയും വികസന നേട്ടങ്ങളും ഉയർത്തുന്നതിനും പ്രാദേശിക വികസനത്തിൽ ഏകോപനവും സംയോജനവും ഉറപ്പാക്കുന്നതിനും കഴിയും. ഗ്രാമപഞ്ചായത്തിലും, ബ്ലോക്ക് പഞ്ചായത്തിലും ജില്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലുമുള്ള ജീവനക്കാർ ഒരേ വകുപ്പിനുകീഴിൽ ആവുന്നതോടെ സേവന, വികസന പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന മാറ്റം ജനങ്ങൾക്ക് അനുഭവവേദ്യമാകും. വിവിധ തട്ടുകളിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ആസൂത്രണ

പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് അനിവാര്യമാണ്. ഇത്തരം ഏകോപനം തദ്ദേശസ്വയംഭരണ പൊതുസർവ്വീസിലൂടെ സാദ്ധ്യമാകുന്നതാണ്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ജില്ലാ-ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾക്കിടയിലും ഇവ തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ചുകൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. തദ്ദേശസ്വയംഭരണ പൊതുഭരണ സംവിധാനം ഏകോപിതമായി പ്രവർത്തിക്കുന്നതോടെ വിവിധ കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിച്ച് സമഗ്ര വികസന പദ്ധതികളാക്കി മാറ്റി വികസന നേട്ടങ്ങൾ ഉയർത്തുന്നതിനും തദ്ദേശഭരണ വകുപ്പിന്റെ ഭാഗമായ സാങ്കേതിക വിഭാഗം ജീവനക്കാരായ എഞ്ചിനീയറിംഗ്, നഗര-ഗ്രാമാസൂത്രണം, പൊതുജനാരോഗ്യം എന്നീ മേഖലകളിലെ ഉദ്യോഗസ്ഥരുടെ സേവനം വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ആസൂത്രണ സമിതികൾക്കും മെച്ചപ്പെട്ട നിലയിൽ ഉറപ്പാക്കുന്നതിനും കഴിയും.

(സി) തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളെ ഇക്കാര്യം എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ വകുപ്പുകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ കേരള സർവ്വീസ് റൂൾസ് (KSR) അനുസരിച്ചുതന്നെ ആയിരിക്കുന്നതാണ്.

(ഡി) ലോക്കൽ ഡെവലപ്മെന്റ് കമ്മീഷൻ തയ്യാറാക്കി സമർപ്പിച്ച കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള തുടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചീനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചുകൊണ്ട് സ.ഉ.(കൈ)നം.106/2020/ത.സ്വ.ഭ.വ. തീയതി 17-7-2020 പ്രകാരം ഉത്തരവായിരുന്നു. ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ തയാറാക്കി സമർപ്പിച്ച സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങൾ സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾക്കും

നിർദ്ദേശങ്ങൾക്കുമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ 22-12-2020-ൽ പ്രസിദ്ധീകരിച്ചു. 2021 ഫെബ്രുവരി 15-ാം തീയതി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ സർവ്വീസ് സംഘടനകളുമായി വെർച്വൽ മീറ്റിംഗ് നടത്തിയിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിന്റെയും സെക്രട്ടറിമാരുടെ കമ്മിറ്റി യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കരട് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തിയിരുന്നു. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 19-7-2010-ലെ 11884/R1/2007/P&ARD നമ്പർ Circular (Simplified procedure for framing Special Rules) പ്രകാരമുള്ള നടപടിക്രമം പാലിച്ച് സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ ഇതുവരെയുള്ള സർക്കാർ ചെലവ് എത്രയെന്ന് വിശദമാക്കാമോ?

ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ സർക്കാർ ചെലവ് ചുവടെ ചേർക്കും പ്രകാരമാണ്.

(i) വേതനം (7-2016 മുതൽ 6-2021 വരെ)

1. ചെയർമാൻ - 49,40,000 (ഓണറേറിയം +വീട്ടുവാടക)

2. ചെയർമാൻ (യാത്രാപടി) - 55,605

3. മെമ്പർ 1 - 26,51,666 (ഓണറേറിയം)

4. കൺസൾട്ടന്റ് -3 - 46,29,246 (ഓണറേറിയം)

5. ദിവസവേതനം - 36,71,395 (ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ഡ്രൈവർ, സ്വീപ്പർ, ഓഫീസ് അറ്റൻഡന്റ്,)

ആകെ - 1,59,47,912

(ii) ഓഫീസ് ചെലവുകൾ (ടെലഫോൺ/ഇന്റർനെറ്റ്, ഇന്ധനചെലവ്, വാഹന അറ്റകുറ്റപ്പണി, സ്റ്റേഷനറി, പ്രിന്റിംഗ്, ഫോട്ടോകോപ്പി മെഷീൻ തുടങ്ങിയവ) (7-2016 മുതൽ 6-2021 വരെ) : 5,20,169 രൂപ

(എഫ്) പ്രസ്തുത കമ്മീഷനിൽ ആരെല്ലാമാണ് സർക്കാർ ഉദ്യോഗസ്ഥരല്ലാതെ ഉള്ളത്; ഈ അംഗങ്ങളുടെ ശമ്പളം, ടി.എ., ഡി.എ. മറ്റ് അലവൻസുകളടക്കം വിശദമാക്കാമോ?

ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽ സർക്കാർ ഉദ്യോഗസ്ഥരല്ലാതെ ചെയർമാൻ, മെമ്പർ, കൺസൾട്ടന്റുമാർ, എന്നിവർ ഓണറേറിയം വ്യവസ്ഥയിലും ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ഡ്രൈവർ, ഓഫീസ് അറ്റൻഡന്റ്, സ്വീപ്പർ എന്നിവർ ദിവസവേതന വ്യവസ്ഥയിലും ജോലിചെയ്യുവരുന്നു. ചെയർമാന് പ്രതിമാസം 75,000 രൂപ ഓണറേറിയമായും 10,000 രൂപ വീട്ടുവാടക ഇനത്തിലും അനുവദിച്ചിട്ടുണ്ട്. കമ്മീഷനിൽ ഒരു മെമ്പറാണുള്ളത് മെമ്പർക്ക് ഓണറേറിയം അനുവദിച്ചിരിക്കുന്നത് പ്രതിമാസം 50,000 രൂപ നിരക്കിലാണ്. വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധരായ മൂന്ന് കൺസൾട്ടന്റുമാർക്ക് പ്രതിമാസം 33,925 രൂപ നിരക്കിൽ ഓണറേറിയമായി അനുവദിച്ചുവരുന്നു. 11-2-2021-ലെ സ.ഉ.(അച്ചടി) നമ്പർ29/2021/ധന. ഉത്തരവിൽ അനുവദിച്ച പ്രകാരം ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ഡ്രൈവർ, ഓഫീസ് അറ്റൻഡന്റ്, സ്വീപ്പർ എന്നിവർക്ക് ദിവസവേതനം അനുവദിച്ചുവരുന്നു.

(ജി) ഈ കമ്മീഷന്റെ കാലാവധി നീട്ടിയിട്ടുണ്ടോ; കമ്മീഷന്റെ കാലാവധി അനന്തമായി നീട്ടിക്കൊണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ കൂടി സഹകരണത്തോടുകൂടിയാണ് നടത്തിവരുന്നത് എന്നതിനാൽ കമ്മീഷന്റെ കാലാവധി 11-8-2021-ലെ G.O.(MS)No.173/2021/തസ്വഭവ. ഉത്തരവിലൂടെ 28-12-2021-വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

## ലക്ഷം വീട് പദ്ധതി

354 (2254) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലക്ഷം വീട് പദ്ധതി നടപ്പിലാക്കി അൻപത് വർഷം പിന്നിട്ട സാഹചര്യത്തിൽ ആയതിലെ ഭൂരിഭാഗം വീടുകളും ജീർണ്ണിച്ച് വാസയോഗ്യമല്ലാതായി തീർന്നിട്ടുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള പരിഹാരനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ലക്ഷംവീട് പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള വീടുകളിൽ പലതും കാലപ്പഴക്കം കാരണം കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രസ്തുത പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള ഭവനങ്ങളിൽ വാസയോഗ്യമല്ലാത്ത

ഇരട്ടവീടുകൾ ഒറ്റവീടുകളാക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 6-1-2021-ലെ സ.ഉ.(സാധാ)36/2021-തസ്വഭവ. ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടി വിഷയത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇതിന്റെ ഗുണഭോക്താക്കൾ ഭൂരിഭാഗവും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ലക്ഷം വീട് പദ്ധതി പ്രകാരമുള്ള വീടുകളുടെയും കോളനികളുടെയും കുടിവെള്ളം, വൈദ്യുതി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള നവീകരണത്തിന് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാമോ?

ലക്ഷം വീട് കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്തുകൾ സംയുക്തമായി ന്യൂ ലൈഫ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി മാതൃകയിൽ കോളനികളിലെ കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള നവീകരണത്തിന് സംസ്ഥാനതലത്തിൽ പദ്ധതി ആവിഷ്കരിക്കുന്നത് സർക്കാരിന്റെ സാമ്പത്തികസ്ഥിതിക്ക് വിധേയമായി പരിശോധിക്കുന്നതാണ്.

(സി) പ്രസ്തുത പുനരുദ്ധാരണ പാക്കേജ് നിലവിലെ നവകേരള മിഷൻ, റീബിൽഡ് കേരള തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ കഴിയുമോയെന്നത് പരിശോധിച്ച് മറുപടി നൽകാമോ?

പ്രസ്തുത പുനരുദ്ധാരണ പാക്കേജ് പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളൊന്നും നവകേരള മിഷൻ, റീബിൽഡ് കേരള തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ട് പരിഗണനയിലില്ല.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടുകൾ ട്രഷറികളിലേയ്ക്ക് മാറ്റുന്ന നടപടി

355 (2255) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടുകൾ ട്രഷറികളിലേയ്ക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ധനവകുപ്പ് 18-9-2021-ൽ 80/2021/ധന. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇത് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് ഇറക്കുന്നതിന്റെ മുമ്പ് അറിഞ്ഞിരുന്നോ?

ഇല്ല.

(സി) പഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന ഇത്തരം നിർദ്ദേശങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

പരിശോധിച്ചുവരുന്നു.

**സർക്കാർ സേവനങ്ങൾ വാതിൽപ്പടിയിലെത്തിക്കുന്ന പദ്ധതി**

356 (2256) ശ്രീ. വി. ജോയി:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിൽനിന്ന് ലഭിക്കേണ്ട സേവനങ്ങൾ, നേരിട്ട് പോകാതെ ഓൺലൈനിൽ ലഭ്യമാക്കാനുള്ള പദ്ധതി സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ പ്രാവർത്തികമായിട്ടുണ്ട്; എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കും ഈ പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നടപടികൾ സുതാര്യവും, സുഗമമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) വികസിപ്പിച്ച അതിനൂതന സോഫ്റ്റ് വെയർ ആയ Integrated Local Government Management Solution (ILGMS) സോഫ്റ്റ്‌വെയർ 309 ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തുകളിലെ പൊതുജനങ്ങൾക്ക് സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്ത ശേഷം അവരുടെ ലോഗിനിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന 213 സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ അയക്കുന്നതിനും ഓൺലൈനായി തന്നെ തുക ഒടുക്കുന്നതിനുള്ള സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 632 ഗ്രാമപഞ്ചായത്തുകളിൽ ഓൺലൈനിൽ അപേക്ഷിക്കുന്നതിനും അപേക്ഷയോടൊപ്പം നൽകാനുള്ള ഫീസുകൾ ഓൺലൈനിൽ അടയ്ക്കുന്നതിനും സർക്കാർ നിർദ്ദേശപ്രകാരം ILGMS-ന്റെ ഭാഗമായി പ്രത്യേകം സിറ്റിസൺ പോർട്ടൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) നഗര പ്രദേശങ്ങളിലുൾപ്പെടെ കെട്ടിട നിർമ്മാണ പെർമിറ്റ് ഓൺലൈനിൽ ലഭ്യമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; പദ്ധതിയുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി നഗര പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഓൺലൈനിൽ ലഭ്യമാക്കുന്ന പദ്ധതിയായ Intelligent Building Plan Management System (IBPMS)-ന്റെ സംസ്ഥാനതല ഉദ്ഘാടനം 13-9-2021-ന് നിർവ്വഹിക്കുകയും ആയത് കോഴിക്കോട് നഗരസഭ ഒഴികെയുള്ള എല്ലാ നഗരസഭകളിലും നിലവിൽ വന്നിട്ടുള്ളതുമാണ്. കോഴിക്കോട് നഗരസഭയിൽ മലബാർ ചേംബർ ഓഫ് കൊമേഴ്സ് വികസിപ്പിച്ചെടുത്ത സുവേഗ software ആണ് ഉപയോഗിച്ചുവരുന്നത്. പദ്ധതിയുടെ കാര്യക്ഷമത വിലയിരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ അവലോകന യോഗം നടത്താറുള്ളതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഓൺലൈനിൽ ലഭ്യമാക്കുന്നതിന് ഐ.കെ.എം.-ന്റെ 'സങ്കേതം' സോഫ്റ്റ്‌വെയറാണ് ഉപയോഗിച്ചുവരുന്നത്. മേൽ സോഫ്റ്റ്‌വെയറുകളുടെ കാര്യക്ഷമത വിലയിരുത്തുന്നുണ്ട്.

(സി) സർക്കാർ സേവനങ്ങൾ വാതിൽപ്പടിയിലെത്തിക്കുന്ന പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ; എത്ര സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതി പ്രാവർത്തികമായിട്ടുണ്ടെന്ന് അറിയിക്കുമോ?

പ്രായാധിക്യം, ഗുരുതര രോഗം, അതിദാരിദ്ര്യം തുടങ്ങിയ പലവിധ കാരണങ്ങളാൽ സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങൾക്ക് ആശ്വാസമായി അവരുടെ വീടുകളിൽ സർക്കാർ സേവനങ്ങളും ജീവൻ രക്ഷാമരുന്നും എത്തിക്കുന്നതിനുവേണ്ടി രൂപം നൽകിയിട്ടുള്ളതാണ് വാതിൽപ്പടി സേവനം പദ്ധതി. സാമൂഹിക സന്നദ്ധസേന, ആശാവർക്കർമാർ, അക്ഷയകേന്ദ്രങ്ങൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവയുടെ സഹകരണത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷനുള്ള അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായത്തിനുള്ള അപേക്ഷ, ജീവൻരക്ഷാമരുന്നുകളുടെ വിതരണം എന്നീ അഞ്ച് സേവനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ 50 തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് (38 ഗ്രാമ പഞ്ചായത്തുകളിലും 12 നഗരസഭകളിലും) ആരംഭിച്ചിട്ടുള്ളത്.

## ജനകീയാസൂത്രണ പദ്ധതി

357 (2257) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയുടെ കുറവുകൾ പരിഹരിച്ച് ഗുണമേന്മയുള്ളതും സുസ്ഥിരവും സർവതലസ്പർശിയുമായ പദ്ധതി രൂപീകരണവും നിർവ്വഹണവും ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ജനകീയാസൂത്രണത്തിന്റെ കഴിഞ്ഞ 25 വർഷത്തെ അനുഭവങ്ങൾ വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ നേട്ടങ്ങൾ കൂടുതൽ ബലപ്പെടുത്തിയും പോരായ്മകൾ പരിഹരിച്ചും മുന്നോട്ടുപോകുക എന്ന സമീപനത്തോടെ പതിനാലാം പഞ്ചവൽസര പദ്ധതി രൂപീകരിക്കുന്നതാണ്. പുതിയ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. പതിനാലാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി മുൻവർഷങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി അവസ്ഥാരേഖ തയ്യാറാക്കുന്നതിനും വികസനരേഖ പരിഷ്കരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് നടപടിയെടുത്തുവരുന്നു.

(ബി) പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സുസ്ഥിരവികസനത്തിലേക്ക് നയിക്കാനുതകുന്ന എന്തെല്ലാം പദ്ധതികളാണ് പരിഗണിക്കുന്നത്; വിശദമാക്കാമോ?

പതിനാലാം പദ്ധതിയുടെ പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്നതിനുള്ള ചർച്ചകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഉടൻതന്നെ അതിന് അന്തിമരൂപം നൽകുന്നതാണ്. തൊഴിലും വരുമാനവും ഉറപ്പാക്കൽ, ജനകീയതയും സുതാര്യതയും ഉറപ്പാക്കികൊണ്ട് മികച്ച ഭരണ നിർവ്വഹണ രീതികൾ ഉറപ്പാക്കൽ, ഇ-ഗവേർണൻസ് വ്യാപിപ്പിക്കൽ, നീർത്തടാധിഷ്ഠിത ആസൂത്രണം ഉറപ്പാക്കൽ, ശുചിത്വ കേരളത്തിനായുള്ള പദ്ധതികൾ ഉറപ്പാക്കൽ എന്നിവയിലൂടെ ജനകീയാസൂത്രണ പ്രക്രിയ ശക്തിപ്പെടുത്തിക്കൊണ്ട് നവകേരള സൃഷ്ടിക്കായുള്ള പ്രവർത്തനങ്ങൾ തുടരുന്നതാണ്. ഉത്പാദന വർദ്ധനവിൽ അധിഷ്ഠിതമായ സാമ്പത്തിക വളർച്ച കൈവരിക്കുക, സാമൂഹ്യ നീതിയുടെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുക, ഈ

മേഖലകളിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. പുതിയ ഒരു കേരളം സൃഷ്ടിക്കുക എന്നതാണ് പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്നത്. വിജ്ഞാനാധിഷ്ഠിതമായതും പാരിസ്ഥിതിക ബോദ്ധ്യത്തിലൂന്നിയതുമായ വികസന സമീപനമായിരിക്കും പതിനാലാം പദ്ധതിയിൽ സ്വീകരിക്കുക. ഇപ്രകാരമുള്ള പൊതുലക്ഷ്യങ്ങൾ നേടുന്നതിന് സംസ്ഥാന സർക്കാരിനൊപ്പം പ്രാദേശിക സർക്കാരുകളും ഊർജ്ജിതമായി പ്രവർത്തിക്കേണ്ടതുണ്ട്. അതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ സജ്ജമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിവരുന്നു.

(സി) കോവിഡ് ആഘാതത്തെ അതിജീവിക്കാനും ഉപജീവനമാർഗ്ഗങ്ങൾ പുനരുജ്ജീവിപ്പിക്കാനും ഉതകുന്ന എന്തെല്ലാം കാര്യങ്ങളാണ് പ്രാദേശികാസൂത്രണത്തിന്റെ ഭാഗമായി പരിഗണിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

പ്രകൃതിക്ഷോഭങ്ങളെയും കോവിഡ് മഹാമാരിയെയും ജനകീയ കൂട്ടായ്മയിലൂടെ അതിജീവിക്കുന്നതിന് കേരളത്തിലെ പ്രാദേശിക സർക്കാരുകൾ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. കൃഷി, മീൻ വളർത്തൽ, മുട്ടക്കോഴി വളർത്തൽ, ക്ഷീര-മാംസ മേഖലയിലെ ഉന്നമനം എന്നിവയിലൂടെ ഭക്ഷ്യ സ്വയംപര്യാപ്തത ഉറപ്പാക്കുന്നതിനായി നടപ്പാക്കിവരുന്ന സുഭിക്ഷ കേരളം പദ്ധതി ശക്തിപ്പെടുത്തുന്നതാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിൽ ഊന്നിക്കൊണ്ടും കോവിഡ് മഹാമാരി സൃഷ്ടിച്ച പുത്തൻ വെല്ലുവിളികൾ പരിഗണിച്ചുകൊണ്ടും, ജനസംഖ്യയിലെ ഓരോ ആയിരം പേർക്കും അഞ്ചുവീതം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന പ്രധാനപ്പെട്ട ഒരു ദൗത്യം പ്രാദേശിക സർക്കാരുകൾ മുഖേന ഏറ്റെടുക്കുന്നതാണ്. വ്യവസായങ്ങളും സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും വ്യാവസായിക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും (ഈസ് ഓഫ് ഡൂയിങ് ബിസിനസ്) നടപടി സ്വീകരിച്ചുവരുന്നുണ്ട്. അഞ്ചുവർഷംകൊണ്ട് അതിദാരിദ്ര്യം ഇല്ലാതാക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ സംസ്ഥാനത്തെ അതിദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. സാമൂഹിക സാംസ്കാരിക ഉപജീവന ഉന്നമനം ലക്ഷ്യമിട്ട് കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ യുവതികൾക്കായുള്ള ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ തൊഴിലവസരം സൃഷ്ടിക്കൽ കർമ്മപദ്ധതിയ്ക്ക് തുടക്കം കുറിച്ചു. 50 തദ്ദേശഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി സേവന പദ്ധതിയ്ക്ക് തുടക്കം കുറിച്ചു.

## അനധികൃത അറവുശാലകൾ

358 (2258) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനദണ്ഡവും ഗുണമേന്മയും ഉറപ്പുവരുത്താതെ ആട്, പോത്ത് തുടങ്ങി വിവിധ തരം ഇറച്ചികൾ വില്ക്കുന്ന അറവുശാലകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള ഇറച്ചി വ്യാപാരം സർക്കാർ നിയന്ത്രണത്തിൽകൊണ്ടുവന്ന് ഗുണമേന്മയുള്ള ഇറച്ചി പൊതുജനങ്ങൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഇക്കാര്യം ശ്രദ്ധയിൽപ്പെടുകയും അത്തരം അറവുശാലകൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. ഗുണമേന്മയുള്ള ഇറച്ചി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ അത്യാധുനിക അറവുശാലകൾ, മാംസവിൽപ്പനശാലകൾ, ഓൺലൈൻ വിൽപ്പന, മൊബൈൽ സെയിൽസ് വാൻ സംവിധാനം എന്നിവ ഒരുക്കിയിട്ടുണ്ട്. മൂല്യവർദ്ധിത ഇറച്ചി ഉൽപ്പന്ന സംസ്കരണ പ്ലാന്റുകൾ കമ്മീഷൻ ചെയ്യുന്നതിനും ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണവകുപ്പിന് കീഴിലും ആധുനിക അറവുശാലകൾ സ്ഥാപിച്ചുവരുന്നുണ്ട്.

(ബി) ഇറച്ചി വില്പന ശാലകളിൽ വിവിധതരം ഇറച്ചിയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നിലവിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് സ്ലോട്ടർ ഹൗസ് ആൻഡ് മീറ്റ് സ്റ്റാൾ റൂൾ പ്രകാരം ഇറച്ചിക്കടയിൽ വിൽപ്പനക്കായി സൂക്ഷിച്ചിട്ടുള്ള മാംസം പരിശോധിക്കുവാനും രോഗബാധിതമാണെന്നോ ഭക്ഷ്യയോഗ്യമല്ലെന്നോ കാണുന്നപക്ഷം പിടിച്ചെടുത്ത് നശിപ്പിക്കുവാനും വ്യവസ്ഥയുണ്ട്. ഇറച്ചി വില്പനശാലകളിൽ ഗുണ നിലവാരമില്ലാത്ത ഇറച്ചികൾ വില്പന നടത്തുന്നത് തടയുന്നതിനായി നഗരസഭയിലെ ഹെൽത്ത് സ്ക്വാഡ് തുടർച്ചയായി പരിശോധന നടത്തുകയും രോഗമുക്തവും ആരോഗ്യമുള്ളതുമായ മാടുകളെയാണ് കശാപ്പ് ചെയ്യുന്നതെന്നും നഗരസഭകൾ ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ ഫുഡ് സേഫ്റ്റി വിഭാഗവും പരിശോധന നടത്തുന്നു.

(സി) ഇറച്ചി വെട്ടുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ അറവുശാലകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ആധുനിക അറവുശാലകൾ സ്ഥാപിച്ചുവരുന്നു.

## പഞ്ചായത്ത് തല വികസന സദസ്സ്

359 (2259) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി മണ്ഡലത്തിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള മൂലധനനിക്ഷേപവും വികസനവും ലക്ഷ്യമിട്ടുള്ള പഞ്ചായത്ത് തല വികസന സമിതിക്കായി ഒരു പദ്ധതി ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പഞ്ചായത്ത് തലത്തിൽ ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലേക്കായി പ്രസ്തുത വികസന സമിതി വഴി വർഷം തോറും മൂന്ന് കോടിയിൽ കുറയാത്ത ആസ്തി വികസന പദ്ധതി എം.എൽ.എ.- എ.ഡി.എസ്. പോലെ എൽ.എസ്.ജി.- എ.ഡി.എസ്. എന്ന പേരിൽ ആരംഭിക്കുമോ?

(എ&ബി) എം.എൽ.എ. ഫണ്ട് ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽനിന്നുള്ള ഫണ്ടുകൾ തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ സമന്വയിപ്പിച്ച് വികസന പദ്ധതികൾ ആവിഷ്കരിക്കുന്ന രീതി ഇപ്പോൾ തന്നെ സാദ്ധ്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ട്, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഫണ്ട്, സംഭാവന തുടങ്ങിയ എല്ലാ സ്രോതസ്സുകളും ഇപ്രകാരം സമന്വയിപ്പിക്കുന്നതിന് കഴിയും. അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ആർദ്രം മിഷന്റെയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ഭാഗമായി ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ നിരവധി വികസന പ്രവർത്തനങ്ങൾ മുൻ വർഷങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. കിഫ്ബി പ്രോജക്ടുകളും നടപ്പാക്കുന്നുണ്ട്. ഈ രണ്ട് മേഖലകൾക്കും പ്രാദേശിക സർക്കാരുകൾ വലിയൊരുതുക മാറ്റി വയ്ക്കുന്നുമുണ്ട്. ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിന് പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിൽ അടുത്ത അഞ്ച് വർഷംകൊണ്ട് ലഭിക്കുന്ന 2,968.28 കോടി രൂപയും ആരോഗ്യ മേഖലയ്ക്കായി ലഭ്യമാകും. ഈ സാഹചര്യത്തിൽ പുതിയൊരു പദ്ധതി പരിഗണനയിലില്ല.

## ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

360 (2260) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി രാജ്യത്ത് മികച്ച രീതിയിൽ നടപ്പാക്കുന്ന സംസ്ഥാനമെന്ന നിലയിൽ കേരളം നടത്തിയ സുത്യർഹമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യക്കാമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ മികച്ച നേട്ടം കൈവരിക്കുന്നതിന് സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. സംസ്ഥാന ചരിത്രത്തിൽ ആദ്യമായി 10.23 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തിൽ കഴിഞ്ഞു. 2020-21 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ പദ്ധതിയിൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിലെ സ്ത്രീപങ്കാളിത്തത്തിൽ കേരളം, രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. സമയബന്ധിത വേതന വിതരണം നടത്തുന്നതിൽ സംസ്ഥാനം അഞ്ചാം സ്ഥാനത്തും, പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ നാലാം സ്ഥാനത്തുമാണ്. ഒരു കുടുംബത്തിന് നൽകിയ ശരാശരി തൊഴിൽദിനങ്ങളിൽ (63.24) അഞ്ചാം സ്ഥാനത്തും പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകിയ ശരാശരി തൊഴിൽ ദിനങ്ങളിൽ (90.98) രാജ്യത്ത് രണ്ടാം സ്ഥാനത്തും സംസ്ഥാനം എത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പുവരുത്തുന്ന കാര്യത്തിൽ (44.56 ശതമാനം കുടുംബങ്ങൾക്ക്) രണ്ടാം സ്ഥാനവും സംസ്ഥാനം നേടിയിട്ടുണ്ട്.

(ബി) പ്രളയം, കോവിഡ് തുടങ്ങിയ മഹാമാരികളുടെ കാലത്ത് മുൻഗണനാക്രമങ്ങൾ പുനഃക്രമീകരിച്ച് പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻകൈ എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ സാഹചര്യത്തിലും തുടർന്നുണ്ടായ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിലും തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിൽ ഉപജീവനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ മുൻകാലങ്ങളിൽ ഉണ്ടാക്കിയ നേട്ടങ്ങൾക്ക് ഉപരിയായ നേട്ടം ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടം തുടർന്നും ആവർത്തിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ പരമാവധി കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുന്നതിനാണ് പദ്ധതിയിൽ മുൻഗണന നൽകുന്നത്. തൊഴിൽ നൽകുന്നതിനൊപ്പംതന്നെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശുഭൂമി കൃഷിയോഗ്യമാക്കൽ, ഉപജീവന ആസ്തികളായ പശുതൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, സ്വയംസഹായസംഘങ്ങൾക്കുള്ള വർക്ക് ഷെഡ് എന്നിവയുടെ നിർമ്മാണവും പദ്ധതിയിൽ കൂടുതലായി ഏറ്റെടുക്കുന്നുണ്ട്. പരമ്പരാഗതമായി തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ ജി.ഐ.എസ്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ നീർത്തടാധിഷ്ഠിത മാതൃകയിൽ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പ് കൂടുതൽ ശാസ്ത്രീയമാക്കുന്നതിനായി പ്രത്യേകമായ ആസൂത്രണങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൂടുതൽ ശാസ്ത്രീയമാക്കുന്നതിനായി ജി.ഐ.എസ്. അധിഷ്ഠിത സാങ്കേതിക വിദ്യയുടെ സഹായത്തോടെ പദ്ധതികളുടെ ആസൂത്രണം, സമഗ്ര നീർത്തടപദ്ധതി ആസൂത്രണം എന്നിവ നടപ്പിലാക്കിവരുന്നു.

## കൊടകര ഷീ വർക്ക്സ്പെയ്സ് പ്രോജക്ട്

361 (2261) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടകര ബ്ലോക്ക്പഞ്ചായത്ത് വിഭാവനം ചെയ്ത് സമർപ്പിച്ച ഷീ വർക്ക് സ്പെയ്സ് പ്രോജക്ടിന് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ഇൻസെന്റീവ് ഗ്രാൻഡ് അനുവദിച്ച് കിട്ടുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം (ലീപ്) പദ്ധതിയിൽ പ്രസ്തുത പദ്ധതിയെ ഉൾപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രോജക്ട് ലഭിച്ചിട്ടുണ്ട്. വിശദമായ പരിശോധനയ്ക്കുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## അമൃത് പദ്ധതി

362 (2262) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷം മുതൽ നാളിതുവരെ ആകെ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ 'അമൃത്' മുഖേന 2,290.28 കോടി രൂപയുടെ 1000 പദ്ധതികൾക്കാണ് 30-9-2021 വരെ ഭരണാനുമതി ലഭിച്ചിട്ടുള്ളത്.

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ പദ്ധതികളുടെ എണ്ണം, ആകെ തുക, പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; ആണെങ്കിൽ വിശദീകരിയ്ക്കാമോ?

അമൃത് പദ്ധതി കേരളത്തിലെ 6 കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ 3 മുനിസിപ്പാലിറ്റികളിലുമാണ് നടപ്പിലാക്കുന്നത്. 30-9-2021 വരെയുള്ള വിവരങ്ങൾ അനുബന്ധം 1- ആയി ചേർക്കുന്നു.*

(സി) ടി പദ്ധതി പ്രകാരം കൊല്ലം കോർപ്പറേഷനിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാണോ; ആണെങ്കിൽ വിശദീകരിക്കാമോ?

വിശദവിവരം അനുബന്ധം 2- ആയി ചേർക്കുന്നു.*

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സി. എം. എൽ. ആർ. ആർ. പി. പദ്ധതി**

363 (2263) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി. പദ്ധതി പ്രകാരം അനുവദിച്ച റോഡുകൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത്/നഗരസഭ എന്ന് തരംതിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതികൾക്കും അനുവദിച്ച തുക എത്രയാണെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

(എ & ബി) പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**ദേശാഭിമാനി പത്രം**

364 (2264) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തലവടി പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങളെ ദേശാഭിമാനി പത്രത്തിന്റെ വാർഷിക വരിക്കാരാവുന്നതിന് കുടുംബശ്രീ എ.ഡി.എസ്. ശബ്ദസന്ദേശം അയച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോവിഡ് കാലത്ത് പാവപ്പെട്ട കുടുംബശ്രീ അംഗങ്ങളെ ദേശാഭിമാനിയുടെ വരിക്കാരാകാൻ പ്രേരിപ്പിക്കുന്നത് ചൂഷണമായി കണക്കാക്കുന്നുണ്ടോ;

(സി) പ്രസ്തുത സംഭവത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(ബി-ഡി) ബാധകമല്ല.

**കൊല്ലം ജില്ലയിൽ ടേക്ക് എ ബ്രേക്ക് പദ്ധതി**

365 (2265) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; അവയുടെ നിർവ്വഹണ പുരോഗതി എപ്രകാരമാണ്; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ജില്ലയിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം 103 വഴിയോര വിശ്രമ കേന്ദ്രങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. അവയിൽ 17 എണ്ണം പൂർത്തിയായിട്ടുണ്ട്. 31 എണ്ണം നിർമ്മാണ പുരോഗതിയിലാണ്.

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ പുതുതായി അനുമതി നൽകുന്നതിന് പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. പുതുതായി 48 പ്രോജക്ടുകളുടെ പ്രൊപ്പോസൽ പരിഗണനയിലുണ്ട്.

**കുട്ടനാട്ടിലെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രത്യേക സഹായം**

366 (2266) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതങ്ങൾ അനുഭവിക്കുന്ന കുട്ടനാടൻ ജനതയ്ക്ക് ആശ്വാസനടപടിയായി കുട്ടനാട്ടിലെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രത്യേക സഹായം അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) കുട്ടനാട്ടിലെ ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സഹായങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ & ബി) വെള്ളപ്പൊക്ക ദുരിതങ്ങളുടെ പശ്ചാത്തലത്തിൽ കുട്ടനാട്ടിലെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് സഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഗ്രാമപഞ്ചായത്തുകളിലെ ലൈബ്രേറിയൻ ഗ്രേഡ് -IV തസ്തിക**

367 (2267) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളിലെ ലൈബ്രേറിയൻ ഗ്രേഡ് -IV തസ്തികയിലേക്ക് പഞ്ചായത്തുകളിലെ യോഗ്യരായ പഞ്ചായത്ത് ജീവനക്കാരുടെ അഭാവത്തിൽ മാത്രം നേരിട്ടുള്ള നിയമനം എന്ന ചട്ടം നീതീകരിക്കത്തക്കതാണോ എന്നത് സംബന്ധിച്ച് അഭിപ്രായം അറിയിക്കാമോ;

(ബി) വിവിധ വകുപ്പുകളിൽ ലൈബ്രേറിയൻ തസ്തികയിൽ നേരിട്ടുള്ള നിയമന രീതി സ്വീകരിക്കുമ്പോൾ ഗ്രാമപഞ്ചായത്തുകളിൽ മേൽ പറഞ്ഞ നിയമന രീതി സ്വീകരിക്കുന്നത് ഈ വിഭാഗം ഉദ്യോഗാർത്ഥികളോടുള്ള വിവേചനമല്ലേയെന്ന് പരിശോധിച്ച് വ്യക്തമാക്കാമോ;

(സി) ലൈബ്രേറിയൻ തസ്തികയിൽ ന്യായയുക്തമായ അനുപാതം പോലും നിശ്ചയിക്കാതെ പൂർണമായും സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നത് സർക്കാർ പൊതുവിൽ പിന്തുടർന്നുവരുന്ന നേരിട്ടുള്ള നിയമന പ്രോത്സാഹന നയത്തിന് വിരുദ്ധമല്ലേ എന്നത് പരിശോധിച്ച് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ/കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(എ-ഡി) 1994-ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ സ്പെഷ്യൽ റൂൾ പ്രകാരം ഗ്രാമ പഞ്ചായത്തുകളിലെ ലൈബ്രേറിയൻ ഗ്രേഡ് -IV തസ്തികകളിലേക്കുള്ള നിയമനം ഗ്രേഡ് 4 (Office Attendant) തസ്തികകളിലെ യോഗ്യതയുള്ള ജീവനക്കാരിൽനിന്നും സ്ഥാന കയറ്റം വഴിയും ഇവരുടെ അഭാവത്തിൽ നാല് വർഷം സേവനമുള്ള നിർദ്ദിഷ്ട യോഗ്യതയുള്ള ഫുൾടൈം കണ്ടിജന്റ് ജീവനക്കാരിൽനിന്നും, ഇവരുടെ അഭാവത്തിൽ മാത്രം പി.എസ്.സി. മുഖാന്തരവുമാണ് നിലവിൽനിയമനം നൽകിവരുന്നത്. എന്നാൽ

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴെയുള്ള 5 വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുവകുപ്പ് രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം പൊതുസർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുമ്പോൾ പരിശോധിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിൽ എഞ്ചിനീയർമാരുടെ തസ്തികകൾ**

368 (2268) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ എഞ്ചിനീയർമാരുടെ എത്ര തസ്തികകൾ ഒഴിവുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് മുനിസിപ്പാലിറ്റിയിലും മഞ്ചേശ്വരം, വോർക്കാഡി, കുമ്പഡ്ജെ, ബേലൂർ, കറഡുക്ക, ബലാൽ, കല്ലാർ, ചെങ്ങല, മധൂർ, മൊഗ്രാൽ-പുത്തൂർ ഗ്രാമപഞ്ചായത്തുകളിലും എഞ്ചിനീയർ തസ്തികകളിൽ ഓരോ ഒഴിവ് നിലവിലുണ്ട്.

(ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇടുക്കി ജില്ലയിൽ മുനിസിപ്പൽ കോമൺ സർവ്വീസിലെ ഡ്രൈവർ ഒഴിവുകൾ**

369 (2269) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ എത്ര ഡ്രൈവർ ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

ഒരു ഒഴിവ്

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മണലൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്താൻ നടപടി

370 (2270) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിൽ നിരവധി ഒഴിവുകൾ നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഏതെല്ലാം തസ്തികകളിലാണ് ഒഴിവുകളുള്ളതെന്ന് അറിയിക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സ്വീകരിച്ചിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്യുകയും റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. ചൂണ്ടൽ, കണ്ടാണശ്ശേരി, മുല്ലശ്ശേരി, മണലൂർ ഗ്രാമപഞ്ചായത്തുകളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവുകൾ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ആശ്രിതനിയമനം നൽകുന്നതിലേയ്ക്കായി നീക്കിവച്ചിട്ടുണ്ട്. വാടാനപള്ളി, മണലൂർ ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം സ്വീപ്പർ തസ്തികയിലെ ഒഴിവുകൾ പാർട്ട്ടൈം തസ്തികയിലെ ജീവനക്കാർക്ക് സ്ഥാനകയറ്റം നൽകിനികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ പാർട്ട്ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചുവരുന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ മാനസിക സമ്മർദം ലഘൂകരിക്കൽ**

371 (2271) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ അമിത ജോലിഭാരവും പ്രാദേശിക രാഷ്ട്രീയ ഇടപെടലുകളും കാരണം ഉണ്ടാകുന്ന മാനസിക സമ്മർദം ലഘൂകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ ജീവനക്കാരി ആത്മഹത്യ ചെയ്യാനിടയായ സാഹചര്യം ഗൗരവമായി പരിശോധിച്ച് ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കാമോ?

പഞ്ചായത്ത് ഡയറക്ടർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) അമിത ജോലിഭാരം കണക്കിലെടുത്ത് പഞ്ചായത്ത് വകുപ്പിൽ മതിയായ സ്റ്റാഫ് പാറ്റേൺ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗ്രാമപഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളാക്കി മാറ്റിയതുകൊണ്ടും മുനിസിപ്പൽ കോർപ്പറേഷനുകളോട് കൂട്ടിച്ചേർത്തതുകൊണ്ടും ഇല്ലാതായ 37 ഗ്രാമപഞ്ചായത്തുകളിൽ അധികമായി വന്ന പഞ്ചായത്തുവകുപ്പിലെ 448 ജീവനക്കാരെ പഞ്ചായത്ത് വകുപ്പിൽതന്നെ നിലനിർത്തുന്നതിനായി പഞ്ചായത്തുവകുപ്പിൽ 29 സീനിയർ സൂപ്രണ്ട് തസ്തികകളും 37 അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളും 146 സീനിയർ ക്ലാർക്ക്, 170 ക്ലാർക്ക് തസ്തികകളും, 66 ഓഫീസ് അറ്റൻഡന്റ് തസ്തികകളും 2017 ജൂണിൽ സൃഷ്ടിച്ചിരുന്നു. അട്ടപ്പാടി മേഖലയുടെ വികസനത്തിനായി പ്രവർത്തിച്ച അഹാഡ്സ് അവസാനിപ്പിച്ചതിന്റെ ഭാഗമായി 5 ക്ലാർക്ക് തസ്തികകളും 9 ഓഫീസ് അറ്റൻഡന്റ് തസ്തികകളും പഞ്ചായത്ത് വകുപ്പിൽ 2021 ഫെബ്രുവരിയിൽ സൂപ്പർ ന്യൂമററിയായി അനുവദിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതിലൂടെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ അധികമായി വന്ന 208 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ സർക്കാരിന്റെ 2-7-2021-ലെ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലേക്ക് അധിക തസ്തികയായി പുനർവിന്യസിച്ചിരുന്നു. വർദ്ധിച്ച ജോലിഭാരത്തിന് അനുസൃതമായി അധിക തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടി എടുക്കുന്നതാണ്.

## അതിദാരിദ്ര ലഘൂകരണ പദ്ധതി

372 (2272) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിദാരിദ്ര ലഘൂകരണ പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ആയതിലേക്ക് എത്ര തുക 2020-21 കാലയളവിൽ മാറ്റിവെച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് അതീവദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനായി 16-7-2021-ലെ സ.ഉ.(കൈ)നമ്പർ145/2021/തസ്വഭവ പ്രകാരം അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. അതിദരിദ്രരുടെ നിർണ്ണയ പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഗ്രാമവികസന കമ്മീഷണറേറ്റിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണറെ സംസ്ഥാനതല നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. അതിദാരിദ്ര്യനിർണ്ണയ പ്രക്രിയയുടെ മുന്നൊരുക്കങ്ങളുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്, വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ പൈലറ്റ് പഠനം ആരംഭിച്ചു. കൂടാതെ കിലയുടെ നേതൃത്വത്തിൽ പരിശീലനപരിപാടിയും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഇതിലേക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ബി) ഈ പദ്ധതി സർക്കാർ നേരിട്ടാണോ ഏജൻസി മുഖാന്തരമാണോ നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഏജൻസി മുഖേനയാണെങ്കിൽ ഏത് ഏജൻസികളെയാണ് ചുമതലപ്പെടുത്തുന്നതെന്നും വ്യക്തമാക്കാമോ?

അതിദാരിദ്ര്യ നിർണ്ണയ പദ്ധതി സർക്കാർ നേരിട്ട് കിലയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ നടപ്പിലാക്കിവരുന്നു.

## എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള ലൈഫ് ഭവന പദ്ധതി

373 (2273) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം സംസ്ഥാനത്തെ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നാളിതുവരെ എത്ര വീടുകളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

ലൈഫ് ഭവനപദ്ധതി പ്രകാരം 28952 എസ്.സി. കുടുംബങ്ങൾക്കും, 9309 എസ്.ടി. കുടുംബങ്ങൾക്കും നാളിതുവരെ വീട് അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഭാഗങ്ങളിൽ ഭൂമിയില്ലാത്തവർക്ക് വീടും സ്ഥലവും അനുവദിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

അർഹരായ ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസത്തിനായി ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിനുപുറമേ ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്നതിന്/സ്വന്തമായി ഭൂമി വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് 26-9-2019-ന് ഡി.ബി.1/304/2019 ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു. ഭൂമിയാർജ്ജിച്ചു വരുന്നവർക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായവും ലഭ്യമാക്കിവരുന്നു.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പദ്ധതി**

374 (2274) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനഃരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവർത്തികൾക്കാണ് ഇതുവരെ അംഗീകാരം നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ പ്രവർത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

(എ & ബി) പ്രവർത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി**

375 (2275) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്നത് സംബന്ധിച്ച വിഷയത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇത് സംബന്ധിച്ച് സെക്രട്ടേറിയറ്റിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ IB2/311/2018/LSGD എന്ന ഫയലിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരിശീലന കേന്ദ്രത്തിനാവശ്യമായ സ്ഥലം കോതമംഗലത്ത് കണ്ടെത്തിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ-സി) ഗ്രാമ വികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം IB2/311/2018/LSGD എന്ന ഫയലിൽ പരിശോധിക്കുകയും കോതമംഗലത്ത് ഇ.റ്റി.സി. സ്ഥാപിക്കുന്ന പദ്ധതിക്കായി 2020-21, 2021-22 ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തി തുകയൊന്നും വകയിരുത്തിട്ടില്ലാത്ത സാഹചര്യത്തിൽ ടി ആവശ്യം പരിഗണിക്കാനാവില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വികസന പരിശീലന കേന്ദ്രത്തിന് അനുയോജ്യമായ സ്ഥലം വാരപ്പെട്ടി ഗ്രാമപഞ്ചായത്തിലുണ്ടെന്ന് കില സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പരിശീലന കേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

പരിഗണനയിലില്ല.

**മാഞ്ചുവട്പാലം പുനർനിർമ്മാണം**

376 (2276) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-ലുണ്ടായ ഉരുൾപൊട്ടലിൽ അയ്യൻകുന്ന്, ആറളം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മാഞ്ചുവട് പാലം തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് ആവശ്യമായ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും പാലം പുനർനിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള തുകയെത്രയെന്നും വ്യക്തമാക്കാമോ?

ഉണ്ട്. മാഞ്ചുവട് പാലം സോയിൽ ഇൻവെസ്റ്റിഗേഷൻ പണികൾ പൂർത്തിയായിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ പ്രവൃത്തികളും ഡി.പി.ആർ.-ഉം തയ്യാറാക്കിയാൽ മാത്രമെ അന്തിമ തുക നിശ്ചയിക്കുവാൻ സാധിക്കുകയുള്ളൂ.

**പാലക്കാട് ജില്ലയിലെ ഹരിത കേരളം മിഷൻ**

377 (2277) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം മിഷൻ വഴി പാലക്കാട് ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുകയും പുരോഗതിയും വിശദമാക്കാമോ?

(എ & ബി) ഹരിത കേരള മിഷൻ മുഖേന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാറില്ല.

**പ്രധാൻമന്ത്രി ഗ്രാമ സഡക് യോജന**

378 (2278) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻമന്ത്രി ഗ്രാമ സഡക് യോജന പദ്ധതി പ്രകാരം 2020-21 വർഷത്തിൽ സംസ്ഥാനത്ത് എത്ര കിലോമീറ്റർ റോഡ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന് അനുവദിച്ച 1425 കി.മീ.-ൽ 2020-21 വർഷത്തിൽ 104.563 കി.മീ.-ന് അംഗീകാരം ലഭ്യമായിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ എത്ര കിലോമീറ്റർ റോഡ് അനുവദിച്ചുവെന്നും എത്ര കിലോമീറ്റർ റോഡിനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയ്ക്ക് പി.എം.ജി.എസ്.വൈ.-3-ൽ അനുവദിച്ചിട്ടുള്ള 95 കി.മീറ്ററിൽ നാല് റോഡുകൾക്കുള്ള (23.81 കി.മീ.) വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചതിൽ 2 റോഡുകൾക്ക് (9.45 കി.മീ.) അനുമതി ലഭ്യമായിട്ടുണ്ട്. മറ്റ് രണ്ട് റോഡുകൾക്ക് 40 ശതമാനം കൂടുതൽ മണ്ണ് റോഡ് (earthen portion) ഉള്ളതിനാൽ കൂടുതൽ പരിശോധനയ്ക്കായി മാറ്റി വച്ചിരിക്കുകയാണ്. ഇവയ്ക്ക് പുറമെ 11 റോഡുകളുടെ ഡി.പി.ആർ. തയ്യാറാക്കിവരികയാണ്.

(സി) പ്രസ്തുത പദ്ധതി പ്രകാരം ഒരു കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിന് എത്ര ലക്ഷം രൂപയാണ് ചെലവ് വരുന്നതെന്ന് വ്യക്തമാക്കാമോ?

അംഗീകാരം ലഭിച്ച ഡി.പി.ആർ.-കൾക്ക് ഒരു കിലോമീറ്ററിന് 97.85 ലക്ഷം രൂപയാണ് ചെലവുവരുന്നത്.

(ഡി) പി.എം.ജി.എസ്.വൈ. കോഴിക്കോട് ജില്ലാ ഓഫീസിൽ എത്ര ജീവനക്കാരാണുള്ളതെന്നും പ്രസ്തുത ജീവനക്കാർക്ക് ആരാണ് ശമ്പളം നൽകുന്നതെന്നും വ്യക്തമാക്കാമോ; പ്രസ്തുത ഓഫീസിൽ എത്ര ഒഴിവുകൾ നിലവിൽ ഉണ്ടെന്ന് അറിയിക്കാമോ?

കോഴിക്കോട് ജില്ലാ ഓഫീസിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ 3 ജീവനക്കാരും കരാർ അടിസ്ഥാനത്തിൽ ഒരു അക്രഡിറ്റഡ് എഞ്ചിനീയറും 2 ഓവർസിയർമാരും, ഒരു സീനിയർ അക്കൗണ്ടന്റും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം അക്കൗണ്ടന്റും ദിവസവേതന അടിസ്ഥാനത്തിൽ ഒരു ഓവർസിയറുമാണുള്ളത്. പ്രസ്തുത ജീവനക്കാർക്ക് കെ.എസ്.ആർ.ആർ.ഡി.എ.-യാണ് ശമ്പളം അനുവദിക്കുന്നത്. നിലവിൽ രണ്ട് അക്രഡിറ്റഡ് എഞ്ചിനീയറുടെയും ഒരു അക്രഡിറ്റഡ് ഓവർസിയറുടെയും ഒഴിവുണ്ട്.

(ഇ) ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതുമൂലം പദ്ധതി നിർവ്വഹണത്തിൽ തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ**

379 (2279) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

1) കുഴൂർ ഗ്രാമപഞ്ചായത്തിൽ കുഴൂർ ഇരണികുളം ഇന്ദിരാഗാന്ധി റോഡ്
2) പൊയ്യ ഗ്രാമപഞ്ചായത്തിൽ നാലുവഴി കഴിഞ്ഞിത്തറ റോഡ്

## വടക്കാഞ്ചേരി മണ്ഡലത്തിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ റോഡുകൾ

380 (2280) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2016-2021 കാലയളവിൽ റീബിൽഡ് കേരള ഇൻഷ്യേറ്റീവിന്റെ മേൽനോട്ടത്തിൽ നവീകരിച്ചതും നവീകരിച്ചുകൊണ്ടിരിക്കുന്നതുമായ ഗ്രാമീണ റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നവീകരിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു*

(ബി) പ്രസ്തുത പദ്ധതി പ്രകാരം നവീകരിക്കാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നവീകരിക്കാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

## ഈസ് ഓഫ് ലിവിംഗ് സർവ്വേ

381 (2281) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസ് ഓഫ് ലിവിംഗ് സർവ്വേയുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏതെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

ഫീൽഡ്തല സർവ്വേ, ഡാറ്റ അപ്‌ലോഡിംഗ്, ഡാറ്റ വാലിഡേഷൻ എന്നിവ പൂർത്തിയാക്കി സംസ്ഥാനത്ത് ഈസ് ഓഫ് ലിവിംഗ് സർവ്വേ നടപടികൾ 2021 ജൂലൈ 31-ന് പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഈ സർവ്വേ പൂർത്തീകരിക്കുന്നതിലൂടെ 2011-ൽ നടത്തിയ സോഷ്യോ ഇക്കണോമിക് ആൻഡ് കാസ്റ്റ് സെൻസസ് വിവരങ്ങളുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2011-ൽ നടത്തിയ സോഷ്യോ-ഇക്കണോമിക് ആൻഡ് കാസറ്റ് സെൻസസ് ലിസ്റ്റിൽ ഉൾപ്പെട്ട "Deprived Households"-ന്റെ നിലവിലെ അവസ്ഥ പരിശോധിച്ചറിയുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച വിവരശേഖരണ പദ്ധതിയാണ് ഈസ് ഓഫ് ലിവിംഗ് സർവ്വേ. സർവ്വേയിലൂടെ ശേഖരിച്ച വിവരം നിർദിഷ്ട പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. തുടർനടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

**കൊല്ലം നഗരത്തിന്റെ മാസ്റ്റർ പ്ലാൻ**

382 (2282) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നഗരത്തിന്റെ മാസ്റ്റർ പ്ലാൻ പുതുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിനായുള്ള ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയുടെ രൂപീകരണം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം പട്ടണത്തിന്റെ മാസ്റ്റർ പ്ലാൻ പുതുക്കുന്നതിനായി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി GIS based മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് പുരോഗമിക്കുകയാണ്. കൊല്ലം പട്ടണവും നീണ്ടകര, കൊറ്റംകര എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്നതും 2012-ൽ പ്രസിദ്ധീകരിച്ചതുമായ Greater Kollam Development പ്ലാനിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായുള്ള ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി (JPC) രൂപീകരിക്കുന്നതിനായി നീണ്ടകര, കൊറ്റംകര എന്നീ ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള റെസൊല്യൂഷൻ ലഭിച്ചിട്ടുണ്ട്. കൊല്ലം കോർപ്പറേഷനിൽനിന്നുള്ള റെസൊല്യൂഷൻ കൂടി ലഭിച്ചതിന് ശേഷം J.P.C. രൂപീകരിക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണം**

383 (2283) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയം ഭരണ വകുപ്പ് ഏകീകരണം വഴി ടൗൺ പ്ലാനിംഗ്, എഞ്ചിനിയറിംഗ് ഉൾപ്പെടെയുള്ള വിഭാഗങ്ങളിലെ മിനിസ്റ്റീരിയൽ തസ്തികകളിൽ പൊതുസീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമായിട്ടില്ല. ആയത് അന്തിമമാകുന്ന മുറയ്ക്ക് വിശേഷാൽ ചട്ടം പ്രകാരം സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

(ബി) നിലവിലെ ടൗൺ പ്ലാനിംഗ്, എഞ്ചിനിയറിംഗ് ഉൾപ്പെടെയുള്ള വിഭാഗങ്ങളിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണം വഴി ലഭിക്കുന്ന മെച്ചപ്പെട്ട സേവന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുമ്പോൾ മാത്രമേ ഇക്കാര്യം വ്യക്തമാക്കാൻ സാധിക്കുകയുള്ളു.

**ജിഡ ജനറൽ കൗൺസിൽ അംഗീകാരം നൽകിയ പ്രവൃത്തികൾ**

384 (2284) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ജനറൽ കൗൺസിൽ അംഗീകാരം നൽകിയ പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എന്നാണ് അംഗീകാരം നൽകിയതെന്നും വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ള ഏജൻസികൾ ഏതൊക്കെയെന്നും ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ഭരണാനുമതി ലഭിക്കേണ്ടതായ പ്രവൃത്തികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

(എ & ബി) ജിഡ ജനറൽ കൗൺസിൽ അംഗീകാരം നൽകിയ പദ്ധതികളും ഭരണാനുമതി ലഭ്യമായതടക്കമുള്ള വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(സി) ജനറൽ കൗൺസിൽ അംഗീകാരം നൽകി തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിലും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾ പണി പൂർത്തിയാക്കുന്നതിലുമുള്ള കാലതാമസം കടമക്കുടി ദ്വീപ് നിവാസികൾക്ക് സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ജിഡ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളുടെ നിർവ്വഹണച്ചുമതല ഏല്പിച്ചിരിക്കുന്ന ഏജൻസികളോട് വർക്ക് ഷെഡ്യൂൾ തയ്യാറാക്കുന്നതിന് നിർദ്ദേശം നല്കിയും അത് പ്രകാരം നിർവ്വഹണം അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കെ.എം.ബി.ആർ. ലംഘനങ്ങൾ**

385 (2285) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഡി.പി.ആർ. തയ്യാറാക്കി നൽകിയിട്ടും കെ.എം.ബി.ആർ. ലംഘനങ്ങളുള്ളത് കാരണം അംഗീകാരം ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചെറിയ തോതിലുള്ള കെ.എം.ബി.ആർ. ലംഘനങ്ങൾ കാരണം പ്രവൃത്തികൾക്ക് അംഗീകാരം നൽകാത്തതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സാധിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിൽ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ചട്ടലംഘനങ്ങൾ ക്രമീകരിക്കുന്നമുറയ്ക്കും ചട്ടങ്ങളിൽ ഇളവനുവദിച്ചുകൊണ്ടും സർക്കാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്.

**പഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് പരിശീലനം**

386 (2286) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലേക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് കില വഴി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ത്രിതല പഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് കില മുഖാന്തരം പഞ്ചായത്തുകളുടെ വിവിധ പ്രവർത്തനങ്ങൾ, പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും, അനുബന്ധ നിയമങ്ങൾ, മാലിന്യ സംസ്കരണം, ദുരന്ത നിവാരണം എന്നിങ്ങനെ വിഷയാടിസ്ഥാനത്തിലും, സർക്കാരിന്റെ വിവിധ പദ്ധതികളുടെയും പരിപാടികളുടെയും നിർവ്വഹണം അനുബന്ധിച്ചും ആവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. വകുപ്പുകളുടെ സംയോജനത്തിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ളവർക്കും പുതുതായി നിയമിക്കപ്പെടുന്നവരുമായ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്തുവരുന്നു.

(ബി) പഞ്ചായത്തുകളുടെ സേവനം കാര്യക്ഷമമാക്കുന്നതിന് ജീവനക്കാർക്ക് വാർഷിക പരിശീലനം നിർബന്ധമാക്കുമോ?

സംസ്ഥാനത്തെ പഞ്ചായത്തുകളുടെ സേവനം കാര്യക്ഷമാക്കുന്നതിനായി വകുപ്പിലെ എല്ലാ ജീവനക്കാർക്കും കില മുഖാന്തരം പരിശീലനം നൽകിവരുന്നുണ്ട്. നിലവിൽ പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ്, നഗരാസൂത്രണം എന്നീ അഞ്ച് വകുപ്പുകൾ സംയോജിപ്പിച്ച് ഒറ്റ വകുപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ വാർഷിക പരിശീലനം നിർബന്ധമാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാവുന്നതാണ്.

(സി) പഞ്ചായത്തുകളുടെ മുഴുവൻ സേവനങ്ങളും ഓൺലൈൻ വഴി നൽകാനും സേവനം ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; അറിയിക്കുമോ?

പഞ്ചായത്തുകളിലെ സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) വികസിപ്പിച്ച അതിനൂതനമായ ഒരു സോഫ്റ്റ്‌വെയർ ആണ് ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.). ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ വിവിധ ഘട്ടങ്ങളായി പ്രവർത്തനക്ഷമമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ ഓഫീസ് ഫയൽ മാനേജ്മെന്റ്, സിവിൽ രജിസ്ട്രേഷൻ, അക്കൗണ്ടിംഗ് എന്നീ മൂന്ന് മൊഡ്യൂളുകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കേരളത്തിലെ 309 ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ വിന്യസിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ നൽകിവരുന്ന 213 സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ അയക്കുന്നതിനും. ഓൺലൈനായി തുക ഒടുക്കുന്നതിനുള്ള സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. ഇന്റഗ്രേറ്റഡ് ലോക്കൽ

ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) നടപ്പിലാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ മുഴുവൻ സേവനങ്ങളും ഓൺലൈൻ വഴി നൽകാനുള്ള നടപടിയായിട്ടുണ്ട്. കൂടാതെ അവശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽകൂടി സേവനങ്ങൾ ഓൺലൈനിൽ അപേക്ഷിക്കുന്നതിനും അപേക്ഷയോടൊപ്പം നൽകാനുള്ള ഫീസുകൾ ഓൺലൈനിൽ അടയ്ക്കുന്നതിനും തയ്യാറാക്കിയ സിറ്റിസൺ പോർട്ടൽ (citizen.lsgkerala.gov.in). 3-9-2021-ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**മയക്കുമരുന്നിന്റെ വർദ്ധിച്ചുവരുന്ന ഉപയോഗം**

387 (2287) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കളിലും വിദ്യാർത്ഥികളിലും ലഹരിമരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സർക്കാരിന് ലഭിച്ചിട്ടുള്ള വിവരങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ലഹരി മരുന്നിന്റെ ഉപയോഗം, കൈവശം വയ്ക്കൽ എന്നിവയുമായി ബന്ധപ്പെട്ട് യുവാക്കളും വിദ്യാർത്ഥികളും പ്രതികളായ കേസുകൾ കൂടുതലായി കണ്ടെടുക്കുന്നുണ്ട്. 1-1-2021 മുതൽ 30-9-2021 വരെ സംസ്ഥാനത്ത് കണ്ടെടുത്ത എൻ.ഡി.പി.എസ്. കേസുകളിൽ 18 മുതൽ 45 വയസ്സ് വരെയുള്ള 2248 കുറ്റാരോപിതരും 18 വയസ്സിനുതാഴെയുള്ള 10 പേരും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള നിയമങ്ങളുടെ പോരായ്മമൂലമാണ് ലഹരിമരുന്ന് കേസുകൾ സംസ്ഥാനത്ത് വർദ്ധിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) മയക്കുമരുന്ന് കേസുകളിൽ ശിക്ഷ വർദ്ധിപ്പിക്കുകയും പിഴത്തുകയിൽ വൻവർദ്ധനവ് വരുത്തുകയും ചെയ്തുകൊണ്ട് നിലവിലെ നിയമത്തിൽ ഭേദഗതി വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ?

(ബി & സി) നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ടിൽ, കണ്ടെടുക്കുന്ന ലഹരി മരുന്നുകളെ അവയുടെ അളവ് അനുസരിച്ച് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തിരിച്ചിട്ടുള്ളതും, Medium Quantity ലഹരി മരുന്നുകൾ

കണ്ടെടുക്കുന്ന കേസുകളിൽ പത്ത് വർഷം വരെയും Commercial Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന കേസുകളിൽ പത്ത് വർഷം മുതൽ ഇരുപത് വർഷം വരെയും കഠിന തടവിന് പ്രതികളെ ശിക്ഷിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ Small Quantity ലഹരിമരുന്നുകൾ കണ്ടെടുക്കുന്ന കേസുകൾ ജാമ്യം ലഭിക്കുന്നവയാണ്. ആയതിനാൽ വിവിധ മയക്കുമരുന്നുകളുടെ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

## തിരുവമ്പാടി ആസ്ഥാനമായി എക്സൈസ് റേഞ്ച് ഓഫീസ്

388 (2288) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തന പരിധി വിപുലമായതിനാലും കേസുകളുടെ എണ്ണം വർദ്ധിക്കുന്നതിനാലും താമരശ്ശേരി എക്സൈസ് റേഞ്ച് വിഭജിച്ച് തിരുവമ്പാടി ആസ്ഥാനമാക്കി റേഞ്ച് ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) റേഞ്ച് ഓഫീസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ & ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്ത 37 പുതിയ റേഞ്ച് ഓഫീസുകളിൽ തിരുവമ്പാടികൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരവും അറിയിക്കുന്നു.

## എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസറുമാരുടെ സീനിയോറിറ്റി ലിസ്റ്റ്

389 (2289) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ പ്രിവന്റീവ് ഓഫീസറുമാരുടെ സീനിയോറിറ്റി ലിസ്റ്റ് 14-10-2003-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

14-10-2003-ലെ G.O.(Ms)No.155/2003/TD-ാം നമ്പർ സർക്കാർ ഉത്തരവിൽ എക്സൈസ് വകുപ്പിൽ പ്രിവന്റീവ് ഓഫീസർ തസ്തികയിൽ അധികമായി നേരിട്ട് നിയമനം ലഭിച്ച പ്രിവന്റീവ് ഓഫീസർമാരെ സൂപ്പർന്യൂമററിയായി നിർത്തുന്നതിനാണ് ഉത്തരവായിട്ടുള്ളത്. തുടർന്ന് 13-2-2008-ലെ

G.O.(Ms)No.22/2008/TD പ്രകാരം പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിച്ചിട്ടുണ്ട്.

(ബി) നിയമ സാധുതയുള്ള സീനിയോറിറ്റി ലിസ്റ്റില്ലാതെ പ്രിവന്റീവ് ഓഫീസർമാരെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ; ഏത് സാഹചര്യത്തിലാണ് ഇങ്ങനെ പ്രൊമോഷൻ നൽകിയതെന്ന് വിശദമാക്കുമോ?

വിവിധ കോടതി വ്യവഹാരങ്ങളും ഉത്തരവുകളും നിലനിൽക്കുന്നതിനാൽ എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണ് വകുപ്പിലുള്ളത്. 2019 മുതൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെയും, പ്രമോട്ടീ എക്സൈസ് ഇൻസ്പെക്ടർമാരുടെയും ഒഴിവുകൾ നികത്താൻ സാധിക്കാത്തതിനാൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഗണ്യമായ രീതിയിൽ തടസ്സപ്പെട്ടിരുന്നു. തുടർന്ന് KS&SSR Rule 31(a)(i) പ്രകാരം 62 പ്രിവന്റീവ് ഓഫീസർമാർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതാണ്.

(സി) സിവിൽ എക്സൈസ് ഓഫീസർമാരെയും വനിതാസിവിൽ എക്സൈസ് ഓഫീസർമാരെയും സൂപ്പർന്യൂമററി തസ്തികയിൽ നിയമിച്ചിട്ടുണ്ടോ; ഇതിനായി പാലിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

നിയമിച്ചിട്ടില്ല.

(ഡി) 1998-ൽ നിലവിലുണ്ടായിരുന്ന ഒഴിവുകളിൽ അധികമായി നിയമിച്ച പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

1998-ൽ നിയമിക്കപ്പെട്ട പ്രിവന്റീവ് ഓഫീസർമാരെ ഉൾപ്പെടുത്തി 2-2-1993 മുതൽ 30-6-2003 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*

(ഇ) പ്രിവന്റീവ് ഓഫീസർന്മാരെ പി.എസ്.സി. വഴി നേരിട്ട് നിയമിക്കുന്നത് നിർത്തലാക്കികൊണ്ട് ഉത്തരവായിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ നേരിട്ടുള്ള നിയമനം 4-6-2008-ലെ G.O(P)No.113/2008/TD ഉത്തരവ് പ്രകാരം നിർത്തലാക്കിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) നിലവിലുള്ള എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള പ്രിവന്റീവ് ഓഫീസർമാരുടെ പ്രൊമോഷൻ സമയബന്ധിതമായി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

എക്സൈസ് വകുപ്പിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാത്തതിനാലാണ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുവാൻ സാധിക്കാത്തത്. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രസ്തുത തസ്തികയിലെ തൊട്ടുതാഴത്തെ തസ്തികയായ പ്രിവന്റീവ് ഓഫീസർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് ആവശ്യമാണ്. വിവിധ കോടതി ഉത്തരവുകൾ നിലവിലുള്ളതിനാൽ ആയത് നാളിതുവരെ അന്തിമമായി പ്രസിദ്ധീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. കോടതിയുടെ അന്തിമവിധിവരുന്ന മുറയ്ക്ക് മാത്രമേ മേൽവിഷയത്തിൻമേൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു.

## വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസ്

390 (2290) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എക്സൈസ് റേഞ്ച് ഓഫീസ് അനുവദിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെ ആണെന്ന് പറയാമോ?

ബാധകമല്ല.

(സി) വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. എക്സൈസ് കമ്മീഷണർ ഇതിനുള്ള ശിപാർശ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

## എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗം

391 (2291) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്?

123 പേർ.

(ബി) കായിക പരിശീലനം കഴിഞ്ഞ എത്ര ഉദ്യോഗസ്ഥർ എക്സൈസ് വകുപ്പിൽ ബോർഡ് യൂണിറ്റിലും ക്ലറിക്കൽ വിഭാഗത്തിലും ജോലി ചെയ്യുന്നുണ്ട്; അറിയിക്കുമോ?

കായിക പരിശീലനം കഴിഞ്ഞ 200 ഉദ്യോഗസ്ഥർ നിലവിൽ ബോർഡ്, ക്ലറിക്കൽ വിഭാഗത്തിൽ ജോലി നോക്കിവരുന്നു.

(സി) എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടി മിനിസ്റ്റീരിയൽ വിഭാഗത്തെ രൂപീകരിക്കണമെന്ന നിർദ്ദേശം വകുപ്പിൽ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്; അറിയിക്കുമോ?

നിലവിലുള്ള സ്ഥിതി തുടരുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ഡി) മിഷൻ വിമുക്തിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ചില എക്സൈസ് ഉദ്യോഗസ്ഥർ വിമുക്തി മാസ്റ്റർ ട്രെയിനർ, വിമുക്തി താലൂക്ക് കോ-ഓർഡിനേറ്റർ എന്നീ പേരുകൾ നോട്ടീസുകളിലും ബോധവത്കരണ പ്രവർത്തനങ്ങളിലും ഉപയോഗിച്ച് വരുന്ന ഈ തസ്തികകൾ വിമുക്തി മിഷനിൽ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

തെരഞ്ഞെടുക്കപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥർക്ക് വിമുക്തി മിഷനുമായി ബന്ധപ്പെട്ട് ചില ചുമതലകൾ നൽകിയിട്ടുണ്ട്. എന്നാൽ പ്രത്യേകം തസ്തികകൾ അതിനായി രൂപീകരിച്ചിട്ടില്ല.

**പുതിയ തരം മയക്കുമരുന്ന്**

392 (2292) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ തലമുറ ഉപയോഗിക്കുന്ന പുതിയ തരം മയക്കുമരുന്ന് വ്യാപനത്തിനെതിരെ ശക്തമായ നടപടി സ്വീകരിച്ച് ശിക്ഷ നടപ്പിലാക്കാൻ നിലവിലെ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക്ക് സബ്സ്റ്റൻസസ് ആക്ട് (1985-ലെ ഇന്ത്യാ ആക്ട്) പര്യാപ്തമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക്ക് സബ്സ്റ്റൻസസ് ആക്ടിലെ (1985-ലെ ഇന്ത്യാ ആക്ട്) ചില വ്യവസ്ഥകളിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക്ക് സബ്സ്റ്റൻസസ് ആക്ടിൽ, കണ്ടെടുക്കുന്ന ലഹരി മരുന്നുകളെ അവയുടെ അളവ് അനുസരിച്ച് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തിരിച്ചിട്ടുള്ളതും, Medium Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന കേസുകളിൽ പത്ത് വർഷം വരെയും Commercial Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന കേസുകളിൽ പത്ത് വർഷം മുതൽ ഇരുപത് വർഷം വരെയും കഠിന തടവിന് പ്രതികളെ ശിക്ഷിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ Small Quantity ലഹരിമരുന്നുകൾ കണ്ടെടുക്കുന്ന കേസുകൾ ജാമ്യം ലഭിക്കുന്നവയാണ്. ആയതിനാൽ വിവിധ മയക്കുമരുന്നുകളുടെ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

## പറളി എക്സൈസ് റേഞ്ച് ഓഫീസ്

393 (2293) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ പറളി എക്സൈസ് റേഞ്ച് ഓഫീസ് നിലവിൽ സ്വന്തം കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്?

പറളി എക്സൈസ് റേഞ്ച് ഓഫീസ് നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) അല്ലെങ്കിൽ സ്വന്തമായി കെട്ടിടം പണിയുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വയനാട് ജില്ലയിൽ ജനമൈത്രി എക്സൈസ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

394 (2294) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിൽ ജനമൈത്രി എക്സൈസ് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് ആദിവാസി കോളനികൾ സന്ദർശിച്ചും, സ്കൂൾ/കോളേജ് തലങ്ങളിലും ബോധവൽക്കരണ പരിപാടികൾ നടത്തി ലഹരി ഉപയോഗിക്കുന്നവരെയും ലഹരിക്കടിമപ്പെട്ടവരെയും കണ്ടെത്തി ഡി-അഡീക്ഷൻ സെന്ററിൽ എത്തിച്ച് ചികിത്സക്ക് വിധേയരാക്കിവരുന്നു. ആദിവാസി വിഭാഗത്തിൽപ്പെട്ട ആളുകളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുവേണ്ടി 'ഗോത്ര കിരണം' എന്ന പേരിൽ പി.എസ്.സി. പരീക്ഷ പരിശീലന പരിപാടികൾ നടത്തിവരുന്നു. വിമുക്തിയുടെ ഭാഗമായി മദ്യം, മയക്കുമരുന്ന് മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ വിൽപ്പനയെയും മറ്റുമുള്ള വിവരശേഖരണം നടത്തി അവയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരെ, പ്രത്യേകിച്ച് 18 വയസ്സിന് താഴെ പ്രായമുള്ളവരെ കണ്ടെത്തി അവർക്ക് കൗൺസിലിംഗ് നടത്തിവരികയും ചികിത്സ ആവശ്യമുള്ളവർക്ക് അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ആരോഗ്യ വകുപ്പുമായി സഹകരിച്ച് വിദഗ്ദ്ധ ഡോക്ടർമാരുടെ സഹകരണത്തോടെ കോളനി നിവാസികൾക്കായി മെഡിക്കൽ ക്യാമ്പും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചുവരുന്നു.

**പൊന്നാനിയിൽ ഡീ-അഡിക്ഷൻ സെന്റർ**

395 (2295) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിമുക്തി പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ നിലമ്പൂരിൽ ആരംഭിച്ച ഡീ-അഡിക്ഷൻ സെന്റർ ഈ കോവിഡ് കാലത്തിൽ പ്രവർത്തനരഹിതമാണെന്ന വിവരം ലഭിച്ചിട്ടുണ്ടോ?

നിലമ്പൂർ ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തനരഹിതമാണെന്ന വിവരം ശരിയല്ല. മലപ്പുറം ജില്ലയിൽ കോവിഡ് വ്യാപനം കൂടിയ സാഹചര്യത്തിൽ നിലമ്പൂർ ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ ആവശ്യപ്രകാരം ഓക്സിജൻ സൗകര്യമുള്ള വിമുക്തി വാർഡ് താത്കാലികമായി കോവിഡ് വാർഡായി മാറ്റുകയായിരുന്നു. അതുമൂലം ഈ സെന്ററിൽ ഇപ്പോൾ കിടത്തി ചികിത്സ നൽകുന്നില്ല. എന്നാൽ ഒ.പി., കൗൺസിലിംഗ് എന്നീ സേവനങ്ങൾ നൽകിവരുന്നുണ്ട്.

(ബി) പൊന്നാനി, തിരൂർ എന്നിവിടങ്ങളിൽനിന്ന് വളരെ ദൂരെയുള്ള നിലമ്പൂരിലേക്ക് രോഗികളെ കൊണ്ടുപോയി ചികിത്സിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ പൊന്നാനിയിൽ ഒരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാമോ?

പൊന്നാനി താലൂക്കാശുപത്രിയോട് ചേർന്ന് എക്സൈസ് വിമുക്തി ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**കാട്ടാക്കട എക്സൈസ് റേഞ്ച് ഓഫീസിനുള്ള കെട്ടിട നിർമ്മാണം**

396 (2296) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട എക്സൈസ് റേഞ്ച് ഓഫീസിനായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി കൈമാറാനുള്ള ഗ്രാമപഞ്ചായത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് നേരിട്ട് എക്സൈസ് വകുപ്പിന് ഭൂമി കൈമാറാൻ സാധിക്കുമോ; ഇതിനായി സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കാട്ടാക്കട എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് കാട്ടാക്കട ഗ്രാമപഞ്ചായത്ത് വക കുളത്തുമ്മൽ വില്ലേജിൽ 10 സെന്റ് സ്ഥലം പഞ്ചായത്ത് തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ് മുഖേന എക്സൈസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

**എക്സൈസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്ന നടപടി**

397 (2297) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി സംബന്ധമായ കേസുകൾ കൂടി വരുന്നതിനാലും പ്രസ്തുത കേസുകളിൽ പ്രതിയാക്കപ്പെടുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എക്സൈസ് സേനയിൽ വനിതാപ്രാതിനിധ്യം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ എക്സൈസ് ഡിപ്പാർട്ട്മെന്റിൽ കൂടുതൽ വനിതകളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിൽ നികുതി വകുപ്പിലെ എഫ്.1153/21/നി.വ. എന്ന ഫയലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

(എ & ബി) എക്സൈസ് വകുപ്പിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ നികുതി.എഫ്1/153/21/നി.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

(സി) നിലവിൽ പല റേഞ്ച് ഓഫീസുകളിലും വനിതാ പ്രാതിനിധ്യം കുറവാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഡി) ചെക്പോസ്റ്റുകളിലടക്കം ലഹരി സംബന്ധമായ കേസുകളിൽ വനിതകൾ പ്രതികളാകുന്ന സാഹചര്യത്തിൽ ചെക്പോസ്റ്റുകളിലടക്കം വനിതകളെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിട്ട 1-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, 15-ാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 4-10-2021-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

## III. അടിയന്തരപ്രമേയം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണം

മി. സ്പീക്കർ: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണം നീളുന്നതുമൂലം സംസ്ഥാന സമ്പദ്‌വ്യവസ്ഥയ്ക്ക് ഉണ്ടാകുന്നതായി പറയപ്പെടുന്ന നഷ്ടവും പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ആശങ്കയും സഭാനടപടി നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ എം. വിൻസെന്റ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, 2015 ആഗസ്റ്റ് 17-ാം തീയതി അദാനി വിഴിഞ്ഞം തുറമുഖ കമ്പനിയുമായി നിർമ്മാണത്തിനും നടത്തിപ്പിനുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം തുറമുഖത്തിന്റെ നിർമ്മാണം 2019 ഡിസംബർ 3-ാം തീയതി പൂർത്തീകരിക്കേണ്ടതായിരുന്നു. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട ബർത്ത്, ഡ്രഡ്ജിംഗ്, യാർഡ്, ക്രെയിനുകൾ, മറ്റ് യന്ത്രോപകരണങ്ങൾ എന്നിവയുടെ നിർമ്മാണം സമയബന്ധിതമായി നടന്നുവരുന്നുണ്ടെങ്കിലും പ്രധാന ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ തുറമുഖം കമ്മീഷൻ ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലാണ്. പാറ ലഭിക്കാത്തതാണ് പുലിമുട്ടിന്റെ നിർമ്മാണം തടസ്സപ്പെടാൻ പ്രധാന കാരണം. കരാർ പ്രകാരം പാറയുൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്നതിനുള്ള ചുമതല കരാർ കമ്പനിക്കാണെന്നിരിക്കെ ഈ ചുമതല സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കരാർ കമ്പനി പരാജയപ്പെട്ടു. കരാർ പ്രകാരമുള്ള നോട്ടീസുകൾ കമ്പനിക്ക് നൽകുകയും

---

* അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

ആയതിന് അവർ വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. കാലതാമസത്തിന് കാരണമായി കാലാവസ്ഥയും മറ്റുപ്രകാരമുള്ള 17 കാരണങ്ങളും ചൂണ്ടിക്കാട്ടിയാണ് കരാർ കമ്പനി സമയം നീട്ടി ചോദിച്ചിരിക്കുന്നത്. അക്കാര്യങ്ങൾ സർക്കാർ പരിശോധിച്ച് കമ്പനിക്ക് മറുപടി നൽകിയിട്ടുണ്ട്. സർക്കാർ നിലപാടിൽ തൃപ്തരാകാതെ കരാർ കമ്പനി ആർബിട്രേഷൻ ട്രൈബ്യൂണലിനെ സമീപിക്കുകയും 3 മുൻ സുപ്രീംകോടതി ജഡ്ജിമാർ അടങ്ങുന്ന ട്രൈബ്യൂണൽ മുമ്പാകെ കരാർ കമ്പനിയും സർക്കാരും അവരുടെ വാദമുഖങ്ങൾ സമർപ്പിക്കുകയും ആയതിന്റെ നടപടിക്രമങ്ങൾ തുടർന്നുവരികയും ചെയ്യുന്നുണ്ട്. പാറ കൊണ്ടുവരുന്ന കാര്യത്തിൽ കമ്പനിക്ക് സംഭവിച്ച വീഴ്ചകളെക്കുറിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയും അയൽ സംസ്ഥാനങ്ങളിൽ നിന്നുകൂടി കല്ല് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരികയുമാണ്. ഇതിന്റെ ഭാഗമായി ഞാൻ ബഹുമാനപ്പെട്ട തമിഴ്നാട് തുറമുഖ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയതിന്റെ ഫലമായി ആവശ്യമായ സഹായം നൽകാമെന്ന് അവർ ഉറപ്പ് നൽകിയിട്ടുണ്ട്. 200 മീറ്റർ ബഫർ സോൺ ഇല്ലാത്ത പുതിയ ക്വാറികൾ തുടങ്ങുവാൻ നിർവ്വാഹമില്ലെന്ന ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് കേരളത്തിൽ ക്വാറി തുടങ്ങുന്നതിന് വലിയ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഇതുമൂലം അദാനി കമ്പനി സമർപ്പിച്ച അപേക്ഷകളിൽ പലതിനും അനുമതി നൽകാൻ കഴിയുന്നില്ല.

വിഴിഞ്ഞത്ത് ഏതാണ്ട് 20 മീറ്റർ ആഴത്തിലാണ് പുലിമുട്ട് നിർമ്മിക്കേണ്ടത്. മൺസൂൺ കാലത്ത് ഇവിടെ പണിനടത്തുവാൻ സാധിക്കുകയില്ല. ഈ കാലയളവിൽ പാറയുൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾ സംഭരിച്ചുവച്ചിട്ടുണ്ട്. ഒക്ടോബർ മാസത്തിൽ പാറ നിക്ഷേപിക്കാനുള്ള നടപടി ആരംഭിക്കുന്നതിന് ബാർജ് ഉൾപ്പെടെയുള്ള എല്ലാ സാമഗ്രികളും ഏർപ്പാടാക്കിയിരുന്നെങ്കിലും ഇപ്പോഴത്തെ കാലാവസ്ഥ പണി തുടങ്ങുന്നതിന് പ്രതിബന്ധമായിട്ടുണ്ട്. 870 മീറ്റർ നീളത്തിൽ പുലിമുട്ട് പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ 16 ലക്ഷം ടൺ പാറയുടെ സ്റ്റോക്കുണ്ട്. ഇവ കൊല്ലം, മുതലപ്പൊഴി, വിഴിഞ്ഞം എന്നീ മൂന്ന് സ്ഥലങ്ങളിൽനിന്നും ഒരേസമയം കടലിൽ നിക്ഷേപിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. അടുത്ത മൺസൂൺ വരെയുള്ള കാലഘട്ടത്തിനുള്ളിൽ പുലിമുട്ടിന്റെ ഗണ്യമായ ഭാഗം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യം കരാർ കമ്പനി ഉറപ്പ് നൽകിയിട്ടുമുണ്ട്. കരാർ പ്രകാരം നിർമ്മാണ കാലാവധി കരാർ കാലാവധിയുടെ ഭാഗമാണ്. അതുകൊണ്ട് കാലതാമസം കമ്പനിയെയും ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ ഒരു മെല്ലെപ്പോക്കുണ്ടെന്ന് കരുതേണ്ടതില്ല. എന്നാൽ കാലാവസ്ഥയിലും മറ്റുമുള്ള അടിക്കടിയുള്ള വ്യതിയാനങ്ങൾ നിർമ്മാണത്തെ ബാധിക്കുന്നുണ്ട്. കോവിഡ് മഹാമാരി തൊഴിലാളികളുടെ ലഭ്യതയെയും മറ്റ് പ്രവർത്തനങ്ങളെയും വലിയ തോതിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

വിഴിഞ്ഞം പദ്ധതിക്ക് അംഗീകാരം നൽകിയപ്പോൾ പദ്ധതിമൂലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിന്റെ വനം-പരിസ്ഥിതി മന്ത്രാലയം നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് പുനരധിവസിപ്പിക്കേണ്ട മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനും അവർക്ക് അർഹമായ നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനും തിരുവനന്തപുരം ആർ.ഡി.ഒ. ചെയർമാനായ Livelihood Impact Assessment Committee-യും അപ്പീലുകൾ പരിഗണിച്ച് ശിപാർശ ചെയ്യുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിരുന്നു. ഈ കമ്മിറ്റികൾ സമർപ്പിച്ച എല്ലാ ശിപാർശകളും അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. 8 കോടി രൂപയാണ് പുനരധിവാസത്തിന് ആദ്യം കണക്കാക്കിയിരുന്നത്. എന്നാൽ സർക്കാർ ഇക്കാര്യത്തിൽ വളരെ ഉദാരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഏതാണ്ട് 100 കോടി രൂപ പുനരധിവാസ പ്രവർത്തനങ്ങൾക്കുവേണ്ടി മാത്രമായി സർക്കാർ ചെലവാക്കിയിട്ടുണ്ട്. ഇതിനുപുറമെ ഈ മേഖലയിൽ നിരവധി സാമൂഹികക്ഷേമ പ്രവർത്തനങ്ങൾ കരാർ കമ്പനിയും സർക്കാരും ചേർന്ന് നടപ്പിലാക്കിവരുന്നു.

പദ്ധതിക്കാവശ്യമായ ഭൂമി, ജലം, വൈദ്യുതി, അപ്രോച്ച് റോഡ്, റെയിൽ കണക്ടിവിറ്റി എന്നിവ ലഭ്യമാക്കേണ്ട ചുമതല സർക്കാരിനാണ്. 97 ശതമാനം ഭൂമിയും ഏറ്റെടുത്ത് കൈമാറിക്കഴിഞ്ഞു. ജലവും വൈദ്യുതിയും ലഭ്യമാക്കിയിട്ടുണ്ട്. റോഡ് നിർമ്മാണത്തിന്റെ ചുമതല കരാർ കമ്പനിക്കാണ്. ഇതിനാവശ്യമായ ഭൂമി ലഭ്യമാക്കുകയും പണി ത്വരിതഗതിയിൽ നടത്തിവരികയും ചെയ്യുന്നു. റെയിൽ കണക്ടിവിറ്റിക്കുവേണ്ടി കൊങ്കൺ റെയിൽ കമ്പനി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് റെയിൽവേയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും അവർ ആവശ്യപ്പെട്ട ക്ലാരിഫിക്കേഷൻസ് നൽകുകയും ചെയ്തിട്ടുണ്ട്. അവർ ഇത് വിശദമായി പരിശോധിച്ചുവരികയാണ്. എത്രയും പെട്ടെന്ന് അനുമതി ലഭ്യമാക്കാനുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. ഇതൊന്നും പദ്ധതിയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല. പ്രോജക്ട് പൂർത്തീകരിക്കുന്നതിന് മനുഷ്യസാധ്യമായ എല്ലാ നടപടിയും സർക്കാർ സ്വീകരിച്ചുവരികയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. ചീഫ് സെക്രട്ടറി മുതൽ താഴോട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും ആവശ്യമായ ക്രമീകരണങ്ങളും നിരീക്ഷണങ്ങളും നടത്തുന്നുണ്ട്. കാലാവസ്ഥയാണ് ഇപ്പോഴത്തെ പ്രധാന പ്രശ്നമായി കാണുന്നത്. പ്രസ്തുത പ്രവൃത്തി എത്രയും വേഗത്തിൽ പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. അതുകൊണ്ട് സഭ നിർത്തിവെച്ച് ഇക്കാര്യം ചർച്ച ചെയ്യേണ്ട ഒരു കാര്യവും ഇല്ലാത്തതിനാൽ ഈ അടിയന്തര പ്രമേയത്തിന് അനുമതി നൽകേണ്ടതില്ലെന്ന് അറിയിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, പറന്നുയരാൻ മോഹിച്ച ചിറക് മുളയ്ക്കാത്തൊരു കടൽപ്പക്ഷിയായിരുന്നു 2011 വരെ വിഴിഞ്ഞം തുറമുഖം. 2011-ൽ അധികാരത്തിൽവന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ അന്നത്തെ തുറമുഖ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇന്ന് ഈ സഭയിലുണ്ട്. ആ ഗവൺമെന്റിന്റെ നിരന്തര കഠിനാധ്വാനത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായാണ് 25 വർഷമായി ഇന്ന് തുടങ്ങും നാളെ തുടങ്ങുമെന്ന് പ്രതീക്ഷിച്ചിരുന്ന ആ പദ്ധതിക്ക് ചിറകുവച്ചതെന്ന് ഓർമ്മപ്പെടുത്തുകയാണ്. 2015 സെപ്റ്റംബർ മാസം 17-ാം തീയതി ഈ പദ്ധതിക്കുവേണ്ടി ഒപ്പിട്ട കരാർ പ്രകാരം 1460 ദിവസമാണ് പദ്ധതി പൂർത്തിയാക്കേണ്ട കാലാവധി. അന്നത്തെ മുഖ്യമന്ത്രി കരാർ കമ്പനിയോട് 'ഈ പ്രവൃത്തി നിങ്ങൾക്ക് ആയിരം ദിവസംകൊണ്ട് പൂർത്തിയാക്കാൻ കഴിയുമോ' എന്ന് ചോദിച്ചപ്പോൾ കരാർ കമ്പനി അതൊരു വെല്ലുവിളിയായി ഏറ്റെടുത്തുകൊണ്ട് പറഞ്ഞത്, 'ഞങ്ങൾ ആയിരം ദിവസംകൊണ്ട് പൂർത്തിയാക്കാം' എന്നാണ്. തുറമുഖത്തിന്റെ സൈറ്റിൽ അന്ന് 1000 എന്നൊരു ബോർഡ് വച്ചു. ഓരോ ദിവസവും കൗണ്ട് ഡൗൺ എന്ന രീതിയിൽ. തൊട്ടടുത്ത ദിവസങ്ങളിൽ 999, 998 എന്നിങ്ങനെ രേഖപ്പെടുത്തുകയും ചെയ്തു. അപ്രകാരം ഓരോ ദിവസവും മോണിറ്റർ ചെയ്തുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഈ നടപടി മുന്നോട്ടുനീങ്ങിയത്. ഇത് പതിനായിരക്കണക്കിന് ആളുകൾക്ക് നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ നൽകുന്ന പദ്ധതിയാണ്. ലോകത്തിലെ വൻകിട തുറമുഖങ്ങളിലെത്തുന്ന മദർ ഷിപ്പുകൾ, 22,000 റ്റി.യു. ശേഷിയുള്ള കപ്പലുകൾ 2019 ഡിസംബർ മാസം 3-ാം തീയതി വിഴിഞ്ഞത്ത് എത്തുന്നു, പുതിയ വ്യവസായങ്ങൾ, പുതിയ കച്ചവടങ്ങളുണ്ടാകുന്നു, വലിയ കപ്പലുകളെത്തി ചെറിയ കപ്പലുകളിലേയ്ക്ക് കണ്ടെയ്നറുകൾ ട്രാൻസ്ഷിപ്പ് ചെയ്യുന്നു, വലിയൊരു തുറമുഖ നഗരമായി നമ്മുടെ തലസ്ഥാനം മാറാൻ പോകുന്നു, റോഡ്-റെയിൽവേ കണക്ടിവിറ്റിയും ചരക്കുനീക്കവും സാധ്യമാകുന്നു, സിങ്കപ്പൂർ, കൊളംബോ, ദുബായ് എന്നീ തുറമുഖങ്ങളിലുള്ള ട്രാൻസ്ഷിപ്പ്മെന്റുകളുടെ സിംഹഭാഗവും വിഴിഞ്ഞത്തേയ്ക്ക് വരുന്നു എന്നിങ്ങനെ സ്വപ്നതുല്യമായ വികസനം സ്വപ്നം കണ്ടിരുന്ന ജനതയുടെ മുന്നിലേയ്ക്ക് ഒരു ചോദ്യചിഹ്നമായി പണിതിട്ടും പണിതിട്ടും പണി തീരാത്ത വീടായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മാറുമ്പോൾ പ്രതിസ്ഥാനത്ത് നിൽക്കുന്നത് സർക്കാരും നിർമ്മാണ കമ്പനിയുമാണ് എന്നുപറയാൻ ആഗ്രഹിക്കുകയാണ്. വിഴിഞ്ഞത്തിന് ഒരുപാട് പ്രത്യേകതകളുണ്ട്. തുറമുഖ നടത്തിപ്പിൽ ഏറ്റവുമധികം ചെലവ് ഡ്രഡ്ജിംഗിനാണ്. അത് താരതമ്യേന കുറവായിട്ടുള്ള, പ്രകൃതിദത്തമായ ആഴം വിഴിഞ്ഞത്തിനുണ്ട്. അന്താരാഷ്ട്ര കപ്പൽച്ചാലിനോടുള്ള സാമീപ്യം, ലോകത്തിലെ അറിയപ്പെടുന്ന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്തിന്റെ സാമീപ്യം, ക്രൂയിസ് ടൂറിസത്തിനുള്ള അപാരമായ വികസന

സാധ്യതകൾ, ഇതിനെല്ലാമുപരിയായി ആ പദ്ധതി പ്രദേശത്തെ ജനങ്ങൾ പദ്ധതിക്കുവേണ്ടിയെടുത്ത നിലപാടുകളും ഈ പദ്ധതിക്കുള്ള അനുകൂല ഘടകങ്ങളാണ്. എല്ലായിടത്തും വൻകിട പദ്ധികൾക്കെതിരെ തദ്ദേശവാസികളുടെ വലിയ എതിർപ്പാണ് ഉയരുന്നതെങ്കിൽ വിഴിഞ്ഞത്ത് തദ്ദേശവാസികളുടെ നല്ല രീതിയിലുള്ള പിന്തുണയുണ്ടായിരുന്നു. ഒരു കപ്പൽ 1000 സഞ്ചാരികളുമായി തുറമുഖത്ത് വന്നാൽ 50 ലക്ഷം രൂപ ലഭിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഇത്തരത്തിൽ വളരെ വിപുലമായ വികസന സാധ്യതകളുള്ള വലിയ സാമ്പത്തിക മുന്നേറ്റത്തിന് വാതിൽ തുറക്കുന്ന ഏഷ്യയിലെ തന്നെ വികസനത്തിന്റെ കവാടമായി ചിത്രീകരിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, 4 വർഷം കൊണ്ട് പൂർത്തിയാകുമെന്ന് പറഞ്ഞിട്ട് ഇന്ന് ഇരട്ടി കാലാവധിയായാലും പൂർത്തിയാക്കാൻ കഴിയില്ലെന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു. തുടക്കത്തിൽ തുറമുഖ നിർമ്മാണ കമ്പനി പാറ ലഭ്യമാക്കുന്നതിൽ അക്ഷന്തവ്യമായ കുറ്റമാണ് ചെയ്തിട്ടുള്ളത്. എന്നാൽ അത് മോണിറ്റർ ചെയ്യാനും കൃത്യമായ തിരുത്തലുകൾ വരുത്താനും സംസ്ഥാന സർക്കാർ തയ്യാറായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് തമിഴ്നാടുമായി പാറ ലഭ്യതയെക്കുറിച്ച് സംസാരിക്കുകയുണ്ടായി എന്നാണ്. എന്നാണ് ഗവൺമെന്റ് സംസാരിച്ചത്? അത് ഒരു മാസം മുമ്പാണ്. നിർമ്മാണത്തിന്റെ കാലാവധി കഴിഞ്ഞ് ഒന്നര വർഷം കഴിഞ്ഞതിനുശേഷമാണ് ബഹുമാന്യനായ മന്ത്രി സംസാരിക്കാൻ പോകുന്നത്. ഇതിൽപ്പരം നിഷ്ക്രിയത്വം വേറെ എന്തുണ്ട്? പദ്ധതിയുടെ പ്രവൃത്തി മുന്നോട്ടുപോകാത്തതിന്റെ കുറ്റം തുറമുഖ കമ്പനിയുടെ മാത്രം തലയിൽ കെട്ടിവച്ചുകൊണ്ട് നമുക്കിങ്ങനെ മാറിയിരിക്കാൻ പറ്റുമോ? അവരൊരു പങ്കാളി മാത്രമാണ്. ഇത് മോണിറ്റർ ചെയ്യേണ്ട പ്രധാന ഉത്തരവാദിത്വം ഗവൺമെന്റിനല്ലേ? അത് സർക്കാർ ചെയ്യാതെ, തുറമുഖ നിർമ്മാണം പൂർത്തീകരിക്കേണ്ട സമയം കഴിഞ്ഞ് ഒന്നേമുക്കാൽ കൊല്ലം കഴിയുന്ന ഈ വേളയിലും ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് മെല്ലെപ്പോക്കുണ്ടായിട്ടില്ല എന്നാണ്. ഇതാണോ ഗതിവേഗം? വിഴിഞ്ഞം തുറമുഖം സ്വയംഭൂവായി ഉണ്ടായതല്ല. അതിനുപിന്നിൽ കഠിന പരിശ്രമമുണ്ടായിരുന്നുവെന്ന് എല്ലാവർക്കുമറിയുന്ന കാര്യമാണ്. 2011-ൽ ഉമ്മൻചാണ്ടി സർക്കാർ അധികാരമേറ്റയുടൻ തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോയി. അന്നത്തെ കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രി ശ്രീ. ജയറാം രമേശിനെ പദ്ധതി പ്രദേശത്ത് കൊണ്ടുവരികയും പരിസ്ഥിതി ആഘാത പഠനത്തിനുവേണ്ടിയുള്ള Terms of Reference അദ്ദേഹത്തെക്കൊണ്ട് അംഗീകരിപ്പിച്ച് വാങ്ങുകയും ചെയ്തു. രണ്ടരവർഷം മാറിമാറി വന്ന നാല് കാലാവസ്ഥകളെക്കുറിച്ച് നിരീക്ഷണം നടത്തുകയും സ്റ്റേക്ക് ഹോൾഡേഴ്സുമായി നൂറുകണക്കിന് യോഗങ്ങളും പബ്ലിക് ഹിയറിംഗും നടത്തുകയും ചെയ്തു. നാലായിരം പേജ് വരുന്ന സമഗ്രവും ബൃഹത്തുമായ പാരിസ്ഥിതികാഘാത പഠനം നടത്തുകയും

പാരിസ്ഥിതികാനുമതി നേടിയെടുക്കുകയും ചെയ്തു. അതിനുശേഷം കേന്ദ്ര സർക്കാർ മറ്റൊരു ഗ്രീൻ ഫീൽഡ് തുറമുഖത്തിനും പാരിസ്ഥിതികാനുമതി നൽകിയിട്ടില്ലെന്ന കാര്യം ആലോചിക്കുമ്പോഴാണ് എത്രമാത്രം പ്രാധാന്യത്തോടുകൂടിയാണ് നമ്മൾ ഇതിനെ കണ്ടതെന്നുള്ളത് മനസ്സിലാകുന്നത്. അന്ന് ഈ തുറമുഖ നിർമ്മാണത്തിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ സർക്കാരിന് മുന്നിലുള്ള വെല്ലുവിളിയായത് 35 കിലോമീറ്റർ അപ്പുറത്ത് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള കുളച്ചൽ പദ്ധതിയായിരുന്നു. കേന്ദ്രവും തമിഴ്നാട് സർക്കാരും അതിനുവേണ്ടി തീവ്രമായി പരിശ്രമം നടത്തുന്ന കാലഘട്ടമായിരുന്നു. അന്ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത് കുളച്ചൽ തുറമുഖം വരികയാണെങ്കിൽ വിഴിഞ്ഞം തുറമുഖം പദ്ധതി നമുക്ക് മറക്കേണ്ടിവരുമെന്നാണ്. അതിലേയ്ക്കായി കുളച്ചൽ പദ്ധതി വരുന്നതിന് മുമ്പ് വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള അതിശക്തമായ നടപടികളാണ് അന്നത്തെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായത്. പാരിസ്ഥിതികാനുമതി ലഭിച്ച് 24 മണിക്കൂറിനുള്ളിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയും ആഗോള ടെണ്ടർ വെബ്സൈറ്റിൽ പ്രകാശനം ചെയ്തു. പരിസ്ഥിതി ആഘാത പഠനം നടക്കുന്ന അതേസമയം തന്നെ ടെണ്ടറിനുള്ള നടപടി പൂർത്തീകരിക്കാൻ സാധിച്ചു. ഒരേ സമയം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകൊണ്ടാണ് ഇപ്രകാരം ചെയ്യാൻ സാധിച്ചത്. അതിനുശേഷം ഭൂമിയേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുകയും 90 ശതമാനം ഭൂമിയും 2014-ൽ തന്നെ ഏറ്റെടുക്കാൻ അന്നത്തെ ഗവൺമെന്റിന് സാധിക്കുകയും ചെയ്തു. വെറും 10 ശതമാനം ഭൂമി മാത്രമാണ് പിന്നീട് ഈ സർക്കാരിന് ഏറ്റെടുക്കേണ്ടി വന്നിട്ടുള്ളത്. പക്ഷേ രണ്ട് റിസോർട്ടുകളുടെ ഭൂമി ഇതുവരെയും ഈ സർക്കാരിന് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട നാനാതലങ്ങളിലുള്ള വിവിധ പ്രശ്നങ്ങൾ അന്ന് ബഹുമാന്യനായ മുഖ്യമന്ത്രി തന്നെ നേരിട്ട് ഇടപെട്ട് അപ്പപ്പോൾ പരിഹരിക്കുകയുണ്ടായി. ബൃഹത്തായ ഈ പദ്ധതിക്ക് ശ്രീ. മൊണ്ടേക് സിങ് അലുവാലിയയുടെ നേതൃത്വത്തിലുള്ള കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ സഹായം അന്നത്തെ ഗവൺമെന്റ് നേടിയെടുത്തു. ഇൻഡ്യയിൽ ആദ്യമായൊരു തുറമുഖ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ 800 കോടി രൂപയുടെ VGF (Viability Gap Fund) അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. അരുൺ ജെയ്റ്റ്ലിയുമായി സുദീർഘമായ ചർച്ചകൾ നടത്തി നേടിയെടുത്തു. വിവിധ ഗവൺമെന്റുകൾ പങ്കാളിയെ കണ്ടെത്തുന്നതിൽ പരാജയപ്പെട്ട ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി മുംബൈയിൽ കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും നേതൃത്വത്തിൽ റോഡ് ഷോ നടത്തുകയുണ്ടായി. ഇതിനിടയിലാണ് അന്താരാഷ്ട്ര തുറമുഖ ലോബിയും ടൂറിസം ലോബിയും ഈ പദ്ധതിക്കെതിരായി രംഗത്തുവന്നത്. ചെന്നൈ ഗ്രീൻ

ട്രൈബ്യൂണൽ സുപ്രീംകോടതിയിൽ നീണ്ട നിയമയുദ്ധങ്ങൾ നടത്തിയെങ്കിലും ആ നിയമയുദ്ധങ്ങളിലെല്ലാം തന്നെ സർക്കാർ അനുകൂലമായി വിധി നേടിയാണ് ഈ പദ്ധതി യാഥാർത്ഥ്യമാക്കിയതെന്ന് ഭരണപക്ഷം മനസ്സിലാക്കണം. 7500 കോടി രൂപയുടെ പദ്ധതിയിൽ 6000 കോടി രൂപയുടെ അഴിമതിയാണ് അന്നത്തെ പാർട്ടി സെക്രട്ടറിയും ഇന്നത്തെ മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയൻ ആരോപിച്ചിട്ടുള്ളത്. ആ പദ്ധതിയോട് അന്നത്തെ പ്രതിപക്ഷത്തിന്റെ സമീപനവും അതുതന്നെയായിരുന്നു. തുറമുഖത്തിന്റെ റെയിൽവേ ശൃംഖലയ്ക്കുവേണ്ടിയുള്ള അംഗീകാരം 2013-ൽ റെയിൽവേ നൽകിയിട്ടുള്ളതാണ്. ദക്ഷിണ റെയിൽവേയുടെ മാനേജരായ രാജേഷ് മിശ്ര 2013 ഡിസംബറിൽ റെയിൽ കണക്റ്റിവിറ്റിക്കുവേണ്ടിയുള്ള പദ്ധതി തത്വത്തിൽ അംഗീകരിക്കുകയും കബോട്ടാഷ് നിയമത്തിൽ ഇളവ് അനുവദിക്കണമെന്ന് അന്നത്തെ കേന്ദ്ര തുറമുഖ-ഷിപ്പിംഗ് വകുപ്പുമന്ത്രി ശ്രീ. മിലിന്ദ് ദിയോറയിൽനിന്ന് ഉറപ്പ് നേടിയെടുക്കുകയും ചെയ്തു. അങ്ങനെ എല്ലാ കാര്യങ്ങളും ചെയ്തതിനുശേഷമാണ് അന്നത്തെ ഗവൺമെന്റ് അധികാരം വിട്ടൊഴിയുന്നത്. ഈ സർക്കാരിന് പാറ ലഭ്യമാക്കാനുള്ള ജോലി മാത്രമാണ് അവശേഷിച്ചിട്ടുള്ളത്. പാറ ലഭ്യമാക്കാൻ തുറമുഖ കമ്പനി ഒരു നടപടിയുമെടുത്തില്ലെങ്കിൽ ആ നടപടിയെടുക്കേണ്ടതിന്റെ ഉത്തരവാദിത്വം സർക്കാരിനില്ലേ? ഇന്ന് ചർച്ച ചെയ്ത ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തുകൊണ്ടാണ് നേരത്തേ ഈ ചർച്ച നടത്താൻ കഴിയാത്തത്? ഗ്രീൻ ട്രൈബ്യൂണലിന്റെ വിധി വന്നത് 2020 ജൂലൈ മാസത്തിലാണ്. 2019-ൽ പൂർത്തീകരിക്കേണ്ട ഈ പദ്ധതിയുടെ തടസ്സത്തിന് കാരണമായത് 2020-ൽ വന്ന ഗ്രീൻ ട്രൈബ്യൂണലിന്റെ വിധിയാണെന്ന് പറയുന്നത് എത്രമാത്രം പരിഹാസ്യമാണ്. ഈ പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമായ പുലിമുട്ട് നിർമ്മാണത്തിന്റെ 30 ശതമാനം പോലും പൂർത്തീകരിച്ചിട്ടില്ല. പുലിമുട്ട് നിർമ്മിക്കാതെ മറ്റെന്ത് നിർമ്മിച്ചിട്ടും കാര്യമില്ല. 53 ഹെക്ടർ കടൽ നികത്തേണ്ടതിന് 33 ശതമാനം പോലും പൂർത്തിയാകാത്തത് പുലിമുട്ട് നിർമ്മാണം വൈകുന്നതുകൊണ്ടാണ്. തദ്ദേശവാസികൾക്ക് കൊടുക്കാമെന്ന് പറഞ്ഞ പാക്കേജിന്റെ പലഭാഗങ്ങളും നടപ്പിലാക്കിയിട്ടില്ല. വിഴിഞ്ഞം തുറമുഖം ഇന്ന് ചിറക് മുളച്ചൊരു പക്ഷിയാണ്. ചിറകുള്ള ആ പക്ഷിയുടെ മോഹങ്ങളിന്മേൽ കരിനിഴൽ വീഴ്ത്തുന്നത് സർക്കാരിന്റെ നിഷ്ക്രിയത്വമാണ്. നിഷ്ക്രിയത്വം വെടിഞ്ഞ് എത്രയും പെട്ടെന്ന് തുറമുഖ പദ്ധതി പൂർത്തീകരിച്ച് തദ്ദേശവാസികൾക്ക് നൽകാനുള്ള പാക്കേജ് പൂർണ്ണമായും നൽകി ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ കാര്യങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>): സർ, 2015 ആഗസ്റ്റ് 17-ന് എഗ്രിമെന്റ് ഒപ്പുവച്ച വിഴിഞ്ഞം തുറമുഖ പദ്ധതി 2019 ഡിസംബർ 3-ാം തീയതിയാണ് കമ്മീഷൻ ചെയ്യേണ്ടിയിരുന്നതെങ്കിലും വിവിധ

കാരണങ്ങളാൽ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ല. ഇപ്പോൾ പ്രവൃത്തിയുടെ പുരോഗതി അപ്പപ്പോൾ വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. ആകെ 3100 മീറ്റർ നീളത്തിൽ വേണ്ട ബ്രേക്ക് വാട്ടറിന്റെ 810 മീറ്റർ നീളം ഇതിനകം പൂർത്തിയാക്കുകയും ഇതിലേയ്ക്കായി 13 ലക്ഷം ടൺ കല്ല് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. 18-09-2021-വരെയുള്ള കണക്കുപ്രകാരം നിലവിൽ 15 ലക്ഷം ടൺ കല്ല് സ്റ്റോക്കുണ്ട്. അതിനുശേഷവും ഒരുപാട് കല്ലുകൾ എത്തിച്ചിട്ടുണ്ട്. ഈ ഇടക്കാലത്ത് കമ്പനിയുമായി എടുത്ത തീരുമാനപ്രകാരം ഒക്ടോബർ 1 മുതൽ ബ്രേക്ക് വാട്ടറിന്റെ രണ്ടാംഘട്ട പണി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി VISL (Vizhinjam International Seaport Limited)-ന്റെ ഒരു ഓഫീസ് വിഴിഞ്ഞത്തുതന്നെ ആരംഭിച്ചിട്ടുണ്ട്. പുതിയ എം.ഡി.യായി മുൻ തിരുവനന്തപുരം ജില്ലാ കളക്ടർ ശ്രീ. കെ. ഗോപാലകൃഷ്ണൻ ചാർജ്ജെടുത്തിട്ടുണ്ട്. പദ്ധതിയുടെ ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി അദ്ദേഹത്തിന് നിർദ്ദേശം നൽകുകയും എല്ലാ ആഴ്ചയിലും ഇതുസംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൗണ്ട് ഡൗൺ കലണ്ടർ തയ്യാറാക്കണമെന്ന് സർക്കാർ ആലോചിച്ചുവരുന്ന ഈ അവസരത്തിൽ അതിനാവശ്യമായ പഠനങ്ങൾ പുതിയ എം.ഡി.യുടെ നേതൃത്വത്തിൽ നടത്തിവരികയാണ്. പാറയുടെ ലഭ്യതക്കുറവാണ് ബ്രേക്ക് വാട്ടർ നിർമ്മാണം വൈകാൻ കാരണമായി കമ്പനി പറയുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഇടപെട്ട് സംവിധാനമുണ്ടാക്കുന്നുണ്ട്. 2022 നവംബർ മാസം കമ്മീഷൻ ചെയ്യണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഓഖി, വെള്ളപ്പൊക്കം, കോവിഡ് തുടങ്ങിയവ നേരത്തെ എഗ്രിമെന്റുണ്ടാക്കുന്ന കാലാവധിയിൽ പരിഗണിക്കപ്പെട്ട കാര്യങ്ങളല്ലെന്നും ഇവ യാദൃശ്ചികമായി വന്നുചേർന്നതാണെന്നും അതിനുള്ള സാവകാശമാണ് കമ്പനിക്ക് വേണ്ടതെന്നുമാണ് പദ്ധതി വൈകുന്നതിനുള്ള പ്രധാന കാരണങ്ങളായി അദാനി ഗ്രൂപ്പ് ചൂണ്ടിക്കാണിക്കുന്നത്. ആർബിട്രേഷൻ മുമ്പാകെയും അവർ ഈ വാദങ്ങൾ തന്നെയാണ് ഉന്നയിച്ചിരിക്കുന്നത്. അതുസംബന്ധിച്ച് പറയാനുള്ള കാര്യങ്ങൾ ആർബിട്രേഷനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. എത്രയും വേഗത്തിൽ ഈ പ്രോജക്ട് പൂർത്തിയാക്കാനാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട യാതൊരു കാര്യവുമില്ലെന്ന് അറിയിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സംസ്ഥാനത്തിന്റെ വികസന സ്വപ്നങ്ങൾക്ക് ചിറകുവച്ചുകൊടുത്ത ഒരു സ്വപ്ന പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. ഈ വിഷയം അവതരിപ്പിച്ച ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചതുപോലെ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വലിയ പ്രതീക്ഷയോടുകൂടി നിലവിൽ വരികയും ഒരുപാട് നിയമ പോരാട്ടങ്ങൾ നടത്തിയും ഒരുപാട് പ്രതികൂല സാഹചര്യങ്ങളെ മറികടന്നുകൊണ്ടും ഒരുപാട് സമ്മർദ്ദങ്ങളെയെല്ലാം അതിജീവിച്ചുകൊണ്ടും എല്ലാ അനുമതികളും വാങ്ങിയെടുത്താണ് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചത്. 2015 ഡിസംബർ 5-ാം തീയതി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച ഈ പദ്ധതി 1460 ദിവസം കൊണ്ട്, അതായത് 4 വർഷക്കാലം കൊണ്ട് 2019 ഡിസംബർ 3-ന് പൂർത്തീകരിക്കണമെന്നാണ് കൺസഷൻ എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. 2019 ഡിസംബർ 3-ന് പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ 90 ദിവസത്തെ ഗ്രേസ് പിരീഡുകൂടി എഗ്രിമെന്റിന്റെ ഭാഗമായി അവർക്ക് നൽകുന്നതാണെന്നും അതിനുശേഷവും പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ പ്രതിദിനം 12 ലക്ഷം രൂപവച്ച് അവരുടെ കയ്യിൽ നിന്ന് പെനാൽറ്റി വാങ്ങണമെന്നുമാണ് എഗ്രിമെന്റിലെ വ്യവസ്ഥയിൽ വ്യക്തമാക്കുന്നത്. പ്രസ്തുത പദ്ധതി 2019 ഡിസംബർ 3-ന് പൂർത്തിയാക്കിയില്ലെന്നുമാത്രമല്ല, 90 ദിവസത്തെ ഗ്രേസ് പിരീഡ് കഴിഞ്ഞിട്ടും പൂർത്തിയാക്കാൻ സാധിച്ചില്ല. 2021 ഡിസംബർ മാസം അവർക്ക് അനുവദിച്ച സമയം കഴിഞ്ഞ് 2 വർഷം പൂർത്തിയാകാൻ പോകുകയാണ്. കമ്പനി സർക്കാരിനെ അറിയിച്ചിരിക്കുന്നത് പ്രസ്തുത പദ്ധതി ഇപ്പോൾ പൂർത്തിയാക്കാമെന്നല്ല, മറിച്ച് ഇനിയും രണ്ട് വർഷം കഴിഞ്ഞ് 2023 ഡിസംബറിൽ പൂർത്തിയാക്കാമെന്നാണ്. യഥാർത്ഥത്തിൽ 2015-ൽ വച്ച കൺസഷൻ എഗ്രിമെന്റ് പ്രകാരം 2019 ഡിസംബർ 3-ന് പൂർത്തിയാക്കേണ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പൂർത്തിയാക്കപ്പെടാൻ പോകുന്നത്, അവർ പറഞ്ഞിരിക്കുന്നത് പ്രകാരം 4 വർഷം കഴിഞ്ഞ് 2023 ഡിസംബറിലാണ്. നിലവിൽ 4 വർഷത്തെ കാലതാമസമാണ് ഇതിലുണ്ടായതായി കണക്കാക്കുന്നത്. ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി വളരെ ലാഘവത്തോടുകൂടി പറയുന്നത് പ്രളയം വന്നു, മഴ വന്നു, കാറ്റ് വന്നു, കോവിഡ് വന്നു എന്നൊക്കെയാണ്. 4 വർഷത്തെ കാലതാമസം അതിനൊരു ന്യായീകരണമാണോ? പാറ ലഭിക്കാത്തത് ന്യായീകരണമാണോ? ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 75 ലക്ഷം ടൺ പാറ വേണം. പാറ ലഭ്യമാക്കേണ്ട പൂർണ്ണമായ ഉത്തരവാദിത്വം കമ്പനിക്കാണ്. 13 ലക്ഷം ടൺ പാറ മാത്രമാണ് ഉപയോഗിച്ചതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. 75 ലക്ഷം ടൺ പാറ ഉപയോഗിക്കേണ്ട സ്ഥലത്ത് 13 ലക്ഷം

ടൺ പാറ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. ഏകദേശം അഞ്ചിലൊന്ന് പ്രവൃത്തി മാത്രമാണ് നടന്നിരിക്കുന്നത്. ഇതിൽ 3102 മീറ്റർ നീളമുള്ള പുലിമുട്ട് നിർമ്മാണമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. അദ്ദേഹം പറഞ്ഞത് പുലിമുട്ട് നിർമ്മാണത്തിന്റെ 810 മീറ്റർ പൂർത്തിയായി കഴിഞ്ഞുവെന്നാണ്. 3102 മീറ്റർ പൂർത്തിയാകേണ്ട സ്ഥാനത്ത് 810 മീറ്റർ പൂർത്തിയാക്കിയത് വലിയ ക്രെഡിറ്റായിട്ടാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. 6 വർഷം പിന്നിടുമ്പോൾ പുലിമുട്ട് നിർമ്മാണത്തിന്റെ നാലിലൊന്ന് ഭാഗം മാത്രമാണ് പൂർത്തിയായിരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 90 ശതമാനം ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്. ബാക്കി 10 ശതമാനം ഭൂമിയാണ് ഈ സർക്കാരിന്റെ ഭരണകാലത്ത് ഏറ്റെടുക്കേണ്ടിയിരുന്നത്. അത് ഏറ്റെടുക്കാൻ തയ്യാറായോ? ഏറ്റെടുക്കേണ്ട 18 ഏക്കർ ഇതുവരെ ഏറ്റെടുത്തിട്ടില്ല. കഴിഞ്ഞ 5 വർഷക്കാലമായി തുറമുഖ നിർമ്മാണത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും അദാനി പോർട്ടിന് വിട്ടുകൊടുത്തുകൊണ്ട് സർക്കാർ നോക്കുകുത്തിയായി നിൽക്കുകയായിരുന്നു. സർക്കാരിന്റെ ഭാഗത്തുനിന്നും കൃത്യമായ പരിശോധനയും അവലോകനവും നടത്തിയിട്ടില്ല. എങ്ങനെയാണ് മെഗാ പ്രോജക്ടുകൾ നടത്തേണ്ടത്? നാലു വർഷക്കാലം കൊണ്ട് പൂർത്തിയാകുന്ന മെഗാ പ്രോജക്ടിന്റെ മോണിറ്ററിംഗ് ഒരു ഗവൺമെന്റ് എങ്ങനെയാണ് നിർവ്വഹിക്കുന്നത്? നാല് വർഷം കഴിയുമ്പോൾ അവിടെ പോയി പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ടോയെന്ന് നോക്കിയാൽ മതിയോ; അങ്ങനെയാണോ? നിങ്ങൾ പീരിയോഡിക്കലായി, കൃത്യമായ ഇടവേളകളിൽ അവരുമായി കൂടിയാലോചനകൾ നടത്തി, ഓരോ മൂന്ന് മാസക്കാലവും 6 മാസക്കാലവും ഒരു വർഷവും രണ്ട് വർഷവും പൂർത്തിയാക്കേണ്ട ഓരോ കാര്യങ്ങളും നിരന്തരമായി നടത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് ചർച്ച ചെയ്യണം. അവരുമായുള്ള യോഗത്തിൽ അക്കാര്യങ്ങൾ റെക്കാർഡ് ചെയ്യുകയും അടുത്ത യോഗം ചേരുമ്പോൾ കഴിഞ്ഞ യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുകയും വേണം. പ്രോജക്ട് ഇംപ്ലിമെന്റേഷൻ എന്നത് ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. 4 വർഷം കഴിഞ്ഞശേഷം അവർക്ക് അത്തരത്തിൽ ബുദ്ധിമുട്ടുണ്ടായി, അവർക്ക് ഇപ്രകാരം വിഷമമുണ്ടായി എന്നൊക്കെ പറയുകയാണോ ചെയ്യുന്നത്? അങ്ങനെയാണോ ഒരു മെഗാ പ്രോജക്ട് ഇംപ്ലിമെന്റ് ചെയ്യുന്നത്? ഈ രീതിയിലാണ് മുന്നോട്ടുപോകുന്നതെങ്കിൽ 10 വർഷം കഴിഞ്ഞാലും ഈ പദ്ധതി പൂർത്തിയാകാൻ പോകുന്നില്ല. അതുകൊണ്ടാണ് പ്രതിപക്ഷം ഈ വിഷയം നിയമസഭയിൽ കൊണ്ടുവന്നത്. കരാർ പ്രകാരം 4 വർഷംകൊണ്ട് പൂർത്തിയാക്കേണ്ട കേരളത്തിന്റെ സ്വപ്നപദ്ധതിയായ ഈ മെഗാ പ്രോജക്ട് 8 വർഷംകൊണ്ട് പൂർത്തിയാക്കാമെന്നാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. ഈ രീതിയിൽ മുന്നോട്ടുപോയാൽ പദ്ധതി പൂർത്തിയാക്കാൻ സാധിക്കില്ല.

അതുകൊണ്ട് പ്രോജക്ട് ഇംപ്ലിമെന്റേഷനുവേണ്ടി വളരെ ഗൗരവമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് സർക്കാരിനോട് അഭ്യർത്ഥിക്കാനുള്ളത്. എഗ്രിമെന്റിന്റെ ഭാഗമായി നിർവ്വഹിക്കേണ്ട കാര്യങ്ങൾ കമ്പനി ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കണം. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ എഗ്രിമെന്റിന്റെ ഭാഗമായി നൽകാമെന്ന് പറഞ്ഞിരിക്കുന്ന 12 ലക്ഷം രൂപയുടെ പ്രതിദിന പെനാൽറ്റി കമ്പനിയിൽനിന്നും ഈടാക്കാൻ സർക്കാർ തയ്യാറാകുമോ? സംസ്ഥാന സർക്കാർ എല്ലാ സൗകര്യങ്ങളും അവർക്ക് നൽകിയിട്ടുണ്ടെന്ന് എഗ്രിമെന്റ് വായിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഇങ്ങനെയൊരു പദ്ധതി വരുന്നതിനായി എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും നമ്മുടെ കാര്യങ്ങളെല്ലാം അവരുടെ കയ്യിലാവുകയും ചെയ്തതിനുശേഷം അവർ യാതൊരു നടപടിയും സ്വീകരിക്കാത്ത അവസ്ഥയിൽ അക്കാര്യം നമ്മൾ ശ്രദ്ധിക്കാതിരിക്കുന്നത് ശരിയല്ല. മാത്രമല്ല, പദ്ധതിയുടെ ഭാഗമായി പ്രദേശവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം. റെയിൽവേപ്പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്? തുറമുഖ നിർമ്മാണവും റെയിൽവേപ്പാതയുടെ നിർമ്മാണവും ഒരേസമയം തന്നെ പൂർത്തിയാക്കേണ്ടതാണ്. റെയിൽവേ ലൈനിന്റെ പ്രവർത്തനങ്ങളും തടസ്സപ്പെട്ടിരിക്കുകയാണ്. റെയിൽ നിർമ്മാണത്തിന് കൃത്യമായ അനുമതിപോലും ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. പ്രസ്തുത വികസന പ്രവർത്തനം നടക്കുമ്പോൾ പ്രദേശത്തുണ്ടാകുന്ന ആഘാതം പഠിക്കണ്ടേ? ഇതിൽ വളരെ ഗൗരവമായി പഠിക്കേണ്ട വിഷയങ്ങളുണ്ടെന്ന കാര്യം സർക്കാർ വിട്ടുപോകരുത്. ഏതൊരു വികസന പദ്ധതി വരുമ്പോഴും അതുൾപ്പെടുന്ന പ്രദേശത്തെ ജനങ്ങളുടെ ജീവിത നിലവാരത്തിൽ മാറ്റമുണ്ടാക്കുന്നതാണ്. ജനങ്ങളെ അവരുടെ ആവാസ വ്യവസ്ഥയിൽനിന്നും ആട്ടിപ്പായിക്കുന്ന വികസന പദ്ധതികൾ നമുക്കാവശ്യമില്ല. പ്രദേശവാസികളെ സംരക്ഷിക്കാൻ കഴിയുന്നതും വികസന പദ്ധതികൾ പ്രാവർത്തികമാകുമ്പോൾ അവരുടെ ജീവിതത്തിൽ മാറ്റമുണ്ടാക്കാൻ സാധിക്കുന്നതുമായ പദ്ധതികളുണ്ടാകണം. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ധാരാളം ഉത്കണ്ഠകളുണ്ട്. 2015-ൽ ഇതുസംബന്ധിച്ച് ഗവൺമെന്റ് ഉത്തരവിറക്കിയിരുന്നു. ഒരു സ്ഥലത്ത് പുലിമുട്ട് നിർമ്മാണവും മറ്റൊരു സ്ഥലത്ത് തുറമുഖ നിർമ്മാണവും നടക്കുമ്പോൾ തീരങ്ങളിലും മറ്റുപ്രദേശങ്ങളിലും അതിന്റേതായ ആഘാതങ്ങളുണ്ടാകും. വിഴിഞ്ഞം തുറമുഖനിർമ്മാണം നടക്കുന്ന മേഖലകളുൾപ്പെടെ തിരുവനന്തപുരം ജില്ലയിലെ ബാക്കിയുള്ള തീരപ്രദേശങ്ങളിലും അതിന്റെ ആഘാതമുണ്ടാകുന്നുണ്ട്. വിഴിഞ്ഞം, പൊഴിയൂർ തുടങ്ങിയ പ്രദേശങ്ങളിലെല്ലാം ഇതുണ്ടാകുന്നുണ്ട്. ഡ്രഡ്ജിംഗ് നടക്കുന്നതിന്റെ ഫലമായി മത്സ്യ ആവാസ വ്യവസ്ഥകൾ നശിക്കുകയും മത്സ്യലഭ്യതയിൽ കുറവുണ്ടാകുകയും ചെയ്തിട്ടുണ്ട്. തുറമുഖ നിർമ്മാണത്തിലെ പൈലിംഗ് പ്രവൃത്തികൾ കാരണം

വീടുകൾക്ക് കേടുപാടുകളുണ്ടാകുകയും തീരപ്രദേശത്ത് തീരശോഷണമുണ്ടാവുകയും ചെയ്യുന്നുണ്ട്. ഇവയെല്ലാം നിർമ്മാണപ്രവർത്തനം നടക്കുമ്പോൾ വരാൻ സാധ്യതയുള്ള കാര്യങ്ങൾ തന്നെയാണ്. ഇത് മുൻകൂട്ടി കണ്ടുകൊണ്ട് 2015-ൽ സർക്കാർ ഒരു ഉത്തരവിറക്കി. ആ ഉത്തരവിൽ പറയുന്നത്, " വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നടത്തിപ്പുമൂലം ഭാവിയിൽ തീരശോഷണമുണ്ടായാൽ ബാധിക്കപ്പെട്ടവർക്കുള്ള പൂർണ്ണ നഷ്ടപരിഹാരവും പുനരധിവാസവും സർക്കാരിന്റെ പൂർണ്ണ ചുമതലയിലായിരിക്കും" എന്നാണ്. പദ്ധതി പ്രദേശത്ത് പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്നവരുടെ നഷ്ടപരിഹാര-പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിനും തൊഴിൽ നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരത്തിനും പ്രസ്തുത പ്രദേശത്തെ സാമൂഹ്യ വികസനത്തിനാവശ്യമായ പൊതുവായ പദ്ധതികളായ സ്കൂളുകളുടെ അപ്ഗ്രഡേഷൻ, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ശക്തിപ്പെടുത്തൽ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്കിൽ അപ്ഗ്രഡേഷൻ സെന്റർ, മറൈൻ അക്കാഡമി എന്നിവയുടെ സ്ഥാപനത്തിനും ആഴക്കടൽ മത്സ്യബന്ധന സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ, അനുബന്ധ പരിശീലനങ്ങൾ, സ്വയംസഹായ സംഘങ്ങളുടെ രൂപീകരണം, സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, സ്ത്രീകളുടെ പുരോഗതി, വിദ്യാഭ്യാസ സൗകര്യ വികസനം, ആരോഗ്യ സംവിധാനങ്ങൾ, വയോജന ക്ഷേമം എന്നിങ്ങനെ ഓരോ ശീർഷകങ്ങളിലായി 475 കോടി രൂപ അനുവദിച്ചുകൊണ്ട് 2015-ൽ ഉത്തരവായതാണ്. എനിക്ക് ബഹുമാന്യരായ മുഖ്യമന്ത്രിയോടും തുറമുഖ വകുപ്പുമന്ത്രിയോടുമുള്ള അഭ്യർത്ഥന മേൽ സൂചിപ്പിച്ച 475 കോടി രൂപയുടെ പ്രോജക്ട് സർക്കാർ റിവ്യൂ ചെയ്യണമെന്നാണ്. ആ പ്രദേശത്തെ ജനങ്ങളുടെ ജീവിതത്തിലുണ്ടായിരിക്കുന്ന മാറ്റങ്ങളും അവരുടെ പ്രയാസങ്ങളും പ്രശ്നങ്ങളും പരിഹരിച്ചുകൊണ്ടും അവരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടും അവരുടെകൂടി പങ്കാളിത്തത്തോടെയും പിന്തുണയോടെയും കൂടി ഈ വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കണം. അതുകൊണ്ട് ആ പ്രദേശത്തെ ജനങ്ങളുയർത്തുന്ന പ്രശ്നങ്ങൾക്കുകൂടി പരിഹാരമുണ്ടാക്കിക്കൊണ്ട്, സമയബന്ധിതമായി അദാനി പോർട്സിനെക്കൊണ്ട് (Adani Ports & SEZ Corporation) വിഴിഞ്ഞം തുറമുഖ പദ്ധതി പൂർത്തിയാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണം. സർക്കാർ അങ്ങനെ ചെയ്യുമെന്നുതന്നെയാണ് ഞങ്ങളുടെ പ്രതീക്ഷ.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇവിടെ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ഈ അടിയന്തരപ്രമേയത്തിന്റെ സന്ദേശം വിഴിഞ്ഞം തുറമുഖത്തിന്റെ കഴിഞ്ഞകാല ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. തുറമുഖം സ്ഥാപിക്കുന്നതിൽ കാലതാമസം വന്നപ്പോൾ അന്ന്

പ്രക്ഷോഭമുണ്ടാക്കുകയും വിഴിഞ്ഞത്ത് തുറമുഖ നിർമ്മാണത്തിനുള്ള തീരുമാനമെടുത്തപ്പോൾ ധാരാളം ആരോപണങ്ങളുന്നയിക്കുകയും ചെയ്തു. വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മോണിറ്ററിംഗ് നടത്തി വേഗത്തിൽ യാഥാർത്ഥ്യമാക്കണമെന്ന സന്ദേശമാണ് ഇന്നത്തെ അടിയന്തരപ്രമേയത്തിലെ വിഷയം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തുറമുഖ വകുപ്പുമന്ത്രിയും ക്യാബിനറ്റ് സബ്കമ്മിറ്റിയും കാര്യങ്ങൾ നിരന്തരം വിലയിരുത്തിയിരുന്നു. എന്തായാലും പദ്ധതി നടപ്പാക്കുന്നതിൽ കുറച്ച് കാലതാമസം നേരത്തേയുണ്ടായി. തുടർന്നും കാലതാമസം ഉണ്ടാകുമോയെന്നും പദ്ധതി അനിശ്ചിതമായി നീണ്ടുപോകുമോയെന്നും വലിയതോതിലുള്ള ആശങ്ക നിലനിൽക്കുന്നുണ്ട്. ഒരു തുറമുഖം ഒരു രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും പ്രവിശ്യയുടെയും സമ്പദ് വ്യവസ്ഥയിൽ വരുത്തുന്ന മാറ്റം വളരെ വലുതാണെന്ന കാര്യം മുൻനിർത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പദ്ധതി പൂർത്തീകരണത്തിനാവശ്യമായ കാര്യങ്ങൾ ചെയ്യണം. സിങ്കപ്പൂർ, ദുബായ്, കൊളംബോ എന്നിവ അതിന് ഉദാഹരണങ്ങളാണ്. സിങ്കപ്പൂരിൽ കാര്യമായ പ്രകൃതി വിഭവങ്ങളൊന്നുമില്ല, ദുബായിൽ വളരെക്കുറവ് ഓയിൽ മാത്രമേയുള്ളൂ, അതുപോലെതന്നെയാണ് കൊളംബോയുടെയും സ്ഥിതി. പ്രസ്തുത തുറമുഖം യാഥാർത്ഥ്യമാകുന്നതോടുകൂടി നമ്മുടെ നാട്ടിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതുൾപ്പെടെ വിവിധ മേഖലകളിൽ വലിയ മാറ്റം വരികയും സമ്പദ്ഘടനയെ പരിപോഷിപ്പിക്കുകയും ചെയ്യുമെന്നതിൽ യാതൊരു തർക്കവുമില്ല. സിങ്കപ്പൂരിനോട് താരതമ്യപ്പെടുത്തുമ്പോൾ കൊച്ചിൻ പോർട്ടിന്റെ കാര്യക്ഷമത വളരെക്കുറവാണ്. ഇവിടെ പുതിയൊരു തൊഴിൽ സംസ്കാരം വരുമെന്ന് കരുതാവുന്നതാണ്. അങ്ങനെ കേരളത്തിന്റെ സാമ്പത്തിക ഘടനയിൽ വലിയ മാറ്റം വരുത്താൻ സഹായിക്കുന്ന ഈ പദ്ധതിയോട് ഗവൺമെന്റ് കുറച്ചുകൂടി കാര്യക്ഷമമായ സമീപനം സ്വീകരിക്കണം എന്നതാണ് ഇന്നത്തെ അടിയന്തരപ്രമേയത്തിന്റെ സന്ദേശം. മറ്റ് പ്രതിപക്ഷ കക്ഷികൾക്കും ഇതിൽ അനുകൂല നിലപാടാണുള്ളത്. ആ അഭിപ്രായം ഞാനും പ്രകടിപ്പിക്കുകയാണ്.

## IV. ശ്രദ്ധ ക്ഷണിക്കൽ

(1) കാത്തലിക് സിറിയൻ ബാങ്കിന്റെ തൊഴിലാളിവിരുദ്ധ നടപടികൾ

ശ്രീ. പി. നന്ദകുമാർ: സർ, കേരളത്തിൽ തന്നെ നല്ല പഴക്കമുള്ളതും നൂറിലധികം വർഷത്തെ പാരമ്പര്യമുള്ളതുമായ കാത്തലിക് സിറിയൻ ബാങ്ക്

കാത്തലിക്കൻ വിഭാഗത്തിന് നിർണ്ണായക സ്വാധീനമുണ്ടായിരുന്ന സ്ഥാപനമായിരുന്നു. ആഗോളവത്കരണത്തിന്റെ പിൻബലത്താൽ തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സി.എസ്.ബി.(Catholic Syrian Bank)-യുടെ 51 ശതമാനം ഓഹരികൾ തങ്ങളുടെ കൈവശമുണ്ടെന്ന ധിക്കാരത്താൽ ഫെയർഫാക്സ് (FairFax) എന്ന കനേഡിയൻ കമ്പനിയുടെ നേതൃത്വത്തിൽ ബാങ്കിന്റെ ഭരണസമിതി കടുത്ത രൂപത്തിലുള്ള ജനവിരുദ്ധ, തൊഴിലാളി വിരുദ്ധ നടപടികളെടുക്കുകയാണ്. റിസർവ് ബാങ്കിന്റെയും ഇന്ത്യൻ ബാങ്കുകളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായി ചരിത്രത്തിലാദ്യമായാണ് ഒരു ബാങ്കിന്റെ ഭൂരിപക്ഷം ഓഹരി വാങ്ങുന്നതിന് ഒരു വിദേശ കമ്പനിക്ക് അനുവാദം ലഭ്യമാകുന്നത്. പ്രസ്തുത കനേഡിയൻ കമ്പനി ഏതെങ്കിലും ബാങ്കിംഗ് സ്ഥാപനം നടത്തി പരിചയമുള്ളവരല്ല. അവർ വെറുമൊരു ഇൻവെസ്റ്റ്മെന്റ് കമ്പനി മാത്രമാണ്. അവസരം ലഭിക്കുമ്പോൾ അവർ ഓഹരി മറിച്ച് വിൽക്കാനും അതല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തിക്കൊണ്ട് ലാഭം തട്ടിയെടുക്കാനുമുള്ള ശ്രമത്തിൽ മാത്രമാണ് ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെയും ആർ.ബി.ഐ. (Reserve Bank of India )-യുടെയും ഒത്താശയോടെ നമ്മുടെ സമ്പത്താകെ തട്ടിയെടുക്കുന്ന നേരിട്ടുള്ള അനുഭവമാണ് സി.എസ്.ബി.യിൽ കാണുന്നത്. ഇതിന്റെ തുടർച്ചയായി വലിയ മാറ്റങ്ങളാണ് ബാങ്ക് നടത്തിയത്. ബാങ്കിന്റെ തലപ്പത്തുള്ള 20 തസ്തികകളിൽ നിലവിലുണ്ടായിരുന്ന ഒരാൾപോലും ഇപ്പോഴില്ല. മറ്റ് സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും വലിയ ആനുകൂല്യം കൊടുത്തുകൊണ്ട് മാനേജ്മെന്റ് അവിടെ ആളുകളെ പ്രതിഷ്ഠിച്ചിരിക്കുകയാണ്. ബാങ്കിന്റെ ചരിത്രമോ സംസ്കാരമോ അറിയാവുന്ന ഒരാൾപോലും ഇന്ന് ബാങ്ക് മാനേജ്മെന്റിലില്ല. സി.എസ്.ബി. ഒരു ന്യൂ ജനറേഷൻ ബാങ്കായിത്തീർന്നതോടെ അതിന്റെ ജനകീയ സ്വഭാവം ആകെ മാറിയിരിക്കുകയാണ്. അവിടെ എസ്.ബി. അക്കൗണ്ടിന്റെ ആദ്യ നിക്ഷേപത്തിന് 10,000 രൂപ വേണമെന്ന് നിർബന്ധിക്കപ്പെടുകയാണ്. അക്കൗണ്ടിൽ 30,000 രൂപ ആവറേജ് ബാലൻസുള്ളവരെ മാത്രമേ അക്കൗണ്ടുള്ളവരായി കാണാൻ ഉദ്ദേശിക്കുന്നുള്ളൂ. അത്തരം ബാങ്ക് ബാലൻസ് സൂക്ഷിക്കാത്തവരെ useless customers എന്നാണ് അവരുടെ അധികാര ഭാഷയിൽ പറയുന്നത്. ഡെപ്പോസിറ്റുകൾക്ക് മുൻഗണന നൽകാതെ SB Account, Current Account എന്നിവയ്ക്ക് മാത്രമാണ് മുൻഗണന നൽകുന്നത്. പലിശ കൊടുക്കാൻ തയ്യാറാല്ലെന്ന സമീപനം സ്വീകരിക്കുകയും വായ്പാ നയത്തിൽ വലിയ മാറ്റം വരുത്തുകയും ചെറുകിടക്കാരുടെ വായ്പ, കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ എന്നിവ നൽകാതിരിക്കുകയും ഭവന വായ്പ എച്ച്.ഡി.എഫ്.സി.യിലേയ്ക്ക് റഫർ ചെയ്ത് കമ്മീഷൻ വാങ്ങുകയും ചെയ്യുന്നു. ബിസിനസ്സ് വായ്പ നിലവിൽ പുതുക്കി നൽകാതിരിക്കുകയും കോർപ്പറേറ്റ് വായ്പകളോട് താൽപ്പര്യം പ്രകടിപ്പിക്കുകയും

ചെയ്യുകയാണ്. കോർപ്പറേറ്റ് വായ്പ നൽകുന്നത് മഹാഭൂരിപക്ഷവും കേരളത്തിന് പുറത്തേയ്ക്കാണ്. ബാങ്ക് നിക്ഷേപത്തിന്റെ 70 ശതമാനവും ലഭിക്കുന്നത് കേരളത്തിൽനിന്നാണ്. തൊഴിലാളികൾക്കെതിരെ യാതൊരു മര്യാദയും പാലിക്കാതെ കടുത്ത ആക്രമണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ലോക്ഡൗൺ കാലത്ത് ജീവനക്കാർക്ക് വേതനം നൽകിയിട്ടില്ലെന്ന് മാത്രമല്ല വിരമിക്കൽ പ്രായം ഏകപക്ഷീയമായി നടപ്പിലാക്കുകയും ചെയ്തു. 3000 പേരെ കരാർ-ദിവസ വേതനാടിസ്ഥാനത്തിൽ നിശ്ചയിച്ച് അവരെക്കൊണ്ട് അടിമപ്പണി ചെയ്യിപ്പിക്കുകയാണ്. 1990-കളിൽ തായ്‌ലാൻഡ് ആസ്ഥാനമായി ചൗള ഗ്രൂപ്പ് ബാങ്ക് കൈകടത്താൻ ശ്രമിച്ചപ്പോൾ തൃശ്ശൂർ ബിഷപ്പും അവിടത്തെ പൗരാവലിയും ട്രേഡ് യൂണിയൻ പ്രസ്ഥാനവുമൊക്കെ പരാജയപ്പെടുത്തിയ സ്ഥാനത്താണ് 12,000 കോടി രൂപ മുടക്കിക്കൊണ്ട് 35,000 കോടി രൂപയുടെ ആസ്തി ഇന്ന് ഇവർ കയ്യടക്കിയിരിക്കുന്നത്. ഇതിനെതിരെ ബാങ്കിലെ ജീവനക്കാർ ഒറ്റക്കെട്ടായി പ്രക്ഷോഭത്തിലാണ്. വരുന്ന 22-ാം തീയതി കേരളത്തിലെ മുഴുവൻ ബാങ്കിംഗ് മേഖലയും സ്തംഭിക്കാൻ പോകുകയാണ്. ഒറ്റക്കെട്ടായി പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുന്ന ഈ അവസരത്തിൽ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് സർക്കാർ ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേരളത്തിലെ ഏറ്റവും പഴക്കംചെന്ന സ്വകാര്യ ഷെഡ്യൂൾഡ് ബാങ്കായ കാത്തലിക് സിറിയൻ ബാങ്കുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. ജനങ്ങളെ പൊതുവിലും തൊഴിലാളികളെ പ്രത്യേകിച്ചും ബാധിക്കുന്ന ചില പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് തൊഴിലാളി സംഘടനകൾ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. കൂടാതെ മാധ്യമ റിപ്പോർട്ടുകളിലൂടെയും ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ നയമനുസരിച്ച് സ്വകാര്യ ഷെഡ്യൂൾഡ് ബാങ്കുകളുടെ 74 ശതമാനം ഓഹരികൾ വിദേശ നിക്ഷേപകർക്ക് വാങ്ങാൻ കഴിയും. ഷെഡ്യൂൾഡ് ബാങ്കുകൾ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളായതിനാൽ ഈ വിഷയത്തിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ടെങ്കിലും ഈ പ്രശ്നത്തിൽ ഇടപെടാൻ സംസ്ഥാന സർക്കാർ പരമാവധി മുൻകയ്യെടുക്കുന്നതായിരിക്കും.

ശ്രീ. പി. നന്ദകുമാർ: സർ, പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ട് സർക്കാർ ഇക്കാര്യത്തിൽ ഇടപെടുകയും ഈ വിഷയത്തെ സംബന്ധിച്ച് മാനേജ്മെന്റുമായി ചർച്ച നടത്താൻ തയ്യാറാകുകയും വേണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, തീർച്ചയായും ഈ പ്രശ്നത്തെ സംബന്ധിച്ച് മാനേജ്മെന്റുമായി ചർച്ച നടത്തുന്നതാണ്. 35,000-ത്തോളം കോടി രൂപ നിക്ഷേപമുള്ള കാത്തലിക് സിറിയൻ ബാങ്കിന്റെ പൊതുവായ ധനകാര്യസ്ഥിതി ഗൗരവമായ കാര്യമാണ്. അതുകൊണ്ട് അക്കാര്യത്തിൽ ഇടപെടുകയും മാനേജ്മെന്റുമായി ചർച്ച നടത്തുകയും ചെയ്യുന്നതാണ്.

(2) മത്സ്യത്തൊഴിലാളികൾ നേരിടുന്ന ദുരിതങ്ങൾ

ശ്രീ. രമേശ് ചെന്നിത്തല: സർ, സംസ്ഥാനത്തെ തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതങ്ങളാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കഴിഞ്ഞ 5 ദിവസമായി മാതൃഭൂമി ദിനപ്പത്രത്തിൽ 'അടങ്ങാത്ത തിര - ഒടുങ്ങാത്ത ദുരിതം' എന്നൊരു പരമ്പര ശ്രീ. പി. എസ്. ഷാഹിം എഴുതിയിരുന്നു. 590 കി.മീ. ദൂരത്തിൽ മഞ്ചേശ്വരം - ഹൊസബെട്ടു ഗ്രാമം മുതൽ പാറശ്ശാലയിലെ കൊല്ലംകോട്ടെ പൊഴിയൂർ ഗ്രാമം വരെയുള്ള മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾ ഗുരുതര പ്രതിസന്ധി നേരിടുകയാണ്. ഡിസംബർ ആകുമ്പോൾ കൂടുതൽ പ്രതിസന്ധിയുണ്ടാകുന്നതാണ്. 2010-ലെ യു.എൻ. ഘടകമായ United Nations Environment Programme-നായി പഠനം നടത്തിയ അമേരിക്കയിലെ ഗ്രീൻ ഇക്കോണമി ഇനിഷ്യേറ്റീവ് മേധാവി ഡോ. പവൻ സുഖ്ദേവ് പറയുന്നത് 40 വർഷം കഴിയുമ്പോൾ ഭക്ഷ്യയോഗ്യമായ മത്സ്യങ്ങൾ കടലിലുണ്ടാകില്ല എന്നാണ്. അതിഗുരുതരമായ സാഹചര്യമാണ് കടലിലുണ്ടായിക്കൊണ്ടിരിക്കുന്നത്. കേരളം ഇന്ന് നിരവധി അപകടങ്ങളെ നേരിടുകയുണ്ടായി. കടലമ്മയെ വിശ്വസിക്കാമെന്നായിരുന്നു പഴയ വിശ്വാസം. എന്നാൽ ഇന്ന് കടലിനെ വിശ്വസിക്കാൻ കഴിയാത്ത അവസ്ഥയാണ്. 2004-ലെ സുനാമി, 2021-ലെ ടൗട്ടെ ചുഴലിക്കാറ്റ്, 2017-ലെ ഓഖി ദുരന്തം, ഇറ്റാലിയൻ കപ്പലായ Enrica Lexie-യിലെ നാവികന്മാർ മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്ന സംഭവം തുടങ്ങി ഗുരുതരമായ പ്രതിസന്ധി നേരിട്ട കാലമാണിത്. കാലാവസ്ഥാ വ്യതിയാനം വലിയൊരു പ്രശ്നമാണ്. 63 ശതമാനം തീരശോഷണം സംഭവിച്ചുകഴിഞ്ഞിരിക്കുകയാണ്. National Centre for Coastal Research (NCCR) 2016-ലെ റിപ്പോർട്ടിൽ പറയുന്നത് 263 കി.മീ. ദൂരം തീരശോഷണം സംഭവിച്ചുവെന്നാണ്. എന്റെ നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ എന്നീ പഞ്ചായത്തുകൾ അനുദിനം തീരശോഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. മത്സ്യത്തൊഴിലാളികളുടെ പ്രശ്നം കടലിൽ മത്സ്യമില്ല എന്നതാണ്. അതുപോലെതന്നെ വലിയ ട്രോളറുകൾ വന്ന് അരിച്ചുപെറുക്കുന്നതുമൂലം മത്സ്യത്തൊഴിലാളികൾ പട്ടിണിയിലും ദുരിതത്തിലേയ്ക്കും എത്തിച്ചേരാനുള്ള

അവസ്ഥയുണ്ടാകുന്നു. എന്റെ നിയോജകമണ്ഡലത്തിൽനിന്ന് മത്സ്യബന്ധനത്തിന് പോയ 'ഓംകാരം' എന്ന വള്ളം തിരമാലയിൽപ്പെട്ട് മറിഞ്ഞതിനെത്തുടർന്ന് ആറാട്ടുപുഴ സ്വദേശികളായ സുനിൽ ദത്ത്, സുദേവൻ, തങ്കപ്പൻ, ശ്രീകുമാർ എന്നീ നാല് മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയുണ്ടായി. 16 മത്സ്യത്തൊഴിലാളികളാണ് വള്ളത്തിൽ ഉണ്ടായിരുന്നത്. ചിലർക്ക് നീന്തി രക്ഷപ്പെടാൻ കഴിഞ്ഞു. അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായമായി 10 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരിഗണനയിലാണ്; അത് എത്രയും പെട്ടെന്ന് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾ സഹായം അഭ്യർത്ഥിച്ച് ഹാർബറിലെ പോലീസ് പട്രോളിംഗിനെ വിളിച്ചു. വയർലെസ്കോഡ് പതിനൊന്നിലെ ഓപ്പറേറ്റർമാർ മൈക്ക് എടുത്തില്ലെന്ന് തൊഴിലാളികൾ പരാതി ഉന്നയിക്കുന്നു. ഹാർബറിൽനിന്ന് ഒരു നോട്ടിക്കൽ മൈൽ ദൂരത്തിലാണ് അപകടം സംഭവിച്ചത്. ക്യാരിയർ വള്ളങ്ങളും മത്സ്യബന്ധനത്തിന് ഏർപ്പെട്ടിരുന്ന മത്സ്യത്തൊഴിലാളികളും സംഭവസ്ഥലത്ത് എത്തിയതുകൊണ്ടാണ് രക്ഷപ്പെട്ടത്. മത്സ്യത്തൊഴിലാളികൾക്ക് അപകടമുണ്ടാകുമ്പോൾ അവരെ രക്ഷിക്കാനുള്ള യാതൊരു സാങ്കേതിക സംവിധാനവും നിലവിലില്ല. ഫിഷറീസ് വകുപ്പ് വാടകയ്ക്കെടുത്ത ഇവിടത്തെ ഹാർബറിൽ നങ്കൂരമിട്ടിരിക്കുന്ന ബോട്ടിൽ വിദഗ്ദ്ധരായ ജീവനക്കാരോ സാങ്കേതിക ഉപകരണങ്ങളോ ഇല്ല എന്നുമാത്രമല്ല, യന്ത്രത്തകരാർ കാരണം കരയ്ക്ക് അടുപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പോലീസ് പട്രോളിംഗ് ബോട്ടിനെ വിവരം അറിയിച്ചാലും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ അനുവാദമുണ്ടെങ്കിൽ മാത്രമേ അവർ വരികയുള്ളു എന്നുള്ളത് മുടന്തൻ ന്യായമാണ്. മറൈൻ ആംബുലൻസ് സംവിധാനം ഉണ്ടായിരുന്നുവെങ്കിൽ അവരെ രക്ഷിക്കാൻ കഴിയുമായിരുന്നു. മത്സ്യബന്ധനമാണ് ഇവരുടെ പ്രധാന ഉപജീവനം. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന നൂറുകണക്കിന് വള്ളങ്ങളും ചെറുഫിഷ് ബോട്ടുകളും ഇവിടെയുണ്ട്. മത്സ്യബന്ധന വകുപ്പിന്റെ ഇൻഷ്വറൻസ് ക്ഷേമനിധി ആനുകൂല്യങ്ങൾക്കായി പേര് കൃത്യമായി രജിസ്റ്റർ ചെയ്യുന്ന കാര്യത്തിൽ പലരും വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല. അജ്ഞതയാണ് ഒന്നാമത്തെ കാരണം. അപകടങ്ങൾ നടക്കുന്ന സമയത്ത് ഇത്തരത്തിലുള്ള വിഷയങ്ങൾ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അർഹമായ ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ നൽകുന്നതിനും തകർന്ന വള്ളങ്ങളുടെയും ഫിഷ് ബോട്ടുകളുടെയും നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. പുനർഗേഹം പദ്ധതിയിൻകീഴിൽ അനുവദിക്കുന്ന 10 ലക്ഷം

രൂപ അപര്യാപ്തമായതിനാൽ ഇത് 25 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണം. മത്സ്യക്കയറ്റുമതി പ്രകാരം ലഭിക്കുന്ന തുകയുടെ 10 ശതമാനം മത്സ്യത്തൊഴിലാളികളുടെ വികസനത്തിനായി വിനിയോഗിക്കണം. മത്സ്യബന്ധനത്തിനിടെ ഹൃദയാഘാതംമൂലം മരിക്കുന്നവരുടെ കുടുംബങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനും മത്സ്യത്തൊഴിലാളികളുടെ സമ്പൂർണ്ണ ഇൻഷ്വറൻസ് പ്രീമിയം സർക്കാർ അടയ്ക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് ഇന്ധന സബ്സിഡി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 100 കോടി രൂപ ഇക്കാര്യങ്ങൾക്കായി മാറ്റിവച്ചിരുന്നു. മണ്ണെണ്ണ ബങ്കുകൾ തുടങ്ങുകയും അവർക്ക് ഇന്ധന സബ്സിഡി നൽകുകയും ചെയ്തിരുന്നത് നിലവിൽ നിർത്തലാക്കിയിരിക്കുന്നു. പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ഇൻസെന്റീവ് നൽകുന്നതിനും കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക സ്ഥിതിയെപ്പറ്റി പഠനം നടത്തുന്നതിനും സർക്കാർ തയ്യാറാകണം. എല്ലാദിവസവും warning നൽകുന്നത് കാരണം ആർക്കും കടലിൽ പോകാൻ കഴിയുന്നില്ല. ഓഖിക്കുശേഷം എല്ലാ ദിവസവും warning വരുന്നതുകൊണ്ട് കടലിൽ പോകാൻ കഴിയാതെ തീരദേശം പട്ടിണിയിലും ദുരിതത്തിലുമാണെന്ന് മാത്രമല്ല വളരെയധികം പ്രയാസങ്ങൾ നേരിടുകയുമാണ്. ഇത് പരിഹരിക്കുന്നതിന് അടിയന്തരമായ നടപടി കൈക്കൊള്ളണമെന്ന് ഫിഷറീസ് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ വള്ളത്തിലുണ്ടായ അപകടത്തിൽ നാല് ആളുകൾ മരണപ്പെട്ടു. അപകട സന്ദർഭത്തിൽ സമയോചിതമായി ഇടപെട്ടിട്ടുണ്ട്. തോട്ടപ്പള്ളി കോസ്റ്റൽ പോലീസിന്റെ പെട്രോൾ ബോട്ട്, സ്പീഡ് ബോട്ട്, ഫിഷറീസ് വകുപ്പിന്റെ ആലപ്പുഴ ജില്ല പെട്രോൾ ബോട്ട് എന്നിവയാണ് വലിയഴീക്കൽ മേഖലയിലെ രക്ഷാപ്രവർത്തനത്തിനും പട്രോളിംഗിനുമായുള്ളത്. 2-9-2021-ന് രാവിലെ 6.50-ന് മനോജ് വാര്യന്തറ, തോട്ടപ്പള്ളി എന്നയാളുടെ ഉടമസ്ഥതയിലുള്ള 'മണിക്കുട്ടി' എന്ന ബോട്ട് 8 തൊഴിലാളികളുമായി N9 13 E76 16 എന്നീ പൊസിഷനിൽ അപകടത്തിൽപ്പെട്ടതിനാൽ അവരെ കണ്ടെത്തുന്നതിനായി സഹായ അഭ്യർത്ഥന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ രക്ഷാപ്രവർത്തനത്തിനുപോയ സന്ദർഭത്തിൽ 16 നോട്ടിക്കൽ മൈൽ ഉള്ളിലായിരുന്നു. ഈ അപകടവിവരം കൺട്രോൾ റൂമിൽനിന്ന് അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ അപ്പോൾത്തന്നെ അവിടെയുണ്ടായിരുന്ന മത്സ്യത്തൊഴിലാളികളെയും മറ്റ് സംവിധാനങ്ങളും ഉപയോഗിച്ച് ആവശ്യമായ

കാര്യങ്ങൾ ചെയ്യുകയുണ്ടായി. 16 നോട്ടിക്കൽ മൈൽ ദൂരത്തിനുള്ളിൽ അപകടമുണ്ടായതുകൊണ്ട് പോയ ബോട്ടിന് ഈ സമയത്ത് ഇവിടെ എത്താൻ കഴിഞ്ഞില്ല. വലിയഴീക്കൽ തോട്ടപ്പള്ളി മേഖലയിൽ, അപകടമുണ്ടായാൽ അത് കൈകാര്യം ചെയ്യാനുള്ള സംവിധാനം ഇപ്പോൾ സർക്കാരിനുണ്ട് എന്നുപറയാൻ ആഗ്രഹിക്കുകയാണ്. ഇവരുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നതിനെക്കുറിച്ച് കഴിഞ്ഞദിവസം പറഞ്ഞിരുന്നു. അപകടമുണ്ടായിക്കഴിഞ്ഞാൽ ഇൻഷ്വറൻസ് മുഖേന 20 ലക്ഷം രൂപ കൊടുക്കുന്നതാണ് കീഴ്വഴക്കം. ദൗർഭാഗ്യവശാൽ അപകടത്തിൽപ്പെട്ടവരിൽ മൂന്ന് പേർക്ക് ഇത്തരത്തിലുള്ള ഇൻഷ്വറൻസ് സംവിധാനമില്ല. അതിലൊരാളുടെ കുടുംബത്തിന് മാത്രം 10 ലക്ഷം രൂപ ലഭിക്കും. ബാക്കി മൂന്ന് പേരുടെ കുടുംബത്തിന് സർക്കാരിൽനിന്ന് മറ്റൊരു തരത്തിൽ; മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം നൽകണമെന്നാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടിട്ടുള്ളത്. ഇതുസംബന്ധിച്ച് മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്ക് കത്ത് അയച്ചിട്ടുണ്ട്. ഇതിലുള്ള പ്രശ്നം, ഓഖി ഒഴിച്ചുള്ള ഒരു കാലത്തും ഇങ്ങനെ പണം കൊടുത്തതായി പ്രീസിഡന്റില്ല. അതുകൊണ്ട് അത് പ്രത്യേക കേസായി പരിഗണിച്ചാൽ മാത്രമേ എന്തെങ്കിലും ചെയ്യാൻ കഴിയുകയുള്ളൂ. ഈ കുടുംബത്തിന് ആവശ്യമായ ധനസഹായം നൽകേണ്ടതാണെന്ന കാര്യത്തിൽ സംശയമില്ല. യാനങ്ങളുടെ ഇൻഷ്വറൻസുമായി ബന്ധപ്പെട്ട്, ഇപ്പോൾ 90 ശതമാനം തുകയും സർക്കാരാണ് അടയ്ക്കുന്നത്. 10 ശതമാനം തുക മാത്രമാണ് മത്സ്യത്തൊഴിലാളികളിൽനിന്ന് വാങ്ങുന്നത്. സാമ്പത്തികമായി ബുദ്ധിമുട്ടും പ്രയാസവുമുള്ള കാലമായതുകൊണ്ട് 100 ശതമാനം തുക കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. എല്ലാവരും ഇൻഷ്വറൻസ് ക്ലെയിമിന്റെ പരിധിയിലേയ്ക്ക് വരാൻ തയ്യാറാകുന്നില്ല എന്നതാണ് ഇപ്പോഴത്തെ ഏറ്റവും വലിയ പ്രശ്നം. 'പുനർഗേഹം' പദ്ധതിയിൽ 10 ലക്ഷം രൂപയാണ് ഇപ്പോൾ കൊടുക്കുന്നത്. ആ തുക ഉപയോഗിച്ച് നല്ല വീട് നിർമ്മിക്കാം. അതിന് യാതൊരുവിധ പ്രശ്നവുമില്ല; സ്ഥലം ലഭിക്കാത്തതാണ് ഇപ്പോഴത്തെ പ്രശ്നം. തീരത്തുനിന്നും വളരെ ദൂരത്തുപോയി വീട് പണിതുകൊടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് സ്ഥലം ലഭ്യമായാൽ അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഹൃദയാഘാതംമൂലമുള്ള മരണത്തെക്കുറിച്ചുള്ള ചില പ്രശ്നങ്ങൾ പരിഗണിക്കേണ്ട വിഷയമാണ്; അക്കാര്യം ആലോചിക്കാവുന്നതാണ്. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളിക്കാവശ്യമായ ഇന്ധന സബ്സിഡി നൽകിവരുന്നുണ്ട്. അങ്ങ് തെറ്റിദ്ധാരണകൊണ്ട് പറഞ്ഞതാണ്. അത് പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ചു. കേന്ദ്രമന്ത്രിമാരടക്കം ഈ വിഷയം സംസാരിച്ചെങ്കിലും കേന്ദ്ര ഗവൺമെന്റ് ഒരു നോഡൽ ഏജൻസിയായി നമ്മളെ അംഗീകരിക്കുന്നില്ല. ബഹുമാനപ്പെട്ട സിവിൽ

സപ്ലൈസ് വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് യോഗങ്ങൾ വിളിച്ചു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പൂർണ്ണമായും സൗജന്യമായി മണ്ണെണ്ണ കൊടുക്കുന്നതിന് ഗവൺമെന്റ് പ്രഖ്യാപിച്ചെങ്കിലും ഇത് നടപ്പാക്കുന്നതിന് മത്സ്യഫെഡ്ഡിനെ ഒരു ഹോൾസെയിൽ ഏജന്റായി അവർ അംഗീകരിക്കുന്നില്ലെന്നതാണ് പ്രശ്നം. അത് പരിഹരിക്കുന്നതിനുള്ള ഇടപെടൽ നടത്തുമെന്ന് പ്രത്യേകം പറയാൻ ആഗ്രഹിക്കുന്നു. അദ്ദേഹം ഉന്നയിച്ച കടലുമായി ബന്ധപ്പെട്ട പ്രശ്നം എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. തീരശോഷണമുണ്ടാകുന്നതിന്റെ ഫലമായി പൊതുവായി കടലിലുണ്ടാകുന്ന ആവാസ വ്യവസ്ഥിതിക്ക് വന്ന മാറ്റം സംബന്ധിച്ച് മൊത്തത്തിൽ പഠിച്ച് ശരിയായ പരിഹാരം കാണുന്നതിനുള്ള പരിശ്രമം ഗവൺമെന്റ് നടത്തുന്നുണ്ട്. ഗവൺമെന്റ് മത്സ്യത്തൊഴിലാളികളോടും തീരത്തോടും ഒപ്പമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഭവന നിർമ്മാണം ഒരു വലിയ പ്രശ്നമാണ്. കഴിഞ്ഞകാല ഗവൺമെന്റുകളുടെ കാലത്ത് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഭവനനിർമ്മാണ പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പാക്കികൊണ്ടിരുന്നു. ഇപ്പോൾ ലൈഫ് പദ്ധതിയിൽ ലയിപ്പിച്ചശേഷം മത്സ്യത്തൊഴിലാളികൾക്ക് വീട് ലഭിക്കുന്നില്ലെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അവർക്ക് ലൈഫ് പദ്ധതിയിൽ മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, അങ്ങനെയൊരു പ്രശ്നം ഇപ്പോഴില്ല. ഏതാണ്ട് ഇരുപതിനായിരത്തോളം വീടുകൾ തീരദേശത്ത് 50 മീറ്ററിനപ്പുറത്ത് നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഭൂമി ലഭിക്കാത്ത പ്രശ്നമാണ് അവിടെയുള്ളത്. 2500 കോടി രൂപ ഗവൺമെന്റ് അതിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. ഈ പരിധിക്കുള്ളിൽ വരാത്തവർക്ക് ലൈഫ് പദ്ധതി മുഖേന വീട് നൽകുന്നതാണ്. ആയിരക്കണക്കിന് വീടുകൾ നിർമ്മിച്ച് ഇതിനോടകം നൽകുകയും ഈ ഗവൺമെന്റ് വന്നതിനുശേഷം അതിന്റെ താക്കോൽ ദാനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും ഒറ്റപ്പെട്ട കേസ് അങ്ങയുടെ മുമ്പിലുണ്ടെങ്കിൽ അത് ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിന് പരിഹാരം കാണുന്നതാണ്.

## V. സബ്മിഷൻ

### (1) പ്ലസ് വൺ പ്രവേശനം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സംസ്ഥാനത്ത് പതിനായിരക്കണക്കിന് രക്ഷകർത്താക്കളുടെയും കുഞ്ഞുങ്ങളുടെയും ഉത്കണ്ഠയുടെ

നടുവിലാണ് വീണ്ടും ഈ വിഷയം നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. സംസ്ഥാനത്ത് പ്ലസ് വൺ അഡ്മിഷനുള്ള രണ്ടാംഘട്ട അലോട്ടുമെന്റ് പൂർത്തിയായിരിക്കുകയാണ്. അപ്പോഴും പതിനായിരക്കണക്കിന് കുട്ടികൾ ഒരു സ്കൂളിൽ പോലും അഡ്മിഷൻ ലഭിക്കാതെ പുറത്തുനിൽക്കുകയാണ്. എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ച കുട്ടികൾക്കുപോലും അഡ്മിഷൻ ലഭിച്ചിട്ടില്ല. എല്ലാ ജില്ലകളിൽനിന്നും രാത്രിയിലും പകലുമെല്ലാം ജനപ്രതിനിധികളെ നിരന്തരമായി മാതാപിതാക്കളും കുട്ടികളും വിളിച്ചുകൊണ്ടിരിക്കുകയാണ്. ഓഫീസുകളിൽ ചെല്ലുമ്പോൾ അവിടെയും രക്ഷകർത്താക്കളോടൊപ്പം കുട്ടികളും വന്നുനിന്ന് കരയുന്ന സാഹചര്യമാണുള്ളത്. മൂന്നാമത്തെ പ്രാവശ്യമാണ് ഈ വിഷയം സഭ മുമ്പാകെ കൊണ്ടുവരുന്നത്. പത്താം ക്ലാസിന്റെ റിസൽട്ട് വന്നപ്പോൾ തന്നെ പ്രവേശനത്തിലുണ്ടാകാൻ പോകുന്ന അപകടകരമായ പ്രശ്നങ്ങൾ മുൻകൂട്ടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും അന്ന് ഗവൺമെന്റ് ശ്രദ്ധിച്ചില്ല. പ്ലസ് ടു സീറ്റിന്റെ ഫസ്റ്റ് അലോട്ടുമെന്റ് കഴിഞ്ഞപ്പോൾ ഈ വിഷയം അടിയന്തരപ്രമേയമായി സഭയിൽ ഉന്നയിച്ചിരുന്നു. അന്ന് ബഹുമാനപ്പെട്ട മന്ത്രി സഭ മുമ്പാകെ പറഞ്ഞത് പ്രവേശനത്തിന് അവശേഷിക്കുന്നത് 159,840 പേരാണ്, ഒന്നാം അലോട്ടുമെന്റിനുശേഷം ലഭ്യമായ ആകെ സീറ്റുകൾ 192,959 ആണെന്നും പരിപൂർണ്ണമായി അലോട്ടുമെന്റ് കഴിയുമ്പോൾ സംസ്ഥാനത്താകെ 33,119 സീറ്റുകൾ ബാക്കി വരുമെന്നുമാണ്. രണ്ടാം അലോട്ടുമെന്റ് കഴിഞ്ഞപ്പോഴും പൂർണ്ണമായ അലോട്ട്മെന്റ് കഴിഞ്ഞതിനുശേഷവും ഇത്രയും സീറ്റുകൾ മിച്ചമുണ്ടെങ്കിൽ എന്തുകൊണ്ടാണ് സംസ്ഥാനത്തെ പതിനായിരക്കണക്കിന് കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കാത്തത്? എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച കുട്ടികൾക്കുപോലും അഡ്മിഷൻ ലഭിച്ചിട്ടില്ല. ഇനി എന്നാണ് അവർക്ക് അഡ്മിഷൻ ലഭിക്കുന്നത്; മെറിറ്റ് സീറ്റിൽ ഇനി എത്ര എണ്ണം ബാക്കിയുണ്ട്? എന്റെ അറിവിൽ 655 സീറ്റ് മാത്രമാണ് മെറിറ്റിൽ ഇനി ബാക്കിയുള്ളത്. അപ്പോൾ എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ചതും കുറച്ച് കുറവ് മാർക്കുള്ള കുട്ടികളടക്കം അൺ എയ്ഡഡ് സ്കൂളുകളിലോ, മാനേജ്മെന്റ് ക്വാട്ടയിലോ അല്ലെങ്കിൽ പ്രൈവറ്റായി ഓപ്പൺ സ്കൂളിലോ പോകേണ്ട സ്ഥിതിയാണ്. ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നും പുതിയ ബാച്ചുണ്ടാക്കി സീറ്റ് വർദ്ധിപ്പിക്കണമെന്നും പ്രതിപക്ഷം നേരത്തെ ആവശ്യപ്പെട്ടിരുന്നതാണ്. 20 ശതമാനം വർദ്ധനവ് കൊണ്ടുമാത്രം പരിഹരിക്കാൻ സാധിക്കാത്ത ഗുരുതരമായ പ്രശ്നമാണിത്. ഈ നാട്ടിലെ കുട്ടികൾക്കുവേണ്ടി ഞങ്ങൾ കൈകൂപ്പി വീണ്ടും സർക്കാരിനോട് അഭ്യർത്ഥിക്കുന്നത് ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ്.

11.00 A.M.]

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവതരിപ്പിച്ച സബ്മിഷൻ വളരെ ഗൗരവത്തോടുകൂടിത്തന്നെ ഗവൺമെന്റ് കാണുകയാണ്. കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തെ പ്ലസ് വൺ അഡ്മിഷനുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം നന്നായി അറിയുന്നവരാണ് ഇവിടെയിരിക്കുന്ന എം.എൽ.എ.മാർ. ഓരോ വർഷത്തെയും റിസൽട്ടിന്റെ ഏറ്റക്കുറച്ചിലും എ പ്ലസ് ഗ്രേഡ് കിട്ടുന്ന വിദ്യാർത്ഥികളുടെ എണ്ണവുമൊക്കെ അറിയാവുന്നതാണ്. കണക്കുകൾ പറഞ്ഞ് വാദപ്രതിവാദത്തിനൊന്നും ഞാൻ തയ്യാറാകുന്നില്ല. അങ്ങ് ഇവിടെ ഉന്നയിച്ച വിഷയം വളരെ ഗൗരവമായി കാണുകയാണ്. എങ്കിൽത്തന്നെയും ഒന്നുരണ്ട് കണക്കുകൾകൂടി പറയാം. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... പ്ലീസ്..... പ്രതിപക്ഷനേതാവ് ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രിയെ മറുപടി പറയാൻ അനുവദിക്കൂ. .....(ബഹളം)..... മന്ത്രി മറുപടി പറയണ്ടേ? നിങ്ങൾ ഇരിക്കൂ. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ചെയറിനെ നോക്കി മറുപടി പറയൂ.

ശ്രീ. വി. ശിവൻകുട്ടി: സർ, അതിന് പരിഹാരമുണ്ടാക്കാം. നിങ്ങൾ സമാധാനമായിട്ടിരിക്കൂ. ഒക്ടോബർ മാസം 23-നുശേഷം മാത്രമാണ് രണ്ടാമത്തെ അലോട്ട്മെന്റിന്റെ പൂർണ്ണ വിവരം ലഭ്യമാകുന്നത്. രണ്ടാമത്തെ അലോട്ട്മെന്റ് ലഭിച്ചവർ 69,642-ഉം വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പ്രവേശനം നേടിയവർ 14,654-ഉം ആണ്. പ്രവേശനത്തിനായി അവശേഷിക്കുന്നവരുടെ എണ്ണം 85,316 ആണ്. രണ്ടാം ഘട്ട അലോട്ട്മെന്റിനുശേഷം ലഭ്യമായ ആകെ സീറ്റുകൾ 1,22,384 ആണ്. ഈ കണക്കുകൾവച്ച് നോക്കുമ്പോൾ സംസ്ഥാനാടിസ്ഥാനത്തിലുള്ള ഒരു യൂണിറ്റായി എടുത്താൽ സീറ്റുകളുടെ എണ്ണത്തിൽ കൂടുതലാണ് കണക്കാക്കപ്പെടുന്നത്. .........(ബഹളം)...... എ പ്ലസിന്റെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്. അതനുസരിച്ച് വിദ്യാർത്ഥികൾ ആഗ്രഹിക്കുന്ന വിഷയത്തിലും വീടിനടുത്തുള്ള സ്കൂളുകളിലും സീറ്റ് ലഭിക്കാത്ത വിഷയം ഗവൺമെന്റ് വളരെ ഗൗരവമായി കാണുകയാണ്. ജില്ലാടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ടാണ് ഇവിടെ വായിച്ചത്. സംസ്ഥാനാടിസ്ഥാനത്തിൽ ശരിയായ കണക്കുതന്നെയാണ് ലഭിച്ചിരിക്കുന്നത്. താലൂക്ക് അടിസ്ഥാനത്തിൽ കണക്കെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 23-ാം തീയതി മാത്രമെ രണ്ടാം ഘട്ട അലോട്ട്മെന്റിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയുള്ളൂ. ഏതെല്ലാം വിഷയങ്ങളിലാണ് സീറ്റിന്റെ

കുറവുള്ളത് എന്നത് സംബന്ധിച്ച് പ്രത്യേകം പരിശോധന നടത്തി റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഏതെല്ലാം വിഷയങ്ങൾക്ക്, ഏതെല്ലാം താലൂക്കുകളിലാണ് സീറ്റുകളുടെ എണ്ണത്തിൽ കുറവുള്ളത് എന്ന വിവരം 23-ാം തീയതിക്ക് ശേഷം പരിശോധിക്കുകയും അതിനുശേഷം വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടില്ലാത്ത നിലയിൽ ഉപരിപഠനത്തിനുള്ള എല്ലാ സംവിധാനവും സംസ്ഥാന ഗവൺമെന്റ് ഒരുക്കുമെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സബ്മിഷന് മറുപടിയായി ഈ സഭയിൽ പറയുകയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, വളരെ ഗൗരവത്തോടുകൂടിയ ഒരു വിഷയം മൂന്നാമത്തെ പ്രാവശ്യം ഈ സഭയിൽ ഉന്നയിച്ചിട്ടും ഒരേതരത്തിലുള്ള മറുപടി ആവർത്തിക്കുകയാണ്. സ്റ്റേറ്റ് യൂണിറ്റ് തലത്തിൽ സർക്കാർ ഉദ്യോഗസ്ഥർ എഴുതിക്കൊടുത്ത കണക്കുകളാണ് ബഹുമാന്യനായ മന്ത്രി വായിക്കുന്നത്. ഇഷ്ടമുള്ള വിഷയങ്ങളും സ്കൂളും വിദ്യാർത്ഥികൾക്ക് ലഭിക്കാത്ത പ്രശ്നം മാത്രമല്ല നിലനിൽക്കുന്നത്. അത്തരത്തിലുള്ള പതിനായിരക്കണക്കിന് കുട്ടികളുണ്ട്. ഇത് വാക്കൗട്ട് പ്രസംഗമാണ്. .....(ബഹളം)..... മന്ത്രിമാർ ഇങ്ങനെ തടസ്സപ്പെടുത്തുന്നത് ശരിയല്ല. കുട്ടികളുടെ വിഷയമാണ് ഞങ്ങൾ ഉന്നയിക്കുന്നത്. ഇവിടെ എന്തും കാണിക്കാമെന്നാണോ; മന്ത്രിമാർക്കെന്താ ഉത്തരവാദിത്വമില്ലേ;...... (ബഹളം).....കുട്ടികളുടെ വിഷയം അവതരിപ്പിക്കുമ്പോൾ നിങ്ങൾക്ക് ഇത്ര പ്രശ്നമെന്താണ്? ഞങ്ങൾ കുട്ടികൾക്ക് വേണ്ടിയാണ് സംസാരിക്കുന്നത്. ..... (ബഹളം).....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, സഭയുടെ നടപടിക്രമമനുസരിച്ച് സബ്മിഷൻ അവതരിപ്പിച്ചാൽ അതിന് മറുപടി പറയുക എന്നുള്ളതാണ്. ആ ജോലി ബഹുമാനപ്പെട്ട മന്ത്രി നിർവ്വഹിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അംഗങ്ങളോട് ഇരിക്കാൻ പറയൂ. സബ്മിഷൻ അവതരിപ്പിച്ചുകഴിഞ്ഞാൽ മന്ത്രി മറുപടി പറയുക, അത് അംഗീകരിക്കുക എന്നുള്ളതാണ്. പിന്നെ ചർച്ചയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അംഗങ്ങളോട് സീറ്റിലിരിക്കാൻ പറയൂ. .....(ബഹളം).....

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പ്രധാനപ്പെട്ട വിഷയങ്ങൾക്ക് മറുപടി പറയുന്നതിൽ പരാതിയുണ്ടെങ്കിൽ എല്ലാ പ്രതിപക്ഷവും ഇവിടെ സബ്മിഷൻ സമയത്ത് വാക്കൗട്ട് നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന് അറിയാത്തതുകൊണ്ടാണ്. ഒരേ മറുപടിയാണ് നൽകുന്നത് എന്നുള്ളതാണ് ഇവിടത്തെ വിഷയം. ഞങ്ങൾക്ക് കേൾക്കേണ്ടത് സ്റ്റീരിയോടൈപ്പ് മറുപടിയല്ല. രണ്ടാമത്തെ അലോട്ട്മെന്റ് കഴിഞ്ഞതിനുശേഷവും വളരെ കുറച്ച് മെരിറ്റ് സീറ്റുകൾ മാത്രമാണ് ബാക്കിയുള്ളത്.

കുട്ടികൾ വലിയ ഉത്കണ്ഠയിലും പ്രയാസത്തിലുമാണ്. സംസ്ഥാനത്ത് സീറ്റുകൾ വർദ്ധിപ്പിക്കുകയും പുതിയ ബാച്ചുകൾ അനുവദിക്കുകയും ചെയ്ത് കുട്ടികൾക്ക് അഡ്മിഷൻ ഉറപ്പുവരുത്താനുള്ള നടപടി സർക്കാർ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ചും ഒരേ തരത്തിലുള്ള മറുപടികൾ ആവർത്തിച്ച് പറയുന്നതിലുള്ള പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടും പ്രതിപക്ഷം വാക്കൗട്ട് ചെയ്യുന്നു.

(മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷമൊന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ആവർത്തിച്ചുള്ള മറുപടിയല്ല പറഞ്ഞത്. പ്രതിപക്ഷത്തെ സംബന്ധിച്ച്, വിദ്യാർത്ഥികളുടെ ഉപരിപഠനം ഉറപ്പാക്കുക എന്നതിനപ്പുറം രാഷ്ട്രീയ ദുഷ്ടലാക്കോടുകൂടി സഭയിൽ ബഹളം വയ്ക്കുക എന്ന കാര്യമാണ് അവർ ചെയ്തത്. രണ്ടാംഘട്ട അലോട്ട്മെന്റ് ഈ മാസം 23-ാം തീയതിയോടുകൂടി മാത്രമേ പൂർത്തീകരിക്കുകയുള്ളൂവെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിനുശേഷം താലൂക്കടിസ്ഥാനത്തിൽ ഏതെല്ലാം വിഷയങ്ങൾക്ക്, ഏതെല്ലാം സ്കൂളുകളിലാണ് സീറ്റ് വർദ്ധനവുണ്ടാകേണ്ടതെന്ന കാര്യം പരിശോധിച്ചതിനുശേഷം രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും ഉത്കണ്ഠയില്ലാത്ത നിലയിൽ ഉപരിപഠനത്തിനുള്ള എല്ലാ സംവിധാനവും ഒരുക്കുമെന്ന് പറഞ്ഞതിനുശേഷവും വാക്കൗട്ട് നടത്തുക എന്നുപറഞ്ഞാൽ നേരത്തെ ആലോചിച്ചുകൊണ്ടുവന്ന കാര്യമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇക്കാര്യത്തിൽ കേരളത്തിലെ വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഒരു ഉത്കണ്ഠയും വേണ്ട. സംസ്ഥാനത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും പഠന സൗകര്യം ഒരുക്കുമെന്ന് ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

(2) ഫെയർ പ്രൈസ് ഷോപ്പ് ഓണേഴ്സ് ലൈസൻസ്

ശ്രീ. വി. ശശി: സർ, Kerala Targeted Public Distribution System (Control) Order, 2021-ലെ ഖണ്ഡിക 33 പ്രകാരം പട്ടികവിഭാഗങ്ങൾക്ക് ഫെയർ പ്രൈസ് ഷോപ്പ് ഓണേഴ്സ് ലൈസൻസ് നൽകുന്നതിന് 10 ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 14,241 ഫെയർ പ്രൈസ് ഷോപ്പ് ഓണേഴ്സ് ലൈസൻസ് നൽകിയിട്ടുള്ളതായാണ് കാണുന്നത്. ഇതിൽ 10 ശതമാനം അതായത് 1424 എണ്ണം പട്ടിക വിഭാഗങ്ങൾക്ക് നൽകേണ്ടതുണ്ട്. എന്നാൽ അവർക്ക് ലഭ്യമായിട്ടുള്ളത് 380 എണ്ണം മാത്രമാണ്. പട്ടികവർഗ്ഗക്കാർക്ക് 70-ഉം

പട്ടികജാതിക്കാർക്ക് 310-ഉം ആണ് ലഭ്യമായത്. ഈ കുറവ് അടിയന്തരമായി നികത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന കാര്യം തീർച്ചയായും അടിയന്തര പ്രാധാന്യം അർഹിക്കുന്ന വിഷയമാണ്. 1966-ലെ കേരള റേഷനിംഗ് ഓർഡർ 45(2 എ) പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് എട്ട് ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിന് രണ്ട് ശതമാനവും ഭിന്നശേഷിക്കാർക്ക് അഞ്ച് ശതമാനവും വനിതകൾക്ക് ഇരുപത് ശതമാനവും എന്ന നിലയിലാണ് റേഷൻ കട ലൈസൻസി നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തിയിരിക്കുന്നത്. 1966-ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിച്ച് Kerala Targeted Public Distribution System (Control) Order 18.02.2021-ൽ നിലവിൽ വന്നപ്പോഴും മേൽ സൂചിപ്പിച്ച സംവരണം പ്രസ്തുത ഓർഡറിലെ 33(1) പ്രകാരം അതേപടി നിലനിർത്തിയിട്ടുണ്ട്. കേരളത്തിൽ നിലവിൽ പ്രവർത്തനക്ഷമമായ 14,130 റേഷൻ കടകളാണുള്ളത്. പട്ടികജാതി വിഭാഗത്തിന് നിയമപ്രകാരമുള്ള എട്ട് ശതമാനം സംവരണം അനുസരിച്ച് 1130 കടകൾക്ക് അർഹതയുണ്ട്. എന്നാൽ നിലവിൽ ലഭ്യമായ കണക്കുകൾ പരിശോധിക്കുമ്പോൾ 308 കടകൾ മാത്രമേ (2.18 ശതമാനം) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ കൈവശം കാണുന്നുള്ളൂ. ഇനിയും 822 കടകൾ കൂടി അനുവദിക്കേണ്ടതുള്ളതായി കാണുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് രണ്ട് ശതമാനം സംവരണമാണ് ബന്ധപ്പെട്ട ഓർഡർ പ്രകാരം നൽകേണ്ടത്. സംവരണതത്വം പാലിക്കുമ്പോൾ 283 കടകൾക്ക് അവർ അർഹരാണ്. എന്നാൽ നിലവിലെ കണക്കുകൾപ്രകാരം 64 റേഷൻ കടകളാണ് ഈ വിഭാഗത്തിന്റെ കൈവശമുള്ളത്. ആയതുപ്രകാരം 219 കടകൾ ഈ വിഭാഗത്തിന് കൂടുതൽ അനുവദിക്കേണ്ടതായിട്ടുണ്ട്. റേഷൻ കടകൾ അനുവദിക്കുമ്പോൾ ആകെ കടകളുടെ എണ്ണത്തിന്റെ 35 ശതമാനമാണ് സംവരണ വിഭാഗങ്ങൾക്ക് മാറ്റിവയ്ക്കേണ്ടത്. നിലവിലുള്ള 14,130 കടകളിൽ 4,945 കടകൾ സംവരണ വിഭാഗത്തിന് അവകാശപ്പെട്ടതാണ്. എന്നാൽ 3,097 കടകൾ മാത്രമാണ് സംവരണ വിഭാഗത്തിൽപ്പെട്ടവർ ലൈസൻസികളായിട്ടുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഏർപ്പെടുത്തിയ സംവരണം ആരെങ്കിലും അട്ടിമറിച്ചതായി പറയാൻ കഴിയില്ല. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള കടകളിലേയ്ക്ക് ലൈസൻസിയെ തെരഞ്ഞെടുക്കുന്നതിന് നോട്ടിഫൈ ചെയ്യുമ്പോൾ ആവശ്യത്തിന് അപേക്ഷകരില്ലാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നയം വളരെ

വ്യക്തമാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട സംവരണം നിലനിർത്തിക്കൊണ്ട് മാത്രമേ സർക്കാർ റേഷൻ കടകൾ അനുവദിക്കുകയുള്ളൂ. റേഷൻ കടകൾ അനുവദിക്കുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് അർഹമായ സംവരണം നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഉറപ്പുവരുത്താൻ സർക്കാരും പൊതുവിതരണ വകുപ്പും പ്രതിജ്ഞാബദ്ധമാണെന്ന കാര്യം സഭയെ അറിയിക്കുകയാണ്.

(3) തീരദേശ പട്ടയങ്ങൾ

ശ്രീ. എം. വിൻസെന്റ്: സർ, ഇത് ഞാൻ നിയമസഭാംഗമായി വന്നപ്പോൾ മുതലുള്ള വിഷയമാണ്. തീരദേശത്തെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഇരുപത്തിയഞ്ചും അൻപതും വർഷങ്ങളായി അവർ താമസിക്കുന്ന സ്ഥലത്തെ പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് ദീർഘമായ നിരവധി നടപടിക്രമങ്ങളുണ്ട്. തീരദേശ പട്ടയമായതുകൊണ്ട് ഇവയെല്ലാം പൂർത്തീകരിക്കുമ്പോൾ ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്. അതിലേയ്ക്കായി ആറ് വർഷമായി എന്റെ നിയോജകമണ്ഡലത്തിലെ 257 പേരുടെ അപേക്ഷകളും അഞ്ച് വർഷമായി 54 പേരുടെ അപേക്ഷകളും മൂന്ന് വർഷമായി 122 പേരുടെ അപേക്ഷകളും എന്നിങ്ങനെ ആകെ 433 അപേക്ഷകൾ സർക്കാർ തീരുമാനത്തിനായി പെൻഡിംഗിലാണ്. അടിയന്തരമായി എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച പട്ടയങ്ങൾക്കുള്ള അനുമതി സർക്കാർ നൽകേണ്ടതുണ്ട്. 600-ഓളം പട്ടയങ്ങൾക്കുവേണ്ടിയുള്ള അപേക്ഷകൾ നെയ്യാറ്റിൻകര താലൂക്ക് ഓഫീസിലും വിവിധ വില്ലേജ് ഓഫീസുകളിലും നടപടിക്രമങ്ങൾ നടന്നുവരികയാണ്. തീരദേശ പട്ടയത്തിനുള്ള നടപടിക്രമങ്ങൾ തീർപ്പാക്കി പട്ടയം പെട്ടെന്ന് നൽകുന്നതിനായി ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക യോഗം വിളിക്കണം. തീരദേശ പരിധിയിൽപ്പെടാത്ത താമസക്കാരുടെ പട്ടയവുമായി ബന്ധപ്പെട്ടും പ്രശ്നം നിലനിൽക്കുന്നു. അവരുടെ പട്ടയത്തിന്റെ അപേക്ഷകളിന്മേലുള്ള നടപടിക്രമങ്ങൾ പൂർത്തിയായെങ്കിലും റവന്യൂ അധികാരികൾ അവർക്ക് പട്ടയം കൊടുക്കുന്നതിൽ കാലതാമസം വരുത്തുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി മുമ്പാകെ ഈ വിഷയം സംബന്ധിച്ച് ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. അൺസർവ്വേയ്ഡ് ലാൻഡിൽ വളരെക്കാലമായി താമസിക്കുന്നവരുടെ ഭൂമി സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിക്കണം. കരുംകുളം, കോട്ടുകാൽ, പൂവാർ വില്ലേജുകളിലായി അൺസർവ്വേയ്ഡ് ലാൻഡിൽ അനേകം ആളുകൾ താമസിക്കുന്നുണ്ട്. സർവ്വേ നടത്തിയാൽ മാത്രമേ പട്ടയത്തിനുവേണ്ടിയുള്ള പ്രാഥമിക നടപടി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. സർക്കാരിന്റെ എല്ലാ നടപടികളും പൂർത്തിയാക്കി

അനുമതിക്കായി കാത്തിരിക്കുന്ന 433 പട്ടയങ്ങൾ, വിവിധ ഘട്ടങ്ങളിലായിരിക്കുന്ന 600-ഓളം അപേക്ഷകൾ തുടങ്ങിയ പ്രശ്നങ്ങൾക്ക് അടിയന്തരമായി തീരുമാനം കൈക്കൊള്ളണം. അൺസർവ്വേയ്ഡ് ലാൻഡിൽ സർവ്വേ നടത്താനും നടപടി സ്വീകരിക്കണം. ഫിഷറീസിന്റെ ഭവന നിർമ്മാണ പദ്ധതിക്ക് കൈവശരേഖ പര്യാപ്തമായിരുന്നു. എന്നാൽ ലൈഫ് പദ്ധതിയിൽ പട്ടയമില്ലാത്തവർക്ക് അതിന്റെ ആനുകൂല്യം ലഭിക്കുന്നില്ലെന്ന് മാത്രമല്ല വീടിന്റെ അറ്റകുറ്റപ്പണി പോലും നടത്താൻ കഴിയാത്ത സാഹചര്യമുണ്ട്. പട്ടയമില്ലാത്തതുകൊണ്ട് വിവിധ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അടിയന്തര സാഹചര്യം പരിഗണിച്ച് പട്ടയം അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ അങ്ങയുടെ അനുകൂല മറുപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യങ്ങളിൽ ഒന്ന് അർഹരായ മുഴുവൻ ആളുകൾക്കും പട്ടയം നൽകുകയും ഭൂരഹിതരായ മുഴുവൻ ആളുകൾക്കും ഭൂമി നൽകുകയും ചെയ്യുകയെന്നുള്ളതാണ്. അതുസംബന്ധിച്ച് വളരെ വിശദമായ പ്രൊപ്പോസലും പരിപാടിയും തയ്യാറാക്കി സംസ്ഥാനത്തുടനീളം അതിവേഗം നിയമ പ്രശ്നങ്ങളുൾപ്പെടെ പരിഹരിച്ച് മുന്നോട്ടുപോകാനുള്ള ശ്രമം ഗവൺമെന്റ് നടത്തുന്നുണ്ട്. ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണെന്ന അർത്ഥത്തിൽ സർക്കാർ കാണുകയാണ്. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന പ്രഖ്യാപിത ലക്ഷ്യവുമായി മുന്നേറുന്ന സർക്കാർ കോവളം നിയോജക മണ്ഡലത്തിലെ സ്വന്തമായി ഭൂരേഖ ഇല്ലാത്തവരുടെ വിഷയം വളരെ പ്രാധാന്യത്തോടെയാണ് കാണുന്നത്. കോവളം നിയോജകമണ്ഡലത്തിൽ ലഭിച്ച ഭൂപതിവ് അപേക്ഷകളിൽ കരുംകുളം വില്ലേജിൽ 405 അപേക്ഷകളും പൂവാർ വില്ലേജിൽ 54 അപേക്ഷകളും കോട്ടുകാൽ വില്ലേജിൽ 10 അപേക്ഷകരുടെയും നടപടിക്രമങ്ങൾ ഭൂരിഭാഗവും പൂർത്തീകരിച്ചിട്ടുണ്ട്. തീരദേശ പട്ടയമായതിനാൽ സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ചുള്ള ഉത്തരവ് ആവശ്യമായതിനാൽ ആയതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്. കരുംകുളം, കോട്ടുകാൽ എന്നീ വില്ലേജ് ഓഫീസുകളിൽനിന്നും പതിവ് റെക്കാർഡുകൾ തയ്യാറാക്കി നൽകാനുള്ള 349 അപേക്ഷകളിലും കരുംകുളം, കോട്ടുകാൽ, വിഴിഞ്ഞം വില്ലേജുകളിലായി സർവ്വേ സബ് ഡിവിഷൻ സ്കെച്ച് തയ്യാറാക്കുന്നതിനായി ശേഷിക്കുന്ന 144 ഫയലുകളിലും അടിയന്തരമായ നടപടി പൂർത്തീകരിക്കുന്നതിനായി ഓരോ സർവ്വേയർമാരെയും ബന്ധപ്പെട്ട വില്ലേജിലെ ജീവനക്കാരെയും ഉൾപ്പെടുത്തി നാല് പേരടങ്ങുന്ന ടീം രൂപീകരിച്ചിട്ടുണ്ട്. ഈ ടീമിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തി പട്ടയ ഫയലുകൾ വേഗത്തിൽ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കോവളം നിയോജകമണ്ഡലത്തിലെ കരുംകുളം, കോട്ടുകാൽ, പൂവാർ വില്ലേജുകളിലെ പട്ടയ വിഷയത്തിലെ കാതലായ പ്രശ്നം അൺസർവ്വേയ്ഡ് ലാൻഡിൽ (കടൽ ഇറങ്ങി ഈ ഭാഗത്ത് താമസിക്കുന്നവർ) താമസിക്കുന്നവരുടേതാണ്. ഇത് സംസ്ഥാനാതിർത്തിക്ക് പുറത്തായതിനാൽ സെൻട്രൽ സർവ്വേയുടെ അനുമതികൂടി ആവശ്യമുണ്ട്. കരുംകുളം, കോട്ടുകാൽ, പൂവാർ എന്നീ വില്ലേജുകളിൽ ഇത്തരം അൺസർവ്വേയ്ഡ് ലാൻഡിൽ താമസിക്കുന്നവരുടെ വിഷയത്തിൽ അടിയന്തരമായി സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം ചേരുന്ന കാര്യം പരിഗണനയിലാണ്. ഭൂപതിവ് കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികളും സർക്കാരിൽ നടന്നുവരികയാണ്. ഇത് സഭയെ അറിയിക്കാനുള്ള പ്രധാനപ്പെട്ട കാര്യം, നവംബർ 1-ന് പുതിയ ഭൂപതിവ് കമ്മിറ്റികൾ കേരളത്തിൽ ആകെ നിലവിൽ വരും എന്നുള്ളതുകൊണ്ടാണ്. പലയിടങ്ങളിലും നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ പേര് കൊടുത്തിട്ടില്ലെന്ന പ്രശ്നം ഉയർന്നുവരുന്നുണ്ട്. 25-ാം തീയതിക്കകം ലഭ്യമായവരുടെ പേരുകൾ വച്ചുകൊണ്ടുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിന് നൽകണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ കാര്യത്തിൽ സഭയിൽ അംഗങ്ങളായ രാഷ്ട്രീയ പാർട്ടി നേതാക്കൾക്കുകൂടി പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അത് നിലവിൽ വരുന്നതോടെ കൂടുതൽ പട്ടയങ്ങൾ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്ത് ഓരോ വില്ലേജിലും ലഭ്യമായ ഭൂമി, പട്ടയം അനുവദിക്കുന്നതിലെ തടസ്സം, ഭൂരഹിതരുടെ എണ്ണം എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് സംസ്ഥാന അടിസ്ഥാനത്തിലുള്ള ഡാഷ് ബോർഡ് തയ്യാറാക്കുന്ന കാര്യം പരിഗണനയിലാണ്. ഡിസംബർ മാസത്തോടെ ഈ നടപടി പൂർത്തീകരിക്കും. ഇത് പൂർത്തിയാകുന്നതോടെ സംസ്ഥാനത്തൊട്ടാകെ, ഒപ്പം കോവളം മണ്ഡലത്തിലെയും പട്ടയ വിഷയങ്ങളിൽ വ്യക്തത കൈവരുന്നതിനും തടസ്സങ്ങൾ കണ്ടുപിടിച്ച് പരിഹരിച്ച് പട്ടയം വിതരണം ഊർജ്ജിതമാക്കുന്നതിനും സാധിക്കും. കോവളം മണ്ഡലത്തിലെ പട്ടയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സഭ സമ്മേളിക്കുന്ന സമയത്ത് ഒരു യോഗം വിളിച്ചുചേർക്കുമെന്ന് അങ്ങേയ്ക്ക് ഉറപ്പുനൽകുന്നു.

### (4) ആഭരണ വ്യാപാര രംഗത്തെ പ്രതിസന്ധി

ഡോ. എം. കെ. മുനീർ: സർ, സംസ്ഥാനത്തെ പ്രധാനപ്പെട്ട വ്യാപാര മേഖലയിൽ ഒന്നാണ് ആഭരണ വ്യാപാരമേഖല. റീട്ടയിൽ വിൽപ്പനക്കാർ, ഹോൾസെയിൽ വ്യാപാരികൾ, ആഭരണ നിർമ്മാതാക്കൾ, ബുള്ള്യൻ വ്യാപാരമേഖലയിലെ

കച്ചവടക്കാർ, അഞ്ച് ലക്ഷം വരുന്ന നിർമ്മാണത്തൊഴിലാളികൾ എന്നിങ്ങനെ ഇരുപതിനായിരത്തോളം സ്ഥാപനങ്ങളും എട്ട് ലക്ഷം കുടുംബങ്ങളും ആശ്രയിച്ചുപോകുന്ന ഒരു മേഖലയാണിത്. സ്വർണ്ണ വ്യാപാരം നടത്തുന്നത് മുഴുവൻ കള്ളത്തരത്തിലാണെന്ന രീതിയിലാണ് പലപ്പോഴും അവരെ പരിഗണിക്കുന്നത്. ജി.എസ്.ടി. (ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ്) കുറയുന്നതിനെക്കുറിച്ചും പല കാര്യങ്ങൾ പറയുന്നുണ്ട്. ഘടനാപരമായ പ്രശ്നങ്ങളാലാണ് നികുതി കുറയുന്നതെന്നാണ് സ്വർണ്ണ വ്യാപാരികൾ പറയുന്നത്. ഒന്നരക്കോടി രൂപ വരെ ടേൺ ഓവർ ഉള്ളവർ ഒരു ശതമാനം നികുതി അടച്ചാൽ മതി. ഈ ഇനത്തിൽ രണ്ട് ശതമാനത്തിൽ കുറവുള്ളതിനാൽ അൻപത് കോടി രൂപയുടെ കുറവുണ്ടാകുന്നു. മൂന്ന് ശതമാനം നികുതിയുടെ പകുതിയായ ഒന്നര ശതമാനം എസ്.ജി.എസ്.ടി. (സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ്)-യും മറ്റേ പകുതി സി.ജി.എസ്.ടി. (സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ്)-യും ആയിട്ടാണ്. ഫലത്തിൽ സംസ്ഥാനത്തിന് ഒന്നര ശതമാനം നികുതി മാത്രമാണ് ലഭിക്കുന്നത്. ആഭരണ നിർമ്മാണത്തിന്റെ നാൽപ്പത് മുതൽ അൻപത് ശതമാനവും ബുള്ള്യൻ വ്യാപാരത്തിന്റെ നൂറ് ശതമാനവും നടക്കുന്നത് അന്യസംസ്ഥാനങ്ങളിലാണ്. അവ കേരളത്തിലേയ്ക്ക് എത്തുമ്പോൾ ഇന്റർസ്റ്റേറ്റ് വ്യാപാരമാകുന്നു. ഇതിനുള്ള നികുതി ഐ.ജി.എസ്.ടി. (ഇന്റഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ്) ആയിട്ടാണ് നൽകുന്നത്. അവിടെയും ഒന്നര ശതമാനം നഷ്ടമാകുന്നു. അങ്ങനെ കളക്ടഡ് ടാക്സും പെയ്ഡ് ടാക്സും തമ്മിൽ വലിയ അന്തരമുണ്ടാകുന്നു. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ട് അവരെ പ്രത്യേകമായി കാണേണ്ടതിനുപകരം ആഭരണ വ്യാപാരികൾ എന്തോ കള്ളത്തരം ചെയ്യുന്നുവെന്ന നിലയിൽ അവരുടെ ഷോപ്പുകളിൽ സി.സി.ടി.വി. സ്ഥാപിക്കുകയും അതിനെ പോലീസ് സ്റ്റേഷനിലേയ്ക്കും ജി.എസ്.ടി. ഓഫീസിലേയ്ക്കും കണക്ട് ചെയ്യുകയും ചെയ്യുകയാണ്. ഇത്തരം പ്രവൃത്തിയിലൂടെ ഇവർ എന്തോ വലിയ കൊള്ള നടത്തുന്നപോലുള്ള ഒരു സമീപനമാണ് സ്വീകരിക്കുന്നത്. ജി.എസ്.ടി.യുടെ ഘടനാപരമായ പ്രശ്നത്തിന്റെ ഫലം അനുഭവിക്കുന്നത് വ്യാപാരികളാണ്. പ്രസ്തുത വ്യാപാര രംഗത്ത് പ്രവർത്തിക്കുന്ന കള്ളനാണയങ്ങളെ കണ്ടെത്തണം; അല്ലാതെ നല്ല രീതിയിൽ വ്യാപാരം ചെയ്യുന്നവരെ ഇതിന്റെ പേരിൽ ക്രൂശിക്കരുത്. ജി.എസ്.ടി. നടപ്പിലാക്കി നാല് വർഷം പിന്നിട്ടിട്ടും വാറ്റ് കുടിശ്ശിക സംബന്ധിച്ച കേസ്സുകൾ ഇപ്പോഴും കോടതിയിൽ നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. അതുകൊണ്ട് വാറ്റ് കുടിശ്ശിക ഒഴിവാക്കണം. 2019-ൽ ധനകാര്യ വകുപ്പ് ഇതുസംബന്ധിച്ച് ഒരു നിയമനിർമ്മാണം നടത്തിയതുപ്രകാരം പൊതുമാപ്പ് (amnesty) നൽകാനുള്ള വ്യവസ്ഥയുണ്ടായിരുന്നു. പക്ഷെ ഇപ്പോഴും ഈ കേസ്സുകൾ കെട്ടിക്കിടക്കുകയാണ്. വാറ്റ് കുടിശ്ശികയുമായി ബന്ധപ്പെട്ട പല കേസ്സുകളും യാഥാർത്ഥ്യവുമായി

ബന്ധമില്ലാത്തവയാണ്. കരുനാഗപ്പള്ളിയിൽ 2014-15-ൽ മൂന്ന് ദിവസം മാത്രം പ്രവർത്തിച്ച ഒരു സ്ഥാപനത്തിന് ഇപ്പോൾ 195 കോടി രൂപയുടെ വാറ്റ് അസസ്സ്മെന്റ് വന്നിരിക്കുകയാണ്. അടൂരിൽ മറ്റൊരു വ്യാപാരിക്ക് 7000 കോടി രൂപയുടെയും കോഴിക്കോട് ഒരാൾക്ക് 250 കോടി രൂപയുടെയും വാറ്റ് അസസ്സ്മെന്റ് വന്നിരിക്കുകയാണ്. 10,000 രൂപ പിഴവ് കണ്ടെത്തിയതിൽ ഒരു കോടി രൂപയാണ് അസസ്സ്മെന്റായി ഈടാക്കുന്നത്. സെക്ഷൻ 25AA General Disciplines പ്രകാരം വ്യാപാരികളെ പരമാവധി സഹായിക്കാനുള്ള ഈ നിയമംപോലും അവരെ തകർക്കുന്നതിനുവേണ്ടി 'ഇതിന് മുൻകാല പ്രാബല്യമില്ല' എന്നുപറഞ്ഞ് ഉദ്യാഗസ്ഥർ പ്രശ്നമുണ്ടാക്കുകയാണ്. ഇതിൽ ഇടപെട്ട 95 ശതമാനം കേസ്സുകളും പെട്ടെന്ന് പരിഹരിക്കാൻ സാധിക്കുന്നവയാണ്. സ്വർണ്ണ കടത്തുമായി ബന്ധപ്പെട്ട ധാരാളം പ്രശ്നങ്ങളുണ്ട്. കേരളത്തിൽ നല്ല രീതിയിൽ സ്വർണ്ണ വ്യാപാരം നടത്തുന്ന ആളുകളെക്കൂടി കള്ളന്മാരായി കാണുകയും മറ്റൊരു കണ്ണിലൂടെ ദർശിക്കുകയും ചെയ്യുന്നത് ശരിയല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വളരെ അനുഭാവപൂർവ്വം ഇടപെട്ട് അവരുടെ പ്രശ്നം പരിഹരിക്കണമെന്നാണ് പറയാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ആഭരണ വ്യാപാരികളെ എന്നല്ല ഒരു വ്യാപാരികളെയും ബുദ്ധിമുട്ടിക്കുന്ന സമീപനം കേരള സർക്കാരിനില്ല. വ്യാപാരികളെല്ലാം സമൂഹത്തെയും സാമ്പത്തിക മേഖലയെയും സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടവരാണ്. എട്ട് ലക്ഷത്തോളം ആളുകൾ പലതരത്തിൽ പണിയെടുക്കുന്ന മേഖല എന്ന നിലയിൽ തന്നെയാണ് സ്വർണ്ണ വ്യാപാര മേഖലയെയും ഗവൺമെന്റ് കാണുന്നത്. കോവിഡ് കാലത്ത് എല്ലാ വ്യാപാരികളോടും ഇതര ജനവിഭാഗങ്ങളോടും ഏറ്റവും അനുകൂലമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സർക്കാർ കെട്ടിടങ്ങളിലെ വാടക നിശ്ചിത കാലത്തേയ്ക്ക് ഒഴിവാക്കി നൽകിയതും വ്യാപാരികൾക്ക് പ്രത്യേക സഹായ പാക്കേജ് നൽകിയതും ഇതിന് ഉദാഹരണങ്ങളാണ്. വ്യാപാരികളിൽനിന്നും നികുതി പിരിക്കുക എന്നതും നികുതി ചോർച്ചയുണ്ടെങ്കിൽ അത് കണ്ടെത്തേണ്ടതും പരിഹരിക്കേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അത് നിർവ്വഹിക്കാതിരിക്കാൻ കഴിയില്ല. അതിനുള്ള ശ്രമം മാത്രമാണ് സർക്കാർ നടത്തിയിട്ടുള്ളത്. സ്വർണ്ണ വ്യാപാരമുൾപ്പെടെയുള്ള കാര്യങ്ങളിൽ മാത്രമല്ല, വാഹന പരിശോധന, കട പരിശോധന എന്നിവ നടത്തുമ്പോൾ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പൂർണ്ണമായി പാലിച്ചിരിക്കണമെന്നും ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമ പ്രകാരമുള്ള രേഖകളുമായി ആഭരണം കൊണ്ടുപോകുന്ന വ്യാപാരികൾക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളും സംസ്ഥാന

ചരക്ക് സേവന നികുതി വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. പക്ഷെ അവർ കരുതേണ്ട ഡെലിവറി നോട്ട് പോലുള്ള ചില രേഖകൾ കൈവശമുണ്ടാകണം. അത്തരം കാര്യങ്ങൾക്ക് കൃത്യതയുണ്ടാകണമെന്ന് മാത്രമാണ് വകുപ്പിന്റെ ഭാഗത്തുനിന്നും നിലപാടുണ്ടായിട്ടുള്ളത്. സ്വർണ്ണ വ്യാപാര മേഖലയിൽ കൂടുതൽ സുതാര്യത കൊണ്ടുവരാനും വ്യാപാരികൾക്ക് ആശങ്ക കൂടാതെ സ്വർണ്ണം കൊണ്ടുപോകാനും സാധിക്കുന്ന തരത്തിൽ E-Way Bill സംവിധാനം നടപ്പിൽ വരുത്താനും സർക്കാർ ശ്രമിക്കുന്നുണ്ട്. അതിന്റെ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുകൂടി വരുമ്പോൾ കുറച്ചുകൂടി സുതാര്യമാകും. ഏറ്റവും നന്നായി ഈ രംഗത്ത് പ്രവർത്തിക്കുന്നവരെ അങ്ങേയറ്റം പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് സർക്കാരിനുള്ളത്. തെറ്റായ പ്രവണതകൾ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായാൽ അത് അംഗീകരിക്കുകയില്ല. ആർക്കും ഉപദ്രവമുണ്ടാകുന്ന തരത്തിൽ നിലപാട് എടുക്കില്ല. എന്നാൽ സർക്കാരിലേയ്ക്ക് വരാനുള്ള നികുതി കൃത്യമായി വരുന്നില്ലെങ്കിൽ അത് അനുവദിക്കാൻ കഴിയില്ല, അതിൽ കർശനമായ നിലപാടുണ്ടാകും. വാറ്റ് കുടിശ്ശിക കേസ്സുകൾ കെട്ടിക്കിടക്കുന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്, അത് തീർപ്പാക്കുന്നതിനുവേണ്ടിയുള്ള സജീവമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്. അതിലേയ്ക്കായി Amnesty Scheme പോലുള്ളവ പ്രഖ്യാപിച്ചിരുന്നു. എല്ലാ മേഖലയിൽനിന്നുമുള്ള 70 ശതമാനത്തോളം ആളുകൾ അതിൽ തീർപ്പാക്കാൻ തയ്യാറായിട്ടുണ്ട്, അതിന് വീണ്ടും അവസരം നൽകിയിട്ടുമുണ്ട്. കോടതിയിലും അപ്പലേറ്റ് ട്രൈബ്യൂണലിലുമുള്ള കേസ്സുകൾ എത്രയും പെട്ടെന്ന് തീർക്കാനുള്ള സജീവമായ നടപടിക്രമങ്ങൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(5) പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനം

ശ്രീ. എ. പി. അനിൽ കുമാർ: സർ, പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് കേരളത്തിലെ വിദ്യാർത്ഥികളും രക്ഷിതാക്കളും അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് സമാനമായവ തന്നെയാണ് ഹയർ സെക്കൻഡറി പരീക്ഷ പാസ്സായി ഡിഗ്രി അഡ്മിഷൻ ലഭിക്കുന്ന കാര്യത്തിലും ഇന്ന് കേരളത്തിലെ വിദ്യാർത്ഥികളും രക്ഷിതാക്കളും അനുഭവിച്ചുകൊണ്ടിരിക്കുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ മൂന്ന് അലോട്ട്മെന്റും കഴിഞ്ഞ് ഇനി സ്പോട്ട് അഡ്മിഷൻ ആണ് ബാക്കിയുള്ളത്. ഈ ശനി, ഞായർ ദിവസങ്ങളിൽ മണ്ഡലങ്ങളിൽ പോയ ഭൂരിപക്ഷം എം.എൽ.എ.മാരുടെയും പക്കൽ വന്നിട്ടുള്ള അപേക്ഷകളിൽ പ്രധാനമായത് ഹയർ സെക്കൻഡറി പരീക്ഷ കഴിഞ്ഞ് ഡിഗ്രി അഡ്മിഷന് സീറ്റ് കിട്ടാത്ത കുട്ടികളുടെയും അവരുടെ രക്ഷിതാക്കളുടെയും പ്രയാസങ്ങളായിരിക്കും എന്നകാര്യത്തിൽ സംശയമില്ല. 92, 93 ശതമാനം മാർക്ക് വാങ്ങി പ്ലസ് ടു പാസ്സായ

കുട്ടികൾക്കുപോലും അവർ ആഗ്രഹിക്കുന്ന കോളേജോ, കോഴ്സോ പഠിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. എന്നെ അത്ഭുതപ്പെടുത്തിയ കാര്യം, കഴിഞ്ഞ സർവ്വകലാശാല നിയമവുമായി ബന്ധപ്പെട്ട ചർച്ചയിൽ 'കേരളത്തിൽ അഡ്മിഷനുമായി ബന്ധപ്പെട്ട യാതൊരു പ്രശ്നവുമില്ല, എല്ലാ കുട്ടികൾക്കും അഡ്മിഷൻ ലഭിക്കാനുള്ള സാഹചര്യമുണ്ട്' എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണ്. അത് വിദ്യാഭ്യാസ വകുപ്പ് നൽകിയ കണക്കാണോ എന്ന് എനിക്കറിയില്ല. പക്ഷെ ചിത്രം മറിച്ചാണ്, അക്കാര്യം അന്വേഷിച്ചാൽ മനസ്സിലാകും, അങ്ങേയ്ക്കുതന്നെ ചിലപ്പോൾ ബോദ്ധ്യമുണ്ടാകും, നാട്ടിലെ കോളേജിൽ അഡ്മിഷൻ ലഭിക്കാത്ത കുട്ടികൾ അങ്ങയെ വന്ന് കണ്ടിട്ടുണ്ടാകും. വളരെ നല്ല മാർക്ക് വാങ്ങി പാസ്സായ കുട്ടികൾക്ക് ഇന്ന് സീറ്റ് ലഭിക്കുന്നില്ല. കേരളത്തിൽ പൊതുവിലും മലപ്പുറം ജില്ലയുടെ കാര്യത്തിൽ വളരെ ഗുരുതരമായ സ്ഥിതിയുമാണുള്ളത്. മലപ്പുറം ജില്ലയിൽ 9 സർക്കാർ കോളേജുകളും 19 എയ്ഡഡ് കോളേജുകളും 65 സ്വാശ്രയ കോളേജുകളുമുള്ളതിൽ സർക്കാർ, എയ്ഡഡ് കോളേജുകളിലായി യഥാക്രമം 3852, 1546 സീറ്റുകളാണുള്ളത്. ഈ സീറ്റിൽ മാത്രമേ കുട്ടികൾക്ക് ഫീസ് കൊടുക്കാതെ പഠിക്കാനുള്ള സാഹചര്യമുള്ളൂ. അവിടെയുള്ള എല്ലാ വിഷയത്തിനും എ പ്ലസ് വാങ്ങി പാസ്സായ 6977 കുട്ടികളിൽ 500-ഓളം പേർക്ക് അഡ്മിഷൻ ലഭിക്കാത്ത സാഹചര്യമാണുള്ളത്. 243 ഹയർ സെക്കൻഡറി സ്കൂളുകളിലായി 51543 കുട്ടികളാണ് പ്ലസ് ടു പാസ്സായിരിക്കുന്നത്. അതിൽ വി.എച്ച്.എസ്.സി. - 1731, ടി.എച്ച്.എസ്.സി. - 203, വി.എച്ച്.എസ്.സി.എൻ.എസ്.ക്യൂ.എഫ്. - 410, ഓപ്പൺ സ്കൂൾ 9645, സി.ബി.എസ്.ഇ.-799 എന്നിങ്ങനെ ആകെ 64,331 കുട്ടികളാണ് മലപ്പുറം ജില്ലയിൽനിന്നുമാത്രം പാസ്സായിരിക്കുന്നത്. എല്ലാ കോഴ്സുകളും കൂടി ഏതാണ്ട് 25000-ത്തോളം സീറ്റുകളാണ് ഇന്ന് സ്വാശ്രയ കോളേജുകളിലുൾപ്പെടെ നിലവിലുള്ളത്. അങ്ങനെ വന്നാൽ ഏതാണ്ട് 40000-ത്തോളം വിദ്യാർത്ഥികൾ പുറത്തുനിൽക്കേണ്ടിവരുന്ന ഗുരുതരമായ സാഹചര്യമാണുള്ളത്. ഇതുസംബന്ധിച്ച് ഇതിന്റെ യഥാർത്ഥ ചിത്രം മനസ്സിലാകുന്നതിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ഒരു കണക്കെടുത്ത് പ്രത്യേകമായി പരിശോധിക്കുന്നതോടൊപ്പം എം.എൽ.എ.മാരോടും ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കണം. ഇത്രയും കുട്ടികൾ പുറത്തുനിൽക്കുകയും അവർ ആഗ്രഹിക്കുന്ന രീതിയിൽ അഡ്മിഷൻ ലഭിക്കാത്തതുമായ സാഹചര്യം പരിഹരിക്കണം. മലപ്പുറം ജില്ലയിലുൾപ്പെടെ ആവശ്യമായ പുതിയ കോഴ്സുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ കൈവശമുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടും പ്രയാസങ്ങളുമൊക്കെയുണ്ടാകാം. പക്ഷെ സർക്കാർ - എയ്ഡഡ് - സ്വാശ്രയ

മേഖലകളിൽ പുതിയ നിയമനങ്ങൾ നടത്തിയിട്ടില്ലെങ്കിലും തൽക്കാലം പുതിയ കോഴ്സുകളെങ്കിലും അനുവദിച്ച് കുട്ടികൾ ആഗ്രഹിക്കുന്ന രീതിയിൽ പഠിക്കാനുള്ള അവസരമൊരുക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, മലപ്പുറം ജില്ലയിൽ നിലവിൽ 9 സർക്കാർ കോളേജുകളും 20 പ്രൈവറ്റ്, എയ്ഡഡ് കോളേജുകളുമുണ്ട്. സർക്കാർ കോളേജുകളിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള ബിരുദ പഠനത്തിന് 45 ബിരുദ കോഴ്സുകളിലായി 1810 പേർക്ക് പഠിക്കാനുള്ള അവസരമുണ്ട്. ജില്ലയിലെ എയ്ഡഡ് കോളേജുകളിൽ 5491 വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിനുള്ള അവസരമുണ്ട്. കൂടാതെ സ്വാശ്രയ മേഖലയിൽ വിവിധ വിഷയങ്ങളിൽ ഉപരിപഠനത്തിനായി 25000-ത്തോളം സീറ്റുകൾ മലപ്പുറം ജില്ലയിൽ നിലവിലുണ്ട്. മാത്രമല്ല സ്വാശ്രയ മേഖലയിൽ ഹയർ സെക്കണ്ടറിക്കുശേഷം സ്കീം 21 പ്രോസ്പെക്ടസ് പ്രകാരം എഞ്ചിനീയറിംഗ് ഉപരിപഠനത്തിനായി 2550 സീറ്റുകളും നിലവിലുണ്ട്. സംസ്ഥാന എൻട്രൻസ് കമ്മീഷണർ നടത്തുന്ന പ്രവേശനാ പരീക്ഷാ മാനദണ്ഡങ്ങൾ പ്രസ്തുത സീറ്റിലേയ്ക്കുള്ള പ്രവേശനത്തിന് ബാധകമാണ്. ആയുർവ്വേദമുൾപ്പെടെയുള്ള മെഡിക്കൽ അനുബന്ധ കോഴ്സുകൾ പഠിക്കുന്നതിന് ജില്ലയിൽ അവസരമുണ്ട്. കൂടാതെ പോളിടെക്നിക്, ഐ.ടി.ഐ., ടി.ടി.സി. മുതലായ കോഴ്സുകൾക്കും വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നേടുന്നതിനുള്ള സാഹചര്യമുണ്ട്.

(6) ചലചിത്ര-നാടക പ്രവർത്തകർക്ക് സഹായം

ശ്രീമതി ദെലീമ: സർ, കല എന്നാൽ ഈശ്വരനാണ്. അനേകം കലാകാരന്മാർ എന്റെ മുന്നിൽ കരഞ്ഞുകൊണ്ട് വരികയാണ്. അവരുടെ നിലവിളിയാണ് ഞാൻ ഈ മഹാസഭയിൽ അവതരിപ്പിക്കുന്നത്. ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ 'മൗനഗാനം' എന്ന കവിതയിൽ-

"സ്വർഗ്ഗചൈതന്യം വീശും ഭാവന, കാട്ടും ദിവ്യ-

സ്വപ്നമാ,ണതിന്മീതെയില്ല മറ്റൊന്നുന്തന്നെ!

ഒന്നിനും സാധിക്കാത്ത പലതും 'കല' ചെന്നു-

നിന്നൊരു മന്ദസ്മിതംകൊണ്ടു നിർവിഘ്നം നേടും!

എന്നാണ് കലയെക്കുറിച്ച് പറയുന്നത്. സംസ്ഥാനത്തെ സാംസ്കാരിക വകുപ്പ് ശക്തമായിത്തന്നെ കലാകാരന്മാരുടെ പിന്നിലുണ്ട്. പക്ഷെ, കോവിഡ് വ്യാപനത്തെത്തുടർന്ന് സമസ്ത മേഖലയിലുള്ളവരും വിവിധ തരത്തിലുള്ള

പ്രയാസങ്ങൾ നേരിടേണ്ടി വരുന്ന സാഹചര്യത്തിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത് കലാകാരന്മാരാണ്. എന്റെ നിയോജകമണ്ഡലത്തിലുള്ള കലാകാരന്മാരും വളരെയധികം വിഷമം അനുഭവിക്കുന്നുണ്ട്. സിനിമാ മേഖലയിൽ മുൻപന്തിയിലുള്ളവർക്ക് വരുമാന നഷ്ടമുണ്ടാകുന്നുണ്ടെങ്കിലും സാമ്പത്തിക പ്രയാസങ്ങൾ നേരിടേണ്ടി വരുന്നില്ല. എന്നാൽ ചലച്ചിത്ര പ്രവർത്തകർ, പിന്നണി പ്രവർത്തകർ, സാങ്കേതിക പ്രവർത്തകർ, അനുബന്ധ തൊഴിലാളികൾ, സ്റ്റേജ് ആർട്ടിസ്റ്റുകൾ, അണിയറ പ്രവർത്തകർ, അനുബന്ധ പ്രവർത്തകർ, പക്കമേളക്കാർ, ഗായകർ, പ്രത്യേകിച്ച് അന്നന്ന് സ്റ്റേജ് ഷോ നടത്തി ഉപജീവനമാർഗ്ഗം തേടിക്കൊണ്ടിരുന്ന കലാകാരന്മാർ, ഭിന്നശേഷിയുള്ള കലാകാരന്മാർ, നാടൻ പാട്ടുകളും നാടൻ കലാരൂപങ്ങളും അവതരിപ്പിക്കുന്ന കലാകാരന്മാർ ഇങ്ങനെയുള്ളവരുടെ തൊഴിലിടങ്ങൾ രണ്ട് വർഷമായി നിശ്ചലമായി തീരാദുരിതത്തിൽ പിടയുകയാണ്. ഓണക്കാലമാണ് കലാകാരന്മാർക്ക് സാമ്പത്തിക ലാഭമുണ്ടാകുന്ന ഏക സമയം. എന്നാൽ ഇപ്പോൾ മൂന്നാമത്തെ സീസണും അവർക്ക് നഷ്ടമായി. കൂടാതെ നൃത്തം, സംഗീതം, ക്ഷേത്രകലകൾ തുടങ്ങിയ വിഭാഗങ്ങളിൽ തൊഴിലെടുക്കുന്നവരുടെ പരിശീലന സ്ഥാപനങ്ങളും ഇന്ന് സ്തംഭനാവസ്ഥയിലാണ്. വിജയദശമി, മഹാനവമി ദിവസങ്ങളിൽ പുസ്തകങ്ങളെല്ലാം പൂജയ്ക്ക് വച്ചിട്ട് ഗുരുവിന്റെ പാദത്തിൽ അർപ്പിക്കുന്ന വേളയിൽ ഗുരുവിന് ദക്ഷിണ കൊടുക്കുന്ന സമ്പ്രദായമുണ്ട്. ഇപ്പോൾ പാവപ്പെട്ട ഗുരുക്കന്മാർക്ക് ദക്ഷിണപോലും കിട്ടാത്ത സാഹചര്യമാണുള്ളത്. 60 വയസ് കഴിഞ്ഞ കലാകാരന്മാർക്ക് ക്ഷേമ പെൻഷനുള്ള അവസരം ഇപ്പോഴില്ല. ക്ഷേമ പെൻഷനുണ്ടെന്ന് അവർ തിരിച്ചറിഞ്ഞത് സ്വന്തം സുഹൃത്തുക്കൾക്കിത് ലഭിച്ചപ്പോഴാണ്. അനവധി സംഭാവനകൾ സമൂഹത്തിന് നൽകിയ കലാകാരന്മാർ ഇപ്പോൾ വരുമാനമില്ലാതെ വളരെയധികം വിഷമത്തിലും തീരാദുരിതത്തിലുമാണ്. നല്ലൊരു തലമുറയെ വാർത്തെടുക്കാനും മൂല്യബോധമുണ്ടാക്കാനും കലയ്ക്ക് സാധിക്കും. അതുകൊണ്ട് കലാകാരന്മാരുടെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകി അവരെ മാനിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീമതി ദെലീമ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. കോവിഡ് മഹാമാരി കാലത്ത് കേരളത്തിലെ കലാകാരന്മാരെ ചേർത്തുപിടിച്ച ഒരു ഗവൺമെന്റാണ് ശ്രീ. പിണറായി വിജയൻ ഗവൺമെന്റ്. ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും ഏതാണ്ട് പത്ത് വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്ന സ്ഥിരതാമസക്കാരായ 32,000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും 1000 രൂപ വീതം ആകെ 640 ലക്ഷം രൂപ

അടിയന്തര സഹായം കൊടുത്തുകഴിഞ്ഞു. ഇതിനുപുറമെ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000 രൂപ വീതം ആകെ 290.50 ലക്ഷം രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. ഇങ്ങനെ ധനസഹായം ലഭിച്ചവരുടെ കൂട്ടത്തിൽ ചലച്ചിത്ര അക്കാദമി വഴി അപേക്ഷിച്ച ചലച്ചിത്ര-ടെലിവിഷൻ മേഖലയിലെ വിവിധ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന കലാകാരന്മാരുമുൾപ്പെട്ടിട്ടുണ്ട്. നേരത്തെ പറഞ്ഞ ധനസഹായ പദ്ധതികൾക്കുപുറമെ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി മുഖേനയും കലാകാരന്മാർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് 1000 രൂപ വീതം കഴിഞ്ഞ വർഷം വിതരണം ചെയ്യുകയും ഈ വർഷവും 1000 രൂപ വീതം വിതരണം ചെയ്യുന്നത് തുടരുകയും ചെയ്യുന്നു. കോവിഡ് കാലത്തും അനുബന്ധ ലോക്ഡൗണുകളിലും ദുരിതമനുഭവിക്കുന്ന കലാകാരന്മാർക്ക് ഈ വർഷം ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി ലളിതകലാ അക്കാദമി മുഖാന്തരം 'നിറകേരളം' പദ്ധതിയിലുൾപ്പെടുത്തി 405 ചിത്രകാരന്മാർക്കും മറ്റ് കലാകാരന്മാർക്കുമായി 20,000 രൂപ വീതം ധനസഹായവും പെയിന്റിംഗ് ഉപകരണങ്ങളും വിതരണം ചെയ്തു. കേരള സംഗീത നാടക അക്കാദമിയുടെ 'സ്വർഗ്ഗഭൂമിക' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കുന്നതിന് അവസരം നൽകി. 100 കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5000 രൂപം വീതം നൽകുന്ന പദ്ധതി ആവിഷ്കരിച്ചു. 25 കലാസമിതികൾക്ക് 2,00,000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് പശ്ചാത്തലത്തിൽ 10-ൽ കൂടാത്ത അംഗങ്ങളുള്ള സംഘങ്ങൾക്ക് ഓൺലൈനായി പരിപാടി അവതരിപ്പിക്കുന്നതിന് 25,000 രൂപ വീതം നൽകുന്ന പദ്ധതി ഫോക്‌ലോർ അക്കാദമി നടപ്പാക്കി. ഇപ്രകാരം 69 സംഘങ്ങൾക്ക് 25,000 രൂപ വീതം വിതരണം ചെയ്തു. കൂടാതെ ഈ കാലയളവിൽ ചികിത്സാ സഹായമായി 10 കലാകാരന്മാർക്ക് 1,35,000 രൂപ വിതരണം ചെയ്തു. കോവിഡ് ലോക്ഡൗൺമൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ 65 ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരിക വകുപ്പിനുവേണ്ടി 'മഴമിഴി' എന്ന പേരിൽ നടപ്പാക്കിവരുന്നു. ഏതാണ്ട്

50 ലക്ഷം ആളുകളാണ് ഇതിനോടകം അത് കണ്ടിട്ടുള്ളത്. നിലവിൽ ഒരു കോടി രൂപ ഇതിനുവേണ്ടി ഭരണാനുമതി കൊടുക്കുകയും കലാകാരന്മാർക്ക് അനുവദിക്കുകയും ചെയ്തു. അത്തരത്തിൽ ഏതാണ്ട് 2500 രൂപ വീതം ഒരു കലാകാരന് കൊടുക്കുന്നു. അവർ താമസിക്കുന്ന സ്ഥലത്തുപോയി വീഡിയോ റിക്കോർഡ് ചെയ്ത് ഓൺലൈൻ വഴി കാണിക്കുകയാണ്. സാംസ്കാരിക വകുപ്പ് ഇപ്പോൾ വീണ്ടും 30 ലക്ഷം രൂപ അനുവദിച്ചു. 'മഴമിഴി' എന്ന പരിപാടി തുടർച്ചയായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ ഏതാണ്ട് 4000 കലാകാരന്മാർക്ക് 2500 രൂപ വീതം സാമ്പത്തിക സഹായം നൽകിക്കൊണ്ടിരിക്കുകയാണ്. നിലവിൽ വലിയൊരു പ്രതിസന്ധിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ഷൂട്ടിംഗ് ആരംഭിക്കുകയും സ്റ്റേജ് ഷോയ്ക്കുവേണ്ടി അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി കലാകാരന്മാരുടെ പ്രയാസങ്ങൾ മാറിയിട്ടുണ്ട്. ഗുരുദക്ഷിണ വാങ്ങുന്നതിൽ യാതൊരു തടസ്സവുമില്ല. ഗുരുക്കന്മാർക്ക് പോയി ദക്ഷിണ വാങ്ങിക്കുന്നതിന് എല്ലാ സാഹചര്യവും കേരളത്തിലുണ്ട്. അതിന് അനുവാദം കൊടുത്തിരിക്കുകയാണ്. ക്ഷേമ പെൻഷൻ സംബന്ധിച്ച് പറഞ്ഞത് ശരിയല്ല. സംസ്ഥാന ഗവൺമെന്റ് 60 വയസ്സുകഴിഞ്ഞവർക്കെല്ലാം ഈ നിമിഷം വരെയും ക്ഷേമ പെൻഷൻ കൊടുക്കുന്നുണ്ട്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും കലാകാരന്മാരെ ഇത്രയും ചേർത്തുപിടിച്ച ഒരു ഗവൺമെന്റില്ലെന്ന് അഭിമാനത്തോടെ പറയുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: സ്കൂളുകൾ തുറക്കുന്നതോടൊപ്പംതന്നെ കലാപഠന കേന്ദ്രങ്ങൾ കൂടി തുറക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, കോവിഡുമായി ബന്ധപ്പെട്ട് ഈ വിഷയം സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുണ്ട്. ഇത് സർക്കാരിന്റെ ആലോചനയിലാണെന്നാണ് ലഭ്യമായ വിവരം. കാലതാമസം കൂടാതെ കലാപഠന കേന്ദ്രങ്ങൾ തുറക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### (7) കൊല്ലം ജവഹർ ബാലഭവന്റെ പ്രവർത്തനം

ശ്രീ. എം. നൗഷാദ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൊല്ലം ജവഹർ ബാലഭവനിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക ലഭിക്കാത്തതിന്റെയും ശമ്പളം കൃത്യമായി ലഭിക്കാത്തതിന്റെയും സ്ഥിതിവിശേഷം സർക്കാരിന്റെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 1973-ൽ സ്ഥാപിതമായ കൊല്ലം ജവഹർ ബാലഭവൻ ഇന്ന് മികച്ച രീതിയിലാണ് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. കുട്ടികൾക്ക് സംഗീതം, നൃത്തം,

ചിത്രരചന, കരകൗശലം തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ മികച്ച പരിശീലനമാണ് അവർ നൽകിക്കൊണ്ടിരിക്കുന്നത്. അവിടെ തൊഴിലെടുക്കുന്ന 24 ജീവനക്കാർക്ക് ശമ്പളം നൽകുന്നത് സംസ്ഥാന ഗവൺമെന്റും ജവഹർ ബാലഭവന്റെ തനത് വരുമാനത്തിൽനിന്നും 80:20 അനുപാതത്തിലാണ്. 20 ശതമാനം അവരുടെ തനത് വരുമാനത്തിൽനിന്നാണ് നൽകേണ്ടത്. 2018 ജൂലൈയിൽ നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിൽ 2019 ഡിസംബർ വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക ഇതുവരെ ജീവനക്കാർക്ക് ലഭ്യമായിട്ടില്ല. കഴിഞ്ഞ 6 മാസമായി അവർക്ക് ശമ്പളം കൊടുക്കാൻ കഴിയുന്നില്ല. സർക്കാരിൽനിന്നുള്ള ഗ്രാന്റ് കൃത്യമായി ലഭിക്കുന്നില്ല. ഒരു വർഷം 20 ലക്ഷത്തോളം രൂപ തനത് വരുമാനമുണ്ടായിരുന്ന സ്ഥാപനമാണത്. അവർക്ക് വ്യത്യസ്ത മേഖലകളിൽ കുട്ടികളെ പഠിപ്പിക്കുന്ന ഇനത്തിൽ ഫീസ് ലഭിക്കുമായിരുന്നു. കോവിഡ് കാലഘട്ടത്തിൽ കുട്ടികൾ പഠിക്കാൻ വരാത്തതിന്റെയും അവരുടെ ഓഡിറ്റോറിയം വാടകയ്ക്ക് കൊടുക്കാൻ സാധിക്കാത്തതിന്റെയും ഫലമായി തനത് വരുമാനം നിലച്ചിരിക്കുകയാണ്. ഇപ്പോൾ 6 മാസത്തെ ശമ്പളം കുടിശ്ശികയുണ്ട്. മനസ്സമാധാനത്തോടുകൂടി കൃത്യമായ അവധി പറഞ്ഞ് കടം വാങ്ങാൻപോലും അവിടത്തെ ജീവനക്കാർക്ക് കഴിയാത്ത സ്ഥിതിയാണുള്ളത്. പലപ്പോഴും ഒന്നും രണ്ടും മാസം സ്ഥിരമായി ശമ്പളം ലഭിക്കുന്നില്ല. കോവിഡ് കാലഘട്ടത്തിൽ വല്ലാതെ പ്രയാസമനുഭവിക്കുന്ന ജീവനക്കാർക്ക് ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യം ലഭിക്കുന്നില്ല. കോവിഡുമായി ബന്ധപ്പെട്ട് ബി.പി.എൽ. കാർഡെന്ന തരത്തിൽ സർക്കാർ നൽകിയ ആനുകൂല്യങ്ങളൊന്നും അവർക്ക് ലഭിക്കുന്നില്ല. ശമ്പളവും ശമ്പള പരിഷ്കരണ കുടിശ്ശികയും ലഭിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിന് അടിയന്തരമായി ഇടപെടലുകൾ നടത്തണം. അവർക്ക് ഹെഡ് ഓഫ് അക്കൗണ്ടില്ലാത്തത് സംബന്ധിച്ച് വ്യക്തത വരുത്തുകയും ജീവനക്കാർക്ക് കൃത്യമായ ശമ്പളവും ശമ്പളപരിഷ്കരണ കുടിശ്ശികയും സ്ഥിരമായി ലഭിക്കുന്നതിനുള്ള ക്രമീകരണവും ഒരുക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലായി സംസ്ഥാന സർക്കാരിന് കീഴിൽ അഞ്ച് ജവഹർ ബാലഭവനുകൾ പ്രവർത്തിക്കുന്നുണ്ട്. കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന ജവഹർ ബാലഭവന് 2018-19 സാമ്പത്തിക വർഷം ശമ്പള-ശമ്പളേതര ചെലവുകൾക്കായി നോൺപ്ലാൻ ഇനത്തിൽ 30,17,175 രൂപയും 2019-20-ൽ 33,01,000 രൂപയും 2020-21-ൽ 61,26,600 രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്. 2021-22 നടപ്പ് സാമ്പത്തികവർഷം

ശമ്പള-ശമ്പളേതര ചെലവുകൾക്കായി ബാലഭവന് 35,26,000 രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ നാളിതുവരെ 21,68,750 രൂപ ടി സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ആവശ്യമായ അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിക്കുന്ന മുറയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബാക്കിത്തുക ടി സ്ഥാപനത്തിന് അനുവദിച്ച് നൽകുന്നതാണ്. മേൽസൂചിപ്പിച്ച അഞ്ച് ബാലഭവനുകളിലെ സർക്കാർ അംഗീകൃത തസ്തികകളിലെ ജീവനക്കാർക്ക് 9, 10 ശമ്പള പരിഷ്കരണത്തിന് അനുമതി നൽകി 20-7-2018-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 29-1-2020-ലെ കൊല്ലം ജില്ലാ ബാലഭവൻ മാനേജിംഗ് കമ്മിറ്റി യോഗ തീരുമാനപ്രകാരം 2020 ജനുവരി മാസം മുതലുള്ള ശമ്പളം സർക്കാരിൽ നിന്ന് വിവിധ ഘട്ടങ്ങളിൽ ഗ്രാന്റ് ലഭിച്ചതനുസരിച്ച് പുതുക്കിയ ശമ്പള നിരക്കിൽ 2021 മേയ് മാസം വരെ നൽകിയിട്ടുണ്ട്. ശമ്പള ഇനത്തിൽ 2021 ജൂൺ മുതൽ 2021 സെപ്റ്റംബർ വരെയുള്ള നാല് മാസത്തെ ശമ്പളം മാത്രമാണ് കുടിശ്ശിക വരുന്നതെന്ന് കൊല്ലം ബാലഭവൻ അധികൃതർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിന് ആനുപാതികമായി പ്രസ്തുത ബാലഭവനുള്ള പദ്ധതിയേതര വിഹിതം വർദ്ധിപ്പിക്കാത്തതാണ് കുടിശ്ശിക വരാനുണ്ടായ കാരണം. ആയത് സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്. നടപ്പ് സാമ്പത്തികവർഷം കൊല്ലം ജില്ലാ ബാലഭവന് ശമ്പള ചെലവ് ഇനത്തിൽ 52,43,000 രൂപയും ശമ്പള കുടിശ്ശികയായി 1,17,00,000 രൂപയും ചേർത്ത് 1,69,43,000 രൂപയാണ് വേണ്ടിവരുന്നത്. ഇതിനുപുറമേ എട്ടാം ശമ്പള പരിഷ്കരണം നടപ്പാക്കിയതുവഴി 2010-11 മുതൽ 80 ശതമാനം സർക്കാർ വിഹിതത്തിൽ 68,32,581 രൂപയും ടി സ്ഥാപനത്തിന് ലഭിക്കാനുണ്ട്. ജവഹർ ബാലഭവനിലുള്ള ജീവനക്കാർക്ക് ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനായി 23-3-2021-ലെ 2739/2029/21 ധനനമ്പർ ഉത്തരവ് പ്രകാരം 2020-21 സാമ്പത്തിക വർഷം 75 ലക്ഷം രൂപ അധിക ധനാനുമതിയിലൂടെ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മേൽപ്പറഞ്ഞ 5 ബാലഭവനുകളിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശികയും ശമ്പളവും യഥാസമയം വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് ജീവനക്കാർ ഹൈക്കോടതിയിൽ റിട്ട് ഹർജി 28167/2019 നമ്പറായി ഫയൽ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 16-03-2021-ലെ ബഹുമാനപ്പെട്ട കോടതിയുടെ അന്തിമവിധി പ്രകാരം ശമ്പള കുടിശ്ശിക അനുവദിക്കുന്ന വിഷയം ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന ബാലഭവനുകളുടെ ഭരണഘടന, പ്രവർത്തനശൈലി എന്നിവ ഏകീകരിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും അത് പരിഗണിക്കുന്നതിനുള്ള തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയുമാണ്. അഞ്ച് ജില്ലകളിൽ ഒതുങ്ങിനിൽക്കാതെ ബാലഭവനുകളുടെ പ്രവർത്തനം

കേരളമെമ്പാടും വ്യാപിപ്പിച്ചുകൊണ്ട് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള തയ്യാറെടുപ്പ് വളരെ ഊർജ്ജിതമായി നടപ്പിലാക്കുന്നതാണ്. അതോടൊപ്പം ബഹുമാനപ്പെട്ട ശ്രീ. എം. നൗഷാദ് എം.എൽ.എ.യുടെ സബ്മിഷന്റെ ഭാഗമായി കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന ജവഹർ ബാലഭവന് ലഭ്യമാകേണ്ട പണം കൃത്യമായി അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു.

(8) പരപ്പുഴ പാലം പുനർനിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: സർ, തൃശ്ശൂരിൽനിന്ന് അമല നഗർ-പാവറട്ടി വഴി ചാവക്കാടേയ്ക്ക് പോകുന്ന പ്രധാനപ്പെട്ട റോഡിൽ പരപ്പുഴ പാലം ജീർണ്ണാവസ്ഥയിലായതിനാൽ അത് പൊളിച്ചുപണിയുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടിയെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ പാലം പൊളിച്ചുമാറ്റി പുനർനിർമ്മാണം ആരംഭിച്ചെങ്കിലും മാസങ്ങളായി പണി മന്ദഗതിയിലാണ് നീങ്ങുന്നത്. പാലം പൊളിച്ച് മാറ്റപ്പെടുമ്പോൾ ബസ് അടക്കമുള്ള വാഹനങ്ങൾക്ക് ഗതാഗത തടസ്സമുണ്ടാകാതിരിക്കാൻ സർവ്വീസ് റോഡ് പണിതിരുന്നു. പക്ഷെ മഴ ശക്തമായതിനെത്തുടർന്ന് സർവ്വീസ് റോഡ് പൊളിച്ചുമാറ്റിയിരിക്കുകയാണ്. ഇതേത്തുടർന്ന് വാഹനങ്ങൾക്ക് കിലോമീറ്ററുകളോളം അധിക ദൂരം സഞ്ചരിക്കേണ്ടിവരുന്നു. അതുമൂലം പഞ്ചായത്ത് റോഡുകളാകമാനം തകർന്നിരിക്കുകയാണ്. ഇവിടെ കാൽനട യാത്രക്കാർക്കായി ഒരു താൽക്കാലിക നടപ്പാലം നിർമ്മിച്ചിട്ടുണ്ട്. പക്ഷെ രൂക്ഷമായ യാത്രാക്ലേശം പരിഹരിക്കാൻ ഇതൊന്നും പരിഹാരമല്ലെന്നതാണ് പ്രധാന പ്രശ്നം. പരപ്പുഴ പാലം നിർമ്മാണം 2021 സെപ്റ്റംബർ മാസം പൂർത്തീകരിക്കേണ്ട പദ്ധതിയായിരുന്നു. കാലാവധി കഴിഞ്ഞിട്ടും എങ്ങും എത്താത്ത അവസ്ഥയിലാണ് പാലത്തിന്റെ നിർമ്മാണം പോയിക്കൊണ്ടിരിക്കുന്നത്. ബി.എം.&ബി.സി. നിലവാരത്തിൽ പണിത ഏറ്റവും മനോഹരമായ റോഡുകളാണ് പാലത്തിന് ഇരുവശങ്ങളിലുമുള്ളത്. പക്ഷെ പാലം പൊളിച്ചതോടുകൂടി വാഹനങ്ങളുടെ ഓട്ടം നിലച്ചിരിക്കുകയാണ്. ഇതുവഴി നിരവധി ബസ് സർവ്വീസുകളുണ്ടായിരുന്നു. എന്നാലിപ്പോൾ ബസ്സുകൾ പലയിടത്തും സർവ്വീസ് അവസാനിപ്പിക്കുകയാണ്. താലൂക്കാഫീസ്, ആശുപത്രി തുടങ്ങി നിരവധി സ്ഥലങ്ങളിലേയ്ക്കുള്ള യാത്രാ പ്രശ്നം വളരെ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. സ്കൂളുകളും കോളേജുകളും തുറക്കുന്നതോടുകൂടി വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നവും രൂക്ഷമാകാനുള്ള സാധ്യതയുണ്ട്. പ്രസ്തുത പാലം അടിയന്തരമായി പൂർത്തീകരിക്കണമെന്നും പൊളിച്ചുകളഞ്ഞ താൽക്കാലിക സർവ്വീസ് റോഡ് അടിയന്തരമായി പുനർനിർമ്മിക്കണമെന്നുമാണ് ആവശ്യപ്പെടുന്നത്. കുഴികൾമൂലം

പഴി കേൾക്കുന്നത് പി.ഡബ്ല്യൂ.ഡി.യാണെന്ന് കഴിഞ്ഞ ദിവസം ഇവിടെ പരാമർശമുണ്ടായി. ജനങ്ങളുടെ നാവുകൊണ്ടുള്ള തൊഴിയിൽ നിന്ന് രക്ഷിച്ചുകൊണ്ട് പ്രസ്തുത പ്രശ്നം അടിയന്തരമായി പരിഹരിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മണലൂർ നിയോജകമണ്ഡലത്തിലെ അമലനഗർ-പാവറട്ടി റോഡിൽ പരപ്പുഴ പാലം നിർമ്മാണം വേഗത്തിലാക്കണമെന്നാണ് ശ്രീ. മുരളി പെരുനെല്ലി പ്രധാന ആവശ്യമായി സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. 2019 സെപ്റ്റംബർ 25-നാണ് ഈ പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത്. നടപടിക്രമങ്ങൾ പൂർത്തിയാക്കി 2020 സെപ്റ്റംബർ 18-ന് കരാറുകാരന് സൈറ്റ് കൈമാറുകയും ചെയ്തു. പുഴയിൽ ശക്തമായ നീരൊഴുക്കുണ്ടായതിനാലാണ് പ്രവൃത്തി ആരംഭിക്കാതെ പോയത്. പിന്നീട് 2021 മാർച്ച് 12-ന് നിലവിലുള്ള പാലം പൊളിച്ചുനീക്കി പുതിയ പാലത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ ആദ്യഘട്ടത്തിൽ പ്രവൃത്തിയുടെ വേഗത തടസ്സപ്പെട്ടിരുന്നു. ഇതേത്തുടർന്ന് ബഹുമാനപ്പെട്ട എം.എൽ.എ.യുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേരുകയും പ്രവൃത്തി വിലയിരുത്തുകയും ചെയ്തു. ജൂലൈ ആദ്യവാരം പുനരാരംഭിച്ച പ്രവൃത്തി ഇപ്പോൾ വേഗത്തിലാണെന്നാണ് ബ്രിഡ്ജസ് വിഭാഗം റിപ്പോർട്ട് ചെയ്യുന്നത്. ജനങ്ങൾക്ക് പുഴ മുറിച്ചുകടക്കുന്നതിനുള്ള നടപ്പാലം എം.എൽ.എ.യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിർമ്മിച്ച് നൽകിയിട്ടുണ്ട്. ചെറുവാഹനങ്ങൾക്ക് പോകാൻ വേണ്ടി അവിടെ ബണ്ട് കെട്ടി താൽക്കാലിക റോഡ് നിർമ്മിച്ചിരുന്നു. എന്നാൽ ടൗട്ടേ ചുഴലിക്കാറ്റിന്റെ സമയത്ത് അത് പൊളിച്ചുകളയേണ്ടി വന്നിരുന്നു. സർവ്വീസ് റോഡ് പുനഃസ്ഥാപിക്കുന്ന കാര്യം അനുഭാവത്തോടുകൂടിയാണ് കാണുന്നത്. ഇപ്പോൾ വെള്ളം ഉയർന്നുനിൽക്കുന്നതിനാൽ ഇക്കാര്യത്തിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. വെള്ളം കുറയുമ്പോൾ വേഗത്തിൽ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കരാർ പ്രകാരം സെപ്റ്റംബർ 17-ന് പാലം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ കാലാവധി 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകണമെന്നാണ് കരാറുകാരൻ ആവശ്യപ്പെട്ടിട്ടുള്ളത്. നിലവിലെ സാഹചര്യത്തിൽ 17-12-2021 വരെ കാലാവധി ദീർഘിപ്പിച്ച് നൽകാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കൃത്യമായ വർക്ക് ഷെഡ്യൂൾ തയ്യാറാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകും. പ്രവൃത്തിയുടെ പുരോഗതി ബഹുമാനപ്പെട്ട അംഗത്തെ കൃത്യമായി അറിയിക്കാനും നടപടി സ്വീകരിക്കും.

## (9) ചവറ പാലം നിർമ്മാണം

ഡോ. സുജിത് വിജയൻപിള്ള: സർ, ദേശീയ പാത 66-ന്റെ വികസനത്തിന്റെ ഭാഗമായി നാലുവരി പാതയാക്കുമ്പോൾ ചവറയിലെ ടി.എസ്. കനാലിന് കുറുകെയുള്ള ചവറ പാലം നിലനിർത്തിക്കൊണ്ടുള്ള പ്രോജക്ട് അംഗീകരിച്ചിട്ടുള്ളതായാണ് അറിയുന്നത്. പഴയ പാലമെന്നതിലുപരി നിലവിലുള്ള പാലത്തിന് 5 മീറ്റർ ഉയരവും 6.10 മീറ്റർ വീതിയുമാണുള്ളത്. എൻ.എച്ച്.എ.ഐ. (നാഷണൽ ഹൈവേസ് അതോറിറ്റി ഓഫ് ഇന്ത്യ) റോഡ് സുരക്ഷയുടെ ഭാഗമായി നിഷ്കർഷിക്കുന്നത് കുറഞ്ഞത് 5.5 മീറ്റർ ഉയരവും 7 മീറ്റർ വീതിയുമാണ്. നിലവിലുള്ള പാലത്തിൽ വലിയ ചരക്ക് വാഹനങ്ങൾ, കണ്ടെയ്നർ ലോറികൾ, ഐ.എസ്.ആർ.ഒ. അടക്കമുള്ള സ്ഥാപനങ്ങളിലേയ്ക്കുള്ള നിർമ്മാണ സാമഗ്രികൾ കൊണ്ടുപോകുന്ന വാഹനങ്ങൾ, പാലത്തിന്റെ ആർച്ചിൽ തട്ടി ഗതാഗത സ്തംഭനമുണ്ടാകുന്നത് പതിവ് കാഴ്ചയാണ്. രണ്ട് വാഹനങ്ങൾക്ക് കഷ്ടിച്ച് പോകാനുള്ള വീതിയാണ് ഇപ്പോഴുള്ളത്. ചവറ പാലം നിലനിർത്തുന്നതിന് പ്രസ്തുത തീരുമാനം ഒഴിവാക്കി പുതിയ പാലം നിർമ്മിക്കാനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ചവറ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട ഡോ. സുജിത് വിജയൻപിള്ള സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. ചവറ പാലം നിർമ്മാണം ദേശീയപാത വികസന അതോറിറ്റി ഓഫ് ഇന്ത്യ (NHAI) നടപ്പാക്കുന്നു. ദേശീയ പാത 66-ൽ ചേർത്തല-കഴക്കൂട്ടം വികസനത്തിന്റെ ഭാഗമായി വരുന്ന മേഖലയാണ്. ദേശീയപാത വികസന അതോറിറ്റി ഓഫ് ഇന്ത്യയോട് ചവറയിൽ പഴയ പാലം നിലനിർത്തുന്നതുമായി ബന്ധപ്പെട്ട കാര്യത്തിൽ അഭിപ്രായം ചോദിച്ചപ്പോൾ ഡി.പി.ആർ. കൺസൾട്ടന്റിന്റെ അഭിപ്രായംകൂടി രേഖപ്പെടുത്തിയശേഷം റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതനുസരിച്ച് നിലവിലുള്ള ചവറ പാലത്തിന് ഏഴ് മീറ്റർ വീതിയുണ്ട്. R C Bowstring type Arch Bridge ആയതിനാൽ വീതി കൂട്ടാൻ സാധിക്കില്ല. വില്ലിന്റെ ആകൃതിയിലുള്ളതാണ് (Bowstring type Arch Bridge). ദേശീയപാത വീതി കൂട്ടുമ്പോൾ മൂന്ന് വരിയോടുകൂടിയ പുതിയ പാലം നിർമ്മിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. ഈ പാലത്തിലൂടെ ഒരു ദിശയിലേയ്ക്കുള്ള വാഹനങ്ങൾ കടത്തിവിടാനാണ് ഉദ്ദേശിക്കുന്നത്. നിലവിലുള്ള ഏഴ് മീറ്റർ വീതിയുള്ള പാലം മറുഭാഗത്തേയ്ക്കുള്ള ഗതാഗതത്തിന് ഉപയോഗിക്കാൻ കഴിയുമെന്നും ദേശീയപാത വികസന അതോറിറ്റി ഓഫ് ഇന്ത്യ റിപ്പോർട്ടിൽ പറയുന്നുണ്ട്. പുതിയ പാലം വന്നാൽ പഴയ പാലത്തിലെ ഗതാഗത കുരുക്ക്

ഒഴിവാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. 4.9 മീറ്റർ വെർട്ടിക്കിൾ ക്ലിയറൻസുള്ളതാണ് നിലവിലുള്ള പാലം. ബീം ഉരസാതിരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തും. പാലത്തിന്റെ സുരക്ഷയ്ക്കായി പുനരുദ്ധാരണ പ്രവൃത്തി നടത്താമെന്നും നിർമ്മാണ സമയത്ത് ഐ.ആർ.സി. മാനദണ്ഡമനുസരിച്ച് നടപടി സ്വീകരിക്കാമെന്നും എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുണ്ട്.

(10) വയനാട് മെഡിക്കൽ കോളേജ്

ശ്രീ. ഒ. ആർ. കേളു: സർ, വയനാട് മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചിട്ട് പത്തുമാസം പിന്നിടുകയാണ്. ഇപ്പോൾ വയനാട് മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നത് വയനാട് ജില്ലാ ആശുപത്രിയിലാണ്. ഏകദേശം എട്ട് ഏക്കറോളമുള്ള സ്ഥലത്താണ് ജില്ലാ ആശുപത്രി സ്ഥിതി ചെയ്യുന്നത്. നിലവിൽ അത് കോവിഡ് ആശുപത്രിയായി പ്രവർത്തിച്ചുവരികയാണ്. ആ പരിമിതിയിൽ നിന്നുകൊണ്ടാണ് മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നത്. പ്രിൻസിപ്പാളും കുറച്ച് ജീവനക്കാരും ചാർജ്ജെടുത്ത് അതിന്റെ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ നേരിടുന്ന പ്രധാനപ്പെട്ട വിഷയം മെഡിക്കൽ കോളേജായി പ്രഖ്യാപിച്ചതോടുകൂടി അവിടെ എച്ച്.എം.സി. (Hospital Management Committee) നിർജ്ജീവമായി/ പ്രവർത്തിക്കുന്നില്ല എന്നതാണ്. അതിന് ചില രാഷ്ട്രീയ കാര്യങ്ങൾ കൂടിയുണ്ട്. എച്ച്.എം.സി. പ്രവർത്തിക്കാത്തതുകൊണ്ട് ഹോസ്പിറ്റലിലെ പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കാൻവേണ്ടി വലിയ രീതിയിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുകയാണ്. മറുവശത്ത് എച്ച്.ഡി.സി. രൂപീകരിക്കാനും സാധിച്ചിട്ടില്ല. വലിയ പ്രയാസത്തിലൂടെയാണ് ഇപ്പോൾ മെഡിക്കൽ കോളേജിലെ പ്രവർത്തനവും ജില്ലാ ഹോസ്പിറ്റലിലെ പ്രവർത്തനവും ഒരുമിച്ച് മുന്നോട്ടുപോകുന്നത്. മെഡിക്കൽ കോളേജ് നിർമ്മിക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ അധീനതയിലുള്ള 65 ഏക്കർ സ്ഥലം ജില്ലാ കളക്ടർ ഗവൺമെന്റിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം പ്രതിസന്ധികളിലൂടെയാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇത് അടിയന്തരമായി പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ഇടപെടലുണ്ടാകുന്നതോടൊപ്പം കഴിയുമെങ്കിൽ ഹോസ്പിറ്റൽ നേരിട്ട് സന്ദർശിക്കണമെന്നുകൂടി ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 12-02-2021-ലെ സർക്കാർ ഉത്തരവുപ്രകാരം മാനന്തവാടി ജില്ലാ ആശുപത്രിയെ താൽക്കാലികമായി വയനാട് മെഡിക്കൽ കോളേജ് ആശുപത്രിയാക്കി മാറ്റുകയും പുതുതായി നിർമ്മിച്ച മൂന്നുനില കെട്ടിടം അദ്ധ്യയന ആവശ്യങ്ങൾക്ക് വിട്ടുനൽകുകയും ചെയ്തിട്ടുണ്ട്. ഇവിടെ 115 അദ്ധ്യാപക തസ്തികകളും 25

അനദ്ധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വയനാട് മെഡിക്കൽ കോളേജിനായി 300 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇതുകൂടാതെ വയനാട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഹീമോഗ്ലോബിനോപതി റിസർച്ച് സെന്ററും പ്രഖ്യാപിച്ചിരുന്നു. വയനാട് മെഡിക്കൽ കോളേജിനായി പുതുതായി സൃഷ്ടിച്ച തസ്തികകളിലേയ്ക്ക് നിയമനം ആരംഭിക്കുകയും ഇതിന്റെ ഭാഗമായി ഇപ്പോൾ പ്രിൻസിപ്പാളിനെ നിയമിക്കുകയും മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അനുവദിച്ച അദ്ധ്യാപക തസ്തികകളിലെ 55 തസ്തികകളിൽ 3 പ്രൊഫസർ തസ്തികകളിലേയ്ക്കും 5 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേയ്ക്കും നിയമനം നടത്തിയിട്ടുണ്ട്. ഡി.പി.സി. ചേരുന്ന മുറയ്ക്ക് പ്രൊമോഷൻ തസ്തികകളുൾപ്പെടെ ബാക്കിയുള്ള തസ്തികകളിലേയ്ക്കും പി.എസ്.സി. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് എൻട്രി കേഡർ തസ്തികകളിലേയ്ക്കും നിയമനം നടത്തുന്നതിനുള്ള നടപടി കൈക്കൊണ്ടുവരികയാണ്. പുതുതായി സൃഷ്ടിച്ച 27 സീനിയർ അസിസ്റ്റന്റ് തസ്തികകളിൽ 21 പേരെ നിയമിക്കുകയും ബാക്കിയുള്ള തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ജൂനിയർ റസിഡന്റ്, ട്യൂട്ടർ, ഡെമോൺസ്ട്രേറ്റർ എന്നീ തസ്തികകളിൽ പ്രിൻസിപ്പാൾ തലത്തിൽ കൂടിക്കാഴ്ച നടത്തി നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുതായി സൃഷ്ടിച്ച അനദ്ധ്യാപക തസ്തികകളിൽ 13 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ള നടപടികളും കൈക്കൊണ്ടുവരികയാണ്. 2022-23 അദ്ധ്യയന വർഷത്തിലേയ്ക്ക് 100 എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനായി Essentiality Certificate അനുവദിക്കുകയും അഫിലിയേഷനുവേണ്ടി കേരള ആരോഗ്യ സർവ്വകലാശാലയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ഒരു വിഷയം പരിഹരിച്ചിട്ടുണ്ട്. മാനന്തവാടി ജില്ലാ ആശുപത്രി മെഡിക്കൽ കോളേജായി പ്രവർത്തനം ആരംഭിച്ചതിനാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനം മുടക്കം കൂടാതെ നടത്തുന്നതിനായി ആശുപത്രി വികസന സമിതി (എച്ച്.ഡി.സി.) രൂപീകരിക്കുന്നതിനുള്ള ഉത്തരവ് നൽകി അതിന്റെ നടപടിക്രമങ്ങളും സ്വീകരിച്ചിട്ടുണ്ട്. വയനാട് സർക്കാർ മെഡിക്കൽ കോളേജിനായി കേന്ദ്രസർക്കാർ പദ്ധതിയായ Centrally Sponsored Scheme-ൽ 'Establishment of New Medical Colleges attached with existing District Hospitals or Referral Hospitals' എന്ന വിഭാഗത്തിലുൾപ്പെടുത്തി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻവേണ്ടി WAPCOS ലിമിറ്റഡിനെ കൺസൾട്ടന്റായി നിയമിക്കുകയും തുടർന്ന് അവർ സമർപ്പിച്ച 636 കോടി രൂപയുടെ പ്രോജക്റ്റ് പ്രൊപ്പോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും

ചെയ്തിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിൽ അദ്ധ്യയനം ആരംഭിക്കുന്നതിനാവശ്യമായ രൂപമാറ്റം വരുത്തുന്നതിനും ലാബ് ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനും വിവിധ വകുപ്പുകൾ രൂപീകരിക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ആന്വൽ പ്ലാനിൽ 13 കോടി രൂപ റവന്യൂ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ആരോഗ്യ സർവ്വകലാശാല ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ച് 2023-24 അദ്ധ്യയന വർഷത്തേയ്ക്ക് അദ്ധ്യയനം ആരംഭിക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി അഫിലിയേഷനും N.M.C. (National Medical Commission) അംഗീകാരവും ലഭ്യമാക്കി 100 എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി അദ്ധ്യയനം ആരംഭിക്കുന്നതിനും മറ്റ് മെഡിക്കൽ കോളേജുകളെപോലെത്തന്നെ മികച്ച ചികിത്സ ലഭ്യമാക്കുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മെഡിക്കൽ കോളേജ് സന്ദർശനത്തിനുള്ള ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. സഭാ സമ്മേളനം കഴിഞ്ഞ് ബഹുമാനപ്പെട്ട അംഗത്തിന്റെയും കൂടി സമയം അനുസരിച്ച് നിശ്ചയിക്കാവുന്നതാണ്.

## VI. മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i) ചട്ടം 75(2) പ്രകാരമുള്ള പത്രിക

2021-ലെ 113-ാം നമ്പർ ഓർഡിനൻസിന്മേൽ (ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ഓർഡിനൻസ്, 2021) ചട്ടം 75(2) പ്രകാരമുള്ള പത്രിക.

ii) ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 597/2021 | ജി.ഒ.(പി) നമ്പർ 59/2021/ഹോം | 10-8-2021 | അല്ല |

II. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 610/2021 | ജി.ഒ.(പി) നമ്പർ 107/2021/ആർ. ഡി. | 5-8-2021 | അല്ല |

III. പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത-മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |

IV. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

V. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി

(ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 694/2021 | ജി.ഒ.(പി) നമ്പർ 694/2021/എൽ. ബി.ആർ. | 13-9-2021 | അല്ല |

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## VII. റിപ്പോർട്ട് സമർപ്പണം

1. 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി)ബിൽ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

2. 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ റിപ്പോർട്ട്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനായ ഞാൻ 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ

കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

12.00 Noon]

## VIII. ക്രമപ്രശ്നം

(1) സമയ ക്ലിപ്തത പാലിക്കുന്നത് സംബന്ധിച്ച്

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം നിയമസഭയുടെ പരമപ്രധാന കർത്തവ്യമായ നിയമനിർമ്മാണത്തിനായി ചേരുന്നതിൽ അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഓരോ ഘട്ടത്തിലും അതത് നിയമസഭാ ചട്ടങ്ങൾ നിശ്ചയിച്ച തരത്തിലുള്ള ചർച്ചയിലൂടെയാണ് കരട് ബില്ലുകൾ മെച്ചപ്പെടുത്തി ഉത്തമ നിയമങ്ങളാക്കുന്നതിൽ സഭ ശ്രദ്ധിക്കുന്നത്. ഇപ്രകാരമുള്ള ലക്ഷ്യം കൈവരിക്കുന്നതിന് ബന്ധപ്പെട്ട നിയമസഭാ ചട്ടം പാലിക്കുന്നത് ഉചിതമാണെന്ന് കരുതുന്നു. കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 77 (1)-ൽ ബില്ലിന്റെ അവതരണവേളയിൽ ചട്ടം 76 പ്രകാരമുള്ള ചർച്ചയെപ്പറ്റി സൂചിപ്പിക്കുന്നത് ഇപ്രകാരമാണ്. 'പ്രസ്തുത ദിവസം ബില്ലിന്റെ തത്വവും അതിലെ വ്യവസ്ഥകളും പൊതുവായി ചർച്ച ചെയ്യപ്പെടാവുന്നതും എന്നാൽ ബില്ലിന്റെ തത്വങ്ങളെ വിശദീകരിക്കുന്നതിനാവശ്യമായതിൽ കൂടുതലായി അതിന്റെ വിശദാംശങ്ങളെപ്പറ്റി ചർച്ചചെയ്യാൻ പാടില്ലാത്തതുമാകുന്നു'. ആയതിനാൽ പ്രസ്തുത ചട്ടത്തിനനുസൃതമായി സഭയിൽ ബില്ലുമായി ബന്ധമില്ലാതെ വരുന്ന പരാമർശങ്ങൾ ഒഴിവാക്കപ്പെടേണ്ടതാണ്. കൂടാതെ സ്കോപ്പ് ഓഫ് ഡിസ്കഷനെ സംബന്ധിച്ച് 1960-ൽ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗുമുണ്ട്. ബില്ലുകളുടെ കാര്യക്ഷമമായ പരിശോധനയുക്തകുംവിധം നിയമസഭാ ചട്ടത്തിലെ 294(1) അനുശാസിക്കും പ്രകാരം സഭയുടെ അഭിമതത്തോടെ ബില്ലിന്റെ ചർച്ച അവസാനിപ്പിക്കുന്നതിന് സമയപരിധി നിശ്ചയിക്കാവുന്നതാണെന്നതും പരിഗണിക്കാവുന്നതാണ്. ഇതിൽ 1978-ലെ ഗുരുവായൂർ ദേവസ്വം ബിൽ സഭ പരിഗണിക്കവേ 'no member shall take more than ten minutes in the discussion' എന്ന് റൂൾ ചെയ്ത നടപടിയും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. നിയമസഭയുടെ വരും ദിവസങ്ങളിൽ ഒട്ടനവധി നിയമങ്ങൾ ഖണ്ഡം തിരിച്ച് ചർച്ചയ്ക്ക് വരുന്നതാണ്. നിയമനിർമ്മാണത്തിന്റെ അന്തഃസത്ത കാത്തുസൂക്ഷിക്കണമെങ്കിൽ അതത് ബില്ലുകളുടെ ചർച്ചകളിൽ ബില്ലുകളുടെ വിഷയത്തിൽനിന്നുതന്നെ

ചർച്ചയുണ്ടാകണം. വിഷയത്തിൽനിന്ന് വ്യതിചലിച്ച് ചർച്ച മുന്നേറുന്നത് നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് കോട്ടം തട്ടുന്നതാണ്. ആയതിനാൽ ബില്ലുകളുടെ കാര്യക്ഷമമായ ചർച്ചയ്ക്കിടയാകുന്ന തരത്തിൽ സമയക്രമം പാലിക്കപ്പെടുന്നതിലും വിഷയത്തിൽത്തന്നെ ചർച്ച തുടരുന്നതും സംബന്ധിച്ച് അങ്ങ് റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വിഷയം ചട്ടം 303 അനുസരിച്ച് ക്രമപ്രശ്നമായി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗിനുമുമ്പ് ഒരു കാര്യം ഓർമ്മിപ്പിക്കുകയാണ്. ഇത് ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുന്ന ആളുകളുടെ അവകാശം വെട്ടിച്ചുരുക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നടപടിയാണ്. നിയമസഭയുടെ ചരിത്രത്തിൽ ഇന്നുവരെ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുന്നതിൽ കാര്യമായ നിയന്ത്രണങ്ങളുണ്ടായിരുന്നില്ല; മറ്റ് പലതിനും നിയന്ത്രണങ്ങളുണ്ട്. ഈ സഭയിൽ ചർച്ചാവേളയിൽ ഒരംഗം പതിനഞ്ച് മിനിട്ടിനപ്പുറത്തേയ്ക്ക് പോകരുതെന്ന് അങ്ങ് പറഞ്ഞു. ഏറെക്കുറെ അതൊരു പൊതുധാരണയായി നിൽക്കുകയാണ്. ആ സന്ദർഭത്തിലാണ് ഡോ. എൻ. ജയരാജ് ഇതിനെ പത്ത് മിനിട്ടായി ചുരുക്കണമെന്ന് പറയുന്നത്. അംഗങ്ങളുടെ അവകാശത്തെ നിയന്ത്രിക്കാൻ കഴിയുമോ? അങ്ങനെയുണ്ടെങ്കിൽ അങ്ങ് ഇക്കാര്യം ബി.എ.സി.യിൽ ടേക്ക് അപ്പ് ചെയ്യുകയും മറ്റ് രാഷ്ട്രീയ പാർട്ടികളുടെ അഭിപ്രായം അറിയുകയും പൊതുവായി ഒരു ധാരണയുണ്ടാക്കുകയും ചെയ്യണം. ആ ധാരണയുണ്ടാക്കാതെ അങ്ങ് ദയവായി ഇതിനെക്കുറിച്ച് അടിയന്തരമായി ഒരു റൂളിംഗ് നൽകരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

## റൂളിംഗ്

മി. സ്പീക്കർ: നിയമസഭാ നടപടികളിലെ ഏറ്റവും സുപ്രധാന ഇനമായ നിയമനിർമ്മാണ പ്രക്രിയയുമായി ബന്ധപ്പെട്ട ചർച്ചകൾ കൂടുതൽ ഗൗരവതരമായിത്തീരേണ്ടതിന്റെയും പ്രസംഗങ്ങളിൽ സമയക്രമം പാലിക്കേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ചാണ് ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിച്ചത്.

അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ബില്ലിന്റെ ചർച്ചാവേളയിൽ സമയക്രമം പാലിക്കണമെന്നും ചർച്ച ബില്ലിന്റെ പരിധിക്കുള്ളിൽ നിർത്തണമെന്നുമുള്ള വ്യവസ്ഥകൾ സഭാചട്ടങ്ങളുടെ ഭാഗമായി ചേർക്കപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് മുൻകാലങ്ങളിലെ സഭാദ്ധ്യക്ഷന്മാർ വ്യക്തമായ റൂളിംഗുകൾ നൽകിയിട്ടുമുണ്ട്. ഈ അടുത്ത കാലങ്ങളിൽ സഭയിൽ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ

പൊതുവെ വേണ്ടത്ര നിയന്ത്രണം പാലിച്ചിരുന്നില്ല എന്നത് ഒരു വസ്തുത തന്നെയാണ്. ഭരണ-പ്രതിപക്ഷ ധാരണയുടെ അടിസ്ഥാനത്തിലായിരുന്നു അപ്രകാരമൊരു കീഴ്വഴക്കം പാലിച്ചിരുന്നത് എന്നാണ് കാണുന്നത്.

കാര്യോപദേശക സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബില്ലുകൾ തീരുമാനിക്കപ്പെടുമ്പോൾ ഒരു ദിവസം ആകെ സഭ സമ്മേളിക്കുവാൻ ചട്ടപ്രകാരം നിഷ്കർഷിക്കപ്പെട്ടിട്ടുള്ള 5 മണിക്കൂറിൽ ആദ്യ ഒരു മണിക്കൂർ ചോദ്യോത്തരവേളയും അടുത്ത ഒരു മണിക്കൂർ ശൂന്യവേളയും കഴിച്ച് ബാക്കി വരുന്ന മൂന്ന് മണിക്കൂർ ഏതൊക്കെ ബില്ലുകളാണ് പരിഗണിക്കപ്പെടേണ്ടതെന്നാണ് പരിഗണിച്ചിരുന്നത്. അപ്രകാരമുള്ള കാര്യോപദേശക സമിതി റിപ്പോർട്ട് സഭ അംഗീകരിച്ചുകഴിഞ്ഞാൽ നിയമനിർമ്മാണത്തിനായി അനുവദിക്കപ്പെടുന്ന മൂന്നുമണിക്കൂർ സമയം സമിതി ശിപാർശ ചെയ്യുന്ന ബില്ലുകൾക്കായി വിനിയോഗിക്കപ്പെടണമെന്നത് സഭയുടെതന്നെ തീരുമാനമായി മാറുകയാണ്. ആയതിനാൽ ഓരോ ദിവസത്തെയും കാര്യപരിപാടിയുടെ ഭാഗമായുള്ള നിയമനിർമ്മാണം സമയബന്ധിതമായി നിർവ്വഹിക്കപ്പെടുന്നതിലേയ്ക്കായി യുക്തമായ സമയ നിയന്ത്രണം ഏർപ്പെടുത്തേണ്ടത് ചെയറിന്റെ ചുമതലയായി മാറുകയും ചെയ്യുന്നു. സഭാനടപടി ചട്ടങ്ങളിലെ 77(1), 294(1), 314 എന്നീ ചട്ടങ്ങൾ വ്യക്തമായിത്തന്നെ അതിനുള്ള അധികാരം ചെയറിന് നൽകുന്നുമുണ്ട്.

കൂടുതൽ ബില്ലുകൾ പരിഗണിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ പ്രത്യേക നിയന്ത്രണമൊന്നും കൂടാതെ ചർച്ചകൾ നീണ്ടുപോകുന്നതുമൂലം പൊതുവെ എല്ലാപേർക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതുതന്നെ എന്നാണ് ഭൂരിപക്ഷം അംഗങ്ങളുടെയും അഭിപ്രായം. ചെയറും അക്കാര്യത്തോട് യോജിക്കുകയാണ്. ആകയാൽ സഭയുടെ collective wisdom കൂടി പരിഗണിച്ചുകൊണ്ട്, നിയമനിർമ്മാണ വേളയിൽ ഓരോ ബില്ലിന്റെയും പരിഗണനയ്ക്കായി നീക്കിവയ്ക്കാവുന്ന സമയം സംബന്ധിച്ച് അതത് ദിവസത്തെ കാര്യപരിപാടിയുടെ വെളിച്ചത്തിൽ സമയക്രമം നിശ്ചയിക്കുന്നത് ഉചിതമായിരിക്കുമെന്ന് കാണുകയാണ്. ഈ സാഹചര്യത്തിൽ ഇന്നുമുതൽ സഭ മുമ്പാകെ വരുന്ന നിയമനിർമ്മാണ കാര്യങ്ങളുടെ ഓരോ ദിവസത്തെയും സാഹചര്യം പരിഗണിച്ച് ഓരോ ബില്ലുകളുടെയും പരിഗണനയ്ക്കായി പ്രത്യേകം പ്രത്യേകമായി സമയ ക്രമീകരണം ഏർപ്പെടുത്തുന്നതായിരിക്കുമെന്ന കാര്യം അംഗങ്ങളെ അറിയിക്കുന്നു. സഭാ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടാനുള്ള ബഹുമാനപ്പെട്ട അംഗങ്ങളുടെ ന്യായമായ അവകാശങ്ങളെയും കീഴ്വഴക്കപ്രകാരം ലഭ്യമായിരിക്കുന്ന അവസരങ്ങളെയും പരമാവധി സംരക്ഷിക്കുന്ന തരത്തിൽ ഇക്കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയുമെന്ന് ചെയർ പ്രതീക്ഷിക്കുകയാണ്. ഭരണ-പ്രതിപക്ഷ കക്ഷികളിൽപ്പെട്ട എല്ലാ അംഗങ്ങളുടെയും ബഹുമാനപ്പെട്ട മന്ത്രിമാരുടെയും സഹകരണം ഇക്കാര്യത്തിലുണ്ടാകുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു.

## ക്രമപ്രശ്നം തുടർച്ച

(2) നിയമസഭാ ചട്ട ലംഘനം

ശ്രീ. രമേശ് ചെന്നിത്തല: സർ, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യ സർവ്വകലാശാല ബിൽ സഭയുടെ രണ്ടാം സമ്മേളനത്തിൽ അവതരിപ്പിച്ചശേഷം 2021 ആഗസ്റ്റ് മാസം 11-ാം തീയതി സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചതാണ്. 29-9-2021-ൽ ചേർന്ന സബ്ജക്ട് കമ്മിറ്റി യോഗത്തിൽ ഈ ബിൽ അംഗീകരിക്കുകയുണ്ടായി. നിലവിൽ അത് സഭയുടെ മുമ്പാകെ പരിഗണനയ്ക്കുള്ള ബില്ലാണ്. പ്രസ്തുത ബില്ലിലെ വ്യവസ്ഥകളിൽ ഉൾക്കൊള്ളുന്ന കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ഓർഡിനൻസ് 2021-ലെ 113-ാം നമ്പർ ഓർഡിനൻസ് 2021 ഓഗസ്റ്റ് മാസം 23-ാം തീയതി വീണ്ടും പുറപ്പെടുവിക്കുകയുണ്ടായി. ഗസറ്റ് തീയതി 26-8-2011 ആണ്. സഭാ നടപടി ചട്ടങ്ങളിലെ ചട്ടം 75(2) പ്രകാരം, നിയമസഭയുടെ മുമ്പാകെ നിലവിലുള്ള ഒരു ബില്ലിന്റെ വ്യവസ്ഥകൾ മുഴുവനായോ ഭാഗികമായോ അഥവാ ഭേദഗതിയോടുകൂടിയോ ഉൾക്കൊള്ളുന്ന ഒരു ഓർഡിനൻസ് പ്രസിദ്ധപ്പെടുത്തുന്ന സന്ദർഭങ്ങളിലെല്ലാംതന്നെ ഓർഡിനൻസ് പുറപ്പെടുവിച്ച് തൊട്ടടുത്തുവരുന്ന സമ്മേളനത്തിന്റെ ആരംഭത്തിൽ ഓർഡിനൻസ്‌വഴി അടിയന്തര നിയമനിർമ്മാണം നടത്തേണ്ട ആവശ്യകതയെ സംബന്ധിച്ച് വിശദീകരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കണമെന്ന് പ്രത്യേകം ചട്ടം അനുശാസിക്കുകയാണ്. എന്നാൽ, ഈ ഓർഡിനൻസ് 4-10-2021-ൽ സഭയുടെ മേശപ്പുറത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വച്ചിരുന്നെങ്കിലും അതോടൊപ്പം വയ്ക്കേണ്ട പ്രസ്താവന അന്നേദിവസം സഭയുടെ മുമ്പാകെ സമർപ്പിച്ചില്ല. അത് സഭാ നടപടി ചട്ടങ്ങളിലെ ചട്ടം 75(2)-ന്റെ ലംഘനമാണ്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

### റൂളിംഗ്

മി. സ്പീക്കർ: നിയമസഭയുടെ മുമ്പാകെ നിലവിലുള്ള ഒരു ബില്ലിലെ വ്യവസ്ഥകൾ മുഴുവനായോ, ഭാഗികമായോ ഭേദഗതിയോടുകൂടിയോ ഉൾക്കൊള്ളുന്ന ഓർഡിനൻസ് പ്രസിദ്ധപ്പെടുത്തുമ്പോഴെല്ലാം ഓർഡിനൻസ് പുറപ്പെടുവിച്ചതിന് തൊട്ടടുത്തുവരുന്ന സമ്മേളനത്തിന്റെ ആരംഭത്തിൽ ഓർഡിനൻസ്‌വഴി അടിയന്തര നിയമനിർമ്മാണം നടത്തേണ്ടത് ആവശ്യമാക്കിത്തീർത്ത സാഹചര്യങ്ങൾ വിശദീകരിക്കുന്ന ഒരു പ്രസ്താവന ബന്ധപ്പെട്ട വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് സഭാ നടപടി ചട്ടങ്ങളിലെ ചട്ടം 75(2)-ൽ വ്യവസ്ഥ

ചെയ്തിരിക്കെ സഭയുടെ പരിഗണനയിലിരിക്കുന്ന 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യ സർവ്വകലാശാല ബിൽ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 2021-ലെ 113-ാം നമ്പർ ഓർഡിനൻസ്, 2021 ഒക്ടോബർ 4-ാം തീയതി സഭയുടെ മേശപ്പുറത്തുവച്ച വേളയിൽ അതോടൊപ്പം ചട്ടം 75 (2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് സഭയുടെ മേശപ്പുറത്തുവച്ചിട്ടില്ലെന്നും അത് ക്രമപ്രകാരം അല്ലെന്നുമാണ് ബഹുമാനപ്പെട്ട അംഗം രമേശ് ചെന്നിത്തല ചട്ടം 303 പ്രകാരം ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

പ്രസ്തുത ക്രമപ്രശ്നത്തിന് ആധാരമായ വിഷയം വിശദമായി ചെയർ പരിശോധിക്കുകയുണ്ടായി. ഓർഡിനൻസിനോടൊപ്പം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടിയിരുന്ന ചട്ടം 75(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് യഥാസമയം നിയമ വകുപ്പിൽനിന്നും നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിരുന്നെങ്കിലും ഇത്തരം രേഖകൾ കൈകാര്യം ചെയ്തുവരുന്ന മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ സംബന്ധിച്ച സമിതി സെക്ഷനിൽ പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ യഥാസമയം ലഭ്യമാക്കുന്നതിൽ സംഭവിച്ച പിഴവാണ് ഇത്തരത്തിലൊരു വീഴ്ചയിലേയ്ക്ക് നയിക്കപ്പെട്ടതെന്നാണ് കാണുന്നത്. സഭാനടപടികളുമായി ബന്ധപ്പെട്ട് ഏറെ അവധാനതയോടെ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളിൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചെയർ താക്കീത് ചെയ്യുന്നു.

2021-ലെ 113-ാം നമ്പർ ഓർഡിനൻസുമായി ബന്ധപ്പെട്ട് ചട്ടം 75 (2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് പ്രത്യേക ലിസ്റ്റ് മുഖേന ഇന്ന് സഭയുടെ മേശപ്പുറത്തുവച്ചുകഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ സംഭവിച്ച വീഴ്ച ഒരു ക്രമപ്രശ്നത്തിലൂടെ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന ശ്രീ. രമേശ് ചെന്നിത്തലയോട് നന്ദി രേഖപ്പെടുത്തിക്കൊണ്ട് അദ്ദേഹത്തിന്റെ ക്രമപ്രശ്നം തീർപ്പാക്കിയിരിക്കുന്നു.

## IX. നിയമനിർമ്മാണകാര്യം

(1) <u>2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): സർ, 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

# ക്രമപ്രശ്നം (തുടർച്ച)

## (3) ബില്ലിലെ അപാകത

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ നിയമപരമായി നിലനിൽക്കാത്തതിനാൽ അപാകതകൾ പരിഹരിക്കുന്നതുവരെ ബില്ലിന്റെ അവതരണം മാറ്റിവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. അതിന് പ്രധാനമായും നാല് കാരണങ്ങളാണ് ഉന്നയിക്കുന്നത്.

(i) കേരള സംസ്ഥാനത്ത് സ്വാശ്രയ കോളേജുകൾക്കായി പ്രത്യേക നിയമനിർമ്മാണം നടത്തിയിട്ടില്ലാത്തതാണ്. അതിനാൽ നിയമത്തിന്റെ പിൻബലമില്ലാതെ കോഴ്സുകളുടെ നടത്തിപ്പിനുള്ള അംഗീകാരം മാത്രം ലഭിച്ച് പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനത്തിന് വ്യവസ്ഥകളും ചട്ടങ്ങളും ഏർപ്പെടുത്തുന്നത് സർക്കാരിൽ നിക്ഷിപ്തമല്ലാത്ത അധികാരത്തിന്റെ പ്രയോഗമാണ്. ഇത് ഭരണഘടനയുടെ ആർട്ടിക്കിൾ 14-ന് വിരുദ്ധമാണ്.

(ii) 2004, 2010 എന്നീ വർഷങ്ങളിൽ സ്വാശ്രയ സ്ഥാപനങ്ങളിലെ ഫീസ് നിരക്കിനും മറ്റുമായി നിർമ്മിക്കപ്പെട്ട നിയമങ്ങളിലും ഇപ്പോഴത്തെ ബില്ലിലും സ്വാശ്രയ സ്ഥാപനങ്ങളെ നിർവ്വചിക്കുന്നതിൽ സമാനതകളില്ലാത്തതാകുന്നു. അതിനാൽ അവയ്ക്ക് നിലനിൽപ്പില്ല.

(iii) ബില്ലിലെ വ്യവസ്ഥകൾ പ്രാബല്യത്തിലാകുവാൻ കേരള യൂണിവേഴ്സിറ്റി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയാണ് വേണ്ടത്.

(iv) സ്വാശ്രയ സ്ഥാപനങ്ങളുടെ നിയന്ത്രണം സർക്കാരിനല്ല. മറിച്ച്, അവയുടെ നിയന്ത്രണാധികാരം അതത് യൂണിവേഴ്സിറ്റികൾക്കാണ് നൽകപ്പെട്ടിട്ടുള്ളതെന്നതിനാൽ യൂണിവേഴ്സിറ്റി ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തി നിയമനിർമ്മാണം പൂർത്തിയാകുന്നതുവരെ പ്രത്യേക നിയമം കൊണ്ടുവരുന്നത് ക്രമപ്രകാരമല്ല.

യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ വ്യാപ്തിയും അധികാരപരിധിയും നിയമസഭ നിയമംമൂലം നിർമ്മിച്ച് ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. അതിനാൽ സ്വാശ്രയ സ്ഥാപനങ്ങളുടെ റെഗുലേറ്ററി അപ്പലേറ്റ് അധികാരം യൂണിവേഴ്സിറ്റികൾക്ക് വിനിയോഗിക്കണമെങ്കിൽ നിയമസഭ നിയമം പാസ്സാക്കി നൽകുകയാണ് വേണ്ടത്. സഭ പാസ്സാക്കിയ നിയമത്തിൽ റെഗുലേഷൻവഴി ഭേദഗതി വരുത്തുന്നത് യൂണിവേഴ്സിറ്റികളുടെ സ്വയംഭരണ തത്വങ്ങളെ തകിടം മറിക്കുക മാത്രമല്ല, നിയമസഭയുടെ അധികാരം കവർന്നെടുക്കുന്നതിന്

തുല്യവുമാണ്. അതിനാൽ യൂണിവേഴ്സിറ്റി ആക്ടിൽ ഭേദഗതി വരുത്താതെ ഈ ബിൽവഴി നിയമം നിർമ്മിക്കാനുള്ള നീക്കം ഫലപ്രദമല്ലാത്തതും ക്രമവിരുദ്ധവുമാണ്. അതിനാൽ ബില്ലിന് അവതരണാനുമതി നൽകരുതെന്നും ഈ വിഷയത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്നും അപേക്ഷിക്കുന്നു.

(2) ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബില്ലിന് അവതരണാനുമതി നൽകരുതെന്നാണ് എന്റെ തടസ്സവാദം. അതിന് നാല് കാരണങ്ങളാണ് ഞാൻ ഉന്നയിക്കുന്നത്.

(i) ഈ ബില്ലിന് അടിസ്ഥാനമായ ഓർഡിനൻസ് കേരള ഹൈക്കോടതിയിൽ WP(C) No. 8287/2021 പ്രകാരം ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ ഓർഡിനൻസിലെ സെക്ഷൻ 4, 5 എന്നിവ ഭരണഘടനാ വിരുദ്ധമായതുകൊണ്ട് ഈ ഓർഡിനൻസ് സ്റ്റേ ചെയ്യണമെന്നായിരുന്നു സ്വാശ്രയ കോളേജ് അസോസിയേഷന്റെ വാദം. അതുപ്രകാരം ബഹുമാനപ്പെട്ട കോടതി അത് സ്റ്റേ ചെയ്തിട്ടുള്ളതാണ്. കോടതി ഉത്തരവിന്റെ കുറച്ചുഭാഗം ഞാൻ വായിക്കാം. "...It is ordered that any proceedings initiated u/s. 4 and 5 of the impugned ordinance shall be subject to the final decision in the Writ Petition." ഈ റിട്ട് പെറ്റീഷന്റെ തീർപ്പ് എന്താണോ അതിനനുസൃതമായിട്ടാണ് സെക്ഷൻ 4-ന്റെയും 5-ന്റെയും വിധിയെന്നാണ് അതിനർത്ഥം. അങ്ങനെ വരാനിരിക്കുന്ന കോടതി വിധിക്കനുസരിച്ചാണ് സെക്ഷൻ 4-ഉം 5-ഉം നിലനിൽക്കുന്നത്. ഒരു കോടതി വ്യവഹാരം നിലവിലുണ്ടാകുമ്പോൾ ബിൽ അവതരിപ്പിക്കാൻ പാടില്ലെന്നുള്ളത് അടിസ്ഥാനപരമായ തത്വമാണ്.

(ii) ഈ ബില്ലിന് അടിസ്ഥാനമായ ഓർഡിനൻസിൽ ഭരണഘടനയുടെ ലംഘനവും ചില നീതിനിഷേധങ്ങളുമുണ്ടെന്ന് പ്രഥമദൃഷ്ട്യാ കോടതിക്ക് തോന്നിയ സാഹചര്യത്തിലാണ് ഈ ഓർഡിനൻസിന് സ്റ്റേയുണ്ടായത്. 'There is some case or there is a prima facie case' എന്ന് തോന്നലുള്ളതുകൊണ്ടാണ് കോടതി അങ്ങനെ ചെയ്തത്. അങ്ങനെയൊരു സാഹചര്യത്തിൽ നിയമനിർമ്മാണം നടത്താൻ പാടില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്.

(iii) കോടതി ഉത്തരവുകൾ മറികടക്കാൻ നിയമനിർമ്മാണം നടത്തുന്നത് ശരിയായ രീതിയല്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പലതവണ സംസ്ഥാനങ്ങളിലെ നിയമസഭകളെ മാത്രമല്ല, പാർലമെന്റിനെപ്പോലും ഓർമ്മപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രത്യേകമായി കാണേണ്ടതാണ്.

(iv) ഇത്തരം സ്ഥാപനങ്ങളിൽ മതന്യൂനപക്ഷങ്ങൾ സ്ഥാപിച്ച് പരിപാലിച്ചുപോരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 30 പ്രകാരം ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന നൽകുന്ന സ്വാതന്ത്ര്യമാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ച് നടത്തിക്കൊണ്ടുപോകുക എന്നുള്ളത്. അതിന്മേൽ വളരെ കർക്കശമായ നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ആർട്ടിക്കിൾ 30-ന്റെ ഭരണഘടനാ വ്യാഖ്യാനങ്ങളിൽ പല സന്ദർഭങ്ങളിലും കോടതി പറഞ്ഞിട്ടുണ്ട്. ആർട്ടിക്കിൾ 30-ൽ എന്താണ് പറയുന്നത്?

"30. Right of minorities to establish and administer educational institutions.

All minorities, whether based on religion or language, shall have the right to establish and administer educational institutions of their choice." ഇതിൽ വളരെ കൃത്യമായി പറയുന്നുണ്ട്. അതിന്മേൽ ഈ നിയമത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നുണ്ടെന്നുള്ള ആക്ഷേപമുള്ളതുകൊണ്ട് അതുകൂടി വിശദമായി പരിഗണിക്കേണ്ടതുണ്ടെന്നാണ് എന്റെ ഒബ്ജക്ഷൻ.

(3) ഡോ. മാത്യു കുഴൽനാടൻ: സർ, ഈ നിയമം ഇതേ രൂപത്തിൽ വന്നാൽ സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങളുമായി കോൺഫ്ലിക്റ്റ് ഉണ്ടാകുന്നതാണ്. കേരള, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകളിൽ സ്വാശ്രയ കോളേജുകൾ അനുവദിച്ചുകൊണ്ടുള്ള ഒരു പ്രൊവിഷൻ അമെന്റ് ചെയ്ത് നിയമസഭ കൊണ്ടുവന്നിരുന്നു. ഞാൻ ആ പ്രൊവിഷൻ വായിക്കാം.

"69. *Special provisions in respect of un-aided colleges.*- Notwithstanding anything contained in this Act, or the Statutes, Ordinances, Regulations, rules, bye-laws or orders.-

(a) the scales of pay and other conditions of service of the teaching and non-teaching staff of un-aided colleges; and

(b) the admission and selection of and the fees payable by students in such colleges, shall be determined from time to time, by the Government on the basis of the recommendations of a Committee constituted by the Government consisting of -

(i) one of the Vice-Chancellors of the Universities in the State, nominated by the Government;

(ii) the Secretary to Government, Higher Education Department (who shall be the convenor of the Committee); and

(iii) the Director of Collegiate Education."

സ്വാശ്രയ കോളേജുകളിലെ ശമ്പളവും other conditions of service-ഉം സർക്കാർ തീരുമാനിക്കേണ്ടത് ഈ ഒരു ബോഡിയുടെ റെക്കമെന്റേഷൻ പ്രകാരമാണെന്ന് കേരള യൂണിവേഴ്സിറ്റിയുടെയും എം.ജി. യൂണിവേഴ്സിറ്റിയുടെയും കണ്ണൂർ യൂണിവേഴ്സിറ്റിയുടെയും ആക്ടിൽ കൃത്യമായി പറഞ്ഞ് നിയമമായി നിലനിൽക്കുന്നുണ്ട്. ഈ proposed ബില്ലിലെ നാലാം വകുപ്പിൽ പറഞ്ഞിരിക്കുന്നത്,

"വിദ്യാഭ്യാസ ഏജൻസിയുമായുള്ള കരാറും മറ്റ് സേവനവ്യവസ്ഥകളും -

(1) സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഏതൊരാളും അങ്ങനെയുള്ള തസ്തിക, ശമ്പള സ്കെയിൽ, ഇൻക്രിമെന്റ്, ഗ്രേഡ്, പ്രൊമോഷൻ, നിയമന കാലയളവ്, ശമ്പളം, ബത്ത, അധികസമയ ജോലി എന്നിവ സംബന്ധിച്ച് വിദ്യാഭ്യാസ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

എന്നാൽ, ഒരു സ്വാശ്രയ കോളേജിലെ അദ്ധ്യാപകനോ അനദ്ധ്യാപക ജീവനക്കാരനോ ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയെ സംബന്ധിച്ച് അങ്ങനെയുള്ള വ്യവസ്ഥകളിൽ പരാമർശിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ ആനുകൂല്യം നൽകുന്നതിനുവേണ്ടി വിദ്യാഭ്യാസ ഏജൻസിക്ക് വ്യവസ്ഥയുണ്ടാക്കുന്നതിനുള്ള അധികാരം തടയുന്നതല്ല.

(2) സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ തൊഴിൽ ദിനങ്ങൾ, ജോലിസമയം എന്നിവ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജ് അല്ലെങ്കിൽ എയ്ഡഡ് കോളേജ് എന്നിവിടങ്ങളിലെ അദ്ധ്യാപക– അനദ്ധ്യാപക ജീവനക്കാർക്ക് ബാധകമായതിന് സമാനമായിരിക്കുന്നതാണ്."

സ്വാശ്രയ കോളേജുകളിലെ ശമ്പളവും other conditions of service-ഉം ഈ ഒരു ബോഡിയുടെ റെക്കമെന്റേഷൻ പ്രകാരമാണ് സർക്കാർ തീരുമാനിക്കേണ്ടത് എന്നൊരു നിയമം നിലനിൽക്കുമ്പോഴുള്ള പ്രശ്നം, ഇതിന്റെ വകുപ്പ് 9-ൽ പറയുന്നുണ്ട്. അതുകൂടി വായിക്കുമ്പോൾ ക്ലിയറാകും.

മി. സ്പീക്കർ: അത് മുഴുവനും വായിക്കണ്ട.

Dr. Mathew Kuzhalnadan: Sir, this is a legal objection. Unless you

understand, you won't be able to rule the same.

മി. സ്പീക്കർ: അങ്ങ് നോട്ടീസിൽ എഴുതി നൽകിയതാണല്ലോ.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇത് വിശദീകരിച്ചാൽ മാത്രമേ മനസ്സിലാകുകയുള്ളൂ. 9-ാം വകുപ്പിൽ പറയുന്നത്, "ആക്ട് മറ്റേതെങ്കിലും നിയമങ്ങൾക്ക് ഭംഗം വരുത്തുന്നതല്ലെന്ന് - ഈ ആക്ടിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്" എന്നാണ്. 'Notwithstanding' ക്ലോസുണ്ടായിരുന്നെങ്കിൽ ഇത് പ്രിവെയിൽ ചെയ്യുമായിരുന്നു. പക്ഷെ ഇതിന് 'Notwithstanding' ക്ലോസ് ഇല്ല. അതില്ലാത്തതുകൊണ്ട് യൂണിവേഴ്സിറ്റി ആക്ട് പ്രിവെയിൽ ചെയ്യില്ല. അപ്പോൾ ഇത് നിയമമായാൽ ഏതാണ് ഫോളോ ചെയ്യുക?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. കെ. ബാബു ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലാണ് ആദ്യം മറുപടി പറയുന്നത്. കേരള സംസ്ഥാനത്തെ സ്വാശ്രയ കോളേജുകൾക്കായി പ്രത്യേകമായ ഒരു നിയമം എന്നതല്ല, അതിനുപരി അങ്ങനെയുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനം, സേവന-വേതന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച കാര്യങ്ങളാണ് ടി ബില്ലിൽ പ്രതിപാദിക്കുന്നത്. കോഴ്സുകളുടെ നടത്തിപ്പിനുള്ള അംഗീകാരം ലഭിച്ച, നിലവിൽ പ്രവർത്തിച്ചുവരുന്ന സ്വാശ്രയ കോളേജുകളിൽ നിയമനത്തിനുവേണ്ടി വ്യവസ്ഥകൾ ഏർപ്പെടുത്തുകവഴി ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിന് വിരുദ്ധമാകും എന്ന പ്രസ്താവന ശരിയല്ല, അതായത് സമാനമായ ജോലിയിൽ ഏർപ്പെട്ടുവരുന്നവരുടെ സേവന വ്യവസ്ഥകളും സമാനമായിരിക്കേണ്ടത് ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ ആവശ്യം കൂടിയാണ്. എല്ലാ അർത്ഥത്തിലും ഇപ്രകാരം സേവന വ്യവസ്ഥകൾ നടപ്പാക്കുന്നതോടെ ആയത് ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിന് യാതൊരു വിധത്തിലും ലംഘനമല്ല ഉണ്ടാക്കുന്നത് മറിച്ച് 14-ാം അനുച്ഛേദത്തിന്റെ അന്തഃസത്ത ഉയർത്തിപ്പിടിച്ച് നടപ്പിലാക്കുകയാണ്. ഈ ബില്ലിന്റെ ഉദ്ദേശ്യത്തിന് അനുസൃതമായിട്ടാണ് സ്വാശ്രയ കോളേജുകൾ എന്നതിന് നിർവ്വചനം നൽകിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത നിർവ്വചനത്തിന് നിലനിൽപ്പില്ല എന്ന വാദം ശരിയല്ല. ടി ബില്ലിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ കേരള യൂണിവേഴ്സിറ്റി നിയമത്തിൽ ഭേദഗതി ഉൾപ്പെടുത്തേണ്ട ആവശ്യമില്ല. വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ എന്തെങ്കിലും വൈഷമ്യമുണ്ടാകുകയും പ്രസ്തുത യൂണിവേഴ്സിറ്റി ആക്ടിന് ഭേദഗതി ആവശ്യമുള്ളപക്ഷവും ആയത് സർക്കാർ തീരുമാനിച്ച് ഭേദഗതി വരുത്താവുന്നതാണ്. കേരള സർവ്വകലാശാല നിയമത്തിൽ

മാത്രമല്ല മറ്റ് സർവ്വകലാശാലകളുടെ നിയമത്തിലും ഭേദഗതി ആവശ്യമുള്ള പക്ഷം വരുത്താവുന്നതാണ്. സ്വാശ്രയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന്റെ നിയന്ത്രണമല്ല ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. ടി ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടാണ് റെഗുലേഷനുകൾ ഉണ്ടാക്കാൻ സർവ്വകലാശാലയ്ക്ക് ബില്ലിലൂടെ അധികാരം നൽകിയിട്ടുള്ളത്. ആയതിനാൽ സഭ പാസ്സാക്കിയ നിയമത്തിൽ റെഗുലേഷൻവഴി ഭേദഗതി വരുത്തുന്നുവെന്നും ഈ ബില്ലിലെ വ്യവസ്ഥകളിലൂടെ നിയമസഭയുടെ അധികാരം കവർന്നെടുക്കുന്നുവെന്നും ശരിയല്ല. മേൽപ്പറഞ്ഞ കാരണങ്ങളാൽ യൂണിവേഴ്സിറ്റി ആക്ടിൽ ഭേദഗതി വരുത്താതെ ഈ ബിൽ മുഖേന പ്രത്യേക നിയമം നിർമ്മിക്കുന്നത് ഫലപ്രദമല്ലാത്തതും ക്രമവിരുദ്ധവുമാണെന്ന പ്രസ്താവനയ്ക്ക് യാതൊരു അടിസ്ഥാനമില്ലാത്തതും നീതിക്ക് നിരക്കാത്തതുമാണ്. ആയതിനാൽ ഇതിന്മേൽ ബിൽ നിയമസഭയിൽ അവതരിപ്പിക്കേണ്ടതില്ലെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. അതിനാൽ ടി ബിൽ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട നിയമസഭ അനുവാദം നൽകേണ്ടതാണ്.

2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ നിയമവും സേവന വ്യവസ്ഥകളും ബില്ലിന് അടിസ്ഥാനമായ ഓർഡിനൻസിന്റെ 4-ാം വകുപ്പിനും 5-ാം വകുപ്പിനും കീഴിലെടുക്കുന്ന ഏതൊരു നടപടിയും റിട്ട് ഹർജിയുടെ അന്തിമ വിധിക്ക് വിധേയമായിരിക്കുമെന്നും പ്രസ്തുത വകുപ്പുകൾ പ്രകാരം എടുത്തതോ എടുക്കാനുള്ളതോ ആയ ഏതൊരു നടപടിയും പ്രസ്തുത നിർദ്ദേശത്തിന് വിധേയമായിരിക്കുമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി 13-5-2021-ലെ 8287/2021- ാം നമ്പർ റിട്ട് ഹർജിയിൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി ബിൽ നിയമസഭ മുമ്പാകെ അവതരിപ്പിച്ച് നിയമം പാസ്സാക്കുന്നത് തടഞ്ഞുകൊണ്ട് നിലവിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി യാതൊരു ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല. ആയതിനാൽ ഹൈക്കോടതി മുമ്പാകെ ടി വിഷയവുമായി ബന്ധപ്പെട്ട് കേസ് നിലനിൽക്കുന്നതിനാൽ നിയമം പാസ്സാക്കരുതെന്ന അംഗത്തിന്റെ വാദം നിലനിൽക്കുന്നതല്ല. ഭരണഘടനാ ലംഘനം വരുന്ന വിധമുള്ള യാതൊരു വ്യവസ്ഥയും ടി ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. പകരം ഈ ബിൽ ഭരണഘടനാ വ്യവസ്ഥകൾക്ക് പരിരക്ഷ നൽകുന്ന രീതിയിലുള്ളതാണ്. ഈ വിഷയത്തെ സംബന്ധിച്ച് കോടതി ഉത്തരവുകളെ മറികടക്കാൻ വേണ്ടി നിയമനിർമ്മാണം നടത്തുന്നുവെന്നത് യാതൊരു അടിസ്ഥാനവുമില്ലാത്ത പ്രസ്താവനയാണ്. കോടതിയുടെ ഇടക്കാല ഉത്തരവ് നിലവിൽ വന്നത് 18-5-2021-നും ഓർഡിനൻസ് നിലവിൽ വന്നത് ഫെബ്രുവരി 20-നുമായതിനാൽ കോടതി ഉത്തരവുകളെ

മറികടക്കാനാണ് ടി നിയമനിർമ്മാണം നടത്തുന്നതെന്ന വാദം ശരിയല്ല. ഭരണഘടനയുടെ 30-ാം അനുച്ഛേദ പ്രകാരം ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരം ഭരണഘടനയുടെ വ്യവസ്ഥകൾക്കോ മറ്റ് നിയമങ്ങൾക്കോ അതീതമല്ലെന്ന് സുപ്രീംകോടതിയുടെ 29-4-2020-ന്റെ Christian Medical College, Vellore Vs Union of India കേസിൽ ഉത്തരവായിട്ടുള്ളതാണ്. "...The rights to administer an institution under Article 30 of the Constitution are not above the law and other Constitutional provisions. Reasonable regulatory measures can be provided without violating such rights available under Article 30 of the Constitution to administer an institution...." It is also held that "...The regulatory measures are intended for the proper functioning of institutions and to ensure that the standard of education is maintained and does not fall low under the guise of an exclusive right of management to the extent of maladministration...." ജനങ്ങളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും സാമൂഹികവും സാമ്പത്തികവുമായ സാമൂഹ്യ വ്യവസ്ഥിതി കഴിയുന്നത്ര ഫലപ്രദമാക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിയാണ് ഇത്തരം നിയമനിർമ്മാണം നടത്തുന്നത്. ജോലിക്ക് നീതിപൂർവ്വവും മനുഷ്യോചിതവുമായ നിബന്ധനകൾ ഉറപ്പുവരുത്തുന്നതിലൂടെ ചില അസമത്വങ്ങൾ ഇല്ലാതാക്കാനും അത് ഇന്ത്യൻ ഭരണഘടനയുടെ ഉദ്ദേശ്യലക്ഷ്യത്തിന്റെ ഫലപ്രാപ്തി കൈവരിക്കുന്നതിനും സാധ്യമാക്കും. അദ്ധ്യാപകർക്ക് കൃത്യമായ യോഗ്യതയുണ്ടായിരിക്കണമെന്ന് നിശ്ചയിക്കുന്നതിലൂടെ വിദ്യാഭ്യാസ നിലവാരത്തിന്റെ ഗുണമേന്മയും കൂടിയാണ് ഉറപ്പുവരുത്തുന്നത്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ടി ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനയ്ക്ക് അനുസൃതവും നിയമപരവുമാണ്. മറിച്ചുള്ള വാദങ്ങൾ അടിസ്ഥാനരഹിതമാണ്. ആയതിനാൽ ശ്രീ. എൻ. ഷംസുദ്ദീൻ ചട്ടം 71 പ്രകാരം ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

1974-ലെ കേരള സർവ്വകലാശാല ആക്ടിലെ 69-ാം വകുപ്പ്, കോഴിക്കോട് സർവ്വകലാശാല ആക്ടിലെ 68 (എ) വകുപ്പ്, എം.ജി. സർവ്വകലാശാല ആക്ടിലെ 73 (എ) വകുപ്പ്, കണ്ണൂർ സർവ്വകലാശാല ആക്ടിലെ 97-ാം വകുപ്പ് എന്നിവ സമാന സ്വഭാവത്തിലുള്ളതും സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള സ്കെയിലും മറ്റ് ശമ്പള വ്യവസ്ഥകളും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രകാരം സർക്കാർ നിയമിക്കുന്ന സമിതിയുടെ ശിപാർശ പ്രകാരമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. ടി ബില്ലിൽ തസ്തിക, ശമ്പള സ്കെയിൽ, ശമ്പളം, ബത്ത, ഇൻക്രിമെന്റ്, പ്രൊമോഷൻ, ഗ്രേഡ്, നിയമന കാലയളവ് തുടങ്ങിയവ സംബന്ധിച്ച് വിദ്യാഭ്യാസ ഏജൻസിയുമായി കരാറിൽ

ഏർപ്പെടണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. കൂടാതെ ബില്ലിലെ 9-ാം ഖണ്ഡ പ്രകാരം ടി ബില്ലിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമേയും അവയ്ക്ക് ഭംഗം വരുത്താതെയും ആയിരിക്കുമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ ടി ബില്ലിലെ വ്യവസ്ഥകൾ മേൽപ്പറഞ്ഞ സർവ്വകലാശാല നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ല. ആയതിനാൽ ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## റൂളിംഗ്

മി. സ്പീക്കർ: 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബില്ലിന്റെ ഉള്ളടക്കം ഭരണഘടനയുടെ അനുച്ഛേദം 14-നും വിവിധ സർവ്വകലാശാല നിയമങ്ങൾക്കും വിരുദ്ധമാണെന്നതിനാൽ ബില്ലിന് അവതരണാനുമതി നൽകരുതെന്നാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) തടസ്സവാദത്തിലൂടെ ഉന്നയിച്ചത്. ഈ ബില്ലിന് അടിസ്ഥാനമായ ഓർഡിനൻസ് പ്രകാരമുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഓർഡിനൻസിന് പകരമുള്ള നിയമനിർമ്മാണവുമായി സഭ മുന്നോട്ടുപോകുന്നത് ഉചിതമല്ലെന്നും മതന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സർക്കാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച ഭരണഘടനാ വ്യവസ്ഥകളുടെയും കോടതിവിധികളുടെയും ലംഘനമാണെന്നും അക്കാരണത്താൽ ബില്ലിന്റെ അവതരണം മാറ്റിവയ്ക്കണമെന്നുമാണ് ശ്രീ. എൻ. ഷംസുദ്ദീൻ ആവശ്യപ്പെട്ടിരിക്കുന്നത്. ബില്ലിന്റെ ഖണ്ഡം 4-ലെ വ്യവസ്ഥകൾ ഇന്ന് നിലവിലുള്ള വിവിധ സർവ്വകലാശാല നിയമങ്ങളുടെ വിവിധ വകുപ്പുകൾക്ക് വിരുദ്ധമാകയാൽ അതുസംബന്ധിച്ച് ഓവർറൈഡിംഗ് ക്ലോസ് ബില്ലിൽ ചേർത്തിട്ടില്ല എന്നതാണ് ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച ക്രമപ്രശ്നം. ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പുമന്ത്രി ബില്ലിന്റെ ഭരണഘടനാ സാധുത സംബന്ധിച്ചും ഉന്നയിക്കപ്പെട്ട മറ്റ് തടസ്സവാദങ്ങൾ സംബന്ധിച്ചും വിശദമായ മറുപടി പറയുകയുണ്ടായി. മൂന്ന് വാദങ്ങളും ചെയർ വിശദമായി പരിശോധിച്ചു. നിർദ്ദിഷ്ട ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനയുടെയോ നിലവിലുള്ള മറ്റ് നിയമങ്ങളുടെയോ ഏതെങ്കിലും കോടതിവിധിയുടെയോ ഉള്ളടക്കത്തിന് വിരുദ്ധമല്ലെന്നും സംസ്ഥാനത്ത് സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനവും സേവന വ്യവസ്ഥകളും ഏകീകരിക്കുന്നതിനും നിയമ വിധേയമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു

നിയമമാണിത് എന്നുമുള്ള ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ മറുപടി വസ്തുതാപരമാണെന്നാണ് കാണുന്നത്. മാത്രമല്ല, ഇതുമായി ബന്ധപ്പെട്ട ഓർഡിനൻസിന്മേലുള്ള കോടതി വ്യവഹാരങ്ങൾ ഒരുതരത്തിലും പ്രസ്തുത ഓർഡിനൻസിന് പകരമുള്ള നിയമനിർമ്മാണാധികാരത്തെ പരിമിതപ്പെടുത്തുന്നില്ലായെന്നതാണ് അംഗീകരിക്കപ്പെട്ട നിയമവ്യവസ്ഥ. ബില്ലിലെ വ്യവസ്ഥകളിന്മേൽ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാ വേളയിലോ സഭയിലെ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിലോ പരിഹരിക്കപ്പെടാവുന്നതുമാണ്. അതിനാൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, നേരത്തെ പറഞ്ഞ റൂളിംഗിന്റെ കൂടി സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് സംക്ഷിപ്തമായി സംസാരിക്കണം.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സ്ഥാപനങ്ങളുടെ എണ്ണംകൊണ്ടും അവിടെ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണംകൊണ്ടും ഉന്നത വിദ്യാഭ്യാസ രംഗത്തെ അവഗണിക്കാനാകാത്ത സാന്നിദ്ധ്യമായി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറിക്കഴിഞ്ഞിരിക്കുന്നു. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന നിലയ്ക്ക് അവയ്ക്കുള്ള സ്വതന്ത്രമായ പ്രവർത്തനാധികാരത്തെ നിയന്ത്രിക്കാതെതന്നെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുകയെന്ന മുഖ്യലക്ഷ്യത്തോടെ ചില അടിയന്തര മാറ്റങ്ങൾ സർക്കാർ ഈ മേഖലയിൽ കൊണ്ടുവരാൻ തീരുമാനിക്കുകയാണ്. സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരുടെ സേവന-വേതന സാഹചര്യങ്ങൾ നീതിയുക്തമായ രീതിയിൽ ഉറപ്പുവരുത്തിക്കൊണ്ട് ഈ സ്ഥാപനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുകയാണ് മുഖ്യലക്ഷ്യമായി കാണുന്നത്. സാമൂഹ്യനീതി എന്ന സങ്കൽപ്പത്തിന് യാതൊരു സ്ഥാനവും നൽകാത്ത

വിധത്തിലുള്ള കമ്പോളത്തിന്റെ നീതിയുടെ അടിസ്ഥാനത്തിലുള്ള മാറ്റങ്ങളുടെ കുത്തൊഴുക്കിലേയ്ക്ക് രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ നയിക്കുന്ന തരത്തിലുള്ള നയങ്ങൾ രാജ്യം ഭരിക്കുന്ന കേന്ദ്രസർക്കാർ അതിതീവ്രഗതിയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഈ ബിൽ നിയമസഭ മുമ്പാകെ അവതരിപ്പിക്കുന്നത്.

അവ്യവസ്ഥാപിതമായ തൊഴിൽ സാഹചര്യങ്ങളാണ് കേന്ദ്ര നയസമീപനങ്ങളുടെ പൊതുമുഖമുദ്ര. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാർത്ഥി സൗഹൃദപരവും നവീനവുമായ അക്കാഡമിക് മാറ്റങ്ങൾ ഉൾക്കൊള്ളാൻ ശേഷിയുള്ളവയാകണമെങ്കിൽ ചില മുൻ ഉപാധികളുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് പശ്ചാത്തല സൗകര്യങ്ങളോടൊപ്പംതന്നെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ തൊഴിൽപരമായ അന്തരീക്ഷവും അവരുടെ മെച്ചപ്പെട്ട സേവന ജീവിത സാഹചര്യങ്ങളും. പശ്ചാത്തലമൊരുക്കുന്ന കാര്യത്തിൽ മാനദണ്ഡങ്ങളും മേൽനോട്ടങ്ങളുമൊക്കെ തന്നെ സജീവമായി നടക്കുമ്പോഴും സ്വാശ്രയ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനവും സേവന വ്യവസ്ഥിതിയും നാളിതുവരെ വ്യവസ്ഥാപിതമാക്കിയിട്ടില്ല. കേന്ദ്രസമീപനങ്ങളുടെ അന്തരീക്ഷത്തിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തൊഴിൽപരമായ അനിശ്ചിതത്വവും അവ്യവസ്ഥാപിതമായ സ്വഭാവവും കൂടുതൽ ദുരന്തഫലമുണ്ടാക്കാൻ സാധ്യതയുണ്ടെന്ന് സർക്കാർ വിലയിരുത്തുന്നു. കേരളത്തിൽ കൊണ്ടുവരാൻ ലക്ഷ്യമിടുന്ന മാറ്റങ്ങൾ മറ്റ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കെന്നപോലെ സ്വാശ്രയകോളേജ് വിദ്യാർത്ഥികൾക്കും പ്രാപ്യമാകേണ്ടതാണെന്ന കാര്യത്തിൽ സംശയമില്ല. നവീനമായ പാഠ്യവിഷയങ്ങളിലും ബോധനരീതികളിലും കെൽപ്പുള്ള അദ്ധ്യാപകരും അനുബന്ധ ജീവനക്കാരും അരക്ഷിതമായ തൊഴിൽ അന്തരീക്ഷത്തിൽ ഈ സ്ഥാപനങ്ങളിൽ മുന്നോട്ടുപോകട്ടെയെന്ന് കരുതാൻ പാടില്ല. നിലവിലെ സ്വാശ്രയ സ്ഥാപനങ്ങളിൽ നിലവാരത്തകർച്ചയുടെ വലിയൊരു പങ്കിനെക്കുറിച്ച് പൊതുസമൂഹത്തിന്റെ അസംതൃപ്തി മികച്ച അക്കാദമിക് മസ്തിഷ്കങ്ങളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുകയെന്ന സർക്കാരിന്റെ സമീപനങ്ങൾക്ക് വിരുദ്ധമായ കാലാവസ്ഥയാണ് സൃഷ്ടിക്കുന്നത്. ആ നിലവാരത്തകർച്ചയെ മറികടന്നുകൊണ്ട് ഗുണാത്മകമായ ഉള്ളടക്കം ഉറപ്പുവരുത്തുന്നതിനും സാധാരണ വിദ്യാർത്ഥികളുടെ ആശ്രയ കേന്ദ്രം കൂടിയായി മാറിയ സ്വാശ്രയ സ്ഥാപനങ്ങളെ വിദ്യാർത്ഥികൾക്കും മികച്ച അക്കാദമിക് മസ്തിഷ്കങ്ങൾക്കും ആകർഷങ്ങളായ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുമുള്ള ഉദ്ദേശ്യത്തോടെയാണ് സുപ്രധാനമായ ഈ നിയമനിർമ്മാണത്തിലേയ്ക്ക് സർക്കാർ കടക്കുന്നത്. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ

നിയമനത്തിനും സേവന-വേതന വ്യവസ്ഥകൾക്കുംവേണ്ടി ഒരു നിയമമുണ്ടാക്കാൻ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ശിപാർശ ചെയ്തിരുന്നു. കൗൺസിലിന്റെ ശിപാർശ വിശദമായി സർക്കാർ പരിശോധിക്കുകയും സ്വാശ്രയ കോളേജുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സാമൂഹ്യസുരക്ഷയ്ക്കും വിദ്യാർത്ഥികളുടെ പഠന നിലവാരത്തിനും ഈ മേഖലയിൽ ചില പരിഷ്കാരങ്ങൾ ആവശ്യമുണ്ടെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുകയും ചെയ്ത സാഹചര്യത്തിലാണ് ഒരു നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചത്. സ്വാശ്രയ കോളേജുകളിലെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാതെ അവിടെ ജോലിയിൽ ഏർപ്പെട്ടുവരുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് കൃത്യമായ യോഗ്യത നിശ്ചയിക്കൽ, അവരുടെ സാമൂഹ്യസുരക്ഷയ്ക്കുവേണ്ട സേവന-വേതന വ്യവസ്ഥകളുറപ്പാക്കൽ എന്നിവ ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ജീവനക്കാരുടെ നിയമനം സംബന്ധിച്ച് അതത് കോളേജുകൾക്കുള്ള അവകാശത്തെ യാതൊരുവിധത്തിലും ഹനിക്കലല്ല, മറിച്ച് അതത് കോളേജുകൾ നിയമനം നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ വ്യവസ്ഥ ചെയ്യൽ മാത്രമാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. ജനങ്ങളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്താനും സാമൂഹികവും സാമ്പത്തികവുമായ നിലവിലെ വ്യവസ്ഥിതി സംരക്ഷിക്കാനും വേണ്ടിയാണ് ഈ നിയമനിർമ്മാണം. കൂടാതെ ജോലിക്ക് നീതിപൂർവ്വകവും മനുഷ്യത്വത്തിൽ അധിഷ്ഠിതമായ ചില നിബന്ധനകൾ ഉറപ്പുവരുത്തുന്നതിലൂടെ ചില അസമത്വങ്ങൾ ഇല്ലാതാക്കുകയെന്നത് ഭരണഘടനയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാനും നിർബന്ധമാണ്. ഈ ബില്ലിലെ വ്യവസ്ഥകൾ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനത്തിന് വിദ്യാഭ്യാസ ഏജൻസി വിജ്ഞാപനംമൂലം അപേക്ഷ ക്ഷണിക്കേണ്ടതാണെന്നും അങ്ങനെയുള്ള ജീവനക്കാർക്ക് റെഗുലേറ്ററി ബോഡി തീരുമാനിക്കുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണെന്നും ബിൽ വ്യവസ്ഥ ചെയ്യുന്നു. റെഗുലേറ്ററി ബോഡിയിൽ University Grants Commission, All India Council for Technical Education, National Council for Teacher Education, Bar Council of India, Council of Architecture എന്നിവ ഉൾപ്പെടുന്നു. നിലവിൽ ഒരു സ്വാശ്രയ കോളേജിൽ തസ്തിക വഹിക്കുന്ന ഒരു ജീവനക്കാരന് അത്തരം യോഗ്യതകളില്ലെങ്കിൽ അത് സർക്കാർ നിശ്ചയിക്കുന്ന തീയതിക്കുള്ളിൽ നേടുവാനുള്ള അവസരവും ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനരീതി എങ്ങനെ ആയിരിക്കണമെന്നത് സംബന്ധിച്ച് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. അങ്ങനെ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും സേവന-വേതന വ്യവസ്ഥകൾ നിഷ്കർഷിക്കപ്പെടുന്നതിനുംവേണ്ടി ജീവനക്കാരും

വിദ്യാഭ്യാസ ഏജൻസിയും തമ്മിൽ ശമ്പള സ്കെയിൽ, ഇൻക്രിമെന്റ്, ഗ്രേഡ്, പ്രൊമോഷൻ, നിയമന കാലയളവ് തുടങ്ങിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ജീവനക്കാരനും വിദ്യാഭ്യാസ ഏജൻസിയും തമ്മിൽ വ്യക്തമായ കരാറിൽ ഏർപ്പെടേണ്ടതാണെന്നും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജിലോ സർക്കാരുമായി ഡയറക്ട് പേമെന്റ് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ള പ്രൈവറ്റ് കോളേജിലോ ഉള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് ബാധകമായ തൊഴിൽ ദിനങ്ങൾ, ജോലി സമയം എന്നിവ സ്വാശ്രയ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കും ബാധകമാക്കാനും അതോടൊപ്പം അവർക്ക് അർഹതപ്പെട്ട പൊതു അവധി, ആകസ്മിക അവധി, പ്രസവ അവധി എന്നിവ ബാധകമാക്കാനുമുള്ള വ്യവസ്ഥകളും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വാശ്രയ കോളേജിലെ ജീവനക്കാരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 1952-ലെ ജോലിക്കാരുടെ പ്രോവിഡന്റ് ഫണ്ടും പലവക വ്യവസ്ഥകളും, ആക്ടിലെ വ്യവസ്ഥകൾ പ്രകാരം അത്തരം ജീവനക്കാരെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിലും കേന്ദ്ര സർക്കാർ അംഗീകരിച്ച ഒരു ഇൻഷ്വറൻസ് കമ്പനിയുടെ ഇൻഷ്വറൻസ് പദ്ധതിയിലും അംഗമാക്കിക്കൊണ്ട് ജീവനക്കാരുടെ പരിരക്ഷ ഉറപ്പാക്കാനും ബിൽ ലക്ഷ്യമിടുന്നുണ്ട്. ഈ വിഭാഗം ജീവനക്കാരുടെ നിയമനത്തിനുള്ള പ്രായപരിധിയും വിരമിക്കൽ പ്രായവും റെഗുലേറ്ററി ബോഡി നിശ്ചയിക്കുന്നത് നടപ്പാക്കാനുള്ള വ്യവസ്ഥയും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വിവരങ്ങൾ ബന്ധപ്പെട്ട സർവ്വകലാശാലയിൽ രജിസ്റ്റർ ചെയ്യാൻ വിദ്യാഭ്യാസ ഏജൻസിയെയും അപ്രകാരം രജിസ്റ്റർ ചെയ്യാനുള്ള നടപടിക്രമങ്ങൾ നിശ്ചയിക്കാൻ സർവ്വകലാശാലയെയും ബിൽ ചുമതലപ്പെടുത്തുന്നുണ്ട്. ഓരോ സ്വാശ്രയ കോളേജിലും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, അദ്ധ്യാപക-രക്ഷകർതൃ അസോസിയേഷൻ, വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്ന പരാതി പരിഹാര സെൽ, കോളേജ് കൗൺസിൽ, 2013-ലെ The Sexual Harassment of Women at Workplace (Prevention, Prohibition and Redressal) Act, (2013-ലെ 14-ാം കേന്ദ്ര ആക്ട്) പ്രകാരമുള്ള ഇന്റേണൽ കംപ്ലെയ്ന്റ്സ് കമ്മിറ്റി എന്നീ നികായങ്ങൾ (ബോഡീസ്) രൂപീകരിക്കേണ്ടതാണെന്നും ബിൽ വ്യവസ്ഥ ചെയ്യുന്നു. ജീവനക്കാരുടെ അച്ചടക്ക അധികാരിയായി വിദ്യാഭ്യാസ ഏജൻസിക്ക് പ്രവർത്തിക്കാമെന്നും വിദ്യാഭ്യാസ ഏജൻസിയുടെ അച്ചടക്ക നടപടിമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സ്വാശ്രയ കോളേജ് അഫിലിയേറ്റ് ചെയ്ത സർവ്വകലാശാല മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാമെന്നും അപ്പീൽ തീർപ്പാക്കാനുള്ള അധികാരി വൈസ് ചാൻസലർ ആയിരിക്കുമെന്നുള്ള വ്യവസ്ഥയും ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ബില്ലിലെ

വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാല റെഗുലേഷനുകളുണ്ടാക്കേണ്ടതാണെന്നും ബിൽ നിഷ്കർഷിക്കുന്നുണ്ട്. സ്വാശ്രയ കോളേജുകളുടെ ദൈനംദിന പ്രവർത്തനങ്ങളിലേയ്ക്കുള്ള കടന്നുകയറ്റമല്ല മറിച്ച്, അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും പരാതി പരിഹാരത്തിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള കോളേജുകളിലെ സംവിധാനങ്ങൾ ഉറപ്പുവരുത്താനുമാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്. ഏതൊരു സ്ഥാപനത്തിന്റെയും ഉയർച്ച അവിടെ ജോലിയെടുക്കുന്നവരുടെ സംതൃപ്തി കൂടി ആസ്പദമാക്കിയാണ് എന്നുള്ളതുകൊണ്ട് സ്വാശ്രയ സ്ഥാപനങ്ങളിൽ ജോലിയെടുക്കുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ തൊഴിൽപരമായ അസംതൃപ്തികൾ അവസാനിപ്പിച്ചുകൊണ്ട് മികവിന്റെ മേഖലകൾ അന്വേഷിക്കാനുള്ള സാധ്യതയെ കൂടുതൽ വിശാലമാക്കുകയാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്.

Shri Thiruvanchoor Radhakrishnan: Sir, I move that- " This House resolves to disapprove The Kerala Self Financing College Teaching and Non-teaching Employees (Appointment and Conditions of Service) Ordinance, 2021 (Ordinance No.95 of 2021)." The Kerala Self Financing College Teaching and Non-teaching Employees (Appointment and Conditions of Service) എന്നതാണ് ഈ ബിൽ. വിദ്യാഭ്യാസ മേഖലയിൽ ഒരു പുതിയ തട്ടുകൂടി വരികയാണ്. വിദ്യാഭ്യാസ മേഖലയിൽ കൺവെൻഷണൽ രീതിയിലുള്ള ഒരു അപ്രൂവ്ഡ് സിസ്റ്റമാണുള്ളത്. ഇപ്പോൾ സ്വാശ്രയ കോളേജുകൾക്ക് പുതിയ നിയന്ത്രണം കൊണ്ടുവരികയാണ്. കോളേജുകളിൽ നിരവധി അക്രമങ്ങൾ തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കുട്ടികളുടെ ജീവന് ഭീഷണി ഇല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുമെന്നാണ് കരുതിയത്. ഒരേ പ്രായമുള്ള കുട്ടികൾ ഒരേ സ്കൂളിൽ ഒരേ ക്ലാസ്സിൽ പഠിക്കുമ്പോൾ സ്വാഭാവികമായും അവർക്ക് പരസ്പരം അടുപ്പമോ അടുപ്പക്കുറവോ ഉണ്ടായെന്നിരിക്കാം. പക്ഷേ ഇത് കേരളത്തിൽ വലിയ ക്രമസമാധാന പ്രശ്നമായി നിലനിൽക്കുകയാണ്. ലാ ആൻഡ് ഓർഡർ സിറ്റുവേഷനായി വളർന്നുവരുന്നതായി കണ്ടുകൊണ്ടിരിക്കുകയാണ്. എന്റെ വിഷയത്തിൽപ്പെട്ടത് അല്ലാത്തതുകൊണ്ട് ഞാൻ അത് പറയുന്നില്ല. ഒരു അമ്മ എന്ന നിലയിൽ അതിനെക്കുറിച്ച് പരാമർശം നടത്തുമെന്ന് ഞാൻ പ്രതീക്ഷിച്ചെങ്കിലും അത് അസ്ഥാനത്തായി.

ഇവിടെ റെഗുലേറ്ററി ബോഡിയെക്കുറിച്ച് പറഞ്ഞിരുന്നു. 'Regulatory body'-യുടെ ഡെഫനിഷനിൽ പറയുന്നത്, " regulatory body" means the University Grants Commission, All India Council for Technical Education, National

Council for Teacher Education, Bar Council of India and Council of Architecture and it includes University also എന്നാണ്. ഇത് റെഗുലേറ്ററി ബോഡിയുടെ ഡെഫനിഷൻ പറഞ്ഞുവെന്നല്ലാതെ നമ്മൾ രൂപീകരിക്കുന്ന റെഗുലേറ്ററി ബോഡിയുടെ രൂപം എന്താണെന്നതിനെക്കുറിച്ച് പറഞ്ഞിട്ടില്ല. അത് ഇനിയുള്ള പ്രസംഗത്തിൽ അങ്ങ് സൂചിപ്പിക്കുമെന്ന് ഞാൻ കരുതുകയാണ്. Repeal പ്രൊവിഷൻ കൂടിയുൾപ്പെടുത്തുമ്പോൾ ഇതിൽ 15 വകുപ്പുകളാണുള്ളത്. പക്ഷെ ഇതിന്റെ അർജൻസിയെക്കുറിച്ച് പറഞ്ഞത് എനിക്ക് ബോദ്ധ്യപ്പെടുന്നതേയില്ല. കാരണം നാലുപ്രാവശ്യം തുടർച്ചയായി റീ-ഇഷ്യൂ ചെയ്ത ഒരു ഓർഡിനൻസിന് ഇപ്പോൾ വലിയ അർജൻസിയാണെന്ന് പറയുന്നതിനോട് യോജിക്കാൻ കഴിയില്ല. അതിന്റെ പശ്ചാത്തലം അതാണ്. എന്നാൽ ഞാൻ അത് പ്രധാനപ്പെട്ട പ്രശ്നമായി പ്രസ് ചെയ്യുന്നില്ല. '*Appointment of teaching and non-teaching employees of self financing college.*– (1) The educational agency shall invite application by notification in such manner as may be prescribed for the appointment of teaching and non-teaching posts determined by the regulatory body for the courses affiliated to the University in the self financing college.' ഇതിൽ പറഞ്ഞിരിക്കുന്നത് പ്രകാരം റെഗുലേറ്ററി ബോഡി തീരുമാനിക്കുന്ന പോസ്റ്റുകളിൽ നിയമനം നടത്താൻ സാധിക്കും. റെഗുലേറ്ററി ബോഡി പറയുന്നതുപ്രകാരം ഏതൊക്കെ പോസ്റ്റ് വേണമെന്നും അത് പ്രൊഫസറോ അതല്ല അതിന് താഴെയുള്ള പോസ്റ്റിലുള്ളവരോ അതുമല്ലെങ്കിൽ ഒരു റീഡർ ആയിരിക്കണമോ എന്നൊക്കെയുള്ള കാര്യം തീരുമാനിക്കാം എന്നല്ലാതെ റെഗുലേറ്ററി ബോഡിക്ക് ഇത് റെഗുലേറ്റ് ചെയ്യാനുള്ള അധികാരമുള്ളതായി മൂന്നാം വകുപ്പ് വായിക്കുമ്പോൾ മനസ്സിലാകുന്നില്ല. " .....the appointment of teaching and non-teaching posts determined by the regulatory body for the courses affiliated to the University in the self financing college." തീരുമാനം പൊതുവായി പറയാമെങ്കിലും തീരുമാനമെടുക്കുന്നത് കോളേജ് മാനേജ്മെന്റാണ്. 'Provided that, on the date of commencement of this Act, where an employee holding such post in a self financing college does not have any of the qualification determined by the regulatory body, shall obtain such qualification within such date as the Government may notify." ചുരുക്കിപ്പറഞ്ഞാൽ ഇപ്പോൾ അവർക്കിത് വേണ്ട. ആരെയോ ഉന്നം വച്ചുകൊണ്ട് നിയമമുണ്ടാക്കുന്നുവെന്നുള്ള വ്യാഖ്യാനം ഇതിൽനിന്നും വരില്ലേ? എവിടെയോ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഏതോ ഒരു വ്യക്തിക്ക് നമ്മൾ മനസ്സിൽ ആഗ്രഹിക്കുന്ന ക്വാളിഫിക്കേഷൻ ഇല്ല എന്നുള്ളതുകൊണ്ട് ആ ആളിനെ ക്വാളിഫിക്കേഷനിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി സൗകര്യം ചെയ്തുകൊടുക്കുകയാണ്. നമ്മൾ സമയം എക്സ്റ്റന്റ് ചെയ്ത് കൊടുക്കുകയാണ്. അങ്ങനെയാണോ നമ്മൾ ചെയ്യുന്നത്; ചീഫ് സെക്രട്ടറിയെയോ

അതല്ലെങ്കിൽ ഏതെങ്കിലുമൊരു അപ്പോയിന്റ്മെന്റ് നടത്തുകയോ പ്രിൻസിപ്പൽ സെക്രട്ടറി ഓഫ് ഹയർ എഡ്യൂക്കേഷന്റെയോ നിയമനം നടത്തുമ്പോൾ ആളിന്റെ ക്വാളിഫിക്കേഷനല്ലേ നോക്കുന്നത്? ആ സ്ഥാനത്ത് വന്നതിനുശേഷം വീണ്ടും ഈ ക്വാളിഫിക്കേഷൻ നേടുന്നതിനുവേണ്ടി അവസരം കൊടുക്കുന്നുവെന്ന് പറഞ്ഞാൽ കുറഞ്ഞ ക്വാളിഫിക്കേഷനുള്ള ആളുകൾക്ക് രക്ഷപ്പെടുന്നതിനുവേണ്ടിയുള്ള അവസരമുണ്ടാകും എന്നുള്ളതാണ് സാധാരണഗതിയിൽ ഇത് പരിശോധിക്കുന്ന ഒരു വ്യക്തിക്ക് മനസ്സിലാകുന്നത്.

Section 10. 'Protection of acts done in good faith.– No suit or other legal proceedings shall lie against the Vice-Chancellor, authority or officer of the University for anything which is done in good faith or intended to be done under the provisions of this Act or rules or regulations made thereunder.' ഇപ്പോൾ എടുക്കുന്ന ഒരു തീരുമാനമുണ്ട്. ആ തീരുമാനത്തിന് മുകളിൽ കോടതിയിൽ പോയാൽ പോലും രക്ഷപ്പെടാൻ സാധിക്കുകയില്ല. TMA Pai case-ൽ പറഞ്ഞിട്ടുള്ളത് ഒരു അപ്പീൽ കൊടുക്കണമെങ്കിൽ ആ അപ്പീൽ സ്വീകരിക്കാൻ വേണ്ടി അവിടെ ഒരു സമിതിയുണ്ടാകണമെന്നാണ്. പക്ഷെ ഇവിടെ അത്തരത്തിലൊരു സമിതിയില്ല. അതിനുപകരം അപ്പീൽ കൊടുക്കേണ്ടത് സിൻഡിക്കേറ്റിന്റെ മുമ്പിലാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും യൂണിവേഴ്സിറ്റി നിയമപ്രകാരം സ്വാശ്രയ കോളേജുകളെ മുഴുവൻ അതിലുൾപ്പെടുത്തിയിട്ടുണ്ട്. പക്ഷെ കേരളത്തിൽ മാത്രം സ്വാശ്രയ കോളേജുകളെ യൂണിവേഴ്സിറ്റിയുടെ ഒരു നിയമാവലിയിലും ഉൾപ്പെടുത്തിയിട്ടില്ല. അതുമാത്രമല്ല സ്ഥിരം ജീവനക്കാരെ നിയമിക്കാൻ സാധിക്കില്ല എന്നതാണ് അവിടെയുള്ള ജോലിക്കാരുടെ ഏറ്റവും പ്രധാനപ്പെട്ട തടസ്സം. അവിടെ ടെമ്പററി ജോലിയാണ് കൊടുക്കാൻ സാധിക്കുന്നത്. കാരണം ഓരോ വർഷവും അഫിലിയേഷൻ പുതുക്കണം. സ്ഥിരം അഫിലിയേഷൻ ഇല്ലാത്തതുകൊണ്ട് താൽക്കാലിക ജീവനക്കാരെ മാത്രമേ നിയമിക്കാൻ സാധിക്കുകയുള്ളൂ. ഒരു കോളേജിന് യു.ജി. കോഴ്സിന് 10,000 രൂപ, പി.ജി. കോഴ്സിന് 25,000 രൂപ എന്നിങ്ങനെ കോടിക്കണക്കിന് രൂപയാണ് സ്വാശ്രയ കോളേജുകളിൽ നിന്നും യൂണിവേഴ്സിറ്റി പിരിച്ചെടുക്കുന്നത്. എന്നിട്ടും അവർക്ക് സ്ഥിരം അഫിലിയേഷൻ കൊടുക്കുന്നില്ല. അതാണ് ഇതിലെ ഏറ്റവും വലിയ പ്രശ്നമെന്ന് അങ്ങേയ്ക്ക് ബോദ്ധ്യമുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, എനിക്കത് നല്ല ബോദ്ധ്യമാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് നമുക്ക് എന്തെല്ലാം കാര്യങ്ങൾ

പറയാനുണ്ട്? പക്ഷെ സമയ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട്, ഞാൻ വരമ്പിലൂടെ പോകുന്നതുപോലെ വളരെ ബാലൻസ് ചെയ്ത് പോകുന്നതുകൊണ്ടാണ് അങ്ങ് പറഞ്ഞതിനെക്കുറിച്ച് വിശദമായ മറുപടി പറയാത്തത്. Section 11-ൽ പറയുന്നത്, 'Bar of jurisdiction of Civil Court– No Civil Court shall have jurisdiction to settle, deal with or decide such matters regarding complaint that may arise on matters referred in section 7 of this Act, until disposed by the Syndicate of the University in which the self financing college is affiliated to.' എന്നാണ്. ഒരു പരാതി വന്നാൽ നമുക്ക് കോടതിയിൽ പോകാൻ അവകാശമില്ലെന്നതാണ് ഇതിന്റെ രത്നചുരുക്കം. കോടതിയിൽ പോകാനുള്ള അവകാശംപോലും ഇവിടെ വച്ച് അവസാനിപ്പിക്കുകയാണ്. ഒരു തീരുമാനത്തെക്കുറിച്ച് അപ്പീൽ കൊടുക്കുന്നതിന് ട്രൈബ്യൂണലിന്റെ മുമ്പാകെ പോകാനും വ്യവസ്ഥയില്ല. ട്രൈബ്യൂണൽ വ്യവസ്ഥയില്ലാതെ നീതി നേടുന്നതിനായി കോടതിയിൽ പോയാൽ അത് നിയമവിരുദ്ധമാണെന്ന് ഈ വകുപ്പിൽ എഴുതിവച്ചിരിക്കുകയാണ്. ഒരു നിയമമുണ്ടാകുമ്പോൾ ഇന്ത്യയിൽ നിലവിലുള്ള എല്ലാ നിയമങ്ങൾക്കും യോജിച്ച രീതിയിൽ പോകണ്ടേ. അതിനെക്കാൾ വ്യത്യസ്തമായി അപ്പീൽ പ്രൊവിഷൻപോലും ഇല്ലാത്ത രീതിയിൽ ഇത് മാറ്റിയെന്നതാണ് ഏറ്റവും വലിയ പരാതി.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട അംഗം സ്വാശ്രയ കോളേജിനെപ്പറ്റിയും വിദ്യാഭ്യാസ മേഖലയെയും കുറിച്ച് ഗൗരവമായ കാര്യങ്ങളാണ് പറയുന്നത്. വ്യാജ ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കുന്ന സംഘങ്ങൾ വളരെ സജീവമാണെന്നും ഒരു പ്രൊഫസർ പദവി ലഭിക്കണമെങ്കിൽ 10 പ്രബന്ധങ്ങൾ മുൻകാല ജേർണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടാകണമെന്നും അതിന് ആവശ്യമായ പ്രബന്ധങ്ങൾ വ്യാജമായി തയ്യാറാക്കിക്കൊടുക്കുന്ന സംഘങ്ങൾ പ്രൊഫസർമാരുടെ ചുറ്റിലുമുണ്ടെന്ന വാർത്ത ഈ അടുത്ത ദിവസങ്ങളിൽ പ്രധാനപ്പെട്ട പത്രങ്ങളിൽ വന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ ഞെട്ടിക്കുന്ന വാർത്ത ശ്രദ്ധയിൽപ്പെടുകയും വളരെ പ്രധാനപ്പെട്ട വാർത്തയായി ഇത് ചില പത്രങ്ങളിൽ വരികയും ചെയ്തിട്ടുണ്ട്. ഇതുകൊണ്ട് അവസാനിക്കുന്നില്ല. പ്രബന്ധങ്ങൾ വിലയ്ക്ക് തരാം, ചുളുവിൽ പ്രൊഫസർ ആകാം എന്ന ഹെഡ് ലൈനോടുകൂടി ഇന്ന് മറ്റൊരു മാധ്യമത്തിലും വാർത്തയുണ്ട്. പ്രബന്ധങ്ങളൊക്കെ തയ്യാറാക്കുകയും ആവശ്യപ്രകാരം പേര് മാത്രം മാറ്റിയാൽ മതിയെന്നും എല്ലാം സെറ്റ് ചെയ്ത് വച്ചിരിക്കുകയാണെന്നുമാണ് അതിൽ പറയുന്നത്. അതിനുള്ള തുക ഒടുക്കിയാൽ

പ്രബന്ധം ലഭിക്കും. വിദ്യാഭ്യാസം കച്ചവടം എന്നുപറയുന്നത് പഴയൊരു വാദഗതിയാണ്. വിദ്യാഭ്യാസത്തെ കള്ളക്കച്ചവടമാക്കി മാറ്റുന്നതിന് കൂട്ടുനിൽക്കാൻ സാധിക്കില്ല. ക്വാളിറ്റി എഡ്യൂക്കേഷൻ ഏറ്റവും പ്രധാനപ്പെട്ടതാണ്. രാജ്യത്ത് 1003 യൂണിവേഴ്സിറ്റികളാണുള്ളത്. അതിൽ distance education കൂടി ഉൾപ്പെടുമ്പോൾ ഇതിന്റെ എണ്ണം 1003-ന് പുറത്തുപോകും. കേരളത്തിൽ 15 യൂണിവേഴ്സിറ്റികളുണ്ട്. യൂണിവേഴ്സിറ്റികൾ ലോകോത്തരമാക്കുന്നതിനുവേണ്ടി അങ്ങ് നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ പരിശ്രമങ്ങളെയും പിന്തുണയ്ക്കുകയാണ്. ഇതാണ് കുട്ടികൾക്ക് രക്ഷപ്പെട്ടുപോകാനുള്ള ഏക വാതായനം. ഹാർവാർഡ്, ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പോലെ എം.ഐ.ടി., യു.എസ്./കാലിഫോർണിയ/കൊളംമ്പിയ/ബോസ്റ്റേൺ തുടങ്ങി ലോകോത്തര സർവ്വകലാശാലകളുണ്ട്. അവർക്കുള്ള റേറ്റിംഗ് വിദ്യാഭ്യാസത്തിന് ഏറ്റവും പ്രാധാന്യം കൊടുക്കുന്ന കേരളത്തിൽ ഉണ്ടാകുന്നില്ലെന്ന് മാത്രമല്ല പണ്ടുകാലത്ത് കുടിപള്ളിക്കൂടം രൂപത്തിൽ നിന്നുകൊണ്ടിരുന്ന സംവിധാനത്തെ പുതിയ രീതിയിൽ നവീകരിച്ചുകൊണ്ട് അവർക്കൊരു കോളേജായി സ്റ്റാറ്റസ് ലഭിക്കുകയും അതൊരു സ്വാശ്രയ കോളേജായി മുന്നോട്ടുപോകുകയും ചെയ്യുന്ന അവസ്ഥയാണ്. ആ കോളേജിനെ റെഗുലേറ്റ് ചെയ്ത് വിദ്യാഭ്യാസത്തെ സാമ്പാർ പരുവത്തിലാക്കി മാറ്റുന്ന രീതിയിലേയ്ക്ക് പോകുന്നത് ശരിയല്ല. അങ്ങ് പറഞ്ഞ വാക്കുകൾ പൂർണ്ണമായും വിശ്വസിക്കുന്നു. വിദ്യാഭ്യാസത്തിന്റെ നിലവാരം വർദ്ധിപ്പിക്കത്തക്ക വിധത്തിലുള്ള നടപടികളുണ്ടാകണം. അതിന് വിദ്യാഭ്യാസ നിലവാര വർദ്ധനവിനുവേണ്ടിയുള്ള നടപടികളാണ് വേണ്ടത്.– ബില്ലിൽ അതിനുള്ള നടപടികൾ ഉണ്ടാകുന്നില്ലെന്ന് മാത്രമല്ല, അതിന്റെ യാതൊരു അംശവും കാണുന്നുമില്ല. ഈ ബില്ലിൽ എല്ലാ കാര്യങ്ങളും ഉൾപ്പെടുത്താൻ കഴിയില്ലെന്ന കാര്യം സമ്മതിക്കുന്നു. പക്ഷെ സഭ മുമ്പാകെ കൊണ്ടുവന്ന ബിൽ അപര്യാപ്തമാണ്. ഒരു കാരണവശാലും ഇത് കേരളത്തിലെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിന് സഹായകമാകുമെന്ന് വിശ്വസിക്കുന്നില്ല. Internal Quality Assurance Cell; Parent-Teacher Association; Students Grievance Redressal Cell; College Council എന്നിവയെക്കുറിച്ചെല്ലാം ബില്ലിൽ പറഞ്ഞിട്ടുണ്ട്. ഇതൊക്കെ ഇപ്പോൾ നിലവിലുണ്ടെങ്കിലും കുറച്ചുകൂടി പരിഷ്കൃത രൂപത്തിൽ കേരളത്തിൽ ഇതെല്ലാം ചെയ്തുകൊണ്ടിരുന്നതാണ്. ഇതെല്ലാം പേപ്പറിൽ കാണുന്ന കാര്യങ്ങൾ മാത്രമാണ്. അതിനപ്പുറത്തേയ്ക്ക് അത് പോകുമോയെന്ന് എനിക്കറിയില്ല. അതുകൊണ്ട് ഇതിനെക്കുറിച്ച് ഒരു re-thinking ഉണ്ടാകണം. വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കത്തക്ക തരത്തിലുള്ള നടപടിയിലേയ്ക്ക് പോകുന്നതിന് ഈ ബിൽ പര്യാപ്തമല്ല. മറ്റു ചില സ്റ്റേജുകളിൽ ചർച്ച ചെയ്ത് പോരായ്മകൾ നികത്താൻ

സാധിക്കുമെന്ന് നേരത്തെ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് ഈ ബില്ലിൽ പോരായ്മയുണ്ടെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടായിരിക്കാം. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടുകയും അവിടെ ചില കാര്യങ്ങൾ പറയുകയും ചെയ്യുമെങ്കിലും നിയമസഭയിൽ വന്നുകഴിയുമ്പോൾ ബിൽ അവതരിപ്പിച്ച പാർട്ടിക്കും മുന്നണിക്കും ബിൽ അവതരിപ്പിച്ച രൂപത്തിൽത്തന്നെ പാസ്സാക്കിയെടുക്കണമെന്ന നിർബന്ധമുണ്ടാകും. അതോടുകൂടി എല്ലാ പ്രതീക്ഷകളും മണ്ണടിയുകയും നമ്മുടെ സ്വപ്നങ്ങളെല്ലാം ഇല്ലാതാകുകയും ചെയ്യും. അതുകൊണ്ട് ഈ ഘട്ടത്തിൽത്തന്നെ മാറ്റം വരുത്തുന്നതിന് ഗവൺമെന്റ് ശ്രമിക്കണം. അതിനുള്ള പരിശ്രമമാണ് ഉണ്ടാകേണ്ടതെന്ന് ഓർമ്മിപ്പിക്കുകയാണ്.

ഈ ബില്ലിൽ യോഗ്യതയെക്കുറിച്ച് പറയുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് എഞ്ചിനീയറിംഗ് കോളേജുകളെ അഭിമാനകരമായി കാണുന്ന അവസരത്തിൽ അവിടെ മിനിമം യോഗ്യതയുള്ള അദ്ധ്യാപകരില്ലെന്ന ആക്ഷേപമാണുള്ളത്. ഇതിനെക്കുറിച്ച് ചില മാധ്യമങ്ങളിലും പ്രസിദ്ധീകരണങ്ങളിലും വാർത്ത വന്നിരുന്നു. നേരത്തെ വിദ്യാഭ്യാസത്തെക്കുറിച്ച് ചർച്ച നടന്നപ്പോൾ അതിൽ പൊതു വിദ്യാഭ്യാസ രംഗത്തെ പതനത്തെക്കുറിച്ച് പറഞ്ഞിരുന്നു. അതിനെക്കുറിച്ച് ഞാനിവിടെ പറയുന്നില്ല, കാരണം ഇത് രണ്ട് വിഷയങ്ങളാണ്. സംസ്ഥാനത്തെ കോളേജുകളുടെ അവസ്ഥ വളരെ ദയനീയമാണ്. അടുത്തിടെ ഹൈക്കോടതിയിലെ റിട്ടയർ ചെയ്ത ജഡ്ജി ഇതുപോലുള്ള കോളേജുകൾ അടച്ചുപൂട്ടിക്കൂടെയെന്നും അതിനുള്ള താക്കോലൊന്നുമില്ലേയെന്നും കമന്റ് ചെയ്തിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ഇന്നും പൊതുസമൂഹത്തിന് മുമ്പിൽ നിൽക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരത്തകർച്ച തന്നെയാണ് അതിന് കാരണം. അതുണ്ടാകരുത്. വിദ്യാഭ്യാസ നിലവാര തകർച്ച തടയുന്നതിന് നടപടിയുണ്ടാകണം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്ത് 705 ആർട്സ് ആൻഡ് സയൻസ് കോളേജുകളുള്ളതിൽ 68 ശതമാനവും അതായത് 476 സ്വാശ്രയ കോളേജുകളാണുള്ളത്. ബാക്കിയുള്ളത് ഗവൺമെന്റും അൺ-എയ്ഡഡ് കോളേജുകളുമാണ്. 146 എഞ്ചിനീയറിംഗ് കോളേജുകളിൽ 102 കോളേജുകൾ സ്വകാര്യ സ്വാശ്രയ കോളേജുകളാണ്. ഈ കോളേജുകളൊക്കെ വലിയ സാമ്പത്തിക പ്രശ്നങ്ങൾ നേരിടുകയാണ്. കഴിഞ്ഞ ഒന്നര വർഷമായി കോവിഡ് ആയതുകൊണ്ട് കുട്ടികളൊന്നും ഫീസ് കൊടുക്കുന്നില്ല. ശമ്പളം കൊടുക്കുന്നതുതന്നെ വളരെ പ്രയാസത്തിലാണ്. സർക്കാർ ഓരോ സമയത്തും ഓരോ നിയമം പുറപ്പെടുവിക്കും, യൂണിവേഴ്സിറ്റിയും ഓരോന്ന് പുറപ്പെടുവിക്കും. കോളേജുകളൊക്കെ വളരെ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഇക്കാര്യം അങ്ങേയ്ക്ക് അറിയാമോ?

1.00 P.M.]

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, എനിക്ക് വളരെ കൃത്യമായി അറിയാം; നമ്മൾ പോകുന്നത് വളരെ narrow edge-ലൂടെയാണ്. കുട്ടികൾ കോളേജിൽ വരാത്തതിനാൽ അവരിൽ നിന്നും ഫീസ് വാങ്ങരുതെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുകയാണ്. അതുകൊണ്ട് കോളേജുകൾക്ക് വരുമാനമില്ല. എന്നാൽ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാതിരിക്കാനോ അവിടെയുള്ള മറ്റ് ചെലവുകൾ കുറയ്ക്കാനോ കഴിയില്ല. എല്ലാ ചെലവുകളും നിലനിൽക്കും. പക്ഷേ പണം എവിടെനിന്നും കണ്ടെത്തുമെന്നത് ഉത്തരം കിട്ടാത്ത ചോദ്യമായി നിൽക്കുകയാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, അങ്ങിവിടെ റെഗുലേറ്ററി ബോഡിയെക്കുറിച്ച് സൂചിപ്പിച്ചു. നിലവിൽ സ്വാശ്രയ സ്ഥാപനങ്ങൾ യു.ജി.സി.യുടെയും എ.ഐ.സി.ടി.ഇ.യുടെയും നിബന്ധനകൾക്ക് അനുസരിച്ചാണ് പ്രവർത്തിച്ചുവരുന്നത്. ഇവിടെ സർവ്വകലാശാലകളെക്കൂടി റെഗുലേറ്ററി ബോഡിയിലുൾപ്പെടുത്തുകയാണ്. നിലവിൽ കേരളത്തിലുള്ള ഒരു സർവ്വകലാശാലാ ആക്റ്റിലും സ്റ്റാറ്റ്യൂട്ടിലും സ്വാശ്രയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. സർവ്വകലാശാലകൾ അതിലേയ്ക്ക് വരുന്നതോടുകൂടി സ്വാശ്രയ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ കടന്നുകയറിയുള്ള പ്രവർത്തനംമൂലം അതിന്റെ തകർച്ചയാകില്ലേ ഉണ്ടാകുന്നത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇതിൽ മറ്റൊരു കാര്യം കൂടിയുണ്ട്. സ്വാശ്രയ കോളേജ് എന്ന സ്ഥിരം എസ്റ്റാബ്ലിഷ്മെന്റ് വന്നാൽ ഭാവിയിൽ അവർക്കും യു.ജി.സി. സ്കെയിലിൽ ശമ്പളവും മറ്റെല്ലാ സൗകര്യങ്ങളും ലഭിക്കാൻ അർഹതപ്പെടുന്ന രൂപത്തിലേയ്ക്ക് വരും. കാരണം ഗവൺമെന്റ് അപ്രൂവ്ഡായി വരുന്നുവെന്നുള്ളത് തന്നെയാണ്. സ്വാഭാവികമായും ഗവൺമെന്റ് ഇതിന് അപ്രൂവൽ കൊടുക്കുന്നതോടുകൂടി ആ സ്റ്റാറ്റസ് വർദ്ധിച്ചുവരാൻ സാധ്യതയുണ്ട്. പക്ഷേ കേരളത്തിലെ ഇന്നത്തെ അവസ്ഥയിൽ ക്വാളിറ്റി സംബന്ധമായ നിയന്ത്രണങ്ങൾ ഇല്ലാതിരിക്കാൻ സാധ്യമല്ല. ഇവർക്കുള്ള വരുമാനത്തിന്റെ സ്രോതസ്സിനെക്കുറിച്ച് ഒരു റെഗുലേഷനുമില്ല. റെഗുലേഷനില്ലാതെ നമുക്കെങ്ങനെ ഇത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയും.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, അങ്ങ് വളരെ പരിണതപ്രജ്ഞനും കേരളത്തിലെ പ്രമുഖനായ രാഷ്ട്രീയ നേതൃത്വവും കൂടിയാണ്. ഇപ്പോൾ സ്വാശ്രയ കോളേജ് അല്ലെങ്കിൽ സ്വകാര്യ കോളേജ് എന്നുള്ളത് പൊതുസമൂഹത്തിലെ യാഥാർത്ഥ്യമായിക്കഴിഞ്ഞു. ഞാൻ ഏതെങ്കിലുമൊരു പക്ഷത്ത് നിന്ന് ചോദിക്കുകയല്ല. അങ്ങ് പറഞ്ഞ ഒരുപാട് നെഗറ്റീവ് വാർത്തകളുണ്ട്. ഇവിടെ സംസാരിച്ചതിൽനിന്നും അങ്ങയുടെ ആശങ്ക വളരെ പ്രധാനമാണ്. ഞാൻ ആ

അഭിപ്രായത്തോട് യോജിക്കുകയാണ്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തണം. സ്വകാര്യ-സ്വാശ്രയ-അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് കോളേജ്, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾ പ്രവേശനം നേടാത്തതുമൂലം വലിയ പ്രതിസന്ധിയും പ്രയാസവും അനുഭവിക്കുന്നതിന്റെ അടിസ്ഥാനം അക്കാദമിക്കലായി വന്ന പരാജയമാണ്. അതുകൊണ്ട് അതിന്റെ നിലവാരം മെച്ചപ്പെടുത്താൻ വേണ്ടിയുള്ള പരിശ്രമമായി ഈ ബില്ലിനെ കാണണ്ടേ; അങ്ങനെയല്ലേ രാഷ്ട്രീയ നേതൃത്വത്തെ വിലയിരുത്തേണ്ടത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങും ഞാനും പറഞ്ഞത് ഒരേ കാര്യം തന്നെയാണ്. കണ്ടന്റ്സ് മെച്ചപ്പെടുത്തണമെന്നുള്ളതാണ് ഞാൻ പറഞ്ഞത്. അങ്ങ് പറഞ്ഞ പദപ്രയോഗങ്ങളല്ല ഞാൻ ഉപയോഗിച്ചതെങ്കിലും എന്റെയും അങ്ങയുടെയും മനസ്സിൽ ഒരേ കാര്യം തന്നെയായിരുന്നു. കണ്ടന്റ്സ് മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ക്വാളിറ്റി കൂട്ടിച്ചേർക്കണം, അതിനുവേണ്ടി പരിശ്രമിക്കണം. ചില കോളേജുകളിൽ ഇപ്പോൾ കുട്ടികളില്ലാത്തത് കെട്ടിടം മോശമായതുകൊണ്ടല്ല. അംബരചുംബികളായ നല്ല കെട്ടിടവും എയർ കണ്ടീഷനുമൊക്കെ ഉണ്ടായിരിക്കും. ഇപ്പോൾ വരുമാനമില്ലാത്തതുകൊണ്ട് കറന്റ് ചാർജ്ജ് കൊടുക്കാൻ കഴിയാത്തതിനാൽ എയർ കണ്ടീഷനൊന്നും പ്രവർത്തിപ്പിക്കുന്നില്ല. ഒരു സ്ഥാപനത്തിന്റെ വലിപ്പം തീരുമാനിക്കുന്നത് കെട്ടിടത്തിന്റെ വലിപ്പമനുസരിച്ചല്ല. അതിൽ നിന്നും നമുക്ക് ഗ്രഹിക്കാൻ കഴിയുന്ന പുതിയ അറിവുകളാണ്. പുതിയ അറിവുകൾ ഗ്രഹിക്കത്തക്ക വിധത്തിലുള്ള ഒരു സംവിധാനത്തെക്കുറിച്ച് ആലോചിക്കണ്ടേ; അങ്ങയുടെ ചോദ്യത്തോട് പരിപൂർണ്ണമായി യോജിക്കുകയാണ്. പുതിയ രൂപത്തിലുള്ള വിദ്യാഭ്യാസത്തെ മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസത്തിന് പുതിയൊരു മാനമുണ്ടാക്കുന്നതിനും വിദ്യാഭ്യാസാധിഷ്ഠിതമായ ഒരു തലമുറ വളർന്നുവരുന്നത് കേരളത്തിൽ ആവശ്യമാണെന്ന് വിശ്വസിക്കുന്ന വ്യക്തിയാണ് ഞാൻ. അതുകൊണ്ട് അതിന് സാധിക്കത്തക്ക വിധത്തിലേയ്ക്ക് ഇത് വളർന്നില്ല എന്ന ആത്മരോഷമാണ് എനിക്കുള്ളത്. അത് ഞാൻ വളരെ സൗമ്യയായ മന്ത്രിയുടെ മുമ്പിൽ അവതരിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ.

ഏറ്റവും അവസാനമിറങ്ങിയ സി.&എ.ജി. റിപ്പോർട്ടിൽ എഞ്ചിനീയറിംഗ് കോളേജിലെ പല അദ്ധ്യാപകരുടെയും യോഗ്യത ചോദ്യം ചെയ്തിരിക്കുകയാണ്. സ്വാശ്രയ കോളേജുകളിൽ മാത്രമല്ല റെഗുലർ കോളേജുകളിലും ഗസ്റ്റ് ലക്ചറർമാരാണ് പഠിപ്പിക്കുന്നത്. ആ രൂപത്തിലാണ് വിദ്യാഭ്യാസം പോകുന്നത്. അങ്ങ് മന്ത്രിയായിട്ട് കുറച്ചു സമയമല്ലേ ആയിട്ടുള്ളൂ. ഇതുസംബന്ധിച്ച് അങ്ങ് ശാന്തമായി ആലോചിക്കണം. പല ഗവൺമെന്റ് കോളേജുകളിലും ആവശ്യമായ

അദ്ധ്യാപകരില്ല. ഉള്ളവരൊക്കെ ഇൻ-ചാർജ്ജായി നിൽക്കുകയാണ്. മാത്രമല്ല അവിടെ പ്രിൻസിപ്പാൾമാരുമില്ല എന്നതാണ് മറ്റൊരു കാര്യം.

ഡോ. എം. കെ. മുനീർ: സർ, പ്രിൻസിപ്പാൾമാരില്ലാത്ത അവസ്ഥയിൽ 60 ഗവൺമെന്റ് കോളേജുകളുണ്ടെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സത്യം പറഞ്ഞാൽ പ്രിൻസിപ്പാൾമാരുണ്ടാകരുതെന്ന് ആഗ്രഹിക്കുന്ന ഏതെങ്കിലും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുണ്ടാകുമോ; ഏതോ ഒരു ഉപശാലയിൽ നിന്ന് ചർച്ച വന്നിട്ട് ഇഷ്ടപ്പെട്ടയാളിനെ പ്രിൻസിപ്പാളാക്കാൻ സാധിക്കാത്തതുകൊണ്ട് ആ സീറ്റിനെ വേക്കന്റാക്കി ഒരാളിനെ തൽക്കാലം നിയോഗിക്കുകയാണ്. അതിന് ഞാൻ മന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല; കാരണം മന്ത്രിയെ സ്വാധീനിക്കുന്ന ഉപശാലാവൃത്തങ്ങളുണ്ട്. അതാണ് അവതാരങ്ങളെ അടുപ്പിക്കരുതെന്ന് മുഖ്യമന്ത്രി നേരത്തെ പറഞ്ഞത്. വിദ്യാഭ്യാസ രംഗത്ത് അവതാരങ്ങളെ അടുപ്പിക്കരുതെന്ന് ഞാൻ അങ്ങയോടും പറയുന്നു. എന്നിട്ട് നിരപരാധികളെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടിയിലേയ്ക്ക് പോകണം. അതാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്.

അപ്പീൽ കൊടുക്കുന്നത് സിൻഡിക്കേറ്റിലാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സിൻഡിക്കേറ്റ് മെമ്പേഴ്സ് എവിടെ നിന്നെങ്കിലും തെരഞ്ഞെടുക്കപ്പെട്ട് വന്നതാണോ; അവർ പൊളിറ്റിക്കലി നോമിനേറ്റഡാണ്. കേരളത്തിൽ പൊളിറ്റിക്കലായി പല ഭാഗത്തായി ആളുകൾ നിൽക്കുകയല്ലേ; അങ്ങനെയുള്ള ആളുകൾ അപ്പീൽ കൈകാര്യം ചെയ്താൽ അതിൽനിന്നും നീതി ലഭിക്കില്ല എന്നാരെങ്കിലും വിശ്വസിച്ചാൽ അത് ശരിയല്ല എന്നുപറയാൻ സാധിക്കുമോ; അതുകൊണ്ട് ഈ ബിൽ സത്യസന്ധവും നിഷ്പക്ഷവും ആളുകൾക്ക് ബോദ്ധ്യമുള്ളതും കേരളം പോലെയൊരു സെൻസിറ്റീവ് സ്റ്റേറ്റിൽ ജനങ്ങളോട് പറയാൻ പറ്റുന്നതക്ക രൂപത്തിലുമാകണം. ഇതൊന്നും ഇതിനകത്ത് വന്നുപെട്ടിട്ടില്ല എന്നുള്ളതുകൊണ്ട് എന്റെ അമെന്റ്മെന്റ് മൂവ് ചെയ്യുകയാണ്. അങ്ങ് വളരെ അനുഭവമുള്ള ആളായതുകൊണ്ട് അതിനകത്തെ നല്ല ഭാഗങ്ങളെടുക്കുമെന്നാണ് എന്റെ വിശ്വാസം. അതല്ല, ഇപ്പുറത്തുനിന്ന് പറഞ്ഞതുകൊണ്ട് ഒരു വാക്കും തൊടില്ല എന്നൊരു വാശി ഇക്കാര്യത്തിൽ കാണിക്കരുത്. വിദ്യാഭ്യാസത്തെ അപ്പുറത്തും ഇപ്പുറത്തും നിന്ന് ഒരു ശിൽപ്പിയെപ്പോലെ പണിതുയർത്താൻ കഴിയണം. അതിന് ഞങ്ങളും കൂടാം. നിങ്ങളും കൂടണം. അതിന്റെ നോട്ടത്തിലും നാക്കിലും തെറ്റില്ലാതെ ആകൃതിയിലും പ്രകൃതിയിലും വ്യത്യാസമില്ലാതെ ഈ വിദ്യാഭ്യാസ ശിൽപ്പം നമുക്ക് നന്നായി മുന്നോട്ടുകൊണ്ടുപോകാനിടയാവട്ടെ; അതിനുവേണ്ടി അങ്ങ് ഒരു പുനർവിചിന്തനം നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. പതിനഞ്ചാം കേരള നിയമസഭയുടെ കാലയളവിൽ ഒട്ടേറെ ബില്ലുകൾ പാസ്സാക്കിയെടുത്തു. കഴിഞ്ഞ ദിവസം ചർച്ച ചെയ്തത് യൂണിവേഴ്സിറ്റി ബില്ലിനെക്കുറിച്ചായിരുന്നു. ഇന്ന് ചർച്ച ചെയ്യുന്നത് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചുള്ള ബില്ലാണ്. കഴിഞ്ഞ കാലയളവിലൊക്കെ ഇടതുപക്ഷം എതിർത്തുപോന്നിരുന്ന ഓട്ടോണമസ് കോളേജുകളുടെയും സ്വാശ്രയ സ്ഥാപനങ്ങളുടെയും അധികാരപരിധിയിലേയ്ക്ക് കടന്നുകയറുന്നുവെന്നാണ് ഈ രണ്ട് ബില്ലുകളിലൂടെ വ്യക്തമാകുന്നത്. അതിനുവേണ്ടിയാണെങ്കിലും സ്വാശ്രയ സ്ഥാപനങ്ങളെ ഇടതുപക്ഷം അംഗീകരിക്കുന്നുവെന്നത് സന്തോഷകരമാണ്. രണ്ട് സ്വാശ്രയ കോളേജുകൾക്ക് തുല്യമാണ് ഒരു ഗവൺമെന്റ് കോളേജ് എന്ന് യു.ഡി.എഫ്. ഗവൺമെന്റ് വിഭാവനം ചെയ്തിരുന്നതിനെയാണ് ഇടതുപക്ഷം എതിർത്തിരുന്നത്. അവർ ഇപ്പോൾ അതിനെ അംഗീകരിക്കുകയും അതുമായി ബന്ധപ്പെട്ട എല്ലാ പരിപാടികളിലും സഹകരിക്കുകയും സ്വാശ്രയ കോളേജിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെക്കുറിച്ച് നല്ല രീതിയിൽ ചിന്തിക്കുകയും ചെയ്യുന്നുവെന്നത് ആശാവഹമായ കാര്യമാണ്. ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ചരിത്രത്തെ മുഴുവൻ മാറ്റിയെഴുതി ഇന്ത്യൻ സംസ്കാരത്തെ വർഗ്ഗീയവത്കരിക്കാൻ ശ്രമിക്കുന്നതുപോലെ കേരളത്തിലെ വിദ്യാഭ്യാസ മേഖല തങ്ങളുടെ വരുതിയിലാക്കി നിയന്ത്രിക്കാനുള്ള ഗൂഢലക്ഷ്യം ഈ ബില്ലിലൂടെ വ്യക്തമാവുകയാണ്. നിയമനങ്ങളും പഠനവുമൊക്കെ ഇടതുപക്ഷക്കാർക്ക് മാത്രമാക്കിക്കൊണ്ടുപോകാനുള്ള ശ്രമത്തെയാണ് പ്രതിപക്ഷം എതിർക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തിനായി സംസ്ഥാനത്ത് ആവശ്യത്തിന് സർക്കാർ എയ്ഡഡ് കോളേജുകളില്ല. സർക്കാരിന് ഉന്നത വിദ്യാഭ്യാസ മേഖലയിലടക്കം സ്വന്തമായി മുതൽ മുടക്കാൻ കഴിയാത്തതിനാൽ ധാരാളം സ്വാശ്രയ കോളേജുകൾ ഉടലെടുത്തിട്ടുണ്ട്. നിലവിലെ കണക്കനുസരിച്ച് കേരളത്തിൽ എഴുന്നൂറോളം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളാണുള്ളത്. അതിൽ 68 ശതമാനം കോളേജുകളും സ്വകാര്യ-സ്വാശ്രയ മേഖലയുടെ സംഭാവനയാണ്. അഭിപ്രായവ്യത്യാസമുണ്ടെങ്കിൽപ്പോലും സ്വാശ്രയ സ്ഥാപനങ്ങളുടെ പ്രസക്തി കുറച്ചുകാണാൻ കഴിയില്ല. അവരെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം കയറൂരി വിടാതെ നിയന്ത്രിക്കുകയും വേണം. ഇത്തരം സ്ഥാപനങ്ങളിൽനിന്നും പുറത്തുവരുന്ന വിദ്യാർത്ഥികളുടെ നൈപുണ്യം സർക്കാർ തലത്തിൽ പരിശോധിക്കുകയും മികച്ച പ്രതിഭകളെ വാർത്തെടുക്കാൻ സ്വാശ്രയ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്യണം. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയിൽ നിലവിൽ സ്വാശ്രയ വിദ്യാഭ്യാസ

മേഖലയും വലിയ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥികളിൽനിന്നും ലഭിക്കുന്ന ഫീസ് ഉപയോഗിച്ചാണ് സ്വാശ്രയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ഫീസ് യഥാസമയം നൽകാൻ പല രക്ഷിതാക്കൾക്കും കഴിയുന്നില്ല. അതിന് കഴിയുന്നവരും ഈ തണൽ പിടിച്ച് ഫീസ് നൽകുന്നതിൽ ഉപേക്ഷ വരുത്തുന്നു. ചുരുക്കിപ്പറഞ്ഞാൽ സ്വാശ്രയ സ്ഥാപനങ്ങളുടെ വരുമാനം ഇടിഞ്ഞ് ജീവനക്കാർക്ക് വേതനം പൂർണ്ണമായി കൊടുക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. പല കാരണത്താലും സ്വാശ്രയ മേഖലയിൽ നിന്നും വലിയ തോതിൽ കൊഴിഞ്ഞുപോക്കുണ്ടാകുന്നു. ഇതും വരുമാനക്കുറവിന് കാരണമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, രണ്ട് സ്വാശ്രയ കോളേജുകൾ ഒരു സർക്കാർ കോളേജിന് തുല്യം എന്ന തത്വത്തിലാണ് എ. കെ. ആന്റണി സർക്കാരിന്റെ കാലത്ത് യു.ഡി.എഫ്. കേരളത്തിൽ സ്വാശ്രയ കോളേജുകൾ/സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ് കൊണ്ടുവന്നത്. ഇന്ന് അവതരിപ്പിച്ച സബ്മിഷനുകളിലും പല അംഗങ്ങളുടെ പ്രസംഗത്തിലും ചൂണ്ടിക്കാണിച്ച വിഷയം, പ്ലസ് ടു പാസ്സാകുന്ന കുട്ടികൾക്ക് ഡിഗ്രിക്ക് സീറ്റ് കൊടുക്കാൻ സാധിക്കാത്തത് സംബന്ധിച്ചാണ്. പാസ്സായ കുട്ടികളുടെ 20 ശതമാനം പോലും ഗവൺമെന്റ് എയ്ഡഡ് കോളേജുകളിൽ ഉൾക്കൊള്ളിക്കാൻ കഴിയില്ല. ബാക്കി കുട്ടികൾ പഠിക്കുന്നത് സ്വാശ്രയ സ്ഥാപനങ്ങളിലാണ്. സ്വാശ്രയ സ്ഥാപനങ്ങളിലെ 50 ശതമാനം സീറ്റും മെറിറ്റിലാണ്; അതിൽനിന്നും കുറഞ്ഞ ഫീസാണ് ഈടാക്കുന്നത്. ഈ സ്ഥാപനങ്ങൾക്ക് യാതൊരുവിധ സർക്കാർ എയ്ഡും ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത് അവരുടെ സാമ്പത്തിക ക്ലേശങ്ങളും കോവിഡ് കാലത്തുണ്ടായ പ്രയാസങ്ങളെയും കുറിച്ചാണ്. ഈ സാഹചര്യത്തിൽ ചില എഞ്ചിനീയറിംഗ് കോളേജുകൾ പൂട്ടിപ്പോകുകയും ചെയ്തു. ഇങ്ങനെയുള്ള പ്രതിസന്ധികളിൽ ഇത്തരം കോളേജുകൾക്ക് കടുത്ത നിയന്ത്രണങ്ങൾ വരുമ്പോൾ അവർ ഈ രംഗം വിടുമ്പോൾ അത് പാവപ്പെട്ട കുട്ടികളെയാണ് ബാധിക്കുന്നത്. മെറിറ്റിലുള്ള 50 ശതമാനം കുട്ടികൾക്ക് സർക്കാർ ഫീസിൽ പഠിക്കുന്നതിന് ഈ കോളേജുകൾ സൗകര്യം ചെയ്യുന്നു. ഈ സ്ഥാപനങ്ങൾ നിലനിൽക്കേണ്ടതും അവയെ നിലനിർത്തേണ്ടതും ആവശ്യമാണെന്നല്ലേ അങ്ങ് പറഞ്ഞുവരുന്നത്?

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, തീർച്ചയായും. സ്വാശ്രയ സ്ഥാപനങ്ങളെ രക്ഷിക്കാനുള്ള പദ്ധതി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. സ്ഥാപനങ്ങൾ നിലനിൽക്കേണ്ടത് മാനേജ്മെന്റിന്റെയും സമൂഹത്തിന്റെയും ജീവനക്കാരുടെയും ആവശ്യമാണ്. അതുകൊണ്ട് സ്വാശ്രയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും സഹായമുണ്ടാകണം. കോവിഡ്

മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കുന്നതുവരെ ജീവനക്കാരുടെ വേതനം നൽകാൻ ഒരു നിശ്ചിത ശതമാനം തുക സർക്കാർ നൽകണം. കുട്ടികളിൽ നിന്നും ഇപ്പോൾ ഫീസ് ലഭിക്കുന്നില്ലെന്ന് എല്ലാവർക്കുമറിയാം. രണ്ടുവർഷമായി കോളേജുകൾ അടഞ്ഞുകിടക്കുന്നു. രക്ഷിതാക്കളും പലതരത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്നു. സ്വാശ്രയ കോളേജിന്റെ വരുമാനമെന്ന് പറയുന്നത് കുട്ടികളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന ഫീസാണ്; അതിപ്പോൾ മുടങ്ങിയിരിക്കുന്നു. ഈ സ്ഥാപനം മുന്നോട്ടുകൊണ്ടുപോകണമല്ലോ? വലിയ തോതിൽ പശ്ചാത്തല സൗകര്യങ്ങളൊരുക്കി കോടിക്കണക്കിന് രൂപ ഇൻവെസ്റ്റ് ചെയ്ത് പ്രവർത്തിക്കുന്ന സ്വാശ്രയ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന ഒട്ടനവധി പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാകണം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി നിർദ്ദേശിക്കുന്ന രീതിയിലുള്ള അക്കാദമിക് പ്രവർത്തനങ്ങൾ നടത്തണമെന്ന് ബില്ലിൽ പറയുന്നത് നല്ല കാര്യമാണ്. അതിലേയ്ക്കായി അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും സിലബസ് പരിഷ്കരിക്കുകയും വർക്ഷോപ്പ് നടത്തുകയും വേണം. പക്ഷേ, സ്വാശ്രയ മേഖലയിലെ അദ്ധ്യാപകർക്ക് രജിസ്ട്രേഷനുമില്ല, എൻട്രിയുമില്ല. പിന്നെ എങ്ങനെയാണ് ഇതൊക്കെ നടത്തുന്നത്. അവർക്ക് എൻട്രിയില്ലെങ്കിൽ സ്വാഭാവികമായും യൂണിവേഴ്സിറ്റി അവരെ വിളിക്കില്ല. ഇതിൽ വരുന്ന പ്രധാനപ്പെട്ട പ്രശ്നം ക്വാളിറ്റി ഡെവലപ്മെന്റാണ്. ഈ വ്യവസ്ഥകൂടി ബില്ലിലുൾപ്പെടുത്തണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമില്ലേ?

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, തീർച്ചയായും. വിദ്യാർത്ഥികളെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാനാണ് ആഗ്രഹിക്കുന്നതും ശ്രമിച്ചുകൊണ്ടിരിക്കുന്നതും. കോളേജുകളിൽ അതിന് പ്രാപ്തരായ ഫാക്കൽറ്റീസിനെ നിയമിക്കുകയും അവരുടെ ശമ്പളവും സേവന വേതന വ്യവസ്ഥകളും പരിഷ്കരിക്കുകയും ചെയ്യണം. അദ്ധ്യാപകർ ബിരുദവും ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും നേടിയവരാണ്. അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനനുസരിച്ചുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ സ്വാശ്രയ കോളേജുകൾ അതിന് പ്രാപ്തമല്ല. വലിയൊരു സേവനമാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. സ്വാശ്രയ സ്ഥാപനങ്ങൾ നടത്തുന്നത് ഓർഫനേജുകൾ, മറ്റ് ധർമ്മ സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവരൊക്കെയാണ്. അവരൊക്കെ വലിയ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതുപോലുള്ള സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ നല്ല രീതിയിലുള്ള പിന്തുണ ആവശ്യമാണ്.

ശ്രീ. പി. കെ. ബഷീർ: സർ, സ്വാശ്രയ കോളേജുകൾക്ക് കഴിഞ്ഞ രണ്ട് വർഷമായി കോഴ്സുകളൊന്നും നൽകുന്നില്ല. ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി സൂചിപ്പിച്ചതുപോലെ ഡിഗ്രി കോഴ്സിനും പി.ജി. കോഴ്സിനും 10,000 രൂപയും 25,000 രൂപയും ഫീസടയ്ക്കുന്നുണ്ട്. രണ്ടുവർഷമായി യൂണിവേഴ്സിറ്റിയിൽ ഫീസടച്ചിട്ടും ഏതെങ്കിലും കോഴ്സിന് അംഗീകാരം നൽകിയിട്ടുണ്ടോ; നിങ്ങൾക്ക് അംഗീകാരം നൽകിക്കൂടെ? ഗവൺമെന്റ് കോളേജിലും എയ്ഡഡ് കോളേജിലും കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കാനും നിങ്ങൾക്ക് കഴിയുന്നില്ല. ഫീസ് കൊടുത്ത് പഠിക്കാമെന്ന് വിചാരിച്ചാൽ അതിന് കോഴ്സ് കൊടുക്കുകയുമില്ല. ന്യൂജെൻ കോഴ്സുകൾ കൊടുക്കുന്നുണ്ടോ; ഇല്ലല്ലോ; തിന്നുകയുമില്ല തീറ്റിക്കുകയുമില്ല. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കണമെന്ന് പറഞ്ഞു. യൂണിവേഴ്സിറ്റി ഫീസും പരീക്ഷകൾക്ക് ഗവൺമെന്റ് ഫീസും നിങ്ങൾ വാങ്ങുന്നു. എന്നാൽ സ്വാശ്രയ കോളേജുകൾക്ക് കുട്ടികളിൽനിന്നും ഫീസ് വാങ്ങാൻ പാടില്ല. അദ്ധ്യാപകർക്കും മിനിസ്റ്റീരിയൽ സ്റ്റാഫിനും ശമ്പളം കൊടുക്കണം. അങ്ങനെയാണെങ്കിൽ ഈ കോവിഡ് കാലഘട്ടത്തിൽ ഗവൺമെന്റ് ഫീസും യൂണിവേഴ്സിറ്റി ഫീസും ഒഴിവാക്കിക്കൊടുക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഗവൺമെന്റ് കോളേജുകളിലെല്ലാം പഴഞ്ചൻ കോഴ്സുകൾ മാത്രമാണുള്ളത്. എല്ലാ കോഴ്സുകളെയും പഴഞ്ചൻ കോഴ്സുകളെന്ന് പറയുകയല്ല. മൈക്രോ ബയോളജി, ബയോ ടെക്നോളജി, ബി.എം.എം.സി. (Bachelor of Multimedia Communication) തുടങ്ങിയ ആർക്കും വേണ്ടാത്ത കോഴ്സുകളാണുള്ളത്. വളരെ മോഡേണായ കോഴ്സുകൾ ഗവൺമെന്റ് കോളേജിലില്ല. കാരണം ജിയോളജി കോഴ്സുകൾക്ക് വലിയ ലാബും ഇൻവെസ്റ്റുമെന്റും വേണം. പക്ഷേ സ്വാശ്രയ മേഖലയിലെ കോളേജുകൾക്ക് ഇത് അനുവദിക്കുന്നുമില്ല. ഇതൊക്കെ കെട്ടിപ്പിടിച്ചുനിൽക്കുക എന്നല്ലാതെ യൂണിവേഴ്സിറ്റികൾക്ക് താൽപ്പര്യമുള്ള കോളേജുകൾക്കുമാത്രം ഈ കോഴ്സുകൾ കൊടുക്കുന്നു. സൗകര്യമുള്ള കോളേജുകൾക്ക് കൊടുക്കുന്നില്ല എന്ന വിവരം അങ്ങേയ്ക്കറിയാമോ?

ശ്രീ. പി. അബ്ദുൽ ഹമീദ് : സർ, തീർച്ചയായും.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സ്വാശ്രയ കോളേജുകളും സർവ്വകലാശാലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടാകുമ്പോൾ അവിടെയൊരു അപ്പലേറ്റ് ട്രൈബ്യൂണൽ വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഈ ബില്ലിൽ അത് കാണുന്നില്ല. അതിനുപകരം സിൻഡിക്കേറ്റായിരിക്കുമെന്നാണ് പറയുന്നത്. സിൻഡിക്കേറ്റ് പ്രശ്നങ്ങൾ പരിഹരിക്കാൻ വരുമ്പോൾ അതിൽ രാഷ്ട്രീയമായ ഇടപെടലുണ്ടാകുമെന്നുള്ളത് സ്വാഭാവികമാണ്. T.M.A. Pai

Foundation കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി അത് പറയുന്നുണ്ട്. ഈ രീതിയിൽ ബില്ലിൽ സ്വതന്ത്രമായി നിൽക്കുന്ന ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ വേണമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, രാഷ്ട്രീയവൽക്കരിക്കുന്നതിന്റെ കാര്യം തുടക്കത്തിൽ ഞാൻ സൂചിപ്പിച്ചു. ശ്രീ. പി. കെ. ബഷീറും ശ്രീ. മഞ്ഞളാംകുഴി അലിയും സ്ഥാപനങ്ങൾ നടത്തുന്ന ആളുകളാണ്. ശ്രീ. മഞ്ഞളാംകുഴി അലി കേരളത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സഹകരണ സ്ഥാപനം നടത്തുന്ന ആളാണ്. ......(...ബഹളം...)

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സഹകരണ മേഖലയിലെ ഒരു കോളേജിന്റെ ചെയർമാനാണ് ഞാൻ. കേരളത്തിലെ ഏറ്റവും വലിയ കോളേജാണത്. നാല് യൂണിവേഴ്സിറ്റി റാങ്കാണ് ഇപ്രാവശ്യം ആ കോളേജിന് ലഭിച്ചതെന്ന് നിങ്ങൾക്കറിയാമോ; ഒരു നയാപൈസ പോലും കൂടുതലായി ഒരു കുട്ടിയുടെയും കയ്യിൽനിന്നും വാങ്ങുന്നില്ല. അവിടെ മുപ്പതോളം കുട്ടികളെ സൗജന്യമായി പഠിപ്പിക്കുന്നുണ്ട്. അതും അങ്ങേയ്ക്കറിയാമോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കൂത്തുപറമ്പിലെ രക്തസാക്ഷികൾ എന്തിനുവേണ്ടിയാണോ വെടിയേറ്റ് മരിച്ചത്, അവരുടെ രക്തസാക്ഷിത്വം നിലനിൽക്കുന്ന സ്കൂൾ കെട്ടിടത്തിന്റെ ഏതാനും കിലോമീറ്റർ അകലെ സി.പി.ഐ.(എം.) നേതൃത്വം നൽകുന്ന സ്വാശ്രയ കോളേജുണ്ടെന്നത് അങ്ങേയ്ക്കറിയാമോ; അവരാണ് ഇതിനെ എതിർക്കുന്നത്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ശ്രീ. പി. കെ. ബഷീറും ശ്രീ. മഞ്ഞളാംകുഴി അലിയും പുതിയ കോഴ്സുകളെ സംബന്ധിച്ച് സൂചിപ്പിച്ചു. കോളേജുകളിൽ ന്യൂജെൻ കോഴ്സുകൾ വേണം. വിദ്യാഭ്യാസത്തിന്റെ അനന്തമായ സാധ്യതകൾ കുട്ടികൾ പ്രയോജനപ്പെടുത്തണം. പ്രതിഭാശാലികളും അതിന് പ്രാപ്തരുമായ കുട്ടികൾക്ക് അതിനനുസരിച്ചുള്ള കോഴ്സുകൾ കോളേജുകളിൽ അനുവദിക്കുന്നില്ലെന്നതാണ് ദുഃഖകരമായ കാര്യം.

ശ്രീ. മോൻസ് ജോസഫ്: സർ, സ്വാശ്രയ കോളേജുകളുടെ വിവിധ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചു. പ്രധാനപ്പെട്ട വിഷയമാണ് കോളേജുകൾ നിലനിൽക്കുന്നതിന്റെ പ്രശ്നം. സ്വാശ്രയ കോളേജുകൾ കേരളത്തിൽ നിലനിൽക്കാൻ പറ്റാത്ത വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. സ്വാശ്രയ കോളേജുകളുടെ മെറിറ്റ് വർദ്ധിപ്പിക്കണമെന്ന കാര്യത്തിൽ തർക്കമില്ല. എയ്ഡഡ് കോളേജുകളിൽ ഗവൺമെന്റിന് കോഴ്സ് നൽകാനും പുതിയ കോളേജ് അനുവദിക്കാനും സാധിക്കാത്തതിനാൽ പാരലൽ സംവിധാനമായാണ് സ്വാശ്രയ

കോളേജുകൾ വന്നിരിക്കുന്നത്. അത് തത്വത്തിൽ കേരളത്തിൽ അംഗീകരിക്കപ്പെട്ട കാര്യമാണ്. എന്നാൽ ആ കോളേജുകൾ പ്രവർത്തിപ്പിച്ചുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ട്. എം.എൽ.എ.മാർ ഈ രംഗത്ത് പ്രവർത്തിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. നല്ലനിലയിൽ കോളേജുകൾ പ്രവർത്തിക്കുന്നത് തീർച്ചയായും സ്വാഗതാർഹമാണ്. ഈ ബിൽ അവതരിപ്പിക്കുന്നതിന് മുമ്പായി ഇതുമായി ബന്ധപ്പെട്ട പ്രസക്തമായ കാര്യങ്ങൾ ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് കേരളത്തിലെ കത്തോലിക്ക മെത്രാൻ സമിതിയുടെ വിദ്യാഭ്യാസ കമ്മീഷൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വിഭ്യാഭ്യാസ വകുപ്പുമന്ത്രിക്കും കത്തുകൊടുത്തു. എന്നാൽ ഇതുസംബന്ധിച്ച് ചർച്ച നടത്തിയില്ല. ഈ ബിൽ പാസ്സാകുന്നതിനുമുമ്പ് സ്വാശ്രയ മാനേജുമെന്റുകളെക്കൂടി വിശ്വാസത്തിലെടുക്കാതെ തൃപ്തികരമായി എങ്ങനെ ഈ രംഗത്ത് കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയും? സ്വാശ്രയ മാനേജുമെന്റുകളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടുള്ള ചർച്ചയ്ക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഗവൺമെന്റും തയ്യാറാകേണ്ടതായിരുന്നു. ബില്ലിലെ 5, 7, 10 എന്നീ വകുപ്പുകളിൽ പറയുന്ന നിരവധി കാര്യങ്ങൾ സ്വാശ്രയ മാനേജുമെന്റുകളെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക അവർ പ്രകടിപ്പിച്ചിട്ടുണ്ട്. അത്തരം വിഷയങ്ങളിൽ തൃപ്തികരമായി ഭരണഘടന അനുശാസിക്കുന്ന, ന്യായയുക്തമായ കാര്യങ്ങൾ നടപ്പാക്കിക്കൊടുക്കാൻ ഗവൺമെന്റിന് കടമയുണ്ട്. അത്തരം കാര്യങ്ങൾ പരിഗണിക്കാതെയാണ് ഈ ബിൽ പൈലറ്റ് ചെയ്ത് മുന്നോട്ടുപോകുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, തീർച്ചയായും. സ്വാശ്രയ കോളേജുകളെ സംബന്ധിച്ചിടത്തോളം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന ഈ ബിൽ തയ്യാറാക്കിയ വേളയിലോ ഓർഡിനൻസിന്റെ വിളംബരത്തിന് ശേഷമോ അതിനുമുമ്പോ ഈ മേഖലയിൽ ഗണ്യമായ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന മാനേജുമെന്റുകളോട് ആലോചിച്ചിട്ടില്ലെന്നത് സത്യമാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, അങ്ങയുടെ പ്രസംഗത്തിൽ ഇടപെട്ടുകൊണ്ട് ശ്രീ. ടി. വി. ഇബ്രാഹിം സ്വാശ്രയ കോളേജുകളെ സംബന്ധിച്ച് രക്തസാക്ഷികളുമായി ബന്ധപ്പെടുത്തി പറഞ്ഞു. യഥാർത്ഥത്തിൽ ഇപ്പോഴത് യാഥാർത്ഥ്യമായിരിക്കുന്നുവെന്നാണ് ശ്രീ. പി. കെ. ബഷീറും ശ്രീ. മഞ്ഞളാംകുഴി അലിയും ചൂണ്ടിക്കാണിച്ചത്. കാരണം ഇത്തരം സ്വാശ്രയ കോളേജുകളിൽനിന്നും പഠിച്ചിറങ്ങുന്ന കുട്ടികളുടെ വിദ്യാഭ്യാസപരമായ ഗുണനിലവാരം വളരെ മോശപ്പെട്ടുപോകുന്നുവെന്ന് അവർ വളരെ സമർത്ഥമായി പറഞ്ഞു. കേരളത്തിൽ 468 സ്വാശ്രയ കോളേജുകളും 172 എഞ്ചിനീയറിംഗ് കോളേജുകളുമുണ്ട്. അവിടെനിന്നും പഠിച്ചിറങ്ങുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച്

വളരെ വ്യക്തമായാണ് ശ്രീ. മഞ്ഞളാംകുഴി അലി സൂചിപ്പിച്ചത്. വിദ്യാഭ്യാസ നിലവാരം കുറയുമെന്നും രണ്ട് സ്വാശ്രയ കോളേജിന് തുല്യം ഒരു ഗവൺമെന്റ് കോളേജ് എന്ന തത്വത്തിൽ നിന്നും വ്യതിചലിച്ചുപോകുന്നുവെന്ന അവസ്ഥ വന്നപ്പോൾ സമരമല്ലാതെ മറ്റെന്ത് മാർഗ്ഗമാണ് നമുക്ക് മുന്നിലുള്ളത്.

ശ്രീ. എ. എൻ. ഷംസീർ: സർ, സ്വാശ്രയ കോളേജിനെ സംബന്ധിച്ചാണ് ഡിബേറ്റ് ചെയ്യപ്പെടുന്നത്. 'An inevitable evil - അനിവാര്യമായ തിന്മ' എന്നുള്ള നിലയിലാണ് സ്വാശ്രയ കോളേജുകളെ സ്വാഗതം ചെയ്യുന്നത്. സ്വാശ്രയ കോളേജുകൾ quality ensure ചെയ്യുന്നതിനെ നമ്മൾ എന്തിനാണ് എതിർക്കുന്നത്; ബഹുമാനപ്പെട്ട അംഗം മഞ്ഞളാംകുഴി അലിയുടെ സ്ഥാപനത്തിൽ നിന്നും പഠിച്ചിറങ്ങിയ കുട്ടികൾക്ക് റാങ്ക് കിട്ടി എന്നുപറഞ്ഞ് അദ്ദേഹം ഊറ്റംകൊള്ളുന്നത് നല്ല കാര്യം തന്നെ. ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത് അത്തരത്തിൽ quality ensure ചെയ്യുക, പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് മാന്യമായ വേതനം കൊടുക്കുക എന്നുള്ളതാണ്. അത്തരമൊരു സംവിധാനം വരുന്നതിനെ എതിർക്കുന്നത് എന്തിനാണെന്നാണ് എന്റെ ആശങ്ക? കോളേജിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യത പോസ്റ്റ് ഗ്രാജുവേഷൻ പ്ലസ് നെറ്റ്/പോസ്റ്റ് ഗ്രാജുവേഷൻ പ്ലസ് പി.എച്ച്.ഡി. ആണ്. അങ്ങനെ പഠിപ്പിക്കാൻ വരുന്ന അദ്ധ്യാപകന് അത്തരത്തിലുള്ള ക്വാളിറ്റിയുണ്ടാകണം. അങ്ങനെയുള്ള അദ്ധ്യാപകന് റീസണബിൾ വേജ് കൊടുക്കണമെന്ന രീതിയിൽ പറഞ്ഞാൽ അതിലെന്ത് തെറ്റാണുള്ളത്?

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ക്വാളിറ്റി വേണം. അത് ഉറപ്പാക്കിത്തന്നെ മുന്നോട്ടുപോകണം.

ശ്രീ. നജീബ് കാന്തപുരം: സർ, പതിനായിരക്കണക്കിന് കുട്ടികളുടെ ഭാവിയുമായി ബന്ധപ്പെട്ട സുപ്രധാനമായ നിയമനിർമ്മാണ ചർച്ചയാണിത്. സ്വാശ്രയ മേഖലയിലെ സ്ഥാപനങ്ങളെ ഒരുകാലത്ത് എതിർത്തിരുന്ന ആളുകൾ ഇന്ന് അതേ സ്ഥാപനങ്ങളെ ഒരു സിൻഡിക്കേറ്റ് രാജിലൂടെ പിടിച്ചെടുക്കാൻ ശ്രമിക്കുന്നു എന്നതാണ് ഈ ബില്ലിലെ ഏറ്റവും ദുരൂഹമായ കാര്യം. കാരണം നേരത്തെ ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ഓട്ടോണമസ് യൂണിവേഴ്സിറ്റികളുടെ കാര്യം പറഞ്ഞു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, യൂണിവേഴ്സിറ്റി പ്രതിവർഷം വലിയ ഫീസാണ് അഫിലിയേഷനും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്വാശ്രയ കോളേജുകളിൽനിന്നും ഈടാക്കുന്നത്. ഇതുപോലുള്ള സ്ഥാപനങ്ങൾക്ക് വലിയ

ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യങ്ങളാണത്. ഇത്തരം വിഷയങ്ങൾ ശ്രദ്ധിക്കുന്നത് നന്നായിരിക്കും. കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക എന്ന മഹത്തായ ദൗത്യമാണ് അവർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. വലിയ ഇൻവെസ്റ്റുമെന്റ് നടത്തി, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി വലിയ തോതിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകിക്കൊണ്ടിരിക്കുന്ന സ്വാശ്രയ സ്ഥാപനങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശ പ്രകാരമാണ് ഈ ബിൽ കൊണ്ടുവന്നതെന്ന് ബഹുമാന്യയായ മന്ത്രി പറയുകയുണ്ടായി. ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതോടൊപ്പം പരാതികളും പരിഹരിക്കപ്പെടണം. ജീവനക്കാരുടെ സംതൃപ്തിയാണ് പ്രധാനപ്പെട്ട ലക്ഷ്യം. അതിനുവേണ്ടി സ്വാശ്രയ കോളേജിന്റെ ഉത്തരവാദപ്പെട്ട മാനേജുമെന്റുകളുമായും അദ്ധ്യാപക സംഘടനകളുമായും ചർച്ചചെയ്ത് എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ ബിൽ അവതരിപ്പിക്കണമെന്നാണ് ഈ സന്ദർഭത്തിൽ പറയാനുള്ളത്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായ ഗുണഫലങ്ങളുളവാക്കുന്ന വളരെ ആധികാരികമായ നിയമനിർമ്മാണത്തിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഏറ്റവും ശ്രദ്ധേയമായ നിലയിൽ ആവശ്യമായ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിച്ച ഈ ബില്ലിനെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ഇവിടെ പല പ്രതിപക്ഷാംഗങ്ങളും സംസാരിച്ചപ്പോൾ സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ കൈവരിക്കുകയും അവിടെ നടക്കുന്ന അനഭിലഷണീയമായ പ്രവണതകൾ നിരുത്സാഹപ്പെടുത്തുകയും ചെയ്യേണ്ടതിനുപകരം വിദ്യാഭ്യാസരംഗത്ത് കച്ചവടവൽക്കരണം നടപ്പിലാക്കുന്നതിന് വേണ്ടിയാണോ അവർ സംസാരിക്കുന്നതെന്ന സംശയം മനസ്സിൽ തോന്നുകയാണ്. ഏറ്റവും ഗുണപരമായ ഈ രംഗത്തെ നിലവാരം ഉറപ്പുവരുത്താൻ പര്യാപ്തമായ പൊതുവിദ്യാഭ്യാസ മേഖലയോട് താദാത്മ്യപ്പെടുത്തികൊണ്ട് സ്വാശ്രയ മേഖലയെയും റെഗുലറൈസ് ചെയ്യാൻ ലക്ഷ്യംവച്ചിട്ടുള്ള ബില്ലിനോടുള്ള അവരുടെ സമീപനമാണ് ഞാൻ സൂചിപ്പിക്കുന്നത്. 'Education is the most powerful weapon, which you can use to change the world' എന്നത് നെൽസൺ മണ്ടേലയുടെ പ്രസിദ്ധമായ വാക്യമാണ്. സ്വാഭാവികമായും വിദ്യാഭ്യാസ രംഗത്തെ നിലവാര വർദ്ധനവിന് ഏറ്റവും പര്യാപ്തമായ നിയമനിർമ്മാണമാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ രംഗത്തിന് വലിയ പങ്കുണ്ടെന്നുള്ളത് സുവ്യക്തമായ കാര്യമാണ്. അതിനാൽ അവിടെ സാമൂഹ്യ നീതി ഉറപ്പുവരുത്താനുള്ള

വലിയ ഉത്തരവാദിത്വത്തിന്റെ ഭാഗമാണ് ഈ ബില്ലെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. Quality education is highly related to qualified teachers. വിദ്യാഭ്യാസ രംഗത്ത് നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള ഏറ്റവും ആവശ്യമായ കാര്യമാണ് അദ്ധ്യാപനത്തിന്റെ നിലവാര വർദ്ധനവ്. ആ നിലവാര വർദ്ധനവിന് ഏറ്റവും ഉപകരിക്കുന്ന ഒന്നാണ് ഈ നിയമനിർമ്മാണം. സംസ്ഥാനത്തെ വിവിധ മേഖലകളിൽ സാമൂഹ്യ നീതി ഉറപ്പാക്കാൻ പര്യാപ്തമായ ഇടപെടലുകളിൽ ഏറ്റവും അത്യന്താപേക്ഷിതമായ ഒരു മേഖലയായ വിദ്യാഭ്യാസ മേഖലയിലും അത് ഉണ്ടാക്കിയെടുക്കുന്നതിനുള്ള നല്ല ശ്രമം ഈ ബില്ലിൽ നിഴലിക്കുന്നുണ്ട്. സ്വാശ്രയ മേഖലയിലെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് ഈ ബിൽ ഉപകരിക്കുമെന്നത് പ്രസക്തമായ കാര്യമാണ്. ശൈക്ഷണിക മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് അവരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചും തൊഴിൽപരമായ അവകാശങ്ങളുടെ നിയമപരമായ പരിരക്ഷ സംബന്ധിച്ചും ന്യായമായ അവകാശങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുകയെന്ന ചരിത്രപരമായ ദൗത്യവും ഈ ബില്ലിലൂടെ ലക്ഷ്യം വയ്ക്കുന്നുവെന്നത് അടിവരയിട്ട വസ്തുതയാണ്. വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരണത്തെ ഏവരും എതിർക്കുന്ന കാഴ്ച മുൻകാലങ്ങളിൽ കണ്ടിട്ടുണ്ടെങ്കിൽ അതിന് മൂക്കുകയറിടാനും നിയന്ത്രണം വരുത്താനും വിദ്യാഭ്യാസ മേഖലയെ തികച്ചും സേവനത്തിന്റേതായ തലങ്ങളിലൂടെയും സാമൂഹ്യ നീതിയുടെ തത്വങ്ങൾ അടിസ്ഥാനമാക്കിയും കൊണ്ടുപോകേണ്ടതിന്റെ ഏറ്റവും പ്രസക്തമായ നടപ്പിലാക്കൽ ബില്ലിൽ ലക്ഷ്യംവയ്ക്കുന്നുണ്ട്. അക്കാദമിക് രംഗത്ത് ഏറ്റവും പ്രധാനമായി വേണ്ടത് മികച്ച വിദ്യാഭ്യാസവും നിലവാര വർദ്ധനവും ഉറപ്പുവരുത്തുക എന്നതാണ്. അതിലേയ്ക്കായി എത്രയെങ്കിലും ശമ്പളം കൊടുത്ത് പഠിപ്പിക്കാൻ ആളുകളെ ലഭിക്കുന്ന സാഹചര്യമുണ്ടാക്കുകയോ മാനേജ്മെന്റിന് ഇഷ്ടമുള്ള ശമ്പളം കൊടുത്തുകൊണ്ട് ആ ശമ്പളത്തിനനുസൃതമായി പഠിപ്പിക്കാൻ മുന്നോട്ടുവരുന്ന ഉപയുക്തരായ അദ്ധ്യാപകരെ മാത്രമുണ്ടാകുന്ന സ്ഥിതിയും ഒരിക്കലും ഒരു പരിഷ്കൃത സമൂഹത്തിലെ വിദ്യാഭ്യാസ മേഖലയ്ക്ക് ഭൂഷണമല്ല. ഒരു രാജ്യത്തെ തകർക്കാൻ സ്ഫോടക വസ്തുക്കളോ ആയുധ ശേഖരങ്ങളോ അല്ല, അതിനേക്കാളുപരി അവിടത്തെ വിദ്യാഭ്യാസ മേഖലയെ തകർത്താൽ മതിയെന്നുള്ള പല്ലവി കാലങ്ങളായി നിലനിൽക്കുകയാണ്. അതുകൊണ്ടുതന്നെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സാമൂഹിക പ്രതിബദ്ധതയുടെയും രാഷ്ട്ര പുനർനിർമ്മാണത്തിന്റെയും പ്രതിബദ്ധതാപൂർവ്വമായ നയങ്ങൾ നിഴലിക്കുന്നതാണ് ഈ ബിൽ. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയിരത്തോളംവരുന്ന സ്വാശ്രയ കോളേജുകളിൽ ജോലി ചെയ്യുന്ന ഏകദേശം അമ്പതിനായിരത്തോളം അദ്ധ്യാപക/അനദ്ധ്യാപകരുടെ നിയമപരമായ തൊഴിലവകാശ, സംരക്ഷണ മേഖലയ്ക്കും വിദ്യാഭ്യാസ നിലവാര വർദ്ധനവിനും പര്യാപ്തമായ ഈ നിയമം

കേരളത്തിന്റെ ആധുനിക വിദ്യാഭ്യാസ രംഗത്തെ ചരിത്രത്തിൽ ഒരു മാഗ്നാകാർട്ടയായി രേഖപ്പെടുത്തുമെന്ന് സൂചിപ്പിക്കുന്നു. ഈ ബില്ലിലൂടെ തൊഴിൽ ദിനങ്ങളും ജോലി സമയവുമെല്ലാം ഗവൺമെന്റ്/എയ്ഡഡ് മേഖലയ്ക്ക് സമാനമാക്കുകയും അവധി ദിനങ്ങൾ ഗവൺമെന്റ് മേഖലയ്ക്ക് തുല്യമാക്കുകയും പ്രോവിഡന്റ് ഫണ്ട്, പെൻഷൻ സൗകര്യം, ഇൻഷ്വറൻസ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തി അവ ക്രമീകരിക്കപ്പെടുന്ന സാഹചര്യവുമാണുള്ളത്. നിയമനത്തിനുശേഷം ബന്ധപ്പെട്ട അഫിലിയേറ്റഡ് യൂണിവേഴ്സിറ്റിയിൽ മൂന്ന് മാസത്തിനകം രജിസ്റ്റർ ചെയ്യണമെന്നുള്ള നിയമപരമായ പരിരക്ഷ ഉറപ്പുവരുത്തുന്ന സ്ഥിതിവിശേഷം ഇവിടെ സൃഷ്ടിക്കപ്പെടുന്നുണ്ട്. യൂണിവേഴ്സിറ്റി നിയമങ്ങൾക്ക് തുല്യമായി ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപക/അനദ്ധ്യാപകരുടേതിന് തത്തുല്യമായ രീതിയിൽ ചുമതലകളും ഉത്തരവാദിത്വങ്ങളും റെഗുലറൈസ് ചെയ്യാൻ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. വിവിധ ബോഡികൾ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിലും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസിനുള്ള ബോഡി രൂപീകരിക്കുന്നതിലും കൃത്യമായ പി.ടി.എ. പ്രവർത്തനം ഉറപ്പാക്കുന്നതിനും ഗ്രീവൻസ് റിഡ്രസ്സൽ ഫോറം, കോളേജ് അക്കാദമി കൗൺസിൽ, Prevention, Prohibition and Redressal of Sexual Harassment of Women at Workplace എന്നിവയ്ക്കെല്ലാം വേണ്ടിയുള്ള കമ്മിറ്റികൾ രൂപീകരിക്കുന്നതിനും സ്വാശ്രയ മേഖലയിൽ എല്ലാ തരത്തിലുമുള്ള നിലവാര വർദ്ധനവിനും വിദ്യാഭ്യാസ രംഗത്തെ സുരക്ഷിതത്വത്തിനും ബിൽ ലക്ഷ്യം വയ്ക്കുന്നുണ്ട്. ആ ലക്ഷ്യപ്രാപ്തിക്ക് പര്യാപ്തമായ നിലയിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഉടച്ചുവാർക്കുന്നതിന് സഹായകരമായ നിയമമാണിത്.

ഈ ബില്ലിലെ ഒരു വ്യവസ്ഥയെന്ന് പറയുന്നത് സിവിൽ കോടതികളുടെ ആധികാരികതയ്ക്ക് വിലക്കേർപ്പെടുത്തുന്നുവെന്നതാണ്. സദുദ്ദേശ്യത്തോടെയുള്ള ഈ വ്യവസ്ഥയ്ക്ക് കുറേക്കൂടി സുതാര്യതയും വ്യക്തതയുമുണ്ടാകുന്നത് നല്ലതാണ്. ഇതിലെ പ്രധാനപ്പെട്ട ന്യൂനതയായി തോന്നിയ കാര്യം സൂചിപ്പിക്കുകയാണ്. സിൻഡിക്കേറ്റ് തീരുമാനത്തിന് വിധേയമാണ് ഡിസിപ്ലിനറി ആക്ഷൻസ് എന്നതിൽ പ്രശ്നമില്ല; പക്ഷെ അതിനൊരു സമയപരിധി വ്യവസ്ഥ ചെയ്യേണ്ടതുണ്ട്. സിൻഡിക്കേറ്റ് തീരുമാനങ്ങൾ അനിശ്ചിതമായി നീളുന്ന ഘട്ടത്തിൽ ഏതെങ്കിലും അവകാശ നിഷേധവുമായി ബന്ധപ്പെട്ട് ഒരു ജീവനക്കാരനോ, അദ്ധ്യാപകനോ, അനദ്ധ്യാപകനോ സ്വാഭാവികമായും കോടതിയെ സമീപിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കപ്പെടുന്നതാണ്. യൂണിവേഴ്സിറ്റി അഫിലിയേഷനുമായി ബന്ധപ്പെട്ട കാര്യം സ്വാശ്രയ മാനേജ്മെന്റുകൾ നിരന്തരമായി ഉയർത്തുന്ന ആവശ്യമാണ്. അഞ്ചുകൊല്ലം തുടർച്ചയായി സ്ഥിരതയോടെ പ്രവർത്തിക്കുന്ന കോളേജുകൾക്ക്, അവ സെൽഫ് ഫിനാൻസ് കോളേജെന്നോ, എയ്ഡഡ്

കോളേജെന്നോ ഗവൺമെന്റ് കോളേജെന്നോ വ്യത്യാസമില്ലാതെ, അഫിലിയേഷനുള്ള പ്രധാന ക്വാളിഫിക്കേഷൻ സെൽഫ് ഫിനാൻസിംഗ് കോളേജുകൾക്കുകൂടി ബാധകമാക്കുന്നത് ഉചിതമായിരിക്കും. സ്വാശ്രയ കോളേജുകളെക്കൂടി റെഗുലറൈസ് ചെയ്യാനും ഉൾക്കൊള്ളാനും പര്യാപ്തമായ നിലയിൽ കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ ആക്ടുകളും സ്റ്റാറ്റ്യൂട്ടുകളും പരിഷ്കരിക്കുകയും അതുവഴി യൂണിവേഴ്സിറ്റിയുടെ ഭരണതലത്തിലുള്ള ഗവേണിംഗ് കൗൺസിലുകളായ സിൻഡിക്കേറ്റിന്റെയും സെനറ്റിന്റെയും അക്കാദമിക് കൗൺസിലിന്റെയും സമിതികളിലേയ്ക്കുള്ള പ്രാതിനിധ്യത്തിൽ സെൽഫ് ഫിനാൻസിംഗ് കോളേജുകളെക്കൂടി ഉൾക്കൊള്ളിക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം. അതിലൂടെ ആ മേഖലയിൽ ക്രമവൽക്കരണമായ പ്രവർത്തനവും മെച്ചപ്പെട്ട നിലവാര വർദ്ധനവും സാധ്യമാകുന്നതോടൊപ്പം അവർ മുഖ്യധാരാ ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ ഭാഗമാണെന്ന ബോദ്ധ്യം അവരുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് ഉപകരിക്കുന്നതായിരിക്കും.

മുൻകാലങ്ങളിൽ സ്വാശ്രയ മേഖലയിലെ കരാറുകളുമായി ബന്ധപ്പെട്ട് ധാരാളം വിവാദങ്ങളുണ്ടായിട്ടുണ്ട്. ഗവൺമെന്റ് കരാറുകൾ മുന്നോട്ടുവയ്ക്കുമ്പോൾ അത് പാലിക്കാതിരിക്കുകയും സ്വന്തം നിലയിൽ നിയമനം നടത്തുന്നതുമടക്കമുള്ള ഒരുപാട് വിവാദങ്ങളും തർക്കവിതർക്കങ്ങളും സ്വാശ്രയ മേഖലയിലെ കോളേജുകളിലുണ്ടായിട്ടുണ്ട്. നാളെകളിൽ അത്തരമൊരു സ്ഥിതിവിശേഷം സംജാതമാകാത്ത തരത്തിൽ നിയമനത്തോടൊപ്പംതന്നെ അഡ്മിഷൻ, ഫീസ് നിർണ്ണയിക്കൽ, പ്രവേശനം എന്നിവ റെഗുലറൈസ് ചെയ്യുന്നതിന് കൃത്യമായ കരാറുകൾ ഗവൺമെന്റും സ്വാശ്രയ കോളേജുകളുമായും ഉണ്ടാക്കുന്നതും അവ യൂണിവേഴ്സിറ്റി റെഗുലേഷനുകൾക്ക് വിധേയമാകത്തക്ക രീതിയിൽ പ്രാവർത്തികമാക്കുന്നതിനുള്ള വ്യവസ്ഥകൂടി ബില്ലിൽ ഉൾക്കൊള്ളിക്കുന്നതും ബില്ലിന്റെ മികച്ച നിലയിലുള്ള ഇംപ്ലിമെന്റേഷന് സഹായകരമാകുന്നതാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ അനുദിനം വിവിധ കോഴ്സുകൾ വൈവിദ്ധ്യവൽക്കരിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ന്യൂ ജനറേഷൻ കോഴ്സുകൾ അനിവാര്യമായിരിക്കുകയാണ്. ലോക നിലവാരത്തിൽ ബിരുദങ്ങൾ നിലനിൽക്കുകയും നമ്മുടെ കുട്ടികൾ ലോക നിലവാരത്തിൽ അവസരങ്ങൾക്കുവേണ്ടി മത്സരിക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ, ലോകത്തെല്ലായിടത്തും ഉത്ഭവിക്കുന്ന പുതിയ ബ്രാഞ്ചുകൾ ഉൾക്കൊള്ളുന്ന ന്യൂ ജനറേഷൻ കോഴ്സുകൾക്ക് പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. സെൽഫ് ഫിനാൻസിംഗ് കോളേജുകളെ നിർബന്ധിതമാക്കുന്ന അല്ലെങ്കിൽ അവരെ അതിലേയ്ക്ക് നയിക്കുന്ന രീതിയിലുള്ള നിയമപരമായ ക്രമീകരണം ഈ

ബില്ലിന്റെ ഭാഗമായി വരുന്നത് നന്നായിരിക്കും. സെൽഫ് ഫിനാൻസിംഗ് കോളേജുകളുമായി ബന്ധപ്പെട്ട അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിന്റെ സേവന-വേതന വ്യവസ്ഥകളാണ് ബില്ലിൽ പരാമർശിച്ചിട്ടുള്ളത്. എയ്ഡഡ് കോളേജുകളിൽ നിരവധി സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ നടത്തുന്നുണ്ട്. ഇന്ന് പല എയ്ഡഡ് കോളേജുകളിലും എയ്ഡഡ് കോഴ്സുകളേക്കാൾ കൂടുതൽ സെൽഫ് ഫിനാൻസിംഗ് കോഴ്സുകളാണ് നടത്തുന്നത്. പഴയ പല കോളേജുകളിലും പ്രീ-ഡിഗ്രി ക്ലാസ്സുകൾ ഇല്ലാതായതോടെ ക്ലാസ് മുറികളും, ലാബ്, ലൈബ്രറി സൗകര്യങ്ങളുമെല്ലാം അധികമായി വന്നിട്ടുണ്ട്. എയ്ഡഡ് മേഖലയിൽ അൺ-എയ്ഡഡ് കോഴ്സുകൾ ആരംഭിക്കുമ്പോൾ ഈ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപകർക്കുകൂടി ബാധകമാക്കാൻ പര്യാപ്തമായ നിലയിൽ ബില്ലിലെ വ്യവസ്ഥകൾ വിപുലീകരിക്കുകയും ചിട്ടപ്പെടുത്തുകയും ചെയ്യണം.

സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ നൽകുന്ന ആധുനിക വിദ്യാഭ്യാസം ചെലവേറിയതായി മാറിക്കൊണ്ടിരിക്കുകയാണ്. കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കുന്നതിന് വിദ്യാഭ്യാസ വായ്പകൾ എടുക്കേണ്ടി വരുന്നവർക്ക് അത് ലഭിക്കുന്നതിനായി നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു. വായ്പ ലഭിച്ചാൽ തിരിച്ചടയ്ക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടാകുന്ന സാഹചര്യം നിലനിൽക്കുന്ന അവസരത്തിൽ കൂടുതൽ സ്കോളർഷിപ്പ് സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും അവ സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുകൂടി പരമാവധി ലഭ്യമാകത്തക്ക രീതിയിലുള്ള ഊന്നലും മാർഗ്ഗനിർദ്ദേശവും പ്രോത്സാഹകജനകമായ സമീപനവും ഉണ്ടാകേണ്ടതുണ്ട്. അതിന് ലാഭകരമായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ സി.എസ്.ആർ. (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) ഫണ്ടുകളിൽനിന്നൊക്കെ സാമൂഹിക പ്രതിബദ്ധതാ, സാമൂഹിക സുരക്ഷിതത്വ പദ്ധതികൾ ആവിഷ്കരിക്കുന്നതിനോടൊപ്പം ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്കോളർഷിപ്പ് നൽകുന്ന നയം ഗവൺമെന്റ് ആവിഷ്കരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്തെ മികവിന്റെ വർദ്ധനവിന് പര്യാപ്തമാകുന്നതാണ്.

അദ്ധ്യാപക-അനദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ റെഗുലറൈസ് ചെയ്യുന്നത് അഭികാമ്യമാണ്. പക്ഷേ ചുരുക്കം ചിലയിടങ്ങളിലും അൺ-എയ്ഡഡ് മേഖലയിലും കണ്ടുവരുന്ന അനഭിലഷണീയമായ പ്രവണതയെന്നുപറയുന്നത് മികച്ച ശമ്പളം നൽകുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും അത് ഒപ്പിട്ടുവിക്കുകയും ചെയ്തതിനുശേഷം അതിൽനിന്നും വളരെ പരിമിതമായ തുക മാത്രം നൽകുകയാണ് ചെയ്യുന്നത്. ഇത്തരം കുറ്റകരവും തെറ്റായതുമായ നടപടി കണ്ടുവരുന്നതായി ആക്ഷേപങ്ങൾ ഉയരുന്നത് പലപ്പോഴും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതൊക്കെ ഒഴിവാക്കാൻ Bank transfer മുഖേന പുതിയ സേവന-വേതന

വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ശമ്പളമടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ആക്ടിൽ വ്യവസ്ഥ ചെയ്യുന്നത് കൂടുതൽ അഭികാമ്യമായിരിക്കും.

എസ്.സി., എസ്.ടി. വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിവിധ സ്റ്റൈപ്പന്റുകളും ഗ്രാന്റുകളും കഴിവതും റെഗുലർ കോളേജുകളിൽ മാത്രം പരിമിതപ്പെടുത്തുന്ന സ്ഥിതിവിശേഷമാണുള്ളത്. സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അത്തരം ആനുകൂല്യങ്ങൾ കാര്യമായി ലഭിക്കാനുള്ള സാധ്യതകൾ സംസ്ഥാനത്തില്ല എന്നതൊരു വസ്തുതയാണ്. ഇതിന്റെ വെളിച്ചത്തിൽ സെൽഫ് ഫിനാൻസിംഗ് മേഖലയെ കൂടുതൽ ക്രമവത്കരിക്കാൻ നടത്തുന്ന മാതൃകാപരവും ശ്ലാഘനീയവുമായ ശ്രമങ്ങളുടെ ഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് ലഭിക്കുന്ന നിയമപരമായ ആനുകൂല്യങ്ങൾ സെൽഫ് ഫിനാൻസിംഗ് കോളേജിൽ പഠിക്കുന്നു എന്നുള്ളതുകൊണ്ട് നിഷേധിക്കപ്പെടുന്ന സ്ഥിതിവിശേഷം തിരുത്താൻ കഴിയുമോയെന്നും അതിൽ കൂടുതൽ ഗുണപരമായ സാഹചര്യമുണ്ടാക്കാനാവശ്യമായ ഇടപെടലുകൾ നടത്തണമെന്നുമുള്ളൊരു നിർദ്ദേശംകൂടി വയ്ക്കുകയാണ്. പലപ്പോഴും സെൽഫ് ഫിനാൻസിംഗ് മേഖലകളിലെ സേവന-വേതന വ്യവസ്ഥകൾ പ്രകാരം ജോലി ചെയ്യുന്നവർക്ക് ദിവസങ്ങൾ മാത്രം അടിസ്ഥാനപ്പെടുത്തി ദിവസക്കൂലി രൂപത്തിൽ വേതനം നൽകുന്നതിന് പകരം minimum working days ഉറപ്പുവരുത്തുന്ന വ്യവസ്ഥകൂടി ബില്ലിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ ബില്ലിൽ പറഞ്ഞിട്ടുള്ള വിവിധ നികായങ്ങൾ, ബോഡികൾ എന്നിവ ഫലപ്രദമായി പ്രവർത്തിക്കുന്നതിനാസ്പദമായ, ചട്ടങ്ങൾകൂടി ഭാവിയിൽ നിർമ്മിക്കുന്നത് നല്ലതായിരിക്കും. തീർച്ചയായും ഏറ്റവും മാതൃകാപരമായ രീതിയിൽ അവതരിപ്പിക്കപ്പെട്ട ഈ ബില്ലിന് എല്ലാ പിന്തുണയും നൽകുന്നു. 1991-ലെ കോൺഗ്രസ് സർക്കാർ അംഗീകരിച്ച് നടപ്പിലാക്കിയ ഏറ്റവും രൂക്ഷമായ കച്ചവടവൽക്കരണ-വാണിജ്യവൽക്കരണ സമീപനങ്ങളിലേയ്ക്കും നയങ്ങളിലേയ്ക്കും വിദ്യാഭ്യാസ മേഖല തീറെഴുതപ്പെട്ടപ്പോൾ അതിനെ പരമാവധി പൊതുവിദ്യാഭ്യാസത്തിന്റെ ഏറ്റവും നല്ല ചട്ടക്കൂടിനുള്ളിലേയ്ക്ക് കൊണ്ടുവരാൻ പര്യാപ്തമായ ഒരു നിയമം അവതരിപ്പിച്ചത് അഭിനന്ദനാർഹമാണ്. അതുപോലെ കോർപ്പറേറ്റുവൽക്കരണ നടപടികളുമായി മുൻ കോൺഗ്രസ് സർക്കാരും ഇപ്പോഴത്തെ ബി.ജെ.പി. സർക്കാരും ഏറ്റവും തീവ്രമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുമ്പോൾ ഏറ്റവും വലിയ ദോഷഫലങ്ങൾ അനുഭവിക്കുന്ന മേഖലയായി വിദ്യാഭ്യാസ മേഖലയും രാജ്യത്തുടനീളം മാറിക്കൊണ്ടിരിക്കുകയാണ്. അതിൽനിന്നും ഒരു പരിധിവരെയെങ്കിലും സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ പരിരക്ഷിച്ചുനിർത്താൻ പര്യാപ്തമാകുന്ന ഗുണമേന്മാ വർദ്ധനവിന് ഉപകരിക്കുന്ന ഈ നിയമം അഭിനന്ദനാർഹമാണ്. ഈ ബിൽ ഇപ്പോൾ നിയമമാകുന്ന

നടപടിക്രമങ്ങളിലേയ്ക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷന്റെ ആവശ്യങ്ങളോട് പ്രതികരിക്കപ്പെട്ടില്ല എന്ന് ശ്രീ. മോൻസ് ജോസഫ് ചൂണ്ടിക്കാണിച്ചതടക്കമുള്ള കാര്യങ്ങൾ ഗവൺമെന്റ് പരിഗണിക്കപ്പെടുമെന്നാണ് വിശ്വസിക്കുന്നത്. ജനാധിപത്യപരമായി ഒരു മേഖലയിൽ നിയമനിർമ്മാണമുണ്ടാക്കുമ്പോൾ ആ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുമായി കൃത്യമായ കൂടിയാലോചനകളോടെയും എല്ലാവരേയും വിശ്വാസത്തിലെടുത്തുകൊണ്ടും അവരുടെയെല്ലാം താൽപ്പര്യങ്ങൾ പരമാവധി സദുദ്ദേശപരമായി സംരക്ഷിച്ചുകൊണ്ടുമുള്ള സമീപനമായിരിക്കും ഗവൺമെന്റ് സ്വീകരിക്കുന്നതെന്നത് ഈ ബില്ലിലൂടെ നിഴലിക്കുന്നുണ്ട്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട് ഇത്രയും സമഗ്രമായ നിയമനിർമ്മാണം നടത്തുമ്പോൾ ബന്ധപ്പെട്ട മാനേജ്മെന്റുകളും അവരുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അവരുടെ അഭിപ്രായങ്ങൾക്കൂടി ഉൾക്കൊണ്ടുപോകേണ്ട ജനാധിപത്യ രീതിയെ സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ചു. ആ രീതി ഈ നിയമത്തിന്റെ കാര്യത്തിലുണ്ടായിട്ടില്ല എന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ശ്രീ. റോജി എം. ജോൺ മുന്നോട്ടുവച്ച വിഷയത്തോട് ആശയപരമായി യോജിക്കുന്നു. പക്ഷേ അദ്ദേഹത്തിന്റെ ഈ അഭിപ്രായ പ്രകടനം അനവസരത്തിലുള്ളതാണ്. ഈ ബിൽ നിയമമാകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ ഭാഗമായി അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയും വകുപ്പ് തിരിച്ചുള്ള ചർച്ചയും ഒക്കെ നടക്കാനിരിക്കെ കാലേക്കൂട്ടി മുൻവിധിയോടെയുള്ള സമീപനമാണ് അങ്ങ് ഇക്കാര്യത്തിൽ പ്രകടിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ആ നിലയിലുള്ള നിരീക്ഷണത്തിന് യാതൊരു പ്രസക്തിയുമില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈ ഗവൺമെന്റ് ശ്ലാഘനീയവും മാതൃകാപരവുമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ സർക്കാരാണ് ഉന്നത വിദ്യാഭ്യാസത്തിന് ആദ്യമായി ഒരു മന്ത്രാലയം രൂപീകരിച്ചത്. വിദൂര വിദ്യാഭ്യാസം (Distance Education) വിവിധ തട്ടുകളിലായി ചിതറിക്കിടന്നിരുന്ന ഘട്ടത്തിൽനിന്നും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ചുകൊണ്ട് വിദേശങ്ങളിൽ ലഭ്യമാകുന്ന Distance Education രംഗത്തെ കോഴ്സുകൾ സംസ്ഥാനത്തിനുള്ളിൽനിന്ന് കുട്ടികൾക്ക് പഠിക്കാൻ പര്യാപ്തമായ സമഗ്രവും സമൂലവുമായ നിയമനിർമ്മാണങ്ങളാണ് രൂപീകരിച്ചിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയത്തിനും അതിന്റെ ഭാഗമായി അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനും സർവ്വാത്മനാ ആശംസകളും പിന്തുണയും അറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ]

ഡോ. മാത്യൂ കുഴൽനാടൻ: സർ, 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വേതന വ്യവസ്ഥകളും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഒരു നിയമനിർമ്മാണം പ്രത്യേകിച്ച് വിദ്യാഭ്യാസ മേഖലയിൽ നടത്തുമ്പോൾ short sighted ആയി അല്ലെങ്കിൽ ദീർഘവീക്ഷണമില്ലാതെ നടത്തുന്നത് അങ്ങേയറ്റം നിർഭാഗ്യകരമാണെന്ന് ആമുഖമായി പറയുകയാണ്. പലപ്പോഴും പല സാഹചര്യങ്ങൾക്കനുസൃതമായും അടിയന്തര സാഹചര്യങ്ങളെ മറികടക്കുന്നതിനും നിയമം നിർമ്മിക്കേണ്ടിവരും. പക്ഷെ ഈ നിയമം കൊണ്ടുവരുന്നത് അങ്ങനെയൊരു അടിസ്ഥാനത്തിലല്ല. എത്രയോ കാലമായി, ഒരുപക്ഷേ 1992 മുതൽ ഇവിടെ പ്രവർത്തിക്കുന്ന സ്വാശ്രയ കോളേജുകളെ അടിയന്തരമായി നിയന്ത്രിക്കാൻവേണ്ടി ഒരു നിയമം നിർമ്മിച്ച് എന്തെങ്കിലും അടിയന്തര കാര്യങ്ങൾ പരിഹരിക്കേണ്ടതായിട്ടുണ്ട് എന്നെനിക്ക് തോന്നുന്നില്ല. തീർച്ചയായും ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാകാവുന്ന നിയമമാണ് ഇന്ന് നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ നിയമം സമഗ്രമായി അനലൈസ് ചെയ്യുന്നതിനുമുമ്പ് ഇന്ന് സ്വാശ്രയ മേഖലയിലെ വിദ്യാഭ്യാസത്തിന്റെ പങ്ക് മനസ്സിലാക്കുന്നത് നന്നായിരിക്കും. സംസ്ഥാനത്തെ 177 എഞ്ചിനീയറിംഗ് കോളേജുകളിൽ 165 കോളേജുകളും (93 ശതമാനം) സ്വാശ്രയ മേഖലയിലാണ് പ്രവർത്തിക്കുന്നത്. മൊത്തം 49,136 വിദ്യാർത്ഥികൾ പഠിക്കുന്നതിൽ 43,862 വിദ്യാർത്ഥികളും (90 ശതമാനം) പഠിക്കുന്നത് സ്വാശ്രയ മേഖലയിലാണ്. പരമ്പരാഗതമായി എയ്ഡഡ് അല്ലെങ്കിൽ ഗവൺമെന്റ് കോളേജുകൾക്ക് വലിയ മേധാവിത്വമുണ്ടായിരുന്ന ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 229 എണ്ണം ഗവൺമെന്റ് എയ്ഡഡ് മേഖലയിലാണെങ്കിൽ 476 എണ്ണം (68 ശതമാനം) സെൽഫ് ഫിനാൻസിംഗ് മേഖലയിലാണ് നിലനിൽക്കുന്നത്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെയും വലിയ വിഭാഗം വിദ്യാർത്ഥികളെയും താങ്ങി നിർത്തുന്നതും ഉൾക്കൊള്ളുന്നതും സ്വാശ്രയ മേഖലയാണ്. അതൊരു undisputed fact ആണ്.

ശ്രീ. റോജി എം. ജോൺ: സർ, ഇവിടെ ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് വളരെ ഗൗരവമായി ഒരു ബില്ലിന്റെ ചർച്ച നടക്കുകയാണ്. ഈ ചർച്ച ശ്രദ്ധിക്കുന്നതിന് ട്രഷറി ബഞ്ചിൽ ബഹുമാനപ്പെട്ട മന്ത്രിമാർ ആരും തന്നെയില്ല. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി മാത്രമാണുള്ളത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുണ്ടല്ലോ; ഒരു മന്ത്രി മതി.

ശ്രീ. റോജി എം. ജോൺ: സർ, ഗ്യാലറിയിലും ഈ വിഷയവുമായി ബന്ധപ്പെട്ട ആളുകളെ കാണുന്നില്ല. എന്തിനാണ് ഇതുപോലുള്ള ചർച്ചകൾ നടത്തുന്നത്? ബഹുമാനപ്പെട്ട ചെയർ ഇക്കാര്യത്തിൽ റൂളിംഗ് നൽകണം.

മി. ചെയർമാൻ: ബഹുമാന്യനായ മന്ത്രി ശ്രീ. ആന്റണി രാജു ഇവിടെയുണ്ട്. അദ്ദേഹം വേറെ ചർച്ചയിലൊന്നുമല്ല. വളരെ റെസ്പോൺസിബിളായി എല്ലാ കാര്യവും നോട്ട് ചെയ്യുന്നുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇതൊക്കെ ഗവൺമെന്റിന്റെ അപ്രോച്ചിനെയാണ് കാണിക്കുന്നത്. ഇതിന് ആരോടും പരാതിപ്പെട്ടിട്ട് കാര്യമില്ല. ഒരു നിയമനിർമ്മാണം നടത്തുന്നതിന്റെ ഗൗരവം സർക്കാരിനില്ലെങ്കിൽ പിന്നെ ആർക്കാണുണ്ടാകുന്നത്? ഞങ്ങൾ പ്രതിപക്ഷത്തിന്റെ ധർമ്മം നിർവ്വഹിക്കുകയും പ്രതിപക്ഷമെന്ന നിലയിൽ സഭയുടെ രേഖയിലുണ്ടാകേണ്ട കാര്യങ്ങൾ പറഞ്ഞുപോകുകയും ചെയ്യും. അത് നിങ്ങൾക്ക് കേൾക്കുകയോ കേൾക്കാതിരിക്കുകയോ ചെയ്യാം. രാവിലെ ഒരു ലീഗൽ ഒബ്ജക്ഷൻ ഉന്നയിച്ചതിന് സെൻസിബിളായ മറുപടി പറയുകയോ അല്ലെങ്കിൽ അതിന്റെ ഗൗരവം ഉൾക്കൊള്ളുകയോ ചെയ്യുന്നതിനുപകരം എത്ര കാഷ്വലായിട്ടാണ് ഇവിടെ നിയമനിർമ്മാണം നടത്തുന്നത്. ഇതേ രൂപത്തിൽ ഈ ബിൽ അവതരിപ്പിച്ചാൽ ഇത് ആത്യന്തികമായി സ്വാശ്രയ മേഖലയെ ഇല്ലാതാക്കും. ഒരു സംശയവും വേണ്ട. ഇത് സ്വാശ്രയ മേഖലയെ കൊല്ലാൻ/ഇല്ലാതാക്കാൻ പ്രാപ്തിയുള്ള ബില്ലാണ്. Self financing concept എന്നുപറയുന്നത്, അവരെ ഫിനാൻഷ്യലി സപ്പോർട്ട് ചെയ്യുന്നതിന് ഗവൺമെന്റോ മറ്റ് ഇൻസ്റ്റിറ്റ്യൂഷൻസോ മറ്റ് സ്ഥാപനങ്ങളോ ഇല്ല. ആ സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിനുള്ള പണം സ്വന്തമായി കണ്ടെത്തി സ്വന്തമായി റൺ ചെയ്യണമെന്ന കൺസപ്റ്റാണുള്ളത്. നമ്മൾ പണം കൊണ്ടോ അല്ലെങ്കിൽ മറ്റ് സൗകര്യങ്ങൾകൊണ്ടോ അതിനെ സപ്പോർട്ട് ചെയ്യാൻ തയ്യാറാകാതിരിക്കുമ്പോൾ, അവിടെ നടക്കുന്ന കാര്യങ്ങളെ ഗവേൺ ചെയ്യാനും റെഗുലേറ്റ് ചെയ്യാനും കൈകടത്താനുമുള്ള വ്യഗ്രത സർക്കാരിൽനിന്നുമുണ്ടാകുമ്പോൾ, അതാണ് സർക്കാരിന്റെ നയവും തീരുമാനവും ഉദ്ദേശ്യവുമെങ്കിൽ, ഈ ബില്ലിന്റെ ഉദ്ദേശ്യകാര്യ ലക്ഷ്യങ്ങളിൽ ആ കാരണങ്ങൾ അങ്ങനെ തന്നെ പറയണം. സ്വാശ്രയ മേഖലയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മാന്യമായ ശമ്പളം ലഭിക്കണമെന്ന കാര്യത്തിൽ പ്രതിപക്ഷത്തിന് അഭിപ്രായ വ്യത്യാസമില്ല. അത് തീർച്ചയായും അവർക്ക് ലഭിക്കുകയും നല്ല സേവന-വേതന വ്യവസ്ഥകൾ ആ മേഖലയിലുണ്ടാകുകയും ചെയ്യണം. പക്ഷേ അതിന്റെ മറവിൽ സ്വാശ്രയ

മേഖലയിൽ കാവി കയറ്റാനുള്ള ആസൂത്രിത ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകരുത്. അങ്ങനെയുണ്ടാകുന്നത് സമൂഹത്തിനും സംസ്ഥാനത്തിനും വിദ്യാർത്ഥികൾക്കും ഗുണകരമായിരിക്കില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങ് സംസാരിച്ചുകൊണ്ടിരിക്കുന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഗവൺമെന്റ് പോലും Self financing sector-നെയാണ് ആശ്രയിക്കുന്നത്. ഇന്ന് രാവിലെ ബഹുമാനപ്പെട്ട മന്ത്രി എന്റെ സബ്മിഷന് മറുപടി പറഞ്ഞത് കുട്ടികൾക്കുള്ള സീറ്റ് സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുമെന്നാണ്. അങ്ങനെയുള്ള സെൽഫ് ഫിനാൻസിംഗ് മേഖലയെ തകർക്കാനുള്ള ശ്രമമാണ് ബില്ലിലൂടെ കൊണ്ടുവരുന്നതെന്ന് അങ്ങ് സൂചിപ്പിച്ചു. അതിന്റെ അടുത്ത ഘട്ടമെന്നുപറയുന്നത് infrastructure ആണ്. അത് ഒരുക്കേണ്ടതും ശമ്പളവും മറ്റ് കാര്യങ്ങളും നൽകേണ്ടതും മാനേജ്മെന്റാണ്. യൂണിവേഴ്സിറ്റിക്ക് പണമടയ്ക്കേണ്ടത് കുട്ടികളാണ്. ഇതിൽനിന്നുള്ള അതിജീവനത്തിനായി ഉയർന്ന മാർക്ക് വാങ്ങി പാസ്സായി ഗവൺമെന്റ് കോളേജുകളിലോ എയ്ഡഡ് കോളേജുകളിലോ അവസരം ലഭിക്കാത്ത കുട്ടികൾ അവസാനം സെൽഫ് ഫിനാൻസിംഗ് കോളേജിൽ അഡ്മിഷനെടുക്കുമ്പോൾ അവരിൽനിന്നും അമിതമായ ഫീസ് ഈടാക്കുകയും അതിന്റെ ഫലമായി കേരളത്തിൽ പഠിക്കുന്ന കുട്ടികളുടെ മേൽ അമിതഭാരം വരുകയും ചെയ്യുന്നതായിരിക്കും ആത്യന്തികമായുണ്ടാകുന്നത് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, തീർച്ചയായും.

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട അംഗം ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സൂചിപ്പിച്ചത് infrastructure-നെക്കുറിച്ചാണ്. Infrastructure-ന് വലിയ മുതൽമുടക്ക് ഒറ്റത്തവണയും അതിനുശേഷം maintenance ചെലവുമാണ് വരുന്നത്. ഒരു കെട്ടിടം നിർമ്മിക്കുമ്പോൾ ഓരോ തവണയും നിർമ്മാണച്ചെലവ് ഉണ്ടാകുന്നില്ല. അതിനാൽ നിങ്ങളുടെ വാദം ശരിയല്ല. അതേ സമയം ക്വാളിറ്റി ഉറപ്പാക്കണ്ടേ? ഡോ. മാത്യു കുഴൽനാടൻ ഒരു പ്രാക്ടീസിംഗ് ലായറാണ്. നിങ്ങൾ ജൂനിയറായിരിക്കുമ്പോൾ നിങ്ങൾക്ക് ശമ്പളമായി ലഭിക്കുന്നത് സ്റ്റൈപ്പന്റാണ്. അതിനുശേഷം ഇൻഡിപെൻഡന്റ് ആകുമ്പോൾ നിങ്ങൾക്ക് ആ സ്റ്റൈപന്റുകൊണ്ട് പ്രവർത്തിക്കാൻ കഴിയുമോ? കഴിയില്ല. അതുകൊണ്ട് അത്തരത്തിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് മാന്യമായ വേതനം നൽകണമെന്നുമാത്രമല്ല, അദ്ധ്യാപകർക്ക് ക്വാളിറ്റിയുമുണ്ടാകണം. ആ കാര്യത്തിൽ എന്തിനാണ് ഇങ്ങനെ വാശിപിടിക്കുന്നത്. ഇത് സെൽഫ് ഫിനാൻസിംഗ് മേഖലയെ തകർക്കാനാണ് എന്ന രീതിയിലേയ്ക്കുള്ള വാദം കൊണ്ടുവരുന്നത് ശരിയല്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇതിന്റെ concept മനസ്സിലാക്കാതെ സംവാദം നടത്തിയിട്ട് കാര്യമില്ല. ഇനി മുന്നോട്ടുള്ള വിദ്യാഭ്യാസ കാലം, ഒരുപക്ഷേ നമ്മൾ നിമസഭയിലില്ലാതെ വരുന്ന കാലമാകുമല്ലോ; പരമാവധി മുപ്പതോ മുപ്പത്തഞ്ചോ വർഷം കഴിഞ്ഞാൽ താൽപ്പര്യമുള്ള കുട്ടികൾ മാത്രമേ ഉന്നത വിദ്യാഭ്യസത്തിന് പോകുകയുള്ളൂ. നിർഭാഗ്യവശാൽ, ഇന്നത്തെ സമൂഹത്തിലെ മാതാപിതാക്കളുടെ തെറ്റായ കാഴ്ചപ്പാടെന്ന് പറയുന്നത് എല്ലാ കുട്ടികളേയും എന്തുവിലകൊടുത്തും ഉന്തിത്തള്ളി എഞ്ചിനീയറിംഗിനോ പി.ജി.ക്കോ മറ്റ് കോഴ്സുകൾക്കോ എത്തിക്കാനാണ്. അതിനോട് അഭികാമ്യവും താൽപ്പര്യവും അതോടൊപ്പം പഠിക്കാൻ ആഗ്രഹവുമുള്ള കുട്ടികൾക്ക് അത് പര്യാപ്തമാണ്. വിദ്യാഭ്യാസ മേഖലയിൽ ലിബറൈലൈസേഷൻ നടന്നതെന്തുകൊണ്ടാണ്? സ്വാഭാവികമായും ഗുണമേന്മയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടാകണം. ഒരു സമയത്ത് രാജ്യത്തെ ഏറ്റവും നിലവാരമുള്ള കോളേജുകളും യൂണിവേഴ്സിറ്റികളും രാജ്യത്തെ ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളും കേരളത്തിലാണുണ്ടായിരുന്നത്. എന്നാൽ ഇന്ന് അതാണോ സ്ഥിതി? Over the years we are coming down. ഇന്ന് കേരളത്തിൽനിന്നും പേരെടുത്ത മികവുറ്റ സ്ഥാപനമുണ്ടാകുന്നുണ്ടെങ്കിൽ തീർച്ചയായും അത് സ്വകാര്യമേഖലയിലെ മാനേജുമെന്റ് സ്കില്ലിന്റെ ഫലമായാണ്. അതിനെ സ്വീകരിക്കാതിരുന്നിട്ട് കാര്യമില്ല. സ്വാശ്രയം എന്ന concept വരുമ്പോൾ, രണ്ട് സ്വാശ്രയ കോളേജുകൾ കൂടുമ്പോൾ ഒരു ഗവൺമെന്റ് കോളേജിന് തുല്യമായ സീറ്റുകൾ meritorious ആയിട്ടുള്ള വിദ്യാർത്ഥികൾക്ക് ലഭിക്കുമെന്നതാണ്. അവർക്കും പഠിക്കാൻ അവസരമുണ്ടാകും. ഇങ്ങനെ വരുമ്പോൾ ഒരുപാട് പേർ എഡ്യൂക്കേഷണൽ ഇൻവെസ്റ്റുമെന്റിന് മുന്നോട്ടുവരും. പലരും വിദ്യാഭ്യാസത്തിൽനിന്ന് പണമുണ്ടാക്കുന്നതിന് ഇതൊരവസരമാണെന്നു കണ്ട്, റിയൽ എസ്റ്റേറ്റ് വ്യവസായം, പാറമട വ്യവസായം, മറ്റ് കച്ചവടം ചെയ്തിരുന്നവർ എന്നിവരൊക്കെ ഈ മേഖലയിലേയ്ക്ക് വരികയാണ്. ഇതിൽ കുറച്ചുപേർ എക്സലൻസ് അച്ചീവ് ചെയ്യും മറ്റുചിലർ സർവൈവ് ചെയ്യും, മറ്റുള്ളവർ നശിക്കുന്നു. ഇത് സ്വാഭാവികമാണ്. കോമ്പറ്റീഷനുള്ള അവസരമാണ് ഇതിലുണ്ടാകുന്നത്. ഏറ്റവും മികച്ച വിദ്യാഭ്യാസം നൽകുന്ന ഒരു സ്ഥാപനത്തിലേയ്ക്ക് കുട്ടികൾ ഇരച്ചുകയറുമെന്ന് മാത്രമല്ല, ഈ സർക്കാർ തടഞ്ഞാലും അതിനെ നിർത്താൻ സാധിക്കില്ല. അവർക്ക് പ്രൈവറ്റാണെന്ന പ്രശ്നമേയില്ല. ഒന്നാം റാങ്ക് ലഭിച്ച കുട്ടിയോട് സർക്കാർ കോളേജിൽ പഠിക്കണമെന്ന് പറഞ്ഞാൽ അവർ കേൾക്കുമോ? They will go for the best one. കാരണം അവർക്ക് ഏറ്റവും മികച്ചതാണ് വേണ്ടത്. അത്തരത്തിൽ മികച്ചതാക്കാനുള്ള അവസരവും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകാനുള്ള സംവിധാനവും സർക്കാരുണ്ടാക്കണം. Infrastructure-ലും grading-ലും മുന്നിൽ നിൽക്കുന്നവർക്ക് അവരുടേതായ ഫീസ് തീരുമാനിക്കാം. അതിന്റെ താഴെ നിൽക്കുന്നവർക്ക് റെഗുലേഷൻസുണ്ടാകുമെന്നുമാത്രമല്ല, സർക്കാർ തന്നെ കുട്ടികൾ നൽകേണ്ട ഫീസ്

തീരുമാനിക്കുകയും ചെയ്യുന്നു. സർക്കാർ തന്നെയാണ് കൊടുക്കേണ്ട ശമ്പളത്തിന്റെ തോത് തീരുമാനിക്കുന്നത്. ഇതിനുശേഷം സർക്കാർ പറയുന്നത് നിങ്ങൾ തന്നെ സ്ഥാപനം നടത്തിക്കൊള്ളണമെന്നാണ്. അങ്ങനെയെങ്കിൽ സർക്കാരിനുതന്നെ ഇത് നടത്തിയാൽ പോരേ? ഇനി ശ്രദ്ധിക്കേണ്ട കാര്യം, ഇത്ര രൂപ ഫീസ് വാങ്ങാമെന്ന് സർക്കാർ തന്നെ അനുമതി കൊടുത്തിട്ടുള്ള കോളേജുകളുണ്ട്. എത്രയോ കോളേജുകൾ അത്രയും ഫീസ് വാങ്ങാതെ കുട്ടികളെ അഡ്മിറ്റ് ചെയ്യുന്നു. അതിന് കാരണമെന്താണ്? They want to survive. അതാണ് ഈ കോമ്പറ്റീഷന്റെ ഗുണമെന്നുപറയുന്നത്. വിദ്യാഭ്യാസ മേഖലയിൽ സർക്കാരിന്റെ ഇടപെടലുകൊണ്ടല്ല കുട്ടികൾ ഫീസ് കൊടുക്കാതെ പഠിക്കുന്നത്. കോമ്പറ്റീഷന് ധാരാളം കോളേജുകൾ വന്നതുകൊണ്ടാണ്. സർക്കാരിന് ഫീസിനത്തിൽ കുറച്ച് സബ്സിഡി കൊടുക്കാനുള്ള സാമ്പത്തിക ഇച്ഛാശക്തിയും ആർജ്ജവവുമുണ്ടോ? അതിനുള്ള സാമ്പത്തിക ശേഷിയും കരുത്തുമില്ല. അതിനുപകരം ഇപ്രകാരം നിയമങ്ങൾ നിർമ്മിച്ച് നിയന്ത്രിക്കാൻ നോക്കിയാൽ ഇതിനെ കഴുത്ത് ഞെരിച്ച് കൊല്ലാമെന്നല്ലാതെ ഗുണകരമായി വളർത്താൻ ഇത് ഗുണപ്പെടില്ല.

2.00 P.M.]

നിങ്ങൾ എങ്ങനെയാണ് രണ്ട് ട്രീറ്റ്മെന്റ് നടത്തുന്നത്? ഒരു നിയമം നിർമ്മിക്കുമ്പോൾ ഓരോരുത്തരും ഇതിന്റെ ഭാഗഭാക്കാകുകയാണ്. ഞാൻ ഇതിന്റെ ഭാഗമായിരിക്കുമ്പോൾ ഇത് പറയാതെ പോയാൽ അത് കുറവായിപ്പോകും. ഈ ബില്ലിൽ പല നിർവ്വചനങ്ങളും നൽകിയിട്ടുണ്ട്. എനിക്ക് മനസ്സിലാകാത്ത കാര്യം, ഇതുമായി ബന്ധപ്പെട്ട് സർവ്വകലാശാലയെ നിർവ്വചിച്ചിട്ടുണ്ട്. 'സർവ്വകലാശാല' എന്നാൽ, '1974-ലെ കേരള സർവ്വകലാശാല ആക്ട് (1974-ലെ 17), 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്ട് (1975-ലെ 5), 1985-ലെ മഹാത്മാഗാന്ധി സർവ്വകാലശാല ആക്ട് (1985-ലെ 12), 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ട് (1986-ലെ 31), 1996-ലെ കണ്ണൂർ സർവ്വകാലശാല ആക്ട് (1996-ലെ 22), 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ട് (2015-ലെ 17) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം യഥാക്രമം സ്ഥാപിതമായ കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല എന്നിവ എന്നർത്ഥമാകുന്നു.' ഇത് ഈ നിയമത്തിനുവേണ്ടി മാത്രമായുള്ളതാണ്. എന്തുകൊണ്ടാണ് ആരോഗ്യ സർവ്വകലാശാലയിലെ സെൽഫ് ഫിനാൻസിംഗ് കോഴ്സുകളെ ടച്ച് ചെയ്യാത്തതെന്ന് സർക്കാർ കൃത്യമായി പറയണം. What is the reason for this differential treatment? അതിന്റെ കാരണം ജനങ്ങൾക്ക് അറിയേണ്ടതല്ലേ; അല്ലെങ്കിൽ നിയമം നിർമ്മിക്കുമ്പോൾ

ഒരു ലോജിക്കായ കാരണം പറയേണ്ടതല്ലേ? അല്ലെങ്കിൽ അതിന് ഇന്നയിന്ന കാരണങ്ങൾ കൊണ്ടാണ് ഞങ്ങൾ അത് ടച്ച് ചെയ്യാത്തതെന്ന് പറയണം. എന്തുകൊണ്ടാണ് നിങ്ങൾ ഒറ്റ മേഖലയിൽ ഇടപെടുന്നത്? അതുപോലുള്ള anomalies ഉണ്ട്. ഒരു മാനേജ്മെന്റിന്റെ ഏറ്റവും ബേസിക് പ്രിൻസിപ്പിൾ എന്നുപറയുന്നത് ആ മാനേജ്മെന്റ് റൺ ചെയ്യുന്നവർക്ക് അതിന്റെ കമാന്റ് ഉണ്ടാകണമെന്നത് പ്രധാനപ്പെട്ട കാര്യമാണ്. രാഷ്ട്രീയ പാർട്ടികളെയാണെങ്കിലും ഒരു കമാന്റ് ഇല്ലാതെ ഒരു പ്രസ്ഥാനത്തെയും ഒരു സ്ഥാപനത്തേയും മികച്ചതാക്കാൻ കഴിയുകയില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിൽ സ്വാശ്രയ കോളേജുകൾ എന്നത് യാഥാർത്ഥ്യമാണ്. എല്ലാ വിഭാഗത്തിലുംപെട്ട കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങളാണ്. തീർച്ചയായും അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്താനുള്ള ചുമതല നമുക്കുണ്ട്. ആ സ്ഥാപനങ്ങളെല്ലാം നന്നായി നടക്കണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നു. ഇവിടെ രണ്ട് രീതിയിലുള്ള ട്രീറ്റ്മെന്റ് നടക്കുന്നുണ്ട്. എല്ലാ വർഷവും ടെമ്പററി അഫിലിയേഷനാണ് നൽകുന്നത്. എന്തിനാണ് അങ്ങനെയൊരു അനിശ്ചിതത്വം? എല്ലാ വർഷവും അഫിലിയേഷൻ പുതുക്കിക്കൊടുക്കുകയാണ്. ഈ അനിശ്ചിതത്വം അവസാനിപ്പിക്കേണ്ടതല്ലേ? അഫിലിയേറ്റഡ് സ്ഥാപനങ്ങളോടും സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളോടും രണ്ട് നിലപാട് സ്വീകരിക്കേണ്ട കാര്യമുണ്ടോ? സർവ്വകലാശാലകൾക്ക് കണ്ടീഷണലായാണ് അഫിലിയേഷൻ കൊടുക്കുന്നത്. When they are violating the conditions, either the University or the State can interfere. അല്ലാതെ ടെമ്പററി അഫിലിയേഷൻ മാത്രം കൊടുത്തുകൊണ്ട് പോകുന്ന രീതിക്ക് മാറ്റം വരുത്തേണ്ടതല്ലേ?

ഡോ. മാത്യു കുഴൽനാടൻ: സർ, സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ നിയന്ത്രണം കൊണ്ടുവരുന്നതിനോടൊപ്പം അവരെ strengthen ചെയ്യുന്നതിനുള്ള attempt കൂടി സ്വീകരിച്ചിരുന്നെങ്കിൽ മനസ്സിലാക്കാമായിരുന്നു. അഫിലിയേഷന്റെ കാര്യവും ആളുകളെ നിയമിക്കുന്നതിന് സേവന-വേതന വ്യവസ്ഥകളിൽ കോൺട്രാക്ട് ഉണ്ടാകണമെന്നും പറഞ്ഞു. ഒരു വർഷത്തെ അഫിലിയേഷനുള്ള കോളേജാണ് കോൺട്രാക്ട് ഉണ്ടാക്കേണ്ടത്. അതായത് 8 മാസത്തേയ്ക്കുള്ള വാടക കരാറാണ്. 12 മാസത്തിൽ കൂടുതൽ വാടക കരാർ എഴുതുകയില്ല. അങ്ങനെയാണോ ഒരു സ്ഥാപനം റൺ ചെയ്തുപോകേണ്ടത്?

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, ബഹുമാനപ്പെട്ട അംഗം വളരെ ഗൗരവമായ കാഴ്ചപ്പാട് നിയമനിർമ്മാണത്തിൽ കൊണ്ടുവരുന്നുണ്ട്. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ സംസ്ഥാനത്തായാലും രാജ്യത്തായാലും സ്വകാര്യമേഖലയിലും എയ്ഡഡ് മേഖലയിലുമായി സംവരണതത്വം ഇല്ലാതാകുകയും ചെറുപ്പക്കാർക്ക് തൊഴിൽ നിഷേധിക്കുന്ന സമീപനവും ഇതിന്റെ ഭാഗമായി വരുന്നുണ്ട്. ഇതിന്റെ പ്രോത്സാഹനത്തിനുവേണ്ടി സംസാരിക്കുന്നതല്ല. പൊതു ഉടമകളിലേയ്ക്ക്, പൊതുസ്ഥാപനങ്ങൾ ഉയർത്തിക്കൊണ്ട് വരുന്നതോടൊപ്പം ഇപ്പോഴുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമം കൂടി നടത്തണം. ഈ വിഷയം ഇന്ത്യൻ ഭരണഘടനയെ ചോദ്യം ചെയ്യുന്ന സാഹചര്യത്തിൽ സംവരണമെന്ന സമീപനത്തോട് അങ്ങയുടെ യോജിപ്പ് എന്താണെന്ന് എനിക്കറിയണം.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, അങ്ങ് പറഞ്ഞ നിലയ്ക്കുള്ള ആർജ്ജവം സർക്കാരിനുണ്ടായിരുന്നുവെങ്കിൽ, ഈ ബില്ലിൽ സംവരണംകൊണ്ടുവരാൻ ധൈര്യം കാണിക്കുമായിരുന്നോ; സ്വകാര്യ മേഖലയിൽ സംവരണം കൊണ്ടുവരാനുള്ള ധൈര്യമുണ്ടോ? പ്രത്യയശാസ്ത്രപരമായി പാർട്ടി ക്ലാസ്സിൽ പറഞ്ഞിട്ട് കാര്യമുണ്ടോ? You should act here; സംവരണം ശരിയാണ്, ഞാൻ പഠിച്ചിട്ടുള്ളതാണ്. ലിബറലൈസേഷൻകൊണ്ട് നമ്മൾ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയെന്ന് പറയുന്നത് ഇന്ത്യൻ ഭരണഘടനയിൽ പറഞ്ഞിട്ടുള്ള സംവരണ തത്വങ്ങൾ അറിഞ്ഞോ അറിയാതെയോ നമ്മുടെ കയ്യിൽനിന്നും വഴുതിപ്പോകുന്നുണ്ട്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, രാജ്യത്താകമാനം പൊതുമേഖലകൾ സ്വകാര്യമേഖലയിലേയ്ക്ക് പോകുന്ന സാഹചര്യംകൂടി കണ്ടുകൊണ്ട് ഈ പ്രശ്നത്തെ കാണണമെന്നാണ് ഞാൻ പറഞ്ഞത്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, അതൊന്നും ഈ ബില്ലിൽ കണ്ടിട്ടില്ലല്ലോ, ഈ ബില്ലിൽ അതിന്റെ പരാമർശമൊന്നുമില്ല. നിങ്ങൾ പറയുന്നത് out of context ആണ്. That is totally different thing. ഇതിൽ അങ്ങനെയൊരു ശ്രമമാണോ നടത്തുന്നത്? അല്ല. ഈ ശ്രമം നടത്തുന്നത് സ്വാശ്രയ കോളേജുകളിൽ ഗവൺമെന്റിന് നിയന്ത്രണം കിട്ടാൻ വേണ്ടിയാണ്. മറ്റ് കോളേജുകളെ സംബന്ധിച്ച് നിയമനാധികാരികൾ എടുത്ത തീരുമാനത്തിനും ഡിസിപ്ലിനറി ആക്ഷനുമെതിരെ പോകാനുള്ള ഒരു ജുഡീഷ്യൽ ഫോറമുണ്ട്; ഒരു quasi-judicial forum. ഇതിൽ ഒരു റിട്ടയേർഡ് ഡിസ്ട്രിക്ട് ജഡ്ജാണുള്ളത്. Why do you want to take this to the Syndicate?

ശ്രീ. എച്ച്. സലാം: സർ, സർവ്വകലാശാലകളുടെ സേവന - വേതന വ്യവസ്ഥകളെക്കുറിച്ചാണ് ബില്ലിൽ പരാമർശിക്കുന്നത്. അതിൽനിന്നും പലതും മാറിയാണ് ബഹുമാനപ്പെട്ട അംഗമുൾപ്പെടെ സംസാരിച്ചികൊണ്ടിരിക്കുന്നത്. ബില്ലിന്റെ പരിധിയിൽ വരാത്ത കാര്യമാണ് സംസാരിക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാനപ്പെട്ട അംഗം ബിൽ വായിക്കാത്തതുകൊണ്ട് തോന്നുന്നതാണ്. ഇതിൽ അപ്പീൽ പ്രൊവിഷനെക്കുറിച്ച് പറയുന്നുണ്ട്. അപ്പീൽ പ്രൊവിഷൻ സിൻഡിക്കേറ്റിനാണെന്നുള്ളത് ഈ ബില്ലിൽ പറഞ്ഞ കാര്യമാണ്, അല്ലാതെ ഞാൻ പുറത്തുപോയി പറഞ്ഞതല്ല. ബിൽ വായിക്കാതെ എന്തെങ്കിലും പറഞ്ഞിട്ട് കാര്യമില്ല. വെറുതെ ഇന്റർഫിയർ ചെയ്യുന്നത് ശരിയല്ല. ഒരു വാഹനം ഓടിച്ചുകൊണ്ടിരിക്കുമ്പോൾ ഒരുപക്ഷെ അതിന്റെ ടയർ പഴയതായെന്ന് തോന്നാം, അതിന്റെ ഹോണിന് ഒച്ച കുറവാണെന്ന് തോന്നാം, അല്ലെങ്കിൽ അതിന് ക്ലച്ചും ബ്രേക്കും കുറവാണെന്നും തോന്നാം. പക്ഷെ അതിൽ ഏതെങ്കിലും ഒന്നിനെ ഇല്ലാതാക്കിയാൽ വാഹനം നിൽക്കും. This bill has all the potential to kill the self financing sector. ഇത് പറഞ്ഞില്ലെങ്കിൽ ഞാനൊരു നിയമസഭാ സാമാജികനായി ഇവിടെനിന്ന് എന്റെ ധർമ്മം നിറവേറ്റാനാകില്ല. ഞാൻ ആവർത്തിച്ച് പറയുന്ന പത്തോ ഇരുപതോ വർഷം കഴിയുമ്പോൾ ഈ രാജ്യത്ത് ഓട്ടോണമസ് കോളേജുകളും ഓട്ടോണമസ് യൂണിവേഴ്സിറ്റികളും തീരുമാനിക്കുന്നതും അവർ ഡിസൈൻ ചെയ്യുന്നതുമായ കോഴ്സുകളുണ്ടാകുകയും അവർക്ക് താൽപ്പര്യമുള്ള ഫാക്കൽറ്റികളെത്തേടി വിദ്യാർത്ഥികൾ വരികയും പഠിക്കുകയും അവർക്ക് ഡിഗ്രി കൊടുക്കുകയും അങ്ങനെ എക്സലൻസിലേയ്ക്ക് പോകുകയും ചെയ്യുന്ന സ്ഥിതിയുണ്ടാകുകയും ചെയ്യും.

ശ്രീ. റോജി എം. ജോൺ: സർ, ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ ഇത് നിലവിലുള്ള സ്വാശ്രയ സ്ഥാപനങ്ങൾക്ക് കൂച്ചുവിലങ്ങിടുന്ന സ്ഥിതിയുണ്ടാകുന്നു. ഇപ്പോൾത്തന്നെ കേരളത്തിൽനിന്ന് ആയിരക്കണക്കിന് വിദ്യാർത്ഥികൾ യാതൊരു ക്വാളിറ്റിയും ഇല്ലെങ്കിൽപ്പോലും ഇതര സംസ്ഥാനങ്ങളായ തമിഴ്നാട്ടിലും കർണ്ണാടകയിലുമുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ പോയി പഠിക്കുന്ന അവസ്ഥയുണ്ടാകുന്നു. വിദ്യാർത്ഥികൾ അവിടെ ഫീസ് കൊടുക്കുന്നതുമൂലം സംസ്ഥാനത്തിന് റവന്യൂ നഷ്ടവുമുണ്ടാകുന്നു, കൂടാതെ പല വിദ്യാർത്ഥികളും ചതിക്കപ്പെടുന്ന സാഹചര്യവും നിലനിൽക്കുന്നു. ഈ ബിൽ വരുന്നതോടുകൂടി കേരളത്തിലെ സ്വാശ്രയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ നിയന്ത്രിതമാകുന്നതോടുകൂടി ഇവിടെ നിന്നുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക് കൂടുതലായി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് ഉണ്ടാകുമെന്ന അഭിപ്രായം താങ്കൾക്കുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, സംസ്ഥാനത്ത് ഓരോ വർഷം കഴിയുമ്പോഴും മികവിൽ നിന്നും മികവിലേയ്ക്ക് പോകുന്ന സ്ഥാപനങ്ങളുണ്ട്. ആ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നിലപാടല്ലേ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്? അവർക്ക് പുതിയ കോഴ്സുകൾ നൽകണം, കൂടുതൽ ന്യൂജനറേഷൻ കോഴ്സുകൾ ആരംഭിക്കാൻ അനുമതി നൽകണം. ആ നിലയിൽ അതിനെ പ്രോത്സാഹിപ്പിക്കുന്നതിനുപകരം ഇത്തരത്തിലൊരു ബിൽ കൊണ്ടുവന്ന് സ്വാശ്രയ മേഖലയെ കഴുത്തുഞെരിച്ച് കൊല്ലുന്നതുകൊണ്ട് പ്രത്യേകിച്ച് ഗുണമുണ്ടാകുമെന്ന് തോന്നുന്നില്ല. ഈ മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപകർക്ക് മാന്യമായ വേതനം ലഭിക്കുന്നതിനുവേണ്ടിയാണ് ഈ ബില്ലെന്ന് ഞാൻ ചിന്തിക്കുന്നില്ല. അത് പറയുന്നുണ്ടെങ്കിലും ഇതിന്റെ പിന്നിലുള്ള കാഴ്ചപ്പാടിനോട് വിയോജിപ്പാണ്. അതുകൊണ്ട് ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു. നന്ദി.

ശ്രീമതി ശാന്തകുമാരി കെ. ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ടി. ഐ. മധുസൂദനൻ: സർ, 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു. വളരെ ശരിയായ സമയത്ത് കൊണ്ടുവന്ന സുപ്രധാന ബില്ലാണ് നിയമസഭയിൽ ചർച്ചയ്ക്ക് വന്നിരിക്കുന്നത്. പലപ്പോഴും ചർച്ചയിലൂടെ പോയപ്പോൾ സ്വാശ്രയ സ്ഥാപനങ്ങളെ ഇല്ലാതാക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ഒരു ബില്ലാണിതെന്ന തോന്നലുളവാക്കുന്ന പരാമർശങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ നടത്തുകയുണ്ടായി. ഇത്തരമൊരു ബിൽ കൊണ്ടുവന്ന സർക്കാരിനെയും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുന്നു. ഈ ബിൽ മൂന്ന് കാര്യങ്ങളാൽ ഏറെ പ്രസക്തമാകുന്നുണ്ട്. അതിൽ ഒന്ന്, സ്വാശ്രയ മേഖലയുടെ നിലവാരത്തകർച്ചയാണ്. അദ്ധ്യാപക-അനദ്ധ്യാപക മേഖലയിൽ വ്യവസ്ഥാപിതമായ സംവിധാനമുണ്ടാകുമ്പോൾ ഒരു സ്ഥാപനം മൂല്യവത്തായ നിലയിൽ ഉയർന്നുവരുന്ന സാഹചര്യമുണ്ടാകും. രണ്ടാമതായി, അവിടെ ജോലിചെയ്യുന്ന ജീവനക്കാർക്ക് കിട്ടേണ്ട പരിഗണനകൾ സംബന്ധിച്ച് നിരവധി പരാമർശങ്ങൾ വന്നു. ഈ ബിൽ ന്യൂനപക്ഷ വിരുദ്ധമാണെന്നും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്ക് നേരെയുള്ള കടന്നുകയറ്റമാണെന്നും സ്വാശ്രയ സ്ഥാപനങ്ങളെത്തന്നെ സംസ്ഥാനത്തുനിന്നും ഓടിക്കാനുള്ള നിലയിലാണ് ഈ ബിൽ വരുന്നതെന്നുമുള്ള പരാമർശങ്ങളാണുണ്ടായത്. ഇങ്ങനെയൊരു ബിൽ നിയമസഭയിൽ വരുന്നുണ്ടെന്ന് പറഞ്ഞപ്പോൾ തന്നെ സ്വാശ്രയ രംഗത്ത് ജോലിചെയ്യുന്ന നിരവധി അദ്ധ്യാപകരും അനദ്ധ്യാപകരും നിയമസഭാ സാമാജികരെ വന്നുകണ്ടിട്ടുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്.

ഉയർന്ന ബിരുദവും അദ്ധ്യാപനത്തിൽ മികച്ച പ്രാവീണ്യവുമുണ്ടെങ്കിലും ഈ മേഖലയിൽ എത്ര സമയം ജോലി ചെയ്യണമെന്നതിന് ഒരു വ്യവസ്ഥയുമില്ല, നിയതമായ ശമ്പള ഘടനയില്ല, തോന്നുന്നതുപോലെ പണിയെടുപ്പിച്ച് മാനേജ്മെന്റ് തരുന്നത് വാങ്ങിപ്പോകേണ്ട നിലയിൽ കടുത്ത ചൂഷണത്തിന്റെ രംഗമായി സ്വാശ്രയ വിദ്യാഭ്യാസ രംഗം നിലനിൽക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. അത്തരമൊരു പശ്ചാത്തലത്തിൽ ഇതിനെല്ലാം വ്യവസ്ഥയുണ്ടാകുകയെന്നത് പ്രധാനമാണ്. അത്തരത്തിലുള്ള വ്യവസ്ഥകളിലേയ്ക്കെത്തുന്നത് ന്യൂനപക്ഷത്തിന് എങ്ങനെയാണ് തടസ്സമാകുന്നതെന്ന് അംഗങ്ങൾ പറഞ്ഞതിൽ നിന്നും എനിക്ക് മനസ്സിലായിട്ടില്ല. ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ടവരും മറ്റ് മതവിശ്വാസികളും ഈ മേഖലയിൽ ജോലിചെയ്യുന്നുണ്ട്. ന്യൂനപക്ഷ മതവിശ്വാസികളുടെ കുടുംബങ്ങളിൽനിന്ന് വരുന്ന അദ്ധ്യാപകരും അനദ്ധ്യാപകരും പട്ടിണി കിടക്കണമെന്ന നിലപാട് ആരെങ്കിലും ഉയർത്തിപ്പിടിക്കുമെന്ന് കരുതുന്നില്ല. സ്വാശ്രയ കോളേജുകളിൽ പണിയെടുക്കുന്ന സാധാരണക്കാരെ ബാധിക്കുന്ന, അവർക്ക് വ്യവസ്ഥാപിതമായ രീതിയിൽ കാര്യങ്ങൾ നിർവ്വഹിച്ചുപോകാൻ വഴിയൊരുക്കുന്ന നിയമമെന്ന നിലയിൽ ഇതിന്റെ പ്രാധാന്യത്തെ കാണണം. എല്ലാ സ്വാശ്രയ സ്ഥാപനങ്ങളും വലിയ നിലയിൽ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുകയോ, യൂണിവേഴ്സിറ്റി നിഷ്കർഷിക്കുന്നതിന് ഉപരിയായി കുട്ടികളിൽനിന്നും ഫണ്ട് സമാഹരിക്കുകയോ ചെയ്യുന്നുണ്ടെന്ന നിലയിൽ ആക്ഷേപമുന്നയിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ അത്തരത്തിൽ നല്ല യോഗ്യതയുള്ളവർക്ക് അർഹമായ പരിഗണന കൊടുക്കാത്ത നിലപാട് സ്വീകരിക്കുന്ന സ്ഥാപനങ്ങളുമുണ്ട്. ഇത്തരമൊരു നിയമത്തെ പരിഗണിക്കുന്നതും മുന്നോട്ടുകൊണ്ടുപോകുന്നതും ഈ വിഷയങ്ങളെയെല്ലാം മുൻനിർത്തിക്കൊണ്ടാകണം. കേരളത്തിൽ സ്വാശ്രയ സ്ഥാപനങ്ങൾ വരുമ്പോൾ അന്നത്തെ മുഖ്യമന്ത്രി കേരളത്തോട് പറഞ്ഞ കാര്യം ചിലർ സൂചിപ്പിച്ചു. രണ്ട് സ്വാശ്രയ കോളേജുകൾക്ക് സമം ഒരു സർക്കാർ കോളേജ് എന്നായിരുന്നു. ഇവിടെ പല അംഗങ്ങളും അക്കാര്യം ഉദ്ധരിച്ചിട്ടുണ്ട്. പക്ഷേ സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾ ഞങ്ങളെ ചതിക്കുകയാണ് ചെയ്തതെന്ന് അന്നത്തെ മുഖ്യമന്ത്രി പറഞ്ഞ കാര്യം ഈ അവസരത്തിൽ ഓർമ്മിക്കുന്നത് നല്ലതാണ്. മാനേജ്മെന്റുകൾ ചതിച്ചുവെന്ന് പറഞ്ഞ് മുതലക്കണ്ണീരൊഴുക്കുന്ന നിലപാടാണ് അന്ന് സ്വീകരിച്ചത്. അതിനെ ശരിയായ രീതിയിൽ കൊണ്ടുപോകുന്നതിനുള്ള കാര്യമായ ഇടപെടൽ അന്ന് ഉണ്ടായില്ലെന്നുള്ളതാണ് വാസ്തവം. 2006-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് അൻപത് ശതമാനം സീറ്റിൽ മെറിറ്റ് ഉറപ്പുവരുത്തുന്നതിനുള്ള നിലപാടിലേയ്ക്ക് വന്നത്. മെറിറ്റടിസ്ഥാനത്തിലുള്ള പ്രവേശനം, ഫീസിൽ നിയന്ത്രണം തുടങ്ങിയ

ക്രമീകരണമുണ്ടായപ്പോൾ സ്വാശ്രയ രംഗം തളരുകയല്ല, മറിച്ച് കുറെക്കൂടി മെച്ചപ്പെട്ട് മുന്നോട്ടുവന്നുവെന്നതാണ് കേരളത്തിന്റെ അനുഭവം. രണ്ട് സ്വാശ്രയ കോളേജുകൾ ഒരു സർക്കാർ കോളേജിന് തുല്യമാണെന്ന നിലപാടും തുടർന്ന് സ്വാശ്രയ മാനേജുമെന്റുകൾ ചതിച്ചുവെന്ന വെളിപ്പെടുത്തലുമൊക്കെ വന്ന സാഹചര്യത്തിൽ അതിനെതിരെ അന്ന് വിദ്യാർത്ഥികളുടെ വലിയ പ്രതിഷേധങ്ങളുണ്ടാകുകയും വലിയ രീതിയിലുള്ള പ്രക്ഷോഭങ്ങൾ കേരളത്തിൽ ഉയർന്നുവരികയും ചെയ്തു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ശ്രീ. എ. കെ. ആന്റണി ഈ നയം നടപ്പിലാക്കുന്ന സമയത്ത് നമ്മുടെ law of the land, ഉണ്ണിക്കൃഷ്ണൻ കേസിലെ വിധിയെ അസാധുവാക്കിക്കൊണ്ട് T.M.A. Pai കേസിലും P.A. Inamdar കേസിലും ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്നപ്പോഴാണ് പ്രസ്തുത സ്വാശ്രയ നിയമം നടപ്പിലാക്കാൻ കഴിയാതെ വന്നത്. അതിനുശേഷം ശ്രീ. എം. എ. ബേബി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായപ്പോൾ അർദ്ധരാത്രി കഴിഞ്ഞ് പുലർച്ചവരെ ചർച്ച ചെയ്ത് നിയമസഭ പാസ്സാക്കിയ നിയമവും നിലനിന്നില്ല. എസ്.എഫ്.ഐ., കെ.എസ്.യു. തുടങ്ങിയ വിദ്യാർത്ഥി സംഘടനകളെല്ലാം സമരം ചെയ്തത് മെറിറ്റ് സീറ്റിൽ സർക്കാർ ഫീസ് ആയിരിക്കണമെന്ന് പറഞ്ഞുകൊണ്ടാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണകാലത്ത് മെറിറ്റ് സീറ്റിൽ ഏതെങ്കിലും സ്വാശ്രയ കോളേജിൽ സർക്കാർ ഫീസ് കൊടുക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; യു.ഡി.എഫ്.-ന്റെയും പിന്നീട് വന്ന എൽ.ഡി.എഫ്-ന്റെയും ഗവൺമെന്റുകളുടെ ഭരണകാലത്തെ ഫീസാണോ ഇപ്പോൾ സ്വാശ്രയ കോളേജുകൾ വാങ്ങുന്നത്? ഇക്കാര്യങ്ങളൊന്നും മനസ്സിലാക്കാതെ കാര്യങ്ങൾ ആവർത്തിക്കുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടോ?

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ശ്രീ. പി. സി. വിഷ്ണുനാഥ് പരിണിതപ്രജ്ഞനായ ജനപ്രതിനിധിയാണ്. ഒന്നും മനസ്സിലാക്കാതെയാണ് ഇവിടെ വന്ന് സംസാരിക്കുന്നതെന്ന് പറയുന്ന പരാമർശം അങ്ങേയ്ക്ക് യോജ്യമായ കാര്യമല്ല. P.A. Inamdar കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ക്രോസ് സബ്സിഡിയുടെ വിഷയത്തിലാണ് ഇടപെട്ടത്. അന്ന് കേരളത്തിൽ അത് വലിയ പ്രശ്നങ്ങളുണ്ടാക്കി. പ്രസ്തുത വിഷയത്തിൽ കേന്ദ്ര നിയമം വരേണ്ടതാണ്. കേരളത്തിൽ അതിനെ മറികടന്ന് പോകുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. ശ്രീ. എം. എ. ബേബി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ഈ സഭയിൽ പുലർച്ചെ 3.00 മണിവരെ നീണ്ടുനിന്ന ചർച്ചകൾക്കൊടുവിലാണ് നടപടിക്രമങ്ങളിലേയ്ക്ക് എത്തിച്ചേർന്നത്. ശ്രീ. പി. സി. വിഷ്ണുനാഥിന് തന്നെ അറിയുന്നതുപോലെ 'ഹൗസ് ബോട്ട് യാത്ര', അന്ന് അതിൽ പ്രതിഷേധിച്ച വിദ്യാർത്ഥികളോട്

സ്വീകരിച്ച സമീപനം, നിങ്ങളുൾപ്പെടെയുള്ള രാഷ്ട്രീയ നേതൃത്വവും ചില മാധ്യമങ്ങളും വിദ്യാർത്ഥികളെ വേട്ടയാടിക്കൊണ്ട് നീതിന്യായ വ്യൂഹത്തെത്തന്നെ പ്രതിക്കൂട്ടിൽ നിർത്തുന്ന നിലപാട് ഇടതുപക്ഷം സ്വീകരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് കേരളത്തിൽ വലിയ വിവാദങ്ങളുണ്ടാക്കിയതെല്ലാം ആർക്കും മറക്കാൻ കഴിയാത്ത കാര്യങ്ങളാണ്. 50 ശതമാനം സീറ്റിൽ മെറിറ്റ് ഉറപ്പുവരുത്തുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് നടപടി സ്വീകരിച്ചുവെന്ന് പറഞ്ഞല്ലോ. നിയമപരമായി ഇതിൽ എതിർപ്പുകളുണ്ടായിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്. ഒരു കാര്യം ഉറപ്പിച്ച് പറയാം, ഞങ്ങളൊക്കെ സ്വാശ്രയ സ്ഥാപനങ്ങളുടെ ചുമതലകൾ വഹിച്ചുകൊണ്ട് പ്രവർത്തിക്കുന്നവരാണ്, ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ഫീസ് ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഈ സ്ഥാപനങ്ങളെല്ലാം പ്രവർത്തിച്ചുവരുന്നതെന്ന് ഞങ്ങൾക്ക് അനുഭവമുണ്ട്. എനിക്ക് അത്തരം സ്ഥാപനങ്ങളുമായി ബന്ധമുണ്ട്. നിശ്ചയിച്ച ഫീസ് വാങ്ങിത്തന്നെയാണ് കാര്യങ്ങൾ നിർവ്വഹിച്ചുപോകുന്നത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ശരിയാണ്. ക്രോസ് സബ്സിഡി പാടില്ലെന്നത് ആ വിധിയുടെ പ്രധാനപ്പെട്ട കാര്യമായിരുന്നു. ഉണ്ണികൃഷ്ണൻ കേസിന്റെ വിധിയെ അസാധുവാക്കുന്ന ജഡ്ജ്മെന്റ് വന്നത് ഈ കോളേജുകൾക്ക് അനുവാദം കൊടുത്തതിനുശേഷമാണ്. അതിൽ വസ്തുതാപരമായി ഒരു പിശകുമില്ല. മെറിറ്റ് സീറ്റിൽ സർക്കാർ ഫീസ് എന്നുപറഞ്ഞ് സമരങ്ങൾ നടത്തിയ ഒരുപാട് കെ.എസ്.യു., എസ്.എഫ്.ഐ. നേതാക്കന്മാർ ഇന്ന് ഈ നിയമസഭയിലുണ്ട്. അന്ന് അവരെല്ലാം സമരം ചെയ്തവരാണ്. പക്ഷെ അതിനുശേഷം സ്വാശ്രയ കോളേജിലെ ഫീസ് വർദ്ധിപ്പിക്കുന്ന നിലപാടാണ് നിങ്ങൾ സ്വീകരിച്ചത്. അല്ലാതെ ഫീസ് കുറയ്ക്കുന്ന നിലപാട് സ്വീകരിച്ചിട്ടില്ല.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, ഇവിടെയുള്ള ഗവൺമെന്റുകൾ സ്വാശ്രയ കോളേജുകളുടെ ഫീസ് വർദ്ധിപ്പിച്ചുവെന്നല്ല പറയേണ്ടത്, കാലോചിതമായി പരിഷ്കരിച്ചുവെന്ന് പറയുന്നതാണ് നല്ലത്. പല കോടതികളുടെയും ഇടപെടലുകളുടെ പശ്ചാത്തലത്തിലാണ് അത്തരം നിലപാട് ഓരോ ഘട്ടങ്ങളിലും സ്വീകരിച്ചിട്ടുള്ളത്. ഇവിടെ സഹകരണ മേഖലയിലാണ് മുഖ്യമായും സ്വാശ്രയ സ്ഥാപനങ്ങളുണ്ടായിരുന്നത്. അതിലേയ്ക്ക് സ്വകാര്യ സ്ഥാപനങ്ങൾ വൻതോതിൽ ഇടിച്ചുകയറുകയാണ്. കേരളത്തിൽ ഏതാണ്ട് 500-ലധികം സ്വാശ്രയ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ആ സ്ഥാപനങ്ങളിലെല്ലാം നിയമനത്തിന് മാനദണ്ഡം ഉണ്ടാകണമെന്നത് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശങ്ങൾ, യു.ജി.സി.-യുടെ, എ.ഐ.സി.ടി.ഇ.-യുടെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാകണം അദ്ധ്യാപകരെ നിയമിക്കുന്നതെന്ന് ഈ ബില്ലിന്റെ

പൊതുകാഴ്ചപ്പാടിൽ അനുശാസിക്കുന്നു. പുതിയ നിയമം വരുന്നതോടുകൂടി സ്വാശ്രയ സ്ഥാപനങ്ങളിൽ ക്വാളിറ്റി, മൂല്യവർദ്ധനവ് എന്നിവ ഉണ്ടാക്കിയെടുക്കാൻ സാധിക്കും. സ്വാശ്രയ സ്ഥാപനങ്ങളിൽ ഇത്തരം നിയമം വന്നാൽ കുട്ടികൾ ഇവിടെ അഡ്മിഷനെടുക്കാതെ സംസ്ഥാനത്തിന് പുറത്തുപോയി പഠിക്കാനുള്ള താൽപ്പര്യം പ്രകടിപ്പിക്കുമെന്ന് ചില അംഗങ്ങൾ അഭിപ്രായപ്പെട്ടു. ഈ ബിൽ പൈലറ്റ് ചെയ്യുമ്പോൾ ഇതിന്റെ ഉള്ളടക്കത്തിൽത്തന്നെ ഗവൺമെന്റ് വ്യക്തമാക്കുന്നത് മൂല്യവർദ്ധനവോടുകൂടി മെച്ചപ്പെട്ട നിലയിലുള്ള മൂല്യസ്ഥിതിയിലുള്ള ഒരു സ്വാശ്രയ സംവിധാനമായി കേരളത്തിലെ വിദ്യാഭ്യാസ സംവിധാനത്തെ മാറ്റുമെന്നതാണ്. അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകാനുദ്ദേശിക്കുന്ന കുട്ടികളെ ഇവിടെത്തന്നെ നിലനിർത്താനും മെച്ചപ്പെട്ട നിലയിലുള്ള വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തിക്കൊടുക്കാനുമുള്ള വഴിയുമുണ്ടാക്കും. സ്വാശ്രയ മേഖലയുടെ മൂല്യവർദ്ധനവിനുകൂടി ഉതകുന്ന രീതിയിലുള്ള നിയമമാണ് ഗവൺമെന്റ് മുന്നോട്ടുവച്ചത്. ഇത് സ്വാശ്രയ മാനേജ്മെന്റിന് എതിരല്ല.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, കേരളത്തിൽ സ്വാശ്രയ മേഖലയിൽ മുഖ്യമായ ഭാഗം സഹകരണ പ്രസ്ഥാനത്തിലൂടെയാണ് വന്നിട്ടുള്ളത്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ വിദ്യാലയങ്ങൾക്ക് പ്രത്യേക പരിരക്ഷ നൽകുമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. അത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൂടി പ്രവർത്തിക്കുന്ന ഒരു സഹകാരിയായതുകൊണ്ട് കോവിഡിന്റെ പശ്ചാത്തലത്തിൽ സ്ഥാപനങ്ങൾ നടത്തികൊണ്ടുപോകാൻ കുറച്ച് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. ഗവൺമെന്റ് പരിഗണിക്കേണ്ട ഒരു വിഷയമായാണ് ഇതിനെ കാണുന്നത്. ഇതിന്റെ നാലാമത്തെ ഖണ്ഡികയിൽ രണ്ടാമതായി പറയുന്ന കാര്യം; "സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ തൊഴിൽ ദിനങ്ങൾ, ജോലി സമയം എന്നിവ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജ് അല്ലെങ്കിൽ എയ്ഡഡ് കോളേജ് എന്നിവിടങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് ബാധകമായതിന് സമാനമായിരിക്കുന്നതാണ്." ഒപ്പം തന്നെ അതിൽ ഒരു ക്ലോസ് പറഞ്ഞിരിക്കുന്നത്, "എന്നാൽ, അടിയന്തര സാഹചര്യങ്ങളിൽ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കരാറിലെ വ്യവസ്ഥകൾ പ്രകാരം അധികസമയ ജോലി നിർവ്വഹിക്കേണ്ടതാണ്." എന്നാണ്. എന്നുപറഞ്ഞാൽ സ്വാശ്രയ മാനേജ്മെന്റിന് ഗുണകരമാകുന്ന നിലയിലുള്ള കാഴ്ചപ്പാടുകളാണ് ഈ ബിൽ മുന്നോട്ടുവയ്ക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം, സബ്ജക്ട് കമ്മിറ്റിയിലേയ്ക്ക് കാര്യങ്ങൾ പോകുമ്പോൾ കുറച്ചുകൂടി ഗൗരവത്തോടുകൂടി ചർച്ച ചെയ്യപ്പെടേണ്ട മേഖലയെന്ന്

പറയുന്നത് മിനിമം വേതനം എന്ന വ്യവസ്ഥ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നതാണ്. മിനിമം വേതനം എന്നത് വ്യവസ്ഥ ചെയ്യണം. തുല്യജോലിക്ക് തുല്യ വേതനമെന്നത് 2016-ലെ സുപ്രീംകോടതിയുടെ വിധിയിൽ വ്യക്തമാക്കുന്നുണ്ട്. അതിനെ മുൻനിർത്തിക്കൊണ്ട് ഈ ബില്ലിൽ മിനിമം വേതനം ഉറപ്പുവരുത്തുന്ന വ്യവസ്ഥകളോടുകൂടി കാര്യങ്ങൾ കൊണ്ടുപോകണം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, നിയമത്തിന് മാനദണ്ഡങ്ങൾ ഉണ്ടാക്കണമെന്നും മിനിമം വേതനം ഏർപ്പെടുത്തണമെന്നും ബഹുമാന്യനായ അംഗം നിർദ്ദേശിക്കുകയുണ്ടായി. ഇത്തരം പരിഷ്കാരങ്ങൾ കുട്ടികൾക്ക് ഭാരമായിവരുന്നു. സ്വാഭാവികമായും മാനേജ്മെന്റിന് ഫീസ് വർദ്ധിപ്പിക്കേണ്ടിവരുമ്പോൾ കുട്ടികൾക്ക് അത് ഭാരമായി വരും. ഇങ്ങനെ അഭിപ്രായങ്ങൾ പറയുമ്പോൾ തന്നെ അത് കുട്ടികൾക്ക് ഭാരമാകാതെ ഗവൺമെന്റിന്റെ ഇടപെടലും സഹായവും ഇളവുകളും നൽകാൻ കഴിയുന്ന സാഹചര്യംകൂടി നമ്മൾ നിർദ്ദേശിക്കേണ്ടതല്ലേ?

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, എയ്ഡഡ് സ്ഥാപനങ്ങളിലൊക്കെ ഗവൺമെന്റ് ആ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇന്നത്തെ അവസ്ഥയിൽ സ്വാശ്രയ സ്ഥാപനങ്ങൾ 'self financing' എന്ന പേരിൽ നിന്നുകൊണ്ടാണ് പ്രവർത്തിക്കുന്നത്. അതിന് ഗവൺമെന്റിന്റെ ഈട് വേണമെന്ന് പറയുമ്പോൾ അതിന്റെ സ്വഭാവവും രീതിയും ഘടനയും മാറിവരുന്ന നിലയുണ്ടാകും. ഈ ബിൽ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങളിലൊന്ന് അവിടെ പണിയെടുക്കുന്നവർക്ക് മാന്യമായ വേതനം നൽകണമെന്നാണ്. ആ വേതനം വേണ്ടതില്ലെന്ന അഭിപ്രായമുണ്ടെങ്കിൽ അത് അത്തരത്തിൽ തുറന്നുപറഞ്ഞുകൊണ്ട് ചർച്ച ചെയ്യുന്നതായിരിക്കും നല്ലത്. ബഹുമാനപ്പെട്ട മെമ്പർക്ക് അങ്ങനെയൊരു അഭിപ്രായമുണ്ടോ; പി.എച്ച്.ഡി.-യുള്ള ഒരു ചെറുപ്പക്കാരി പറഞ്ഞത് 13,000 രൂപയാണ് ഒരു മാസം ലഭിക്കുന്ന ശമ്പളമെന്നാണ്. ജോലി ചെയ്യുന്നതിന് ഒരു സമയ നിയന്ത്രണവുമില്ല. കഠിനമായി അദ്ധ്വാനിച്ച് പഠിച്ച് ഉന്നത ബിരുദം നേടി, ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസ യോഗ്യത നേടിയ ഒരാൾക്ക് 10,000 രൂപയ്ക്ക് ജോലി ചെയ്യേണ്ടിവരുന്നത് ആർക്കാണ് അംഗീകരിക്കാൻ കഴിയുന്നത്; ഈ സഭയ്ക്ക് അംഗീകരിക്കാൻ സാധിക്കുമോ?

<u>ശ്രീ. എം. വിജിൻ</u>: സർ, 13,000 രൂപ എന്ന് അങ്ങയുടെ അനുഭവത്തിൽ പറഞ്ഞു. 13,000 രൂപ മുതലാണ് പി.എച്ച്.ഡി. ഉൾപ്പെടെയുള്ള നെറ്റ് യോഗ്യതയുള്ള അദ്ധ്യാപകർക്ക് സ്വാശ്രയ കോളേജുകളിൽ ശമ്പളമായി കൊടുക്കുന്നത്. അവരിൽ ചിലർ പരാതി പറയുന്നത് 12,000-മോ 13,000-മോ രൂപ കൈപ്പറ്റിയെന്ന് മാനേജ്മെന്റിന്റെ രജിസ്റ്ററിൽ ഒപ്പുവച്ചാൽപ്പോലും അതിന്റെ പകുതി തുക മാത്രം വേതനം വാങ്ങേണ്ടിവരുന്ന മതിയായ യോഗ്യതയുള്ള

അദ്ധ്യാപകരും ഇന്ന് സ്വാശ്രയ കോളേജുകളിലുണ്ടെന്നാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ജീവനക്കാരുടെ പി.എഫ്., ഇ.എസ്.ഐ. തുടങ്ങിയ വിഹിതം അടയ്ക്കാത്ത സ്ഥാപനങ്ങളുണ്ട്. Pay roll-ൽ പോലും പേര് വയ്ക്കാതെ പണിയെടുപ്പിച്ച് പരമാവധി ചോരയും നീരും ഊറ്റുന്ന രീതിയിലുള്ള കാര്യങ്ങളുണ്ട്. 1957-ന് മുമ്പ് കേരളത്തിലെ വിദ്യാഭ്യാസ രംഗത്തുണ്ടായിരുന്ന സ്ഥിതിയെന്ന് പറയുന്നത് മൂന്ന് രൂപ ശമ്പളം കൊടുത്താൽ മൂന്ന് രൂപ അദ്ധ്യാപകന് കൊടുക്കാതെ മാനേജ്മെന്റ് അത് തികച്ചും വാങ്ങിയെടുത്ത് 50 പൈസയോ ഒരു രൂപയോ അദ്ധ്യാപകന് കൊടുത്ത് മൂന്ന് രൂപ കിട്ടിയിരിക്കുന്നു എന്നുകാണിച്ച് കടലാസിൽ ഒപ്പിട്ട് വാങ്ങിക്കുന്നതുപോലെയുള്ള സ്ഥിതി സ്വാശ്രയ കോളേജുകളിൽ ഇപ്പോഴും തുടരുന്നുണ്ട്. ഈ ജീവനക്കാർക്ക് ഇ.എസ്.ഐ., ഇ.പി.എഫ്, ഗ്രാറ്റുവിറ്റി, മെറ്റേർണിറ്റി, പെറ്റേർണിറ്റി എന്നീ നിലയിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്ന രീതിയിലുള്ള ഉറപ്പ് ഈ ബില്ലിലൂടെ മുന്നോട്ടുവയ്ക്കാൻ സാധിക്കണം. കേരളത്തിന്റെ സ്വാശ്രയ മേഖലയെ ഏറ്റവും സജീവമാക്കിയെടുക്കുന്നതിന് വഴിയൊരുക്കുന്ന ഒരു ബില്ലായി ഇത് വരുമെന്നാണ് കരുതുന്നത്. അസിസ്റ്റന്റ് പ്രൊഫസർ, അസ്സോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിവരുടെ പ്രൊമോഷന്റെ കാര്യത്തിലും പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഇവയൊന്നും വ്യവസ്ഥാപിതമായ രീതിയിൽ നടക്കുന്നില്ല. അതിനുള്ള സംവിധാനം, നിയമപരമായ ഒരു വ്യവസ്ഥ ഒന്നും തന്നെ സ്വാശ്രയ കോളേജുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നില്ല. അതെല്ലാം ഉറപ്പുവരുത്താൻ സഹായകമാകുന്ന രീതിയിൽ ഈ ബില്ലിൽ ആവശ്യമായ കാര്യങ്ങൾ ഉൾക്കൊള്ളിക്കണം. അതുകൊണ്ട് ഇന്നത്തെ കാലഘട്ടത്തിൽ വിദ്യാഭ്യാസ രംഗത്ത് ഏറ്റവും ഗുണപരമായ നിലയിലുള്ള വ്യവസ്ഥ ഉണ്ടാക്കിയെടുക്കുന്നതിന്, സ്വാശ്രയ മേഖലയെ കുറെക്കൂടി ഉയർത്തിക്കൊണ്ടുവരുന്നതടക്കമുള്ള കാര്യങ്ങൾ ചെയ്യുന്നതിന് ബിൽ സഹായകമാകുമെന്ന നിലയിൽ ഈ ബില്ലിനെ പിന്തുണയ്ക്കുകയാണ്.

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. മുഹമ്മദ് മുഹസിൻ: സർ, 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വേതന വ്യവസ്ഥകളും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതിയെ പിന്താങ്ങുകയാണ്. വളരെ പ്രധാനപ്പെട്ട ബില്ലാണ് നിയമസഭയിൽ വന്നിട്ടുള്ളത്. ഇന്ത്യയിൽ ആദ്യമായാണ് സ്വാശ്രയ മേഖലയിലുള്ള അദ്ധ്യാപകർ-അനദ്ധ്യാപകർ ആയിട്ടുള്ളവരെ പരിഗണിക്കുന്ന ഒരു നിയമനിർമ്മാണം നിയമസഭയിൽ കൊണ്ടുവരുന്നത്. അത് അഭിമാനകരമായ കാര്യമാണ്. ഇത് കൊണ്ടുവരാൻ

നിരവധി കാര്യങ്ങളുണ്ട്. സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നിരന്തരമായ പരാതികൾ സർക്കാർ കേൾക്കുകയും അക്കാര്യം വിശദമായി പഠിച്ച് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. ഇങ്ങനെ പരാതികൾ ഉയരുന്നതിന്റെ പ്രധാന കാരണം കൃത്യമായ സ്റ്റാറ്റ്യൂട്ടറി റെഗുലേഷൻസ് ഇല്ലാത്തതുകൊണ്ടാണ്. പ്രത്യേകിച്ച് മിനിമം പേ, മിനിമം ക്വാളിഫിക്കേഷൻ, ലീവിനുള്ള മാനദണ്ഡങ്ങൾ, ഇൻക്രിമെന്റിനുള്ള പ്രൊവിഷൻസ്, ഫിക്സിംഗ്, എത്ര മണിക്കൂർ ജോലി ചെയ്യണമെന്നതിനുള്ള കൃത്യമായ മാനദണ്ഡം, തൊഴിൽ സംരക്ഷണവും സെക്യൂരിറ്റിയും, മെറ്റേണിറ്റി ലീവിന് പോകുമ്പോൾ ജോലി നഷ്ടപ്പെടുന്ന സാഹചര്യം എന്നിങ്ങനെ നിരവധി പ്രശ്നങ്ങളുണ്ട്. പലരും വെക്കേഷൻ പോലുമില്ലാതെ മുഴുവൻ സമയവും ജോലി ചെയ്യുകയാണ്. ഇവരുടെ counterpart ആയിട്ടുള്ളവർക്ക് സർക്കാർ/എയ്ഡഡ് സംവിധാനങ്ങളിൽ കൃത്യമായ ജോലി സമയവും ക്വാളിറ്റി ഇംപ്രൂവ് ചെയ്യാനുള്ള പ്രോഗ്രാമുകളും പീരിയോഡിക്കൽ ട്രെയിനിംഗും വർക്ക്ഷോപ്പും എല്ലാമുള്ളപ്പോൾ ഇതൊന്നുമില്ലാതെയാണ് ഇവിടെയുള്ളവർ ജോലി ചെയ്യുന്നത്. അതിന്റെ ഭാഗമായി ഏതുസമയത്തും ഇവരെ പിരിച്ചുവിടാവുന്ന സാഹചര്യമാണുള്ളത്. സ്വാശ്രയ കോളേജുകളിൽ മികച്ച ക്വാളിറ്റി എഡ്യൂക്കേഷൻ ലഭിക്കുന്നുണ്ടെന്നും നല്ല ഗുണമുണ്ടെന്നും പലരും പറഞ്ഞു. സ്വാഭാവികമായും പല കോളേജുകളും നല്ല രീതിയിലുള്ള പ്രവർത്തനം നടത്തുന്നുണ്ട്. എന്നാൽ മറ്റുചില കോളേജുകളിൽ ഇതൊരു കച്ചവടമാണ്. പല സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെയും വിജയ ശതമാനം 10 ശതമാനത്തിൽ താഴെയാണെന്നാണ് ഈ അടുത്ത സമയത്തുവന്ന റിപ്പോർട്ട് സൂചിപ്പിക്കുന്നത്. അതോടൊപ്പം 114 കോളേജുകളിൽ 112 എണ്ണത്തിലും 40 ശതമാനത്തിൽ താഴെയാണ് വിജയശതമാനം. ചില സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഒരാളുപോലും ജയിക്കാത്ത സ്ഥിതിയുമുണ്ട്. നേരത്തേയുള്ള കണക്കനുസരിച്ച് നഴ്സിംഗ് ഉൾപ്പെടെയുള്ള കോളേജുകളിലെ വിജയ ശതമാനം 28 ശതമാനവും അതിൽ നാല് കോളേജുകളിലെ വിജയ ശതമാനം പൂജ്യവുമാണ്. വിജയ ശതമാനം കുറഞ്ഞതിന്റെ ഭാഗമായി കുട്ടികൾ കോളേജുകളിൽ പോകാതെ പല കോളേജുകളും പൂട്ടിപ്പോകുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നത് സ്വാശ്രയ കോളേജുകളാണെന്ന് സ്വാശ്രയ കോളേജുകളുടെ അപ്പോസ്തലന്മാർ പറയുന്നുണ്ടെങ്കിലും രണ്ട് തരത്തിലുള്ള സമീപനമാണ് അവിടെയുള്ളത്. മാനേജുമെന്റുകളെയും അതിന്റെ മുതലാളിമാരെയും അവർക്ക് ലഭിക്കുന്ന ലാഭത്തെയും മാത്രം കാണുക എന്ന സമീപനം വച്ചുപുലർത്തുന്ന യു.ഡി.എഫ്.-ന് വിദ്യാഭ്യാസം എന്നുപറയുന്നത് കച്ചവടവും കച്ചവടച്ചരക്കും കമ്മോഡിറ്റിയുമാണ്. എന്നാൽ എൽ.ഡി.എഫ്.-ന്റെ സമീപനം അങ്ങനെയല്ല. അവിടെ വരുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരമുയർത്തുകയും അനുയോജ്യരായ അദ്ധ്യാപകരെ സജ്ജരാക്കുകയും അവർക്ക് ജോലി ചെയ്യാനുള്ള

സാഹചര്യമൊരുക്കുകയും അവരുടെ യോഗ്യതയനുസരിച്ച് മാനദണ്ഡപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്ന കാര്യങ്ങളാണ് ബില്ലിലൂടെ ഉറപ്പുവരുത്താൻ ശ്രമിക്കുന്നത്. ഒരു ഭാഗത്ത് തൊഴിൽ ചൂഷണം നടക്കുമ്പോൾ മറുഭാഗത്ത് ക്വാളിറ്റി വർദ്ധിപ്പിക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ക്വാളിറ്റി വർദ്ധിപ്പിക്കുന്നതിന് നല്ല അദ്ധ്യാപകരും നല്ല അന്തരീക്ഷവും ഉണ്ടാകുന്നതോടൊപ്പം നല്ല രീതിയിൽ പഠന നിലവാരമുയർത്താനുള്ള പ്രവർത്തനങ്ങൾ നടത്തുകയും നിരന്തരമായി പ്രവർത്തിക്കുകയും വേണം. മറ്റൊരു കാര്യം, തൊഴിൽ ചൂഷണം നടത്തുന്നത് തടയണം. പോസ്റ്റ്ഗ്രാജ്വേഷനും NET-ഉം കഴിഞ്ഞവർക്ക് 25,000 രൂപയും 30,000 രൂപയും ഒക്കെ ശമ്പളമായി രേഖപ്പെടുത്തുകയും വെറും 8,000 രൂപ മാത്രം നൽകുകയും ചെയ്യുന്ന സ്ഥിതി പരിതാപകരമാണ്. ഏതെങ്കിലും തരത്തിൽ എതിർപ്പ് പ്രകടിപ്പിക്കുകയാണെങ്കിൽ യാതൊരു തരത്തിലും ഒരു അഷ്വറൻസുമില്ലാതെ അവരെ പിരിച്ചുവിടുകയാണ് ചെയ്യുന്നത്. തുല്യജോലിക്ക് തുല്യവേതനം എന്ന മുദ്രാവാക്യവും കോടതി വിധിയുമടക്കം എല്ലാം കാറ്റിൽ പറത്തിക്കൊണ്ട് യാതൊരു തരത്തിലുള്ള ഉറപ്പും നൽകാതിരിക്കുന്നത് വിദ്യാഭ്യാസത്തിന്റെ ക്വാളിറ്റിയെയാണ് ബാധിക്കുന്നത്. വളർന്നുവരുന്ന തലമുറ, നല്ല ക്വാളിറ്റിയുള്ള വിദ്യാഭ്യാസമാർജ്ജിച്ച് സമൂഹത്തിന്റെ ഏറ്റവും മുന്നിലെത്തേണ്ട പലരെയും ഇല്ലാതാക്കുന്ന ശ്രമങ്ങൾ ഇതിന്റെ ഭാഗമായി നടക്കുന്നുണ്ട്. ഇതിൽ പല കോളേജുകളും ക്വാളിഫിക്കേഷനല്ല പരിഗണിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പഠനം നടത്തിയതിൽനിന്നും മനസ്സിലായ ഒരു കാര്യമെന്ന് പറയുന്നത്, വിവാഹം കഴിഞ്ഞ ഒരു സ്ത്രീ - അവരുടെ ഭർത്താവിന് ജോലിയുണ്ട്, അവർക്ക് കൂടുതൽ ശമ്പളമൊന്നും നൽകേണ്ട കാര്യമില്ല. ഒരു ജോലി മാത്രം നൽകിയാൽ മതി എന്നുപറഞ്ഞ് വരുന്നവരെയാണ് ബഹുഭൂരിപക്ഷം കോളേജുകളും പ്രിഫർ ചെയ്യുന്നതെന്നാണ്. അല്ലാതെ എഡ്യൂക്കേഷനോ ക്വാളിഫിക്കേഷനോ ഒന്നും അല്ല പ്രശ്നം. അങ്ങനെ പലതരത്തിലുള്ള പ്രശ്നങ്ങളുണ്ട്. കോളേജുകളിൽ സ്ഥിരം അദ്ധ്യാപകരില്ല. ഒരു വർഷത്തിൽ തന്നെ പല തവണ അദ്ധ്യാപകർ മാറിക്കൊണ്ടിരിക്കുകയാണ്. അവിടെ കുറച്ച് സ്റ്റാഫ് മാത്രമേ ഉണ്ടാകുകയുള്ളൂ. അവരിൽ നിന്നും മാക്സിമം ഔട്ട്പുട്ട് എടുത്തുകൊണ്ട് അടിമകളെപ്പോലെയാണ് ജോലി ചെയ്യിപ്പിക്കുന്നത്. ഇതെല്ലാം നമ്മുടെ നാട്ടിലെ ക്വാളിറ്റി എഡ്യൂക്കേഷനെയാണ് ബാധിക്കുന്നത്. ഇത് പരിഹരിക്കുന്നതിനായി നിയമനത്തിൽ പാലിക്കേണ്ട രീതി, നിയമന കരാർ എന്നിവയുണ്ടാകണം. നിലവിൽ യാതൊരു കരാറുമില്ല, എത്ര രൂപയാണ് ഇവർക്ക് നൽകുന്നത് എന്നതിനെക്കുറിച്ച് ഒരു മാനദണ്ഡവുമില്ല. യൂണിവേഴ്സിറ്റിയിൽ ഇതുമായി ബന്ധപ്പെട്ട ഒരു രേഖയുമില്ല. അതിന്റെ ഫലമായി നിരവധി പ്രശ്നങ്ങളുണ്ടാകുകയാണ്. ഇവർക്ക് ആരോടും പരാതി പറയാനും സാധിക്കില്ല. കോളേജുകളിൽ രൂപീകരിക്കേണ്ട വിവിധ തരത്തിലുള്ള ബോഡികൾ, സ്റ്റുഡന്റ്സ് കൗൺസിലിന്റെ പരാതി പരിഹാര സെൽ അടക്കമുള്ള കാര്യങ്ങളെക്കുറിച്ച് ബില്ലിൽ കൃത്യമായി

പറയുകയാണ്. കൃത്യമായി ഇത് രജിസ്റ്റർ ചെയ്യപ്പെടണമെന്നും യൂണിവേഴ്സിറ്റിയിൽ അത് അറിയിക്കണമെന്നും ഏതെങ്കിലും തരത്തിൽ പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കാനോ പിരിച്ചുവിടാനോ മാനേജ്മെന്റിന് അധികാരമുണ്ടെന്നും പറയുന്നുണ്ട്. എങ്കിലും അപ്പീൽ പോകാനുള്ള പ്രൊവിഷനും കൂടി ബില്ലിലുണ്ടാകേണ്ടത് ആവശ്യമാണ്. അപ്പോൾ ഒരു അഷ്വറൻസ് ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല. തോന്നിയതുപോലെ നിയമനം നടത്തുകയല്ല. നോട്ടിഫിക്കേഷനിറക്കി റെഗുലേറ്ററി ബോഡികൾ പറയുന്ന പ്രകാരമുള്ള ക്വാളിഫിക്കേഷൻ നിശ്ചയിച്ച് അപേക്ഷ ക്ഷണിച്ചുകൊണ്ടാണ് ആളുകളെ നിയമിക്കേണ്ടത്. അപേക്ഷ പരിശോധിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ക്വാളിഫൈഡായിട്ടുള്ളവരെ നിയമിക്കുമ്പോൾ സ്വാഭാവികമായും അത് ഗുണം ചെയ്യും. കരാറിൽ കൃത്യമായി അവരുടെ തസ്തിക, ശമ്പളം, ശമ്പള സ്കെയിൽ, ഇൻക്രിമെന്റ്, ഗ്രേഡ്, നിയമന കാലയളവ്, ബത്ത, അധികസമയ ജോലിയുടെ ഭാഗമായ കാര്യങ്ങൾ തുടങ്ങിയവ കൃത്യമായി എഴുതണമെന്ന് പറയുന്നുണ്ട്. ഇതിനെ എതിർക്കേണ്ട കാര്യമില്ല. തൊഴിലിടങ്ങളിൽ ഇത് ഏറ്റവും പ്രധാനപ്പെട്ട അവകാശങ്ങളാണ്. പക്ഷേ എന്തുകൊണ്ടോ പ്രതിപക്ഷം ഇതിനെ എതിർക്കുകയാണ്. പൊതു അവധി, ആകസ്മികാവധി, പ്രസവാവധി, പ്രൊവിഡന്റ് ഫണ്ട് തുടങ്ങിയ നിരവധി കാര്യങ്ങളൊന്നും സ്വാശ്രയ കോളേജുകളിൽ ലഭ്യമാകുന്നില്ല; അത് ലഭ്യമാക്കണം എന്നുള്ളതാണ്. എ.ഐ.സി.ടി.ഇ.-യും യു.ജി.സി.-യുമടക്കമുള്ള റെഗുലേറ്ററി ബോഡികൾ പറയുന്ന ചട്ടങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന വളരെ കുറച്ച് സ്വാശ്രയ കോളേജുകൾ മാത്രമേയുള്ളൂ. അങ്ങനെയാണെങ്കിൽ കോളേജുകൾക്ക് ഇത് എങ്ങനെ താങ്ങാൻ കഴിയുമെന്നാണ് പലരും ചോദിച്ചത്. സത്യത്തിൽ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും അവിടെ ജോലി ചെയ്യുന്നവർക്കും മാന്യമായ സാലറി നൽകാൻ കഴിയാത്തവരാണെങ്കിൽ അവർ എന്തിനാണ് വിദ്യാഭ്യാസ കച്ചവടം നടത്താനായി ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നത്? അവർ വേറെ എന്തെങ്കിലും കച്ചവടം ചെയ്യണം. അന്തിച്ചന്തയിൽ വയ്ക്കുന്ന പച്ചക്കറികളെപ്പോലെ വിദ്യാഭ്യാസത്തെ കാണരുത്. അങ്ങനെ വരുമ്പോഴാണ് പ്രശ്നം. അഫോർഡ് ചെയ്യാൻ സാധിക്കാത്ത മാനേജ്മെന്റുകൾ ഇതിൽനിന്ന് മാറിനിൽക്കുകയും അഫോർഡ് ചെയ്യാൻ സാധിക്കുന്നവർ ഇതിലേയ്ക്ക് കടന്നുവരികയും ചെയ്യണമെന്നാണ് പറയാനുള്ളത്. അട്രാക്ടീവ് സാലറി നൽകി നിലനിർത്താൻ കഴിയാത്തതുകൊണ്ടാണ് ക്വാളിറ്റി ഇല്ലാത്തത്.

ശ്രീ. നജീബ് കാന്തപുരം: സർ, ബഹുമാന്യനായ അംഗം വളരെ കാതലായ വിഷയങ്ങളാണ് ബില്ലുമായി ബന്ധപ്പെട്ട് സംസാരിച്ചത്. പക്ഷേ അദ്ദേഹം പറഞ്ഞ ഏറ്റവും വലിയ പ്രശ്നം, ശമ്പള വർദ്ധനവിനെക്കുറിച്ച് വളരെ അനിവാര്യമായ ചില സൂചകങ്ങളാണ് അദ്ദേഹം നൽകിയത്. പക്ഷേ അങ്ങനെ വർദ്ധിപ്പിക്കുകയാണെങ്കിൽ അതിന്റെ ഉത്തരവാദിത്വം സ്വാഭാവികമായും വിദ്യാർത്ഥികളുടെ മേലാണ് വരാൻ

പോകുന്നത്. സ്വാശ്രയ മേഖലയിൽ ഏതാണ്ട് 87 ശതമാനത്തോളം വിദ്യാർത്ഥികൾ പഠിക്കുന്നത് ആർക്കിടെക്ചറൽ മേഖലയിലും എഞ്ചിനീയറിംഗ് മേഖലയിലും ആർട്സ് ആൻഡ് സയൻസ് കോളേജുകളിലുമാണ്. സ്വാഭാവികമായും വിദ്യാർത്ഥികളുടെ ഫീസിന്റെ എല്ലാ കാര്യവും അവരുടെമേൽ വരുന്നൊരു സാഹചര്യമുണ്ടാകും. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് താങ്കളുടെ ശ്രദ്ധയിൽ ഈ കാര്യമുണ്ടോയെന്ന് അറിയാൻ വേണ്ടിയാണ്. ഈ നിയമത്തിന്റെ മറവിൽ യഥാർത്ഥത്തിൽ വരുന്നത് സിൻഡിക്കേറ്റ് രാജാണ്. വളരെ കൃത്യമായ രാഷ്ട്രീയ ഇടപെടലിന് സാധ്യമാകുന്ന വിധത്തിലേയ്ക്ക് യു.ജി.സി.യെ പോലും മറികടക്കുന്ന തരത്തിൽ എല്ലാ കോളേജുകളും റെഗുലേറ്ററി ബോർഡിന്റെ കീഴിലേയ്ക്ക് വരുന്ന സാഹചര്യമുണ്ട്. അത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, രണ്ട് കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. ഒന്ന്, വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട കാര്യമാണ്. വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിച്ചുകൊണ്ടല്ല അദ്ധ്യാപകർക്ക് സാലറി നൽകേണ്ടത്. ഇവിടെ ഇതൊരു ബിസിനസ് മോഡലാണ്. ബിസിനസ് മോഡലെന്ന് പറഞ്ഞാൽ മാക്സിമം റവന്യൂ ഉണ്ടാക്കുക, മിനിമം ചെലവുണ്ടാക്കുക എന്നതാണ്. ഇതിൽ പല കോളേജുകളും ചെയ്യുന്നത് അവരുടെ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ, അതായത് ബിൽഡിംഗ്, ലാബ് മറ്റ് സൗകര്യങ്ങൾ എന്നിവയൊക്കെ കുട്ടികളുടെ ഫീസിൽനിന്ന് ഈടാക്കുന്ന രീതിയാണ്. അനുയോജ്യമായ സ്ഥലം ലഭിച്ചാൽ കോളേജ് മാത്രം ആരംഭിക്കും ബാക്കിയുള്ള സൗകര്യങ്ങളൊക്കെ കുട്ടികളുടെ ഫീസിൽനിന്നാണ് ഈടാക്കുന്നത്. റവന്യൂ എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ അദ്ധ്യാപകർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ കുറയ്ക്കുകയാണ്. അങ്ങനെയുള്ള നിലപാട് മാറി ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ നല്ല രീതിയിൽ വിദ്യാർത്ഥികളിൽനിന്ന് ഈടാക്കാതെ തന്നെ ചെയ്യാൻ കഴിയുന്നവർക്കാണ് കോളേജുകൾ നൽകേണ്ടത്. അങ്ങനെ വരുമ്പോൾ റവന്യൂ എക്സ്പെൻഡിച്ചറിനുവേണ്ടി ഈ ഫീസിൽനിന്നുതന്നെ ഉപയോഗിക്കാനും സാധിക്കും. രണ്ടാമത്തേത് സിൻഡിക്കേറ്റ് രാജിന്റെ കാര്യമാണ്. ഒരു റെഗുലേഷനുമില്ലാതെ, ഒരു യൂണിവേഴ്സിറ്റിയുടെ നിയന്ത്രണവുമില്ലാതെ വലിയ കച്ചവടം നടത്തുകയാണ്. സിൻഡിക്കേറ്റ് രാജും യൂണിവേഴ്സിറ്റിയുമൊക്കെ ഈ നാട്ടിൽ നിലനിൽക്കുന്ന വിദ്യാഭ്യാസ മേഖലയെ നിയന്ത്രിക്കാനുള്ള സംവിധാനങ്ങളാണ്. അതൊന്നുമില്ലാതെ കയർ അഴിച്ചുവിട്ടതുപോലെ അഴിച്ചുവിടണമെന്ന് പറയുന്നത് ആർക്കുവേണ്ടിയാണ്?

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ജീവനക്കാരുടെ ഇ.എസ്.ഐ.യെയും പ്രോവിഡന്റ് ഫണ്ടിനെയും കുറിച്ച് അങ്ങ് സൂചിപ്പിച്ചു. യൂണിവേഴ്സിറ്റി ഒരു വർഷത്തേയ്ക്കാണ് കോഴ്സിന് അംഗീകാരം നൽകുന്നത്. അതുകഴിയുമ്പോൾ വീണ്ടും

പുതുക്കണം. ഈയൊരു കാരണം പറഞ്ഞാണ് ഇ.എസ്.ഐ.യും പ്രോവിഡന്റ് ഫണ്ടും നൽകാതിരിക്കുന്നത് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, തീർച്ചയായും. അത്യാവശ്യം നന്നായി പ്രവർത്തിക്കുന്ന കോളേജുകളെ അസസ്സ് ചെയ്തുകൊണ്ട് അവയ്ക്ക് തുടർന്ന് പ്രവർത്തിക്കാനുള്ള സംവിധാനങ്ങൾ ചെയ്യുന്നത് തീർച്ചയായും നല്ലതാണ്. അല്ലാത്തവയെ ഈ വിദ്യാഭ്യാസ മേഖലയിൽനിന്ന് ഒഴിവാക്കാനുള്ള നടപടികൂടി സ്വീകരിക്കണം. അങ്ങനെ വരുമ്പോൾ അഫിലിയേഷന്റെ സമയത്തിൽ മാറ്റം വരുത്താൻ തീർച്ചയായും കഴിയും. യൂണിവേഴ്സിറ്റിക്കും സർക്കാരിനും ഇതിൽ നിയന്ത്രണമുണ്ടാകണം. അതുപോലെ സാമൂഹ്യനീതി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളുമുണ്ടാകണം. ഇത് ഇന്നും ഇന്നലെയുമൊന്നും പറഞ്ഞതല്ല. 50:50 ആക്കി എന്നാണ് പ്രതിപക്ഷ അംഗങ്ങൾ പറയുന്നത്. എൻ.ഒ.സി. നൽകാൻ തീരുമാനിച്ച അവസരത്തിൽ ചോദിച്ചവർക്കെല്ലാവർക്കും നൽകിയെന്ന് പറഞ്ഞത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയാണ്. അങ്ങനെ തോന്നിയവർക്കെല്ലാവർക്കും എൻ.ഒ.സി. നൽകിയതുകൊണ്ടാണ് ഇന്ന് ഈ സാഹചര്യം സംജാതമായത്. അന്ന് ഇക്കാര്യങ്ങൾ പരിശോധിച്ച് നൽകിയിരുന്നെങ്കിൽ ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കേണ്ടി വരില്ലായിരുന്നു. ഇതിൽ മറ്റൊരു പ്രധാനപ്പെട്ട കാര്യം, '50 ശതമാനം മാനേജ്മെന്റ് ക്വാട്ടയിലും 50 ശതമാനം മെരിറ്റ് അടിസ്ഥാനത്തിലും' എന്നുള്ളത് ഏറ്റവും നീതിയുക്തമായ തീരുമാനമാണ്. അതിനെതിരെ കോടതിയിൽ പോയ മാനേജ്മെന്റുകൾ പ്രവർത്തിച്ചത് അങ്ങേയറ്റം മര്യാദകേടും നിയമത്തിന്റെ പഴുത് ഉപയോഗിച്ചാണെങ്കിലും അത് ശരിയായില്ല എന്നാണ് അന്ന് മുഖ്യമന്ത്രി പറഞ്ഞത്. പക്ഷേ, 'എഗ്രിമെന്റൊന്നുമില്ല, എഴുതപ്പെട്ട കരാറുമില്ല' എന്ന് അതേ മുഖ്യമന്ത്രി പ്രസംഗത്തിൽ പറയുന്നുണ്ട്. അന്ന് എൻ.ഒ.സി. അനുവദിച്ച സന്ദർഭത്തിലെ യാഥാർത്ഥ്യം അങ്ങനെയായിരുന്നു. അന്ന് എഗ്രിമെന്റ് വയ്ക്കാത്തതുകൊണ്ടും നിയന്ത്രണം കൊണ്ടുവരാത്തതുകൊണ്ടുമാണ് കേരളത്തിലെ കുട്ടികളും അദ്ധ്യാപകരും ഈ സാഹചര്യത്തിലേയ്ക്ക് പോയത്. ശ്രീ. എ. കെ. ആന്റണിതന്നെ പിന്നീട് ഖേദം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞത്, 'മാനേജ്മെന്റുകൾക്ക് എൻ.ഒ.സി. നൽകിയപ്പോൾ അവരിലുള്ള വിശ്വാസം മാനിക്കുമെന്ന് സർക്കാർ കരുതിയിരുന്നുവെന്നും അവരിൽ ചിലർ ആ വിശ്വാസം മുൻകൂട്ടി കണ്ടത് നിർഭാഗ്യകരമായിപ്പോയെന്നും താൻ വഞ്ചിക്കപ്പെട്ടതായി തോന്നുന്നുവെന്നുമാണ്. സത്യത്തിൽ അദ്ദേഹമല്ല വഞ്ചിക്കപ്പെട്ടത്. ഈ നാട്ടിലെ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളെയും സാധാരണക്കാരെയും പാവപ്പെട്ടവരെയും ഫീസില്ലാതെ പഠിക്കാൻ സാധിക്കാത്ത സാഹചര്യത്തിലേയ്ക്ക് കൊണ്ടെത്തിച്ച്, കരാറുണ്ടാക്കാതെ തോന്നിയതുപോലെ അനുവദിച്ചതിന്റെ ഭാഗമായാണ് ഈ നാട്ടിലെ ജനങ്ങൾ വഞ്ചിക്കപ്പെട്ടത്. അന്നത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ

കാലത്ത് ഈ ബിൽ അവതരിപ്പിക്കുമ്പോൾ ശ്രീ. കെ. പി. രാജേന്ദ്രൻ 493-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു. 'The condition of service of the teaching and non-teaching staff in the matter of qualification, appointment, salary shall be governed by the provision laid down by the UGC and the University respectively.' അതിനുകാരണം കോളേജുകളിൽ ഫീസ് പിരിക്കുകയും പ്രൊബേഷൻ നൽകുന്നതിനെക്കുറിച്ച് എല്ലാ കാര്യങ്ങളും പറയുകയും ചെയ്യുമ്പോൾ ഇവിടത്തെ സ്റ്റാഫിനെ സംബന്ധിച്ച് ബില്ലിൽ ഒരു ഭാഗത്തും വ്യവസ്ഥ ചെയ്തിട്ടില്ല. അതായത് അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും കാര്യം പറയുന്നില്ല. ഇതിലുൾപ്പെടുന്ന മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകളിൽ ക്വാളിഫൈഡ് അദ്ധ്യാപകരെ നിയമിക്കണം. ആ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ക്വാളിഫിക്കേഷൻ, അവരുടെ സർവീസ് കണ്ടീഷൻ, സേവന-വേതന വ്യവസ്ഥകൾ തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ഈ ബില്ലിൽ ഒരിടത്തും വ്യവസ്ഥ ചെയ്തതായി കാണുന്നില്ല. എവിടെയെങ്കിലും ഇത് വ്യവസ്ഥ ചെയ്യണമെന്നുള്ളതുകൊണ്ടാണ് ഈ പുതിയ വകുപ്പ് ചേർക്കുന്നതെന്ന് 2004-ലെ പ്രൊഫഷണൽ കോളേജുകളിൽ ക്യാപ്പിറ്റേഷൻ ഫീ നിരോധിക്കലും പ്രൊബേഷൻ ഫീസ് നിശ്ചയിക്കലും ബില്ലിന്റെ ഭാഗമായി പറഞ്ഞിരുന്നു. എന്നാൽ അത് അംഗീകരിക്കാൻ അന്ന് തയ്യാറായില്ല എന്നതാണ് യു.ഡി.എഫ്.-ന്റെ നയം. പക്ഷേ ഇന്ന് ഇടതുപക്ഷ സർക്കാർ ഈ പാവപ്പെട്ട, ബഹുഭൂരിപക്ഷം വരുന്ന ക്വാളിഫൈഡായവരുടെ ജീവിതത്തെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട നിയമം മുന്നോട്ടുവയ്ക്കുകയാണ്. സ്വാശ്രയ കോളേജുകൾ വന്നതിന്റെ ഭാഗമായി കൃത്യമായ മാനദണ്ഡങ്ങൾ ഇല്ലാത്തതുമൂലം നാട്ടിൽ ഏതൊക്കെ തരത്തിലുള്ള പ്രശ്നങ്ങളാണുണ്ടായതെന്ന് എല്ലാവർക്കുമറിയാം. ജിഷ്ണു പ്രണോയ്, രജനി എസ്. ആനന്ദ് തുടങ്ങി നിരവധി കുട്ടികൾക്ക് ഫീസില്ലാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്യേണ്ടിവന്നിട്ടുണ്ട്. ക്യാമ്പസുകളിൽ ഇടിമുറികൾ ഉണ്ടായിരുന്നു. അതിന്റെ പേരിലാണ് ജിഷ്ണു പ്രണോയ് മരണപ്പെടുന്നത്. ലഭിച്ചുകൊണ്ടിരുന്ന സ്കോളർഷിപ്പ് ആറുമാസം കട്ട് ചെയ്തപ്പോൾ രോഹിത് വെമുല ആത്മഹത്യ ചെയ്തു. സാധാരണക്കാർക്ക് പഠിക്കാൻ നിവൃത്തിയില്ലാതെ വരുമ്പോൾ ഉയർന്ന ഫീസ് നൽകി പഠിക്കാൻ കഴിയില്ല. പഠിച്ചുകഴിഞ്ഞാൽ ജോലിക്കും ഈ അവസരമാണുള്ളത്. സ്വാഭാവികമായും ഇത്തരം പ്രശ്നങ്ങൾ നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങ് സ്വാശ്രയ മേഖലയിലെ വിദ്യാർത്ഥികളുടെ പ്രയാസങ്ങളെക്കുറിച്ച് പറഞ്ഞു. ശരിയാണ്. പക്ഷേ, ശ്രീ. എം. എ. ബേബി കൊണ്ടുവന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ, ഒരു സ്വാശ്രയ കോഴ്സിന് അഡ്മിഷനെടുത്ത കുട്ടിക്ക് മെരിറ്റിൽ അഡ്മിഷൻ ലഭിച്ച് പോകേണ്ടിവന്നാൽ ആ കോഴ്സ് കാലഘട്ടത്തിലെ മുഴുവൻ ഫീസും നൽകിയാൽ

മാത്രമേ ടി.സി. ലഭ്യമാകുകയുള്ളൂവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, അങ്ങ് ചിലത് കാണാതിരിക്കുകയും ചിലത് കാണുകയും ചെയ്യുകയാണ്. ശ്രീ. എം. എ. ബേബിക്ക് മുമ്പ് ഇവിടെ ഒരു ഭരണമുണ്ടായിരുന്നു. അവരാണ് ഒരു നിയന്ത്രണവുമില്ലാതെ തോന്നിയതുപോലെ സ്വാശ്രയ കോളേജും എൻ.ഒ.സി.യുമൊക്കെ നൽകിയത്. അന്നത്തെ ഗവൺമെന്റിന്റെ ഭരണകാലത്ത് അവർ കോടതിയിൽ പോയതും നിയന്ത്രിക്കാൻ സാധിക്കാതെ അന്നത്തെ മുഖ്യമന്ത്രി ഖേദം പ്രകടിപ്പിച്ചതും അങ്ങ് വിസ്മരിക്കരുത്. നാട്ടിലെ സാധാരണക്കാരായ കുട്ടികൾക്ക് കിഫ്ബിവഴി കെട്ടിടങ്ങൾ നിർമ്മിച്ചതിന്റെ ഭാഗമായി വിജയശതമാനം ഉയർന്നുവെന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ കൊണ്ടുവന്ന വലിയ മാറ്റം. കേരളത്തിൽ മാർക്ക് ജിഹാദ് നടക്കുകയാണ് എന്നാണ് ഒരു സംഘപരിവാർ സംഘടനയുടെ വ്യക്തിയായ, ഡൽഹി സർവ്വകലാശാലയിലെ ഒരു അദ്ധ്യാപകൻ പറഞ്ഞത്. കുട്ടികൾക്ക് ഏറ്റവും മെച്ചപ്പെട്ട സൗകര്യമൊരുക്കി മാന്യമായി പരീക്ഷ എഴുതി പാസ്സായി മിടുക്കികളും മിടുക്കന്മാരുമായി ഏറ്റവും മെച്ചപ്പെട്ട കോളേജുകളിൽ അഡ്മിഷൻ ലഭിച്ചപ്പോൾ സംഘപരിവാർ പറയുന്നതിങ്ങനെയാണ്. വലിയ മാറ്റമാണ് ലെഫ്റ്റ് ആൾട്ടർനേറ്റീവ് ഉണ്ടാക്കിയിട്ടുള്ളതെങ്കിൽ ഹയർ എഡ്യൂക്കേഷനിലും ആ വലിയ മാറ്റമുണ്ടാക്കുകയും വരാനിരിക്കുന്ന കാലത്ത് സ്വാശ്രയ കോളേജിലാണെങ്കിലും ഗവൺമെന്റ് കോളേജിലാണെങ്കിലും എയ്ഡഡ് കോളേജിലാണെങ്കിലും മികച്ച രീതിയിലുള്ള നേട്ടം കൈവരിക്കാൻ കഴിയുന്ന തലമുറയെ വാർത്തെടുക്കാനുമാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ഇത് തീർച്ചയായും നാടിന് അനിവാര്യമാണ്. അതിന് നേതൃത്വം നൽകിയ എൽ.ഡി.എഫ്. ഗവൺമെന്റിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും ഈ ഘട്ടത്തിൽ അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു, നന്ദി.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ബില്ലുമായി ബന്ധപ്പെട്ട് മുന്നോട്ടുവച്ച എല്ലാ ക്രിയാത്മക നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുകയാണ്. ഈ ബിൽ അവതരിപ്പിക്കുമ്പോൾ ഗവൺമെന്റ് സ്വാശ്രയ സ്ഥാപനങ്ങൾക്ക് തീർത്തും എതിരാണെന്ന നിലയിലുള്ള പരാമർശങ്ങൾ നിർഭാഗ്യവശാൽ ചില പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നുണ്ടായി. ഇന്ന് സ്വാശ്രയ സ്ഥാപനങ്ങൾ വ്യാപകമായ വിധത്തിൽത്തന്നെ സമൂഹത്തിൽ ഒരു വസ്തുനിഷ്ഠ യാഥാർത്ഥ്യമായി ഉയർന്നുനിൽക്കുമ്പോൾ അവയുടെ ഗുണാത്മകതയെ ഉറപ്പിച്ചെടുക്കുന്നതിനുള്ള ചില വ്യവസ്ഥാവൽക്കരണങ്ങൾ മാത്രമാണ് ഈ ബിൽ കൊണ്ടുദ്ദേശിച്ചിട്ടുള്ളത്. എല്ലാ സ്വാശ്രയ സ്ഥാപനങ്ങളും എതിർക്കപ്പെടേണ്ടവയല്ല; സംസ്ഥാനത്ത് കുറ്റമറ്റതും മികവാർന്ന രീതിയിലും പ്രവർത്തിക്കുന്ന ഏതാനും സ്വാശ്രയ സ്ഥാപനങ്ങളുണ്ട്. പക്ഷേ അത് സാമാന്യവൽക്കരിക്കാൻ കഴിയില്ല.

കമ്പോളത്തിന്റെ യുക്തിക്കും വിപണിയുടെ ദയാദാക്ഷിണ്യങ്ങൾക്കും വളർന്നുവരുന്ന കുട്ടികളെ എറിഞ്ഞുകൊടുക്കുന്ന രീതിയിലുള്ള സമീപനങ്ങൾ കൈമുതലായിട്ടുള്ള ഒട്ടേറെ സ്ഥാപനങ്ങൾ സ്വാശ്രയ മേഖലയിലുണ്ടെന്ന കാര്യം നിങ്ങൾ നിഷേധിക്കുമെന്ന് കരുതുന്നില്ല. ഇത്തരത്തിൽ കമ്പോളമാണ് വിദ്യാഭ്യാസ മേഖലയെ നിയന്ത്രിക്കേണ്ടതെന്ന തരത്തിലുള്ള നിലപാടുകൾ ആഗോളവൽക്കരണ, ഉദാരവൽക്കരണ നയസമീപനങ്ങളുടെ ഭാഗമായിത്തന്നെയാണ് രാജ്യത്ത് പച്ചപിടിക്കുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ, ഒരുപക്ഷേ അതിനുമുമ്പ് ദേശീയ പ്രസ്ഥാനത്തിന്റെ കാലം മുതൽ വിദ്യാഭ്യാസമെന്നത് പൊതുസമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്നും തെരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ ഭരണ സംവിധാനങ്ങൾക്ക് അതിൽ ഉത്തരവാദിത്വമുണ്ടാകണമെന്നും കണ്ടിട്ടുള്ള സമൂഹമാണ് നമ്മുടേത്. അതുകൊണ്ടാണ് സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ പിറന്നുവീഴുന്ന ഓരോ കുട്ടിയും രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയിൽ കാര്യമായ സംഭാവനകൾ നൽകേണ്ടവരാണെന്ന ഗൗരവബുദ്ധിയോടുകൂടിത്തന്നെ വിദ്യാഭ്യാസ മേഖലയിൽ കാര്യമായി മുതൽമുടക്കുകയും അടിസ്ഥാന വിദ്യാഭ്യാസമെന്നത് ഭരണഘടനാദത്തമായ അവകാശമായി പ്രഖ്യാപിച്ചുകൊണ്ടും നിലപാട് സ്വീകരിച്ചിട്ടുള്ളത്. കുട്ടികൾ വളർന്നുവരുമ്പോൾ, വിദ്യാർത്ഥികൾ നാടിന്റെ സമ്പത്താണ് എന്ന് കണ്ടുകൊണ്ട് അവരുടെ വിദ്യാഭ്യാസം പൊതുസമൂഹത്തിന്റെ കടമയാണെന്ന കാഴ്ചപ്പാട് തിരുത്തിക്കുറിക്കുന്നത് LPG (Liberalization, Privatization, Globalization) നയങ്ങളുടെ ആവിർഭാവത്തോടുകൂടിയാണ്. കഴിഞ്ഞ ദിവസം ഞാൻ ഈ സഭയിൽ സൂചിപ്പിക്കുകയുണ്ടായി, 1986-ൽ ലോക ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി 'The Challenge of Education: A Policy Perspective' എന്ന നയരേഖ അവതരിപ്പിച്ചതിനെത്തുടർന്ന് സ്വകാര്യവൽക്കരണത്തിന്റെ പ്രവണതകൾ ഇന്ത്യൻ വിദ്യാഭ്യാസ മേഖലയിൽ ശക്തിയായി വേരുപിടിക്കാൻ ആരംഭിച്ചിട്ടുണ്ട്. ആഗോളവൽക്കരണത്തിന്റെ യുക്തി ആരോഗ്യത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും എല്ലാ സേവന മേഖലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റുകൾ നീതിരഹിതമായി, നിരുത്തരവാദപരമായി പിൻവലിഞ്ഞ് പോകണമെന്നുള്ളതാണ്. ഘടനാപരമായ പരിഷ്കാരങ്ങളുടെ അന്തഃസത്ത സാമൂഹിക ഉത്തരവാദിത്വത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റുകൾ പിന്തിരിയണമെന്നാണ്. അത്തരത്തിലുള്ള ഒരു സമീപനം വരുമ്പോൾ സ്വാഭാവികമായും കയ്യിൽ കാശുള്ളവൻ മാത്രം വിദ്യ അഭ്യസിച്ചാൽ മതിയെന്ന പ്രവണത ശക്തിപ്പെടുകയാണ് ചെയ്യുന്നത്. മൂന്ന് പ്രതിലോമ പ്രവണതകളാണ് എൽ.പി.ജി. (Liberalization, Privatization, Globalization) നയങ്ങൾ വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരുന്നത്. വാണിജ്യവൽക്കരണം, വരേണ്യവൽക്കരണം, വർഗ്ഗീയ വൽക്കരണം എന്നീ മൂന്ന് പ്രവണതകളും ശക്തമാകുന്നതോടുകൂടി സാമൂഹ്യനീതിയും തുല്യതയും പ്രാപ്യതയും ഇന്ത്യയിൽ പഴങ്കഥകളായി മാറിക്കൊണ്ടിരിക്കുകയാണ്. സേവനങ്ങൾ ഇപ്രകാരം വരേണ്യ

വിഭാഗത്തിനുമാത്രം തരമാകുന്ന സ്ഥിതി സൃഷ്ടിക്കപ്പെടുമ്പോൾ സാമൂഹ്യനീതി നിഷേധിക്കപ്പെടുന്ന പിന്നാക്ക വിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശം നഷ്ടപ്പെടുന്നത് വളരെ മൂർത്തമായ യാഥാർത്ഥ്യമാണ്. സ്വാതന്ത്ര്യം നേടിയതിനുശേഷം പ്രാന്തവൽക്കരിക്കപ്പെട്ട മുഴുവൻ വിഭാഗങ്ങളേയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കും നേതൃനിരയിലേയ്ക്കും കൊണ്ടുവരേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്ന രീതിയിൽ വിദ്യാഭ്യാസ മേഖലയിൽ സംവരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ജാഗ്രതയോടുകൂടി കൊണ്ടുപോയ സമൂഹമാണ് നമ്മുടേത്. പക്ഷേ ഈ പ്രാന്തവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് നീതിനിഷേധിക്കപ്പെടുന്ന രീതിയിലാണ് കച്ചവടവൽക്കരണത്തിന്റെ സ്വഭാവം ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നത്. കോർപ്പറേറ്റ് വൽക്കരണത്തിന്റെ കൂടെ വർഗ്ഗീയവൽക്കരണവും കൂടി ചേർത്താണ് ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റിന്റെ പുത്തൻ ദേശീയ വിദ്യാഭ്യാസ നയം ആവിഷ്കരിക്കപ്പെട്ടത്. ജാതിമത സാമുദായിക ശക്തികളാണ് അക്ഷര വിപണിയുടെ സുപ്രധാന കങ്കാണിമാർ എന്ന നിലയാണുള്ളത്. കേന്ദ്ര വിദ്യാഭ്യാസ നയം മതനിരപേക്ഷത അടക്കമുള്ള ഭരണഘടനാദത്തമായ മൂല്യങ്ങളെക്കുറിച്ച് യാതൊന്നും സൂചിപ്പിക്കാത്ത നയരേഖയാണ്. ഇന്ത്യയെപ്പോലെ സാംസ്കാരിക സമൃദ്ധവൈജാത്യങ്ങൾ നിലനിൽക്കുന്ന രാജ്യത്ത് ബഹുസ്വരതയുടെ നാട്ടിൽ 'ഒരു സംസ്കാരം, ഒരു മതം, ഒരു ഭാഷ' എന്ന വികല മുദ്രാവാക്യത്തിലൂടെ വ്യത്യസ്തതകളെ ഇല്ലാതാക്കി ഏക ശിലാരൂപിയായ ഇന്ത്യയെ സൃഷ്ടിക്കാനുള്ള പരിശ്രമമാണ് ആ നയരേഖയിൽ കാണാൻ കഴിയുന്നത്. തീവ്രഹൈന്ദവതയുടെ മൂശയിൽ വാർത്തെടുത്ത സങ്കുചിത ദേശീയതയുടെ രീതി ശാസ്ത്രം ഉപയോഗിച്ചുകൊണ്ട് ഈ നയരേഖ മതനിരപേക്ഷത, സാമൂഹ്യനീതി, അവസരസമത്വം, പ്രാപ്യത, ലിംഗനീതി, ജനാധിപത്യപരത, ഫെഡറൽ കാഴ്ചപ്പാടുകൾ, നാനാത്വം, ബഹുസ്വരത എന്നിവയെക്കുറിച്ച് കുറ്റകരമായ മൗനം ദീക്ഷിക്കുകയാണ്. അതിൽ സംവരണത്തെക്കുറിച്ച് ഒരക്ഷരംപോലും മിണ്ടുന്നില്ല. കുറ്റകരമായ മൗനങ്ങളുടെയും അഭാവങ്ങളുടെയും അസാന്നിദ്ധ്യങ്ങളുടെയും വൈരുദ്ധ്യങ്ങളുടെയും നയരേഖയാണ് നാഷണൽ എഡ്യൂക്കേഷൻ പോളിസി. 1990-കളുടെ തുടക്കം മുതൽ, നവലിബറൽ നയങ്ങൾ ആവിഷ്കരിക്കുന്ന കാലം മുതൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ തെളിഞ്ഞും ഒളിഞ്ഞും നടപ്പാക്കിക്കൊണ്ടിരിക്കുന്ന എല്ലാവിധ പരിഷ്കാരങ്ങളുടെയും മുഖമുദ്ര, വിദ്യാഭ്യാസ മേഖലയിലെ അനിയന്ത്രിത സ്വകാര്യവൽക്കരണവും അധികാര കേന്ദ്രീകരണവുമാണ്. 'അനിയന്ത്രിത' എന്ന വാക്ക് അടിവരയിട്ട് സൂചിപ്പിക്കുന്നു. ഈ പ്രവണതകളുടെ സംസ്ഥാപനവും ഒപ്പം മതവർഗ്ഗീയതയിൽപ്പൊതിഞ്ഞ പുനരുദ്ധാരണവാദവും ചേർന്നതാണ് ദേശീയ വിദ്യാഭ്യാസനയം 2020. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനെ യൂണിവേഴ്സിറ്റി എഡ്യൂക്കേഷൻ കമ്മീഷനെന്നും അതിനുശേഷം യു.ജി.സി.യെ പൂർണ്ണമായും നിഷ്കാസനം ചെയ്യുന്ന ഹയർ എഡ്യൂക്കേഷൻ കമ്മീഷനെന്നും സ്ഥാപിക്കാൻ നിർദ്ദേശമുണ്ടായി. അത്തരത്തിൽ നിർദ്ദേശമുണ്ടാകുമ്പോൾ അതിനർത്ഥം ഇനിമുതൽ വിദ്യാഭ്യാസ മേഖലയിൽ

പൊതുപണം മുടക്കേണ്ടതില്ലെന്നാണ്. സാമ്പത്തികമായും സാമൂഹ്യമായും എല്ലാനിലയിലും ശാക്തീകരിക്കപ്പെട്ട വരേണ്യവർഗ്ഗത്തിന്റെ കൈപ്പിടിയിൽ ഒതുക്കാനുള്ളതാണ് വിദ്യാഭ്യാസം, പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസം അടിസ്ഥാന ജനവിഭാഗങ്ങളുടെ ഈ മേഖലയിലുള്ള പരിമിതമായ സാധ്യതകൾ ഇല്ലാതാകുന്നു. വിദൂരമായ ഒരു ഭൂതകാലത്തിൽ അഭിരമിക്കുന്ന ഒരു നയരേഖയാണിത്. ആ ഭൂതകാലത്തിന്റെ അത്രയൊന്നും അഭിമാനിക്കാൻ വകയില്ലാത്ത അസമത്വജഡിലവും ശ്രേണീബദ്ധവുമായ അധികാര ഘടനയിൽ വിദ്യാഭ്യാസം ആർക്കെല്ലാം നിഷേധിക്കപ്പെട്ടിരുന്നുവെന്ന് ചിന്തിക്കേണ്ട കാര്യമാണ്. 'സ്ത്രീയും ശൂദ്രനും വേദം പഠിച്ചാൽ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണം' എന്ന് അംഗീകൃതമായിരുന്ന കാലമാണത്. അറിവ് നേടാൻ വരുന്ന ഏകലവ്യൻമാരുടെ പെരുവിരൽ ഛേദിച്ച് വാങ്ങിയിരുന്ന ഭൂതകാലമാണത്. ഭൂതകാലത്തെക്കുറിച്ചുള്ള വ്യാജനിർമ്മിതികളല്ല പിന്നാക്കവസ്ഥകളെ മറികടക്കാനുള്ള പോരാട്ടങ്ങളാണ് വിദ്യാഭ്യാസത്തിന്റെ ദിശനിർണ്ണയിക്കേണ്ടതെന്നതാണ് മനസ്സിലാക്കേണ്ടത്. ഇന്ത്യൻ സമൂഹത്തിന്റെ അനന്ത വൈവിദ്ധ്യങ്ങളെ രാജ്യത്തിന്റെ കരുത്തായി കാണുന്നതിനുപകരം ബാദ്ധ്യതയായി കാണുന്ന നയരേഖയാണുള്ളത്. ആ നയരേഖയെക്കുറിച്ച് എന്തിനാണ് വിശദീകരിക്കുന്നതെന്ന് നിങ്ങൾ ആലോചിക്കുന്നുണ്ടാകും. പക്ഷേ ഇതിൽ കമ്പോളത്തിന്റെ താൽപ്പര്യങ്ങളെ എങ്ങനെയാണ് ഉന്നതവിദ്യാഭ്യാസ മേഖലയിലേയ്ക്ക് ഒളിച്ചുകടത്തുന്നത് എന്നാണ് സൂചിപ്പിക്കുന്നത്. രാജ്യത്തിന്റെ ജീവവായുവായ വൈവിദ്ധ്യത്തെ ഉൾക്കൊണ്ടുകൊണ്ട് വ്യതിരിക്ത സ്വഭാവങ്ങളോടുകൂടി നിലനിൽക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും സർവ്വകലാശാലകളും ഇന്ത്യയുടെ കരുത്താണ്. പക്ഷേ ശിഥിലീകരണമായിട്ടാണ് വിദ്യാഭ്യാസ നയരേഖ അതിനെ കാണുന്നത്. ഇന്ത്യത്വം എന്ന പദം തുടർച്ചയായി ആവർത്തിച്ചുകൊണ്ട് സങ്കുചിത ദേശീയതയുടെ, മതാത്മക ദേശീയതയുടെ കാഴ്ചപ്പാടിലൂടെ ഇന്ത്യയുടെ ബഹുമുഖമായ അസ്ഥിത്വത്തെ അപനിർമ്മാണം ചെയ്ത് വൈവിദ്ധ്യങ്ങളെ നിരാകരിക്കുന്ന ഒരേകാത്മക ഗണമായി ഇന്ത്യയെ പുനർനിർവ്വചിച്ചെടുക്കാനുള്ള രേഖയായാണ് ഈ നയരേഖയെ കാണുന്നത്. ഭൂരിപക്ഷ മതത്തിന്റെ ഭാഗമായ അതിശക്ത വിഭാഗങ്ങളുടെ സംസ്കാരത്തെ ഇന്ത്യൻ സംസ്കാരമായി വ്യാഖ്യാനിച്ചുകൊണ്ട് മറ്റെല്ലാ വിഭാഗങ്ങളേയും പാർശ്വവൽക്കരിക്കുന്ന നിലപാടുതന്നെയാണ് നയരേഖയുടെ അടിസ്ഥാനം. ഗിരിവർഗ്ഗക്കാർ, മറ്റ് ആദിവാസികൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ, മത്സ്യത്തൊഴിലാളികൾ, സ്ത്രീകൾ എന്നിങ്ങനെ നിരവധി പാവപ്പെട്ട മനുഷ്യരുടെ, പ്രാന്തവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ആശയാഭിലാഷങ്ങളെ സാക്ഷാത്കരിക്കാവുന്ന രീതിയിലുള്ള ഒന്നും ഈ നയരേഖയിൽ കാണാൻ കഴിയില്ല. പുനരുദ്ധാരണപരമായ നിലപാടുകൾ ആവർത്തിച്ച് ഉരുവിടുന്നു എന്നുമാത്രമാണുള്ളത്. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് യു.ജി.സി.-യടക്കമുള്ള നിയന്ത്രണ സംവിധാനങ്ങൾ അപര്യാപ്തമാണ് എന്ന് ഈ നയരേഖ കണ്ടെത്തുന്നത് പൊതുമേഖലാ വിദ്യാഭ്യാസ

സ്ഥാപനങ്ങൾക്ക് തുല്യമായ അതേ പരിഗണന സ്വകാര്യ മേഖലയ്ക്ക് നൽകുന്നില്ലെന്നതിന്റെ അടിസ്ഥാനത്തിലാണ്. നിലവിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സർവ്വകലാശാലകൾ, അദ്ധ്യയന സർവ്വകലാശാലകൾ, കോളേജുകൾ എന്നീ മൂന്നുതരം ഗണങ്ങളിൽ ഏതെങ്കിലും ഒന്നായി വികസിക്കണമെന്നാണ് നയരേഖയിൽ പറയുന്നത്. ഇതിലെ ആദ്യത്തെ രണ്ട് വിഭാഗങ്ങൾ 5000 മുതൽ 25000 വരെ വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്നതും വൻകിട അടിസ്ഥാന സൗകര്യങ്ങളുള്ളതുമായ സ്ഥാപനങ്ങളാകണമെന്ന് നിഷ്കർഷിക്കുമ്പോൾ ഈ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സമാഹരണ മാർഗ്ഗങ്ങളെക്കുറിച്ച് വ്യക്തമായ ഒരു പദ്ധതിയും നിർദ്ദേശിക്കുന്നില്ല. സ്വകാര്യ മൂലധനത്തെയും വിദ്യാഭ്യാസ കോർപ്പറേറ്റ് കമ്പനികളെയുമാണ് ഈ നയരേഖ വിദ്യാഭ്യാസ മേഖലയുടെ ഡ്രൈവിംഗ് ഫോഴ്സായി കാണുന്നതെന്ന് സുവ്യക്തമാണ്. നയരേഖ നിർദ്ദേശിക്കുന്ന ഉന്നതാധികാര സമിതികൾ നിശ്ചിത നിലവാരമില്ലാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടപ്പെടുമെന്ന് നിർദ്ദേശിക്കുമ്പോൾ ഗ്രാമങ്ങളിലെയും പിന്നാക്ക മേഖലകളിലെയും സാധാരണക്കാരുടെ ഉന്നത വിദ്യാഭ്യാസപരമായ ആവശ്യങ്ങൾ നിറവേറ്റുന്ന ഒട്ടേറെ സ്ഥാപനങ്ങൾ അടച്ചുപൂട്ടപ്പെടും. പ്രാദേശിക പ്രസക്തിയോടെ നിലനിൽക്കുന്ന ഒട്ടനവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ നയരേഖയുടെ ഏകീകൃത അളവുകോൽവച്ച് പരിശോധിക്കുമ്പോൾ അപ്രസക്തമാകുകയും സംസ്ഥാന സർക്കാരുകളും യൂണിവേഴ്സിറ്റികളും നിസംഗരായി നോക്കിനിൽക്കേണ്ടിവരുന്ന കാഴ്ചക്കാരായി മാറുകയും ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അറിവിലേയ്ക്ക് ഇത് പറയുന്നത് ദേശീയതലത്തിൽ വല്ലാത്ത ഒരു അവസ്ഥയിലാണ് ഇത് രൂപപ്പെട്ടുവരുന്നത് എന്നതുകൊണ്ടാണ്. ആ അവസ്ഥയുടെ പശ്ചാത്തലത്തിൽ മാത്രമേ കേരളത്തിലെ സ്ഥിതി വിലയിരുത്താൻ സാധിക്കുകയുള്ളൂ. നിലവിലുള്ള മുഴുവൻ കോളേജുകളും 2032 ആകുന്നതോടെ ഒന്നുകിൽ സ്വയംഭരണ കോളേജാകണം അല്ലെങ്കിൽ മാതൃസർവ്വകലാശാലകളോട് ലയിക്കണമെന്നതാണ് നിർദ്ദേശം. ഇന്ത്യൻ അവസ്ഥയിൽ സ്വയംഭരണ കോളേജാകാനുള്ള ആഗ്രഹം, അത്തരത്തിലുള്ള ആഹ്വാനം സർക്കാർ/എയ്ഡഡ് കോളേജുകളെപ്പോലും സ്വാശ്രയ കോളേജുകളായി പരിവർത്തിപ്പിക്കുന്നതിനുള്ള മാർഗ്ഗം കൂടിയായി നയരേഖയിൽ വ്യക്തമായി കാണാൻ സാധിക്കും.

3.00 P.M.]

ശ്രീ. രമേശ് ചെന്നിത്തല: സർ, നിലവിൽ സംസ്ഥാനത്ത് സ്വയംഭരണ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. അവ വേണ്ടെന്നാണോ ഗവൺമെന്റിന്റെ നിലപാട്; അല്ലെങ്കിൽ ഇപ്പോൾ നിലനിൽക്കുന്ന സ്വയംഭരണ കോളേജുകൾ അടച്ചുപൂട്ടണമെന്ന നിലപാട് ഗവൺമെന്റിനുണ്ടോ; അതോ കൂടുതൽ സ്വയംഭരണ കോളേജുകൾ ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, സ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ച് കഴിഞ്ഞ വെള്ളിയാഴ്ച വളരെ വിശദമായി ചർച്ച ചെയ്തതാണ്. അക്കാദമിക് ഓട്ടോണമിയെ ബഹുമാനിച്ചുകൊണ്ടുതന്നെ അഡ്മിനിസ്ട്രേറ്റീവ് ഓട്ടോണമിയെയും ഈ നയരേഖയിൽ ഏറ്റവും ശക്തമായി ഊന്നൽകൊടുക്കുന്ന സാമ്പത്തിക സ്വയംഭരണ അവകാശത്തെയും കുറിച്ച് ക്രിട്ടിക്കലായി മാത്രമേ ഇപ്പോൾ കാണാൻ സാധിക്കുകയുള്ളൂ. സാമ്പത്തിക സ്വയംഭരണാവകാശത്തിലേയ്ക്ക് മാറണമെന്നാണ് കേന്ദ്ര നയരേഖ പറയുന്നത്. ചുരുക്കിപ്പറഞ്ഞാൽ, സ്വകാര്യ മേഖല വിദ്യാഭ്യാസ കച്ചവടം നടത്തുകയും സർക്കാർ വെറും നിരീക്ഷകരായി നിൽക്കുകയും ചെയ്യുക എന്നായിരുന്നു 1986-ലെ ലോക ബാങ്ക് നിർദ്ദേശം. ആ നിർദ്ദേശം നിങ്ങൾക്ക് നല്ല പരിചയമുണ്ട്. അതുതന്നെയാണ് ഇപ്പോഴത്തെ ദേശീയ നയം. അത് കൂടുതൽ തീവ്രഗതിയോടെ ആവർത്തിക്കുന്നുവെന്ന് മാത്രമാണുള്ളത്. പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള രാഷ്ട്രീയ ശിക്ഷാ ആയോഗിന്റെ കീഴിൽ വിദ്യാഭ്യാസവും ഗവേഷണപരവുമായ എല്ലാ പ്രവർത്തനങ്ങളെയും അമിതാധികാര കേന്ദ്രീകരണത്തിന് വിധേയമാക്കാനും ഈ നയരേഖ ലക്ഷ്യമിടുന്നുണ്ട്. ആ സന്ദർഭത്തിൽ കരിക്കുലവും സിലബസ്സും ഗവേഷണ വിഷയങ്ങളും എല്ലാംതന്നെ കേന്ദ്രം നേരിട്ട് തീരുമാനിച്ചുതരുമെന്ന നിലപാടാണുള്ളത്. കേന്ദ്ര വിദ്യാഭ്യാസ നയത്തിന്റെ പശ്ചാത്തലത്തിൽ വേണം കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കേണ്ടതും അതിനെക്കുറിച്ചുള്ള ആശയ വ്യക്തത രൂപപ്പെടുത്തി എടുക്കേണ്ടതുമെന്നുമാണ് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ടാണ് കൂണുപോലെ മുളച്ച് പൊന്തിയ സ്വാശ്രയ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പിക്കാൻ ശ്രമിക്കുന്നത്. നിങ്ങൾ പറഞ്ഞതുപോലെ 'ഒരു ഗവൺമെന്റ് കോളേജിന് രണ്ട് സ്വാശ്രയ കോളേജ്' എന്ന ഫോർമുലയൊക്കെ നഷ്ടപ്പെട്ടുകഴിഞ്ഞു. കയറൂരിവിട്ട ദിശയിലായിരുന്നു സ്വാശ്രയ സ്ഥാപനങ്ങളുടെ വളർച്ച. അവയിൽ പലതും മികച്ച അടിസ്ഥാന സൗകര്യങ്ങളോടെ ഏറ്റവും മികവാർന്ന അക്കാദമിക് ക്വാളിറ്റിയോടെ നിലനിൽക്കുന്നുണ്ടെന്നതിൽ യാതൊരു സംശയവുമില്ല. പക്ഷേ ഭൂരിപക്ഷത്തിന്റെ സ്ഥിതിയെന്താണ്? ഞാനൊരു സിൻഡിക്കേറ്റ് അംഗമായിരുന്നു. ആ സിൻഡിക്കേറ്റിന്റെ സൂപ്പർവിഷന്റെ ഭാഗമായി സന്ദർശനം നടത്തിയപ്പോൾ ആട്ടിൻകൂട് പോലുള്ള കോളേജുകളിൽ കുട്ടികളെ കുത്തിനിറച്ചിരിക്കുന്നതാണ് കാണാൻ സാധിച്ചത്. ഈ സഭയിൽ വന്നിരിക്കുമ്പോൾ സമൂഹത്തോടുള്ള ഉത്തരവാദിത്വം നമ്മൾ ഓർക്കേണ്ടതാണ്. പാവപ്പെട്ടവന്റെ കുട്ടികളെ വീടും സ്വർണ്ണവും പണയം വച്ചും ലോണെടുത്തുമൊക്കെ ഈ സ്ഥാപനങ്ങളിലേയ്ക്ക് അയച്ച് ഒരേ സ്വഭാവത്തിലുള്ള കോഴ്സുകൾ പഠിപ്പിക്കുമ്പോൾ, അത്രയധികം കുട്ടികൾ തൊഴിലന്വേഷകരായി മുന്നിൽ നിൽക്കുകയും കടം കയറി മുടിഞ്ഞ് ജീവിതം വഴിമുട്ടിപ്പോയതുമായ നിരവധി കുടുംബങ്ങൾ നമുക്ക് ചുറ്റുമുണ്ട്. അവരോട് നമുക്കൊരു ബാദ്ധ്യതയില്ലേ? അതിന്റെ ഭാഗമായാണ് സ്വാശ്രയ വിദ്യാഭ്യാസ

മേഖലയിലുൾപ്പെടെ ഗുണപരത ഉറപ്പുവരുത്താൻ നാം തയ്യാറെടുക്കുന്നത്. തൊഴിൽരഹിതരായ അഭ്യസ്തവിദ്യരെയല്ല, മറിച്ച് മികച്ച തൊഴിൽ സാധ്യതകളിലേയ്ക്ക് ആത്മവിശ്വാസത്തോടുകൂടി നടന്നുപോകാൻ കഴിവുള്ളവരെ സൃഷ്ടിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ തൊഴിൽ കമ്പോളത്തിൽ നിലകിട്ടാതെ നിൽക്കുന്ന തൊഴിലന്വേഷകരാകാൻ പാടില്ല, മറിച്ച് തൊഴിൽ സൃഷ്ടാക്കളെയും തൊഴിൽദായകരെയുമുൾപ്പെടെ വാർത്തെടുക്കാൻ കഴിവുള്ള വിധത്തിൽ ഗുണപരമായ മാറ്റം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുണ്ടാകുന്നതിനാവശ്യമായ വൈദഗ്ധ്യ പോഷണത്തിന്റെ സാധ്യതകളുണ്ടാകണമെന്നുമാത്രമല്ല, ദേശീയവും അന്തർദ്ദേശീയവുമായ നിലവാരത്തിൽ തന്നെ നമ്മുടെ സ്ഥാപനങ്ങളെ കൊണ്ടുപോകാൻ കഴിയണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, സൈബർ സെക്യൂരിറ്റി, ഫോറൻസിക് സയൻസ് എന്നിങ്ങനെ നിരവധി പുത്തൻ മേഖലകളിൽ കോഴ്സുകൾ ആരംഭിക്കണമെന്നാണ് ഗവൺമെന്റിന്റെ തീരുമാനം. കഴിഞ്ഞ വർഷം അത്തരം തീരുമാനമുണ്ടായതിന്റെ ഭാഗമായി ഒട്ടേറെ കോളേജുകളിൽ ന്യൂ ജനറേഷൻ കോഴ്സുകൾ ആരംഭിക്കുകയുണ്ടായി. നൂതന വിദ്യാശ്രേണികളിലേയ്ക്കുള്ള അന്വേഷണത്തിന്റെ ഭാഗമായി ഭാവനാത്മകമായ ആശയങ്ങൾ അടവച്ച് വിരിയിക്കുന്ന ഇൻക്യുബേഷൻ സെന്ററുകളും ഇൻഡസ്ട്രിയൽ കൊളാബൊറേഷനുമൊക്കെ കേരളീയ സമൂഹത്തിന്റെ വിശാല താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വങ്ങളായി ഏറ്റെടുക്കേണ്ടതുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഏറെ കാലത്തെ നിയമസഭാ പരിചയമുള്ള സാമാജികനാണ്. അദ്ദേഹം 'ഒരു അമ്മ എന്നുള്ള നിലയ്ക്ക് രണ്ട് വാക്കുകൾ എന്നിൽനിന്നും പ്രതീക്ഷിക്കുന്നു' എന്ന് സൂചിപ്പിക്കുകയുണ്ടായി. സ്വാശ്രയ ബില്ലാണ് അവതരിപ്പിക്കുന്നത് എന്നുള്ളതുകൊണ്ട് ഒരു കാര്യം സവിനയം ചൂണ്ടിക്കാണിക്കുകയാണ്. അമ്മയാകുന്നതിനുമുമ്പ് ഞാനൊരു പെൺകുട്ടിയായിരുന്നു, വിദ്യാർത്ഥിനിയായിരുന്നു, സ്ത്രീയായിരുന്നു. അതുകൊണ്ടുതന്നെ മന്ത്രി എന്നുള്ള രീതിയിൽ ഉത്തരവാദിത്വമേറ്റെടുത്തയുടൻ ആദ്യമിറക്കിയ ഉത്തരവ് ജൻഡർ ജസ്റ്റിസ് ഫോറങ്ങളും ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റികളും നിർബന്ധമായും ക്യാമ്പസുകളിൽ രൂപീകരിക്കണമെന്നായിരുന്നു. അതിന്റെ ഭാഗമായി ചില തീരുമാനങ്ങളുമെടുത്തിട്ടുണ്ട്. ലിംഗനീതിയെക്കുറിച്ചും സമത്വത്തെക്കുറിച്ചുമുള്ള ധാരണകൾ കുട്ടികൾക്ക് പകർന്നുനൽകാൻ കഴിയുന്ന രീതിയിൽ ചില വിദ്യാഭ്യാസ പരിപാടികൾ ഏറ്റവുംവേഗം നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇത്തരം കാര്യങ്ങളിൽ ബഹുമാനപ്പെട്ട പ്രതിപക്ഷം ഗവൺമെന്റിനോടൊപ്പം നിൽക്കണം. ഈ നിയമംമൂലം റെഗുലേറ്ററി ബോഡികളുടെ രൂപം നിശ്ചയിച്ചിട്ടില്ലെന്ന് പറഞ്ഞു,

UGC (University Grants Commission), AICTE (All India Council for Technical Education) തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട റെഗുലേറ്ററി ബോഡികൾ കേന്ദ്ര നിയമംമൂലം രൂപീകരിച്ചതാണ്. റെഗുലേറ്ററി ബോഡികൾക്ക് പോസ്റ്റ് മാത്രമേ നിശ്ചയിക്കുന്നുള്ളൂ, മറ്റൊരു അധികാരവുമില്ലെന്ന് ഒരംഗം പറയുകയുണ്ടായി. ഒരു ഭാഗത്ത് നിയന്ത്രണം കുറഞ്ഞുവെന്നും മറുഭാഗത്ത് നിയന്ത്രണം കൂടി എന്നുമുള്ള പരസ്പര വിരുദ്ധമായ അഭിപ്രായ പ്രകടനമാണുണ്ടായത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, വളരെയധികം പ്രധാനപ്പെട്ട മാറ്റങ്ങളും നിയന്ത്രണങ്ങളും കേരളത്തിലെ സ്വാശ്രയ സ്ഥാപനങ്ങളുടെമേൽ കൊണ്ടുവരികയാണ്. ഒരു പുതിയ ഓർഡിനൻസിലൂടെ ബിൽ കൊണ്ടുവരികയാണ്. അതിനുമുമ്പ് സ്വാശ്രയ മാനേജ്മെന്റുകളുടെ സംഘടനകളുമായി സർക്കാർ കൺസൾട്ടേഷൻ നടത്തിയിട്ടുണ്ടോ? ഒരു ബിൽ കൊണ്ടുവരുമ്പോൾ അതിന്റെ stakeholders-മായി ചർച്ചചെയ്യണം, കാരണം അവർക്ക് ചില ആശങ്കകളുണ്ടാകും. ഒരു സ്ഥാപനം നല്ല നിലയിൽ നിലനിൽക്കണമെന്നും അതിന് നല്ല നിലവാരമുണ്ടാകണമെന്നും എല്ലാവരുടെയും ആഗ്രഹമാണ്. അത്തരത്തിലൊരു ചർച്ച അവരുമായി സർക്കാർ നടത്തിയിട്ടുണ്ടോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, സ്വാശ്രയ മാനേജ്മെന്റുകളുമായി കഴിഞ്ഞയാഴ്ച ഒരു ചർച്ച നടത്തുകയുണ്ടായി. സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സംഘടനകളുമായും ആവശ്യത്തിന് ആശയ വിനിമയം നടത്തിവരുന്നുണ്ട്. ഈ പ്രക്രിയ ഇവിടെവച്ച് അവസാനിക്കുന്നതല്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇതുസംബന്ധിച്ച ബിൽ, ഓർഡിനൻസ് എന്നിവ കൊണ്ടുവരുന്നതിനുമുമ്പ് മാനേജ്മെന്റുമായി കൺസൾട്ടേഷൻ നടത്തിയിട്ടുണ്ടോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, മാനേജ്മെന്റിന്റെ പ്രതിനിധികളുമായി കഴിഞ്ഞയാഴ്ച ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. ഇത് ഒരു തുടർ പ്രക്രിയയാണ്, പല ഘട്ടങ്ങളിലും അത്തരം ആശയ വിനിമയങ്ങൾ നടന്നതിനുശേഷമാണ് ബിൽ തയ്യാറാക്കിയിരിക്കുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പറഞ്ഞത് അങ്ങ് തെറ്റിദ്ധരിച്ചുവെന്ന് തോന്നുന്നു. ഇവിടെ ഡെഫനിഷൻ ക്ലോസിൽ റെഗുലേറ്ററി ബോഡിയെന്ന് എഴുതിയിട്ടുണ്ട്. രണ്ടാം ഖണ്ഡത്തിൽ 'നിർവ്വചനങ്ങൾ' എന്നതിൽ (ജി)-ൽ റെഗുലേറ്ററി ബോഡിയെക്കുറിച്ച് പറഞ്ഞിരിക്കുന്നത് "യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ, നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ, ബാർ കൗൺസിൽ ഓഫ് ഇൻഡ്യ....."എന്നാണ്. ഇവയൊക്കെ എത്രയോ കാലമായി

നിലനിൽക്കുന്നതാണ്. UGC-യും Bar Council of India-യും രൂപീകരിച്ചത് കേരള നിയമസഭയാണോ? ഈ ബില്ലിൽ, നിയമമാകുമ്പോൾ ഒരു റെഗുലേറ്ററി ബോഡിയെക്കുറിച്ച് സ്പെസിഫിക്കായി പറയുന്നുണ്ടോ എന്നതാണ് എന്റെ ചോദ്യം. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയുടെ ഭരണകാലത്താണ് യു.ജി.സി. നിലവിൽ വന്നത്. അതാണ് നമ്മുടെ റെഗുലേറ്ററി ബോഡിയെന്ന് പറഞ്ഞാൽ ആ നിയമത്തിനെ bad law എന്നല്ലേ പറയാൻ സാധിക്കുകയുള്ളൂ. ദയവായി അങ്ങ് അത് പരിശോധിക്കണം. ഞാൻ ഒരു വാക്കുതർക്കത്തിനുവേണ്ടി വാദിച്ചതല്ല.

ഡോ. ആർ. ബിന്ദു: സർ, റെഗുലേറ്ററി ബോഡികൾ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചതല്ല; കേന്ദ്ര നിർദ്ദേശപ്രകാരം നിലനിൽക്കുന്നവയാണ്. ഖണ്ഡം 11-ലെ വ്യവസ്ഥ പ്രകാരം സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടെന്ന് പ്രതിപക്ഷത്തുനിന്നും വാദിക്കുകയുണ്ടായി. പക്ഷേ സർവ്വകലാശാല തീരുമാനമെടുത്ത് അപ്പലേറ്റ് ട്രൈബ്യൂണലിൽ പോയതിനുശേഷമേ കോടതിയിലേയ്ക്ക് പോകാൻ സാധ്യതയുള്ളൂവെന്ന കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. അപ്പലേറ്റ് ട്രൈബ്യൂണലുമായി ബന്ധപ്പെട്ട കാര്യം ഇവിടെ ഉയർന്നുവരികയുണ്ടായി. ആ വിഷയം ഇതിനോടൊപ്പം കൂട്ടിച്ചേർക്കാവുന്നതാണെന്നാണ് കരുതുന്നത്. ഗവേഷണ പ്രബന്ധങ്ങൾ പണം കൊടുത്ത് പ്രസിദ്ധീകരിക്കുന്ന സാഹചര്യം നിലവിലുണ്ടെന്ന് പത്രവാർത്തകളെ മുൻനിർത്തി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ അക്കാദമിക് മേഖലയിൽ അദ്ധ്യാപകർ എത്ര ശ്രമകരമായ പ്രവർത്തനത്തിലൂടെയാണ് ഗുണനിലവാരമുള്ള പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതെന്ന് നേരിട്ട് എനിക്ക് അറിയാവുന്ന കാര്യമാണ്. ആ നിലയിൽ ഇത്തരത്തിൽ സാമാന്യവൽക്കരിച്ചുകൊണ്ടുള്ള പ്രസ്താവനകൾ കേരളത്തിലെ അദ്ധ്യാപക സമൂഹത്തിന് വേദനയുണ്ടാക്കുന്നതാണ്. അതുപോലെ എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകർ യോഗ്യതയില്ലാത്തവരാണെന്നല്ല എ.ജി.യും കോടതിയും പറഞ്ഞിട്ടുള്ളത്. AICTE-യുടെ 2010 റെഗുലേഷൻ പ്രകാരമുള്ള പ്രൊമോഷനുകൾ നടപ്പാക്കുന്നതിന് ദീർഘകാലം നീണ്ട കോടതി വ്യവഹാരങ്ങൾ കാരണം കാലതാമസം നേരിട്ടപ്പോൾ അതിനെ സംബന്ധിച്ചുള്ള പരാമർശമാണുണ്ടായത്. എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിപ്പിക്കുന്നവർ പ്രാഥമിക യോഗ്യതയുള്ളവരാണെന്നതിൽ തർക്കമില്ല. പിഎച്ച്.ഡി.യുമായി ബന്ധപ്പെട്ട വിഷയമാണ് ഇപ്പോൾ ഉയർന്നുവന്നിട്ടുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, സ്വാശ്രയ മേഖലയിലെ തെറ്റായ പ്രവണതകളെ സംബന്ധിച്ച് നിയന്ത്രണം കൊണ്ടുവരാനുള്ള ബില്ലാണിത്. എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിൽ Centre for Professional and Advanced Studies (CPAS) എന്ന സൊസൈറ്റി രൂപീകരിച്ച് 41 സ്വാശ്രയ സ്ഥാപനങ്ങൾ അതിന്റെ

കീഴിൽ പ്രവർത്തിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിലെ മുഴുവൻ സ്വാശ്രയ കോളേജുകളിലുമുള്ള ടീച്ചർമാരുടെ സേവന വേതന വ്യവസ്ഥകൾ തന്നെയാണ് CPAS-ലുള്ളതും. എന്റെ നിയോജകമണ്ഡലമായ ഇടപ്പള്ളിയിൽ പ്രവർത്തിക്കുന്ന School of Technology and Applied Sciences (STAS) എന്ന സ്ഥാപനത്തിൽ കഴിഞ്ഞ ദിവസം സന്ദർശനം നടത്തിയപ്പോൾ അറിയാൻ സാധിച്ചത്, കോളേജ് അദ്ധ്യാപകരാകാൻ എല്ലാ യോഗ്യതയുമുള്ള പതിനെട്ടോളം വർഷമായി ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് 18,000-20,000 രൂപ മാത്രമാണ് ശമ്പളമായി ലഭിക്കുന്നത് എന്നാണ്. എം.ജി. യൂണിവേഴ്സിറ്റിയുടെ ഒരു സിൻഡിക്കേറ്റ് അംഗമാണ് ഈ സൊസൈറ്റിയുടെ പ്രസിഡന്റായി പ്രവർത്തിക്കുന്നത്. മറ്റ് സ്വാശ്രയ സ്ഥാപനങ്ങളെപ്പോലെ യൂണിവേഴ്സിറ്റിയുടെ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരും സ്ഥാപനങ്ങളും ഇതേ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

ഡോ. ആർ. ബിന്ദു: സർ, ഗവൺമെന്റായാലും സ്വകാര്യ മേഖലയായാലും സഹകരണ മേഖലയായാലും ഏത് മേഖലയിലുള്ള സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർക്കും അത്യാവശ്യം നീതിയുക്തമായ നിലയിലുള്ള സേവന-വേതന സാഹചര്യങ്ങളുണ്ടാകണമെന്നതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. എല്ലാവരുടേയും നിലപാട് അങ്ങനെയാകണം എന്നുമാത്രമല്ല അത് മനുഷ്യത്വപരമാണെന്നുകൂടി സൂചിപ്പിക്കുകയാണ്. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ആളുകൾ വളരെ തുച്ഛമായ വേതനത്തിന് ജോലി ചെയ്യേണ്ടിവരുന്നത് സമൂഹത്തിനാകെ ഉത്കണ്ഠയുള്ള കാര്യമായി മാറേണ്ടതാണ്. സ്വാശ്രയ കോളേജുകൾ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുണ്ടെന്ന വാദം സർക്കാർ അംഗീകരിക്കുന്നു. പക്ഷേ, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് സ്വാശ്രയ കോളേജുകളെ ഞെക്കിക്കൊല്ലാൻ ശ്രമിച്ചുവെന്നാണ് ഡോ. മാത്യു കുഴൽനാടനെപ്പോലെയുള്ളവർ ആരോപിക്കുന്നത്. അതിനുള്ള മറുപടി കഴിഞ്ഞ ദിവസം പറഞ്ഞതാണ്. ഉപയോഗിക്കാത്ത സൗകര്യങ്ങൾക്ക് ഫീസ് ഈടാക്കാൻ പാടില്ലെന്നേ പറഞ്ഞിട്ടുള്ളൂ. ട്യൂഷൻ ഫീസ്, യൂണിവേഴ്സിറ്റി ഫീസ്, എക്സാമിനേഷൻ ഫീസ് എന്നിവയൊക്കെ കുട്ടികൾ അടയ്ക്കേണ്ടതാണെന്നും ഉപയോഗിക്കാത്ത സൗകര്യങ്ങൾക്ക് ആനുപാതികമായി കുറവുവരുത്തണമെന്നും മാത്രമേ പറഞ്ഞിട്ടുള്ളൂ. അത് ഒരുനിലയ്ക്കും സ്വാശ്രയ കോളേജുകളെ സാമ്പത്തികമായി ബാധിക്കുന്ന പ്രശ്നമല്ല. ഈ ബില്ലിന്റെ വ്യവസ്ഥകൾ സർവ്വകലാശാലകൾക്ക് സ്വാശ്രയ കോളേജുകളിലേയ്ക്ക് കടന്നുകയറുന്നതിനുള്ള അവകാശം നൽകുന്നുവെന്ന് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ വാദിക്കുകയുണ്ടായി. അദ്ദേഹം

സിൻഡിക്കേറ്റിന്റെ ഭാഗമായി പ്രവർത്തിച്ചിട്ടുള്ള ആളാണ്. അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിജപ്പെടുത്തുന്നത് സ്വാശ്രയ സ്ഥാപനങ്ങളുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാകുന്നത് എങ്ങനെയാണ്? ജീവനക്കാരും വിദ്യാഭ്യാസ ഏജൻസിയും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ തന്നെയായിരിക്കും നിയമനമുൾപ്പെടെയുള്ള കാര്യങ്ങൾ എന്ന് വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ട് സർവ്വകലാശാലയുടെ കടന്നുകയറ്റമായി ഇതിനെ വ്യഖ്യാനിക്കുന്നത് വളരെ അപക്വമായ സമീപനമാണ്. ഒരു തരത്തിലും വിദ്യാഭ്യാസ ഏജൻസിയുടെ അവകാശങ്ങളിലേയ്ക്ക് കടന്നുകയറുന്നില്ല. എല്ലാവർക്കും മിനിമം വേജസ് ലഭിക്കുന്ന സമൂഹത്തിന്റെ മുന്നിലാണ് ഇത് സംസാരിക്കുന്നത്. നിർദ്ദിഷ്ട യോഗ്യതയില്ലാത്ത അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് യോഗ്യത ആർജ്ജിക്കുന്നതിന് സർക്കാർ നിശ്ചയിക്കുന്ന സമയപരിധി വിദ്യാർത്ഥികളുടെ അവകാശത്തെ ഹനിക്കുന്നതാണെന്നും ധാർമ്മികമായ അപചൃതിയാണെന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. പക്ഷേ, ഇതുവരെ ജോലി ചെയ്തുകൊണ്ടിരുന്നവർക്ക് നിശ്ചിത സമയത്തിനുള്ളിൽ നിശ്ചിത യോഗ്യത നേടിയെടുക്കുന്നതിന് ആവശ്യമായ സാവകാശം നൽകുക മാത്രമാണ് ഉദ്ദേശിക്കുന്നത്. ഉദാഹരണത്തിന് പിഎച്ച്.ഡി. ആവശ്യമാണെന്ന് പറയുമ്പോൾ, പത്തിരുപത് വർഷങ്ങളായി ഒരു കോളേജിൽ ജോലി ചെയ്തുവരുന്നവരെ അവിടെനിന്ന് പറിച്ചെറിയപ്പെടുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി അവർക്ക് അതിനുള്ള സാവകാശം നൽകുകയാണ് ചെയ്യുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, 'ചെരുപ്പിനനുസരിച്ച് പാദം മുറിക്കുന്നത് ശരിയല്ല', പ്രത്യേകിച്ചും നമ്മുടെ വിദ്യാഭ്യാസ രംഗത്ത്. വിദ്യാഭ്യാസ രംഗത്ത് ക്വാളിറ്റി മെയിന്റയിൻ ചെയ്യണമെന്നും അതിന്റെ അപ്ഗ്രഡേഷനുവേണ്ടി ശ്രമിക്കണമെന്നും പറയുമ്പോൾ അത്രയും ക്വാളിറ്റിയില്ലാത്ത ആളുകളെ നിലനിന്നുപോകാൻ സമ്മതിക്കുന്നുവെന്നാണ് ഇതിന്റെ മറുവശമായി ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത്. നിയമപരമായി അങ്ങനെ പറയാനുള്ള അവകാശവും ധാർമ്മികതയുമുണ്ടോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, സ്വാശ്രയ സ്ഥാപനങ്ങളുടെ നിയന്ത്രണം ഏറ്റെടുക്കുക മാത്രമാണ് ഈ ബില്ലിൽ ചെയ്യുന്നതെന്ന് അങ്ങ് സൂചിപ്പിച്ചു. എന്നാൽ ഉള്ളടക്കത്തെ സംബന്ധിച്ച ചർച്ചകൾ സർവ്വകലാശാല തലത്തിലാണ് നടക്കേണ്ടത്. സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് വ്യത്യാസമില്ലാതെയാണ് അത്തരം കാര്യങ്ങൾ ചർച്ച ചെയ്യേണ്ടത്. അതിനായി മൂന്ന് കമ്മീഷനുകളെ സർക്കാർ നിയമിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ കഴിഞ്ഞ ദിവസം

സൂചിപ്പിച്ചതുകൊണ്ട് ആവർത്തിക്കുന്നില്ല. സ്വാശ്രയ കോളേജുകളെ വരുതിയിലാക്കാൻ ഇടതുപക്ഷം നടത്തുന്ന ശ്രമമാണ് ഈ നിയമമെന്നുപോലും ശ്രീ. പി. അബ്ദുൽ ഹമീദ് ആരോപിക്കുകയുണ്ടായി. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിജപ്പെടുത്തുന്ന നിയമത്തിൽ ഇടതുപക്ഷത്തിന് കടന്നുകയറാൻ ഗ്യാപ്പുണ്ടാകുന്നത് എങ്ങനെയാണെന്ന് മനസ്സിലാകുന്നില്ല. സ്വാശ്രയ കോളേജുകളിലെ മെരിറ്റ് സീറ്റിലുള്ള കുട്ടികൾക്ക് സർക്കാർ ധനസഹായം ലഭിക്കാത്തത് കോളേജുകളുടെ നടത്തിപ്പിനെ ബാധിക്കുന്നുവെന്നും കോവിഡിന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സ്ഥാപനങ്ങൾക്കുമേൽ കടുത്ത നിയന്ത്രണം വരുന്നത് അതിന്റെ നാശത്തിന് കാരണമാകുമെന്നുമാണ് ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിച്ചത്. ഈ നിയമം ജീവനക്കാരുടെ സാമാന്യ അവകാശങ്ങളെ സംരക്ഷിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തിക്കൊണ്ട് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്. ഈ സ്ഥാപനങ്ങൾക്ക് പെർമനന്റ് അഫിലിയേഷൻ നൽകുന്നില്ലെന്ന് ശ്രീ. മഞ്ഞളാംകുഴി അലി അഭിപ്രായപ്പെട്ടു. പെർമനന്റ് അഫിലിയേഷൻ എന്ന പദപ്രയോഗം യൂണിവേഴ്സിറ്റി നിയമങ്ങളിലില്ല. സംസ്ഥാനത്തെ എയ്ഡഡ് കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പെർമനന്റ് അഫിലിയേഷൻ നൽകാറില്ല. സർക്കാർ കോളേജുകളിലും എയ്ഡഡ് കോളേജുകളിലും പഴയ കോഴ്സുകൾ മാത്രമാണുള്ളതെന്ന വാദം ഉയർന്നുവരികയുണ്ടായി. പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ കഴിഞ്ഞ വർഷം അനുവാദം നൽകിയിരുന്നു. വിദ്യാഭ്യാസ വ്യവസ്ഥയും സമ്പദ് വ്യവസ്ഥയുമൊക്കെ ശക്തിപകരുന്ന തരത്തിൽ നവീന കോഴ്സുകൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുണ്ടാകണമെന്നാണ് സർക്കാർ അഭിലഷിക്കുന്നത്. ഈ ബില്ലിന്റെ ഭാഗമായി ആരോഗ്യ സർവ്വകലാശാലയെ ഉൾപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് ഡോ. മാത്യു കുഴൽനാടൻ ചോദ്യം ഉന്നയിച്ചു. നിലവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി വരുന്ന സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത സ്വാശ്രയ കോളേജുകളെ സംബന്ധിച്ചാണ് ഈ നിയമനിർമ്മാണം. ആരോഗ്യ സർവ്വകലാശാല ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഒരു സർവ്വകലാശാലയായതുകൊണ്ട് അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രസ്തുത വകുപ്പ് നിർവ്വഹിക്കുമെന്നാണ് കരുതുന്നത്. സ്വാശ്രയ കോളേജിന്റെ അഫിലിയേഷൻ സർവ്വകലാശാല നിയമത്തിന്റെ പരിധിയിലായതുകൊണ്ട് ഈ നിയമത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടില്ല. കേരളത്തെ ഒരു നവവൈജ്ഞാനിക സമൂഹമാക്കി മാറ്റിയെടുക്കുന്നതിനും സമ്പദ്ഘടനയുടെ വിപുലീകരണത്തിനും സംഭാവന ചെയ്യാൻ കഴിയുന്ന വിധത്തിൽ പ്രയോഗക്ഷമമായ പുത്തൻ അറിവുകൾ

ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രങ്ങളായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ശക്തിയോടെ നിലനിൽക്കണമെന്ന ഉദ്ദേശ്യമാണ് ബില്ലിന് പുറകിലുള്ളത്. സ്വാശ്രയ സ്ഥാപനങ്ങൾ എണ്ണത്തിൽ പെരുകിയിരിക്കുന്ന സാഹചര്യത്തിൽ അവയുടെ ഗുണപരമായ കാര്യങ്ങൾ ഉറപ്പുവരുത്തുകയെന്ന സാമൂഹ്യ ഉത്തരവാദിത്വമാണ് ബിൽ അവതരണത്തിലൂടെ സർക്കാർ നിർവ്വഹിക്കാൻ ശ്രമിച്ചിട്ടുള്ളത്. അതിന് എല്ലാവരുടെയും സഹകരണമുണ്ടാകണം. കേരളത്തിന്റെ വൈജ്ഞാനിക മേഖലയിലെ വളർച്ചയ്ക്ക് മികച്ച സംഭാവനകൾ നൽകാൻ നാം എല്ലാവരും കൈകോർത്ത് പിടിക്കണമെന്നും അതിനുതകുന്ന ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് കൂടുതൽ പുഷ്ടിപ്പെടുത്തി അതിന് അംഗീകാരം നൽകുന്നതിനുവേണ്ടിയുള്ള അനുമതിയുണ്ടാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങളുടെ അകമഴിഞ്ഞ പിന്തുണ ഇക്കാര്യങ്ങളിലുണ്ടാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊള്ളുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭയുടെ അനുമതിയോടെ ഭേദഗതി പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭയുടെ അനുമതിയോടെ ഭേദഗതി പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെല്ലാം വളരെ വിശദമായി ചർച്ച ചെയ്തതാണ്. സഭയിൽ ഉന്നയിച്ച അഭിപ്രായങ്ങളും സബ്ജക്ട് കമ്മിറ്റിയിൽ വന്ന ക്രിയാത്മകമായ നിർദ്ദേശങ്ങളുമെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള ബില്ലാണ് സഭയുടെ പരിഗണനയ്ക്കായി അവതരിപ്പിച്ചിട്ടുള്ളത്. ഭരണ സമിതികളിൽ കുറച്ചുകൂടി ജനാധിപത്യ ഉള്ളടക്കം ഉറപ്പുവരുത്തിയെന്നതാണ് ബില്ലിലെ പ്രധാനപ്പെട്ട മാറ്റം. ഈ ബില്ലിന്റെ ആദ്യ ചർച്ചയുടെ ഘട്ടത്തിൽ ഉന്നയിക്കപ്പെട്ടില്ലെങ്കിൽപ്പോലും സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്ത സന്ദർഭത്തിൽ മറ്റ് സർവ്വകലാശാലകൾക്ക് സമാനമായ ഉള്ളടക്കം ജനാധിപത്യപരമായി ഈ സംവിധാനത്തിലുണ്ടാകണമെന്ന് കണ്ടുകൊണ്ട് അതിന്റെ ഭാഗമായി ജനറൽ കൗൺസിൽ, ബോർഡ് ഓഫ് ഗവർണേഴ്സ് എന്നീ രണ്ട് സംവിധാനത്തിലും മറ്റ് സർവ്വകലാശാലകൾക്ക് സമാനമായി നിയമസഭാംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തിയിട്ടുണ്ടെന്ന കാര്യം അറിയിക്കുകയാണ്. അതോടൊപ്പം മുമ്പുണ്ടായിരുന്നതിൽനിന്നും വ്യത്യസ്തമായി ജനറൽ കൗൺസിൽ, ബോർഡ് ഓഫ് ഗവർണേഴ്സ്, അക്കാഡമിക് കൗൺസിൽ, റിസർച്ച് കൗൺസിൽ തുടങ്ങിയ തലങ്ങളിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. അതിന്റെ

പ്രത്യേകത, രണ്ട് പേരിൽ ഒരാൾ വിദ്യാർത്ഥിനിയായിരിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ജനറൽ കൗൺസിലിൽ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്താനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. ചുരുങ്ങിയ കാലംകൊണ്ട്, ഓർഡിനൻസ് വന്നതുമൂലം, പ്രവർത്തനം ആരംഭിച്ച ഘട്ടം മുതൽ വളരെ മെച്ചപ്പെട്ട രൂപത്തിൽ രാജ്യത്തെ പ്രധാനപ്പെട്ട സർവ്വകലാശാലയായി മാറാൻ ഈ സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് സഭയ്ക്ക് അഭിമാനിക്കാവുന്ന കാര്യമാണ്. അതിനെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവിടെയുള്ള ഭേദഗതി നിർദ്ദേശങ്ങളുടെ ചർച്ചയിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളോട് പരാമർശിക്കേണ്ട സന്ദർഭങ്ങളുണ്ടെങ്കിൽ ആ ഘട്ടത്തിൽ അത്തരം കാര്യങ്ങളെല്ലാം വിശദമാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ബിൽ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല സ്ഥാപിക്കുന്നതിന് ധനകാര്യ വകുപ്പ് എങ്ങനെയാണ് അനുമതി നൽകിയതെന്നാണ് എന്നെ അത്ഭുതപ്പെടുത്തിയത്. കൂണുകൾ മുളച്ച് പൊങ്ങുന്നതുപോലെ സർവ്വകലാശാലകൾ രൂപീകരിക്കുന്നത് സംസ്ഥാനത്തിന് അഭികാമ്യമാണോ; നിലവിലൊരു സാങ്കേതിക സർവ്വകലാശാലയുള്ളപ്പോൾ മറ്റൊരു ഡിജിറ്റൽ യൂണിവേഴ്സിറ്റികൂടി സ്ഥാപിക്കേണ്ടതിന്റെ അത്യാവശ്യം ഈ സംസ്ഥാനത്തുണ്ടോ; ഒരു സർവ്വകലാശാല സ്ഥാപിക്കുമ്പോഴുണ്ടാകുന്ന എസ്റ്റാബിഷ്മെന്റ് എക്സ്പെൻസ് എന്താണ്; യഥാർത്ഥത്തിൽ ഇത് വെള്ളാനയാണ്. എന്താണ് ഈ സർവ്വകലാശാല കൊണ്ടുദ്ദേശിക്കുന്നത്? വളരെ ഭംഗിയായി നടത്താൻ കഴിയുന്ന ഒരു സംവിധാനം സാങ്കേതിക സർവ്വകലാശാലയിൽത്തന്നെ നടപ്പാക്കാവുന്നതാണ്. സാങ്കേതിക സർവ്വകലാശാലയുടെ സ്ഥിതി എന്താണ്; 2014-ൽ ആരംഭിച്ച സാങ്കേതിക സർവ്വകലാശാലയ്ക്ക് സ്വന്തമായി ക്യാമ്പസും സ്ഥിരം ഫാക്കൽറ്റിയും ഇല്ലാത്തതുകൊണ്ട് UGC-യുടെ ധനസഹായം ഏഴ് വർഷമായിട്ടും അനുവദിച്ചിട്ടില്ല. ഒരു പുതിയ സർവ്വകലാശാല ആരംഭിക്കുമ്പോൾ സ്ഥലം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ട ബാദ്ധ്യത സർക്കാരിൽ നിക്ഷിപ്തമായി വരികയാണ്. ഈ അധികച്ചെലവ് അനാവശ്യമായുണ്ടാക്കുന്നതാണ്. ഈ സർവ്വകലാശാലയിലൂടെ ലക്ഷ്യമാക്കുന്ന മുഴുവൻ കാര്യങ്ങളും സാങ്കേതിക സർവ്വകലാശാലയുടെ രൂപീകരണ വേളയിൽ സഭയിൽ പറഞ്ഞ കാര്യങ്ങൾ തന്നെയാണ്. സാങ്കേതിക സർവ്വകലാശാല പച്ചപിടിച്ച് അതൊന്ന് വളർന്ന് വലുതാകാൻ വേണ്ടിയുള്ള വെള്ളവും വളവും നൽകേണ്ട സർക്കാർ അതുചെയ്യാതെ മുരടിച്ചുപോയ ഒരു സർവ്വകലാശാലയ്ക്കുപകരം

അപ്പുറത്ത് മറ്റൊരു സർവ്വകലാശാലയുടെ ചെടി നടുകയാണ്. ഈ പോയിന്റാണ് മനസ്സിലാക്കാൻ സാധിക്കാത്തത്. ഒരു സർവ്വകലാശാല സ്ഥാപിക്കണമെന്ന ഉദ്ദേശ്യത്തേക്കാൾ വലുതായി കുറെ ആളുകൾക്ക് അക്കോമഡേഷൻ നൽകുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനമാണിത്. അതെല്ലാം അങ്ങാടിപ്പാട്ടായ കാര്യങ്ങളായതുകൊണ്ട് ഞാൻ അവരുടെയൊന്നും പേര് പറയുന്നില്ല. അതുകൊണ്ട് ധനകാര്യ വകുപ്പ് ഇത്തരം കാര്യങ്ങളിൽ ഇടപെടണമെന്നാണ് വിനയപൂർവ്വമായ അഭിപ്രായം. എവിടെ നിന്നാണ് ഡിജിറ്റൽ സർവ്വകലാശാല ആവിർഭവിച്ചതെന്ന് എല്ലാവർക്കുമറിയാം. അതിനെക്കുറിച്ച് അറിയാവുന്ന കാര്യങ്ങളായതുകൊണ്ട് ഞാൻ കൂടുതലൊന്നും പറയുന്നുമില്ല. അത്തരം വിവാദങ്ങളിലേയ്ക്ക് പോകുന്നുമില്ല. എവിടെ നിന്നാണ് ഈ ഡിജിറ്റൽ യൂണിവേഴ്സിറ്റി വന്നത്? ഇതൊരു കോക്കസാണ്. ആ കോക്കസിൽപ്പെട്ട ചില ആളുകൾക്ക് അക്കോമഡേഷൻ നൽകുന്നതിനുവേണ്ടി സ്ഥാപിതമായ ഒരു സംവിധാനമാണ് ഈ സർവ്വകലാശാല. ഇവിടെ കമ്പനി ആക്ടനുസരിച്ച് പ്രവർത്തിക്കുന്ന IIITM(K) (The Indian Institute of Information Technology and Management Kerala) എന്ന സ്ഥാപനത്തെ സ്പോൺസറിംഗ് എന്റിറ്റിയാക്കിയാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത്. സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള ഭൂമിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഈ സ്ഥാപനം കൈമാറ്റം ചെയ്തു കൊടുക്കുമെന്ന ബില്ലിലെ വകുപ്പ് 7(2)-ലെ വ്യവസ്ഥ കമ്പനി ആക്ടിന് വിരുദ്ധമാണെന്ന് ഈ ബില്ലിന്റെ അവതരണവേളയിൽ ഞാൻ തടസ്സവാദം പറഞ്ഞെങ്കിലും അന്നത് അംഗീകരിച്ചില്ല. പക്ഷേ, സബ്ജക്ട് കമ്മിറ്റിയിൽവച്ച് പ്രസ്തുത പിഴവ് തിരുത്തി വകുപ്പ് 7(2) ഭേദഗതി ചെയ്തതിനെ സ്വാഗതം ചെയ്യുന്നു. കമ്പനി നിയമത്തിലെ വ്യവസ്ഥ പ്രകാരം കമ്പനിയുടെ ലാഭവിഹിതവും മറ്റ് വരുമാനങ്ങളും മാത്രമാണ് ഇപ്രകാരം വിനിയോഗിക്കാൻ സാധിക്കുന്നത്. അതിനാൽ വകുപ്പ് 7(2)-ന് കുറച്ചുകൂടി വ്യക്തതയുണ്ടാകണം. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറെ തെരഞ്ഞെടുക്കുന്ന സമിതിയിലും ജനറൽ കൗൺസിലിലും സ്പോൺസറിംഗ് എന്റിറ്റിയായ കമ്പനിയുടെ പ്രതിനിധിയുണ്ടാകുമെന്ന വ്യവസ്ഥയും അവതരണ ഘട്ടത്തിൽ ചൂണ്ടിക്കാണിച്ചതിൻ പ്രകാരം സർക്കാർ ഭേദഗതി ചെയ്തിട്ടുണ്ട്. ഈ നടപടികളെ സ്വാഗതം ചെയ്യുന്നു. വൈസ് ചാൻസലറെ തെരഞ്ഞെടുക്കുന്ന സമിതിയിൽ AICTE-യുടെ പ്രതിനിധികളെയുൾപ്പെടുത്തി കറക്ട് ചെയ്യണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ബില്ലിലെ വകുപ്പ് 26(iv)-ൽ അദ്ധ്യാപകർ ഉൾപ്പെടെയുള്ളവരുടെ നിയമന രീതി സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥ ചെയ്യണമെന്ന് പരാമർശിക്കുന്നു. യു.ജി.സി. ഗൈഡ്‌ലൈനിനനുസൃതമായി മാത്രമാണ് ഇക്കാര്യത്തിൽ വ്യവസ്ഥ രൂപീകരിക്കാൻ സാധിക്കുന്നത്. എന്നാൽ, ഓർഡിനൻസ് പ്രകാരം സ്ഥാപിതമായ

ഈ സർവ്വകലാശാലയിൽ IIITM(K)-യിലെ യു.ജി.സി. ക്വാളിഫിക്കേഷൻ ഇല്ലാത്തവരെ അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ട്. യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതകൾ ഇല്ലാത്തവരെ എങ്ങനെയാണ് ഒരു സർവ്വകലാശാലയുടെ അദ്ധ്യാപകരായി നിയമിക്കാൻ കഴിയുന്നത്? യു.ജി.സി.യുടെ അപ്രൂവൽ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാകും. ഇത്തരം നിയമനങ്ങൾ ഭാവിയിൽ വ്യവഹാരങ്ങളിലേയ്ക്ക് കൊണ്ടുപോകും. യു.ജി.സി. നിബന്ധനകൾ പാലിക്കാതെ എലിജിബിലിറ്റിയില്ലാത്തവരെ നിയമിച്ചിച്ചുണ്ട്. IIITM(K) നടത്തുന്ന കോഴ്സുകൾക്ക് CUSAT അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ, ഇവിടെയുള്ള ഫാക്കൽറ്റികൾക്ക് അപ്രകാരം അംഗീകാരം നൽകിയിട്ടില്ല. IIITM(K) എന്ന കമ്പനി നേരിട്ട് നിയമിച്ചിട്ടുള്ളവരും അദ്ധ്യാപകരാകാൻ വേണ്ട ആവശ്യമായ യോഗ്യതയില്ലാത്തവരെയുമാണ് സ്പോൺസറിംഗ് എന്റിറ്റിയുടെ പേരിൽ യൂണിവേഴ്സിറ്റി അദ്ധ്യാപകരാക്കി മാറ്റിയിരിക്കുന്നത്. ഇത് യു.ജി.സി. ഗൈഡ്‌ലൈനുകൾക്ക് വിരുദ്ധമാണ്. ഡിജിറ്റൽ സർവ്വകലാശാലയിലെ നിയമനങ്ങൾക്കുള്ള ഒരു റിക്രൂട്ടിംഗ് ഏജൻസിയായി IIITM(K) മാറുന്ന സാഹചര്യമാണ് നിലവിലുണ്ടായിട്ടുള്ളത്. ഇത് സർവ്വകലാശാല രൂപീകരണത്തിന്റെ പ്രഖ്യാപിത ലക്ഷ്യത്തെ പരാജയപ്പെടുത്തുന്ന നടപടിയാണ്. നിയമസഭയിലെയും സബ്ജക്റ്റ് കമ്മിറ്റിയിലെയും ചർച്ചകളിലൂടെയാണ് സാധാരണയായി ഇത്തരം കുറവുകൾ പരിഹരിക്കാൻ കഴിയുന്നത്. ഓരോ മേഖലയിലും യൂണിവേഴ്സിറ്റിയുണ്ടാക്കുക, അവിടെ നിയമനങ്ങൾ നടത്തുകയെന്നത് സംസ്ഥാനത്തിന് താങ്ങാൻ കഴിയുന്ന കാര്യമാണോയെന്ന് ഗൗരവതരമായി ആലോചിക്കേണ്ട വിഷയമാണ്. അതുകൊണ്ടാണ് നിലവിൽ സാങ്കേതിക സർവ്വകലാശാലയ്ക്ക് ആവശ്യമായ സപ്പോർട്ടും കാര്യങ്ങളുമെല്ലാം ചെയ്തുകൊടുക്കേണ്ട ബാദ്ധ്യതയുണ്ടെന്ന് പറഞ്ഞത്. അത് വളരെ പ്രധാനപ്പെട്ട സർവ്വകലാശാലയാണ്, ആകാശം അതിർത്തിയായി കൊണ്ടുപോകാൻ കഴിയുന്ന, ധാരാളം മാറ്റങ്ങൾ വരുത്തുന്ന ഗവേഷണങ്ങളും ചെയ്യാൻ കഴിയുന്നതാണ്. ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ എഴുതിയിരിക്കുന്നത് വായിച്ചാൽ നമ്മൾ വിഷമിച്ചുപോകും. അതിൽ വിവര സാങ്കേതികവിദ്യ പാർക്കുകളെയും മറ്റുകാര്യങ്ങളെയും കുറിച്ച് പറയുന്നുണ്ട്. '...ഈ നിക്ഷേപങ്ങൾ വലിയൊരളവുവരെ സംസ്ഥാനത്തെ ഐ.ടി. വ്യവസായത്തിന്റെ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ആ മേഖലയിൽ തൊഴിലിനുള്ള ഉപായങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്....' 'ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വിശാലമണ്ഡലങ്ങളിൽ നൂതനമായ ഗവേഷണങ്ങളിലേയ്ക്കും സംരംഭങ്ങളിലേയ്ക്കും വഴികാട്ടുന്ന വ്യവസായ-അക്കാഡമിക കൂട്ടുപ്രവർത്തനങ്ങളുടെ സുസ്ഥിര മാതൃകകളിലേയ്ക്ക് നയിക്കുന്നതിന് ശേഷിയുള്ള ബൗദ്ധിക മൂലധനം സൃഷ്ടിക്കുന്നതിൽ നിക്ഷേപിക്കുന്നതിനായിരിക്കും ഇനിയുള്ള അവസരം.' ഇതിൽ എഴുതിയിരിക്കുന്നതിന്റെ അർത്ഥം മനസ്സിലാക്കണമെങ്കിൽ മറ്റൊരാളെ

കൊണ്ടുവരണം. 'ഇത് കേരളത്തിലെ വ്യവസായത്തിന്റെയും തൊഴിലിന്റെയും വളർച്ചയിലെ മുഖ്യ പ്രയോക്താവായി മാറുന്ന, നൂതന സാങ്കേതികവിദ്യ മേഖലയിൽ നിലവാരമുള്ള മനുഷ്യശേഷി സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ കഴിവ് വർദ്ധിപ്പിക്കുന്നതാണ്.' ഇതിൽ പറയുന്ന പ്രധാനപ്പെട്ട പല പോയിന്റുകളും സാങ്കേതിക സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. അതിനാൽ ബില്ലിലെ വ്യവസ്ഥകളോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ ചുമതലപ്പെടുത്തിയതു പ്രകാരം ശ്രീ. എം. വിജിൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുകയാണ്. ഡിജിറ്റൽ സാങ്കേതിക രംഗത്ത് ആഗോള നിലവാരം ഉറപ്പിക്കുന്ന വിധത്തിൽ ഉന്നത വിദ്യാഭ്യാസത്തിനായി ഒരു അത്യാധുനിക സ്ഥാപന സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് The Kerala University of Digital Sciences, Innovation and Technology എന്ന പേരിൽ Digital University രൂപീകരിക്കുന്നത്. കേരളത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയാക്കി മാറ്റാനുള്ള തീരുമാനം ഇതിനകംതന്നെ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി മാറ്റുന്നതിന്റെ അടിസ്ഥാനം എല്ലാവർക്കും അറിയാവുന്നതാണ്. അതിലൊന്ന്, ഉന്നത വിദ്യാഭ്യാസവും മറ്റൊന്ന് ആജീവനാന്ത പഠനവും ശാസ്ത്രീയ അറിവ് സൃഷ്ടിക്കലുമാണ്. കേരളത്തെ ഈ നിലയിലേയ്ക്ക് മാറ്റുന്നതിനായി ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസത്തിലൂടെ വിജ്ഞാന തൊഴിലാളികളെ സൃഷ്ടിക്കുന്നതോടൊപ്പം അതിന്റെ നവീകരണം, ഭൗതിക സ്വത്ത് ഉത്പാദനം, സംരംഭകത്വം എന്നീ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പുതിയ സർവ്വകലാശാലകൾ വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യം മുൻനിർത്തിക്കൊണ്ടാണ് കേരളത്തിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത്. കേരളത്തിൽ സ്ഥാപിതമായ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ചരിത്രം സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചു. പുതിയ ഡിജിറ്റൽ യുഗത്തിന് അനിവാര്യമായ വിധത്തിൽ കേരളത്തിൽ ഒരു വൈജ്ഞാനിക സമൂഹം കെട്ടിപ്പടുക്കാനുള്ള ശ്രമങ്ങൾ ഫലവത്തായി മാറണമെങ്കിൽ തീർച്ചയായും ശാസ്ത്ര സാങ്കേതിക മാനവിക വിഷയങ്ങളിൽ ഒരുപോലെ പ്രാവീണ്യമുള്ള പ്രതിഭകൾ സൃഷ്ടിക്കപ്പെടണം. IIITM(K) സർവ്വകലാശാലാ പദവിയിലേയ്ക്ക് ഉയർത്തുന്നതിന്റെ മറ്റൊരു ലക്ഷ്യം ഇതുകൂടിയാണ്. 2000-ലാണ് കേരളത്തിൽ IIT നിലവാരത്തിലുള്ള സ്ഥാപനമായ IIITM(K) രൂപീകരിക്കുന്നത്. അതേ കാലയളവിലാണ് അയൽ

സംസ്ഥാനമായ കർണ്ണാടകയിലും ആന്ധ്രാപ്രദേശിലും ഇത്തരത്തിൽ IIITM(K) രൂപപ്പെട്ടത്. ഇവ പിന്നീട് ഉയർത്തപ്പെട്ടതാണ്. ബിരുദദാനത്തിന് അധികാരമില്ലാതായതോടുകൂടി വളർച്ച മുരടിക്കുന്ന അവസ്ഥ എല്ലാ സംസ്ഥാനങ്ങളിലുമുള്ള ഇത്തരം സ്ഥാപനങ്ങളിൽ വന്നപ്പോൾ IIITM(K)-കളെല്ലാം സർവ്വകലാശാലകളായോ കൽപ്പിത സർവ്വകലാശാലകളായോ ഉയർത്തപ്പെടുന്ന സാഹചര്യമാണുണ്ടായത്. കേരളത്തിൽ IIITM(K) ഡിജിറ്റൽ യൂണിവേഴ്സിറ്റിയായി ഉയർത്തുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചത്. ഇവിടെ എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക സർവ്വകലാശാലയെ മുൻനിർത്തിക്കൊണ്ടാണ് ചില ആക്ഷേപങ്ങൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിക്കെതിരായി പറയുന്നത്. പ്രധാനമായും Kerala Technological University (KTU) ഊന്നൽ കൊടുക്കുന്നത് എഞ്ചിനീയറിംഗ് ടെക്നോളജിയിലും ബിരുദതല കോഴ്സുകൾ കൈകാര്യം ചെയ്യുന്നതിലും ഒരു അഫിലിയേറ്റഡ് സർവ്വകലാശാല എന്ന നിലയിലാണ്. KTU-വിന്റെ കീഴിൽ നൂറ്റിയമ്പതിലധികം എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ പ്രധാനമായും ബിരുദ കോഴ്സുകളെ ഉദ്ദേശിച്ചാണ്. ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ ഗവേഷണ കേന്ദ്രങ്ങളും അദ്ധ്യാപന വകുപ്പുകളുമില്ലെന്ന കാര്യം നാം മനസ്സിലാക്കിയിട്ടുള്ളതാണ്. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലെ M.B.A. ഒഴികെയുള്ള എല്ലാ ബിരുദാനന്തര കോഴ്സുകളും സാങ്കേതിക വിഷയങ്ങളിലെ ബിരുദധാരികളെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. എന്നാൽ ഡിജിറ്റൽ സർവ്വകലാശാല എന്നത് നോൺ അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റിയാണ്. അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റി എന്ന കാഴ്ച്പ്പാടല്ല ഡിജിറ്റൽ യൂണിവേഴ്സിറ്റി മുന്നോട്ടുവയ്ക്കുന്നത്. ഇത് ശാസ്ത്ര-സാങ്കേതിക-കലാ-വാണിജ്യ വിഷയങ്ങളിലെ വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ്. ഡിജിറ്റൽ, ശാസ്ത്ര, സാങ്കേതിക, മാനവിക, വാണിജ്യ വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള ബിരുദാനന്തര ഗവേഷണ പരിപാടികൾ ഉദ്ദേശിച്ചുകൊണ്ടാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി പ്രവർത്തിക്കുന്നത്. അഫിലിയേറ്റിംഗ് സർവ്വകലാശാലയായ KTU-വിനെ ഏതെങ്കിലും തരത്തിൽ ബാധിക്കുകയോ അതിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയോ ചെയ്യുന്ന ഒരു പ്രവർത്തനവും ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ഭാഗമായി, നോൺ അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റിയെന്ന നിലയിൽ വരുന്നില്ല. കുസാറ്റ്, കുഫോസ് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നിവയും ഇവിടെ പ്രവർത്തിക്കുന്നുണ്ടെന്ന് നമുക്കറിയാം.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ശാസ്ത്രസാങ്കേതിക രംഗത്ത് കെ.ടി.യു. അഫിലിയേറ്റിംഗ് സർവ്വകലാശാലയായും ഡിജിറ്റൽ സർവ്വകലാശാല സ്വതന്ത്ര സർവ്വകലാശാലയായും പ്രവർത്തിക്കുമെന്ന വ്യത്യാസമാണ് അങ്ങ് ചൂണ്ടിക്കാണിക്കുന്നത്. അങ്ങനെയാണെങ്കിൽ ആ ഉദ്ദേശ്യം നിലവിലുള്ള കുസാറ്റ് വഴി സാധ്യമല്ലേ?

ഡിജിറ്റൽ സർവ്വകലാശാല മുന്നോട്ടുവയ്ക്കുന്ന ഗവേഷണമുൾപ്പെടെയുള്ള എല്ലാ കോഴ്സുകളും വളരെ നാളുകളായി നടത്തിവരുന്ന സ്ഥാപനമാണ് കുസാറ്റ്. ഡിജിറ്റൽ സാങ്കേതികവിദ്യയിലൂടെ പുതിയ യൂണിവേഴ്സിറ്റി വഴി മുന്നോട്ടുവയ്ക്കുന്ന കോഴ്സുകളും പരിപാടികളുമൊക്കെ കുറേക്കൂടി ഫലപ്രദമായി കുസാറ്റിൽ നടത്തിയാൽ പോരേ?

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം സ്പോൺസറിംഗ് എന്റിറ്റിയെക്കുറിച്ച് പറയുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് ചൂണ്ടിക്കാണിച്ചു. അത് IIITM(K) ആണ്. സർവ്വകലാശാല സ്ഥാപിക്കുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സ്പോൺസറിംഗ് അതോറിറ്റി ചെയ്തുകൊടുക്കുമെന്നാണ് പറയുന്നത്. 1956-ലെ കമ്പനി നിയമത്തിലെ 25-ാം വകുപ്പ് പ്രകാരം ഇതിലെ വരുമാനവും ലാഭവിഹിതവും മാത്രമേ പ്രവൃത്തികൾക്കായി ഉപയോഗിക്കാൻ സാധിക്കുകയുള്ളൂവെന്ന് പറയുന്നുണ്ട്. ഈ ബില്ലിലെ പ്രസ്തുത വ്യവസ്ഥ തികച്ചും അവ്യക്തമാണ്. ലീഗൽ ഡ്രാഫ്റ്റിംഗിന്റെ അടിസ്ഥാന തത്വമായ 'വ്യക്തത' ബില്ലിലെ വകുപ്പ് 7(2) പ്രകാരം പാലിക്കപ്പെട്ടിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. വിജിൻ</u>: സർ, ബഹുമാനപ്പെട്ട രണ്ട് അംഗങ്ങളും ചോദിച്ച ചോദ്യത്തിന് അതുമായി ബന്ധപ്പെട്ട് സംസാരിക്കുന്ന ഘട്ടത്തിൽ മറുപടി പറയാം. കുസാറ്റിന്റെയും കുഫോസിന്റെയും കാര്യമാണ് ഞാൻ പറയുന്നത്. ഇവിടെ KTU-വും പ്രവർത്തിക്കുന്നുണ്ട്. അവരെല്ലാം വിവിധ കോഴ്സുകൾ നടത്തുന്നുണ്ട്. കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ വ്യത്യസ്ത കോഴ്സുകൾ നടത്തുന്നുണ്ട്. 2014-ൽ സാങ്കേതിക സർവ്വകലാശാല രൂപീകരിച്ചതിന്റെ ചരിത്രത്തിലേയ്ക്കൊന്നും പോകേണ്ടതില്ല. തുടക്കഘട്ടത്തിൽ ആ യൂണിവേഴ്സിറ്റിയെ തകർക്കുന്ന നിലയിലേയ്ക്ക് നിലപാട് സ്വീകരിച്ചത് ഏത് തരത്തിലാണെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ആരംഭിച്ച സാങ്കേതിക സർവ്വകലാശാലയുടെ തുടക്കത്തിൽ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഭാഗമായി ഞങ്ങളൊക്കെയുണ്ടായിരുന്നു. കൃത്യമായ ആലോചനയിൽ ആസ്ഥാനമുൾപ്പെടെ കണ്ടെത്തി പ്രവർത്തനം ആരംഭിക്കണമെന്ന് പറഞ്ഞപ്പോൾ, CET (College of Engineering Trivandrum)-യോട് ചേർന്നുള്ള ഒരു ചെറിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. അതിനെ തുടക്കത്തിൽത്തന്നെ മോശമായ സാഹചര്യത്തിൽ കൊണ്ടുപോയതിന്റെ ഉത്തരവാദിത്വം അവിടെ ഇരിക്കുന്നവർക്കുണ്ട്. കേരളത്തിലെ യൂണിവേഴ്സിറ്റികൾ വ്യത്യസ്തങ്ങളായ കോഴ്സുകൾ നടത്തുന്നുണ്ട്. KTU ആരംഭിച്ചപ്പോൾ കേരള യൂണിവേഴ്സിറ്റിയിലും CUSAT-ലും എഞ്ചിനീയറിംഗ് കോഴ്സുകൾ നടക്കുന്നുണ്ട്. അവ ഒരു തരത്തിലും തടസ്സപ്പെടുന്ന നിലയുണ്ടായിട്ടില്ല. NUALS ആരംഭിച്ചപ്പോൾ കേരളത്തിലെ മറ്റ് യൂണിവേഴ്സിറ്റികളിൽ നിയമ പഠനം

നടക്കുന്നുണ്ടായിരുന്നു. അതിനൊരു തടസ്സവുമുണ്ടായിട്ടില്ല. വ്യത്യസ്തമായ കാഴ്ചപ്പാടിലൂടെയാണ് ഈ യൂണിവേഴ്സിറ്റികളെല്ലാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ കോഴ്സുകളും കാര്യങ്ങളും കൂടി പറഞ്ഞുവരുമ്പോൾ ഇതിന്റെ കാഴ്ചപ്പാടിനെക്കുറിച്ച് വ്യക്തമായിത്തന്നെ പറയാൻ സാധിക്കുന്നതാണ്. ഇവിടത്തെ കോഴ്സുകളെക്കുറിച്ച് നാം പരിശോധിക്കണം. അഞ്ച് സ്കൂളുകളാണ് ഇത് വിഭാവന ചെയ്യുന്നത്. സ്കൂളുകളെ സംബന്ധിച്ച് ബില്ലിൽ പറയുന്നുണ്ട്. ആ കോഴ്സുകൾ ഏതൊക്കെയാണ്? അവ സ്കൂൾ ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഓട്ടോമേഷൻ, സ്കൂൾ ഓഫ് ഡിജിറ്റൽ സയൻസ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്, സ്കൂൾ ഓഫ് ഇൻഫർമാറ്റിക്സ് എന്നിവയാണ്. അഞ്ചാമതായി ഇന്ത്യയിലെങ്ങുമില്ലാത്ത ഒരു കോഴ്സ്. അതായത് ആർട്സിലും ഹ്യൂമാനിറ്റീസിലും എങ്ങനെ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിക്കാമെന്നുള്ളത് മുൻനിർത്തിക്കൊണ്ടുള്ള സ്കൂൾ ഓഫ് ഡിജിറ്റൽ ഹ്യൂമാനിറ്റീസ് ആൻഡ് ലിബറൽ ആർട്സ്. ഇങ്ങനെ അഞ്ച് സബ്ജക്ടുകളിലൂടെ ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം സ്കൂളുകളിലൂടെ മുന്നോട്ടുകൊണ്ടുപോകുന്നതിനാണ് വിഭാവനം ചെയ്യുന്നത്. ഇതിലെ കാഴ്ചപ്പാടുകൾ വിശദീകരിച്ചാൽ അതിൽ റോബോട്ടിക്സ്, സൈബർ സെക്യൂരിറ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയെല്ലാം വരുന്നുണ്ട്. ഒരു വലിയ പരീക്ഷണം, അതായത് ഇന്ത്യയിലെങ്ങുമില്ലാത്ത ഒരു പുതിയ കോഴ്സ്, ആർട്സിനും ഹ്യൂമാനിറ്റീസിനും ഡിജിറ്റൽ സാങ്കേതികവിദ്യ കൊണ്ടുവരികയാണ്. Augmented Reality പോലെയുള്ള സംവിധാനങ്ങൾ മാധ്യമങ്ങൾ ഉപയോഗിക്കുന്നുണ്ട്. അത്തരം ടെക്നോളജിയെ കൃത്യമായി ഉപയോഗപ്പെടുത്തി മുന്നോട്ടുപോകുന്ന പഠന കോഴ്സുകളാണ്. ഇതിന്റെ പ്രവൃത്തി ആരംഭിച്ചിട്ട് പത്ത് മാസമേ ആയിട്ടുള്ളൂ. അതിനുള്ളിൽത്തന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ UGC-യുടെയും AICTE-യുടെയും അംഗീകാരം ലഭിക്കുമോയെന്നത് സംബന്ധിച്ച് ചില ആശങ്കകൾ പ്രകടിപ്പിച്ചു. ഇവിടെ പി.ജി. റിസർച്ച് പ്രോഗ്രാമുകളാണ് മുന്നോട്ടുവയ്ക്കുന്നത്. എം.എസ്‌സി., എം.ടെക്., എം.ബി.എ. എന്നീ കോഴ്സുകളിലൂടെ തൊഴിലിന്റെ അനന്തമായ സാധ്യതകളെക്കൂടി പരിചയപ്പെടുത്തിയാണ് യൂണിവേഴ്സിറ്റി പ്രവർത്തിക്കുന്നത്. ഇപ്പോൾ ആരംഭിച്ച എം.ടെക് ഉൾപ്പെടെയുള്ള കോഴ്സുകൾക്ക് ചെറിയ കാലയളവുകൊണ്ട് AICTE-യുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞു. പി.ജി. കോഴ്സുകൾക്കും പിഎച്ച്.ഡി. കോഴ്സുകൾക്കും കൃത്യമായി UGC-യുടെ അംഗീകാരം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. നാല് തരത്തിലുള്ള ഗവേഷണമാണ് യൂണിവേഴ്സിറ്റി വിഭാവനം ചെയ്യുന്നത്. റെഗുലർ ഫുൾ ടൈം പിഎച്ച്.ഡി., ഇന്റർഗ്രേറ്റ് പിഎച്ച്.ഡി, പാർട്ട് ടൈം പിഎച്ച്.ഡി. എന്നിവയോടൊപ്പം ഒരു വ്യത്യസ്തമായ പ്രോഗ്രാം എന്ന നിലയിൽ ഇൻഡസ്ട്രി റെഗുലർ പിഎച്ച്.ഡി.-യുമുണ്ട്. തൊഴിലിനോടൊപ്പം ആ തൊഴിൽ സ്ഥാപനത്തിൽ നിന്നുതന്നെ ഗവേഷണം നടത്താൻ കഴിയുന്ന പുതിയൊരു രീതിയാണ് ഗവേഷണ മേഖലയിൽ ഈ യൂണിവേഴ്സിറ്റി മുന്നോട്ടുവയ്ക്കുന്നത്. IIITM(K)

പൂർണ്ണമായും കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനമാണ്. ഇവിടത്തെ സ്ഥിരം അദ്ധ്യാപകരെ സംബന്ധിച്ചൊക്കെ പറയുന്നതുകേട്ടു. UGC നിബന്ധനകൾ പാലിക്കാതെ അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കില്ലെന്നത് എല്ലാ യൂണിവേഴ്സിറ്റികൾക്കും ബാധകമാണ്. ആ നിലയിലാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലും അദ്ധ്യാപക നിയമനം നടന്നിട്ടുള്ളത്. IIITM(K)-യിൽ നിലവിലുള്ള അദ്ധ്യാപകരിൽ യോഗ്യതയുള്ള ആളുകളെ ചുമതലപ്പെടുത്തിയാണ് ഇതിന്റെ പ്രവൃത്തി മുന്നോട്ടുപോകുന്നത്. 2021 ആഗസ്റ്റ് മാസത്തിലാണ് ബോർഡ് ഓഫ് ഗവർണേഴ്സ് രൂപീകരിച്ചത്. അന്ന് രൂപീകരിച്ചതുകൊണ്ട് മറ്റ് അദ്ധ്യാപക നിയമനങ്ങളും നടത്താൻ സാധിച്ചില്ലെന്ന കാര്യം നാം കാണണം. ഈ യൂണിവേഴ്സിറ്റിയുടെ പഠനത്തോടൊപ്പം സാമൂഹിക പ്രതിബദ്ധതകൂടി മുന്നോട്ടുവച്ച് ഇടപെടൽ നടത്തി. പത്ത് മാസം കൊണ്ട് ഒരു യൂണിവേഴ്സിറ്റി എത്രമാത്രം മഹത്തരമായ നിലയിൽ അതിന്റെ ലക്ഷ്യം മുൻനിർത്തിക്കൊണ്ട് ഇടപെട്ടു എന്നതിന്റെ തെളിവാണിത്. അതിന്റെ ചില ഉദാഹരണങ്ങൾ മാധ്യമങ്ങളിലൂടെ വായിച്ചതാണ്. KSRTC-ക്കുവേണ്ടി ഇന്റലിജൻസ് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം ഇതിനകം രൂപീകരിക്കാൻ സാധിച്ചു. റെയിൽവേ ട്രെയിനിന്റെ സംവിധാനം ഒരുക്കിയിരിക്കുന്നതുപോലെ KSRTC ബസിന്റെ സമയ വിവരം, ബസ് എവിടെ എത്തിയെന്ന വിവരം, ടിക്കറ്റിന്റെ ലഭ്യത, ബസിന്റെ ലഭ്യത എന്നിവയടങ്ങിയ പാസ്സഞ്ചർ ഇൻഫർമേഷൻ സിസ്റ്റത്തിന് KSRTC-യുമായി ഈ യൂണിവേഴ്സിറ്റി ധാരണയാക്കിക്കൊണ്ടുള്ള പ്രവർത്തനം ആരംഭിച്ചു. മറ്റൊന്ന്, നോളഡ്ജ് ഇക്കണോമി മിഷനാണ്. പിണറായി സർക്കാർ പ്രഖ്യാപിച്ച, കേരളത്തിലെ യുവജനങ്ങളെല്ലാം ഏറെ ആവേശത്തോടെ സ്വീകരിച്ച, 20 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി കേരള സർക്കാരിന്റെ വൈജ്ഞാനിക വിപ്ലവത്തിലൂന്നിയ പദ്ധതിയായി മുന്നോട്ടുവച്ച പ്രവർത്തനത്തിന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോം ഒരുക്കുന്നതിനും ഈ യൂണിവേഴ്സിറ്റിക്ക് സാധിച്ചിട്ടുണ്ട്. DWMS (Digital Work for Management System)-ൽ ജോലി ആവശ്യമുള്ളവരെയും തൊഴിൽ ദാതാക്കളെയും തമ്മിൽ കൂട്ടിയോജിപ്പിക്കുന്ന ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം ഈ യൂണിവേഴ്സിറ്റിയുടെ ഭാഗമായി കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഇന്ത്യൻ ജുഡീഷ്യറി സിസ്റ്റവുമായി ബന്ധപ്പെട്ട ഇ-ജുഡീഷ്യറി സംവിധാനത്തിന്റെ ഭാഗമായി പുതിയ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന പദ്ധതി ആവിഷ്കരിക്കാൻ ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് സാധിച്ചിട്ടുണ്ട്. അതോടൊപ്പം ജി.എസ്.ടി. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി വലിയ ഇടപെടലാണ് നടത്തുന്നത്. നികുതിദായകരുടെ ജി.എസ്.ടി. ഡാറ്റാ അനലറ്റിക് പദ്ധതിക്ക് അതിനൂതനമായ സാങ്കേതികവിദ്യ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും ഡിജിറ്റൽ യൂണിവേഴ്സിറ്റിയാണ്. സാങ്കേതികവിദ്യയുടെ പ്രയോജനം സാധാരണ ജനങ്ങളിൽ ലഭ്യമാക്കുന്നതിനുവേണ്ടി മൃഗസംരക്ഷണ വകുപ്പുമായി ചേർന്നുകൊണ്ട് പശുക്കളിൽ RFID (Radio Frequency Identification System), അതായത്

ചിപ്പ് പോലെയുള്ള അതിനൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പശുക്കളുടെ ആരോഗ്യ സംവിധാനത്തെക്കുറിച്ച് പഠനം നടത്താനുള്ള ഡിജിറ്റൽ സാങ്കേതികവിദ്യ ആദ്യഘട്ടമെന്ന നിലയിൽ ഒന്നര ലക്ഷം പശുക്കളിൽ പഠനം നടത്തുന്നതിന്റെ ഭാഗമായി അതിന്റെ പ്രവർത്തനം പത്തനംതിട്ടയിൽ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. കാർഷിക മേഖലയിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് മണ്ണിന്റെ ഫലഭ്രൂയിഷ്ഠതയുടെ അടിസ്ഥാനത്തിൽ കാർഷികോൽപ്പാദന പ്രക്രിയയ്ക്കാവശ്യമായ ജി.ഐ.എസ്. സംവിധാനം (Geographic Information System) പോലുള്ള അതിനൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കാൻ കഴിയും. നമുക്ക് വളരെ അഭിമാനത്തോടെ പങ്കുവയ്ക്കാൻ സാധിക്കുന്നതാണ് ഇന്ത്യയിലെ ഏറ്റവും വലിയ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ ഇക്കോ സിസ്റ്റത്തിന്റെ ഭാഗമായ കളമശ്ശേരിയിലെ മേക്കർ വില്ലേജ്. IoT (Internet of Things) സംവിധാനത്തിലൂടെ ചെറിയ കാലയളവുകൊണ്ട് കേന്ദ്രസർക്കാരിന്റെ മികവിന്റെ കേന്ദ്രമായി ഈ യൂണിവേഴ്സിറ്റിക്ക് മാറാനും അംഗീകാരം നേടിയെടുക്കാനും സാധിച്ചിട്ടുണ്ട്. ഇലക്ഷൻ പ്രക്രിയകൾ സുതാര്യവും ലളിതവുമാക്കുന്നതിന് കൂടുതൽ സാങ്കേതികവിദ്യകൾ ഉപയോഗിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ഈ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിലും വരുമാനവും നേടാനും എക്സ്പീരിയൻസോടുകൂടി മുന്നോട്ടുപോകാനും സാധിക്കുന്ന വലിയൊരു ഡിജിറ്റൽ സംവിധാനമാണ് ഈ യൂണിവേഴ്സിറ്റി ഒരുക്കിയത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ബിൽ അവതരിപ്പിച്ചപ്പോൾ ഇതിലെ ചില മാറ്റങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. അതിലൊന്നാണ് നിയമസഭാ സാമാജികരെ ജനറൽ കൗൺസിലിന്റെ ഭാഗമാക്കിമാറ്റാനുള്ള തീരുമാനം. അതോടൊപ്പം ജനറൽ കൗൺസിലിലും അക്കാഡമിക് ബോഡികളിലും വിദ്യാർത്ഥികളെ ഉൾപ്പെടുത്താൻ തീരുമാനിക്കുന്നു. അതിൽ രണ്ട് വിദ്യാർത്ഥി പ്രതിനിധികളിൽ ഒരാൾ വിദ്യാർത്ഥിനിയായിരിക്കുമെന്ന് പറയുന്നുണ്ട്. ആ മാറ്റത്തെ ഏറെ അഭിമാനത്തോടെയും സന്തോഷത്തോടെയും സ്വാഗതം ചെയ്യുന്നതോടൊപ്പം അതിനെ മികച്ച മാറ്റമായി കാണുകയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളം ആർജ്ജിച്ച നേട്ടങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനും ലോകത്തിന്റെ ശ്രദ്ധയിലേയ്ക്കെത്തുന്ന ആദ്യ യൂണിവേഴ്സിറ്റിയായി കേരളത്തിലെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ മാറ്റാനും സാധിക്കുന്ന വിധത്തിലാണ് അതിന്റെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളം നടത്തിയ ഇടപെടലുകളെക്കുറിച്ച് എടുത്തുപറയേണ്ടതില്ല. മൂന്ന് മുതൽ അഞ്ച് ലക്ഷം വരെ വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കുമെന്നും ആയിരം അദ്ധ്യാപകർക്ക് നിയമനം നൽകുമെന്നും ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് വരുംകാലങ്ങളിൽ എങ്ങനെ വളർച്ചയുണ്ടാകണമെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടാണ്

കേരളത്തിലെ പിണറായി സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളും അദ്ധ്യാപകരുമായി നടത്തിയ 'നവകേരളം യുവകേരളം' എന്ന മഹത്തരമായ പരിപാടി. ആ പരിപാടിയിൽ പങ്കെടുത്ത ശ്രീ. ജി. എസ്. പ്രദീപ് അഭിപ്രായപ്പെട്ടത്, 'നാളെയുടെ നക്ഷത്രങ്ങളാകണം ഭാവിയുടെ ആകാശത്തെക്കുറിച്ച് ചർച്ച ചെയ്യേണ്ടത്. യുവ മനസ്സുകളുടെ ഖനികളിൽനിന്നാകണം വികസനത്തിന്റെ വൈഡൂര്യങ്ങൾ കുഴിച്ചെടുക്കേണ്ടത്. അത് തിരിച്ചറിഞ്ഞ ഭരണാധികാരി അവരിലെത്തിയപ്പോൾ പുത്തൻ ആശയങ്ങളുടെയും പ്രതീക്ഷകളുടെയും അക്ഷയഖനിയാണ് തുറക്കപ്പെട്ടത്.' എന്നാണ്. തീർച്ചയായും ആ ഭരണാധികാരി കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാറ്റമുണ്ടാക്കുന്നതിനുവേണ്ടി ഇടപെടൽ നടത്തുന്നു. ആ ഭരണാധികാരിയുടെ പേരാണ് കേരളത്തിലെ ആരാധ്യനായ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ. തീർച്ചയായും കേരള ചരിത്രത്തിൽ ഒരു പൊൻതൂവലായി ഡിജിറ്റൽ യൂണിവേഴ്സിറ്റി മാറുമെന്ന് സൂചിപ്പിച്ചുകൊണ്ടും ഈ ബില്ലിനെ പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. പി. സുമോദ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായ സംസ്ഥാനമെന്നതാണ് കേരളത്തിന്റെ പ്രത്യേകത. കേരളം പൊതുവിദ്യാഭ്യാസ മേഖലയിലും ഉന്നത വിദ്യാഭ്യാസ മേഖലയിലും ആർജ്ജിച്ച നേട്ടങ്ങൾ പരിശോധിച്ചാൽ വലിയ മുന്നേറ്റം കേരളത്തിന് നാളിതുവരെ നേടാൻ കഴിഞ്ഞുവെന്ന് കാണാൻ സാധിക്കും. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് കരുത്ത് പകരുന്ന രൂപത്തിലേയ്ക്കാണ് ഡിജിറ്റൽ സർവ്വകലാശാല വരാൻ പോകുന്നത്. ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളാണ് സർവ്വകലാശാലകൾ. രാജ്യത്തെ സർവ്വകലാശാലകളുടെ ലക്ഷ്യമെന്നുപറയുന്നത്, വിവിധങ്ങളായ വിദ്യാഭ്യാസ കോഴ്സുകളിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രാവീണ്യമുള്ള തലമുറയെ വാർത്തെടുത്ത് രാജ്യപുരോഗതിയിലേയ്ക്ക് വിദ്യാർത്ഥികളെ മാറ്റിയെടുക്കുക എന്നതാണ്. 1947-ൽ ഇൻഡ്യാ മഹാരാജ്യത്ത് 26 യൂണിവേഴ്സിറ്റികളും 700 കോളേജുകളുമാണുണ്ടായിരുന്നത്. എന്നാൽ 75 വർഷം പിന്നിടുന്ന ഈ വേളയിൽ 650 യൂണിവേഴ്സിറ്റികളും 35000-ലേറെ കോളേജുകളും ഇൻഡ്യാ മഹാരാജ്യത്തുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നാം നേടിയ പുരോഗതിയാണ് ഇത്

കാണിക്കുന്നത്. ഞാൻ 1998-ൽ 10-ാം ക്ലാസ് പാസ്സായ അവസരത്തിൽ കേരളത്തിലെ ഹൈസ്കൂൾ തലത്തിൽ ഐ.ടി. എന്ന വിഷയമുണ്ടായിരുന്നില്ല. എന്നാൽ ഇൻഫർമേഷൻ ടെക്നോളജി നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും വരുമെന്ന ദീർഘ വീക്ഷണത്തോടുകൂടിയ കാഴ്ചപ്പാടിന്റെ ഭാഗമായാണ് കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനിടയിൽ കേരളത്തിൽ പ്രത്യേകിച്ച് ഹൈസ്കൂൾ തലത്തിലുൾപ്പെടെ ഐ.ടി. വിഷയം പഠിപ്പിക്കുന്ന നിലയിലേയ്ക്ക് മാറാൻ സാധിച്ചത്. അത്തരത്തിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ നാം നേടിയെടുത്ത പുരോഗതിയുടെയും മുന്നേറ്റത്തിന്റെയും കരുത്ത് വർദ്ധിപ്പിക്കാനുതകുന്ന നിലയിലേയ്ക്കാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഡിജിറ്റൽ സർവ്വകലാശാല വരാൻ പോകുന്നത്. ഡിജിറ്റൽ സാങ്കേതിക രംഗത്ത് ആഗോള നിലവാരമുറപ്പാക്കുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസത്തിനായി ഒരു അത്യാധുനിക സ്ഥാപന സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെയാണ് 'The Kerala University of Digital Sciences, Innovation and Technology' എന്ന പേരിൽ കേരള ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്. ഈ സർക്കാർ നോളഡ്ജ് ഇക്കോണമിയെ ഏറ്റവും വലിയ സ്വപ്ന പദ്ധതിയായി കേരളത്തിൽ നടപ്പിലാക്കാൻ പോകുകയാണ്. കേരളത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയാക്കി മാറ്റി 5 വർഷം കൊണ്ട് 20 ലക്ഷം പേർക്ക് തൊഴിൽ ലക്ഷ്യമിട്ടിട്ടുള്ള വലിയ പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ പോകുകയാണ്. അതിന്റെ ഭാഗമായി കെ-ഡിസ്ക് ഉൾപ്പെടെ വികസിപ്പിച്ചെടുത്ത പോർട്ടൽ വഴി തൊഴിലന്വേഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ഈ കാലത്ത് ജോലി നഷ്ടപ്പെട്ട പ്രവാസികൾക്കുൾപ്പെടെ അവസരം ലഭിക്കുന്ന നിലയിലേയ്ക്ക്, നോളഡ്ജ് ഇക്കണോമി പോലെയുള്ള ബൃഹത് പദ്ധതികൾ അഞ്ചുവർഷത്തിനിടയിൽ കേരളത്തിൽ വരാൻ പോകുകയാണ്. നോളഡ്ജ് ഇക്കണോമിക്ക് കരുത്ത് പകരുന്ന നിലയിലേയ്ക്കാണ് ഡിജിറ്റൽ സർവ്വകലാശാല കേരളത്തിൽ വരുന്നത്. ലോകത്തിലെ വിവിധ രാജ്യങ്ങളിലെ ജനങ്ങളുടെ ശരാശരി പ്രായം ഇൻഡ്യയേക്കാൾ വളരെ കൂടുതലാണ്. ലോകത്തിൽ ഏറ്റവും വലിയ ജനസംഖ്യയുള്ള രാജ്യമായ ചൈനയുടെയും വൻശക്തിയായ അമേരിക്കയുടെയും ജനസംഖ്യയുടെ ശരാശരി പ്രായം 40 വയസ്സാണ്. എന്നാൽ ഇൻഡ്യയിലെ ശരാശരി പ്രായം 28 വയസ്സാണ്. ലോകത്തിന്റെ എല്ലാ തൊഴിൽ മേഖലകളിലേയ്ക്കും മാനവവിഭവശേഷി സംഭാവന ചെയ്യാനുള്ള അവസരം കേരളത്തിനുണ്ട്. എന്നാൽ ഗുണമേന്മയുള്ള തൊഴിലാളികളെ സൃഷ്ടിക്കാൻ സാധിക്കുന്നുണ്ടോ? അത് സാധിക്കാത്തതിന്റെ പരിഹാരമെന്ന നിലയ്ക്കുകൂടിയാണ് ദീർഘകാലാടിസ്ഥാനത്തിൽ, ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയാകുന്ന നിലയിലേയ്ക്ക് ഒരു സർവ്വകലാശാല കേരളത്തിൽ വരാൻ

പോകുന്നത്. ഇൻഡ്യയിലാദ്യമായി ഒരു സംസ്ഥാനത്ത് ഒരു ഡിജിറ്റൽ സർവ്വകലാശാല ആരംഭിക്കാൻ പോകുന്നുവെന്നത് ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകതയാണ്. ഇവിടെ പല സർവ്വേകളിലും ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ചേമ്പർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് സർവ്വേ പ്രകാരം ഇൻഡ്യയിൽ എഞ്ചിനീയറിംഗ് പാസ്സായി വരുന്ന ബിരുദധാരികളിൽ ചിലർക്കെങ്കിലും തൊഴിൽ ചെയ്യുന്നതിനുള്ള വേണ്ടത്ര വൈദഗ്ദ്ധ്യം ഇല്ലെന്ന പ്രശ്നം ഉദിക്കുന്നുണ്ട്. തൊഴിൽദാതാക്കളാണ് അത് പറഞ്ഞുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഇൻഡ്യയിലെ വൻകിട ഐ.ടി. കമ്പനികളായ വിപ്രോ, ഇൻഫോസിസ് ഉൾപ്പെടെയുള്ളവ പുതുതായി ജോലിക്ക് വരുന്ന ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നത്. ഏറ്റവും പ്രാവീണ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുകയെന്ന ദീർഘകാല ലക്ഷ്യം ഈ കോഴ്സുകൾക്കും ഈ സർവ്വകലാശാലയ്ക്കുമുണ്ടെന്ന് കാണാൻ സാധിക്കും. തൊഴിൽ നൈപുണ്യവും ഗുണമേന്മയുമുള്ള വിദ്യാർത്ഥികളെ സൃഷ്ടിക്കുകയെന്ന വെല്ലുവിളിയും ഈ സർവ്വകലാശാലയുടെ ഭാഗമായി പിണറായി സർക്കാർ ധീരമായി ഏറ്റെടുത്തതിന്റെ തുടക്കമാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി. രാജ്യത്തെ ഐ.ഐ.ടി., ഐ.ഐ.എം. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളോടും വിദേശ സർവ്വകലാശാലകളോടും കിടപിടിക്കുന്ന പഠന നിലവാരവും പശ്ചാത്തല സൗകര്യവും ഡിജിറ്റൽ സർവ്വകലാശാലകൾക്കുണ്ടെന്ന് കാണാൻ സാധിക്കും. അതോടൊപ്പം ഗുണമേന്മയും തൊഴിൽ വൈദഗ്ദ്ധ്യവുമുള്ള വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കാൻ സാധിക്കുമെന്നതും കഴിഞ്ഞ 10 മാസക്കാലത്തെ പ്രവർത്തനംകൊണ്ട് ഈ സർവ്വകലാശാല തെളിയിച്ചു. UGC-യുടെയും AICTE-യുടെയും അംഗീകാരം ലഭിച്ചിട്ടുണ്ടെന്നുമാത്രമല്ല, കേരളത്തിൽ പലപ്പോഴും സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥകൾ കാരണം വലിയ ഫീസ് കൊടുത്ത് ഇത്തരം അത്യാധുനികമായ കോഴ്സുകൾ പഠിക്കാൻ കഴിയാത്ത സാധാരണ കുടുംബത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുൾപ്പെടെ പഠിക്കാൻ സാധിക്കുന്ന നിലയിലുള്ള എല്ലാ സംവരണ തത്വങ്ങളും ഈ സർവ്വകലാശാലകളിലെ കോഴ്സുകളിൽ ചേരുന്ന കുട്ടികൾക്ക് ലഭിക്കുന്നുവെന്നതും പ്രധാനപ്പെട്ട പ്രത്യേകതയാണ്. പ്ലേസ്മെന്റ് നിരക്ക് 10 മാസം കൊണ്ട് 100 ശതമാനമാണ്. പത്തോളം പേറ്റന്റുകൾ ലഭിക്കുന്നതിനായി ഡിജിറ്റൽ സർവ്വകലാശാല അപേക്ഷ സമർപ്പിച്ചിരിക്കുന്നു. അതോടൊപ്പം ഈ സർവ്വകലാശാലയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകതയെന്ന് പറയുന്നത്, പഠനത്തോടൊപ്പം ഇന്റേൺഷിപ്പ് മുഖേന വിദ്യാർത്ഥികൾക്ക് പ്രതിഫലം ലഭ്യമാക്കാനുള്ള അവസരംകൂടി വിഭാവന ചെയ്യുന്നുവെന്നതാണ്. വിദ്യാഭ്യാസ മേഖലയിലെ ബോധന രീതിയിൽ വലിയ മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. പലപ്പോഴും പരമ്പരാഗതമായ പുസ്തകങ്ങളിലും

സിലബസ്സുകളിലുമെല്ലാം ഉൾപ്പെട്ട വിവരങ്ങൾ മാത്രം മനഃപാഠമാക്കി പരീക്ഷ പാസ്സാകുകയെന്ന വിദ്യാഭ്യാസ സമ്പ്രദായം പല രാജ്യങ്ങളിലും നാമാവശേഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യമുണ്ട്. കാരണം വിവരങ്ങൾ ഇന്ന് നമ്മുടെ വിരൽത്തുമ്പിൽ ലഭ്യമാകുന്ന പുതിയ കാലത്ത് വിദ്യാർത്ഥികളുടെ നൂതന ആശയങ്ങളും അത് പ്രാവർത്തികമാക്കാനുള്ള അവസരങ്ങളും ഈ സർവ്വകാലാശാല വഴി ഉണ്ടാകുന്നുവെന്നുള്ളതും നാം അഭിമാനത്തോടുകൂടി കാണേണ്ട കാഴ്ചയാണ്. ഡിജിറ്റൽ സർവ്വകലാശാലയുടെ പഠനരീതി അത്തരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. 'നിങ്ങളുടെ കയ്യിലെ ആശയവുമായി വരൂ, അത് പ്രാവർത്തികമാക്കി തിരികെ പോകൂ' എന്നതാണ് ഡിജിറ്റൽ സർവ്വകലാശാല വിദ്യാർത്ഥികളോട് ആവശ്യപ്പെടുന്നത്. സാന്ദർഭികമായി പറയുന്നു Stanford University-യിലെ രണ്ട് വിദ്യാർത്ഥികളുടെ ആശയമാണ് നാം ഉപയോഗിക്കുന്ന Google Search എന്ന search engine-ന്റെ പിറവിക്ക് കാരണമായത്. ലോകത്തിന്റെ വിവിധ മേഖലകളിലേയ്ക്ക് ഏറ്റവും പ്രതിഭാധനൻമാരായ വിദ്യാർത്ഥികളെ വാർത്തെടുക്കാൻ കഴിയുന്ന, ഈ കാലഘട്ടത്തിനനുസരിച്ചുള്ള ദീർഘകാല സാധ്യതയായി കോഴ്സുകളെയും സർവ്വകലാശാലയെയും നമുക്ക് കാണാൻ സാധിക്കണം. തിരുവനന്തപുരം ടെക്നോസിറ്റിയിൽത്തന്നെയാണ് സർവ്വകലാശാല പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട വ്യവസായ രംഗവുമായി കൈകോർക്കാനും സാധിക്കുന്നതാണ്. അതോടൊപ്പം ശാസ്ത്രം, കല, മാനവിക വിഷയങ്ങൾ എന്നിവയുൾപ്പെടെ അനുഗുണമായ തരത്തിലുള്ള ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ വികസനവും പ്രയോഗവുമെല്ലാം ഈ സർവ്വകലാശാലയുടെ ഭാഗമായി കാണാൻ സാധിക്കും. ബിരുദകോഴ്സുകൾ മാത്രമല്ല, മാനവിക വിഷയങ്ങളുൾപ്പെടെ ബിരുദാനന്തര ബിരുദ കോഴ്സുകളും ഫലപ്രദമായി ഈ യൂണിവേഴ്സിറ്റികളിലൂടെ വിദ്യാർത്ഥികൾക്ക് പകർന്നുനൽകാൻ കഴിയുമെന്നതും പ്രധാനപ്പെട്ട കാര്യമാണ്.

4.00 P.M.]

കേരളത്തിലെ കൃഷി, ആരോഗ്യ മേഖല, പരിസ്ഥിതി, മാധ്യമം, കായികം എന്നിങ്ങനെ സർവ്വമേഖലകളിലും പുതുയുഗ സാങ്കേതികവിദ്യകൾ രൂപവത്കരിക്കാൻ സഹായിക്കുന്ന നിലയിലുള്ള സർട്ടിഫിക്കറ്റ് കോഴ്സുകളും ഡിപ്ലോമ കോഴ്സുകളും പി.ജി. കോഴ്സുകളുമൊക്കെ കൈകാര്യം ചെയ്യുന്ന പഠന രീതികൾ ഈ യൂണിവേഴ്സിറ്റിയുടെ ഭാഗമായി പരിശോധിച്ചാൽ കാണാൻ സാധിക്കും. സർക്കാരിനും വ്യവസായ ലോകത്തിനുമെല്ലാം സഹായകമാകുന്ന തരത്തിൽ ഡിജിറ്റൽ ഉത്പന്നങ്ങൾ സൃഷ്ടിക്കുകയെന്നത് ഈ സർവ്വകലാശാലയുടെ പ്രവർത്തനങ്ങളുടെ പ്രധാനപ്പെട്ട ലക്ഷ്യമാണ്. പഠനത്തോടൊപ്പം സമ്പാദ്യവും

വിദ്യാർത്ഥികൾക്ക് ലഭിക്കുമെന്നത് ഒരു അസുലഭമായ ഭാഗ്യമാണ്. ശ്രീ. എം. വിജിൻ സൂചിപ്പിച്ചതുപോലെ, വ്യവസായ പാർക്കിൽ മേക്കർ വില്ലേജുമായി ബന്ധപ്പെട്ട് ഹാർഡ്‌വെയർ ഇലക്ട്രോണിക്സ് മേഖലയിൽ ഏതാണ്ട് എഴുപതോളം കമ്പനികൾ പ്രവർത്തിച്ചുവരികയാണ്. ഏതാണ്ട് 55-ഓളം വരുന്ന പേറ്റന്റുകളും 560 കോടി രൂപയുടെ മൂലധനവും അവിടെ കൊണ്ടുവന്നിട്ടുണ്ട്. ഏകദേശം 48 കോടി രൂപയുടെ വിറ്റുവരവ് അവിടെ കാണാൻ സാധിക്കും. കഴിഞ്ഞ ഒന്നേമുക്കാൽ വർഷമായി കേരളത്തിലുൾപ്പെടെ കോവിഡ്-19 മഹാമാരിയുടെ കാലമാണ്. കോവിഡ്-19 മഹാമാരിയുടെ പ്രതിസന്ധി മറികടക്കുന്നതിനുവേണ്ടി 'work at home' എന്ന സമ്പ്രദായത്തിലേയ്ക്ക് ഉദ്യോഗാർത്ഥികളാകെ മാറുന്ന സ്ഥിതിയുണ്ട്. ഗൂഗിൾ മീറ്റുകൾ, സൂം മീറ്റുകൾ അതുപോലെതന്നെ ദൈനംദിന ബിസിനസ്സ് പ്രവർത്തനങ്ങൾ, പ്രോജക്ട് ഡെലിവറികളുൾപ്പെടെ എല്ലാം ഈ കഴിഞ്ഞ ഒന്നേമുക്കാൽ വർഷമായി പരിമിതികൾക്കപ്പുറത്ത് ഫലവത്തായി നടക്കുന്ന സാഹചര്യം കേരളത്തിലുൾപ്പെടെ കാണാൻ സാധിക്കുന്നു. അതുകൊണ്ട് വരാനിരിക്കുന്ന ഇത്തരമൊരു ലോകത്തെക്കൂടി അഡ്രസ്സ് ചെയ്യാൻ സാധിക്കുന്ന നിലയിലേയ്ക്കാണ് ഈ കോഴ്സുകളാകെ മാറുന്നത്. ഇതിലെ കോഴ്സുകളെല്ലാം പരിശോധിച്ചാൽ ഇന്ന് പ്രാധാന്യമേറിവരുന്ന ഡാറ്റ അനലിറ്റിക്സ്, ബ്ലോക്ക് ചെയിൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, സൈബർ സെക്യൂരിറ്റി, ഇ-ഗവേണൻസ് തുടങ്ങിയ മേഖലകളിലെ കോഴ്സുകളെല്ലാം ഏറ്റവും ഫലപ്രദമായി പഠിപ്പിക്കുന്നതായി കാണാൻ സാധിക്കും. തീർച്ചയായും കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് കരുത്തുപകരുന്ന, കേരളത്തിന്റെ പുതിയകാല സാധ്യതയിലേയ്ക്ക് ഭാവിതലമുറയെ വാർത്തെടുക്കാൻ സാധിക്കുന്ന രൂപത്തിൽ ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് മാറാൻ കഴിയും. ആ രൂപത്തിൽ അവതരിപ്പിച്ച ഈ ബില്ലിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് വിയോജിപ്പ് രേഖപ്പെടുത്തി സംസാരിച്ചപ്പോൾ സൂചിപ്പിച്ച കാര്യങ്ങൾ മിക്കവാറും കഴിഞ്ഞ തവണ തടസ്സവാദം ഉന്നയിച്ചപ്പോൾ പരാമർശിച്ചവയാണ്. അതുകൊണ്ട് വിശദമായ രീതിയിലൊന്നും മറുപടി പറയണമെന്ന് കരുതുന്നില്ല. അദ്ദേഹം ആദ്യമായി സൂചിപ്പിച്ചത് ധനകാര്യ വകുപ്പ് എങ്ങനെ ഇതിന് അനുമതി നൽകിയെന്നുള്ളതാണ്. യഥാർത്ഥത്തിൽ ധനകാര്യ വകുപ്പിനും ധനകാര്യ വകുപ്പുമന്ത്രിക്കും ഏറ്റവും സന്തോഷം തോന്നുന്ന ഘടനയാണ് സർവ്വകലാശാലയ്ക്കുള്ളത്. കഴിഞ്ഞ തവണ ചർച്ച ചെയ്തതുപോലെ ഗവൺമെന്റിന്റെ സാമ്പത്തിക സഹായങ്ങൾ മറ്റ് ഇതര ചെലവുകൾക്കും ആവർത്തന ചെലവുകൾക്കും ഒന്നുംതന്നെ ചെലവഴിക്കാതെ പ്രവർത്തിക്കുമെന്നതാണ് ഈ സർവ്വകലാശാലയുടെ പ്രത്യേകത. അങ്ങനെ പ്രവർത്തിക്കുമ്പോൾ അതിന്റെ

ഭാരം വിദ്യാർത്ഥി സമൂഹത്തിലേയ്ക്ക് എത്തുമോയെന്ന സംശയം സ്വാഭാവികമായി ഉയർന്നുവരാമെങ്കിലും അതിൽനിന്ന് വ്യത്യസ്തമായി നവീനവും തനതുമായ സാമ്പത്തികാർജ്ജിത മാർഗ്ഗങ്ങൾ മുന്നോട്ടുവയ്ക്കുന്നതാണ് ഈ ബില്ലിലെ വ്യവസ്ഥകളെന്ന് ബിൽ വായിച്ചിട്ടുള്ളവർക്ക് അറിയാൻ കഴിയുന്നതാണ്. ലോകത്ത് ഇന്നുള്ള സർവ്വകലാശാലകൾ പഴയകാല സർവ്വകലാശാലകളെപ്പോലെയല്ല പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സർവ്വകലാശാലകളുടെ പ്രവർത്തനത്തിന് ആവശ്യമായ പണം പ്രോജക്ടുകൾ വഴിയും കൺസൾട്ടൻസി വഴിയും പേറ്റന്റുകളുടെ പ്രയോഗങ്ങൾ വഴിയും സമാഹരിക്കുന്ന രീതി ലോകത്താകെ ശക്തിപ്പെട്ടുവരികയാണ്. ആ രീതി പ്രയോഗിക്കാൻ കഴിയുന്ന വളരെ ഫ്ലക്സിബിൾ ഘടനയുള്ള സർവ്വകലാശാലയാണ് ഈ സർവ്വകലാശാല. അതുകൊണ്ട് സർക്കാരിന് ബാദ്ധ്യതയുണ്ടാകില്ലെന്നുമാത്രമല്ല, നേരത്തെ പറഞ്ഞതുപോലെ ആവർത്തനച്ചെലവുകളെല്ലാം ഈ രൂപത്തിൽ സമാഹരിക്കാൻ കഴിയുന്ന കാര്യമാണ്. ആ ഭാഗം ഞാൻ തടസ്സവാദ സന്ദർഭത്തിൽ വിശദീകരിച്ചതാണ്. അദ്ദേഹം രണ്ടാമത് സൂചിപ്പിച്ചത്, സാങ്കേതിക സർവ്വകലാശാലയുള്ളപ്പോൾ പിന്നെന്തിനാണ് ഈ സർവ്വകലാശാല എന്നുള്ളതായിരുന്നു. ഇതും നേരത്തെ വിശദീകരിച്ച ഭാഗമാണ്. ഇതിൽ ഏറ്റവും നല്ല ഉദാഹരണം, ഫിഷറീസ് സർവ്വകലാശാലയുടെ കാര്യം പരിശോധിച്ചാൽ മതി. കൊച്ചി സർവ്വകലാശാല, മറൈൻ സയൻസ്, ഓഷ്യാനോഗ്രാഫി, ഇൻഡസ്ട്രിയൽ ഫിഷറീസ്, മറൈൻ ജിയോളജി തുടങ്ങിയ കോഴ്സുകളെല്ലാമുള്ള, പി.ജി. കോഴ്സുകളും ഗവേഷണ ബിരുദങ്ങളുമെല്ലാം നൽകിക്കൊണ്ടിരിക്കുന്നത് സർവ്വകലാശാലയാണ്. മറുവശത്ത് നേരത്തേ ഫിഷറീസ് കോളേജുണ്ടായിരുന്നു, അത് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ഭാഗമായിരുന്നു. പക്ഷെ, കേരളത്തിൽ ഈ പുതിയ കാലത്തിന്റെ ആദർശങ്ങൾക്കനുസൃതമായ പ്രയോഗ രീതികൾ വന്നതോടുകൂടി വെറ്ററിനറി സർവ്വകലാശാലയും ഫിഷറീസ് സർവ്വകലാശാലയും വരികയുണ്ടായി. നേരത്തെ കാർഷിക സർവ്വകലാശാലയിൽ ഫിഷറീസ് സയൻസ് വിഷയമേ ഉണ്ടായിരുന്നുള്ളു. എന്നാൽ കുസാറ്റിൽ ഈ കോഴ്സുകൾ നിലനിർത്തിക്കൊണ്ടുതന്നെ അവയുടെ പല സ്വഭാവത്തിലുള്ള ഇന്റഗ്രേഷനുകൾകൂടി പുതിയ സർവ്വകലാശാലകളിലും വന്നു. ഫിഷറീസ് സയൻസും മറൈൻ സയൻസുമെല്ലാം കൂടിച്ചേരുന്ന ഒരു പുതിയ സർവ്വകലാശാലയായി ആ സർവ്വകലാശാല മുന്നോട്ടുപോകുന്നു. അതോടുകൂടി കൊച്ചി സർവ്വകലാശാലയിലെ മറൈൻ സയൻസ് ക്യാമ്പസിന് ഒന്നും സംഭവിച്ചില്ലെന്നുമാത്രമല്ല, അത് കുറേക്കൂടി ശക്തമായി മുന്നോട്ടുപോകുന്നുണ്ട്. ലോകോത്തര പ്രതിഭകളെ വാർത്തെടുക്കുന്ന സംവിധാനമായി ആ സർവ്വകലാശാല നിൽക്കുന്നുണ്ട്. NUALS-നെക്കുറിച്ച് ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ചു, NUALS വന്നതോടുകൂടി നമ്മുടെ സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന നിയമ ബിരുദങ്ങൾ, ബിരുദാനന്തര ബിരുദങ്ങൾ, ഗവേഷണ ബിരുദങ്ങൾ എന്നിവയിൽ

വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഒരു കുറവുമുണ്ടായില്ല. എന്നുമാത്രമല്ല, ഇൻഡ്യയിലെ റാങ്കിംഗിൽ ഈ സ്ഥാപനങ്ങളും നല്ല നിലയിൽത്തന്നെയാണ് തുടരുന്നത്. അവയൊന്നും പുറകോട്ട് പോയിട്ടില്ല; ദുർബലമായിട്ടില്ല. അത് പ്രസക്തമല്ലാത്ത ഒരു വാദമാണ്. മലയാളം സർവ്വകലാശാല സവിശേഷമായ ഒന്നാകാം. ഇതിന്റെ പ്രത്യേകത, ഡിജിറ്റൽ സയൻസിന്റെ പുതിയ സാധ്യതകൾക്കൊപ്പം അതിവേഗത്തിൽ വളരുന്ന ടെക്നോളജി, അതിനനുസൃതമായ കോഴ്സുകൾ; അത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്സാകാം, റോബോട്ടിക്സാകാം, ബിഗ് ഡാറ്റാ അനാലിസിസ്സാകാം, ബ്ലോക്ക് ചെയിനാകാം; ഈ കോഴ്സുകളെല്ലാം പുതിയ രൂപത്തിൽ പഠിപ്പിക്കുകയാണ്. സാങ്കേതികവിദ്യ പ്രത്യേകം പഠിക്കലല്ല, സാങ്കേതികവിദ്യയുടെ സഹായത്തോടെ മാനവിക വിഷയങ്ങൾ പഠിപ്പിക്കുകയും സാങ്കേതികവിദ്യയെ വ്യവസായങ്ങൾക്കുവേണ്ടിയും പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചയ്ക്കുവേണ്ടിയും വിനിയോഗിക്കാൻ കഴിയുകയും ചെയ്യുന്ന കേന്ദ്രമായി ഈ സർവ്വകലാശാലയെ മാറ്റുകയെന്നുള്ളതാണ്. അതിന് പഴയ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുണ്ടല്ലോ എന്ന ചോദ്യമുണ്ടാകാം. പക്ഷെ അത് അഫിലിയേറ്റഡ് യൂണിവേഴ്സിറ്റിയാണ്. അതിന്റെയും ഇതിന്റെയും ഫോക്കസ് വേറെയാണ്. ആ ഫോക്കസ് എവിടെയാണ് എന്നതാണ് പ്രധാനപ്പെട്ടത്. അദ്ദേഹം ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വായിക്കുകയുണ്ടായി. എന്താണ് ബൗദ്ധിക മൂലധനംകൊണ്ട് ഉദ്ദേശിക്കുന്നതെന്നും കുറേക്കൂടി ഘടനാപരമായി ഈ സർവ്വകലാശാലയുടെ പ്രത്യേകത എന്താണെന്നതിനെക്കുറിച്ചും വ്യക്തമായില്ലെന്ന് പറഞ്ഞെങ്കിലും അദ്ദേഹത്തിന് മനസ്സിലാകാത്തതുകൊണ്ട് പറഞ്ഞതായിരിക്കില്ല. ഇന്നത്തെ തലമുറ നമ്മൾ കാണുന്നതുപോലെയല്ല, അവർ ഏറെ മുമ്പിൽ സഞ്ചരിക്കുന്നവരാണ്. അതിനുതകുന്ന രൂപത്തിൽ സാങ്കേതികവിദ്യ വികസിച്ചുകൊണ്ടിരിക്കുമ്പോൾ ഇതിനെ ഉൾക്കൊള്ളാൻ കഴിയണം. നമ്മുടെ ക്യാമ്പസുകൾ അത്തരത്തിലുള്ള പ്രതിഭകളെ ഉൾക്കൊള്ളാൻ കഴിയുന്ന ഘടനയുള്ളവയല്ല എന്ന വിമർശനം മുമ്പേ ലോകത്തിൽ ഉയർന്നുവന്നിട്ടുള്ളതാണ്. ബിൽഗേറ്റ്സ് ക്യാമ്പസിൽ നിന്നും ഡ്രോപ്ഔട്ട് ആയതിനെക്കുറിച്ച് എല്ലാവർക്കും അറിയാം. അദ്ദേഹമാണല്ലോ വിൻഡോസ് തുടങ്ങിയത്. റിച്ചാർഡ് സ്റ്റാൾമാൻ എം.ഐ.ടി. ഉപേക്ഷിച്ചുവന്നയാളാണ്; അദ്ദേഹമാണ് ഓപ്പൺ-ഫ്രീ സോഫ്റ്റ്‌വെയറിന്റെ GNU Unix-ന്റെ സ്ഥാപകൻ; ലിനസ് ടോർവാഡ്സ്, സ്റ്റീവ് ജോബ്സ് (ആപ്പിൾ കമ്പനി) എന്നിവരും ക്യാമ്പസിൽനിന്നും ഇറങ്ങിപ്പോന്നവരാണ്. ആ ക്യാമ്പസിന് അവരെ ഉൾക്കൊള്ളാൻ സാധിക്കാത്തതുകൊണ്ടാണ് അവർ ഇറങ്ങിപ്പോയത്. ഇ.എം.എസ്. ക്യാമ്പസിൽനിന്നും ഇറങ്ങിപ്പോയിരുന്നു. ഇ.എം.എസ്. സെന്റ് തോമസ് ക്യാമ്പസിൽനിന്നും ഇറങ്ങിപ്പോയപ്പോൾ 'എന്റെ ഏറ്റവും മികച്ച ചരിത്ര വിദ്യാർത്ഥി ഇതാ ഇറങ്ങിപ്പോകുന്നു, പക്ഷെ എനിക്ക് വിഷമമില്ല, കാരണം അദ്ദേഹം ചരിത്രം പഠിക്കേണ്ടവനല്ല, ചരിത്രം സൃഷ്ടിക്കേണ്ടവനാണ് എന്നാണ്

അദ്ദേഹത്തിന്റെ ചരിത്ര അദ്ധ്യാപകൻ പറഞ്ഞത്. ലിനസ് ടോർവാഡ്സ്; അദ്ദേഹമാണ് ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം രൂപപ്പെടുത്തിയത്. വിജ്ഞാനാധിഷ്ഠിത സമ്പദ്ഘടനയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. Enclosure of the treasure by enclosure of the knowledge, അറിവിനെ വളച്ചുകെട്ടി സമ്പത്തിനെ വളച്ച് കെട്ടുക എന്നതാണ് വിജ്ഞാനാധിഷ്ഠിത സമ്പദ്ഘടനയുടെ മുദ്രാവാക്യം. ആ ശ്രമമുള്ളവർക്ക് മാത്രമേ ഇത്തരത്തിലുള്ള പൊതു സംവിധാനങ്ങൾ വേണ്ടെന്ന നിലപാട് സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഒരു വിജ്ഞാനാധിഷ്ഠിത സമ്പദ്ഘടനയുടെ പതാകവാഹകർ ഉന്നത വിദ്യാഭ്യാസ മേഖലയാണ്. ആ മേഖലയുടെ ഘടന പഴയതുപോലെയാകാൻ പാടില്ല. ഈ കാലഘട്ടത്തിന് ചേരുന്ന അയവേറിയ ഒന്നായിരിക്കണം. നമ്മുടെ സർവ്വകലാശാലകളുടെ ഇന്നത്തെ ഘടനയിൽ നിന്നും വ്യത്യസ്തമാണ്. അതെല്ലാം ഉൾക്കൊള്ളുന്നതാണ് ഡിജിറ്റൽ സർവ്വകലാശാല എന്ന് ഒരിക്കൽക്കൂടി വ്യക്തമാക്കുകയാണ്.

ടെക്നിക്കൽ യൂണിവേഴ്സിറ്റി മുരടിച്ച സർവ്വകലാശാലയാണെന്ന അഭിപ്രായമില്ല. റിസൾട്ട് പ്രഖ്യാപിക്കുന്നതിലും ബിരുദങ്ങൾ നൽകുന്നതിലും ടെക്നിക്കൽ യൂണിവേഴ്സിറ്റി ഇപ്പോൾ ഏറെ മുന്നിലാണെന്ന് വ്യവസായ മന്ത്രിയെന്ന നിലയിൽ അഭിമാനത്തോടെ പറയാൻ സാധിക്കും. ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട ഇൻക്യുബേറ്റേഴ്സും മറ്റ് സംവിധാനങ്ങളിലുമെല്ലാം മുൻകയ്യെടുക്കുന്നതിന് ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നും ശ്രമമുണ്ടായിട്ടുണ്ട്. അതുകൊണ്ട് സാങ്കേതിക സർവ്വകലാശാലയാകെ മുരടിക്കുമെന്നതല്ല, സാങ്കേതിക സർവ്വകലാശാലയ്ക്ക് ഏറെ സഹായകമായിരിക്കും ഡിജിറ്റൽ യൂണിവേഴ്സിറ്റിയെന്നാണ് സൂചിപ്പിക്കാനുള്ളത്. യോഗ്യതയില്ലാത്തവരെ നിയമിച്ചിട്ടുണ്ടെന്നും അവരെയെല്ലാം ഇപ്പോൾ യൂണിവേഴ്സിറ്റി അദ്ധ്യാപകരാക്കാൻ ശ്രമിക്കുകയാണെന്നും ബഹുമാന്യനായ പ്രതിപക്ഷനേതാവ് പരാമർശിക്കാൻ പാടില്ലായിരുന്നു. അവരെല്ലാം നല്ല യോഗ്യതയുള്ളവരാണ്. കേരളത്തിലെ ഇടതുപക്ഷക്കാരുടെ ഭാര്യമാരാണെങ്കിൽ മാത്രമേ യോഗ്യതകൾ റദ്ദ് ചെയ്യപ്പെടാറുള്ളൂ. ഇവിടെ അങ്ങനെയൊന്നുമില്ല. എല്ലാവരും നല്ല യോഗ്യതയുള്ളവരാണ്. ഇവിടത്തെ 16 ഫാക്കൽറ്റി മെമ്പേഴ്സിൽ 6 പേർക്ക് പോസ്റ്റ് ഡോക്ടറേറ്റുണ്ട്. Stanford University, Griffith University, IIT Bombay, IIT Madras, IIT, Kanpur, IISC Bangalore എന്നിവിടങ്ങളിൽനിന്നാണ് പോസ്റ്റ് ഡോക്ടറേറ്റ് എടുത്തിട്ടുള്ളത്. ഇവരെയൊന്നും ഇപ്പോൾ നിയമിച്ചിട്ടുമില്ല. IIITM(K)-യുടെ അദ്ധ്യാപകനായി അന്ന് നിയമിച്ചിരുന്നവർ ഇപ്പോഴും ജോലി ചെയ്യുന്നുണ്ട്; അവർക്ക് സ്ഥിര നിയമനമൊന്നും നടത്തിയിട്ടില്ല. ഇതിൽ ആരെയൊക്കെയോ തിരുകിക്കയറ്റാൻ ശ്രമിച്ചെന്നും തിരുകിക്കയറ്റിയെന്നും പറയുന്നവർ ഓർക്കേണ്ടത്, എത്രയോ

കഠിനമായി പഠിച്ച് രാജ്യത്തിന്റെയും ലോകത്തിന്റെയും അഭിമാനകരമായ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിൽനിന്ന് പോസ്റ്റ് ഡോക്ടറേറ്റ് ലഭിച്ചവരെക്കുറിച്ച് ഒരു യോഗ്യതയുമില്ലാത്തവരെ വളഞ്ഞുകയറ്റി കൊണ്ടുവരാൻ ശ്രമിക്കുന്നുവെന്ന രീതിയിൽ നിയമസഭയിൽ പറയുന്നത് അവരെ അധിക്ഷേപിക്കുന്നതിന് തുല്യമല്ലേ?

ശ്രീ. പി. ടി. തോമസ്: സർ, ഇത്തരമൊരു പുതിയ സ്ഥാപനത്തിൽ നിയമനങ്ങൾ നടത്തുമ്പോൾ നിയതമായ മാർഗ്ഗത്തിലൂടെ നിയമനം നടത്തുന്നതിനെ സംബന്ധിച്ചാണ് ചൂണ്ടിക്കാണിച്ചത്. ഈ യോഗ്യതകൾ ഇല്ലെന്നല്ല പറഞ്ഞത്. ഈ യോഗ്യതയൊക്കെയുള്ളവരെ നാട്ടിൽ നിലവിലുള്ള നിയതമായ മാർഗ്ഗങ്ങളിലൂടെ നിയമിച്ചുകൂടെ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗം അങ്ങ് ശ്രദ്ധാപൂർവ്വം കേട്ടില്ല, അതിന്റേതായ കുറവ് അങ്ങയുടെ വാക്കുകളിലുണ്ട്. യു.ജി.സി. യോഗ്യതയില്ലാത്തവർ അവിടെയുണ്ടെന്നും അവരെയെല്ലാം ഇതിനകത്ത് നിയമിച്ചിരിക്കുന്നുവെന്നും അതിന് അംഗീകാരം നൽകുന്നതിനുവേണ്ടിയാണ് ഈ സർവ്വകലാശാല കൊണ്ടുവന്നതെന്നും ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞു. ആരോ പിറകിൽനിന്ന് ഒരു നർമ്മംകൂടി പറഞ്ഞ് സഹായിക്കുകയും ചെയ്തു. ഇവരെ ആരും നിയമിച്ചിട്ടില്ല. നിങ്ങൾ അധിക്ഷേപിച്ചവർ ഈ യോഗ്യതയുള്ളവരാണെന്ന് സഭയും നാട്ടും അറിയണം. അങ്ങനെ പറയാനേ പാടില്ല. യൂണിവേഴ്സിറ്റിയുടെ ചട്ടങ്ങളോടൊപ്പം യു.ജി.സി.യുടെ റെഗുലേഷൻ അനുസരിച്ചേ നിയമിക്കാൻ സാധിക്കുകയുള്ളൂ. 2018-ലെ യു.ജി.സി.യുടെ റെഗുലേഷൻ കേരള ഗവൺമെന്റ് അതേപോലെ അഡോപ്റ്റ് ചെയ്തിട്ടുണ്ട്. അതുകൊണ്ട് 2018-ലെ യു.ജി.സി. റെഗുലേഷനിലെ വ്യവസ്ഥകൾ സെലക്ഷൻ കമ്മിറ്റി രൂപീകരണത്തിനുള്ള മാനദണ്ഡമാണ്. 2018-ലെ യു.ജി.സി. റെഗുലേഷൻ അനുസരിച്ചാണ് സെലക്ട് കമ്മിറ്റി രൂപീകരിക്കുന്നത്. ആ കമ്മിറ്റിയിൽ 3 പ്രധാനപ്പെട്ട എക്സ്പെർട്ടുകളും വി.സി., ഡയറക്ടർ, ഡീൻ എന്നിവരും ഉണ്ടാകേണ്ടതാണ്. ഇത് എല്ലാ സ്ഥാപനങ്ങൾക്കും യു.ജി.സി. കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത ഘടനയാണ്. അതിൽ മാറ്റംവരുത്തി നിയമനം നടത്താൻ സാധിക്കില്ല. ഈ സർവ്വകലാശാലയുടെ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിലും ക്വാളിഫിക്കേഷനിൽ വെള്ളം ചേർക്കാൻ സാധിക്കില്ല. എല്ലാ കാര്യങ്ങളും സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ട്. 100 ശതമാനവും ഇന്റർവ്യൂവിനെ അടിസ്ഥാനപ്പെടുത്തിയാണ് നിയമനം നടത്തുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, യോഗ്യതയുള്ളവരുടെ യോഗ്യതയെ കുറച്ച് കാണിക്കുകയല്ല. മറിച്ച് കേരളത്തിലെ സർവ്വകലാശാലകളിലെ അദ്ധ്യാപക

നിയമനങ്ങളൊഴിച്ച് ബാക്കിയെല്ലാ അസിസ്റ്റന്റുമാരുടെയും മിനിസ്റ്റീരിയൽ സ്റ്റാഫിന്റെയും നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകഴിഞ്ഞു. അതുപോലെ ഡിജിറ്റൽ സർവ്വകലാശാലയിലും അദ്ധ്യാപക നിയമനങ്ങൾ ഒഴിച്ച് നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുമെന്ന് പറയാൻ സാധിക്കുമോ? അതുമായി ബന്ധപ്പെട്ട ഭേദഗതിയും പ്രതിപക്ഷം നൽകിയിട്ടുണ്ട്.

<u>ശ്രീ. പി. രാജീവ്:</u> സർ, സർവ്വകലാശാലകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫുകളുടെ നിയമനങ്ങളെല്ലാം പി.എസ്.സി.ക്ക് വിട്ടുവെന്ന് പറഞ്ഞാൽ എല്ലാ യൂണിവേഴ്സിറ്റികൾക്കും അത് ബാധകമായിരിക്കും. ഫിഷറീസ് യൂണിവേഴ്സിറ്റിയിലും ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലും പി.എസ്.സി. വഴിയാണ് നിയമനം നടത്തിയത്. ആ നിയമം കേരളത്തിൽ പാസ്സാക്കിയതിനുശേഷം ഓരോ യൂണിവേഴ്സിറ്റികളിലെയും നിയമനം സംബന്ധിച്ച് വീണ്ടും വ്യവസ്ഥ ചെയ്യേണ്ട കാര്യമില്ല. ഇത് എല്ലാ യൂണിവേഴ്സിറ്റികൾക്കും ബാധകമായ കാര്യമാണ്. ഈ യൂണിവേഴ്സിറ്റിയിലും ഇത് ബാധകമായിരിക്കും. സ്പോൺസറിംഗ് എന്റിറ്റിയെ സംബന്ധിച്ച് നേരത്തെ വിശദീകരിച്ചിരുന്നു. അതുസംബന്ധിച്ച് അന്ന് ഞങ്ങൾക്ക് വേറെ ധാരണയുണ്ടായിരുന്നുവെന്ന് സഭയിൽ വ്യക്തമാക്കിയതുമാണ്. ഇതിൽ ഭൂമി കൈമാറുന്നത് സംബന്ധിച്ച പ്രശ്നമുണ്ട്. അതിനുവേണ്ടിയുള്ള വാചകമാണ് അതിൽ ചേർത്തിട്ടുള്ളത്. കമ്പനീസ് ആക്ടിലെ സെക്ഷൻ 25 എന്നത് പുതിയ നിയമത്തിൽ സെക്ഷൻ 8 ആണ്. സെക്ഷൻ 8-ൽ ലാഭാധിഷ്ഠിതമല്ലാതെ പ്രവർത്തിക്കുന്ന കമ്പനികളെക്കുറിച്ചാണ് പറയുന്നത്. ആ കമ്പനി പ്രോഫിറ്റ് എന്തിനുവേണ്ടിയാണ് വിനിയോഗിക്കാൻ സാധിക്കുക, അത് നിർത്തിപ്പോകുമ്പോൾ അതിന്റെ അസെറ്റുകളെല്ലാം അതേ സ്വഭാവത്തിൽ പ്രവർത്തിക്കുന്ന കമ്പനികൾക്ക് മാത്രമേ കൈമാറാവൂ എന്നുള്ളതെല്ലാം കമ്പനി നിയമത്തിലെ വ്യവസ്ഥകളാണ്. പിന്നീട് ഇക്കാര്യങ്ങൾ പരിശോധിച്ചപ്പോൾ ഭൂമി ഗവൺമെന്റ് ലീസ് ചെയ്ത് രജിസ്റ്റർ ചെയ്തിട്ടില്ല. വ്യവസ്ഥയില്ലെങ്കിലും ലാൻഡിന്റെ കാര്യത്തിൽ സങ്കീർണ്ണത നിലനിൽക്കുന്നില്ല. പിന്നീട് എന്തെങ്കിലും ആശയക്കുഴപ്പം ഉണ്ടാകാനിടയുണ്ടെങ്കിൽ ആ പ്രയോഗം ആ രൂപത്തിൽ വേണ്ടതില്ലെന്ന് കരുതിക്കൊണ്ടാണ് അതിൽ മാറ്റം വരുത്തിയത്. യു.ജി.സി.യുടെ പുതിയ നിയമം അനുസരിച്ച് കമ്പനികൾക്ക് യൂണിവേഴ്സിറ്റി ആരംഭിക്കാം. ഇന്ത്യയിൽ കമ്പനികൾ ആരംഭിക്കാൻ ശ്രമിക്കുന്നവരെല്ലാം പ്രൈവറ്റ് യൂണിവേഴ്സിറ്റികളാണ് ആരംഭിക്കുന്നത് എന്നതാണ് അതിലെ പ്രത്യേകത. എന്നാൽ ഇവിടെ ഒരു സ്പോൺസറിംഗ് എന്റിറ്റി എന്ന നിലയിൽ ഈ കമ്പനി ഗവൺമെന്റ് ഓൺഡ് കമ്പനിയാണ്. ഈ കമ്പനിക്കും വേണമെങ്കിൽ പ്രൈവറ്റ് യൂണിവേഴ്സിറ്റിക്കുവേണ്ടി ശ്രമിക്കാം. പക്ഷെ അങ്ങനെയല്ല, കേരളത്തിൽ അതിനനുസൃതമായ നിയമമില്ല. പൂർണ്ണമായും ഒരു പബ്ലിക് യൂണിവേഴ്സിറ്റി

ആരംഭിക്കുകയെന്നതാണ് ഇതിന്റെ പ്രത്യേകത. അതുകൊണ്ടുതന്നെ ഇത് പബ്ലിക് യൂണിവേഴ്സിറ്റിയിയായി മാറുന്നു. ശ്രദ്ധാപൂർവ്വം ഉന്നത വിദ്യാഭ്യാസത്തെ നിരീക്ഷിക്കുന്നവർക്ക് അറിയാൻ സാധിക്കുന്നൊരു കാര്യമുണ്ട്. സർവ്വകലാശാലകൾ കമ്പനി രൂപീകരിക്കണമെന്നതാണ് യു.ജി.സി.യുടെ പുതിയ വ്യവസ്ഥ. സർവ്വകലാശാലയ്ക്ക് പ്രോജക്ടും ഫണ്ടും വരുന്നുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ പ്രതിപക്ഷ നേതാവ് അടിസ്ഥാനരഹിതമായ കാര്യം പറഞ്ഞുവെന്നും അവിടെ നിയമിക്കപ്പെട്ടവർ യു.ജി.സി. മാനദണ്ഡങ്ങൾക്കനുസൃതമായി നിയമിക്കപ്പെട്ടവരാണെന്നും പറഞ്ഞു. നിങ്ങൾ ഡോ. എലിസബത്ത് ഷെർളിയെ സീനിയർ പ്രൊഫസറായി നിയമിച്ചതായി അറിയാൻ സാധിച്ചു. അവർ 2003 മാർച്ച് മുതൽ 2011 വരെയാണ് അസോസിയേറ്റ് പ്രൊഫസറായി ഐ.ഐ.ടി.യിൽ ജോലി ചെയ്തിട്ടുള്ളത്. പത്ത് വർഷത്തെ സർവ്വീസ് വേണമെന്നിരിക്കെ അവരെ സീനിയർ പ്രൊഫസറായി നിയമിച്ചത് യു.ജി.സി. ഗൈഡ്‌ലൈൻസിന് വിരുദ്ധമാണ്. അതുപോലെ ഡോ. ടി. കെ. മനോജ് കുമാർ, അദ്ദേഹം ഫെബ്രുവരി 2006 മുതൽ 2012 വരെ ഐ.ഐ.ടി.യിൽ വർക്ക് ചെയ്തപ്പോഴാണ് അസോസിയേറ്റ് പ്രൊഫസറായി നിയമിക്കുന്നതിനുള്ള യോഗ്യത നിങ്ങൾ കണ്ടെത്തിയിട്ടുള്ളത്. ഡോ. ആർ ജയശങ്കർ, അസോസിയേറ്റ് പ്രൊഫസർ എന്ന നിലയ്ക്ക് അദ്ദേഹത്തെ പ്രൊമോട്ട് ചെയ്തത് യു.ജി.സി.യുടെ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടില്ല. ഡോ. അഷ്റഫ്. എസ്. ലക്ച്ചററായി 2010 മുതൽ 2013 ഒക്ടോബർ വരെ പ്രവർത്തിച്ച് 3 വർഷത്തെ സർവ്വീസ് ആയപ്പോഴേയ്ക്കും അസോസിയേറ്റ് പ്രൊഫസറായി അദ്ദേഹത്തിന് സ്ഥാനക്കയറ്റം നൽകി നിയമിച്ചത് യു.ജി.സി. ഗൈഡ്‌ലൈൻസിന് വിരുദ്ധമായാണ്. ഡോ. ജോസഫ് സുരേഷ് പോൾ, അദ്ദേഹത്തെ നേരിട്ട് അസോസിയേറ്റ് പ്രൊഫസറായാണ് നിയമിച്ചത്. ഒരു പ്രൊഫസർ നിയമനത്തിന് റിസർച്ച് ഗൈഡൻസ് എക്സ്പീരിയൻസ് വേണമെന്നുള്ളത് മിനിമം മാനദണ്ഡമാണ്. അതില്ലാത്ത ഒരാളെ മാനദണ്ഡങ്ങൾ ലംഘിച്ച് നിയമനം നടത്തിയെന്നാണ് ഇവിടെ സൂചിപ്പിച്ചത്.

ശ്രീ. പി. രാജീവ്: സർ, അങ്ങേയ്ക്ക് ഈ വിവരങ്ങൾ ലഭിച്ചത് എപ്രകാരമായാലും അങ്ങനെയിരിക്കട്ടെ. എന്റെ മുമ്പിലുള്ള രേഖകളനുസരിച്ച് സർവ്വകലാശാലയിൽ ഒരാളെയും സ്ഥിരമായി നിയമിച്ചിട്ടില്ല. അവിടെ താൽക്കാലികമായി ജോലി ചെയ്യുന്നവർ പോലുമല്ല ഉള്ളത്. ഐ.ഐ.ടി.യിൽ നിന്നും വന്നവരാണെന്ന് എന്നെ സപ്പോർട്ട് ചെയ്ത് അങ്ങിവിടെ പറഞ്ഞതിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. എന്റെ മുമ്പിലുള്ള വിവരങ്ങളനുസരിച്ച് യൂണിവേഴ്സിറ്റിയിൽ സ്ഥിരമായി ആരെയും നിയമിച്ചിട്ടില്ല. നിയമിക്കുമ്പോൾ യു.ജി.സി.യുടെ

സ്വഭാവമനുസരിച്ചാണ് അതിന്റെ സെലക്ട് കമ്മിറ്റിയും യോഗ്യതകളുമെല്ലാം തീരുമാനിക്കുന്നത്. വൈസ് ചാൻസലർ നിയമനത്തിന് AICTE (All India Council for Technical Education) പ്രതിനിധി വേണമെന്ന് അദ്ദേഹം പറയുകയുണ്ടായി. നിലവിൽ യു.ജി.സി. പ്രതിനിധിയാണുള്ളത്. മറ്റ് സർവ്വകലാശാലകളിലും CUSAT-ലും യു.ജി.സി. പ്രതിനിധി തന്നെയാണുള്ളത്. ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലാണെങ്കിൽ AICTE മാത്രം അംഗീകരിക്കുന്ന കോഴ്സുകളും AICTE പ്രതിനിധികളുമാണുള്ളത്. അതുകൊണ്ട് അത് നിലനിൽക്കുന്ന ഒന്നായി തോന്നുന്നില്ല. സർവ്വകലാശാലയുടെ പ്രവർത്തനം ഒരു വെള്ളാനയായിരിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. അത് കുറച്ച് കടുപ്പമായിപ്പോയി. ശ്രീ. എം. വിജിൻ ഈ സർവ്വകലാശാല ചുരുങ്ങിയ കാലംകൊണ്ട് നേടിയിട്ടുള്ള കുറേ കാര്യങ്ങൾ പ്രതിപാദിക്കുകയുണ്ടായി. ഞാൻ അതിന് അദ്ദേഹത്തോട് നന്ദി രേഖപ്പെടുത്തുന്നു. വ്യവസായ വകുപ്പിന്റെ ചർച്ചയിൽ ഞാൻ ഒരു കാര്യം സൂചിപ്പിച്ചിരുന്നു. കൊറോണ വ്യാപനം വന്നപ്പോൾ ലോകം വാക്സിനുവേണ്ടി നോക്കിയത് Oxford University-യിലേയ്ക്കായിരുന്നു. നമുക്കങ്ങനെ നോക്കാൻ കഴിയാവുന്ന കേന്ദ്രങ്ങൾ രാജ്യത്തില്ല. കേരളത്തിലും ആ രൂപത്തിലേയ്ക്ക് വളർന്നിട്ടില്ല; അത് നമ്മുടെ പരിമിതിയാണ്. ഡോ. മാത്യു കുഴൽനാടൻ പ്രാക്ടീസിംഗ് ലോയറാണ്. കേരള ഹൈക്കോടതിയിലെ സംവിധാനങ്ങളാകെ ഡിജിറ്റലൈസ് ചെയ്യാൻ തീരുമാനിച്ചു. അങ്ങനെ ഡിജിറ്റലൈസ് ചെയ്യാൻ തീരുമാനിച്ചപ്പോൾ അവർ ഡിജിറ്റൽ സർവ്വകലാശാലയെയാണ് സമീപിച്ചത്. ഇന്ന് അങ്ങ് വാദിക്കുമ്പോൾ അതിനുള്ള സംവിധാനങ്ങൾ അങ്ങേയ്ക്കുകൂടി ഉപയോഗിക്കാൻ കഴിയാവുന്ന രൂപത്തിൽ ഒരുക്കിയിട്ടുള്ളത് ഡിജിറ്റൽ സർവ്വകലാശാലയാണ്. അത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മാത്രമല്ല; ബ്ലോക്ക്ചെയിൻ ഉൾപ്പെടെയാണ് അവർ ഉപയോഗിക്കുന്നത്. ബ്ലോക്ക്ചെയിന്റെ സാധ്യതകൾ വ്യാപിച്ചാൽ ഗവൺമെന്റ് സംവിധാനങ്ങൾ എങ്ങനെ പോകുമെന്നത് ഭാവിയിൽ പറയാൻ പറ്റാത്ത തരത്തിലുള്ള സാങ്കേതികവിദ്യയായി ഉയരുന്നതാണ്. 20 ലക്ഷം ആളുകൾക്ക് തൊഴിൽ കൊടുക്കണമെന്ന് ഇവിടെ സൂചിപ്പിച്ചിരുന്നു. തൊഴിൽ കൊടുക്കുന്നതിന് ഒരു പ്ലാറ്റ്ഫോം വേണം. നമ്മുടെ പരിമിതിയെന്താണ്? ഒരാൾക്ക് ഒരു ക്വാളിഫിക്കേഷനുണ്ടെങ്കിൽ അതിനനുസരിച്ച ജോലി എവിടെയാണ് കിട്ടുന്നത്? മുമ്പ് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞിരുന്നു, കേരളത്തിലെ വീടുകളിലാണ് ലോകത്തൊരിടത്തുമില്ലാത്ത രൂപത്തിൽ അഭ്യസ്തവിദ്യരായ വീട്ടമ്മമാർ വെറുതെയിരിക്കുന്നതെന്ന്. ബി.ടെക്-ഉം എം.ടെക്-ഉം പാസ്സായ സ്ത്രീകൾ കുട്ടികളെയും വീട്ടിലെ കാര്യങ്ങളെയും നോക്കി അടുക്കള ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. കുറേക്കാലം കഴിയുമ്പോഴാണ് ഇവർക്ക് ജോലിക്കുപോകാൻ തോന്നുന്നത്. കുട്ടികളൊക്കെ വലുതായി അവർക്ക് സമയം പോകാത്ത അവസ്ഥ വരുമ്പോൾ ജോലിക്ക് പോകാൻ തയ്യാറെടുക്കുമ്പോഴേയ്ക്കും

അവർ പഠിച്ച കാര്യമനുസരിച്ച് ചെയ്യാവുന്ന ജോലിയുണ്ടാകില്ല. നല്ല ക്വാളിഫിക്കേഷനിൽ പഠിച്ചിറങ്ങിയാലും അതിന്റെ പ്രയോഗം ഈ അവസരത്തിൽ സാധ്യമാകില്ല. അങ്ങനെ വരുമ്പോൾ അതിനെ അവർ പുതുക്കിയെടുക്കണം. അതിന് സാധ്യമാകുന്ന പ്രഖ്യാപനം കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തെ അവസാന ബഡ്ജറ്റിലും നടത്തിയിട്ടുണ്ട്. അത് പ്ലാറ്റ്ഫോമിൽ മാത്രം ചെയ്യുന്നതല്ല; അത്തരക്കാരെ ഈ കാലഘട്ടത്തിന്റെ ജോലികൾ ചെയ്യാൻ പ്രാപ്തമാകുന്ന രൂപത്തിൽ അവരുടെ അടിസ്ഥാന യോഗ്യതയ്ക്കനുസരിച്ച് പുതുക്കിയെടുക്കണം. അതിനുള്ള സ്കിൽ ഡെവലപ്മെന്റ് സംവിധാനം ഒരു വശത്തും മറുവശത്ത് വലിയ ഡിജിറ്റൽ പ്ലാറ്റ്ഫോമും വരികയാണ്. ആ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ഇവർക്ക് രജിസ്റ്റർ ചെയ്യാൻ അവസരമുണ്ട്. ലോകത്തിലെ കമ്പനികൾ അതിലേയ്ക്ക് വരികയാണ്. അങ്ങനെ വലിയ ഡൈനാമിക് സംവിധാനം ഗവൺമെന്റിനുവേണ്ടി വികസിപ്പിച്ചിട്ടുള്ളത് ഡിജിറ്റൽ യൂണിവേഴ്സിറ്റിയാണ്. കേരളത്തിലെ തെരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ത്യയിലൊരിടത്തുമില്ലാത്ത രൂപത്തിൽ പുതിയ കാലത്തിനനുസരിച്ച് തെരഞ്ഞെടുപ്പ് പ്രക്രിയ ഡിജിറ്റലൈസ് ചെയ്യാൻ തീരുമാനിച്ചു. അങ്ങനെ തീരുമാനിച്ചപ്പോൾ അവർ ടി.സി.എസ്.-നെയും ഐ.ബി.എം.-നെയും മറ്റ് സ്വകാര്യ കമ്പനികളെയും പരിഗണിച്ചില്ല. അവർ ആശ്രയിച്ചത് ബാലാരിഷ്ടതകൾ മാറിയിട്ടില്ലെന്ന് നിങ്ങൾ പറയുന്ന ഡിജിറ്റൽ യൂണിവേഴ്സിറ്റിയെയാണ്. അതുമായി ബന്ധപ്പെട്ട പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. ഹയർ എഡ്യൂക്കേഷൻ യൂണിവേഴ്സിറ്റികളെ ഇന്നത്തെ കാലത്തിനനുസരിച്ചുള്ള സ്ട്രക്ചറിലേയ്ക്ക് മാറ്റുന്നതിന് ഡിജിറ്റൽ യൂണിവേഴ്സിറ്റിയെയാണ് ആശ്രയിക്കുന്നത്. കെ.എസ്.ആർ.ടി.സി.യുടെയും ജി.ഐ.സി.യുടെയും കാര്യം സൂചിപ്പിച്ചു. വിദ്യാഭ്യാസ മേഖലയിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഡിജിറ്റൽ സയൻസിന്റെ സാധ്യതകളെ എങ്ങനെ ഉപയോഗിക്കാമെന്ന് കേന്ദ്രഗവൺമെന്റ് ആലോചിക്കുന്നതേയുള്ളൂ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അജ്മീറിൽ ഒരു ഡിജിറ്റൽ യൂണിവേഴ്സിറ്റിയുണ്ട്.

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങനെയുണ്ടെങ്കിൽ ഞാൻ തർക്കിക്കുന്നില്ല. എന്തെങ്കിലും കാര്യങ്ങൾ അതിൽ നിന്ന് പഠിക്കാൻ സാധിക്കുമെങ്കിൽ അത് ഉപയോഗിക്കാം. Government of India, Ministry of Electronics and Information Technology ഒരു സെന്റർ ഓഫ് എക്സലൻസ് ആയി IoT ആരംഭിക്കുന്നതിനായി ഇന്ത്യയിൽ നിന്നും തെരഞ്ഞെടുത്തിരിക്കുന്നത് ഓർഡിനൻസ് പാസ്സാക്കി ഒരു വർഷംപോലും തികയാത്ത ഈ ഡിജിറ്റൽ യൂണിവേഴ്സിറ്റിയെയാണെന്നത് കക്ഷി രാഷ്ട്രീയത്തിനതീതമായി കേരളത്തിനാകെ അഭിമാനിക്കാവുന്ന കാര്യമാണ്. ഈ ബില്ലിന്റെ ചർച്ചയിൽ വന്നിട്ടുള്ള എല്ലാ നല്ല നിർദ്ദേശങ്ങളും ഉൾക്കൊണ്ടിട്ടുള്ളതും പരമാവധി ജനാധിപത്യ ഉള്ളടക്കം ഉറപ്പുവരുത്താൻ ശ്രമിച്ചിട്ടുള്ളതുമാണ്. സഭയ്ക്കകത്തും സബ്ജക്ട് കമ്മിറ്റിയിലും

ഉയർന്നുവന്ന കാര്യങ്ങളും അതിനുശേഷം വന്ന കാര്യങ്ങളും ഫ്ലോറിൽ കൊണ്ടുവരാൻ ഉദ്ദേശിച്ചിട്ടുണ്ട്. അതെല്ലാം വച്ചുകൊണ്ട് ഏറ്റവും മികച്ച ഒരു നിയമമായാണ് ഇത് പാസ്സാക്കേണ്ടത്. വളരെ കൺസ്ട്രക്ടീവ് സമീപനമാണ് അംഗങ്ങളാകെ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ സഭ ഏക മനസ്സോടുകൂടി ലോകത്തിന്റെ നിലവാരത്തിലേയ്ക്കുയരാൻ കഴിയുന്ന ഒരു സർവ്വകലാശാലയുടെ രൂപീകരണ പ്രക്രിയയിൽ പങ്കാളിയായെന്ന് ഭാവിയുടെ ചരിത്രത്തിൽ ശിരസ്സുയർത്തി ഓരോരുത്തർക്കും പറയാൻ കഴിയാവുന്ന രൂപത്തിൽ എല്ലാവരും ഈ സർവ്വകലാശാല ബില്ലിനെ പിന്തുണയ്ക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ശ്രീ. എം. വിജിൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിജിൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## രണ്ടാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

220. (i) ഖണ്ഡം 2-ൽ (ബി) ഇനം വിട്ടുകളയേണ്ടതും ശേഷിക്കുന്ന ഇനങ്ങൾ പുനരക്ഷരം ചെയ്യുക

(ii) അപ്രകാരം പുനരക്ഷരം ചെയ്യപ്പെടുന്ന (ഇ) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക;

“(ഇ) "കമ്പനി" എന്നാൽ 2013-ലെ കമ്പനീസ് ആക്റ്റിൻ (2013-ലെ 18) കീഴിൽ രൂപീകരിക്കപ്പെട്ട ഒരു കമ്പനി എന്നർത്ഥമാകുന്നു;” .

(iii) അപ്രകാരം പുനരക്ഷരം ചെയ്യപ്പെടുന്ന (വി) ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കുക, -

“ (വി) "വിദ്യാർത്ഥി" എന്നാൽ സർവ്വകലാശാലയുടെ ഒരു ഡിഗ്രി, ഡിപ്ലോമ അല്ലെങ്കിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടിയുള്ള ഒരു പഠനക്രമമോ ഗവേഷണമോ നടത്തുന്നതിനായി റെഗുലേഷനുകൾക്കനുസൃതമായി സർവ്വകലാശാലയിലോ സർവ്വകലാശാല സ്ഥാപിച്ചിട്ടുള്ള ഗവേഷണ വിദ്യാഭ്യാസ കേന്ദ്രങ്ങളിലോ സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിലോ ഒരു ഫുൾടൈം അല്ലെങ്കിൽ പാർട്ട് ടൈം വിദ്യാർത്ഥിയായി യഥാവിധി പ്രവേശനം ലഭിച്ചിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നു.”

'കമ്പനി' എന്നുള്ളത് പലയിടത്തും പ്രയോഗിക്കുന്നതുകൊണ്ട് പൊതുവായ നിർവ്വചനത്തിലേയ്ക്ക് വന്നിട്ടുണ്ട്. 'വിദ്യാർത്ഥി' എന്ന നിർവ്വചനം കുറേക്കൂടി സമഗ്രമാക്കി മാറ്റിയിട്ടുണ്ട്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

221. ഖണ്ഡം 2(എ)-ൽ "അക്കാഡമിക" എന്ന് വരുന്നിടത്തെല്ലാം "അക്കാദമിക" എന്നുചേർക്കുക.

227. ഖണ്ഡം 2(എ)-ൽ "നിയോഗിക്കപ്പെട്ട" എന്നതിനുപകരം "നിയമിക്കപ്പെട്ട" എന്ന് ചേർക്കുക.

233. ഖണ്ഡം 2(ബി)-ൽ "സ്പോൺസറിംഗ് എന്റിറ്റി" എന്നതിനുപകരം "പ്രയോക്താവ്" എന്ന് ചേർക്കുക.

283. ഖണ്ഡം 2(കെ)-ൽ “ നിയോഗിക്കപ്പെട്ട” എന്നതിനുപകരം “ നിയമിക്കപ്പെട്ട” എന്നുചേർക്കുക.

312. ഖണ്ഡം 2(റ്റി)-ൽ "സ്പോൺസറിംഗ് എന്റിറ്റി" എന്നതിനുപകരം "പ്രായോക്താവ്" എന്നുചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

224. ഖണ്ഡം 2(എ)-ൽ

i) "അക്കാഡമിക" എന്നതിനുശേഷം വരുന്ന "സ്റ്റാഫ്" എന്ന വാക്കിനുപകരം "ജീവനക്കാർ" എന്ന് ചേർക്കുക.

ii) "ആയി" എന്നതിനു മുമ്പ് വരുന്ന "സ്റ്റാഫ്" എന്നതിനുപകരം "ജീവനക്കാർ" എന്ന് ചേർക്കുക.

234. ഖണ്ഡം 2(ബി)-ൽ "വിവരിക്കുന്ന" എന്നതിനുപകരം "വിവരിച്ചിരിക്കുന്ന" എന്ന് ചേർക്കുക.

246. ഖണ്ഡം 2(സി)-ൽ "രൂപവൽക്കരിച്ച" എന്നതിനുപകരം "രൂപവത്കരിച്ച" എന്ന് ചേർക്കുക.

303. ഖണ്ഡം 2(ആർ)-ൽ "സർവ്വകലാശാല" എന്നതിനുശേഷം "പ്രഖ്യാപിത ലക്ഷ്യങ്ങൾക്കായി" എന്ന് ചേർക്കുക.

305. ഖണ്ഡം 2 (ആർ)- ൽ "പഠനസ്കൂൾ" എന്നതിന് പകരം "പഠന സ്കൂൾ" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

229. ഖണ്ഡം 2(എ)-ൽ "നിയോഗിക്കപ്പെട്ട" എന്നതിനുപകരം "സ്ഥാപിക്കപ്പെട്ട" എന്ന് ചേർക്കുക.

247. ഖണ്ഡം 2(സി)-ൽ "രൂപവൽക്കരിച്ച" എന്നതിനുപകരം "രൂപവൽക്കരിക്കപ്പെട്ട" എന്ന് ചേർക്കുക.

277. ഖണ്ഡം 2(കെ)-ൽ " സർവ്വകലാശാലയുടെ" എന്നതിന് പകരം " സർവ്വകലാശാലയിലെ" എന്ന് ചേർക്കുക.

320. ഖണ്ഡം 2(ഡബ്ല്യൂ)-ൽ "എന്നിവയിൽ" എന്നതിനുശേഷം "പഠനത്തിനോ ഗവേഷണത്തിനോ" എന്ന് ചേർക്കുക.

335. "ഖണ്ഡം 2(വൈ)-യെ ഇനം '(എ)' ആയി ചേർക്കുകയും ശേഷിക്കുന്നവയെ പുനരക്ഷരം ചെയ്യുകയും ചെയ്യുക."

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

230. ഖണ്ഡം 2(എ)-ൽ "നിയോഗിക്കപ്പെട്ട" എന്നതിനുപകരം "നിശ്ചയിക്കപ്പെട്ട" എന്ന് ചേർക്കുക.

328. ഖണ്ഡം 2(ഡബ്ല്യൂ)-ൽ "നേടി" എന്നതിനുശേഷം "പഠനം" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

235. ഖണ്ഡം 2(ബി)-ൽ "വിവരിക്കുന്ന" എന്നതിനുശേഷം "ദി" എന്ന് ചേർക്കുക.

238. ഖണ്ഡം 2(ബി)-ൽ "കേരള" എന്നതിനുശേഷം "(IIITMK)" എന്ന് ചേർക്കുക.

251. ഖണ്ഡം 2(ഡി)-ൽ

i."ഗവേഷണത്തിനോ" എന്നതിന് ശേഷം "കലാകായിക പ്രവർത്തനങ്ങൾക്കോ മറ്റ് അനധ്യാപക പ്രവർത്തനങ്ങൾക്കോ" എന്ന് ചേർക്കുക.

ii. "രണ്ടിനും കൂടിയോ" എന്നത് ഒഴിവാക്കുക.

262. ഖണ്ഡം 2 (എഫ്)-ൽ "കമ്പനിയായ" എന്നതിന് ശേഷം "ദി" എന്ന് ചേർക്കുക.

266. ഖണ്ഡം 2 (എഫ്)-ൽ "മാനേജ്മെന്റ് കേരള" എന്നതിന് ശേഷം "IIITMK" എന്ന ചിഹ്നങ്ങളും വാക്കും ചേർക്കുക.

273. ഖണ്ഡം 2(ഐ)-ൽ " സർവ്വകലാശാല" എന്നതിന് പകരം " സർവ്വകലാശാലാ" എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

236. ഖണ്ഡം 2(ബി)-ൽ "ഇന്ത്യൻ" എന്നതിനു പകരം"ദി ഇന്ത്യൻ" എന്ന് ചേർക്കുക.

237. ഖണ്ഡം 2(ബി)-ൽ "കേരളയുടെ" എന്നതിനുശേഷം ചുവടെ ചേർക്കുന്ന ചിഹ്നങ്ങളും വാക്കും ചേർക്കുക. "(IIITMK)"

260. ഖണ്ഡം 2(ഡി)-ൽ "സജ്ജീകരണങ്ങൾ" എന്നതിന് പകരം "സൗകര്യങ്ങൾ" എന്ന് ചേർക്കുക.

265. ഖണ്ഡം 2 (എഫ്)-ൽ "ഇന്ത്യൻ" എന്നതിന് പകരം "ദി ഇൻഡ്യൻ" എന്ന് ചേർക്കുക.

267. ഖണ്ഡം 2 (എഫ്)-ൽ "മാനേജ്മെന്റ് കേരള" എന്നതിന് ശേഷം ചുവടെ ചേർക്കുന്ന ചിഹ്നങ്ങളും വാക്കും ചേർക്കുക. "(IIITMK)"

268. 2(ജി)-ൽ " കൗൺസിൽ" എന്നതിനുപകരം" ജനറൽ കൗൺസിൽ" എന്ന് ചേർക്കുക.

278. ഖണ്ഡം 2(കെ)-ൽ " സ്റ്റാറ്റ്യൂട്ടുകളാൽ ഒരു ഉദ്യോഗസ്ഥനായി നിയോഗിക്കപ്പെട്ട മറ്റെതെങ്കിലും ആളോ" എന്നതിനുപകരം " സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം ഉദ്യോഗസ്ഥനെന്ന് സ്ഥാന നിർദ്ദേശം ചെയ്യപ്പെട്ട മറ്റെതെങ്കിലും ആൾ" എന്ന് ചേർക്കുക.

290. ഖണ്ഡം 2(എൽ)-ൽ "ഉത്തരവ്" എന്നതിനു പകരം "ഉത്തരവുകൾ" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

239. ഖണ്ഡം 2(സി)-ൽ "18-ാം വകുപ്പിൽ കീഴിൽ രൂപവൽക്കരിച്ച" എന്നത് ഒഴിവാക്കുക.

334. ഖണ്ഡം 2(വൈ)-ൽ "സ്ഥാപിക്കപ്പെട്ടിട്ടുള്ളതും ഏകാംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ" എന്നതിനുപകരം "സ്ഥാപിക്കപ്പെട്ട" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

249. ഖണ്ഡം 2(ഡി)-ൽ

i. "അദ്ധ്യാപനത്തിനോ" എന്നതിന് ശേഷം "പഠനത്തിനോ" എന്ന് ചേർക്കുക.

ii. "ഗവേഷണത്തിനോ" എന്നതിന് ശേഷം "ഇവയ്ക്കെല്ലാം കൂടിയോ" എന്ന് ചേർക്കുക.

iii. "വേണ്ടി" എന്ന വാക്ക് ഒഴിവാക്കുക.

316. ഖണ്ഡം 2(ഡബ്ല്യൂ)-ൽ "നടപ്പാക്കുന്ന" എന്നതിനുശേഷം "പഠന" എന്ന് ചേർക്കുക.

329. ഖണ്ഡം 2(എക്സ്)-ൽ "അതുപോലെയുള്ള മറ്റു ആളുകൾ" എന്നതിനു പകരം "അതുപോലെയുള്ളവർ" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

250. ഖണ്ഡം 2(ഡി)-ൽ "അദ്ധ്യാപനത്തിനോ ഗവേഷണത്തിനോ രണ്ടിനും കൂടിയോ" എന്നതിന് പകരം "അദ്ധ്യാപനത്തിനോ, പഠനത്തിനോ, പരിശീലനത്തിനോ ഗവേഷണത്തിനോ ഇവയെല്ലാത്തിനും കൂടിയോ" എന്ന് ചേർക്കുക.

289. ഖണ്ഡം 2(എൽ)-ൽ " പുറപ്പെടുവിച്ച" എന്നതിനുമുമ്പായി "കാലാകാലങ്ങളിൽ" എന്ന് ചേർക്കുക.

ഭേദഗതി നമ്പർ 250-ൽ ഖണ്ഡം 2(ഡി)-ൽ "അദ്ധ്യാപനത്തിനോ ഗവേഷണത്തിനോ രണ്ടിനും കൂടിയോ" എന്നു പറഞ്ഞാൽ അത് ഒന്നുകൂടി വ്യക്തതയ്ക്കു വേണ്ടിയിട്ട് പകരം "അദ്ധ്യാപനത്തിനോ, പഠനത്തിനോ, പരിശീലനത്തിനോ ഗവേഷണത്തിനോ ഇവയെല്ലാം കൂടിയോ" എന്നുള്ളതാകും നന്നാവുക. ഈ ഭേദഗതിയാണ് ഞാൻ മൂവ് ചെയ്യുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

258. ഖണ്ഡം 2(ഡി)-ൽ "വേണ്ടി" എന്നതിനുശേഷം "വിദ്യാർത്ഥികൾക്കുവേണ്ട" എന്ന് ചേർക്കുക.

271. ഖണ്ഡം 2(എച്ച്)-ൽ " സർവ്വകലാശാലയുടെ" എന്നതിന് ശേഷം "ഒരു പ്രത്യേക വകുപ്പിന്റെ" എന്ന് ചേർക്കുക.

306. ഖണ്ഡം 2(ആർ)- ൽ "പഠനസ്കൂൾ" എന്നതിനുശേഷം "അഥവാ ഡിപ്പാർട്ട്മെന്റ് " എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

259. ഖണ്ഡം 2(ഡി)-ൽ "സജ്ജീകരണങ്ങൾ" എന്നതിനുപകരം "ക്രമീകരണങ്ങൾ" എന്ന് ചേർക്കുക.

333. ഖണ്ഡം 2(എക്സ്) താഴെപ്പറയും പ്രകാരം മാറ്റുക:

"(എക്സ്) "അദ്ധ്യാപകർ" എന്നാൽ സർവ്വകലാശാലയിൽ അദ്ധ്യാപനം

നടത്തുന്നതിനോ ഗവേഷണം നടത്തുന്നതിനോ വേണ്ടി നിയമിക്കപ്പെട്ടവർ എന്നർത്ഥമാകുന്നു;"

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

270. ഖണ്ഡം 2(ജി)-ൽ " രൂപവത്കരിച്ച" എന്നതിന് പകരം "രൂപവത്ക്കരിച്ച" എന്ന് ചേർക്കുക.

274. ഖണ്ഡം 2(ഐ)-ൽ " സർവ്വകലാശാല" എന്നതിന് പകരം " സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

311. ഖണ്ഡം 2(എസ്)-ൽ "രൂപവത്കരിച്ചിട്ടുള്ള" എന്നതിന് പകരം " രൂപവത്ക്കരിച്ചിട്ടുള്ള " എന്ന് ചേർക്കുക.

317. ഖണ്ഡം 2(ഡബ്ല്യൂ)-ൽ "നടത്തുന്നതിനായോ" എന്നതിന് പകരം "നടത്തുന്നതിനോ" എന്ന് ചേർക്കുക.

318. ഖണ്ഡം 2(ഡബ്ല്യൂ)-ൽ "മാനവികവിഷയങ്ങൾ" എന്നവാക്കിനു മുമ്പിലായി "ഇന്റർഡിസിപ്ലിനറി ഇന്നൊവേഷൻ, സംരംഭകത്വം, ലിബറൽ ആർട്സ്" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക."

331. ഖണ്ഡം 2(എക്സ്)-ൽ "മറ്റു" എന്നതിനുപകരം "മറ്റ്" എന്ന് ചേർക്കുക.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

272. ഖണ്ഡം 2(ഐ)-ൽ " 30-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന" എന്നത് ഒഴിവാക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

275. ഖണ്ഡം 2(ഐ)-ൽ " സർവ്വകലാശാല ഫണ്ട്" എന്നതിന് പകരം " സർവ്വകലാശാലയുടെ ഫണ്ട്" എന്ന് ചേർക്കുക.

288. ഖണ്ഡം 2(കെ) താഴെപ്പറയും പ്രകാരം മാറ്റുക.

" (കെ) ഉദ്യോഗസ്ഥൻ എന്നാൽ സർവ്വകലാശാലയുടെ ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;"

299. ഖണ്ഡം 2(പി)-ൽ "അതേ" എന്നതിന് ശേഷം "നിർവചനം" എന്ന് ചേർക്കുക.

300. ഖണ്ഡം 2(ക്യൂ)-ൽ "അതേ" എന്നതിന് ശേഷം "നിർവചനം" എന്ന് ചേർക്കുക.

301. ഖണ്ഡം 2(ആർ)-ൽ "സർവകലാശാല സ്ഥാപിച്ച" എന്നതിന് പകരം "സർവകലാശാലയാൽ സ്ഥാപിക്കപ്പെട്ട" എന്ന് ചേർക്കുക.

314. ഖണ്ഡം 2(വി)-ൽ "ഉണ്ടാക്കിയ" എന്നതിനുപകരം "ഉണ്ടാക്കുന്ന" എന്ന് ചേർക്കുക.

315. ഖണ്ഡം 2(ഡബ്ള്യൂ)-ൽ "നടപ്പാക്കുന്ന" എന്നതിനുശേഷം "എല്ലാതരത്തിലുമുള്ള" എന്ന് ചേർക്കുക.

319. ഖണ്ഡം 2(ഡബ്ല്യൂ)-ൽ "മാനവികവിഷയങ്ങൾ" എന്നതിനുശേഷം", മറ്റ് ഇതര വിഷയങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

276. ഖണ്ഡം 2(കെ)-ൽ " വിനിർദ്ദേശിച്ചിട്ടുള്ള" എന്നതിന് പകരം " നിർദ്ദേശിച്ചിട്ടുള്ള" എന്ന് ചേർക്കുക.

287. ഖണ്ഡം 2(കെ)-ൽ " ആളോ" എന്നതിന് പകരം " വ്യക്തിയോ" എന്ന് ചേർക്കുക.

298. ഖണ്ഡം 2(പി)-ൽ "പട്ടികജാതികൾ" എന്നതിന് പകരം "പട്ടികജാതി വിഭാഗക്കാർ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

280. ഖണ്ഡം 2(കെ)-ൽ "നിയോഗിക്കപ്പെട്ട" എന്നതിനുപകരം "സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട" എന്നുചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

310. ഖണ്ഡം 2(എസ്)-ൽ "21- ാം വകുപ്പിൻകീഴിൽ രൂപവൽക്കരിച്ചിട്ടുള്ള" എന്നത് ഒഴിവാക്കുക.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

324. ഖണ്ഡം 2(ഡബ്ല്യൂ)-ൽ "പരിശീലനത്തിനു" എന്നതിനുപകരം "പഠനത്തിനോ പരിശീലനത്തിനോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 222, 223 എന്നീ നമ്പർ ഭേദഗതികൾ 221-ാം നമ്പർ ഭേദഗതിക്കും 226-ാം നമ്പർ ഭേദഗതി 225-ാം നമ്പർ ഭേദഗതിക്കും 228-ാം നമ്പർ ഭേദഗതി 227-ാം നമ്പർ ഭേദഗതിക്കും 232-ാം നമ്പർ ഭേദഗതി 231-ാം നമ്പർ ഭേദഗതിക്കും 241, 242, 243, 244 എന്നീ നമ്പർ ഭേദഗതികൾ 240-ാം നമ്പർ ഭേദഗതിക്കും 245-ാം നമ്പർ ഭേദഗതി 246-ാം നമ്പർ ഭേദഗതിക്കും 252-ാം നമ്പർ ഭേദഗതി 251-ാം നമ്പർ ഭേദഗതിക്കും 254, 255 എന്നീ നമ്പർ ഭേദഗതികൾ 253-ാം നമ്പർ ഭേദഗതിക്കും 257-ാം നമ്പർ ഭേദഗതി 256-ാം നമ്പർ ഭേദഗതിക്കും 261, 263, 264 എന്നീ നമ്പർ ഭേദഗതികൾ 262-ാം നമ്പർ ഭേദഗതിക്കും 279, 281, 282 എന്നീ നമ്പർ ഭേദഗതികൾ 280-ാം നമ്പർ ഭേദഗതിക്കും 285, 286 എന്നീ നമ്പർ ഭേദഗതികൾ 284-ാം നമ്പർ ഭേദഗതിക്കും 291, 292, 294 എന്നീ നമ്പർ ഭേദഗതികൾ 293-ാം നമ്പർ ഭേദഗതിക്കും 296, 297 എന്നീ നമ്പർ ഭേദഗതികൾ 295-ാം നമ്പർ ഭേദഗതിക്കും 302, 304 എന്നീ നമ്പർ ഭേദഗതികൾ 303-ാം നമ്പർ ഭേദഗതിക്കും 308, 309 എന്നീ നമ്പർ ഭേദഗതികൾ 307-ാം നമ്പർ ഭേദഗതിക്കും 322, 323 എന്നീ നമ്പർ ഭേദഗതികൾ 321-ാം നമ്പർ ഭേദഗതിക്കും 325, 326 എന്നീ നമ്പർ ഭേദഗതികൾ 327-ാം നമ്പർ ഭേദഗതിക്കും 330-ാം നമ്പർ ഭേദഗതി 331-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 240-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടില്ലാത്തതിനാൽ ഞാൻ അത് ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

240. ഖണ്ഡം 2(സി)-ൽ "വകുപ്പിൽ" എന്നതിനു പകരം"വകുപ്പിൻ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 270, 331 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 220, 240 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 246-ാം നമ്പർ

ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 270, 331 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 221, 227, 233, 283, 312 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 224, 234, 303, 305 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 229, 247, 277, 320, 335 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 230, 328 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 235, 238, 251, 262, 266, 273 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 236, 237, 260, 265, 267, 268, 278, 290 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 239, 334 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 249, 316, 329 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 250, 289 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 258, 271, 306 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 259, 333 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 274, 311, 317, 318 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 275, 288, 299, 300, 301, 314, 315, 319 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 276, 287, 298 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 280-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 310-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വകുപ്പ്

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

336. ഖണ്ഡം 3(1)-ൽ "നൂതന വിദ്യ" എന്നത് ഒഴിവാക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

337. ഖണ്ഡം3(1)ൽ "സ്ഥാപിക്കപ്പെടുന്നതും ഏകാംഗീകരിക്കപ്പെടുന്നതുമാണ്" എന്നതിനുപകരം "സ്ഥാപിക്കേണ്ടതും ഏകാംഗീകരിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

348. ഖണ്ഡം 3(3)-ൽ (i) "ആക്ടിൽ"എന്നതിനുപകരം "ആക്ടിലെ 10, 11 വകുപ്പുകളിൽ" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നവും ചേർക്കുക.

(ii) "അതിനുകീഴിൽ" എന്നതിനുപകരം "ആക്റ്റിനുകീഴിൽ" എന്ന് ചേർക്കുക

353. ഖണ്ഡം 3(4)-ൽ "വസ്തു" എന്നതിനുപകരം " വസ്തുക്കൾ" എന്ന് ചേർക്കുക.

362. ഖണ്ഡം 3(4)-ൽ "വിൽക്കുന്നതിനോ മറ്റു വിധത്തിൽ കൈമാറ്റം ചെയ്യുന്നതിനോ" എന്നത് ഒഴിവാക്കുക.

366. ഖണ്ഡം 3(4)-ൽ " നികായത്തിൽ നിന്നോ" എന്നതിനുശേഷം " സർക്കാരിന്റെ മുൻകൂർ അനുമതിയോടെ" എന്ന് ചേർക്കുക.

374. ഖണ്ഡം 3(5)-ൽ " സർവ്വകലാശാലയ്ക്കുവേണ്ടിയോ" എന്നതിനുപകരം " സർവ്വകലാശാലയ്ക്ക് വേണ്ടിയോ" എന്ന് ചേർക്കുക.

392. ഖണ്ഡം 3(5)-ൽ "നൽകേണ്ടതും" എന്നതിനുശേഷം "രജിസ്ട്രാർ മുഖേന" എന്ന് ചേർക്കുക.

408. ഖണ്ഡം 3(6)-ൽ "സർവ്വകലാശാലയ്ക്ക്" എന്നതിനുശേഷം "അധികമായി" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

338. ഖണ്ഡം 3(2)-ൽ "തിരുവനന്തപുരം" എന്നതിന് പകരം "തലസ്ഥാന" എന്ന് ചേർക്കുക.

384. ഖണ്ഡം 3(5)-ൽ "സത്യ ബോധപ്പെടുത്തേണ്ടതും" എന്നതിനുപകരം "സാക്ഷ്യപ്പെടുത്തേണ്ടതും" എന്ന് ചേർക്കുക.

385. ഖണ്ഡം 3(5)-ൽ "എല്ലാ പ്രോസസ്സുകളും" എന്നതിനുപകരം "എല്ലാ നടപടിക്രമങ്ങളും" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

341. ഖണ്ഡം 3(2) താഴെപ്പറയുംപ്രകാരം മാറ്റുക:

" (2) സർവ്വകലാശാലയുടെ ആസ്ഥാനം എറണാകുളം ജില്ലയിൽ ആയിരിക്കുന്നതാണ്" .

396. ഖണ്ഡം 3(6)-ൽ "ദരിദ്രരും നിർദ്ധനരുമായ വിഭാഗങ്ങൾക്ക്" എന്നതിനുപകരം "സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കാവസ്ഥയിലുള്ള ജനവിഭാഗങ്ങൾക്ക്" എന്ന് ചേർക്കുക.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

345. ഖണ്ഡം 3(2) താഴെപ്പറയുംപ്രകാരം മാറ്റുക:

" (2) സർവ്വകലാശാലയുടെ ആസ്ഥാനം കോട്ടയം ജില്ലയിൽ ആയിരിക്കുന്നതാണ്" .

398. ഖണ്ഡം 3(6)-ൽ "ദരിദ്രരും നിർധനരുമായ" എന്നതിനുപകരം "സാമൂഹികമായോ സാമ്പത്തികമായോ പിന്നോക്കാവസ്ഥയിലുള്ളവർക്കും പാർശ്വവൽകൃതമായ ജനവിഭാഗങ്ങൾക്കും" എന്ന് ചേർക്കുക.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

347. ഖണ്ഡം 3(2) താഴെപ്പറയുംപ്രകാരം മാറ്റുക:

" (2) സർവ്വകലാശാലയുടെ ആസ്ഥാനം തിരുവനന്തപുരം ജില്ലയിൽ ആയിരിക്കുന്നതും റീജണൽ ഓഫീസുകൾ എറണാകുളം മലപ്പുറം ജില്ലാ ആസ്ഥാനങ്ങളിൽ ആയിരിക്കുന്നതുമാണ്"

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

349. ഖണ്ഡം 3(3)-ൽ " മറ്റ് അധികാര സ്ഥാനങ്ങളും " എന്നതിനുശേഷം " അധ്യാപകരും മറ്റെല്ലാ ഉദ്യോഗസ്ഥരും" എന്നു ചേർക്കുക.

357. ഖണ്ഡം 3(4)-ൽ "സ്ഥാവരമോ ജംഗമമോ" എന്നതിനുപകരം " സ്ഥാവരജംഗമ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

354. ഖണ്ഡം 3(4)-ൽ " വസ്തു" എന്നതിനുപകരം " വസ്തുവകകൾ" എന്ന് ചേർക്കുക.

368. ഖണ്ഡം 3(4)-ൽ " ഉദ്ദേശ്യങ്ങൾക്കായി വേണ്ടതായ" എന്നതിനുപകരം " ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിനായി" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിജിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

356. ഖണ്ഡം 3(4)-ൽ "നിക്ഷിപ്തിമാക്കപ്പെട്ടിട്ടുള്ളതോ" എന്നതിനുപകരം " നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ളതോ" എന്ന് ചേർക്കുക.

403. ഖണ്ഡം 3(6)-ൽ (i) "സബ്സിഡി നിരക്കിൽ" എന്നതിനുപകരം "ഇളവ്" എന്ന് ചേർക്കുക.

(ii) "സർവ്വകലാശാലയ്ക്ക് ബാധ്യതയാകുന്ന സബ്സിഡി തുക സർക്കാർ വഹിക്കേണ്ടതാണ്." എന്നതിനുപകരം "സർവ്വകലാശാല അതിനു തയ്യാറാകേണ്ടതാണ്." എന്ന് ചേർക്കുക.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

359. ഖണ്ഡം 3(4)-ൽ "ഏതൊരു വസ്തുവും" എന്നതിനുശേഷം " സർക്കാരിന്റെ അനുമതിയോടെ" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

360. ഖണ്ഡം 3(4)-ൽ "വസ്തുവും" എന്നതിനുശേഷം " സർവ്വകലാശാലയുടെ ഉത്തമമായ ആവശ്യത്തിനോ അല്ലെങ്കിൽ അതിന്റെ വികസനം ലക്ഷ്യമാക്കികൊണ്ടുള്ള ഒരു കാര്യത്തിനോ വേണ്ടി സർക്കാരിന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതി വാങ്ങിയതിനുശേഷം" എന്ന് ചേർക്കുക.

370. ഖണ്ഡം 3(4)-ൽ " അധികാരത്തോടുകൂടി" എന്നതിനുപകരം " ക്ഷമത ഉണ്ടായിരിക്കുന്നതും" എന്ന് ചേർക്കുക.

381. ഖണ്ഡം 3(5)-ൽ " ആളോ" എന്നതിനുപകരം" ഉദ്യോഗസ്ഥനോ" എന്ന് ചേർക്കുക.

ഭേദഗതി നമ്പർ 360-ൽ സർവ്വകലാശാലയുടെ സ്ഥാവര ജംഗമ വസ്തുക്കൾ പാട്ടത്തിന് നൽകുന്നതിനും വിൽക്കുന്നതിനും മറ്റ് വിധത്തിൽ കൈമാറ്റം ചെയ്യുന്നതിനും പണം കടം വാങ്ങുന്നതിനും സർവ്വകലാശാലയ്ക്ക് അധികാരമുണ്ടെന്നാണ് പറയുന്നത്. എന്നാൽ ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിന് സർക്കാരിന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതി വാങ്ങിയിരിക്കണമെന്ന വ്യവസ്ഥകൂടി ഈ ക്ലോസിൽ ഉൾപ്പെടുത്തണമെന്നാണ് എന്റെ ഭേദഗതി.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

361. ഖണ്ഡം 3(4)-ൽ "നൽകുന്നതിനോ വിൽക്കുന്നതിനോ മറ്റുവിധത്തിൽ കൈമാറ്റം ചെയ്യുന്നതിനോ" എന്നതിനുപകരം " നൽകുന്നതിനും വിൽക്കുന്നതിനും മറ്റുവിധത്തിൽ കൈമാറ്റം ചെയ്യുന്നതിനും" എന്ന് ചേർക്കുക.

393. ഖണ്ഡം 3(6)-ൽ "ദരിദ്രരും" എന്ന വാക്ക് ഒഴിവാക്കുക.

394. ഖണ്ഡം 3(6)-ൽ "നിർദ്ധനരുമായ" എന്നതിനുപകരം "നിർദ്ധനരായ" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

363. ഖണ്ഡം 3(4)-ൽ "മറ്റുവിധത്തിൽ കൈമാറ്റം ചെയ്യുന്നതിനോ" എന്നതിനുപകരം " നിയമപ്രകാരം കൈമാറ്റം ചെയ്യുന്നതിനോ" എന്ന് ചേർക്കുക.

391. ഖണ്ഡം 3(5)-ൽ "രജിസ്ട്രാർക്ക്" എന്നതിനുശേഷം "യഥാസമയം" എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

364. ഖണ്ഡം 3(4)-ൽ "മറ്റേതെങ്കിലും സംസ്ഥാന സർക്കാരിൽ നിന്നോ" എന്നത് ഒഴിവാക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

365. ഖണ്ഡം 3(4)-ൽ "ഏകാംഗീകൃത നികായത്തിൽ" എന്നതിനുപകരം " അംഗീകൃത സ്ഥാപനത്തിൽ" എന്ന് ചേർക്കുക.

379. ഖണ്ഡം 3(5)-ൽ " അദ്ദേഹം" എന്നതിനുപകരം "അല്ലെങ്കിൽ രജിസ്ട്രാർ" എന്ന് ചേർക്കുക.

380. ഖണ്ഡം 3(5)-ൽ " ആളോ" എന്നതിനുപകരം "ഉദ്യോഗസ്ഥരോ" എന്ന് ചേർക്കുക.

402. ഖണ്ഡം 3(6)-ൽ "വിഭാഗങ്ങൾക്ക്" എന്നതിനുപകരം "വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് " എന്ന് ചേർക്കുക.

405. ഖണ്ഡം 3(6)-ൽ "സർക്കാർ തീരുമാനിക്കുന്നിടത്ത്" എന്നതിനുപകരം" സർക്കാർ തീരുമാനിക്കുന്ന സന്ദർഭങ്ങളിൽ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

367. ഖണ്ഡം 3(4)-ൽ " കരാറിലേർപ്പെടുന്നതിനും" എന്നതിനുശേഷം " സംഭാവനകൾ സ്വീകരിക്കുന്നതിനും" എന്നു ചേർക്കുക.

401. ഖണ്ഡം 3(6)-ൽ "ദരിദ്രരും നിർധനരുമായ" എന്നതിനുശേഷം "പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

371. ഖണ്ഡം 3(4)-ൽ " ശാശ്വതമായ" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

377. ഖണ്ഡം 3(5)-ൽ " രജിസ്ട്രാറോ അദ്ദേഹം ഇതിലേക്കായി അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആളോ" എന്നതിനുപകരം "രജിസ്ട്രാർ" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

383. ഖണ്ഡം 3(5)-ൽ "സത്യ ബോധപ്പെടുത്തേണ്ടതും" എന്നതിനുപകരം "സത്യം ബോധ്യപ്പെടുത്തേണ്ടതും" എന്ന് ചേർക്കുക.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

388. ഖണ്ഡം 3(5)-ൽ "പ്രോസസ്സുകളും" എന്നതിനുപകരം "നോട്ടീസുകളും അറിയിപ്പുകളും" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

390. ഖണ്ഡം 3(5)-ൽ "പ്രോസസ്സുകളും" എന്നതിനുപകരം "പ്രോസസുകളും" എന്ന് ചേർക്കുക.

409. ഖണ്ഡം 3(6)-ൽ "ബാദ്ധ്യതയാകുന്ന" എന്നതിനുശേഷം വരുന്ന "സബ്സിഡി" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

395. ഖണ്ഡം 3(6)-ൽ "ദരിദ്രരും നിർദ്ധനരുമായ" എന്നതിനുപകരം "ദുർബല" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

404. ഖണ്ഡം 3(6)-ൽ (i) "സബ്സിഡി നിരക്കിൽ" എന്നതിനുപകരം "സൗജന്യ നിരക്കിൽ" എന്ന് ചേർക്കുക.

(ii) "ബാദ്ധ്യതയാകുന്ന" എന്ന വാക്കിനുശേഷം വരുന്ന "സബ്സിഡി" എന്ന വാക്ക് ഒഴിവാക്കുക.

മി. സ്പീക്കർ: 342, 343 എന്നീ നമ്പർ ഭേദഗതികൾ 341-ാം നമ്പർ ഭേദഗതിക്കും 373-ാം നമ്പർ ഭേദഗതി 372-ാം നമ്പർ ഭേദഗതിക്കും 378-ാം നമ്പർ ഭേദഗതി 377-ാം നമ്പർ ഭേദഗതിക്കും 381-ാം നമ്പർ ഭേദഗതി 382-ാം നമ്പർ ഭേദഗതിക്കും 386-ാം നമ്പർ ഭേദഗതി 385-ാം നമ്പർ ഭേദഗതിക്കും 397-ാം നമ്പർ ഭേദഗതി 396-ാം നമ്പർ ഭേദഗതിക്കും 399-ാം നമ്പർ ഭേദഗതി 400-ാം നമ്പർ ഭേദഗതിക്കും 407-ാം നമ്പർ ഭേദഗതി 406-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 375-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടില്ലാത്തതിനാൽ ഞാൻ അത് ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

375. ഖണ്ഡം 3(5)-ൽ " നിയമ നടപടികളിലെയും" എന്നതിനുപകരം " നിയമനടപടികളിലെയും" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 356-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 375-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. എം. വിജിൻ അവതരിപ്പിച്ച 356-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 336-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 337, 348, 353, 362, 366, 374, 392, 408 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 338, 384, 385 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 341, 396 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 345, 398 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 347-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 349, 357 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 354, 368 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 403-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 359-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 360, 370, 381 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 361, 393, 394 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 363, 391 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 364-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 365, 379, 380, 402, 405 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 367, 401 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 371-ാം എന്നീ നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 377-ാം എന്നീ നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 383-ാം എന്നീ നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 388-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 390, 409 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 404-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## നാലാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

411. ഖണ്ഡം 4(എ)-ൽ "വിവര സാങ്കേതികവിദ്യയിലും" എന്നതിനുപകരം "വിവരസാങ്കേതികവിദ്യയിലും" എന്ന് ചേർക്കുക.

431. ഖണ്ഡം 4(ബി)-ൽ “ ഗവേഷണ" എന്നതിനുശേഷം "പരിശീലന" എന്ന് ചേർക്കുക.

444. ഖണ്ഡം 4(സി)-ൽ

(i) "ആനുഷംഗികമോ" എന്നതിനുപകരം "ആനുഷംഗികമായതോ" എന്ന് ചേർക്കുക

(ii) "കാര്യങ്ങളിലും" എന്നതിന് പകരം "മേഖലകളിലും" എന്ന് ചേർക്കുക.

448. ഖണ്ഡം 4(ഡി)-ൽ

(i) "വിവരസാങ്കേതിക വിദ്യയിലും" എന്നതിനുപകരം "വിവരസാങ്കേതികവിദ്യയിലും" എന്ന് ചേർക്കുക

(ii) "സാങ്കേതിക വിദ്യയിലും" എന്നതിനുപകരം "സാങ്കേതികവിദ്യയിലും" എന്ന് ചേർക്കുക.

455. ഖണ്ഡം 4(ഇ)-ൽ "അത്യന്താധുനികമായ " എന്നതിനുപകരം "അത്യന്താധുനിക" എന്ന് ചേർക്കുക.

459. ഖണ്ഡം 4 (എഫ്)-ൽ "സഹഅക്കാഡമിക” എന്നതിനുപകരം “ സഹഅക്കാദമിക ” എന്ന് ചേർക്കുക

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

412. ഖണ്ഡം 4(എ)-ൽ "സാങ്കേതിക വിദ്യയിലും" എന്നതിനുപകരം "വിവരസാങ്കേതിക നൂതനവിദ്യയിലും" എന്ന് ചേർക്കുക.

429. ഖണ്ഡം 4(ബി)-ൽ “ വൈവിധ്യങ്ങളായ" എന്നതിനുപകരം "വൈവിധ്യങ്ങളായതും പൊതുജനങ്ങളുടെ നന്മയ്ക്കും സാമൂഹ്യ വികസനത്തിനുമുതകുന്ന" എന്ന് ചേർക്കുക.

456. ഖണ്ഡം 4(ഇ)-ൽ "അത്യാധുനികമായ"എന്നതിനുശേഷം "ഡിജിറ്റൽ ശാസ്ത്രസാങ്കേതിക" എന്ന് ചേർക്കുക.

463. ഖണ്ഡം 4(ജി)-യിൽ "ലോകത്തിലെ” എന്നതിനുശേഷം “ ഡിജിറ്റൽ ശാസ്ത്രസാങ്കേതിക നൂതനവിദ്യാ രംഗത്തെ ” എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

413. ഖണ്ഡം 4(എ)-ൽ "മൾട്ടിഡിസിപ്ലിനറി ആപ്ലിക്കേഷനുകളിലും" എന്നതിനുപകരം "പ്രയോഗരംഗങ്ങളിലും" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

414. ഖണ്ഡം 4(എ)-ൽ "ആപ്ലിക്കേഷനുകളിലും" എന്നതിനുശേഷം "ബിരുദ" എന്ന് ചേർക്കുക.

461. ഖണ്ഡം 4 (എഫ്)-ൽ "സൃഷ്ടിക്കുക" എന്നതിനുപകരം " സൃഷ്ടിക്കുവാൻ കഴിയുന്ന വിധം ഡിജിറ്റൽ രംഗത്തെ നൂതന മേഖലകളിലും ആശയങ്ങളിലും പഠനഗവേഷണ പ്രോജക്ടുകൾ ഏറ്റെടുത്തു നടപ്പാക്കുക " എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

418. ഖണ്ഡം 4(എ)-ൽ "പരിശീലനം" എന്നതിനു മുൻപായി "പ്രായോഗിക" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

419. ഖണ്ഡം 4(എ)-ൽ "കൺസൾട്ടൻസി ജോലികൾ" എന്നത് ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

421. ഖണ്ഡം 4(എ)-ൽ "ജോലികൾ" എന്നതിനുശേഷം "പരിശീലനം" എന്ന് ചേർക്കുക.

436. ഖണ്ഡം 4(ബി)-ൽ "പ്രസക്തമായ കോഴ്സുകൾ" എന്നതിനുശേഷം "പരിശീലന പദ്ധതികൾ" എന്ന് ചേർക്കുക.

450. ഖണ്ഡം 4(ഡി)-ൽ "സാങ്കേതിക വിദ്യയിലും" എന്നതിനുശേഷം "നവീന കോഴ്സുകളും, സാങ്കേതിക പരിശീലനങ്ങളും ഒരുക്കുന്ന" എന്ന് ചേർക്കുക.

465. ഖണ്ഡം 4(ജി)-യിൽ "ആകർഷിക്കുകയും" എന്നതിനുശേഷം "അവരുടെ സാങ്കേതിക വിദ്യയും " എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

434. ഖണ്ഡം 4(ബി)-ൽ " പ്രസക്തമായ" എന്നതിനുപകരം "പ്രാധാന്യമുള്ള" എന്ന് ചേർക്കുക.

464. ഖണ്ഡം 4(ജി)-യിൽ "പ്രതിഭാശാലികളെ" എന്നതിനുപകരം " പ്രതിഭകളെ " എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

437. ഖണ്ഡം 4(ബി)-ൽ "ഡിജിറ്റൽ" എന്നതിനുശേഷം "ശാസ്ത്ര" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

438. ഖണ്ഡം 4(ബി)-ൽ "സാങ്കേതിക വിദ്യാരംഗത്ത് " എന്നതിനുപകരം "സാങ്കേതിക വിദ്യ രംഗത്തും തൊഴിൽ രംഗത്തും" എന്ന് ചേർക്കുക.

447. ഖണ്ഡം 4(ഡി)-ൽ "സേവന വിതരണം" എന്നതിനുപകരം "സേവനം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

439. ഖണ്ഡം 4(ബി)-ൽ "മാനവവിഭവ ശേഷി" എന്നതിനുപകരം "മാനവവിഭവ ശേഷിയും തൊഴിൽ പ്രാപ്തിയും" എന്നത് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

440. ഖണ്ഡം 4(സി)-ൽ "ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ" എന്നതിനുപകരം "ബന്ധപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

445. ഖണ്ഡം 4(സി) താഴെപ്പറയുംപ്രകാരം മാറ്റുക " (സി)ഡിജിറ്റൽ സാങ്കേതിക വിദ്യയിലും അതുമായി ബന്ധപ്പെട്ട് വരുന്ന മറ്റു വിഭാഗങ്ങളിലും മികവ് കൈവരിക്കുക".

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

453. ഖണ്ഡം 4(ഡി)-ൽ "ഒരു മാതൃകാപരമായ" എന്നതിനുപകരം "ഗുണപരമായ"എന്ന് ചേർക്കുക.

458. ഖണ്ഡം 4 (ഇ)-യിൽ "സേവനങ്ങളും വികസിപ്പിച്ചെടുക്കുന്നതിന്" എന്നതിനുപകരം " സേവനങ്ങളും വികസിപ്പിച്ചെടുക്കുന്നതിനും പ്രയോഗവൽക്കരണത്തിനും" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

454. ഖണ്ഡം 4(ഡി)-ൽ "മാതൃകാപരമായ" എന്നതിനുപകരം "ഘടനാപരമായ" എന്ന് ചേർക്കുക.

457. ഖണ്ഡം 4(ഇ)-ൽ "നൂതനവിദ്യകളും"എന്നതിനുപകരം "നൂതന സാങ്കേതിക വിദ്യകളും" എന്ന് ചേർക്കുക.

കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ എന്നാണ് ഇതിന്റെ പേര്. ഖണ്ഡം 4 (ഇ)-യിൽ 'നൂതനവിദ്യകളും' എന്നതിനുപകരം 'നൂതന സാങ്കേതികവിദ്യകളും' എന്ന് ചേർക്കുന്നതായിരിക്കും അഭികാമ്യം.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

460. ഖണ്ഡം 4 (എഫ്)-ൽ "സൃഷ്ടിക്കുക" എന്നതിനുപകരം " സൃഷ്ടിക്കുവാൻ കഴിയുന്ന വിധം ഡിജിറ്റൽ രംഗത്തെ നൂതന മേഖലകളിലും ആശയങ്ങളിലും പഠനഗവേഷണ പ്രോജക്ടുകൾ ഏറ്റെടുത്തു നടപ്പാക്കുക" എന്ന് ചേർക്കുക.

മി. സ്പീക്കർ: 415, 416 എന്നീ നമ്പർ ഭേദഗതികൾ 414-ാം നമ്പർ ഭേദഗതിക്കും 420-ാം നമ്പർ ഭേദഗതി 419-ാം നമ്പർ ഭേദഗതിക്കും 423, 424, 425 എന്നീ നമ്പർ ഭേദഗതികൾ 422-ാം നമ്പർ ഭേദഗതിക്കും 427-ാം നമ്പർ ഭേദഗതി 426-ാം നമ്പർ ഭേദഗതിക്കും 433-ാം നമ്പർ ഭേദഗതി 432-ാം നമ്പർ ഭേദഗതിക്കും 442-ാം നമ്പർ ഭേദഗതി 444(i)-ാം നമ്പർ ഭേദഗതിക്കും 451-ാം നമ്പർ ഭേദഗതി 452-ാം നമ്പർ ഭേദഗതിക്കും 461, 462 എന്നീ നമ്പർ ഭേദഗതികൾ 460-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 411, 444(i), 448 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 411, 444(i), 448 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 431, 444(ii) 455, 459 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 412, 429, 456, 463 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 413-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 414, 461 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 419-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 421, 436, 450, 465 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 434, 464 ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 437-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 438, 447 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 439-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 440-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 445-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 453, 458 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 454, 457 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 460-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ....

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

468. ഖണ്ഡം 5-ൽ

(i) (ഇ) ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കുക.

"(ഇ) സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും സർക്കാരിന്റെ അനുമതിയോടു കൂടി ഭാരതത്തിന്റെ മറ്റു ഭാഗങ്ങളിലും ഗവേഷണ വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കുക;".

(ii) (എഫ്) ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കുക.

"(എഫ്) സർക്കാരിന്റെ അംഗീകാരമുള്ള ഗവേഷണ സ്ഥാപനങ്ങളെയും പരിശീലന കേന്ദ്രങ്ങളെയും, സ്റ്റാറ്റ്യൂട്ടുകൾക്കനുസൃതമായി, സർവ്വകലാശാലയുടെ എക്സ്റ്റെൻഷൻ സെന്ററുകളായും സ്വതന്ത്രമായ മികവിന്റെ കേന്ദ്രങ്ങളായും പരിശീലന കേന്ദ്രങ്ങളായും ഔട്ട് റീച്ച് സെന്ററുകളായും പ്രവർത്തിക്കുന്നതിനായി അംഗീകാരം നൽകുക;" .

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

470. ഖണ്ഡം 5-ൽ "അധികാരങ്ങൾ" എന്നതിനുപകരം "അധികാരങ്ങളും കർത്തവ്യങ്ങളും" എന്ന് ചേർക്കുക.

499. ഖണ്ഡം 5(ബി)-ൽ "ബിരുദങ്ങളും" എന്നതിനുശേഷം "ഗവേഷണ ബിരുദങ്ങളും" എന്ന് ചേർക്കുക.

505. ഖണ്ഡം 5(സി)-ൽ "മറ്റു" എന്നതിനുപകരം "മറ്റ് അക്കാഡമിക" എന്ന് ചേർക്കുക.

507. ഖണ്ഡം 5(ഡി)-ൽ "സെന്ററുകളും" എന്നതിനുശേഷം "പ്രത്യേക പഠനകേന്ദ്രങ്ങളും" എന്ന് ചേർക്കുക.

530. ഖണ്ഡം 5(എഫ്)-ൽ " സർവ്വകലാശാലയ്ക്കകത്ത്" എന്നതിനുപകരം " സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

679. ഖണ്ഡം 5(എക്സ്)-ൽ " ചാർജ്ജുകളും" എന്നതിനുശേഷം " നിർണ്ണയിക്കുകയും" എന്ന് ചേർക്കുക.

702. ഖണ്ഡം 5(ഇസഡ്-ഇ)-ൽ

(i)"നിന്നും" എന്നതിനുശേഷം "കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ചട്ടങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃത- മായി" എന്നത് ചേർക്കുക.

(ii)"സ്വീകരിക്കുകയും" എന്നതിനുശേഷം "അങ്ങനെയുള്ള സംഭാവനകളോ ദാനങ്ങളോ സർവ്വകലാശാലയ്ക്ക് ഉചിതമെന്ന് കരുതുന്ന ഏതുവിധത്തിലും നിക്ഷേപിക്കുകയും അങ്ങനെയുള്ള നിധിയിൽ നിന്നും സ്കോളർഷിപ്പുകൾ, മെഡലുകൾ എന്നിവ ഏർപ്പെടുത്തുകയും ചെയ്യുക;" എന്നത് ചേർക്കുക.

714. ഖണ്ഡം 5(ഇസഡ്-ജി)-ൽ "വസ്തുവിന്റെ" എന്നതിനുപകരം "വസ്തുവകകളുടെയോ അല്ലാതെയോ" എന്നത് ചേർക്കുക.

717. ഖണ്ഡം 5(ഇസഡ്-എച്ച്)-നുശേഷം താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നത് പുനഃക്രമീകരിക്കുകയും ചെയ്യുക; " (ഇസഡ്-ഐ) വൈസ്-ചാൻസലർ ഒഴികെയുള്ള സർവ്വകലാശാലയുടെ ഉദ്യോഗസ്ഥരുടെ അധികാരങ്ങളും കർത്തവ്യങ്ങളും വ്യവസ്ഥ ചെയ്യുക;"

718. ഖണ്ഡം 5(ഇസഡ്-ഐ)-യ്ക്കുശേഷം താഴെപ്പറയുന്നത് (ഇസഡ്-ജെ) ആയി ചേർക്കുകയും ശേഷിക്കുന്നത് പുനഃക്രമീകരിക്കുകയും ചെയ്യുക:

" (ഇസഡ്-ജെ) സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ എന്നിവ ഉണ്ടാക്കുകയും അവ ഭേദഗതി ചെയ്യുകയോ മാറ്റം വരുത്തുകയോ റദ്ദ് ചെയ്യുകയോ ചെയ്യുക;"

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

476. ഖണ്ഡം 5(എ)-ൽ "നിശ്ചയിച്ചേക്കാവുന്ന" എന്നതിനുപകരം "നിശ്ചയിക്കുന്ന" എന്ന് ചേർക്കുക.

479. ഖണ്ഡം 5(എ)-ൽ "പ്രകാരമുള്ള" എന്നതിനുശേഷം "ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക' എന്നത് ചേർക്കുക.

484. ഖണ്ഡം 5(എ)-യിൽ " കൂടാതെ" എന്ന വാക്ക് ഒഴിവാക്കുക.

491. ഖണ്ഡം 5(ബി)-ൽ " നിശ്ചയിച്ചേക്കാവുന്ന" എന്നതിനുപകരം "നിശ്ചയിക്കുന്ന" എന്ന് ചേർക്കുക.

493. ഖണ്ഡം 5(ബി)-യിൽ " ഡിപ്ലോമകളും" എന്നതിനുശേഷം "ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും ഗവേഷണങ്ങളും മറ്റ്" എന്ന് ചേർക്കുക.

495. ഖണ്ഡം 5(ബി)-ൽ " പരീക്ഷിക്കുവാനുള്ള" എന്നതിനുപകരം "തെളിയിക്കുവാനുള്ള" എന്നത് ചേർക്കുക.

515. ഖണ്ഡം 5(ഇ)-ൽ " സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും" എന്നതിനുപകരം "സംസ്ഥാനത്തിനുള്ളിലും" എന്നത് ചേർക്കുക.

528. ഖണ്ഡം 5(എഫ്)-ൽ "കീഴിൽ" എന്നതിനുശേഷം"ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യാരംഗത്ത്" എന്ന് ചേർക്കുക.

532. ഖണ്ഡം 5(എഫ്)-ൽ " സെന്ററുകളായും" എന്നതിനുപകരം " കേന്ദ്രങ്ങളായും" എന്ന് ചേർക്കുക.

540. ഖണ്ഡം 5(ജി)-ൽ " വിഷയപരിമിതികളില്ലാത്തതായ" എന്നതിനുപകരം " ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക രംഗത്തെ" എന്ന് ചേർക്കുക.

544. ഖണ്ഡം 5(എച്ച്)-ൽ "സർവ്വകലാശാലയിൽ" എന്നതിനുമുൻപായി "ആളുകളെ നിയമിക്കുന്നതിനുള്ള അധികാരം പി.എസ്.സി.- ക്ക് കൈമാറുന്നതു വരെ"

എന്ന് ചേർക്കുക.

569. ഖണ്ഡം 5(ഐ)-ൽ പ്രോവിഡന്റ് ഫണ്ടും മറ്റു ബത്തകളും" എന്നതും "പ്രതീക്ഷകൾ"എന്നതും ഒഴിവാക്കുക.

589. ഖണ്ഡം 5(ജെ)-യിൽ "സർവ്വകലാശാലകളിലോ" എന്നതിനുശേഷം "സർക്കാർ അർദ്ധസർക്കാർ" എന്നത് ചേർക്കുക.

627. ഖണ്ഡം 5(ഒ)-ൽ, "സൃഷ്ടിക്കുകയും ധനസമാഹരണം നടത്തുകയും ചെയ്യുക" എന്നതിനുപകരം "സൃഷ്ടിക്കുക " എന്നത് ചേർക്കുക.

647. ഖണ്ഡം 5(ക്യൂ)-ൽ "ആളുകൾക്ക്" എന്നതിനുശേഷം "നിശ്ചിതകാലത്തേക്ക് " എന്നത് ചേർക്കുക.

666. ഖണ്ഡം 5(യു)-ൽ "വ്യത്യസ്ത" എന്നതിന് മുൻപായി "ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യകളിലെ" എന്നത് ചേർക്കുക.

668. ഖണ്ഡം 5(വി)-ൽ "സർവ്വകലാശാലയിലേയ്ക്കുള്ള" എന്നതിനുപകരം "സർവ്വകലാശാലയിലെ വിവിധ വിഷയങ്ങളിലെ പഠനത്തിനും ഗവേഷണത്തിനുമായി" എന്നത് ചേർക്കുക.

684. ഖണ്ഡം 5(വൈ)-ൽ “ പൊതുക്ഷേമവും” എന്നതിനുശേഷം “ പഠനവും” എന്നത് ചേർക്കുക.

687. ഖണ്ഡം 5(ഇസഡ്)-ൽ "പ്രത്യേക" എന്നതിന് ശേഷം "സ്ത്രീ സൗഹൃദ" എന്നത് ചേർക്കുക

709. ഖണ്ഡം 5(ഇസഡ്-എഫ്)-ന്റെ ക്ലിപ്ത നിബന്ധനയിൽ "സർക്കാരിന്റെ സഹായത്തോടെ" എന്നത് ഒഴിവാക്കുക.

716. ഖണ്ഡം 5(ഇസഡ്-എച്ച്)-ൽ "പരിപാടികൾ" എന്നതിനുപകരം "പദ്ധതികൾ" എന്നത് ചേർക്കുക.

722. ഖണ്ഡം 5(ഇസഡ്-ജെ)-ൽ "ആനുഷംഗികമായേക്കുന്നതോ" എന്നതിനുശേഷം വരുന്ന "സർവ്വകലാശാലയുടെ" എന്നത് നീക്കം ചെയ്യുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

478. ഖണ്ഡം 5(എ)-ൽ "നിശ്ചയിച്ചേക്കാവുന്ന പ്രകാരമുള്ള" എന്നതിനുപകരം "നടപ്പിൽ വരുത്തുന്ന' എന്ന് ചേർക്കുക.

601. ഖണ്ഡം 5(ജെ) താഴപ്പറയും പ്രകാരം മാറ്റുക: "അർഹരായ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള രീതി (Deputation/Working arrangement) വ്യക്തമാക്കികൊണ്ട് നിയമനം നടത്തുക"

629. ഖണ്ഡം 5(ഒ) താഴെപ്പറയുംപ്രകാരം മാറ്റുക. "(ഒ) ഗവേണത്തിലൂടെയും കൺസൾട്ടിംഗിലൂടെയും സർവ്വകലാശാലയുടെ തനത് വരുമാനം കണ്ടെത്തുക".

656. ഖണ്ഡം 5(എസ്)-ൽ " വിദ്യാർത്ഥികൾക്ക് ചുമത്തേണ്ട" എന്നതിന് പകരം "വിദ്യാർത്ഥികൾ നൽകേണ്ട ഫീസും" എന്ന് ചേർക്കുക.

723. ഖണ്ഡം 5(ഇസഡ്-ജെ) താഴെ പറയും പ്രകാരം മാറ്റുക. " (ഇസഡ്-ജെ) സർവ്വകലാശാലയുടെ ഏതെങ്കിലും തരത്തിലുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും, ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ആവശ്യമായ കാര്യങ്ങൾ ചെയ്യുക"

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

480. ഖണ്ഡം 5(എ)-ൽ "പഠന ശാഖകളിൽ" എന്നതിനുപകരം "വിഷയങ്ങളിൽ " എന്ന് ചേർക്കുക.

689. ഖണ്ഡം 5(ഇസഡ്-എ)-ൽ "വിദ്യാർത്ഥികളുടെ പെരുമാറ്റം നിയന്ത്രിക്കുക" എന്നതിനുപകരം "വിദ്യാർത്ഥികൾക്ക് പെരുമാറ്റചട്ടം ഉണ്ടാക്കുക" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

481. ഖണ്ഡം 5(എ)-ൽ "അദ്ധ്യാപനം" എന്നതിനുപകരം "അദ്ധ്യാപനവും പരിശീലനവും " എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

483. ഖണ്ഡം 5(എ)-യിൽ " പഠനസ്കൂളുകൾ" എന്നതിനുപകരം "സ്കൂളുകൾ" എന്ന് ചേർക്കുക.

501. ഖണ്ഡം 5(ബി)-ൽ "അക്കാഡമിക" എന്നതിനുപകരം "അക്കാദമിക" എന്ന് ചേർക്കുക.

511. ഖണ്ഡം 5(ഡി)-ൽ "പടുത്തുയർത്തുക" എന്നതിനുപകരം "സജ്ജമാക്കുക" എന്ന് ചേർക്കുക.

541. ഖണ്ഡം 5(ജി)-ൽ “ സേവനങ്ങളും” എന്നതിനുശേഷം “ സർവ്വകലാശാലയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് അനുസൃതമായി” എന്ന് ചേർക്കുക.

599. ഖണ്ഡം 5(ജെ)-ൽ "അദ്ധ്യാപകരായി" എന്നതിനുശേഷം "നിർണയിക്കപ്പെടുന്ന വ്യവസ്ഥകൾ അനുസരിച്ച്" എന്ന് ചേർക്കുക.

603. ഖണ്ഡം 5(എൽ)-ൽ "ഗവേഷണവും പ്രാക്ടീസും" എന്നതിനുപകരം "ഗവേഷണവും പരിശീലനവും" എന്ന് ചേർക്കുക.

649. ഖണ്ഡം 5(ആർ)-ൽ "അക്കാഡമിക" എന്നതിനുപകരം "അക്കാദമിക" എന്ന് ചേർക്കുക.

662. ഖണ്ഡം 5(റ്റി)-ൽ

i. “ കമ്പ്യൂട്ടർ" എന്നതിനുപകരം "കംപ്യൂട്ടർ" എന്ന് ചേർക്കുക.

ii. “ സെന്ററുകൾ" എന്നതിനുപകരം "ലാബുകൾ" എന്ന് ചേർക്കുക.

671. ഖണ്ഡം 5(വി)-ൽ “ എന്നിവ ഉൾപ്പെടാവുന്ന നിലവാരങ്ങൾ” എന്നതിനുപകരം “ എന്നിവയ്ക്ക് വേണ്ടിയുള്ള മാനദണ്ഡങ്ങളും നിലവാരങ്ങളും” എന്നത് ചേർക്കുക.

681. ഖണ്ഡം 5(വൈ)-ൽ “ താമസത്തിന്” എന്നതിനുപകരം “ താമസസൗകര്യങ്ങൾക്ക്” എന്ന് ചേർക്കുക.

705. ഖണ്ഡം 5(ഇസഡ്-ഇ)-ൽ "ദാനങ്ങളും" എന്നതിനുശേഷം "സ്റ്റാറ്റ്യൂട്ടിനും പ്രഖ്യാപിത ലക്ഷ്യങ്ങൾക്കും വിരുദ്ധമാകാത്ത രീതിയിൽ" എന്ന് ചേർക്കുക.

710. ഖണ്ഡം 5(ഇസഡ്-എഫ്)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ആവശ്യമുള്ളതാകുന്നു" എന്നതിനുപകരം "തേടേണ്ടതുമാകുന്നു" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

485. ഖണ്ഡം 5(എ)-യിൽ “ കൂടാതെ" എന്നതിനുശേഷം "പഠനത്തിനും” എന്ന് ചേർക്കുക.

567. ഖണ്ഡം 5(ഐ)-ൽ "കുറഞ്ഞ" എന്നതിനുപകരം "അവശ്യ" എന്ന് ചേർക്കുക.

593. ഖണ്ഡം 5(ജെ)-ൽ "ആളുകളെ" എന്നതിനുപകരം "നിശ്ചിതയോഗ്യതയുള്ളവരെ" എന്ന് ചേർക്കുക.

644. ഖണ്ഡം 5(ക്യൂ)-ൽ "സംഘടനകളിൽ" എന്നതിനുപകരം "നികായങ്ങളിൽ " എന്ന് ചേർക്കുക.

661. ഖണ്ഡം 5(റ്റി)-ൽ " കമ്പ്യൂട്ടർ സെന്ററുകൾ" എന്നതിനുമുൻപ് "പഠന മുറികൾ" എന്ന് ചേർക്കുക.

670. ഖണ്ഡം 5(വി)-ൽ "എന്നിവ ഉൾപ്പെടാവുന്ന" എന്നതിനുപകരം "എന്നിവയ്ക്ക്" എന്ന് ചേർക്കുക.

697. ഖണ്ഡം 5(ഇസഡ്-സി)-ൽ "നിയന്ത്രിക്കുകയും നടപ്പിലാക്കുകയും" എന്നതിനുപകരം "ഉറപ്പാക്കുകയും" എന്ന് ചേർക്കുക.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

486. ഖണ്ഡം 5(എ)-യിൽ " വ്യാപനത്തിനും" എന്നതിനുമുമ്പായി "വിജ്ഞാന" എന്ന് ചേർക്കുക.

562. ഖണ്ഡം 5(എച്ച്) താഴെപ്പറയുംപ്രകാരം മാറ്റുക. " (എച്ച്) സർവ്വകലാശാലയിൽ ഭരണപരമായ ആവശ്യങ്ങൾക്കുള്ളതോ അക്കാഡമിക ആവശ്യങ്ങൾക്കുള്ളതോ മറ്റുള്ളതോ ആയ തസ്തികകൾ സാഹചര്യം ആവശ്യപ്പെടുന്ന വിധം കരാറടിസ്ഥാനത്തിലോ സ്ഥിരാടിസ്ഥാനത്തിലോ സൃഷ്ടിക്കുകയും അത്തരം തസ്തികകളിൽ ആളുകളെ നിയമിക്കുകയും ചെയ്യുക; "

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

490. ഖണ്ഡം 5(എ)-യിൽ " വ്യവസ്ഥകൾ ഉണ്ടാക്കുക" എന്നതിനുപകരം "വ്യവസ്ഥകൾ ഉണ്ടാക്കുകയും റിഫ്രഷർ കോഴ്സുകളും, ട്രയിനിംഗ് പ്രോഗ്രാമുകളും സംഘടിപ്പിക്കുക;" എന്ന് ചേർക്കുക.

514. ഖണ്ഡം 5(ഡി)-ൽ " പടുത്തുയർത്തുക" എന്നതിനുശേഷം "ആയവ കേരളത്തിലെവിടെയും സ്ഥാപിക്കുക" എന്ന് ചേർക്കുക.

527. ഖണ്ഡം 5(എഫ്)-ൽ "കീഴിൽ" എന്നതിനു മുമ്പായി "കീഴിലുള്ളതും സ്വകാര്യസ്ഥാപനങ്ങളുടെ" എന്ന് ചേർക്കുക.

547. ഖണ്ഡം 5(എച്ച്)-ൽ "കരാറടിസ്ഥാനത്തിലുള്ളതോ" എന്നതിനുശേഷം "എംപ്ലോയിമെന്റ് എക്സ്ചേഞ്ച് വഴിയോ" എന്ന് ചേർക്കുക.

579. ഖണ്ഡം 5(ഐ)-ൽ "പാടില്ലാത്തതുമാണെന്നുറപ്പാക്കുക" എന്നതിനുശേഷം "കരാർവ്യവസ്ഥ" എന്ന് ചേർക്കുക.

597. ഖണ്ഡം 5(ജെ)-ൽ "നിശ്ചിതകാലയളവിലേക്ക്" എന്നതിനുശേഷം "ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ" എന്നു ചേർക്കുക.

613. ഖണ്ഡം 5(എം)-ൽ "മാനവിക വിഷയങ്ങളിലും" എന്നതിനുശേഷം "സാമൂഹ്യശാസ്ത്രത്തിലും" എന്ന് ചേർക്കുക.

624. ഖണ്ഡം 5(എൻ)-ൽ "സഹവർത്തിക്കുക" എന്നതിനുശേഷം "പ്രോജക്ടുകൾ നടപ്പിലാക്കുക" എന്ന് ചേർക്കുക.

638. ഖണ്ഡം 5(പി)-ൽ, "പരീക്ഷണശാല" എന്നതിനുശേഷം "സയന്റിഫിക് റിസർച്ച് സെന്ററുകൾ " എന്ന് ചേർക്കുക.

651. ഖണ്ഡം 5(ആർ)-ൽ "ഗവേഷണ" എന്നതിനുശേഷം "പരിശീലന വിഭാഗം" എന്ന് ചേർക്കുക.

690. ഖണ്ഡം 5(ഇസഡ്-എ)-ൽ "പെരുമാറ്റം" എന്നതിനുശേഷം "വിദ്വേഷസംഘടനപ്രവർത്തനം" എന്ന് ചേർക്കുക.

693. ഖണ്ഡം 5(ഇസഡ്-ബി)-ൽ "പെരുമാറ്റം" എന്നതിനുശേഷം "സംഘടനാപ്രവർത്തനം" എന്ന് ചേർക്കുക.

712. ഖണ്ഡം 5(ഇസഡ്-ജി)-ൽ "സർക്കാരിന്റെ" എന്നതിനുശേഷം "മുൻകൂർ" എന്നു ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

500. ഖണ്ഡം 5(ബി)-ൽ "മറ്റു" എന്ന വാക്കിനുപകരം "മറ്റ്" എന്ന വാക്ക് ചേർക്കുക.

504. ഖണ്ഡം 5(സി)-ൽ "മറ്റു" എന്നതിനുപകരം "മറ്റ്" എന്ന് ചേർക്കുക.

509. ഖണ്ഡം 5(ഡി)-ൽ "മറ്റു" എന്നതിനുപകരം "മറ്റ്" എന്നും "പടുത്തുയർത്തുക" എന്നതിനുപകരം "സ്ഥാപിക്കുക" എന്നും ചേർക്കുക.

561.ഖണ്ഡം 5(എച്ച്)-ൽ "ആളുകളെ നിയമിക്കുകയും ചെയ്യുക" എന്നതിനുപകരം "നിയമനം നടത്തുകയും ചെയ്യുക" എന്ന് ചേർക്കുക.

572. ഖണ്ഡം 5(ഐ)-ൽ

(i) "മറ്റു ബത്തകളും" എന്നതിനുപകരം "മറ്റ് ബത്തകളും" എന്ന് ചേർക്കുക.

(ii) "അക്കാഡമികവും" എന്നതിന് പകരം "അക്കാദമികവും"എന്നും ചേർക്കുക.

590. ഖണ്ഡം 5(ജെ)-യിൽ "സ്ഥാപനങ്ങളിലോ" എന്നതിനുമുൻപായി "ദേശീയ തലത്തിലുള്ള" എന്ന് ചേർക്കുക.

592. ഖണ്ഡം 5(ജെ)-ൽ "ആളുകളെ" എന്നതിനുപകരം "അദ്ധ്യാപകരെ" എന്ന് ചേർക്കുക

620. ഖണ്ഡം 5(എൻ)-ൽ "ഏറ്റെടുക്കുന്നതിനായി" എന്നതിനുപകരം "നടത്തുന്നതിനായി " എന്ന് ചേർക്കുക.

626. ഖണ്ഡം 5(ഒ)-ൽ, "സൃഷ്ടിക്കുകയും" എന്നതിനുപകരം "ആർജ്ജിക്കുകയും " എന്ന് ചേർക്കുക.

643. ഖണ്ഡം 5(ക്യൂ)-ൽ "അല്ലെങ്കിൽ രണ്ടിനും കൂടിയോ" എന്നതിനുപകരം "വേണ്ടി " എന്ന് ചേർക്കുക.

659. ഖണ്ഡം 5(എസ്)-ൽ " വിദ്യാർത്ഥികൾക്ക് ചുമത്തേണ്ട ഫീസും മറ്റു" എന്നതിനുപകരം "വിദ്യാർത്ഥികളിൽ നിന്നും ഈടാക്കേണ്ട ഫീസും മറ്റ്" എന്ന് ചേർക്കുക.

672. ഖണ്ഡം 5(വി)-ൽ " നിലവാരങ്ങൾ" എന്നതിനുപകരം " മാനദണ്ഡങ്ങൾ" എന്ന് ചേർക്കുക.

680. ഖണ്ഡം 5(എക്സ്)-ൽ " ആവശ്യപ്പെടുകയും" എന്നതിനുപകരം "നിശ്ചയിക്കുകയും" എന്ന് ചേർക്കുക.

706. ഖണ്ഡം 5(ഇസഡ്-ഇ)-ൽ "അതുപോലെയുള്ളവയും" എന്നതിനുശേഷം "അതതു സംഗതിപോലെ" എന്ന് ചേർക്കുക.

721. ഖണ്ഡം 5(ഇസഡ്-ജെ)-ൽ "ആവശ്യമായേക്കുന്നതോ ആനുഷംഗികമായേക്കുന്നതോ" എന്നതിനുപകരം "ആവശ്യമായേക്കാവുന്നതോ ആനുഷംഗികമായേക്കാവുന്നതോ" എന്ന്ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

508. ഖണ്ഡം 5(ഡി)-ൽ "സാമ്പത്തിക പ്രവർത്തന" എന്നതിനുപകരം "സാമ്പത്തികപരവും പ്രവർത്തനപരവുമായ" എന്ന് ചേർക്കുക.

526. ഖണ്ഡം 5(ഇ) ചുവടെപ്പറയും പ്രകാരം മാറ്റുക. "(ഇ) സർക്കാർ അനുമതിയോടെ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും മറ്റു സ്ഥലങ്ങളിൽ ഗവേഷണ, വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കുക;"

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

510. ഖണ്ഡം 5(ഡി)-ൽ "പടുത്തുയർത്തുക" എന്നതിനുപകരം "രൂപപ്പെടുത്തുക" എന്ന് ചേർക്കുക.

520. ഖണ്ഡം 5(ഇ)-ൽ " ഗവേഷണ" എന്ന വാക്കിനുമുൻപ് വരുന്ന "ഭാഗങ്ങളിലും" എന്ന വാക്കിനുപകരം "സംസ്ഥാനങ്ങളിലും" എന്ന് ചേർക്കുക.

529. ഖണ്ഡം 5(എഫ്)-ൽ " വ്യക്തമായ" എന്നതിനുപകരം " മുൻകൂർ" എന്ന് ചേർക്കുക.

598. ഖണ്ഡം 5(ജെ)-ൽ "കാലയളവിലേക്ക്" എന്നതിനുശേഷം "അന്യത്രസേവന വ്യവസ്ഥയിൽ" എന്ന് ചേർക്കുക.

602. ഖണ്ഡം 5(കെ)-ൽ "നിലനിറുത്തുന്നതിനുമായി" എന്നതിനുപകരം "നിലനിർത്തുന്നതിനുമായി" എന്ന് ചേർക്കുക.

628. ഖണ്ഡം 5(ഒ)-ൽ, "ധനസമാഹരണം നടത്തുകയും" എന്നത് ഒഴിവാക്കുക.

632. ഖണ്ഡം 5(പി)-ൽ, "അത്തരം" എന്നതിനുപകരം "അക്കാഡമിക്, ഗവേഷണ " എന്ന് ചേർക്കുക.

636. ഖണ്ഡം 5(പി)-ൽ, "വ്യവസായ - കോർപ്പറേറ്റ് സ്ഥാപനങ്ങൾ, പരീക്ഷണശാല" എന്നത് ഒഴിവാക്കുക.

658. ഖണ്ഡം 5(എസ്)-ൽ " വിദ്യാർത്ഥികൾക്ക് ചുമത്തേണ്ട" എന്നതിനുപകരം "വിദ്യാർത്ഥികളിൽ നിന്നും ഈടാക്കേണ്ട" എന്ന് ചേർക്കുക.

678. ഖണ്ഡം 5(ഡബ്ല്യു)-ൽ " സമ്മാനങ്ങളും" എന്നതിനുപകരം " അവാർഡുകളും" എന്ന് ചേർക്കുക.

683. ഖണ്ഡം 5(വൈ)-ൽ " പൊതുക്ഷേമവും" എന്നതിനുപകരം " ക്ഷേമവും" എന്ന് ചേർക്കുക.

685. ഖണ്ഡം 5(ഇസഡ്)-ൽ " വിദ്യാർത്ഥിനികളുടെ" എന്നതിനുശേഷം " താമസസൗകര്യത്തിന്റെ" എന്ന് ചേർക്കുക.

692. ഖണ്ഡം 5(ഇസഡ്-ബി)-ൽ "ജോലി" എന്നതിനുപകരം "സേവനങ്ങൾ" എന്ന് ചേർക്കുക.

696. ഖണ്ഡം 5(ഇസഡ്-സി)-ൽ "ജീവനക്കാരുടെയും" എന്നതിനുമുൻപ് "അദ്ധ്യാപകരുടെയും" എന്ന് ചേർക്കുക.

699. ഖണ്ഡം 5(ഇസഡ്-ഡി)-ൽ "പൊതുക്ഷേമവും" എന്നതിനുപകരം "ക്ഷേമവും" എന്ന് ചേർക്കുക.

700. ഖണ്ഡം 5(ഇസഡ്-ഇ)-ൽ "ആളുകളിൽ" എന്നതിനുപകരം "വ്യക്തികളിൽ" എന്ന് ചേർക്കുക.

713. ഖണ്ഡം 5(ഇസഡ്-ജി)-ൽ "വസ്തുവിന്റെ" എന്നതിനുപകരം "ആസ്തികളുടെ" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

512. ഖണ്ഡം 5(ഡി)-ൽ "പടുത്തുയർത്തുക" എന്നതിനുപകരം "സ്ഥാപിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക" എന്ന് ചേർക്കുക.

524. ഖണ്ഡം 5(ഇ)-ൽ "ഗവേഷണ" എന്നതിനുശേഷം "പഠന" എന്ന് ചേർക്കുക.

576. ഖണ്ഡം 5(ഐ)-ൽ "നിർണയിച്ചതിനേക്കാൾ ഉയർന്നതാകാവുന്നതും" എന്നതിനുപകരം "നിർണയിച്ച് അതിനേക്കാൾ ഉയർന്നത് ആകാൻ പാടില്ലാത്തതും" എന്ന് ചേർക്കുക.

609. ഖണ്ഡം 5(എൽ)-ൽ "സഹവർത്തിക്കുക" എന്നതിനുപകരം "സഹവർത്തിച്ച് പ്രവർത്തിക്കുക" എന്ന് ചേർക്കുക.

715. ഖണ്ഡം 5(ഇസഡ്-ജി)-ൽ "പണം" എന്നതിനുശേഷം "വായ്പ്പയെടുക്കുകയും കൃത്യമായി തിരിച്ചടക്കുകയും ചെയ്യുക" എന്ന് ചേർക്കുക.

719. ഖണ്ഡം 5(ഇസഡ്-ജെ)-ൽ "ആവശ്യമായേക്കുന്നതോ" എന്നതിനുപകരം "ആവശ്യമായേക്കാവുന്നതോ " എന്ന് ചേർക്കുക.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

513. ഖണ്ഡം 5(ഡി)-ൽ "പടുത്തുയർത്തുക" എന്നതിനുപകരം "സ്ഥാപിക്കുക" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

517. ഖണ്ഡം 5(ഇ)-ൽ, " മറ്റ്" എന്ന് വരുന്നിടത്തെല്ലാം പകരം "വിവിധ" എന്ന് ചേർക്കുക.

554. ഖണ്ഡം 5(എച്ച്)-ൽ "നിർവ്വഹിക്കുകയും" എന്ന വാക്ക് ഒഴിവാക്കുക.

625. ഖണ്ഡം 5(ഒ)-ൽ "ബൗദ്ധിക സ്വത്ത് സൃഷ്ടിക്കുകയും ധനസമാഹരണം നടത്തുകയും" എന്നതിനുപകരം "ബൗദ്ധികസ്വത്ത്, ധനസമാഹരണം എന്നിവ ആർജ്ജിക്കുക" എന്ന് ചേർക്കുക.

664. ഖണ്ഡം 5(റ്റി)-ൽ " ഗ്രന്ഥശാല" എന്നതിനുശേഷം "പരീക്ഷാ നടത്തിപ്പു കേന്ദ്രങ്ങൾ" എന്ന് ചേർക്കുക.

677. ഖണ്ഡം 5(ഡബ്ല്യൂ)-ൽ " ഫെലോഷിപ്പുകളും" എന്നതിനുമുൻപ് " അവാർഡുകളും" എന്ന് ചേർക്കുക.

707. ഖണ്ഡം 5(ഇസഡ്-എഫ്)-ൽ "സ്ഥാവരമോ ജംഗമമോ" എന്നതിനുപകരം "സ്ഥാവര ജംഗമ" എന്ന് ചേർക്കുക.

711. ഖണ്ഡം 5(ഇസഡ്-ജി)-ൽ "ആവശ്യങ്ങൾക്കായി" എന്നതിനുശേഷം "ജനറൽ കൗൺസിലിന്റെ തീരുമാനത്തിൽ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

519. ഖണ്ഡം 5(ഇ)-ൽ " ഭാരതത്തിന്റെ മറ്റു ഭാഗങ്ങളിലും" എന്നതിനുപകരം "രാജ്യത്തിന്റെ മറ്റു സംസ്ഥാന കേന്ദ്രങ്ങളിലും" എന്ന് ചേർക്കുക.

525. ഖണ്ഡം 5(ഇ)-ൽ "വിദ്യാഭ്യാസ കേന്ദ്രങ്ങൾ" എന്നതിനുപകരം "വിദ്യാഭ്യാസ സ്ഥാപനങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

521. ഖണ്ഡം 5(ഇ)-ൽ "ഭാരതത്തിന്റെ മറ്റു ഭാഗങ്ങളിലും" എന്നതിനുശേഷം "സർവ്വകലാശാലയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് അനുസൃതമായി" എന്ന് ചേർക്കുക.

548. ഖണ്ഡം 5(എച്ച്)-ൽ "ഭരണപരമായ ആവശ്യങ്ങൾക്കുള്ളതോ" എന്നതിനുശേഷം "അക്കാദമിക ചുമതലകൾ നിർവ്വഹിക്കുന്നതിനോ" എന്ന് ചേർക്കുക.

574. ഖണ്ഡം 5(ഐ)-ൽ "ശമ്പളഘടന നിശ്ചയിക്കുക" എന്നതിനുശേഷമുള്ള ഭാഗങ്ങൾ ഒഴിവാക്കുക.

641. ഖണ്ഡം 5(പി) താഴെപ്പറയും പ്രകാരം മാറ്റുക.

" (പി) സർവ്വകലാശാല നിശ്ചയിചേക്കാവുന്ന അത്തരം ആവശ്യങ്ങൾക്ക് വേണ്ടി അപ്രകാരമുള്ള രീതിയിൽ മുൻനിരയിൽ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും അംഗീകൃത സർവകലാശാല, ഉന്നത പഠനത്തിനുള്ള അതോറിറ്റി, ബോർഡ് ഓഫ് ഗവർണേഴ്സ് തീരുമാനിക്കുന്ന വ്യവസായ കോർപ്പറേറ്റ് സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിക്കുകയോ യോജിച്ച് പ്രവർത്തിക്കുകയോ സഹവർത്തിക്കുകയോ ചെയ്യുക".

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

533. ഖണ്ഡം 5(എഫ്)-ൽ " സ്വതന്ത്രമായ" എന്നതിനുപകരം " സർവ്വകലാശാലയുടെ കീഴിലുള്ള" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

534. ഖണ്ഡം 5(എഫ്)-ൽ " മികവിന്റെ" എന്നതിനുപകരം " ഉത്കൃഷ്ട" എന്ന് ചേർക്കുക.

584. ഖണ്ഡം 5(ഐ)-ൽ " ഉണ്ടാക്കുക;" എന്ന വാക്കിനും ചിഹ്നത്തിനും പകരം "രൂപീകരിക്കുക;" എന്ന വാക്കും ചിഹ്നവും ചേർക്കുക.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

539. ഖണ്ഡം 5(എഫ്)-ൽ " സംയോജിപ്പിക്കുക;" എന്ന വാക്കിനും ചിഹ്നത്തിനുംപകരം " സർവ്വകലാശാലയുടെ ഭാഗമാക്കുക;" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

555. ഖണ്ഡം 5(എച്ച്)-ൽ "അത്തരം തസ്തികകളിൽ ആളുകളെ നിയമിക്കുകയും ചെയ്യുക" എന്നതിനുപകരം "കരാറടിസ്ഥാനത്തിലുള്ളത് സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും, സ്ഥിരനിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും ആളുകളെ നിയമിക്കുകയും ചെയ്യുക" എന്ന് ചേർക്കുക.

591. ഖണ്ഡം 5(ജെ)-ൽ "ആളുകളെ" എന്നതിനുമുമ്പ് "നിശ്ചിത യോഗ്യതയുള്ള" എന്ന് ചേർക്കുക.

637. ഖണ്ഡം 5(പി)-ൽ, "വ്യവസായ - കോർപ്പറേറ്റ് സ്ഥാപനങ്ങൾ" എന്നത് ഒഴിവാക്കുക.

665. ഖണ്ഡം 5(റ്റി)-ൽ " ഗ്രന്ഥശാല" എന്നതിന് ശേഷം "ഡിജിറ്റൽ ലൈബ്രറി" എന്ന് ചേർക്കുക.

669. ഖണ്ഡം 5(വി)-ൽ "പരീക്ഷ, മൂല്യനിർണ്ണയം" എന്നീ പദങ്ങൾക്കിടയിൽ "അഭിമുഖം" എന്ന് ചേർക്കുക.

686. ഖണ്ഡം 5(ഇസഡ്)-ൽ "വിദ്യാർത്ഥിനികളുടെ കാര്യത്തിൽ" എന്നതിനുപകരം "വിദ്യാർത്ഥിനികളുടെ ക്ഷേമത്തിന്റെ കാര്യത്തിൽ എന്നതും" "പ്രത്യേക ക്രമീകരണങ്ങൾ"എന്നതിനുപകരം "പ്രത്യേക സ്ത്രീ സൗഹൃദ ക്രമീകരണങ്ങൾ" എന്നതും ചേർക്കുക.

688. ഖണ്ഡം 5(ഇസഡ്-എ) ഒഴിവാക്കുക

703. ഖണ്ഡം 5(ഇസഡ്-ഇ)-ൽ "സഹായങ്ങളും സംഭാവനകളും ദാനങ്ങളും" എന്നതിനുപകരം "നിയമ വിധേയമായ സഹായങ്ങളും സംഭാവനകളും ദാനങ്ങളും" എന്ന് ചേർക്കുക.

സർവ്വകലാശാലകളിലെ നിയമനം (എച്ച്)-ൽ കരാറടിസ്ഥാനത്തിലോ ഭരണപരമായ ആവശ്യങ്ങൾക്കുള്ളതോ മിനിസ്റ്റീരിയലോ മറ്റുള്ളതോ ആയ തസ്തികകൾ സൃഷ്ടിക്കുകയും നിർവ്വഹിക്കുകയും അത്തരം തസ്തികകളിൽ ആളെ നിയമിക്കുകയും ചെയ്യുക. പി.എസ്.സി.-ക്ക് വിടുമെന്ന് മന്ത്രി മറുപടി പറഞ്ഞിരുന്നു. എന്റെ ഭേദഗതി മന്ത്രി പറഞ്ഞ മറുപടി തന്നെയാണ്. ഖണ്ഡം 5(എച്ച്)-ൽ "അത്തരം തസ്തികകളിൽ ആളുകളെ നിയമിക്കുകയും ചെയ്യുക" എന്നതിനുപകരം "കരാറടിസ്ഥാനത്തിലുള്ളത് സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും, സ്ഥിരനിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും ആളുകളെ നിയമിക്കുകയും ചെയ്യുക" എന്ന് ചേർക്കുക എന്നതാണ് എന്റെ ഭേദഗതി. ബഹുമാനപ്പെട്ട മന്ത്രി വാക്കുതന്ന കാര്യം തന്നെയാണിത്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

568. ഖണ്ഡം 5(ഐ)-ൽ "മാനദണ്ഡങ്ങൾ പാലിക്കുന്നതിനുവേണ്ടി" എന്നതിന് പകരം " മാനദണ്ഡങ്ങൾക്കനുസൃതമായി " എന്ന് ചേർക്കുക.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

577. ഖണ്ഡം 5(ഐ)-ൽ "എല്ലാ അക്കാഡമികവും അദ്ധ്യാപനവും മറ്റ് ജീവനക്കാർക്കും വേണ്ടിയുള്ള കരാറുമായിചേർന്നു കൊണ്ടുള്ള കരാർ നിബന്ധനകൾക്കും" എന്നതിനുപകരം "കരാർ നിയമനങ്ങളുടെ കാര്യത്തിൽ" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

605. ഖണ്ഡം 5(എൽ)-ൽ "വ്യവസായ സ്ഥാപനങ്ങളുമായും സർക്കാരേതര സംഘടനകളുമായും മറ്റു ഗവേഷണ സംഘടനകളുമായും സഹവർത്തിക്കുക" എന്നതിനുപകരം " ബോർഡ് ഓഫ് ഗവർണേഴ്സ് തെരഞ്ഞെടുക്കുന്ന വ്യവസായ സ്ഥാപനങ്ങളുമായും സർക്കാരേതര സ്ഥാപനങ്ങളുമായും മറ്റു ഗവേഷണ സ്ഥാപനങ്ങളുമായും സർവ്വകലാശാലയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് വിരുദ്ധമാകാത്ത രീതിയിൽ സഹവർത്തിക്കുക" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

614. ഖണ്ഡം 5(എം)-ൽ "ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഗവേഷണ കേന്ദ്രങ്ങളുടെ" എന്നതിനുപകരം "പ്രാധാന്യം നൽകുന്ന" എന്നത് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

630.ഖണ്ഡം 5(പി)-ൽ, "നിശ്ചയിച്ചേക്കാവുന്ന അത്തരം" എന്നതിനുപകരം "നിശ്ചയിക്കുന്ന " എന്ന് ചേർക്കുക

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

645. ഖണ്ഡം 5(ക്യൂ)-ൽ "സംഘടനകളിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് " എന്നതിനുപകരം " സ്ഥാപനങ്ങളിലെ യു.ജി.സി. ഉൾപ്പെടെയുള്ള റെഗുലേറ്ററി ബോർഡുകളുടെ മാനദണ്ഡങ്ങൾ പ്രകാരം യോഗ്യതയുള്ള" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

655. ഖണ്ഡം 5(എസ്)-ൽ "വിദ്യാർത്ഥികൾക്ക് ചുമത്തേണ്ട" എന്നതിനുപകരം "വിദ്യാർത്ഥികളിൽ നിന്നും ഈടാക്കേണ്ട" എന്ന് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

674. ഖണ്ഡം 5(വി)-ൽ " നിലവാരങ്ങൾ" എന്നതിനുശേഷം "സ്റ്റാറ്റ്യൂട്ടുകൾക്കും യുജിസി മാനദണ്ഡങ്ങൾക്കും അനുസൃതമായി" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

682. ഖണ്ഡം 5(വൈ)-ൽ "താമസത്തിന്" എന്നതിനുശേഷം " സൗകര്യമൊരുക്കുകയും" എന്നത് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

691. ഖണ്ഡം 5(ഇസഡ്-എ)-ൽ "നിയന്ത്രിക്കുക" എന്നതിനുപകരം "ചിട്ടപ്പെടുത്തുക" എന്നത് ചേർക്കുക.

695. ഖണ്ഡം 5(ഇസഡ്-ബി)-ൽ "നിയന്ത്രിക്കുകയും" എന്നതിനുപകരം "ചിട്ടപ്പെടുത്തുകയും" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

698. ഖണ്ഡം 5(ഇസഡ്-സി)-ൽ "നിയന്ത്രിക്കുകയും നടപ്പിലാക്കുകയും, ഇതിലേയ്ക്കായി" എന്നീ വാക്കുകൾക്കും ചിഹ്നത്തിനുംപകരം "പുലർത്തുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

724. ഖണ്ഡം 5(ഇസഡ്-ജെ)-ക്ക് ശേഷം താഴെപ്പറയുംപ്രകാരം ചേർക്കുക.

"(ഇസഡ്-കെ) വർഷാ വർഷം ഓരോ ബ്രാഞ്ചിലും ഏറ്റവും മികവ് പുലർത്തുന്ന 5 വീതം വിദ്യർത്ഥികൾക്കും ഏറ്റവും മികവ് പുലർത്തുന്ന രണ്ട് അദ്ധ്യാപകർക്കും അവാർഡ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക."

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

725. ഖണ്ഡം 5(ഇസഡ്-ജെ)-ക്ക് ശേഷം (ഇസഡ്-കെ) ആയി താഴെ പറയും പ്രകാരം ചേർക്കുക.

"(ഇസഡ്-കെ) വർഷാ വർഷം ഓരോ ബ്രാഞ്ചിലും ഏറ്റവും മികവ് പുലർത്തുന്ന മൂന്ന് വീതം വിദ്യർത്ഥികൾക്കും ഏറ്റവും മികവ് പുലർത്തുന്ന രണ്ട് അദ്ധ്യാപകർക്കും അവാർഡ് നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുക."

മി. സ്പീക്കർ: 469-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. 472, 473 എന്നീ നമ്പർ ഭേദഗതികൾ 471-ാം നമ്പർ ഭേദഗതിക്കും 475-ാം നമ്പർ ഭേദഗതി 474-ാം നമ്പർ ഭേദഗതിക്കും 477-ാം നമ്പർ ഭേദഗതി 476-ാം നമ്പർ ഭേദഗതിക്കും 488-ാം നമ്പർ ഭേദഗതി 487-ാം നമ്പർ ഭേദഗതിക്കും 492-ാം നമ്പർ ഭേദഗതി 491-ാം നമ്പർ ഭേദഗതിക്കും 497, 498 എന്നീ നമ്പർ ഭേദഗതികൾ 496-ാം നമ്പർ ഭേദഗതിക്കും 502, 503 എന്നീ നമ്പർ ഭേദഗതികൾ 501-ാം നമ്പർ ഭേദഗതിക്കും 522, 523 എന്നീ നമ്പർ ഭേദഗതികൾ 521-ാം നമ്പർ ഭേദഗതിക്കും 531-ാം നമ്പർ ഭേദഗതി 530-ാം നമ്പർ ഭേദഗതിക്കും 535, 536, 538 എന്നീ നമ്പർ ഭേദഗതികൾ 537-ാം നമ്പർ ഭേദഗതിക്കും 542, 543 എന്നീ നമ്പർ ഭേദഗതികൾ 541-ാം നമ്പർ ഭേദഗതിക്കും 546-ാം നമ്പർ ഭേദഗതി 545-ാം നമ്പർ ഭേദഗതിക്കും 549, 550 എന്നീ നമ്പർ ഭേദഗതികൾ 548-ാം നമ്പർ ഭേദഗതിക്കും 556, 558 എന്നീ നമ്പർ ഭേദഗതികൾ 557-ാം നമ്പർ ഭേദഗതിക്കും 563, 565, 566 എന്നീ നമ്പർ ഭേദഗതികൾ 564-ാം നമ്പർ ഭേദഗതിക്കും 573, 575 എന്നീ നമ്പർ ഭേദഗതികൾ 574-ാം നമ്പർ ഭേദഗതിക്കും 581, 582 എന്നീ നമ്പർ ഭേദഗതികൾ 583-ാം നമ്പർ ഭേദഗതിക്കും 585, 586 എന്നീ നമ്പർ ഭേദഗതികൾ 587-ാം നമ്പർ ഭേദഗതിക്കും 600-ാം നമ്പർ ഭേദഗതി 599-ാം നമ്പർ ഭേദഗതിക്കും 604-ാം നമ്പർ ഭേദഗതി 603-ാം നമ്പർ ഭേദഗതിക്കും 606-ാം നമ്പർ ഭേദഗതി 605-ാം നമ്പർ ഭേദഗതിക്കും 610, 612 എന്നീ നമ്പർ ഭേദഗതികൾ 611-ാം നമ്പർ ഭേദഗതിക്കും 622, 623 എന്നീ നമ്പർ ഭേദഗതികൾ 621-ാം നമ്പർ ഭേദഗതിക്കും 634, 635 എന്നീ നമ്പർ ഭേദഗതികൾ 633-ാം നമ്പർ ഭേദഗതിക്കും 639, 640 എന്നീ നമ്പർ ഭേദഗതികൾ 641-ാം നമ്പർ ഭേദഗതിക്കും 646 -ാം നമ്പർ ഭേദഗതി 645-ാം നമ്പർ ഭേദഗതിക്കും 648-ാം നമ്പർ ഭേദഗതി 649-ാം നമ്പർ ഭേദഗതിക്കും 652, 653 എന്നീ നമ്പർ ഭേദഗതികൾ 654-ാം നമ്പർ ഭേദഗതിക്കും 663-ാം നമ്പർ ഭേദഗതി 662 (ii)-ാം നമ്പർ ഭേദഗതിക്കും 673-ാം നമ്പർ ഭേദഗതി 672-ാം നമ്പർ ഭേദഗതിക്കും 675, 676 എന്നീ നമ്പർ ഭേദഗതികൾ 674-ാം നമ്പർ ഭേദഗതിക്കും 701 -ാം നമ്പർ ഭേദഗതി 700-ാം നമ്പർ ഭേദഗതിക്കും 704-ാം നമ്പർ ഭേദഗതി 705-ാം നമ്പർ ഭേദഗതിക്കും 708-ാം നമ്പർ ഭേദഗതി 709-ാം നമ്പർ ഭേദഗതിക്കും 720-ാം നമ്പർ ഭേദഗതി 721-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 552, 570, 608, 617 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചിട്ടില്ലാത്തതിനാൽ ഞാൻ അവ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

552. ഖണ്ഡം 5(എച്ച്)-ൽ "നിർവ്വഹിക്കുകയും" എന്ന വാക്ക് നീക്കം ചെയ്യുക.

570. ഖണ്ഡം 5(ഐ)-ൽ "മറ്റു" എന്ന വാക്ക് വരുന്നെടുത്തെല്ലാം "മറ്റ്" എന്ന് ചേർക്കുക.

608. ഖണ്ഡം 5(എൽ)-ൽ "മറ്റു" എന്നതിനു പകരം "മറ്റ്" എന്ന് ചേർക്കുക.

617. ഖണ്ഡം 5(എൻ)-ൽ "സയൻസിലും" എന്നതിനുപകരം "സയൻസ്" എന്ന വാക്കിനുശേഷം കോമകൂടി ചേർക്കേണ്ടതാണ്.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 476-ാം നമ്പർ ഭേദഗതിയിലെ ഖണ്ഡം 5(എ)-ൽ "നിശ്ചയിച്ചേക്കാവുന്ന" എന്നതിനുപകരം "നിശ്ചയിക്കുന്ന" എന്ന ഭേദഗതിയും അതിനുശേഷമുള്ള "പ്രകാരമുള്ള" എന്ന വാക്ക് ഒഴിവാക്കിക്കൊണ്ടുമുള്ള വാക്കാൽ ഭേദഗതിയും താഴെപ്പറയും പ്രകാരം സ്വീകരിക്കുന്നു.

476. ഖണ്ഡം 5(എ)-ൽ "നിശ്ചയിച്ചേക്കാവുന്ന" എന്നതിനുപകരം "നിശ്ചയിക്കുന്ന" എന്ന ഭേദഗതിക്കുശേഷം വരുന്ന "പ്രകാരമുള്ള"എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 491-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 500, 504, 509, 604 എന്നീ നമ്പർ ഭേദഗതികളും ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 602-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ വളരെ സൂക്ഷ്മതയോടുകൂടി പരിശോധിച്ച് ഭേദഗതി നിർദ്ദേശിച്ചതിന് അദ്ദേഹത്തെ പ്രത്യേകം അഭിനന്ദിക്കുന്നു. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 468, 552, 570, 608, 617 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 491-ാം നമ്പർ ഭേദഗതിയും 476-ാം നമ്പർ ഭേദഗതി മാറ്റങ്ങളോടെ വാക്കാൽ ഭേദഗതിയായും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 500, 504, 509, 604 എന്നീ നമ്പർ ഭേദഗതികളും ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 602-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 470, 499, 505, 507, 530, 679, 702, 714, 717, 718 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 479, 484, 493, 495, 515, 528, 532, 540, 544, 569, 589, 627, 647, 666, 668, 684, 687, 709, 716, 722 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 478, 601, 629, 656, 723 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 480, 689 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 481-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 483, 501, 511, 541, 599, 603, 649, 662, 671, 681, 705, 710 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 485, 567, 593, 644, 661, 670, 697 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 486, 562 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 490, 514, 527, 547, 579, 597, 613, 624, 638, 651, 690, 693, 712 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 561, 572, 590, 592, 620, 626, 643, 659, 672, 680, 706, 721 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 508, 526 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 510, 520, 529, 598, 628, 632, 636, 658, 678, 683, 685, 692, 696, 699, 700, 713 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ ബഷീർ അവതരിപ്പിച്ച 512, 524, 576, 609, 715, 719 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 513-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 517, 554, 625, 664, 677, 707, 711 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 519, 525 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 521, 548, 574, 641, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 533-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 534, 584 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 539-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 555, 591, 637, 665, 669, 686, 688, 703 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 568-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 577-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 605-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ ബാബു (നെന്മാറ) അവതരിപ്പിച്ച 614-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 630-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 645-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 655-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 674-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 682-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 691, 695 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 698-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 724-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ് അവതരിപ്പിച്ച 725-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

726. ഖണ്ഡം 6(1)-ൽ "നിലവിലുള്ള" എന്നതിനുപകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

745. ഖണ്ഡം 6(3)-ൽ "വിഭാഗത്തിൽപെടുന്നവർക്കോ" എന്നതിനുശേഷം "ഭിന്നശേഷിക്കാർക്കോ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

727. ഖണ്ഡം 6(1)-ൽ "സംവരണതത്വങ്ങൾക്കനുസരിച്ചും" എന്നതിനുപകരം "സംവരണതത്ത്വങ്ങൾ പാലിച്ചുകൊണ്ട്" എന്ന് ചേർക്കുക.

728. ഖണ്ഡം 6(1)-ൽ "ഏതു വംശത്തിലും" എന്നതിന് മുൻപ് "എല്ലാ ഭാരത പൗരൻമാർക്കും, അവർ" എന്ന് ചേർക്കുക.

731. ഖണ്ഡം 6(1)-ൽ "എല്ലാ ലിംഗക്കാർക്കും" എന്നതിനുപകരം "എല്ലാ പേർക്കും ലിംഗവ്യത്യാസമില്ലാതെ" എന്ന് ചേർക്കുക.

736. ഖണ്ഡം 6(1)-നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ, ഈ വകുപ്പിലുള്ള യാതൊന്നും തന്നെ, പ്രവേശനത്തിന് വേണ്ടതായ നിർണ്ണയിക്കപ്പെട്ട അക്കാഡമിക നിലവാരമില്ലാത്ത ഏതെങ്കിലും വ്യക്തിയെ ഏതെങ്കിലും പഠനകോഴ്സിലേക്ക് പ്രവേശിപ്പിക്കുന്നതിനോ ഒരു ബിരുദമോ ബിരുദാനന്തര ബിരുദമോ ഡിപ്ലോമയോ സർട്ടിഫിക്കറ്റോ നൽകുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ നിലവാരത്തേക്കാൾ താഴ്ന്ന അക്കാദമിക റിക്കാഡുള്ളതോ മറ്റ് വിദ്യാർത്ഥികളുടെയോ ജീവനക്കാരുടെയോ അവകാശങ്ങൾക്കോ പ്രത്യേക അവകാശങ്ങൾക്കോ ഹാനിയുണ്ടാക്കുന്നതരത്തിലുള്ള വ്യക്തിപരമായ പെരുമാറ്റമുള്ളതോ ആയ ഒരാളെ സർവകലാശാലയുടെ പ്രവേശനപ്പട്ടികയിൽ നിലനിർത്തുന്നതിനോ ലഭ്യമായിട്ടുള്ള സൗകര്യങ്ങളിൽ എത്ര വിദ്യാർത്ഥികളെ ഉൾക്കൊള്ളിക്കാമെന്ന് അക്കാദമിക സമിതി നിശ്ചയിക്കുന്ന എണ്ണത്തേക്കാൾ കൂടുതൽ വിദ്യാർത്ഥികളെ ഏതെങ്കിലും ഒരു പഠന കോഴ്സിലേക്ക് പ്രവേശിപ്പിക്കുന്നതിനോ സർവ്വകലാശാലയോട് ആവശ്യപ്പെടുന്നതായി കരുതുവാൻ പാടുള്ളതല്ല."

ഭേദഗതി നമ്പർ 731-ൽ "എല്ലാ ലിംഗക്കാർക്കും" എന്നതിനുപകരം "എല്ലാ പേർക്കും ലിംഗവ്യത്യാസമില്ലാതെ" എന്ന് ചേർക്കുന്നതായിരിക്കും അർത്ഥശുദ്ധിക്ക് നല്ലത്.

736-ാം നമ്പർ ഭേദഗതിയിൽ കുറച്ചുകൂടി സുതാര്യത വരുത്താൻ കഴിയുന്ന നിലയിൽ മേൽസൂചിപ്പിച്ച ഭാഗംകൂടി എഴുതി ചേർക്കണമെന്നതാണ് ഈ ഭേദഗതികളിലൂടെ ഞാൻ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

729. ഖണ്ഡം 6(1)-ൽ "ഏതു വംശത്തിലും മതവിശ്വാസത്തിലും ജാതിയിലും വർഗ്ഗത്തിലും പെടുന്ന എല്ലാ ലിംഗക്കാർക്കും" എന്നതിന് പകരം "ജാതി, മത, വർഗ്ഗ, വംശ, ലിംഗ വ്യത്യാസമില്ലാതെ എല്ലാവർക്കും" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

734. ഖണ്ഡം 6(1)-ൽ "അദ്ധ്യാപകൻ" എന്നതിനുശേഷം "/അദ്ധ്യാപിക" എന്ന വാക്കും ചിഹ്നവും ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

730. ഖണ്ഡം 6(1)-ൽ "വർഗ്ഗത്തിലും, പെടുന്ന" എന്നതിനുശേഷം "ട്രാൻസ്ജെൻഡേഴ്സ് ഉൾപ്പെടെയുള്ള" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

732. ഖണ്ഡം 6(1)-ൽ "എല്ലാ ലിംഗക്കാർക്കും" എന്നതിനുശേഷം "ജാതി ഇല്ലാത്തവർക്കും" എന്ന് ചേർക്കുക.

738. ഖണ്ഡം 6(2)-ൽ "രീതിയിൽ" എന്നതിനുശേഷം "സർവ്വകലാശാലയുടെ നിയമങ്ങൾക്കനുസൃതമായി പ്രവേശിപ്പിക്കാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

733. ഖണ്ഡം 6(1)-ൽ "എല്ലാ ലിംഗക്കാർക്കും സർവ്വകലാശാലയിൽ" എന്നതിനുശേഷം "മെരിറ്റ് അടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.

737. ഖണ്ഡം 6(2)-ൽ "ഏതു ദേശീയതയിലെയും" എന്നതിനുശേഷം "വിദേശ രാജ്യത്തെയും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

735. ഖണ്ഡം 6(1)-ൽ "അഭിപ്രായമോ" എന്നതിനുശേഷം "ഭാഷയോ അല്ലെങ്കിൽ ഇവ എല്ലാമോ" എന്ന് ചേർക്കുക.

744. ഖണ്ഡം 6(3)-ൽ "വിഭാഗത്തിൽപ്പെടുന്നവർക്കോ" എന്നതിനുശേഷം "പാർശ്വവൽക്കരിക്കപ്പെട്ടവർക്കോ" എന്ന് ചേർക്കുക.

746. ഖണ്ഡം 6(3)-ൽ "പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗത്തിലും പെടുന്നവർക്കോ" എന്നതിനുപകരം "പട്ടികജാതികളിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോ പെടുന്നവർക്കോ" എന്ന് ചേർക്കുക.

749. ഖണ്ഡം 6(3)-ൽ " പട്ടിക ഗോത്രവർഗ്ഗത്തിലും പെടുന്നവർക്കോ" എന്നതിനുശേഷം "ഭിന്ന ശേഷിക്കാർക്കോ" എന്ന് ചേർക്കുക.

751. ഖണ്ഡം 6(3)-ൽ " നിയമനത്തിനോ" എന്നതിനുശേഷം "അംഗത്വത്തിനോ" എന്ന് ചേർക്കുക.

749-ാം നമ്പർ ഭേദഗതിയിൽ ഖണ്ഡം 6(3)-ൽ വനിതകൾക്കും മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെടുന്നവർക്കും പട്ടികജാതി-പട്ടികഗോത്ര വർഗ്ഗത്തിൽപ്പെടുന്നവർക്കും നിയമനങ്ങൾക്കും പ്രവേശനത്തിനുംവേണ്ടി സർവ്വകലാശാലയ്ക്ക് പ്രത്യേക വ്യവസ്ഥയുണ്ടാക്കാമെന്നാണ് പറയുന്നത്. ഇതിലെ ഈ പ്രത്യേക പരിഗണന നൽകുന്ന വിഭാഗത്തിൽ ഭിന്നശേഷി വിഭാഗക്കാരെക്കൂടി ഉൾപ്പെടുത്തണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

739. ഖണ്ഡം 6(2)-ൽ "പ്രവേശിപ്പിക്കാവുന്നതുമാണ്" എന്നതിനുപകരം "പ്രവേശനം നൽകാവുന്നതാണ്" എന്ന് ചേർക്കുക.

750. ഖണ്ഡം 6(3)-ൽ " നിയമനത്തിനോ" എന്നതിനു മുൻപ് "ന്യൂനപക്ഷ വിഭാഗത്തിൽ പെടുന്നവർക്കോ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

743. ഖണ്ഡം 6(3)-ൽ "പിന്നോക്ക" എന്നതിനുശേഷം "മത-ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്നവർക്കോ" എന്ന് ചേർക്കുക.

748. ഖണ്ഡം 6(3)-ൽ "പട്ടികഗോത്രവർഗ്ഗത്തിലും" എന്നതിനുപകരം "പട്ടികഗോത്രങ്ങളിലും പട്ടികവർഗ്ഗങ്ങളിലും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 741, 742 എന്നീ നമ്പർ ഭേദഗതികൾ 740-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 726, 745 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 727, 728, 731, 736 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 729, 734 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 730-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 732, 738 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 733, 737 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 735, 744, 746, 749, 751 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 739, 750 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 743, 748 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഏഴാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

752. ഖണ്ഡം 7(1)-ൽ "ദി " എന്നത് ഒഴിവാക്കുക.

753. ഖണ്ഡം 7(1)-ൽ "മാനേജ്മെന്റ്-കേരള" എന്നീ വാക്കുകൾക്ക് ഇടയിലുള്ള "-" ചിഹ്നം ഒഴിവാക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

754. ഖണ്ഡം 7(1)-ൽ " (IIITMK)" എന്നതിനുശേഷം "കേരള ഡിജിറ്റൽ ശാസ്ത്രസങ്കേതിക നൂതനവിദ്യ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

755. ഖണ്ഡം 7(2)-ൽ അടിസ്ഥാനസൗകര്യങ്ങളും എന്നതിനുപകരം " അടിസ്ഥാന ഭൗതിക സൗകര്യങ്ങളും " എന്ന് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

757. ഖണ്ഡം 7(2) -ൽ "സ്പോൺസറിംഗ് എന്റിറ്റി" എന്നതിനുശേഷം "കേന്ദ്ര കമ്പനി നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്ത പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

761. ഖണ്ഡം 7(2)-ൽ "ചെയ്തുകൊടുക്കേണ്ടതാണ്" എന്നതിനുപകരം "ഉറപ്പാക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

762. ഖണ്ഡം 7(2)-ൽ "ചെയ്തുകൊടുക്കേണ്ടതാണ്" എന്നതിനുപകരം "ഏറ്റെടുക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 758, 759, 760 എന്നീ നമ്പർ ഭേദഗതികൾ 757-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 752, 753 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 754-ാം നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 755-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 757-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 761-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 762-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>എട്ടാം വകുപ്പ്</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

763. ഖണ്ഡം 8(1)-ൽ "ഔദ്യോഗികസ്ഥാനം" എന്നതിനുപകരം " ഔദ്യോഗിക സ്ഥാനം " എന്ന് ചേർക്കുക.

764. ഖണ്ഡം 8(1)-ൽ "ചാൻസലർ ആയിരിക്കുന്നതാണ്" എന്നതിനു പകരം " ചാൻസലറായിരിക്കുന്നതാണ് " എന്ന് ചേർക്കുക.

780. ഖണ്ഡം 8(5)-ൽ "രൂപവൽക്കരിക്കേണ്ടതാണ്" എന്നതിനു പകരം "രേഖപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

765. ഖണ്ഡം 8(2)-ൽ "സമ്മേളനത്തിലും" എന്നതിനുപകരം " സമ്മേളനങ്ങളിലും " എന്ന് ചേർക്കുക.

778. ഖണ്ഡം 8(5)-ൽ " രൂപവൽക്കരിക്കേണ്ടതാണ്" എന്നതിനുപകരം "രൂപീകരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

766. ഖണ്ഡം 8(2)-ൽ "അദ്ധ്യക്ഷത" എന്നതിനുപകരം "ആദ്ധ്യക്ഷ്യം" എന്ന് ചേർക്കുക.

772. ഖണ്ഡം 8(4)-ന്റെ ക്ലിപ്തനിബന്ധനക്ക് ശേഷം താഴെപ്പറയും പ്രകാരം ചേർക്കുക.

"സർവ്വകലാശാലയുടെ ഏതൊരു അധികാരസ്ഥാനത്തിന്റെയും ഏതൊരു പ്രമേയമോ ഉത്തരവോ നടപടികളോ ആയത് ചാൻസലറുടെ അഭിപ്രായത്തിൽ ഈ ആക്ടിനോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ സ്റ്റാറ്റ്യൂട്ടുകൾക്കോ ഓർഡിനൻസുകൾക്കോ റഗുലേഷനുകൾക്കോ അനുരൂപമല്ലാതെ സർവ്വകലാശാലയുടെ താത്പര്യങ്ങൾക്ക് വിരുദ്ധമായതോ ആണെങ്കിൽ ചാൻസലർ വൈസ്-ചാൻസലറിൽ നിന്ന് രേഖാമൂലമുള്ള റിപ്പോർട്ട് വാങ്ങിയശേഷം അവ സസ്പെന്റ് ചെയ്യുകയോ രൂപഭേദപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്."

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

767. ഖണ്ഡം 8(3)-ൽ "ബഹുമതികളോ" എന്നതിനുശേഷം " അംഗീകാരങ്ങളോ " എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

768. ഖണ്ഡം 8(4)-ൽ "ഈ വകുപ്പിലെ മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗം വരാതെ" എന്നതിനുപകരം "വ്യവസ്ഥകൾക്ക് വിധേയമായും " എന്ന് ചേർക്കുക.

773. ഖണ്ഡം 8(5)-ൽ "നീക്കം ചെയ്യുന്നതിന്" എന്നതിനുപകരം " ഉദ്യോഗസ്ഥർക്ക് എതിരെ വകുപ്പ് തല നടപടികൾ സ്വീകരിക്കുന്നതിനോ " എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

769. ഖണ്ഡം 8(4)ന്റെ ക്ലിപ്തനിബന്ധനയിൽ "അപ്രകാരം" എന്ന വാക്കിനുശേഷം " ഒരു റദ്ദാക്കൽ ആവശ്യമായി വരുന്ന പക്ഷം" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

774. ഖണ്ഡം 8(5)-ൽ "നീക്കം ചെയ്യലിനുള്ള" എന്നതിനുപകരം "നീക്കം ചെയ്യുന്നതിനുള്ള" എന്ന് ചേർക്കുക.

775. ഖണ്ഡം 8(5)-ൽ "ശിപാർശയെ അടിസ്ഥാനപ്പെടുത്തി" എന്നതിനുപകരം "ശിപാർശയുടെ അടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.

776. ഖണ്ഡം 8(5)-ൽ "രൂപവൽക്കരിക്കേണ്ടതാണ്" എന്നതിനുപകരം "രൂപപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

779. ഖണ്ഡം 8(5)-ൽ " രൂപവൽക്കരിക്കേണ്ടതാണ്" എന്നതിനുപകരം "രൂപവത്കരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 777-ാം നമ്പർ ഭേദഗതി 778-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സർ, ശ്രീ. എം. വിജിൻ അവതരിപ്പിച്ച 779-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിജിൻ അവതരിപ്പിച്ച 779-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 763, 764, 780 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 765, 778 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 766, 772 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 767-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 768, 773 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 769-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 774, 775, 776 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ അവതരിപ്പിച്ച 780-ാം നമ്പർ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി അംഗീകരിച്ച 779-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്. 780-ാം നമ്പർ ഭേദഗതി ആദ്യം അവതരിപ്പിച്ചത് ഞാനാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 779-ാം നമ്പർ ഭേദഗതി ആദ്യം വന്നതുകൊണ്ട് അതിനെ ആദ്യം പരിഗണിച്ചുവെന്നേയുള്ളൂ. ഈ രണ്ട് ഭേദഗതികൾ തമ്മിലും വ്യത്യാസമുണ്ട്, 779-ാം നമ്പർ ഭേദഗതി സ്വീകരിക്കാൻ കാരണം "രൂപവൽക്കരിക്കേണ്ടതാണ്" എന്നതിനുപകരം "രൂപവത്കരിക്കേണ്ടതാണ്" എന്നത് മലയാള ഭാഷയിലെ ഒരു ഗ്രാമർ മിസ്റ്റേക്കായതുകൊണ്ട് പരിഗണിച്ചതാണ്. അദ്ദേഹത്തിന്റെ ഭേദഗതി, "രൂപവൽക്കരിക്കേണ്ടതാണ്"എന്നതിനുപകരം "രേഖപ്പെടുത്തേണ്ടതാണ്" എന്നുള്ളതാണ്. രണ്ടും സമാനമല്ലാത്തതിനാൽ ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 780-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നില്ല.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

783. ഖണ്ഡം 9(1)-ൽ "വിവരസാങ്കേതികവിദ്യാ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി," എന്നതിനുപകരം "ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രി" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

785. ഖണ്ഡം 9(2)-ൽ "ആദ്ധ്യക്ഷ്യം" എന്നതിനുപകരം "അദ്ധ്യക്ഷം" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

786. ഖണ്ഡം 9(2)-ൽ "ചാൻസലറുടെ എല്ലാ അധികാരങ്ങളും" എന്നതിനുപകരം "ചാൻസലറുടെ അങ്ങനെയുള്ള എല്ലാ അധികാരങ്ങളും" എന്ന് ചേർക്കുക.

787. ഖണ്ഡം 9(2)-ൽ "എല്ലാ ചുമതലകളും" എന്നതിനുപകരം "അങ്ങനെയുള്ള എല്ലാ ചുമതലകളും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

790. ഖണ്ഡം 9(3)-ൽ "നിബന്ധനകൾക്കും" എന്നതിനുപകരം "ഉപാധികൾക്കും" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

791. ഖണ്ഡം 9(3)-ൽ "വിധേയമാകാവുന്നതുമാണ്" എന്നതിനുപകരം "വിധേയമായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

795. ഖണ്ഡം 9(3)-ന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് (4) ചേർക്കുക.

"(4) സർവ്വകലാശാലയുടെ പ്രവർത്തനത്തിന്റെ വാർഷിക പദ്ധതി പ്രോ-ചാൻസലർക്ക് അദ്ദേഹത്തിന്റെ അറിവിലേക്കായി റഫർ ചെയ്യേണ്ടതും അദ്ദേഹം നൽകുന്ന ഏതു നിർദ്ദേശവും ബോർഡ് ഓഫ് ഗവർണേഴ്സിന് പരിഗണിക്കാവുന്നതുമാണ്."

മി. സ്പീക്കർ: 792, 793, 794 എന്നീ നമ്പർ ഭേദഗതികൾ 791-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 783-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 785-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 786, 787 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 790-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 791-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 795-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

5.00 PM]

പത്താം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

796. ഖണ്ഡം 10(i)-ൽ "വൈസ്-ചാൻസലർ" എന്നതിനുശേഷം "(ii) പ്രോ-വൈസ്-ചാൻസലർ;" എന്ന് ചേർത്ത് ബാക്കിയുള്ളവ പുനഃക്രമീകരിക്കുക.

798. ഖണ്ഡം 10(ii)-ൽ "ഡീനുകൾ" എന്നതിനുശേഷം "(ഗവേഷണം, അക്കാദമിക് )" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

799. ഖണ്ഡം 10(iv)-ൽ "കൂടാതെ" എന്ന വാക്ക് ഒഴിവാക്കുകയും (iv)-നുശേഷം "(v) ഫിനാൻസ് ഓഫീസർ കൂടാതെ" എന്ന് ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

801. ഖണ്ഡം 10(v)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനുശേഷം "അധ്യാപകരും" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

804. ഖണ്ഡം 10(v)-ൽ "സപ്പോർട്ട് സ്റ്റാഫും" എന്നതിനുപകരം "മറ്റ് ജീവനക്കാരും" എന്ന് ചേർക്കുക.

809. ഖണ്ഡം 10(v) താഴെ പറയും പ്രകാരം മാറ്റുക:

"സർവകലാശാലയുടെ ഉദ്യോഗസ്ഥനായി സ്റ്റാറ്റ്യൂട്ടുകൾ പ്രഖ്യാപിക്കപ്പെടുന്ന മറ്റ് ഏതൊരാളും".

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

805. ഖണ്ഡം 10(v)-ൽ "സപ്പോർട്ട് സ്റ്റാഫും" എന്നതിനുപകരം "ജീവനക്കാരും" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

807. ഖണ്ഡം 10(v)-ൽ "സേവനത്തിലുള്ള മറ്റു ഉദ്യോഗസ്ഥർ" എന്നതിന് പകരം "സേവനത്തിലുള്ള സ്ഥിരമായും താൽക്കാലികമായും നിയമിക്കപ്പെട്ട മറ്റു ഉദ്യോഗസ്ഥർ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 802, 803 എന്നീ നമ്പർ ഭേദഗതികൾ 801-ാം നമ്പർ ഭേദഗതിക്കും 806-ാം നമ്പർ ഭേദഗതി 805-ാം നമ്പർ ഭേദഗതിക്കും 808, 810 എന്നീ നമ്പർ ഭേദഗതികൾ 809-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 796, 798 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 799-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 801-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 804, 809 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 805-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 807-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

811. ഖണ്ഡം 11(7)-ന്റെ ക്ലിപ്തനിബന്ധനയിൽ "ചാലസലറിന്" എന്നതിന് പകരം "ചാൻസലറിന്" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

812. ഖണ്ഡം 11(1)-ൽ "വൈസ്-ചാൻസലർ" എന്നതിനുശേഷം "സർവകലാശാലയുടെ ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതാണ് " എന്ന് ചേർക്കുക.

815. ഖണ്ഡം 11(1)-ൽ "സാങ്കേതിക വിദ്യ" എന്നതിനുപകരം "ഡിജിറ്റൽ സാങ്കേതിക വിദ്യ " എന്ന് ചേർക്കുക.

823. ഖണ്ഡം 11(1)-ൽ

i. "അക്കാഡമിക്" എന്നതിനുപകരം "അക്കാദമിക" എന്ന് ചേർക്കുക.

ii. "അഡ്മിനിസ്ട്രേറ്റീവ് ഓർഗനൈസേഷനിൽ" എന്നതിനുപകരം "ഭരണ സ്ഥാപനത്തിൽ" എന്ന് ചേർക്കുക.

830. ഖണ്ഡം 11(2)-ൽ

1. "അക്കാഡമിക" എന്നതിന് പകരം "അക്കാദമിക" എന്ന് ചേർക്കുക.

2. "കീഴിലോഉള്ള" എന്നതിന് പകരം "കീഴിലോ ഉള്ള" എന്ന് ചേർക്കുക.

837. i. ഖണ്ഡം 11 (3) (ഡി)യിൽ "ഒരാൾ" എന്നതിന് പകരം "ഒരംഗം" എന്ന് ചേർക്കുക.

ii. ഖണ്ഡം 11 (3) (ഇ)യിൽ "ഒരാൾ" എന്നതിന് പകരം "ഒരംഗം" എന്ന് ചേർക്കുക.

847. ഖണ്ഡം 11(6)-ൽ

i. "നിയമനത്തിനുശേഷം" എന്നതിനുപകരം "നിയമനത്തിന് ശേഷം" എന്ന് ചേർക്കുക.

ii. "നിബന്ധനകൾക്കും ഉപാധികൾക്കും" എന്നതിനുപകരം "നിബന്ധനകൾക്കും വ്യവസ്ഥകൾക്കും" എന്ന് ചേർക്കുക.

851. ഖണ്ഡം 11(7)-ൽ

i. "ഏതെങ്കിലും" എന്ന വാക്കിനുശേഷം വരുന്ന "സംഗതിയിൽ" എന്നതിന് പകരം "സംഗതികളിന്മേൽ " എന്ന് ചേർക്കുക.

861. ഖണ്ഡം 11(7)-ന്റെ ക്ലിപ്തനിബന്ധനയിൽ "വൈസ്-ചാൻസലർ" എന്നതിന് മുൻപായി "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

881. ഖണ്ഡം 11(10)-ൽ

i. "സർവ്വകലാശാലയുടെ" എന്നതിനുപകരം "സമാന സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

ii. "വിവര സാങ്കേതിക വിദ്യ" എന്നതിനുപകരം "വിവര സാങ്കേതികവിദ്യ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

816. ഖണ്ഡം 11(1)-ൽ "സാങ്കേതിക വിദ്യ" എന്നതിനുപകരം "സാങ്കേതികവിദ്യ" എന്ന് ചേർക്കുക.

822. ഖണ്ഡം 11(1)-ൽ "പ്രവർത്തന" എന്ന് വരുന്നിടത്തെല്ലാം "പ്രവൃത്തി" എന്ന് ചേർക്കുക.

840. ഖണ്ഡം 11(4)-ൽ "മൂന്നു" എന്നതിനുപകരം "മൂന്ന്" എന്ന് ചേർക്കുക.

852. ഖണ്ഡം 11(7)-ൽ "ആക്കിനാലോ" എന്നതിനുപകരം "ആക്കിലോ" എന്ന് ചേർക്കുക.

879. ഖണ്ഡം 11(9)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "നടപടിക്കെതിരായി" എന്നതിനുപകരം "നടപടിയിന്മേൽ" എന്ന് ചേർക്കുക.

880. ഖണ്ഡം 11(10)-ൽ "മുൻകൂട്ടി കാണാത്തതോ ആകസ്മികമോ ആയ" എന്നതിനുപകരം "ആകസ്മികമായ " എന്ന് ചേർക്കുക.

885. ഖണ്ഡം 11(10)-ൽ "വിവര സാങ്കേതിക വിദ്യ" എന്നതിനുപകരം "വിവരസാങ്കേതികവിദ്യാ " എന്ന് ചേർക്കുക.

887. ഖണ്ഡം 11(10)-ൽ, "ആറു" എന്നതിനുപകരം "ആറ്" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

817. ഖണ്ഡം 11(1)-ൽ "അല്ലെങ്കിൽ മാനേജ്മെന്റ് രംഗത്തെ" എന്നത് ഒഴിവാക്കുക.

846. ഖണ്ഡം 11(6)-ൽ "അറുപത്തിയൊന്ന് വയസ്സിൽ" എന്നതിനുപകരം "അറുപത്തിരണ്ട് വയസ്സ്" എന്ന് ചേർക്കുക.

858. ഖണ്ഡം 11(7)-ൽ "ചെയ്യേണ്ടതുമാണ്" എന്നതിനുശേഷം "ആയതിന്റെ അപ്പീൽ കേൾക്കുവാൻ അവസരം നൽകണം" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

821. ഖണ്ഡം 11(1)-ൽ "പത്ത് വർഷത്തെ" എന്നതിനുപകരം "പതിനഞ്ച് വർഷത്തെ" എന്നത് ചേർക്കുക.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

824. ഖണ്ഡം 11(1)-ൽ "അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് ഓർഗനൈസേഷനിൽ" എന്നത് ഒഴിവാക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

828. ഖണ്ഡം 11 (1) താഴെപ്പറയും പ്രകാരം ചേർക്കുകയും ശേഷിക്കുന്നത് പുനഃക്രമീകരിക്കുകയും ചെയ്യുക;

(1) വൈസ് - ചാൻസലർ സർവ്വകലാശാലയുടെ ഒരു മുഴുവൻ സമയ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥനായിരിക്കുന്നതാണ്.

849. ഖണ്ഡം 11(6)-ൽ "വഹിക്കേണ്ടതുമാണ്" എന്നതിനുപകരം "വഹിക്കേണ്ടതും എന്നാൽ പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമല്ല." എന്ന് ചേർക്കുക.

873. ഖണ്ഡം 11(8)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (9) ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക;

"(9) വൈസ്-ചാൻസലർക്ക് നൽകേണ്ടുന്ന ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്."

877. ഖണ്ഡം 11(9)-ൽ, "പെരുമാറ്റദൂഷ്യം" എന്നതിനുശേഷം "ദുർഭരണം മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കുറ്റാരോപണങ്ങൾ" എന്ന് ചേർക്കുക.

891. ഖണ്ഡം 11(11)നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക

"(12) വൈസ് - ചാൻസലർക്ക്, സ്വന്തം കൈപ്പടയിൽ എഴുതി ചാൻസലറെ അഭിസംബോധന ചെയ്തുകൊണ്ട് ഒരു മാസത്തെ അറിയിപ്പ് ചാൻസലർക്ക് നൽകിയതിനുശേഷം, അയാളുടെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതും,

ചാൻസലർ രാജി സ്വീകരിക്കുന്നതോടെയോ അല്ലെങ്കിൽ പ്രസ്തുത അറിയിപ്പ് കാലാവധി തീരുന്ന തീയതിയിലോ, ഏതാണോ ആദ്യം വരുന്നത്, അന്ന് ഔദ്യോഗിക സ്ഥാനം അവസാനിക്കുന്നതുമാണ്."

893. ഖണ്ഡം 12-ൽ "ഒരാളെ" എന്നതിനുശേഷം "സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ" എന്നത് ചേർക്കുക

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

831. ഖണ്ഡം 11(2)-ൽ "കാര്യങ്ങളുടെ" എന്നതിനുശേഷം "പൂർണമായ" എന്ന വാക്ക് ചേർക്കുക.

875. ഖണ്ഡം 11(9)-ൽ "പെരുമാറ്റ ദൂഷ്യം" എന്നതിനുശേഷം "കാര്യക്ഷമതയില്ലായ്മ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

832. ഖണ്ഡം 11(3) (എ) ആയി താഴെ പറയുന്നത് ചേർക്കുകയും ബാക്കിയുള്ളവ പുനരക്കം ചെയ്യുകയും ചെയ്യുക.

"(എ) സംസ്ഥാന നിയമനിർമ്മാണ സഭയിൽ നിന്ന് നിർദേശിക്കപ്പെടുന്ന ഒരംഗം."

836. ഖണ്ഡം 11 (3) (ബി) താഴെ പറയും പ്രകാരം മാറ്റുക.
"(ബി) ഇലക്ട്രോണിക്സിലും വിവര സാങ്കേതിക വിദ്യയിലും കമ്പ്യൂട്ടർ സയൻസിലും വ്യവസായ മേഖലയിലും പ്രാവീണ്യം തെളിയിച്ച ഒരു വിദഗ്ധ അംഗം;"

892. ഖണ്ഡം 12-ൽ "മൂന്ന് വർഷക്കാലയളവിലേക്കാണ്" എന്നതിന് പകരം "നാല് വർഷക്കാലയളവിലേക്കാണ്" എന്ന് ചേർക്കുക.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

838. ഖണ്ഡം 11(4) -ൽ "മൂന്ന് മാസം" എന്നതിനുപകരം "അഞ്ച് മാസം" എന്ന് ചേർക്കുക.

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

839. ഖണ്ഡം 11(4)-ൽ "മൂന്ന് " എന്നതിനുപകരം "നാല്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

841. ഖണ്ഡം 11(4)-ൽ "സമർപ്പിക്കാവുന്നതാണ്" എന്നതിനുപകരം "നാമനിർദ്ദേശം നൽകാവുന്നതാണ്" എന്ന് ചേർക്കുക.

842. ഖണ്ഡം 11(4)-ൽ "ഒരംഗം പേര്" എന്നതിനുപകരം "ഒരംഗം നാമനിർദ്ദേശം" എന്ന് ചേർക്കുക.

850. ഖണ്ഡം 11(6)-നുശേഷം ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ 6-ാം ഉപവകുപ്പ് പ്രകാരം പരമാവധി വയസ്സ് പൂർത്തീകരിച്ചിട്ടില്ല എന്നതിനു വിധേയമായി വൈസ്-ചാൻസലറായി നിയമിതരായ ആളുകൾക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്."

882. ഖണ്ഡം 11(10)-ൽ "വിവര സാങ്കേതിക വിദ്യ വകുപ്പ് സെക്രട്ടറിയെയോ" എന്നത് ഒഴിവാക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

843. ഖണ്ഡം 11(5) ഒഴിവാക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

844. ഖണ്ഡം 11(6)-ൽ "അറുപത്തിയൊന്ന് വയസ്സിൽ" എന്നതിനുപകരം "അറുപത് വയസ്സിൽ" എന്ന് ചേർക്കുക.

888. ഖണ്ഡം 11(11)-ൽ, "കഴിയുന്നത്ര വേഗം" എന്നതിനുപകരം "അപ്രകാരമുള്ള ഏറ്റവുമടുത്ത സന്ദർഭത്തിൽ തന്നെ" എന്ന് ചേർക്കുക.

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

862. ഖണ്ഡം 11(7)-ന്റെ ക്ലിപ്തനിബന്ധനയിൽ "നടപടിയാൽ സങ്കടമനുഭവിക്കുന്ന" എന്നതിനുപകരം "നടപടി സ്വീകാര്യമാകാത്ത" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

863. ഖണ്ഡം 11(7)-ന്റെ ക്ലിപ്തനിബന്ധനയിൽ (i) "സർവ്വീസിലിരിക്കുന്ന" എന്നതിന് പകരം "സേവനത്തിലിരിക്കുന്ന" എന്ന് ചേർക്കുക.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

874. ഖണ്ഡം 11(9)-ൽ "പെരുമാറ്റ ദൂഷ്യം" എന്നതിനുപകരം "സ്വഭാവദൂഷ്യം" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 813, 814 എന്നീ നമ്പർ ഭേദഗതികൾ 812-ാം നമ്പർ ഭേദഗതിക്കും 818-ാം നമ്പർ ഭേദഗതി 817-ാം നമ്പർ ഭേദഗതിക്കും 825, 826 എന്നീ നമ്പർ ഭേദഗതികൾ 824-ാം നമ്പർ ഭേദഗതിക്കും 829-ാം നമ്പർ ഭേദഗതി 830-ാം നമ്പർ ഭേദഗതിക്കും 834, 835 എന്നീ നമ്പർ ഭേദഗതികൾ 833-ാം നമ്പർ ഭേദഗതിക്കും 845-ാം നമ്പർ ഭേദഗതി 844-ാം നമ്പർ ഭേദഗതിക്കും 851 (ii)-ാം നമ്പർ ഭേദഗതി 811-ാം നമ്പർ ഭേദഗതിക്കും 855, 856 എന്നീ നമ്പർ ഭേദഗതികൾ 854-ാം നമ്പർ ഭേദഗതിക്കും 859, 860 എന്നീ നമ്പർ ഭേദഗതികൾ 861-ാം നമ്പർ ഭേദഗതിക്കും 863 (ii), 864, 865, 866, 867, 868, 869, 870, 871 എന്നീ നമ്പർ ഭേദഗതികൾ 811-ാം നമ്പർ ഭേദഗതിക്കും 883, 884 എന്നീ നമ്പർ ഭേദഗതികൾ 882-ാം നമ്പർ ഭേദഗതിക്കും 889, 890 എന്നീ നമ്പർ ഭേദഗതികൾ 888-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 816, 887 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 811-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 816, 887 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 812, 815, 823, 830, 837, 847, 851, 861, 881 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 822, 840, 852, 879, 880, 885 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 817, 846, 858 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 821-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 824-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 828, 849, 873, 877, 891, 893 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 831, 875 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 832, 836, 892 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 838-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ് അവതരിപ്പിച്ച 839-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 841, 842, 850, 882 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 843-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 844, 888 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 862-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 863-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 874-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

894. ഖണ്ഡം 12-ൽ, " മൂന്ന് വർഷക്കാലയളവിലേക്കാണ്" എന്നതിന് പകരം " നാല് വർഷക്കാലയളവിലേക്കാണ്" എന്ന് ചേർക്കുക.

895. ഖണ്ഡം 12-ൽ, "മൂന്നു വർഷം" എന്നതിനുപകരം "നാല് വർഷം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

897. ഖണ്ഡം 12-ൽ "മൂന്നു വർഷം വീതമുള്ള രണ്ടു" എന്നതിനുപകരം "മൂന്നു വർഷം വീതമുള്ള രണ്ട്"എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

898. ഖണ്ഡം 12-നുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ ഡീനുകൾ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും വൈസ് ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിർദേശത്തിലും നിയന്ത്രണത്തിലും ജോലി ചെയ്യേണ്ടതാണ്."

മി. സ്പീക്കർ: 896-ാം നമ്പർ ഭേദഗതി 895-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 894, 895 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 897-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 898-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിമൂന്നാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

899. ഖണ്ഡം 13(1) താഴെപ്പറയുംപ്രകാരം മാറ്റുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക;

"(1) രജിസ്ട്രാർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാലുവർഷക്കാലയളവിലേക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിൽ ഏതാണോ ആദ്യം, അതുവരെ"

903. ഖണ്ഡം 13(1)-ൽ

(i) "രജിസ്ട്രാർ" എന്നതിനുശേഷം "സർവകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതും" എന്ന് ചേർക്കുക.

(ii)"നിർവ്വഹിക്കേണ്ടതുമാണ്" എന്നതിനുശേഷം "അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാലു വർഷക്കാലയളവിലേക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതു വരെയോ, ഇവയിൽ ഏതാണോ ആദ്യം അതുവരെ ഉദ്യോഗത്തിൽ തുടരേണ്ടതുമാണ്" എന്ന് ചേർക്കുക.

905. ഖണ്ഡം 13(1)-നുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക;

"എന്നാൽ, പ്രഥമ രജിസ്ട്രാറെ, സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിയമിക്കേണ്ടതാണ്."

906. ഖണ്ഡം 13(2)-ൽ "ഏർപ്പെടുന്നതിനും" എന്നതിനുശേഷം "രേഖകളിൽ" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

900. ഖണ്ഡം 13(1)-ൽ "രജിസ്ട്രാർ" എന്നതിനുശേഷം "സർവകലാശാലയുടെ ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതും" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

904. ഖണ്ഡം 13(1)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനുപകരം "നിർണ്ണയിക്കപ്പെടുന്ന"എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

907. ഖണ്ഡം 13(2)-ൽ "ഒപ്പു" എന്നതിനുപകരം "ഒപ്പ്"എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

908. ഖണ്ഡം 13(2)-നുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കുക.

"(3) രജിസ്ട്രാർ സർവ്വകലാശാലയുടെ മുഖ്യഭരണനിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുന്നതാണ്, അദ്ദേഹം ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും വൈസ് ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലും ജോലി ചെയ്യേണ്ടതുമാണ്"

"(4) രജിസ്ട്രാറുടെ സേവനകാലാവധി സർവ്വകലാശാലകളുടെ ഓഫീസർമാരുടെ പ്രായപരിധി സംബന്ധിച്ചുള്ള സർക്കാരിന്റെ കാലാകാലങ്ങളിലുള്ള ഉത്തരവിനനുസരിച്ചായിരിക്കുന്നതാണ്. രജിസ്ട്രാറായി തിരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തി പരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്"

<u>മി. സ്പീക്കർ</u>: 901, 902 എന്നീ നമ്പർ ഭേദഗതികൾ 900-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ശ്രീ. എം. വിജിൻ അവതരിപ്പിച്ച 904-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 907-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. വിജിൻ അവതരിപ്പിച്ച 904-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 907-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 899, 903, 905, 906 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 900-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 908-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനാലാം വകുപ്പ്</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

914. ഖണ്ഡം 14(1)-ൽ "മേൽനോട്ടത്തിലും" എന്നതിനുശേഷം വരുന്ന "നിർദ്ദേശത്തിലും" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

915. ഖണ്ഡം 14(1)-ൽ "മാർഗ്ഗ നിർദ്ദേശത്തിലും" എന്നതിനുശേഷം "അപ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

916. ഖണ്ഡം 14(1)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ, പ്രഥമ പരീക്ഷാ കൺട്രോളറെ, സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിയമിക്കേണ്ടതാണ്."

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

917. ഖണ്ഡം 14(2)-നുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക.

"(3) പരീക്ഷാ കൺട്രോളറുടെ സേവനകാലാവധി ഇതു സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവനുസരിച്ചായിരിക്കുന്നതാണ്. പരീക്ഷാ കൺട്രോളറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തി പരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്."

മി. സ്പീക്കർ: 910, 911 എന്നീ നമ്പർ ഭേദഗതികൾ 909-ാം നമ്പർ ഭേദഗതിക്കും 913-ാം നമ്പർ ഭേദഗതി 912-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 914-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 915-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 916-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 917-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനഞ്ചാം വകുപ്പ്</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

919. ഖണ്ഡം 15-ൽ "സർവ്വകലാശാലയിലെ" എന്നതിനുമുൻപ് താഴെ പറയുന്നത് ചേർക്കുക.

"സർവ്വകലാശാലയിലെ ശമ്പളം പറ്റുന്ന എല്ലാ ഉദ്യോഗസ്ഥരും ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവ്വന്റുമാരായി കരുതപ്പെടേണ്ടതാണ്."

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

921. ഖണ്ഡം 15-ൽ "മറ്റു" എന്നതിനു പകരം "മറ്റ്" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

922. ഖണ്ഡം 15-ൽ

(i) "പ്രതിഫലവും" എന്നതിനുപകരം "ശമ്പളവും ബത്തകളും" എന്ന് ചേർക്കുക.

(ii) "പ്രതിഫലവും" എന്നതിനുപകരം "വേതനവും" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

923. ഖണ്ഡം 15-ൽ "പ്രതിഫലവും" എന്നതിനുപകരം "ശമ്പളവും സേവന വ്യവസ്ഥകളും" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

924. ഖണ്ഡം 15-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനു പകരം "നിർണ്ണയിക്കപ്പെടുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 918-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതായകയാൽ ക്രമപ്രകാരമല്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 921-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വിജിൻ അവതരിപ്പിച്ച 924-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 921-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വിജിൻ അവതരിപ്പിച്ച 924-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 919-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 922-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 923-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

925. ഖണ്ഡം 16(vii) ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

926. ഖണ്ഡം 16(vii)-ൽ "സ്ഥാനനിർദ്ദേശിക്കപ്പെടാവുന്ന" എന്നതിന് പകരം "നിർദ്ദേശിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

927. ഖണ്ഡം 16(vii)-ൽ "അങ്ങനെയുള്ള" എന്നതിനുശേഷം "സ്ഥാപനങ്ങളും" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

930. ഖണ്ഡം 16(vii) നുശേഷം ഇനം (viii) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(viii) പ്ലാനിംഗ് & ഡെവലപ്പ്മെന്റ് എന്ന കമ്മിറ്റി."

മി. സ്പീക്കർ: 928-ാം നമ്പർ ഭേദഗതി 927-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 925-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 926-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 927-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 930-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

931. ഖണ്ഡം 17(1)-ൽ "ഗസറ്റിലെ" എന്നതിന് പകരം "ഗസറ്റ്" എന്ന് ചേർക്കുക.

952. ഖണ്ഡം 17(2)(ix)-ൽ, "വിവരസാങ്കേതികവിദ്യ" എന്നതിനുപകരം "വിവര സാങ്കേതികവിദ്യ" എന്ന് ചേർക്കുക.

958. ഖണ്ഡം 17(2)(xix)-ൽ, "പട്ടിക ഗോത്രവർഗ്ഗത്തിലോപെട്ടയാളും" എന്നതിനു പകരം "പട്ടിക ഗോത്രവർഗ്ഗത്തിലോ പെട്ടയാളും" എന്ന് ചേർക്കുക.

959. ഖണ്ഡം 17(2)(xix)-ൽ, "ഒരാൾ ഒരു സംരംഭകനും" എന്നതിനുപകരം "ഒരാൾ സംരംഭകനും" എന്ന് ചേർക്കുക.

965. ഖണ്ഡം 17(4)-ൽ "ചുമതലകളുമുണ്ടായിരിക്കുന്നതാണ് " എന്നതിന് പകരം "ചുമതലകളും ഉണ്ടായിരിക്കുന്നതാണ് " എന്ന് ചേർക്കുക.

970. ഖണ്ഡം 17(4)(i)-ൽ "ആസൂത്രണംചെയ്യുകയും " എന്നതിന് പകരം "ആസൂത്രണം ചെയ്യുകയും " എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

932. ഖണ്ഡം 17(1)-ൽ "വിദഗ്ധരോ" എന്നതിനുശേഷം "ജനപ്രതിനിധികളോ" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

933. ഖണ്ഡം 17(1)-ൽ

(i) "വിദഗ്ധരോ" എന്നതിന് പകരം "വിദഗ്ധരും" എന്ന് ചേർക്കുക.

(ii)"സർക്കാരുദ്യോഗസ്ഥരോ" എന്നതിനുപകരം "ജില്ലാതല ഉദ്യോഗസ്ഥന്റെ റാങ്കിൽ കുറയാത്ത വിവര സാങ്കേതികവിദ്യാ പരിജ്ഞാനമുള്ള" എന്ന് ചേർക്കുക.

961. ഖണ്ഡം 17(2)(xxi)-ൽ "ചെയ്യുന്ന" എന്നതിനുശേഷം "സർവകലാശാലയിലെ" എന്ന് ചേർക്കുക.

966. ഖണ്ഡം 17(4)(i)-ൽ "പുതിയ പ്രവണതകളും" എന്നതിനു മുൻപിലായി "ഡിജിറ്റൽ സയൻസിലും സാങ്കേതികവിദ്യ, ഇന്റർഡിസിപ്ലിനറി ഇന്നൊവേഷൻ, സംരംഭകത്വം, ലിബറൽ ആർട്സ്, മാനവിക വിഷയങ്ങൾ എന്നിവയിലെ" എന്ന് ചേർക്കുക.

973. ഖണ്ഡം 17(4)(iv)-ൽ "സർവകലാശാലയുടെ" എന്നതിനുശേഷം "ബജറ്റും " എന്ന് ചേർക്കുക.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

934. ഖണ്ഡം 17(1)-ൽ "ഇരുപത്തിയെട്ടിൽ" എന്നതിനുപകരം "ഇരുപത്തിയൊൻപതിൽ" എന്ന് ചേർക്കുക.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

937. ഖണ്ഡം 17(1)-ൽ "ഇരുപത്തിയെട്ടിൽ" എന്നതിനുപകരം "മുപ്പതിൽ" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

939. ഖണ്ഡം 17(1)-ൽ "ഇരുപത്തിയെട്ടിൽ" എന്നതിനുപകരം "മുപ്പത്" എന്ന് ചേർക്കുക.

941. ഖണ്ഡം 17(2)(iv)-ൽ "രണ്ട്" എന്നതിനുപകരം "മൂന്ന്" എന്ന് ചേർക്കുക.

951. ഖണ്ഡം 17(2) (vii) -ൽ " കേരള – എക്സ് - ഒഫീഷ്യോ അംഗം" എന്നതിനു ശേഷം "കൊച്ചിൻ യൂണിവേഴ്സിറ്റി സയൻസ് & ടെക്നോളജി എക്സ് ഒഫീഷ്യോ അംഗം" എന്ന് ചേർക്കുക.

954. ഖണ്ഡം 17(2)(xix)-ൽ, "അവരിൽ മൂന്നുപേർ" എന്നതിനുപകരം "അവരിൽ നാലുപേർ" എന്ന് ചേർക്കുക.

962. ഖണ്ഡം 17(2)(xxi)-ൽ "വിദ്യാർത്ഥികൾ" എന്നതിനുപകരം "ക്യാമ്പസ് വിദ്യാർത്ഥികൾ" എന്ന് ചേർക്കുക.

963. ഖണ്ഡം 17(2)(xxi)-ൽ "അംഗങ്ങൾ" എന്നതിനുപകരം "പ്രതിനിധികൾ" എന്ന് ചേർക്കുക.

967. ഖണ്ഡം 17(4)(i)-ൽ "പുതിയ " എന്നതിനുപകരം "നൂതന" എന്ന് ചേർക്കുക.

971. ഖണ്ഡം 17(4)(i)-ൽ "ദൗത്യവും പുതിയ " എന്നതിനുപകരം "ദൗത്യവും നൂതന " എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

940. ഖണ്ഡം 17(2)(iv)-ൽ "തിരഞ്ഞെടുക്കുന്ന" എന്നതിന് പകരം "തെരഞ്ഞെടുക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

947. ഖണ്ഡം 17(2)(iv)-ൽ, "രണ്ട്" എന്നതിനുപകരം "നാല്" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

950. ഖണ്ഡം 17(2)ഇനം (v) നെ ഇനം (vi) ആയും ഇനം (vi) നെ ഇനം (v) -ആയും സ്ഥാനമാറ്റം ചെയ്യുക.

960. ഖണ്ഡം 17(2)(xx) താഴെപ്പറയും പ്രകാരം മാറ്റുക.

"(xx) ഫാക്കൽറ്റി അംഗങ്ങൾ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടു പേർ - അംഗങ്ങൾ;"

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

953. ഖണ്ഡം 17(2)(xiv)-ൽ, "മാനേജ്മെൻറ്" എന്നതിനുപകരം "മാനേജ്മെന്റ്" എന്ന് ചേർക്കുക.

955. ഖണ്ഡം 17(2)(xix)-ൽ,

(i) "മൂന്നു" എന്നതിന് പകരം "മൂന്ന്" എന്ന് ചേർക്കുക

(ii) "വിവര-സാങ്കേതിക വിദ്യയിലോ" എന്നതിനുപകരം "വിവരസാങ്കേതികവിദ്യയിലോ" എന്ന് ചേർക്കുക.

969. ഖണ്ഡം 17(4)(i)-ൽ "പദ്ധതിയുടെ" എന്നതിന് പകരം "പദ്ധതികളുടെ" എന്ന് ചേർക്കുക.

975. ഖണ്ഡം 17(4)(v)-ൽ "വിഷയങ്ങളെയും" എന്നതിനുപകരം "വിഷയത്തെയും " എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

968. ഖണ്ഡം 17(4)(i)-ൽ "പ്രവണതകളും ദിശാമാറ്റവും സ്വമേധയാ തിരിച്ചറിയുകയും സർവകലാശാലക്കുവേണ്ടി തന്ത്രപ്രധാനമായ" എന്നതിനു പകരം "പ്രവണതകൾക്ക് അനുസൃതമായി" എന്ന് ചേർക്കുക.

മി. സ്പീക്കർ: 935, 936 എന്നീ നമ്പർ ഭേദഗതികൾ 934-ാം നമ്പർ ഭേദഗതിക്കും 938-ാം നമ്പർ ഭേദഗതി 937-ാം നമ്പർ ഭേദഗതിക്കും 942, 943, 944, 945, 946 എന്നീ നമ്പർ ഭേദഗതികൾ 941-ാം നമ്പർ ഭേദഗതിക്കും 948, 949 എന്നീ നമ്പർ ഭേദഗതികൾ 947-ാം നമ്പർ ഭേദഗതിക്കും 956-ാം നമ്പർ ഭേദഗതി 955(ii)-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 955-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 955-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 931, 952, 958, 959, 965, 970 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 932-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 933, 961, 966, 973 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 934-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 937-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 939, 941, 951, 954, 962, 963, 967, 971 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 940-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 947-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 950, 960 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 953, 969, 975 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 968-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനെട്ടാം വകുപ്പ്</u>

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

978. ഖണ്ഡം 18(1) (i)-ന്റെ ആരംഭത്തിൽ "ബിരുദാനന്തര ബിരുദധാരിയും" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

979. ഖണ്ഡം 18(1) (i)-ൽ "വിവരസാങ്കേതിക" എന്നതിന് ശേഷം "വിദ്യ" എന്ന് ചേർക്കുക.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

980. ഖണ്ഡം 18(1)-ൽ ഇനം (i)നെ ഇനം (ii) ആയും ഇനം (ii)നെ ഇനം

(i) ആയും സ്ഥാനമാറ്റം ചെയ്യുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

981. ഖണ്ഡം 18(1) (iii)-ൽ "ഒരംഗം" എന്നതിനുപകരം "രണ്ടംഗം" എന്ന് ചേർക്കുക.

983. ഖണ്ഡം 18(1) (viii)-ൽ "ഒരാൾ" എന്നതിനുപകരം "രണ്ടു പേർ" എന്ന് ചേർക്കുക.

989. ഖണ്ഡം 18(1) (xvii)-ൽ "നാലു" എന്നതിനുപകരം "ആറു" എന്ന് ചേർക്കുക.

992. ഖണ്ഡം 18(1) (xvii)-ൽ "രണ്ടു പേരും;" എന്നതിനുപകരം "നാലു പേരും" എന്ന് ചേർക്കുക.

1001. ഖണ്ഡം 18(1) (xviii)-ൽ "രണ്ട്" എന്നതിനുപകരം "മൂന്ന്" എന്ന് ചേർക്കുക.

1003. ഖണ്ഡം 18(1) (xix)-ൽ "ഒരു" എന്നതിനുപകരം "രണ്ട്" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

982. ഖണ്ഡം 18(1) (v)-ൽ "വിവരസാങ്കേതികവിദ്യ" എന്നതിനുപകരം "വിവര സാങ്കേതികവിദ്യ" എന്ന് ചേർക്കുക.

984. ഖണ്ഡം 18(1)(ix)-ൽ "വിവരസാങ്കേതികവിദ്യയും" എന്നതിനുപകരം "വിവര സാങ്കേതികവിദ്യ" എന്ന് ചേർക്കുക.

987. ഖണ്ഡം 18(1) (xvii)-ൽ "വിവരസാങ്കേതികവിദ്യയും" എന്നതിന് പകരം "വിവര സാങ്കേതികവിദ്യ" എന്ന് ചേർക്കുക.

994. ഖണ്ഡം 18(1) (xvii) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"(xvii) ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട് - എക്സ്ഒഫിഷ്യോ അംഗം."

1002. ഖണ്ഡം 18(1) (xviii)-ൽ "പ്രൊഫസർമാർ" എന്നതിനുമുൻപ് "മുതിർന്ന" എന്ന് ചേർക്കുക.

1006. ഖണ്ഡം 18(3)-ൽ "ഗസറ്റ് വിജ്ഞാപനം" എന്നതിനുമുൻപായി "ഔദ്യോഗിക" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

985. ഖണ്ഡം 18(1) (ix)-ൽ "ഒരു" എന്നതിനുമുമ്പ് "ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

986. ഖണ്ഡം 18(1) (x)-ൽ "ഒരു" എന്നതിനുമുമ്പ് "ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

990. ഖണ്ഡം 18(1) (xvii)-ൽ "നാലു" എന്നതിന് പകരം "നാല്" എന്നും "രണ്ടു"എന്നതിന് പകരം "രണ്ട്" എന്നും ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

991. ഖണ്ഡം 18(1) (xvii)-ൽ "നിന്നും" എന്നതിനുപകരം "നിന്ന് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

998. ഖണ്ഡം 18(1) (xvii) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"(xvii) ഡയറക്ടർ, നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം"

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1005. ഖണ്ഡം 18(2)-ൽ "സെക്രട്ടറി" എന്നതിനുമുൻപ് "മെമ്പർ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 996, 997 എന്നീ നമ്പർ ഭേദഗതികൾ 995-ാം നമ്പർ ഭേദഗതിക്കും 999, 1000 എന്നീ നമ്പർ ഭേദഗതികൾ 998-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 990-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 990-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 978-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 979-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 980-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 981, 983, 989, 992, 1001, 1003 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 982, 984, 987, 994, 1002, 1006 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ അവതരിപ്പിച്ച 985, 986 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 991-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 998-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 1005-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊൻപതാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1007. ഖണ്ഡം 19(1)-ൽ "വ്യവസ്ഥചെയ്തിട്ടില്ലാത്ത" എന്നതിനുപകരം "വ്യവസ്ഥ ചെയ്തിട്ടില്ലാത്ത" എന്ന് ചേർക്കുക.

1013. ഖണ്ഡം 19(1)(ii)-ൽ "രണ്ട് വർഷക്കാലയളവിലേക്ക് കൂടി" എന്നതിനുശേഷം "ആവശ്യമെങ്കിൽ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1008. ഖണ്ഡം 19(1)(ii)-ൽ "മൂന്ന് വർഷക്കാലം" എന്നതിനുപകരം "നാല് വർഷക്കാലം" എന്ന് ചേർക്കുക.

1012. ഖണ്ഡം 19(1)(ii)-ൽ "കാലാവധി രണ്ട് വർഷക്കാലയളവിലേക്ക്" എന്നതിനുപകരം "ഒരു വർഷക്കാലയളവിലേക്ക്" എന്ന് ചേർക്കുക.

1014. ഖണ്ഡം 19(1)(iii)-ൽ "വിദ്യാർത്ഥി അംഗം" എന്നതിനുപകരം "പ്രതിനിധി" എന്നുചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1009. ഖണ്ഡം 19(1)(ii)-ൽ "എന്നിരുന്നാലും അദ്ദേഹത്തിന്റെ കാലാവധി രണ്ട് വർഷക്കാലയളവിലേക്ക് കൂടി നീട്ടിനൽകാവുന്നതാണ്" എന്നത് ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1015. ഖണ്ഡം 19(1)(iii)-ൽ "വർഷത്തേക്ക്" എന്നതിന് പകരം "വർഷത്തേക്കോ പഠനം പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ"എന്നത് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1016. ഖണ്ഡം 19(2)-ൽ "സ്ഥാനത്തേക്കാണോ" എന്നതിനുപകരം "ഒഴിവിലേക്കാണോ"എന്ന് ചേർക്കുക.

മി. സ്പീക്കർ: 1010, 1011 എന്നീ നമ്പർ ഭേദഗതികൾ 1009-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1007, 1013 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1008, 1012, 1014 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 1009-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1015-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1016-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 20(4)-ൽ "ബോർഡ് ഓഫ് ഗവർണേഴ്സ് വർഷത്തിൽ കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്" എന്നതിൽ "വർഷത്തിൽ" എന്നത് ഒഴിവാക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1018. ഖണ്ഡം 20(1)-ൽ "അതിന്" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1019. ഖണ്ഡം 20(1)-ൽ "നിയന്ത്രണം" എന്നതിനുശേഷം "ഉപദേശം" എന്ന് ചേർക്കുക.

1023. ഖണ്ഡം 20(2)(i)-ൽ "പ്രവർത്തനങ്ങളും" എന്നതിനുശേഷം "നടത്തിപ്പും" എന്ന് ചേർക്കുക.

1026. ഖണ്ഡം 20(2)(ii)-ൽ "നിശ്ചയിക്കുകയും" എന്നതിനുശേഷം "കൃത്യമായ പരീക്ഷ നടത്തിപ്പും" എന്ന് ചേർക്കുക.

1031. ഖണ്ഡം 20(2)(v)-ൽ "അക്കാഡമികവും" എന്നതിനുശേഷം "ഭരണപരവും" എന്ന് ചേർക്കുക.

1036. ഖണ്ഡം 20(2)(viii)-ൽ "വിനിയോഗിക്കുകയും" എന്നതിനുശേഷം "പ്രവർത്തിക്കുകയും" എന്ന് ചേർക്കുക.

1037. ഖണ്ഡം 20(3)-ൽ "അപ്രകാരമുള്ള" എന്നതിനുശേഷം "സബ്കമ്മിറ്റികളെ" എന്ന് ചേർക്കുക.

1039. ഖണ്ഡം 20(4)-ൽ "മൂന്ന് മാസത്തിലൊരിക്കൽ" എന്നതിനുപകരം "രണ്ട് മാസത്തിലൊരിക്കൽ" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1020. ഖണ്ഡം 20(1)-ൽ "എന്നിവയിൽ" എന്നതിനുപകരം "ഉൾപ്പെടെയുള്ള സർവ്വകലാശാലയുടെ നിർവ്വഹണ അധികാരം" എന്ന് ചേർക്കുക.

1025. ഖണ്ഡം 20(2)(ii)-ൽ "പഠന സ്കൂളുകൾ" എന്നതിനുപകരം "സ്കൂളുകൾ" എന്ന് ചേർക്കുക.

1030. ഖണ്ഡം 20(2)(v)-ൽ "അക്കാഡമികവും" എന്നതിനുപകരം "അക്കാദമികവും" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1024. ഖണ്ഡം 20(2)(i)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (ii) ആയി ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക;

"മറ്റ് സർവ്വകലാശാലയുടെ സർട്ടിഫിക്കറ്റുകൾ, ഡിപ്ലോമകൾ, ബിരുദങ്ങൾ മറ്റ് അക്കാഡമിക് ബഹുമതികൾ എന്നിവ പരിശോധിക്കുക."

1033. ഖണ്ഡം 20(2)(vi)-ൽ "റഗുലേഷനുകൾ പരിഗണിക്കുകയോ" എന്നതിനുപകരം "ഈ ആക്ടിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരം റഗുലേഷനുകൾ ഉണ്ടാക്കുകയും" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1027. ഖണ്ഡം 20(2)(iv)-ൽ "റദ്ദാക്കുകയോ" എന്ന വാക്ക് നീക്കം ചെയ്യുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1028. ഖണ്ഡം 20(2)(iv)-ൽ "ശിപാർശയിന്മേലോ" എന്നതിനുശേഷം "അതതുസംഗതിപോലെ" എന്ന് ചേർക്കുക.

1034. ഖണ്ഡം 20(2)(vi)-ൽ "റഗുലേഷനുകൾ" എന്നതിനുശേഷം "അതതു സംഗതിപോലെ" എന്ന് ചേർക്കുക.

1035. ഖണ്ഡം 20(2)(viii)-ൽ" ബാധ്യസ്ഥമാക്കിയേക്കാവുന്നതോ" എന്നതിനുപകരം "ചുമതലപ്പെടുത്തിയേക്കാവുന്നതോ" എന്ന് ചേർക്കുക.

1038. ഖണ്ഡം 20(3)-ൽ "നിയമിക്കാൻ" എന്നതിനുപകരം "നിയമിക്കാനും" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1029. ഖണ്ഡം 20(2)(v)-ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1040. ഖണ്ഡം 20(5)-ൽ "മൂന്നിലൊന്നായിരിക്കും" എന്നതിനുപകരം "മൂന്നിലൊന്നിനോടടുപ്പിച്ചായിരിക്കും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1022-ാം നമ്പർ ഭേദഗതി 1021-ാം നമ്പർ ഭേദഗതിക്കും 1032-ാം നമ്പർ ഭേദഗതി 1030-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 1018-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1019, 1023, 1026, 1031, 1036, 1037, 1039 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1020, 1025, 1030 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1024, 1033 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1027-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1028, 1034, 1035, 1038 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1029-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1040-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1041. ഖണ്ഡം 21(1)-ൽ "പ്രധാന" എന്നതിനുപകരം "പരമാധികാര" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1042. (i)ഖണ്ഡം 21(1)-ൽ "അക്കാഡമിക" എന്നതിന് പകരം "അക്കാദമിക" എന്ന് ചേർക്കുക.

1047.ഖണ്ഡം21(2)-ൽ "നിർണ്ണയിച്ചിരിക്കുന്നപ്രകാരമായിരിക്കുന്നതാണ്" എന്നതിന് പകരം "നിർണ്ണയിച്ചിരിക്കുന്ന പ്രകാരമായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

1048. ഖണ്ഡം 21(3)-ൽ "അക്കാഡമിക സംഗതികളിലും" എന്നതിന് പകരം "അക്കാദമിക കാര്യങ്ങളിലും" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1043. ഖണ്ഡം 21(1)(i)-ൽ "പരിപാടികളും" എന്നതിനുശേഷം "ഭരണപരമായ നയങ്ങളും" എന്ന് ചേർക്കുക.

1049. ഖണ്ഡം 21(3)-ൽ "ഉപദേശിക്കുവാനുള്ള അവകാശം" എന്നതിനു പകരം "ഉപദേശിക്കാനും നിഷ്കർഷിക്കാനുമുള്ള അവകാശം" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1044. ഖണ്ഡം 21(1)(ii)-ൽ "വിദ്യാഭ്യാസത്തിന്റെയും" എന്നതിനുശേഷം "ഗവേഷണത്തിന്റെയും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1045, 1046 എന്നീ നമ്പർ ഭേദഗതികൾ 1044-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1041-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1042, 1047, 1048 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1043, 1049 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 1044-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1053. ഖണ്ഡം 22(1)(i)-ൽ "വൈസ്-ചാൻസലർ" എന്ന വാക്കിനു ശേഷം "-ചെയർമാൻ" എന്ന ചിഹ്നവും വാക്കും ചേർക്കുക.

1061. ഖണ്ഡം 22(3)(iv)-നുശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(v) സർവ്വകലാശാലയുടെ ആസ്തികളുടെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഓരോ ധനകാര്യവർഷവും ചെലവഴിക്കാവുന്ന ആവർത്തകവും അനാവർത്തകവുമായ തുകകളുടെ പരിധി നിശ്ചയിക്കുക."

1063. ഖണ്ഡം 22(4)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക.

"(5) ധനപരമായ എല്ലാ കാര്യങ്ങളും ഫൈനാൻസ് കമ്മിറ്റി പരിഗണിച്ച ശേഷമായിരിക്കണം ബോർഡ് ഓഫ് ഗവർണേഴ്സിന് പരിഗണിക്കേണ്ടത്."

1064. ഖണ്ഡം 22(5)-ൽ "അധ്യക്ഷത" എന്ന് വരുന്നിടത്തെല്ലാം "ആദ്ധ്യക്ഷ്യം" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1054. ഖണ്ഡം 22(1)(ii)-ൽ "രണ്ടു" എന്നതിനു പകരം "മൂന്ന്" അംഗങ്ങൾ എന്ന് കൂട്ടി ചേർക്കുക.

1056. ഖണ്ഡം 22(2)-ൽ "രണ്ട്" എന്നതിനു പകരം "മൂന്ന്" എന്ന് ചേർക്കുക.

1057. ഖണ്ഡം 22(3)(i)-ൽ "പരിശോധന നടത്തുകയും" എന്നതിനു ശേഷം "വേണ്ടത്ര തിരുത്തലുകൾ വരുത്തുകയോ" എന്ന് ചേർക്കുക.

1058. ഖണ്ഡം 22(3)(ii)-ൽ "പരിഗണിക്കുകയും" എന്നതിനുപകരം "ബാധ്യതകൾ ലഘൂകരിക്കുകയും" എന്ന് ചേർക്കുക.

1059. ഖണ്ഡം 22(3)(iii)-ൽ "പത്രികകൾ പരിഗണിക്കുകയും" എന്നതിനുശേഷം "പുതിയ ധനാഗമ മാർഗ്ഗങ്ങൾ അന്വേഷിക്കുകയും" എന്ന് ചേർക്കുക.

1062. ഖണ്ഡം 22(4)-ൽ "നാല് " എന്നതിനുപകരം "ആറ്" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1055. ഖണ്ഡം 22(1)(ii)-ൽ "രണ്ടു" എന്നതിന് പകരം "രണ്ട്" എന്ന് ചേർക്കുക.

1060. ഖണ്ഡം 22(3)(iii) താഴെപ്പറയും പ്രകാരം മാറ്റുക.

"സർവ്വകലാശാലയുടെ കണക്കുകളുടെ ആനുകാലിക സ്റ്റേറ്റ്മെന്റ് പരിഗണിക്കുകയും അത് കാലാകാലങ്ങളിൽ അവലോകനം ചെയ്യുകയും പുനർധനവിനിയോഗ പത്രികകൾ പരിഗണിക്കുകയും അത് ബോർഡ് ഓഫ് ഗവർണേഴ്സിന് സമർപ്പിക്കുകയും; കൂടാതെ"

1066. ഖണ്ഡം 22(5)-ൽ "അധ്യക്ഷത" എന്ന് വരുന്നിടത്തെല്ലാം "അദ്ധ്യക്ഷത" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1067. ഖണ്ഡം 22(5)-ൽ "യോഗത്തിൽവച്ച്" എന്നതിനുപകരം "യോഗത്തിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1051, 1052 എന്നീ നമ്പർ ഭേദഗതികൾ 1050-ാം നമ്പർ ഭേദഗതിക്കും 1065-ാം നമ്പർ ഭേദഗതി 1064-ാം നമ്പർ ഭേദഗതിക്കും 1069, 1070, 1071, 1072, 1073 എന്നീ നമ്പർ ഭേദഗതികൾ 1068-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1055-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1064-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1055-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1064-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1053, 1061, 1063 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1054, 1056, 1057, 1058, 1059, 1062 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1060, 1066 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1067-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1074. ഖണ്ഡം 23(1)-ൽ (v)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക.

"(vi) സർവ്വകലാശാലയിലെ വിദ്യാർത്ഥികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ ഒരാൾ വിദ്യാർത്ഥിനി ആയിരിക്കേണ്ടതാണ് ".

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1075. ഖണ്ഡം 23(1) -ൽ

(i) "കൗൺസിലിൽ" എന്നതിനുപകരം "കൗൺസിൽ" എന്ന് ചേർക്കുക.

(ii)"അടങ്ങിയിരിക്കുന്നതാണ് "എന്നതിനുപകരം "ഉൾപ്പെടുന്നതാണ് " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1079. ഖണ്ഡം 23(1) (ii) -ൽ "ശാസ്ത്രം" എന്നതിനുമുൻപിലായി "ഡിജിറ്റൽ" എന്ന് ചേർക്കുക.

1083. ഖണ്ഡം 23(5)-ൽ "അതുവരെ ആയിരിക്കുന്നതാണ്" എന്നതിനു ശേഷം താഴെ പറയുന്നത് ചേർക്കുക.

"അക്കാഡമിക് കൗൺസിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടാൻ അർഹതയുണ്ടായിരിക്കുന്നതാണ്. അക്കാഡമിക വർഷം അവസാനിക്കുന്നതിന് മൂന്ന് മാസം മുൻപ് അക്കാഡമിക് കൗൺസിൽ പുനഃസംഘടിപ്പിക്കാൻ രജിസ്ട്രാർ നടപടി സ്വീകരിക്കേണ്ടതാണ്."

1084. ഖണ്ഡം 23(6)-ൽ "വിദ്യാഭ്യാസം" എന്നതിനുശേഷം "ഗവേഷണം " എന്ന് ചേർക്കുക.

1085. ഖണ്ഡം 23(6)-ൽ "പരിശീലനം" എന്നതിനുശേഷം "തൊഴിൽ പ്രാപ്തി സൃഷ്ടിക്കൽ" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1080. ഖണ്ഡം 23(1) (ii) -ൽ "മാനവികവിഷയങ്ങൾ" എന്നതിനുശേഷം "സാമൂഹ്യശാസ്ത്രം " എന്ന് ചേർക്കുക.

1081. ഖണ്ഡം 23(1) (ii)-ൽ "അക്കാഡമിക" എന്ന വാക്കിനുപകരം "അക്കാഡമിക്" എന്ന് ചേർക്കുക.

1089. ഖണ്ഡം 23(6)-ൽ "വിജ്ഞാന വ്യാപനം" എന്നതിനുശേഷം "സിലബസ്സുകളുടെ പരിഷ്കരണം " എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1082. ഖണ്ഡം 23(5)-ൽ "രണ്ട്" എന്നതിനുപകരം "മൂന്ന്" എന്ന് ചേർക്കുക.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1086. ഖണ്ഡം 23(6)-ൽ "പരിശീലനം" എന്നതിനുശേഷം "ഗവേഷണം " എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1090. ഖണ്ഡം 23(6)-ൽ "ഉത്തരവാദിത്വം" എന്നതിനുപകരം "ഉത്തരവാദിത്തം " എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1093. ഖണ്ഡം 23(6)-ൽ "രൂപവത്കരിക്കാവുന്നതാണ്" എന്നതിനുപകരം "രൂപവത്ക്കരിക്കാവുന്നതാണ്" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 1077,1078 എന്നീ നമ്പർ ഭേദഗതികൾ 1076-ാം നമ്പർ ഭേദഗതിക്കും 1087, 1088 എന്നീ നമ്പർ ഭേദഗതികൾ 1086-ാം നമ്പർ ഭേദഗതിക്കും 1091, 1092 എന്നീ നമ്പർ ഭേദഗതികൾ 1090-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി <u>(ശ്രീ. പി. രാജീവ്)</u>: സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1074-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1075-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1079, 1083, 1084, 1085 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1080, 1081, 1089 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1082-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 1086-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1090-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1093-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1094. ഖണ്ഡം 24(1)-ൽ (iv)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

"(v) സർവ്വകലാശാലയിലെ ഗവേഷണ വിദ്യാർത്ഥികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ ഒരാൾ വിദ്യാർത്ഥിനി ആയിരിക്കേണ്ടതാണ്."

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1095. ഖണ്ഡം 24(1) താഴെപ്പറയും പ്രകാരം മാറ്റുക

(i)"റിസർച്ച് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:- "

(ii) ഖണ്ഡം 24(2)-ൽ "നാമനിർദ്ദേശംചെയ്യുന്ന" എന്നതിന് പകരം "നാമനിർദ്ദേശം ചെയ്യുന്ന"എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1096. ഖണ്ഡം 24(1)(iv)-ൽ "ഇന്നോവേഷൻ" എന്നതിനുശേഷം "സംരംഭകത്വം"എന്ന് ചേർക്കുക.

1097. ഖണ്ഡം 24(1)(iv)-ൽ "അല്ലെങ്കിൽ" എന്നതിനുപകരം "," എന്ന ചിഹ്നം ചേർക്കുക.

1113. ഖണ്ഡം 24-നുശേഷം, ഖണ്ഡം 25 ആയി താഴെപ്പറയുന്നവ ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"25. <u>പഠനസ്കൂൾ:</u> സർവ്വകലാശാലയിൽ താഴെപ്പറയുന്ന പഠനസ്കൂളുകൾ ഉൾപ്പെടുത്തേണ്ടതാണ്, അതായത്:-

(i) സ്കൂൾ ഓഫ് കമ്പ്യൂട്ടിങ്;

(ii) സ്കൂൾ ഓഫ് ഇലക്ട്രോണിക്സ് ഡിസൈൻ ആൻഡ് ഓട്ടോമേഷൻ;

(iii) സ്കൂൾ ഓഫ് ഇൻഫർമാറ്റിക്സ്;

(iv) സ്കൂൾ ഓഫ് ഡിജിറ്റൽ ബയോ സയൻസ്;

(v) സ്കൂൾ ഓഫ് ഡിജിറ്റൽ ഹ്യൂമാനിറ്റീസ്;

(vi) സ്റ്റാറ്റ്യൂട്ടുകളാൽ സ്ഥാപിക്കപ്പെടുന്ന മറ്റു സ്കൂളുകൾ."

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1098. ഖണ്ഡം 24(1)(iv)-ൽ "മാനവിക വിഷയങ്ങൾ" എന്നതിനുശേഷം "സാമൂഹ്യ ശാസ്ത്രം" എന്ന് ചേർക്കുക.

1106. ഖണ്ഡം 24(3)-ൽ "സ്ഥാപിക്കുകയും ചെയ്യുന്നതാണ്" എന്നതിനു ശേഷം "കൂടാതെ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1099. (i) ഖണ്ഡം 24(3)-ൽ "സാങ്കേതിക വിദ്യയിൽ" എന്നതിനുപകരം "സാങ്കേതികവിദ്യയിൽ" എന്ന് ചേർക്കുക.

(ii) "വൈദേശികമായ" എന്നതിനുപകരം "വൈദേശികമായതുൾപ്പെടെയുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1100. ഖണ്ഡം 24(3)-ൽ "വൈദേശികമായ" എന്ന വാക്ക് ഒഴിവാക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1103. ഖണ്ഡം 24(3)-ൽ "വൈദേശികമായ" എന്നതിനുപകരം "തദ്ദേശിയവും വൈദേശികവുമായ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1107. ഖണ്ഡം 24(3)-ൽ "നിലവാരമുള്ള" എന്നതിനുപകരം "നിലവാരമുള്ളതും ദൈനംദിനജീവിതത്തിൽ പ്രയോജനപ്രദമാകുന്നതുമായ വിഷയങ്ങളിൽ" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1108. ഖണ്ഡം 24(4)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനുപകരം "നിർണ്ണയിക്കപ്പെടുന്ന" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1109. ഖണ്ഡം 24(4) താഴെപ്പറയും പ്രകാരം മാറ്റുക.

"(4) റിസർച്ച് കൗൺസിലിന് അതിന്റെ മുൻപാകെ സമർപ്പിക്കപ്പെടുന്ന ഗവേഷണ നിർദ്ദേശങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിനു പുറമെ പ്രത്യേക മേഖലകളിൽ ഗവേഷണം നടത്തുന്നതിന് നിർദ്ദേശവും ഉപദേശവും നൽകാവുന്നതാണ്."

മി. സ്പീക്കർ: 1101, 1102 എന്നീ നമ്പർ ഭേദഗതികൾ 1100-ാം നമ്പർ ഭേദഗതിക്കും 1104, 1105 എന്നീ നമ്പർ ഭേദഗതികൾ 1103-ാം നമ്പർ ഭേദഗതിക്കും 1110, 1111, 1112 എന്നീ നമ്പർ ഭേദഗതികൾ 1109-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. എം. വിജിൻ അവതരിപ്പിച്ച 1108-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1094-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. എം. വിജിൻ അവതരിപ്പിച്ച 1108-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1095-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1096, 1097, 1113 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1098, 1106 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1099-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 1100-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 1103-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 1109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിഅഞ്ചാം വകുപ്പ്

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1114. ഖണ്ഡം 25-ൽ, "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനുപകരം "നിർണ്ണയിക്കപ്പെടുന്ന" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1115. ഖണ്ഡം 25-ൽ, ഉപഖണ്ഡം (1) ആയി താഴെപ്പറയുന്നത് ചേർത്ത ശേഷം നിലവിലുള്ളത് ഉപഖണ്ഡം (2) ആയി ചേർക്കുക.

"(i) സർവ്വകലാശാലയ്ക്ക്, ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരത്തിന് വിധേയമായി മറ്റേതൊരു അധികാരസ്ഥാനത്തേയും സ്ഥാപിക്കാവുന്നതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. എം. വിജിൻ അവതരിപ്പിച്ച 1114-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിജിൻ അവതരിപ്പിച്ച 1114-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഇരുപത്തിയാറാം വകുപ്പ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1116. ഖണ്ഡം 26-ൽ "താഴെപ്പറയുന്ന" എന്നതിനുപകരം "ഇനിപറയുന്ന" എന്ന് ചേർക്കുക.

1121. ഖണ്ഡം 26(i)-ൽ "അധികാരസ്ഥാനങ്ങളുടെയും" എന്നതിനു മുൻപിലായി "ഈ ആക്ടിൽ സ്പഷ്ടമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1119. ഖണ്ഡം 26-ൽ "വ്യവസ്ഥ ചെയ്യാവുന്നതാണ്" എന്നതിനുപകരം "കൊണ്ടുവരാവുന്നതാണ്" എന്ന് ചേർക്കുക.

1124. ഖണ്ഡം 26(ii)-ൽ "വ്യവസ്ഥ ചെയ്യേണ്ടത്" എന്നതിനുപകരം "കൊണ്ടുവരേണ്ടത്" എന്ന് ചേർക്കുക.

1128. ഖണ്ഡം 26(iii)-ൽ "കർത്തവ്യങ്ങൾ" എന്ന വാക്കിനുശേഷം "ചുമതലകൾ" എന്ന് ചേർക്കുക.

1132. ഖണ്ഡം 26(v)-ൽ "അസിസ്റ്റന്റ്ഷിപ്പ്" എന്നതിനുശേഷം "പരിശീലന ക്ലാസ്സുകൾ" എന്ന് ചേർക്കുക.

1137. ഖണ്ഡം 26(vi)-ൽ "കാലയളവിലേക്ക് " എന്നതിനുശേഷം "ഒരു പ്രത്യേക പ്രോജക്ടിലേക്ക്" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1123. ഖണ്ഡം 26(i) താഴെപ്പറയും പ്രകാരം മാറ്റുക.

"കാലാകാലങ്ങളിൽ സർവ്വകലാശാലയിൽ സ്ഥാപിക്കപ്പെടേണ്ടത് ആവശ്യമാണെന്ന് കരുതുന്ന അധികാരസ്ഥാനങ്ങളുടെയും മറ്റ് നികായങ്ങളുടെയും ഘടന, അധികാരങ്ങൾ, ചുമതലകൾ;"

1129. ഖണ്ഡം 26(iii)-ൽ "വേതനങ്ങൾ" എന്ന വാക്കിനുപകരം "വേതനവും" എന്ന വാക്ക് ചേർക്കുക.

1138. ഖണ്ഡം 26(vii)-ൽ "രൂപവൽക്കരണവും" എന്നതിനുപകരം "രൂപവത്കരണവും" എന്നാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1126. ഖണ്ഡം 26(iii)-ൽ "കർത്തവ്യങ്ങൾ" എന്ന വാക്കിനുശേഷം "യോഗ്യതകൾ" എന്ന വാക്ക് ചേർക്കുക.

1146. ഖണ്ഡം 26(ix) താഴെപ്പറയുന്ന പ്രകാരം മാറ്റുക.

"സർട്ടിഫിക്കറ്റുകൾ, ബിരുദങ്ങൾ, പദവികൾ, ഗവേഷണബിരുദങ്ങൾ, മറ്റ് അക്കാഡമിക ബഹുമതികൾ എന്നിവ നൽകുന്നതിനും ബിരുദദാനസമ്മേളനം നടത്തുന്നതിനുമുള്ള രീതി".

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1130. ഖണ്ഡം 26(iv)-ൽ "ബന്ധപ്പെട്ട" എന്ന വാക്കിനുപകരം "അനുബന്ധ" എന്ന വാക്ക് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1133. ഖണ്ഡം 26(vi)-ൽ "യൂണിവേഴ്സിറ്റികളിലോ" എന്ന വാക്കിനു പകരം "സർവ്വകലാശാലകളിലോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1141. ഖണ്ഡം 26(ix)-ൽ "നൽകൽ" എന്നതിനുശേഷം "ബിരുദദാന ചടങ്ങുകൾ നടത്തുന്നത് സംബന്ധിച്ച് " എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1147. ഖണ്ഡം 26(x)-ൽ "സമ്മാനങ്ങൾ" എന്നതിനുപകരം "ബഹുമതികൾ" എന്ന് ചേർക്കുക.

1150. ഖണ്ഡം 26(xiv)- "വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്" എന്നതിനുപകരം "വ്യവസ്ഥകൾക്ക് പ്രാബല്യം നൽകാൻ" എന്ന് ചേർക്കുക.

1151. ഖണ്ഡം 26(xiv)-നുശേഷം ചുവടെ ചേർക്കുന്ന ഇനങ്ങൾ ചേർക്കുക.

"(xv) വ്യക്തികളിൽ നിന്നോ സംഘടകളിൽ നിന്നോ ട്രസ്റ്റുകൾ, മരണശാസനങ്ങൾ, സംഭാവനകൾ, എൻഡോവ്മെന്റുകൾ, ഗ്രാന്റുകൾ എന്നിവ സ്വീകരിക്കലും അവയുടെ നടത്തിപ്പും;"

"(xvi)ഭരണഘടനാ വ്യവസ്ഥകൾക്കും സംസ്ഥാന സർക്കാരിന്റെ നയങ്ങൾക്കും അനുസൃതമായി പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗത്തിലും സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്നവരുമായ അംഗങ്ങൾക്കുവേണ്ടി സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും നിയമനങ്ങൾക്കുള്ള മതിയായ എണ്ണം തസ്തികകൾ സംവരണം ചെയ്യുന്നതിനുള്ള വ്യവസ്ഥ."

മി. സ്പീക്കർ: 1117, 1118 എന്നീ നമ്പർ ഭേദഗതികൾ 1116-ാം നമ്പർ ഭേദഗതിക്കും 1120, 1122 എന്നീ നമ്പർ ഭേദഗതികൾ 1121-ാം നമ്പർ ഭേദഗതിക്കും 1127-ാം നമ്പർ ഭേദഗതി 1128-ാം നമ്പർ ഭേദഗതിക്കും 1135, 1136 എന്നീ നമ്പർ ഭേദഗതികൾ 1134-ാം നമ്പർ ഭേദഗതിക്കും 1142, 1143, 1144, 1145 എന്നീ നമ്പർ ഭേദഗതികൾ 1141-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 1148, 1149 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചിട്ടില്ലാത്തതിനാൽ ഞാൻ അവ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

1148. ഖണ്ഡം 26(x)-ൽ "ഇവ" എന്നതിനുപകരം "എന്നിവ" എന്ന് ചേർക്കുക.

1149. ഖണ്ഡം 26(xii)-ൽ "ഇവ" എന്നതിനുപകരം "എന്നിവ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1148, 1149 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 1116, 1121 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1119, 1124, 1128, 1132, 1137 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1123, 1129, 1138 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1126, 1146 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1133-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 1141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1147, 1150, 1151 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തി ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1152. ഖണ്ഡം 27(1)-ൽ "ചാൻസലറുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1153. ഖണ്ഡം 27(1)-ൽ "മുൻകൂട്ടിയുള്ള" എന്ന വാക്ക് ഒഴിവാക്കുക.

1156. ഖണ്ഡം 27(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഭേദഗതിചെയ്യുകയോ" എന്നതിനുപകരം "ഭേദഗതി ചെയ്യുകയോ" എന്ന് ചേർക്കുക.

1158. ഖണ്ഡം 27(3)-ൽ "വെളിച്ചത്തിൽ" എന്നതിനുപകരം "അടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1154. ഖണ്ഡം 27(2)-ൽ "ഉണ്ടാക്കാവുന്നതും" എന്നതിനുശേഷം "കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതും" എന്ന് കൂട്ടിച്ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1155. ഖണ്ഡം 27(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഇവയെ" എന്നതിന് പകരം "എന്നിവയെ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1157. ഖണ്ഡം 27(3)-ൽ "അംഗീകരിക്കുകയോ" എന്നതിനുശേഷം "തടഞ്ഞുവയ്ക്കുകയോ" എന്ന് ചേർക്കുക.

1159. ഖണ്ഡം 27(4)ൽ "സ്റ്റാറ്റ്യൂട്ടിനോ സാധുതയുണ്ടായിരിക്കുന്നതല്ല" എന്നതിനുപകരം "സ്റ്റാറ്റ്യൂട്ടും സാധുവായിരിക്കുന്നതോ പ്രാബല്യത്തിൽ വരുന്നതോ അല്ലാതാകുന്നു" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1153, 1156, 1158 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1154-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1157, 1159 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1160. ഖണ്ഡം 28(1)-ൽ "ആക്റ്റിലേയും" എന്ന വാക്കിനുശേഷം "അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള" എന്ന് ചേർക്കുക.

1167. ഖണ്ഡം 28(1)(ii)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക.

"(iii) പഠന കോഴ്സിനുള്ള യഥാർത്ഥ ദിവസങ്ങളുടെ എണ്ണം, അവധി ദിവസങ്ങൾ, അവധിക്കാലം, അദ്ധ്യയനകാലം എന്നിവ;"

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1161. ഖണ്ഡം 28(1)(i)-ൽ "പഠന കോഴ്സുകളും" എന്നതിനുശേഷം "സിലബസ്സുകളും" എന്ന് ചേർക്കുക.

1165. ഖണ്ഡം 28(1)(i)-ൽ "ഫെല്ലോഷിപ്പുകളും" എന്നതിനുശേഷം "സ്കോളർഷിപ്പുകളും" എന്നു ചേർക്കുക.

1166. ഖണ്ഡം 28(1)(ii)-ൽ "പരീക്ഷാ നടത്തിപ്പ്" എന്നതിനുപകരം "പരീക്ഷാ നടത്തിപ്പും കൃത്യതയാർന്ന ഫലപ്രഖ്യാപനവും" എന്ന് ചേർക്കുക."

1168. ഖണ്ഡം 28(1)(iii)-ൽ "പൊതു അച്ചടക്കവും" എന്നതിനു ശേഷം "അവരുടെ ഫെസിലിറ്റീസും" എന്ന് ചേർക്കുക.

1169. ഖണ്ഡം 28(1)(v)-ൽ "അച്ചടക്കം പാലിയ്ക്കൽ" എന്നതിനു ശേഷം "വർഗ്ഗീയവിധ്വംസക പ്രവർത്തനങ്ങളിൽ നിയന്ത്രണം" എന്നത് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1162. ഖണ്ഡം 28(1)(i)-ൽ "യോഗ്യതകൾ" എന്നതിനുപകരം "യോഗ്യതകളും നടപടിക്രമങ്ങളും" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1170. ഖണ്ഡം 28(1)(v)-ൽ "അച്ചടക്കം പാലിയ്ക്കൽ" എന്ന വാക്കിനുശേഷം "പെരുമാറ്റ ചട്ടം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1163, 1164 എന്നീ നമ്പർ ഭേദഗതികൾ 1162-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1160, 1167 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1161, 1165, 1166, 1168, 1169 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1162-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 1170-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊൻപതാം വകുപ്പ്

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1171. ഖണ്ഡം 29(1)-ൽ "മറ്റ് " എന്നതിനുശേഷം "നിയമപരമായ" എന്ന് ചേർക്കുക.

1173. ഖണ്ഡം 29(1)-ൽ "ആകമാന" എന്നതിനുശേഷം "എല്ലാ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാം കുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1172. ഖണ്ഡം 29(1)-ൽ "വിഷയങ്ങളോടൊപ്പം" എന്നതിനുശേഷം "തനത് വർഷം" എന്ന് ചേർക്കുക.

1179. ഖണ്ഡം 29(2)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(3) ചാൻസലർക്ക് സമർപ്പിക്കുന്നതുപോലെ, വാർഷിക റിപ്പോർട്ടിന്റെ ഒരു പകർപ്പ് സർക്കാരിനു സമർപ്പിക്കേണ്ടതും, ആയത് നിയമസഭ സമ്മേളന കാലയളവിലാണെങ്കിൽ സഭയുടെ മേശപ്പുറത്ത് വയ്പ്പിക്കേണ്ടതും സമ്മേളനകാലയളവിലല്ലായെങ്കിൽ അപ്രകാരമുള്ള വാർഷിക റിപ്പോർട്ട് ലഭിച്ചതിനുശേഷം തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽ സമർപ്പിക്കേണ്ടതുമാണ്."

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1174. ഖണ്ഡം 29(1)-ൽ "ആകമാന നിർദ്ദേശങ്ങൾക്കും" എന്നതിനു ശേഷം "വ്യവസ്ഥകൾക്കും" എന്ന് ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1175. ഖണ്ഡം 29(2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) ഇങ്ങനെ തയ്യാറാക്കപ്പെടുന്ന വാർഷിക റിപ്പോർട്ട് ബോർഡ് ഓഫ് ഗവർണേഴ്സ് അംഗീകരിച്ചതിനു ശേഷം അതിനു യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള അഭിപ്രായത്തോട് കൂടി സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ പ്രസ്തുത റിപ്പോർട്ട് അതിന്റെ അഭിപ്രായത്തോട് കൂടി തൊട്ടടുത്ത സമ്മേളനത്തിൽ നിയമസഭ മുൻപാകെ വെയ്ക്കേണ്ടതും, ചാൻസലർക്ക് സമർപ്പിക്കേണ്ടതുമാണ്."

മി. സ്പീക്കർ: 1176, 1177, 1178 എന്നീ നമ്പർ ഭേദഗതികൾ 1175-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 1171, 1173 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1172, 1179, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1174-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 1175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പതാം വകുപ്പ്

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1180. ഖണ്ഡം 30(1)-ൽ "ഒരു " എന്നതിനു ശേഷം "പൊതു" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1183. ഖണ്ഡം 30(1)(iii)-ൽ "വാണിജ്യ കേന്ദ്രങ്ങൾ" എന്നതിനുശേഷം "സംസ്കരണ സ്ഥാപനങ്ങൾ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1184. ഖണ്ഡം 30(1)(iii)-ൽ "എന്നിവ" എന്നതിനുശേഷം "സർക്കാരിന്റെ മുൻകൂർ അനുമതിയോടെ" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1185. ഖണ്ഡം 30(1)(iii)-ൽ "എന്നിവ" എന്നതിനുശേഷം "ആക്ടിനും സ്റ്റാറ്റ്യൂട്ടിനും വിധേയമായി" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1188. ഖണ്ഡം 30(1)(iv)-ൽ "വ്യക്തികളോ" എന്നതിനുശേഷം "കമ്പനികളോ, സർക്കാർ - സർക്കാരേതര സ്ഥാപനങ്ങളോ, സർക്കാരേതര സംഘടനകളോ"

എന്ന് ചേർക്കുക.

1192. ഖണ്ഡം 30(1)(iv)-നുശേഷം താഴെപ്പറയുന്നവ ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

"(v) സർവ്വകലാശാലക്ക് കടം വാങ്ങുന്ന തുകകളും;

(vi) സർവ്വകലാശാലയിൽ നിക്ഷിപ്തമായിട്ടുള്ള വസ്തുക്കളിൽ നിന്നും നിധികളിൽ നിന്നും ലഭിക്കുന്ന വാടക, ആദായം എന്നിങ്ങനെയുള്ള എല്ലാ വരുമാനവും;"

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1193. ഖണ്ഡം 30(1)(vi)-ൽ "മറ്റ് ഏതൊരു" എന്നതിനുശേഷം "നിയമപരമായ" എന്ന് ചേർക്കുക.

1194. ഖണ്ഡം 30(2)-ൽ "ഒരു ഷെഡ്യൂൾഡ് ബാങ്കിലോ " എന്നതിന് പകരം "ഒരു പൊതുമേഖലാ ബാങ്കിലോ" എന്ന് ചേർക്കുക.

1195. ഖണ്ഡം 30(2)-ൽ "ഒരു ഷെഡ്യൂൾഡ് ബാങ്കിലോ ബാങ്കുകളിലായോ " എന്നതിനു പകരം "ഒരു ഷെഡ്യൂൾഡ് ബാങ്കിൽ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1196. ഖണ്ഡം 30(2)-ൽ "ഷെഡ്യൂൾഡ്" എന്നതിനുപകരം "ദേശസാൽകൃത" എന്ന് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1197. ഖണ്ഡം 30(3)-ൽ "ഫണ്ടുകൾ" എന്നതിനുശേഷം "സർവ്വകലാശാലയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് വിരുദ്ധമാകാത്ത പ്രകാരം " എന്ന് ചേർക്കുക.

മി. സ്പീക്കർ: 1181, 1182 എന്നീ നമ്പർ ഭേദഗതികൾ 1180-ാം നമ്പർ ഭേദഗതിക്കും 1186, 1187 എന്നീ നമ്പർ ഭേദഗതികൾ 1185-ാം നമ്പർ ഭേദഗതിക്കും 1190, 1191 എന്നീ നമ്പർ ഭേദഗതികൾ 1189-ാം നമ്പർ ഭേദഗതിക്കും 1198, 1199 എന്നീ നമ്പർ ഭേദഗതികൾ 1197-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 1180-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1183-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1184-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 1185-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1188, 1192 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1193, 1194, 1195 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 1196-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 1197-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിയൊന്നാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1200. ഖണ്ഡം 31(1)-ൽ "തയ്യാറാക്കേണ്ടതും" എന്നതിനുശേഷം "ഫൈനാൻസ് കമ്മിറ്റി പരിഗണിച്ച ശേഷം" എന്ന് ചേർക്കുക.

1202. ഖണ്ഡം 31(4)-ൽ "അംഗീകാരത്തിനുശേഷം" എന്നതിനുശേഷം "നിയമസഭ സമ്മേളനത്തിലാണെങ്കിൽ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതും സമ്മേളനത്തിലല്ലായെങ്കിൽ അപ്രകാരമുള്ള കണക്കുകൾ ലഭിച്ചതിനുശേഷം തൊട്ടടുത്തു വരുന്ന സമ്മേളത്തിൽ വയ്ക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1201. ഖണ്ഡം 31(4)-ൽ "അംഗീകാരത്തിനുശേഷം" എന്നതിനു ശേഷം "കൃത്യതയോടെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1200, 1202 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 1201-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1203. ഖണ്ഡം 32(1)-ന് ശേഷം താഴെപ്പറയുന്നവ ഉപഖണ്ഡം (2) ആയി ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"(2) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്പലേറ്റ് ട്രൈബ്യൂണൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതൊരു കാര്യത്തിന്മേലുള്ള തർക്കം തീർപ്പാക്കുന്നതിനുള്ള അപ്പലേറ്റ് ട്രൈബ്യൂണലായി പ്രവർത്തിക്കേണ്ടതാണ്."

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1204. ഖണ്ഡം 32 താഴെ പറയുംപ്രകാരം മാറ്റുക

"(32) അപ്പലേറ്റ് ട്രൈബ്യൂണൽ. - (1) ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും 1974-ലെ കേരള സർവകലാശാല ആക്റ്റിലെ (1974-ലെ 17) 65- വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതൊരു കാര്യത്തിനും ഉള്ള തർക്കം തീർപ്പാക്കുന്നതിനുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ ആയി പ്രവർത്തിക്കേണ്ടതാണ്."

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1214. ഖണ്ഡം 32 (4)-ൽ

"ക്രമപ്പെടുത്തുന്നതിനും" എന്നതിന് പകരം "നിയന്ത്രിക്കുന്നതിനും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1205, 1206, 1207, 1208, 1209, 1210, 1211, 1212, 1213 എന്നീ നമ്പർ ഭേദഗതികൾ 1204-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1203 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 1204-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1214-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ്

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1215. ഖണ്ഡം 33-ൽ "പെൻഷൻ ഫണ്ടോ പ്രോവിഡന്റ് ഫണ്ടോ രൂപവത്കരിക്കുകയോ അത്തരം ഇൻഷ്വറൻസ് പദ്ധതികൾ ഏർപ്പാടാക്കുകയോ" എന്നതിനുപകരം "പെൻഷൻഫണ്ട്, പ്രൊവിഡന്റ് ഫണ്ട് എന്നിവ രൂപവത്കരിക്കുകയും അത്തരം ഇൻഷ്വറൻസ് പദ്ധതികൾ ഏർപ്പാടാക്കുകയും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1223. ഖണ്ഡം 33-ൽ "പ്രോവിഡന്റ് ഫണ്ടോ" എന്നതിന് ശേഷം "ഇവ രണ്ടുമോ" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1224. ഖണ്ഡം 33-ൽ "അത്തരം" എന്നതിനുപകരം "തരത്തിലുള്ള" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1216, 1217, 1218, 1219, 1220, 1221, 1222 എന്നീ നമ്പർ ഭേദഗതികൾ 1215-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 1215-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1223-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 1224-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിനാലാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1225. ഖണ്ഡം 34-ൽ "യഥാവിധി" എന്നതിനുശേഷം "തെരഞ്ഞെടുക്കപ്പെട്ടതോ" എന്ന് ചേർക്കുക.

1228. ഖണ്ഡം 34-ൽ "സ്വമേധയോ" എന്നതിനുശേഷം "പ്രസ്തുത കാര്യം" എന്ന് ചേർക്കുക

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1226. ഖണ്ഡം 34-ൽ "അധികാരസ്ഥാനത്തിന്റെയോ" എന്നതിനുശേഷം "മറ്റ്" എന്ന് ചേർക്കുക.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1227. ഖണ്ഡം 34-ൽ "നികായത്തിന്റെയോ" എന്നു വരുന്നിടത്തെല്ലാം "അംഗീകൃത സ്ഥാപനത്തിന്റെയോ" എന്നാക്കി മാറ്റുക.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1225, 1228 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1226-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 1227-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയഞ്ചാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1229. ഖണ്ഡം 35-ൽ "മറ്റു" എന്നതിനു പകരം "മറ്റ്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1231. ഖണ്ഡം 35-ൽ "കുറഞ്ഞ സമയത്തിനുള്ളിൽ" എന്നതിനുശേഷം "ആ ഒഴിവുകൾ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1230-ാം നമ്പർ ഭേദഗതി 1229-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1229-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1229-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1231-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മുപ്പത്തിയാറാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1232. ഖണ്ഡം 36-ൽ "കാരണം" എന്ന വാക്കിനുപകരം "കാരണത്താലോ പരിഗണനയിലിരിക്കുന്ന കാര്യത്തിന്റെ സത്തയെ ബാധിക്കാതെ അങ്ങനെയുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ നടപടിക്രമത്തിൽ എന്തെങ്കിലും പോരായ്മകളുണ്ടെന്നോ ഉള്ള കാരണം" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1232-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1233. ഖണ്ഡം 37-ൽ "കമ്മിറ്റിക്കോ" എന്നതിന് ശേഷം "നികായങ്ങൾക്കോ" എന്ന് ചേർക്കുക.

1234. ഖണ്ഡം 37-നുശേഷം താഴെപ്പറയുന്ന പുതിയ ഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

(38) സർവ്വകലാശാലയിന്മേൽ സർക്കാരിനുള്ള പൊതു അധികാരം

"(1) സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ, സർവ്വകലാശാല,-

(1) സർക്കാർ ഏതെങ്കിലും പ്രത്യേക ആവശ്യത്തിനായി നൽകിയ ഏതൊരു സ്ഥാവര ജംഗമ വസ്തുക്കളും, അത് ഏത് ആവശ്യത്തിനാണോ ലഭിച്ചത് അതിനല്ലാതെയുള്ള മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റുവാനോ ചെലവഴിക്കുവാനോ;

(2) സർക്കാരിന് പ്രത്യക്ഷമായോ പരോക്ഷമായോ അധിക സാമ്പത്തിക ബാദ്ധ്യതയ്ക്ക് ഇടയാക്കുന്ന ഏതെങ്കിലും തീരുമാനം എടുക്കുവാനോ നടപ്പിലാക്കുവാനോ പാടുള്ളതല്ല;

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരവും സർക്കാരിന് ഉചിതമെന്ന് തോന്നുന്ന പ്രകാരവും സർവ്വകലാശാലയുടേയോ സർവ്വകലാശാലയുടെ കീഴിലുള്ള പഠന സ്കൂളിന്റെയോ മറ്റ് സ്ഥാപനത്തിന്റെയോ കണക്കുകളുടെ ആഡിറ്റ് അങ്ങനെയുള്ള ഇടവേളകളിൽ പതിവായി സർക്കാർ നടത്തേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1233, 1234 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1235. ഖണ്ഡം 38-ൽ "നടപടിക്രമങ്ങളുടെയോ" എന്നതിന് ശേഷം "ഉത്തരവുകളുടെയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1235-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയൊൻപതാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1236. ഖണ്ഡം 39-ൽ "അതിനു" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1237. ഖണ്ഡം 39-ൽ "അത്തരം വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്" എന്നതിന് പകരം "ഏതു കാര്യവും ചെയ്യാവുന്നതാണ്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1238. ഖണ്ഡം 39-ൽ "രണ്ടുവർഷം" എന്നതിനുപകരം "രണ്ട് വർഷം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1236-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1237-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1238-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.......................

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാൽപ്പതാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1239. ഖണ്ഡം 40(2)-ൽ "കഴിയുന്നത്രവേഗം" എന്നതിനുപകരം "നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1240.ഖണ്ഡം 40-ൽ "കഴിയുന്നത്രവേഗം" എന്നതിനു പകരം "തൊട്ടടുത്ത സമ്മേളനത്തിൽ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1242. ഖണ്ഡം 40(2)-ൽ "രണ്ടു" എന്നതിനുപകരം "രണ്ട്" എന്നും "പതിനാലു" എന്നതിന് പകരം "പതിനാല്" എന്നും ചേർക്കുക.

മി. സ്പീക്കർ: 1241-ാം നമ്പർ ഭേദഗതി 1240-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1239-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 1240-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1242-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാൽപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.......................

നാൽപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാൽപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാൽപ്പത്തിയൊന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1243. ഖണ്ഡം 41(2)-ൽ "റദ്ദാക്കിയിരുന്നാൽത്തന്നെയും" എന്ന വാക്കിനുപകരം "റദ്ദാക്കിയിരുന്നാൽ തന്നെയും" എന്നീ വാക്കുകൾ ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1244. ഖണ്ഡം 41(2)-ൽ "കാര്യമോ" എന്ന വാക്കിനുശേഷം "കാര്യങ്ങളോ" എന്ന വാക്കും "നടപടിയോ" എന്ന വാക്കിനുശേഷം "നടപടികളോ" എന്ന വാക്കും ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1243-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1244-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.......................

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

120. ദീർഘശീർഷകത്തിൽ "ഡിജിറ്റൽ" എന്നതിനുശേഷം "ശാസ്ത്ര"എന്ന് ചേർക്കുക.

203. പീഠികയിൽ "യുക്തമായിരിക്കുകയാൽ;" എന്നതിനുപകരം "ആവശ്യമായിരിക്കുകയാൽ;" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

121. ദീർഘശീർഷകത്തിൽ "സാങ്കേതിക വിദ്യയിലും" എന്നതിനുപകരം "സാങ്കേതികനൂതന വിദ്യയിലും"എന്ന് ചേർക്കുക.

202. പീഠികയിൽ "ചെയ്യേണ്ടതും" എന്നതിനുപകരം "ചെയ്യുന്നത്" എന്ന് ചേർക്കുക.

215. ഖണ്ഡം 1(2)-ൽ "തീയതി" എന്നതിനുശേഷം "മുതൽ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

122. ദീർഘശീർഷകത്തിൽ "ഡിജിറ്റൽ സാങ്കേതിക വിദ്യയിലും അതിന്റെ പ്രയോഗരംഗങ്ങളിലും" എന്നതിനുപകരം "ഡിജിറ്റൽ ശാസ്ത്രത്തിലും സാങ്കേതിക വിദ്യയിലും അതിന്റെ പ്രയോഗരംഗങ്ങളിലും"എന്ന് ചേർക്കുക.

159. പീഠികയിൽ "നോളേജ്ജ് എക്കോസിസ്റ്റത്തിന്റെ" എന്നതിനു പകരം "വിജ്ഞാന വ്യാപനത്തിന്റെ" എന്ന് ചേർക്കുക.

166. പീഠികയിൽ

(i) "കയർ" എന്നതിനുശേഷം "തുണിത്തരങ്ങൾ", "കശുവണ്ടി"എന്നത് ചേർക്കുക.

(ii) "എന്നിവ പോലെയുള്ള" എന്നതിനുപകരം "എന്നിവയുമായി ബന്ധപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

123. ദീർഘശീർഷകത്തിൽ "അതിന്റെ" എന്നതിനുപകരം "അതുമായി ബന്ധപ്പെട്ട എല്ലാ"എന്ന് ചേർക്കുക.

157. പീഠികയിൽ "നോളേജ്ജ്" എന്നതിനുപകരം "നോളജ്" എന്ന് ചേർക്കുക.

163. പീഠികയിൽ "അഭിവൃദ്ധിയിൽ നേതൃപരമായ പങ്ക് വഹിക്കുവാൻ" എന്നതിനുപകരം "അഭിവൃദ്ധിക്കായി ഉള്ള പ്രവർത്തനങ്ങളിൽ സാങ്കേതികമായും വൈജ്ഞാനികമായും" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

127. ദീർഘശീർഷകത്തിൽ "പ്രയോഗരംഗങ്ങളിലും" എന്നതിനുപകരം "പ്രായോഗിക മേഖലകളിലും"എന്ന് ചേർക്കുക.

160. പീഠികയിൽ "നോളേജ്ജ് എക്കോസിസ്റ്റത്തിന്റെ അഭിവൃദ്ധിയിൽ" എന്നതിനുപകരം "വിജ്ഞാന ആവാസ വ്യവസ്ഥയുടെ പുരോഗതിയിൽ" എന്ന് ചേർക്കുക.

164. പീഠികയിൽ "നേതൃപരമായ" എന്നതിനുപകരം "നേതൃത്വപരമായ" എന്ന് ചേർക്കുക.

165. പീഠികയിൽ "ഇ-ഗവേണൻസിന് സഹായകമാകുന്നതിനും" എന്നതിനുപകരം "ഇ-ഗവേണൻസ് പ്രോത്സാഹിപ്പിക്കുന്നതിനും" എന്ന് ചേർക്കുക.

175. പീഠികയിൽ "എന്നിവ പോലെയുള്ള" എന്നതിനുപകരം "മുതലായ" എന്ന് ചേർക്കുക.

208. ഖണ്ഡം 1(1)-ൽ "നൂതനവിദ്യ" എന്ന വാക്ക് ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

128. ദീർഘശീർഷകത്തിൽ "പ്രയോഗരംഗങ്ങളിലും" എന്നതിനുപകരം "പ്രായോഗികരംഗങ്ങളിലും"എന്ന് ചേർക്കുക.

193. പീഠികയിൽ "അദ്ധ്യാപനത്തിനും" എന്നതിനുപകരം "പഠനം സാദ്ധ്യമാക്കുന്നതിനും" എന്ന് ചേർക്കുക.

201. പീഠികയിൽ "ഗവേഷണ പരിപാടികൾക്കുമായി" എന്നതിനു പകരം "ഗവേഷണങ്ങൾക്കുമായി" എന്നത് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

129. ദീർഘശീർഷകത്തിൽ "പ്രയോഗരംഗങ്ങളിലും" എന്നതിന് ശേഷം "നൂതന വിദ്യകളിലും"എന്ന് ചേർക്കുക.

139. ദീർഘശീർഷകത്തിൽ "സുഗമമാക്കുന്നതിനും" എന്നതിനു പകരം "ലളിതമാക്കുന്നതിനും"എന്ന് ചേർക്കുക.

200. പീഠികയിൽ "നൂതന ഗവേഷണ പരിപാടികൾക്കുമായി ഒരു" എന്നതിനുശേഷം "ശിക്ഷണ ഗവേഷണ" എന്ന് ചേർക്കുക.

219. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക

"ഇത് സഭ പാസ്സാക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കണക്കാക്കേണ്ടതാണ്"

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

130. ദീർഘശീർഷകത്തിൽ "പഠനം" എന്നതിനുപകരം "ബോധനം"എന്ന് ചേർക്കുക.

150. ദീർഘശീർഷകത്തിൽ "ഏകാംഗീകൃതമാക്കുന്നതിനുമുള്ള" എന്നതിനുപകരം "എകാംഗീകൃതമാക്കുന്നതിന് വ്യവസ്ഥചെയ്യുന്ന" എന്ന് ചേർക്കുക.

176. പീഠികയിൽ "എന്നിവ പോലെയുള്ള" എന്നതിനുപകരം "തുടങ്ങിയ" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

140. ദീർഘശീർഷകത്തിൽ "കേരള" എന്നത് ഒഴിവാക്കുക.

217. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) ഇതു ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്"

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

146. ദീർഘശീർഷകത്തിൽ "ശിക്ഷണ-" എന്നതിനുപകരം "പഠന-" എന്നു ചേർക്കുക.

216. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) ഇതു ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

147. ദീർഘശീർഷകത്തിൽ "ഏകാംഗീകൃതമാക്കുന്നതിനുമുള്ള" എന്നതിനുപകരം "സംയോജിപ്പിക്കുന്നതിനുമുള്ള-" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

154. പീഠികയിൽ "സിദ്ധിച്ച" എന്നതിനുശേഷം "ശാസ്ത്ര" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

155. പീഠികയിൽ "വിചക്ഷണരെയും സജ്ജമാക്കുന്നതിനും" എന്നതിനു ശേഷം "സാമൂഹ്യശാസ്ത്രത്തെക്കുറിച്ചുള്ള അറിവ് പകരുവാനും" എന്ന് ചേർക്കുക.

188. പീഠികയിൽ "ഡിജിറ്റൽ" എന്നതിനുശേഷം "സാങ്കേതിക" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

158. പീഠികയിൽ "നോളേജ്ജ് എക്കോസിസ്റ്റത്തിന്റെ" എന്നതിനു പകരം "അറിവ് ആവാസവ്യവസ്ഥയുടെ" എന്ന് ചേർക്കുക.

187. പീഠികയിൽ "സാങ്കേതികവിദ്യാധിഷ്ഠിത പരിപാലത്തിന്" എന്നതിനു ശേഷം "വികാസത്തിനും" എന്ന് ചേർക്കുക.

218. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക

"ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്"

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

180. പീഠികയിൽ "എന്നിവ പോലെയുള്ള" എന്നതിനുപകരം "എന്നിവയ്ക്ക്" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

183. പീഠികയിൽ "നൂതന വ്യവസായങ്ങൾക്കും" എന്നതിനുപകരം "ആധുനിക വ്യവസായങ്ങൾക്കും" എന്നത് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

184. പീഠികയിൽ "വ്യവസായങ്ങൾക്കും അവയുടെ" എന്നതിനുശേഷം "ശരിയായതും ക്രമപ്രകാരം ഉള്ളതുമായ" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

191. പീഠികയിൽ "പ്രയോഗങ്ങളിലും" എന്നതിനുപകരം "പ്രയോഗ രംഗങ്ങളിലും" എന്ന് ചേർക്കുക.

205. ഖണ്ഡം 1(1)-ൽ "ഈ ആക്ടിന്" എന്നതിനുപകരം "ഈ നിയമത്തിന്" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

198. പീഠികയിൽ "നൂനത ഗവേഷണ പരിപാടികൾക്കുമായി" എന്നതിനുപകരം "നൂതന ഗവേഷണ പരിപാടികൾക്കും മികവ് ആർജിക്കുന്നതിനും ആയി" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

212. ഖണ്ഡം 1(1)-ൽ "പേരു" എന്നതിനുപകരം "പേര്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 110, 111 എന്നീ നമ്പർ ഭേദഗതികൾ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. 113, 114, 115, 116, 117, 118, 119 എന്നീ നമ്പർ ഭേദഗതികൾ 112-ാം നമ്പർ ഭേദഗതിക്കും 124, 125, 126 എന്നീ നമ്പർ ഭേദഗതികൾ 123-ാം നമ്പർ ഭേദഗതിക്കും 131, 132, 133 നമ്പർ ഭേദഗതികൾ 130-ാം നമ്പർ ഭേദഗതിക്കും 136, 137, 138 എന്നീ നമ്പർ ഭേദഗതികൾ 135-ാം നമ്പർ ഭേദഗതിക്കും 142, 143, 144 എന്നീ നമ്പർ ഭേദഗതികൾ 145-ാം നമ്പർ ഭേദഗതിക്കും 148, 149 എന്നീ നമ്പർ ഭേദഗതികൾ 150-ാം നമ്പർ ഭേദഗതിക്കും 151, 153 എന്നീ നമ്പർ ഭേദഗതികൾ 152-ാം നമ്പർ ഭേദഗതിക്കും 156-ാം നമ്പർ ഭേദഗതി 157-ാം നമ്പർ ഭേദഗതിക്കും 161, 162 എന്നീ നമ്പർ ഭേദഗതികൾ 163-ാം നമ്പർ ഭേദഗതിക്കും 168, 169 എന്നീ നമ്പർ ഭേദഗതികൾ 167-ാം നമ്പർ ഭേദഗതിക്കും 171-ാം നമ്പർ ഭേദഗതി 170-ാം നമ്പർ ഭേദഗതിക്കും 172-ാം നമ്പർ ഭേദഗതി 173-ാം നമ്പർ ഭേദഗതിക്കും 174-ാം നമ്പർ ഭേദഗതി 175-ാം നമ്പർ ഭേദഗതിക്കും 177, 178, 179 എന്നീ നമ്പർ

ഭേദഗതികൾ 176-ാം നമ്പർ ഭേദഗതിക്കും 182-ാം നമ്പർ ഭേദഗതി 181-ാം നമ്പർ ഭേദഗതിക്കും 185, 186 എന്നീ നമ്പർ ഭേദഗതികൾ 184-ാം നമ്പർ ഭേദഗതിക്കും 192-ാം നമ്പർ ഭേദഗതി 191-ാം നമ്പർ ഭേദഗതിക്കും 195, 196, 197 എന്നീ നമ്പർ ഭേദഗതികൾ 194-ാം നമ്പർ ഭേദഗതിക്കും 199-ാം നമ്പർ ഭേദഗതി 198-ാം നമ്പർ ഭേദഗതിക്കും 204, 206 എന്നീ നമ്പർ ഭേദഗതികൾ 205-ാം നമ്പർ ഭേദഗതിക്കും 207-ാം നമ്പർ ഭേദഗതി 208-ാം നമ്പർ ഭേദഗതിക്കും 210, 211 എന്നീ നമ്പർ ഭേദഗതികൾ 209-ാം നമ്പർ ഭേദഗതിക്കും 213, 214 എന്നീ നമ്പർ ഭേദഗതികൾ 215-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. എം. വിജിൻ അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു, മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിജിൻ അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 120, 203 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 121, 202, 215 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 122, 159, 166 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 123, 157, 163 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 127, 160, 164, 165, 175, 208 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 128, 193, 201 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 129, 139, 200, 219 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 130, 150, 176 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 140, 217 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 146, 216 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 155, 188 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 158, 187, 218 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 191, 205 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, നമ്മുടെ സർവ്വകലാശാലകളെ സംബന്ധിച്ച് വ്യാപകമായ ആക്ഷേപങ്ങൾ ഉയർന്നുവരുന്ന കാലഘട്ടത്തിലാണ് ഈ നിയമം പാസ്സാക്കുന്നത്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ ദയനീയ സ്ഥിതി നമ്മുടെ മുമ്പിലുണ്ട്. കാർഷിക സർവ്വകലാശാലയുടെ വൈസ്ചാൻസലർ തന്നെ വ്യാജനാണെന്ന തരത്തിലുള്ള ആക്ഷേപം ഉയർന്നുവന്നിരിക്കുകയാണ്. ആരെയെങ്കിലും കുടിയിരുത്താനോ പിൻവാതിൽ നിയമനം നടത്താനോ ഉള്ള ഇടമായി ഈ സർവ്വകലാശാലയെ മാറ്റരുതെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ഉദാത്തമായ ലക്ഷ്യങ്ങൾ ഈ സർവ്വകലാശാലയ്ക്കുണ്ടെന്ന് അങ്ങും പറയുകയുണ്ടായി. ആ ലക്ഷ്യത്തിനനുസൃതമായി ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റ് ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇവിടെ പറഞ്ഞ കാര്യങ്ങൾ നേരത്തെ സഭ ചർച്ച ചെയ്തതിനാൽ മറുപടി പറയേണ്ടതില്ല. കേരളത്തിലെ എല്ലാ സർവ്വകലാശാലകളും മികച്ച രീതിയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സർവ്വകലാശാലകൾക്കുള്ള ഏറ്റവും അവസാനത്തെ റാങ്കിംഗിൽ കേരള സർവ്വകലാശാലയും കൊച്ചിൻ സർവ്വകലാശാലയുമെല്ലാം കഴിഞ്ഞ തവണത്തേക്കാൾ ഏറെ മുന്നോട്ടുപോയിട്ടുണ്ട്.

NAAC-ന്റെ ഗ്രേഡിംഗിലും നല്ല പുരോഗതിയുണ്ട്. ദേശീയതലത്തിൽ ഏറ്റവും മികച്ച കോളേജുകളുടെ പട്ടികയിലേയ്ക്ക് നമ്മുടെ യൂണിവേഴ്സിറ്റി കോളേജുൾപ്പെടെ ഉയർന്നുവെന്നതിൽ നമുക്ക് അഭിമാനിക്കാം. ഇവിടെ വളരെ ആശയപരമായ സംവാദങ്ങളാണ് നടന്നിട്ടുള്ളത്. സമ്പന്നമായിട്ടുള്ള ഭേദഗതികൾ വന്നിട്ടുണ്ട്. പരമാവധി ഭേദഗതികൾ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ കാര്യങ്ങളുൾപ്പെടെയുള്ള മറ്റുകാര്യങ്ങളിൽ പലതും സ്റ്റാറ്റ്യൂട്ടിന്റെ ഭാഗമായി കൊണ്ടുവരാവുന്നതാണ്, അതുകൊണ്ടാണ് അവ നിയമത്തിന്റെ ഭാഗമാക്കാതെയിരുന്നത്. വളരെ സമ്പന്നമായ രീതിയിൽ നിയമനിർമ്മാണ പ്രക്രിയയിലിടപെട്ട മുഴുവൻ അംഗങ്ങളേയും പ്രത്യേകം അഭിനന്ദിക്കുന്നു. ബഹുമാനപ്പെട്ട അംഗം പറഞ്ഞ യാതൊരു ആശങ്കകൾക്കും പ്രസക്തിയില്ല. നമുക്കെല്ലാവർക്കും ഒന്നിച്ച് ഈ സർവ്വകലാശാലയെ ലോകോത്തര സർവ്വകലാശാലയാക്കാൻ ശ്രമിക്കാം.

മി. സ്പീക്കർ: 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## X. അറിയിപ്പ്

ബില്ലിന്റെ അവതരണം മാറ്റിവയ്ക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: 2021 ഒക്ടോബർ 13-ാം തീയതി സഭ പരിഗണിക്കാനിരുന്ന 2021-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) (ഭേദഗതി) ബിൽ സംബന്ധിച്ച് വകുപ്പുതലത്തിൽ കൂടുതൽ പരിശോധന ആവശ്യമാണെന്ന കാരണത്താൽ സഭയുടെ നടപ്പുസമ്മേളനത്തിൽ അവതരിപ്പിക്കുന്നതിൽനിന്നും മാറ്റിവയ്ക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി കത്ത് നൽകിയിട്ടുണ്ട്. കത്തിലെ ആവശ്യം പരിഗണിച്ചുകൊണ്ട് 2021 ഒക്ടോബർ 5-ാം തീയതി സഭ അംഗീകരിച്ച

കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സഭയുടെ അനുമതിയോടുകൂടി ഭാഗികമായ ഭേദഗതി വരുത്തിക്കൊണ്ട് 2021 ഒക്ടോബർ 13-ാം തീയതി സഭ പരിഗണിക്കാനിരുന്ന 2021-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) (ഭേദഗതി) ബില്ലിന്റെ അവതരണവും തുടർനടപടികളും മറ്റൊരവസരത്തിലേയ്ക്ക് മാറ്റിവയ്ക്കുന്നു.

ഓർഡർ.... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ഒക്ടോബർ മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.36-ന് പിരിഞ്ഞു.)

**അനുബന്ധം**

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 4-10-2021-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ പുതുക്കിയ മറുപടി

**പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി**

(*1) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:

ശ്രീ തോമസ് കെ. തോമസ്:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അർഹരായവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അനർഹരെ ഒഴിവാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ,

(എ) 2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തെ അടിസ്ഥാനപ്പെടുത്തി പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലം മുതൽ തന്നെ നിരവധി നടപടികൾ സ്വീകരിച്ചിരുന്നു. ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം, വകുപ്പിന്റെ പോർട്ടൽ വഴി റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നിരീക്ഷിക്കുവാനുള്ള സംവിധാനം എന്നിവയെല്ലാം അതിന്റെ ഭാഗമാണ്. രാജ്യത്തിനുതന്നെ മാതൃകയാവുന്ന വിധത്തിൽ സംസ്ഥാനത്തെ പൊതുവിതരണ രംഗം കാര്യക്ഷമവും സുതാര്യവുമാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ കൂടുതൽ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

ആദിവാസി മേഖലകളിലെ "സഞ്ചരിക്കുന്ന റേഷൻ കട" പദ്ധതി ഈ സർക്കാർ തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ കൂടി നടപ്പിലാക്കി. "വിശപ്പുരഹിത കേരളം" പദ്ധതിയുടെ ഭാഗമായി നിർദ്ധനർക്ക് ഒരു നേരത്തെ ആഹാരം സൗജന്യ നിരക്കിൽ ലഭ്യമാക്കുന്ന സുഭിക്ഷ ഹോട്ടൽ തിരുവനന്തപുരത്തുകൂടി ആരംഭിച്ചു.

പൊതുവിതരണ ശൃംഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തി. താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി നടപടി ഉണ്ടാകണമെന്ന് കർശന നിർദ്ദേശം നൽകി. പൊതുവിതരണ വകുപ്പിന്റെ 5 മേഖലകൾ തിരിച്ച് സ്ക്വാഡുകൾ രൂപീകരിച്ച് ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ കടകൾ പരിശോധിക്കുന്നു എന്നുറപ്പുവരുത്താൻ മൊബൈൽ ആപ്പ് സംവിധാനം ഏർപ്പെടുത്തി. കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനും എല്ലാ ഗോഡൗണുകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

2022-2027 പദ്ധതി കാലയളവിൽ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ NFSA ഗോഡൗണുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. ശാസ്ത്രീയ മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും ഇവ നിർമ്മിക്കുക. റേഷൻ കടകളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

നിലവിൽ നൽകിവരുന്ന റേഷൻ സാധനങ്ങൾക്ക് പുറമേ ചില പലവ്യഞ്ജനസാധനങ്ങളും റേഷൻ കടകളിലൂടെ വിതരണം ചെയ്യാനും സർക്കാർ ആലോചിക്കുന്നു.

(ബി) 2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗങ്ങളെയാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നത് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇപ്രകാരമുള്ള മുൻഗണനാ വിഭാഗങ്ങളിലെ ഗുണഭോക്താക്കളുടെ ആകെ സംഖ്യ സംസ്ഥാനത്ത് 1,54,80,040 (ഒരു കോടി അൻപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാല്പത്) ആയി കേന്ദ്രസർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ മുൻഗണനാ വിഭാഗത്തിലുൾപ്പെട്ടിട്ടുള്ള അനർഹരെ കണ്ടെത്തി ഒഴിവാക്കുകയും അങ്ങനെ വരുന്ന ഒഴിവുകളിലേയ്ക്ക് അർഹരായ കുടുംബങ്ങളുടെ കാർഡുകൾ തരം മാറ്റി നൽകുകയും ചെയ്യുന്നത് ഒരു തുടർപ്രവർത്തനമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വച്ചിരിക്കുന്നവർക്ക് ശിക്ഷ കൂടാതെ അവ തിരിച്ചേൽപ്പിക്കാൻ അവസരം നൽകി. ഇങ്ങനെ 11,587 എ.എ.വൈ. കാർഡുകളും 74624 പി.എച്ച്.എച്ച്. കാർഡുകളും 55,974 നോൺ പ്രയോറിറ്റി (സബ്സിഡി) കാർഡുകളും തിരിച്ചേൽപ്പിക്കപ്പെട്ടു. ഇതുകൂടാതെ പരിശോധനയിലൂടെ കണ്ടെത്തിയ ഒഴിവുകളും ലഭ്യമായി. 2021 ജൂലൈ 31 വരെ ഈ രണ്ടുതരത്തിലും മുൻഗണനാ വിഭാഗത്തിൽ ലഭ്യമായിട്ടുള്ള ഒഴിവുകളിലേയ്ക്ക് 12,596 എ.എ.വൈ. കാർഡുകളും 1,19,866 പി.എച്ച്.എച്ച്. കാർഡുകളും തരംമാറ്റി നൽകുകയുണ്ടായി. 2021 ആഗസ്റ്റ് 1 മുതൽ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറുന്നതിനായി താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.